കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 14, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 193 –നമ്പർ 10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 14, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. ഷാജി സി. ബേബി

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ **പേജ്**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

II. അടിയന്തരപ്രമേയം

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി
- ശ്രീ. കുറുക്കോളി മൊയ്തീൻ
(അവതരണാനുമതി നിഷേധിച്ചു)

III. ശ്രദ്ധ ക്ഷണിക്കൽ

(1) വേമ്പനാട്ടുകായലിലേയ്ക്കുള്ള തോടുകളുടെ ശുദ്ധീകരണം
- ശ്രീ. തോമസ് കെ. തോമസ്

(2) ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം
- ശ്രീ. മോൻസ് ജോസഫ്

IV. സബ്മിഷൻ

1. എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി
- പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം
- ശ്രീ. പി. നന്ദകുമാർ

3. കുത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം
- ശ്രീ. കെ. പി. മോഹനൻ

4. കുരിയാടിയിൽ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ ഹാർബർ പുനരുദ്ധാരണവും
- ശ്രീമതി കെ. കെ. രമ

5. പനച്ചിക്കാട് സപ്ലൈകോ ഔട്ട്‌ലെറ്റിന്റെ തുടർപ്രവർത്തനം
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

6. കർഷകർക്ക് ഭ്രനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം
- ശ്രീ. എം. വിജിൻ

7. റെഗുലേറ്ററുകളും ഷട്ടറുകളും പ്രവർത്തനക്ഷമമാക്കൽ
- ശ്രീ. കെ. വി. സുമേഷ്

8. അമ്പലമുകൾ അയ്യൻകുഴി പ്രദേശത്തെ സ്ഥലമേറ്റെടുക്കൽ
- ശ്രീ. പി. വി. ശ്രീനിജിൻ

9. ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി
- ശ്രീ. യു. എ. ലത്തീഫ്

10. കണ്ണാടി-പന്നിക്കോട് റോഡ് നവീകരണം
- ശ്രീ. കെ. ഡി. പ്രസേനൻ

11. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം
- ശ്രീ. ടി. സിദ്ദിഖ്

12. വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് നിർമ്മാണം
- ശ്രീ. ഇ. കെ. വിജയൻ

13. വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണം
- ശ്രീ. മഞ്ഞളാംകുഴി അലി

14. തൃശ്ശൂർ ദന്തൽ കോളേജ് വനിതാ ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം
- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

15. വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം
- ശ്രീമതി സി. കെ. ആശ

V. മേശപ്പുറത്തുവച്ച കടലാസ്

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയേഴും ഇരുപത്തിയെട്ടും റിപ്പോർട്ടുകൾ

VII. റിപ്പോർട്ട് പരിഗണന

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

VIII. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിൽ
കാലാനുസൃതമായ ഭേദഗതി
- വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ)

IX. ധനകാര്യം

(1) 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

X. വ്യക്തിപരമായ വിശദീകരണം
- ശ്രീ. എൻ. ഷംസുദ്ദീൻ

XI. അറിയിപ്പ്

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച്
- മി. സ്പീക്കർ

ധനകാര്യം (തുടർച്ച)

(2) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 14, ബുധൻ

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 10

നിയമസഭ 2024 ഫെബ്രുവരി മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി

1(*211) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. ടി.ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ സംസ്ഥാനത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനുംവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ സാംസ്കാരിക പെരുമ നിലനിർത്തി വരുംതലമുറയ്ക്ക് പകർന്നുനൽകുന്നതിന് ലക്ഷ്യമിട്ട് ജില്ലകളിൽ നടപ്പാക്കിവരുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കംകുറിച്ചതും എല്ലാ ജില്ലകളിലും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചതുമായ സാംസ്കാരിക സമുച്ചയങ്ങളിൽ ആദ്യത്തേതായി കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. എത്രയു പെട്ടെന്ന് ഉദ്ഘാടനം ചെയ്യുന്നതാണ്.

പാലക്കാട് വി. ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഒരു മാസത്തിനകം അതിന്റെ

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും. മറ്റ് നവോത്ഥാന നായകന്മാരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കേരളീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉജ്ജ്വല ചരിത്ര സംഭവമായ വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം കേരള, തമിഴ്നാട് മുഖ്യമന്ത്രിമാർ ചേർന്ന് 2023 ഏപ്രിൽ 1-ന് വൈക്കത്തുവച്ച് നിർവ്വഹിക്കുകയുണ്ടായി. അതിനെത്തുടർന്ന് 603 ദിവസത്തെ വൈവിധ്യങ്ങളായ പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ വിവിധ ജില്ലകളിൽ വിപുലമായ പരിപാടികളോടെ നടത്തുന്നുണ്ട്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം 17-02-2024-ന് ചെമ്പഴന്തിയിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ സർക്കാർ താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

മലയാള ചലച്ചിത്ര വ്യവസായത്തിൽ ലിംഗ സമത്വവും സ്ത്രീശാക്തീകരണത്തിനുമായുള്ള വലിയ കാഴ്ചപ്പാടിന്റെ ഭാഗമായി സ്ത്രീകളുടെ മുന്നേറ്റത്തിനും പദവി മെച്ചപ്പെടുത്തുന്നതിനുമായി വനിതാ സംവിധായകരുടെ ഫീച്ചർ ഫിലിമുകൾക്ക് ധനസഹായം.

സ്ത്രീ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് സ്ത്രീകൾക്കിടയിൽ സാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക മേഖലയിലെ വിവിധ ഇടപെടലുകൾക്കുമുള്ള പരിപാടികൾ.

പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളികളുടെ സാംസ്കാരിക പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികൾ.

ശ്രീനാരായണഗുരുവിന്റെ ദർശനം പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി ശ്രീനാരായണ അന്തർദേശീയ തീർത്ഥാടന പഠനകേന്ദ്രം മുഖേന നടത്തുന്ന പരിപാടികൾ.

പ്രമുഖ സാഹിത്യകാരന്മാരുടെയും എഴുത്തുകാരുടെയും കലാ-സാംസ്കാരിക വ്യക്തികളുടെയും സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവരുടെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനുമുള്ള പദ്ധതികൾ.

യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സാംസ്കാരിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയുള്ള വജ്രജൂബിലി ഫെലോഷിപ് പദ്ധതി.

നാടൻ കലകളും കൈത്തൊഴിലുകളുംകൊണ്ട് സമ്പന്നമായ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും അത്തരം കലാകാരന്മാരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതി.

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുയിടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന നാട്ടരങ്ങ് പദ്ധതി.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെയുള്ള ലിംഗ സമത്വത്തിനായുള്ള 'സമം' സാംസ്കാരിക സംരംഭം.

(ബി) നിലവിൽ ജില്ലകൾതോറും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ആദ്യ സമുച്ചയമായി കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം 2023 മെയ് 4-ന് ഉദ്ഘാടനം ചെയ്തു. കാസർഗോഡ്, പാലക്കാട് ജില്ലകളിലെ സാംസ്കാരിക സമുച്ചയ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിലെ സാംസ്കാരിക സമുച്ചയത്തിനായുള്ള ഭൂമി കൈമാറി കിട്ടിയിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്ന കാര്യം സഭയെ അറിയിക്കുകയാണ്.

(സി) കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിന് 52.95 കോടി രൂപ ചെലവായിട്ടുണ്ട്. പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിന് 51.80 കോടി രൂപയും കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സമുച്ചയത്തിന് 38.91 കോടി രൂപയും ഇതുവരെ ചെലവായിട്ടുണ്ട്.

ഈ പദ്ധതി പൂർണ്ണമായും കിഫ്ബിയുടെ ധനസഹായത്തോടെയാണ് നടപ്പാക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, അങ്ങയുടെ നേതൃത്വത്തിൽ കേരളത്തിലൊട്ടാകെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം അതിവേഗം പുരോഗതി പ്രാപിക്കുകയാണ്. അതോടൊപ്പം ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ പ്രവർത്തനംകൂടി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? നവോത്ഥാന കേന്ദ്രമായ അരുവിപ്പുറം സാംസ്കാരിക നിലയം 2 കോടി രൂപയുടെ പദ്ധതിയാണ്. ആദ്യഘട്ടത്തിൽ ഇതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും അതിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലുമാണ്. രണ്ടാംഘട്ടം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നവോത്ഥാന നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നിർമ്മിക്കാനുദ്ദേശിച്ച സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീനാരായണഗുരുവിന്റെ

നാമധേയത്തിലുള്ള നിലയം കൊല്ലത്ത് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം നല്ല രീതിയിൽ നടന്നുവരികയാണ്. കാസർഗോഡ് സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചു. അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതായിരിക്കും. പാലക്കാട് സാംസ്കാരിക നിലയത്തിന്റെ നിർമ്മാണവും പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സാംസ്കാരിക സമുച്ചയങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്, വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 'ഡിസ്ട്രിക് കൾച്ചറൽ പ്രൊമോഷൻ കൗൺസിൽ' എന്ന പുതിയൊരു കമ്മിറ്റി രൂപീകരിക്കുകയാണ്. ജില്ലാ കളക്ടർ, സ്ഥലം എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ, സാംസ്കാരിക വകുപ്പിലെ ഉദ്യോഗസ്ഥർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് ജില്ലാതലത്തിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, സാംസ്കാരിക രംഗത്തെ ഒരു പ്രമുഖ വ്യക്തി അദ്ധ്യക്ഷനും സാംസ്കാരിക രംഗത്ത് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ അംഗങ്ങളുമായ

കൃറേറ്റർ കമ്മിറ്റിയും ഇപ്പോൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്. നിലവിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനും സ്ഥലം എം.എൽ.എ. അംഗവും ചലച്ചിത്ര അക്കാദമി സെക്രട്ടറി കൺവീനറുമായ ഒരു താൽക്കാലിക സമിതിയാണ് കൊല്ലത്ത് ഇപ്പോൾ അക്കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്.

ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം അരുവിപ്പുറത്ത് 2 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിരുന്നു. അതിൽ 50 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം നടന്നുവരികയുമാണ്. ബാക്കി 50 ലക്ഷം രൂപ സാംസ്കാരിക വകുപ്പിന്റെ ഫണ്ടിൽനിന്നും 1 കോടി രൂപ എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് ആ പദ്ധതി അടുത്ത വർഷത്തോടെ പൂർത്തീകരിക്കുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സ്ത്രീകളുടെ ഉന്നമനത്തിനും തുല്യത ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പരിപാടികളാണ് സാംസ്കാരിക വകുപ്പ് നടപ്പാക്കിവരുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സാംസ്കാരിക

വകുപ്പ് നടത്തിയിട്ടുള്ളത്. 'സമം' എന്ന പദ്ധതിയിലൂടെ സ്ത്രീ സമത്വത്തിലൂടെയുള്ള സാംസ്കാരിക മുന്നേറ്റമാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം ജനുവരി 19, 20 തീയതികളിൽ കൊല്ലത്തെ സാംസ്കാരിക സമുച്ചയത്തിൽവച്ച് സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 ചെറുകഥാകൃത്തുകൾക്കായി ത്രിദിന ശിൽപ്പശാല, സമം ചെറുകഥാ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. കൂടാതെ സർക്കാർ/സർക്കാരിതര യുവജനസംഘടനകളെയും സർവ്വകലാശാലകളെയും പങ്കാളികളാക്കിക്കൊണ്ട് സ്ത്രീധന നിരോധന ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള നടപടിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിൽ ഷോർട്ട് ഫിലിം മത്സരവും ഫെസ്റ്റിവലും നടത്താൻ ഉദ്ദേശിക്കുന്നു. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് 'സമം' അടക്കമുള്ള വിവിധ പരിപാടികൾ നടന്നുവരുന്നു. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ പതിനായിരം വനിതകളെ ഉൾപ്പെടുത്തി ഒരു സാംസ്കാരിക സംഗമം സംഘടിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. കേരളത്തിലെ മിക്കവാറും എല്ലാ ജില്ലാ

പഞ്ചായത്തുകളുടെയും പ്രോഗ്രാമുകൾ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. വളരെ നല്ല രീതിയിൽ വിജയകരമായി അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സാംസ്കാരിക രംഗത്ത് അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന 'സമം' അടക്കമുള്ള പരിപാടികൾ അഭിനന്ദനാർഹമാണ്. സ്ത്രീകൾക്കും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും സാംസ്കാരിക രംഗത്ത്, പ്രത്യേകിച്ച് സിനിമാ നിർമ്മാണമടക്കമുള്ള കലാരംഗങ്ങളിൽ മുന്നോട്ടുവരാനുള്ള സഹായം നൽകുമെന്ന് അങ്ങ് പറയുകയുണ്ടായി. അത് നല്ല രീതിയിൽ തുടരണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതോടൊപ്പം എനിക്ക് ചോദിക്കാനുള്ളത്, 2023-24-ലെ ബജറ്റിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മട്ടന്നൂർ ആർട്സ് ആൻഡ് കൾച്ചറൽ സെന്റർ രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനമാണ് ഈ സെന്റർകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങ് വലിയ ശ്രദ്ധ ചെലുത്തുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്.

എത്രയും പെട്ടെന്ന് ഈ പദ്ധതിക്ക് ഭരണാനുമതി നൽകി പ്രവർത്തനമാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട ശൈലജ ടീച്ചർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ബജറ്റിൽ 5 കോടി രൂപ മട്ടന്നൂർ കൾച്ചറൽ സെന്ററിനുവേണ്ടി മാറ്റിവച്ചിരുന്നു. ഞാൻ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ആ സ്ഥലത്തിന് ചില പരിമിതികളുണ്ടായിരുന്നു. കുറച്ച് സ്ഥലംകൂടി ലഭിച്ചാൽ മാത്രമേ അത് പൂർണ്ണതയിലെത്തിക്കാൻ കഴിയുകയുള്ളൂ. സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയും ശ്രീമതി കെ. കെ. ശൈലജ ടീച്ചറുമായി ചർച്ച ചെയ്ത് ഫൈനലൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി ദ്രുതഗതിയിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കാനും ശാസ്ത്രബോധം, വ്യക്തിത്വ വികസനം തുടങ്ങിയവ പുതുതലമുറ കുട്ടികളിൽ വളർത്താനുമുള്ള പദ്ധതി

ആവിഷ്കരിക്കുന്നുണ്ടോ; അതോടൊപ്പം മാവേലിക്കരയിൽ മഹാനായ സഖാവ് പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ ആരംഭിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയത്തിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതിനായി മാവേലിക്കരയിൽ 5 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കലാകാരന്മാരുടെ അവസാന കാലഘട്ടത്തിൽ അവരെ സഹായിക്കാനും സംരക്ഷിക്കാനുമുള്ള ഒരു കേന്ദ്രം അതിനോടനുബന്ധമായി നിർമ്മിക്കാൻ ഒരേക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അതിനുള്ള പണവും ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. അതും ആരംഭിക്കാൻ പോകുകയാണ്.

അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രബോധവും പൗരബോധവും വളർത്തി വ്യക്തിത്വ വികാസം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ഈ ഗവൺമെന്റ്

വന്നതിനുശേഷം ആവിഷ്കരിച്ച പദ്ധതിയാണ് 'ബാലകേരളം പദ്ധതി'. ഒരു വർഷം ഒരുലക്ഷം കുഞ്ഞുങ്ങളുടെ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട ട്രെയ്നിംഗ് പ്രോഗ്രാമാണത്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ഇതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ വിശദാംശങ്ങൾ വിവരിക്കാം. 4 വയസ്സിനും 18 വയസ്സിനും ഇടയിലുള്ള വിദ്യാർത്ഥികളെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്. ആദിവാസി മേഖലയിലെ കുട്ടികൾ, ജൂവനൈൽ ഹോമിലെ കുട്ടികൾ, സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ കുട്ടികൾ എന്നിവരടക്കം 4 വയസ്സിനും 18 വയസ്സിനുമിടയിലുള്ള എല്ലാ കുട്ടികൾക്കും ശാസ്ത്രബോധവും യുക്തിബോധവും പ്രായോഗിക പരിജ്ഞാനവും നൽകുന്ന മഹത്തായൊരു പദ്ധതിയാണ് 'ബാലകേരളം'. അതിന്റെ സിലബസ്, ഹാൻഡ് ബുക്ക് എന്നിവയെല്ലാം തയ്യാറായിക്കഴിഞ്ഞു. ഇതിന്റെ നടത്തിപ്പിനുവേണ്ടി വൈലോപ്പിള്ളി സംസ്കൃതിഭവനെ ചുമതലപ്പെടുത്തി കാര്യങ്ങൾ വേഗത്തിൽ മുന്നോട്ടുപോകുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സമസ്ത മേഖലകളിലും സമഗ്ര ആധിപത്യത്തിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാർ സാംസ്കാരിക മേഖലയിലും അവരുടെ താൽപ്പര്യത്തിനനുസൃതമായ എഡിറ്റിംഗ് ആരംഭിച്ചിരിക്കുകയാണ്. ഏറ്റവും അവസാനമായി ദേശീയ ചലച്ചിത്ര പുരസ്കാരം, മികച്ച നവാഗത സംവിധായകയുടെ ചിത്രത്തിനുള്ള ഇന്ദിരാഗാന്ധി പുരസ്കാരം, ദേശീയോദ്ഗ്രഥനത്തിനുള്ള മികച്ച ചലച്ചിത്രത്തിനുള്ള പുരസ്കാരം എന്നിവയിൽനിന്നും വിഖ്യാത നടിയായ നർഗ്ഗീസ് ദത്തിന്റെ പേര് ഒഴിവാക്കാൻ തീരുമാനിച്ച വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. കോൺഗ്രസ് സ്നേഹിതന്മാർക്ക് അക്കാര്യത്തിൽ വലിയ വേവലാതിയുണ്ടാകാൻ സാധ്യതയില്ല. സിനിമാ മേഖലയിലെ ഇത്തരം എഡിറ്റിംഗിനെ കേരള സർക്കാർ എങ്ങനെയാണ് നോക്കിക്കാണുന്നത്; കേരളത്തിന്റെ സാംസ്കാരികമൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിനുള്ള ഏറ്റവും നല്ല മാധ്യമമാണ് സിനിമകൾ. ഓൺലൈൻ എഡിറ്റിംഗ് സൗകര്യത്തോടെയുള്ള തിയേറ്റർ സമുച്ചയം പയ്യന്നൂർ മണ്ഡലത്തിലുൾപ്പെടെ പൂർത്തിയായിവരികയാണ്. ഇത് നാടിന്

സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; സാംസ്കാരിക വകുപ്പ് സംസ്ഥാനത്തുടനീളം ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ചലച്ചിത്ര രംഗത്ത് വളരെ മികച്ച ഇടപെടലാണ് കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച് ഇപ്പോഴത്തെ ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്നത്. ചിത്രാഞ്ജലി സ്റ്റുഡിയോ 150 കോടി രൂപ ചെലവഴിച്ച് നവീകരിച്ച് ഇന്ത്യയിലെതന്നെ ഏറ്റവും നല്ല ഷൂട്ടിംഗ് കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനം ആരംഭിച്ചുവെന്ന സന്തോഷകരമായ കാര്യം സഭയെ അറിയിക്കുകയാണ്.

അതുമാത്രമല്ല, കേന്ദ്ര ഗവൺമെന്റ് ഇത്തരം സമീപനങ്ങൾ സ്വീകരിക്കുമ്പോൾ കേരളത്തിൽ വ്യത്യസ്തമായൊരു കാഴ്ചപ്പാടും ബദൽ സമീപനവും സ്വീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുകയാണ്. അതിന്റെ ഭാഗമായി കെ.എസ്.എഫ്.ഡി.സി. ഒന്നരക്കോടി രൂപ വീതം മുതൽമുടക്കി വനിതകൾ സംവിധാനം ചെയ്യുന്ന

രണ്ട് സിനിമകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പ്രസ്തുത സിനിമകൾ ഷൂട്ട് ചെയ്ത് പ്രദർശിപ്പിച്ചുകഴിഞ്ഞു. അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രണ്ടുപേർക്ക് ഒന്നരക്കോടി രൂപ വീതം നൽകി 3 കോടി രൂപയ്ക്ക് രണ്ട് സിനിമകൾ നിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2021-22 വർഷത്തിൽ വനിതാ വിഭാഗത്തിൽ ശ്രീമതി ശിവരഞ്ജിനി ജെ. സംവിധാനം ചെയ്ത 'വിക്ടോറിയ', ശ്രീമതി ഫർസാന പി. സംവിധാനം ചെയ്ത 'മുംത' എന്നീ ചിത്രങ്ങളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ. മനോജ് കുമാർ സംവിധാനം ചെയ്ത 'പ്രളയശേഷം ഒരു ജലകന്യക', ശ്രീ. സുനീഷ് വടക്കുമ്പാടൻ സംവിധാനം ചെയ്ത 'കാട്' എന്നീ ചിത്രങ്ങളും നിർമ്മിക്കാൻ കഴിഞ്ഞു. വേനലവധിക്ക് കേരള ചലച്ചിത്ര അക്കാദമി വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സംഘടിപ്പിച്ചു. കൂടാതെ, നല്ല സിനിമകൾ നാട്ടിൻപുറങ്ങളിലേയ്ക്ക് എന്ന ലക്ഷ്യവുമായി ടൂറിംഗ് ടാക്കീസ് എന്ന പദ്ധതി ചലച്ചിത്ര അക്കാദമി

ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാനമായും ഗോത്രവർഗ്ഗമേഖലകൾ കേന്ദ്രീകരിച്ചാണ് സിനിമകൾ പ്രദർശിപ്പിക്കുന്നത്. പ്രാദേശികതലത്തിൽ കലാ-സാംസ്കാരിക കൂട്ടായ്മകൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള ഒരു ഷൂട്ടിംഗ് സെന്റർകൂടി നിർമ്മിക്കുന്നതിനുള്ള നടപടിയും പൂർത്തീകരണ ഘട്ടത്തിലാണെന്ന് പ്രത്യേകമായി അറിയിക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നവോത്ഥാന നായകൻ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നാമധേയത്തിൽ മലപ്പുറം മണ്ഡലത്തിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുമെന്ന് ബജറ്റിൽ പറഞ്ഞിരുന്നു. 13-03-2023-ലെ എന്റെ നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം നമ്പർ 4870-ന് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 'പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾക്ക് ടെക്നിക്കൽ സാംങ്ഷൻ നൽകുന്ന നടപടി പുരോഗമിക്കുന്നു. 5

ഏക്കർ ഭൂമിയിൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ നാലര ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയത്. ബാക്കി അര ഏക്കർ ഭൂമികൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട് ' എന്നാണ് പറഞ്ഞിട്ടുള്ളത്. അതുപ്രകാരം റവന്യൂ വകുപ്പിന്റെ അര ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നാലര ഏക്കർ സ്ഥലത്തുതന്നെ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നാമധേയത്തിലുള്ള സമുച്ചയം നിർമ്മിക്കാൻ കഴിയില്ലേയെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്. സ്ഥലം ലഭ്യമായ മൂന്ന് ജില്ലകളിൽ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. മൂന്ന് ജില്ലകളിൽ 5 ഏക്കർ ഭൂമി വീതം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കാൻ പോകുന്നു. ബാക്കിയുള്ള ജില്ലകളിൽ നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ 5 ഏക്കർ ഭൂമി വീതം ലഭിക്കുന്ന മുറയ്ക്കാണ് അംഗീകാരം നൽകുന്നത്. തീർച്ചയായും മലപ്പുറം ജില്ലയിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കും. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായും

വകുപ്പുമായും കൂടിയാലോചിച്ച് 5 ഏക്കറിൽ താഴെ ഭൂമിയെടുത്ത് നിർമ്മാണം നടത്താൻ സാധിക്കുമോ എന്നത് സർക്കാർതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കും. ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് പരിഗണിക്കുന്നതായിരിക്കും.

ശ്രീമതി സി. കെ. ആശ: സർ, അങ്ങ് നേരത്തെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ വൈക്കം സത്യാഗ്രഹ ശതാബ്ദിയോടനുബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ശതാബ്ദി ആഘോഷത്തിൽ ഒരു ശതാബ്ദി സ്മാരകം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയും പങ്കെടുത്ത ഒരു ചടങ്ങായിരുന്നു അത്. പതിനായിരക്കണക്കിന് ജനങ്ങളാണ് പ്രസ്തുത ചടങ്ങിൽ പങ്കെടുത്തത്. അവിടെവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

അതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഈ വർഷം അതിനുള്ള പണം അനുവദിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, സാമൂഹ്യ പരിഷ്കർത്താവും നവോത്ഥാന നായകനുമായ അയ്യാ വൈകുണ്ഠസ്വാമിക്ക് തലസ്ഥാനത്ത് ഒരു സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാനൊരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതിന് അങ്ങ് നൽകിയ മറുപടി, "സ്ഥലവും പണലഭ്യതയും അനുസരിച്ച് നിർമ്മിക്കാം" എന്നായിരുന്നു. സ്ഥലം നൽകാൻ സന്നദ്ധത അറിയിച്ച് ചില സംഘടനകൾ മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അവിടെ ഉചിതമായ സ്മാരകം നിർമ്മിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, നേരത്തെ പറഞ്ഞതിന്റെ ക്കൂട്ടത്തിൽപ്പെടുന്നതാണ് തിരുവനന്തപുരവും. തിരുവനന്തപുരത്ത് അനുയോജ്യമായ സ്ഥലം കിട്ടുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സ്ഥലം നൽകുകയാണെങ്കിൽ അക്കാര്യം ഗവൺമെന്റ് പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ചിരുന്ന ഒരു പദ്ധതിയായിരുന്നു കേരളീയ നവോത്ഥാന നായകരിൽ പ്രധാനിയും ആലത്തൂർ സിദ്ധാശ്രമ സ്ഥാപകനുമായിരുന്ന ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ പേരിലുള്ള സാംസ്കാരിക സമുച്ചയം. ഇപ്പോൾ പല സാങ്കേതികത്വവും പറഞ്ഞ് അത് നിർമ്മിക്കാനുള്ള ഫണ്ട് അനുവദിച്ചിട്ടില്ല. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥലം അനുവദിക്കാൻ തയ്യാറാണെന്ന് അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ പ്രഖ്യാപനമായ ആലത്തൂർ സിദ്ധാശ്രമ സ്ഥാപകൻ ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ പേരിലുള്ള സാംസ്കാരിക സമുച്ചയം അടിയന്തരമായി നിർമ്മിക്കാൻ നേതൃത്വം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, പാലക്കാട് ജില്ലയിൽ വി.ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിലുള്ള സമുച്ചയമാണ് പ്രഖ്യാപിച്ചത്. അത് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകമായി പരിഗണിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ കേരളഗാനം രൂപപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പ്രശസ്ത ഗാനരചയിതാവ് ശ്രീ. ശ്രീകുമാരൻ തമ്പി അപമാനിതനാകുന്നൊരു സാഹചര്യമുണ്ടായി. അതേത്തുടർന്ന് സാംസ്കാരിക പ്രവർത്തകർ പരസ്പരം ഏറ്റുമുട്ടാനിടയായി. ഇതിന്റെ അടിസ്ഥാന കാരണം എന്താണെന്നാണ് സർക്കാർ മനസ്സിലാക്കിയിട്ടുള്ളത്; ഇത് വകുപ്പിന്റെ വീഴ്ചയാണോ; അതോ അക്കാദമിയുടെ വീഴ്ചയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഏറ്റുമുട്ടലൊന്നും നടന്നിട്ടില്ല. അഭിപ്രായ പ്രകടനം മാത്രമേ നടത്തിയിട്ടുള്ളൂ. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, കേരളത്തിന്റെ സാംസ്കാരിക-സാമൂഹിക തനിമ വ്യക്തമാക്കുന്ന തരത്തിലുള്ളൊരു കേരളഗാനം തെരഞ്ഞെടുക്കുന്നതിനായി 06-07-2018-ലെ 26/2018-ാംനമ്പർ ഉത്തരവുപ്രകാരം സാഹിത്യകാരന്മാർ അടക്കമുള്ളൊരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി അനുയോജ്യമായ കേരളഗാനം തെരഞ്ഞെടുക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. ശാശ്വതമായി നിലനിൽക്കുന്നതും കുറ്റമറ്റതുമായ ഒരു പുതിയ കേരളഗാനം

കണ്ടെത്തുകയാണ് സമിതിയുടെ ലക്ഷ്യം. സമിതിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. 2014-ലെ ഒരു ഉത്തരവ് അടിസ്ഥാനമാക്കി കേരളഗാനം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അംഗീകരിച്ചിരുന്നു എന്നുള്ളൊരു വാദം ഇപ്പോഴുണ്ട്. അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. അങ്ങനെ കേരളഗാനം യു.ഡി.എഫ്.-ന്റെ കാലത്ത് അംഗീകരിച്ചിരുന്നില്ല. ബോധേശ്വരൻ രചിച്ച 'കേരളഗാനം' എന്നൊരു കവിത സാംസ്കാരിക വകുപ്പിന്റെ ചടങ്ങുകളിൽ പാടുന്നതിനുള്ള അനുവാദം മാത്രമാണ് നൽകിയത്. ഇതാണ് വസ്തുത.

ശ്രീമതി ദെലീമ: സർ, രാത്രി 10 മണിക്കുശേഷം ഗാനമേള നടത്തുന്ന കലാകാരന്മാർക്ക് പ്രോഗ്രാം നടത്തുന്നതിന് സാധിക്കുന്നില്ല. അഥവാ പ്രോഗ്രാം നടത്തണമെങ്കിൽത്തന്നെ പ്രത്യേക അനുവാദം വേണം. അത് കലാകാരന്മാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം പ്രസക്തമാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് രാത്രി 10 മണിക്കുശേഷം മൈക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടുള്ളത്. അക്കാര്യം ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോടതിയുമായി ബന്ധപ്പെട്ടും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്

2(*212) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് എത്ര രൂപയുടെ ചെലവാണുണ്ടാകുന്നത്; വിശദമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷപ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ്

വകുപ്പ് സംസ്ഥാന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി 'മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ്' പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതി തുടങ്ങിയ 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ നൽകിവരുന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ഇ-ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖല സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് 2022-23 സാമ്പത്തിക വർഷംവരെ പദ്ധതി നടപ്പാക്കിവന്നിരുന്നത്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതായിരുന്ന പ്രീമിയം തുകയായി നിശ്ചയിച്ചിരുന്നത്. എന്നാൽ നടപ്പുസാമ്പത്തിക വർഷം ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി യോഗ്യതയുള്ള സ്ഥാപനങ്ങളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Eol) ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനെ പദ്ധതി

നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്യു. നിശ്ചിത വിലയുടെ 0.246% ആണ് നിലവിൽ പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നത്.

2018-19 സാമ്പത്തിക വർഷം മുതൽ 2022-23 വരെ 12 കോടി രൂപ ചെലവിൽ ആകെ 7932 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കഴിഞ്ഞ അഞ്ച് വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷപ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ലതിരിച്ച് എണ്ണം, തുക എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, ഫിഷറീസ് വകുപ്പിന്റെ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നടപ്പുവർഷം എത്ര യാനങ്ങൾ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, യാനത്തിന്റെ വലുപ്പവും എഞ്ചിന്റെ കുതിരശക്തിയും കണക്കിലെടുത്ത് വിവിധ തരങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ തരത്തിൽപ്പെട്ട യാനങ്ങൾക്കും വ്യത്യസ്ത പ്രീമിയം തുകയാണ്. പ്രീമിയം തുകയുടെ 10% മാത്രമാണ് മത്സ്യത്തൊഴിലാളികൾ കൊടുക്കേണ്ടത്. 90% തുകയും സർക്കാരാണ് വഹിക്കുന്നത്. നിശ്ചയിച്ച പ്രീമിയം തുക ഇപ്രകാരമാണ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10 മീറ്ററിൽ താഴെ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 10 HP-യ്ക്ക് താഴെയുള്ളതും - പ്രീമിയം തുക 861 രൂപ, മത്സ്യത്തൊഴിലാളി വിഹിതം -86 രൂപ.

10 മീറ്ററിൽ താഴെ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 10 HP-യ്ക്ക് മുകളിലുള്ളതും - പ്രീമിയം തുക 984 രൂപ, മത്സ്യത്തൊഴിലാളി വിഹിതം - 98 രൂപ.

10 മീറ്ററിനും 15 മീറ്ററിനും ഇടയിൽ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 40 Hp വരെയുമുള്ളത് - പ്രീമിയം തുക 1476 രൂപ, മത്സ്യത്തൊഴിലാളി വിഹിതം -148 രൂപ.

10 മീറ്ററിനും 15 മീറ്ററിനും ഇടയിൽ നീളമുള്ളതും എഞ്ചിൻ കപ്പാസിറ്റി 40 HP-യ്ക് മുകളിലുള്ളതും - പ്രീമിയം തുക -1,965 രൂപ, മത്സ്യത്തൊഴിലാളി വിഹിതം -197 രൂപ.

എഞ്ചിനോടുകൂടിയതും 15 മീറ്ററിനും 20 മീറ്ററിനും ഇടയിലുള്ള യാനങ്ങൾ - പ്രീമിയം തുക -5,115 രൂപ, മത്സ്യത്തൊഴിലാളി വിഹിതം -512 രൂപ.

എഞ്ചിനോടുകൂടിയതും 70 മീറ്ററിന് മുകളിലുള്ളതുമായ യാനങ്ങൾ - പ്രീമിയം തുക -10,230 രൂപ, മത്സ്യത്തൊഴിലാളി വിഹിതം -1,023 രൂപ.

ശ്രീമതി ഒ. എസ്. അംബിക: സർ, ഒരു പരമ്പരാഗത മത്സ്യത്തൊഴിലാളിക്ക് യാനം ഇൻഷ്വർ ചെയ്യുന്നതിന് ചെലവാകുന്ന തുകയെത്രയാണ്?

ശ്രീ. സജി ചെറിയാൻ: സർ, അതുസംബന്ധിച്ച കണക്കാണ് ഇപ്പോൾ ഞാൻ പറഞ്ഞത്. യാനങ്ങളെ അവയുടെ കപ്പാസിറ്റിയും നീളവും അനുസരിച്ച് ആറ് തരത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. ഇപ്പോൾ കേരളത്തിൽ 1241 യാനങ്ങളാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്.

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ തീരദേശ മേഖലയ്ക്കും വിശിഷ്യാ മത്സ്യത്തൊഴിലാളികൾക്കും വേണ്ടി സർക്കാർ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. മത്സ്യബന്ധനത്തിനിടയിൽ അപകടമരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നിലവിൽ ലഭിക്കുന്ന ഇൻഷ്വറൻസ് തുക എത്രയാണ്?

ശ്രീ. സജി ചെറിയാൻ: സർ, ഫിഷറീസ് വകുപ്പ് മത്സ്യഫെഡ് വഴിയും ക്ഷേമനിധി ബോർഡ് വഴിയുമായി രണ്ട് തരത്തിലാണ് ഇൻഷ്വറൻസ് തുക നൽകുന്നത്. ക്ഷേമനിധി ബോർഡ് വഴി നടത്തുന്ന ഇൻഷ്വറൻസിൽ ഒരു പൈസയും മത്സ്യത്തൊഴിലാളി കൊടുക്കേണ്ടതില്ല. തൊഴിലാളിക്ക് അപകട മരണം സംഭവിച്ചാൽ കുടുംബത്തിന് 10 ലക്ഷം രൂപ ലഭിക്കും. എന്നാൽ മത്സ്യഫെഡിന്റെ ഇൻഷ്വറൻസ് പ്രീമിയം ഏകദേശം 500 രൂപ മാത്രമാണ്. അതിനും 10 ലക്ഷം രൂപ ലഭിക്കും. ഒരു മത്സ്യത്തൊഴിലാളി കൃത്യമായി രണ്ട് ഇൻഷ്വറൻസ് എടുത്താൽ 20 ലക്ഷം രൂപ ലഭിക്കുന്ന തരത്തിലുള്ള സ്കീമാണ് കേരളത്തിൽ നടപ്പാക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, മത്സ്യബന്ധന യാനങ്ങൾക്ക് ഭാഗികമായുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ; അതിന് പ്രത്യേകമായി എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഭാഗീക നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. വള്ളത്തിനും എഞ്ചിനും ഒരുമിച്ച് ഭാഗീക

നാശനഷ്ടമുണ്ടായാൽ മാത്രമേ എഞ്ചിനുകൾക്ക് ഇൻഷ്വറൻസ് തുക ലഭിക്കുകയുള്ളൂ.

ശ്രീ. കെ. ജെ. മാക്സി: സർ, ഇൻഷ്വറൻസ് പരിരക്ഷയുള്ള മത്സ്യബന്ധന യാനങ്ങൾ അപകടത്തിൽപ്പെട്ടാൽ ക്ലെയിം ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്?

ശ്രീ. സജി ചെറിയാൻ: സർ, അപകടം നടന്നയുടൻതന്നെ നാശനഷ്ടമുൾപ്പെടെയുള്ള അപകടത്തെ സംബന്ധിച്ച റിപ്പോർട്ട് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കഴിയുന്നത്രയും വേഗം ഇൻഷ്വറൻസ് കമ്പനിക്ക് ഇ-മെയിൽ മുഖേന നൽകണം. അത് ലഭിച്ചാലുടൻ ഇൻഷ്വറൻസ് കമ്പനി ചുമതലപ്പെടുത്തുന്ന സർവ്വേയർ അപകടത്തിൽപ്പെട്ട യാനം പരിശോധിച്ച് നഷ്ടം കണക്കാക്കുന്നതും റിപ്പോർട്ട് കമ്പനിക്ക് നൽകുന്നതുമാണ്. സർവ്വേയർ പരിശോധിച്ച് റിപ്പോർട്ട് നൽകിയതിനുശേഷം മാത്രമേ യാനം റിപ്പെയർ ചെയ്യാൻ പാടുള്ളൂ. യാനത്തിന്റെ രജിസ്ട്രേഷൻ, ലൈസൻസ്, ക്ലെയിം ഫോം എന്നിവ കമ്പനിക്ക് ലഭിച്ചാൽ ഉടൻതന്നെ അർഹതപ്പെട്ട നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, നിലവിൽ മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഫിഷറീസ് വകുപ്പ് മുഖാന്തരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടെങ്കിലും ഈ പരിരക്ഷ അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഉപകരണമായ വലകൾക്ക് ലഭിക്കുന്നില്ലെന്നതാണ് അവർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കടൽമാക്രിയുടെ ആക്രമണംമൂലം വലകൾ നഷ്ടപ്പെടുന്ന സാഹചര്യം തുടർന്നുകൊണ്ടേയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിലെ നിരവധി മത്സ്യത്തൊഴിലാളികളുടെ പരാതികൾ ഞാൻ ബഹുമാന്യനായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. മാത്രമല്ല, ചില സന്ദർഭങ്ങളിൽ ചെളിയിൽ പുതഞ്ഞ വല ഉപേക്ഷിക്കേണ്ട അവസ്ഥയും പാറയിൽ കുടുങ്ങി അറുത്തുമാറ്റേണ്ട അവസ്ഥയുമുണ്ടാകുന്നുണ്ട്. അതിനാൽ വലയെക്കൂടി ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇവിടെ രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതിലൊന്ന്, കടലിൽ

മത്സ്യബന്ധനത്തിനുപോയി ഹാർട്ട് അറ്റാക്ക് വന്ന് മരണപ്പെട്ടാൽ പണം കിട്ടില്ല എന്നതാണ്. രണ്ടാമത്തേത്, വല നഷ്ടപ്പെട്ടാൽ പണം കിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്തിട്ടുണ്ട്. ഈ വർഷം ഇക്കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇത്രയും കാലമായിട്ടും അവർ ഇക്കാര്യം അംഗീകരിച്ചിട്ടില്ലെന്നതാണ് വസ്തുത. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പരിഗണിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി വീണ്ടും ചർച്ച നടത്താം.

ശ്രീ. വി. ജോയി: സർ, ഇൻഷ്വറൻസ് പരിരക്ഷയെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. മത്സ്യബന്ധന യാനങ്ങൾ തുറമുഖങ്ങളിൽനിന്നും അല്ലാതെയുള്ള സ്ഥലങ്ങളിൽനിന്നും മത്സ്യബന്ധനത്തിന് പോകുന്നുണ്ട്. ഒരു യാനത്തിൽ എത്രപേർ പോകുന്നുവെന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് പലപ്പോഴും നമുക്ക് ലഭിക്കാറില്ല. യാനങ്ങൾ അപകടത്തിൽപ്പെടുമ്പോഴാണ് അതിൽ എത്ര പേരുണ്ടായിരുന്നുവെന്ന്

മനസ്സിലാക്കുന്നത്. ഇതുസംബന്ധിച്ച് ഫിഷറീസ് വകുപ്പിൽ കൃത്യമായ വിവരം സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പ്രസ്തുത വിഷയത്തിന്മേൽ നിയമനിർമ്മാണത്തിനുള്ള ചട്ടം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് തയ്യാറാക്കിയാൽ മാത്രമേ ഇക്കാര്യം കർശനമാക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ, ഹാർബറുകളിൽനിന്നും ഫിഷ് ലാന്റിംഗ് സെന്ററുകളിൽനിന്നും മത്സ്യബന്ധനത്തിന് പോകുന്നതുകൂടാതെ 600 കി.മീ. ദൈർഘ്യത്തിൽ ഇടയ്ക്കിടയ്ക്കുള്ള സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകും. ഇങ്ങനെ പോകുന്നവരെ നമുക്ക് ഐഡന്റിഫൈ ചെയ്യാൻ സാധിക്കുന്നില്ല. മത്സ്യബന്ധനത്തിന് പോകുന്നവരെ ഐഡന്റിഫൈ ചെയ്യാൻ ഇപ്പോൾ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്, അല്ലെങ്കിൽ ബോട്ടുടമയുടെ പേരിലടക്കം നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണവും അനിവാര്യമാണ്. പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്ന രീതിയിൽനിന്ന് മാറാൻ അവർക്ക്

ബുദ്ധിമുട്ടുണ്ട്. എങ്കിലും ഇക്കാര്യം ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, വടകര മുനിസിപ്പാലിറ്റിയിലെ തീരത്തുനിന്നും കടലിൽ മത്സ്യബന്ധനത്തിന് പോയി അപകടത്തിൽപ്പെട്ട് മരണപ്പെട്ട കൊയിലാണ്ടി വളപ്പിലെ ഫൈജാസ് എന്ന ചെറുപ്പക്കാരൻ ഒരു കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു. അദ്ദേഹത്തിന്റെ ബാപ്പ സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകി ഒരുവർഷം കഴിഞ്ഞിട്ടും ഇതുവരെയും പരിഗണിക്കപ്പെട്ടിട്ടില്ല. ജീവൻ പണയംവച്ച് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപാധികളില്ലാതെ ധനസഹായം ചെയ്യാൻ സർക്കാർ തയ്യാറാകുമോ; ഫൈജാസിന്റെ കുടുംബത്തിന് അടിയന്തര ധനസഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾതന്നെ മരണപ്പെട്ട ആളുകളുടെ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് തുക നൽകിയത് സംബന്ധിച്ച കണക്ക് എടുത്തിരുന്നു. അതുപ്രകാരം

കേരളത്തിൽ മരണപ്പെട്ട 151 ആളുകളുടെ ആശ്രിതർക്ക് ധനസഹായം നൽകാൻ കഴിയാതെപോയി. അതിനുവേണ്ടി ഞാനും അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ആന്റണി രാജുവും പങ്കെടുത്തുകൊണ്ട് തിരുവനന്തപുരത്തും കോഴിക്കോടുമായി രണ്ട് അദാലത്തുകൾ നടത്തി. ഞാൻ അഭിമാനത്തോടെ പറയുന്നു, കേരള ചരിത്രത്തിലാദ്യമായി ഇതിൽ 131 പേർക്ക് 10 ലക്ഷം രൂപ വീതം നൽകാൻ കഴിഞ്ഞു. രണ്ടാമതായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ച് നടപ്പാക്കിയ ഒരു കാര്യമുണ്ട്. കരുനാഗപ്പള്ളിയിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവർക്കും ഇൻഷ്വറൻസ് പരിരക്ഷയില്ലായിരുന്നു. ഇൻഷ്വറൻസ് എടുക്കാതിരുന്നിട്ട് അപകടത്തിൽപ്പെടുമ്പോൾ ധനസഹായം വേണമെന്ന് ആവശ്യപ്പെട്ടാൽ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 5 ലക്ഷം രൂപവരെ കൊടുക്കാനുള്ള പ്രഖ്യാപനം നടത്തുകയും കരുനാഗപ്പള്ളിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പ്രത്യേക കേസായി

എഴുതിത്തന്നാൽ അത് പരിഗണിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ വിഹിതം കേന്ദ്രഗവൺമെന്റ് തുടർച്ചയായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. മണ്ണെണ്ണ വിലയും അമിതമായി കൂടിക്കൊണ്ടിരിക്കുകയാണ്. മണ്ണെണ്ണ ഒഴിവാക്കി ബദൽ സംവിധാനങ്ങളെന്ന നിലയിലുള്ള ചില പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ പ്രശ്നം വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. 25 രൂപ സബ്സിഡി കൊടുത്തിട്ടും നമുക്കാവശ്യമുള്ള മണ്ണെണ്ണ കേന്ദ്രഗവൺമെന്റ് നൽകുന്നില്ല. അടുത്ത വർഷം മുതൽ മണ്ണെണ്ണ നൽകില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്ക് പ്രത്യേക അറിയിപ്പ് നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി

എൽ.പി.ജി., ഡീസൽ, പെട്രോൾ എന്നിവയിലേയ്ക്ക് എഞ്ചിനുകൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. കേരളത്തിൽ നാലോ അഞ്ചോ കേന്ദ്രങ്ങളിൽ ഇതിന്റെ പരീക്ഷണവും നടത്തി. എൽ.പി.ജി., പെട്രോൾ, ഡീസൽ എന്നിവ വിജയകരമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർഷം 10 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചുവെന്ന സന്തോഷകരമായ കാര്യവും അറിയിക്കുകയാണ്. രണ്ടോമൂന്നോ വർഷംകൊണ്ട് കേരളത്തിൽ ഈ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയും.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ

3 (*213) ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറുപുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്ന

പ്രഖ്യാപിത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും വെല്ലുവിളിക്കപ്പെടുന്ന കാലത്ത് സാമൂഹിക, രാഷ്ട്രീയ, അക്കാദമിക വിദഗ്ദ്ധരെയും സാധാരണ ജനവിഭാഗത്തെയും കൂട്ടിച്ചേർക്കുന്ന കണ്ണിയായി മാറുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പൗരബോധവും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ആരോഗ്യകരമായ ജനാധിപത്യ സംവിധാനം രൂപപ്പെടുത്തുന്നതിനും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) രാഷ്ട്രപുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യമൂല്യങ്ങളോട് കൂറ് പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുന്നതിനും പൗരബോധവും ജനാധിപത്യമൂല്യങ്ങളും വിദ്യാർത്ഥികളിൽ വളർത്തുന്നതിനും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടനയെയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തെയുംക്കുറിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിക്കുമായുള്ള വേദി രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പാക്കി വരുന്നു.

സ്കൂൾതല യൂത്ത് പാർലമെന്റ് മത്സരങ്ങൾ, കോളേജ്തല മോഡൽ പാർലമെന്റ് മത്സരങ്ങൾ, ദേശീയ സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപ്പശാലകൾ, ക്വിസ്-ഉപന്യാസ-പ്രസംഗ മത്സരങ്ങൾ, ഭരണഘടനാദിനാഘോഷം, മികച്ച സ്റ്റുഡന്റ് പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ് തുടങ്ങിയവയും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച് വരുന്നു. 'സ്റ്റുഡന്റ്സ്

സഭ'യും അതുമായി ബന്ധപ്പെട്ട ജനകീയ സർവ്വേകളും, ജേർണലുകളുടെ പ്രസിദ്ധീകരണം, ഇന്റേൺഷിപ്പ് എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളാണ്.

(ബി) ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലും സാധാരണ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിനായി ദേശീയ/അന്തർദേശീയ സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപ്പശാലകൾ, ജേർണൽ പബ്ലിക്കേഷൻ, ഉപന്യാസ-ക്വിസ്-പ്രസംഗ മത്സരങ്ങൾ, 'സ്റ്റുഡന്റ്സ് സഭ'യുടെ ഭാഗമായ ജനകീയ സർവ്വേകൾ എന്നിവയിലൂടെ സാമൂഹിക രാഷ്ട്രീയ അക്കാദമിക വിദഗ്ധരെയും സാധാരണ ജനങ്ങളെയും കൂട്ടിയിണക്കുന്ന കണ്ണിയായി മാറുവാൻ ക്രിയാത്മകമായ പരിശ്രമം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നു.

(സി) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും 2022-23 അദ്ധ്യയന വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ ആരംഭിച്ച വേദിയാണ് ജനാധിപത്യത്തിനും

സാമൂഹികനീതിക്കുമായുള്ള വേദി അഥവാ ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ). നിലവിൽ സംസ്ഥാനത്തെ 66 കോളേജുകളിലും 208 സ്കൂളുകളിലും എഫ്.ഡി.എസ്.ജെ. രൂപീകരിച്ചിട്ടുണ്ട്. എഫ്.ഡി.എസ്.ജെ.-യുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

സ്കൂൾതല യൂത്ത് പാർലമെന്റ് മത്സരങ്ങൾ, കോളേജ്തല മോഡൽ പാർലമെന്റ് മത്സരങ്ങൾ, ദേശീയ സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപ്പശാലകൾ, ക്വിസ്-ഉപന്യാസ-പ്രസംഗ മത്സരങ്ങൾ, ഭരണഘടനാദിനാഘോഷം, മികച്ച സ്റ്റുഡന്റ് പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ് തുടങ്ങിയവയും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച് വരുന്നു. 'സ്റ്റുഡന്റ്സ് സഭ'യും അതുമായി ബന്ധപ്പെട്ട ജനകീയ സർവ്വേകളും, ജേർണലുകളുടെ പ്രസിദ്ധീകരണം, ഇന്റേൺഷിപ്പ് എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളാണ്.

സംസ്ഥാനത്തെ നിയമസഭാ നിയോജകമണ്ഡലങ്ങളിലെ ജനകീയ വിഷയങ്ങളെയും വികസന പ്രക്രിയകളെയും വിദ്യാർത്ഥി സമൂഹവുമായി

അടുപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'സ്റ്റുഡന്റ്സ് സഭ', തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം വകുപ്പുകളുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി ചേലക്കര നിയോജകമണ്ഡലത്തിൽ 400-ലധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ 'സ്റ്റുഡന്റ്സ് സഭ' സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) ജനാധിപത്യത്തിന്റെ അടിത്തറയായി വർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് വനിതാ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുമായി ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിച്ചിരുന്നു. പാർലമെന്റ്-നിയമസഭാ-ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണനയിലാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ജനാധിപത്യ

വേദികളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികൾക്ക് ജനാധിപത്യ പാർലമെന്ററി പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്ന നിലയിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ സാധിക്കുമോ, അതുസംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം പ്രസക്തമാണ്. സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് നമ്മുടെ രാജ്യത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും ജനാധിപത്യ സംവിധാനങ്ങളെക്കുറിച്ചും വികസനത്തെക്കുറിച്ചും നല്ല അവബോധമുണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടികളാണ് ഇപ്പോൾ പാർലമെന്ററി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നത്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സ്റ്റുഡന്റ്സ് സഭകൾ ഇതിനോടകംതന്നെ ശ്രദ്ധേയമായ പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. അത് സംസ്ഥാനത്തെ 140 നിയോജകമണ്ഡലാടിസ്ഥാനത്തിലും സംഘടിപ്പിക്കാൻ മുൻകൈയെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും. നമ്മുടെ സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും സ്റ്റുഡന്റ്സ് സഭ ചേരുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും അതുസംബന്ധിച്ച കത്തെഴുതിയിട്ടുണ്ട്. എം.എൽ.എ.-മാർ നേതൃത്വം നൽകിയാൽ അതത് മണ്ഡലങ്ങളിൽ സ്റ്റുഡന്റ്സ് സഭ എത്രയും പെട്ടെന്ന് രൂപീകരിക്കാൻ കഴിയും.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, യൂത്ത് പാർലമെന്റ്, മോഡൽ പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്താൻ പദ്ധതിയുണ്ടോ; നിലവിൽ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളിൽ മാത്രമാണ് ഇത് നടക്കുന്നത്, അത് അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽകൂടി വ്യാപിപ്പിച്ച് അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഉപയോഗപ്രദമാകുന്ന വിധത്തിൽ ഈ പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളിലാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നത്. അൺ-എയ്ഡഡ് മേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിയുമോയെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം. ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന തുക കൊണ്ട് മാത്രമേ പരിപാടി നടത്താൻ കഴിയുകയുള്ളൂ. പദ്ധതി വിപുലീകരിക്കുന്നതിന് കൂടുതൽ തുക ആവശ്യമായി വരുന്നതിനാൽ അനുകൂല സാഹചര്യത്തിൽ നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, ജനാധിപത്യം ഭീഷണി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഭരണഘടനാ സാക്ഷരതയ്ക്ക് വളരെ പ്രാധാന്യമുണ്ട്. യൂത്ത് പാർലമെന്റ് മാതൃകയിലുള്ള ഭരണഘടനാ സാക്ഷരതാ ക്ലാസ്സുകൾ കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ ഭരണഘടനയും ജനാധിപത്യ സംവിധാനങ്ങളുമെല്ലാം വലിയ വെല്ലുവിളി നേരിടുന്നൊരു ഘട്ടം തന്നെയാണിത്. തീർച്ചയായും അതിനെ അതിജീവിക്കാൻ

ജനങ്ങൾക്കിടയിലെ അവബോധം വർദ്ധിപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കുടുംബശ്രീ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളിലേയ്ക്കും ഇത് കൂടുതൽ വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ഭരണഘടനയും ജനാധിപത്യവുമെല്ലാം തന്നെ വലിയ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭരണഘടന, ജനാധിപത്യം, പാർലമെന്ററി പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഒരു ചർച്ച നടന്നിട്ടുണ്ട്, അങ്ങനെയൊരു ധാരണയുമുണ്ടായിട്ടുണ്ട്. സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞാൽ തീർച്ചയായും പാർലമെന്ററി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനയെക്കുറിച്ചും ജനാധിപത്യ

സംവിധാനത്തെക്കുറിച്ചും നാടിന്റെ പുരോഗതിയെക്കുറിച്ചുമൊക്കെ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ജനാധിപത്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വോട്ടവകാശത്തിന്റെ പ്രായം 18 വയസ്സായി ഭരണഘടനാ ഭേദഗതി നടപ്പിലാക്കിയ രാജ്യമാണ് നമ്മുടേത്. വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനുള്ള പാർലമെന്ററി പ്രാക്ടീസിന്റെ ഭാഗമായിട്ടാണ് കോളേജ് യൂണിയൻ, യൂണിവേഴ്സിറ്റി യൂണിയൻ, സ്കൂൾ പാർലമെന്റ് എന്നിവയെല്ലാം നിലവിലുള്ളത്. അവിടത്തെ തെരഞ്ഞെടുപ്പ് പലപ്പോഴും നീതിപൂർവ്വവും നിഷ്പക്ഷവുമാകുന്നില്ല. അതുമായി ബന്ധപ്പെട്ട് അക്രമ സംഭവങ്ങൾ ഉണ്ടാകുന്നു. അതിനാൽ തെരഞ്ഞെടുപ്പുകൾ നീതിപൂർവ്വമാക്കാനും അക്രമസംഭവങ്ങൾ ഒഴിവാക്കാനും വിദ്യാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സ്കൂൾ, കോളേജ് തലത്തിലുള്ള കുട്ടികൾക്ക് നീതിപൂർവ്വമായ ജനാധിപത്യ പ്രക്രിയയിൽ

പങ്കെടുക്കുന്നതിനുള്ള ശേഷിയാണ് വേണ്ടത്. ദൗർഭാഗ്യവശാൽ ചിലപ്പോൾ ചില അനിഷ്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അത് പൂർണ്ണമായും ഒഴിവാക്കാൻ കഴിയേണ്ടതാണ്. അതിനുവേണ്ടിയുള്ള പരിശ്രമം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചുവരുന്നവർക്ക് പ്രത്യേകമായ പരിശീലനങ്ങൾ, എങ്ങനെ ഒരു കോളേജ് യൂണിയൻ നടത്തിക്കൊണ്ടുപോകണം, അതിന്റെ ജനാധിപത്യ പ്രക്രിയ എങ്ങനെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചൊക്കെ അവബോധം സൃഷ്ടിക്കാൻ കഴിയുന്ന വിധത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി

4 (*214) ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എച്ച്. സലാം:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും സംയുക്തമായി ആരംഭിച്ച സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് എന്തെല്ലാം സാമ്പത്തിക, സാങ്കേതിക സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ സംരംഭമാണ് സ്റ്റാർട്ടപ്പ് സിറ്റി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ സഹായം നൽകുന്നതിനുമാണ് ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ സഹായം നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായി കരാർ ഒപ്പുവച്ചാണ് സ്റ്റാർട്ടപ്പ് സിറ്റി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) 07-02-2024 വരെ 244 അപേക്ഷകൾ പട്ടികജാതി വിഭാഗത്തിൽനിന്നും 64 അപേക്ഷകൾ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ്, ഐ.ടി. അധിഷ്ഠിത സാങ്കേതികവിദ്യകൾ, മറ്റ് ആധുനിക സാങ്കേതികവിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദസഞ്ചാരം, മാർക്കറ്റിംഗ്, കാർഷികം, നിർമ്മാണം തുടങ്ങിയവ ഉൾപ്പെടെ എല്ലാ

മേഖലകളിലും പരിജ്ഞാനവും താല്പര്യവുമുള്ള യുവതീയുവാക്കൾക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/സ്വാശ്രയ സംഘങ്ങൾക്കോ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സാമ്പത്തിക സഹായം, വായ്പ, സബ്സിഡി, ഗ്രാന്റ് എന്നിവ നൽകുക, സാങ്കേതികവിദ്യയിലും നിർമ്മാണ രംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുക എന്നിവ സ്റ്റാർട്ടപ്പ് സിറ്റി മുഖേന ലഭ്യമാകുന്നതാണ്.

പദ്ധതി നടപ്പാക്കാനാവശ്യമായ തുകയിൽ 80% പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നതാണ്. 20% തുക പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നോ മറ്റ് ബാങ്കുകളിൽ നിന്നോ വായ്പയായും ലഭ്യമാക്കുന്നതാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്നും ലൈസൻസുകൾ, ഗ്രാന്റുകൾ എന്നിവയും

തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം, വിദഗ്ധോപദേശം, വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥല സൗകര്യം എന്നിവയും നൽകുന്നു.

ശ്രീ. എച്ച്. സലാം: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനുമായി സർക്കാർ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് ഇപ്പോൾ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ അവർക്ക് മികച്ചരീതിയിലുള്ള പരിശീലനമാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. അപേക്ഷകൾ ലഭിച്ച 244 പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും 64 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും കിൻഫ്ര പാർക്കിൽവച്ചാണ് ആവശ്യമായ പരിശീലനം

നൽകിവരുന്നത്. കൂടുതൽ ആളുകൾക്ക് പരിശീലനം നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എച്ച്. സലാം: സർ, സംരംഭങ്ങളുടെ വിജയത്തിന് പരിശീലനം വളരെ പ്രധാനമാണ്. നിലവിൽ ഈ അപേക്ഷകർക്കുള്ള പരിശീലന പദ്ധതിയും അവർക്കുള്ള സർക്കാരിന്റെ പിന്തുണയും എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അവർക്ക് സംരംഭം തുടങ്ങാൻ എല്ലാതരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൊടുക്കാനുള്ള സംവിധാനം സ്റ്റാർട്ടപ്പ് മിഷനിലൂടെ നടത്തുന്നുണ്ട്. അതോടൊപ്പം പ്രത്യേകമായിട്ടുള്ള സ്റ്റാർട്ടപ്പ് സിറ്റി സ്ഥാപിച്ചുകൊണ്ട് അവർക്കാവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. സ്റ്റാർട്ടപ്പ് മിഷനുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായിട്ടാണ് അതിന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുപോകുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൈപുണ്യത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടി

ആരംഭിച്ചിട്ടുള്ള സ്റ്റാർട്ടപ്പ് മിഷൻ വഴി സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഏറെ ശ്രദ്ധേയമാണ്. ഇതിനാവശ്യമായ സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും നൽകുന്ന സഹായത്തിനെക്കുറിച്ചും അങ്ങ് സൂചിപ്പിച്ചിരുന്നു. സ്റ്റാർട്ടപ്പുകൾ നേരിടുന്ന പ്രധാന പ്രശ്നം മൂലധനം സ്വരൂപിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. മൂലധനം കണ്ടെത്താനും വായ്പയ്ക്ക് പലിശ ഒടുക്കുന്ന കാര്യത്തിലും എന്തെങ്കിലും പ്രത്യേക സഹായം ചെയ്യാൻ സർക്കാരിന് കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യം ഞാൻ മറുപടിയിൽ സൂചിപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കായി 80% തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുകയും 20% തുക സംരംഭകർ തന്നെ കണ്ടെത്തുന്നതിനും ശ്രമിക്കണം. ആ ശ്രമത്തിനുവേണ്ട സഹായം നൽകുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യാനും ഇത്തരം സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് പ്രത്യേക പരിഗണന നൽകി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തരം സഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ സാങ്കേതിക സംരംഭങ്ങൾ ഉൾപ്പെടെയുള്ളവയുടെ അഭാവം ഈ മേഖലയിലെ സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് വിഘാതമായി നിൽക്കുന്നുവെന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് സ്റ്റാർട്ടപ്പ് മിഷൻ, പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ അഡ്രസ്സ് ചെയ്യപ്പെടുന്നതിനുവേണ്ടിയിട്ടുള്ള ഉന്നതി, TRACE (Training for Career Excellence) തുടങ്ങിയ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി മുന്നോട്ടുപോകുന്നത്. സാമ്പത്തിക സഹായങ്ങൾ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് സൂചിപ്പിക്കുമ്പോഴും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സ്വന്തമായി ഭൂമിയില്ലാത്ത പ്രശ്നം നിലനിൽക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രതിബന്ധങ്ങളെല്ലാം നിലനിൽക്കുമ്പോൾത്തന്നെ സർക്കാർ നൽകുന്ന മറ്റുസഹായങ്ങളോടൊപ്പം ലൈസൻസ്, ഇതിനാവശ്യമായ സ്പെഷ്യൽ ഓർഡറുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യം ഉത്തരത്തിൽത്തന്നെ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്നും ലൈസൻസുകൾ, ഗ്രാന്റുകൾ എന്നിവയും തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം, വിദഗ്ധോപദേശം, വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥലസൗകര്യം എന്നിവയും നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി ആവിഷ്കരിച്ചത്. മികച്ച നിലയിലുള്ള പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമായി. ഇത്തരത്തിൽ സംരംഭം ആരംഭിക്കുന്നവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളോ അവരുടെ പ്രോജക്ടുകളോ, സർക്കാരിന്റെ വിവിധ പദ്ധതികളുമായി ക്ലബ്ബ് ചെയ്തോ, സർക്കാർ പദ്ധതികളിൽ മുൻഗണന

കൊടുത്തോ അവരെ സഹായിക്കാനാവശ്യമായ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വ്യവസായ വകുപ്പ് തന്നെ അക്കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംസ്ഥാന സർക്കാരും ചേർന്നുകൊണ്ട് വിവിധ മേഖലകളിൽ ഉന്നതനിലവാരത്തിലുള്ള പരിശീലനമാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. അന്തർദേശീയ നിലവാരത്തിലുള്ള സാങ്കേതിക പരിശീലനം നൽകി ഉയർന്ന ശമ്പളത്തോടുകൂടി പ്രസ്തുത വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് ഉയർന്നുവരുവാനുള്ള സൗകര്യം ഒരുക്കികൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ മാസം 21-ാം തീയതി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഒരു പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ടിയുള്ള ഇടപെടൽ വ്യവസായ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെകൂടി ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയുള്ള മികച്ച ഇടപെടലാണ് നടത്തിവരുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള സ്റ്റാർട്ടപ്പ് പദ്ധതികൾ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. ഈ പദ്ധതിക്ക് തുക അനുവദിക്കുന്നത് കോർപ്പസ് ഫണ്ടാണോ അതോ പ്ലാൻ ഫണ്ടാണോ എന്ന് വ്യക്തമാക്കാമോ; തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പ് സംരംഭകർക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയോ 20 ശതമാനം വായ്പ അനുവദിക്കുന്നതായി പറയുകയുണ്ടായി. ആ വായ്പയുടെ തിരിച്ചടവ് എങ്ങനെയാണ്; ഇത്തരം പ്രൊപ്പോസലുകൾ ആർക്കാണ് സമർപ്പിക്കേണ്ടത്; അത് നേരിട്ട് ടി.ഡി.ഒ. വഴിയാണോ ഡയറക്ടർ വഴിയാണോ അല്ലെങ്കിൽ നേരിട്ട് ഗവൺമെന്റിനാണോയെന്നുള്ള കാര്യവും വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇതിനാവശ്യമായിട്ടുള്ള ഫണ്ടിംഗ് സംവിധാനം ഡിപ്പാർട്ടുമെന്റ് തന്നെയാണ് നടപ്പിലാക്കുന്നത്. അവർക്ക് ആവശ്യമായ ചെലവിന്റെ 80 ശതമാനം തുകയും വകുപ്പാണ് നൽകുന്നത്. 20 ശതമാനം തുക മാത്രമാണ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന്

കണ്ടെത്തേണ്ടത്. ആ 20 ശതമാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നല്ലൊരു പങ്ക് വഹിക്കണമെന്ന് തീരുമാനിച്ചിരുന്നു. മറ്റ് ധനകാര്യ സ്ഥാപനങ്ങളും സഹകരിക്കുന്നതാണ്. അവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാനുള്ള സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. വകുപ്പിൽനിന്നുള്ള തുക സംരംഭകരുടെ പരിശീലനത്തിനും മറ്റ് ആവശ്യത്തിനുമായിട്ടാണ് പ്രധാനമായും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റിയാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതിനുവേണ്ടിയാണ് കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചത്. കൂടാതെ ഇതിനായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റിയും സ്റ്റാർട്ടപ്പ് മിഷനും തമ്മിൽ എഗ്രിമെന്റുണ്ട്. തൊഴിൽ പരിശീലനം നൽകുന്ന മറ്റുസ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള പരിശീലന പരിപാടികളും ആരംഭിക്കാൻ പോകുകയാണ്.

മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായകമാക്കുവാൻ നടപടി

5 (*215) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവൽക്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായക മേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ

സംഘടിതമായ വിവര വിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) വികസിത വിദേശ രാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും സംസ്ഥാനത്തെ മത്സ്യസംസ്കരണ മേഖലയിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവൽക്കരിച്ച് മാത്രമേ കയറ്റുമതി വർദ്ധനവ് സാധ്യമാക്കാൻ കഴിയൂവെന്നുള്ളതിനാൽ ആധുനികവൽക്കരണം വളരെ അനിവാര്യമാണ്.

മത്സ്യ സംസ്കരണ മേഖലയിൽ പ്രത്യേകിച്ചും പീലിംഗ് ഷെഡുകളിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും

ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു. തുടർനടപടികളുമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുകയാണ്.

(ബി) സംസ്ഥാനത്ത് മത്സ്യമേഖലയുടെ ഉന്നമനത്തിനും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നേരിട്ടും അല്ലാതെയും ഉപജീവനം നടത്തുന്നവർക്ക് തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുന്നതിന് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയും പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകിയും മത്സ്യബന്ധന മേഖലയിൽ നൂതന വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ട് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

(സി) മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായക മേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവരവിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. ഇതിനായി മത്സ്യബന്ധന മേഖലയിൽ സാധ്യമായ എല്ലാ വിഭവസ്രോതസ്സുകളും പ്രയോജനപ്പെടുത്തി

മേഖലയുടെ വികസനത്തിനാവശ്യമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും അവ വാണിജ്യവൽക്കരിക്കുന്നതിനും മത്സ്യബന്ധന അനുബന്ധ മേഖലകളിൽ സ്റ്റാർട്ടപ്പുകൾ, വ്യവസായ സംരംഭകർ, നിക്ഷേപകർ എന്നിവർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും മത്സ്യബന്ധന മേഖലയെ മികച്ച വരുമാനദായക മേഖലയും ഒപ്പം തൊഴിൽദായക മേഖലയുമാക്കിമാറ്റുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ, ചെറുകിട സംരംഭകർ, നിക്ഷേപകർ എന്നിവർ തമ്മിലുള്ള സുഗമമായ ആശയവിനിമയം സാധ്യമാക്കി മേഖലയിൽ നിലനിൽക്കുന്ന ആവശ്യകതകളെയും വികസന വിടവുകളെയും നികത്തുന്നതിന് ഉതകുന്ന സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും ആയവ വാണിജ്യവൽക്കരിച്ച് സംരംഭകത്വ-തൊഴിൽ അന്വേഷകർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സുഗമമായി സാധ്യമാക്കുന്നതിനുമുള്ള ഒരു ഏകജാലക സംവിധാനമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കും.

(ഡി) നോർവെ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെ മത്സ്യഉൽപ്പാദന സംസ്കരണ മേഖലകളിലെ ആധുനിക സാങ്കേതികവിദ്യകളും അത്യാധുനിക ഉപകരണങ്ങളും സംസ്ഥാനത്തെ മത്സ്യമേഖലയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആലോചിച്ചുവരുന്നു. പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ വഴി വൈജ്ഞാനിക സാങ്കേതികവിദ്യകൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ 'കേരളീയം' പരിപാടിയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന വകുപ്പ് മുൻകൈയെടുത്ത് വിദേശ രാജ്യങ്ങളിലെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി നടത്തിയ സെമിനാറിൽ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും ചർച്ച ചെയ്തിരുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കൂടുകളിലും വലവളപ്പുകളിലും മത്സ്യം വളർത്തുന്നതിന് നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, നിലവിൽ പദ്ധതി ആവിഷ്കരിച്ചുതുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഡ്രീം പ്രോജക്ടാണ് ജനകീയ മത്സ്യകൃഷി. അത് വലിയ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ

കഴിഞ്ഞിട്ടുണ്ട്. ഇതുൾപ്പെടുത്തി 500 യൂണിറ്റ് ശുദ്ധജല മത്സ്യങ്ങളുടെ കൂട് കൃഷി, 1300 യൂണിറ്റ് കരിമീൻകൂട് കൃഷി, 300 യൂണിറ്റ് ഓര്ജലമത്സ്യ കൂട് കൃഷി എന്നിവയ്ക്കായി 1,151.93 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ജില്ലകളിൽ പദ്ധതി പ്രവർത്തനം നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതിനുപുറമെ വയനാട് ജില്ലയിൽ ബാണാസുര, കാരാപ്പുഴ, പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരിവണ്ണാമൂഴി എന്നീ ജലസംഭരണികളിൽ കൂട് മത്സ്യകൃഷി വിജകരമായി നടപ്പാക്കുന്നു. ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങിയ പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തി മത്സ്യോല്പാദനം വർദ്ധിപ്പിച്ച് മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള Embankment പ്രോജക്ടിന്റെ ഉദ്ഘാടനം അടുത്തിടെ എറണാകുളം ജില്ലയിൽ നടത്തിയിരുന്നു. കേരളത്തിൽ എല്ലായിടത്തും Embankment പ്രോജക്ട് ഇപ്പോൾ ആവിഷ്കരിച്ചിരിക്കുകയാണ്. പൊതുജലാശയങ്ങളിൽ വലവളപ്പുകൾ നിർമ്മിച്ച് പരിസ്ഥിതി സൗഹാർദ്ദ

രീതിയിൽ താൽക്കാലിക ചിറകൾ, തടകൾ എന്നിവ കെട്ടി തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്ന പദ്ധതിയാണിത്. ഇത് വിജയകരമായി മുന്നോട്ടുപോകുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി ചേർന്ന് ഒരു മീറ്റിംഗ് അടുത്ത ദിവസം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലെല്ലാം മത്സ്യകൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കൂട്മത്സ്യകൃഷിക്ക് കൂടുതൽ അനുയോജ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ജലാശയങ്ങളിലെ കൂട്കൃഷിയിൽ തിലോപ്പിയ, കരിമീൻ എന്നീ മത്സ്യ ഇനങ്ങളും ഓര്ജലാശയങ്ങളിൽ നടക്കുന്ന കൂട്കൃഷിയിൽ കാളാഞ്ചി, പൊമ്പാനോ, കരിമീൻ, മോദ, തിരുത, ചെമ്പല്ലി തുടങ്ങിയ മത്സ്യ ഇനങ്ങളുമാണ് അനുയോജ്യമായിട്ടുള്ളത്, ഇവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഫിഷറീസ് വകുപ്പ് കാതലായ നല്ലമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സമയമാണിത്. മത്സ്യവില്പന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യയാത്ര ഒരുക്കുന്നതിന് നടപ്പാക്കിയ 'സമുദ്ര' പദ്ധതിയുടെയും തീരദേശ നിവാസികൾക്ക് ഏറെ ആശ്വാസം പകരുന്ന 'പുനർഗേഹം' പദ്ധതിയുടെയും ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കൊണ്ടുവന്ന ഏറ്റവും അഭിമാനകരമായ പദ്ധതിയാണ് തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് ആവശ്യമായ യാത്രാസൗകര്യം ഒരുക്കിയ പദ്ധതി. അവർ യാത്രകൾക്ക് ആശ്രയിച്ചിരുന്നത് ഓട്ടോറിക്ഷകളെയാണ്. രാത്രിയും പകലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് അമിതമായ സാമ്പത്തിക ചെലവാണുണ്ടായിരുന്നത്. പലപ്പോഴും രാത്രികാലങ്ങളിൽ തിരികെ പോകുന്നതിന് വാഹനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയും അതുമൂലമുണ്ടാകുന്ന

ബുദ്ധിമുട്ടുകളും പരിഗണിച്ച് കെ.എസ്.ആർ.ടി.സി.-യുമായി ചേർന്നുകൊണ്ട് മത്സ്യബന്ധന വകുപ്പ് സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിൽ 'സമുദ്ര' എന്ന പേരിൽ മാതൃകാ സൗജന്യ ബസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ദൂരത്തേയ്ക്കുപോലും സമാന്തരയാത്രയ്ക്ക് മുച്ചക്രവാഹനങ്ങളെ ആശ്രയിക്കുമ്പോൾ ഒരു ദിവസം 1,000 രൂപ വരെ വനിതാ മത്സ്യത്തൊഴിലാളികൾക്ക് ചെലവാകുമായിരുന്നത് ഒഴിവാക്കാൻ സാധിച്ചു. കഴിഞ്ഞ വർഷം മുതൽ മൂന്ന് ബസുകൾ പൂർണ്ണമായും സൗജന്യമായി ഓടിത്തുടങ്ങി. അത് വളരെ വിജയകരമാണ്, മറ്റ് സ്ഥലങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, മത്സ്യബന്ധന മേഖല കൂടുതൽ അപകട സാധ്യതകളുള്ള മേഖലയായതിനാൽ ഇൻഷ്വറൻസ് പരിരക്ഷ വളരെ പ്രധാനപ്പെട്ടതാണ്. ഇതുസംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ചില ആശങ്കകളുണ്ട്. മത്സ്യത്തൊഴിലാളികൾ നേരിട്ടാണോ, അതോ ഫിഷറീസ് വകുപ്പ് മുഖേനയാണോ ഇൻഷ്വറൻസ് പോളിസികൾ

എടുക്കേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തി വിശദീകരണം നൽകാൻ കഴിയുമോ?

ശ്രീ. സജി ചെറിയാൻ: സർ, നേരത്തേയുള്ള ചോദ്യത്തിനുള്ള മറുപടിയിൽ ഞാൻ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. 20 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പോളിസിയാണുള്ളത്. മത്സ്യഫെഡ് മുഖേന ഒരു ചെറിയ തുക ഗ്രാന്റായി വിഹിതമായി നൽകുന്നുണ്ട്. ബാക്കി തുക മുഴുവൻ സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. മത്സ്യത്തൊഴിലാളികളെ സഹായിക്കാനായി 222 മത്സ്യഗ്രാമങ്ങളിലും 'സാഗര മിത്ര'കളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നല്ലതരത്തിലുള്ള ബോധവത്കരണത്തിലൂടെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാനുള്ള ശക്തമായ ഇടപെടലുകളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സമുദ്രത്തിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ നിശ്ചിത കാലഘട്ടത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ മത്സ്യസമ്പത്ത്

വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം രീതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ വർഷം മത്സ്യസമ്പത്തിന്റെ കാര്യത്തിൽ കേരളം മികച്ച നേട്ടമുണ്ടാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനം കേരളത്തിനാണെന്നത് അഭിമാനത്തോടെ പറയാൻ കഴിയും. ഇതിന്റെ തുടർച്ചയായി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന ധാരാളം പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാന പദ്ധതി വിഹിതമുപയോഗിച്ച് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി ഉദ്ഘാടനം ചെയ്യുകഴിഞ്ഞു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമ പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ 42 മത്സ്യഗ്രാമങ്ങളിൽ 6300 കൃത്രിമ പാരുകൾ

സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും 2700 കൃത്രിമ പാരുകൾ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിക്ഷേപിക്കുകയും ചെയ്തു, ബാക്കിയുള്ളവ നിക്ഷേപിച്ചുവരുന്നു. 7.81 കോടി രൂപയുടെ കേന്ദ്രവിഹിതവും 5.208 കോടി രൂപയുടെ സംസ്ഥാന വിഹിതവും ചേർത്ത് 13.02 കോടി രൂപ തനതുവർഷം ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഏറ്റവും കൂടുതൽ മത്സ്യബന്ധനം നടക്കുന്ന ശക്തികുളങ്ങര, നീണ്ടകര ഹാർബറുകളുടെ ചുറ്റുവട്ടത്തായി ധാരാളം പീലിംഗ് ഷെഡ്ഡുകൾ പ്രവർത്തിക്കുന്നതിനാൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ആവശ്യകത വളരെ കൂടുതലാണ്. മാത്രമല്ല, പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന പ്രായമുള്ള സ്ത്രീകൾ ജോലിചെയ്യുന്നത് നിലത്തിരുന്നുകൊണ്ടായതിനാൽ Vaginal Prolapse അടക്കമുള്ള രോഗങ്ങൾ വരുന്നതിനുള്ള സാധ്യത വളരെയേറെയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പുതുതലമുറയിൽപ്പെട്ടവർ വരാൻ തയ്യാറാകുന്നില്ല. പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലെ എല്ലാ ഹാർബറുകളും നവീകരിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കുറേയേറെ ഹാർബറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഈയിനത്തിൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നീണ്ടകര, ശക്തികുളങ്ങര എന്നിവ വളരെ പ്രധാനപ്പെട്ട ഹാർബറുകളാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടതും പ്രാവർത്തികമാക്കേണ്ടതുമായ കാര്യമാണ്. സാമ്പത്തിക പ്രതിസന്ധിയും ബുദ്ധിമുട്ടുകളും നിലനിൽക്കുന്നതിനാൽ ചില പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിലും പ്രസ്തുത കാര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുമെന്ന് അറിയിക്കുകയാണ്.

കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബുകൾ

6 (*216) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) സംസ്ഥാനത്ത് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എത്ര ഗുണനിലവാര ലാബുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതിൽ എത്രയെണ്ണം ഇതിനകം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; അതുവഴി എത്ര സാമ്പിളുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ലാബുകളിലെ പരിശോധനാ ഫലങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) ജൽജീവൻ പദ്ധതിയുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും എത്തിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എസ്.ആർ.ഐ. സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22 കാലയളവിലെ ജെ.ജെ.എം.(Jal Jeevan Mission) പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളെയും 32 ഉപജില്ലാ ലാബുകളെയും കൂടാതെ അധികമായി സ്ഥാപിച്ച 39 ഉപജില്ലാ ലാബുകളെയും നവീകരിച്ചിട്ടുണ്ട്. ഇവയിൽ നൂൽപ്പുഴ, കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകളൊഴികെ മറ്റെല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. 2023-ൽ പമ്പയിൽ പുതിയതായി പൂർത്തിയാക്കിയ ഉപജില്ലാ ലാബിന് NABL recognition ലഭിച്ചിട്ടുണ്ട്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണനിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ

ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെമിസ്റ്റ് അടക്കമുള്ള ജീവനക്കാരെ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽനിന്നും എല്ലാ മാസവും 250-ഓളം ജല സാമ്പിളുകൾ ശേഖരിച്ച് ഉപജില്ലാ ലാബുകളിൽ പരിശോധിച്ചുവരുന്നുണ്ട്. ഇതിൽനിന്നും തെരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്.ആർ.ഐ. (State Referral Institute for water Quality- Nettoor) സ്റ്റേറ്റ് ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളിലെ രസതന്ത്രം ലാബുകളോടനുബന്ധമായിട്ടാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ യോഗ തീരുമാനപ്രകാരമാണ് ഈ ലാബ്

സ്ഥാപിക്കുന്ന പ്രവർത്തനം നടക്കുന്നത്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം എന്നിവ വിനിയോഗിച്ചാണ് ഈ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ.(Rebuild Kerala Initiative) ഫണ്ട് വിനിയോഗിച്ചുകൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 16 ലാബുകൾ പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 207 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഭൂജലവകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് ലാബുകളും NABL accredited ലാബുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സജ്ജീകരിച്ചിട്ടുള്ള ജലഗുണനിലവാര ലാബുകളിലെ പരിശോധന

സംബന്ധിച്ച് സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ സ്ഥിരമായി വിലയിരുത്തപ്പെടുന്നു. നവകേരളം കർമ്മപദ്ധതിയിലെ റിസോഴ്സ് പേഴ്സൺമാർ ലാബുകൾ കൃത്യമായ ഇടവേളകളിൽ സന്ദർശിക്കുകയും ആവശ്യമായ പിന്തുണ നൽകുകയും പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ വിദ്യാകിരണം ഉപമിഷൻ മുഖേന വിദ്യാഭ്യാസ വകുപ്പുമായി ചേർന്നും ലാബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്.

(സി) 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ചുകൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 16 ലാബുകൾ പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 207 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള

ലാബുകൾ സംബന്ധിച്ച വിവരങ്ങളും നടത്തിയ പരിശോധനകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+

(ഡി) പരിശോധനയുടെ ഗുണനിലവാരവും കൃത്യതയും ഉറപ്പാക്കുന്നതിനാവശ്യമായ എല്ലാ ശ്രദ്ധയും ആദ്യം മുതൽതന്നെ സ്വീകരിച്ചിരുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബ്, ആരോഗ്യ വകുപ്പ്, ജല അതോറിറ്റി, ഭൂജലവകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നിവയിൽ നിന്നുള്ള ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് നിരവധി യോഗങ്ങളും വർക്ക്ഷോപ്പുകളും നടത്തിയാണ് എന്തൊക്കെ പരിശോധനകൾ ഈ ലാബുകളിൽ നടത്താം എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അന്തിമമായി തീരുമാനിച്ചത്. എല്ലാ പരിശോധനകളും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) മാർഗ്ഗനിർദ്ദേശപ്രകാരമാണ് നടത്തുന്നത്. പരിശോധനകൾ സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനായി വിശദമായ ഒരു ട്യൂട്ടോറിയൽ വീഡിയോ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ ലാബിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒരു കൈപ്പുസ്തകവും ബ്രോഷറും ഇതോടനുബന്ധിച്ച് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. പരിശോധനകൾ പൂർണ്ണമായും നിർവ്വഹിക്കുന്നത് ഇതിനായി തയ്യാറാക്കിയ സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തിയാണ്. പരിശോധനാഫലം നൽകുന്നതോടൊപ്പം ജലശുദ്ധി ഉറപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾക്കുള്ള നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ പരിശോധനാഫലം ബന്ധപ്പെട്ട ഡി.എം.ഒ., തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ എന്നിവർക്ക് നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ലാബുകൾ സ്ഥാപിച്ച മുഴുവൻ സ്കൂളുകളിലെയും ചുമതലയുള്ള രസതന്ത്രം ടീച്ചറിനും 5 വിദ്യാർത്ഥികൾക്കും ലാബുകളിൽവച്ച് നേരിട്ട് പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സമയാസമയങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ഓൺലൈൻ സഹായം നിലവിൽ നൽകുന്നതോടൊപ്പം ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നേരിട്ട് പോയി ആവശ്യമായ പിന്തുണയും നൽകുന്നുണ്ട്. ഇതുകൂടാതെ കൂടുതൽ പരിശോധനകൾ ആവശ്യമുണ്ടെന്ന് കാണുന്ന സാമ്പിളുകൾ ജില്ലാ

ആസ്ഥാനങ്ങളിലെ കൂടുതൽ സൗകര്യങ്ങളുള്ള ലാബുകളിലേയ്ക്ക് റഫർ ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ജൽജീവൻ പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതിനുള്ള അവസരം വന്നുചേരുകയാണ്. തുടക്കത്തിൽ വളരെ വേഗതയോടെ പദ്ധതി പൂർത്തീകരണത്തിനുവേണ്ടിയുള്ള ശ്രമം നടന്നിട്ടുണ്ടെങ്കിലും ഇപ്പോൾ പല സ്ഥലങ്ങളിലും പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള കുഴിയെടുത്ത ഭാഗങ്ങളുടെ പുനഃസ്ഥാപനംപോലും പലയിടങ്ങളിലും നടത്താൻ സാധിക്കുന്നില്ല. സംസ്ഥാനത്തെ പല സ്ഥലങ്ങളിലും നേരിടുന്ന ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സർക്കാർതലത്തിൽ ആലോചിച്ച് പ്രാവർത്തികമാക്കുന്നുണ്ടോ; എല്ലാ വീടുകളിലും പ്രസ്തുത പദ്ധതിപ്രകാരം വെള്ളമെത്തിയാൽ പരിശോധനയ്ക്കായി ലാബ് സൗകര്യം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി അസംബ്ലി

മണ്ഡലാടിസ്ഥാനത്തിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എല്ലാ പ്രദേശത്തും ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇപ്പോഴാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനം പ്രവൃത്തിപഥത്തിലേയ്ക്ക് എത്തപ്പെട്ടത്. ഓരോ പഞ്ചായത്തിലും കിലോമീറ്ററുകളോളം ദൂരം റോഡുകൾ പദ്ധതിയുടെ ഭാഗമായി വെട്ടിമുറിക്കേണ്ടതുണ്ട്. റോഡ് പുനഃസ്ഥാപനത്തിനുള്ള ഫണ്ട് വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചില പ്രശ്നങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ പ്രാദേശികമായ ഇടപെടലുകളും ആവശ്യമാണ്. അതോടൊപ്പംതന്നെ റോഡ് വെട്ടിമുറിക്കുന്ന സ്ഥലങ്ങളിൽ പൈപ്പ് നിക്ഷേപിച്ച് അവിടെ pressure thrust ചെയ്യേണ്ടതായിട്ടുമുണ്ട്. പ്രസ്തുത വിഷയത്തിൽ കരാറുകാരന് നൽകിയിരിക്കുന്ന കാലയളവ് ഒരു തടസ്സമായി അവശേഷിക്കുന്നുണ്ടെങ്കിലും Pressure thrust നടത്തിക്കൊണ്ട് റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകുകയും ജില്ലാതലത്തിൽ അക്കാര്യം നിരീക്ഷണവിധേയമാക്കുകയും ചെയ്യുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെയോ NHAI-യുടെയോ, വിവിധ വകുപ്പുകളുടെയോ തടസ്സങ്ങളോ തർക്കങ്ങളോ കാരണം പ്രവൃത്തി പൂർത്തിയാകാതിരിക്കുന്നതാണെങ്കിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി പ്രത്യേകിച്ച് യോഗങ്ങൾ ചേരുന്നതാണ്. ബഹു. മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർത്തിരുന്നു, വീണ്ടും ഒരിക്കൽക്കൂടി യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച തരത്തിലുള്ള ഏകോപനം സാധ്യമാക്കിക്കൊണ്ട് സമയബന്ധിതമായി കാര്യങ്ങൾ പരിഹരിച്ചുപോകുന്നതിനാണ് ശ്രദ്ധനൽകുന്നത്. പദ്ധതി വ്യാപകമാകുമ്പോൾ, കെമിസ്ട്രി ലാബ് സൗകര്യമുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ എം.എൽ.എ. ഫണ്ടോ സമാനമായ മറ്റേതെങ്കിലും ഫണ്ടുകളോ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രസ്തുത ലാബുകളിലെ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തിയാൽ കൂടുതൽ ആളുകൾക്ക് പദ്ധതി ആനുകൂല്യം പ്രയോജനപ്പെടുത്തി ജലഗുണനിലവാര പരിശോധന നടത്താൻ സാധിക്കും. അതിനാവശ്യമായ നടപടികൾ തുടരുകയാണ്.

എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുകൊണ്ടുതന്നെ പല മണ്ഡലങ്ങളിലും ഇത്തരം കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലമുള്ള ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

10.00 A.M.]

II. അടിയന്തരപ്രമേയം

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കാർഷിക വിളകളുടെ വിലയിടിവും ഉത്പാദനച്ചെലവിലുണ്ടായ വർദ്ധനയും സർക്കാരിന്റെ അവഗണനയുംമൂലം കർഷക സമൂഹം പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കർഷകരെ ഒരു കാലത്തും അവഗണിച്ചിട്ടില്ല. കർഷകരെ പരിഗണിക്കുകയും ചേർത്തുനിർത്തുകയും ചെയ്യുന്ന സർക്കാരാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ സൂചിപ്പിക്കുന്നതുപോലെയുള്ള അവഗണനയൊക്കെ അതിന് മുമ്പുണ്ടായിരുന്ന കാലഘട്ടത്തിൽ മാത്രമായിരുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഈ സർക്കാർ കർഷകരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടുകയും സമയബന്ധിതമായി അത് പരിഹരിക്കുന്നതിൽ പ്രതിജ്ഞാബദ്ധവുമാണ്. വിവിധങ്ങളായ വിളകളുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന വിഷയങ്ങളിൽ യഥാസമയം ഗവൺമെന്റ് ഇടപെടുന്നുണ്ട്. ആവശ്യമായ ഉത്തരവുകളിലൂടെ സാമ്പത്തികമായും സാങ്കേതികമായും കർഷകരെ സഹായിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഉദാരവത്ക്കരണ-ആഗോളവത്ക്കരണ നയങ്ങളുടെയും രാജ്യം ഏർപ്പെട്ട കരാറുകളുടെയും കൊടുംചൂടിൽ വാടിക്കരിഞ്ഞ കാർഷിക മേഖലയെ പച്ചപ്പുള്ളതാക്കി

മാറ്റിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണെന്ന് നിസ്സംശയം പറയാൻ സാധിക്കും. കാലാവസ്ഥാ വ്യതിയാനവും കേന്ദ്രത്തിന്റെ തെറ്റായ കാർഷിക നയങ്ങളും വന്യമൃഗ ആക്രമണങ്ങളും കേരളത്തിലെ കാർഷിക മേഖലയ്ക്ക് സൃഷ്ടിക്കുന്ന ഭീഷണി തരണം ചെയ്യാൻ 2026 ലക്ഷ്യമാക്കി സമൂലമായ മാറ്റത്തിന് കാരണമാകുന്നതും കാർഷിക മേഖലയെ ഏറ്റവും നന്നായി മുന്നോട്ടുനയിക്കാൻ കഴിയുന്നതുമായ പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൃഷിയുടെ ആവശ്യകതയും പ്രാദേശിക സാമ്പത്തിക വികസനത്തിന് കാർഷിക മേഖലയുടെ പങ്കും മനസ്സിലാക്കി സർക്കാർ നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' പദ്ധതിയുടെ തുടർച്ചയായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി കാർഷിക മേഖലയിലെ ജനപങ്കാളിത്തം ഉയർത്താനും കാർഷിക മേഖലയിൽ ജനകീയ കൂട്ടായ്മ കൃഷിക്കൂട്ടങ്ങളായി സൃഷ്ടിക്കാനും സാധ്യമായി. ഭക്ഷ്യസുരക്ഷ, സുരക്ഷിത ഭക്ഷണം, കർഷകരുടെ വരുമാനവർദ്ധനവ് എന്നീ ലക്ഷ്യങ്ങളാണ് ഇതിലൂടെ സർക്കാർ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നത്.

ഉത്പ്പാദനമേഖലയിൽ വിപണിയധിഷ്ഠിത ഉത്പാദനം സാധ്യമാക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുന്നതിനും ഈ ഇടപെടലിലൂടെ സാധ്യമാകുന്നുണ്ട്. കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി സംയോജിപ്പിച്ച് 2023-24-ൽ പതിനായിരം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷിയും ആയിരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും എന്ന ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2026 ആകുമ്പോഴേക്കും ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷിയും മൂവായിരം കോടി രൂപയുടെ വിറ്റുവരവും മൂന്ന് ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്ന വ്യക്തമായ കാഴ്ചപ്പാടോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വിളയധിഷ്ഠിത കൃഷി രീതി പ്രോത്സാഹിപ്പിച്ചും കർഷക ഉത്പ്പാദക സംഘങ്ങൾ രൂപീകരിച്ചും ഉത്പ്പാദന വർദ്ധനവും വിപണിയും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ദിശയിൽ കാർഷിക മേഖലയെ സഹായിക്കുന്നതിനുപകരിക്കുന്ന തരത്തിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി യാഥാർത്ഥ്യമായിക്കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കർഷകരെ ഈ മേഖലയിൽ നിലനിർത്താനുള്ള

ശ്രമം സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. നെല്ല്, പച്ചത്തേങ്ങ, വിവിധയിനം പച്ചക്കറികൾ, റബ്ബർ എന്നിവയ്ക്ക് താങ്ങുവിലയും കുറഞ്ഞ അടിസ്ഥാനവിലയും നിശ്ചയിച്ച് കർഷകരെ സഹായിക്കുന്നുണ്ട്. 2020-21 വർഷത്തിൽ കാർഷിക മേഖലയ്ക്കായി 590.61 കോടി രൂപയും 2021-22 വർഷത്തിൽ 605.9 കോടി രൂപയും 2022-23 വർഷത്തിൽ 587.37 കോടി രൂപയും 2023-24 വർഷത്തിൽ 650.66 കോടി രൂപയും 2024-25 വർഷത്തെ ബജറ്റിൽ 693.21 കോടി രൂപയും കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഈ വർഷങ്ങളിലെല്ലാം കേന്ദ്ര പദ്ധതികൾക്ക് ആനുപാതികമായ തുക വകയിരുത്തിയതോടൊപ്പം കേന്ദ്രപദ്ധതികളിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങളും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കർഷകർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക കേരളം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് KERA (Kerala Climate Resillient Agri Value Chain

Modernisation) പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന പ്രത്യേകതയുമുണ്ട്. കർഷകർക്കുവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ സീസണിൽ ഇതുവരെ ഒന്നാം വിളയിൽ 55793 കർഷകരിൽ നിന്നായി 1.358 ലക്ഷം മെട്രിക് ടൺ നെല്ലും രണ്ടാം വിളയിൽ 429 കർഷകരിൽ നിന്നായി 3209 മെട്രിക് ടൺ നെല്ലും സംഭരിക്കുകയും സംഭരണ വിലയായി 294.48 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. 2017-18 മുതൽ 2022-23 വരെ 614.98 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. പുതിയ കണക്കുകളനുസരിച്ച് തുക വീണ്ടും കൂടുതലാണെന്ന കാര്യംകൂടി അറിയിക്കുന്നു. നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭ്യമാക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി ക്യാബിനറ്റ് സബ് കമ്മിറ്റിയും വിദഗ്ധ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

അടുത്തതായി, കേരകർഷകരുടെ കാര്യമെടുക്കാം. പച്ചത്തേങ്ങ സംഭരണം തെങ്ങൊന്നിന് 50 നാളികേരമായി നിശ്ചയിച്ചിരുന്നത് 70 ആക്കി ഉയർത്തുകയും വർഷത്തിൽ 6 തവണയായി നടത്തിയിരുന്ന സംഭരണം കർഷകർ ആവശ്യപ്പെടുന്നപക്ഷം 5 തവണയാക്കുന്നതിനും 70 നാളികേരമെന്നത് ഓരോ വിളവെടുപ്പിനും എത്രയെണ്ണം എന്ന് തീരുമാനിക്കാനും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുകയും ചെയ്തു. ദീർഘകാലമായി കർഷകർ ഉന്നയിച്ചുകൊണ്ടിരുന്ന പ്രശ്നത്തിന് പരിഹാരമായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 2023-24-ലെ ബജറ്റിൽ നാളികേരത്തിന്റെ സംഭരണവില രണ്ട് രൂപ വർദ്ധിപ്പിച്ച് 34 രൂപയാക്കിയിട്ടുണ്ട്. നാളികേര കർഷകന്റെ ഭൂമിപരിധി 5 ഏക്കറിൽനിന്ന് 15 ഏക്കറായി വർദ്ധിപ്പിക്കണമെന്നുള്ളത് നവകേരള സദസ്സിന്റെ ഭാഗമായി ലഭ്യമായ നിർദ്ദേശമായിരുന്നു. അത് അംഗീകരിച്ച് കർഷകന്റെ ഭൂമി പരിധി 5 ഏക്കറിൽനിന്ന് 15 ഏക്കറായി വർദ്ധിപ്പിച്ചിട്ടുണ്ട്. തെങ്ങിന്റെ വാർഷിക ഉത്പാദനം ചില മേഖലകളിൽ 70-ൽ കൂടുതലാണെന്നുള്ളത് പരിഗണിച്ച് ഈ മേഖല കണ്ടെത്താൻ കാർഷിക

വിദഗ്ധരുടെ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കി കൊപ്ര സംഭരണത്തിൽ പങ്കാളിയാകുകയും പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് നൽകാൻ VFPCK (Vegetable and Fruit Promotion Council Keralam)-യെ ചുമതലപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ കേരഫെഡിനെ സംഭരണ ചുമതലയിൽനിന്ന് ഒഴിവാക്കുന്ന കേന്ദ്രത്തിന്റെ നടപടികളുണ്ടായപ്പോൾ അതിൽ കർഷകർക്ക് യാതൊരു പ്രയാസവുമുണ്ടാകാത്ത തരത്തിലാണ് വി.എഫ്.പി.സി.കെ.-യെയും നാളികേര വികസന കോർപ്പറേഷനെയുമെല്ലാം ഈ ചുമതലയിൽ കൊണ്ടുവന്നത്. ഈ സർക്കാരിന്റെ കാലത്ത് നാളികേര ഉത്പ്പാദനത്തിനായി 232 കേരഗ്രാമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ 251 കേരഗ്രാമങ്ങൾക്ക് പുറമേയാണിത്. ഞാൻ ഓരോ മേഖലയെക്കുറിച്ചും പ്രത്യേകം പരാമർശിക്കുന്നില്ല. റബ്ബറിനെക്കുറിച്ച് കഴിഞ്ഞദിവസം സഭയിൽ അടിയന്തരപ്രമേയത്തിന്റെ ഭാഗമായും അല്ലാതെയും ചർച്ച ചെയ്തതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമുക്ക് പച്ചക്കറി ഉത്പ്പാദനത്തിലടക്കം

മികച്ച വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016-ൽ ഉണ്ടായിരുന്ന 6 ലക്ഷം ടണ്ണിൽ നിന്ന് 17 ലക്ഷം ടണ്ണിലേയ്ക്ക് ഇപ്പോൾ എത്താൻ കഴിഞ്ഞത് നല്ല ഇടപെടലിന്റെയും കാർഷിക മേഖലയ്ക്ക് ഗവൺമെന്റ് നൽകുന്ന പിന്തുണയുടെയും പിൻബലത്തിന്റെയും ഭാഗമായിട്ടാണ്. അതോടൊപ്പം കേരളത്തിന്റെ കാർഷിക മേഖലയെ ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമത്തിന്റെ ഭാഗമായി 2026-ഓടുകൂടി ബജറ്റിൽ പരാമർശിച്ചതിനുപുറമേ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

സംസ്ഥാനത്തിന് മുന്നിലുള്ള ഏറ്റവും വലിയ പ്രതിസന്ധി ഞാൻ തുടക്കത്തിൽ പരാമർശിച്ചതുപോലെ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ നയങ്ങളാണ്. അതിന്റെ ഭാഗമായി കർഷകർക്ക് മിനിമം സപ്പോർട്ട് പ്രൈസ് നൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് രാജ്യതലസ്ഥാനത്ത് വലിയ സമരം നടക്കുന്ന പശ്ചാത്തലത്തിൽ ഈ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ അതിനെക്കുറിച്ചുകൂടി ഒരു വരി പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. അതുണ്ടാകാതെ പോയത് ദൗർഭാഗ്യകരമെന്നേ പറയാൻ കഴിയൂ. നമ്മളെല്ലാവരും ചേർന്നുനിന്ന് ആവശ്യപ്പെടേണ്ട കാര്യം

അതായിരുന്നു. എം.എസ്.പി. ലീഗലൈസ് ചെയ്യണമെന്ന അഭിപ്രായത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നുണ്ട്. അതിലേറ്റവും കൂടുതൽ വേണ്ടത് കേന്ദ്രത്തിന്റെ സഹായംതന്നെയാണ്. കേന്ദ്രം ആവിഷ്കരിച്ച/ഏർപ്പെട്ട കരാറുകളുടെ ഭാഗമായിട്ടാണ് കേരളത്തിന്റെ കാർഷികമേഖല തകരുന്നതെന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്? തകർച്ചയിൽ നിൽക്കുന്ന കാർഷിക മേഖലയെ സഹായിക്കാൻ ഏറ്റവും വലിയ ബാധ്യതയുള്ള കേന്ദ്രത്തിനെക്കുറിച്ച് നമ്മൾ ഒരു കാര്യവും മിണ്ടാതെ പോകുന്നത് ശരിയല്ല. നാമെല്ലാവരുംകൂടി ചേർന്നുനിന്ന് ആവശ്യപ്പെടേണ്ടത് കേന്ദ്രം കേരളത്തിന്റെ കാർഷിക മേഖലയിൽ കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുകയെന്നുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും നടുവിൽ നിൽക്കുമ്പോഴും കേരളത്തിന്റെ കാർഷിക മേഖലയെ സഹായിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയോട് ഈ സർക്കാരിനുള്ളത് പരിഗണനയാണെന്നും അവഗണനയല്ലെന്നും കേരളത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ വ്യക്തമാകുന്നുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിലെ നാളികേര കർഷകർ ചരിത്രത്തിൽ തുല്യതയില്ലാത്ത രീതിയിലുള്ള പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ടാണ് പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. രാജ്യത്തെ കർഷകർ വളരെയേറെ പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുന്നൊരു ഘട്ടമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കും 2020-ൽ രൂപീകരിച്ച മൂന്ന് കരിനിയമങ്ങൾക്കുമെതിരായി ചരിത്രത്തിൽത്തന്നെ പറഞ്ഞുകേട്ടിട്ടില്ലാത്ത രീതിയിലുള്ള ഐതിഹാസികമായ സമരങ്ങളാണ് നടന്നത്. സംയുക്ത കർഷക സമിതിയുടെ നേതൃത്വത്തിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന സമരം ഇന്ദ്രപ്രസ്ഥത്തിൽ അരങ്ങേറുകയുണ്ടായി. ആ സമരത്തെ തകർക്കാൻ വളരെ മോശമായ രീതിയിൽ പല നീക്കങ്ങളും കേന്ദ്ര ഗവൺമെന്റ് നടത്തുകയുണ്ടായി. അതിനെയെല്ലാം അവർ അതിജീവിച്ചു. ഒടുവിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു. ബിൽ പിൻവലിച്ചു എന്നതൊഴിച്ചാൽ അന്നത്തെ

കരാറനുസരിച്ചുള്ള മറ്റ് ഉറപ്പുകളൊന്നും പാലിക്കപ്പെടാത്ത സന്ദർഭത്തിൽ വീണ്ടും സംയുക്ത കർഷക സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്നലെ കർഷകർ അമൃത്സറിലെ സുവർണ്ണ ക്ഷേത്രത്തിൽനിന്ന് ഡൽഹി ലക്ഷ്യമാക്കി പുറപ്പെട്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ ആ സമരത്തിൽ ഇടതുപക്ഷ സംഘടനകൾ പങ്കെടുക്കുന്നില്ലെന്ന കാര്യംകൂടി അറിയിക്കാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... അദ്ദേഹം പറഞ്ഞോട്ടെ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇടതുപക്ഷ സംഘടനകൾ എന്തിന്റെ പേരിലാണ് ഇത്തരത്തിൽ മാറിനിൽക്കുന്നതെന്ന് എനിക്കറിയില്ല. ഇടതുപക്ഷ സംഘടനകൾ 16-ാം തീയതി ലുധിയാനയിൽനിന്ന് സമാന്തരമായ ഒരു സമരത്തിനാണ് ഏർപ്പാട് ചെയ്തിട്ടുള്ളത്. ഇക്കാര്യം ഈ സഭയിലുള്ള അംഗങ്ങൾ മനസ്സിലാക്കണം. രാജ്യത്തെ കർഷകർ വലിയ പ്രതിസന്ധി നേരിടുമ്പോൾ, അതിരൂക്ഷമായ പ്രതിസന്ധിയാണ് കേരളത്തിലെ കർഷകരും അഭിമുഖീകരിക്കുന്നത്. അത് തിരിച്ചറിയാൻ മന്ത്രിമാർക്കും ഭരണകൂടത്തിനും കഴിയണം. നാളികേര കർഷകരുടെ

അവസ്ഥ അതിരൂക്ഷമാണ്. അവർക്ക് നിരവധി ആനുകൂല്യങ്ങൾ നൽകിയെന്ന ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയുടെ പ്രസ്താവന കേൾക്കാനിടയായി. അദ്ദേഹം കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. 'നൂറ് ചാക്ക് പഞ്ചസാര' എന്നുപറഞ്ഞാൽ നാവിൽ മധുരമുണ്ടാകില്ല എന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കടലാസിൽ എഴുതിവച്ചതുകൊണ്ട് കർഷകർക്ക് ഗുണം ലഭിക്കില്ല. ഏട്ടിലെ പശു പുല്ല് തിന്നില്ല എന്നാണ് എനിക്ക് ശ്രീ. പി. പ്രസാദിനോട് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങൾ സംസ്ഥാനത്ത് എത്രത്തോളം നടക്കുന്നുണ്ടെന്നതു സംബന്ധിച്ച് ആലോചിക്കാൻ തയ്യാറാകണം. കർഷകർക്കുവേണ്ടി ചെയ്ത കാര്യങ്ങൾ എണ്ണിയെണ്ണി ഇവിടെ വായിക്കുകയുണ്ടായി. അങ്ങനെ വായിച്ചതുകൊണ്ട് എന്താണ് ഗുണം? താങ്കളും ഒരു കർഷകനാണെന്ന കാര്യം എനിക്കറിയാം. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും പ്രയാസങ്ങൾ ഒഴിവാക്കാനും പ്രതിസന്ധികളെ നേരിടാനും ഈ ഭരണകൂടത്തിന് സാധിച്ചിട്ടുണ്ടോ എന്നാണ് സർക്കാർ വ്യക്തമാക്കേണ്ടത്. 2016-നുശേഷം കേരളത്തിലെ കർഷകർ അതിമഹത്തായ സൗകര്യങ്ങൾ

ആസ്വദിക്കുന്നുവെന്നാണ് പറഞ്ഞത്. എവിടെനിന്നാണ് ഈ കണക്ക് കിട്ടിയത്; എന്ത് ധൈര്യത്തിലാണ് നിങ്ങളിത് പറയുന്നത്? 2016-ൽ നിർത്തിവച്ച നാളികേര സംഭരണം വീണ്ടും തുടങ്ങുന്നത് ആറരക്കൊല്ലത്തിന് ശേഷം 2022-ലാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് എത്ര നാളികേരം സംഭരിച്ചു? അതുസംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറയുകയാണ്. 2022-ൽ നാളികേര സംഭരണം ആരംഭിച്ചത് മൂന്ന് കേന്ദ്രങ്ങളിലാണ്. അറുപത്തിയഞ്ച് ലക്ഷത്തോളം വരുന്ന കർഷകരിൽനിന്ന് നാളികേരം സംഭരിക്കാൻ തിരുവനന്തപുരം, മലപ്പുറം ജില്ലയിലെ പൊന്നാനി, തൃശ്ശൂർ എന്നിവിടങ്ങളിലായി മൂന്ന് കേന്ദ്രങ്ങളാണ് ആരംഭിച്ചത്. കാസർഗോഡുള്ള നാളികേര കർഷകർ അവരുടെ വിള ഇവിടങ്ങളിൽ കൊണ്ടുവന്ന് വിൽക്കേണ്ട സ്ഥിതിയാണ്. ഇക്കാര്യം സഭയിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ ഫലമായി സംഭരണ കേന്ദ്രങ്ങളുടെ എണ്ണം കൂട്ടിയപ്പോൾ നൂറ്റി ചില്വാനം കേന്ദ്രങ്ങളിലാണ് നാളികേരം സംഭരിച്ചിരുന്നത്. എന്നാൽ അതിപ്പോഴില്ല. ഡിസംബറിനുശേഷം നാളികേരം സംഭരിച്ചിട്ടില്ല. മേയ് മാസത്തിനുശേഷം മൊബൈൽ യൂണിറ്റും

നിർത്തലാക്കി. ഒക്ടോബറിനുശേഷം കർഷകർക്ക് പണവും നൽകിയിട്ടില്ല. ഒക്ടോബർ വരെ കേന്ദ്രം നൽകുന്ന വിഹിതമായ 29 രൂപ മാത്രമെ നൽകിയിട്ടുള്ളൂ. ഈ സംഭരണ കാലത്ത് സംസ്ഥാനം നൽകേണ്ട മൂന്ന് രൂപ കർഷകർക്ക് നൽകിയിട്ടില്ല. ഇതാണ് ഇന്നത്തെ അവസ്ഥ. എൽ.ഡി.എഫ്. ഗവൺമെന്റ് എല്ലാ കാര്യങ്ങൾക്കും കേന്ദ്രത്തെ കുറ്റം പറയും. കേന്ദ്രത്തിന് കണക്കുപോലും കൊടുക്കാത്ത സാഹചര്യമുണ്ടായെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിച്ചിരുന്ന സംസ്ഥാനമായ കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്ന് തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾക്ക് പിന്നിലാണ് കേരളത്തിന്റെ നാളികേര ഉൽപ്പാദനം. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... അനാവശ്യ കമന്റുകൾ പറയരുത്. അദ്ദേഹം സംസാരിക്കട്ടെ. ബഹുമാനപ്പെട്ട അംഗം, ചെയറിനെ നോക്കി സംസാരിക്കൂ. അപ്പോൾ പ്രശ്നമുണ്ടാകില്ല. അങ്ങോട്ട് നോക്കുന്നതുകൊണ്ടാണ് കമന്റ്സ് വരുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കൃഷിഭൂമിയുടെ അളവും ഉൽപ്പാദനവും ഉത്പാദനക്ഷമതയും കുറഞ്ഞു. 2015-16-ൽ 790.223 ഹെക്ടറിൽ നാളികേരമുണ്ടായിരുന്നു. എന്നാൽ 2022-23 ആയപ്പോൾ അത് 760.354 ഹെക്ടറിലേയ്ക്ക് ചുരുങ്ങി. സംസ്ഥാനത്ത് വലിയ അഭിവൃദ്ധിയാണെന്നാണ് പറയുന്നത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ അവസാന കാലത്ത് 2015-16-ൽ ഒരു ഹെക്ടറിൽനിന്ന് 5873 നാളികേരം ഉത്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 5641 നാളികേരമാണ്. നമ്മുടെ ഉൽപ്പാദനക്ഷമത പതിനാലായിരത്തിനടുത്തായിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരംഗം സംസാരിക്കുമ്പോൾ അദ്ദേഹത്തെ പരിഹസിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ. ആരും അദ്ദേഹത്തെ ഒന്നും പറയുന്നില്ല. അദ്ദേഹം സംസാരിച്ചോട്ടെ. ബഹുമാനപ്പെട്ട അംഗം, ചെയറിനെ നോക്കി സംസാരിക്കൂ. .....(ബഹളം)..... പ്ലീസ്..... പ്ലീസ്..... അദ്ദേഹത്തിന്റെ ആദ്യത്തെ അടിയന്തരപ്രമേയമാണിത്. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പതിനാലായിരത്തിനടുത്തായിരുന്ന ഉത്പാദനക്ഷമത കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷംകൊണ്ട് ചുരുങ്ങി 7419-ലെത്തി നിൽക്കുകയാണ്. നമ്മുടെ ദേശീയ ശരാശരി 9003 ആണ്. ഇവ തമ്മിലുള്ള വ്യത്യാസം ആലോചിച്ചുനോക്കൂ. മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ മറികടന്ന് മുന്നേറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കർഷകർ ആശ്രയിക്കുന്ന ഒരു വിളയാണ് നാളികേരം. 'നാളികേര'ത്തിന്റെ 'കേര'യും 'മലയാള'ത്തിന്റെ 'ളം'-ഉം ചേർന്നാണ് നമ്മുടെ സംസ്ഥാനത്തിന് കേരളം എന്ന പേര് വന്നത്. മലയാളത്തിന്റെ അതേ അവസ്ഥയിലൂടെയാണ് ഇപ്പോൾ നാളികേരളവും കടന്നുപോകുന്നത്. സംസ്ഥാനത്തിന്റെ പേര് മാറ്റിയാൽ നല്ലതാണ്. നിലവിൽ പല സംസ്ഥാനങ്ങളും പേര് മാറ്റുന്നുണ്ട്. ഇത്രയും ദുരിതപൂർണ്ണമായ ഒരു സാഹചര്യമാണ് കാർഷിക മേഖലയിൽ, വിശിഷ്യാ നാളികേര കർഷകർ അഭിമുഖീകരിക്കുന്നത്. നാളികേരത്തിന്റെ വില ഏറ്റവും കുറഞ്ഞ സമയമായിരുന്നു 2008-2011 കാലഘട്ടം. ആ കാലത്ത് ഒരു നാളികേരം കൊടുത്താൽ ഒരു ചെറുനാരങ്ങ കിട്ടുമായിരുന്നില്ല. 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ ഇക്കാര്യം വലിയ ചർച്ചയായിരുന്നു.

തെങ്ങിന്റെ ചുവട്ടിലും റോഡരികിലും പുഴകളിലുമൊക്കെയായി നാളികേരം കുന്നുകൂടി കിടക്കുന്ന സാഹചര്യമാണുണ്ടായിരുന്നത്. തെങ്ങിൻചുവട്ടിൽ നാളികേരം മുളച്ച് നിൽക്കുന്ന അവസ്ഥയായിരുന്നു. 2008-ൽ ഡോ. മൻമോഹൻ സിംഗിന്റെ യു.പി.എ. ഗവൺമെന്റ് പച്ചത്തേങ്ങ സംഭരിക്കാനുള്ള തീരുമാനമെടുത്തു. ഒരു നാളികേരം 4 രൂപ 10 പൈസയ്ക്ക് സംഭരിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തത്. .....(ബഹളം).....

ശ്രീ. പി. കെ. ബഷീർ: സർ, ...(മൈക്ക് ഓഫ്).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ, അങ്ങ് സീറ്റിലിരിക്കൂ.....(ബഹളം)..... അദ്ദേഹം പ്രസംഗം പൂർണ്ണമാക്കട്ടെ. നിങ്ങൾതന്നെ ബഹളമുണ്ടാക്കരുത്. ഇപ്പോൾ ആരും കമന്റ് ചെയ്തില്ല. ബഹുമാനപ്പെട്ട അംഗം സംസാരിച്ചോളൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേന്ദ്ര സർക്കാർ ഒരു നാളികേരത്തിന് 4 രൂപ 10 പൈസ വച്ച് സംഭരിക്കാൻ 2008-ൽ തീരുമാനമെടുത്ത് കോഴിക്കോട് വച്ച് പദ്ധതി ഉദ്ഘാടനം നടത്തിയെങ്കിലും പിന്നീട് സംഭരണം നിർത്തുകയുണ്ടായി. കേരളത്തിൽ വീണ്ടും

നാളികേരത്തിന്റെ വില കൂപ്പുകുത്തി. ഒരു നാളികേരത്തിന് 2.50 രൂപ പോലും വില ലഭിക്കാതിരുന്ന കാലത്താണ് ഉമ്മൻചാണ്ടി ഗവൺമെന്റ് 2012-ൽ പച്ചത്തേങ്ങ സംഭരിക്കാൻ തീരുമാനമെടുക്കുന്നതും ഒരു കിലോഗ്രാം പച്ചത്തേങ്ങയ്ക്ക് 14 രൂപ വില നിശ്ചയിക്കുന്നതും. അതോടുകൂടി ഒരു നാളികേരത്തിന്റെ വില 6 രൂപയോളം ഉയർന്നു. ആ ഗവൺമെന്റ് പതുക്കെപതുക്കെ വില കൂട്ടി ഒരുകിലോ നാളികേരം 38 രൂപയ്ക്ക് സംഭരിക്കുന്ന സാഹചര്യമുണ്ടായപ്പോൾ കർഷകന് ഒരു നാളികേരത്തിന് 15 രൂപ വില കിട്ടിയിരുന്നു. ഇങ്ങനെയൊരു സൗഭാഗ്യകാലം കേരളത്തിലുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി അതെല്ലാം നിന്നു. നാളികേരത്തിന് പതിനഞ്ച് രൂപ വരെ കർഷകന് കിട്ടിയിരുന്ന സാഹചര്യത്തിൽ ഒരു കിലോ അരിയുടെ വില 30 രൂപയേ ഉണ്ടായിരുന്നുള്ളൂ. രണ്ട് നാളികേരളത്തിന് ഒരു കിലോ അരി വാങ്ങാമായിരുന്നു. അന്ന് ഒരു കർഷകത്തൊഴിലാളിയുടെ കൂലി 600 രൂപയായിരുന്നു. ഇന്നത് 900 രൂപയാണ്.

മി. സ്പീക്കർ: ദയവായി അങ്ങ് സഹകരിക്കണം, സമയം അധികരിച്ചു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, രണ്ട് മിനിറ്റുകൊണ്ട് അവസാനിപ്പിക്കാം. തെങ്ങുകയറ്റക്കാരന്റെ കൂലി അന്ന് 30 രൂപയായിരുന്നെങ്കിൽ ഇന്ന് ഞങ്ങളുടെ നാട്ടിൽ 50 രൂപയാണ്. ചില സ്ഥലങ്ങളിൽ 60 രൂപയുമുണ്ട്. നൂറ് ശതമാനമാണ് വർദ്ധനവ്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നാളികേരത്തിന്റെ വില നേർ പകുതിയായി കുറഞ്ഞു. അരിയുടെ വില നേരെ ഇരട്ടിയായി. ഇന്ന് ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് എത്ര കിലോ നാളികേരം കൊണ്ടുപോയാൽ കർഷകന് ഒരു കിലോ അരി വാങ്ങാൻ സാധിക്കും?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഉത്പാദന രംഗത്തെ ഈ അധികരിച്ച ചെലവ് സർക്കാർ കാണുന്നില്ല. വർദ്ധിച്ച ഉത്പാദന ചെലവാണ് കേരളത്തിലുള്ളതെന്നത് ആദ്യം തിരിച്ചറിയണം. അതുകൊണ്ട് മുൻ ഗവൺമെന്റിന്റെ കാലത്ത് നടത്തിയിരുന്നതുപോലെ എല്ലാ മേഖലയിലും സംഭരണം ഉറപ്പാക്കാനും എല്ലാ കർഷകർക്കും വീടിന്റെ സമീപത്ത് വിൽപന നടത്താനും പണം കൃത്യമായി ലഭ്യമാക്കാനും കാലോചിതമായി

നാളികേരത്തിന്റെ വില കിലോയ്ക്ക് 50 രൂപയെങ്കിലുമായി വർദ്ധിപ്പിക്കാനും കഴിയുന്ന സാഹചര്യം സർക്കാർ സൃഷ്ടിക്കണമെന്നും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെടുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ അടിയന്തരപ്രമേയ നോട്ടീസിൽ ഏറ്റവും പ്രധാനമായി പറഞ്ഞത് കേരളത്തിന്റെ കാർഷിക മേഖലയിലെ നാളികേരവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എന്തുകൊണ്ടാണ് നാളികേര മേഖലയിൽ പ്രതിസന്ധിയുണ്ടാകുന്നത്? ബഹുമാനപ്പെട്ട അംഗം 'മൻമോഹൻ സിംഗിന്റെ കാലം' എന്ന് സൂചിപ്പിച്ചു. ആ ഭയപ്പെടുത്തുന്ന ദിവസങ്ങൾ ഓർമ്മിപ്പിക്കല്ലേ എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അത് യാഥാർത്ഥ്യമല്ലേ? അന്നത്തെ കരാറുകൾ നമുക്ക് എന്ത് ഗുണം ചെയ്തു? ....(ബഹളം).... പാമോയിൽ ഇറക്കുമതിയുണ്ട് ശ്രീ. ടി. സിദ്ദിഖേ, 2009 ആഗസ്റ്റ് 13-ന് ശ്രീ. ആനന്ദ് ശർമ്മ ബാങ്കോക്കിൽ പോയി ആസിയാൻ കരാർ ഒപ്പിട്ട് 2010 മുതൽ ഇന്ത്യയിൽ നടപ്പിലാക്കി. എങ്ങനെയാണ് ഇവിടെ പാമോയിൽ വന്നത്? 2009-ൽ അസംസ്കൃത പാമോയിലിന്റെ ഇറക്കുമതി ചുങ്കം 80 ശതമാനമായിരുന്നു,

ഇപ്പോൾ അത് എത്രയാണ്? വട്ടപൂജ്യമാണ്. എന്താണ് പ്രതിപക്ഷം മിണ്ടാതിരിക്കുന്നത്? സത്യത്തിൽ ഇത് നിങ്ങളുടെ കുട്ടിയാണ്. വിശ്വാമിത്രന് മേനകയിൽ ജനിച്ച പുത്രിയായ ശകുന്തളയെ വിശ്വാമിത്രൻതന്നെ തള്ളിപ്പറയുന്നതുപോലെയാണ് പ്രതിപക്ഷം ഇപ്പോൾ ഇതിനെ തള്ളിപ്പറയുന്നത്. പ്രതിപക്ഷത്തിന്റെ കുട്ടിയാണിത്. യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടാക്കിയ കരാറാണിത്. അസംസ്കൃത പാമോയിലിന് 80 ശതമാനം ഇറക്കുമതി തീരുവ ഉണ്ടായിരുന്നത് ഇപ്പോൾ ഈ കരാറിന്റെ ഭാഗമായി വട്ടപൂജ്യമായി മാറി. ശുദ്ധീകരിച്ച പാമോയിലിന് 90 ശതമാനമുണ്ടായിരുന്നത് ഇപ്പോൾ 12.5 ശതമാനമാണ്. ആസിയാൻ കരാറിൽ ഒപ്പിടുന്നതിന് മുൻപ് സംസ്ഥാനവുമായി ചർച്ച നടത്തുമെന്ന് അന്നത്തെ പ്രധാനമന്ത്രി കേരള ഗവൺമെന്റിന് ഉറപ്പുനൽകിയിരുന്നെങ്കിലും ഒരു ചർച്ചയും ഉണ്ടായില്ല. ഏകപക്ഷീയമായി കരാർ ഒപ്പിട്ടു. ഈ പ്രശ്നം ഉണ്ടായതുതന്നെ അവിടെ നിന്നാണ്. നമ്മുടെ നാട്ടിലെ കാർഷിക മേഖലയെ ഇത് തകർക്കുമെന്ന് ഈ കരാറുകളുടെയെല്ലാം ഭാഗമായി അന്നുതന്നെ പറഞ്ഞിരുന്നതാണ്. ഇന്ത്യ 13 സ്വതന്ത്ര വ്യാപാര കരാറുകളും 6 Preferential

trade agreement-കളും ഒപ്പുവച്ചിട്ടുണ്ട്. ഇതുകൂടാതെ യൂറോപ്യൻ യൂണിയനുമായും യുണൈറ്റഡ് കിംഗ്ഡവുമായും ഫ്രീ ട്രേഡ് എഗ്രിമെന്റുകൾ ഉണ്ടാക്കാനുള്ള ചർച്ച പുരോഗമിക്കുന്നുണ്ട്. പതിമൂന്നാമത്തെ ഫ്രീ ട്രേഡ് എഗ്രിമെന്റ് ഒപ്പുവച്ചത് 2022 ഏപ്രിലിലാണ്. നമ്മുടെ ഗവൺമെന്റ് ഉൾപ്പെടെ നടത്തിയ ഇടപെടലിന്റെ ഭാഗമായി ഒരു കരാറിന് മാറ്റം വന്നിട്ടുണ്ട്. 2019 ഡിസംബർ 4-ന് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പീയുഷ് ഗോയൽ പാർലമെന്റിൽ നൽകിയ ഉത്തരത്തിൽ ഫ്രീ ട്രേഡ് എഗ്രിമെന്റാണ് പാമോയിൽ ഇറക്കുമതി വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കുകയും പാമോയിൽ ഇറക്കുമതി തീരുവ വീണ്ടും 5 ശതമാനം വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചത് നമുക്ക് ബുദ്ധിമുട്ടാണെന്ന് ഇന്ത്യൻ പാർലമെന്റിൽതന്നെ പറഞ്ഞിട്ടുണ്ട്. 'Import of palm oil happens mainly from ASEAN countries such as Indonesia and Malaysia under the Free Trade Agreements. Following surge in imports and threat of serious material injury to domestic industry.....'. പ്രതിപക്ഷം എന്തിനാണ് വെറുതെ ആവശ്യമില്ലാതെ അവരുടെ വക്കാലത്ത്

പിടിക്കുന്നത്. എൻ.ഡി.എ.യ്ക്കുവേണ്ടി വക്കാലത്ത് പറയുന്ന ഒരാളായി ശ്രീ. കുറുക്കോളി മൊയ്തീൻ മാറാൻ പാടില്ലായിരുന്നു. കഴിഞ്ഞ നിയമസഭാ കാലയളവിലെ സാമാജികനായിരുന്ന ശ്രീ. ഒ. രാജഗോപാലിന്റെ അസാന്നിദ്ധ്യം ശ്രീ. കുറുക്കോളി മൊയ്തീൻ അദ്ദേഹത്തിന്റെ വർത്തമാനത്തിലൂടെ നികത്തിക്കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. റബ്ബറിന്റെ കാര്യത്തിലടക്കം ഇറക്കുമതിയെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞിരുന്നതാണ്. ഇതെല്ലാം വിസ്മരിച്ചുകൊണ്ട് കേന്ദ്രം ഏർപ്പെട്ടിരിക്കുന്ന കരാറുകളുടെ ഭാഗമായി നമുക്ക് ഇത്തരം ബുദ്ധിമുട്ടുണ്ടാകുമ്പോൾ കേന്ദ്ര സർക്കാരിനെയല്ലേ കുറ്റംപറയേണ്ടത്. നമുക്ക് ലഭ്യമാകേണ്ട തുകയുടെ കണക്കുകളെല്ലാം ഇവിടെ പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെടുത്തി ഇന്ത്യൻ തലസ്ഥാന നഗരിയിൽ യൂണിയൻ ഗവൺമെന്റിനെതിരായി ഒരു സമരവുമായി പോകുമ്പോൾ അതിനെയും പ്രതിപക്ഷം ആക്ഷേപിക്കുകയാണ്. നമുക്ക് അർഹമായ വിഹിതം ലഭ്യമാകുമ്പോൾ മാത്രമേ കാർഷിക മേഖലയിൽ കൂടുതൽ തുക ചെലവഴിക്കാൻ കഴിയുകയുള്ളൂ. അവിടെയും യൂണിയൻ ഗവൺമെന്റ് സൃഷ്ടിക്കുന്ന പ്രതിസന്ധികളെ

മറികടക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കുന്ന സംസ്ഥാന ഗവൺമെന്റിനെ പിന്തുണയ്ക്കുകയായിരുന്നു ശരിക്കും പ്രതിപക്ഷം ചെയ്യേണ്ടിയിരുന്നത്. 2024-25-ലെ കേന്ദ്ര ബജറ്റിൽ പൊട്ടാസ്യം ഫോസ്ഫേറ്റ് വളങ്ങളുടെ സബ്സിഡി റിവൈസ്ഡ് ബജറ്റിൽ 60,300/- കോടി രൂപ വകയിരുത്തിയിരുന്നത് 45,000/- കോടി രൂപയായി കുറച്ചിരിക്കുകയാണ്. രാസവളങ്ങൾക്ക് വീണ്ടും വില വർദ്ധിക്കാൻ ഇടവരുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന്റെ അജണ്ടയിൽ ഇതൊന്നും ഇല്ലാതെ പോകുന്നത്? ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഡൽഹിയിൽ ഇന്ന് നടക്കുന്ന സമരത്തിൽ ഇടതുപക്ഷ സംഘടനകൾ ഇല്ലെന്നാണ്. സംയുക്ത കർഷക മോർച്ച എന്നുപറഞ്ഞാൽ അതിൽ എല്ലാവരും ഉൾപ്പെട്ടിരിക്കുന്ന വിവരം അദ്ദേഹത്തിന് അറിയില്ലേ? ആ സമരത്തിൽ പങ്കെടുക്കുന്ന സംഘടനകൾ തമ്മിൽ പൊതുധാരണയിലെത്തിയിട്ടുണ്ട്. ആ ധാരണയുടെ അടിസ്ഥാനത്തിൽ എല്ലാ പിന്തുണയും പിൻബലവുമായി ഇന്ത്യയിലെ ഇടതുപക്ഷ കർഷക സംഘടനകൾ മുന്നണിയിൽ തന്നെയുണ്ട് എന്നുള്ളത് ആർക്കാണ്

അറിയാത്തത്? യൂണിയൻ ഗവൺമെന്റ് നടപ്പിലാക്കുന്ന കർഷക വിരുദ്ധ നിലപാടുകൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ ഞങ്ങൾക്കൊരു മടിയുമില്ല.

ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടന്നുപോകുന്നില്ല. എം.എസ്. സ്വാമിനാഥനും ചൗധരി ചരൺ സിംഗിനും ഭാരതരത്ന നൽകിയ പ്രഖ്യാപനം അടുത്തിടെയുണ്ടായി. കാർഷിക മേഖലയുമായി ബന്ധപ്പെട്ട രാജ്യത്തെ പ്രമുഖരായ രണ്ട് വ്യക്തികൾക്ക് ഭാരതരത്ന നൽകുമ്പോൾ ഇന്ത്യയിലെ കോടാനുകോടി കർഷകരെ ഈ നാട്ടിൽ അവഗണിക്കുകയും ഇന്ത്യൻ തലസ്ഥാന നഗരിയിൽ അവർക്ക് ടിയർ ഗ്യാസുകൾ സമ്മാനിക്കുകയും ചെയ്യുന്ന ഒരു യൂണിയൻ ഗവൺമെന്റിനെതിരെയല്ലേ നമ്മളെല്ലാവരും ഒന്നിച്ചുനിന്ന് വിരൽ ചൂണ്ടേണ്ടത്? ഈ പ്രതിസന്ധി ഘട്ടത്തിൽപ്പോലും കർഷകരെ സഹായിക്കുന്ന സംസ്ഥാന സർക്കാരിനെതിരെ വിരൽ ചൂണ്ടുക എന്നുപറഞ്ഞാൽ എന്ത് രാഷ്ട്രീയമാണ് അതിലുള്ളത്. കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ 2004-ൽ ചുമതലപ്പെടുത്തിയ സ്വാമിനാഥൻ കമ്മീഷൻ 2007-ൽ സമർപ്പിച്ച റിപ്പോർട്ട് പാർലമെന്റിൽ ചർച്ച ചെയ്യണമെന്ന് എൽ.ഡി.എഫ്.

എം.പി.മാർ ഉൾപ്പെടെ പറഞ്ഞിട്ടും അന്നത്തെ മൻമോഹൻ സിംഗ് ഗവൺമെന്റ് അതിന് തയ്യാറായില്ല. അതിന്റെ പിന്നാമ്പുറ കഥകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അദ്ദേഹവുമായി ഒരു കൂടിക്കാഴ്ചയ്ക്കും ചർച്ചയ്ക്കും തയ്യാറാകാതിരുന്ന ഭരണാധികാരികളുടെ പേരുകൾ യു.പി.എ. മുതൽ എൻ.ഡി.എ. വരെ നീളുന്നു എന്ന കാര്യം നാം ഓർക്കേണ്ടതുണ്ടെന്ന് മാത്രമേ പറയുന്നുള്ളൂ. ഇത് നമ്മുടെ മുന്നിലുള്ള യാഥാർത്ഥ്യം തന്നെയാണ്. അത് കണ്ടുകൊണ്ടുവേണം മുന്നോട്ടുപോകേണ്ടത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യത്തെക്കുറിച്ച് ഞാൻ വീണ്ടും പറയുകയാണ്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അദ്ദേഹം ഇവിടെ പറഞ്ഞു. അത് ശരിയാണ്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. കേരളത്തെക്കാൾ ഉത്പാദനക്ഷമത തമിഴ്നാടിനും കർണ്ണാടകത്തിനുമുണ്ടാകുന്നു. അതുകൊണ്ടല്ലേ അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്? കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ സ്ഥലങ്ങളെക്കുറിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ചപ്പോൾ അവിടെയെല്ലാം നാളികേരത്തിന്റെ ഉത്പാദനക്ഷമത

വർദ്ധിച്ചുവെന്ന് തെളിഞ്ഞിരിക്കുകയല്ലേ. ഇത്തരം കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനെയാണ് നമ്മൾ സഹായിക്കേണ്ടതും സംരക്ഷിക്കേണ്ടതും. കഴിഞ്ഞ ദിവസം നിയമസഭയിൽ ആദരണീയനായ വ്യവസായ വകുപ്പുമന്ത്രി മനോരമ ഓൺലൈനിലെ ഒരു വാർത്ത ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലേയ്ക്ക് വെളിച്ചെണ്ണ കൊണ്ടുവന്നിരുന്ന തമിഴ്നാട്ടിലെ കാങ്കയം എന്ന സ്ഥലത്തെ വെളിച്ചെണ്ണ ഉല്പാദനം ഇപ്പോൾ തകർന്നിരിക്കുന്നു. അതുകൊണ്ട് കേരളത്തിലേയ്ക്ക് അധികം വെളിച്ചെണ്ണ വരുന്നില്ലെന്നത് മലയാള മനോരമയുടെ ഓൺലൈനിൽ വന്ന വാർത്തയാണ്. When 1077 coconut oil mills were started, another 1212 coconut drying units- mostly electric dryers also came up in Kerala in the same period. ഇതാണ് കാരണങ്ങളായി പറയുന്നത്. ഇന്ന് കേരളത്തിൽ ഏതാണ്ട് രണ്ടായിരത്തിലധികം ചെറുകിട വെളിച്ചെണ്ണ ഉത്പാദക യൂണിറ്റുകളുണ്ട്. ഈ വാർത്തയിൽതന്നെ കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ച് പറയുന്നുണ്ട്. വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ ഉൽപ്പാദനത്തിലേയ്ക്ക് നിരവധി സഹകരണ

സ്ഥാപനങ്ങൾ കടന്നുവരുന്നു. നമ്മുടെ നാട്ടിൽനിന്നും നാളികേരം സംഭരിച്ച് പ്രാദേശികമായി കർഷകർക്ക് കൂടുതൽ വില ലഭിക്കുന്ന തരത്തിലേയ്ക്കുള്ള നിലപാടുകൾ സ്വീകരിക്കുന്നു. കേരഗ്രാമങ്ങൾ, കൃഷിക്കൂട്ടങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ ഭാഗമായി വെളിച്ചെണ്ണ ഉത്പാദനം നടക്കുന്നു. ഒരു ലക്ഷം സംരംഭങ്ങൾ എന്നതിൽ ടേഡ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഫുഡ് പ്രോസസ്സിംഗിലാണ് വന്നിരിക്കുന്നതെന്ന് കാണാം. കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്ന തരത്തിലേയ്ക്കുള്ള സംവിധാനങ്ങൾ കൊണ്ടുവന്നതിനെ അടച്ചാക്ഷേപിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞ കണക്കുകളിൽ ധാരാളം തെറ്റുകളുണ്ട്. കേരളത്തിൽ ഇത്ര രൂപയുണ്ടായിരുന്നു; ഓരോ പഞ്ചായത്തുകളിലും ഇപ്പോൾ കുറഞ്ഞിരിക്കുന്നുവെന്നൊക്കെ അദ്ദേഹം സംസാരമധ്യേ പറഞ്ഞതായിരിക്കും. നാളികേര സംഭരണത്തെ സംബന്ധിച്ച് ഇന്നലെ അദ്ദേഹവുമായുള്ള സൗഹൃദ സംഭാഷണത്തിനിടയിൽ ഞാൻ പറയുകയുണ്ടായി. എവിടെയെങ്കിലും നാളികേര സംഭരണത്തിനായി

ഏതെങ്കിലും ഒരു കേന്ദ്രം ആവശ്യമുണ്ടെന്ന് പറഞ്ഞാൽ അവിടെ സംഭരണ കേന്ദ്രം അനുവദിക്കാൻ സർക്കാർ തയ്യാറാണ്. എം.എൽ.എ.-മാർ ആവശ്യപ്പെട്ടാൽ ചെയ്യുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എത്ര സ്ഥലത്താണ് ആളുകൾ ഡിമാൻഡ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. പ്രസാദ്: സർ, ഒരു ഡിമാന്റുപോലും എന്നോട് പറഞ്ഞിട്ടില്ലല്ലോ; എം.എൽ.എ.-മാർ കുറിച്ചുതന്നാൽ 24 മണിക്കൂറിനുള്ളിൽ അവിടെ പച്ചത്തേങ്ങ സംഭരണ കേന്ദ്രം ആരംഭിക്കാൻ സർക്കാർ സന്നദ്ധമാണ്. അക്കാര്യം ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. എല്ലാ പഞ്ചായത്തുകളിലും സംഭരണ കേന്ദ്രങ്ങൾ എന്ന കാര്യം വിട്ടേക്കൂ. അത്തരത്തിലുള്ള അനുഭവം നമുക്ക് മുന്നിലുണ്ട്. 14 ജില്ലകളിലും വിജിലൻസ് കേസ്സുണ്ടായ, 14 ജില്ലകളുമായി ബന്ധപ്പെട്ട് അഴിമതിയുണ്ടായ പഴയ സംഭരണത്തിന്റെ കാര്യങ്ങൾ നമ്മുടെ അനുഭവത്തിലുണ്ടെന്ന് ആദരണീയനായ ശ്രീ. കുറുക്കോളി മൊയ്തീൻ ഓർത്താൽ മതിയാകും. ആ രീതിയിലേയ്ക്ക് ഇനിയും പോകാൻ പ്രയാസമാണ്. നമുക്കുണ്ടായ വീഴ്ചകളുടെ

പഴുതുകൾ അടച്ച് മുന്നോട്ടുപോകണമെന്നതുകൊണ്ട് മൊബൈൽ സംഭരണ സംവിധാനങ്ങളുൾപ്പെടെ ഏർപ്പാടാക്കി നാളികേരം സംഭരിക്കാനുള്ള നടപടി സ്വീകരിക്കാം. ആദരണീയനായ പ്രതിപക്ഷനേതാവ് ഇടയ്ക്ക് ചില പ്രശ്നങ്ങൾ പറയുകയുണ്ടായി. കേന്ദ്രത്തിന്റെ കൊപ്ര സംഭരണത്തിന്റെ കാലാവധി കഴിഞ്ഞുവെന്നും ഇപ്പോൾ സംഭരണം നടക്കുന്നില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഇതുസംബന്ധിച്ച് നേരത്തെ അങ്ങ് പറഞ്ഞൊരു കാര്യത്തെക്കുറിച്ച് ഇപ്പോൾ ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. കേന്ദ്രത്തിന്റെ കൊപ്ര സംഭരണത്തിന് നിരവധി മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതിന്റെ കാലാവധി കഴിഞ്ഞുവെന്നതിന്റെ പേരിൽ സംസ്ഥാനത്തിന്റെ പച്ചത്തേങ്ങ സംഭരണം നിർത്താറില്ല. 365 ദിവസവും കിലോഗ്രാമിന് 34 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്, അത് സംഭരിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഇപ്രാവശ്യവും കൂടുതൽ കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നതാണ്. കേരഗ്രാമങ്ങളുമായി ബന്ധപ്പെട്ട് നാളികേരത്തിന്റെ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ

ഉണ്ടാക്കേണ്ടതുണ്ട്. കർഷകന്റെ വരുമാനത്തിൽ അതിനനുസരിച്ചുള്ള വർദ്ധനവുണ്ടാകും. മലപ്പുറത്തുവച്ച് സംഘടിപ്പിച്ച മലയാള മനോരമയുടെ കർഷകശ്രീ അവാർഡുദാന പരിപാടിയിൽ ഞാനും ആദരണീയനായ പ്രതിപക്ഷ ഉപനേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും പങ്കെടുത്തു. അവിടെ അവാർഡ് ലഭിച്ച കർഷകനോട് ഞങ്ങളെല്ലാവരും സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന് പ്രതിമാസം ലഭ്യമാകുന്ന തുകയുടെ കാര്യം ഞങ്ങൾ ഒന്നിച്ചിരുന്നാണ് കേട്ടത്. ഒരു സാധാരണ കർഷകന് സംസ്ഥാന കൃഷി വകുപ്പിന്റെകൂടി സഹായത്തോടും പിന്തുണയോടുംകൂടി മെച്ചപ്പെട്ട ജീവിതം നയിക്കാൻ സാധിക്കും. അദ്ദേഹത്തിന് പ്രതിമാസം 4 ലക്ഷം രൂപ വരുമാനമുണ്ടെന്നാണ് പറഞ്ഞത്. ഞാൻ മുമ്പ് ഇക്കാര്യം പറഞ്ഞപ്പോൾ, കർഷകൻ ഓഡി കാർ വാങ്ങിയെന്ന് പറഞ്ഞ് എന്നെ പരിഹസിച്ചു. കോൺഗ്രസ്സിന്റെ ബൂത്ത് പ്രസിഡന്റുകൂടിയാണ് ഞാൻ അന്ന് പറഞ്ഞ കാർ വാങ്ങിച്ചയാൾ. ഞാൻ രാഷ്ട്രീയം പറയാൻവേണ്ടി പറഞ്ഞതല്ല. ഇങ്ങനെയൊക്കെയുള്ള ഒരുപാട് വിജയകഥകൾ നമുക്ക് മുമ്പിലുണ്ട്. അതിന്റെയെല്ലാം പിന്നിൽ വകുപ്പിന്റെയും സർക്കാരിന്റെയും പിന്തുണയും

പിൻബലവുമുണ്ട്. ഇക്കാര്യത്തിൽ കർഷകരെ കൂടുതലായി സഹായിക്കേണ്ടതും പിന്തുണയ്ക്കേണ്ടതും കേന്ദ്ര ഗവൺമെന്റാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്ന കരാറുകളും നടപ്പിലാക്കുന്ന നയങ്ങളും പരിപാടികളും നമ്മുടെ രാജ്യത്തിന്റെ കാർഷിക മേഖലയ്ക്ക് ഗുണകരമല്ല. ഈ പ്രതിസന്ധി ഘട്ടത്തിലും കർഷകരെ സഹായിക്കാൻ നിലപാട് സ്വീകരിക്കുന്നുവെന്നതും കർഷകരെ പരിഗണിക്കുകയും ചേർത്തുനിർത്തുകയും ചെയ്യുന്നുവെന്നതും കേരള സർക്കാരിന്റെ നേട്ടം തന്നെയാണ്. ഇനിയും കൂടുതൽ സഹായിക്കേണ്ടതും ഇടപെടേണ്ടതുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ പറഞ്ഞതുപോലെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് അതിന് വിരുദ്ധവും വിപരീതവുമായി പ്രവർത്തിക്കുന്ന ഒരു യൂണിയൻ ഗവൺമെന്റിനെതിരായി, മിനിമം സപ്പോർട്ട് പ്രൈസ് ലീഗലൈസ് ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഡൽഹിയിൽ കർഷക സമരം നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ ആ സമരത്തിന്

ഐക്യദാർഢ്യം പ്രഖ്യാപിക്കുക എന്നതാണ് ഈ നിയമസഭയുടെ പൊതുവികാരം. ഈ മേഖലയിൽ സർക്കാരിന് ചെയ്യാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമായി എടുത്തുപറയേണ്ടത് പുതിയ തെങ്ങിൻതൈകൾ നട്ടുകൊണ്ട് റീ-പ്ലാന്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുകയെന്നതാണ്. ആറ് ജില്ലകളിൽ റീ-പ്ലാന്റിംഗിന് ധനസഹായം ലഭിക്കുന്ന കാര്യവും റബ്ബറിന്റെ കാര്യവുമൊക്കെ ഞാനിവിടെ പറഞ്ഞതാണ്. അതോടൊപ്പംതന്നെ Partial Credit Guarantee Support (PCGS) സ്കീമിന്റെ ഭാഗമായി നാളികേരള കൃഷിക്ക് ആവശ്യമായ സഹായമെത്തിക്കാൻ സാധിക്കും. 25000 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്കായി 22 കോടി രൂപ കേരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 20000 ഹെക്ടർ സ്ഥലത്ത് സുസ്ഥിര തെങ്ങ് കൃഷി വികസനത്തിനും കുള്ളൻ തെങ്ങുകളുടെയും ഹൈബ്രിഡ് തെങ്ങുകളുടെയും ഉൽപ്പാദനത്തിനും തോട്ടം മേഖലയിൽ റബ്ബർ, ഏലം, കാപ്പി എന്നിവയുടെ പുനരുജ്ജീവനത്തിനും കേര പദ്ധതിയിലൂടെ ലക്ഷ്യംവച്ചിട്ടുണ്ട്. 2,375 കോടിയോളം രൂപയുടെ പദ്ധതി 2024 ഏപ്രിൽ മുതൽ കേരളത്തിൽ നടപ്പിലാകുന്നുവെന്നതും 1979-നുശേഷം കേരളത്തിന്റെ കാർഷിക

മേഖലയിലേയ്ക്ക് ആദ്യമായി ഇത്രയും വലിയൊരു പദ്ധതി വരുന്നത് ഈ സർക്കാരിന്റെ തീവ്രശ്രമത്തിന്റെയും ഇടപെടലിന്റെയും ഭാഗമായിട്ടാണെന്നതും നാം മനസ്സിലാക്കേണ്ടതുണ്ട്. കാർഷിക മേഖലയിൽ ഏറ്റവും പ്രാധാന്യത്തോടുകൂടി കർഷകരെ പരിഗണിക്കുകയും ചേർത്തുനിർത്തുകയും ചെയ്യുന്ന സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്നുകൂടി പറഞ്ഞുകൊണ്ട്, ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഒരിക്കൽകൂടി അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ആദ്യമേ തന്നെ അങ്ങയോടൊരു വിഷമം പങ്കുവയ്ക്കുകയാണ്. നമ്മളെല്ലാം കുറേ വർഷങ്ങളായി നിയമസഭയിലിരിക്കുന്നവരാണ്. ഇന്ന് അടിയന്തരപ്രമേയം

അവതരിപ്പിച്ച ശ്രീ. കുറുക്കോളി മൊയ്തീൻ സാധാരണക്കാർക്കിടയിൽ ജീവിക്കുന്ന സാധാരണക്കാരനായൊരു മനുഷ്യനാണ്. അദ്ദേഹം പ്രവർത്തിക്കുന്ന ഒരു മേഖലയെക്കുറിച്ച് അദ്ദേഹത്തിന്റേതായ ഭാഷയിലും ശൈലിയിലും ഇവിടെ സംസാരിച്ചപ്പോൾ ഒന്നരണ്ട് മന്ത്രിമാരുൾപ്പെടെയുള്ള അംഗങ്ങൾ അദ്ദേഹത്തെ പരിഹസിക്കുകയായിരുന്നു. അതൊരിക്കലും ഈ സഭയിൽ ആവർത്തിക്കപ്പെടരുത്.

കർഷകരുടെ പ്രശ്നങ്ങൾ പറയുമ്പോൾ അവരോട് പരിഹാസവും പുച്ഛവുമാണോ കാണിക്കേണ്ടത്? പ്രതിപക്ഷം എന്തിനാണ് ഇങ്ങനെയൊരു വിഷയം കൊണ്ടുവന്നതെന്ന് ആലോചിച്ചിട്ടുണ്ടോ? നിങ്ങൾ എല്ലാ കാര്യത്തിലും രാഷ്ട്രീയം മാത്രം കാണുന്നതുകൊണ്ടുള്ള പ്രശ്നമാണിത്. റൂൾ 50 പ്രകാരം ഒരു വിഷയം നിയമസഭയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നതെന്തിനാണ്? അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി രണ്ട് പ്രാവശ്യം മറുപടി പറയും, എന്നാൽ അതേ വിഷയം ചർച്ചയ്ക്കെടുത്താൽ ഒരുപാട് അംഗങ്ങൾക്ക്

സംസാരിക്കാൻ സാധിക്കും. കേരളത്തിലെ കർഷകരുടെ വൈവിദ്ധ്യമാർന്ന പ്രശ്നങ്ങൾ അവരെ പ്രതിനിധീകരിച്ച് ഇവിടെ വന്നിരിക്കുന്ന നമ്മളെല്ലാവരും സഭയിൽ അവതരിപ്പിച്ചാൽ അത് മാധ്യമങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടും. അതിലൂടെ കുറ്റങ്ങളും കുറവുകളും തിരുത്താനുള്ള അവസരമുണ്ടാകും, അത് പോസിറ്റീവായെടുത്ത് മുന്നോട്ടുപോകുന്ന വിധത്തിൽ കാര്യങ്ങളെ സമീപിക്കേണ്ടതല്ലേ? വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണോ ഇങ്ങനെ പെരുമാറുന്നതെന്ന് അറിയില്ല, പാർലമെന്റിൽ പറയേണ്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട ഭരണകക്ഷിയംഗങ്ങൾ നിയമസഭയിൽ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിനും അവരുടെ നയങ്ങൾക്കുമെതിരായി സംസാരിക്കേണ്ടത് പാർലമെന്റിലല്ലേ? കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരായി ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ സംസാരിച്ചല്ലോ; കർഷക സമരം നടക്കുന്നുവെന്നും അത് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്നുവെന്നും അവരെ അടിച്ചമർത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുവെന്നുമൊക്കെ അദ്ദേഹം പറഞ്ഞല്ലോ? ഒന്നാമതായി, മിനിമം സപ്പോർട്ട് പ്രൈസ്

(എം.എസ്.പി.)-നുള്ള ലീഗൽ ഗ്യാരന്റിയാണ് ആ സമരത്തിലൂടെ കർഷകർ മുന്നോട്ടുവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. രണ്ടാമതായി, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കണമെന്നതാണ്. അതൊന്നും ഒരു ഘട്ടത്തിൽ ചെയ്യാൻ സാധിക്കുന്നതല്ലെങ്കിലും വിവിധ ഘട്ടങ്ങളിലായി ചെയ്യേണ്ട കാര്യങ്ങളാണ്. ഉല്പാദന ചെലവിനോടൊപ്പം 50% കൂട്ടി എം.എസ്.പി. നിശ്ചയിക്കണമെന്നതാണ് സ്വാമിനാഥൻ കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ശിപാർശ. അങ്ങനെയാണെങ്കിൽ കർഷകന് അത് വളരെയധികം ആശ്വാസമാകും. നിലവിൽ കർഷകർ കാർഷികവൃത്തിയിൽനിന്ന് പിൻമാറുന്ന പ്രവണതയാണ് കാണുന്നത്. നിവൃത്തികേടുകൊണ്ടാണ് പലരും ഇപ്പോഴും കൃഷിയിൽതന്നെ തുടരുന്നത്. മലയാള മനോരമയുടെ അവാർഡ് നേടിയ 4,00,000 രൂപ മാസവരുമാനവും ഓഡി കാറുമുള്ള കർഷകനാണോ കേരളത്തിലെ ഒരു സാധാരണ കർഷകന്റെ പ്രതീകമെന്നതാണ് എന്റെ ചോദ്യം; കേരളത്തിലെ വനാതിർത്തികളിലും ഹൈറേഞ്ചിലും മറ്റുപ്രദേശങ്ങളിലും കഷ്ടപ്പെടുന്ന/പ്രയാസപ്പെടുന്ന ഒരു കർഷകന്റെ പ്രതീകം ഓഡി കാറുള്ള

കർഷകനെപോലെയാണോ? ഓരോ പ്രദേശത്തും ഇന്ന് ഏറ്റവും കൂടുതൽ ദുരിതങ്ങളും കഷ്ടതകളും അനുഭവിക്കുന്നത് അവരാണ്. കേരളത്തിലെ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. നാളികേര കർഷകരുടെയും നെൽകർഷകരുടെയും കാര്യങ്ങൾ ഇവിടെ പറഞ്ഞു. അടയ്ക്കയ്ക്ക് കുറച്ച് വിലയുണ്ടെങ്കിലും ഉൽപ്പാദനക്ഷമത ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇല പൊഴിയുന്ന രോഗങ്ങൾ പുതിയതായി ഉടലെടുക്കുന്നു. അടയ്ക്ക കർഷകരുടെ സംഗമം കാസർഗോഡ് ജില്ലയിൽവച്ച് ഞങ്ങൾ നടത്തിയതാണ്. ഉല്പാദന ചെലവ് വഹിക്കാൻ അവർക്ക് സാധിക്കുന്നില്ല. നാളികേര കൃഷിയിൽനിന്നും ലഭിക്കുന്ന വരുമാനം തുലോം തുച്ഛമാണ്. അതുകൊണ്ടുതന്നെ തെങ്ങ് കയറാൻ പോലും ഇപ്പോൾ ആളുകളെ കിട്ടാത്ത സാഹചര്യമാണ്. തെങ്ങ് കയറുന്നവർക്ക് കൂലി കൊടുക്കാൻ പോലുമുള്ള പണം നാളികേരം വിൽക്കുന്നതിലൂടെ ലഭിക്കാത്തൊരവസ്ഥയിലേയ്ക്ക് നാളികേര കൃഷി മാറിയിരിക്കുന്നു. നാട്ടിൻപുറങ്ങളിലെ തെങ്ങുകളുടെ അവസ്ഥയെന്താണ്? പണ്ട് തെങ്ങുകൾ ഭംഗിയായി ചെത്തി വൃത്തിയായി സൂക്ഷിക്കുമായിരുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രധാനപ്പെട്ടൊരു കാര്യം വിട്ടുപോയെന്ന് തോന്നുന്നു. ഇപ്പോൾ എല്ലാ മാളുകളിലും കമ്പനികളിലും ഇന്തോനേഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്ത നാളികേരവും വിയറ്റ്നാമിൽനിന്നുള്ള കുരുമുളകുമാണ് എത്തിക്കുന്നത്. ഇതിനെക്കുറിച്ചൊന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് യാതൊരു പരാമർശവും നടത്തുന്നില്ലല്ലോ? കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ഇത്തരം നയങ്ങൾക്കെതിരെ അങ്ങ് യാതൊന്നും പറയുന്നില്ലല്ലോ; അതിനെ സംബന്ധിച്ചല്ലേ സഭ ഒന്നടങ്കം പറയേണ്ടത്? ഒരു കൃഷിക്കാരൻ എന്ന നിലയ്ക്കാണ് ഞാൻ ഇക്കാര്യം പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ച് തുടങ്ങിയതല്ലേയുള്ളൂ. കഴിഞ്ഞ പ്രാവശ്യവും ഈ വിഷയം ഞാൻ സഭയിൽ കൊണ്ടുവന്നതാണ്. അങ്ങ് അത് കേട്ടിട്ടില്ലെങ്കിൽ അന്നത്തെ എന്റെ പ്രസംഗം പരിശോധിച്ചാൽ മതി. അങ്ങ് ഇപ്പോൾ പറഞ്ഞ കാര്യം അന്ന് ഞാൻ സൂചിപ്പിച്ചതാണ്. കേരളത്തിലെ പ്രധാനപ്പെട്ട മാളുകളിൽ വിയറ്റ്നാമിൽനിന്നും മറ്റുസ്ഥലങ്ങളിൽ നിന്നുമുള്ള കുരുമുളകാണ് വില്പനയ്ക്ക് വച്ചിരിക്കുന്നതെന്ന്

കാണാൻ സാധിക്കും. നമ്മുടെ രാജ്യത്തേയ്ക്കും പ്രത്യേകിച്ച് കേരളത്തിലേയ്ക്കും ഏറ്റവും വലിയ അധിനിവേശമുണ്ടായത് നാണ്യവിളകൾക്കുവേണ്ടിയാണ്. അതിൽത്തന്നെ ബ്ലാക്ക് ഗോൾഡ് എന്നറിയപ്പെടുന്ന കുരുമുളകിനുവേണ്ടിയാണ് ഏറ്റവും വലിയ അധിനിവേശമുണ്ടായത്. ഇക്കാര്യം ഞാൻ കഴിഞ്ഞ പ്രാവശ്യവും സഭയിൽ ഉന്നയിച്ചതാണ്. അങ്ങത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. നമ്മൾ ഇക്കാര്യത്തിൽ എന്താണ് ചെയ്യേണ്ടതെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

നാളികേരത്തിന്റെ സംഭരണവില 34 രൂപയായി പ്രഖ്യാപിച്ചു. നാളികേര സംഭരണം കൃത്യമായി നടന്നാൽ കർഷകർക്ക് ആശ്വാസമാകും. എത്ര കർഷകരുടെ നാളികേരം സംഭരിക്കാൻ കഴിയുന്നുണ്ടെന്നത് പ്രധാന വിഷയമാണ്. സംഭരണം ഇപ്പോൾ വിജയകരമാണോ; കേരളത്തിൽ 50000 ടൺ നാളികേരം സംഭരിക്കാനുള്ള അനുമതി ലഭിച്ചു. അങ്ങനെ നാളികേരം സംഭരിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും 29.30 രൂപയുടെ സഹായംകൂടി ലഭിക്കും. എന്നിട്ട് നമ്മൾ എത്ര ടൺ നാളികേരം സംഭരിച്ചു? പതിനായിരം ടൺ/പതിനൊന്നായിരം ടൺ. അതായത്, ഉല്പാദിപ്പിച്ചതിന്റെ വെറും

അഞ്ചിലൊന്ന് ശതമാനം നാളികേരം മാത്രമാണ് സംഭരിച്ചിരിക്കുന്നത്. ഇതേ സാഹചര്യത്തിൽ തമിഴ്നാട്ടിലെ അവസ്ഥ എന്താണെന്ന് പരിശോധിച്ചുനോക്കു. തമിഴ്നാടിനോട് 50000 ടൺ നാളികേരം സംഭരിക്കാൻ പറഞ്ഞപ്പോൾ അവരത് സംഭരിക്കുകയും ബാക്കി 34000 ടൺ നാളികേരം സംഭരിക്കാനുള്ള പ്രത്യേക അനുമതി കേന്ദ്രത്തിൽനിന്നും വാങ്ങുകയും ചെയ്തു. നാളിതുവരെ അവർ 75000 ടൺ നാളികേരം സംഭരിച്ചു, 80000 ടണ്ണിലേയ്ക്കാണ് ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിൽ 80000 ടൺ നാളികേരം സംഭരിക്കുമ്പോൾ കേരളത്തിന് 50000 ടൺ സംഭരിക്കാൻ അനുവാദം ലഭിച്ചിട്ടും അതുപോലും കൃത്യമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ സംഭരണപ്രക്രിയ പരാജയപ്പെട്ടിരിക്കുകയാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞപ്പോൾ ഭരണപക്ഷാംഗങ്ങൾ ബഹളമുണ്ടാക്കുകയായിരുന്നു. 2017-18 മുതൽ 2020-21 വരെ കൃഷി വകുപ്പ് മുഖേന യാതൊരു സംഭരണവും കേരളത്തിൽ നടന്നിട്ടില്ലെന്നും ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്താണ് നാളികേര സംഭരണം ആരംഭിച്ചതെന്നുമാണ് ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞത്. അന്നത്തെ കാലത്ത്

നാളികേര സംഭരണം വിജയകരമായി മുന്നോട്ടുപോയിരുന്നു. കൃഷിഭവനിലൂടെ നാളികേരം സംഭരിക്കാൻ നടത്തിയ ശ്രമം വിജയകരമായിരുന്നു. അത്തരത്തിൽ വ്യാപകമായ തരത്തിൽ സംഭരണമുണ്ടായി. അക്കാര്യം സർക്കാർ പരിശോധിക്കണം. അതിനുവേണ്ടിയാണ് പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾ ഈ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. നാളികേര സംഭരണത്തിൽ ഗൗരവതരമായ പരാജയമുണ്ടായിട്ടുണ്ട്. കുറ്റ്യാടി നിയോജകമണ്ഡലത്തിലും ഏറ്റവും കൂടുതൽ നാളികേരം ഉല്പാദിപ്പിക്കുന്ന ആലപ്പുഴ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും പോയപ്പോൾ നാളികേര കർഷകർ അവരുടെ സങ്കടകരമായ അവസ്ഥ ചൂണ്ടിക്കാണിച്ചിരുന്നു. സംഭരണ കേന്ദ്രത്തിലേയ്ക്ക് നാളികേരം വാഹനത്തിൽ കൊണ്ടുപോകാനുള്ള പണം പോലും നാളികേരം വിറ്റാൽ കിട്ടുന്നില്ല. അതിനാൽ സംഭരണത്തിലുള്ള പാളിച്ച ഒഴിവാക്കുകയും സംഭരണം ഫലപ്രദമാക്കുകയും നാളികേര കർഷകർക്ക് ആശ്വാസം നൽകുന്ന തരത്തിൽ അതിന്റെ വില വർദ്ധിപ്പിക്കുകയും വേണം. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സംഭരണ വിലയായ 34 രൂപ വളരെ കുറവായതിനാൽ 40 രൂപ വരെയെങ്കിലും

വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ടെന്നത് പ്രധാനപ്പെട്ട കാര്യമാണ്. നാളികേരത്തിന്റെ കാര്യത്തിൽ എല്ലാം ശരിയാണെന്ന് പറയുന്നത് പൂർണ്ണമായും തെറ്റാണ്. നാളികേര സംഭരണം പരാജയപ്പെടുകയും നാളികേര കൃഷിയിൽനിന്നും ആളുകൾ പിൻമാറുകയും ചെയ്യുകയാണ്. കേരളത്തിൽ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വർഷംതോറും ഗണ്യമായി കുറഞ്ഞുവരികയാണെന്നത് യാഥാർത്ഥ്യമാണ്. ഇതിനെയെല്ലാം മറച്ചുവച്ചുകൊണ്ട് കർഷകരെ കെട്ടിപ്പിടിച്ചിരിക്കുകയാണെന്നും ചേർത്തുപിടിച്ചിരിക്കുകയാണെന്നുമൊക്കെ പറഞ്ഞാൽ മാത്രം മതിയോ; കർഷകരുടെയും അവരുടെ കുടുംബത്തിന്റെയും അദ്ധ്വാനവുംകൂടി ഉല്പാദന ചെലവിൽ ഉൾപ്പെടുത്തണമെന്ന് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. റബ്ബറാണ് ഉല്പാദിപ്പിക്കുന്നതെങ്കിൽ ആ കർഷകന്റെ വീട്ടുകാർ അതായത്, ഭാര്യയോ അമ്മയോ ആയിരിക്കും റബ്ബർ ഷീറ്റുകളെല്ലാം ഉണക്കുന്നത്. അവരുൾപ്പെടെയുള്ള കുടുംബനാഥന്റെയും കുടുംബാംഗങ്ങളുടെയും അദ്ധ്വാനത്തിന്റെ ചെലവുകൂടി ഉല്പാദന ചെലവിന്റെ

ഭാഗമായി ചേർക്കണം. കർഷകന് ജീവിക്കാൻ കഴിയുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടോ? റബ്ബറിന്റെ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയുമൊക്കെ ചിരിയും സന്തോഷവും കണ്ടപ്പോൾ റബ്ബറിന്റെ വില വർദ്ധിപ്പിക്കാൻ പോവുകയാണെന്നാണ് ഞാൻ വിചാരിച്ചത്. അങ്ങനെ പ്രതീക്ഷിക്കുകയും ചെയ്തു. എന്നാൽ റബ്ബറിന്റെ വില 10 രൂപ മാത്രം വർദ്ധിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിരാശപ്പെടുത്തുകയാണ് ചെയ്തത്. അതുപോലും നാലഞ്ച് മാസങ്ങളായി നൽകുന്നില്ല. അതിനാൽ റബ്ബർ കൃഷിയിൽനിന്നും കർഷകർ പിൻമാറുകയാണ്. കേരളത്തിന് ഒരു അഗ്രികൾച്ചർ ഇക്കോണമിയുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും വലിയ സംഭാവന ചെയ്യുന്ന ഒന്നാണ് റബ്ബർ കൃഷി. കേരളം വലിയ കാർഷിക സംസ്ഥാനമല്ലെങ്കിലും റബ്ബർ, നാണ്യവിള, നാളികേരം തുടങ്ങിയ നിരവധി ഭക്ഷ്യ ഉല്പന്നങ്ങളിലൂടെ കേരളത്തിനൊരു അഗ്രികൾച്ചറൽ ഇക്കോണമിയുണ്ട്. എന്നാലിപ്പോൾ ആ

ഇക്കോണമി പൂർണ്ണമായും തകരുകയാണ്. അതിന്റെ ആഘാതം സംസ്ഥാനത്തിന്റെ പൊതുവായ സമ്പദ്‌വ്യവസ്ഥയിലുണ്ടാകും. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി കാണണം. ഇത് ചില കർഷകരുടെ മാത്രം പ്രശ്നമാണെന്നും കർഷകർക്ക് എപ്പോഴും ഇത്തരത്തിലുള്ള പരാതിയാണെന്നുമുള്ള രീതിയിൽ മാത്രം സംസാരിക്കരുത്. പ്രതിപക്ഷാംഗങ്ങളുടെ പിന്തുണയോടുകൂടി എല്ലാവരും സ്വാഗതം ചെയ്ത കാർഷിക കടാശ്വാസ കമ്മീഷന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? 2020-നുശേഷം പുതിയ അപേക്ഷകൾപോലും സ്വീകരിക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷനിലെ അംഗങ്ങൾക്ക് ഒരു ബത്തപോലും നൽകുന്നില്ല. 221 കോടി രൂപ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. അത് ശരിയാണോ? കോ-ഓപ്പറേറ്റീവ് ബാങ്കുകളിലാണ് ഇതെല്ലാം ചെയ്യുന്നത്. പല കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും സംസ്ഥാനത്തിന്റെ വിഹിതം നൽകാത്തതുകൊണ്ട് അവരുടെ വിഹിതം കൊടുത്ത് കടം തീർത്തിട്ടും ബാങ്കുകൾ ഡോക്യുമെന്റുകൾ തിരിച്ച് നൽകുന്നില്ല. ഇതുവരെയും ഇത്രയും കുടിശ്ശിക വന്നിട്ടില്ല. ഇപ്പോൾ കുടിശ്ശിക വരേണ്ട കാര്യമില്ലല്ലോ. കാരണം,

സർക്കാർ പുതിയ അപേക്ഷകൾ സ്വീകരിക്കുകയോ പുതിയ ആളുകൾക്ക് അനുമതി നൽകുകയോ ചെയ്യുന്നില്ല. എത്രയോ കാലം മുമ്പുള്ള കുടിശ്ശികയാണിത്. 2020-നുശേഷം സർക്കാർ അപേക്ഷ സ്വീകരിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് കുടിശ്ശിക വരുന്നത്? കാർഷിക കടാശ്വാസ കമ്മീഷൻ പുതിയ ഒരാളുടെയും അപേക്ഷ സ്വീകരിച്ച് അവർക്ക് കടാശ്വാസം നൽകുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തനരഹിതമായിരിക്കുകയാണ്. സർക്കാർ വിഹിതം കൃത്യമായി നൽകാത്തതിനാൽ പലർക്കും ബാങ്കുകളിൽനിന്ന് ഡോക്യുമെന്റുകൾ തിരിച്ചെടുക്കാൻ സാധിക്കുന്നില്ല. അത് ഗൗരവമായി അന്വേഷിക്കേണ്ട കാര്യമല്ലേ. ജപ്തി നടപടികൾ നേരിടുന്നതിനെ സംബന്ധിച്ച കണക്കുകൾ എന്റെ കൈവശമുണ്ട്. ഇടുക്കിയിലെ സംസ്ഥാന സഹകരണ ബാങ്ക് കൊടുത്തിരിക്കുന്ന സ്ഥാവരവസ്തു വിൽപന പരസ്യം കാണേണ്ടതാണ്. എത്രപേർക്കെതിരെയാണ് ഇത്തരമൊരു നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് അറിയാമോ? നൂറുക്കണക്കിന് പരസ്യമാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. പി. പ്രസാദ്: സർ, 2023 വരെ കാർഷിക കടാശ്വാസ കമ്മീഷൻ അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച കണക്ക് സർക്കാരിന്റെ കൈവശമുണ്ട്. 2007 മുതൽ 30-06-2023 വരെ 6,47,000/-രൂപയാണ് നൽകിയത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 2011-2016-ലെ ഗവൺമെന്റിന്റെ കാലത്തും കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യംകൂടി ഓർക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇടുക്കി, വയനാട് ജില്ലകളിൽ മാത്രമാണ് ഇക്കാര്യത്തിൽ ഒരിളവ് കൊടുത്തത്. ബാക്കി സ്ഥലങ്ങളിലൊന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല. കാർഷികമേഖലയുമായി ബന്ധപ്പെട്ട് കൃഷിയിടങ്ങൾ വ്യാപകമായി ജപ്തി ചെയ്യപ്പെടുകയാണ്. കർഷകർ വലിയ കടക്കെണിയിലേയ്ക്ക് പോകുകയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നു. കാർഷിക കടാശ്വാസ കമ്മീഷൻ തീർത്തും പ്രവർത്തനരഹിതമാണ്. അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ചെറുകിട കർഷകർക്ക് ലഭിച്ചിരുന്ന

വലിയൊരാശ്വാസം എൽ.ഡി.എഫ്. ഭരണകാലത്ത് പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്. ഈ സർക്കാർ ഇടുക്കി പാക്കേജിനായി 12,000 കോടി രൂപയും വയനാട് പാക്കേജിനായി 7,000/-കോടി രൂപയും കുട്ടനാട് പാക്കേജിനായി 5,000/-കോടി രൂപയും പ്രഖ്യാപിച്ചു. ഇത്രയും പ്രഖ്യാപനങ്ങളൊക്കെ നടത്തിയെങ്കിലും വയനാട്ടിലെ കർഷകർക്ക് അവർ ഉല്പാദിപ്പിച്ച കാപ്പി സംഭരിക്കുന്നതിനായി വെറും 50 ലക്ഷം രൂപ മാത്രമാണ് നൽകിയത്. ഈ സർക്കാർ പ്രഖ്യാപിച്ച പാക്കേജുകളിലൂടെ ഒരു രൂപപോലും കർഷകർക്ക് നൽകിയിട്ടില്ല. സർക്കാരിന്റെ പ്രഖ്യാപനങ്ങളെല്ലാം കടലാസ്സിൽ മാത്രമാണ്. വയനാട്ടിലെയും ഇടുക്കിയിലെയും കുട്ടനാട്ടിലെയും കർഷകരെ സഹായിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കുട്ടനാട്ടിലെ നെൽക്കർഷകരുടെ സങ്കടമെന്താണ്; ഇതിനിടയിൽ എത്ര കർഷകർ കടംകയറി അവിടെ ആത്മഹത്യ ചെയ്തു; അവിടെ ആത്മഹത്യ ചെയ്ത കർഷകരുടെ പേരുകൾ മുഴുവൻ പറയണോ; ആഞ്ഞൂരിലെ സാജൻ ആത്മഹത്യ ചെയ്തപ്പോൾ അതിന്റെ കാരണം അന്വേഷിച്ച് പോയതുപോലെ അവരുടെ കുടുംബകാര്യങ്ങളിലേയ്ക്കൊന്നും

പോകേണ്ടതില്ല. എത്ര കർഷകർ ആത്മഹത്യ ചെയ്തു; എത്രപേർ കടക്കെണിയിലാണ്; എത്രപേർ ജപ്തി നടപടികൾ നേരിടുന്നു, ആ യാഥാർത്ഥ്യം പ്രതിപക്ഷത്തിന് അറിയണ്ടേ? ഡോ. മൻമോഹൻ സിംഗിന്റെ കാലത്തെക്കുറിച്ച് പറഞ്ഞപ്പോൾ 'അയ്യോ അതിനെപ്പറ്റിയൊന്നും ഓർമ്മിപ്പിക്കല്ലേ' എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. കർഷകരുടെ 72,000 കോടിയോളം രൂപയുടെ കടം മുഴുവൻ എഴുതിത്തള്ളിയ സർക്കാരാണത്. അതാണോ നിങ്ങൾ ഓർമ്മിപ്പിക്കരുതെന്ന് പറഞ്ഞത്; ലോകത്തൊരിടത്തും ഒരു ഗവൺമെന്റും അതുപോലെ കർഷകരുടെ കടം എഴുതിത്തള്ളിയ ചരിത്രമുണ്ടായിട്ടില്ല. ആ സർക്കാരിനെക്കുറിച്ചാണ് കൃഷി വകുപ്പുമന്ത്രി ആ കാലത്തെക്കുറിച്ച് ഓർമ്മിപ്പിക്കല്ലേയെന്ന് പറഞ്ഞത്. അതൊക്കെ ഓർക്കണം, അതൊന്നും ഓർക്കാതെ പോകരുത്; ഇതൊക്കെ ഓർക്കുന്നതിനുപകരം കാർഷിക കടാശ്വാസ കമ്മീഷനെ നിർജ്ജീവമാക്കിയ പിണറായി സർക്കാരിനെക്കുറിച്ചാണോ ഓർമ്മിപ്പിക്കേണ്ടത്?

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ....

ശ്രീ. വി. ഡി. സതീശൻ: സർ, ഇല്ല. അദ്ദേഹം ഒരിക്കലും എനിക്ക് വഴങ്ങാറില്ല. കർഷകരുടെ 72,000 കോടി രൂപയുടെ കടം എഴുതിത്തള്ളിയ ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് ഓർക്കരുത്; കാർഷിക കടാശ്വാസ കമ്മീഷൻ ഇല്ലാതാക്കിയ പിണറായി സർക്കാരിനെക്കുറിച്ച് ഓർത്താൽ മതി എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഈ പ്രശ്നങ്ങൾക്ക് പുറമെയാണ് വനം-വന്യജീവി സംഘർഷം. ഏകദേശം മുപ്പത് ലക്ഷത്തോളം ആളുകൾ ജീവിക്കുന്ന പ്രദേശങ്ങളിലെ കൃഷി മുഴുവൻ തകർക്കുകയാണ്. കുനിന്മേൽ കുരുവെന്നപോലെ മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം വർദ്ധിക്കുകയാണ്. നാല് ലക്ഷം രൂപ പ്രതിമാസ വരുമാനവും ഓഡി കാറുമുള്ള കർഷകനല്ല, എല്ലാം നഷ്ടപ്പെട്ട് വട്ടിപ്പലിശയ്ക്ക് പണം കടം വാങ്ങി നെൽകൃഷിയിറക്കിയ കർഷകനെക്കുറിച്ചും നാളികേരം വിൽക്കാൻ കഴിയാതെ വിഷമിക്കുന്ന നാളികേര കർഷകനെക്കുറിച്ചും വനാതിർത്തികളിലുണ്ടാക്കിയതെല്ലാം വന്യമൃഗങ്ങൾ നശിപ്പിച്ചുകളഞ്ഞ് നിസ്സഹായരായി നിൽക്കുന്ന കർഷകരെക്കുറിച്ചുമായിരിക്കണം ഈ സർക്കാരിന്റെ മനസ്സിലുണ്ടാകേണ്ടത്.

അതാണ് കേരളത്തിലെ ഒരു സാധാരണ കർഷകന്റെ പ്രതീകം. കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെകുറിച്ച് ലാഘവത്തോടെ പറയുകയും ധാരാളം കാര്യങ്ങൾ ചെയ്യാമെന്നിരിക്കെ യാതൊന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ അലംഭാവത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, ഇന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ സംബന്ധിച്ച് ഒരു ഉറന്ന ചർച്ചയ്ക്ക് സമയം നൽകേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കുറുക്കോളി മൊയ്തീൻ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ മന്ത്രിമാരടക്കം മിക്ക അംഗങ്ങളും അതിനെ പരിഹസിക്കുകയായിരുന്നു. കൃഷിക്കാരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പറയുമ്പോൾ അത് മനസ്സിലാക്കാനുള്ള സാമാന്യമര്യാദപോലും കാണിച്ചില്ലെന്ന ആക്ഷേപമാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം

ചെയ്യുന്നില്ല. പക്ഷെ, കേരളത്തിലെ കർഷകരുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; കാർഷിക മേഖലയിലെ പ്രശ്നമെന്താണ്? എത്രയോ ആളുകൾ ആത്മഹത്യ ചെയ്യുന്നു. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കണ്ടേ; മതിയായ വില ലഭിക്കാത്തതുകൊണ്ടാണ് കൃഷിക്കാർ ആ മേഖലയിൽനിന്ന് പിൻമാറിക്കൊണ്ടിരിക്കുന്നത്. നാളികേര സംഭരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ; കേരളത്തിൽ 365 ദിവസവും നാളികേര സംഭരണം നടത്തുന്നുണ്ടോ; അതിനുള്ള സംവിധാനങ്ങളൊന്നും ചെയ്തിട്ടില്ല. കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ വയ്ക്കുന്ന പദ്ധതികളുണ്ട്. പക്ഷെ, അതിന് പണം കൊടുക്കുന്നുണ്ടോ? വാസ്തവത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്ന കാര്യങ്ങളൊക്കെ ശരിയാണെങ്കിലും ഫലത്തിൽ അത് കൃഷിക്കാർക്ക് അനുഭവവേദ്യമല്ലെന്നുള്ളതാണ് എന്റെ ആക്ഷേപം. ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ചപ്പോൾ ഇന്ന് നടക്കുന്ന കർഷക സമരത്തെ അനുകൂലിച്ച് സംസാരിച്ചു. അതിന്റെ അർത്ഥമെന്താണ്? കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ ശരിയല്ലെന്നും അതിനെതിരായി നടക്കുന്ന പ്രതിഷേധ

സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും പറഞ്ഞാൽ അത് കേന്ദ്രത്തെ അനുകൂലിക്കലാണോ; ഇങ്ങനെ വ്യാഖ്യാനിക്കുന്നതെന്തിനാണ്? കേന്ദ്രഗവൺമെന്റിന്റെ കർഷകദ്രോഹപരമായ ഒരു നിലപാടിനോടും പ്രതിപക്ഷത്തിന് യോജിപ്പില്ല. ഓരോ തവണ കേന്ദ്ര സർക്കാരുകൾ മാറി വരുമ്പോഴും ഇതുപോലെയുള്ള പ്രശ്നങ്ങളുണ്ടാകുന്ന അവസരങ്ങളിൽ അതിനെ മറികടന്ന് സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാർക്ക് എങ്ങനെ സഹായം ചെയ്യാൻ കഴിയുമെന്നല്ലേ സംസ്ഥാന സർക്കാർ നോക്കേണ്ടത്? അക്കാര്യത്തിലാണ് പ്രതിപക്ഷത്തിന് വിയോജിപ്പ്. സംസ്ഥാന സർക്കാരിന്റെ പരിധിക്കകത്ത് നിന്നുകൊണ്ട് കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാനും അവർക്ക് ആശ്വാസം നൽകാനുമുള്ള യാതൊരു നിലപാടും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിന്റെ കാർഷിക മേഖല ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ നാളികേരം, റബ്ബർ, നെല്ല് ഉൾപ്പെടെയുള്ള എല്ലാ വിഭാഗം കൃഷിക്കാർക്കുവേണ്ടിയും കാർഷിക മേഖലയെ തകർച്ചയിൽനിന്ന് രക്ഷപ്പെടുത്താൻ സാധ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് പ്രതിപക്ഷം ഇങ്ങനെയൊരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. മറ്റ് പ്രതിപക്ഷകക്ഷി നേതാക്കൾ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. കുറുക്കോളി മൊയ്തീൻ ഈ സഭയിലെ പുതിയ അംഗമാണ്. ഈ സഭയിലെ ഭൂരിപക്ഷം ആളുകളും പുതിയ അംഗങ്ങളാണ്. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ആദ്യമായി അവസരം ലഭിക്കുന്ന ഒരാളിനെ ആക്രമിക്കുകയും അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ഏത് പാർട്ടിയിൽപ്പെട്ടവരായാലും അത് ശരിയായൊരു നടപടിയല്ല. അത് ഈ സഭയ്ക്ക് ചേർന്ന നടപടിയല്ല. അക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായി പിന്തുണ നൽകുന്ന രീതി ഈ സഭയ്ക്കുണ്ടായിരുന്നുവെന്നുകൂടി സന്ദർഭവശാൽ

ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഭാവിയിലെങ്കിലും അത്തരം നിലപാടുകൾ തിരുത്താൻ തയ്യാറാകണം. നാളികേര സംഭരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ നാളികേര സംഭരണം പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. അതത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചാൽ എവിടെ വേണമെങ്കിലും സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെ ആരംഭിച്ചിട്ട് എന്ത് കാര്യം? നിലവിൽ ആരംഭിച്ച സംഭരണ കേന്ദ്രങ്ങൾ വിജയകരമായി നടക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പരിശോധിക്കണം. നാളികേര സംഭരണം വിജയകരമായി നടക്കുന്നില്ല. നാളികേരത്തിന് അടിസ്ഥാനവില ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രതിപക്ഷം ഉന്നയിക്കുന്ന പ്രധാനപ്പെട്ട വിഷയം. അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് സാധ്യമായതെല്ലാം ചെയ്യാൻ സാധിക്കണം. കേന്ദ്ര സർക്കാരിന്റെ പ്രതികൂല നിലപാടുകളുടെ കാര്യത്തിൽ യാതൊരു തർക്കവുമില്ല. കോൺഗ്രസ് പാർട്ടിയും മുസ്ലീംലീഗും കേരള കോൺഗ്രസും

പ്രതിപക്ഷത്ത് നിൽക്കുന്ന കക്ഷികളെന്ന നിലയിൽ കേന്ദ്രത്തിന്റെ തെറ്റായ കാർഷിക നയങ്ങൾക്കെതിരെ അതിശക്തമായി സമരരംഗത്ത് നിൽക്കുന്ന പാർട്ടികളാണ്. മാത്രമല്ല, ഇപ്പോൾ നടക്കുന്ന കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വളരെ ശക്തമായി അതേ നിലപാടിൽ നിൽക്കാൻ പ്രതിപക്ഷം തയ്യാറാണ്. എന്നാൽ, കേരളത്തിൽ സർക്കാർ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. കഴിഞ്ഞ ദിവസം റബ്ബർ മേഖലയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. ഇതുവരെ അത്തരം കാര്യങ്ങളിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി. പക്ഷെ, സംസ്ഥാനത്ത് ഫലപ്രദമായ നടപടിയുണ്ടാകുന്നില്ല. നെൽകൃഷി പൂർണ്ണമായും തകർച്ചയിലാണ്. കാർഷിക മേഖലയുടെ തകർച്ചയ്ക്കെതിരെ ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച മിനിമം സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്താനുള്ള നടപടികളിലേയ്ക്ക് സർക്കാർ ഇനിയെങ്കിലും മുന്നോട്ടുവരണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഗവൺമെന്റ് പ്രഖ്യാപിച്ച പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ഒരു വസ്തുത. ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിനുനേരെയുള്ള ഭരണപക്ഷത്തിന്റെ സമീപനം കർഷകരോടുള്ള സമീപനമാണോയെന്നാണ് അറിയാനുള്ളത്. അദ്ദേഹം രാഷ്ട്രീയ വിഷയങ്ങളിലേയ്ക്കല്ല കടന്നത്. കാർഷിക മേഖല നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അത് അവതരിപ്പിക്കാൻപോലും ഒരു പ്രതിപക്ഷാംഗത്തിന് സാധിക്കുന്നില്ലെങ്കിൽ സ്വാഭാവികമായും അത് കർഷകരോടുള്ള ഗവൺമെന്റ് സമീപനമായി കരുതപ്പെടും. മൊബൈൽ സംഭരണ യൂണിറ്റുകൾ വഴി അടുത്ത ആറ് മാസത്തിനുള്ളിൽ സംഭരണം വളരെ കൃത്യമായ നിലയിൽ പോകുമെന്നാണ് ഇതുസംബന്ധിച്ച് ഞാൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകിയ മറുപടി. മൊബൈൽ സംഭരണ

കേന്ദ്രങ്ങൾ കൃത്യമായ നിലയിൽ നടക്കുന്നില്ലെന്ന് മാത്രമല്ല കിലോമീറ്ററുകൾ സഞ്ചരിച്ച് നാളികേരം വിൽക്കേണ്ട സാഹചര്യം വന്നാൽ കർഷകർ അതിന് തയ്യാറാകില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. കൃത്യമായ നിലയിൽ മൊബൈൽ സംഭരണ വാഹനങ്ങൾ ലഭ്യമാകുന്നില്ല. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നിശ്ചലമാണ്. അതിനെ സംബന്ധിച്ച ചോദ്യം സഭയിൽ വന്നപ്പോൾ അന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിലുണ്ടായിരുന്നില്ല. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നില്ല. അതിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ എണ്ണം സംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കണം. നാമമാത്രമായ കർഷകർക്കുമാത്രമെ കടന്നുവരാൻ കഴിയുന്നുള്ളൂ. പ്രഖ്യാപിച്ച 5,000 രൂപ പെൻഷൻ കൃത്യമായ നിലയിൽ നൽകുന്നില്ലെന്നതും വസ്തുതയാണ്. ഗവൺമെന്റ് അക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നുകൂടി സൂചിപ്പിക്കുന്നു. കേരളത്തിലെ കാർഷിക മേഖല നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. വന്യജീവി ആക്രമണത്തിൽ കാർഷിക മേഖലയിലുണ്ടായിട്ടുള്ള കോടികളുടെ നഷ്ടം

പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണ് ഇന്നിവിടെ അടിയന്തരപ്രമേയ ചർച്ചയ്ക്കായി കൊണ്ടുവന്നത്. ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണത്. പക്ഷേ അക്കാര്യത്തിൽ ഭരണപക്ഷത്തിന്റെ സമീപനം വളരെ മോശമായിപ്പോയതിലുള്ള പ്രതിഷേധംകൂടി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ളത് മലബാർ മേഖലയിലാണ്. അവിടെ അവരവരുടെ വീടിനോട് ചേർന്ന് പത്തും പതിനഞ്ചും സെന്റ് സ്ഥലത്ത് നാളികേരം കൃഷി ചെയ്യുകയാണ്. പക്ഷേ നാളികേരത്തിന്റെ വിലയിടിവ് കാരണം അവരെല്ലാം വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. തമിഴ്നാട്ടിൽ നിന്നും നാളികേരം വരുന്നതും ഉല്പാദന ചെലവ് കൂടുന്നതും പ്രതിസന്ധി രൂക്ഷമാക്കുകയാണ്.

അത് പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെതന്നെ കർഷക ക്ഷേമനിധിയുടെ കാര്യത്തിൽ സർക്കാരിൽനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്നുകൂടി ആവശ്യപ്പെട്ടുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ തിരികെ ഹാജരായി.)

11.02 a.m.]

III. ശ്രദ്ധ ക്ഷണിക്കൽ

(1) വേമ്പനാട്ടുകായലിലേയ്ക്കുള്ള തോടുകളുടെ ശുദ്ധീകരണം

ശ്രീ. തോമസ് കെ. തോമസ്: സർ, നമ്മുടെ നദികളിലെയും തോടുകളിലെയും മണൽ നീക്കം ചെയ്തിട്ട് 30 വർഷത്തോളമായി. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കടവുകൾ ലേലം ചെയ്ത് ആറ്റുമണൽ വില്ക്കുന്നൊരു കാലഘട്ടമുണ്ടായിരുന്നു. അതിലൂടെ ഗ്രാമപഞ്ചായത്തുകളുടെ

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സുഗമമായ രീതിയിൽ ജല നിർഗ്ഗമനത്തിനും സാധിച്ചിരുന്നു. തന്മൂലം കനത്ത മഴയുണ്ടാകുമ്പോൾപോലും വെള്ളക്കെടുതികൾ നിയന്ത്രണവിധേയമായിരുന്നു. എന്നാൽ ഇപ്പോൾ റിസർവോയറുകളിൽ മണലടിഞ്ഞ് ജലസംഭരണ ശേഷി വലിയ തോതിൽ കുറഞ്ഞിരിക്കുകയാണ്. വൃഷ്ടി പ്രദേശങ്ങളിൽ മഴ ശക്തമാകുമ്പോൾ പലപ്പോഴും ഷട്ടറുകൾ തുറന്ന് ജലം ഒഴുക്കികളയേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ആലപ്പുഴ ജില്ലയിലെ ഏഴ് നിയോജകമണ്ഡലങ്ങളിലെ ജനവിഭാഗങ്ങളാണ് വെള്ളപ്പൊക്കംമൂലം കൂടുതൽ കഷ്ടതയനുഭവിക്കുന്നത്. ആദരണീയനായ മന്ത്രി ശ്രീ. സജി ചെറിയാന്റെ മണ്ഡലമായ ചെങ്ങന്നൂർ മുതൽ എന്റെ പ്രിയ സഹോദരി ശ്രീമതി ദെലീമയുടെ മണ്ഡലമായ അരൂർ വരെയുള്ള പ്രദേശങ്ങൾ ജലനിർഗ്ഗമന മാർഗ്ഗത്തിന് ഏറ്റവും കൂടുതൽ തടസ്സം സൃഷ്ടിക്കുന്ന സ്ഥലങ്ങളാണ്. കുട്ടനാടൻ പ്രദേശത്ത് (അപ്പർ കുട്ടനാടും ലോവർ കുട്ടനാടും) അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ എന്നിങ്ങനെ നാല് നദികളാണ് ഒഴുകുന്നത്. അച്ചൻകോവിലാറും പമ്പയും കൂടിച്ചേർന്ന് വീയപുരത്തുകൂടിയും അമ്പലപ്പുഴയിലൂടെയും എന്റെ മണ്ഡലമായ

കുട്ടനാട്ടിലൂടെയും ഒഴുകി വേമ്പനാട് കായലിൽ എത്തിച്ചേരുന്നു. വളരെ നല്ല രീതിയിൽ മണ്ണ് നീക്കം ചെയ്തതുകൊണ്ട് ഒരുപരിധിവരെ കഴിഞ്ഞ വെള്ളപ്പൊക്കത്തിൽനിന്നും ഞങ്ങൾക്ക് രക്ഷപ്പെടാൻ സാധിച്ചിട്ടുണ്ട്. അതൊരു തുടർപ്രക്രിയയാണെങ്കിൽ മാത്രമേ ഗുണം ലഭിക്കുകയുള്ളൂ. എന്നാൽ പലപ്പോഴും പ്രവർത്തനം നിലച്ചുപോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അതുകൊണ്ട് വേമ്പനാട് കായലായാലും തോട്ടപ്പള്ളിയായാലും തണ്ണീർമുക്കമായാലും വേണ്ട രീതിയിൽ കാര്യങ്ങൾ ചെയ്തെങ്കിൽ മാത്രമേ പ്രവർത്തനം ഫലപ്രദമാകുകയുള്ളൂ. കുട്ടനാട് പ്രദേശം നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം തോടുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന പായലുകളും എക്കലുകളുമാണ്. ഇത് അടിയന്തരമായി നീക്കം ചെയ്യേണ്ടതാണ്. പഞ്ചായത്തുകൾ മുൻകൈയെടുത്ത് ഇക്കാര്യങ്ങൾ ചെയ്തെങ്കിൽ മാത്രമേ നല്ലരീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകുകയുള്ളൂ. അതുപോലെ കുട്ടനാട്ടിൽ ഇഞ്ചംതോടുകളുമുണ്ട്. വയലുകളിൽ നിന്നുള്ള മാലിന്യങ്ങൾ തോടുകളിലേയ്ക്ക് അടിയുന്നത് ധാരാളം പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. അങ്ങനെ മലിനമാകുന്ന ജലമാണ് മനുഷ്യർ ഉപയോഗിക്കുന്നത്. എം.എൽ.എ. എന്ന

നിലയിൽ ഞാൻ നേരിട്ടുപോയി കണ്ടിട്ടുള്ളതാണ്. അടിയന്തര പ്രാധാന്യത്തോടെ ഇക്കാര്യങ്ങൾ പരിഹരിക്കണം. ചെറിയ തോടുകളിലെയും വലിയ തോടുകളിലെയും മണലും പായലും പോളയും അടിയന്തരമായി നീക്കം ചെയ്യണം. മുമ്പ് തോടുകളിൽക്കൂടി ബോട്ടുകൾ സഞ്ചരിച്ചിരുന്നു.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. തോമസ് കെ. തോമസ്: സർ, ധൃതി കൂട്ടരുത്...

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിന് നിശ്ചിത സമയമുണ്ട്. ബഹുമാനപ്പെട്ട അംഗം പെട്ടെന്ന് പറഞ്ഞു തീർക്കണം.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇത് നേരിട്ട് പറഞ്ഞെങ്കിൽ മാത്രമല്ലേ ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാകുകയുള്ളൂ. സഭയിൽ കാര്യങ്ങൾ അവതരിപ്പിച്ച് എന്തെങ്കിലും നേടിയെടുക്കണ്ടേ. ചോദ്യോത്തരവേളയിൽ അവസരം ലഭിക്കുന്നതുതന്നെ കേരള ലോട്ടറി അടിക്കുന്നതുപോലെയാണ്. അങ്ങയുടെ ഭാഗത്തുനിന്നും അങ്ങനെ പോലുമുണ്ടാകുന്നില്ല. ഞാൻ വിചാരിച്ചത് എന്റെ കമ്പ്യൂട്ടറിന്റെ പ്രശ്നം കാരണമായിരിക്കുമെന്നാണ്.

മി. സ്പീക്കർ: എത്ര തവണ അവസരം ലഭിച്ചുവെന്ന് കൃത്യമായി സ്ക്രീനിലുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, പക്ഷേ എന്റെ ഇടത്തും വലത്തുമിരിക്കുന്നവർക്കെല്ലാം അവസരം കിട്ടുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യം ചോദിക്കാൻ അനുവദിക്കണം. മണലും പായലും പോളയും നീക്കം ചെയ്താൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ആദരണീയനായ മന്ത്രിയുടെ നേതൃത്വത്തിൽ എം.എൽ.എ.-യ്ക്കും അവസരം നൽകി പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ പ്രവർത്തിക്കാനുള്ള സംവിധാനമൊരുക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് കുട്ടനാടിനെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണ്. പമ്പ, അച്ചൻകോവിൽ, മണിമല എന്നീ മൂന്ന് നദികളിൽ നിന്നുള്ള ജലം വിവിധ കൈവഴികൾ വഴി വേമ്പനാട് കായലിലേയ്ക്കും അറബിക്കടലിലേയ്ക്കും എത്തിച്ചേരുന്നത് കുട്ടനാട് മേഖലയിൽക്കൂടിയാണ്.

കായലിൽനിന്ന് നദികളിലേയ്ക്കുള്ള ജലപ്രവാഹം നടക്കുന്നത് തണ്ണീർമുക്കം ബാരേജ്, തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നപ്പുഴ ലോക്ക് എന്നീ മൂന്ന് വഴികളിൽക്കൂടിയാണ്. 2018-ലെ വെള്ളപ്പൊക്കത്തിലും തുടർന്നും അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റും കൃത്യമായ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാത്തപക്ഷം നദികളുടെ ആവാഹന ശേഷി കുറയുന്നതിനും മണൽത്തിട്ടകൾ രൂപപ്പെടുന്നതിനും നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതിനും ദിശമാറി ഒഴുകി വെള്ളപ്പൊക്കം സൃഷ്ടിക്കുന്നതിനും കാരണമാകും. കുട്ടനാട്ടിലെ നദികളിലെ നീരൊഴുക്ക് സുഗമമാക്കാൻ വീയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ മണലും ചെളിയും നീക്കി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നുണ്ട്. തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള മണൽ താൽപ്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ. വഴി നീക്കി ആഴം വർദ്ധിപ്പിച്ച് കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കുന്നുണ്ട്. കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ പ്രധാന നദികളിലെയും അവയുടെ കൈവഴികളിലെയും

മണ്ണും ചെളിയും നീക്കം ചെയ്ത് ബണ്ട് ഉയർത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിനായി 59.1 കോടി രൂപയുടെ 14 പ്രവൃത്തികൾ സർക്കാർ പരിശോധിച്ചുവരികയാണ്. കുറിച്ചിക്കൽ മുതൽ തോട്ടപ്പള്ളി പൊഴി വരെയുള്ള പമ്പയാറിന്റെ ലീഡിംഗ് ചാനലിന്റെ ഇരു കരകളുടെയും സംരക്ഷണത്തിന് രണ്ട് പ്രോജക്ടുകൾക്ക് 70.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തിക്ക് കരാറായിട്ടുള്ളതുമാണ്. മണിമലയാർ, അപ്പർ കുട്ടനാട് ഭാഗത്തെ കൈവഴികളിലേയ്ക്കും കൈത്തോടുകളിലേയ്ക്കും ഒഴുകിയെത്തുന്ന മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുഴ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2021-ലെ പ്രളയാനന്തരം ചെയ്തിട്ടുള്ളതും അതുവഴി നീരൊഴുക്ക് സുഗമമാക്കുന്നതിനും പ്രളയ സാധ്യത ലഘൂകരിക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്. അപ്പർ കുട്ടനാട് മേഖലകളിൽ മീനച്ചിലാറിലും കൊട്ടൂരാറിലും ഒഴുകിയെത്തുന്ന എക്കലും മണലും മാലിന്യങ്ങളുംമൂലം നീരൊഴുക്ക് കുറയുകയാണ്. കൂടാതെ ഈ ഭാഗങ്ങളിൽ കുളവാഴയുടെ ശല്യംമൂലവും ഒഴുക്ക് തടസ്സപ്പെടാറുണ്ട്. ആയതിലേയ്ക്ക് ലഭിക്കുന്ന

പരാതിയിന്മേൽ ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നുണ്ട്. സമഗ്രമായ പദ്ധതിയിലൂടെ വേമ്പനാട് കായലിന്റെ ആഴം കൂട്ടിയാൽ നദികളിലെയും തോടുകളിലെയും നീരൊഴുക്ക് വർദ്ധിക്കുകയും ജലലഭ്യതയും ജലജന്യ രോഗനിവാരണവും ഉണ്ടാകുകയും ചെയ്യും. 2019-20 സാമ്പത്തിക വർഷം മുതൽ പ്ലാൻ സ്കീം, നബാർഡ് ആർ.ഐ.ഡി.എഫ്., ബജറ്റ് സ്പീച്ച് എന്നിവയിലുൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും തോടുകളിൽനിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും തുക വകയിരുത്തുന്നുണ്ട്. പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനും തോടുകളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും ഉപയോഗിച്ച് പുറംബണ്ട് ബലപ്പെടുത്തുന്നതിനും ആയതുമൂലം തോടുകളിലെയും നീർച്ചാലുകളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിനും സാധിക്കുന്നുണ്ട്. 2024-25-ലെ ബജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കാൻ 57 കോടി

രൂപയുടെ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. എ.സി. കനാൽ നീട്ടി കായലിലേയ്ക്ക് വെള്ളം ഒഴുക്കുകയെന്നത് പ്രധാനപ്പെട്ടൊരു കാര്യമായി കാണുന്നു. അതിനാവശ്യമായ ആലോചനായോഗം ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ചേർന്നിരുന്നു. അതിന്റെ ഭാഗമായി നെടുമുടി വരെ എ.സി. കനാൽ ദീർഘിപ്പിക്കുന്നതിനും പള്ളാത്തുരുത്തി വരെ അത് തുടർന്നുകൊണ്ടുപോകുന്നതിനുമാവശ്യമായ പഠനം നടത്താൻ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്താമെന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്. തോട്ടപ്പള്ളി സ്പിൽവേയിലൂടെ ജലനിർഗ്ഗമനം സുഗമമാക്കിയപ്പോൾ തന്നെ ഒരുപരിധിവരെ കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ സാധിച്ചു. ആ നിലയിൽ എ.സി. കനാലിനെക്കൂടി പ്രയോജനപ്പെടുത്താൻ കഴിയുമോയെന്ന് ആലോചിക്കുന്നുണ്ട്. അതോടൊപ്പം ഇത്തരം കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ അവരുടെ ഫണ്ടുകളും സമയബന്ധിതമായി മാറ്റിവച്ച്, കുളവാഴയുൾപ്പെടെയുള്ള പായലുകൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അവസരമൊരുക്കാനും അതിന്റെ ചുമതല ബഹുമാനപ്പെട്ട എം.എൽ.എ.

ഏറ്റെടുക്കുന്നതിലും സന്തോഷമേയുള്ളൂ. ഇക്കാര്യത്തിൽ നല്ല രീതിയിലുള്ള പിന്തുണയാണ് കുട്ടനാടിന് ഈ ഗവൺമെന്റ് നല്കിയിട്ടുള്ളത്. കഴിഞ്ഞകാല ഗവൺമെന്റുകളിൽ നിന്ന് വ്യത്യസ്തമായി ഇക്കാര്യത്തിന് വളരെയേറെ പ്രാധാന്യവും ആവശ്യമായ തുകയും നല്കിയിട്ടുണ്ടെന്നുള്ളത് സഭയെ ബോദ്ധ്യപ്പെടുത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ നീക്കിവച്ചത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. എം.എൽ.എ. എന്ന നിലയിൽ ഞാനുൾപ്പെടെ അങ്ങയുടെ സാന്നിദ്ധ്യത്തിൽ, എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി വിപുലമായ ഒരു യോഗം ചേർന്ന് അടിയന്തരമായി പോളയും മറ്റുകാര്യങ്ങളും നീക്കം ചെയ്യാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ എ.സി. കനാൽ തുറക്കുന്നതിന് അടിയന്തരമായി തീരുമാനമുണ്ടാകണം. ചങ്ങനാശ്ശേരിയിലെയും ചെങ്ങന്നൂരിലെയും എം.എൽ.എ.-മാരെയും യോഗത്തിൽ ഉൾപ്പെടുത്തണം. ഇക്കാര്യങ്ങൾക്ക്

തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യാനുള്ള നടപടി എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി സ്വീകരിക്കണം. പല കോൺട്രാക്ട് വർക്കുകളും നടക്കുന്നത് എം.എൽ.എ.-മാർ അറിയുന്നില്ല. കൂട്ടനാട്ടിൽ നടക്കുന്ന എല്ലാ പ്രവൃത്തികളും എം.എൽ.എ.-മാർകൂടി അറിഞ്ഞ് നടക്കത്തക്ക രീതിയിലുള്ള സംവിധാനമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അതിൽ പഞ്ചായത്ത് പ്രസിഡന്റുമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശംകൂടി സമർപ്പിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പഞ്ചായത്ത് മെമ്പർമാരെയും പ്രസിഡന്റിനെയും ഉൾപ്പെടുത്തി എം.എൽ.എ.-മാർ അതത് നിയോജകമണ്ഡലങ്ങളിൽ യോഗം വിളിച്ചുചേർത്ത് എം.എൽ.എ. ഫണ്ട്കൂടി നൽകാൻ തയ്യാറാണെങ്കിൽ, ജലസേചന വകുപ്പിലെ മെക്കാനിക്കൽ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് സഭയെ അറിയിക്കുന്നു.

(2) ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം

ശ്രീ. മോൻസ് ജോസഫ്: സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഹൗസ് സർജനായിരുന്ന ഡോ. വന്ദന ദാസിനെ കൊലപ്പെടുത്തിയ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട് മാതാപിതാക്കൾ സമർപ്പിച്ചിരിക്കുന്ന ഹർജി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ നമ്പിച്ചിറ കാലായിൽ ശ്രീ. മോഹൻദാസിന്റെയും ശ്രീമതി വസന്തകുമാരിയുടെയും ഏകമകളാണ് കൊല്ലപ്പെട്ട ഡോ. വന്ദന ദാസ്. കേരളത്തിന്റെ മന:സാക്ഷിയെ ഞെട്ടിച്ച, നമ്മെയെല്ലാം വേദനയിലാഴ്ത്തിയ, ലോകംമുഴുവൻ ഒരുപോലെ കണ്ണീരൊഴുക്കിയ നിർഭാഗ്യകരമായ കൊലപാതകത്തിന് ആസ്പദമായ കാര്യങ്ങൾ പുറത്ത് കൊണ്ടുവരുന്നതിനുവേണ്ടി സത്യസന്ധമായ ഒരന്വേഷണം സി.ബി.ഐ.-യുടെ നേതൃത്വത്തിൽ നടക്കണമെന്നാണ് ആ കുടുംബവും പൊതുസമൂഹവും ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള നിഷ്ഠുരമായ കൊലപാതകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ ഇതിലെ കുറ്റവാളികൾ

ശിക്ഷിക്കപ്പെടാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹകരണവും അഭ്യർത്ഥിക്കുകയാണ്. നിർഭാഗ്യവശാൽ, ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിൽ വന്നപ്പോൾ, ഇത് സി.ബി.ഐ.-യ്ക്ക് കൈമാറേണ്ടതില്ലെന്നായിരുന്നു സർക്കാർ വക്കീലിന്റെ നിലപാട്. അതേത്തുടർന്ന് കോടതി രൂക്ഷമായ വിമർശനങ്ങൾ നടത്താനിടയായ സാഹചര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടെന്ന് ഞാൻ കരുതുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജി തള്ളിയതിനുശേഷം ഡോ. വന്ദന ദാസിന്റെ പിതാവ് ശ്രീ. മോഹൻ ദാസ് നടത്തിയ പരസ്യ പ്രതികരണത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച ചില വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർക്കാരും പോലീസും ഇക്കാര്യത്തിൽ ഗൂഢാലോചന നടത്തിയെന്ന് അദ്ദേഹം ആരോപിക്കുന്നു. സർക്കാരിനും പോലീസിനും എന്തോ മറച്ചുവയ്ക്കാനുള്ളതുകൊണ്ടാണ് സർക്കാർ സി.ബി.ഐ. അന്വേഷണത്തെ എതിർക്കുന്നതെന്ന് പിതാവ് ശ്രീ. മോഹൻദാസ് പറയുന്നു. ഡോ. വന്ദന ദാസ് 2023-ൽ കൊട്ടാരക്കര താലൂക്കാശുപത്രിയിൽ

കുത്തേറ്റ് മരിച്ചത് നേരിട്ട് കണ്ടിട്ടും പോലീസ് പ്രതിയെ കീഴടക്കിയില്ലെന്നും ഡോ. വന്ദന ദാസ് ആവശ്യപ്പെട്ടിട്ടുപോലും അടിയന്തര ചികിത്സ നൽകിയില്ലെന്നും പിതാവ് ശ്രീ. മോഹൻ ദാസ് പരാതിയിൽ പറയുന്നു. സമീപത്തെ ആശുപത്രിയിലെത്തിക്കാതെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയത് എന്തിനാണെന്നും അദ്ദേഹം ചോദിക്കുന്നു. ഇടയ്ക്കുള്ള ആശുപത്രിയിൽ കയറാതിരുന്നത് സംശയത്തിനും ദുരൂഹതയ്ക്കും ഇടവരുത്തിയിരിക്കുകയാണ്. പോലീസിന്റെ ഭീഷണിമൂലമാണ് മകളുടെ കൂട്ടുകാരികളും സഹപ്രവർത്തകരും മൊഴിമാറ്റിപ്പറയാൻ ഇടയായതെന്നും അദ്ദേഹം പരാതിപ്പെടുന്നു. തന്റെ മകൾക്ക് നാല് മണിക്കൂർ ചികിത്സ നിഷേധിച്ചതും ഇക്കാര്യത്തിലുണ്ടായിരിക്കുന്ന ദുരൂഹത നീക്കം ചെയ്യാൻ കഴിയാത്തതും കേസന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണമെന്ന് ആവശ്യപ്പെടാൻ ഇടയാക്കുന്നുവെന്നാണ് അദ്ദേഹം പരാതിയിൽ ചൂണ്ടിക്കാണിച്ചത്. ഈ കേസിന്റെ തുടക്കം മുതൽ ദുരൂഹത നിലനിൽക്കുകയാണ്. മുറി പൂട്ടിയതിനെക്കുറിച്ച് ചോദിച്ചപ്പോൾ പ്രതി രക്ഷപ്പെടാതിരിക്കാനാണെന്നാണ് പോലീസ് പറയുന്നത്. വളരെ

വിചിത്രമായ വിശദീകരണങ്ങളാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. പോലീസ് പ്രതിയെ അറസ്റ്റ് ചെയ്ത് ഹാജരാക്കുന്ന സാഹചര്യത്തിൽ കൈയിൽ തോക്കില്ലായിരുന്നോയെന്ന് കോടതി പോലീസിനോട് ചോദിക്കുകയാണ്. നിങ്ങളെന്തുകൊണ്ടാണ് കൈയുംകെട്ടി നോക്കി നിന്നത്; എന്തുകൊണ്ട് പ്രതികരിച്ചില്ലായെന്ന് ചോദിക്കുമ്പോൾ പോലീസിന് പറയാൻ ഒരുത്തരവുമില്ല. പോലീസ് അറസ്റ്റ് ചെയ്ത് ഹാജരാക്കുന്ന പ്രതി മജിസ്ട്രേറ്റിനെ ആക്രമിച്ചാൽ എന്തുചെയ്യുമെന്ന് പോലും കോടതിയിൽ പൊതുചർച്ചയ്ക്ക് വരാനിടയായി. അതുപോലെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. ഡോ. വന്ദന ദാസ് സത്യത്തിൽ ഡ്യൂട്ടിയിലായിരുന്നില്ല, അധികസമയം ജോലി ചെയ്തതാണ്. ഡോക്ടറാകാൻ ആഗ്രഹിച്ചതുകൊണ്ട് മാത്രം ഡോ. വന്ദന ദാസിന് ജീവൻ നഷ്ടപ്പെട്ടു. ആ സഹോദരിയെ നഷ്ടപ്പെട്ടത് മനസ്സാക്ഷിയെ വേദനിപ്പിച്ച സംഭവമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ആദ്യംമുതൽ ഇടപെട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും വിനീതമായി അഭ്യർത്ഥിക്കാനുള്ള ഒരു കാര്യം, ഇക്കാര്യത്തിൽ പോലീസിന്റെ

ഭാഗത്തുനിന്നുമുണ്ടായ നിരുത്തരവാദപരമായ സമീപനവും ഇതിൽ എന്തൊക്കെയോ കള്ളക്കളികൾ നടന്നതായി പറയപ്പെടുന്ന വിഷയങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണത്തിന് വിടണമെന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായൊരു നിലപാടുണ്ടാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് കേരളത്തിലെ പൊതുസമൂഹത്തിന് നല്ലതുപോലെ ധാരണയുള്ളൊരു കാര്യമാണ്. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ആതുരസേവനത്തിനിടെ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തി 90 ദിവസത്തിനുള്ളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ആ കേസുമായി ബന്ധപ്പെട്ട് പോലീസ് ചെയ്യേണ്ട നടപടികൾ ഒരു കാലതാമസവുമില്ലാതെ ചെയ്തുവെന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ഡോ. വന്ദന ദാസിനെ ഉടൻതന്നെ പോലീസ് കൊട്ടാരക്കരയിലെ സ്വകാര്യ

ആശുപത്രിയിൽ എത്തിക്കുകയുണ്ടായി. ഡോ. വന്ദന ദാസ് പഠിച്ചിരുന്ന മെഡിക്കൽ കോളേജിലെ മേധാവി അടക്കമുള്ള ഡോക്ടർമാരുടെയും സഹപാഠികളുടെയും അഭിപ്രായപ്രകാരമാണ് കാർഡിയോതൊറാസിക് സർജന്റെ സേവനമുൾപ്പെടെയുള്ള വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. എത്രയുംവേഗം ചികിത്സ നൽകാനുള്ള ഇടപെടലാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. സംഭവവുമായി ബന്ധപ്പെട്ട് കൊട്ടാരക്കര സ്റ്റേഷനിൽ ക്രൈം നമ്പർ 1202/2023 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. സംഭവ സ്ഥലത്തുവച്ച് പിടിയിലായ പ്രതിയെ കോടതി റിമാന്റ് ചെയ്തു. തുടർന്ന് കേസിൽ സമഗ്രമായ അന്വേഷണം ഉറപ്പാക്കുന്നതിന് കേസന്വേഷണം കൊല്ലം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറി. വ്യക്തമായ തെളിവുകളും സി.സി.ടി.വി. ദൃശ്യങ്ങളും പരിശോധിച്ച് കാര്യക്ഷമമായും സമയബന്ധിതമായും അന്വേഷണം പൂർത്തിയാക്കിയാണ് കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. ഇതിനിടെയാണ് ഡോ. വന്ദന ദാസിന്റെ മാതാപിതാക്കൾ കേസന്വേഷണം തൃപ്തികരമല്ലെന്നും

കേസ് സി.ബി.ഐ.-യ്ക്ക് വിടണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുന്നത്. ഇതിനോടകം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കപ്പെട്ടതിനാലും മറ്റ് പ്രത്യേക കാരണങ്ങൾ കണ്ടെത്താൻ കഴിയാത്തതിനാലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഹർജി നിരസിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ആ ഹൈക്കോടതി നിലപാടിനോടൊപ്പം നിൽക്കാതെ ഗവൺമെന്റ് സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടണമെന്നാണ് പറയുന്നത്. എന്ത് അടിസ്ഥാനത്തിലാണ് ഉത്തരവിടുന്നത്; എല്ലാ കാര്യങ്ങളും കൃത്യമായി അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചതാണ്. ആ കാര്യത്തെക്കുറിച്ച് പ്രത്യേകിച്ച് പരാതികളൊന്നുമില്ല. ഇതുപോലുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്നതാണ് നാം ശ്രദ്ധിക്കേണ്ടൊരു കാര്യം. അതിന്റെ ഭാഗമായി 21-9-2023-ന് സർക്കാർ സമഗ്രമായ മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, സി.ബി.ഐ. അന്വേഷണത്തിലേയ്ക്ക് ഇനി പോകാൻ കഴിയാത്തൊരു സാഹചര്യമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ ചൂണ്ടിക്കാണിച്ചത്. എന്നാൽ, അന്വേഷണവുമായി ബന്ധപ്പെട്ട് ധാരാളം പരാതികളും സംശയങ്ങളും നിഗൂഢതകളും മാതാപിതാക്കൾ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതിന്റെ വസ്തുതകൾ പുറത്തുകൊണ്ടുവരണം. സമയബന്ധിതമായി കേസന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചുവെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. അതിൽ പോലീസിന്റെ ഭാഗം സംരക്ഷിക്കുകയും പ്രതികളെ രക്ഷിക്കുകയും ചെയ്തുവെന്നാണ് പരാതി ഉയർന്നുവന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ സി.ബി.ഐ.-യ്ക്ക് വിടാൻ കഴിഞ്ഞില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റുതന്നെ ആഭ്യന്തരവകുപ്പിന്റെ കീഴിൽ സ്പെഷ്യൽ സ്ക്വാഡിനെയോ ഏജൻസിയെയോവച്ച് ഉന്നയിക്കപ്പെട്ട പരാതികളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ കഴിയുംവിധം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യങ്ങളെ സംബന്ധിച്ച് നിശ്ചയമില്ലാത്ത ഒരാളാണ് പറയുന്നതെങ്കിൽ അതിന്റെ ഭാഗമായി പറയുന്നതാണെന്ന് കണക്കാക്കാമായിരുന്നു. ബഹുമാന്യനായ അംഗം അങ്ങനെയൊരു ഗണത്തിൽപ്പെട്ട ആളല്ലാത്തതുകൊണ്ടാണ് എന്നെ ആശ്ചര്യപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ രീതിയിലുള്ള ഒരു പ്രത്യേക സ്റ്റാഡിന്റെ അന്വേഷണവും ഇനി ഇക്കാര്യത്തിൽ ആവശ്യമില്ല.

11.20 a.m.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

IV. സബ്മിഷൻ

(1) എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്നും നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമുക്കെല്ലാവർക്കും അറിയാവുന്നതിനാൽ എൻഡോസൾഫാൻ ദുരന്തത്തിന്റെ

ചരിത്രത്തെക്കുറിച്ചൊന്നും ഞാനാവർത്തിക്കുന്നില്ല. എൻഡോസൾഫാൻ ഇരകൾ ഇപ്പോഴും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുകയാണ്. കേരളത്തിന്റെ നോവായി അവർ നിൽക്കുകയാണ്. അവരുടേതല്ലാത്ത കുറ്റത്തിന് ജീവിതത്തിൽ വലിയ യാതനകൾ നേരിടേണ്ടി വന്നവർക്ക് അവകാശങ്ങൾ നേടിയെടുക്കാൻ തെരുവിലിറങ്ങേണ്ട ദുരവസ്ഥയാണ്. 2016 ജനുവരിയിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരത്തെത്തുടർന്നുണ്ടായ ധാരണയിൽ ദുരിതബാധിതർക്കായി മെഡിക്കൽ ക്യാമ്പ് പ്രഖ്യാപിച്ചു. ഏഴായിരത്തോളം അപേക്ഷകരിൽ 4738 പേർക്ക് അനുമതി ലഭിക്കുകയും അതിൽ 1905 പേരെ ദുരിതബാധിതരായി കണ്ടെത്തുകയും ചെയ്തുവെങ്കിലും ഫൈനൽ ലിസ്റ്റ് വന്നപ്പോൾ അത് 287 പേർ മാത്രമായി ചുരുങ്ങി. പിന്നീട് സർക്കാരുമായുള്ള ചർച്ചയെത്തുടർന്ന് 76 പേരെക്കൂടി കൂട്ടിച്ചേർത്തു. 2019 ജനുവരി 30 മുതൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിനുമുന്നിൽ അമ്മമാർ നടത്തിയ അനിശ്ചിതകാല പട്ടിണി സമരത്തെതുടർന്ന് 1905-ൽ നിന്ന് 18 വയസ്സിൽ താഴെയുള്ള 511 പേരെക്കൂടി ഈ ദുരിതബാധിതരുടെ ലിസ്റ്റിലുൾപ്പെടുത്തി.

ബാക്കിയുള്ള 1031 പേരുടെ കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി അവരിൽ അർഹരായവരെ ഇതിൽ ഉൾക്കൊള്ളിക്കാമെന്നൊരു വാക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2019-ലെ ചർച്ചയിൽ നൽകിയിരുന്നുവെങ്കിലും അതുസംബന്ധിച്ച യാതൊരു നടപടിയും ഇതുവരെ സ്വീകരിക്കുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

2011-നുശേഷം ജനിക്കുന്ന കുട്ടികളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കില്ലെന്ന വിചിത്രമായ ഒരു ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചു. അഞ്ച് ജനറേഷൻ വരെ ഇത് നീണ്ടുനിൽക്കുമെന്ന് പറയുന്നതിനാലും ഇത് ജനറ്റിക്ക് പ്രശ്നമായി മാറുന്നതിനാലും 2011-നുശേഷം ജനിക്കുന്ന കുട്ടികളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ കഴിയില്ലെന്നുള്ള ഉത്തരവ് പിൻവലിക്കണം. അതുപോലെ ദുരിതബാധിതർക്ക് പര്യാപ്തമായ ചികിത്സാസൗകര്യങ്ങൾ ഇതുവരെയും ഒരുക്കിയിട്ടില്ല. അവിടെയുള്ള മെഡിക്കൽ കോളേജ്, ജില്ലാശുപത്രി, താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ശരിയായ ചികിത്സാ സംവിധാനങ്ങളില്ല, മെഡിക്കൽ കോളേജിൽ

അനുബന്ധ സൗകര്യങ്ങളില്ല, ഐ.പി. സംവിധാനമില്ല, സ്കാൻ ചെയ്യണമെങ്കിൽ പരിയാരം മെഡിക്കൽ കോളേജിൽ പോകേണ്ട സ്ഥിതിയാണുള്ളത്. നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾ അപര്യാപ്തമാണ്. പുനരധിവാസ പദ്ധതികളെ മുഴുവൻ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെൽ രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടത് ഒരു വർഷത്തിലധികമായിട്ടും ചേർന്നിട്ടില്ല. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും കിടപ്പിലായ എൻഡോസൾഫാൻ ദുരിതബാധിതർക്കും 2,200 രൂപ പെൻഷനും മറ്റുള്ള രോഗികൾക്ക് 1,200 രൂപ പെൻഷനും ലഭിക്കുന്നതാണ്. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നുവെന്നതിന്റെ പേരിൽ 500 രൂപ കിടപ്പുരോഗികളിൽനിന്നും വെട്ടിക്കുറച്ച ഒരു നടപടികൂടിയുണ്ടായിട്ടുണ്ട്. ഈ പ്രദേശത്ത് കണ്ടുവരുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ പഠിക്കാൻ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കണം. 2011-നുശേഷം ജനിക്കുന്ന കുട്ടികളെ ദുരിതബാധിതരുടെ പട്ടികയിൽപ്പെടുത്തില്ലെന്നുള്ള നിലപാട് മാറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൂടാതെ മുഖ്യമന്ത്രി വാക്ക് നൽകിയതനുസരിച്ച് 1031

പേരെ പരിശോധന നടത്തി അതിൽ അർഹരായവർക്കുകൂടി ചികിത്സാ സഹായം നൽകാനുള്ള തീരുമാനമെടുക്കുകയും പെൻഷനിൽ വെട്ടിക്കുറവ് വരുത്തിയ നടപടി പിൻവലിക്കുകയും വേണം. ഈ 1031 പേരിൽ ഒരു വീട്ടിൽ തന്നെയുള്ള രണ്ടുംമൂന്നും പേരുണ്ട്. പാവപ്പെട്ട അമ്മമാർക്ക് ഈ കുട്ടികളുടെ അടുത്തുനിന്നും മാറിനിൽക്കാൻ സാധിക്കില്ല. പക്ഷേ അവർ കുട്ടികളെ വീട്ടിലാക്കി ഇപ്പോഴും കാഞ്ഞങ്ങാട് സമരത്തിലാണ്. ജീവിക്കാൻ നിവൃത്തിയില്ലാത്തതിനാലും മരുന്നും മറ്റ് പ്രശ്നങ്ങളുമെല്ലാം അലട്ടുന്നതുകൊണ്ടും ഈ ദുരിതബാധിതരെ ലിസ്റ്റിലുൾപ്പെടുത്താത്ത വിഷയം മനുഷ്യത്വപരമായി കണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം. അർഹതയില്ലാത്ത ഒരാൾക്കുപോലും ആനുകൂല്യം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നില്ല; പക്ഷേ അർഹരായ ഒരാൾക്കുപോലും നീതി നിഷേധിക്കരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കശുമാവ് തോട്ടങ്ങളിൽ 1978 മുതൽ 2001 വരെയുള്ള

കാലഘട്ടത്തിൽ എൻഡോസൾഫാൻ കീടനാശിനി തളിച്ചത് ദോഷകരമായി ബാധിച്ച 11 ഗ്രാമപഞ്ചായത്തുകളിലെയും ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 2016 മുതൽ 2023 വരെയുള്ള കാലഘട്ടങ്ങളിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരമുള്ള 5 ലക്ഷം രൂപയുടെ ധനസഹായമുൾപ്പെടെ സംസ്ഥാന സർക്കാർ ആകെ 456,19,38,840 രൂപ 2010 മുതൽ 2017 വരെ നടത്തിയ വിവിധ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ വഴി എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 6600 വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരോട് എൽ.ഡി.എഫ്. സർക്കാർ എന്നും അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഇതിൽനിന്നും വ്യക്തമാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചത് ഡി.വൈ.എഫ്.ഐ. എന്ന യുവജന

സംഘടനയാണ്. എൻഡോസൾഫാൻ ദുരന്തത്തിന് കാരണമായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട തിരുവനന്തപുരം സബ് കോടതി മുമ്പാകെ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സൗജന്യമായി ചികിത്സയും സ്പെഷ്യലിസ്റ്റ് സേവനങ്ങളും മരുന്നുകളും തെറാപ്പികളുമുൾപ്പെടെയുള്ള ചികിത്സാ സംബന്ധിയായ എല്ലാ സൗകര്യങ്ങളും നൽകിവരുന്നുണ്ട്. അതുകൂടാതെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ 10 ബഡ്സ് സ്കൂളുകളിൽ ആവശ്യമായ ആധുനിക സൗകര്യങ്ങളൊരുക്കി ഓരോ കുട്ടിയുടെയും വ്യക്തിഗത പുനരധിവാസ പദ്ധതിയനുസരിച്ച് സേവനം ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളായി ഉയർത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 6 ബഡ്സ് സ്കൂളുകളെ എം.സി.ആർ.സി.-കളായി ഉയർത്തുകയും ബാക്കി 4 ബഡ്സ് സ്കൂളുകളെ എം.സി.ആർ.സി.-കളാക്കി ഉയർത്തുന്നതിന്റെ

നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫെബ്രുവരി അവസാന വാരം ഈ നാലെണ്ണം കൂടി തുറന്നുകൊടുക്കുന്നതോടെ ജില്ലയിലെ 10 സ്കൂളുകളും മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററാകും.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുരോഗതി ലക്ഷ്യമാക്കി വിഭാവനം ചെയ്ത കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസഗ്രാമത്തിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചു. ക്ലിനിക്കൽ സൈക്കോളജി ബ്ലോക്ക്, കൺസൾട്ടിംഗ് ആൻഡ് ഹൈഡ്രോ തെറാപ്പി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയായിട്ടുള്ളത്. ഫെബ്രുവരി അവസാനവാരം ഇവ തുറന്നുകൊടുക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ കാസർഗോഡ് ജില്ലയ്ക്ക് മുന്തിയ പ്രാധാന്യം നൽകിക്കൊണ്ട് ഈ സർക്കാരിന്റെ കാലയളവിൽ രണ്ട് ന്യൂറോളജിസ്റ്റിന്റെ തസ്തികകൾ സൃഷ്ടിക്കുകയും അതിനുള്ള പരിശോധനാ സംവിധാനം ഒരുക്കുകയുമുണ്ടായി.

കാഞ്ഞങ്ങാട് ജില്ലാശുപത്രിയിലെ കാത്ത് ലാബിന്റെയും കാഞ്ഞങ്ങാട് അമ്മയും കുഞ്ഞും ആശുപത്രിയുടെയും നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ആശുപത്രി സ്ഥിതി ചെയ്യുന്നിടത്ത് സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിന് തീരുമാനിച്ചതനുസരിച്ച് റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ളതും കെട്ടിടനിർമ്മാണത്തിനായി 23 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് മന്ദഗതിയിലായിരുന്ന കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ ഊർജ്ജിതമാക്കുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്നും മെഡിക്കൽ കോളേജിന്റെ അനുബന്ധ നിർമ്മാണ പ്രവൃത്തികൾക്കായി 160 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പുതിയ സർക്കാർ നഴ്സിംഗ് കോളേജ് അനുവദിക്കുകയും മെഡിക്കൽ കോളേജിൽ ഒ.പി. പ്രവർത്തനമാരംഭിക്കുകയും കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയുമാണ്. ആരോഗ്യവകുപ്പ് ഒട്ടനവധി നടപടികൾ അവിടെ സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിശദാംശങ്ങളും ഇവിടെ പറയുന്നില്ല.

എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ പുതിയ ആളുകളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി 2022 ഡിസംബറിൽ അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 20000 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പുതുതായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളവർക്ക് അതത് സമയങ്ങളിൽ അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സൗകര്യമുണ്ടെന്ന കാര്യംകൂടി അറിയിക്കുന്നു.

(2) ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം

ശ്രീ. പി. നന്ദകുമാർ: സർ, നമ്മുടെ തൊഴിൽ സേനയിൽ വലിയൊരു വിഭാഗമായി മാറിക്കൊണ്ടിരിക്കുന്നവരാണ് ഗിഗ്ഗ് തൊഴിലാളികൾ. ഇന്ത്യയിൽ 23 ദശലക്ഷത്തിലധികം തൊഴിലാളികൾ ഈ മേഖലയിൽ ഇന്ന് തൊഴിലെടുക്കുന്നുണ്ട്. ഇന്ത്യൻ ഗിഗ്ഗ് ഇക്കോണമിയിൽ 455 ബില്യൺ ഡോളറിന്റെ വ്യാപാരമാണ് ഇവർ കൈകാര്യം ചെയ്യുന്നത്. കേരളത്തിലും അതിവേഗത്തിൽ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഗിഗ്ഗ് തൊഴിലാളികളുടെ അവസ്ഥയെ സംബന്ധിച്ച് വി.വി. ഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠനം നടത്തിയിട്ടുണ്ട്. നവലിബറൽ കാലഘട്ടത്തിന്റെ സംഭാവനയാണ് ഈ തൊഴിൽ മേഖല. വീടുകളിൽ ഭക്ഷണ സാധനങ്ങൾ, മരുന്ന്, മറ്റ് ഉല്പന്നങ്ങൾ എന്നിവ എത്തിക്കൽ, ഓൺലൈൻ ടാക്സി, ഐ.ടി. തുടങ്ങിയ നിരവധി മേഖലകളിൽ ഇവർ ജോലി ചെയ്യുന്നുണ്ട്. ആമസോൺ, സൊമാറ്റോ, സ്വിഗ്ഗി, ഫ്ലിപ്കാർട്ട്, യൂബർ, Ola തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഇന്ന് നമ്മുടെ നാട്ടിലും സജീവമായിട്ടുണ്ട്. കമ്പനി പാർട്ണർമാരെന്നാണ് ഇവരെ വിളിക്കുന്നത്. ഇവരുടെ ഉടമ ആരാണെന്ന്

ഒരു തൊഴിലാളിക്കും അറിയില്ല. ഇവർ ഉപയോഗിക്കുന്ന വാഹനം, യൂണിഫോം, മൊബൈൽ ഫോൺ, തൊഴിൽ ബാഗ് എന്നിവയെല്ലാം സ്വന്തമായി പണം മുടക്കി വാങ്ങുന്നതാണ്. ഇവർക്ക് നിശ്ചിത തൊഴിൽ സമയമില്ല. പ്രാഥമികാവശ്യത്തിനുള്ള സൗകര്യം പോലുമില്ല. ഒരുതരത്തിലുള്ള സുരക്ഷിതത്വമോ നിയമ വ്യവസ്ഥയോ ഇവർക്ക് ബാധകമല്ല. ലക്ഷക്കണക്കിന് വരുന്ന ഈ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവർക്ക് സുരക്ഷിതത്വം ഏർപ്പെടുത്തുന്നതിനും ഒരു നിയമനിർമ്മാണം കൊണ്ടുവരികയെന്നത് ഒരു ജനാധിപത്യ സർക്കാരിനെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. അവർക്കുള്ള ക്ഷേമ പദ്ധതികൾക്ക് രൂപം നൽകണം. അതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വളരുന്ന സമ്പദ്വ്യവസ്ഥയിലും ആധുനിക സേവന മേഖലയിലും ഒഴിച്ചുകൂടാനാകാത്ത ഒരു പ്രധാന വിഭാഗമാണ് ഗിഗ്ഗ് വർക്കർമാർ. സമ്പദ്

വ്യവസ്ഥയിൽ അവരുടെ പ്രാധാന്യവും ആധുനിക ജീവിതം പ്രയാസരഹിതമാക്കിത്തീർക്കുന്നതിൽ അവർക്കുള്ള പങ്കും സർക്കാർ തിരിച്ചറിയുന്നുണ്ട്. പാർലമെന്റ് പാസ്സാക്കിയ സോഷ്യൽ സെക്യൂരിറ്റി കോഡ് 2020-ന്റെ വകുപ്പ് 2 (35) പ്രകാരം പരമ്പരാഗതമായ തൊഴിലാളി-തൊഴിൽ ഉടമ ബന്ധമില്ലാത്ത, ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് അതിൽനിന്നും വരുമാനം കണ്ടെത്തുന്ന തൊഴിലാളികളെ ഗിഗ് വർക്കർ തൊഴിലാളികളെന്നും വകുപ്പ് 2(60) പ്രകാരം പരമ്പരാഗതമായ തൊഴിലാളി-തൊഴിലുടമ ബന്ധത്തിന്റെ പരിധിക്ക് പുറത്ത് വ്യക്തികളോ ഓർഗനൈസേഷനുകളോ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ചുകൊണ്ട് മറ്റുള്ള ഓർഗനൈസേഷനുമായോ വ്യക്തികളുമായോ ബന്ധം സ്ഥാപിച്ച് പ്രത്യേക സേവനങ്ങൾ പ്രദാനം ചെയ്യുകയോ പ്രശ്നങ്ങൾ പരിഹരിച്ച് കൊടുക്കുകയോ ചെയ്യുന്ന തരം തൊഴിലിനെ പ്ലാറ്റ് ഫോം തൊഴിലെന്നും ഇതേ നിയമത്തിലെ വകുപ്പ് 2 (61) പ്രകാരം ഇത്തരം തൊഴിൽ ചെയ്യുന്നവരെ പ്ലാറ്റ്ഫോം തൊഴിലാളികളെന്നും നിർവ്വചിച്ചിട്ടുണ്ട്. മേൽ രണ്ടുവിഭാഗം തൊഴിലാളികൾക്കും വേണ്ടി വകുപ്പ് 113 പ്രകാരം ഒരു രജിസ്ട്രേഷൻ

സംവിധാനവും വകുപ്പ് 114 പ്രകാരം ഇത്തരം തൊഴിലാളികൾക്കായി കേന്ദ്ര സർക്കാരിന് ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കാനാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കോഡിന്റെ വകുപ്പ് 6(1) പ്രകാരം രൂപീകരിക്കുന്ന നാഷണൽ സോഷ്യൽ സെക്യൂരിറ്റി ബോർഡിനായിരിക്കും ഗിഗ് ആൻഡ് പ്ലാറ്റ്ഫോം വർക്കേഴ്സ് ക്ഷേമ പദ്ധതികളുടെ നടത്തിപ്പ് ചുമതലയെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സോഷ്യൽ സെക്യൂരിറ്റി കോഡ് 2020 നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. ആയതിനാൽ ഗിഗ് വർക്കർമാരുടെയും അവർക്ക് തൊഴിൽ നൽകുന്ന പ്രാഥമിക തൊഴിലുടമകളുടെയും ക്രമീകരണത്തിന് നിലവിൽ ഒരു നിയമവുമില്ല. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന വിഭാഗമാണെങ്കിലും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതി അംഗീകരിച്ചിട്ടുള്ള തൊഴിൽ ദിനങ്ങളിൽ ഗിഗ് വർക്കേഴ്സിനെ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ ഗിഗ് വർക്കർമാരുടെ തൊഴിൽ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും തൊഴിൽ നിലവാരവും ക്ഷേമ പ്രവർത്തനങ്ങളും ഉറപ്പുവരുത്തിയും അവരുടെ സേവന-വേതന വ്യവസ്ഥകൾ

ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമായി സർക്കാർ കാണുകയാണ്. ടി തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യങ്ങൾക്കുവേണ്ടി ഒരു ക്ഷേമനിധിയും ക്ഷേമനിധി ബോർഡും രൂപീകരിക്കുന്നതിനായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സ് രജിസ്ട്രേഷനും ക്ഷേമവും ബിൽ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ബില്ലിലൂടെ പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാരുടെയും അഗ്രഗേറ്റർമാരുടെയും പ്രാഥമിക തൊഴിൽ ഉടമകളുടെയും രജിസ്ട്രേഷൻ ചുമതലകൾ പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാർക്കുവേണ്ടിയുള്ള തർക്കപരിഹാര സംവിധാനവും ക്ഷേമനിധിയും സെസ്സും ആകൂടിലെ വ്യവസ്ഥകൾ ലംഘിച്ചാലുള്ള ശിക്ഷകൾ, കുറ്റങ്ങൾ തീർപ്പാക്കൽ എന്നിവയും ഉൾപ്പെടുത്താവുന്നതാണ്. പ്രസ്തുത ബില്ലിൽ അഗ്രഗേറ്റർ എന്നാൽ വാങ്ങുന്ന ആളിനുവേണ്ടിയുള്ള ഒരു ഡിജിറ്റൽ ഇടനിലയോ അല്ലെങ്കിൽ വിൽപ്പനക്കാരനുമായി ബന്ധപ്പെടുന്നതിനുവേണ്ടി ഒരു സേവനം

ഉപയോഗിക്കുന്ന ആളോ അല്ലെങ്കിൽ സേവന ദാതാവോയെന്ന് അർത്ഥമാക്കുന്നതിലും അതിൽ സേവനം നൽകുന്നതിനുവേണ്ടിയുള്ള ഒന്നോ അല്ലെങ്കിൽ ഒന്നിലധികമോ അഗ്രഗേറ്ററിനെ നിയന്ത്രിക്കുന്ന ഏതെങ്കിലും ഒരു സ്ഥാപനം ഉൾപ്പെടുന്നതുമാണ്. കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷൻ ക്ഷേമവും) ബിൽ നിയമമാകുന്ന മുറയ്ക്ക് ഗിഗ് വർക്കർ പ്ലാറ്റ്ഫോം തൊഴിലാളികൾ എന്നിവരുടെ സുരക്ഷിതത്വം, ക്ഷേമം, രജിസ്ട്രേഷൻ എന്നിവ ഉറപ്പുവരുത്തുവാൻ സാധിക്കുന്നതുമാണ്. കേരളത്തിൽ ഇതുവരെ ഈ രംഗത്ത് വർക്ക് ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം ആരും കണക്കാക്കിയിട്ടില്ല. ഈ രംഗത്ത് വനിതകൾ ഉൾപ്പെടെ ലക്ഷക്കണക്കിന് ചെറുപ്പക്കാരാണ് പ്രവർത്തിക്കുന്നത്. അവർക്ക് ഒരു സംരക്ഷണവും ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച ഈ സബ്മിഷൻ വർത്തമാന കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അതുകൊണ്ട് കേരളത്തിൽ ഈ നിലയിൽ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്നത് സംബന്ധിച്ച കണക്കെടുക്കാൻ

ലേബർ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നഗരങ്ങളിൽ തണലുള്ള പ്രദേശങ്ങളിൽ ധാരാളം തൊഴിലാളികൾ ഓർഡർ ലഭിക്കുന്നതിനുവേണ്ടി ഇരുചക്രവാഹനങ്ങളിൽ കാത്തുനിൽക്കുന്ന സ്ഥിതി നമുക്ക് കാണാൻ സാധിക്കും. ഇവർക്കുവേണ്ടി നിയമനിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്. മറ്റ് വിധത്തിലുള്ള സംരക്ഷണങ്ങൾ നൽകുന്നതും ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന കാര്യംകൂടി ഞാൻ അറിയിക്കുകയാണ്.

(3) കുത്തുപറമ്പ് ഉപജില്ല വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. കെ. പി. മോഹനൻ: സർ, കുത്തുപറമ്പ് ഉപജില്ല വിദ്യാഭ്യാസ ഓഫീസ് കെട്ടിടം ഏതുസമയത്തും തകർന്നുവീഴുന്ന നിലയിലായിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിദഗ്ധർ പരിശോധിച്ച് അൺഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഒരു വർഷത്തിലധികമായി വാടക കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചുവരുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള 15.5 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതിയ

കെട്ടിടം പണിയുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കമെന്നതാണ് എന്റെ സബ്മിഷൻ. പ്രസ്തുത ആവശ്യത്തിനായി 18-07-2022-ൽ 323/കെ.പി.ബി.എ./2022 പ്രകാരം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഒരു കത്ത് നൽകിയിരുന്നു. കുത്തുപറമ്പ് എ.ഇ.ഒ. ഉചിത മാർഗ്ഗേന പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സെക്ഷനിൽ ഇതുസംബന്ധിച്ച നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി കുത്തുപറമ്പ് ഉപജില്ല വിദ്യാഭ്യാസ ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി ഫണ്ടനുവദിച്ചിട്ടില്ല. കുത്തുപറമ്പ് ഉപജില്ല വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള 72 പ്രൈമറി വിദ്യാലയങ്ങളുടെയും 7 ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രസ്തുത ഓഫീസിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, എ.ഇ.ഒ., ഡി.ഇ.ഒ. എന്നിവ ഏറെ പ്രാധാന്യമുള്ള ഓഫീസുകളാണ്. ഭൂരിപക്ഷം വരുന്ന എ.ഇ.ഒ.-മാർക്കും ഡി.ഇ.ഒ.-മാർക്കും സഞ്ചരിക്കുന്നതിന് വാഹനങ്ങളില്ല. വിദ്യാലയങ്ങളിൽ ഇൻസ്പെക്ഷന് പോകുന്നതും അവരുടെ സ്വന്തം വാഹനങ്ങളിലാണ്. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ഉപജില്ല വിദ്യാഭ്യാസ ആഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പ്രവർത്തനക്ഷമമല്ലെന്ന പൊതുമരാമത്ത് വകുപ്പിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്ന് കണ്ണൂർ ഉപജില്ല വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും 1,03,44,000 രൂപയുടെ എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ട്. എന്നാൽ നിലവിൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളുടെ നിർമ്മാണത്തിന് ഒരു ശീർഷകത്തിലും പൊതുവിദ്യാഭ്യാസ വകുപ്പിന്

2023-24 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കുഞ്ഞുപറമ്പ് ഉപജില്ല വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമം കൂട്ടായി നടത്താമെന്നാണ് സൂചിപ്പിക്കാനുള്ളത്.

(4) കുരിയാടിയിൽ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ ഹാർബർ പുനരുദ്ധാരണവും

ശ്രീമതി കെ. കെ. രമ: സർ, ഫിഷിംഗ് ഹാർബറുകളുടെ കുറവും നിലവിലെ ഫിഷിംഗ് ഹാർബറുകൾ നവീകരിക്കാത്തതിനാലും വടകര നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. തിക്കോടി മുതൽ ധർമ്മടം വരെയുള്ള ഏകദേശം അയ്യായിരത്തോളം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ആയിരക്കണക്കിന് മറ്റ് തൊഴിലാളികളും ഉപജീവനം നടത്തിവരുന്ന കേരളത്തിലെ പ്രധാനപ്പെട്ട മത്സ്യബന്ധന തുറമുഖങ്ങളിലൊന്നാണ് ചോമ്പാൽ ഹാർബർ. എന്നാൽ ഇന്ന് ഈ ഹാർബർ

പരാധീനതകളുടെ നടുവിലാണ്. ഇവിടെ കാലങ്ങളായി യഥാസമയം മെയിന്റനൻസ് നടക്കുന്നില്ല. മൂന്നുവർഷത്തിലധികമായി ഡ്രഡ്ജിംഗ് നടക്കാത്തതുകാരണം തോണി മറിഞ്ഞുള്ള അപകടങ്ങൾ പതിവാണ്. ഇവിടെത്തെ ഫിംഗർ ജെട്ടിയുടെ നിർമ്മാണം അശാസ്ത്രീയമായതിനാൽ അറ്റകുറ്റപ്പണികൾക്കായി ബോട്ടുകൾ കരയിലേയ്ക്ക് കയറ്റാനോ കരയിൽനിന്നും വെള്ളത്തിലേയ്ക്കിറക്കാനോ സാധിക്കുന്നില്ല. അതുപോലെ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വലകളുടെയും മറ്റ് ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്താനും സാധിക്കുന്നില്ല. കടലിലും കടൽത്തീരത്തുംവച്ച് അപകടത്തിൽപ്പെടുന്നവർക്ക് പ്രഥമ ശുശ്രൂഷ നൽകാനുള്ള സംവിധാനംപോലും ഇവിടെയില്ല. ഹാർബറിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നൊരു ആരോഗ്യ സബ്സെന്റർ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. ഇക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ തീരമേഖലയിലുണ്ടാകാറുള്ള ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കാനായി

ശക്തമായൊരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കണമെന്നും ഐസ് പ്ലാന്റും മാലിന്യ നിർമ്മാർജ്ജനത്തിനായി സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റും ഉടൻതന്നെ പ്രവർത്തനക്ഷമമാക്കണമെന്നുമുള്ള ആവശ്യവുമുണ്ട്. കൂടാതെ ഹാർബർ പ്രദേശത്ത് ആവശ്യമായ വെളിച്ചമില്ലാത്തതിനാൽ രാത്രികാലങ്ങളിൽ മയക്കുമരുന്ന് ഉപയോഗംപോലുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിക്കുകയാണ്. വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം, ഡീസൽ ബങ്ക് എന്നിങ്ങനെ ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സുഗമമായി ചെയ്യുന്നതിനാവശ്യമായ നിരവധി ആവശ്യങ്ങളാണ് ചോമ്പാൽ ഹാർബറുമായി ബന്ധപ്പെട്ടുള്ളത്. വടകരയിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മറ്റൊരു പ്രധാന പ്രദേശമായ കുരിയാടിയിൽ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കണമെന്നത് കാലങ്ങളായിട്ടുള്ള ആവശ്യമാണ്. ഇവിടെ തുറമുഖം നിർമ്മിക്കുന്നത് സംബന്ധിച്ച പഠനം നടത്താനായി 2015-ൽ 59 ലക്ഷം രൂപ അനുവദിക്കുകയും അതിന്റെ പഠനം നടന്നുവരികയാണെന്നുമാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ പ്രസ്തുത പഠനം നിർത്തിവയ്ക്കാൻ

തീരുമാനിച്ചിരിക്കുന്നുവെന്നാണ് ഇപ്പോൾ അറിയുന്നത്. ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. പഠനം പൂർത്തിയാക്കി കുരിയാടി മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കാനാവശ്യമായ അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ പ്രശ്നങ്ങളെല്ലാം തീരദേശവാസികൾ വളരെ വിശദമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനാൽ അദ്ദേഹത്തിന് ഇക്കാര്യങ്ങൾ അറിയാവുന്നതാണ്. ഈ രണ്ട് ഹാർബറുകളുടെ കാര്യത്തിലും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വടകര നിയോജകമണ്ഡലത്തിലെ ചോമ്പാൽ മത്സ്യബന്ധന തുറമുഖം 1999-ലാണ് കമ്മീഷൻ ചെയ്തത്. പ്രധാനമായും പരാമ്പരാഗത വള്ളങ്ങൾക്കും ഒ.ബി.എം. ഘടിപ്പിച്ച വള്ളങ്ങൾക്കും വേണ്ടിയാണ് ഈ തുറമുഖം നിർമ്മിച്ചത്. നിർമ്മാണശേഷം പല ഘട്ടങ്ങളിലായി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാർക്കിംഗ് ഏരിയ,

ലോ ലെവൽ ജെട്ടി എന്നിവ വികസിപ്പിച്ചിട്ടുണ്ട്. പരിപാലനത്തിന്റെ ഭാഗമായുള്ള ഡ്രഡ്ജിംഗ് പ്രവൃത്തി മൂന്നുമുതൽ നാല് വർഷം കൂടുമ്പോഴാണ് നടത്താറുള്ളത്. അവസാനമായി ഡ്രഡ്ജിംഗ് നടത്തിയത് 2021 ജൂൺ മാസത്തിലാണ്. ഫിഷിംഗ് ഹാർബർ ബേസിൻ മുഴുവനായി ഡ്രഡ്ജ് ചെയ്യുന്നതിന് 5.25 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. 25-08-2023-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പദ്ധതിക്ക് അംഗീകാരം നൽകിയതിനെത്തുടർന്ന് PMMSY (Pradhan Mantri Matsya Sampada Yojana) -ൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകാരത്തിനായി 5-9-2023-ലെ B1/250/2023/F&PD നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലെ ഫിംഗർ ജെട്ടി നിലവിൽ മത്സ്യത്തൊഴിലാളികൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ഫിംഗർ ജെട്ടിയിലേയ്ക്ക് വാഹനങ്ങൾ കയറ്റുന്നതിന് വിലക്കുണ്ട്. വാഹനങ്ങൾ ജെട്ടിയിൽനിന്നും വെള്ളത്തിലേയ്ക്ക്

മറിയാനുള്ള സാധ്യത കൂടുതലായതിനാലാണ് സ്റ്റെപ്പുകൾ നിർമ്മിച്ച് ഗതാഗതം നിരോധിച്ചിരിക്കുന്നത്. നിലവിലുള്ള സ്റ്റെപ്പുകൾക്ക് പകരം റാമ്പുകൾ നിർമ്മിക്കാൻ മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സുരക്ഷാകാരണങ്ങളാൽ പ്രസ്തുത ആവശ്യം അംഗീകരിക്കാൻ സാധിക്കില്ല. നിലവിൽ ആരോഗ്യ വകുപ്പിന്റെ ജനകീയ ആരോഗ്യ കേന്ദ്രം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആരോഗ്യ കേന്ദ്രം നിർമ്മിക്കാനുള്ള നടപടി ആരോഗ്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഓഫീസ് കെട്ടിടത്തിലാണ് കോസ്റ്റൽ പോലീസ് പ്രവർത്തിക്കുന്നത്. കോസ്റ്റൽ പോലീസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ്. പഴയ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിന് അർദ്ധസർക്കാർ സ്ഥാപനമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ചോമ്പാൽ ഹാർബറിന് സമീപത്തായി ധാരാളം സ്വകാര്യ ഐസ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നതിനാൽ ഐസിന്

ക്ഷാമം നേരിടുന്നില്ല. ഐസ് പ്ലാന്റ് ആൻഡ് കോൾഡ് സ്റ്റോറേജ് കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് മത്സ്യഫെഡുമായി കൂടിയാലോചന നടന്നുവരുന്നു. ഹാർബറിലെ വെളിച്ചക്കുറവ് പരിഹരിക്കുന്നതിന് 15 ലക്ഷം രൂപയുടെ പ്രവൃത്തി ഇതിനോടകം ടെണ്ടർ ചെയ്തു, പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. ചോമ്പാൽ ഹാർബറിൽ ഡീസൽ-മണ്ണെണ്ണ ബങ്ക് സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനും മത്സ്യഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുരിയാടി എന്ന പ്രദേശം ചോമ്പാൽ ഹാർബറിൽനിന്നും 7 കിലോമീറ്റർ മാത്രം അകലെയാണ് സ്ഥിതി ചെയ്യുന്നത്. പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ആവശ്യം മുൻനിർത്തി ഇവിടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന ഒരു ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിച്ചിട്ടുണ്ട്. ഇതൊരു മത്സ്യബന്ധന തുറമുഖമായി വിപുലീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. ധാരാളം അന്വേഷണ-ഗവേഷണ പഠനങ്ങൾക്കുശേഷം മാത്രമേ ഇവിടെ ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ

സാധിക്കുകയുള്ളൂ. 59 ലക്ഷം രൂപ ഭരണാനുമതി നൽകിയെന്നത് ശരിയാണ്. നിരവധി പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി പൂർത്തീകരിച്ചുകഴിഞ്ഞു. നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ പോലുള്ള ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ കഴിയൂവെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. ഈ പദ്ധതിയുടെ പ്രത്യേക ഡി.പി.ആർ. ഗവൺമെന്റിന് സമർപ്പിക്കാൻ ഫിഷറീസ് വകുപ്പ് തീരുമാനിക്കുകയും അതിന്റെ പ്രാഥമിക എസ്റ്റിമേറ്റ് 10 ദിവസത്തിനകം കൊടുക്കാനുള്ള തീരുമാനമെടുത്ത് പ്ലാൻ ചെയ്തുകൊണ്ടിരിക്കുകയുമാണ്. കേന്ദ്ര ഗവൺമെന്റുമായി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ഇതിന് പൂർണ്ണമായ സഹായം ലഭ്യമാക്കാമെന്ന ഉറപ്പും വാങ്ങിയിട്ടുണ്ട്.

(5) പനച്ചിക്കാട് സപ്ലൈകോ ഔട്ട്‌ലെറ്റിന്റെ തുടർപ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം നിയോജകമണ്ഡലത്തിലെ പനച്ചിക്കാട് പഞ്ചായത്തിൽ കഴിഞ്ഞ 12 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സപ്ലൈകോയുടെ ഔട്ട്‌ലെറ്റ്

അടച്ചുപൂട്ടാൻ പോകുന്നുവെന്ന വിവരം ലഭിച്ചതായാണ് ഞാൻ മനസ്സിലാക്കുന്നത്. വേറെ കെട്ടിടം അന്വേഷിക്കണമെന്ന് ചില ആളുകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയിൽ ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ നിലവിലുള്ള ചെറിയ സൗകര്യമെങ്കിലും തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടിയെടുക്കണമെന്നും അടച്ചുപൂട്ടാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ അത് നിർത്തിവയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം വളരെ ഗൗരവമായാണ് സർക്കാർ കണക്കിലെടുത്തിട്ടുള്ളത്. കോട്ടയം സപ്ലൈകോ ഡിപ്പോയുടെ കീഴിലുള്ള പനച്ചിക്കാട് പഞ്ചായത്തിലെ പരുത്തുംപാറ സൂപ്പർ മാർക്കറ്റ് നിലവിൽ പ്രവർത്തിക്കുന്നത് 1440 ചതുരശ്രയടി വിസ്തീർണ്ണമുള്ള വാടക കെട്ടിടത്തിലാണ്. വിറ്റുവരവ് വളരെക്കുറവായ നിലവിലെ സാഹചര്യത്തിൽ ഇത്തരം വിൽപ്പനശാലകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക നൽകുന്നത് സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നു.

പ്രസ്തുത സാഹചര്യത്തിലാണ് കുറഞ്ഞ വിസ്തൃതിയുള്ള അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് സൂപ്പർ മാർക്കറ്റ് മാറ്റുന്നതിനുള്ള സാധ്യത പരിശോധിച്ചത്. എന്നാലും പ്രസ്തുത സൂപ്പർ മാർക്കറ്റ് പനച്ചിക്കാട് പഞ്ചായത്തിലെ ഒരേയൊരു സപ്ലൈകോ വിൽപ്പനശാലയാണെന്നുള്ളത് പരിഗണിച്ച് അത് നിലനിർത്തുന്നതിന് പഞ്ചായത്തിന്റെകൂടി സഹകരണം സപ്ലൈകോ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ വിൽപ്പനകൂടി പരിഗണിച്ച് പഞ്ചായത്തുമായി ചർച്ച നടത്തി ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(6) കർഷകർക്ക് ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം

ശ്രീ. എം. വിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം വില്ലേജിലെ കയ്യംതടം പ്രദേശത്ത് നാൽപ്പതോളം കർഷക കുടുംബങ്ങൾ 1903-നും 1964-നും ഇടയിൽ ഭൂമി രജിസ്റ്റർ ചെയ്ത് ആധാരങ്ങളുള്ളവരും പട്ടയം ലഭിച്ച് നിയമാനുസൃതം കൈവശം വച്ച് ഭൂനികുതി അടച്ചുവരുന്നവരുമായിരുന്നു. എന്നാൽ 1995-ൽ ഈ വില്ലേജിൽ റീസർവ്വേ നടത്തി റിക്കാർഡുകൾ പ്രസിദ്ധീകരിച്ചപ്പോൾ കൈവശക്കാരുടെ

ഭൂമിയെല്ലാം മിച്ചഭൂമിയിൽപ്പെട്ടതാണെന്ന് രേഖപ്പെടുത്തുകയുമുണ്ടായി. ഇതിനെത്തുടർന്ന് അവിടത്തെ കർഷകർ 11-04-2022-ന് ലാൻഡ് ബോർഡിനെ സമീപിക്കുകയും ഭൂമിയെല്ലാം യഥാർത്ഥ കൃഷിക്കാരുടേതാണെന്ന ഉത്തരവ് വരികയുമുണ്ടായി. എന്നാൽ റവന്യൂ അധികാരികൾ ഭൂനികുതി വാങ്ങാൻ തയ്യാറാകാത്തതിനെത്തുടർന്ന് അവർ ഗവൺമെന്റിനെ സമീപിച്ചു. 03-03-2015-ന് ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും നിലവിൽ കേസ് നടന്നുവരികയുമാണ്. 2015-ൽ രജിസ്റ്റർ ചെയ്ത കേസിന്റെ തുടർനടപടികളൊന്നുമുണ്ടായിട്ടില്ല. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടാകണമെന്നും കൈവശ കൃഷിക്കാർ യഥാർത്ഥ ഉടമകളാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നുമാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നയിച്ച നവകേരളസദസ്സിൽ പ്രത്യേക പരാതി ലഭ്യമായ വിഷയമാണിത്.

പട്ടുവം വില്ലേജിലെ കയ്യംതടം പ്രദേശത്ത് ഭൂമി കൈവശം വച്ചുവരുന്ന കർഷക കുടുംബങ്ങൾക്ക് മിച്ചഭൂമി പട്ടയം നൽകാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. എന്നാൽ പ്രസ്തുത ഭൂമി മിച്ചഭൂമിയല്ലെന്ന താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ പതിവ് നടപടി തുടരാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. 1995-ൽ പട്ടുവം വില്ലേജിൽ റീസർവ്വേ നടന്നതിനെത്തുടർന്ന് പ്രസ്തുത സ്ഥലം ശ്രീ. പ്രിനി നമ്പൂതിരിയിൽനിന്ന് ഏറ്റെടുത്ത മിച്ചഭൂമിയിലുൾപ്പെട്ടതാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ തളിപ്പറമ്പ് താലൂക്ക് ലാൻഡ് ബോർഡിലെ 02-02-2011-ലെ TLB 1636/73/TBA ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം മിച്ചഭൂമിയിൽപ്പെട്ടതല്ലെന്ന് ഉത്തരവാകുകയുണ്ടായി. ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കുന്നതിനായി താലൂക്ക് സർവ്വേയർ സ്ഥലപരിശോധന നടത്തിയതിൽ മുൻ സർവ്വേ നമ്പർ 67/2-A-യിൽപ്പെട്ടതും റീസർവ്വേ നമ്പർ 80, 81-ൽപ്പെട്ടതുമായ മിച്ചഭൂമിതന്നെയാണ് കക്ഷികൾ കൈവശം വച്ചുവരുന്നതെന്ന് കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിലാണ് താലൂക്ക് ലാൻഡ് ബോർഡിന്റെ 02-02-2021-ലെ ഉത്തരവിനെതിരെ

സർക്കാർ ഹൈക്കോടതിയിൽ CRP 126/2015 ആയി റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, അത് ഇതുവരെ തീർപ്പാക്കിയിട്ടില്ലാത്തതുമാണ്. ഒരു ഘട്ടത്തിൽ ഹൈക്കോടതിയിലുള്ള റിവിഷൻ പെറ്റീഷൻ പിൻവലിച്ച് കൈവശ ഭൂമിക്ക് പട്ടയം നൽകാനാകുമോയെന്ന് റവന്യൂ വകുപ്പ് പരിശോധിച്ചിരുന്നു. എന്നാൽ റിവിഷൻ ഹർജി പിൻവലിച്ചാൽ മിച്ചഭൂമിയല്ലെന്നുള്ള താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് അനുസരിക്കേണ്ടി വരുമെന്നും അത്തരം സാഹചര്യത്തിൽ പട്ടയം നൽകാൻ സാധിക്കില്ലെന്നും നിയമ വകുപ്പ് ഉപദേശം നൽകുകയുണ്ടായി. ആയതിനാൽ റിവിഷൻ ഹർജി പിൻവലിക്കരുതെന്നാണ് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഭൂമി മിച്ചഭൂമിയല്ലെന്നുള്ള താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് നിലനിൽക്കുന്നിടത്തോളം ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമിയിലെ കൈവശക്കാരെന്ന നിലയിൽ പട്ടയം നൽകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് എത്രയുംവേഗം തീർപ്പാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം പല ഘട്ടങ്ങളിലായി നിയമസഭയിലുൾപ്പെടെ ഉന്നയിച്ചിട്ടുള്ളതാണ്. നവകേരള സദസ്സിൽ ലഭ്യമായ പരാതിയുടെകൂടി അടിസ്ഥാനത്തിൽ വളരെ ആഴത്തിൽ ഈ പ്രശ്നം പരിശോധിക്കുകയുണ്ടായി. ലാൻഡ് ട്രിബ്യൂണലുകൾ നൽകിയിട്ടുള്ള ക്രയസർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള വിവിധ രേഖകളുടെ അടിസ്ഥാനത്തിലാണ് കർഷകർ ഭൂമി കൈവശംവച്ചിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ രേഖകൾ പരിശോധിച്ചും കൈവശത്തിന്റെ അടിസ്ഥാനത്തിലും ഭൂമിക്ക് കരം ഒടുക്കി നൽകാനുള്ള നിർദ്ദേശം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ വളരെ വേഗത്തിൽത്തന്നെ തീരുമാനമെടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(7) റെഡ്‌ലേറ്റുകളും ഷട്ടറുകളും പ്രവർത്തനക്ഷമമാക്കൽ

ശ്രീ. കെ. വി. സുമേഷ്: സർ, ചിറക്കൽ-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ ശ്രദ്ധേയമായ ഒരു കാർഷിക പദ്ധതിയാണ്

കാട്ടാമ്പള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്. ആ റെഗുലേറ്ററിന്റെയും ഷട്ടറുകളുടെയും പ്രവർത്തനം ഇപ്പോൾ തകരാറിലായിരിക്കുകയാണ്. 1957-ൽ ചർച്ച ആരംഭിച്ചെങ്കിലും 1966-ഓടെയാണ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒട്ടേറെ ജനങ്ങൾ താമസിക്കുന്ന ചിറക്കൽ, നാറാത്ത്, വളപട്ടണം എന്നീ പഞ്ചായത്തുകളിലുള്ള കൃഷിക്കാർക്ക് പ്രയോജനപ്പെടുന്ന പദ്ധതിയായാണ് ഇത് നിർമ്മിച്ചത്. പുഴയിലെ ശുദ്ധജലം ഉപ്പുവെള്ളം കയറാതെ സംരക്ഷിച്ച് കൃഷിക്കനുയോജ്യമായ നിലയിൽ വെള്ളം ലഭ്യമാക്കുന്ന ഒരു പദ്ധതിയായിരുന്നു അത്. പക്ഷെ റെഗുലേറ്ററിനും ഷട്ടറുകൾക്കുമെല്ലാം കാലപ്പഴക്കത്തിന്റെ ഭാഗമായുണ്ടായ ചോർച്ചകൾ ഇതിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. 2020-ലെ എൽ.ഡി.എഫ്. സർക്കാർ ആ പദ്ധതിക്ക് ആവശ്യമായ സിവിൽ, മെക്കാനിക്കൽ വർക്കുകൾ ടെണ്ടർ ചെയ്യുകയും അതിന്റെ ഭാഗമായി ചില കാര്യങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. പക്ഷെ പൂർണ്ണമായും ഷട്ടറുകളുടെ ചോർച്ച മാറ്റാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞാൽ ഒട്ടേറെ കൃഷിക്കാർക്ക് ഗുണപ്രദമായ പദ്ധതിയായി ഇത് മാറുമെന്നാണ്

അറിയിക്കാനുള്ളത്. ടെണ്ടറിലുൾപ്പെടെയുള്ള സാങ്കേതികമായ പ്രശ്നങ്ങളാണ് തുടർപ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇതിലിടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. വളപട്ടണം പുഴയുടെ പ്രധാന പോഷകനദിയായ കാട്ടാമ്പള്ളി പുഴയിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുക, വെള്ളപ്പൊക്കം നിയന്ത്രിക്കുക, ജലഗതാഗതം സാധ്യമാക്കുക തുടങ്ങിയ വിവിധ ഉദ്ദേശ്യങ്ങൾ ലക്ഷ്യമിട്ട് 3668 ഏക്കറിൽ കാർഷിക ഭൂമിക്ക് ഉപയുക്തമാകുന്ന രീതിയിൽ വിഭാവനം ചെയ്ത് 1958-ൽ ആരംഭിച്ച് 1966-ൽ പൂർത്തീകരിച്ച കണ്ണൂർ ജില്ലയിലെ ആദ്യത്തെ ജലസേചന പദ്ധതികളിലൊന്നാണ് കാട്ടാമ്പള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്. ഈ റെഗുലേറ്റർ-കം-ബ്രിഡ്ജിന് 6 മീറ്റർ വീതിയും 13 സ്പാനുകളുമാണുള്ളത്. വളപട്ടണം പുഴ കാട്ടാമ്പുഴ പുഴയുമായി ചേരുന്ന 400

മീറ്ററോളം വീതിയുണ്ടായിരുന്ന ഭാഗത്ത് 300 മീറ്ററോളം ദൈർഘ്യത്തിൽ പുഴയിൽ റോഡോടുകൂടി ബ്രിഡ്ജ് നിർമ്മിച്ചും ശേഷിക്കുന്ന നൂറ് മീറ്റർ ദൈർഘ്യത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിച്ചുമാണ് പദ്ധതി പൂർത്തിയാക്കിയിരുന്നത്. 2012-ൽ റെഗുലേറ്ററുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് 44 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നെങ്കിലും കരാറുകാരൻ 55 ശതമാനം അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത ടെണ്ടറിന് അംഗീകാരം നൽകാൻ സാധിച്ചില്ല. റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ കേടുവന്ന സ്റ്റീൽ ഷട്ടറുകൾ മാറ്റിസ്ഥാപിക്കുക, ഹോയിസ്റ്റിംഗ് മെക്കാനിസം മാറ്റിസ്ഥാപിക്കുക, തൂണുകൾ ബലപ്പെടുത്തുക, ഏപ്രൺ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തുക തുടങ്ങിയ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായിട്ടാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 6.70 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്. ടി പ്രവൃത്തികൾക്കായി 3 തവണ ഇ-ടെണ്ടർ ക്ഷണിക്കുകയും ഒരു തവണ ഇ-ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. എന്നാൽ

കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനാൽ മാന്വൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഇതിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 60 ശതമാനം അധികമായതിനാൽ അംഗീകാരം നൽകാനായില്ല. സൈറ്റ് കണ്ടീഷൻ പുനഃപരിശോധിച്ച് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റീൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പല മാറ്റങ്ങൾ വരുത്തി 240 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ഒരുവർഷ പൂർത്തീകരണ കാലാവധിയിൽ പ്രവൃത്തി സ്ഥലം 14-01-2022-ന് കരാറുകാരന് കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്. കാലവർഷത്തിന്റെ കാഠിന്യം കുറയുന്ന മുറയ്ക്ക് ആഗസ്റ്റ് അവസാനത്തോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് കരാറുകാർ ബോധിപ്പിച്ചിരുന്നുവെങ്കിലും പൂർത്തീകരണ കാലാവധി അവസാനിക്കുന്നതുവരെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് അനുകൂല കാലാവസ്ഥയിലും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ കരാറുകാരന്റെ

നഷ്ടോത്തരവാദിത്വത്തിൽ സിവിൽ പ്രവൃത്തികൾ റദ്ദ് ചെയ്ത് നിലവിൽ മെക്കാനിക്കൽ വിഭാഗം പ്രവൃത്തികൾ മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരികയാണ്. കരാറുകാർ ഭീമമായ തുക രേഖപ്പെടുത്തിയ സാഹചര്യത്തിൽ ആർ.സി.ബി.-യുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി വിളിച്ചുചേർത്ത 11-05-2023-ലെ പ്രവൃത്തി അവലോകന യോഗതീരുമാനപ്രകാരം റെഗുലേറ്ററിന്റെ ജലവിതാനത്തിന് താഴെവരുന്ന ഭാഗത്തെ കേടുപാടുകൾ കൃത്യമായി കണ്ടെത്തുന്നതിന് പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തി. KERI ഡയറക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ 20-10-2023-ന് സ്ഥലപരിശോധന നടത്തുകയും സോയിൽ ഇൻവെസ്റ്റിഗേഷനും സ്ട്രക്ച്ചറൽ ഇൻവെസ്റ്റിഗേഷനും നടത്തുന്നതിന് ഏകദേശം 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി വളരെപ്പെട്ടെന്ന് ഇത്തരം പ്രവൃത്തികളുടെ

ഇൻവെസ്റ്റിഗേഷനാവശ്യമായ നടപടികൾ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ സാധിക്കും. പ്രസ്തുത പ്രവൃത്തിക്ക് അടിയന്തര പ്രാധാന്യം നൽകുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(8) അമ്പലമുകൾ അയ്യൻകുഴി പ്രദേശത്തെ സ്ഥലമേറ്റെടുക്കൽ

ശ്രീ. പി. വി. ശ്രീനിജിൻ: സർ, 1962-ൽ കൊച്ചിൻ റിഫൈനറിക്കുവേണ്ടിയും 1981-ൽ HOC-ക്ക് വേണ്ടിയും എന്റെ നിയോജകമണ്ഡലത്തിലെ പുത്തൻകുരിശ് പഞ്ചായത്തിലെ അമ്പലമേട് പ്രദേശത്തെ ഭൂമി ഏറ്റെടുക്കുകയുണ്ടായി. എന്നാൽ പലപ്പോഴായി അശാസ്ത്രീയമായ രീതിയിൽ സ്ഥലം ഏറ്റെടുത്തതുകൊണ്ട് അയ്യൻകുഴി പ്രദേശത്ത് താമസിക്കുന്ന 42 കുടുംബങ്ങൾ രണ്ട് കമ്പനികളുടെയും നടുവിലായി ദുരിതത്തിലകപ്പെട്ട് ജീവിക്കുന്ന അവസ്ഥയാണ്. പല ആരോഗ്യ പ്രശ്നങ്ങളും അവർക്ക് നേരിടേണ്ടി വരുന്നുണ്ട്. വായു-ശബ്ദ-ജല മലിനീകരണവും അവിടെയുണ്ടെന്ന് ആരോഗ്യ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 40 വർഷമായി അവിടെ താമസിക്കുന്ന ആളുകൾ ഈ ബുദ്ധിമുട്ടുകൾ

അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പലപ്പോഴായി സർക്കാരിന്റെയും കോടതിയുടെയും മുമ്പിൽ ഈ പ്രശ്നം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന കർശന നിർദ്ദേശം കോടതി സർക്കാരിന് നൽകിയിരിക്കുകയാണ്. ഇതിന് കാരണക്കാരായ രണ്ട് കമ്പനികളെക്കൊണ്ടുതന്നെ ഒൻപത് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമേറിയ ഒരു വിഷയമാണ്. രണ്ട് കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ വളരെക്കാലം മുമ്പുനടന്ന ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നത്. ഇത് കുറേക്കാലമായി നിലനിൽക്കുന്ന ഒരു പ്രശ്നമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. ഹർജിക്കാരുടെ ആവശ്യങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നിയമാനുസൃതമായ അവരുടെ പുനരധിവാസം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ

എറണാകുളം ജില്ലാ കളക്ടർക്കും സർക്കാരിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി ചീഫ് സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളുടെ വാദം നേരിൽ കേൾക്കുകയും ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പ്രദേശത്ത് ഇ-വേസ്റ്റ് റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ചും പരിശോധിക്കുകയുണ്ടായി. നിലവിൽ അത് പ്രായോഗികമായിട്ടില്ല. Polluter pays എന്നതാണ് ഇതിന്റെ principle. Principle അനുസരിച്ച് കമ്പനികളാണ് നിലപാട് സ്വീകരിക്കേണ്ടതെന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ഹൈക്കോടതി ഉത്തരവ് പാലിച്ചില്ലെന്ന കോടതിയലക്ഷ്യ കേസ് ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതിന്റെ തുടർച്ചയായി അവിടത്തെ മലിനീകരണ സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദസമിതി രൂപീകരിച്ചിരുന്നു. ആവശ്യമായ പഠനം നടത്തി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാകളക്ടറുടേയും സ്ഥലം എം.എൽ.എ.-യുടേയും നേതൃത്വത്തിൽ വിദഗ്ദ സമിതി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. ആരോഗ്യ

പ്രശ്നങ്ങളെക്കുറിച്ച് താരതമ്യ പഠനം നടത്തുന്നതിനായി വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ 16, 7 എന്നീ വാർഡുകളിലെ ജനങ്ങളെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മലിനീകരണ സാധ്യതയെക്കുറിച്ച് പഠിക്കാനായി മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തരം അയ്യൻകുഴി പ്രദേശത്ത് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതും ആയതിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 28.12.2023, 29.12.2023, 30.01.024 എന്നീ തീയതികളിൽ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്താനായി ബോർഡ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയപ്പോൾ പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് മലിനീകരണ സാധ്യത തെളിയിക്കാനുള്ള മോണിറ്ററിംഗ് നടത്താൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന് സാധിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഫിഡവിറ്റായി സമർപ്പിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ബി.പി.സി.എൽ., എച്ച്.ഒ.സി. എന്നിവരാണ്

നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ പുതിയ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ഭൂമിയേറ്റെടുക്കൽ പരിഗണനയിലില്ലെന്നാണ് ബി.പി.സി.എൽ. സർക്കാരിനെ അറിയിച്ചിട്ടുള്ളത്. കോടതി നടപടികളുടെ തുടർച്ചയിൽ ആവശ്യമായ കാര്യങ്ങൾ പിന്നീട് പരിശോധിക്കുന്നതാണ്.

(9) ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് ഏകദേശം രണ്ട് വർഷത്തിലധികമായി പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്. ഇക്കാര്യം ഞാൻ നിയമസഭയിൽ നിരന്തരമായി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ തവണയും ഇത്തവണയും ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഇതിന്റെ പ്രവൃത്തികൾക്കയി നീക്കിവച്ചത്. ചീഫ് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് അയച്ചപ്പോൾ ബജറ്റ് പ്രൊവിഷനില്ലെന്ന് സൂചിപ്പിച്ച് തിരിച്ചയയ്ക്കുകയാണ് ചെയ്തത്. ഈ റോഡ് അടിയന്തരമായി റബ്ബറൈസ് ചെയ്യാൻ നടപടി സ്വീകരിക്കണം. അതുപോലെ മഞ്ചേരി സെൻട്രൽ ജംഗ്ഷൻ മുതൽ ചെരണി

വരെയുള്ള റോഡിന്റെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. മഞ്ചേരി-ഊട്ടി റോഡിലെ 1.5 കിലോമീറ്റർ ഭാഗം ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് റോഡ് പുനരുദ്ധരിച്ച് മഞ്ചേരി പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പാണ്ടിക്കാട്-പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് ചുങ്കം വരെ, മഞ്ചേരി ഡിവിഷന്റെ കീഴിൽ വരുന്ന മുള്ളിയാക്കുറിശ്ശി-പാണ്ടിക്കാട് റോഡിന്റെ ഭാഗമാണ്. ഈ റോഡിന്റെ നിലവിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. റോഡ് പുനരുദ്ധാരണത്തിനായി 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിപ്പോൾ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇതുംസബന്ധിച്ച് പരിശോധിച്ചുവരികയാണ്. റോഡ് നവീകരണത്തിനായി ഫണ്ട് അനുവദിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(10) കണ്ണാടി-പന്നിക്കോട് റോഡ് നവീകരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കണ്ണാടി-പന്നിക്കോട് റോഡ് കിഫ്ബി മുഖാന്തരം നവീകരിക്കുന്നതിന് 2016-ലെ ഒന്നാം പിണറായി സർക്കാർ തീരുമാനിച്ചതുപ്രകാരം നടപ്പാക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ആലത്തൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെയായി കിഫ്ബി മുഖാന്തരം നടപ്പാക്കാൻ തീരുമാനിച്ച ഏക റോഡാണിത്. 9 കി.മീറ്റർ ദൂരം വരുന്ന ഈ റോഡിലെ 8 കി.മീറ്ററും ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. അതിൽ 7.5 കി.മീറ്റർ തേൻകുറിശ്ശി പഞ്ചായത്തിന്റെ ഹൃദയരേഖ പോലെ കിടക്കുന്ന റോഡാണ്. പാലക്കാട് നഗരത്തിൽനിന്ന് നെല്ലിയാമ്പതി, പോത്തുണ്ടി പോലുള്ള പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന റോഡാണിത്. മഹാഭൂരിപക്ഷം സ്ഥലങ്ങളിലും കിഫ്ബി മാനദണ്ഡപ്രകാരമുള്ള സ്ഥലം തുടക്കത്തിൽത്തന്നെയുണ്ടായിരുന്നു. പിന്നീട് അതിന്റെ സർവ്വേ നടപടികൾ വേണ്ടരൂപത്തിൽ നടപ്പാക്കാൻ ബന്ധപ്പെട്ടവർ തയ്യാറായില്ല. നിരന്തരമായി ഇടപെട്ടതിനുശേഷമാണ് നിലവിലുള്ള റോഡിന്റെ സർവ്വേ നടപടികൾ

പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചത്. എല്ലാ ഭൂവുടമകളുടെയും യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. എല്ലാവരും റോഡിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും അതിനുള്ള സാമ്മത്തികാനുമതി ലഭിക്കുകയും തുടർന്ന് ഉന്നതതല യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. പിന്നീട് തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്ന വാർത്ത പടർന്നത് ജനങ്ങളിൽ വലിയ അമർഷമാണ് ഉണ്ടാക്കിയത്. ജനങ്ങളും ജനപ്രതിനിധികളും നിരന്തരമായി ഈ വിഷയത്തിൽ ഇടപെടുകയും യോഗം ചേരുകയും ആവശ്യമായ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് പ്രവൃത്തി പെട്ടെന്ന് നിലച്ചുപോകുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്. അതിനാൽ അടിയന്തരമായി കണ്ണാടി-പന്നിക്കോട് റോഡിന്റെ നിർമ്മാണം പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. കെ. ഡി. പ്രസേനൻ ചൂണ്ടിക്കാണിച്ചതുപോലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചതാണ് കണ്ണാടി-

പന്നിക്കോട് റോഡ്. പദ്ധതിക്ക് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 24.9 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ തുടരുകയാണ്. എന്നാൽ സാങ്കേതിക വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് ചില പദ്ധതികൾ താൽക്കാലികമായി മരവിപ്പിക്കുന്നതായി കിഫ്ബി അറിയിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ടുപോകാൻ നിലവിൽ കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 1.42 കോടി രൂപയുടെ റീ-സർഫസിംഗ് പ്രവൃത്തി നടത്തിയിരുന്നു. അതിന് defect liability period നിലനിൽക്കുന്നുണ്ട്.

(11) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാട് ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട അതിപ്രധാനമായ തടസ്സം വയനാടിന്റെ കണക്ടിവിറ്റി ഇഷ്യൂവാണ്. വയനാട്ടിൽ വളർന്നുവരുന്ന പ്രധാനപ്പെട്ട മേഖല ടൂറിസമാണ്. അക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും അറിയാവുന്നതാണ്. അദ്ദേഹം അവിടെ സന്ദർശിച്ച്

പ്രവൃത്തിയുടെ ഏകോപനത്തിന് നേതൃത്വം വഹിക്കുന്നയാളാണ്. അവിടെ നിരവധി രോഗികളും യാത്രക്കാരും ഗതാഗതകുരുക്കുമൂലം ദുരിതമനുഭവിക്കുന്നു. ഒരു ജില്ലയുടെ വികസന സാധ്യത തകർക്കപ്പെടുകയാണ്. ഇക്കാര്യം നിയമസഭയിലും വകുപ്പുമന്ത്രിയോട് നേരിട്ടും സൂചിപ്പിച്ചിട്ടുണ്ട്. അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുമുണ്ട്. ചുരം ബൈപ്പാസ്, പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് എന്നിവയുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്ത് മുന്നോട്ടുപോകേണ്ടതുണ്ട്. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ 70 ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചതാണ്. 1994-ൽ ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് തറക്കല്ലിട്ട പദ്ധതിയാണിത്. പേരാമ്പ്ര-കൽപ്പറ്റ ഭാഗങ്ങളിലായി ഇനി പത്ത് കിലോമീറ്റർ ദൂരം മാത്രമാണ് പൂർത്തിയാകാനുള്ളത്. പത്ത് കിലോമീറ്റർ ഭാഗത്തും റോഡുണ്ട്; അത് വെസ്റ്റഡ് ഫോറസ്റ്റാണ്. വെസ്റ്റഡ് ഫോറസ്റ്റ് ഏരിയയിലും സംയുക്ത സർവ്വേ നടത്തുകയുണ്ടായി. അതിൽ സൂചിപ്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട കാര്യം, അവിടെ ഹെയർപിൻ ബെന്റ്, കൂറ്റൻ പാലങ്ങൾ തുടങ്ങിയവ ആവശ്യമില്ലെന്നും വലിയ വനപ്രദേശങ്ങൾ ഇല്ലാത്തതുകൊണ്ട് ഈ റോഡ് പൂർത്തിയാക്കാൻ കേവലം 100

കോടി രൂപ മതിയെന്നുമാണ്. ഈ വിഷയം ശ്രീ. കെ. മുരളീധരൻ എം.പി. പാർലമെന്റിൽ ഉന്നയിച്ചപ്പോൾ പോസിറ്റീവായാണ് വനം-വന്യജീവി വകുപ്പുമന്ത്രി പ്രതികരിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല യോഗം വിളിക്കാമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയും ഉറപ്പുനൽകിയിട്ടുണ്ട്. അതുകൊണ്ട് വനം-വന്യജീവി, റവന്യൂ വകുപ്പുമന്ത്രിമാരെക്കൂടി ഉൾപ്പെടുത്തി യോഗം ചേർന്ന് ജില്ലയുടെ സ്വപ്നം പ്രാവർത്തികമാക്കാൻ താൽപ്പര്യമെടുക്കണം. വെസ്റ്റഡ് ഫോറസ്റ്റിന് പകരമായിട്ടുള്ള ഭൂമി ജനങ്ങൾ വിട്ടുകൊടുത്തതാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ വിയോജിപ്പും ഇക്കാര്യത്തിലുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ സമീപനവുമുണ്ട്. അതുകൊണ്ട് പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്, ബദൽ റോഡുകൾ എന്നിവ ബാംഗ്ലൂരുമായും തമിഴ്നാടുമായുമുള്ള കണക്ടിവിറ്റി, മലബാറിന്റെ വികസനം എന്നിവയിൽ പ്രധാനമായ ഭാഗമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. ടി. സിദ്ദിഖ് ഉന്നയിച്ച വിഷയം സഭയിൽ നേരത്തെ ചർച്ച ചെയ്തിരുന്നതാണ്. കോഴിക്കോട് ജില്ലയിൽനിന്നും വയനാട് ജില്ലയിലേയ്ക്കുള്ള പ്രധാന പാതയായ താമരശ്ശേരി ചുരത്തിന് ബദൽ പാതയായി പരിഗണനയിലുള്ള പടിഞ്ഞാറത്തറ-പൂഴിത്തോട് ചുരം ബദൽ പാത കോഴിക്കോട് ജില്ലയിലെ പൂഴിത്തോട് നിന്നാരംഭിച്ച് വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽ അവസാനിക്കുന്നതാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. ടി. സിദ്ദിഖ് എന്നിവരുൾപ്പെടെയുള്ള ജനപ്രതിനിധികളും വനം-വന്യജീവി വകുപ്പുമന്ത്രിയും ഇടപെട്ട വിഷയമാണിത്. നവകേരള സദസ്സിനെതുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശംകൂടി ഈ വിഷയത്തിൽ ഉയർന്നുവന്നിരിക്കുകയാണ്. നവകേരള സദസ്സിന് ഇങ്ങനെയുള്ള ഗുണങ്ങൾകൂടിയുണ്ടെന്ന് ശ്രീ. ടി. സിദ്ദിഖിനെ അറിയിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥരും മറ്റ് വകുപ്പുദ്യോഗസ്ഥരുമായി ചേർന്ന് കഴിഞ്ഞ ജനുവരി മാസം 23-ന് വനമേഖലയിൽ പരിശോധന നടത്തിയിരുന്നു. അതിനെത്തുടർന്ന് റോഡ്

നിർമ്മാണ സാധ്യത പരിശോധിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ നടപടികൾക്കുള്ള എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. അതിന് അനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം വനം-വന്യജീവി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയും വനം വകുപ്പിന്റെകൂടി പിന്തുണയുണ്ടെന്ന് അദ്ദേഹം അറിയിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയുടെ ചുമതലകൂടി വനം-വന്യജീവി വകുപ്പുമന്ത്രിക്കുണ്ട്. എല്ലാവരും യോജിച്ചുനിന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണാനാണ് ആഗ്രഹിക്കുന്നത്. നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായി വയനാട് മാറിയിരിക്കുകയാണ്. അത്തരമൊരു പ്രാധാന്യംകൂടി കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാണ്.

(12) വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് യാഥാർത്ഥ്യമായാൽ കോഴിക്കോട് ജില്ലയിലെ കുടിയേറ്റ

ആദിവാസി മേഖലയായ വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാട് നിന്നും ചുരമില്ലാ പാതയിലൂടെ കേവലം ആറേകാൽ കിലോമീറ്റർ ദൂരം കൊണ്ട് പെരിയാർ ഫോറസ്റ്റ് വഴി വയനാട് ജില്ലയിലെ കുഞ്ഞോമിലെത്താൻ കഴിയും. രണ്ട് കിലോമീറ്റർ ദൂരം തേക്ക് പ്ലാന്റേഷനാണ്. നിലവിൽ നാദാപുരം നിയോജകമണ്ഡലത്തിലെ സ്റ്റേറ്റ് ഹൈവേയിലെ കല്ലാച്ചിയിൽനിന്ന് കോഴിക്കോട് ജില്ലയുടെ അതിർത്തിയായ പുല്ലുവാവരെ പത്ത് മീറ്റർ വീതിയുള്ള നല്ല റോഡ് നിലവിലുണ്ട്. ഇതിന്റെ രണ്ട് ഭാഗങ്ങളിലുമായി രണ്ട് കിലോമീറ്ററിലധികം അഞ്ച് മീറ്റർ വീതിയിൽ കൂപ്പ് റോഡും ഫോറസ്റ്റ് ഏരിയയിൽ നിലവിലുണ്ട്. ഈ പാതയിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാതെ വന്യജീവികളുടെ സൈര്യവിഹാരത്തിന് തടസ്സമാകാതെ മേൽപ്പാത നിർമ്മിക്കാൻ കഴിയും. വാണിമേൽ-നരിപ്പറ്റ പഞ്ചായത്തുകളിലും വയനാട്-തൊണ്ടർനാട് പഞ്ചായത്തുകളിലുമായി സ്ഥിതി ചെയ്യുന്ന മുപ്പത് ആദിവാസി കോളനികളുടെ സമഗ്ര വികസനം ഉറപ്പുവരുത്താൻ കഴിയും. ചുരമില്ലാത്ത റോഡ് എന്ന നിലയ്ക്ക് ഈ റോഡ് ഗതാഗതത്തിന് ശാശ്വത പരിഹാരമായി മാറുകയും

ചെയ്യും. ഇതിലൂടെ നിലവിലെ ചൂരം റോഡിലെ ഗതാഗതകുരുക്ക് മാറ്റിയെടുക്കാൻ കഴിയുമെന്ന് മാത്രമല്ല നിലവിൽ രണ്ട് കിലോമീറ്റർ ദൂരത്തിൽ അഞ്ച് മീറ്റർ വീതിയിൽ ക്കപ്പ് റോഡിൽ മേൽപ്പാത നിർമ്മിച്ചാൽ പരിസ്ഥിതിക്ക് വലിയ ആഘാതം ഉണ്ടാകുകയില്ലെന്ന് മാത്രമല്ല വന്യജീവികളുടെ സ്വൈരവിഹാരത്തിനും തടസ്സവുമുണ്ടാകില്ല. കേന്ദ്ര വനം നിയമത്തിൽ വന്ന മാറ്റത്തോടെ ഈ റോഡ് യാഥാർത്ഥ്യമാകുമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ആയതിനാൽ വനം-പൊതുമരാമത്ത് വകുപ്പുകൾ സംയുക്ത പഠനം നടത്തി ഈ റോഡ് യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിലങ്ങാട് പാലം ഉദ്ഘാടനം ചെയ്യാൻ വന്നപ്പോൾ ബഹുജനസമക്ഷം ജനങ്ങളുടെ ആവശ്യം മുൻനിർത്തി നിവേദനം നൽകിയിരുന്നു; എന്നാൽ തിരക്കുകൊണ്ട് ആ സ്ഥലം സന്ദർശിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അത് ഗൗരവപൂർവ്വം പരിഹരിക്കുമെന്ന് മന്ത്രി വ്യക്തമാക്കിയിരുന്നു. അതുകൊണ്ട് വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി-മൈസൂർ ചൂരമില്ലാ റോഡ് യാഥാർത്ഥ്യമാക്കാൻ ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. അതിന് സഹായകരമായി

വനം, പൊതുമരാമത്ത്, മറ്റ് വകുപ്പുകൾ എന്നിവയുമായി സംയുക്ത യോഗം ചേരാൻക്കൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ജില്ലയിലെ കല്ലാച്ചി-വിലങ്ങാട്, വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി എന്ന സ്ഥലവുമായി ബന്ധിപ്പിക്കുന്ന ആറേകാൽ കിലോമീറ്റർ ദൂരത്തിലുള്ള കൂപ്പ് റോഡ് നിലവിലുണ്ട്. പ്രസ്തുത റോഡ് വികസനം യാഥാർത്ഥ്യമാകുകയെന്നുള്ളത് വളരെ പ്രധാനമാണ്. വയനാട്ടിലേക്കുള്ള ബദൽ റോഡായി ഇത് മാറുകയും ചെയ്യും. റോഡ് നിർമ്മിക്കുന്നതിന് വനത്തിലൂടെ ഭൂമിയേറ്റെടുക്കൽ ഒരു പ്രധാന പ്രശ്നമാണ്. റോഡ് ഏത് തരത്തിൽ സാധ്യമാക്കാനാകുമെന്ന് വനം-വന്യജീവി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തികഴിഞ്ഞു. നാദാപുരത്ത് ഒരു പരിപാടിയിൽ പങ്കെടുത്തപ്പോൾ എം.എൽ.എ.-യും സാമൂഹ്യ പ്രവർത്തകരും ഇക്കാര്യം ചൂണ്ടിക്കാണിച്ചതിന്റെ ഭാഗമായി വനം വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി വനം വകുപ്പുമായി യോഗം ചേരുന്നതാണ്.

ഈ റോഡ് യാഥാർത്ഥ്യമാക്കാനാവശ്യമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാണ്.

(13) വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും സുപ്രധാനമായ പി.ഡബ്ല്യു.ഡി. റോഡായ വളാഞ്ചേരി-അങ്ങാടിപ്പുറം റോഡിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് സബ്മിഷനിലൂടെയും വകുപ്പുമന്ത്രിക്ക് കത്ത് നൽകിയതിലൂടെയും സഭയിലെ ചോദ്യത്തിലൂടെയും ഏകദേശം പത്ത് പന്ത്രണ്ട് പ്രാവശ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എം.ഇ.എസ്. മെഡിക്കൽ കോളേജ്, ജില്ലാശുപത്രി, പന്ത്രണ്ടോളം പ്രൈവറ്റ് ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിലേയ്ക്ക് ദിവസവും നൂറുകണക്കിന് ആംബുലൻസുകൾ കടന്നുപോകുന്നതും ഇരുപതിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകാനുള്ള റോഡെന്ന നിലയിലും ഇതിന് പ്രാധാന്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം പി.ഡബ്ല്യു.ഡി. പ്രയോറിറ്റി ലിസ്റ്റിൽ ഒന്നാമതായാണ് ഈ റോഡ് പ്രവൃത്തി സബ്മിറ്റ് ചെയ്തിട്ടുള്ളത്. ഈ

റോഡിന്റെ കുറച്ചുഭാഗം നവീകരിക്കുന്നതിന് രണ്ട് ഗഡുക്കളായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഫണ്ട് അനുവദിച്ചിരുന്നു. അതിന് മങ്കടക്കാരോടുള്ള നന്ദി അറിയിക്കുന്നു. പക്ഷേ ഈ റോഡിന്റെ ആറ് മുതൽ പതിനാല് വരെയുള്ള എട്ട് കിലോമീറ്ററോളം ദൂരം നവീകരിക്കുന്നതിനായി നാളിതുവരെ തുക വകയിരുത്തിയിട്ടില്ല. ഏകദേശം പതിമൂന്ന് വർഷങ്ങൾക്ക് മുമ്പാണ് ഏറ്റവുമൊടുവിൽ ഈ റോഡ് ബി.എം. & ബി.സി. നിലവാരത്തിലേയ്ക്കുയർത്തിയത്. അതിനുശേഷമുണ്ടായ രണ്ട് പ്രളയങ്ങളിലും പതിവായുള്ള തീവ്ര മഴയിലും റോഡ് സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്. ഏകദേശം പതിമൂന്ന് കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടെങ്കിലും 2024-25 ബജറ്റിൽ ഈ പ്രവൃത്തിക്ക് നൂറ് രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശബരിമല സ്കീമിലും ഈ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയുന്നു. റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്. അതുപോലെ നേരത്തെ ഭരണാനുമതി

ലഭിച്ച റീച്ചിന്റെ പ്രവൃത്തി ഇനിയും പൂർത്തിയായിട്ടില്ല. അത് എത്രയുംവേഗം പൂർത്തിയാക്കാൻ വകുപ്പിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാനപാതയിൽ ഉൾപ്പെട്ട വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് ഗതാഗതയോഗ്യമാക്കുന്ന വിഷയം ഇവിടെ ചർച്ച ചെയ്തതാണ്. റോഡ് നവീകരണം വളരെ അനിവാര്യമാണെന്ന് തന്നെയാണ് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം. അതിൽ മറ്റ് വിലയിരുത്തലുകളില്ല. രണ്ട് റീച്ചുകളിലായി എട്ടുകോടി രൂപ അനുവദിക്കുകയും നവീകരണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് റീച്ചുകളിൽക്കൂടി അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്. ഇതിൽ ഒരു റീച്ചിന് ഏഴുകോടി രൂപയുടെ എസ്റ്റിമേറ്റ് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ഇത് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. അധികം വൈകാതെ അക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കും. മറ്റൊരു റീച്ചിന് അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റുകൂടി സമർപ്പിച്ചിട്ടുണ്ട്. അതിന് എത്രയുംവേഗം ഭരണാനുമതി നൽകാനാണ് ശ്രമിക്കുന്നത്. പ്രശ്നത്തിന്റെ

ഗൗരവം അതേ അർത്ഥത്തിൽ മനസ്സിലാക്കുന്ന സർക്കാരെന്ന നിലയിൽ റോഡ് നവീകരണത്തിനാവശ്യമായ ഇടപെടൽ നടത്താൻ തയ്യാറാണെന്ന് സഭയെ അറിയിക്കുകയാണ്.

(14) തൃശ്ശൂർ ദന്തൽ കോജേജ് വനിതാ ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ ഗവൺമെന്റ് ദന്തൽ കോളേജ് നിലവിൽ ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ അഞ്ച് നിലകളോടുകൂടിയ പരിമിതികളോടെയുള്ള കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ലോറിലാണ് പ്രവർത്തിക്കുന്നത്. 2022-23 സാമ്പത്തിക വർഷം 36.72 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസിയായി നിയോഗിച്ച എച്ച്.എൽ.എൽ. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 4.5 കോടി രൂപയാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തിയുടെ കാലാവധി പതിനെട്ട് മാസമാണ്. ഇതിനാവശ്യമായ തുക പൂർണ്ണമായും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മൂന്നും നാലും നിലകൾകൂടി നിർമ്മിക്കുന്നതോടുകൂടി മാത്രമേ സ്ട്രക്ച്ചറൽ ഡിസൈൻ അനുസരിച്ച് ദന്തൽ കോളേജിന്റെ കെട്ടിടം

പൂർത്തിയാകുകയുള്ളൂ. അതിന് കൂടുതൽ തുക ലഭ്യമാക്കേണ്ടതുണ്ട്. നിർമ്മാണം ആരംഭിച്ച വനിത ഹോസ്റ്റലിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ ഭരണാനുമതി ലഭിച്ച തുക പൂർണ്ണമായും ലഭ്യമാക്കണം. ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും കോളേജിന്റെ ഭാവി വികസനത്തിനുമായി ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ സ്ഥലം അനുവദിക്കുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും വേണം. മൂന്ന് ജില്ലകളിലെ രോഗികളുടെ ആശ്രയ കേന്ദ്രമായിട്ടാണ് തൃശ്ശൂർ ഗവൺമെന്റ് ദന്തൽ കോളേജ് പ്രവർത്തിക്കുന്നത്. ഓറൽ സർജറി വിഭാഗത്തിലെ എല്ലാവിധ സർജറികളും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. പ്രതിദിനം നിരവധി രോഗികളാണ് ഒ.പി.-യിലെത്തുന്നത്. ഈവനിംഗ് ക്ലിനിക്ക് ആരംഭിക്കുക, പി.ജി. കോഴ്സുകൾ അനുവദിക്കുക, സെറാമിക് ലാബ് ആരംഭിക്കുക, സ്വതന്ത്ര എച്ച്.ഡി.സി. രൂപീകരിക്കുക എന്നിവ ഉൾപ്പെടെ തൃശ്ശൂർ ദന്തൽ കോളേജിന്റെ സമഗ്രമായ വികസനം സാധ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിലാണ് തൃശ്ശൂർ ഗവൺമെന്റ് ദന്തൽ കോളേജ് ആരംഭിച്ചത്. വിസ്മയകരമായ മാറ്റങ്ങളാണ് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഈ കാലഘട്ടത്തിലുണ്ടായിരിക്കുന്നത്. 2023-ൽ 32 കോടി രൂപയുടെ 24 പദ്ധതികളാണ് പൂർത്തീകരിച്ചത്. അതുകൂടാതെ നിരവധി പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കുറച്ച് വർഷങ്ങളായി കേസ്സിൽ ഉൾപ്പെട്ടിരുന്ന ട്രോമാകെയർ സംവിധാനമുൾപ്പെടെയുള്ളവ യാഥാർത്ഥ്യമാക്കുകയും സർജിക്കൽ ഓങ്കോളജി പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയതുമുൾപ്പെടെ ഒട്ടനവധി കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് ദന്തൽ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഒന്നാംഘട്ട കോളേജ് കെട്ടിട നിർമ്മാണത്തിനായി 19 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത

പ്രവൃത്തി കൺസൾട്ടൻസി സ്ഥാപനമായ എച്ച്.എൽ.എൽ.-നെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. അതിനുശേഷം 27-04-2023-ൽ ഗവൺമെന്റ് ഉത്തരവുപ്രകാരം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി (ഒന്നും രണ്ടും നിലകൾ നിർമ്മിക്കുന്നതിനുവേണ്ടി) 38.57 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും എച്ച്.എൽ.എൽ.-നെ തന്നെ കൺസൾട്ടൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിനായി ബജറ്റിൽ 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ജോലി പൂർത്തിയാകുമ്പോൾ ഏകദേശം 11 കോടിയോളം രൂപ ചെലവ് വരുമെന്നാണ് കൺസൾട്ടൻസി സ്ഥാപനം അനൗദ്യോഗികമായി അറിയിച്ചിട്ടുള്ളത്. നിലവിൽ നിർമ്മാണ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. ഈ വർഷം അനുവദിച്ച 4.5 കോടി രൂപയിൽ 90 ലക്ഷം രൂപ നിർമ്മാണ കമ്പനിയായ ഹൈറ്റ്സിന് കൺസൾട്ടൻസി ഫീസിനത്തിൽ നൽകിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത

കോൺട്രാക്ടർക്ക് ആദ്യഘട്ടത്തിൽ നൽകേണ്ട മൊബിലൈസേഷൻ അഡ്വാൻസായ 2 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടി നടന്നുവരികയാണ്. കോൺട്രാക്ടർ സമർപ്പിച്ച ബില്ലിൻമേൽ നിർമ്മാണ ഏജൻസിയും Technical Committee for DME works-ഉം ശിപാർശ ചെയ്ത 19,28,000/- രൂപ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഡി.എം.ഇ. തലത്തിൽ പരിശോധിക്കുന്നുണ്ട്. ഈ തുകകൾ അനുവദിച്ചാലും തൃശ്ശൂർ ദന്തൽ കോളേജിനായി അനുവദിച്ച 4.5 കോടി രൂപയിൽ 1.40 ലക്ഷം രൂപ ബാക്കി വരുന്നതാണ്. ഈ സാമ്പത്തിക വർഷത്തെ നിലവിലെ ആവശ്യങ്ങൾക്ക് ഈ തുക മതിയാകുമെന്നാണ് കരുതുന്നത്. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്ലാൻ പ്രൊപ്പോസലിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പുരോഗമിക്കുന്ന ഒന്നുംരണ്ടും നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് അന്ന് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത്. വനിതാ ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് 22-10-2022-ന് ആരംഭിച്ച ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 04-08-2023-ന് സർക്കാർ ഉത്തരവുപ്രകാരം വനിതാ ഹോസ്റ്റലിന്റെ രണ്ടാംഘട്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 11 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ പദ്ധതികളിൽനിന്ന് ഇതിലേയ്ക്കാവശ്യമായ തുക റീ-അപ്രോപ്രിയേഷൻ മുഖേന കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ പദ്ധതികളിൽ സേവിംഗ്സ് കണ്ടെത്തി പ്രസ്തുത പദ്ധതിക്കായി തുക കണ്ടെത്തുന്നതിന് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ദന്തൽ കോളേജിനും വനിതാ ഹോസ്റ്റലിനുമായി 5 എക്കർ സ്ഥലമാണ് അനുവദിച്ചിട്ടുള്ളത്. കോളേജ് കെട്ടിടവും വനിതാ ഹോസ്റ്റലും പൂർത്തിയാകുന്നതോടുകൂടി അനുവദിക്കപ്പെട്ട

ഏകദേശം സ്ഥലം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ബോയ്സ് ഹോസ്റ്റൽ നിർമ്മാണത്തിനായി അധിക സ്ഥലം മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽനിന്ന് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. 2022-ൽ ദന്തൽ കോളേജിൽ 86223 പേരും കഴിഞ്ഞ വർഷം 97374 പേരും ഒ.പി.-യിൽ ചികിത്സ തേടിയിട്ടുണ്ട്. ലോക കേരളസഭയിലൊക്കെ നിരന്തരം ഉന്നയിക്കപ്പെടുന്ന ഒരാവശ്യം വിദേശ മലയാളികൾക്ക് അവിടത്തെ ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ദന്തൽ കോളേജുകളിൽ ചികിത്സ ലഭ്യമാകുന്ന സംവിധാനമുണ്ടാക്കണമെന്നാണ്. അതിനനുസരിച്ചുള്ള ക്രമീകരണം ദന്തൽ കോളേജുകളിൽ വരുത്തുകയാണ്. തൃശ്ശൂർ ദന്തൽ കോളേജിലും അതിനുള്ള സംവിധാനമൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(15) വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: സർ, വൈക്കത്ത് നിർമ്മാണം പൂർത്തിയാക്കിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വൈക്കത്ത് നിലവിലുണ്ടായിരുന്ന താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ജില്ലാശുപത്രി നിലവാരത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ നാളിതുവരെ ആശുപത്രി പൂർണ്ണമായി പ്രവർത്തനസജ്ജമായിട്ടില്ല. മെഡിക്കൽ, പാരാമെഡിക്കൽ, ടെക്നിക്കൽ, മിനിസ്റ്റീരിയൽ തുടങ്ങിയ വിവിധ വിഭാഗങ്ങളിലായി 125-ഓളം തസ്തികകളിൽ നിയമനം നടത്തേണ്ടതായിട്ടുണ്ട്. നാളിതുവരെ 5 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 1 ഓഫീസ് അസിസ്റ്റന്റ് എന്നിങ്ങനെ ആകെ എട്ട് തസ്തികകൾ മാത്രമാണ് അവിടെ അനുവദിച്ചിട്ടുള്ളത്. തികച്ചും പിന്നോക്കാവസ്ഥയിൽപ്പെട്ട സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന വൈക്കത്ത്, സ്ത്രീകളുടെയും കുട്ടികളുടെയും

ആശ്രുപത്രി അടിയന്തരമായി പൂർണ്ണമായ രീതിയിൽ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. കോടികൾ ചെലവഴിച്ച് നിർമ്മിച്ച ഈ ആശ്രുപത്രിയിൽ ആവശ്യമായ മുഴുവൻ ജീവനക്കാരെയും നിയമിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ സബ്മിഷനുമായി ബന്ധപ്പെട്ട് തികച്ചും സങ്കേതികമായ ചെറിയ പ്രശ്നമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. എഴുതി നൽകിയ രണ്ട് സബ്മിഷനുകളിൽ എനിക്ക് നൽകിയ സബ്മിഷന്റെ വിഷയവും ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് സബ്മിഷൻ അനുവദിച്ചുകൊണ്ട് നൽകിയ വിഷയവും രണ്ടായിരുന്നു.

ബഹുമാന്യയായ എം.എൽ.എ. ഉന്നയിച്ചത് വൈക്കത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശ്രുപത്രിയെ സംബന്ധിച്ച കാര്യമാണ്. അതിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നത് താലൂക്കാശ്രുപത്രിയാണ്. താലൂക്കാശ്രുപത്രി കെട്ടിട

നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചുവരികയാണ്. വളരെ പ്രധാനപ്പെട്ട വൈക്കത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നുള്ളത് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയമാണ്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ്, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, പീഡിയാട്രീഷ്യൻ, അനസ്തേഷ്യോളജിസ്റ്റ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ആരോഗ്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അന്തിമ പരിഗണനയിലാണുള്ളത്. വൈക്കം താലൂക്കാശുപത്രിയുടെ പ്രവർത്തനം മാറുന്ന മുറയ്ക്ക് പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

12.24 p.m.]

V. മേശപ്പുറത്തുവച്ച കടലാസ്

<u>ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയിലെ അംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നു.

12.26 p.m.]

VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടുംമൂന്നും റിപ്പോർട്ടുകൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയേഴും ഇരുപത്തിയെട്ടും റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയേഴും ഇരുപത്തിയെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

12.27 p.m.]

VII. റിപ്പോർട്ട് പരിഗണന

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു. റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

12.27 p.m.]

VIII. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിൽ കാലാനുസൃതമായ ഭേദഗതി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 'കേരളത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ ജനവാസമേഖലകളിലിറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും മനുഷ്യജീവനും സ്വത്തിനും കൃഷിക്കും ഭീഷണി ഉയർത്തുന്നതിനും കാരണമാകുകയും അതുവഴി നിരവധി മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യമുണ്ടാകുകയും ചെയ്തതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യജീവികളായിട്ടുള്ള കാട്ടുപന്നി, വിവിധയിനം കുരങ്ങുകൾ, മറ്റ് ജീവികൾ എന്നിവ വനത്തിന് പുറത്തുള്ള മേഖലകളിൽ പെറ്റുപെരുകി വന്യജീവി ശല്യം രൂക്ഷമാക്കുന്നതിനാലും;

ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്ന ഇത്തരം ആക്രമണകാരികളായ വന്യജീവികളെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും തടസ്സങ്ങളാകുന്ന കർശന വ്യവസ്ഥകളടങ്ങിയ കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും മാനദണ്ഡങ്ങളും കാലാനുസൃതമായി ഭേദഗതി വരുത്താതെ നിലനിൽക്കുന്നതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പുപ്രകാരം കാട്ടുപന്നി ഉൾപ്പെടെ വനത്തിന് പുറത്ത് പെറ്റുപെരുകുന്ന ഉപദ്രവകാരികളായ വന്യജീവികളെ ഉന്മൂലനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ ആവർത്തിച്ച് അനുമതി നിഷേധിക്കുന്നതിനാലും;

പൊതുജനങ്ങൾക്ക് ജനവാസമേഖലകളിൽ ഭീതികൂടാതെ സമാധാനപരമായി ജീവിക്കുന്നതിനുള്ള സാഹചര്യം നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിനാലും;

ഇപ്പോൾ അതിനാൽ,

1. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കാൻ സാധ്യമാക്കുന്ന വിധം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ഏൽപ്പിച്ച് നൽകുന്നതിന് വകുപ്പ് 5(2) ഉൾപ്പെടെ ഭേദഗതി ചെയ്യണമെന്നും;

2. വകുപ്പ് 11(1)(എ)-യിലെ ക്ലിപ്ത നിബന്ധനകളിലെയും വിശദീകരണത്തിലെയും നടപടിക്രമങ്ങളും വന്യജീവി നിയമത്തിന് കീഴിൽ

പുറപ്പെടുവിച്ച ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും (Advisories) മാനദണ്ഡങ്ങളും ലഘൂകരിക്കുന്നതിനും ആവശ്യമായ പ്രായോഗിക വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കേന്ദ്രനിയമം കാലാനുസൃതമായി ഭേദഗതി ചെയ്ത് വന്യജീവി ആക്രമണം തടയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും;

3. കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പുപ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അംഗങ്ങൾക്ക് പ്രമേയത്തിനുള്ള ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ ആദ്യവരിയിൽ "ആക്രമണകാരികളായ" എന്ന വാക്കിന് പകരം "ആക്രമണകാരികളും മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും ഭീഷണി ഉയർത്തുന്ന" എന്നീ വാക്കുകൾ ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ ആദ്യവരിയിൽ "ജനവാസമേഖലകളിൽ " എന്ന വാക്കിന് പകരം "ജനവാസമേഖലകളിലും വനത്തിന് പുറത്തും" എന്നീ വാക്കുകൾ ചേർക്കുക.

3. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 2-ാം ഉപഖണ്ഡത്തിലെ നാലാമത്തെ വരിയിൽ "പ്രായോഗിക" എന്ന വാക്കിന് പകരം "പ്രായോഗികവും ജനങ്ങളുടെ സ്വൈര ജീവിതത്തിന് സഹായകരവുമായ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിൽ ആദ്യ ഖണ്ഡികയായി "കേരള സംസ്ഥാനത്തെ വനമേഖലയിൽ വനവിസ്തൃതിക്ക് ആനുപാതികമായതിൽ കൂടുതൽ വന്യജീവി സാന്ദ്രത ഉള്ളതിനാലും," എന്നത് ചേർക്കുക.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിൽ നാലാമത്തെ വരിയിൽ "സാഹചര്യം ഉണ്ടാകുകയും ചെയ്തതിനാലും" എന്നതിനുപകരം "സാഹചര്യവും കൃഷി അടക്കമുള്ള ജീവനോപാധികൾ നശിപ്പിക്കുകയും ചെയ്യുന്നത് സ്ഥിരമായി മാറിയതിനാലും," എന്ന് കൂട്ടിച്ചേർക്കുക.

3. പ്രമേയത്തിൽ അഞ്ചാമത്തെ ഖണ്ഡികയായി "കാർഷിക ഭൂമിയിൽ കർഷകർക്ക് കൃഷി ചെയ്യാനുള്ള സാഹചര്യം നിലനിർത്തേണ്ടതിനാലും;" എന്നത് ചേർക്കുക.

4. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 1-ാം ഉപഖണ്ഡത്തിലെ മൂന്നാമത്തെ വരിയിൽ "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്" എന്നതിനുപകരം "ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക്" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ഈ പ്രമേയത്തിന്റെ പ്രധാന കണ്ടെന്റാണിത്. ചീഫ് വൈൽഡ് ലൈഫ് വാർഡനിൽനിന്നും അതേ അധികാരം നൽകുന്നത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ്. അത് ഒരു ലെയർ താഴേക്കാണെന്ന് മാത്രമേയുള്ളൂ. അതിന്റെ പ്രോസസ്സും കാലദൈർഘ്യവും സമയദൈർഘ്യവും കൂടുതലായിരിക്കും. അതേ അധികാരം ജില്ലയിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കാണ് നൽകുന്നതെങ്കിൽ കൃത്യതയോടുകൂടി സമയത്തുതന്നെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

5. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 2-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"കാർഷിക വിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നാശനഷ്ടം ഉണ്ടാകുന്ന സാഹചര്യങ്ങളിലും പട്ടിക ഒന്നിൽ പരാമർശിക്കുന്ന വന്യമൃഗങ്ങളെ വേട്ടയാടുന്നതിന് അനുമതി നൽകുവാൻ സാധിക്കുന്ന രീതിയിൽ കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11(1)(എ) ഭേദഗതി ചെയ്യപ്പെടണമെന്നും;"

6. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

മി. സ്പീക്കർ: വിശദമായി അവതരിപ്പിക്കേണ്ടതില്ല. ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഇത് പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണ് പറയുന്നത്.

"വനവിസ്തൃതിക്ക് ആനുപാതികമായതിൽ കൂടുതൽ വന്യജീവി സാന്ദ്രതയുള്ള വനമേഖലകളിൽ, ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-വന്യജീവി നിയമത്തിൽ പരാമർശിക്കുന്ന സയന്റിഫിക് മാനേജ്മെന്റ് ഉൾപ്പെടെയുള്ള കരണീയമായ മാർഗ്ഗങ്ങളിലൂടെ വന്യജീവികളുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പ്രസ്തുത നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും മറ്റ് നടപടിക്രമങ്ങളിലും ഭേദഗതി വരുത്തണമെന്നും;"

സെക്ഷൻ 12(bb)- സയന്റിഫിക് മാനേജ്മെന്റിൽ ട്രാൻസ്ലൊക്കേഷൻ, പോപ്പുലേഷൻ മാനേജ്മെന്റ് എന്നിവയെക്കുറിച്ച് കൃത്യമായി പറയുന്നുണ്ട്. അത്തരം കാര്യങ്ങൾ ഇതിൽ വളരെ കൃത്യമായി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിനുശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കാർഷിക വിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും;"

മനുഷ്യനാശമാണെങ്കിൽ അത് 50 ലക്ഷം രൂപവരെയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

8. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"ഈ സഭ കേന്ദ്ര സർക്കാരിനോടും; വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്കും പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാര തുക പൂർണ്ണമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും; സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് സമഗ്രമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോടും ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു;"

9. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിലെ ഒന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഗുരുതര വംശനാശ ഭീഷണി നേരിടുന്ന വന്യമൃഗങ്ങളുടെ പട്ടികയിലുള്ള ആന, കടുവ, കാട്ടുപോത്ത് എന്നീ വന്യമൃഗങ്ങൾ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ദേശീയ തലത്തിലും സംസ്ഥാനതലത്തിലും നിലവിൽ

വ്യത്യസ്തമായിരിക്കുന്നതിനാൽ ഒന്നാം ഷെഡ്യൂളിൽ നിന്നും രണ്ടാം ഷെഡ്യൂളിലേയ്ക്ക് പുനഃക്രമീകരിക്കണമെന്നും;"

അതീവ ഗൗരവതരമായ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്വറൽ റിസോഴ്സസ് (IUCN) ആണ് റെഡ് ഡാറ്റാ ബുക്ക് പ്രസിദ്ധീകരിക്കുന്നത്. ഇത് പബ്ലിഷ് ചെയ്യുമ്പോൾ അന്തർദേശീയ തലത്തിലുള്ള സ്റ്റാറ്റിസ്റ്റിക്സാണ് പരിഗണിക്കുന്നത്. ലോകരാജ്യങ്ങളിൽ ഇത്തരം മൃഗങ്ങളുടെ എണ്ണം കുറവാണ്. അവിടെ സ്കൂൾ ചെയ്യുന്നതുൾപ്പെടെ പലകാര്യങ്ങളും ചെയ്ത് എണ്ണം ക്രമീകരിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആന, കടുവ എന്നിവയുടെയെല്ലാം എണ്ണം കൂടുതലാണ്. കൂടുതലുള്ളതിനെ നല്ലതുപോലെ വളർത്തണമെന്നുപറഞ്ഞ് ഇന്റർനാഷണൽ ഫണ്ട് കൊടുക്കുകയാണ്. അവർ അവിടെ എണ്ണം കുറയ്ക്കുകയാണെങ്കിൽ ഇവിടെ വളർത്തുകയാണ് ചെയ്യുന്നത്. അതിന്റെ പ്രായോഗിക ബുദ്ധിമുട്ടും നമ്മൾ നേരിടുകയാണ്. അതുകൊണ്ട് ഐ.യു.സി.എൻ. സമീപനത്തിൽ നിന്നുംമാറി ദേശീയതലത്തിൽ നമ്മുടെ

സാഹചര്യം മനസ്സിലാക്കി ഷെഡ്യൂൾ ഒന്നിൽ നിന്ന് മാറ്റി ഷെഡ്യൂൾ രണ്ടിൽ ഉൾപ്പെടുത്താനും മനുഷ്യനും സ്വത്തിനും കൃഷിക്കും ബുദ്ധിമുട്ടുണ്ടെങ്കിൽ അതിനെ കൈകാര്യം ചെയ്യാനും മെയിന്റയിൻ ചെയ്യാനും നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ്: സർ, വന്യമൃഗ ശല്യത്തിന്റെ രൂക്ഷത പ്രതിഫലിക്കുന്ന ഒന്നാകണം നമ്മുടെ പ്രമേയമെന്ന് സൂചിപ്പിക്കുകയാണ്. താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിൽ "സ്വത്തിനും കൃഷിക്കും" എന്നതിന് ശേഷം "സാമൂഹ്യജീവിതത്തിനും" എന്നത് കൂട്ടിച്ചേർക്കുക.

കാരണം അത് സാമൂഹ്യ വിഷയമായി മാറിയിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ നാലാമത്തെ വരിയിൽ "സാഹചര്യം" എന്നതിനുശേഷം "അനുദിനം വർദ്ധിച്ചുവരുന്നതിനാലും" എന്നത് കൂട്ടിച്ചേർക്കുക.

ഇപ്പോഴത്തെ പ്രത്യേക സാഹചര്യംകൂടി കണക്കിലെടുക്കണം.

3. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ കാട്ടുപന്നിയുടെയും വിവിധയിനം കുരങ്ങുകളുടെയുംമറ്റും വിഷയമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് യഥാർത്ഥത്തിൽ ഇപ്പോഴുള്ള ഗൗരവാവസ്ഥ വെളിവാക്കുന്നതല്ല.

പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ അവസാനമായി "കാട്ടാനകൾ, കടുവകൾ, കാട്ടുപോത്തുകൾ തുടങ്ങിയ മൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലെത്തി അക്രമാസക്തമാകുന്ന ഭീതിതമായ സംഭവങ്ങൾ ആവർത്തിക്കുന്നതിനാലും" എന്നത് കൂട്ടിച്ചേർക്കുക.

4. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 2-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"കാർഷിക വിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കനത്ത നാശനഷ്ടം ഉണ്ടാകുന്ന സാഹചര്യങ്ങളിലും പട്ടിക ഒന്നിൽ പരാമർശിക്കുന്ന വന്യമൃഗങ്ങളെ വേട്ടയാടുന്നതിന് അനുമതി നൽകുവാൻ

സാധിക്കുന്ന രീതിയിൽ കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11(1) (എ) ഭേദഗതി ചെയ്യണമെന്നും;" എന്നുകൂടി കൂട്ടിച്ചേർക്കണം.

നിലവിൽ ജീവനെ ബാധിക്കുന്ന വിഷയമാണെങ്കിൽ മാത്രമേ അത് ബാധകമാകുന്നുള്ളൂ. കാർഷിക വിളകളെ ബാധിക്കുന്ന സാഹചര്യമുണ്ടെങ്കിൽ അതിനുകൂടി ബാധകമാകുന്ന നിലയിലേയ്ക്ക് എത്തിക്കേണ്ടതുള്ളതുകൊണ്ടാണ് ഭേദഗതി ആവശ്യപ്പെടുന്നത്.

5. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 4-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വനാതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾക്ക് അക്രമത്തിന് ഇരയാകുന്ന ജനവാസ കേന്ദ്രങ്ങളെ വന്യമൃഗ ശല്യത്തിൽനിന്ന് സംരക്ഷിക്കാൻ ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് കൂട്ടായ ഉത്തരവാദിത്തം കല്പിച്ചു നൽകുന്ന വ്യവസ്ഥകൾ കൂട്ടിച്ചേർക്കാൻ ഭേദഗതി ചെയ്യണമെന്നും;"

6. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കാർഷിക വിളകളുൾപ്പെടെയുള്ള സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും;"

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;"

8. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

“വനഭൂമിക്ക് പുറത്തുള്ള വനവൽക്കരണം നിയന്ത്രിക്കുകയും വന്യജീവികളുടെ സൈ്വരവിഹാരത്തിന് കാരണമാകുന്നതിനാൽ പ്രാദേശിക സാഹചര്യം കണക്കിലെടുത്ത് ഇത്തരം വനവൽക്കരണത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നും;"

ഇപ്പോൾ വനവൽക്കരണം (Afforestation) എന്ന പദ്ധതിയുണ്ട്, അതുസംബന്ധിച്ച് ആശങ്കയുള്ളതുകൊണ്ടാണ് ഇത് കൂട്ടിച്ചേർക്കണമെന്ന് പറയുന്നത്.

9. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന്റെ രണ്ടാമത്തെ വരിയിൽ "പ്രഖ്യാപിക്കണമെന്നും" എന്നതിന് ശേഷം "വന്യജീവി നിയന്ത്രണത്തിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര ഫണ്ട് വർദ്ധിപ്പിക്കണമെന്നും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ അടിയന്തരപ്രമേയമായും രണ്ട് ശ്രദ്ധക്ഷണിക്കലിലൂടെയും സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയമാണിത്. പ്രസ്തുത പ്രമേയത്തിൽ അത്തരത്തിലൊരു ഗൗരവം ഉൾക്കൊണ്ടിട്ടില്ല. ആയതിനാൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിൽ "മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും" എന്നീ വാക്കുകൾ ഒഴിവാക്കുക.

2. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിൽ "കുരങ്ങുകൾ" എന്നതിനു ശേഷം "കാട്ടാനകൾ, കാട്ടുപോത്ത്, മാൻ, മയിൽ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

3. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയുടെ അവസാനം "നിഷേധിക്കുന്നതിനാലും" എന്നതിനുശേഷം "കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള ഹൈക്കോടതി 2021-ലെ ഇടക്കാല ഉത്തരവുവഴി ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും;" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

4. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ അവസാനം "പ്രതിജ്ഞാബദ്ധമാണെന്നതിനാലും" എന്നതിനു പകരം 'പ്രതിജ്ഞാബദ്ധമാണെങ്കിലും ആയതിൽ പൂർണ്ണമായും വിജയിക്കാത്തതിനാലും;" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

5. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ഒന്നാം ഉപഖണ്ഡത്തിൽ "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്" എന്നതിനു പകരം "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, വൈൽഡ് ലൈഫ് വാർഡൻമാർ എന്നിവർക്കും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

6. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ രണ്ടാം ഉപഖണ്ഡത്തിന്റെ തുടർച്ചയായി

"വന്യജീവി ആക്രമണങ്ങളിൽ മനുഷ്യജീവനും സ്വത്തിനും കൃഷി മുതലായവയ്ക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങളിൽ മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നിയമ സംവിധാനങ്ങൾ സൃഷ്ടിക്കണം" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ മൂന്നാം ഉപഖണ്ഡത്തിലെ ആദ്യ വരിയിൽ "കാട്ടുപന്നിയെ" എന്നതിനുപകരം "കാട്ടുപന്നിയെയും കാട്ടുകുരങ്ങിനെയും ഉൾപ്പെടെയുള്ള മൃഗങ്ങളെ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

പ്രധാനപ്പെട്ട മൂന്ന് ആവശ്യങ്ങളാണ് പ്രമേയത്തിലുള്ളത്. ഒന്നാമതായി, 11 (എ) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്ന അധികാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കുകൂടി നൽകണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച ഭേദഗതി ഞാനും അവതരിപ്പിച്ചിട്ടുണ്ട്. തണ്ണീർകൊമ്പന്റെ കാര്യത്തിലായാലും ഇന്നലെ കൊട്ടിയൂരിലെ കടുവയുടെ കാര്യത്തിലായാലും മയക്കുവെടി വയ്ക്കുന്നതുൾപ്പെടയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടായിട്ടുണ്ട്. ആയതിനാൽ ജില്ലാതലത്തിൽ ജില്ലാ ഫോറസ്റ്റ് ഓഫീസർമാർക്ക് ആ അധികാരം നൽകണമെന്നുള്ളതാണ്. ഇന്നത്തെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം കേന്ദ്രനിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്നുള്ളതാണ്. നിലവിലെ നിയമത്തിലുള്ള പ്രയാസങ്ങളും അപാകതകളും എന്തൊക്കെയാണെന്നും എന്തൊക്കെ മാറ്റങ്ങളാണ് അതിൽ വരുത്തേണ്ടതെന്നും കൃത്യമായി പറയാൻ സാധിക്കണം. സ്പെസിഫിക്കായി എന്ത് മാറ്റമാണ് വേണ്ടതെന്നുള്ള കാര്യത്തിൽ ഞാനൊരു നിർദ്ദേശം വയ്ക്കുകയാണ്. ഭേദഗതി വൈകി സമർപ്പിച്ചതുമൂലം ഇതിൽ

ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഞാൻ വാക്കാൽ ഭേദഗതി അവതരിപ്പിക്കുകയാണ്.

പന്നിയെ വെർമിനായി പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച് ആക്ടിലെ സെക്ഷൻ 62 അനുസരിച്ച് പ്രൊവിഷനുമുണ്ട്. അതിൽ പറയുന്നത് ലിസ്റ്റ് ഒന്നിലോ ലിസ്റ്റ് രണ്ടിലെ രണ്ടാം പട്ടികയിലോ ഉൾപ്പെടാത്ത ജീവികളാണെങ്കിൽ വെർമിനായി ഡിക്ലയർ ചെയ്യാവുന്നതാണ് എന്നാണ്. കാട്ടുകുരങ്ങിന്റെ കാര്യത്തിൽ ഒരു പ്രതിവിധിയുമില്ല, എന്നാൽ കാട്ടുകുരങ്ങ് ലിസ്റ്റ് ഒന്നിലെ പതിനാറാമത്തെ ഇനവുമാണ്. അതുകൊണ്ട് സെക്ഷൻ 62-ൽ മാറ്റംവരുത്തി ലിസ്റ്റ് ഒന്നിലും ലിസ്റ്റ് രണ്ടിന്റെ രണ്ടാം പട്ടികയിലും ഉൾപ്പെടുന്ന ആക്രമണകാരികളായ ജീവികളെ വെർമിനായി പ്രഖ്യാപിക്കാനുള്ള നിയമ ഭേദഗതി കൂടി മുന്നോട്ടുവയ്ക്കണം. നഷ്ടപരിഹാരത്തെക്കുറിച്ച് ഇവിടെ എല്ലാവരും പറയുകയുണ്ടായി. ജീവനോ സ്വത്തോ നഷ്ടപ്പെട്ടാൽ അതിനുള്ള നഷ്ടപരിഹാരം സംബന്ധിച്ച് Definite ആയിട്ടുള്ള legal provision ഇല്ല. കേരളത്തിൽ അതുസംബന്ധിച്ച് ഒരു ഗവൺമെന്റ് ഓർഡർ മാത്രമാണുള്ളത്. അതിനൊരു legal system

ആവശ്യമാണ്. മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം ടൈബ്യൂണലുണ്ട്, അതിന് വ്യവസ്ഥയുമുണ്ട്. അപകടം സംഭവിച്ചാൽ ചെറുപ്പക്കാർക്കും പ്രായക്കൂടുതലുള്ളവർക്കും നൽകുന്ന നഷ്ടപരിഹാരം ഒരുപോലെയല്ല. നഷ്ടപരിഹാരം നൽകുന്നതിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ ഒരു Judicial Authority വേണമെന്നുള്ളത് നിയമത്തിൽ വളരെ അത്യാവശ്യമാണ്.

പ്രമേയത്തിന്റെ Introduction പാരഗ്രാഫിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവെന്ന് പറയുന്നു. അതിനെ മനുഷ്യ-വന്യജീവി സംഘർഷമായി പരിമിതപ്പെടുത്തരുത്. ഇത് അങ്ങോട്ടുമിങ്ങോട്ടുമുള്ള ഒരു സംഘർഷമല്ല. അടുത്ത ദിവസങ്ങളിലുണ്ടായ ആക്രമണങ്ങളിൽ നിരവധി മനുഷ്യജീവനുകൾ നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ആദ്യത്തെ വാചകത്തിൽ ഈ മാറ്റം വരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മറ്റൊരുകാര്യം, കാട്ടുപന്നിയെ വെർമിനായി ഡിക്ലയർ ചെയ്യണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിക്കാത്തതുകൊണ്ട് കേരളത്തിലെ കർഷകർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഓർഡർ വാങ്ങേണ്ട സാഹചര്യമുണ്ടായി. പ്രസ്തുത ഓർഡർ ഞാൻ quote

ചെയ്യാം, 'Insofar as it is seen that the properties of the petitioners are under threat of the attack of the wild boars and insofar as the stand of the State Government is that the steps taken under Section 11(1)(b) of the Act to avert the said menace did not yield any result and that the only alternative to protect the interests of the farmers is to declare wild boars as vermin in specified areas in the State, I deem it appropriate to pass an interim order directing the Chief Wildlife Warden to permit the petitioners to hunt wild boars in the areas where their agricultural lands are situated, as provided for in Section 11(1)(b) of the Act. Ordered accordingly. ആകൂലെ സെക്ഷൻ 11(1)(b) പ്രകാരം കർഷകർക്ക് അവരുടെ കൃഷിഭൂമിയിൽ വരുന്ന കാട്ടുപന്നികളെ വേട്ടയാടാൻ അനുമതി നൽകാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുണ്ടെന്നാണ് ഓർഡറിൽ പറയുന്നത്. അതുകൊണ്ട് ഇക്കാര്യംകൂടി introductory പാരഗ്രാഫിൽ സൂചിപ്പിച്ച് കുറച്ചുകൂടി സ്പെസിഫിക്കായി വേണം ഈ പ്രമേയം പാസ്സാക്കേണ്ടത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 1-ാം ഉപഖണ്ഡത്തിലെ മൂന്നാമത്തെ വരിയിൽ "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്" എന്നതിനു പകരം "ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക്" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

പത്ത് ദിവസമായി എന്റെ നിയോജകമണ്ഡലത്തിലെ പുൽപ്പള്ളിയിൽ ഒരു കടുവ 20 കി.മീ. ചുറ്റളവിലുള്ള ജനവാസ കേന്ദ്രങ്ങളിൽക്കൂടി ഓടിനടക്കുകയാണ്. അവിടത്തെ രണ്ട് സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. കടുവയെ പിടിക്കാൻ കൂട് വച്ചിട്ടും കൂട്ടിൽ വീഴുന്നില്ല, അതിനെ മയക്കുവെടിവച്ച് പിടിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് റേഞ്ച് ഓഫീസർ ഡി.എഫ്.ഒ.-യ്ക്കും ഡി.എഫ്.ഒ. സി.സി.എഫ്.-നും സി.സി.എഫ്. ചീഫ് വൈൽഡ് ലൈഫ് വാർഡനും സമർപ്പിച്ചതിനുശേഷം മാത്രമേ അതുസംബന്ധിച്ച ഓർഡർ ഇറങ്ങുകയുള്ളൂ. അപ്പോൾ വളരെയധികം

കാലതാമസമുണ്ടാകും. ഇത്തരത്തിൽ ഗൗരവതരമായ വിഷയങ്ങളുണ്ടാകുമ്പോൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ തന്നെ ഓർഡർ ഇറക്കി സംഘർഷങ്ങൾ ഒഴിവാക്കാനുള്ള സാധ്യതകൾ തുറന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണിത്.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് സാധ്യമാകുന്ന രീതിയിൽ ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും."

അതിരാവിലെ അഞ്ച് മണിക്ക് കണ്ട തണ്ണീർകൊമ്പനെ മയക്കുവെടി വച്ചത് വൈകുന്നേരം 5.30-നും അവിടെനിന്നും നീക്കം ചെയ്തത് വൈകുന്നേരം 7 മണിക്കുമാണ്. നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതുകൊണ്ടാണ് ഇത്രയും സമയമെടുത്തത്. ആയതിനാൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാനുള്ള സാഹചര്യങ്ങളൊരുക്കേണ്ടത് അത്യാവശ്യമാണ്.

3. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 4-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

“വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കാർഷികവിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഉയർത്തുന്നതിനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്നും;".

നഷ്ടപരിഹാരത്തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം പ്രമേയത്തിലൂടെ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും സംസ്ഥാന സർക്കാർ ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള സാഹചര്യങ്ങളൊരുക്കേണ്ടതുമാണ്.

4. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് പകരമായി ഇനി പറയുന്നത് ചേർക്കുക.

"മനുഷ്യജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങളിൽ നഷ്ടപരിഹാരം 50 ലക്ഷം രൂപയായി ഉയർത്തണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോടും; വന്യജീവി

ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്കും പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാര തുക പൂർണ്ണമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് സമഗ്രമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോടും ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു."

ഒട്ടനവധി മനുഷ്യജീവനുകൾ പൊലിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രമേയത്തിൽ പറയുകയുണ്ടായി. മനുഷ്യജീവൻ പൊലിഞ്ഞാൽ ആ കുടുംബത്തിന് സമാശ്വാസ തുകയായി 50 ലക്ഷം രൂപ നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും കേരളത്തിലെ വനവിസ്തൃതി പരിശോധിച്ച് ക്രിട്ടിക്കൽ ഏരിയ നിർണ്ണയിച്ച് ആവശ്യത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിൽ സമൂല പരിഷ്കരണം കൊണ്ടുവരണമെന്ന ലക്ഷ്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ.-

മാർക്കുള്ളതെന്നാണ് അവർ അവതരിപ്പിച്ച ഭേദഗതികളിൽനിന്നും മനസ്സിലാകുന്നത്. വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ)-ലെ വകുപ്പുകളാണ് പൊതുവെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നത്. ആ വകുപ്പുകളിൽ കാതലായ മാറ്റങ്ങൾ വരുത്തണമെന്നതാണ് പ്രമേയത്തിന്റെ മുഖ്യ അജണ്ട. നഷ്ടപരിഹാരത്തുക എത്രയാകണമെന്ന് തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരല്ല, സംസ്ഥാന സർക്കാരാണ്. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ള വാചകങ്ങൾ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയത്തിൽ കൂട്ടിച്ചേർത്താൽ അത് contradictory ആകുമെന്ന് അറിയാത്തവരല്ല നമ്മൾ. അതിലെ ലക്ഷ്യത്തെ ഞാൻ വിസ്മരിക്കുന്നില്ല. ഈ നിബന്ധനകൾ, വിശദീകരണങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങി എല്ലാ ഉദ്ദേശ്യങ്ങളും ഗൈഡ്‌ലൈനുകളും ഉൾപ്പെടെ മാറ്റം വരുത്തണമെന്ന് പറയുമ്പോൾ, മാറ്റം വരുന്ന ഘട്ടത്തിൽ ചേർക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ വിശദമാക്കിയത്. അത് നല്ല നിർദ്ദേശങ്ങൾ തന്നെയാണ്. അത് കൂട്ടിച്ചേർക്കുന്നത് പ്രമേയത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ.

അധികാരം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന് നൽകണമെന്ന നിർദ്ദേശം പോരെന്നും ഡി.എഫ്.ഒ.-മാരെ ഏൽപ്പിക്കണമെന്നതുമാണ്. വയനാട് ജില്ലയിൽ മൂന്ന് ഡി.എഫ്.ഒ.-മാരുണ്ട്. വയനാട് ജില്ലയിൽ മാത്രമല്ല, പല സ്ഥലത്തും ഒന്നിലധികം ഡി.എഫ്.ഒ.-മാരുണ്ട്. ജില്ല നോക്കിയല്ല ഡിവിഷനുകൾ നിശ്ചയിച്ചിരിക്കുന്നത്. ആകെ ഇരുപത്തിനാലോളം ഡിവിഷനുകളുണ്ട്. അതുകൊണ്ടാണ് സർക്കിൾ അടിസ്ഥാനത്തിൽ ചുമതലയുള്ള ഉദ്യോഗസ്ഥന് അധികാരം നൽകണമെന്ന് പറഞ്ഞിട്ടുള്ളത്.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 7-ാം നമ്പർ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

പ്രസ്തുത ഭേദഗതി സ്വീകരിക്കുന്നതിലൂടെ പ്രമേയത്തിൽ എല്ലാ കാര്യങ്ങളും ഉൾക്കൊണ്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്.

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡിക 2-ൽ, "ലഘൂകരിക്കുന്നതിനും" എന്നതിന് പകരം "ലഘൂകരിക്കണമെന്നും " എന്ന് തിരുത്തുക.

മറ്റ് ഭേദഗതികൾ പ്രസ് ചെയ്യരുതെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വകുപ്പ് 62 ഒരു ജീവിയെ വെർമിൻ ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ളതാണ്. അതിലെ ഒന്നാം ഷെഡ്യൂളിലും രണ്ടാം ഷെഡ്യൂളിലെ രണ്ടാം പട്ടികയിലും ഉൾപ്പെടുന്ന മൃഗങ്ങളെ വെർമിനായി പ്രഖ്യാപിക്കാൻ സാധിക്കില്ല. 62-ാം വകുപ്പ് മാറ്റമില്ലാതെ തുടരുന്നതിനാൽ ഇതുകൊണ്ട് യാതൊരു ഫലവുമില്ല. അതുകൊണ്ട് സെക്ഷൻ 62 ഭേദഗതി ചെയ്യാൻ സ്പെസിഫിക്കായി ആവശ്യപ്പെടണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രമേയത്തിലെ മൂന്നാമത്തെ ആവശ്യമായി, "കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പ് പ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും" എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ആ വകുപ്പിലാണ് ഭേദഗതി വരുത്തേണ്ടത്.

മി. സ്പീക്കർ: Unanimous ആയി പാസ്സാക്കിക്കൂടേ.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ആ കാര്യത്തിൽ പ്രതികരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ഇവിടെ പറഞ്ഞതുകൂടാതെ മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇതുസംബന്ധിച്ച് വനം-വന്യജീവി വകുപ്പുമന്ത്രി വ്യക്തമാക്കിയ സാഹചര്യത്തിൽ മറ്റൊന്നും പറയാനില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്യപ്പെട്ടില്ല.)

സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി. സിദ്ദിഖ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം പാസ്സാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

12.58 p.m.]

IX. ധനകാര്യം

2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ഡോ. കെ. ടി. ജലീൽ: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി കേരളത്തെ ഞെരുക്കുമ്പോഴാണ് സംസ്ഥാനത്തിന്റെ സേവന മേഖലയെയും പശ്ചാത്തല മേഖലയെയും പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ട് മികച്ചൊരു ബജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ വർദ്ധിച്ചുവരുന്ന കടബാധ്യതയെക്കുറിച്ച്

പ്രതിപക്ഷാംഗങ്ങളിൽ പലരും രോഷംകൊള്ളുന്നത് കേൾക്കുകയുണ്ടായി. എന്നാൽ കടമെടുക്കുന്ന പണത്തിൽനിന്നും തങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് പണം വേണ്ടെന്ന് അവരാരും പറയുന്നത് കേട്ടില്ല. കേരളം എല്ലാ തുറകളിലും ഇന്ത്യയ്ക്ക് മാതൃകയാണ്. സമാധാനവും ശാന്തിയും ജനങ്ങൾക്കിടയിലെ സ്നേഹവും സൗഹാർദ്ദവുമാണ് വികസനത്തിന്റെ അടിസ്ഥാനം. ഇന്ത്യാ രാജ്യത്ത് അതിന്റെ പൂർണ്ണതയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യ ലോക സാമ്പത്തിക ശക്തിയായി വളരുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ അവകാശവാദം. പൗരന്മാർക്ക് സ്വാതന്ത്ര്യവും സ്വസ്ഥതയുമില്ലാത്ത രാജ്യം എങ്ങനെയാണ് അഭിവൃദ്ധിപ്പെടുക. പരസ്പര വിശ്വാസത്തിലും ചങ്ങാത്തത്തിലും കഴിഞ്ഞിരുന്ന ഹിന്ദു-മുസ്ലീം-ക്രൈസ്തവ ജനവിഭാഗങ്ങളെ ശത്രുക്കളാക്കി മാറ്റിയതല്ലാതെ എന്ത് നേട്ടമാണ് കഴിഞ്ഞ 10 വർഷംകൊണ്ട് ഇന്ത്യ നേടിയത്; അദാനിക്കും അംബാനിക്കും മറ്റ് കോർപ്പറേറ്റുകൾക്കും രാജ്യത്തിന്റെ സമ്പദ്ഘടന തീറെഴുതിക്കൊടുത്തതാണോ ഇന്ത്യയുടെ വലിയ നേട്ടം? റിസർവ് ബാങ്കിന്റെ

കണക്കനുസരിച്ച് കേരളത്തിന്റെ നികുതി വരുമാനത്തിന്റെ 79 ശതമാനവും സംസ്ഥാനത്തുനിന്ന് പിരിക്കുന്ന നികുതിയാണ്. 21 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്ന നികുതി വരുമാനം. അഥവാ കേന്ദ്ര സർക്കാർ കേരളത്തിൽനിന്നും 100 രൂപ നികുതി പിരിച്ച് കൊണ്ടുപോകുമ്പോൾ 21 രൂപ മാത്രമേ തിരികെ നമുക്ക് നൽകുന്നുള്ളൂ. ഉത്തർപ്രദേശിന് 46 രൂപയും ബീഹാറിന് 70 രൂപയും കേന്ദ്ര സർക്കാർ അനുവദിക്കുന്നു. ഇന്ത്യൻ ശരാശരി 35 രൂപയാണ്. കേരളത്തിന് ലഭിക്കുന്നത് കേവലം 21 രൂപ മാത്രം. അതുതന്നെ ബോധപൂർവ്വം വൈകിപ്പിക്കുകയും ചെയ്യുന്നു. ഇതിനെതിരെ ഒരക്ഷരം പറയാൻ പ്രതിപക്ഷത്തിന് സാധിക്കാത്തത് എന്തുകൊണ്ടാണ്? നാം നേടിയ പുരോഗതിയാണ് നമുക്ക് വിനയാകുന്നത്. ഉത്തർപ്രദേശിനും ബീഹാറിനും ഗുജറാത്തിനും കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തിലും വിദ്യാഭ്യാസ-ആരോഗ്യ മേഖലയുടെ കാര്യത്തിലും ഒപ്പമെത്തണമെങ്കിൽ ഒരു നൂറ്റാണ്ട് കഴിഞ്ഞാൽപ്പോലും സാധിക്കുമെന്ന് തോന്നുന്നില്ല. അത്രയുംകാലം കേരളം ഈ അവഗണന സഹിക്കണമെന്നാണോ കേന്ദ്ര സർക്കാരിന്റെ പക്ഷം? കഴിഞ്ഞ ഒരു

പതിറ്റാണ്ടിനിടയിൽ എത്ര സർക്കാർ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ കേന്ദ്രസർക്കാരിന് സാധിച്ചു? കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് സമാനമായി 10 വിദ്യാലയങ്ങളെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കാണിച്ചുതരാൻ ശ്രീ. നരേന്ദ്ര മോദിക്ക് സാധിക്കുമോ; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കാണിച്ചുതരാൻ കോൺഗ്രസ്സിന്റെ നേതാക്കന്മാർക്ക് സാധിക്കുമോ; പ്രാദേശിക ഭാഷകൾ പഠന ഭാഷയായി അംഗീകരിച്ച സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ രാജ്യത്തെ ഏതെങ്കിലും ഒരു പൊതുവിദ്യാലയത്തിൽ കാണിക്കാൻ ശ്രീ. അമിത് ഷായ്ക്ക് കഴിയുമോ? 3.5 കോടി വരുന്ന കേരളത്തിലെ ജനസംഖ്യയിൽ 40 ലക്ഷം ആളുകൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. ഏകദേശം 40 ലക്ഷം ആളുകൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവരും വ്യാപാര-കച്ചവട മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. ശേഷിക്കുന്നത് 2.70 കോടി ആളുകളാണ്. നമ്മുടെ സംസ്ഥാനത്ത് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം

എത്രയാണെന്ന് എപ്പോഴെങ്കിലും അന്വേഷിച്ചിട്ടുണ്ടോ; 35 ലക്ഷം കുട്ടികളാണ് കേരളത്തിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നത്. സി.ബി.എസ്.ഇ. സ്കൂളുകളും കേരള സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളും നമ്മുടെ നാട്ടിലുണ്ടല്ലോ; അത്തരം സ്കൂളുകളിൽ കേരള സംസ്ഥാനത്ത് എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് നമ്മൾ എപ്പോഴെങ്കിലും അന്വേഷിച്ചിട്ടുണ്ടോ; നമ്മുടെ സംസ്ഥാനത്ത് അത്തരം വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 3.5 ലക്ഷത്തിൽ താഴെയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു(നെന്മാറ)]

ഇക്കാര്യത്തിൽ കേരളത്തിന്റെ നൂറ് നാഴിക അപ്പുറത്ത് നിൽക്കാൻ ഇന്ത്യയിലെ ഏതെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; നമ്മുടെ അടുത്തെത്താൻ ഉത്തർപ്രദേശിന് സാധിച്ചിട്ടുണ്ടോ? നൂറ്റാണ്ടുകൾ കഴിഞ്ഞാലും അവർക്കത് സാധിക്കില്ല. അഞ്ച് ലക്ഷം സർക്കാർ ജീവനക്കാരിൽ പകുതിയിലധികം സർക്കാർ ശമ്പളം പറ്റുന്ന അദ്ധ്യാപകരുള്ള

സംസ്ഥാനം കേരളമല്ലാതെ മറ്റേതുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം ഹയർ സെക്കന്ററി വിദ്യാഭ്യാസം സൗജന്യമായി ലഭിക്കുന്നത് കേരളത്തിലല്ലേ? ഈ അധ്യയനവർഷം 353952 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പ്ലസ് വൺ-ന് ചേർന്നിട്ടുണ്ട്. എന്നാൽ, അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ-ന് ചേർന്നത് 28750 കുട്ടികൾ മാത്രമാണ്. 60 പുതിയ പ്ലസ് വൺ കോഴ്സുകൾ അനുവദിച്ചതോടെ മലപ്പുറം ജില്ലയിൽപ്പോലും സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ 250-ഓളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയുണ്ടായി. മലപ്പുറം ജില്ലയിലെ പ്ലസ് വൺ പഠന സൗകര്യം ഏറെക്കുറെ സമ്പൂർണ്ണമാക്കിയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. 2023-24 അധ്യയനവർഷം സയൻസ് കോഴ്സുകൾക്ക് സ്കോൾ കേരളയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് 4420 കുട്ടികളും കോമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ 27330 കുട്ടികളുമടക്കം ആകെ 31750 കുട്ടികളാണ്. യു.ഡി.എഫ്. ഭരണത്തിന്റെ അവസാന വർഷം അഥവാ 2015-16-ൽ 83416 കുട്ടികളാണ് സ്കോൾ കേരളയിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്തിരുന്നത്. യു.ഡി.എഫ്. ഭരണകാലത്തെ അവസാന വർഷം മലപ്പുറം ജില്ലയിൽ ഇത് 25733

ആയിരുന്നു. ഈ വർഷം 12892 കുട്ടികളാണ് സ്കോൾ കേരളയിൽ മലപ്പുറത്തുനിന്നും രജിസ്റ്റർ ചെയ്ത് പ്ലസ് വൺ-ന് അഡ്മിഷൻ നേടിയിരിക്കുന്നത്. ഇവരിൽ സയൻസ് വിഷയം എടുത്തിട്ടുള്ളവർ കോട്ടയ്ക്കലിലെയും മഞ്ചേരിയിലെയും എൻട്രൻസ് കോച്ചിംഗ് സെന്ററുകളോടനുബന്ധിച്ച പബ്ലിക് സ്കൂളുകളിൽ പഠിക്കുന്നവരാണ്. മതപഠനശാലകളിലും അറബിക് കോളേജുകളിലും പഠിക്കുന്ന കുട്ടികളാണ് സയൻസ്, കോമേഴ്സ് വിഷയങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രൈവറ്റായി മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഈ കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ സൗകര്യമുണ്ടായാലും ആ വിദ്യാലയങ്ങളിൽ എത്തില്ല എന്നുള്ളതിന്റെ തെളിവാണ് പ്ലസ് വൺ-ന് ഈ വർഷം 250 സീറ്റുകൾ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്നതിന് കാരണമെന്ന് മനസ്സിലാക്കാൻ സാധിക്കേണ്ടതുണ്ട്.

ആരോഗ്യരംഗത്തും നാം നേടിയ പുരോഗതി സ്വപ്നസമാനമല്ലേ; ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ ഒരു പഞ്ചായത്തിൽ അലോപ്പതി ഹെൽത്ത് സെന്ററുകളും ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളും

പ്രവർത്തിക്കുന്നുണ്ട്? കേരളത്തെപ്പോലെ മറ്റൊരു സംസ്ഥാനത്തും ഈ സൗകര്യമില്ല.

ഇന്ത്യയിലെ ഭൂരിപക്ഷ സമുദായത്തിന്റെ ആഗ്രഹമാണ് രാമക്ഷേത്ര നിർമ്മാണം എന്ന് ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീൻ പറയുകയുണ്ടായി. ആരാണ് ലീഗ് സുഹൃത്തുക്കളോട് അത് പറഞ്ഞത്. (ബഹളം....) ബാബറി മസ്ജിദ് തകർത്ത സ്ഥലത്ത് രാമക്ഷേത്രം പണിയുകയെന്നുള്ളത് ഇന്ത്യയിലെ ഭൂരിപക്ഷ സമുദായത്തിന്റെ ആഗ്രഹമല്ല. അത് ആർ.എസ്.എസ്.-ന്റെയും സംഘ്പരിവാറിന്റെയും ആഗ്രഹമാണ്. ഹൈന്ദവ സഹോദരന്മാരുടെ അട്ടിപ്പേറവകാശം നിങ്ങൾ ബി.ജെ.പി.-ക്കും സംഘ്പരിവാറുകാർക്കും പതിച്ചുകൊടുക്കുകയാണ്. കേരളത്തിലെ ബി.ജെ.പി.-യുടെ അധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രന്റെ ഒരു ചടങ്ങിലെ സാന്നിദ്ധ്യം ഹൈന്ദവ മതപ്രാതിനിധ്യമായി ലീഗ് തെറ്റിദ്ധരിക്കുന്നു. എസ്.ഡി.പി.ഐ.-യുടെ നേതാവ് ഒരു ചടങ്ങിൽ പങ്കെടുത്താൽ അതിനെ എങ്ങനെയാണ് മുസ്ലീം സമുദായ പ്രാതിനിധ്യമായി ലീഗ് കാണുക. ഈ സഭയിൽ ജന്മംകൊണ്ടെങ്കിലും ഹൈന്ദവ സമുദായത്തിൽപ്പെട്ടവർ

ധാരാളമുണ്ടല്ലോ. ശ്രീ. എൻ. ഷംസുദ്ദീനോട് ഞാൻ ചോദിക്കുന്നു, ഈ സഭയിലെ ഏതെങ്കിലുമൊരാൾ പറയുമോ രാമക്ഷേത്രം ഞങ്ങളുടെ ആഗ്രഹവും അഭിലാഷവുമാണെന്ന്. അങ്ങനെ കോൺഗ്രസിന്റെ പക്ഷത്തുള്ള ആരെങ്കിലും ഒരാൾ പറഞ്ഞാൽ ലീഗ് പറയുന്നത് ഞാൻ കേൾക്കും. അതിൽ യാതൊരു തർക്കവും വേണ്ട. കുരങ്ങന് ഏണി വച്ചുകൊടുക്കുന്നത് പോലെയാണ് സംഘ്പരിവാറിന് ലീഗ് ഏണി വച്ചുകൊടുക്കുന്നത്. ഇത്തരത്തിലുള്ള അബദ്ധങ്ങൾ തങ്ങൾ പറഞ്ഞാലും മുസ്ലിയാർ പറഞ്ഞാലും ഞങ്ങൾ എതിർക്കും. വളരെയധികം ഞെട്ടിക്കുന്ന ഒരു വാർത്ത ഇന്നലെ പുറത്തുവന്നിരുന്നു. ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽനിന്ന് കോൺഗ്രസിന്റെ സമുന്നത നേതാവും മുൻ പ്രധാനമന്ത്രിയുമായ ഇന്ദിരാ ഗാന്ധിയുടെയും പ്രമുഖ നടിയും എം.പി.യുമായിരുന്ന നർഗീസ് ദത്തിന്റെയും പേരുകൾ കേന്ദ്ര സർക്കാർ വെട്ടിമാറ്റിയതായി വിജ്ഞാപനം പുറത്തുവന്നിരിക്കുന്നു. അതിനോട് എത്ര കോൺഗ്രസ് നേതാക്കന്മാരാണ് പ്രതികരിച്ചത്; അവരുടെ പ്രതിഷേധം എവിടെയെങ്കിലും കണ്ടോ? മികച്ച നവാഗത സംവിധായകനുള്ള ഇന്ദിരാഗാന്ധി പുരസ്കാരം ഇനിമേലിൽ

അറിയപ്പെടുക മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം എന്നുമാത്രമായിരിക്കും. ദേശീയോദ്ഗ്രഥനത്തെക്കുറിച്ചുള്ള മികച്ച ഫീച്ചർ ഫിലിമിന് നൽകിവരുന്ന നർഗീസ് ദത്ത് പുരസ്കാരം ദേശീയവും സാമൂഹികവും പാരിസ്ഥിതികവുമായ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച ഫീച്ചർ ഫിലിമിനുള്ള പുരസ്കാരം എന്നാക്കി മാറ്റി. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പുറത്തിറക്കിയ ഗസറ്റിലാണ് ഈ മാറ്റം വന്നിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ് കൺക്ലൂഡ്..

ഡോ. കെ. ടി. ജലീൽ: മന്ത്രാലയം ഇതിനായി ചുമതലപ്പെടുത്തിയ സമിതിയിൽ മലയാളിയായ ഒരാളുണ്ട് എന്നത് നമ്മെ വേദനിപ്പിക്കുന്നു. അത് മറ്റാരുമല്ല, കേരളത്തിലെ പ്രിയപ്പെട്ട സംവിധായകൻ ശ്രീ. പ്രിയദർശനാണ്. ശ്രീ. പ്രിയദർശന്റെകൂടി സമ്മതത്താലാണ് ഇന്ദിരാഗാന്ധിയുടെ പേര് വെട്ടിമാറ്റിയത്. നർഗീസ് ദത്തിന്റെ പേര് വെട്ടിമാറ്റുന്നതിനും അദ്ദേഹം കൂട്ടുനിന്നു. ഇത്രയും വലിയൊരു വാർത്ത വന്നിട്ടും കോൺഗ്രസ് നേതൃത്വം എവിടെയെങ്കിലും പ്രതികരിച്ചോ? ഇവരുടെ

സമുന്നത നേതാവിന്റേതടക്കം പേരുകൾ വെട്ടിമാറ്റിയതിനെതിരായി അവർ എവിടെയെങ്കിലും പ്രതിഷേധിച്ചോ? അയോദ്ധ്യയിലെ രാമക്ഷേത്രത്തിന്റെ ഉദ്ഘാടനത്തെക്കുറിച്ചുള്ള പാർലമെന്റിലെ ചർച്ചയിൽ വിപ്പ് കൊടുത്ത് മുഴുവൻ എം.പി.-മാരെയും പങ്കെടുപ്പിച്ച കോൺഗ്രസിന്റെ കൂടെ എങ്ങനെ ലീഗ് നിൽക്കും? ആസാമിൽനിന്നുള്ള കോൺഗ്രസ് യുവ എം.പി., ഇതൊരു അഭിമാന നേട്ടമാണെന്നൊക്കെ പ്രസംഗിച്ചത് മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ കേട്ടില്ലേ? നിങ്ങൾക്കെങ്ങനെ മൗനികളാകാൻ സാധിക്കും. ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബിന്റെയും ജി.എം. ബനാത്ത് വാലാ സാഹിബിന്റെയും ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെയും പാരമ്പര്യം അവകാശപ്പെടുന്ന മുസ്ലീംലീഗിന് ഇക്കാര്യങ്ങളിൽ എന്ത് പറയാനുണ്ട് എന്നുള്ളത് എനിക്കുശേഷം പ്രസംഗിക്കുന്ന ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിക്കുമെന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക

വർഷത്തെ ബജറ്റിനെ ഞാൻ എതിർക്കുകയാണ്. കേരളം നേരിടുന്ന സമാനതകളില്ലാത്ത ധനകാര്യ പ്രതിസന്ധിയുടെ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കാനോ പരിഹാരങ്ങൾ നിർദ്ദേശിക്കാനോ അതിനാവശ്യമായ ധനപരിഷ്കരണങ്ങൾ പ്രഖ്യാപിക്കുന്നതിനോ ബജറ്റിൽ നടപടികളുള്ളതായി കാണുന്നില്ല. ഒരു ധവളപത്രം പുറപ്പെടുവിച്ച് ധനസ്ഥിതിയുടെ യഥാർത്ഥ ചിത്രം ജനങ്ങളെ അറിയിക്കാൻ തയ്യാറാകുന്നില്ലെന്ന് മാത്രമല്ല, ധനധൂർത്തുകൾ വെട്ടിക്കുറയ്ക്കാനുള്ള ഒരു നിർദ്ദേശവുമില്ല. കേന്ദ്രവിഹിതത്തിൽ 57,400 കോടി രൂപയുടെ വെട്ടിക്കുറവ് വരുത്തിയതിനാൽ സംസ്ഥാനം പ്രതിസന്ധി നേരിടുന്നു എന്ന് പറയുമ്പോഴും ഏതൊക്കെ ഇനത്തിലാണ് മേൽപ്പറഞ്ഞ ഫണ്ട് ലഭിക്കാനുള്ളത് എന്നതിന്റെ വസ്തുതാപരമായ വിവരങ്ങൾ നൽകുന്നില്ല. കർഷകവിരുദ്ധ നയമാണ് ഈ ബജറ്റിലുള്ളത്. റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില 180 രൂപയാണ്. നിലവിലെ താങ്ങുവില 170 രൂപയാണ്. നടപ്പ് സീസണിൽ ജൂലൈ മാസത്തിൽ പദ്ധതി ആരംഭിച്ചുവെങ്കിലും നവംബർ

മാസത്തിലാണ് ബിൽ അപ്‌ലോഡ് ചെയ്യാൻ സൗകര്യമൊരുക്കിയത്. ഡിസംബർ ആദ്യം പ്രവർത്തനം നിലച്ച വെബ്‌സൈറ്റ് പുനരാരംഭിച്ചത് ജനുവരി മാസമാണ്.

റബ്ബർ ബോർഡിൽ ഫീൽഡ് സ്റ്റാഫുകളുടെ എണ്ണം കുറവായതിനാൽ വളരെ കുറച്ച് ബില്ലുകൾ മാത്രമാണ് നിലവിൽ അപ്‌ലോഡ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് ബജറ്റുകളിലായി 1,600 കോടി രൂപ വിലസ്ഥിരതാ ഫണ്ട് എന്ന പേരിൽ പ്രഖ്യാപിച്ചുവെങ്കിലും മൂന്ന് വർഷവുംകൂടി 200 കോടി രൂപ മാത്രമാണ് ആകെ നൽകിയിട്ടുള്ളത്. സപ്ലൈകോയെ പാടെ അവഗണിച്ച ഒരു ബഡ്ജറ്റായിരുന്നു ഇത്. വിലക്കയറ്റം അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ സബ്‌സിഡി സാധനങ്ങൾ ലഭ്യമാക്കി സാധാരണക്കാരന് ആശ്വാസം പകരുന്ന രീതിയിൽ വിപണി ഇടപെടൽ നടത്തേണ്ട സപ്ലൈകോയെ പൂർണ്ണമായും അവഗണിച്ചതിലൂടെ സർക്കാരിന്റെ മുൻഗണനയിൽ സാധാരണ ജനങ്ങൾ ഉൾപ്പെടുന്നില്ലെന്നുള്ളത് വ്യക്തമാണ്. നെല്ല് സംഭരണം, സബ്‌സിഡി സാധനങ്ങളുടെ വിതരണം, സ്കൂൾ ഉച്ചഭക്ഷണത്തിന് അരിയെത്തിക്കൽ തുടങ്ങിയ സർക്കാർ

സേവനങ്ങളെല്ലാം സപ്ലൈകോ കടമെടുത്താണ് ചെയ്തത്. ഈ വകയിൽ 3,000 കോടിയിലേറെ രൂപ സർക്കാർ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. 13 ഇനം സബ്സിഡി സാധനങ്ങൾ പ്രതിമാസം 35-45 ലക്ഷംവരെ റേഷൻ കാർഡുടമകൾ സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങളിൽനിന്നും വാങ്ങിക്കൊണ്ടിരുന്നതാണ്. ഈ ഇടപെടലിന് പ്രതിവർഷം ചെലവാക്കിയിരുന്നത് 315 കോടി രൂപയാണ്. എന്നാൽ ഈ വർഷം ഇതിനായി മാറ്റിവച്ചിരിക്കുന്നത് 190 കോടി രൂപ മാത്രമാണ്. ഈയിനത്തിൽ കുടിശ്ശികയായി നൽകാനുള്ളത് 1,432.33 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കുടിശ്ശികയായി 1,850 കോടി രൂപയും കരാറുകാർക്ക് 12,000 കോടി രൂപയും ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള കുടിശ്ശിക 23,000 കോടി രൂപയും ആരോഗ്യ രംഗത്ത് 20,210 കോടി രൂപയും ദേശീയ ജൽജീവൻ മിഷൻ പദ്ധതിക്ക് 1,397 കോടി രൂപയും നൽകാനുണ്ട്. നാലക്ക കുടിശ്ശിക തുകയെക്കാൾ കൂടുതലാണ് മൂന്നക്കത്തിന്റെയും രണ്ടക്കത്തിന്റെയും കുടിശ്ശികത്തുക. ജീവിതകാലം മുഴുവൻ വളയം പിടിച്ചും ടിക്കറ്റ് കൊടുത്തും സർവ്വീസിൽനിന്ന് വിരമിച്ച

കെ.എസ്.ആർ.ടി.സി. ജീവനക്കാർ പെൻഷൻ കിട്ടാതെ ദുരിതക്കയത്തിലാണ്. ഒന്നാം പിണറായി സർക്കാരിന്റെ ആദ്യ ബജറ്റ് മുതൽ കെ.എസ്.ആർ.ടി.സി.-ക്കായി രക്ഷാപാക്കേജുണ്ടാക്കുമെന്ന് പ്രഖ്യാപനം നടത്തിയെങ്കിലും നാളിതുവരെ യാതൊന്നും നടപ്പാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി. ഹരിത വാഹനത്തിലേയ്ക്ക് മാറുന്ന പദ്ധതികൾ ഒന്നാം പിണറായി സർക്കാരിന്റെ കാലംമുതൽ പറഞ്ഞുതുടങ്ങിയിട്ട് ഇ-ബസ്സുകൾക്കായുള്ള ടെണ്ടർ റദ്ദാക്കുകയും ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് തുക അനുവദിക്കുകയും ചെയ്തതിന്റെ വസ്തുത വ്യക്തമാക്കാൻ സർക്കാർ തയ്യാറാകണം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ എംപാനൽ ചെയ്ത ആശുപത്രികൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള 1,128.69 കോടി രൂപയെകുറിച്ച് ബജറ്റിൽ പരാമർശമില്ല. കുടിശ്ശിക ലഭിക്കാത്തതിനാൽ പല ആശുപത്രികളും ഈ പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങൾ അവസാനിപ്പിച്ചു. മെഡിക്കൽ കോളേജുകളിൽ മരുന്നുകളും ശസ്ത്രക്രിയകൾക്കുവേണ്ട സാമഗ്രികളുമില്ലാത്തതിനാൽ പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും കടംവാങ്ങി ചികിത്സ നൽകിയിരുന്നു. എന്നാൽ

വലിയതോതിൽ കുടിശ്ശിക വന്നതോടെ ഇത്തരം സേവനങ്ങളും നിലച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു താലൂക്കാശുപത്രി കൊണ്ടുവരുമെന്ന് ഉപതെരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫ്. പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ അത് നടപ്പാക്കിയിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം നാളെ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി കേരളത്തിലെ വായ്പാപരിധി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ചർച്ച നടത്താൻ പോകുകയാണ്. കൂടുതൽ തുക കടമെടുക്കാൻ സംസ്ഥാനത്തെ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് കേരളം സുപ്രീം കോടതിയിൽ കേസ്സിന് പോയത്. ഇങ്ങനെ കടമെടുക്കുന്ന പണം നാം എവിടെനിന്നും തിരിച്ചടയ്ക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ? തിരിച്ചടവിന് മാർഗ്ഗം കാണാതെ പണം കടമെടുത്തിട്ടുള്ള വ്യക്തികളാണെങ്കിലും സ്ഥാപനങ്ങളാണെങ്കിലും രാജ്യങ്ങളാണെങ്കിലും മുതലും പലിശയും തിരിച്ചടയ്ക്കാൻ കഴിയാതെ തകർന്നുപോയ ചരിത്രമാണുള്ളത്. ഈ നാട് തകരരുത്, തളരരുത്, തകർക്കാനാകരുത് എന്നൊക്കെയാണ് ഞങ്ങളുടെയും ആഗ്രഹവും ആവശ്യവും. കടം വാങ്ങുന്ന തുക ഉപയോഗിക്കുന്നത് സംസ്ഥാന

സർക്കാരിന്റെ അഴിമതികൾ കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷിക്കാതിരിക്കാൻ സുപ്രീം കോടതിയിലെ അഭിഭാഷകർക്ക് കോടികൾ ഫീസിനത്തിൽ നൽകാനല്ലേ? രാഷ്ട്രീയ എതിരാളികളെ വകവരുത്തിയ കേസ്സുകളിൽ സി.ബി.ഐ. അന്വേഷണം നടത്താതിരിക്കാൻ അഭിഭാഷകർക്ക് കോടികളല്ലേ കൊടുത്തുകൊണ്ടിരിക്കുന്നത്. വരുമാനത്തിനനുസരിച്ച് ചെലവഴിച്ച് ജനക്ഷേമകരമായ പരിപാടികളും വികസന പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിലാണ് ഒരു സർക്കാരിന്റെ കാര്യക്ഷമത പ്രകടമാകുന്നത്. ഇക്കാര്യത്തിൽ നിലവിലുള്ള സർക്കാരും ധനകാര്യ വകുപ്പും അതിദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. 'ഇടിവെട്ടിയവനെ പാമ്പ് കടിച്ചു' എന്നൊരു പഴംചൊല്ല് കേട്ടിട്ടേയുള്ളൂ. ആ അവസ്ഥയിലാണ് ഇപ്പോൾ കേരളം. എന്ത് പേരിട്ട് വിളിച്ചാലും ഈ പ്രതിസന്ധിയുടെ സത്യവും ആഴവും ജനം അറിയണം. ദുരഭിമാനത്തിന്റെ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. സർവ്വകക്ഷിയോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്യാനും പരിഹാരമാർഗ്ഗം തേടാനും സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ നികുതി വിഭാഗത്തിലെ ഇന്റലിജൻസ് സംവിധാനം പാടെ

തകർന്നുകിടക്കുകയാണ്. കണക്കിലെ കളികളുപയോഗിച്ചും കേന്ദ്രത്തെ പഴിച്ചും ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുപോകുമ്പോൾ ഇവിടെ ഇങ്ങനെയൊക്കെ നടക്കുള എന്ന അലസ മനോഭാവത്തിലാണ് ജി.എസ്.ടി. വകുപ്പ്. സംസ്ഥാന അതിർത്തികളിലെ ചെക്ക്പോസ്റ്റുകൾ നാമമാത്രമായി. അവിടങ്ങളിലെ ക്യാമറകൾപോലും പ്രവർത്തനരഹിതമാണ്. ക്ഷേമപെൻഷൻ വിതരണത്തിനായി കഴിഞ്ഞ ബജറ്റിൽ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടുരൂപ നിരക്കിൽ സെസ്സ് ഏർപ്പെടുത്തി ജനങ്ങളിൽനിന്നും പണം പിരിച്ചു. എന്നാൽ ക്ഷേമപെൻഷനുകൾ കഴിഞ്ഞ ആറ് മാസമായി വിതരണം ചെയ്തിട്ടില്ല. ക്ഷേമപെൻഷനിൽ 100 രൂപയുടെ വർദ്ധനപോലും ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത. പെൻഷൻ കുടിശ്ശിക വിതരണത്തിനായി ഫണ്ട് കണ്ടെത്തുന്നതിനുള്ള പ്രായോഗിക ബദൽ മാർഗ്ഗങ്ങൾ ബജറ്റിൽ നിർദ്ദേശിച്ചിട്ടുമില്ല. സ്ത്രീ സുരക്ഷ, ജെന്റർ ബജറ്റ് എന്നിവയെല്ലാം വെറും പൊള്ളത്തരമാണെന്ന് സർക്കാർ തെളിയിച്ചിരിക്കുന്നു. വിമൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞ പദ്ധതി വിഹിതത്തിൽ അനുവദിച്ച 994.84

കോടി രൂപയിൽ വെറും 21.98 കോടി രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്. കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസ്സുകൾ ക്രമാതീതമായി വർദ്ധിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് യാതൊരു നടപടിയുമില്ലെന്ന് മാത്രമല്ല ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുന്നതാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബജറ്റ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ഏറ്റവും മുഴക്കമുള്ള വാക്യം 'തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാവില്ല കേരളത്തെ' എന്നതാണ്. ബജറ്റ് പ്രസംഗത്തിലെ 5-ാമത്തെ ഖണ്ഡികയിലാണ് ഇങ്ങനെ പറഞ്ഞിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംസ്ഥാനത്തെ സാമ്പത്തിക ഉപരോധത്തിലേയ്ക്കാണ് തള്ളിവിട്ടിരിക്കുന്നത്. ഇതിൽ പരിതപിച്ച് കൈയുംകെട്ടി നോക്കിനിൽക്കാൻ കേരളം തയ്യാറല്ല

എന്നതാണ് ഈ ബജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നമുക്ക് മുമ്പിൽ വയ്ക്കുന്ന ചിത്രം. വികസനത്തെ മുന്നോട്ടുകൊണ്ടുപോകാനും നവകേരള സൃഷ്ടിക്കായി കേരളീയരെയാകെ ഒറ്റ മനസ്സോടെ അണിനിരത്തുവാനും കേരള സർക്കാർ നേതൃത്വം നൽകുമെന്നുള്ള തുടിക്കുന്ന ആശയമാണ് ആ മുദ്രാഗീതത്തിൽ അടങ്ങിയിട്ടുള്ളത്. മുടിഞ്ഞുപോയ നാടെന്ന് കേരളത്തെ ചിത്രീകരിക്കുന്ന കേരള വിരുദ്ധരെ അഗാധമായി നിരാശപ്പെടുത്തുന്ന നേട്ടങ്ങളാണ് ഈ നാട് കൈവരിച്ചുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുടക്കത്തിൽത്തന്നെ പറഞ്ഞിരിക്കുന്നു. ഈ സഭയിൽ നടന്ന ചില നാടകീയ രംഗങ്ങൾ മനസ്സിൽ ഉയർന്നുവന്നതുകൊണ്ടാകണം അങ്ങനെ പറഞ്ഞതെന്നാണ് ഞാൻ കരുതുന്നത്. സംസ്ഥാനത്തിന്റെ ഭരണഘടനാദത്തമായ അവകാശങ്ങളെയും ഫെഡറലിസത്തെയും പിച്ചിച്ചീന്തുന്ന ഹീനമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുമ്പോൾ അത്തരം നടപടികളെ ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെയാണ് പ്രതിപക്ഷം എതിരേൽക്കുന്നത്. ആദരണീയനായ പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ അനുയായിയായ ഡോ. മാത്യു കുഴൽനാടനുമൊക്കെ

കണക്കുകൾകൊണ്ട് ഇന്ദ്രജാലം കാണിക്കുന്നത് കണ്ട് ഇവിടെ ഞങ്ങളെല്ലാം പലവട്ടം തരിച്ചിരുന്നിട്ടുണ്ട്. ഈ അക്കങ്ങളും കോടികളുമെല്ലാം കടലാസിൽ എഴുതിക്കൂട്ടിയെടുത്താൽ ഏറ്റവും ചുരുങ്ങിയത് അയ്യായിരം കോടി രൂപയെങ്കിലും അധികം കൈപ്പറ്റിയ കുറ്റവാളിയായി കേരളം മാറും. വൈകുന്നേരത്തിനുമുമ്പ് ആ തുക കേന്ദ്രത്തിന് തിരികെക്കൊടുത്ത് രശീത് വാങ്ങിയില്ലെങ്കിൽ ജീവിച്ചിരുന്നിട്ട് കാര്യമില്ലെന്നുപോലും തോന്നിപ്പോകുന്ന സ്ഥിതിയാണുള്ളത്. പ്രതിപക്ഷം രാവും പകലും പ്രാർത്ഥിക്കുന്നത് കേരളം മുടിഞ്ഞുപോകണമെന്നാണ്. ബി.ജെ.പി. ശരിക്കും ഓണം ബംബറടിച്ച അവസ്ഥയിലാണ്. കേന്ദ്രത്തിനുവേണ്ടി ഉറഞ്ഞുതുള്ളാൻ മുക്കാൽക്കാശ് ചെലവില്ലാതെ 41 പടയാളികളെയാണ് അവർക്ക് കിട്ടിയിരിക്കുന്നത്. കേന്ദ്രം നിഷേധിച്ച വിഭവങ്ങളെക്കുറിച്ച് ഭരണപക്ഷത്തുനിന്നും അവതരിപ്പിച്ച വിവരങ്ങളെല്ലാം ഇപ്പോഴും ഈ സഭാതലത്തിൽ മാറ്റൊലിക്കൊള്ളുന്നുണ്ട്. ബജറ്റ് രേഖയിൽ അവ വിശദീകരിക്കുന്നുമുണ്ട്. അതിനാൽ ഒരിക്കൽക്കൂടി ആവർത്തിക്കാൻ മുതിരുന്നില്ല.

കേരള വികസന മാതൃക അറിയപ്പെടുന്നത് മതനിരപേക്ഷതയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹ്യനീതിയുടെയും ഉയർന്ന ജീവിത ഗുണനിലവാരത്തിന്റെയും പേരിലാണ്. കേരളമൊരു ബഹുസ്വര സമൂഹമാണ്. കേരളം അതിവേഗം പുരോഗതിയിലേയ്ക്ക് കുതിക്കുകയാണ്. 8 വർഷം മുമ്പ് കണ്ട കേരളമല്ല ഇന്നത്തെ കേരളമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് 100 ശതമാനം ശരിയാണ്. ആ മുന്നേറ്റത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള ബൃഹദ്പദ്ധതികളാണ് ഈ ബഡ്ജറ്റിലുള്ളതെന്നത് അഭിമാനകരമാണ്. Out-of-the-Box പദ്ധതി മാതൃകകൾ 2024-25 -ലെ ബജറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. അടുത്ത 3 വർഷത്തിനുള്ളിൽ കുറഞ്ഞത് 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിനുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനം, ടൂറിസം പദ്ധതികൾ, വിദ്യാഭ്യാസ രംഗത്തെ സ്വകാര്യനിക്ഷേപം എന്നിവയൊക്കെ അതിന്റെ ഭാഗമാണ്. കേന്ദ്രം ശ്വാസംമുട്ടിക്കുമ്പോൾ വികസനത്തിനായി സ്വകാര്യ

മൂലധന നിക്ഷേപത്തിന്റെ സാധ്യതകൾ തിരയുകയാണ്. കവി ശ്രീ. സച്ചിദാനന്ദന്റെ കവിതയിലൊരിടത്ത് ഇങ്ങനെ പറയുന്നുണ്ട്.

"വർത്തമാനത്തിനപ്പുറത്തേക്കു നോക്കാത്തവർ മനുഷ്യരല്ല

വിതയ്ക്കപ്പെട്ട വിത്തുകളും ഉച്ചരിക്കപ്പെട്ട വാക്കുകളും

വെറുതെയിരിക്കുന്നില്ല."

വിഴിഞ്ഞം തുറമുഖം ഭാവിയുടെ വികസന കവാടമാണ്. വിഴിഞ്ഞം കേന്ദ്രീകരിച്ച് വലിയൊരു വ്യവസായ മേഖല ചലനാത്മകമാകുകയാണ്. ടൗൺഷിപ്പുകൾ, റസിഡൻഷ്യൽ സെന്ററുകൾ, വ്യവസായ കേന്ദ്രങ്ങൾ, സംഭരണശാലകൾ, വിനോദകേന്ദ്രങ്ങൾ തുടങ്ങി വിപുലമായൊരു ഹബ്ബായി അത് മാറാനിരിക്കുന്നു. വലിയൊരു വികസനമാണ് അവിടെ വരാനിരിക്കുന്നത്. വിഴിഞ്ഞത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താൻ സ്പെഷ്യൽ ഡെവലപ്മെന്റ് സോണുകൾക്കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആസൂത്രണം ചെയ്യുന്നുണ്ട്. ഇതെല്ലാം ശരിയായി മുന്നോട്ടുപോയാൽ നാലോ അഞ്ചോ ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയാണ് തെളിയുന്നത്. അതോടൊപ്പം പ്രാദേശിക

ജനവിഭാഗമായ മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസന പദ്ധതികളും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു.

കേരളം സൂര്യോദയ സമ്പദ് വ്യവസ്ഥയിലേയ്ക്ക് പ്രവേശിച്ചതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിലയിരുത്തുന്നു. സേവന മേഖലയെ കേന്ദ്രീകരിച്ചുള്ള വികസനത്തിന്റെ പരിമിതിയെ മറികടന്ന് മാനുഫാക്ചറിംഗ് മേഖല സമ്പദ്ഘടനയെ പരിപോഷിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. സൂര്യോദയ സമ്പദ് വ്യവസ്ഥ എന്നുപറയുമ്പോൾ പ്രിയപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾക്ക് സൂര്യാസ്തമയ സമയത്തുനിൽക്കുന്നതിന്റെ പ്രശ്നമുണ്ട്. നമുക്കറിയാമല്ലോ, ഏറ്റവും അവസാനം ശ്രീ. കമൽനാഥും ശ്രീ. അശോക് ചവാനും ഉൾപ്പെടെയുള്ള പ്രഗത്ഭരായ നേതാക്കളും കോൺഗ്രസ് വിട്ടുപോയി. അതിനുമുമ്പ് പോയ ആളുകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ ഓരോരുത്തരും പടിയിറങ്ങി പോകുകയാണ്. അതുകൊണ്ട് സൂര്യാസ്തമയത്തെക്കുറിച്ച് ചിന്തിക്കാനാണ് അവർക്ക് കൂടുതൽ താൽപ്പര്യമെന്നത് ഉറപ്പാണ്.

സംസ്ഥാനത്തെ മൊത്തം മൂല്യവർദ്ധനവിൽ മാനുഫാക്ചറിംഗ് വളർച്ചാനിരക്ക് ഇപ്പോൾ 15 ശതമാനത്തിന് അടുത്തെത്തിയിരിക്കുന്നു. ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, സസ്യാധിഷ്ഠിത ഔഷധങ്ങൾ, സംസ്കരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, രാസവ്യവസായം തുടങ്ങിയ സൂര്യോദയ മേഖലകളാണ് ഈ മാറ്റത്തെ നിയന്ത്രിക്കുന്നത്. അതിനാൽ ഈ മേഖലകളെ കേന്ദ്രീകരിച്ചുള്ള വികസനം ബജറ്റ് ലക്ഷ്യമാക്കുന്നുവെന്നത് പുതിയ കാഴ്ചപ്പാടാണ്.

പ്രതിസന്ധികളും വെല്ലുവിളികളും ഒഴിഞ്ഞുപോയതിനുശേഷം മതി വികസനം എന്നുകരുതി മാറിയിരിക്കാൻ ഒരു ഭരണകൂടത്തിനും കഴിയില്ല. അതുകൊണ്ട് സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടിയുള്ള പുതിയ വികസന മാതൃകകൾ ഈ ബജറ്റിൽ കടന്നുവരികയാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക് എന്നിങ്ങനെ കഴിഞ്ഞ വർഷം തുടങ്ങിയ പല പ്രവർത്തനങ്ങളും ശ്രദ്ധേയമായി മാറിയതായി നാം കാണുകയാണ്. സെന്റർ ഫോർ ഗ്രാഫീൻ, മൈക്രോബയോ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കൽസ് കേന്ദ്രം എന്നിവയും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു.

ഡിജിറ്റൽ സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'കൈരളി' എന്ന നിർമ്മിത ബുദ്ധി പ്രോസസ്സർ വലിയ ശാസ്ത്രനേട്ടമായി ഇപ്പോൾ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഇതിനോടകം 16 പേറ്റന്റുകൾ ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചുകഴിഞ്ഞു. അടുത്തവർഷം 250 കോടി രൂപയുടെ വികസന പദ്ധതികളാണ് ഡിജിറ്റൽ സർവ്വകലാശാലയിൽ നടപ്പാക്കാൻ പോകുന്നത്.

'സംരംഭകർ ഈ വഴിക്ക് വന്നുപോകരുത്, തൊഴിലാളികൾ സമരം നടത്തി കെട്ടിപ്പൂട്ടിച്ചുകളയും' എന്ന പ്രചാരണം ഇപ്പോൾ വേണ്ടത്ര ക്ലച്ച് പിടിക്കുന്നില്ല. അതിനാൽ സ്വകാര്യ വ്യവസായ പാർക്കുകൾ വന്നുകൊണ്ടിരിക്കുന്നു. വരുംവർഷം 25 പാർക്കുകൾക്ക് സർക്കാർ അനുമതി നൽകും. 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചതിനെത്തുടർന്ന് 139840 പുതിയ സംരംഭങ്ങൾക്കാണ് കേരളത്തിൽ തുടക്കംകുറിച്ചത്. എന്റെ നിയോജകമണ്ഡലമായ കയ്യമംഗലത്തുൾപ്പെടെ, കേരളത്തിൽ ആദ്യമായി ക്രെയിൻ ഉണ്ടാക്കുന്ന പുതിയ ഒരു യൂണിറ്റുകൂടി ആരംഭിക്കാൻ പോകുന്നു. കേരളത്തിന്റെ

കാതലായ മാറ്റമാണ് ഇതിലൂടെ കാണുന്നത്. ദേശീയ സ്റ്റാർട്ടപ്പ് മിഷൻ റാങ്കിംഗിൽ 2022-ലെ ബെസ്റ്റ് പെർഫോർമറായി കേരളം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ ഇമേജിന് വലിയ മാറ്റം വന്നിരിക്കുന്നു. ലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന മേഖലയായി വ്യവസായം വികസിക്കുന്നു. വ്യവസായ വകുപ്പുമന്ത്രി അതിലൊക്കെ നിർണ്ണായക ഇടപെടൽ നടത്തുന്നതായി നമുക്ക് കാണാൻ സാധിക്കും.

ലോകത്ത് കണ്ടിരിക്കേണ്ട 50 മനോഹര സ്ഥലങ്ങളിലൊന്നായി നമ്മുടെ കൊച്ചുകേരളത്തെ ടൈം മാഗസിൻ തെരഞ്ഞെടുത്തിരിക്കുന്നു എന്നുപറഞ്ഞാൽ നമുക്കുള്ള അഭിമാനം എത്രയോ വലുതാണ്. ഇതിന് ആവശ്യമായ പ്രചാരം ലഭിച്ചാൽ ടൂറിസ്റ്റുകളുടെ പറുദ്ദീസയായി കേരളം മാറും. 5,000 കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്നത്. സൗകര്യങ്ങൾ ഒരുക്കുന്നതിന് 150 കോടി രൂപ വകയിരുത്തുകയും ചെയ്തിരിക്കുന്നു.

ഈ ബജറ്റിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ച പ്രധാനപ്പെട്ടൊരു കാര്യം കെയർ എക്കോണമി എന്നപേരിൽ ഒരു പുതിയ പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നു എന്നതാണ്. കേരളത്തിലെ ജനസംഖ്യയുടെ 20 ശതമാനവും 60 വയസ്സിന് മുകളിലുള്ളവരാകുകയും വലിയൊരു ശതമാനം വീടുകളിലും അവർക്ക് തുണയാകാൻ മക്കൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ പ്രവർത്തനം ആവിഷ്കരിച്ചതെന്ന് കാണുമ്പോൾ എത്രത്തോളം ദീർഘദൃഷ്ടിയോടുകൂടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിനെ സമീപിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. പ്രായമായവർക്കായി കെയർ സെന്ററുകൾ സ്ഥാപിച്ച് ആരോഗ്യ പരിചരണവും സംരക്ഷണവും നൽകുന്ന പദ്ധതിയാണിത്. വിദേശികൾക്കും ഇത്തരം കേന്ദ്രങ്ങളിൽ പരിചരണം നൽകും. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വലിയ ശൃംഖലയാണ് ബഹുമാനപ്പെട്ട മന്ത്രി ഇതിൽ വിഭാവനം ചെയ്യുന്നത്. ഒരു കെയർ ഹബ്ബായി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. സാന്ത്വന സ്പർശത്തിന്റെ മനോഹാരിത നിറഞ്ഞ ഈ പദ്ധതി ബജറ്റിലെ മാസ്റ്റർപീസാണ്. ഈ പദ്ധതി വയോജനങ്ങൾക്ക്

കൈത്താങ്ങാകുകയും അതോടൊപ്പം തൊഴിലും വരുമാനവും ഉറപ്പാക്കുകയും ചെയ്യുന്നു.

കയ്പമംഗലം എന്ന തീരദേശ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയാണ് ഞാൻ. ഇത്തവണയും തീരദേശ വികസനത്തിനായി നല്ല രീതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അവരുടെ പുനരധിവാസം ഉൾപ്പെടെയുള്ള പരിപാടികൾക്കുമായി 136.98 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുരുതരമായ തീരശോഷണ ഭീഷണി നേരിടുന്ന തീരത്തുനിന്നും തൊഴിലാളി കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി ഫലപ്രദമായി എന്റെ മണ്ഡലത്തിൽ നടന്നുവരികയാണ്. സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ ജനവിഭാഗത്തോട് കാണിക്കുന്ന കരുതലിന് പ്രത്യേക നന്ദി പറയുകയാണ്.

കേരളത്തിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളായ അതിദാരിദ്ര്യ നിർമ്മർജ്ജന പരിപാടിയും സമ്പൂർണ്ണ ഭവനലഭ്യതാ പദ്ധതിയായ ലൈഫും വിജയത്തിലേയ്ക്കെത്തിക്കാനാവശ്യമായ ആസൂത്രണവും ഫണ്ടും ഈ ബജറ്റിൽ

ഉറപ്പാക്കിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കാൻപോകുന്ന K-LIFT എന്ന പ്രത്യേക ഉപജീവന പദ്ധതിക്കും സാമ്പത്തിക മേഖലയിൽ വലിയ കുതിച്ചുചാട്ടം നടത്താൻ കഴിയും.

നമുക്ക് പലതും ഇനിയും ബജറ്റിൽ ആവശ്യമുണ്ടെന്ന് അറിയാം. ക്ഷേമ പെൻഷനുകൾക്കുള്ള ഉറപ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ പി.ഡബ്ല്യൂ.ഡി., കെ.എസ്.ആർ.ടി.സി., ആരോഗ്യ മേഖല, സിവിൽ സപ്ലൈസ് എന്നീ മേഖലകൾക്കും പരിഗണന നൽകുന്നുണ്ട്. പക്ഷേ, സിവിൽ സപ്ലൈസ് വേറെ, മറ്റ് വകുപ്പുകൾ വേറെ എന്ന അർത്ഥത്തിൽ രണ്ടായി തിരിച്ചുകാണാനുള്ളൊരു ശ്രമമൊക്കെ ഇവിടെ നടക്കുന്നുണ്ട്. രണ്ട് ആടുകൾ തമ്മിൽ കൂട്ടിയിടിക്കുമ്പോൾ അതിന്റെ ചോര കുടിക്കാൻ വരുന്ന കുറുക്കന്റെ കൗശലം ഇതിൽ മറഞ്ഞിരിക്കുന്നുണ്ട്. നമുക്ക് മുന്നോട്ടുപോകാനുള്ള, കുതിക്കാനുള്ളൊരു സ്രോതസ്സായി ബജറ്റ് മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിന്റെ സാമ്പത്തിക തകർച്ച മുഴുവനായും ചിത്രീകരിക്കുന്നൊരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഈ ബജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്.

കേരളത്തിന്റെ ധനപ്രതിസന്ധി എവിടെവരെ എത്തിയെന്ന് കാണിക്കാൻ 2016 ജൂൺ മാസത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഒരു ധവളപത്രം ഇറക്കിയിരുന്നു. ഒരു പുതിയ ധവളപത്രം ഇറക്കണമെന്നാണ് ഇപ്പോഴത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. എങ്കിൽ മാത്രമേ ഈ ധനപ്രതിസന്ധി മുഴുവൻ സൃഷ്ടിച്ചത് അങ്ങല്ലെന്നും അത് ഡോ. ടി. എം. തോമസ് ഐസക്കിന്റെ നയംകൊണ്ടായിരുന്നുവെന്നുമുള്ളത് സമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിയൂ. കാരണം, യു.ഡി.എഫ്. ഗവൺമെന്റ് 78 ലക്ഷം രൂപയിൽനിന്ന് 1.50 ലക്ഷം കോടി രൂപയായി പൊതുകടം വർദ്ധിപ്പിച്ചു എന്നായിരുന്നു അന്നത്തെ ധവളപത്രത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഇന്നത് 4 ലക്ഷം കോടി രൂപയിൽ എത്തിച്ചത് ആരാണെന്ന്

ധവളപത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ നന്നാകുമെന്നാണ് എനിക്ക് തോന്നുന്നത്.

സൂര്യോദയ ബജറ്റെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ബജറ്റിൽ 601 ഖണ്ഡികകളുണ്ട്. അത് മുഴുവൻ വായിച്ചിട്ടും സൂര്യോദയം പോയിട്ട് മിന്നാമിനുങ്ങിന്റെ വെട്ടംപോലും എനിക്ക് കാണാൻ സാധിച്ചില്ല എന്നതാണ് ബജറ്റിന്റെ ഏറ്റവും വലിയ അപചയം. കഴിഞ്ഞ വർഷം ധനസമാഹരണത്തിനുവേണ്ടി നിരവധി നിർദ്ദേശങ്ങൾ വച്ചിരുന്നു. ജനങ്ങളുടെമേൽ ധാരാളം നികുതികൾ അടിച്ചേൽപ്പിച്ചു, പെട്രോളിനും ഡീസലിനും അധിക സെസ്സ് ചുമത്തി, കെട്ടിട നികുതി, ഭൂമിയുടെ ന്യായവില, പെർമിറ്റ് ഫീസ്, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ഖനനത്തിന്റെ റോയൽറ്റി ഫീസ് എന്നിവയെല്ലാം വർദ്ധിപ്പിച്ചു. എന്നിട്ടും 6 മാസത്തെ ക്ഷേമപെൻഷനടക്കം കൊടുക്കാതെ തകർന്നുകിടക്കുന്ന, ഒന്നും ബാലൻസ് ചെയ്ത് കൊണ്ടുപോകാൻ കഴിയാത്ത കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയാണ് ഇവിടെ വിവരിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിൽ സി.&എ.ജി. കാര്യമാത്രപ്രസക്തമായ ഒരു

അപാകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2018 മുതൽ 2021 വരെ ലഭിച്ചതും വിതരണം ചെയ്തതുമായ തുകയിൽ 4,478 കോടി രൂപയുടെ വ്യത്യാസമുണ്ടെന്ന് സി.&എ.ജി. ചൂണ്ടിക്കാണിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക തകർച്ചയുടെ ഒരു ചെറിയ ഉദാഹരണം മാത്രമാണിത്.

കിഫ്ബി ഇതുവരെ നേരിട്ട് വായ്പയെടുത്തത് 19,634 കോടി രൂപയാണ്. ചില വീടുകളുടെയൊക്കെ മുന്നിൽ 'ചില ദേവൻമാർ ഈ വീടിന്റെ ഐശ്വര്യം' എന്ന് എഴുതിവയ്ക്കുന്നത് കാണാം. എന്നാൽ ഈ ഗവൺമെന്റിന് ആകെ പറയാനുള്ള എല്ലാ നേട്ടങ്ങളും കിഫ്ബിയുടെ നേട്ടങ്ങളാണ്. അതുകൊണ്ടുതന്നെ 'കിഫ്ബി- പിണറായി ഗവൺമെന്റിന്റെ ഐശ്വര്യം' എന്ന് ഈ ഗവൺമെന്റിന്റെ വാതിലിനുമുന്നിൽ എഴുതിവയ്ക്കേണ്ട സ്ഥിതിയാണ്. കിഫ്ബിയാണ് എല്ലാത്തിന്റെയും ആശ്രയം. കിഫ്ബിയിൽനിന്ന് 19,634 കോടി രൂപ നേരിട്ടും വിവിധ സെസ്സുകളിൽനിന്ന് 16,063 കോടി രൂപയും വായ്പയായെടുത്തിട്ടുണ്ട്. ഇത് രണ്ടുംകൂടി കൂട്ടിയാൽ 35,697 കോടി രൂപയാണ്. എന്നാൽ കിഫ്ബി ഇതുവരെയായി 82,383 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ടെന്ന്

പറയുന്നു. ബാക്കി ധനസമാഹരണം എവിടെനിന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാത്തിനും എ.എസ്. നൽകിയിട്ടുണ്ടോയെന്ന് അറിയില്ല, എന്നാൽ അപ്രൂവൽ ചെയ്തുവെന്ന് പറയുന്നുമുണ്ട്. ഇത് കേരളത്തെ വീണ്ടും കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുമെന്ന് യു.ഡി.എഫ്. ആ സമയത്തുതന്നെ ചൂണ്ടിക്കാണിച്ചിരുന്നതാണ്. സംസ്ഥാനത്തിന്റെ ധനബാധ്യതമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എവിടെയെത്തി നിൽക്കുന്നു? ട്രഷറികളിൽ വലിയ തുകയ്ക്കുള്ള ബില്ലുകളൊന്നും മാറുന്നില്ല. കരാറുകാർ സമരത്തിലേയ്ക്ക് പോകുകയാണ്. പി.ഡബ്ല്യൂ.ഡി. കരാറുകാർക്കുമാത്രം 1,500 കോടി രൂപ കൊടുക്കാനുണ്ടെന്ന് പറയുന്നു. അതുപോലെതന്നെ ആശുപത്രികളിൽ മരുന്ന് വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാച്ചിംഗ് ഗ്രാന്റുണ്ടായിട്ടുപോലും ജൽജീവൻ മിഷന്റെ വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം നിശ്ചലമായി. സപ്ലൈകോയിൽ അവശ്യസാധനങ്ങളൊന്നും കിട്ടുന്നില്ല. 1,454 കോടി രൂപ സപ്ലൈകോയ്ക്ക് കൊടുക്കാനുണ്ട്. തപാൽ വകുപ്പിന് പണം

കൊടുക്കാത്തതുകാരണം ലൈസൻസ്, ആർ.സി. ബുക്കുകൾ എന്നിവയുടെ ഉൾപ്പെടെ വിതരണം നടക്കുന്നില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കുപോലും സമയബന്ധിതമായി എ.എസ്. ലഭിക്കുന്നില്ലെന്ന് മാത്രമല്ല, പണം കിട്ടില്ലെന്ന കാരണത്താൽ പ്രവൃത്തി ഏറ്റെടുക്കാൻപോലും കരാറുകാർ തയ്യാറാകുന്നില്ല. 2021-22-ൽ എം.എൽ.എ. ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ട് കട്ട് ചെയ്ത് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡ് നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇന്ന് ഐസൊലേഷൻ വാർഡുകളുടെ അവസ്ഥയെന്താണെന്നുപോലും അറിയാത്ത സാഹചര്യമാണുള്ളത്. രണ്ട് ഐസൊലേഷൻ ബ്ലോക്കുകൾ നിർമ്മിക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. രണ്ടെണ്ണം പോയിട്ട് ഒരെണ്ണംപോലും നാളിതുവരെ പൂർത്തിയായിട്ടില്ല. ഇതാണ് എം.എൽ.എ. ഫണ്ടിന്റെയടക്കം അവസ്ഥ. പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളോട് വിവേചനപരമായ സമീപനമാണ് സർക്കാർ അവലംബിക്കുന്നത്. പന്ത്രണ്ടും പതിനഞ്ചും കോടി രൂപ ഓരോ ഭരണപക്ഷ എം.എൽ.എ.-മാരുടെയും മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി

നൽകുമ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് വെറും 5 കോടി രൂപ മാത്രമാണ് നൽകുന്നതെന്ന കാര്യം ഇവിടെ എല്ലാവരും സൂചിപ്പിച്ചതാണ്. മലപ്പുറം ജില്ല ഇതുമൂലം അവഗണിക്കപ്പെട്ടിരിക്കുകയാണെന്ന് എല്ലാവർക്കുമറിയാം. സൂര്യോദയ ബജറ്റാണിതെന്ന് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ മലപ്പുറം ജില്ലയ്ക്ക് ഇതൊരു സൂര്യഗ്രഹണ ബഡ്ജറ്റാണ്. കാസർഗോഡുകാരും മലപ്പുറം ജില്ലക്കാർക്കുള്ള അതേ പരിഭവം പറയുകയാണ്. മലപ്പുറം ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ്, കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് തുടങ്ങിയ എല്ലാ കാര്യങ്ങളിലും മലപ്പുറം ജില്ല അവഗണിക്കപ്പെട്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തിനുള്ള മെയിന്റനൻസ് ഗ്രാന്റ് വെട്ടിക്കുറച്ചിരിക്കുന്നു, മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമിക്കുള്ള ഗ്രാന്റ് 1 കോടി രൂപയിൽനിന്ന് 25 ലക്ഷം രൂപയായി ചുരുക്കിയിരിക്കുന്നു. മലപ്പുറം ജില്ലയിൽ ഭൂരിപക്ഷവും യു.ഡി.എഫ്. എം.എൽ.എ.-മാരായതിനാൽ വിവിധ ഫണ്ടുകൾ കട്ട് ചെയ്ത

കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കോഴിക്കോട് വിമാനത്താവളത്തെ പാടെ അവഗണിച്ചു.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരുകാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. റൂസോയുടെ 'Confessions (കുറ്റസമ്മതം)' എന്നൊരു പുസ്തകമുണ്ട്. റൂസോ അദ്ദേഹത്തിന്റെ ജീവിതത്തിൽ ചെയ്ത ഒട്ടനവധി അബദ്ധങ്ങളെപ്പറ്റി അതിൽ വിവരിക്കുകയാണ്. അത് മുഴുവൻ കുറ്റസമ്മതമായി 105 പേജുള്ള ആ പുസ്തകത്തിൽ അദ്ദേഹം പറയുന്നുണ്ട്. എന്നാൽ സി.പി.ഐ.(എം) ആയിരം പേജുള്ള പുസ്തകം ഇറക്കിയാൽ പോലും അവർ ചെയ്തുകൊണ്ടിരിക്കുന്ന അബദ്ധങ്ങൾ കുറ്റസമ്മതങ്ങളായി പറഞ്ഞുതീർക്കാൻ കഴിഞ്ഞെന്ന് വരില്ല. അത്രയധികം കുറ്റസമ്മതങ്ങൾ അവർക്ക് എടുത്തുപറയാനുണ്ട്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്. ഇന്ന് അപരാഹ്ന സമ്മേളനം കൂടിയുള്ളതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്വകാര്യ മൂലധന നിക്ഷേപത്തെ എതിർത്തവരായിരുന്നു എൽ.ഡി.എഫ്. എ.ഡി.ബി. വിരുദ്ധ സമരം,

കമ്പ്യൂട്ടർ വിരുദ്ധ സമരം, ഗെയിൽ പൈപ്പ് ലൈൻ വിരുദ്ധ സമരം, സ്വകാര്യ വിദ്യാഭ്യാസം എന്നിങ്ങനെ സകലതിനേയും എതിർത്തവരാണവർ. ഡോ. കെ. ടി. ജലീലിനോട് ഒറ്റകാര്യമേ എനിക്ക് പറയാനുള്ളൂ. 'ലീഗുകാർ ഉത്തരം പറയണം' എന്ന് ഇങ്ങോട്ട് കൈ ചൂണ്ടിയാണ് അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞത്. ഡോ. കെ. ടി. ജലീൽ ലീഗുകാരോട് ചോദിച്ച ചോദ്യങ്ങളൊക്കെ സ്വന്തം നെഞ്ചത്തേയ്ക്ക് കൈചൂണ്ടി ചോദിച്ചാൽ അതിനൊക്കെ ഉത്തരം കിട്ടുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഭാവി കേരളം നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിന്റെ പേര് ചരിത്രത്തിൽ രേഖപ്പെടുത്തുകയും ചെയ്യുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം, കേന്ദ്ര ഗവൺമെന്റ് ഇത്രയേറെ സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിച്ചൊരു കാലഘട്ടമുണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് വൈരനിര്യാതന ബുദ്ധിയോടുകൂടി കേരളത്തോട് ചെയ്യാവുന്ന ദ്രോഹങ്ങൾ മുഴുവൻ ചെയ്യുകയും

ഭരണഘടനാ തത്വങ്ങളെല്ലാം ലംഘിച്ചുകൊണ്ട് സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുകയുമാണ്. അതിന് എല്ലാ അർത്ഥത്തിലും സഹായകരമായ നിലപാടുമായി അവർക്ക് ചൂട്ടുപിടിക്കുന്നൊരു പ്രതിപക്ഷം സംസ്ഥാനത്തുണ്ടായിരുന്നിട്ടുപോലും ഇത്തരമൊരു സൂര്യോദയ ബജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നത് ഏറെ പ്രശംസനീയമാണ്. വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ജനങ്ങളിൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെയും ധനഉത്തരവാദിത്വ നിയമത്തിന്റെ പരിധികൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് റവന്യൂ കമ്മി കുറച്ചും എല്ലാ അർത്ഥത്തിലും ജനോപകാരപ്രദമായൊരു ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെതന്നെ ആധുനിക കാലഘട്ടത്തിനനുസൃതമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗ്രാഫീൻ ഗവേഷണം, റോബോട്ടിക്സ്, വിദ്യാഭ്യാസ രംഗത്തിന്റെ സമൂലമായ പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട് ഭാവിയിലേയ്ക്ക് വലിയ പ്രതീക്ഷ നൽകുന്ന ബജറ്റാണ്. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ വിഴിഞ്ഞം തുറമുഖത്തെ ഭാവികേരളത്തിന്റെ വാതായനമാക്കി

മാറ്റിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എരുമേലി-ശബരി ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതും ഭാവികേരളത്തിന് പ്രതീക്ഷയേകുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പല നിർദ്ദേശങ്ങളും ഈ സഭയിൽ ഉയർന്നുവന്നു. ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്ന പ്രതിപക്ഷത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, നിങ്ങൾ ഈ ഗവൺമെന്റിനെതിരെ വിരൽചൂണ്ടാൻ ശ്രമിക്കുമ്പോൾ നാല് വിരലുകൾ നിങ്ങൾക്കെതിരായി ചൂണ്ടപ്പെടുകയാണ് എന്നതാണ്. ഗാട്ട് കരാറും ആസിയാൻ കരാറും ആരുടെ കാലത്താണ് ഒപ്പുവച്ചത്; റബ്ബറിന്റെ ഇറക്കുമതി ചുങ്കം ആരാണ് എടുത്തുകളഞ്ഞത്? കഴിഞ്ഞ കേന്ദ്ര ബജറ്റിൽപ്പോലും റബ്ബറിന്റെ anti-dumping duty എടുത്തുകളഞ്ഞു. സിന്തറ്റിക് റബ്ബറുപയോഗിച്ചുള്ള പ്രോഡക്ടുകൾ ഇറക്കുമതി ചെയ്തതിന്റെ ഡ്യൂട്ടിയും എടുത്തുകളഞ്ഞിരിക്കുകയാണ്. ഇതടക്കമുള്ള കർഷകവിരുദ്ധ നയങ്ങൾക്കെതിരെ മൗനംപാലിക്കുകയും ആരംഭകാലത്ത് കർഷക വിരുദ്ധ

നയങ്ങൾക്ക് അടിത്തറയിടുകയും ചെയ്ത ആളുകളാണ് ഇന്ന് കർഷകസ്നേഹവുമായി രംഗത്ത് വരുന്നത്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാനുണ്ട്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പത്ത് രൂപയെങ്കിലും വർദ്ധിപ്പിച്ച് 180 രൂപയാക്കിയതിൽ ധനകാര്യ വകുപ്പുമന്ത്രിയോടുള്ള നന്ദി അറിയിക്കുന്നതോടൊപ്പംതന്നെ അത് അപര്യാപ്തമാണെന്നുകൂടി പറയുകയാണ്. റബ്ബർ കർഷകർ വലിയ പ്രതിസന്ധിയിലാണ്. സമയപരിമിതിമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. റബ്ബറിന്റെ താങ്ങുവില 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വന്യമൃഗശല്യം നേരിടുന്നതിന് വകയിരുത്തിയിരിക്കുന്ന തുകയും അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ബജറ്റിനെ ഞാൻ എതിർക്കുന്നു. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ചൂണ്ടിക്കാണിച്ചതുപോലെ കാർഷിക മേഖലയ്ക്കുപോലും പ്രയോജനം ലഭിക്കാത്ത ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിനൊടുവിൽ ചെറുതായെങ്കിലും അതിനോട് യോജിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. റബ്ബറിന്റെ താങ്ങുവില 10 രൂപയെങ്കിലും വർദ്ധിപ്പിച്ചല്ലോയെന്ന് അദ്ദേഹം പറഞ്ഞു. കൃഷിക്കാരെ ഇതിൽപ്പരം കളിയാക്കാനുണ്ടോ; കൃഷിക്കാരെ ഇതിൽപ്പരം അപമാനിക്കാനുണ്ടോ? മാർക്കറ്റിൽ റബ്ബറിന് 160 രൂപ വിലയുള്ളപ്പോൾ 10 രൂപ വർദ്ധിപ്പിച്ചാൽ കൃഷിക്കാരാരും ഇതിന്റെ പുറകെ പോകില്ല. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ കെ. എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. പി. ജെ. ജോസഫ് എന്നിവർ മന്ത്രിസഭാംഗങ്ങളായ യു.ഡി.എഫ്. സർക്കാരാണ് റബ്ബറിന് 70-ഉം 80-ഉം രൂപയുള്ളപ്പോൾ വിലസ്ഥിരതാ ഫണ്ട് കൊണ്ടുവന്നത്. ആ സമയത്ത് 150 രൂപയെന്ന് പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ നിന്ന് 70-80 രൂപ നഷ്ടം വരികയാണ്. ഇപ്പോൾ

ഇവിടെയൊരു നഷ്ടവും വരുന്നില്ല. വളരെ തന്ത്രപൂർവ്വം ആളുകളുടെ കണ്ണിൽ പൊടിയിടാനുള്ളൊരു അഭ്യാസം കാണിച്ചുവെന്നതിനപ്പുറത്ത് റബ്ബർ കർഷകന് ഒരു ഉപകാരവും കിട്ടാത്ത നടപടിയാണ് ഈ ബജറ്റിലൂടെ ഉണ്ടായതെന്ന് തുറന്നുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഒറ്റക്കാര്യം മാത്രം ചെയ്താൽ മതിയാകും. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ റബ്ബറിന് 250 രൂപ താങ്ങുവില നൽകുമെന്ന വാഗ്ദാനം പാലിച്ചാൽ മതി. ആ 250 രൂപ കൊടുക്കുകയാണെങ്കിൽ യു.ഡി.എഫ്. ഭരണകാലത്തിലേതുപോലെ 70 രൂപ മാത്രമേ ഗവൺമെന്റിന് നഷ്ടം വരുന്നുള്ളൂ. അതെങ്കിലും കൊടുക്കാനുള്ള ആത്മാർത്ഥത ഈ ഗവൺമെന്റ് കാണിക്കണം. കാർഷിക മേഖലയ്ക്കുവേണ്ടി ഈ ബജറ്റിൽ മാറ്റിവച്ചിരിക്കുന്നത് 1,868 കോടി രൂപയാണ്. അതുകൊണ്ട് കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിയുമോ? ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഈ തുക അപര്യാപ്തമാണ്. ഈ ബജറ്റിൽ കാർഷിക മേഖലയെ അവഗണിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വളരെ കാര്യമായി കാർഷിക മേഖലയെ

മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുന്നത് ഞങ്ങൾ കാണുന്നുണ്ട്. ബഹുമാന്യനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും നെൽകർഷകരെ സഹായിക്കാൻ പരമാവധി പരിശ്രമിക്കുന്നുണ്ട്. പക്ഷെ, ധനകാര്യ വകുപ്പ് പണം കൊടുക്കുന്നില്ലെങ്കിൽ എന്തുചെയ്യാൻ കഴിയും? ധനകാര്യ വകുപ്പ് പണം കൊടുക്കാത്തത് ഇന്ന് കേരളത്തിൽ ചർച്ചാവിഷയമല്ലേ? നെല്ല് സംഭരണം ഇന്ന് പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. നാളികേര സംഭരണത്തിന്റെ കാര്യം ഇന്ന് രാവിലെ ചർച്ച ചെയ്തു. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഈ ബജറ്റിലൂടെ ശാശ്വതപരിഹാരമുണ്ടാകുമെന്ന് നെൽകർഷകർ പ്രതീക്ഷിച്ചു. ഒരു പരിഹാരവുമുണ്ടായില്ലെന്ന് മാത്രമല്ല, നെൽകർഷകരെയും അവഗണിച്ചിരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ ഇനിയെങ്കിലും ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതൊരു ക്ഷേമ ബഡ്ജറ്റാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ എല്ലാ ക്ഷേമ പദ്ധതികളെയും തകർത്ത ബജറ്റാണിത്. കഴിഞ്ഞ പ്രാവശ്യം പാവങ്ങളുടെ പോക്കറ്റടിച്ച്

5,000 കോടി രൂപയുടെ ധനസമാഹരണം നടത്തി. എല്ലാ നികുതിയും വർദ്ധിപ്പിച്ചു. എന്നിട്ട് പെൻഷൻപോലും ഇപ്പോൾ നൽകുന്നില്ല. കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങിയിരിക്കുന്ന കാര്യം ശ്രീമതി ഉമ തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ മൂന്ന് മാസമായി കെ.എസ്.ആർ.ടി.സി.-യിലെ പെൻഷനും മുടങ്ങിക്കിടക്കുകയാണ്. എത്രമാത്രം പാവപ്പെട്ട ആളുകളാണ് ഈ നടപടിയിലൂടെ വിഷമിക്കുന്നത്. പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു മന:സാക്ഷി കാണിക്കേണ്ടതല്ലേ? എത്ര ആളുകളാണ് സാമൂഹ്യക്ഷേമ പെൻഷൻ കിട്ടാതെ കഷ്ടപ്പെടുന്നത്. കഴിഞ്ഞ ദിവസം വണ്ടിപ്പെരിയാറിൽ പാവപ്പെട്ട ഒരമ്മ കസേരയിട്ട് റോഡിലിരിക്കുകയാണ്. മറിയക്കുട്ടി ചേട്ടത്തി പെൻഷൻ ലഭിക്കാത്തതിന് സമരം ചെയ്ത് കോടതിയിൽവരെ പോകുന്നു. ഇതൊക്കെ കേരളത്തിൽ നിത്യസംഭവമായി മാറിയിരിക്കുന്നു. ഇതെല്ലാം യു.ഡി.എഫ്. ചെയ്യുന്നതല്ലല്ലോ? മനുഷ്യർ വിഷമിക്കുമ്പോൾ വഴിയിലിറങ്ങുകയാണ്. ഇപ്പോൾ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കാട്ടാനയും മൃഗങ്ങളുമെല്ലാം ആളുകളെ ഉപദ്രവിക്കുന്നത് ഒരുഭാഗത്ത് നടക്കുമ്പോൾ

മറുഭാഗത്ത് അർഹമായ പെൻഷൻ വിഹിതം ലഭിക്കാത്തതിനാൽ പാവപ്പെട്ട മനുഷ്യരും റോഡിലേയ്ക്കിറങ്ങുന്ന അവസ്ഥയാണ്. മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയല്ലേ; അതല്ലേ ആദ്യം കൊടുക്കേണ്ടത്. 6 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുള്ളപ്പോഴാണ് പഴയ കണക്കും പറഞ്ഞുവരുന്നത്. ഇതിലെന്തെങ്കിലും ന്യായമുണ്ടോ? കഴിഞ്ഞ 8 വർഷമായി ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാണ്, 8 വർഷത്തെ പെൻഷൻ കുടിശ്ശികയുടെ കാര്യം ചോദിക്കുമ്പോൾ അതിനുമുമ്പുള്ള പഴയകാല ചരിത്രമാണ് പറയുന്നത്. ഇതുപോലുള്ള എത്രയോ പ്രശ്നങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുകയാണ്.

കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി നോൺ ജേർണലിസ്റ്റുകളുടെ പെൻഷൻ 6,500 രൂപയിൽ നിന്നും 7,000 രൂപയാക്കി വർദ്ധിപ്പിച്ചു. പത്രപ്രവർത്തകരായ നോൺ ജേർണലിസ്റ്റുകളിൽ എത്രയോപേർ മരുന്ന് വാങ്ങാൻ പണമില്ലാതെ വിഷമിക്കുന്നുണ്ട്. കോട്ടയത്ത് നടന്ന അവരുടെ സംസ്ഥാന സമ്മേളനത്തിൽ ഞങ്ങളൊക്കെ പങ്കെടുത്തു. നോൺ ജേർണലിസ്റ്റ് പെൻഷൻ 6,500 രൂപയിൽ നിന്ന് 7000

രൂപയാക്കിയതിനുശേഷം ഈ ഗവൺമെന്റ് ചെയ്തതെന്താണ്? 500 രൂപ വെട്ടിക്കുറച്ച് ഇപ്പോൾ വീണ്ടും 6,500 രൂപയിലേയ്ക്ക് പോയി. കഴിഞ്ഞ ബജറ്റിൽ അത് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞെങ്കിലും വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല ഇപ്പോൾ അതും കുടിശ്ശികയായിരിക്കുകയാണ്. 500 രൂപയ്ക്കുവേണ്ടി ദാരിദ്ര്യം കാണിക്കേണ്ട കാര്യമുണ്ടോ? നോൺ ജേർണലിസ്റ്റുകളുടെ പെൻഷൻ 7,000 രൂപയാക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ വാഗ്ദാനം ഇപ്രാവശ്യമെങ്കിലും നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കാർഷിക പെൻഷൻ ഉൾപ്പെടെ എല്ലാ മേഖലയിലെയും പെൻഷൻ മുടങ്ങിക്കിടക്കുന്നുവെന്ന കാര്യവും ഗൗരവതരമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ആർ.കെ.വി.വൈ., മൈക്രോ ഇറിഗേഷൻ തുടങ്ങി ഒട്ടേറെ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുകപോലും കേരളത്തിന് വിനിയോഗിക്കാൻ കഴിയുന്നില്ല. എന്നിട്ടും നമ്മളെല്ലാവരും കേന്ദ്രത്തെ കുറ്റം

പറയുകയാണ്. ഞാൻ കേന്ദ്ര സർക്കാരിനെ ന്യായീകരിക്കുകയല്ല. തമിഴ്നാട്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങൾ കേന്ദ്ര വിഹിതം കൃത്യമായി വിനിയോഗിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ബജറ്റ് പ്രൊവിഷൻ കൃത്യമായി കൊടുക്കുകയാണ്. ഇവിടെ അഞ്ച് കോടി, ആറ് കോടി, പത്തുകോടി എന്നെല്ലാം പേരിന് പറയുന്നുണ്ടെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുക ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സംസ്ഥാന സർക്കാരിന് കഴിയുന്നില്ല. കഴിഞ്ഞ രണ്ട് ദിവസമായി ജൽജീവൻ മിഷനെക്കുറിച്ച് മലയാള മനോരമ പരമ്പര എഴുതികൊണ്ടിരിക്കുകയാണ്. 'തലതിരിഞ്ഞ മിഷൻ, ശ്വാസം നിലച്ച് ജൽജീവൻ' എന്നാണ് തലക്കെട്ട്. 'ആദ്യം കിട്ടിയ കോടികൾ ചെലവഴിച്ച് മത്സരിച്ച് പൈപ്പിട്ടു. ആ പൈപ്പുകളിലൂടെ വെള്ളം ഒഴുക്കാൻ ജലസംഭരണിയും ശുദ്ധീകരണശാലയും സ്ഥാപിക്കണമെങ്കിൽ ഇനിയും പണം വേറെ വേണം. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കേണ്ട ജൽജീവൻ മിഷൻ ആസൂത്രണ വൈകല്യവും അനാവശ്യ

ധ്യതിയും കാരണം സംസ്ഥാന സർക്കാരിന് വൻ ബാധ്യതയായി മാറുന്നു. ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഈ വർഷം അവസാനത്തോടെ ജലം എത്തിക്കാനായിരുന്നു കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതി. പക്ഷെ കേരളത്തിൽ ഇത് പരിപൂർണ്ണമായും പാളിപ്പോയി, കരാറുകളിലെ ക്രമക്കേടുകൂടിയാകുമ്പോൾ ഇത് പൂർണ്ണമായും സ്തംഭനത്തിലാകും.' ഈ പരമ്പര വായിച്ചുനോക്കണം. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. കെ. കൃഷ്ണൻകുട്ടി ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോഴും തുടർന്നുവരികയാണ്. ഈയിനത്തിൽ 2,000 കോടി രൂപ കൂടിശ്ശികയാണെന്ന് മനസ്സിലാക്കണം. ഇത്രയും തുക കൂടിശ്ശികയുള്ളപ്പോൾ ഈ പദ്ധതി എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്നാണ് പറയുന്നത്? ഇപ്പോൾ പൈപ്പ് വാങ്ങാൻ ഫണ്ടില്ല, പൈപ്പിന്റെ പണം കൊടുത്തുതീർക്കാൻ കഴിയുന്നില്ല. പദ്ധതി തന്നെ പ്രതിസന്ധിയിലായിരിക്കുന്നു. ഗവൺമെന്റിന്റെ പിടിപ്പുകേടാണ് ഇതിലൂടെ

പുറത്തുവരുന്നത്. പി.ഡബ്ല്യൂ.ഡി.യ്ക്ക് കോടിക്കണക്കിന് രൂപയാണ് കുടിശ്ശികയുള്ളത്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കാം. വൈക്കം-കടത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മുട്ടുചിറയിൽനിന്നും ആരംഭിച്ച് കടുത്തുരുത്തിയിൽ വൈക്കം മണ്ഡലംവഴി വന്നുചേരുന്ന ചില പ്രധാനപ്പെട്ട റോഡുണ്ട്. മുട്ടുചിറ-ആയാംകുടി-എഴുമാന്തുരുത്ത്-വെള്ളൂർ-മുളക്കുളത്ത് റോഡാണ് വൈക്കം-കടത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നത്. അവിടെ പണി നിർത്തിവച്ചിരിക്കുകയാണ്. കടത്തുരുത്തിയും പിറവവും തമ്മിൽ ബന്ധിപ്പിക്കുന്ന കടത്തുരുത്തി-പിറവം റോഡിന്റെയും പണി നിർത്തിവച്ചിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി.ക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക നൽകാനുണ്ടെന്ന കാരണത്താൽ വർക്കുകൾ നിർത്തിവയ്ക്കാൻ കരാറുകാർ നിർബന്ധിതരായിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ ബജറ്റിലൂടെ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സപ്പോർട്ട് കൊടുക്കേണ്ടതല്ലേ? ഇത്തരത്തിലുള്ള സാഹചര്യങ്ങൾ

പരിഹരിക്കാനാവശ്യമായ ഫണ്ട് റിലീസ് ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറായെങ്കിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. വികസന സ്തംഭനമുണ്ടാക്കുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിന്റെ വികസന സാധ്യതകൾ പരമാവധി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള മികച്ച നിർദ്ദേശങ്ങളാണ് 2024-25-ലെ ബജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഇതൊരു സൂര്യോദയ ബജറ്റാണെന്ന് നിസ്സംശയം പറയാം. കൃത്യമായി വായിക്കാതെയും മനസ്സിലാക്കാതെയും 'കുരുടൻ ആനയെ കണ്ട അവസ്ഥ'യിലാണ് പ്രതിപക്ഷം ബജറ്റിനെ സമീപിക്കുന്നത്. മാതൃകാപരമായ ഒട്ടനവധി നിയമനിർമ്മാണങ്ങൾ നടത്തിയൊരു സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. ഒന്നാം ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് ദശലക്ഷക്കണക്കിന് വരുന്ന കുടിയാന്മാരെ കുടിയിറക്കി വിടാനുള്ള ജന്മിയുടെ അവകാശത്തെ

നിഷേധിച്ചുകൊണ്ടുള്ള കുടിയിറക്ക് നിരോധന നിയമം, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർതലത്തിൽ ശമ്പളം കൊടുക്കുമെന്ന് പ്രഖ്യാപിച്ച്, സെക്കണ്ടറിതലം വരെ സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പാക്കിയ വിദ്യാഭ്യാസ ബിൽ, എല്ലാവർക്കും സ്വന്തമായി ഭൂമിയുടെ അവകാശം പ്രഖ്യാപിച്ചുകൊണ്ടുള്ള ഭൂപരിഷ്കരണ നിയമം, ഏമാന്മാരുടെ കൈയാളായിരുന്ന പോലീസിനെ സാധാരണ ജനങ്ങൾക്കുവേണ്ടി പ്രാപ്യമാക്കിയ പോലീസ് നയം, മാതൃകാപരമായ ആരോഗ്യനയം, സമ്പൂർണ്ണ ഭക്ഷ്യ-പൊതുവിതരണ സമ്പ്രദായം, 1980-ലെ നായനാർ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ, സർവ്വക്ഷേമ പെൻഷനുകൾക്ക് തുടക്കം കുറിച്ചത്, സമ്പൂർണ്ണ സാക്ഷരതായജ്ഞം, ജനകീയാസൂത്രണ പ്രഖ്യാപനം, ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായിട്ടുള്ള കുടുംബശ്രീയുടെ തുടക്കം, രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് തുടങ്ങിയ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നേതൃത്വം വഹിച്ചത് കമ്മ്യൂണിസ്റ്റ്-ഇടതുപക്ഷ ഗവൺമെന്റുകളാണെന്ന് തിരിച്ചറിയേണ്ടതായിട്ടുണ്ട്. ഈ

അടിത്തറയിൽനിന്നും കേരളീയ സമൂഹത്തെ മുന്നോട്ടുനയിക്കുന്നതിന് ബഹുമുഖമായ പദ്ധതികളും നയങ്ങളുമാണ് സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദിവസവേതനം ലഭിക്കുന്നത് ഈ കൊച്ചുകേരളത്തിലാണ്. എല്ലാവർക്കും സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യത്തിലേയ്ക്കെത്തിച്ചു. ഈ ബജറ്റിലെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേരളത്തെ ഇനിയും മുന്നോട്ട് നയിക്കുന്നതാണെന്ന് കാണാം. വരുന്ന മൂന്നുവർഷക്കാലംകൊണ്ട് ഏകദേശം മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ബജറ്റുവഴി പ്രതീക്ഷിക്കുന്നത്. 1970-കളിൽ ചൈനയുടെ വികസനാവശ്യത്തിനായി രൂപംകൊടുത്ത ഡെവലപ്മെന്റ് സോൺ എന്ന ആശയം അവലംബിക്കാനെടുത്ത തീരുമാനവും ശ്ലാഘനീയമാണ്. ലോകത്തും രാജ്യത്തുമുണ്ടാകുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള അവഗണനയും അതിജീവിക്കാൻ കേരളം സ്വന്തം കാലിൽ നിൽക്കേണ്ടതാവശ്യമാണ്. അതിനാവശ്യമായ പ്ലാൻ ബി-യെക്കുറിച്ച് കേരളം ആലോചിക്കുന്നുവെന്നതും ഏറെ സന്തോഷകരമാണ്. ഓരോ വർഷവും ചെലവ് കൂടുന്നതിനനുസൃതമായി

റവന്യൂ വരുമാനവും വർദ്ധിപ്പിക്കണം. മികച്ച ധനകാര്യ മാനേജ്മെന്റാണ് ഇന്ന് കേരളത്തിലുള്ളത്. 2020-21 സാമ്പത്തിക വർഷം 47,669 കോടി രൂപയായിരുന്ന റവന്യൂ വരുമാനമെങ്കിൽ നടപ്പുവർഷം 78,000 കോടി രൂപയാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്നത്. ഏകദേശം മുപ്പതിനായിരം കോടിയിലധികം രൂപയാണ് അധികമായി വർദ്ധിപ്പിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെ സംബന്ധിച്ചും 57,400 കോടി രൂപ കേരളത്തിന് ലഭിക്കാനുള്ള കണക്കുപറയുമ്പോഴും ശ്രീ. വി.ഡി സതീശൻ ഉൾപ്പെടെയുള്ള യു.ഡി.എഫ്. പ്രതിനിധികൾ ബി.ജെ.പി. സർക്കാരിന്റെ കളളത്തരത്തിന് പിന്തുണ നൽകി അവരുടെ ഏജന്റായി പ്രവർത്തിക്കുന്നുവെന്നത് നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരമായി കേരളത്തിന് ലഭിക്കേണ്ടിയിരുന്ന 12,000 കോടി രൂപ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 8,400 കോടി രൂപയും കിഫ്ബി പെൻഷൻ കമ്പനിയുടെ പേരിൽ വായ്പയെടുക്കാൻ അനുമതി നിഷേധിച്ചതിന്റെ ഭാഗമായി നഷ്ടപ്പെട്ടത് 7,000

കോടി രൂപയുമാണ്. സംസ്ഥാനം എടുത്ത വായ്പ പൊതുകടത്തിലുൾപ്പെടുത്തിയതിലൂടെ 12,000 കോടി രൂപയുടെ കുറവാണ് വരുത്തിയിരിക്കുന്നത്. പത്താം ധനകാര്യ കമ്മീഷനിൽ സംസ്ഥാനത്തിന് കിട്ടിയ ഗ്രാന്റ് നേർപകുതിയായി കുറഞ്ഞപ്പോൾ അത് 18,000 കോടി രൂപയായി. ഇവയെല്ലാം കൂട്ടിച്ചേർക്കുമ്പോൾ കേരളത്തിന് ലഭിക്കേണ്ടിയിരുന്ന 54,000 കോടിയോളം രൂപയാണ് നഷ്ടപ്പെട്ടത്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് ചെറുകിട-ഇടത്തരം വ്യാപാര മേഖല. ഏകദേശം 15 ലക്ഷത്തോളം വരുന്ന ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 30 ലക്ഷത്തിലധികം ആളുകളുടെ ജീവിതമാർഗ്ഗമാണ്. 2011-12-ലെ ഡോ. മൻമോഹൻസിംഗ് ഗവൺമെന്റ് ചെറുകിട-ഇടത്തരം മേഖലയിലേയ്ക്ക് വിദേശ ഇറക്കുമതിക്ക് നിയന്ത്രണാതീതമായി അനുമതി നൽകിയതിന്റെ ഫലമായി ആ മേഖല വല്ലാത്ത പ്രതിസന്ധിയിലാണ്. ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് ഏകദേശം 100 ശതമാനം ഇറക്കുമതി അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഒരു നിയന്ത്രണവുമില്ലാത്ത ഓൺലൈൻ ബിസിനസ്സ്

എന്നിവയെല്ലാം പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. ചെറുകിട വ്യാപാരം നടത്തുന്ന ഒരു വ്യാപാരി ലക്ഷക്കണക്കിന് രൂപ അഡ്വാൻസും വാടകയും നൽകി, കറന്റ് ചാർജ്ജ് അടച്ച് ജീവനക്കാർക്ക് ശമ്പളവും കൊടുത്താണ് മുന്നോട്ടുപോകുന്നത്. ആ സാഹചര്യത്തിലാണ് ഓൺലൈൻ ബിസിനസ്സിനെ അനിയന്ത്രിതമായി കെട്ടഴിച്ചുവിട്ടിരിക്കുന്നത്. ഈ മേഖലയെ കണ്ണ് തുറന്നുകാണുവാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഏകദേശം മൂന്നുകോടി രൂപയാണ് ഈ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു നയം പ്രഖ്യാപിക്കുന്നതിനും കേരളത്തിലെ ചെറുകിട-ഇടത്തരം വ്യാപാരമേഖലയെ സംരക്ഷിക്കുന്നതിനുംവേണ്ടി ഗവൺമെന്റ് നീക്കിവച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ ജനാധിപത്യവിരുദ്ധ നീക്കങ്ങളെയും ശക്തിയായി എതിർക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. പൗരത്വ ഭേദഗതി ബിൽ വന്നപ്പോൾ ഇന്ത്യയിലാദ്യമായി അതിനെതിരെ പ്രമേയം പാസ്സാക്കി എതിർപ്പ് പ്രകടിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ബി.ജെ.പി. ഗവൺമെന്റിന്റെ

ജനാധിപത്യവിരുദ്ധവും മതനിരപേക്ഷതയ്ക്കെതിരായിട്ടുള്ള നിലപാടുകളും ശക്തമായി എതിർക്കുന്ന ഇന്ത്യയിലെ ഏക ഗവൺമെന്റ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ആ ഗവൺമെന്റിനെതിരായി വിവിധ അന്വേഷണ ഏജൻസികൾവഴി നടത്തിയ അന്വേഷണങ്ങളെല്ലാം വൃഥാവിലായി. മറ്റുസംസ്ഥാനങ്ങളിലെ, ബി.ജെ.പി. ഇതര ഗവൺമെന്റുകളിലെ പ്രമുഖന്മാരെ ഇ.ഡി.-യെ ഉപയോഗപ്പെടുത്തി ജയിലിലടയ്ക്കുന്നതുപോലെ കേരള ഗവൺമെന്റിന്റെ പ്രതിനിധികളെ ആരെയും തൊടാൻ കഴിയാതെ വന്നപ്പോഴാണ് കേരളത്തിൽ സാമ്പത്തിക ഉപരോധമേർപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചപ്പോൾ അവർക്കൊപ്പം ചേർന്നവരാണ് കേരളത്തിലെ കോൺഗ്രസ്സുകാർ. ഉപരോധ സമാനമായ സാമ്പത്തിക വിവേചനമാണ് കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്നത്. നരേന്ദ്ര മോദി സർക്കാരിന്റെ പകപോക്കൽ നയങ്ങളാണ് കേരളത്തെ ധനഞെരുക്കത്തിലാക്കിയത്. എന്നാൽ കേന്ദ്ര അവഗണന കൊണ്ടല്ല കേരളം

ധനഞെരുക്കത്തിലായതെന്നാണ് കേരളത്തിലെ പ്രതിപക്ഷം, പ്രത്യേകിച്ച് കോൺഗ്രസ്സ് പാർട്ടി പറയുന്നത്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതരാമന്റെ വക്കാലത്താണ് ശ്രീ. വി. ഡി. സതീശൻ എടുത്തിട്ടുള്ളത്. പണ്ട് കിഫ്ബിക്കെതിരായി സംഘ്പരിവാർ സംഘടന നൽകിയ കേസിന്റെ വക്കാലത്ത് ഡോ. മാത്യു കുഴൽനാടൻ എടുത്തതുപോലെയാണിത്. അന്ന് കോടതിയിൽ കിഫ്ബിക്കെതിരായി വീറോടെ വാദിച്ച ഡോ. മാത്യു കുഴൽനാടൻ പിറ്റേദിവസം ഒരുളുപ്പുമില്ലാതെ കിഫ്ബിവഴി കിട്ടിയ പദ്ധതികളെക്കുറിച്ച് മൂവാറ്റുപുഴ മണ്ഡലത്തിന്റെ മുക്കിലും മൂലയിലും വലിയ ഫ്ലക്സടിച്ച് വയ്ക്കുകയാണുണ്ടായത്. എം.എൽ.എ.-യുടെ ഫേസ്ബുക്ക് പോസ്റ്റിൽ ഇപ്പോഴും ആ പോസ്റ്ററുകളുണ്ട്. കേരളത്തിന്റെ ധനപ്രതിസന്ധിയുടെ ഉത്തരവാദികൾ കേന്ദ്ര സർക്കാരല്ലെന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ട് ശ്രീ. വി. ഡി. സതീശൻ ബി.ജെ.പി.-യുടെ നേരെ ഒരു പാലമിടുകയാണ് ചെയ്യുകൊണ്ടിരിക്കുന്നത്. കേന്ദ്ര നിലപാടുകൾ സാമ്പത്തിക ഞെരുക്കത്തിന് കാരണമായെന്ന് കർണ്ണാടക കോൺഗ്രസ്സ് നേതാക്കൾ അഭിപ്രായപ്പെട്ടു. 'സിദ്ധരാമയ്യ ചതിച്ചാശാനെ'

എന്നുപറഞ്ഞുള്ള നിലവിളികളായിരുന്നു പിന്നീട് യു.ഡി.എഫ്. ക്യാമ്പിലുണ്ടായത്. ബി.ജെ.പി. ഇതര പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളോട് കേന്ദ്ര വിവേചനമോ സാമ്പത്തിക ഉപരോധമോ ഇല്ലെന്ന് വരുത്തിതീർക്കാൻ കഷ്ടപ്പെടുന്ന കേരളത്തിലെ കോൺഗ്രസ്സുകാർക്ക് കിട്ടിയ മുട്ടൻ അടിയായിരുന്നു കർണ്ണാടക സർക്കാരിന്റെ ഡൽഹിയിലെ സമരം. ശ്രീ. കെ. സി. വേണുഗോപാലിനെക്കൊണ്ട് കർണ്ണാടക സർക്കാരിന്റെ സമരം ക്യാൻസൽ ചെയ്യിപ്പിക്കാൻവരെ ചില യുവകോൺഗ്രസ് എം.എൽ.എ.-മാർ ശ്രമിച്ചുവെന്നതാണ് കരക്കമ്പി. ശ്രീ. സുനിൽ കനുഗോലുവിന്റെ ബില്ലടയ്ക്കാനുള്ള പണം കർണ്ണാടകയിൽനിന്നും വരേണ്ടതുള്ളതുകൊണ്ട് ശ്രീ. കെ. സി. വേണുഗോപാൽ കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാരുടെ അഭ്യർത്ഥന മാനിച്ചില്ല. അല്ലെങ്കിലും ശ്രീ. കെ. സി. വേണുഗോപാലിനെയൊന്നും കർണ്ണാടകയിലെ നേതാക്കൾ വില വയ്ക്കാറില്ല. ഏറ്റവുമൊടുവിൽ കർണ്ണാടകയുടെ സമരദിവസം, മുൻകൂട്ടി നിശ്ചയിച്ച് തന്റെ ഡൽഹിയാത്രപോലും പ്രതിപക്ഷനേതാവിന് ക്യാൻസൽ

ചെയ്യേണ്ടിവന്നുവെന്നും വാർത്തയുണ്ട്. പക്ഷേ, ഡൽഹിയിലുണ്ടായാൽ കർണ്ണാടക സമരത്തിൽ പങ്കെടുക്കേണ്ടി വരുമല്ലോയെന്നോർത്താണ് അദ്ദേഹം ഡൽഹി യാത്ര ഉപേക്ഷിച്ചത്. പാർലമെന്റിൽ ഭരണപക്ഷം അവതരിപ്പിച്ച വൈറ്റ് പേപ്പറിന് ബദലായി കോൺഗ്രസ് അവതരിപ്പിച്ച ബ്ലാക്ക് പേപ്പറിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിൽ വീർപ്പുമുട്ടുകയാണെന്ന് എഴുതിവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ കേരളത്തോട് വിവേചനം കാണിക്കുന്നുവെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അഭിപ്രായപ്പെടുകയുണ്ടായി. പത്ത് കൊല്ലംമുമ്പ് അന്നത്തെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലെ തൊഴിൽ വകുപ്പുമന്ത്രിയും ആർ.എസ്.പി. നേതാവുമായ ശ്രീ. ഷിബു ബേബി ജോൺ ശ്രീ. നരേന്ദ്ര മോദിയെ ഗുജറാത്തിലുള്ള അദ്ദേഹത്തിന്റെ ഓഫീസിൽ പോയി കണ്ടത് മലയാളികൾ മറന്നിട്ടില്ല. അന്നിട്ട പാലം ഇന്നും അവർക്കിടയിലുണ്ടെന്ന് സാരം. അതാണ് കഴിഞ്ഞ ദിവസം പാർലമെന്റ് ക്യാന്റീനിൽ ശ്രീ. എൻ. കെ പ്രേമചന്ദ്രന്റെ രൂപത്തിൽ കണ്ടത്. കേരളത്തിലെ ആർ.എസ്.പി.-യു.ഡി.എഫ്. ബാന്ധവത്തിന്റെ

ഇടനിലക്കാരനാണ് ശ്രീ. എൻ. കെ പ്രേമചന്ദ്രൻ. ശ്രീ. വി. ഡി. സതീശന്റെയും ബി.ജെ.പി.-കാരുടെയും സ്വരം ഒന്നാകുന്നതിന്റെ കാരണവും ഈ ബാന്ധവമല്ലാതെ മറ്റൊന്നുമല്ല. കേന്ദ്രത്തിനെതിരെ പറയാൻ യു.ഡി.എഫ്.-ന് നാവ് പൊങ്ങാത്തത് ഇതൊക്കെകൊണ്ടാണ്. ശ്രീ. നരേന്ദ്ര മോദി എറിഞ്ഞുകൊടുക്കുന്ന എച്ചിൽ നക്കാൻ മാത്രം ഉപയോഗിക്കുന്ന യു.ഡി.എഫ്.-കാരുടെ നാവുകൾ മലയാളികൾ തിരിച്ചറിയുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്....

ശ്രീ. കെ. ആൻസലൻ: സർ, 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ കേരളത്തിലെ ഖജനാവിൽ 262 കോടി രൂപ മൈനസായിരുന്നുവെന്ന് ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. എഴുതി ഒപ്പിട്ടുകൊടുത്ത ചെക്കുകൾപോലും മാറിയിരുന്നില്ല.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്....

ശ്രീ. കെ. ആൻസലൻ: സർ, ആ ധനപ്രതിസന്ധിയിൽനിന്നാണ് കേരളത്തെ ഇപ്പോൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ക്രിയാത്മകമായ ഇടപെടൽ നടത്തിക്കൊണ്ടാണ് കേരളത്തെ

മുന്നോട്ട് നയിക്കുന്നത്. ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന തരത്തിലുള്ളതാണ് ഈ ബജറ്റെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. പുതിയ കേരളത്തിനുള്ള ഉറച്ച കാൽവയ്പ്പാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റ്. കശുവണ്ടി മേഖലയ്ക്ക് 53 കോടി രൂപയാണ് ഈ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ മേഖലയ്ക്ക് കുറച്ചുകൂടി തുക വേണ്ടിവരുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഈ ബജറ്റിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് കൊല്ലം ജില്ലയ്ക്കാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ഇതൊരു പ്രാദേശിക വാദമല്ല. ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൊല്ലം ജില്ലക്കാരാണ്. കൊല്ലം ജില്ലയിൽ സമഗ്രമായ വികസനമാണ് വരാൻ പോകുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ജില്ലയെന്നുള്ള നിലയിൽ മാത്രമല്ല, കേരളത്തിന്റെ

പൊതുകാഴ്ചപ്പാട് എന്ന നിലയ്ക്കാണ് പറഞ്ഞത്. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലഘട്ടത്തിൽ അന്ധകാരത്തിലേയ്ക്കാണ്ടുപോയ കേരളീയ സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് വളർത്തിയെടുക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിക്കേണ്ടിവന്നു. ഞാൻ ആ ചരിത്രത്തെ സംബന്ധിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

മത്സ്യബന്ധനമേഖലയ്ക്ക് 227 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. മൺറോതുരുത്ത് ടൂറിസം പാക്കേജ് എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. കോടിക്കണക്കിന് രൂപയുടെ ടൂറിസം പാക്കേജാണ് മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ വരാൻ പോകുന്നത്. കേന്ദ്ര ഗവൺമെന്റ് ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നമ്മെ തള്ളിവിടുന്ന ഈയവസരത്തിലും ഒരുകാരണവശാലും കേരളത്തെ തകർക്കാനോ തളച്ചിടാനോ കഴിയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്താം ധനകാര്യ കമ്മീഷൻ ആരംഭിച്ച അന്നുമുതൽ കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര വിഹിതം 3.9 ശതമാനമായിരുന്നു. ഇപ്പോൾ കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന

കേന്ദ്രവിഹിതം 1.8 ശതമാനമായി കുറച്ചിരിക്കുകയാണ്. അതായത്, കേരളത്തിന് ഒരു വർഷം 57,400 കോടി രൂപ നഷ്ടമാണ്. കേരളത്തിൽനിന്നുള്ള യു.ഡി.എഫ്. എം.പി.-മാർ ഈ നിമിഷംവരെ കേരളത്തിന്റെ ഏതെങ്കിലും ഒരു ആവശ്യം പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ടോ; ഒരാളുപോലും ഒരക്ഷരം പറഞ്ഞില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ എം.പി.-ന്മാർ അല്ലാതെ യു.ഡി.എഫ്.-ന്റെ എം.പി.-ന്മാർ 'കമാ' എന്നൊരക്ഷരം പറഞ്ഞില്ല. എന്തിനാണ് അവർ പാർലമെന്റിൽ പോയത്? കേരളം ഇത്രയും ധനപ്രതിസന്ധിയിൽ നിൽക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് നൽകേണ്ട വിഹിതം നൽകുന്നില്ല. ഒരു രൂപ കേന്ദ്രത്തിൽ അടയ്ക്കുമ്പോൾ 25 പൈസ കേരളത്തിന് ലഭിക്കേണ്ടതാണ്. അതും കിട്ടുന്നില്ലെന്നതാണ് സ്ഥിതി. കേന്ദ്രം കേരളത്തെ ഞെക്കിക്കൊല്ലുകയാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് 70, 40, 45 ശതമാനം എന്ന നിലയ്ക്കാണ് തുക നൽകുന്നത്. ശ്രീ. നരേന്ദ്ര മോദി ഗുജറാത്തിൽ മൂന്ന് തവണ മുഖ്യമന്ത്രിയായപ്പോൾ അഹമ്മദാബാദിൽമാത്രം കുറച്ച് വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന കാര്യം മുൻ ഉന്നതവിദ്യാഭ്യാസ

വകുപ്പുമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞമാസം ഞങ്ങൾ അഹമ്മാദബാദും അതിന്റെ ഉൾപ്രദേശങ്ങളും സന്ദർശിച്ചു. അവിടെ യാതൊരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല, അതുമാത്രമല്ല വളരെ ദയനീയ അവസ്ഥയാണ് വിദ്യാഭ്യാസ രംഗത്തുള്ളത്. 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗുജറാത്തിലെ 166 സ്കൂളുകളിൽ പരീക്ഷ എഴുതിയ ഒറ്റക്കുട്ടിപോലും ജയിച്ചിട്ടില്ല. എത്ര ഖേദകരമായ അവസ്ഥയാണ്! അങ്ങനെയുള്ളപ്പോഴാണ് ബി.ജെ.പി.യും കോൺഗ്രസും പുരോഗമന വിദ്യാഭ്യാസത്തെപ്പറ്റി പറയുന്നതെന്ന വിരോധാഭാസമുണ്ട്. ചില നിർദ്ദേശങ്ങൾകൂടി സഭയുടെ മുമ്പാകെ സമർപ്പിക്കാനുണ്ട്. അതിൽ പ്രധാനപ്പെട്ടത് തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്ന കാര്യമാണ്. തൊഴിലില്ലായ്മ വേതനം തുടങ്ങിയ കാലംമുതൽ ഒരു മാസം 125 രൂപയാണ് നൽകുന്നത്. അത് ഇരട്ടിയായോ രണ്ടിരട്ടിയായോ വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. അങ്കണവാടി ജീവനക്കാരുടെയും സാക്ഷരതാ പ്രേരക്മാരുടെയും ഓണറേറിയം വർദ്ധിപ്പിക്കണം. പ്രേരക്മാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി

ബന്ധപ്പെട്ട് ധാരാളം ജോലികൾ ചെയ്യുന്നവരാണ്. സ്കൂൾ പാചക തൊഴിലാളികൾക്ക് നൽകുന്ന തുച്ഛമായ വേതനവും വർദ്ധിപ്പിക്കണം. ശാസ്താംകോട്ട താലൂക്കാശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ വളരെ കുറവാണ്. സമീപ പ്രദേശങ്ങളിലെ മുഴുവൻ താലൂക്കാശുപത്രികളിലും വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഈ ആശുപത്രിക്കാവശ്യമായ തുക ലഭ്യമാകുന്നില്ല. ആശുപത്രിക്ക് സ്ഥലപരിമിതിയുണ്ടെന്നത് യാഥാർത്ഥ്യമാണ്. ലഭ്യമായ 50 സെന്റ് റവന്യൂ ഭൂമിയിൽ ആശുപത്രിക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ശാസ്താംകോട്ട തടാക സംരക്ഷണത്തെക്കുറിച്ച് കഴിഞ്ഞ പത്തിരുപത്തഞ്ച് വർഷമായി നിയമസഭയിൽ പറഞ്ഞുകൊണ്ടേയിരിക്കുന്നതാണ്. ഈ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതിനായി ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞതുമാണ്. എന്നാൽ ഈ ബജറ്റിൽ തുക വകയിരുത്തിയതായി കാണുന്നില്ല. അതുകൊണ്ട് ശാസ്താംകോട്ട തടാക സംരക്ഷണത്തിന് ഫണ്ട് അനുവദിക്കണം. അടുത്തതായി പറയാനുള്ളത്, പത്രസ്ഥാപനങ്ങളിലെ

ജീവനക്കാർക്കായി നടപ്പിലാക്കിയ പെൻഷൻ സമയബന്ധിതമായി ലഭിക്കുന്നില്ല എന്നതാണ്. ഞാൻ ഇക്കാര്യം പറയുന്നത് ജനയുഗത്തിൽ പത്രപ്രവർത്തകരായിരുന്നവർക്കുവേണ്ടിയാണ്. സി.പി.ഐ.-ക്കാർ പറയേണ്ട വിഷയമാണിത്. ജനയുഗം പത്രത്തിൽ ജോലി ചെയ്തിരുന്ന 39-ഓളം പേർ പെൻഷന് അപേക്ഷിച്ചെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപെടണമെന്നുകൂടി ആവശ്യപ്പെടുകയാണ്. കേരളത്തിന്റെ സമസ്ത മേഖലകളിലെയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തിലെ സമ്പദ്ഘടന ഒരു സൂര്യോദയ സമ്പദ്ഘടനയായി മാറിക്കാണ്ടിരിക്കുന്നുവെന്ന നിരീക്ഷണത്തോടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. സൂര്യോദയ സമ്പദ്ഘടനയായി മാറുന്നുണ്ടോയെന്ന കാര്യം വസ്തുതാപരമാണോയെന്ന് പരിശോധിക്കാവുന്നതാണ്. 2021-22-ൽ ഗവൺമെന്റ് ട്രഷറികളിലൂടെ

മൊത്തം ചെലവഴിച്ച സംഖ്യ 1,38,00,884 കോടി രൂപയാണ്. 2022-23 കാലയളവിൽ അത് 1,58,00,738 കോടി രൂപയായി വർദ്ധിച്ചു. 2023-24-ൽ 1,68,00,407 രൂപയാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ 3 വർഷത്തിനിടയിൽ ചെലവിനത്തിൽ 30,000 കോടി രൂപയുടെ വർദ്ധനവ് വരുത്തിയ സംസ്ഥാനമാണ് കേരളമെന്നത് വസ്തുതയാണ്, കണക്കുകൾ ആധികാരികമാണ്. വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്താതിരുന്നാൽ യാതൊരുവിധ പ്രതിസന്ധിയും സംസ്ഥാനത്ത് ഉണ്ടാകുമായിരുന്നില്ല. എന്നാൽ കേരളം സ്വീകരിക്കുന്ന രീതി അതല്ല. കേരളത്തിലെ ഗവൺമെന്റ് ധൂർത്തടിച്ചോയെന്നും നിങ്ങൾക്ക് പരിശോധിക്കാം. മന്ത്രിമാരുടെ എണ്ണം, ചെലവ്, വിദേശയാത്ര എന്നീ കാര്യങ്ങളിൽ യു.ഡി.എഫ്.-ന്റെ ഭരണകാലം, ഇതര സംസ്ഥാനങ്ങളിലെ കണക്കുകൾ എന്നിവയുമായി താരതമ്യം ചെയ്താൽ കൃത്യമായി അക്കാര്യം മനസ്സിലാകും. കേരളം ഒരുതരത്തിലും ധൂർത്തടിച്ചിട്ടില്ലെന്നത് നമ്മുടെ ബോധ്യം മാത്രമല്ല, റിസർവ് ബാങ്കിന്റെ റിപ്പോർട്ടിൽത്തന്നെ അക്കാര്യം പറയുന്നുണ്ട്. കേരളം റവന്യൂ കമ്മിയും ധനക്കമ്മിയും കടവും കുറച്ചുകൊണ്ടുവരുന്ന സംസ്ഥാനമാണെന്ന് പ്രസ്തുത

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അടുത്ത ചോദ്യം കേരളത്തിന്റെ തനത് വരുമാനം വർദ്ധിച്ചോയെന്നതാണ്. 2020-21-നേക്കാൾ 2021-22 മുതൽ 2024-25 ആകുമ്പോഴേയ്ക്കും തനത് വരുമാനം നാലിരട്ടിയായി വർദ്ധിക്കുമെന്ന് കാണാൻ കഴിയും. 2020-21-ൽ തനത് വരുമാനം 47,661 കോടി രൂപയായിരുന്നു. 2021-22-ൽ 58,341 കോടി രൂപയായും 2022-23 കാലയളവിൽ 71,968 കോടി രൂപയായും വർദ്ധിച്ചു. ഈ മേഖലയിൽ കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത് സ്വപ്നതുല്യമായ നേട്ടമാണ്. 2021-23-ലെ ആർ.ബി.ഐ.-യുടെ കണക്കനുസരിച്ച് 65 രൂപ സംസ്ഥാനം വിവിധ മേഖലയിൽനിന്നും പിരിച്ചെടുക്കുമ്പോൾ 35 രൂപ കേന്ദ്രം നൽകുമെന്നതായിരുന്നു പഴയരീതി. എന്നാലിപ്പോൾ 79 രൂപ കേരളം പിരിച്ചെടുക്കുമ്പോൾ കേന്ദ്രം അനുവദിക്കുന്നത് 21 രൂപ മാത്രമാണ്. എന്നാൽ ഈയിനത്തിൽ ബീഹാറിന് 70 രൂപ നൽകുന്നുണ്ട്. പ്രതിസന്ധിക്കിടയിലും കേരളം കൈവരിക്കുന്ന ഇത്തരത്തിലുള്ള നേട്ടമാണ് സൂര്യോദയ സമ്പദ്ഘടനയായി മാറുന്നുവെന്ന് പറയുന്നതിന്റെ അടിസ്ഥാനം. സൂര്യോദയം കാണുമ്പോൾ മിന്നാമിനുങ്ങിന്റെ വെളിച്ചംപോലും

കാണാത്തവരും സൂര്യഗ്രഹണമായി തോന്നുന്നവരുമൊക്കെ പ്രതിപക്ഷാംഗങ്ങളായി ഇവിടെയുണ്ട്, അവർ സ്വന്തം കണ്ണട മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. അവരുടെ കാഴ്ചയ്ക്ക് കാര്യമായ തകരാറുണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്. ബജറ്റിന്റെ പേജ് നമ്പർ 18, 19-ൽ ഇങ്ങനെ പറയുന്നുണ്ട്, "എത്രവിലകൊടുത്തും വികസന ക്ഷേമപ്രവർത്തനങ്ങൾ തുടരണം, തുടരും, എന്തായാലും കേരള വികസന മാതൃകയുടെ നന്മകൾ നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാനുള്ള വഴി കണ്ടെത്തുകതന്നെ ചെയ്യും". ഇത് ആത്മവിശ്വാസം പ്രതിഫലിക്കുന്ന വാക്കുകളാണ്, നയാപൈസയില്ലാത്തവന്റെ വിലാപമല്ല. ബഹുമാനപ്പെട്ട നജീബ് കാന്തപുരം പറഞ്ഞത് നയാപൈസയില്ലാത്തവന്റെ വിലാപമാണ് ബജറ്റ് പ്രസംഗം എന്നാണ്. എന്നാൽ ഇത് ഭാവികേരളത്തിന്റെ മുന്നേറ്റത്തിനുള്ള അടിത്തറയാണ്. ഒറ്റപ്പാലത്ത് 'ഗ്രാഫീൻ' അധിഷ്ഠിത ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഒരു വലിയ പ്രീ-പ്രൊഡക്ഷൻ സെന്റർ 260 കോടി രൂപ ചെലവിൽ കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന്റെ സഹകരണത്തോടെ സ്ഥാപിക്കാൻ പോകുകയാണ്. ഗ്രാഫീൻ

സംബന്ധിച്ച് മനസ്സിലാക്കാത്തവർ ആധുനിക കേരളം കൈവരിക്കാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ച് ഒരു ധാരണയുമില്ലാത്തവരാണ്, അവർക്കിത് വിലാപമായി തോന്നുമെന്നതിൽ അത്ഭുതമില്ല. കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങളെ സംബന്ധിച്ച് അറിയുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. തദ്ദേശവാസികളായ ആദിവാസി വിഭാഗത്തിൽപ്പെട്ട 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഒരേസമയം സർവ്വീസിൽ പ്രവേശിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. പാവപ്പെട്ടവനോടും സാധാരണക്കാരനോടും അരികുവത്കരിക്കപ്പെട്ടവ നോടുമാണ് നമ്മുടെ പക്ഷപാതിത്വം എന്ന് ഇതിൽനിന്നും മനസ്സിലാക്കാം, അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നടത്തിയ ഇടപെടലിന്റെ വിജയമാണിത്. മലബാർ ദേവസ്വം ബോർഡിലെ ശമ്പളപരിഷ്കരണം അംഗീകരിക്കുകയും 2019 ജൂലൈ മാസം മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കാനാവശ്യമായ തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നു. ദേശീയ ജലപാത യാഥാർത്ഥ്യമാക്കാനും 2024-25-ഓടുകൂടി പൂർണ്ണമായും പ്രവൃത്തിപഥത്തിലെത്തിക്കാനുമുള്ള അന്തരീക്ഷമൊരുക്കുന്ന പ്രവർത്തനം

നടന്നുവരികയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സർവ്വകലാശാല ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളത്തിൽ ആണെന്നത് നമുക്ക് അഭിമാനം പകരുന്നതാണ്. രാജ്യത്തെതന്നെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് അന്തരീക്ഷമുള്ള സംസ്ഥാനം കേരളമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. 16 സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിച്ച സംസ്ഥാനമാണ് കേരളമെന്നതും നമുക്ക് അഭിമാനിക്കാവുന്നതാണ്. കേരളത്തിലെ എല്ലാ പദ്ധതികളും യു.ഡി.എഫ്. സർക്കാരിന്റെ സംഭാവനയാണെന്ന പച്ചക്കള്ളം അവതരിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി തുടങ്ങിയവയെല്ലാം യു.ഡി.എഫ്.-ന്റെ സംഭാവനയാണത്രേ! നമുക്കത് പരിശോധിക്കാം. കൊച്ചി മെട്രോയുടെ പ്രാരംഭ ചർച്ചകൾ നടക്കുന്നത് വി.എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്താണ്. അത് Public Private Partnership (PPP)-ൽ ആരംഭിക്കണമെന്ന് വന്നപ്പോൾ, അതായത് കേന്ദ്രസർക്കാർ അത്തരത്തിൽ മാത്രമേ അനുവാദം നൽകൂവെന്ന് വന്നപ്പോൾ സ്വാഭാവികമായും ചില തടസ്സവാദങ്ങളുണ്ടായി. തുടർന്ന് അത്

പൂർത്തീകരിക്കാനുള്ള സാഹചര്യമുണ്ടായി. കണ്ണൂർ വിമാനത്താവളം യു.ഡി.എഫ്. കൊണ്ടുവന്നതാണോ? ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് വിമാനം ടേക്ക്ഓഫ് ചെയ്യാനും ലാന്റ് ചെയ്യാനുമുള്ള സൗകര്യമുണ്ടായിരുന്നോ? ഹെലികോപ്ടർ പറത്താൻപോലും പറ്റാത്തവിധത്തിൽ ചളിക്കുളമായിരുന്നപ്പോൾ എങ്ങനെയെങ്കിലും ഒരു ഉദ്ഘാടന പ്രഹസനം നടത്തി മുന്നോട്ടുപോകാനാണ് യു.ഡി.എഫ്. ഉദ്ദേശിച്ചതെങ്കിൽ ആ സ്വപ്ന പദ്ധതി ആരംഭിച്ചതും അഭിമാനകരമായ രീതിയിൽ പൂർത്തീകരിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്നത് ജനങ്ങൾക്ക് അറിയാവുന്നതാണ്. വിഴിഞ്ഞം പദ്ധതി അഭിമാനകരമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകുകയാണ്. ആലപ്പുഴ ബൈപ്പാസ് പദ്ധതി ആരാണ് തുടങ്ങിയത്, പൂർത്തീകരിച്ചത് ആരാണ്; ടെക്നോപാർക്ക് ആരംഭിച്ചതും പൂർത്തീകരിച്ചതും ആരാണ്; അതുപോലെതന്നെ മുടങ്ങിക്കിടന്ന ദേശീയപാത വികസനം ആരംഭിച്ചതും പൂർത്തീകരിക്കാൻ പോകുന്നതും ആരാണ്? ഇതെല്ലാം ചെയ്യുന്നത് ഇടതുപക്ഷമാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് നല്ല ബോദ്ധ്യമുണ്ട്.

രാജ്യത്തെ ഏറ്റവും മികച്ച ക്ഷയരോഗനിവാരണ പ്രവർത്തനത്തിന് ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചതായി ഇന്നലെ വാർത്ത വന്നിരിക്കുകയാണ്. ആരോഗ്യരംഗത്ത് അഭിമാനകരമായ നേട്ടംകൈവരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനം മുന്നോട്ടുപോകുകയാണ്. 57,400 കോടി രൂപ കേരളത്തിന് എങ്ങനെയാണ് നഷ്ടമുണ്ടായതെന്ന് വ്യക്തമല്ലെന്നാണ് ബഹുമാനപ്പെട്ട തൃക്കാക്കര അംഗം സംസാരിച്ചപ്പോൾ പറഞ്ഞത്. ഞാനത് വ്യക്തമാക്കിത്തരാം. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിനെത്തുടർന്നുണ്ടായ നഷ്ടം 12,000 കോടി രൂപ, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ ഈ വർഷം കുറയുന്നത് 8,400 കോടി രൂപ, കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി വായ്പകൾ പൊതുകടമാക്കിയതിലൂടെ വെട്ടിക്കുറച്ചത് 7,000 കോടി രൂപ, പബ്ലിക് അക്കൗണ്ടിലെ പണം പൊതുകടത്തിൽ ഉൾപ്പെടുത്തിയതിലൂടെ വന്ന കുറവ് 12,000 കോടി രൂപ, പത്താം ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്ക് എത്തിയപ്പോൾ ഡിവിസിബിൾ പൂളിൽനിന്ന് വെട്ടിക്കുറച്ചതിന്റെ ഭാഗമായി സംഭവിച്ച നഷ്ടം 18,000 കോടി രൂപ.

ഇങ്ങനെയാണ് 57,400 കോടി രൂപ നഷ്ടം വന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ്. ഇടിവെട്ടിയവനെ പാമ്പ് കടിച്ച സ്ഥിതിയാണ് എൽ.ഡി.എഫ്.-നുണ്ടായതെന്ന് പറഞ്ഞു. അത് ഇവിടെയല്ല, യു.ഡി.എഫ്.നാണുണ്ടായിട്ടുള്ളത്. എന്താണ് അതിന്റെ കാരണം? കോൺഗ്രസ് അവരുടെ അവസ്ഥ ഇവിടെ പറയുകയാണ്. നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് 1,000 കോടി രൂപ ചെലവഴിക്കുമെന്ന് ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ പറയുന്നുണ്ട്. അങ്ങനെ വന്നാൽ തങ്ങൾ ബഹിഷ്കരിച്ച നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 1,000 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന് പറയുമ്പോൾ ഇടിവെട്ടിയവനെ പാമ്പുകടിച്ച അവസ്ഥ കേരളത്തിലെ യു.ഡി.എഫ്.-നുണ്ടായതായാണ് നമുക്ക് കാണാൻ കഴിയുന്നത്. മറ്റൊന്ന്, സർവ്വകക്ഷിയോഗം വിളിച്ച് പ്രശ്നം പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എം.പി.-മാരുടെ യോഗം വിളിച്ചുചേർക്കുകയും

നിവേദനത്തിൽ ഒപ്പിടണമെന്നും ആവശ്യപ്പെട്ടപ്പോൾ അതിനും തയ്യാറാകാത്തവരാണ് നിങ്ങൾ. ഇന്ന് അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാരായ കേന്ദ്രസർക്കാരിന്റെ നയത്തിനെതിരായി യോജിച്ച പ്രക്ഷോഭത്തിന് വരണമെന്ന് പ്രതിപക്ഷനേതാവിനോടും ഉപനേതാവിനോടും മുഖ്യമന്ത്രി പറഞ്ഞപ്പോൾ അതിനും തയ്യാറായില്ല. ഉയർന്ന ജനാധിപത്യബോധവും നാടിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള ഐക്യപ്പെട്ട മുന്നേറ്റവും സൃഷ്ടിക്കാൻ പരിശ്രമിക്കുന്ന ഗവൺമെന്റിനെയും അതിന്റെ നേതൃത്വത്തെയും സംബന്ധിച്ച് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാനുള്ള പരിശ്രമമാണ് ഇവർ നടത്തുന്നത്. 'കെ' എന്ന് കേൾക്കുമ്പോൾ പാലക്കാട് എം.എൽ.എ.-യ്ക്ക് ബേജാറാണ്. കെ-ഫോൺ, കേരള ബാങ്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, കെയർ ഇക്കോണമി, കെ-ഡിസ്ക്. എന്തിനാണ് 'കെ' എന്നുകേൾക്കുമ്പോൾ ഇത്രമാത്രം പ്രയാസപ്പെടുന്നത്.

'ഭാരതമെന്ന പേർ കേട്ടാൽ
അഭിമാനപൂരിതമാകണം അന്തരംഗം
കേരളമെന്ന് കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ'

എന്നാണ് മഹാകവി വള്ളത്തോളിന്റെ വാക്യം. അതിലൂടെയാണ് ബജറ്റ് പ്രസംഗം ഉപസംഹരിക്കുന്നത്. 'കെ' എന്ന് കേൾക്കുമ്പോൾ കേരളത്തിന്റെ അഭിമാനപൂരിതമായിട്ടുള്ള അന്തരീക്ഷത്തിൽ ചോര തിളയ്ക്കേണ്ട ഞരമ്പുകളിൽ കേരളമെന്ന് കേൾക്കുമ്പോൾ അതിൽ അസ്വസ്ഥത കൊള്ളുന്നവരാണ് കേരളത്തിലെ യു.ഡി.എഫ്. എന്നത് അപമാനകരമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഈ ബജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. നിർദ്ധനർക്കും നിരാലംബർക്കും കേരളത്തിലെ സമസ്ത വിഭാഗം ജനങ്ങൾക്കും വെള്ളിവെളിച്ചം പകരുന്നതും നാടിനെ പ്രകാശപൂരിതമാക്കുന്നതുമായ ജനപ്രിയ ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. പ്രതിപക്ഷനിരയിലെ പലരും കേന്ദ്ര ബജറ്റിനെക്കുറിച്ച് പ്രതികരിക്കാൻപോലും തയ്യാറായില്ല. കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ടുതന്നെയാണ് കേരളത്തിലെ ബഡ്ജറ്റും വരുന്നത്. കോൺഗ്രസ് അംഗങ്ങൾ ഇതിനെക്കുറിച്ച് പ്രതികരിക്കാത്തതിൽ യാതൊരു

അത്ഭുതവുമില്ല. കാരണം, കോൺഗ്രസ്സിലെ ചില എം.എൽ.എ.-മാരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കിയാൽ കോൺഗ്രസ്സുകാരനിലെ സംഘിയാണ് വായ്തുറക്കുക. അതുകൊണ്ട് അവർ പ്രതികരിക്കാതിരുന്നാൽ അത്ഭുതപ്പെടാനില്ല. പക്ഷേ മുസ്ലീം ലീഗിന് എന്തുപറ്റി? അതിനെ ഏട്ടൻ പാർട്ടി അനസ്തേഷ്യ കൊടുത്ത് കിടത്തിയിരിക്കുകയാണ്. സ്ഥലകാലബോധമില്ലാതെ ഒന്നിനോടും പ്രതികരണശേഷിയില്ലാതെ എല്ലാം കണ്ട് കിടക്കുകയാണ്. രണ്ട് ബജറ്റുകളിലും രണ്ട് സമീപനങ്ങളാണുള്ളത്. നയസമീപനത്തിന്റെ കണ്ണാടിയാണ് ബജറ്റുകൾ. സമീപനം ഭിന്നമായതിനാൽ ബജറ്റുകൾ വ്യത്യസ്തമായിരിക്കുന്നു. കേരളത്തെ മറന്ന ബജറ്റാണ് കേന്ദ്ര ബജറ്റ്; കോർപ്പറേറ്റ് അനുകൂല തെരഞ്ഞെടുപ്പ് ബഡ്ജറ്റാണത്. സ്ഥിരതയാർന്ന സാമ്പത്തിക വളർച്ചയ്ക്കുള്ള പദ്ധതികളില്ല. തൊഴിലില്ലായ്മ, ദാരിദ്ര്യം, വിലക്കയറ്റം, വർദ്ധിച്ചുവരുന്ന അസമത്വം, കർഷക ആത്മഹത്യ തുടങ്ങിയവ പരിഹരിക്കുന്നതിന് പദ്ധതികളോ ക്രിയാത്മക നിർദ്ദേശങ്ങളോ ഇല്ല. സമസ്ത ജനവിഭാഗങ്ങളെയും വിസ്മരിച്ചുകൊണ്ടുള്ള ഒരു ബജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്. കാർഷിക-വ്യാവസായിക

മേഖലകളെ കൂത്തുപാളയെടുപ്പിക്കുന്ന സമീപനമാണ് അതിൽ കാണുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജന സമൂഹത്തോട് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് സ്വയം തൊഴിൽ കണ്ടെത്തിക്കോളൂ എന്നാണ്. പാവപ്പെട്ടവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയെന്നതാണ് സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനയുക്തി. അതിനും പദ്ധതികളില്ല. തൊഴിലുറപ്പ് പദ്ധതികൾക്കുപോലും പണം വർദ്ധിപ്പിക്കാൻ തയ്യാറായില്ല. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമാണ് സംസ്ഥാന ബജറ്റ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ സൂര്യോദയ സമ്പദ്ഘടനയായി മാറിയിരിക്കുന്നുവെന്ന ബജറ്റിലെ ആമുഖത്തിലെ നിരീക്ഷണം അടിവരയിട്ട് സാധൂകരിക്കുന്നതാണ് കഴിഞ്ഞ ഏഴര വർഷക്കാലം കേരളം കൈവരിച്ച നേട്ടങ്ങൾ. ഇത്രയേറെ മാനവീയനേട്ടങ്ങൾ കൈവരിച്ച മറ്റൊരു സംസ്ഥാനമുണ്ടോ? ബജറ്റിൽ പറഞ്ഞതുപോലെ പശ്ചാത്തലവികസന സൗകര്യ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കേരളത്തിൽ വന്നത്. ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെയും ഡിമാന്റിന്റെ ചലനാത്മകതയുടെയും ഉത്പ്പാദന

വളർച്ചയുടെയും മുൻനിരയിൽ നിൽക്കുന്ന വികസനത്തുറകളെയാണ് സൂര്യോദയ മേഖലയെന്ന് പരാമർശിച്ചത്. പശ്ചാത്തല സൗകര്യ വികസനത്തിനും വൈജ്ഞാനിക സമൂഹത്തിനും ഊന്നൽ നൽകാൻ ഈ ബജറ്റിന് കഴിഞ്ഞു. ചൈനീസ് മാതൃകയിലുള്ള വികസന സോണുകളെക്കുറിച്ച് പരാമർശിച്ചു. പ്രായമായവരെ സംരക്ഷിക്കുന്നതിന് കെയർ സെന്ററുകൾ, സർക്കാർ ആശുപത്രികളെ സഹായിക്കുന്നതിന് ആരോഗ്യ സുരക്ഷാഫണ്ട്, അങ്കണവാടി ജീവനക്കാർക്ക് ഇൻഷ്വറൻസ്, പ്രവാസി അക്കാദമിക് വിദഗ്ധരുടെ ടാസ്ക് ഫോഴ്സ്, കായിക സമ്പദ്വ്യവസ്ഥ, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, കുടുംബശ്രീ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ K-LIFT (Kudumbashree Livelihood Initiative for Transformation) എന്നിവയെല്ലാം ബജറ്റിലെ പുതിയ പ്രഖ്യാപനങ്ങളാണ്. റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിനെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. റബ്ബറിന്റെ താങ്ങുവില 10 രൂപ വർദ്ധിപ്പിച്ച് 170/-ൽനിന്ന് 180/- രൂപയായി ഉയർത്തിയത് മഹാകാര്യമാണെന്ന അഭിപ്രായമല്ല എനിക്കുള്ളത്. പക്ഷേ

ഈ സാമ്പത്തിക പരിമിതികൾക്കിടയിൽനിന്നുകൊണ്ടും മലയോര കർഷകന്റെ കണ്ണീരൊപ്പാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തയ്യാറായി എന്നതാണ് പ്രസക്തമായ കാര്യം. ബി.ജെ.പി. ഭരണത്തിൽ രാജ്യത്ത് റബ്ബർ കൃഷി വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. 2009-ൽ ഡോ. മൻമോഹൻ സിംഗിന്റെ കാലത്താണ് ആസിയാൻ സ്വതന്ത്രവ്യാപാരക്കരാർ നിലവിൽ വന്നത്. കോർപ്പറേറ്റുകൾക്കുവേണ്ടി കോൺഗ്രസ്സാണ് അന്ന് രാജ്യത്തെ കർഷകരെ ഒറ്റിക്കൊടുത്തത്. അന്നേ ഇടതുപക്ഷം മുന്നറിയിപ്പ് നൽകിയിരുന്നു. ആസിയാൻ കരാറിനെതിരെ ഞങ്ങൾ നടത്തിയ മനുഷ്യച്ചങ്ങലയെ പരിഹസിച്ചവരാണ് പ്രതിപക്ഷത്തുള്ളത്. ഇപ്പോൾ എന്തായി അവസ്ഥ? ആസിയാൻ കരാറിന്റെ ഫലമായി ചരിത്രത്തിൽ ഇതുവരെയില്ലാത്ത പ്രതിസന്ധിയാണ് റബ്ബർ കർഷകർ നേരിടുന്നത്. കോൺഗ്രസ്സിന്റെ കുത്തക അനുകൂല നയങ്ങൾ ബി.ജെ.പി. അതിശക്തമായി ഇന്ത്യാ രാജ്യത്ത് തുടരുകയാണ്. റബ്ബർ മേഖലയിലെ പ്രതിസന്ധികൾക്കിടയിൽ വലിയ ആശ്വാസമാണ് ഇത്തവണ കേരള ബജറ്റിലുണ്ടായിരിക്കുന്നത്. റബ്ബർ കർഷകർ ദുരിതങ്ങൾ നേരിടുന്ന

ഘട്ടത്തിൽ അതിനെ കൂടുതൽ ആഴത്തിലേയ്ക്ക് തള്ളിവിടുന്ന വെട്ടിപ്പാണ് ടയർ കമ്പനികൾ നടത്തുന്നതെന്ന് Competition Commission of India (CCI) കണ്ടെത്തിയത് ഈയടുത്ത ദിവസമാണ്. എം.ആർ.എഫ്., ജെ.കെ. ടയേഴ്സ്, അപ്പോളോ, സിയാറ്റ്, ബിർല തുടങ്ങിയ കുത്തക ടയർ കമ്പനികളും അവരുടെ കോർപ്പറേറ്റ് കൂട്ടായ്മയായ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷനും ചേർന്ന് രാജ്യത്തെ മത്സരനിയമങ്ങൾക്ക് വിരുദ്ധമായി ഇടപെടുകയും ഇന്ത്യയിൽ ഉത്പ്പാദിപ്പിക്കുന്ന റബ്ബറിന്റെ വില ഉയരാതിരിക്കാനുള്ള നടപടികൾ സംയുക്തമായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക് ഇതിനെക്കുറിച്ച് എന്ത് അഭിപ്രായമാണുള്ളത്?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

റബ്ബറിന്റെ വില വളരെയധികം കുറഞ്ഞിട്ടും ടയറിന്റെ വില കുത്തനെ ഉയർത്തി ഉപഭോക്താക്കളെക്കൂടി വഞ്ചിച്ച കമ്പനികൾക്ക് 1,788 കോടി രൂപയുടെ പിഴയാണ് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ചുമത്തിയത്. കോമ്പറ്റീഷൻ കമ്മീഷന്റെ വിധിയെ നാഷണൽ കമ്പനി നിയമ അപ്പലേറ്റ്

ടൈബ്യൂണലിന്റെ ഇടപെടലിൽ അസ്ഥിരപ്പെടുത്താൻ ടയർ രംഗത്തെ കുത്തക കമ്പനികൾക്ക് കഴിഞ്ഞു. എന്നാൽ ഇതിനെതിരെ കോമ്പറ്റീഷൻ കമ്മീഷൻ തന്നെ ഇപ്പോൾ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ഒരുകാര്യം വളരെ പ്രസക്തമാണ്. ഡോ. മൻമോഹൻ സിംഗിന്റെ സമ്മാനമായ ആസിയാൻ കരാറിനെ ന്യായീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്ത ഐക്യജനാധിപത്യ മുന്നണിയിലെ പലരും ഇപ്പോൾ പശ്ചാത്തപിക്കുന്നുണ്ട്. ആസിയാൻ കരാറും കോൺഗ്രസ് സർക്കാർ അന്ന് നടപ്പിലാക്കിയ പല നയങ്ങളും തെറ്റായിപ്പോയെന്ന് സമ്മതിക്കാൻ കൂട്ടാക്കാത്ത ഒരുകൂട്ടർ നാട്ടിലുണ്ട്. യു.ഡി.എഫ്.-ലെ ചില ഘടകകക്ഷികളും ഇതിൽപ്പെടുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇക്കാര്യത്തിൽ യു.ഡി.എഫ്. കക്ഷികളുടെ നിലപാട് വ്യക്തമാക്കേണ്ടതുണ്ട്. എം.ആർ.എഫ്. ആരുടെ കമ്പനിയാണ്? മലയാള മനോരമയെന്ന മാധ്യമ സാമ്രാജ്യത്തിന്റെ കമ്പനിയാണ് എം.ആർ.എഫ്. അതായത്, നാട്ടിലെ കർഷക സമൂഹത്തെ ചൂഷണം ചെയ്താണ് ഇന്നും മലയാള മനോരമ പത്രമിറങ്ങുന്നത്. റബ്ബർ കർഷകരുടെ ജീവൻ ഊറ്റിക്കുടിച്ചാണ് മലയാള മനോരമ മുതലാളി

തടിച്ചുകൊഴുക്കുന്നത്. അതിൽ അച്ചടിക്കുന്ന ഓരോ അക്ഷരത്തിലും പാവപ്പെട്ട റബ്ബർ കർഷകരുടെ കണ്ണീരിന്റെ അംശമുണ്ട്. റബ്ബർ മേഖലയുടെ തകർച്ചയ്ക്ക് കോൺഗ്രസ്സിനും ബി.ജെ.പി.ക്കുമൊപ്പം മലയാള മനോരമ കൂട്ടുപ്രതിയാണ്. അവരുടെ കോൺഗ്രസ്-ബി.ജെ.പി. പ്രേമത്തിന്റെ കാരണവും ഇതുതന്നെയാണ്. പത്രമുത്തശ്ശിയുടെ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ കാരണം മറ്റൊന്നുമല്ല. കേരളത്തിലെ റബ്ബർ കൃഷിക്കാരെ വഞ്ചിച്ചുകൊണ്ട് കൊള്ളലാഭം കൊയ്യുന്ന ടയർ കമ്പനികളെക്കുറിച്ചും പകൽക്കൊള്ളയെക്കുറിച്ചും കോൺഗ്രസ് പാർട്ടിയുടെ നിലപാടെന്താണെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. റബ്ബർ കൃഷിയെ പ്രതിസന്ധിയിലാക്കിയ നയങ്ങൾ നടപ്പാക്കിയ കോൺഗ്രസും ബി.ജെ.പി.-യ്ക്കൊപ്പം ഇക്കാര്യത്തിൽ മൗനംപാലിക്കുകയാണ്.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം കേരളത്തിന് ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനം നിബന്ധനകളില്ലാതെയും 0.5 ശതമാനം വൈദ്യുത മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് വിധേയമായും വായ്പയെടുക്കാവുന്നതാണ്.

എന്നാൽ സ്വതന്ത്ര സ്ഥാപനങ്ങളെടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിലുൾപ്പെടുത്തി, കേരളത്തിന്റെ വായ്പാ പരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. ഇതുമൂലം 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ആകെ വായ്പാ പരിധിയിൽ ആറായിരം കോടി രൂപയുടെ കുറവുണ്ടായി. ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലും മാനദണ്ഡങ്ങളിലും കൈകടത്തി കേരളത്തിന് അർഹതപ്പെട്ട തുക നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാരിൽനിന്നുണ്ടായത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-ലെ സെൻസസ് നികുതി വിഭജനത്തിനുള്ള മാനദണ്ഡമായി നിശ്ചയിച്ചു. ഇതിന് പതിനഞ്ച് ശതമാനം വെയിറ്റേജ് നൽകി. ജനസംഖ്യാ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കിയ കേരളത്തിന് നികുതി വിഹിതം കുറയുന്നതിന് ഇത് കാരണമായി. 1971-ലെ സെൻസസ് അടിസ്ഥാനമാക്കി ജനസംഖ്യാപരമായ നേട്ടങ്ങൾക്കുള്ള വെയിറ്റേജ് മുപ്പത് ശതമാനമാക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടതാണെങ്കിലും അത് നടന്നില്ല. കേരളത്തിനെതിരെ ഉപരോധ സമാനമായ സാമ്പത്തിക

വിവേചനം, നിരന്തരം കുറയുന്ന നികുതി വിഹിതം, ഗ്രാന്റുകളിലെ വൻ കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, റവന്യൂ കമ്മി ഗ്രാന്റ് ഇല്ലാതാക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതം തടയുക, ആരോഗ്യ ഗ്രാന്റും നെല്ല് സംഭരണ വിലയും പെൻഷൻ വിഹിതവും ഉച്ചഭക്ഷണ പദ്ധതി വിഹിതവുമടക്കം എല്ലാ കേന്ദ്ര വിഹിതങ്ങളും അകാരണമായി പിടിച്ചുവയ്ക്കുക, കടമെടുപ്പ് പരിധി നിയമവിരുദ്ധമായി വെട്ടിക്കുറയ്ക്കുക തുടങ്ങിയ നടപടികളിലൂടെ കീഴ കവരുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. അധികാരങ്ങളുടെയും ചുമതലകളുടെയും വിഭജനത്തിൽ വലിയ അസന്തുലിതാവസ്ഥയാണ് നിലവിലുള്ളത്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലെ അസന്തുലിതാവസ്ഥ പതിനഞ്ചാം ധനകാര്യ കമ്മീഷൻതന്നെ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആകെ വരുമാനത്തിന്റെ 62.7 ശതമാനവും കേന്ദ്ര സർക്കാരിനാണ്. അതേസമയം ചെലവുകളിൽ 62.4 ശതമാനവും സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിലുള്ള ക്രമീകരണമാണ് ധനകാര്യ കമ്മീഷൻ. വിഭവ കൈമാറ്റം സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ്,

ഔദാര്യമല്ല. എന്തുകൊണ്ടാണ് റവന്യൂ കമ്മിയുണ്ടാകുന്നത്? കേരളം ഉയർന്ന റവന്യൂ കമ്മിയുള്ള സംസ്ഥാനമാണെന്നാണല്ലോ സ്ഥിരം പഴി. ഈ റവന്യൂ കമ്മികളുടെ അടിസ്ഥാന കാരണം പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ചിന്റെ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫിനാൻസ് റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്. ചില സംസ്ഥാനങ്ങൾ സ്ഥിരമായി റവന്യൂ കമ്മിയിലാകുന്നത് തനത് വരുമാനം കുറഞ്ഞതുകൊണ്ടല്ല, ദേശീയ ശരാശരിയോളമോ ഉയർന്നതോ ആയ തനത് വിഭവ സമാഹരണം നടത്തുമ്പോഴും ഇവർ റവന്യൂ കമ്മിയിലാകുന്നതിന്റെ പ്രധാന കാരണം കുറഞ്ഞ കേന്ദ്ര വിഹിതമാണ്. ഇത്തരത്തിൽ വലിയ നഷ്ടം വരുന്ന സംസ്ഥാനമായി കേരളത്തെയും ഈ റിപ്പോർട്ടിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വളർച്ചയും ജനസംഖ്യാ നിയന്ത്രണവുമെല്ലാം നമുക്ക് മുന്നിൽ പുതിയ പല വെല്ലുവിളികൾ ഉയർത്തുകയാണ്. ഇത് പരിഗണിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, അതുമൂലം കേരളം ശിക്ഷിക്കപ്പെടുകയും ചെയ്യുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ദുരന്തം. മാറാത്ത മാനദണ്ഡങ്ങളും മാറുന്ന കേരളവുമാണ് നമ്മുടെ മുന്നിലുള്ളത്. നികുതി വിഹിതത്തിലെ ഈ നഷ്ടം പരിഹരിക്കുകയെന്നത് കേന്ദ്രത്തിന്റെ

ധനസന്തുലനത്തിന് അതിപ്രധാനമാണ്. 1971-ൽ നമ്മുടെ ജനസംഖ്യ രാജ്യത്തെ ജനസംഖ്യയുടെ 3.9 ശതമാനമുണ്ടായിരുന്നു. ഇപ്പോഴത് 2.8 ശതമാനം മാത്രമാണുള്ളത്. പ്രത്യുല്പാദന നിരക്ക് ഗണ്യമായി കുറഞ്ഞതാണ് ഈ മാറ്റത്തിന് ആധാരം. അത് നമ്മുടെ നേട്ടമാണ്. എന്നാൽ വിഭവ വിന്യാസത്തിൽ അത് ദോഷമായി മാറുന്ന സ്ഥിതിയാണ്. പ്രത്യുല്പാദന നിരക്ക് മാത്രമല്ല, മരണ നിരക്കും കുറവായിരുന്നു. ഇതോടുകൂടി ജനസംഖ്യയുടെ പ്രായഘടനയിൽ വലിയ മാറ്റം വന്നു. ശരാശരി ആയുർദൈർഘ്യം എഴുപത്തിയഞ്ച് വയസായി. പ്രായമുള്ളവരുടെ എണ്ണം കൂടി, ചെറുപ്പക്കാരുടെ എണ്ണം കുറഞ്ഞു. രോഗങ്ങളുടെ സ്വഭാവം മാറി. നമ്മുടെ ആവശ്യങ്ങൾ മാറി. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ വികസന ലക്ഷ്യങ്ങൾ അതേപോലെ കേരളത്തിന് സാധ്യമാകാത്ത സ്ഥിതി സംജാതമാകുകയാണുണ്ടായത്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലായാലും ഈ വ്യത്യാസം ഒരു യാഥാർത്ഥ്യമാണ്. ഫെഡറലിസം എന്ന ആശയം ഇന്ത്യയിൽ കെട്ടുറപ്പോടെ നിലനിൽക്കുന്നത് ബഹുസ്വരതയുടെ സർഗാത്മകതയിലും മതനിരപേക്ഷതയുടെ സാഹോദര്യത്തിലും ഭരണഘടന

അനുശാസിക്കുന്ന നീതിയിലധിഷ്ഠിതമായ തുല്യതാബോധത്തിലുമാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം ഓരോ വ്യക്തിയും സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയനീതിക്ക് അർഹനാണ്. ഇവയ്ക്കെല്ലാം അനിവാര്യമായ താങ്ങും തണലും പ്രദാനം ചെയ്യുന്നത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന ഫെഡറൽ തത്വങ്ങളാണ്. അധികാര വിഭജനം അഥവാ ഫെഡറലിസത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ ഭരണഘടന 1935-ലെ ഇന്ത്യാ ഗവൺമെന്റ് വ്യവസ്ഥകളെയാണ് അനുവർത്തിച്ചിട്ടുള്ളത്. 'Foedus' എന്ന ലാറ്റിൻ പദത്തിൽനിന്നാണ് 'Federalism' എന്ന വാക്ക് പിറവിയെടുത്തത്. 'Foedus' എന്ന വാക്കിന് 'വളരെ സൗഹൃദപരമായ ഒരുടമ്പടി' എന്നാണർത്ഥം. അതായത്, ഇന്ത്യയിൽ ഫെഡറലിസമെന്നത് രാജ്യത്തിന്റെ കെട്ടുറപ്പിനുവേണ്ടി ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിന് ദേശീയ, പ്രാദേശിക ഭരണകൂടങ്ങളും യൂണിയൻ സർക്കാരും പരസ്പരം എത്തിച്ചേരേണ്ടിവരുന്ന ഭരണഘടനാനുസൃതമായ സൗഹൃദ ഉടമ്പടികളുടെ ആകെത്തുകയാണ്. ഇന്ത്യൻ ഫെഡറലിസത്തിന്റെ കാര്യത്തിൽ അധികാര വികേന്ദ്രീകരണ പ്രവണത കൂടുതലായി

കാണുകയാണ്. 1935-ലെ ഇന്ത്യാ ഗവൺമെന്റ് വ്യവസ്ഥകളെത്തുടർന്ന് ബ്രിട്ടീഷ് ഇന്ത്യയിൽ പ്രവിശ്യകൾക്ക് കൂടുതൽ അധികാരം നൽകാനുള്ള വൈമനസ്യം അക്കാലത്തുണ്ടായിരുന്നു. ഫെഡറൽ ഘടനയുമായി ബന്ധപ്പെട്ട് സംസ്ഥാന ഭരണകൂടങ്ങളെ വെറും നോക്കുകുത്തികളാക്കി മാറ്റുന്ന രാഷ്ട്രീയ സാഹചര്യത്തിന് കോൺഗ്രസ് തുടക്കംകുറിക്കുകയും നരേന്ദ്ര മോദി സർക്കാർ അതിനെ ഏറ്റവും പാരമ്യത്തിൽ എത്തിക്കുകയും ചെയ്യുന്ന സ്ഥിതിയുമാണുണ്ടായിട്ടുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. രാജഗോപാലൻ: സർ, ഒരുവശത്ത് സാമ്പത്തികമായി സംസ്ഥാനത്തെ ഞെരുക്കാനും മറുവശത്ത് നുണക്കഥകൾ മെനഞ്ഞ് സർക്കാരിനെതിരെ പ്രചാരണം നടത്താനും ബി.ജെ.പി. നടത്തുന്ന നീക്കങ്ങൾ ചെറുക്കേണ്ടത് കേരളത്തിലെ ജനാധിപത്യ വിശ്വാസികളുടെ കടമയാണ്. കേരളം തകർന്നാലും തങ്ങൾക്ക് അധികാരം കിട്ടിയാൽ മതിയെന്ന ആർത്തിയിൽ കഴിയുന്ന കോൺഗ്രസിനെ പരാജയപ്പെടുത്തിക്കൊണ്ട് മാത്രമെ കേരള ജനതയുടെ താല്പര്യം

സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ലോക്സഭാ തെരഞ്ഞെടുപ്പ് വരാനിരിക്കുകയാണ്. യു.ഡി.എഫ്.-ന് ദയാവധത്തിന് രജിസ്റ്റർ ചെയ്യാവുന്ന സമയമാണ്. ആംസ്റ്റർഡാമിൽ വൃദ്ധ ദമ്പതികൾക്ക് ദയാവധത്തിന് രജിസ്റ്റർ ചെയ്യാവുന്ന ആറ് മാനദണ്ഡങ്ങളിലൊന്ന് മാറാരോഗംകൊണ്ട് വീർപ്പുമുട്ടുന്ന അവസ്ഥയാണ്. ഇവിടെ ഇടതു വിരോധമെന്ന മാറാരോഗമുള്ള യു.ഡി.എഫ്.-നും ഈ വരുന്ന തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ദയാവധത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഈ ബജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ബജറ്റ് പ്രൊവിഷനെന്ന് പറയുന്നത് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനാണ്, അത് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ്. അതിനൊരു പവിത്രതയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റും പ്രതിപക്ഷ വിമർശനവും കുത്തിനിറച്ച് ആ പവിത്രത ഇല്ലാതാക്കിയിരിക്കുകയാണ്. ഇതൊരു ധനകാര്യ ഡോക്യുമെന്റാണ്. സംസ്ഥാനത്തിന്റെ അവസാന വർഷത്തെ

പെർഫോമൻസും വരാൻ പോകുന്ന വർഷത്തെ എസ്റ്റിമേറ്റുമാണ് ബജറ്റിലുള്ളത്. ഈ ബജറ്റിന് ക്രെഡിബിലിറ്റിയില്ല. അത് അങ്ങയുടെ കുഴപ്പമല്ല. കഴിഞ്ഞ ഏഴ് വർഷക്കാലത്തെ ഇടതുപക്ഷ സർക്കാരുകളുടെ ബജറ്റ് നിർദ്ദേശങ്ങളുടെ പെർഫോമൻസ് ഓഡിറ്റിംഗ് നടത്തി പ്രഖ്യാപിച്ചതെന്താണെന്നും നടപ്പാക്കിയതെന്താണെന്നും പരിശോധിച്ചാൽ ഈ ബജറ്റിന് വിശ്വാസ്യതയില്ലെന്ന് വ്യക്തമാകും. കേരളം ഒരു വലിയ മുന്നേറ്റത്തിന് തുടക്കംകുറിക്കുകയാണെന്നാണ് ബജറ്റിന്റെ ആദ്യ ഭാഗങ്ങളിൽ അവകാശപ്പെടുന്നത്. വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ചാണ് അതിൽ പരാമർശിച്ച ഒരു ഭാഗം. വിഴിഞ്ഞം പദ്ധതി ഉമ്മൻ ചാണ്ടി സർക്കാർ കൊണ്ടുവന്നപ്പോൾ അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്, ആറായിരം കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്നാണ്. ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് നന്ദിയുണ്ട്. ലോകത്തിലേയ്ക്കുള്ള കേരളത്തിന്റെ വികസനത്തിന്റെ കവാടമാണ് വിഴിഞ്ഞമെന്ന് അദ്ദേഹം തിരുത്തി പറഞ്ഞിരിക്കുന്നു. പഴയ പാർട്ടി സെക്രട്ടറിയെ അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോൾത്തന്നെ ഇന്നത്തെ

ധനകാര്യ വകുപ്പുമന്ത്രി തിരുത്തി പറഞ്ഞിരിക്കുകയാണ്. എന്തെല്ലാം ത്യാഗങ്ങൾ സഹിച്ചാണ് യു.ഡി.എഫ്. വിഴിഞ്ഞം പദ്ധതി കേരളത്തിൽ കൊണ്ടുവന്നത്. കൊച്ചി മെട്രോയെക്കുറിച്ചും വാട്ടർ മെട്രോയെക്കുറിച്ചും വാതോരാതെ ഈ ബജറ്റിൽ പരാമർശിച്ചിട്ടുണ്ട്. ആരാണ് കൊച്ചി മെട്രോ കൊണ്ടുവന്നത്; വാട്ടർ മെട്രോയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയത് ആരാണ്? നിങ്ങളത് ഉദ്ഘാടനം ചെയ്തു, അക്കാര്യത്തിൽ സന്തോഷമുണ്ട്. അതിന്റെയെല്ലാം അവകാശവാദം നിങ്ങൾ ഉന്നയിക്കുകയാണ്. ഗെയിൽ പൈപ്പ്‌ലൈനിനായി ഈ ഗവൺമെന്റ് മുൻകൈയെടുത്തു. അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ യു.ഡി.എഫ്. ഭരിക്കുമ്പോൾ, ഗെയിൽ പൈപ്പ്‌ലൈനിന് എതിരായി സമരം ചെയ്യുകയും അത് ഭൂമിക്കടിയിൽ കുഴിച്ചിട്ട ബോംബാണെന്ന് പറയുകയും ചെയ്തവർ ഇപ്പോൾ ഭരണപക്ഷത്ത് മന്ത്രിമാരായി ഇരിക്കുകയാണ്. അന്ന് വികസന വിരുദ്ധ നിലപാട് കൈക്കൊണ്ടവരാണ് ഇന്ന് അതെല്ലാം സ്വീകരിക്കുന്നത്. നിങ്ങൾ അത്തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ അങ്ങനെ ചെയ്തിട്ടില്ല എന്നൊന്നും ഞാൻ പറയില്ല. ചെയ്തിട്ടുള്ള കാര്യങ്ങൾ ഇല്ലെന്ന്

ഞാൻ പറഞ്ഞാൽ ഇല്ലാതാകുമോ? നാഷണൽ ഹൈവേയുടെ വികസനത്തിനുള്ള ഏറ്റവും വലിയ തടസ്സമെന്തായിരുന്നു? ഭൂമിയെറ്റെടുക്കലായിരുന്നു നാഷണൽ ഹൈവേയുടെ കാര്യത്തിലുണ്ടായിരുന്ന ഏറ്റവും വലിയ തടസ്സം. പത്തോ ഇരുപത്തിയഞ്ചോ വർഷം മുമ്പുള്ള വിലയാണ് ഭൂമിക്ക് നിശ്ചയിച്ചിരുന്നത്. 2006-ൽ ഭൂമി അക്വയർ ചെയ്ത സമയത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു സെന്റ് ഭൂമിക്ക് ലഭിച്ചത് 21,000/- രൂപയാണ്. പത്ത് സെന്റ് ഭൂമി ഏറ്റെടുക്കുമ്പോൾ ലഭിച്ചത് രണ്ട് ലക്ഷത്തി ചില്വാനം രൂപയാണ്. പത്ത് സെന്റിന്റെ തുക കൊണ്ട് ഒരു സെന്റ് ഭൂമിപോലും വാങ്ങാൻ കഴിയില്ല. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act അനുസരിച്ചുള്ള പാക്കേജാണ് കൊണ്ടുവന്നത്. പ്രസ്തുത ആക്ടിന്റെ റൂൾസ് വന്നതിനുശേഷമാണ് അക്വിസിഷൻ പ്രോസസ്സ് നടക്കുന്നത്. സ്ഥലം നഷ്ടപ്പെടാത്തവർക്ക് തങ്ങളുടെ സ്ഥലം പോയില്ലല്ലോ എന്നോർത്ത് ഇപ്പോൾ സങ്കടമാണ്. അത്രയും നല്ലൊരു പാക്കേജാണത്. റൈറ്റ് ടു ഫെയർ

കോമ്പൻസേഷൻ ആക്ട് കൊണ്ടുവരാൻ പാടില്ലെന്ന് പറഞ്ഞ് കോർപ്പറേറ്റ് മേഖലകളിൽനിന്ന് ഒരുപാട് എതിർപ്പുകളുണ്ടായിരുന്നെങ്കിലും ഞങ്ങളത് കൊണ്ടുവന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ആ ബില്ലുമായി ബന്ധപ്പെട്ട കമ്മിറ്റിയിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചയാളെന്ന നിലയിൽ ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. ആ ബില്ലിന്റെ ഷെഡ്യൂളിൽ എക്സംപ്റ്റഡ് ലോസുണ്ടായിരുന്നു. ആദ്യം നിങ്ങൾ കൊണ്ടുവന്ന ബില്ലിൽ NHAI (National Highways Authority of India) എക്സംപ്റ്റഡ് ആയിരുന്നു. ദേശീയ പാതയ്ക്കുവേണ്ടി ഭൂമിയേറ്റെടുക്കൽ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 ആക്ടിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടാണ് യു.പി.എ. സർക്കാർ ബിൽ കൊണ്ടുവന്നത്. സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ട് നോക്കിയാൽ അതുസംബന്ധിച്ച് അറിയാൻ കഴിയും. കൃത്യമായി ഡിസെന്റ് രേഖപ്പെടുത്തിയ ഭാഗംകൂടിയാണിത്. അത് തെറ്റായ ഒരു പ്രസ്താവനയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് പിന്നീട് ചേർത്തതാണ്. ഇപ്പോൾ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act എന്നൊരു സംവിധാനം ഉള്ളതുകൊണ്ടാണ് നാഷണൽ ഹൈവേയുടെ അക്വിസിഷനും കൂടിചേർത്ത് ആ പാക്കേജ് അനുസരിച്ച് പേമെന്റ് കൊടുക്കേണ്ട സ്ഥിതിവന്നത്.

കേരളത്തിന്റെ സമ്പദ്ഘടന 'Sun rise' എന്നാണ് ഇവിടെ വാദിക്കുന്നത്. എന്നാൽ യഥാർത്ഥ ചിത്രം എന്താണ്; Budget at a glance-ലെ Fiscal indicators എന്താണ് പറയുന്നത്? 2022-23-ലെ റവന്യൂ കമ്മി GSDP (Gross State Domestic Product)-യുടെ 0.88%, അത് ഒരു ശതമാനത്തിൽ താഴെയായിരുന്നു. 2023-24-ലെ റിയൽ എസ്റ്റിമേറ്റിൽ റവന്യൂ കമ്മി-GSDP അനുപാതം 2.09 ശതമാനമായി ഉയർന്നു. റവന്യൂ കമ്മി ഈ കാലയളവിൽ 9,226 കോടി രൂപയിൽനിന്നും 24,585 കോടി രൂപയായി ഇരട്ടിയിലും കൂടുതലായി ഉയർന്നു. 2022-23-ൽ ധനകമ്മിയും GSDP-യും തമ്മിലുള്ള ratio 2.44 ശതമാനമായിരുന്നത്, 2023-24-ൽ 3.45 ശതമാനമായി ഉയർന്നു. അതായത്, ധനകമ്മി ഈ കാലയളവിൽ 25,554 കോടി രൂപയിൽനിന്നും

40,461 കോടി രൂപയായി ഉയർന്നു. ഇതാണ് സൂര്യോദയ സമ്പദ്ഘടന. ജി.എസ്.ടി. വരുമാനത്തിലുണ്ടായ വർദ്ധനവ് പരിശോധിച്ചാൽ അതിൽ സർക്കാരിന്റെ കെടുകാര്യസ്ഥത വളരെ വ്യക്തമാണ്. 2022-23-ൽ 29,513 കോടി രൂപയായിരുന്ന ജി.എസ്.ടി. വരുമാനം. 2023-24-ൽ അത് 32,596 കോടി രൂപയായി വർദ്ധിച്ചു. ജി.എസ്.ടി. വർദ്ധനവ് 10 ശതമാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് തന്ന കത്തിലും ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോഴും പറഞ്ഞത് 20 ശതമാനം ടാക്സ് വർദ്ധനവുണ്ടെന്നാണ്. Budget at a glance വന്നപ്പോൾ അതിൽ കേവലം 10 ശതമാനമാണ് ജി.എസ്.ടി. വർദ്ധന. റവന്യൂ ന്യൂട്രൽ റേറ്റ് 14 ശതമാനമാണ്. ആ പതിനാല് ശതമാനത്തിലും താഴെയാണ് ജി.എസ്.ടി. ഗ്രോത്ത്. ഇന്ത്യയിൽ ഏറ്റവും കുറവ് ജി.എസ്.ടി. ഗ്രോത്തുള്ള സംസ്ഥാനങ്ങളുടെ മുൻനിരയിലേയ്ക്കാണ് കേരളം പോയത്. അപ്പോൾ ഞങ്ങൾ പറഞ്ഞതെല്ലാം ശരിയായില്ലേ. നികുതി വരുമാനം വർദ്ധിക്കുന്നില്ല, നികുതി പിരിക്കുന്നില്ല, ജി.എസ്.ടി. ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം പരാജയമാണ്, തകരുകയാണ്; ടാക്സ് വെട്ടിപ്പുകാരുടെ പറുദ്ദീസയായി കേരളം മാറിയിരിക്കുന്നു.

സംസ്ഥാനത്ത് ഭീകരമായ തോതിൽ നികുതി വെട്ടിപ്പ് നടക്കുകയാണ്. നേരെ മറിച്ചായിരുന്നെങ്കിൽ വലിയ ഗ്രോത്താണ് ഉണ്ടാകേണ്ടിയിരുന്നത്. ജി.എസ്.ടി. ഗ്രോത്ത് 30 ശതമാനത്തിനപ്പുറത്തേയ്ക്ക് പോയിരുന്നെങ്കിൽ എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിനുണ്ടാകുമായിരുന്നു. ആയിരം പേർ ജി.എസ്.ടി. വകുപ്പിൽ വെറുതെയിരിക്കുകയാണ്. ജി.എസ്.ടി. ടാക്സ് അഡ്മിനിസ്ട്രേഷൻ restructure ചെയ്തത് പരാജയമാണെന്ന് ഞങ്ങൾ ആവർത്തിച്ചുപറഞ്ഞു. അതാണ് ഈ തകരാറിന്റെ മുഴുവൻ കാരണം. ഞാൻ വീണ്ടും ആവർത്തിക്കുന്നു; There is no check posts, no cameras, no surveillance, no intelligence. ഒന്നും വർക്ക് ചെയ്യുന്നില്ല. ആർക്കും എന്ത് സാധനവും കൊണ്ടുവന്ന് വിൽക്കാൻ സാധിക്കുന്ന സ്ഥലമാക്കി കേരളത്തെ മാറ്റി. 2023-24-ലെ ബജറ്റ് എസ്റ്റിമേറ്റിലെ ജി.എസ്.ടി. വരുമാനം 35,982 കോടി രൂപയാണ്. 2024-25-ലേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് അതിനേക്കാൾ കുറവാണ്; 35,874 കോടി രൂപയാണ്. ഞാൻ അത്ഭുതപ്പെടുകയാണ്; ഒരു വർഷം കഴിഞ്ഞ് അടുത്ത വർഷത്തേയ്ക്ക് കടക്കുമ്പോൾ കഴിഞ്ഞ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടണ്ടേതല്ലേ അടുത്ത വർഷത്തെ ബജറ്റ്

എസ്റ്റിമേറ്റ്? ജി.എസ്.ടി. ഗ്രോത്ത് ഇല്ലേ? അടുത്ത വർഷവും ഗ്രോത്ത് ഉണ്ടാകില്ലേ? ഇതാണോ സൂര്യോദയ സമ്പദ്ഘടന? അടുത്ത വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് കഴിഞ്ഞ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറയുമോ? അപ്പോൾ സർക്കാർ ജി.എസ്.ടി.യിൽനിന്ന് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നില്ലേ? എന്ത് കണക്കാണിത്; ഏത് തലത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്?

കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ വളർച്ചയുണ്ടായിരിക്കുന്നത് Tax and duties on electricity ആണ്. 2022-23-ൽ 72 കോടി രൂപയിൽനിന്നും 2023-24 ആയപ്പോൾ 373 കോടി രൂപയായി ഉയർന്നു. സാധാരണക്കാരെ പിഴിയുകയാണ്. Kerala Electricity Supply Code പരിഷ്കരിക്കുന്നതോടെ വൈദ്യുതി കണക്ഷൻ നൽകുന്നതിലെ നിരക്കുകളിൽ വീണ്ടും വലിയ വർദ്ധനവുണ്ടാകും. വിവിധ സേവനങ്ങളുടെ നിരക്ക് 85% വർദ്ധിപ്പിച്ചു. ആ തരത്തിലെല്ലാമാണ് സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. എത്ര വലിയ കുടിശ്ശികയാണുള്ളത്. സപ്ലൈകോയ്ക്ക് 3,000 കോടി രൂപ, സാമൂഹ്യസുരക്ഷാ പെൻഷൻ 5,400

കോടി രൂപ, കാരുണ്യ ഇൻഷ്വറൻസ് പദ്ധതി 1,128 കോടി രൂപ, കാരുണ്യ ബെനവലന്റ് ഫണ്ട് 198 കോടി രൂപ, സർക്കാർ ജീവനക്കാരുടെ ഡി.എ., ഡി.ആർ., പേ റിവിഷൻ അരിയർ, പെൻഷൻ റിവിഷൻ അരിയർ, ലീവ് സറണ്ടർ എല്ലാം കൂടി 40,000 കോടി രൂപ, കരാറുകാർക്ക് 16,000 കോടി രൂപ എന്നിവ ഉൾപ്പെടെ ധാരാളം കാര്യങ്ങൾ കൂടിശ്ശികയാണ്. ക്ഷേമനിധികളെല്ലാം പോയി; അക്കാര്യം ഞാൻ ഇന്നലെ പറഞ്ഞിരുന്നു. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇപ്പോഴില്ല, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, അങ്കണവാടി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ നിന്നൊന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. എവിടെപ്പോയി സൂര്യോദയ സമ്പദ്ഘടനയിലെ സോഷ്യൽ വെൽഫെയർ സ്കീമുകൾ? ഇതെല്ലാം കാലാകാലങ്ങളിൽ മാറിമാറിവന്ന സർക്കാരുകൾ സാധാരണക്കാരെ സഹായിക്കാനും പാവപ്പെട്ടവരെ ചേർത്തുനിർത്താനും കൊണ്ടുവന്ന സാമൂഹ്യക്ഷേമ നിയമങ്ങളാണ്. അവയെല്ലാം തകരാറിലായി. ഇതാണോ കേരളത്തിന് ഒരു കുഴപ്പവുമില്ല എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

പറയുന്നത്? ഞാൻ budget at a glance-ലെ fiscal indicators-നെ മാത്രം അടിസ്ഥാനമാക്കിയാണ് സംസാരിക്കുന്നത്. സത്യം പറഞ്ഞാൽ ഞാനിത് വായിച്ചപ്പോൾ ഞെട്ടിപ്പോയി. കഴിഞ്ഞ നാലഞ്ച് വർഷങ്ങളിലെ കണക്കുകളുമായി താരതമ്യപ്പെടുത്തിയപ്പോൾ അപകടകരമായ നിലയിലേയ്ക്കാണ് കേരളം പോകുന്നതെന്ന് ബോധ്യമായി. ഇവിടെ പല ചർച്ചകളിലും പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല.

എനിക്ക് വളരെ രസകരമായ ഒരു കാര്യം പറയാനുള്ളത്, സർക്കാർ പ്ലാനിംഗിൽ വിശ്വസിക്കുന്നില്ലേ, അതോ മോദി സർക്കാരിനെപ്പോലെ പ്ലാൻ വഴിയിൽ ഉപേക്ഷിച്ച് right extreme step ആയ പ്രോജക്ടിന്റെ പുറകെ പോകുകയാണോ? പ്ലാനിംഗിന്റെ ഗുണം എന്താണ്? പ്ലാനിന് ഒരു മുൻഗണനയുണ്ട്, അതിനൊരു റീജിയണൽ ബാലൻസുണ്ട്. പിന്നോക്കം നിൽക്കുന്ന പ്രദേശത്തിന് മുൻഗണന കൊടുക്കാൻ പറ്റുന്ന ഒരു ബാലൻസുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗം ഉൾപ്പെടെ പിന്നോക്കം നിൽക്കുന്ന സമൂഹങ്ങൾക്കെല്ലാം പ്ലാനിൽ പ്രത്യേകമായ പ്രൊവിഷനുണ്ടാകും. രാജ്യത്തിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ എല്ലാ പ്രത്യേകതകളെയും

ഉൾക്കൊള്ളിച്ചുകൊണ്ടാണ് പണ്ട് ജവഹർലാൽ നെഹ്റു ഇന്ത്യയിൽ പ്ലാനിംഗ് കൊണ്ടുവന്നത്. ഇപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കി നേരെ പ്രോജക്ടിന്റെ പുറകെ പോകുകയാണ്. പ്രോജക്ടിന് kick back കിട്ടും; അത്രയേയുള്ളൂ. അല്ലാതെ എന്ത് പ്രയോറിറ്റിയാണ് പ്രോജക്ടുകൾക്കുള്ളത്? പല പ്രോജക്ടുകൾക്കും ഒരു പ്രയോറിറ്റിയുമില്ല, ഒരു റീജിയണൽ ബാലൻസുമില്ല. പലപ്പോഴും റീജിയണൽ ഇംബാലൻസാണ്. എസ്.സി./എസ്.ടി. പ്രോഗ്രാമുകൾ എവിടെയാണ്? സർക്കാർ ഇവിടെ പ്രധാനപ്പെട്ട പ്രോജക്ടുകളെല്ലാം കിഫ്ബിയിലാണ് ചെയ്യുന്നതെന്നാണ് പറയുന്നത്. കിഫ്ബിയിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പ്രൊവിഷനുണ്ടോ? കേരളത്തിൽ പത്ത് ശതമാനം SCP (Special Component Plan)-യും രണ്ട് ശതമാനം TSP (Tribal Sub-Plan)-യും ആണുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ളതാണത്. അവർക്ക് കിട്ടേണ്ട പണം മുഴുവൻ നഷ്ടമാകുകയാണ്. നമ്മെ അത്ഭുതപ്പെടുത്തുന്ന കാര്യം, 2021-22-ൽ plan expenditure 34,450 കോടി രൂപയാണെങ്കിൽ 2023-24 ആയപ്പോൾ 29,329 കോടി രൂപയാണ് എന്നതാണ്. അയ്യായിരം കോടി

രൂപയായിരുന്ന plan expenditure 2021-22-ൽ നിന്ന് 2023-24 ആയപ്പോൾ കുറഞ്ഞു. ബജറ്റിലെ എസ്റ്റിമേറ്റ് എത്രയാണെന്നറിയാമോ? Plan expenditure 29,000 കോടി രൂപയാണ്. അപ്പോൾ 2021-22-ൽ ഉണ്ടായ plan expenditure പോലും അടുത്ത കൊല്ലം ഉണ്ടാകില്ലെന്നുപറഞ്ഞാൽ എങ്ങനെ വിസ്മയിക്കാതിരിക്കും. സമ്പദ്ഘടന വലുതാവുകയല്ലേ, അതിനനുസരിച്ച് ആനുപാതികമായി പ്ലാൻ സൈസ് വർദ്ധിക്കില്ലേ? പ്ലാൻ സൈസ് താഴേയ്ക്കാണ് പോകുന്നത്. അപ്പോൾ തീവ്ര വലതുപക്ഷ വ്യതിയാനമാണിത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഡാറ്റാ പരിശോധിച്ചപ്പോൾ, എല്ലാ വർഷവും പത്ത് ശതമാനം plan expenditure കൂടിക്കൊണ്ടിരിക്കുകയായിരുന്നു. അതിന് മുൻപുള്ള എൽ.ഡി.എഫ്. സർക്കാരും അങ്ങനെ തന്നെയാണ് ചെയ്തുകൊണ്ടിരുന്നത്. 2021-22-ൽനിന്ന് എസ്റ്റിമേറ്റ് പോലും 29,000 കോടി രൂപയിൽ എത്തിനിൽക്കുന്നു. Plan expenditure total വച്ചിട്ടും കാര്യമില്ല. 55-60% ആണ് expenditure വരുന്നത്. Capital expenditure ഗണ്യമായി കൂടിയെന്ന് സർക്കാർ പറയുന്നുണ്ട്. 2021-22-ൽ capital expenditure എന്നുപറഞ്ഞാൽ ഒരു ക്വാളിറ്റി expenditure

ആണ്. പണം ചെലവാക്കുന്നതിനെ സ്വാഗതം ചെയ്യുകയാണ്. അതിന് return ഉണ്ടാകും, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റാകും, ഇൻവെസ്റ്റ്മെന്റായിരിക്കും. എപ്പോഴും ഒരു ഇക്കോണമിയുടെ ഏറ്റവും വലിയ ക്വാളിറ്റി ഫേസ് എന്നുപറയുന്നത് capital expenditure ആണ്. 2021-22-ൽ 17,000-ൽ ചില്വാനം കോടി രൂപ ചെലവാക്കി. 2023-24-ൽ 16,984 കോടി രൂപയായി താഴ്ത്തിപ്പോയി. അടുത്ത വർഷത്തേയ്ക്കുള്ള expenditure 2021-22-ൽ ചെലവാക്കിയതുപോലെതന്നെ 17,000 കോടി രൂപ മാത്രമേയുള്ളൂ. അപ്പോൾ അടിസ്ഥാന സൗകര്യ വികസനമൊക്കെ സർക്കാർ ഇത്രയും വലുതായി കൊട്ടിഘോഷിച്ചിട്ടും മൂലധന ചെലവ് താഴോട്ടുപോകുകയാണ്. ശരിക്കും ഇത് sun rise economy ആണോ sunset economy ആണോ? ഞാൻ ഇതിന്റെ സൂചകങ്ങൾ വച്ചാണ് പറയുന്നത്. അത്ഭുതപ്പെടുത്തുന്ന കാര്യങ്ങളാണ് ഇക്കാര്യത്തിൽ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

തുല്യതയുടെയും സുതാര്യതയുടെയും തത്വങ്ങൾ അടിത്തറയാക്കിക്കൊണ്ട് പുതിയ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾ

അനുസരിച്ച് കേരളത്തിൽ വിദേശ സർവ്വകലാശാല ക്യാമ്പസുകൾ സ്ഥാപിക്കുന്നതിനുള്ള അവസരങ്ങൾ പരിശോധിക്കുമെന്നാണ് പറയുന്നത്. ഇത് യു.ജി.സി നിർദ്ദേശമാണ്; ശരിയാണ്. യു.ജി.സി. നിർദ്ദേശം വന്നപ്പോൾ നിങ്ങളുടെ പോളിറ്റ് ബ്യൂറോയുടെ ഒരു സ്റ്റേറ്റ്മെന്റ് വന്നു, "The Polit Bureau of the CPI(M) strongly opposes the move of the U.G.C to facilitate foreign universities and educational institutions to set up campuses in India allowing them autonomy in determining fees and recruitment of teachers after a 90 day approval process. This will lead to creating enclaves of high fees, elitist institutions which will further distort the structure of higher education in the country." അങ്ങുകൂടി അംഗമായ പോളിറ്റ് ബ്യൂറോയുടെ സ്റ്റേറ്റ്മെന്റാണിത്. അതിൽ അംഗമായ അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ പോളിറ്റ് ബ്യൂറോ നിഷേധിച്ച, വിമർശിച്ച അതേ യു.ജി.സി. ഗൈഡ്ലൈൻ, യു.ജി.സി.-യുടെ പ്രൊപ്പോസൽ കേരളത്തിൽ നടപ്പാക്കും. പിന്നെ വീണ്ടും ഒരു വാചകം കൂടി പറയുന്നുണ്ട്. നിങ്ങൾ ഏത് പാർട്ടിയാണെന്ന് പരിശോധിക്കൂ എന്ന്. നിങ്ങളുടെ പാർട്ടി സമ്പ്രദായത്തോട്

ഞങ്ങൾക്ക് ചെറിയ ബഹുമാനമുണ്ടായിരുന്നു. സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നിനുള്ള നടപടികളും സ്വീകരിക്കുമെന്നാണ് പറയുന്നത്. അങ്ങ് പാർട്ടി സെക്രട്ടറിയായിരിക്കുമ്പോഴാണ് വിദേശ സർവ്വകലാശാലകളെയും സ്വകാര്യ സർവ്വകലാശാലയെയുംകുറിച്ച് പഠനം നടത്താൻ ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനിച്ചത്. അന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനായിരുന്ന, അമേരിക്കൻ അംബാസിഡറായിരുന്ന ശ്രീ. ടി. പി. ശ്രീനിവാസനെ അദ്ദേഹത്തിന്റെ കൊച്ചുമകനാകാൻ പ്രായമുള്ള ഒരു എസ്.എഫ്.ഐ.-കാരൻ കരണത്തടിച്ചു. അവന്റെ മുത്തച്ഛനാകാൻ പ്രായമുള്ള ആളാണ്. ചർച്ച നടത്താൻ പോയതിനാണ് അങ്ങനെ ചെയ്തത്. അതുകൊണ്ട് വിദേശ സർവ്വകലാശാലകളും സ്വകാര്യ സർവ്വകലാശാലകളും ആരംഭിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ടി. പി. ശ്രീനിവാസനോട് ക്ഷമ ചോദിക്കണം; അതിൽ തെറ്റൊന്നുമില്ല. ശ്രീ. ടി. പി. ശ്രീനിവാസൻ വെറുമൊരു വ്യക്തിയല്ലല്ലോ. ഒരു ചർച്ച നടത്താൻ പോയതിന്റെ പേരിൽ അത്രയും പ്രായമുള്ള ഒരാളുടെ മുഖത്തടിക്കുകയും ആൾക്കൂട്ടത്തിനിടയിൽ അദ്ദേഹം വീഴുകയും ചെയ്തു. ഒന്ന്

ആലോചിച്ചുനോക്കൂ; നമ്മുടെ പിതാവാകാൻ പ്രായമുള്ള ആളാണ്. സത്യം പറഞ്ഞാൽ അദ്ദേഹത്തെ കാണുമ്പോൾ സങ്കടമാണ്. നിങ്ങൾ ഇതിനെയൊക്കെ ന്യായീകരിച്ചോളൂ.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി. പ്രധാനമന്ത്രി വിളിച്ച വിരുന്നിനുപോയി അദ്ദേഹവുമായി സംസാരിച്ചു; അതോടുകൂടി യു.ഡി.എഫ്.-ഉം സംഘ്പരിവാറുമായി ഭയങ്കര ലിങ്കായി, പ്രധാനമന്ത്രിയുമായി ഭയങ്കര അടുപ്പമായി എന്നൊക്കെ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നും അദ്ദേഹത്തെ വിളിച്ചാൽ പോകണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും എന്നെ വിളിക്കുമ്പോൾ ഞാൻ പോകുമല്ലോ. ഇവിടത്തെ ക്യാന്റീനിൽ പോയി കാപ്പി കുടിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞാൽ ഞാൻ പോകില്ലേ. പക്ഷെ മുഖ്യമന്ത്രി ഇതുവരെയും അത് പറഞ്ഞിട്ടില്ല. ഇന്ന് ഞാൻ 2 മണിക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ റൂമിൽ മീറ്റിംഗിനുപോയി. അവിടെ അദ്ദേഹം ആഹാരം കഴിച്ചുകഴിഞ്ഞിരുന്നു. എന്നെ കണ്ടപ്പോൾതന്നെ ഭക്ഷണം കഴിച്ചോയെന്ന് ചോദിച്ചു. ഞാൻ കഴിച്ചില്ലെന്ന് പറഞ്ഞപ്പോൾ,

വിളിച്ചുപറഞ്ഞ് ഫുഡ് റെഡിയാക്കാമെന്ന് മീറ്റിംഗ് കഴിഞ്ഞിറങ്ങുന്ന സമയത്ത് അദ്ദേഹം പറഞ്ഞു. എന്റെ റൂമിൽ ഭക്ഷണം വച്ചിട്ടുണ്ട് അതുകൊണ്ട് വേണ്ട എന്ന് ഞാൻ പറഞ്ഞു. ഇതൊക്കെ സാധാരണയായി നടക്കുന്ന കാര്യങ്ങളല്ലേ. പ്രധാനമന്ത്രിയുടെ വീട്ടിലേയ്ക്കാന്നുമല്ലല്ലോ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയത്. അവിടെ പോയി കണ്ടുകഴിഞ്ഞപ്പോൾ അപ്പുറത്തിരിക്കാമെന്ന് പറഞ്ഞു. (...ബഹളം....) നിങ്ങൾക്ക് എന്നിട്ടും തൃപ്തിയായില്ലെങ്കിൽ ഞാനൊരു കാര്യംകൂടി പറഞ്ഞുതരാം. 2019 ജൂൺ 11-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വസതിയിൽ ഒരു അതിഥി കുടുംബസമേതം ഉണ്ടായിരുന്നു. ആരാണെന്നറിയാമോ? മുഖ്യമന്ത്രി ഭക്ഷണം കഴിക്കാൻ ക്ഷണിച്ചതുകൊണ്ട് വന്നതാണ്; ആരാണ്? ബി.ജെ.പി.-യുടെ മുൻ പ്രസിഡന്റ്, കേന്ദ്രമന്ത്രി, നാഗ്പൂരിൽനിന്നുള്ള എം.പി., നാഗ്പൂർ ആർ.എസ്.എസ്. ആസ്ഥാനത്തെ ശ്രീ. മോഹൻ ഭാഗവതിന്റെ മാനസപുത്രൻ ശ്രീ. നിതിൻ ഗഡ്കരിയും കുടുംബവും ഭക്ഷണം കഴിക്കാൻ അവിടെ പോയിരുന്നു. ഞങ്ങൾ വിമർശിച്ചോ? അങ്ങനെ വിളിക്കണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. ഞങ്ങൾ

നിങ്ങളെപ്പോലെയല്ല; അതുകൊണ്ട് ഞങ്ങൾ വിമർശിച്ചില്ല. ഞാൻ ഇപ്പോഴും വിമർശിക്കുന്നില്ല. ഒരു കേന്ദ്രമന്ത്രി കുടുംബവുമായി തിരുവനന്തപുരത്ത് ടൂർ വന്നതാണ്; അതും ഒഫീഷ്യലായിട്ടല്ല. പരിചയവും ബന്ധവുമുള്ളതുകൊണ്ട് ഉച്ചഭക്ഷണത്തിന് ക്ഷണിച്ചതിൽ എന്താണ് തെറ്റ്; ആർ.എസ്.എസ്. ആസ്ഥാനത്തെ ശ്രീ. മോഹൻ ഭാഗവതിന്റെ സ്വന്തം ആളിന് മുഖ്യമന്ത്രി ഉച്ചഭക്ഷണം കൊടുത്തുവെന്ന് പറഞ്ഞ് ഞങ്ങൾ പിറ്റേ ദിവസം ബഹളമുണ്ടാക്കിയില്ല. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ഇനി ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേർക്ക് ഒരു വിരൽ ചൂണ്ടുമ്പോൾ നാല് വിരൽ സ്വന്തം നെഞ്ചത്തോട്ടാണെന്ന് വിചാരിച്ച് ചൂണ്ടിയാൽ മതി. (...ബഹളം...) ശ്രീ. നിതിൻ ഗഡ്കരിയെ വിളിച്ചതിൽ എനിക്ക് വിരോധമില്ലെന്ന് പറഞ്ഞുകഴിഞ്ഞു. പക്ഷെ മറ്റൊരു കാര്യത്തിൽ എനിക്ക് വിരോധമുണ്ട്. ശ്രീ. എം. എന്നുപറയുന്ന ഒരാളുടെ മധ്യസ്ഥതയിൽ മസ്കറ്റ് ഹോട്ടലിൽ വച്ച് ആർ.എസ്.എസ്. നേതാക്കളും മുഖ്യമന്ത്രിയുമായി ഒരു രഹസ്യ ചർച്ച നടത്തി. ഇതുവരെയും ആരോടും പറഞ്ഞിട്ടില്ല. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ശ്രീ. എം.-ന് നാലേക്കർ ഭൂമി പതിച്ചുകൊടുത്തു. അത്

ഇതുവരെ ആർക്കും അറിയില്ല. നമ്മുടേത് പ്രബുദ്ധ കേരളമാണ്. ഇലക്ഷൻ കാലത്ത് ....(...ബഹളം....) നമ്മൾ സംസാരിക്കുമ്പോൾ കുറച്ചുകൂടി ശ്രദ്ധയോടെ സംസാരിച്ചാൽ നമുക്കെല്ലാവർക്കും നല്ലതാണ്, അല്ലെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും പറയേണ്ടി വരും.

ഈ പ്രസംഗത്തിനുമപ്പുറമുള്ള യഥാർത്ഥ സമ്പദ്ഘടനയുടെ സ്ഥിതിവിവരങ്ങൾ നമ്മെ ഭീതിപ്പെടുത്തി അപകടത്തിലേയ്ക്ക് കൊണ്ടുപോകുന്നു എന്നതാണ് ബജറ്റ് നമുക്ക് നൽകുന്ന യഥാർത്ഥ സൂചന. അതുപരിശോധിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാനും ചെലവും അഴിമതിയും ധൂർത്തും കുറയ്ക്കാനും കെടുകാര്യസ്ഥത മാറ്റി ശ്രദ്ധയോടുകൂടി മുന്നോട്ടുപോകാനും കഴിയണം. കേരളത്തിന്റെ ഭാവിയാണ്, ഈ തലമുറയെ മാത്രമല്ല; വരാനിരിക്കുന്ന തലമുറയെപ്പോലും ബാധിക്കുന്ന രീതിയിലാണ് കേരളത്തിന്റെ ധനസ്ഥിതി പോകുന്നത്. പ്രതീക്ഷയ്ക്കുപോലും വകനൽകാത്ത രീതിയിലുള്ള ബജറ്റ് നിർദ്ദേശങ്ങളായതിനാലാണ് ഇതിനെ എതിർക്കുന്നത്.

2.47 p.m.]

X. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട തവനൂർ അംഗം ഡോ. കെ. ടി. ജലീൽ പ്രസംഗിച്ചപ്പോൾ ഞാൻ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പറഞ്ഞു എന്നാരോപിച്ച് എന്നെ ആക്ഷേപിച്ചിരിക്കുകയാണ്. രാമക്ഷേത്രം ഹൈന്ദവ വികാരമാണെന്ന് ഞാൻ പ്രസംഗിച്ചുവെന്നാണ് അദ്ദേഹം കളവായി പറഞ്ഞത്. ഇപ്പോൾ അയോദ്ധ്യയിലുയർന്ന ക്ഷേത്രം ഹൈന്ദവ വികാരമാണെന്ന അഭിപ്രായം എനിക്കില്ല; ഇന്ത്യയിലെ മഹാഭ്രൂരിപക്ഷം വരുന്ന ഹൈന്ദവ മതവിശ്വാസികൾക്കുമില്ല. അതൊരു രാഷ്ട്രീയ അജണ്ടയാണ്. സത്യത്തിൽ ഇന്നലെ നിലമ്പൂർ അംഗം ശ്രീ. പി. വി. അൻവർ പ്രസംഗിച്ചപ്പോൾ ഞങ്ങളുടെ നേതാവ് ശ്രീ. സാദിഖ് അലി ഷിഹാബ് തങ്ങളെക്കുറിച്ചുപറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുക മാത്രമാണ് ചെയ്തത്. അതിൽ ബാബറി മസ്ജിദ് തകർത്തതിലുള്ള വേദന കൃത്യമായി പ്രകടിപ്പിച്ചിട്ടുമുണ്ട്. ഇവിടെയുള്ള പ്രശ്നം, ഡോ. കെ. ടി. ജലീലിന് അപ്പുറത്ത് പ്രസക്തി കുറയുമ്പോൾ ലീഗിനെ വിമർശിക്കണം. അതിനുവേണ്ടിയുള്ള വിമർശനം മാത്രമാണിത്. അതിന്

ഇത്രയും മോശമായ മാർഗ്ഗങ്ങൾ ഉപയോഗിക്കരുത്, ഈ നിയമസഭയെ അതിന് ഉപയോഗിക്കരുത്. അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് തീരുമാനിക്കാം.+

2.49 p.m.]

ധനകാര്യം (തുടർച്ച)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അടുത്ത ഒരു വർഷക്കാലത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട ഭാവി രൂപരേഖയാണ് ഈ ബജറ്റിലൂടെ നിയമസഭയിൽ അവതരിപ്പിച്ചത്. കഴിഞ്ഞ മൂന്ന് ദിവസമായി സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. 5-ാം തീയതി അവതരിപ്പിച്ച ബജറ്റിലെ നിർദ്ദേശങ്ങൾ ശരിയാണെന്നും കേരളത്തിന്റെ ഭാവി വികസനത്തിനുവേണ്ടി വളരെ ജാഗ്രതയോടെ ഇടപെടുന്ന ഒരു ഗവൺമെന്റാണിതെന്നും കേരളം ഉന്നയിച്ച പ്രശ്നങ്ങൾ ശരിയാണെന്നും

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.2811/ഇ.ബി./2024/നി.സെ. തീയത് 14/02/2024) സഭാരേഖയിൽ നിലനിർത്തി.

ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട നീതിപീഠംതന്നെ പറയുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിയെന്നത് അങ്ങേയറ്റം അഭിമാനകരമാണ്.

കേന്ദ്ര സർക്കാർ കേരളത്തോട് നിരന്തരമായി കാണിച്ചുകൊണ്ടിരിക്കുന്ന, കേരളത്തിന്റെ പൊതുവായ താല്പര്യങ്ങളെ ഹനിക്കുന്ന നിലപാടുകൾക്കെതിരെ പ്രതിഷേധം സംഘടിപ്പിച്ചുകൊണ്ട് ഡൽഹിയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരുമെല്ലാം പോയിരുന്നു. ആ പ്രതിഷേധ സമരം യു.ഡി.എഫ്. ബഹിഷ്കരിച്ചു. ആ സമരവും അതിനുമുമ്പ് ചെയ്ത കാര്യങ്ങളുമെല്ലാം കേരളം പറയുന്നതിൽ ന്യായമുണ്ടെന്ന് തെളിയിക്കുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ചതുപ്രകാരം കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥരുമായുള്ള ചർച്ച നാളെ നടക്കാനിരിക്കുകയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട അവകാശങ്ങളെ സംബന്ധിച്ച് നിരന്തരമായി കേന്ദ്ര സർക്കാരിനോട് പറഞ്ഞുകൊണ്ടിരിക്കുകയുമാണ്. അങ്ങനെ പറയുന്നത് അധികപ്പറ്റാണെന്നും കേരളത്തിന് അത്തരത്തിലൊന്നും ലഭിക്കാനില്ലെന്നുമുള്ള ന്യായം ദൗർഭാഗ്യവശാൽ സഭയ്ക്കകത്തും പ്രതിപക്ഷം പറഞ്ഞിരുന്നു. ഇന്ത്യയിലെ

മറ്റുസംസ്ഥാനങ്ങൾ അതിലുൾപ്പെടുന്നുണ്ടായിരുന്നില്ല. ഇന്ന് ഇന്ത്യയിലെ ഓരോ സംസ്ഥാനവും കോ-ഓപ്പറേറ്റീവ് ഫെഡറലിസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സെൻട്രൽ-സ്റ്റേറ്റ് നികുതി വിഹിതത്തിൽ തുല്യമായ വിതരണം ആവശ്യമാണെന്ന് അംഗീകരിക്കുന്ന സ്ഥിതിയാണുള്ളത്. ഈ പശ്ചാത്തലം രാജ്യത്തെ ഓരോ സംസ്ഥാനവും അവതരിപ്പിക്കുന്ന ബജറ്റിലുണ്ടെന്ന കാര്യം ഞാൻ സൂചിപ്പിച്ചതാണ്. കേരളത്തിലൊന്നും നടക്കുന്നില്ലെന്നും ഇങ്ങനെയൊരു ബജറ്റിന്റെ ആവശ്യമില്ലെന്നും ഒരു പ്രതീക്ഷയുടെയും കാര്യമില്ലെന്നുമുള്ള നിലയിലാണ് ബജറ്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ച് അവസാനിപ്പിച്ചത്, എന്നാൽ കണക്കുകളെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം സംസാരിച്ചതെന്നും പറയുകയുണ്ടായി.

Budget at a glance-ൽ 2024-25-ലെ പ്രൊജക്ഷനും അതിനുമുമ്പുള്ള രണ്ട് വർഷത്തെ അക്കൗണ്ട്സും ഒരു വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സ്ഥിതി സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെ അംഗീകരിച്ച കണക്കുകളാണ് ബജറ്റിൽ

നൽകിയിട്ടുള്ളത്. 2021 മാർച്ച് വരെ 1,38,000 കോടി രൂപയാണ് ആകെ ചെലവഴിച്ചത്. ഈ വർഷം അവസാനമാകുമ്പോൾ 1,38,000 കോടി രൂപയിൽനിന്ന് 1,68,000 കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്നുവർഷംകൊണ്ട് 30,000 കോടി രൂപയാണ് ചെലവാക്കുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമാണ് അന്തിമമായി ഇതെല്ലാം തയ്യാറാക്കുന്നത്.

Budget at a glance-ന്റെ receipts-ന്റെ ഭാഗത്ത് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന Grant-in-Aid-ന്റെ കോളത്തിൽ 2021-22-ൽ 30,000 കോടി രൂപ ലഭിച്ചുവെങ്കിൽ ഈ വർഷം 11,000 കോടി രൂപയാണ് ലഭിച്ചതെന്നതുകൂടി പ്രതിപക്ഷനേതാവ് കാണേണ്ടതായിരുന്നു. 20,000 കോടി രൂപ രണ്ടുമൂന്ന് വർഷംകൊണ്ട് വെട്ടിക്കുറച്ചുവെന്നതും ഇതേ ഡോക്യുമെന്റിലുള്ളതാണ്. കേരളംപോലെയുള്ള സംസ്ഥാനത്തെ ഇത്തരത്തിൽ ശ്വാസംമുട്ടിക്കുന്നുവെന്നത് നമ്മുടെ ഓരോരുത്തരുടെയും പ്രശ്നമാണെന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. കേരളമാകെ സാമ്പത്തിക പരിമിതിയിലും കടത്തിലും ബുദ്ധിമുട്ടിലുമാണെന്ന് പറയുന്ന

കണക്കുകളും ഇതിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്. ഈ വർഷത്തെ രാജ്യത്തിന്റെ ആകെ ജി.ഡി.പി. 3,27,78,808 കോടി രൂപയാണ്. കേരളത്തിന്റെ ജി.ഡി.പി. 13,11,437 കോടി രൂപയാണ്, അത് രാജ്യത്തിന്റെ ആകെ ജി.ഡി.പി.-യുടെ നാല് ശതമാനം മാത്രമാണ്. രാജ്യത്തിന്റെ ആകെ ബജറ്റ് സൈസ് 47,65,768 കോടി രൂപയാണ്. കേരളത്തിന്റെ ബജറ്റ് സൈസ് കേന്ദ്ര ബഡ്ജറ്റിന്റെ 3.89 ശതമാനമായ 1,84,327 കോടി രൂപയാണ്. രാജ്യത്തിന്റെ ആകെയുള്ള കടത്തിന്റെ കണക്ക് നോക്കുമ്പോൾ കേരളത്തിന്റെ കടം അധികമാണെന്ന് കേന്ദ്ര ഗവൺമെന്റ് പറയുന്നു. മറ്റുസംസ്ഥാനങ്ങളുടെ സ്ഥിതിയും താരതമ്യം ചെയ്ത് പറയുന്നുണ്ട്. രാജ്യത്ത് ആകെയുള്ള കടത്തിന്റെ 2.4 ശതമാനം മാത്രമാണ് കേരളത്തിന്റെ കടം. മോണിറ്ററി ടേംസിൽ പരിശോധിക്കുമ്പോൾ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെട്ട നിലയിലാണെന്ന ആത്മവിശ്വാസം വേണമെന്നതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും കാര്യങ്ങൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്ന താല്പര്യത്തിലാണ് ഞാനിത് പറയുന്നത്. ഈ

താരതമ്യം പ്രതിപക്ഷനേതാവിന്റെ കയ്യിലുണ്ടാകുന്നത് സഹായകരമായിരിക്കും. കഴിഞ്ഞ കേന്ദ്ര ബജറ്റിൽ ആകെയുള്ളതിന്റെ 25% പലിശയാണ്; അതുസംബന്ധിച്ച കണക്കുകളും പുറത്തുവന്നിട്ടുണ്ട്. ഈ വർഷത്തെ കടവുംകൂടി ഉൾപ്പെടുത്തിയാൽ ഇന്ത്യയിലെ ആകെ ബജറ്റ് 48,00,000 കോടി രൂപയാണ്. അതിൽ 36% (17,00,000 കോടി രൂപയും) കേന്ദ്ര ഗവൺമെന്റ് കടമെടുത്തിട്ടുള്ളതാണ്. നല്ല ഫിനാൻസ് സ്റ്റേങ്ത് ഉണ്ടെന്നുപറയുന്ന ഒരു രാജ്യത്ത് ആകെ ചെലവായ 48,00,000 കോടി രൂപയിൽ 12,00,000 കോടി രൂപയും പലിശയാണെന്നാണ് മനസ്സിലാക്കുന്നത്. ഓരോ വർഷവും 25% തുക പലിശയിനത്തിലാണ് കൊടുക്കുന്നത്. കേരളം 15%-ന് അടുത്താണ് പലിശ കൊടുക്കുന്നത്. കടമെടുക്കാതെയും പലിശ കൊടുക്കാതെയും മുന്നോട്ടുപോകണമെന്നത് ഒരു രാജ്യത്തും സാധിക്കില്ല. വ്യവസായത്തിന്റെ കാര്യവും അങ്ങനെ തന്നെയാണ്. വികസനത്തിനുവേണ്ടി തിരിച്ചടയ്ക്കാൻ കഴിയുന്ന തുക കടമെടുക്കണമെന്നാണ്. ഇക്കാര്യങ്ങൾ താരതമ്യം ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടും സംസ്ഥാനത്തിന്റെ നിലപാടും

വ്യക്തമാകും. ഇവിടെ ഇരിക്കുന്ന അംഗങ്ങളെല്ലാം കാര്യങ്ങൾ വളരെ വ്യക്തമായി വീക്ഷിക്കുന്നവരാണ്. കേന്ദ്ര ഗവൺമെന്റ് കടമെടുക്കുന്നതിന്റെ നിരക്ക് കുറയ്ക്കുന്നത് എന്തുകൊണ്ടാണ് എന്നതിന്റെ പൊളിറ്റിക്സ് നമ്മൾ വേണ്ടത്ര ചർച്ച ചെയ്തിട്ടില്ല. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ ഇപ്രാവശ്യം പാർലമെന്റിൽ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്, ഈ വർഷം ഒരു ലക്ഷത്തിലധികം കോടി രൂപ കടമെടുക്കുന്നതിൽ കുറയ്ക്കുമെന്നാണ്. അങ്ങനെ കടമെടുക്കുന്നത് കുറയ്ക്കുമ്പോൾ ആ സ്പെയ്സ് കോർപ്പറേറ്റുകൾക്ക് എടുക്കാൻ കഴിയും. ഈ സഭയിൽ ഇക്കണോമിക്സ് നിരവധി വർഷം പഠിപ്പിക്കുകയും ഇക്കാര്യങ്ങളിലൊക്കെ ഇടപെടുകയും ചെയ്യുന്ന അദ്ധ്യാപകരുണ്ട്, ഇക്കണോമിക്സിൽ പി.എച്ച്.ഡി.-യുള്ള വ്യക്തികളുമുണ്ട്. നാഷണൽ ലെവലിലുള്ള ബോറോയിംഗ്, ഒരു രാജ്യത്തിന്റെ credit worthiness എന്നിവയെല്ലാം പരിശോധിക്കുന്നത് അന്താരാഷ്ട്ര ഏജൻസികളാണ്. രാജ്യത്തിന്റെ ആകെ കടബാധ്യതയിൽ 1,00,000 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ കടവും സംസ്ഥാനത്തിന്റെ കടവും കുറച്ചാൽ സ്വകാര്യ

മേഖലയ്ക്ക് കടമെടുക്കാമെന്നുള്ള കാര്യംകൂടി ഇപ്രാവശ്യത്തെ ബജറ്റിൽ പറഞ്ഞിരുന്നു. സംസ്ഥാനങ്ങളെ കടമെടുക്കുന്നതിന് അർഹമായ പരിധിയിലേയ്ക്ക് എത്തിക്കാതെ നിയന്ത്രിക്കുന്നവെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിച്ചെന്നേയുള്ളൂ. ഇത് ഇന്ത്യാ ഗവൺമെന്റിന്റെ ഫിനാൻഷ്യൽ ഹെൽത്തിനെക്കാളും മോശമല്ല; സാധാരണഗതിയിൽ സംസ്ഥാനങ്ങൾക്കുള്ള പരിമിതി കാരണം സാമ്പത്തിക സ്ഥിതി കുറച്ചുകൂടി മോശമാകാവുന്നതാണ്. രാജ്യത്തിന്റെ ആകെയുള്ള വരുമാനത്തിന്റെ 64 ശതമാനത്തോളം നികുതിയും മറ്റുവരുമാനവും പിരിക്കുന്നത് കേന്ദ്രമാണ്. എന്നാൽ ആകെ ചെലവിന്റെ 64 ശതമാനവും സംസ്ഥാനങ്ങൾക്കാണ് ചെലവഴിക്കേണ്ടി വരുന്നത്. ഇത് കേരളത്തിൽ മാത്രമല്ല; ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും ഇങ്ങനെയാണെന്നുള്ള കാര്യം നമുക്കറിയാം. വരുമാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം സംസ്ഥാനങ്ങൾ ചെലവാക്കുമ്പോൾ മൂന്നിൽ ഒരു ഭാഗമേ കേന്ദ്രം ചെലവാക്കുന്നുള്ളൂ. വരുമാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കേന്ദ്രത്തിന് ലഭിക്കുന്നുവെന്ന acceptable principle ഫിനാൻസ് കമ്മീഷൻ അംഗീകരിച്ചതാണ്. ഇത്തരമൊരു injustice

നിലനിൽക്കുമ്പോഴാണ് കേരളം സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് ഓരോ ഘട്ടത്തിലും പ്രവർത്തിക്കുന്നതും മുന്നേറ്റങ്ങൾ നേടുന്നതും. ഇനിയും കൂടുതൽ മുന്നേറ്റങ്ങളുണ്ടാക്കണമെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് കൂടുതലായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുന്നത്. കേരളത്തിന്റെ ആകെയുള്ള സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് കൂടുതൽ വിഷയങ്ങൾ പറഞ്ഞില്ലെങ്കിൽപോലും ഓരോ മേഖലയിലും കേരളം കൈവരിച്ചിട്ടുള്ള നേട്ടവും ഇന്ത്യയുടെ അവസ്ഥയും എന്താണെന്ന് നമുക്കെല്ലാം അറിയാം.

സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം കഴിഞ്ഞ വർഷത്തെ ഉൽപ്പാദന വളർച്ച 6.6 ശതമാനമാണെന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. പ്രതിശീർഷ വരുമാനം real terms-ൽ constant price, 1,74,214 രൂപയാണ്. ആളോഹരി വരുമാനത്തിൽ കഴിഞ്ഞ വർഷത്തെക്കാളും നല്ല വർദ്ധനയുണ്ടായിട്ടുണ്ട്. ദേശീയതലത്തിലുള്ള വരുമാന വർദ്ധനയെക്കാളും വളർച്ചയെക്കാളും വർദ്ധനവ് കേരളത്തിലുണ്ട്. ഇതെല്ലാം ഈ റിപ്പോർട്ടിൽ

പരാമർശിച്ചിട്ടുള്ളതാണ്. കേരളം മോശമായ ഒരു സംസ്ഥാനമാണെന്ന് നമ്മൾതന്നെ പറയരുതെന്ന് ഞാൻ അഭ്യർത്ഥിക്കാറുണ്ട്. കേരളം അത്ര മോശമാണോ; ഇന്ത്യയിൽ NITI Aayog-ന്റെ National Multidimensional Poverty Index (MPI) പ്രകാരം ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. കേരളത്തിൽ ദാരിദ്ര്യമാണെന്ന് പ്രതിപക്ഷം പറയുമ്പോൾ അവർ ഇക്കാര്യം ഒന്നുകൂടി പരിശോധിക്കണം. പരിശോധിച്ചാലും അതിൽ മാറ്റമൊന്നും വരില്ല. ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമാണ് കേരളം. പ്രതിപക്ഷത്തിന്റെ പ്രസംഗം കേൾക്കുമ്പോൾ കേരളത്തെക്കുറിച്ച് പറയുന്ന റിപ്പോർട്ടുകളൊക്കെ തെറ്റാണെന്ന് തോന്നും. രക്തസാക്ഷികളെയും ജീവിച്ചിരിക്കുന്ന ഏറ്റവും ഉജ്ജ്വലരായ പോരാളികളെക്കുറിച്ചും ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ നേട്ടങ്ങളെ സംബന്ധിച്ച കണക്കുകളൊക്കെ ശരിയല്ലെന്ന് തോന്നുന്ന തരത്തിലാണ് ഇവർ പറയുന്നത്. സംസ്ഥാനത്തെ അതിദരിദ്രർ 0.44 ശതമാനം മാത്രമേയുള്ളൂ. ശിശുമരണ നിരക്ക് ആയിരത്തിൽ ആറെണ്ണം മാത്രമേയുള്ളൂ. ഇതെല്ലാം ഞാൻ എപ്പോഴും ആവർത്തിക്കുന്ന കാര്യങ്ങളാണ്. പ്രസംഗങ്ങൾ പലതും ആവർത്തിക്കുകയും

ഇത്രയേറെ കാര്യങ്ങൾ പറഞ്ഞിട്ടും മനസ്സിലാകാത്ത തരത്തിൽ പ്രതിപക്ഷം വീണ്ടും പറയുന്നതുംകൊണ്ടാണ് എനിക്കും ആവർത്തിക്കേണ്ടി വരുന്നത്. ഇതൊക്കെ സഭാരേഖയിൽ ഉണ്ടാകുന്നത് നല്ലതാണ്. അഖിലേന്ത്യാതലത്തിൽ മാതൃമരണ നിരക്കിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ, ദേശീയതലത്തിൽ തൊണ്ണൂറ്റിയേഴ് പേർ മരിക്കുമ്പോൾ കേരളത്തിലെ മാതൃമരണ നിരക്ക് പത്തൊമ്പതാണ്. ആയുർദൈർഘ്യം കേരളത്തിൽ 75-ഉം ദേശീയ ശരാശരി 70-ഉം ആണ്. ഏത് സ്ഥിതിവിവരക്കണക്ക് പരിശോധിച്ചാലും കേരളത്തിന്റെ മേൽകൈ നമുക്ക് കാണാൻ സാധിക്കും. കഴിഞ്ഞ സാമ്പത്തികവർഷം 23 ശതമാനം തനതുവരുമാനത്തെ സംബന്ധിച്ചാണ് മുഖ്യമന്ത്രിയും ഞങ്ങളും പറഞ്ഞത്. തനതുവരുമാനത്തിലും വർദ്ധനവുണ്ടായി. SOTR (State's Own Tax Revenue) സംബന്ധിച്ചണ് ഞാൻ പറഞ്ഞത്. 2021 മാർച്ചിലെ ആകെ തനതുവരുമാനം 47,000 കോടി രൂപയായിരുന്നു. അതിനടുത്ത വർഷം അത് 58,000 കോടി രൂപയായി. കഴിഞ്ഞ വർഷം അത് 72,000 കോടി രൂപയായി. മുഖ്യമന്ത്രിയും ഞങ്ങളുമൊക്കെ തെറ്റായ ശതമാനമാണോ പറഞ്ഞത്. ബജറ്റ്

രേഖകളിൽ ഓരോ വർഷത്തെയും ആകെ റവന്യൂ റെസീപ്റ്റ്സിനെക്കുറിച്ചും State's Own Tax Revenue-നെക്കുറിച്ചും പറയുന്നുണ്ട്. കഴിഞ്ഞ വർഷം State's Own Tax Revenue 58,340 കോടി രൂപയായിരുന്നു. അതിനുതൊട്ടുമുമ്പത്തെ വർഷം 47,024 കോടി രൂപയായിരുന്നു. 2022-23-ൽ അത് 71,968 കോടി രൂപയായിരുന്നു. ഈ വർഷം പ്രതീക്ഷിച്ചത് 81,000 കോടി രൂപയായിരുന്നുവെങ്കിലും 77,000 കോടി രൂപയേ വരുന്നുള്ളൂ. അടുത്തവർഷം 77,000 കോടി രൂപയിൽനിന്ന് 84,000 കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനം പുറകോട്ട് പോകുകയാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരുന്നു. എന്നാലിപ്പോൾ പുറകോട്ടുപോകുകയല്ലെന്ന് മനസ്സിലായികാണുമെന്ന് കരുതുന്നു. കോവിഡിനുശേഷം സാമ്പത്തികമാന്ദ്യമുണ്ടായിരുന്നു. ഇന്ത്യയിലാകെ ആശങ്കപ്പെടുന്ന ഒരു സ്ഥിതിയുണ്ട്. സമ്പദ്വ്യവസ്ഥയിൽ ചെറിയ സ്ലോഡൗണുണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഈ വർഷം ജനുവരി മാസത്തിലാണ് ഓട്ടോമൊബൈൽസിന്റെ സെയിൽസ് വർദ്ധിച്ചത്. ഇന്നത്തെ പത്രം എല്ലാവരും വായിച്ചുകാണുമല്ലോ. മറ്റുപല മേഖലയിലും

വിൽപ്പനയിൽ അത്രയും വർദ്ധനവുണ്ടായിട്ടില്ല. ഓരോ മേഖലയിലെയും വില പരിശോധിച്ചാൽ അറിയാൻ സാധിക്കും. എത്രയോ നാളുകൾക്കുശേഷമാണ് ഇന്ത്യയിൽ ഒരു ചാക്ക് സിമന്റിന് 100 രൂപ കുറഞ്ഞത്. ഇങ്ങനെയൊരു സ്ലോഡൗൺ ലോകത്താകെയുണ്ട്. ആ അന്തരീക്ഷത്തെക്കുറിച്ച് പറയേണ്ട കാര്യമില്ലല്ലോ. ലോകത്ത് ഉക്രൈൻ, റഷ്യ, പാലസ്തീൻ എന്നിവയ്ക്ക് നേരെ ആക്രമണങ്ങൾ നടക്കുന്നു. പെട്രോളിയം കൊണ്ടുപോകുന്ന കണ്ടെയ്നർഷിപ്പുകളെ നിയന്ത്രിക്കുന്ന 70 ശതമാനത്തോളം ഓണർഷിപ്പുള്ള കമ്പനികൾ ഇനിമേലാൽ ഗൾഫിൽക്കൂടി കൊണ്ടുപോകരുതെന്ന് പറയുന്നു. കാരണം, അവിടെയെല്ലാം ഈ ആക്രമണങ്ങൾ പലതും വരുന്നതിനെക്കുറിച്ച് നമ്മൾ വായിക്കുന്നുണ്ടല്ലോ; ഇന്ത്യൻ പട്ടാളം പോയി ചില കപ്പലുകളെ മോചിപ്പിച്ച കാര്യമൊക്കെ പറയുന്നു. അങ്ങനെയുള്ള യുദ്ധത്തിന്റെ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. ഇക്കോണമി സ്ലോഡൗണിന്റെ പ്രശ്നംകൂടി നമുക്ക് കഴിയുന്നത്ര അഡ്രസ്സ് ചെയ്യണമെന്നും ഈ ബജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലും മറ്റുമേഖലകളിലും നമ്മുടെ ഇക്കോണമി സജീവമാക്കണമെന്നാണ് പറഞ്ഞത്. ഇതെല്ലാം

അടിസ്ഥാനമാക്കിയല്ലേ ബജറ്റിനെകുറിച്ചുള്ള ചർച്ചയിൽ സംസാരിക്കേണ്ടത്. ഇന്ത്യ എന്ന വലിയ രാജ്യത്തെ ഒരു ചെറിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തിന്റേതായ വികസന കാഴ്ചപ്പാട് ഈ ബജറ്റിലുണ്ട്. ആകെയുള്ള കടത്തിന്റെ കണക്കുകളും ഇതിലുണ്ട്. കോവിഡ് കാലത്ത് ആകെ കടം ജി.എസ്.ഡി.പി.-യുടെ 38 ശതമാനത്തിലേയ്ക്ക് എത്തിയിരുന്നുവെങ്കിലും ഇപ്പോഴത് കുറഞ്ഞ് 34 ശതമാനത്തിനടുത്തേയ്ക്കെത്തിയിരിക്കുകയാണ്. ഓരോ മേഖലയിലും മെച്ചപ്പെട്ട നിലവാരമാണ് കേരളം കാഴ്ചവയ്ക്കുന്നത്. ടൂറിസം രംഗത്ത് അന്തർദേശീയ അവാർഡ്, ആരോഗ്യമേഖലയിൽ ദേശീയ അംഗീകാരം അങ്ങനെ ഓരോ മേഖലയിലും നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങളും അമൂല്യമാണ്. ഇന്ത്യയിലെ ഒരു പ്രമുഖ സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിലിൽ പങ്കെടുത്ത് വരുമ്പോൾ എന്നോടുപറഞ്ഞത്, 'I have twenty seven thousand crores as surplus in my treasury' എന്നാണ്. എന്നാൽ ആ സംസ്ഥാനത്താണ് ആദിവാസി മേഖലയിൽ ഇന്ത്യയിലെ ഏറ്റവും കൂടുതൽ

പട്ടിണി മരണമുണ്ടായിട്ടുള്ളത്. വരൾച്ച സംബന്ധിച്ച് വളരെ പ്രശസ്തനായ പത്രപ്രവർത്തകൻ ശ്രീ. പി. സായിനാഥ് ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ഏറ്റവും വലിയ നോൺ ടാക്സ് വരുമാനമുള്ള സംസ്ഥാനങ്ങൾ ക്വാറികൾ ഏറെയുള്ളവയാണ്. 27,000 കോടി രൂപ ട്രഷറിയിൽ ചെലവാക്കാതെ കിടക്കുന്നുണ്ട്. ഇവിടെ ആ പണം ട്രഷറിയിൽ വെറുതെ കിടക്കുന്നില്ല. മൂന്നുലക്ഷം ആളുകൾക്കുകൂടി വീട് നിർമ്മിച്ച് നൽകിയാൽ കേരളം മുഴുവനാളുകൾക്കും വീടുള്ള ഇന്ത്യയിലെ സംസ്ഥാനമാകുമെന്നല്ല മറിച്ച് ലോകത്തെ വളരെ പ്രത്യേകതയുള്ള സ്ഥലമാകുകയും ചെയ്യും. മാർച്ച് മാസത്തോടെ 'ലൈഫ് മിഷൻ' പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അഞ്ചുലക്ഷം പേർക്ക് വീട് ലഭിക്കും. മുഴുവനാളുകൾക്കും വീട് നിർമ്മിച്ച് നൽകുകയെന്നത് നിസ്സാര കാര്യമാണോ; കുറച്ചുപേർക്കുകൂടി കൊടുക്കാനുണ്ട്. അടുത്ത നവംബർ മാസത്തോടുകൂടി അതിദരിദ്രരായ ഒരാൾപോലും ഇല്ലാതാകാനുള്ള ശ്രമം നടത്തും. അതിനുവേണ്ടി നമുക്ക് കടമെടുക്കേണ്ടിവരും. കടമെന്നത് ഏറ്റവും പ്രധാന അജണ്ടയല്ല. കാർഷികമേഖലയെക്കുറിച്ച് ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ടായിരുന്നു. സിവിൽ സപ്ലൈസിന്റെ കാര്യവും

പറഞ്ഞിരുന്നു. ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങൾക്ക് ഏറ്റവും വിലക്കുറവുള്ള സംസ്ഥാനം കേരളമാണ്. നമ്മുടെ സംസ്ഥാനത്ത് ഇതൊന്നും ഉൽപ്പാദിപ്പിക്കുന്നില്ല. അരിയുൾപ്പെടെയുള്ള സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരേണ്ടതാണ്. മറ്റുഭക്ഷ്യസാധനങ്ങളും പുറത്തുനിന്നും വരുന്നതാണ്. പഞ്ചസാര മഹാരാഷ്ട്രയിൽനിന്നായിരിക്കും കൂടുതൽ വരുന്നത്. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽനിന്ന് ഭക്ഷ്യസാധനങ്ങൾ വരുന്ന കേരളത്തിൽ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ വിലക്കയറ്റമേയുള്ളൂ എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഇക്കാര്യത്തിലെല്ലാം ഫലപ്രദമായി ഇടപെടാൻ സർക്കാരിന് സാധിക്കുന്നുണ്ട് എന്നതാണ്. ഇനിയും അത് മെച്ചപ്പെടുത്തേണ്ടതുണ്ട്.

സപ്ലൈകോയുടെ കാര്യമുൾപ്പെടെ ചില അംഗങ്ങൾ വലിയ വിഷമത്തോടെ പറയുന്നത് കേട്ടു. ആത്മാർത്ഥമായിട്ടും അല്ലാതെയും പറഞ്ഞവരുണ്ടല്ലോ; കലക്ക വെള്ളത്തിൽ കുറച്ച് മീൻ പിടിച്ചുകളയാം എന്ന രീതിയിലുള്ള ചില ചർച്ചകളുമുണ്ടായിരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളം, പെൻഷൻ ഇതിനെക്കുറിച്ചെല്ലാം പറഞ്ഞു. കെ.എസ്.ആർ.ടി.സി.

പെൻഷൻ ലഭിക്കാതെ തൊഴിലാളികൾ ആത്മഹത്യ ചെയ്യുവെന്ന് പറയുകയുണ്ടായി. 8 വർഷം മുമ്പുള്ള കാര്യം ഇപ്പോൾ പറയേണ്ടതുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്? രാവിലെ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഒരുകാര്യം ചോദിക്കാൻ ശ്രമിച്ചെങ്കിലും അപ്പോൾ പറയാൻ സാധിച്ചില്ല. ഇന്ത്യയിൽ മൂന്നരലക്ഷം കർഷകർ ആത്മഹത്യ ചെയ്തത് കോൺഗ്രസിന്റെ ഭരണകാലഘട്ടത്തിലാണ്. അന്ന് ബി.ജെ.പി. ഗവൺമെന്റായിരുന്നില്ല ഭരിച്ചിരുന്നത്. പിന്നീട് അധികാരത്തിൽവന്ന ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റിന്റെ കാലത്തുള്ളതാണ് തൊഴിലുറപ്പ് പദ്ധതി. ഇടതുപക്ഷത്തിന്റെ പിന്തുണയോടെയായിരുന്നു ആ ഗവൺമെന്റ് ഭരിച്ചത്. ഇടതുപക്ഷം പിന്തുണച്ചതുകൊണ്ടാണ് ആ ഗവൺമെന്റ് അധികാരത്തിലിരുന്നതെന്ന് തോന്നുന്നുണ്ടോ; അവസാനം ഞങ്ങൾ അവിശ്വാസ പ്രമേയം കൊണ്ടുവന്നപ്പോൾ ആ ഗവൺമെന്റിനെ താഴെയിറക്കി. പിന്നീട് ആ ഗവൺമെന്റ് അധികാരത്തിൽ തുടർന്നത് പരോക്ഷമായി ബി.ജെ.പി.-യുടെകൂടി വോട്ടുകൊണ്ടാണെന്നുള്ളത് സംശയമില്ലാത്ത കാര്യമല്ലേ; ആ

ഗവൺമെന്റിന് പിന്തുണ കൊടുത്തപ്പോൾ ഞങ്ങൾ പറഞ്ഞ കാര്യം, തൊഴിലുറപ്പ് പോലുള്ള പദ്ധതികൾ വേണമെന്നുള്ളതാണ്. അക്കാര്യം മറന്നുകൊണ്ട് ഇവിടെവന്ന് സംസാരിക്കരുത്. നേരത്തെ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷന്റെ അവസ്ഥ എന്തായിരുന്നു. എത്ര ആത്മഹത്യകളാണ് അവിടെ നടന്നതെന്നുള്ളത് അറിയാമല്ലോ; ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നില്ലെന്നാണ് പറയുന്നത്. കെ.എസ്.ആർ.ടി.സി. യൂണിയന്റെ പ്രമുഖ നേതാക്കന്മാർ സഭയിലെ ഇരുഭാഗത്തുമുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ഇപ്പോഴത്തെ അവസ്ഥ അറിയാമല്ലോ. കെ.എസ്.ആർ.ടി.സി.-യിൽ എന്താണ് സർക്കാർ ചെയ്തത്; ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്തിനിടയിൽ 1,464 കോടി രൂപയാണ് കൊടുത്തത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 5,002 കോടി രൂപ നൽകി. നിലവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4,948 കോടി രൂപ നൽകി. ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ അതുസംബന്ധിച്ച് തർക്കിക്കുമെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹം കെ.എസ്.ആർ.ടി.സി. യൂണിയന്റെ നേതാവാണ്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയിട്ട് 8 വർഷമാകുന്നു. ഏകദേശം 10,000 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുള്ളത്. 900 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തുന്നത്. 900 കോടി രൂപ ബജറ്റിൽ വകയിരുത്തുമ്പോഴാണ് ശരാശരി 2,000 കോടിയിലധികം രൂപ കൊടുക്കുന്നത്.

ക്ഷേമപെൻഷനെക്കുറിച്ച് ധാരാളം കാര്യങ്ങൾ പറയുകയുണ്ടായി. ക്ഷേമപെൻഷൻ കൃത്യമായി നൽകുന്നതാണ്. ഇടതുപക്ഷം മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളിൽനിന്നും വ്യതിചലിക്കുന്നില്ല. പക്ഷേ മാനിഫെസ്റ്റോയിൽ പറഞ്ഞതിൽനിന്നും എന്തെല്ലാം മാറ്റങ്ങളാണ് വന്നിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് എത്ര തുക വെട്ടിക്കുറച്ചിരിക്കുന്നു. അത് സാമ്പത്തികമായി എല്ലാ മേഖലയെയും ബാധിക്കുകയല്ലേ; സഹകരണ മേഖലയിലുൾപ്പെടെ കേന്ദ്ര ഗവൺമെന്റ് എങ്ങനെയാണ് ഇടപെടുന്നുവെന്നത് അറിയാമല്ലോ; സഹകരണ മേഖല സ്റ്റേറ്റ് ലിസ്റ്റിലുള്ളതാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റ് ആ മേഖലയിലുൾപ്പെടെ ഇടപെടുകയാണ്. ക്ഷേമപെൻഷൻ ഇനത്തിൽ കഴിഞ്ഞ അഞ്ചുവർഷം

കൊണ്ട് എത്ര രൂപയാണ് എൽ.ഡി.എഫ്. സർക്കാർ നൽകിയത്. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷം കൊണ്ട് 9,011 കോടി രൂപ ക്ഷേമപെൻഷൻ നൽകി. അന്ന് അത്രയും തുക മതിയായിരുന്നു, അതിൽ തർക്കമില്ല. രണ്ടര വർഷം പിന്നിട്ട ഈ സർക്കാരിന് രണ്ട്-മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. ഇതുവരെ 23,958 കോടി രൂപ നല്കിയിട്ടുണ്ട്. ഏഴര വർഷംകൊണ്ട് ഒന്നാം പിണറായി സർക്കാരിന്റെയും രണ്ടാം പിണറായി സർക്കാരിന്റെയും കാലത്തുമായി ഞങ്ങൾ കൊടുത്തത് 57,000 കോടി രൂപയാണ്. 'It's an extreme right-wing budget', എന്ന് അങ്ങ് പറഞ്ഞല്ലോ; ഇത് Extreme right-wing policies ആണ്. ക്ഷേമ പെൻഷൻ കൊടുക്കുന്നത് കുറയ്ക്കുകയോ നിർത്തുകയോ ചെയ്താൽ ഈ പ്രശ്നം വല്ലതുമുണ്ടോ; പക്ഷേ ഞങ്ങൾ കൊടുക്കുന്ന തുക കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. മൂന്നുനാല് മാസത്തെ കുടിശ്ശികയുണ്ടെന്ന് ബജറ്റിൽ ഓപ്പണായി പറഞ്ഞിരുന്നു, അക്കാര്യം രഹസ്യമായി എവിടെയും ഒളിച്ചുവച്ചിട്ടില്ല. ഞങ്ങൾ കുടിശ്ശിക തുക നല്കും. അതിന്റെ ഭാഗമായാണ് സമരങ്ങളും പ്രക്ഷോഭവുമൊക്കെ നടത്തി വരുമാനം വർദ്ധിപ്പിക്കാനായുള്ള ശ്രമം

നടത്തുന്നത്. 2,500 രൂപ വീതം നൽകണമെന്നതാണ് ഞങ്ങളുടെ ആഗ്രഹം. അതിലേയ്ക്ക് എത്രണമെങ്കിൽ ലഭിക്കാനുള്ള കേന്ദ്ര വിഹിതം ലഭിച്ചാൽ മാത്രം മതിയാകും. വേറെയൊന്നും വേണ്ട. കണക്കുകൾ ആവർത്തിക്കേണ്ടതില്ലെന്ന് കരുതുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറയുന്നത് 1.9 ശതമാനമല്ല കേരളത്തിന് നൽകേണ്ടതെന്നാണ്. നേരത്തെയുള്ള 3.8 ശതമാനം നൽകണമെന്ന കാര്യത്തിൽ ചിലപ്പോൾ തർക്കം കാണും. 3 ശതമാനമോ അല്ലെങ്കിൽ 3.25 ശതമാനമോ എന്ന് പറഞ്ഞാൽപ്പോലും 12,000 കോടി രൂപ ഒരുവർഷം അധികം ലഭിക്കില്ലേ? ഇന്ത്യയിൽ നമ്മുടെ അതേ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിലും ജനസംഖ്യ കുറവുള്ള സംസ്ഥാനങ്ങളിലും ഇതിനെക്കാൾ കൂടുതൽ തുക ലഭിക്കുന്നുണ്ട്. ഒഡീഷ, ജാർഖണ്ഡ്, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം കൂടുതൽ തുക നല്കുന്നുണ്ട്. ജാർഖണ്ഡിൽ കേരളത്തെക്കാൾ ജനസംഖ്യ കുറവാണ്. ഇപ്പോൾ പുതിയതായി വന്ന ക്രൈറ്റീരിയയിൽ പലതുമുണ്ട്. കഴിഞ്ഞ ദിവസം ഡൽഹിയിലെ പോളിസി സ്റ്റഡീസിൽ പ്രവർത്തിക്കുന്ന ഇക്കോണമിസ്റ്റ് ഒരു ചർച്ചയിൽ പറഞ്ഞിരുന്നു; പൊതുവിലുള്ള ആളോഹരി വരുമാനത്തിൽ

വർദ്ധനവ് വന്നുകഴിഞ്ഞാൽ 45 ശതമാനമാണ് കണക്കാക്കുക. അതിനാണ് വെയിറ്റേജ്. ഇന്ത്യയിലെ അഞ്ച് പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം, ഇവിടെ ആളോഹരി വരുമാനം കൂടുതലുമാണ്. അതുകൊണ്ട് നിങ്ങൾക്കത്രയും തുക വേണ്ട. ശുചിമുറിയും ശൗചാലയവും ഇവിടത്തെ ഏതെങ്കിലും വീട്ടിൽ വേണോ? 30 വർഷം മുമ്പുള്ള അവസ്ഥയല്ല ഇപ്പോഴുള്ളത്; നമുക്കെല്ലാവർക്കും വീടും സൗകര്യവുമുണ്ട്. അതുകൊണ്ട് വെട്ടിക്കുറച്ച വിഹിതം മാത്രം ലഭിച്ചാൽ മതിയാകും. അക്കാര്യത്തിൽ നമുക്ക് യോജിച്ച് പ്രവർത്തിക്കാം. കേരളത്തിന്റെ സവിശേഷമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്? ഒന്നാമത്തെ വിഷയം, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ നേരിടുന്ന പ്രധാന വിഷയം ജെറിയാട്രിക് ഇഷ്യു ആണ്. 60 വയസ്സ് കഴിഞ്ഞയാളുകൾ കേരളത്തിലെ ജനസംഖ്യയുടെ 20 ശതമാനത്തിലേയ്ക്ക് അതിവേഗമെത്തുന്നു. അവർക്കുവേണ്ടി പ്രത്യേകം സൗകര്യങ്ങൾ വേണം. നമ്മുടെ സെക്കന്റ് ജനറേഷൻ ഇഷ്യൂസ് വേറെ പലതുമുണ്ട്. 16-ാം ധനകാര്യ കമ്മീഷനെ സംബന്ധിച്ചുള്ള ചർച്ചകളുടെ പ്രാഥമികമായ പ്രവർത്തനങ്ങൾ ആരംഭിച്ചു

കഴിഞ്ഞു. രണ്ടുവർഷം കഴിഞ്ഞുമാത്രമേ അവാർഡ് വരികയുള്ളൂ, പക്ഷേ ഇപ്പോഴേ അതിന്റെ പ്രവർത്തനം തുടങ്ങേണ്ടതുണ്ട്. നാഷണൽ ഹൈവേയ്ക്ക് സ്ഥലമേറ്റെടുക്കുമ്പോഴുള്ള വിലയുടെ പ്രശ്നത്തെക്കുറിച്ച് പറഞ്ഞല്ലോ. ഏതൊരു പ്രോജക്ട് ഏറ്റെടുക്കണമെങ്കിലും വിലയുടെ പ്രശ്നമുണ്ട്. എത്രപറഞ്ഞാലും കേരളത്തിൽ ഭൂമിക്ക് വില കൂടുതലാണ്. പുതിയ നിയമമനുസരിച്ച് മൂന്നിരട്ടി വില കൊടുക്കേണ്ടി വരും. നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു സെന്റ് ഭൂമിക്ക് 1,000 രൂപ പോലും വേണ്ട, അതിലും കുറവാണ്. മുമ്പ് കേരളത്തിൽനിന്ന് ഗൾഫിലേയ്ക്ക് ആളുകൾ പോകുന്നതുപോലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെ വന്ന് ജോലി ചെയ്ത് ഒരുവർഷത്തെ മിച്ചം ഉപയോഗിച്ച് അവർ അവരുടെ സ്ഥലത്ത് രണ്ടും മൂന്നും ഏക്കറാണ് വാങ്ങുന്നത്. അതാണ് സ്ഥിതി. ഇന്ത്യയിലെ റേറ്റ് അനുസരിച്ച് മിനിമം വേതനം തന്നെ മൂന്ന് മടങ്ങാണ്. ഇതിൽ വെയ്റ്റേജ് കൂടി വരികയാണെങ്കിൽ നമുക്ക് ഫണ്ട് കൂടുതലായി വേണ്ടിവരും. നമുക്ക് ലഭിക്കേണ്ട തുക പലതും വെട്ടിക്കുറച്ചിരിക്കുന്നു. എന്നിട്ടും നമ്മൾ ഇതെല്ലാം ചെയ്യുകയാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ പെൻഷന്റെ കാര്യത്തിൽ അസന്ദിഗ്ധമായി

പറയാം; പെൻഷൻ തുക വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനം നടത്താൻ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള തുക കൃത്യമായി കൊടുക്കുക എന്നുള്ളത് തന്നെയാണ് ഒന്നാമത്തെ കാര്യം. സ്ഥിതി മെച്ചപ്പെട്ടാൽ തുക വർദ്ധിപ്പിക്കാവുന്നതാണ്; ബജറ്റിൽ വയ്ക്കേണ്ട കാര്യമില്ല, നിയമസഭ കൂടേണ്ട കാര്യവുമില്ല; സാധാരണഗതിയിലുള്ള അഡ്മിനിസ്ട്രേറ്റീവ് തീരുമാനമായിതന്നെ പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ്. ഞങ്ങളുടെ ആദ്യത്തെ പ്രധാനപ്പെട്ട ഉത്തരവാദിത്വം 62 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുക എന്നുള്ളതാണ്. അതിനുള്ള ശ്രമമാണ് നടത്തുന്നത്. നാളത്തെ ചർച്ചയുടെ ഭാഗമായി കേരളത്തിന് കുറച്ചുകൂടി നേട്ടം കൈവരുമെന്ന് പ്രതീക്ഷിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷൻ നല്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് വർദ്ധിപ്പിക്കാവുന്നതാണ്. കേന്ദ്ര സർക്കാരിൽനിന്നും അതിനുള്ള തുക ലഭിക്കുന്നില്ല. ഒരുവർഷത്തേയ്ക്ക് 200 കോടി രൂപയാണ് കേന്ദ്രം നല്കുന്നതെന്ന് ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. അതിൽ താഴെയാണ് നല്കുന്നത്, അതിൽത്തന്നെ

ബ്രാൻഡിംഗിന്റെ പ്രശ്നവും വരികയാണ്. ഇത്രയും ആളുകൾക്ക് പെൻഷൻ നൽകാൻ ഏകദേശം 11,000 കോടി രൂപയാകും. ഏകദേശം 14,000 കോടി രൂപ സോഷ്യൽ സെക്യൂരിറ്റിക്കുവേണ്ടി മാത്രം ഒരുവർഷം നൽകുകയാണ്. ഇത്രയും കാര്യങ്ങൾ ചെയ്യുന്നൊരു സർക്കാരാണിത്.

ലൈഫ് മിഷനുമായി ബന്ധപ്പെട്ട് വളരെ കൃത്യമായ ഒരുകാര്യംകൂടി സൂചിപ്പിക്കുകയാണ്. ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അദ്ദേഹം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചനായോഗം ചേരുകയുമുണ്ടായി. പതിനായിരം കോടി രൂപയുടെ നിർമ്മാണമെങ്കിലും അടുത്ത രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കേണ്ടതുണ്ട്. സാമ്പത്തികമാന്ദ്യമുണ്ടെന്ന് ഞാൻ ആദ്യമേ സൂചിപ്പിച്ചിരുന്നു. അത് മാറണമെങ്കിൽ സാധാരണക്കാർക്ക് ജോലി ലഭിക്കേണ്ടതുണ്ട്. പാറമട, മണൽ വാരൽ, സിമന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നവർക്കും അത് പ്രയോജനകരമാകും. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി ബാങ്കുകളുമായി ചർച്ച ചെയ്ത് ഒരു സംവിധാനമുണ്ടാക്കണം. ലൈഫ് മിഷനുവേണ്ടി ഫണ്ട് കൊടുക്കുന്നു,

പഞ്ചായത്ത് കൊടുക്കുന്നുവെങ്കിൽ അത് പഞ്ചായത്തിന്റെ ഫണ്ടല്ല എന്ന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും സംസാരിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. അത് പഞ്ചായത്തിന്റെ ഫണ്ടല്ല. സംസ്ഥാനത്തിന്റെയും നാടിന്റെയും എല്ലാവരുടെയുംകൂടിയുള്ള തുകയാണ്. ഇത് പ്ലാൻ ഹെഡ്ഡിൽ വച്ചശേഷം ഗുണഭോക്താക്കൾക്ക് നൽകുകയാണ്. ഹഡ്കോ ലോൺ കൊടുക്കുന്നത് ദീർഘകാലത്തേയ്ക്കാണ്. 17,105 കോടി രൂപയാണ് ഈ സമയത്തിനുള്ളിൽ കൊടുത്തിരിക്കുന്നത്. 374000 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. ഇപ്പോൾ 119000 വീടുകൾ പൂർത്തീകരണഘട്ടത്തിലാണ്. ഇതിൽ ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും ബജറ്റിൽ നിന്നുള്ള വിഹിതവുമുൾപ്പെടെയുണ്ട്.

സിവിൽ സപ്ലൈസ് വകുപ്പിനെക്കുറിച്ച് ഇവിടെ ഏറെ ചർച്ച വന്നതാണ്. ഞാൻ ബജറ്റ് അവതരിപ്പിക്കുമ്പോൾ അതിന്റെ ആകെ തുക ഒരുമിച്ച് പറഞ്ഞില്ല. കാരണമെന്താണെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. പ്രത്യേകിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാവുന്നതാണ്. അതിൽ പ്ലാനും

നോൺ പ്ലാനുമെല്ലാം കൂടി ചേർത്താണ് തുക കണക്കാക്കിയിരിക്കുന്നത്. പ്ലാനും നോൺ പ്ലാനും ചേർന്ന് 1,930.88 കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. തുക വകയിരുത്തിയിരിക്കുന്നത് വിവിധ പദ്ധതികളിലാണ്. കഴിഞ്ഞ തവണത്തെ ഒരു ഹെഡ്ഡിൽ തുക കുറച്ച് മതിയാകും. കേന്ദ്ര പദ്ധതിയിൽ 'പ്രയോരിറ്റി ഹൗസ് ഹോൾഡ്' എന്ന ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്കുവേണ്ടി നമ്മൾ അടയ്ക്കേണ്ട റേറ്റിൽ കുറവ് വന്നിട്ടുണ്ട്. നേരത്തെ ഒരു മാസം 52 കോടി രൂപയുണ്ടായിരുന്നത് ഇപ്പോൾ 27.63 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. ഇതിനനുസൃതമായി ഈ സാമ്പത്തിക വർഷം 335 കോടി രൂപ മതിയാകും. എന്നാൽ കഴിഞ്ഞ തവണ 600 കോടി രൂപ വകയിരുത്തിയിരുന്നു. അതുകൊണ്ട് 335 കോടി രൂപ മതിയെങ്കിലും 370 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിനുള്ള തുക കുറഞ്ഞിട്ടില്ല. സിവിൽ സപ്ലൈസിനുള്ള വിഹിതവും വിലക്കയറ്റം നിയന്ത്രിക്കാനുള്ള പദ്ധതിക്കുള്ളതുംകൂടി ചേർത്ത തുകയാണ് ഞാൻ പറഞ്ഞത്. ഈ വർഷം 1,930 കോടി രൂപയിൽ ബാക്കി തുകകൂടി ഉൾപ്പെടുത്തി 2,000 കോടി രൂപ ഭക്ഷ്യ വിതരണ മേഖലയ്ക്ക് മാറ്റിവയ്ക്കും.

ഇവിടെ മാവേലി സ്റ്റോറുകളെക്കുറിച്ച് പറഞ്ഞു. മാവേലി സ്റ്റോറുകളിൽ 13 ഇനം സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകും. മാവേലി സ്റ്റോറുകളിൽ ആളുകൾ വരുന്നത് 13 ഇനങ്ങൾക്കുവേണ്ടി മാത്രമല്ല, മറ്റ് സാധനങ്ങളും പത്തും പതിനഞ്ചും ശതമാനം വിലക്കുറവിലാണ് നൽകുന്നത്. എല്ലാസ്ഥലത്തും അതുണ്ടാകും. ഇതൊരു അഷ്വറൻസാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. എല്ലാ മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിലും സാധനങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾ പ്രശ്നമില്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ അതിൽ പ്രശ്നമില്ലെന്ന് പറഞ്ഞിട്ടില്ല. ഇവിടെ ഞങ്ങൾ ഏതെങ്കിലും കാര്യത്തിൽ കള്ളം പറയാറുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ പറഞ്ഞതുകൊണ്ടുള്ള ഗുണമാണത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രതിപക്ഷവും ചില ഗുണങ്ങൾ ചെയ്യണ്ടേ? ഞാനൊരു ഗുണം ചെയ്തല്ലോ എന്നതിന്റെ പേരിൽ അദ്ദേഹത്തിന് ഞെട്ടലാണ്. ഒരു ഗുണവും ചെയ്യേണ്ടെന്ന് പറഞ്ഞാണോ പ്രതിപക്ഷ നേതാവ് വരുന്നത്; എന്തെങ്കിലും ഗുണമൊക്കെ ചെയ്യണ്ടേ? കടകളിൽ നിത്യോപയോഗ സാധനങ്ങൾ കൃത്യമായി ലഭ്യമാകും. വില നിയന്ത്രിച്ച് കടകളിൽ സാധനങ്ങളെത്തിക്കുക എന്നതാണ് ഞങ്ങളുടെ നയം. അതുകൊണ്ടാണ് ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളെക്കാൾ വിലകുറച്ച് ഇവിടെ സാധനങ്ങൾ കൊടുക്കാൻ കഴിയുന്നത്. ഞങ്ങൾ സിവിൽ സപ്ലൈസിനെയും മറ്റ് പൊതുവിതരണ സംവിധാനത്തെയും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ആവർത്തിച്ച് പറയുകയാണ്.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട നിലവിലെ സമ്പ്രദായം മാറ്റാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ഇന്ത്യയിലുള്ള സമ്പ്രദായം പാലക്കാട് അംഗം ഉൾപ്പെടെയുള്ളവർ അറിയേണ്ടതാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എങ്ങനെയാണ് നെല്ല് സംഭരിക്കുന്നത്? സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമായി പഞ്ചാബിലുള്ള അനുഭവങ്ങൾ ചർച്ച

ചെയ്തിട്ടുണ്ട്. കർഷക സംഘത്തിന്റെ ഒരു പ്രവർത്തകനായതുകൊണ്ട് കുറച്ചൊക്കെ കാര്യങ്ങൾ എനിക്കുമറിയാം. നെല്ലും ഗോതമ്പും കൊയ്തുകഴിഞ്ഞാൽ ഉണക്കി ഗോഡൗണുകളിൽ കൊണ്ടുകൊടുക്കണം. അവിടെ പലയിടത്തും ഗോഡൗണില്ല. നെല്ലും ഗോതമ്പും ഗോഡൗണിൽ എത്തിക്കാൻ കഴിയാത്തതുകൊണ്ട് ഇന്നും ഇന്നലെയുമൊക്കെ അവിടെ കർഷക സമരം നടക്കുകയാണ്. ഗോഡൗണിൽ കൊണ്ടുകൊടുത്താൽ വില ലഭിക്കാൻ ആറുമാസം കഴിയണം. കേരളത്തിൽ എങ്ങനെയാണ്? കേരളത്തിൽ കൂടുതലായി നെൽകൃഷി ചെയ്യണമെന്നുള്ള താല്പര്യം വരാൻവേണ്ടിയാണ് ശ്രമിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പഞ്ചാബിനെപ്പോലെ ആകാനാണോ അങ്ങനെ ചെയ്യുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതുപോലെ ആകാനല്ല, എന്നാലും എന്താണ് കാര്യമെന്നുള്ളത് മനസ്സിലാക്കണം. നെൽക്കൃഷിയുള്ള സ്ഥലത്താണ് ഈ സമരം നടക്കുന്നത്. ബീഹാറിൽ ഒരു കിലോഗ്രാം നെല്ലിന് 11 രൂപപോലും കിട്ടാത്ത അവസ്ഥയാണ്. പ്രതിപക്ഷനേതാവിന്

മാത്രമെ ഞാൻ വഴങ്ങാൻ തീരുമാനിച്ചിട്ടുള്ളൂ. അല്ലെങ്കിൽ എനിക്ക് പ്രസംഗിച്ച് തീർക്കാൻ കഴിയില്ല. കൃത്യസമയത്ത് പ്രസംഗം തീർക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകം പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്... ഇന്ന് സപ്ലിമെന്ററി ഡിമാന്റ് കൂടിയുള്ളതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മറ്റ് സംസ്ഥാനങ്ങളിൽ നെല്ലിന് ഈ വില കിട്ടുന്നില്ല. ഹരിയാനയിലും പഞ്ചാബിലുമൊക്കെയാണ് താരതമ്യേന നെല്ലിന് വില ലഭിക്കുന്നത്. അതുകൊണ്ടാണ് കർഷകരുടെ പ്രക്ഷോഭ സമരങ്ങൾ നടക്കുന്നത്. മണ്ഡി സമ്പ്രദായം നിർത്തലാക്കാൻ ബി.ജെ.പി. ഗവൺമെന്റ് തീരുമാനിച്ചതിനെത്തുടർന്നാണ് ഇപ്പോൾ വലിയ സമരം വന്നത്. അവിടെ കിട്ടുന്നതിനേക്കാൾ കൂടുതൽ വില നമുക്ക് കൊടുക്കാം. കർഷകർക്ക് കൂടുതൽ വില കൊടുക്കുന്നത് സർക്കാരിന് സന്തോഷമുള്ള കാര്യമാണ്. ഈ സ്ഥിതിയിൽ മറ്റ് സംസ്ഥാനത്തേക്കാൾ ഉയർന്നവില സംസ്ഥാനം കൊടുക്കുന്നുണ്ട്. നെല്ലിന്റെ വില കൊടുക്കുന്നതിന് ആറുമാസത്തെ കാലതാമസം നേരിടുന്നത് വലിയ പ്രശ്നമാണ്. ആറുമാസത്തെ കാലതാമസം വരുന്നതിനുപകരം കേരളത്തിൽ

എന്താണ് ചെയ്യുന്നത്? സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചതിന്റെ പണം കർഷകർക്ക് മുൻകൂറായി ബാങ്കുകളിലൂടെ നൽകുകയാണ്. ഇത്തരം കാര്യങ്ങൾക്കായി 2,500 കോടി രൂപ ഗ്യാരന്റി നൽകി കടമെടുത്തിരിക്കുകയാണ്. കടമെടുത്ത തുകയാണ് കർഷകർക്ക് അഡ്വാൻസായി നൽകുന്നത്. ഈയിനത്തിൽ ആയിരത്തി ചില്വാനം കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും കിട്ടാനുണ്ട്. ഈ തുക ലഭിക്കാൻ ശരാശരി ആറുമാസമെടുക്കും. ലോൺ തുകയും അതിന്റെ പലിശയും സംസ്ഥാന സർക്കാരാണ് തിരിച്ചടയ്ക്കുന്നത്. അതിന്റെ ഭാരം കൃഷിക്കാർക്കല്ല വഹിക്കേണ്ടി വരുന്നത്. CRISIL Ratings എന്നൊക്കെ പറഞ്ഞ് പാവപ്പെട്ട ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്. കേരളത്തിൽ മാത്രമേ ഈ സമ്പ്രദായമുള്ളുവെന്ന് ഞാൻ ആവർത്തിച്ച് പറയണോ?

ശ്രീ. ഷാഫി പറമ്പിൽ: .....(മൈക്ക് ഓഫ്).....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് Paddy Receipt Sheet-ന്റെ അടിസ്ഥാനത്തിലാണ്. ഇത് നേരത്തേയുള്ളതാണ്. യു.ഡി.എഫ്. സർക്കാരും ഇത് ചെയ്തിട്ടുണ്ട്, ഇല്ലെന്നല്ല ഞാൻ പറയുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബജറ്റ് സപ്പോർട്ട് നൽകണമെന്നാണ് ഞങ്ങൾ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വഴങ്ങുന്നില്ലെങ്കിലും അദ്ദേഹം പറഞ്ഞത് കേട്ടു. ഇതിൽ ബജറ്റ് സപ്പോർട്ട് അല്ലാതെ കേന്ദ്രത്തിന്റെ സപ്പോർട്ടില്ല. കർഷകർക്ക് ഓരോവർഷവും ആയിരം കോടിയിലധികം രൂപ നൽകുന്നത് ബജറ്റ് സപ്പോർട്ടോടുകൂടിയാണ്. അത് റിവോൾവ് ചെയ്ത് കൊടുക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബോണസ് 6.37 ശതമാനമായി കേരളത്തിൽ കുറയ്ക്കുന്നതെന്തിനാണ്; കേന്ദ്രം വർദ്ധിപ്പിച്ചതനുസരിച്ച് കേരളത്തിലെ കർഷകർക്ക് ലഭിക്കേണ്ടതല്ലേ; സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുന്നതെന്തിനാണ്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, സപ്ലിമെന്ററി ഡിമാന്റ് സംബന്ധിച്ചുകൂടി ചർച്ചയുള്ളതിനാൽ അങ്ങ് പരമാവധി ചെയറിനോട് സഹകരിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വഴങ്ങിയതല്ല. അദ്ദേഹം എഴുന്നേറ്റ് ബഹളം വച്ചതുകൊണ്ട് എനിക്ക് സംസാരിക്കാൻ കഴിയാത്തതാണ്.

മി. സ്പീക്കർ: അക്കാര്യം ചെയർ ശ്രദ്ധിക്കാം. ബഹുമാനപ്പെട്ട മന്ത്രി അങ്ങോട്ട് നോക്കേണ്ടതില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ചെയറിനെ നോക്കി സംസാരിക്കാം. 1,000 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. കേരളം പോലുള്ള സംസ്ഥാനത്തിന് ആയിരക്കണക്കിന് കോടി രൂപ ഒരുമിച്ച് കൊടുക്കാൻ കഴിയില്ല. കാരണം, ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് ഒരിടത്തുനിന്നും പണമെടുത്ത് കൊടുക്കാൻ കഴിയുന്ന സ്ഥിതിയല്ല. നെല്ലിന് ഇന്ത്യയിൽ ഏറ്റവുമധികം വില കൊടുക്കുന്ന സംസ്ഥാനം കേരളമാണെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ആറുമാസം കാലതാമസം വന്നാലും ബജറ്റ് സപ്പോർട്ട് കൊണ്ടാണ് അതിന്റെ പലിശ കൊടുക്കുന്നത്. ബജറ്റിൽ വകയിരുത്തിയ തുക കൂടാതെ കഴിഞ്ഞവർഷവും അതിന്റെ മുൻപത്തെ വർഷവുമൊക്കെ 250 കോടി രൂപവീതം അധികം

വകയിരുത്തുന്നുണ്ട്. ഇപ്പോഴും വകയിരുത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 900 കോടി രൂപയാണെങ്കിലും അധികം കൊടുക്കേണ്ടി വന്നതുപോലെ, നെൽക്കർഷകർക്ക് വകയിരുത്തിയിരിക്കുന്ന ബജറ്റ് സപ്പോർട്ട് കഴിഞ്ഞ് ബാക്കി പണത്തിന് പ്രത്യേക എസ്.ഡി.ജി. മൂവ് ചെയ്യുകയാണ്. ബജറ്റ് ചർച്ചയ്ക്കശേഷം അവതരിപ്പിക്കുന്നത് ഉപധനാഭ്യർത്ഥനകളാണ്. ഉപധനാഭ്യർത്ഥന പാസ്സാക്കി ഇനിയും തുക കൊടുക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. പാർലമെന്റ് സമ്മേളനം കഴിഞ്ഞെങ്കിലും നെൽക്കൃഷിക്കാരുടെ കാര്യത്തിൽ ആയിരം കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിന് സമരം നടത്താൻ 18 എം.പി.-മാരോടും അങ്ങ് പറയണം. വരാൻ പോകുന്ന പാർലമെന്റ് ഇലക്ഷന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞു. അടിയന്തരമായി നെൽകർഷകരുടെ പണം ലഭിക്കാൻവേണ്ടി കേന്ദ്രത്തിൽ പറയുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. പാർലമെന്റ് സമ്മേളനം കഴിഞ്ഞെങ്കിലും എം.പി.-മാർക്ക് അക്കാര്യം പറയാൻ സാധിക്കും.

പി.എസ്.സി. നിയമനത്തെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. അങ്ങ് നേരത്തെ യുവജന സംഘടനയുടെ പ്രവർത്തകനായിരുന്നു. ഇന്ത്യയിൽ പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനം നടത്തുന്നത് എവിടെയാണ്? കഴിഞ്ഞ ദിവസം ഒരു പ്രമുഖ പത്രത്തിൽ വാർത്ത വന്നിരുന്നു. അറുപതിനായിരത്തിലധികം പി.എസ്.സി. നിയമനം കഴിഞ്ഞ ഒരുവർഷക്കാലം നടത്തിയതിൽ 42 ശതമാനവും കേരളത്തിലാണ്. കേരളത്തിലെ പി.എസ്.സി. വഴി മാത്രമെ നിയമനം നടക്കുന്നുള്ളൂ. മൂന്ന് ശതമാനത്തിൽ താഴെ ജനങ്ങളുള്ള നമ്മുടെ സംസ്ഥാനത്ത് 42 ശതമാനം പി.എസ്.സി. നിയമനങ്ങൾ നടന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തെയും അപേക്ഷിച്ച് കേരളത്തിൽ നിയമനങ്ങൾ നടക്കുകയാണ്. (....ബഹളം....)

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, പ്ലീസ്..... പ്ലീസ്... ശ്രീ. ഷാഫി പറമ്പിൽ..... (....ബഹളം....) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ Pin-drop silence ആയിരുന്നു. ഇത് ശരിയല്ല. (....ബഹളം....)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വാസ്തവത്തിൽ കേരളത്തിലെ ജനങ്ങളോടും കേരളത്തിലെ കാര്യങ്ങളിൽ താൽപ്പര്യമുള്ള ഇന്ത്യയിലെ ജനങ്ങളോടും കാര്യങ്ങൾ പറയാനുള്ളതാണ് ഈ സഭ. ഇന്ത്യയിലെ 42 ശതമാനം പി.എസ്.സി. നിയമനവും നടക്കുന്നത് കേരളത്തിലാണ്. പി.എസ്.സി. ലിസ്റ്റിലെ മുഴുവൻ ആളുകൾക്കും നിയമനം കൊടുക്കാൻ കഴിയില്ല. അതിനുവേണ്ടി കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് വലിയ സമരമൊക്കെ നടത്തിയില്ലേ; എത്രയോ സമരങ്ങൾ നടത്തുന്നുണ്ട്. പക്ഷെ ഇക്കാര്യം പറഞ്ഞപ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുന്നത് എന്തിനാണ്? ഇന്ത്യയിലുള്ളവർ ഇക്കാര്യങ്ങളൊന്നും അറിയാതിരിക്കുകയാണോ; ഇവിടെ ബഹളമുണ്ടാക്കിയാൽ വാർത്ത പുറത്തുവരില്ലെന്നാണോ? കേന്ദ്ര ഗവൺമെന്റിൽ 10 ലക്ഷം തസ്തികകൾ നികത്താതെ ഒഴിഞ്ഞുകിടക്കുകയാണ്. യൂത്ത് കോൺഗ്രസ് നേതാക്കന്മാരുൾപ്പെടെ ഇവിടെയുണ്ടല്ലോ? മറ്റ് സംസ്ഥാനങ്ങളിൽ 32 ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കേരളത്തിൽ ഒരു ഒഴിവുപോലുമില്ല. (....ബഹളം....) പി.എസ്.സി. വഴി ഇത്രയുമധികം നിയമനങ്ങൾ സംസ്ഥാനത്ത് നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റുൾപ്പെടെയുള്ള

മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി ഇതാണ്. സൂര്യോദയം എന്താണെന്നും സൂര്യഗ്രഹണമെന്താണെന്നും സൂര്യാസ്തമയമെന്താണെന്നുമുള്ള ചർച്ചകൾ ഇവിടെ നടന്നു. ഏതൊക്കെ വ്യവസായ മേഖലയിൽ പുതിയ പദ്ധതികൾ വരുന്നുവെന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി വളരെ വിശദമായി മറുപടി പറഞ്ഞിരുന്നു. പുതിയ ജനറേഷൻ എംപ്ലോയ്മെന്റുകൾ എത്രയാണ് വരുന്നത്. പഴയ ജനറേഷൻ എംപ്ലോയ്മെന്റിലാണ് പരമ്പരാഗത വ്യവസായ മേഖലകൾ വരുന്നത്. അതിനെയും ഈ സർക്കാർ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അതിനെ ഇല്ലാതാക്കുകയല്ല. ഖാദി, കൈത്തറി, കയർ, കശുവണ്ടി എന്നീ മേഖലകളിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയാണ്. പുതുതലമുറ വ്യവസായങ്ങളെയും സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. പഴയ മേഖലകൾക്ക് പരിഗണന നൽകുന്നതോടൊപ്പം പുതിയ മേഖലകളെയും പരിഗണിക്കുന്നുണ്ട്. നമുക്ക് സന്തോഷവും അഭിമാനവും തോന്നുന്ന തരത്തിലാണ് വ്യവസായ മേഖലയിലെ വികസനം. ഇന്നലെ IBM-ന്റെ ഉദാഹരണം ഇവിടെ പറഞ്ഞു. നൂറോ ഇരുന്നൂറോ ആളുകൾക്ക് നിയമനം

നടത്താനാഗ്രഹിച്ച സ്ഥലത്ത് 20,000 ആളുകളെ നിയമിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം എറണാകുളത്ത് IBS-ന്റെ നാലരലക്ഷം സ്ക്വയർ ഫീറ്റുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തു. ഇതുപോലെ നിരവധി പുതിയ കെട്ടിടങ്ങൾ വരുന്നുണ്ട്. തിരുവനന്തപുരത്ത് ടോറസിന്റെ 15 ലക്ഷം സ്ക്വയർ ഫീറ്റിലുള്ള കെട്ടിടം പൂർത്തിയാക്കി 25 ലക്ഷം സ്ക്വയർ ഫീറ്റിൽ പണിയാൻ പോകുകയാണെന്ന് കഴിഞ്ഞ ദിവസം പറയുകയുണ്ടായി. പതിനായിരം ആളുകൾ ജോലി ചെയ്യുന്ന രീതിയിൽ റിക്രൂട്ട്മെന്റുകൾ നടത്തുകയാണ്. ഇതെല്ലാം പുതിയ ജനറേഷൻ ജോലികളാണ്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ 'പുതിയ ജനറേഷൻ വ്യവസായങ്ങൾ' എന്ന പുസ്തകത്തെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. ലോകത്തിലെ ഏറ്റവും വലിയ സിംഗിൾ ബ്ലഡ് ബാങ്ക് യൂണിറ്റ് തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്തതാണ്. ഡെന്റൽ ലാബ് ഹബ്ബാണ് കേരളം. ഇങ്ങനെ പല മേഖലകളിലും കേരളം മുന്നിലാണ്. ഇപ്പോൾ സൂചിപ്പിച്ച 'ഗ്രാഫീൻ' പദ്ധതിക്കാവശ്യമായ അടിസ്ഥാനകാര്യങ്ങൾ ചെയ്തുകഴിഞ്ഞു.

അടുത്ത ഘട്ടമായി ഡെവലപ്മെന്റും പിന്നീട് കൊമേഴ്സ്യൽ ആപ്ലിക്കേഷന്റെ ഡെവലപ്മെന്റും പ്രാവർത്തികമാക്കണം. ഒറ്റപ്പാലത്തെ പുതിയ കിൻഫ്ര ഡിഫൻസ് പാർക്കിൽ ഗ്രാഫീന്റെ 260 കോടി രൂപയുടെ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

സർക്കാർ പ്രൊമോട്ട് ചെയ്യണമെന്നുള്ളതുകൊണ്ടാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ രണ്ടുമൂന്ന് കാര്യങ്ങളെക്കുറിച്ച് ബജറ്റിൽ പറഞ്ഞിട്ടുള്ളത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി 'കൈരളി' എന്ന പേരിൽ ഒരു എ.ഐ. ചിപ്പ് വികസിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ സയൻസ് പാർക്ക് തുടങ്ങുകയും അവിടെ പത്തോളം യൂണിറ്റുകൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. മറ്റ് മൂന്ന് സയൻസ് പാർക്കുകൾകൂടി ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് ഒരു മേഖലയിൽ മാത്രമല്ല; വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ 150 പേർക്ക് വർക്ക് ചെയ്യാൻ കഴിയുന്ന ഒരു ഐ.ടി. പാർക്കുണ്ട്. കൂടാതെ മഞ്ചേരിയിലും ഒരു ഐ.ടി. പാർക്കുണ്ട്. പെരിന്തൽമണ്ണയിൽ ആരംഭിച്ച 'ഓപ്പൺ' എന്ന സ്ഥാപനം ഇപ്പോൾ ബാംഗ്ലൂരിലും പ്രവർത്തിക്കുന്നുണ്ട്. 'ഫിൻടെക്' എന്ന സ്ഥാപനം

കേരളത്തിലെ ആദ്യത്തെ Unicorn ആണ്. അതിന് 8,000 കോടി രൂപയുടെ ടേണോവർ ഉണ്ടായിട്ടുണ്ട്. നവകേരള സദസ്സിൽ ഫിൻടെക്കുമായി ബന്ധപ്പെട്ടവർ എറണാകുളത്ത് വരികയും തങ്ങൾക്ക് സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് 17 കോടി രൂപയുടെ പലതരത്തിലുള്ള സഹായം ലഭിച്ചെന്ന് പറയുകയും ചെയ്തു. പെരിന്തൽമണ്ണയിലും തിരുവല്ലയിലുമുള്ള മൂന്നുനാല് ചെറുപ്പക്കാരാണ് അതിന്റെ അമരക്കാർ. അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്.

മൂന്നോ നാലോ പേരെ പ്രധാനമന്ത്രിയുടെ ഒരു ടീം സെലക്ട് ചെയ്തതിൽ, ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളിയിൽ നിന്നുള്ള ഒരു ചെറുപ്പക്കാരനും ഉൾപ്പെട്ടിരുന്നു. Hindi to English, English to Malayalam or Hindi to Malayalam പോലെയുള്ള simultaneous translation കേരളത്തിലെ ഒരു ചെറുപ്പക്കാരൻ വികസിപ്പിച്ചെടുത്തു. ഇതുപോലെയുള്ള നിരവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. റോബോട്ടിക്സിന്റെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയുമൊക്കെ കാര്യത്തിൽ പുതിയ

മേഖലയിൽ നമുക്ക് എങ്ങനെ ഇടപെടൽ നടത്താൻ കഴിയുമെന്നത് സൂചിപ്പിച്ചുവെന്നുമാത്രമേയുള്ളൂ.

കേരളത്തിൽ ഈ വികസനമെല്ലാം കൊണ്ടുവന്നതിനെ 'sunrise' എന്നുപറഞ്ഞ് സൂര്യന്റെ കാര്യമൊക്കെ പറയുന്നു. മാത്രമല്ല; കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ള വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി, നാഷണൽ ഹൈവേ, ഗെയിൽ പൈപ്പ് ലൈൻ, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട് തുടങ്ങിയ പദ്ധതികളുടെ ഉടമസ്ഥത ഞങ്ങൾക്കാണെന്നും ഇപ്പോഴത്തെ ഭരണപക്ഷത്തിന് ഇതിലൊന്നും പങ്കില്ലെന്നും ഇവിടെ പറയുന്നതുകേട്ടു. അനുഭവവും പരിചയവുമുള്ള ആളുകൾ അങ്ങനെ പറയാൻ പാടില്ല. മെട്രോയുടെ കാര്യമെടുത്താൽ, 1999-ൽ ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്.-ന്റെ ഭരണകാലത്താണ് അതിന് തുടക്കമിട്ടത്. എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ വിസ്മരിക്കരുത്. ഇതിന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയശേഷം മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. 2004-ൽ യു.ഡി.എഫ്. ഗവൺമെന്റ് ചില കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. നായനാർ സർക്കാരിന്റെ

ഭരണകാലഘട്ടത്തിനുശേഷം 2006-ൽ അധികാരത്തിൽവന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ്, In 2008, LDF Government under the Chief Ministership of V. S. Achuthanandan approved the Kochi Metro rail project in a cabinet meeting held on 2 January 2008 and sent to Central Government. അപ്രൂവ് ചെയ്തതിനുശേഷം അതിന്റെ പണം അനുവദിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഞാനൊരു കാഴ്ചക്കാരനെപ്പോലെയല്ല; ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പൊളിറ്റിക്കൽ സെക്രട്ടറി കൂടിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ കൂടെ ഡൽഹിയിൽ പോയി. രാഷ്ട്രീയമായി അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നിരിക്കാം, ശ്രീ. ഇ. ശ്രീധരനായിരുന്നു അന്ന് മെട്രോയുടെ എം.ഡി., മുഖ്യമന്ത്രിയും ശ്രീ. ഇ. ശ്രീധരനും ഒരുമിച്ച് ഡൽഹിയിലെ മെട്രോയിൽ സഞ്ചരിച്ച് അവിടെയുള്ള കാര്യങ്ങൾ നേരിട്ട് കണ്ടു. അതിനുശേഷം ഇവിടെ വന്നുവെങ്കിലും മെട്രോയ്ക്ക് അനുവാദം ലഭിക്കുന്നതിന് കുറേയേറെ കാലതാമസം നേരിട്ടു. അന്ന് അധികാരത്തിലുണ്ടായിരുന്ന ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റ് public

private partnership മോഡൽ മാത്രമേ അനുവദിക്കുവെന്ന് പറഞ്ഞുവെങ്കിലും ശ്രീ. ഇ. ശ്രീധരൻ അത് സാധ്യമല്ലെന്ന് അഭിപ്രായപ്പെട്ടു. PPP ആയി ഇത് മുന്നോട്ടുപോകാൻ കഴിയില്ല, അതിനാൽ ഇത് ഗവൺമെന്റിന്റെ ഒരു പ്രോജക്ട് ആകണമെന്ന് അഭിപ്രായമുണ്ടായിരുന്നു. ശ്രീ. ഇ. ശ്രീധരന്റെ അഭിപ്രായം തന്നെയാണ് നമ്മുടെ പോളിസിയെന്ന് കേരള ഗവൺമെന്റ് വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത തർക്കത്തിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിട്ടതിനാൽ ഈ പ്രോജക്ട് നീണ്ടുപോകുകയാണുണ്ടായത്. ആ സമയത്ത് ഞാൻ അദ്ദേഹത്തെ കാണാനായി ഡൽഹിയിലെ മെട്രോ ഹെഡ്ക്വാർട്ടേഴ്സിൽ പോയപ്പോൾ, എന്തായാലും സാംഗ്ഷൻ ലഭിക്കട്ടെയെന്നും നമുക്ക് enabling work-കൾ തുടങ്ങാമെന്നും ശ്രീ. ഇ. ശ്രീധരൻ പറഞ്ഞു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കല്വരിലെ രണ്ട് ഓവർ ബ്രിഡ്ജുകൾക്കായി ബജറ്റിൽ 50 കോടി രൂപ വകയിരുത്തുകയും ആ തുക ഉപയോഗിച്ച് enabling work ചെയ്യുകയുമുണ്ടായി. പിന്നീട് പാലം മാറ്റാനും മറ്റുമൊക്കെ തടസ്സമുള്ളതിനാൽ നേരത്തെ തന്നെ ഓവർ ബ്രിഡ്ജുകളുടെ

നിർമ്മാണം നടത്തുകയായിരുന്നു. പിന്നീട് ഓരോ ഘട്ടത്തിലും തുക അനുവദിച്ചതനുസരിച്ച് 158 കോടി രൂപയാണ് അന്ന് ചെലവഴിച്ചത്. അതിനുശേഷം ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, അന്ന് പാർട്ടി സംസ്ഥാന സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയുമുൾപ്പെടെയുള്ളവർ എറണാകുളത്ത് പോയി മനുഷ്യചങ്ങലയും സമരങ്ങളുമൊക്കെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നടത്തിയിരുന്നു. ഇപ്പോൾ ആര് അവകാശവാദം പറഞ്ഞാലും കുഴപ്പമില്ല. പക്ഷേ ഇതൊരു തുടർച്ചയായ പദ്ധതിയാണ്. ഇ. കെ. നായനാരുടെ കാലത്ത് തുടങ്ങുകയും അതിനുശേഷം ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് മുന്നോട്ടുപോകുകയും തുടർന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് പണം മാറ്റിവച്ച് കാര്യങ്ങൾ നടത്തുകയും ചെയ്തു. ഞങ്ങളാണ് ഇതൊക്കെ ചെയ്തതെന്ന് യു.ഡി.എഫ്. പറയുന്നത് ശരിയല്ല.

നായനാർ ഗവൺമെന്റിന്റെ കാലത്താണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെയും ആദ്യ ആശയം വരുന്നത്. ഈ പദ്ധതികളൊക്കെ വരുമ്പോൾ മുഖ്യമന്ത്രിയും പാർട്ടിയും എൽ.ഡി.എഫ്.-ഉം കാര്യങ്ങൾ ചർച്ച

ചെയ്തശേഷമാണ് ഇത്തരം നയപരമായ തീരുമാനമെടുക്കുന്നത്. വിഴിഞ്ഞത്തിന്റെ കാര്യത്തിലും ധാരാളം ചർച്ചകൾ നടത്തുകയും സമരങ്ങൾ സംഘടിപ്പിക്കുകയും പോലീസ് ലാത്തിച്ചാർജ്ജ് ഉണ്ടാകുകയുമൊക്കെ ചെയ്തിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി നടപ്പിലാക്കണമെന്നൊവശ്യപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയും സമരത്തിനുപോയി ലാത്തി ചാർജ്ജ് നേരിട്ടയാളാണ്. 2006-ലെ ഗവൺമെന്റിന്റെ കാലത്താണ് പദ്ധതി ടെണ്ടർ ചെയ്തത്. ഇന്നത്തെ Vizhinjam International Seaport Limited അക്കാലത്തുമുണ്ട്. Build-Own-Operate (BOO) മോഡൽ വേണോ അതോ Design-Build-Fincnce-Operate-Transfer (DBFOT) മോഡൽ വേണോ എന്നത് സംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നു. 60 വർഷമാണോ അതോ 90 വർഷമാണോ വേണ്ടതെന്ന കാര്യങ്ങൾ സംബന്ധിച്ച ബോർഡ് മീറ്റിംഗ് നേരിട്ട് കാണാൻ കഴിഞ്ഞ ഒരാളാണ് ഞാൻ. അതിനുശേഷം സ്ഥലമേറ്റെടുക്കുകയും ടെണ്ടർ നടപടികളാരംഭിക്കുകയും ചെയ്തു. ടെണ്ടർ ചെയ്തപ്പോൾ കേന്ദ്ര ഗവൺമെന്റ് അതിന് തടസ്സം പറഞ്ഞു. അന്ന് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു. അന്ന് മുഴുവൻ സ്ഥലവുമെടുത്തുവെന്ന്

മാത്രമല്ല; കോൺടാക്ട് എടുത്തത് ഒരു ചൈനീസ് കമ്പനിയായിരുന്നു. ചൈനയിൽ പോർട്ടുള്ള ഒരു കമ്പനിയായതിനാൽ ചൈനയുമായുള്ള ബന്ധമുണ്ടെങ്കിൽ ഇത് പ്രശ്നമാകുമെന്ന് അന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞുവെങ്കിലും ടെണ്ടർ ചെയ്ത് സ്ഥലമേറ്റെടുത്തു. അന്ന് ആ സ്ഥലമെടുപ്പിനെതിരായി പ്രാദേശികമായി ഒരു പ്രക്ഷോഭം വരികയും എല്ലാവരും ചേർന്നെടുത്ത തീരുമാനത്തിന്റെ ഫലമായി സ്ഥലത്തിന്റെ അളവ് കുറയ്ക്കുകയും ചെയ്തു. പ്രക്ഷോഭത്തിന്റെ ഫലമായി സ്ഥലം കുറയ്ക്കരുതെന്ന് വ്യക്തിപരമായി അഭിപ്രായപ്പെട്ട ആളാണ് ഞാൻ. അന്ന് 2000 ഏക്കർ എടുത്തിരുന്നെങ്കിൽ ഇന്ന് വിഴിഞ്ഞം ഇതിനേക്കാൾ ഉയർന്ന നിലയിലെത്തുമായിരുന്നു. അവസാനം 500 ഏക്കറിലേയ്ക്ക് പദ്ധതി ചുരുക്കുകയാണുണ്ടായത്. അന്ന് നടന്നില്ലായെന്നുള്ളത് സത്യമാണെങ്കിലും കമ്പനിയുണ്ടാക്കി ഇത്രയും കാര്യങ്ങളൊക്കെ ചെയ്തിരുന്നു. അന്ന് ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഉൾപ്പെടെ ചെയ്തപ്പോൾ യു.ഡി.എഫ്. എവിടെയായിരുന്നു? ഇവിടെ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും കൊണ്ടുവന്നത് നിങ്ങളാണെന്ന് ഇപ്പോൾ അവകാശപ്പെടുകയാണ്. ഇതിന്റെ

പ്രവർത്തനം ആരംഭിക്കുമ്പോഴേയ്ക്കും ഇപ്പോഴത്തെ മുഖ്യമന്ത്രിയും ഗവൺമെന്റും ചുമതലയേറ്റു. എല്ലാം ഒരു കാവ്യനീതി പോലെ തോന്നുന്നില്ലേ? വിഴിഞ്ഞം പോർട്ട് ഉദ്ഘാടനം ചെയ്തപ്പോൾ അവിടെ ആദ്യം വന്നതും ചൈനീസ് കപ്പലുകൾ തന്നെയാണ്. ചൈനയുടെ കാര്യം പറഞ്ഞ് പദ്ധതി പത്തുപതിനഞ്ച് വർഷം നീട്ടിക്കൊണ്ടുപോയി. മൂന്നരലക്ഷം ടൺ ഭാരമുള്ള കപ്പലുകൾ വരുമ്പോൾ കണ്ടെയ്നർ ഇറക്കാനുള്ള വലിയ മദർഷിപ്പ് കൊണ്ടുവരുന്നതിനായി ആദ്യം വന്നതും ചൈനീസ് കപ്പലാണ്. അവർ കൊമേഴ്സ്യലായി വർക്ക് ചെയ്യുന്നവരാണ്. ചൈനയായതുകൊണ്ടോ കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്നതുകൊണ്ടോ ഇതിൽ വിശേഷിച്ച് കാര്യമൊന്നുമില്ല. ആ കമ്പനി വളരെ കൊമേഴ്സ്യലായി പ്രവർത്തിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പണി പൂർത്തിയായി ഉദ്ഘാടനം ചെയ്തുവെങ്കിലും പണത്തിന്റെ കാര്യത്തിൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഭാവി വികസനത്തിന് തുറമുഖം കൂടുതൽ ഉപയോഗപ്പെടും എന്നുപറയുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ; ഇതൊന്നും കൂടാതെ നാഷണൽ ഹൈവേയും നിങ്ങളാണ് കൊണ്ടുവന്നതെന്ന് പറഞ്ഞില്ലല്ലോ? ഒരു

ലക്ഷത്തിമുപ്പതിനായിരം കോടിയോളം രൂപ നാഷണൽ ഹൈവേ വികസനത്തിനായി ഇപ്പോൾത്തന്നെ ചെലവായിട്ടുണ്ട്, നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അന്ന് നടന്ന ചർച്ചകളിൽ എനിക്ക് ഒരാശങ്കയുണ്ടായിരുന്നത് തുറന്നുപറയാം. നാഷണൽ ഹൈവേയ്ക്ക് 30 മീറ്റർ വേണോ അതോ 45 മീറ്റർ വേണോ എന്നൊരു അഭിപ്രായം വ്യക്തിപരമായി എനിക്കുണ്ടായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായതുകൊണ്ട് ഈ വിഷയം ചർച്ചയ്ക്ക് വന്ന സമയത്ത് ഞാനത് ചോദിക്കുകയും ചെയ്തിരുന്നു. ഇത്രയും വിപുലമായ ഒരു റോഡ് വരുമ്പോൾ അത്രയും വീതിയിൽ വരുന്നതാണ് നല്ലതെന്നാണ് അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി അഭിപ്രായപ്പെട്ടത്. ഇക്കാര്യത്തിൽ പ്രതിഷേധം വരുമെന്നുപറഞ്ഞ് ഉമ്മൻ ചാണ്ടി ഗവൺമെന്റ് അതിൽനിന്ന് പുറകോട്ടുപോകുകയും നമ്മുടെ പ്രോത്സാഹനത്തിലൂടെ ഇപ്പോൾ ഇത് പ്രാവർത്തികമാകുകയും ചെയ്തു. സർവ്വകക്ഷി യോഗത്തിൽ സി.പി.ഐ.(എം) ഇങ്ങനെതന്നെ എടുക്കണമെന്ന അഭിപ്രായം തുറന്നുപറഞ്ഞിരുന്നു. ഇന്ന് ആ വികസനം കാസർഗോഡ് മുതൽ

തിരുവനന്തപുരം വരെ കേരളത്തിലാകെ നടക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നവകേരള സദസ്സിന് പോയപ്പോൾ വാഹനം നിർത്തി വഴിയിൽ ഇറങ്ങിയത് വലിയ വാർത്തയായതാണ്. വാഹനം break down ആയെന്ന് ടി.വി. ചാനലുകാർ വാർത്ത നൽകി. അത് break down ആയതല്ല. ആറുവരി പാതയാകാൻ പോകുന്ന ആ സ്ഥലം കാണാൻ ഞങ്ങൾ അവിടെ ഇറങ്ങിയതാണ്. ആ നാഷണൽ ഹൈവേ യാഥാർത്ഥ്യമായത് ഈ പ്രവർത്തനത്തിന്റെ ഭാഗമായല്ലേ; ഗെയിൽ പൈപ്പ് ലൈൻ വരുന്നതിനെ സംബന്ധിച്ച് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ട്വിറ്ററിൽ കമന്റ് ചെയ്തു, ഇത് നടപ്പാക്കുകയാണെങ്കിൽ കേരളത്തിലെ മുഖ്യമന്ത്രിയെ ഞാൻ അംഗീകരിക്കാമെന്നാണ് പറഞ്ഞത്. ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഉറച്ച നിലപാട് കൊണ്ടാണ്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിന് വളരെ നന്നായി ചെയ്യാൻ സാധിച്ചുവെന്ന് ശ്രീ. നിതിൻ ഗഡ്കരി പറഞ്ഞു. ഈ പദ്ധതി കേരളത്തിൽ നടപ്പിലാകില്ലെന്ന് പറഞ്ഞിട്ടും അത് പ്രാവർത്തികമാക്കിയതിനെ അംഗീകരിച്ചുകൊണ്ട് പ്രധാനമന്ത്രിയും സംസാരിച്ചു. കോഴിക്കോട്

വിമാനത്താവളത്തിനുള്ള ഭൂമി ഏറ്റെടുത്തത് അവിടത്തെ എം.എൽ.എ. ആണല്ലോ; വല്ലാർപാടത്തെ റെയിൽവേ ലൈൻ വന്നത് എന്നാണ്; അന്നത്തെ പോർട്ട് ട്രസ്റ്റിന്റെ ചെയർമാൻ ആസ്സാമിലെ ഡി.ജി.പി., ശ്രീ. എൻ. രാമചന്ദ്രൻ ഉൾപ്പെടെ ചെയ്ത കാര്യത്തെക്കുറിച്ച് ഞാൻ പറയാം. വാട്ടർ മെട്രോയുടെ പ്ലാൻ ഉൾപ്പെടെ തയ്യാറാക്കിയത് നിങ്ങളാണെന്ന് പറയുന്നു, അങ്ങനെയുള്ള കാര്യങ്ങൾ നിങ്ങൾ പറയുമ്പോൾ ഞങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ചെയ്യുവെന്ന് നിങ്ങളും അംഗീകരിക്കണം. മലയോര ഹൈവേയും തീരദേശ ഹൈവേയും ലൈഫ് സയൻസ് പാർക്കും ഉൾപ്പെടെ ധാരാളം പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മുൻ ഗവൺമെന്റുകളുടെ പങ്ക് ഞങ്ങൾ കുറച്ച് കാണുന്നില്ലല്ലോ; റോഡ് വികസനത്തിനായി അന്നത്തെ ഗവൺമെന്റ് സ്ഥലം ഏറ്റെടുക്കുമ്പോൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആയതുകൊണ്ട് 30 മീറ്റർ മാത്രമെ എടുക്കാവൂ 45 മീറ്റർ എടുക്കാൻ പാടില്ല എന്ന് അന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയൻ പറഞ്ഞിട്ടില്ല. നിങ്ങൾക്ക് ഒറ്റ പ്രശ്നം മാത്രമെയുള്ളൂ, ഞങ്ങൾ പ്രതിപക്ഷമായതുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ

ഭരിക്കുന്ന സമയത്ത് ഇതൊന്നും നടത്തേണ്ടെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം ഇത്രമാത്രമേയുള്ളൂ. സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള കാര്യങ്ങളിൽ പോസിറ്റീവായ നിലപാട് മാത്രമെ ഞങ്ങൾ എടുത്തിട്ടുള്ളൂ. യു.ഡി.എഫ്.-ന്റെ കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടാകാം, അത് ഞങ്ങൾ പറഞ്ഞിട്ടുമുണ്ടാകും. എന്നാൽ പൊതുവായ കാര്യങ്ങളിൽ ഞങ്ങൾക്ക് തർക്കമില്ല. ഇത്തരം വികസന കാര്യങ്ങളിൽ നമുക്ക് ഒരുമിച്ച് നിൽക്കണം. ഓരോ മേഖലയ്ക്കും നൽകാൻ ഉദ്ദേശിക്കുന്ന തുക സംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളം മുന്നോട്ട് പോകുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. വ്യത്യസ്തമായ ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇങ്ങനെയൊരു സാഹചര്യം കേരളത്തിൽ മുമ്പുണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ അവകാശങ്ങളെ സംബന്ധിച്ച് കേരളത്തിന്റെ അനുഭവംവച്ച് ചുരുക്കി പറയാം. സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം ലഭിക്കേണ്ടതും ഫിനാൻഷ്യൽ സപ്പോർട്ട് ചെയ്യേണ്ടതും എന്തുകൊണ്ടാണെന്ന്

പരിശോധിക്കാം. ഐക്യകേരള രൂപീകരണത്തിനുമുമ്പ് തിരുവിതാംകൂറും കൊച്ചിയും മലബാറുമായിരുന്നു ഉണ്ടായിരുന്നത്. സാമൂതിരിക്ക് ശേഷമാണ് മലബാറിനെ കൊളോണിയൽ ശക്തികൾവന്ന് എ.ഡി. 1800-ഓടുകൂടി ബ്രിട്ടീഷുകാരുടെ കീഴിലാക്കിയത്. ആ കാലഘട്ടത്തിൽ സാമൂതിരിയെ കാണാനായി ആദ്യമായി വാസ്കോഡ ഗാമ വന്നതിനെപ്പറ്റി വായിച്ചിട്ടുണ്ടല്ലോ; അന്നത്തെ കാലത്ത് ഏറ്റവും സമ്പന്നമായ, മനോഹരമായ ഒരു രാജ്യമായിരുന്നു മലബാർ. പക്ഷേ അത് ബ്രിട്ടീഷുകാരുടെ കൈയിൽ വന്നപ്പോഴുള്ള അവസ്ഥ എങ്ങനെയായിരുന്നു? അവിടത്തെ പുരോഗതിയെല്ലാം നഷ്ടപ്പെട്ടു. മലബാറിൽ നിന്നുള്ള വരുമാനമെല്ലാം അവർ കൊണ്ടുപോയി എന്നതാണ് സത്യം. ചെറിയ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറും കൊച്ചിയും വൈസ്രോയിയുടെ കീഴിലായിരുന്നതിനാൽ കുറച്ച് കപ്പം നൽകേണ്ടി വന്നെങ്കിലും ഇവിടെ ഇൻവെസ്റ്റ് ചെയ്യാൻ സാധിച്ചിരുന്നു. അതത് സ്ഥലത്തെ നികുതി പിരിച്ചെടുക്കുകയും വരുമാനമുണ്ടാക്കുകയും ചെയ്യുന്നത് എളുപ്പമുള്ള കാര്യമല്ലെന്ന് കാണണം. നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെ അതുമായി താരതമ്യപ്പെടുത്തുന്നില്ല. ഓരോ

സംസ്ഥാനത്തിനും വരുമാനം ലഭിക്കുന്ന അവസ്ഥയുണ്ടാകണമെന്നാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും പറയുന്നത്. അതിനായി ഞങ്ങൾ ഡൽഹിയിൽ സമരത്തിനുപോയി. അതിനുമുമ്പ് പലപ്പോഴും ഈ വിഷയങ്ങൾ ഞങ്ങൾ ഉയർത്തിക്കാണിച്ചിട്ടുണ്ട്. 57,000 കോടി രൂപ കിട്ടാനില്ലെന്നും 5,000 കോടി രൂപ മാത്രമാണ് ലഭിക്കാനുള്ളതെന്നും ഫ്ലോറിൽ നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. ഇപ്പോൾ പറയുന്നത് ഞങ്ങളുടെ നോഷണലായിട്ടുള്ള ലോസാണ്. 57,000 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കേണ്ടതായിരുന്നു. ചെലവഴിച്ച 5,300 കോടി രൂപയും ഞങ്ങൾക്ക് കിട്ടേണ്ടതായിരുന്നു. ആ അവകാശപ്പെട്ട നികുതി വിഹിതം ചോദിക്കണ്ടേ; ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞതിനെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചു. ഇവിടെ പ്രതിപക്ഷം പറഞ്ഞത് കർണ്ണാടകയിൽ എല്ലാം മെച്ചവും ഇവിടെ മെച്ചമല്ലെന്നുമാണ്. കർണ്ണാടകത്തിലെ ഗവൺമെന്റ് പറയുന്നതും അവർ ഉന്നയിക്കുന്നതും അടിസ്ഥാനരഹിതമാണെന്ന് ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞത് എന്റെ ഫോണിലുണ്ട്. ശ്രീമതി നിർമ്മല

സീതാരാമൻ കർണ്ണാടകയിൽ എല്ലാം ശരിയാണെന്ന് പറഞ്ഞതായാണ് ഇവർ പറയുന്നത്. ഞങ്ങൾ ഡൽഹിയിലേയ്ക്ക് സമരത്തിന് പോകുന്നതിനുമുമ്പ് കോൺഗ്രസ് സമരത്തിന് പോയിരുന്നു. പ്രതിപക്ഷനേതാവിനെയും പ്രതിപക്ഷ ഉപനേതാവിനെയും വിളിച്ച് ഡൽഹിയിൽ സമരത്തിന് പോകണമെന്ന് മുഖ്യമന്ത്രി പറഞ്ഞതാണ്. പരിപാടി നടത്തേണ്ട തീയതിവരെ നിങ്ങളുടെ താത്പര്യത്തിനനുസരിച്ച് തീരുമാനിക്കാമെന്നും പറഞ്ഞതാണ്. ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. 9-ാം തീയതി പാർലമെന്റ് സമ്മേളനം തീരുന്നതിനാൽ അതിനുമുമ്പുള്ള തീയതി വേണമെന്ന ഒറ്റ കാര്യം മാത്രമാണ് മുഖ്യമന്ത്രി അന്ന് പറഞ്ഞത്. നിങ്ങൾ സമരത്തിന്റെ തീയതി പറയാതെ യോജിക്കുന്നില്ലെന്ന് പറഞ്ഞു, ഇതെല്ലാം യു.ഡി.എഫ്. ആലോചിക്കേണ്ട കാര്യങ്ങളാണ്. അതിനുശേഷം എൽ.ഡി.എഫ്. യോഗം ചേരുകയും സമരത്തിന്റെ തീയതി പ്രഖ്യാപിക്കുകയും ചെയ്തു. ഏതായാലും കോൺഗ്രസ് കർണ്ണാടകയിൽനിന്നും സമരത്തിന് പോയി. പ്രതിഷേധം സംഘടിപ്പിച്ചത് കോൺഗ്രസ് ഒറ്റയ്ക്കാണ്. ഞങ്ങൾ ഡൽഹിയിൽ പോയപ്പോൾ ഇന്ത്യൻ പാർലമെന്റിൽ ഇക്കാര്യം

പറയാൻ പ്രധാനമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നിർബന്ധിതരായി. നോർത്ത്-സൗത്ത് പ്രശ്നം എന്നെല്ലാം പറയാൻ ശ്രമിച്ചു, അങ്ങനെയൊരു വികാരം കൊണ്ടുവരാൻ ശ്രമിച്ചു. പക്ഷേ സമരം നടന്നപ്പോൾ ഞങ്ങളുടെ പ്രതീക്ഷയ്ക്കും അപ്പുറമായി കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഒരു ദേശീയ സമരമായി അത് മാറി. അവിടത്തെ ഓരോ പ്രസംഗവും രാഷ്ട്രീയത്തിന്റെ വികാരം മാത്രം ചാലിച്ച പ്രസംഗമായിരുന്നില്ല. 1980-കളിൽ ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായ ഡോ. ഫാറൂഖ് അബ്ദുള്ള മുതൽ ഓരോരുത്തരും സംസാരിച്ചത് ഇന്ത്യയെന്ന വികാരം അവരുടെ ഹൃദയത്തിൽ വച്ചുകൊണ്ടായിരുന്നു. ഇന്ത്യയുടെ ദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യൻ സംസ്ഥാനങ്ങൾ കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന്റെ ഭാഗമായി നിൽക്കണമെന്നും അതത് സംസ്ഥാനങ്ങളിലെ ജനങ്ങളുടെ താൽപ്പര്യംകൂടി സംരക്ഷിക്കണമെന്നുള്ള വികാരത്തോടുകൂടിയാണ് ഓരോരുത്തരും സംസാരിച്ചത്. ഡൽഹി മുഖ്യമന്ത്രിയും പഞ്ചാബ് മുഖ്യമന്ത്രിയും സംസാരിച്ചിരുന്നു, തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ വിദേശത്തായിരുന്നതിനാൽ

ഓൺലൈനായാണ് സമരത്തിൽ പങ്കുചേർന്നത്. കേരളത്തിലെ കോൺഗ്രസ് പാർട്ടിയും യു.ഡി.എഫ്.-ഉം അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചോ? പഴയ രാജഭരണം പോലെയാണ് ഇന്ന് ഇന്ത്യൻ പാർലമെന്റ് ചേരുന്നതെന്ന് ആളുകൾ പറയുന്നുണ്ട്. ചെങ്കോലും മറ്റ് സംവിധാനങ്ങളും തിരിച്ചുവരികയും അഭിപ്രായങ്ങളും സംസാരങ്ങളും ഇല്ലാതാകുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുകയുമാണ്. പാർലമെന്റിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉൾപ്പെടെയുള്ള എല്ലാ നിയമങ്ങളെക്കുറിച്ചും ചോദ്യം വരുന്നതാണ്. ഇന്ത്യയിലെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട ഘട്ടമാണിത്. 'ഇന്ത്യ' എന്ന ഒരു രാഷ്ട്രീയ പ്ലാറ്റ്ഫോം ഉണ്ടാക്കിയിരിക്കുകയാണ്. അതിന്റെ നേതൃത്വത്തിലിരിക്കുന്ന നേതാക്കന്മാരെ എല്ലാവരെയും ഒരുമിച്ച് കൊണ്ടുവരണം. ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അടക്കമുള്ളവർക്ക് ഞങ്ങൾ കത്ത് കൊടുത്തിരുന്നല്ലോ; ഇവിടെ വരാൻ സാധിക്കാത്തതിലുള്ള ദുഃഖംകൊണ്ട് അവർ ഇക്കാര്യം രാജ്യസഭയിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമരം ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ളതാണെന്നും ഞങ്ങൾ പിന്തുണയ്ക്കുന്നുവെന്നും

കർണ്ണാടകയിലെ മുഖ്യമന്ത്രിയും ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററും പറഞ്ഞു. ശ്രീ. മല്ലികാർജ്ജൻ ഖാർഗെ അവിടെ വന്നില്ല. 'സംസ്ഥാനത്തെ ജനങ്ങളുടെ അവകാശം' എന്നത് ഇന്ത്യയിലെ പ്രതിപക്ഷത്തെ ഒരുമിച്ച് നിർത്താവുന്ന ഏറ്റവും വലിയൊരു Political slogan ആയിരുന്നു. ആ അവകാശത്തെയും സമരത്തെയും സംയുക്തമായി കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാക്കിയത് കേരളത്തിലെ കോൺഗ്രസ് നേതൃത്വമാണെന്ന് പറയുന്നതിൽ വിഷമമുണ്ട്, പക്ഷെ പറയാതിരിക്കാൻ കഴിയില്ല. നമ്മുടെ രാജ്യത്തെ ഇത്രയും ശക്തമായ മുന്നേറ്റത്തിന് തടസ്സമുണ്ടാക്കാൻ 'മൂക്ക് മുറിച്ച് ശകുനം മുടക്കുക' എന്ന് പറയുന്നതുപോലെ സ്വന്തം നാടിന്റെ താൽപ്പര്യം തടയുന്ന തരത്തിൽ തടസ്സമുണ്ടാക്കി ജനങ്ങളുടെ വികാരത്തെ ഒറ്റിക്കൊടുത്തുവെന്ന് പറയുന്നത് അധികമാണെങ്കിൽ അങ്ങനെ ഞാൻ പറയുന്നില്ല. പക്ഷേ നിങ്ങൾ ചെയ്തത് അങ്ങേയറ്റം വഞ്ചനാപരമായ നിലാപാടാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇതിൽ ഞങ്ങൾക്ക് അതിയായ വിഷമമുണ്ട്. ഞങ്ങൾ ഈ കാര്യങ്ങളെല്ലാം നാടിന്റെ താൽപ്പര്യത്തിനുവേണ്ടി പറഞ്ഞതാണ്. ബജറ്റിൽ

ഇത്തരമൊരു പോളിസി എടുക്കുന്നുവെന്നതിനെക്കുറിച്ചും ഇവിടെ ചർച്ച നടന്നു.

വിദേശ സർവ്വകലാശാലയെക്കുറിച്ചാണല്ലോ മറ്റൊരു ചർച്ച; പുഷ്പനെ ഓർമ്മയുണ്ടോയെന്ന് ബഹുമാനപ്പെട്ട അംഗങ്ങളിൽ ഒന്നുരണ്ടുപേർ ഇവിടെ ചോദിച്ചിരുന്നു. സഖാവ് പുഷ്പനെ ഓർമ്മയുണ്ടെന്നുമാത്രമല്ല, ആ സമരത്തിൽ സജീവമായി പങ്കെടുത്തവരാണ് ഇവിടെ ഇരിക്കുന്ന ഞങ്ങളെല്ലാവരും. ആ സമരം കണ്ടുകൊണ്ട് നിന്നവരും ഇവിടെയുണ്ടാകും. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ വേണമെന്നാണ് ഞങ്ങൾ പറഞ്ഞത്. വിദേശ സർവ്വകലാശാലയെ സംബന്ധിച്ച് ചർച്ച വേണമെന്നേ പറഞ്ഞിട്ടുള്ളൂ. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലും പൊതുമേഖലയിലും എന്താണ് സംഭവിക്കുന്നത്? ഇന്ത്യയിൽനിന്ന് ആകെ 13 ലക്ഷത്തോളം പേർ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നു. 13 ലക്ഷം പേർ അപേക്ഷിച്ചതിൽ ആറോ ഏഴോ ലക്ഷം പേർ പോയെന്നാണ് കണക്ക്. അതിൽ നാല് ശതമാനത്തോളം വിദ്യാർത്ഥികൾ കേരളത്തിലുള്ളവരാണ്. കേരളത്തിൽനിന്നും ഒരു വർഷം 30000 പേരെങ്കിലും വിദേശ

രാജ്യങ്ങളിലേയ്ക്ക് പോകുകയാണ്. കേരളത്തിലെ വിദ്യാർത്ഥികളിൽ 40000 പേരെങ്കിലും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. നിങ്ങൾ ഞങ്ങളേക്കാളും നന്നായി പഠിച്ചു, ഞാൻ നിങ്ങളേക്കാളും മോശമായി പഠിച്ചുവെന്ന വിഷയമാണോ ഇവിടെയുള്ളത്? ഇത് കേരളത്തെ എങ്ങനെ ബാധിക്കുന്നുവെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് പ്രത്യേകതകളുണ്ട്. കേരളം മുപ്പത് വർഷം മുമ്പോ അറുപത് വർഷമുമ്പോ പറഞ്ഞ കാര്യമാണോ ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. മണിയൊക്കെ ഏറ്റവും സീനിയറായ തലമുറയിൽപ്പെട്ടവരാണ്. അമ്പതോ അറുപതോ വർഷങ്ങൾക്കുമുൻപ് ടാക്കൂർ വന്നു, ടാക്കൂറിനും കമ്പ്യൂട്ടറിനുമെതിരെ സമരം ചെയ്തവരാണ് അന്നത്തെ തലമുറ. ടാക്കൂറിനെതിരെ ഞങ്ങളുടെ അന്നത്തെ തലമുറ കൂട്ടനാട്ടിലും മറ്റും സമരം ചെയ്തിട്ടുണ്ട്. മൂവായിരം കർഷകത്തൊഴിലാളികൾ പാടശേഖരങ്ങളിൽ വന്നുനിൽക്കുമ്പോൾ അവർക്ക് ജോലി ലഭിക്കാതെ പോകുന്ന കാലത്ത് സമരം ചെയ്തത് പോലെയാണോ ഇപ്പോഴത്തെ സ്ഥിതി. അന്ന് മൂവായിരം പേർ ജോലി ചെയ്യാൻ തയ്യാറായി വരുമ്പോൾ

യന്ത്രവൽക്കരണം വന്നു. ഇന്നത്തെ സാഹചര്യം അതുപോലെയല്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെ പണിയെടുക്കാൻ ആളുകൾ വരുന്നു. രണ്ടും ഒരുപോലെയല്ല. കാലം മാറുമ്പോൾ ആ കാലത്തെ മനസ്സിലാക്കണം. ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. കേരളത്തിലെ പ്രശ്നമെന്താണ്; കേരളത്തിലെ കുടുംബങ്ങളിൽനിന്ന് കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നു. ആദ്യം അതിന്റെ സാമ്പത്തിക വശമെടുക്കാം. മുപ്പതിനായിരം കുട്ടികൾ പോകുന്നുവെന്ന് പറഞ്ഞാൽ ഒരുവർഷം പതിനായിരം കോടി രൂപയെങ്കിലും കേരളത്തിന് പുറത്തേയ്ക്ക് പോകും. ഒരു കുട്ടിക്ക് മുപ്പത് ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവാകും. നമ്മുടെ നാട്ടിൽ ചെലവാകേണ്ട പണം ഇവിടെ വരണമെന്നുള്ളതാണ് ഒരു കാര്യം. എല്ലാ കുട്ടികളും പഠിക്കാൻവേണ്ടി മാത്രം പോകുന്നതല്ല, ജോലിക്കും മൈഗ്രേഷനുംവേണ്ടിയാണ്. കേരളത്തിൽ ഒരു കുട്ടി പി.ജി.-യോ ഡിഗ്രിയോ പാസ്സായി കഴിയുമ്പോൾ 25 ലക്ഷം രൂപവരെയെങ്കിലും സംസ്ഥാന സർക്കാർ ചെലവാക്കുന്നുണ്ടാകും. വിദേശ രാജ്യങ്ങളെ സംബന്ധിച്ച് അവിടെ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർക്ക് ജോലികൾ

ചെയ്യുന്നതിന് ആളുകൾ വേണം. പലതരം ജോലികളാണ് ചെയ്യേണ്ടി വരുന്നത്. അതിൽ ഉയർന്ന ജോലികളൊന്നുമില്ല. 25 ലക്ഷം രൂപ മുടക്കി പഠിച്ച ഒരു കുട്ടി അവിടെ പോകുമ്പോൾ, ഇത്രയും equipped ആക്കിയ, നല്ല വിദ്യാഭ്യാസം ലഭിച്ച, എല്ലാതരത്തിലും ഡെവലപ് ചെയ്ത ഒരു പ്രോഡക്ടാണ് അവർക്ക് ലഭിക്കുന്നത്. വിദേശ രാജ്യങ്ങളിലുള്ളവർ അവരെ ജോലിക്ക് എടുക്കുകയാണ്. അങ്ങനെ വരുമ്പോൾ നമുക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കെയർ ഇക്കോണമി കൊള്ളാമെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. നമ്മുടെ സംസ്ഥാനത്ത് പ്രായമായവരുടെ എണ്ണം വർദ്ധിക്കുകയാണ്. കുട്ടികളെല്ലാം വിദേശത്തേയ്ക്ക് പോകുകയാണ്. അതിനുള്ള പരിഹാരമെന്ന നിലയ്ക്കാണ് കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞ ഐ.ബി.എം.-ലും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളിലും വ്യത്യസ്ത മേഖലകളിൽ ന്യൂ ജനറേഷൻ ജോലികളുണ്ട് എന്നത്. കേരളത്തിലെ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ ജോലി ലഭിക്കാനുള്ള അവസരമുണ്ടാകണം. അതിനായി ക്യാമ്പസിനകത്തും മറ്റ് സ്ഥലങ്ങളിലും പുതിയ വ്യവസായങ്ങൾ വരണം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു അനുഭവം പറയാം. എല്ലാ

അംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലും ചിലപ്പോൾ ഇത്തരം സംഭവങ്ങളുണ്ടാകും. വലിയ തുക കടം വാങ്ങി ഒരു ചെറുപ്പക്കാരൻ കാനഡയിൽ പോയി. അവിടെ പോയപ്പോൾ ജോലിയൊന്നും കിട്ടാത്തതിനാൽ മൂന്നുനാല് മാസങ്ങൾക്കുമുമ്പ് അയാൾ ആത്മഹത്യ ചെയ്തു. ഇവിടെനിന്ന് മുപ്പത്-നാൽപ്പത് ലക്ഷം രൂപ മുടക്കി വിദേശത്തേയ്ക്ക് പോയാലും മുൻകാലങ്ങളിലെപോലെ അവിടെ ജോലി ലഭിക്കുന്നില്ല. ഇത് സാമൂഹികവും സാമ്പത്തികവുമായ പ്രശ്നമാണ്. ഇവിടെ 30000 പേരെയും 7000 പേരെയും 8000 പേരെയും പുറത്തേയ്ക്കുകൊണ്ടുപോകുന്ന ഏജൻസികളെക്കുറിച്ച് കൊട്ടിഘോഷിക്കുന്നുണ്ടല്ലോ. ഇതൊരു ചെറിയ പ്രശ്നമല്ല, കേരളത്തിൽ മാറ്റമുണ്ടാകണം. നല്ല ജോലിയും വരുമാനവുമുണ്ടെങ്കിൽ ആളുകൾ നമ്മുടെ നാട്ടിൽത്തന്നെ നിൽക്കും. അതിനാണ് പുതിയ സെന്ററുകൾ വരുന്നത്. ആ കാഴ്ചപ്പാടോടുകൂടിയാണ് പുതിയ വിദ്യാഭ്യാസ കേന്ദ്രങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ വന്നപ്പോൾ ജോലി പോകുമെന്ന് പറഞ്ഞ് അവിടത്തെ കോൺഗ്രസ് സംഘടനയുടെ സമരം ഉദ്ഘാടനം

ചെയ്തത് ഉമ്മൻ ചാണ്ടി സാറാണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഒരിടത്ത് മാത്രമല്ല ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. ക്യാമ്പസുകളിൽ പുതിയ ടെക്നോളജി ഉപയോഗിച്ചേ മതിയാകൂ. പുതിയ സ്ഥാപനങ്ങളും ജോലി സാധ്യതകളും ഉണ്ടാകണം. വിഴിഞ്ഞം പോലെ മറ്റ് സ്ഥലങ്ങളിൽ ഞങ്ങൾ പതിനായിരം ഏക്കർ ഒന്നും ആളുകളിൽനിന്നും ഏറ്റെടുക്കാനല്ല, മറിച്ച് സഹകരണ മേഖലയേയും സ്വകാര്യ മേഖലയേയും ഉപയോഗിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ് ചെയ്ത് സ്ഥലം ഡെവലപ് ചെയ്ത് അവിടെയെല്ലാം സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ജോലി സാധ്യതകൾ വർദ്ധിപ്പിക്കാനുമാണ് ശ്രമിക്കുന്നത്. ടൂറിസം, ഇൻഡസ്ട്രി തുടങ്ങിയ എല്ലാ മേഖലകളിലും പുതിയ സ്ഥാപനങ്ങൾ ഉണ്ടാകണം. ഞങ്ങൾ ഇക്കാര്യങ്ങൾ നേരത്തെയും പറഞ്ഞതാണ്, ഇതൊരു പുതിയ കാര്യമല്ല. ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത് മാവൂർ ഗ്വാളിയോർ റയോൺസ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾ വന്നെങ്കിൽ ഇന്ന് അതിനേക്കാളും പുതിയ സംരംഭങ്ങൾ വരുന്നത് വലിയ കാര്യമല്ല. ചൈനയിൽ നടന്ന വികസനത്തിന്റെ ചരിത്രമുണ്ട്. അവരെ എല്ലാവരുംകൂടി ശ്വാസംമുട്ടിക്കാൻ

പോയപ്പോൾ അവിടെ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയും എം.എൽ.എ.-യും കൂടിയായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് ഞങ്ങൾ ഈ വിഷയം ചർച്ച ചെയ്യുന്നതേയുള്ളൂ എന്നാണ്. ഈ നയമെടുത്തിട്ടുള്ളത് സി.പി.ഐ.(എം) അല്ല, പാർട്ടിയുടെ എല്ലാ നയവും ഗവൺമെന്റിന് നടപ്പാക്കാൻ സാധിക്കില്ല. ഞങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കും. ഇത്തരം കാര്യങ്ങളിൽ പൊതുവായ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച ചർച്ചകൾ പോലും പാടില്ലെന്ന് പറയുന്ന തരത്തിൽ അഭിപ്രായം വരുന്നത് ശരിയല്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഇനി എത്രസമയം വേണ്ടി വരും.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. യു.ഡി.എഫ്.-ന്റെ നിലപാടുകൾ വ്യക്തമാക്കുന്ന ചില കാര്യങ്ങളുണ്ട്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി.-യുടെ

കാര്യത്തെക്കുറിച്ച് പറയാം. അദ്ദേഹം എം.പി. ആയതുകൊണ്ട് പറയുകയാണ്. അദ്ദേഹം പ്രധാനമന്ത്രിയുടെ വിരുന്നിൽ പങ്കെടുത്തതിനെക്കുറിച്ച് ഇന്നലെ മുൻ പ്രതിപക്ഷനേതാവിന്റെയും ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെയും പ്രസംഗമുണ്ടായിരുന്നു. ഇന്നലെ അദ്ദേഹം പറഞ്ഞത്, മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടപ്പോൾ എന്തൊരു ബഹുമാനത്തിലാണ് നിന്നത് എന്നും അങ്ങനെ നിൽക്കാമോയെന്നുമാണ്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയത് ഏറ്റവും ഉയർന്ന താത്വിക കാര്യങ്ങൾ സംസാരിക്കാനാണ്. ഇന്ത്യയിൽനിന്നും ആകെ 8 പേരെ മാത്രമാണ് അവർ സെലക്ട് ചെയ്തത്. തമിഴ്നാട് കേന്ദ്രമന്ത്രി ശ്രീ. എൽ. മുരുകൻ, ലഡാക്കിൽനിന്നുള്ള ബി.ജെ.പി. അംഗം, എം.പി. Shri Jamyang Tsering, ബി.ജെ.പി. എം.പി.-യും ദേശീയ വക്താവുമായ മഹാരാഷ്ട്രയിൽനിന്നുള്ള Smt. Heena Gavit, നാഗാലാൻഡ് ബി.ജെ.പി. എം.പി., Smt. S. Phangnon Konyak, ഇന്ത്യാ സഖ്യത്തിൽ ചേരാതെ നിൽക്കുന്ന ഒഡീഷയിലെ ബി.ജെ.ഡി. എം.പി. Dr. Sasmit Patra, ഇന്ത്യാ സഖ്യത്തിൽ ചേരാതെ നിൽക്കുന്ന ആന്ധ്രാപ്രദേശിലെ ടി.ഡി.പി. എം.പി. ശ്രീ. രാംമോഹൻ

നായിഡു, ഇന്ത്യാ മുന്നണിയിൽ ചേരാത്ത മറ്റൊരു പാർട്ടിയായ ബി.എസ്.പി.-യുടെ എം.പി. Shri Ritesh Pandey, കേരളത്തിൽനിന്നുള്ള എം.പി. എന്നിവരെയാണ് അവർ വിളിച്ചത്. അതത് മുന്നണിയിൽനിന്നും മാറിനിൽക്കുന്ന ആളുകളെയാണ് അവർ വിളിച്ചത്. ഡോ. ശശി തരൂരിനെ വിളിച്ചില്ല. കാസർഗോഡ് എം.പി. പറഞ്ഞത്, ഞാനാണെങ്കിൽ പോകില്ലായിരുന്നുവെന്നാണ്. മുഖ്യമന്ത്രി, പ്രധാനമന്ത്രി വരുമ്പോൾ തൊഴുത്, അദ്ദേഹത്തെ ബഹുമാനിച്ചു എന്നൊക്കെ പറഞ്ഞല്ലോ. മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കാണുമ്പോഴും പ്രധാനമന്ത്രി മുഖ്യമന്ത്രിയെ കാണുമ്പോഴും സംസാരിക്കുന്നതുപോലെയാണോ ഇത്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞൊരു ഉദാഹരണമാണ് ഏറ്റവും കഷ്ടമായിപ്പോയത്. എന്നെ മുഖ്യമന്ത്രി പലപ്പോഴും ഭക്ഷണം കഴിക്കാൻ വിളിച്ചിട്ടുണ്ടല്ലോയെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി വിളിച്ചല്ലോയെന്നും അങ്ങ് പറഞ്ഞു. കേരളത്തിലെ മുഖ്യമന്ത്രിയെയും ബി.ജെ.പി.-യുടെ രാഷ്ട്രീയത്തെയും ഒരുപോലെ കാണുന്നുവെന്നതാണ് അങ്ങയുടെ പ്രശ്നം. (...ബഹളം...) അതും മുഖ്യമന്ത്രി വിളിക്കുന്നതും ഒരുപോലെയാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോൺഗ്രസിനെ ഞങ്ങൾ കാണുന്നത് ആർ.എസ്.എസ്.-ന്റെ ഇത്തരം സമീപനം പോലെയല്ല. കോൺഗ്രസിന്റെ കാര്യത്തിന് വിളിച്ചാൽ വരും. അതുകൊണ്ട് അങ്ങനെ പറഞ്ഞത് ശരിയല്ല. മുഖ്യമന്ത്രി വിളിച്ചിട്ടും ഞാൻ പോയില്ലല്ലോ, എന്നു പറഞ്ഞു. ക്രിസ്തുമസ് വിരുന്നുകളൊക്കെ പൊതുവിലുള്ള കാര്യമല്ലേ. അതിനും പങ്കെടുത്തില്ലല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് വന്നില്ല. ഇതൊരു വാണിംഗാണ്. ഞങ്ങൾ ഒരു വാണിംഗ് തരുന്നു. റെഡ് ലൈറ്റ് കത്തുന്നുണ്ട്, ശ്രദ്ധിച്ചാൽ കൊള്ളാം. അത്രയേ പറയുന്നുള്ളൂ.

മി. സ്പീക്കർ: യെസ്.... യെസ്.. പ്ലീസ് കൺക്ലൂഡ്. അങ്ങേയ്ക്ക് ഇനി എത്ര സമയം വേണം.

ശ്രീ. വി. ഡി. സതീശൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ശ്രീ. നിതിൻ ഗഡ്കരി മന്ത്രിയാണ്. രാഷ്ട്രീയപരമായ കാര്യമാണ്. (...ബഹളം...) അങ്ങ് മാറ്റിപ്പറയരുത്. അടുത്ത രണ്ടുമാസത്തിനകം തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ഈ സമയത്ത് സെലക്ട് ചെയ്ത് 8 പേരെ വിളിക്കുന്നത് സാധാരണ വിളിക്കുന്നതുപോലെയല്ല. അത്രയേയുള്ളൂ. ഞാൻ ഇക്കാര്യം ഇവിടെ പറയാനുദ്ദേശിച്ചതല്ല. ഇപ്രകാരം ന്യായീകരിച്ചതുകൊണ്ട് പറഞ്ഞതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇനിയും ധാരാളം കാര്യങ്ങൾ പറയാനുണ്ട്. എല്ലാം സമയമെടുത്ത് പറയുന്നില്ല. ഇവിടെ നടന്ന ചർച്ചകളിൽ കുറെയേറെ കാര്യങ്ങൾ വന്നെങ്കിലും ഇതിൽ കൂടുതൽ പ്രഖ്യാപനങ്ങളൊന്നും നടത്താനില്ല. എന്നാൽ ചില കാര്യങ്ങളെക്കുറിച്ച് പറയാനുമുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിനായി 2,001 കോടി രൂപ വകയിരുത്തുന്നു. അതിനായി അഡീഷണലായി വരുന്ന തുക നീക്കിവയ്ക്കുന്നതാണ്. കേരള അന്താരാഷ്ട്ര സാംസ്കാരിക സമുച്ചയത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് പറഞ്ഞിരുന്നു.

നോർക്കയുമായി ചേർന്ന് കേരളത്തിന്റെ എല്ലാ കലാരൂപങ്ങളും സ്ഥിരമായി അവതരിപ്പിക്കാൻ സാധിക്കുന്നതും തനത് ഭക്ഷണശീലങ്ങളുള്ളതും കേരളത്തിന്റെ ആകെ ക്രോസ് സെക്ഷനായി വരുന്നതുമായ ഒരു കൺവെൻഷൻ സെന്റർ വികസിപ്പിച്ചെടുക്കണം. അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് അഞ്ച് കോടി രൂപ നീക്കിവയ്ക്കുന്നു. ഇത് വിപുലമായ ഒരു പദ്ധതിയാണ്. ഇന്ത്യൻ സാംസ്കാരികതയുടെ വ്യത്യസ്തങ്ങളായ അംശങ്ങൾ നമുക്കുണ്ട്. കേരളത്തിൽ കൊല്ലം ജില്ലയിലെ മലനടയിൽ പ്രശസ്തമായ ദുര്യോധന ക്ഷേത്രമുണ്ട്. കൂടാതെ മലനടയുടെ പ്രാന്തപ്രദേശങ്ങളിൽ ദുശ്ശള, ദുശ്ശാസനൻ, ശകുനി എന്നിവർക്കും ക്ഷേത്രങ്ങളുണ്ട്. ഇതൊക്കെ പഴയ സംസ്കാരത്തിന്റെ ഭാഗമാണ്. മലബാറിലേയ്ക്ക് പോയാൽ ബൗദ്ധിക പാരമ്പര്യത്തിന്റെ ധാരാളം കാര്യങ്ങളുണ്ട്. ഓരോ സ്ഥലത്തും വ്യത്യസ്തമായ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ട്. ഇന്ത്യയിൽ ആ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ടെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച കാര്യങ്ങൾ ഡിജിറ്റലാക്കുകയും മനസ്സിലാക്കുകയും വേണം. കാരണം, എല്ലാം ഒന്നുമതിയെന്നാണെല്ലോ ഇപ്പോൾ പറയുന്നത്.

ഒറ്റത്തരത്തിലുള്ള കാര്യങ്ങൾ മതിയെന്ന് പറയുമ്പോൾ നമ്മുടെ വ്യത്യസ്തതകളും ചരിത്രവും അതത് സ്ഥലത്തെ രീതികളുമൊക്കെ പഠിക്കുന്നതിന് സാംസ്കാരിക ഡിജിറ്റൽ സർവ്വേ നടത്തി കാര്യങ്ങൾ ചെയ്യണം. ഇപ്പോഴത്തെ ഇന്ത്യയുടെ സാഹചര്യത്തിൽ അത് ആവശ്യമാണ്. അതിനുവേണ്ടി മൂന്നുകോടി രൂപ നീക്കിവയ്ക്കുന്നതാണ്. സയൻസ് മേഖലയിൽ നിരവധി കാര്യങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ ഒരു സയൻസ് എക്സിബിഷൻ നടക്കുകയാണ്. സ്ഥിരമായ ഒരു സയൻസ് സിറ്റി കേരളത്തിലില്ല. ഇന്ത്യയിൽ കൽക്കട്ടയിലാണ് വലിയൊരു സയൻസ് സിറ്റിയുള്ളത്. അത്തരത്തിലൊരു സയൻസ് സിറ്റി കേരളത്തിൽ ആരംഭിക്കേണ്ടതുണ്ട്. ധാരാളം ചെലവ് വരുന്ന ഒരു പദ്ധതിയാണത്. സയൻസ് സിറ്റിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി അഞ്ച് കോടി രൂപ നീക്കിവയ്ക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ എൻ. ആർ. മാധവ മേനോൻ ചെയറിന് ഈ പ്രാവശ്യം ഒറ്റത്തവണയായി തുക വകയിരുത്തുകയാണ്. നേരത്തെ 50 ലക്ഷം രൂപ വകയിരുത്തിയതാണ്. മീഡിയ അക്കാദമിക്കുവേണ്ടിയുള്ള ചർച്ചയും ഇവിടെ നടന്നിരുന്നു. മീഡിയ അക്കാദമിയുടെ കാക്കനാടുള്ള

സ്ഥലത്തെ കെട്ടിടം മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പിന്റെ ഭാഗമായി പൊളിച്ചുമാറ്റേണ്ടി വന്നു. അവിടെ രണ്ടേക്കർ സ്ഥലമുണ്ട്. ആ കെട്ടിടത്തിനുവേണ്ടി മൂന്നുകോടി രൂപ നീക്കിവയ്ക്കുന്നു. ബാക്കി തുക ആവശ്യമനുസരിച്ച് പിന്നീട് വകയിരുത്തുന്നതാണ്. പട്ടയ മിഷൻ വളരെ നല്ലൊരു പദ്ധതിയാണ്. അത് ശക്തമാക്കാൻ പ്രാഥമികമായി മൂന്ന് കോടി രൂപ നീക്കിവയ്ക്കുകയാണ്. പട്ടയ മിഷന് പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടില്ലായിരുന്നു. അധികമായി നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ റിവോൾവിംഗ് ഫണ്ടായി രണ്ട് കോടി രൂപ നീക്കിവയ്ക്കുന്നു. സർക്കാർ ഭൂമി സംരക്ഷണത്തിന് റവന്യൂ വകുപ്പ് ഒരു നിർദ്ദേശം നൽകിയിരുന്നു. അത് കഴിഞ്ഞ ദിവസത്തെ ഇവിടെ നടന്ന ചർച്ചയിലും ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചയിലും പറഞ്ഞിരുന്നതാണ്. സർക്കാർ ഭൂമി സംരക്ഷണത്തിന് രണ്ട് കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു. ബാക്കി പണം നൽകില്ലെന്നല്ല ഉദ്ദേശിക്കുന്നത്. വകുപ്പിൽനിന്ന് പ്രാഥമികമായി ആവശ്യപ്പെട്ടിട്ടുള്ളതാണിത്. ഇത് റിവോൾവിംഗ് ഫണ്ടായതിനാൽ പിന്നീടും വരുന്നതാണ്. ക്ഷീര വികസന

വകുപ്പിൽ ബീജ ബാങ്കിന് അനുവദിച്ച തുക കുറവാണ്. ആ മേഖലയിലും ആവശ്യമായ പണം അനുവദിക്കുന്നതാണ്. കേന്ദ്ര സർക്കാർ ഫണ്ട് വരുമ്പോൾ മാച്ചിംഗ് ഗ്രാന്റ് നൽകേണ്ടതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിക്ക് കഴിഞ്ഞ വർഷം അനുവദിച്ച 100 കോടി രൂപ ഇപ്പോഴുമുണ്ട്. 20 കോടി രൂപകൂടി അധികമായി അനുവദിക്കുന്നു. ക്ഷേമനിധി പെൻഷൻ മുഴുവൻ കർഷകത്തൊഴിലാളികൾക്കും പൊതുവായ സ്കീമിൽനിന്നാണ് നൽകുന്നത്. ബാക്കി വർഷാന്ത്യ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയാണ് നൽകുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പും വ്യവസായ വകുപ്പും നല്ല താൽപ്പര്യമെടുക്കുന്ന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്. ഇത് വിജയകരമായ ഒരു പദ്ധതിയാണ്. പലയിടത്തും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ IHRD-യിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് വരുന്നുണ്ട്. ഇനിഷ്യേറ്റീവ് എടുക്കുന്ന സ്ഥലത്തെല്ലാം പുതിയ കാമ്പസുകൾ വരുന്നുണ്ട്. അതിനായി പത്ത് കോടി രൂപ നീക്കിവയ്ക്കുകയാണ്. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ എന്ന ആശയം പറഞ്ഞിട്ടുണ്ട്. കാമ്പസ്

ഇൻഡസ്ട്രിയൽ പാർക്കിനും സഹകരണ വ്യവസായ പാർക്കിനും സംസ്ഥാന വ്യവസായ വകുപ്പിന്റെ ഒരു പ്രത്യേക സബ്സിഡിയുണ്ട്. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾക്ക് കൂടുതൽ സൗകര്യങ്ങൾ വരണം. സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു കാര്യം എടുത്തുപറയണം. സഹകരണ മേഖലയോട് കേരളത്തിൽ എല്ലാവർക്കും വലിയ താൽപ്പര്യമാണ്. അതുസംബന്ധിച്ച് വിമർശനങ്ങളുണ്ടാകും. അതിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമൊന്നും പറയുന്നില്ല. സഹകരണ മേഖല വല്ലാതെ തകർന്നുപോയി, ജനങ്ങളുടെ പിന്തുണയില്ലെന്നൊക്കെ പറയുമ്പോൾ ഈ വർഷത്തെ സഹകരണ നിക്ഷേപ സമാഹരണ പദ്ധതിയിലൂടെ 23,362 കോടി രൂപയാണ് സമാഹരിച്ചതെന്ന് ബഹുമാനപ്പെട്ട ധനമുഖ-സഹകരണ വകുപ്പുമന്ത്രി ഇന്ന് പറയുകയുണ്ടായി. ഒൻപതിനായിരം കോടി രൂപ ലക്ഷ്യം വച്ചപ്പോഴാണ് ഇത്രയും കോടി രൂപ സമാഹരിക്കാൻ സാധിച്ചത്. സഹകരണ മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി കൂടുതലായി നിക്ഷേപ പദ്ധതികൾ നടപ്പാക്കണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണ മേഖലയുടെ പുനരുദ്ധാരണത്തിന് നീക്കിവച്ച തുക വളരെ കുറവാണ്. വിശ്വാസ്യത എത്രത്തോളമുണ്ടെന്ന് തെളിയിക്കുന്നതാണ് ഡെപ്പോസിറ്റ് മൊബിലൈസേഷൻ പദ്ധതി. വഴിവിട്ട് പ്രവർത്തിക്കുന്ന കുറച്ച് സംഘങ്ങളുണ്ട്. അതുകൂടി നല്ല രീതിയിൽ കൊണ്ടുവരാൻ നീക്കിവച്ച തുക മതിയാകില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആവശ്യമനുസരിച്ച് കുറച്ചുകൂടി അനുവദിക്കേണ്ടിവരും. സഹകരണ മേഖലയെ സംരക്ഷിക്കാൻവേണ്ടിയുള്ള കൂടുതൽ നടപടികളുണ്ടാകും. അതുസംബന്ധിച്ച് ചർച്ച ചെയ്യാം. പക്ഷെ ഇപ്പോൾ സഹകരണ മേഖലയിൽ ഇത്രയും ഫണ്ട് വന്ന സ്ഥിതിക്ക് സംയുക്തമായി ആലോചിച്ച് നല്ല നിക്ഷേപ പദ്ധതികൾ ആരംഭിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തകഴി റൈസ് മില്ലിനെയും കോട്ടയത്ത് പുതിയതായി ആരംഭിച്ച റൈസ് മില്ലിനെയും സജീവമാക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇക്കാര്യം ചർച്ചയിൽ ഉയർന്നുവന്നതാണ്. നിലവിൽ അതിലേയ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. റബ്കോയുടെ പ്രവർത്തനങ്ങളെ ഉൾപ്പെടെ സജീവമാക്കുന്നതിനുള്ള പദ്ധതിയും സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ചെയ്യാൻ മുൻകൈയെടുക്കുന്നതാണ്.

എം.എൽ.എ. ആസ്തി വികസന ഫണ്ട് സംബന്ധിച്ച് ചില വിമർശനങ്ങൾ വന്നിരുന്നു. ആസ്തി എന്ന് പറഞ്ഞാൽ immovable ആയിട്ടുള്ള property-ക്ക് അല്ല സാധാരണ അനുവാദം നൽകുന്നത്. എങ്കിലും ആസ്തി വികസന ഫണ്ടിൽ ചില കാര്യങ്ങൾക്ക് അനുവാദം നൽകുന്നുണ്ട്. അതിനെക്കുറിച്ച് ഒന്നുകൂടി ചർച്ച ചെയ്ത് നയപരമായ തീരുമാനമെടുക്കാം. ഇത് നടപ്പാക്കുന്ന സമയത്ത് കെട്ടിടങ്ങൾ നിർമ്മിക്കാനാണ് ഈ ഫണ്ട് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ കെട്ടിടങ്ങൾ ധാരാളം നിർമ്മിച്ചതുകൊണ്ട് മറ്റ് കാര്യങ്ങൾക്കാണ് ഫണ്ട് ചെലവഴിക്കുന്നത്. അങ്ങനെ ചെയ്യുന്നത് ആസ്തി എന്നുപറയുന്ന ആശയത്തിന് അനുകൂലമല്ല. അത് ചർച്ച ചെയ്ത് തീരുമാനിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, പ്ലീസ് ..... പ്ലീസ് .....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൂരക്കളി അക്കാദമിയെ സംബന്ധിച്ച് ഇവിടെ സംസാരിച്ചിരുന്നു. അതിലേയ്ക്ക് കഴിഞ്ഞ വർഷം അനുവദിച്ച ഫണ്ടുതന്നെയുണ്ടാകും. ഫണ്ട് ലഭ്യമായില്ലെന്നാണ് പറഞ്ഞത്. അത് അനുവദിക്കുന്നതാണ്. ജി.എസ്.ടി. സംബന്ധിച്ച് ഇവിടെ ചില ചോദ്യങ്ങൾ വന്നു. ഇന്റലിജൻസ് സംവിധാനങ്ങൾ കൂടുതൽ പുരോഗമിച്ചിട്ടുണ്ടെന്നും ഏകദേശം 1,700-ഓളം കോടി രൂപ ഈ വർഷം തന്നെ ഫൈൻ അടച്ചിട്ടുണ്ടെന്നുമുള്ളത് പറഞ്ഞതാണ്. Informer Reward വളരെ നന്നായി നടപ്പാക്കണമെന്നും അതിന് കൂടുതൽ ഫണ്ട് അനുവദിക്കണമെന്നുമാണ് ചർച്ചയിൽ ഉയർന്നുവന്ന ഒരു നിർദ്ദേശം. ഇതിനെക്കുറിച്ച് അറിയാവുന്ന ആളുകൾ തന്നെയാണ് പറഞ്ഞത്. Informer Reward സിസ്റ്റം വളരെ ശക്തമായി ജി.എസ്.ടി. മേഖലയിൽ കൊണ്ടുവരുന്നതിനായി തുക വകയിരുത്താം. മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുതുക്കി പണിയാൻ അഞ്ച് കോടി രൂപ അനുവദിക്കുന്നതാണ്. സ്കൂൾ പാചക തൊഴിലാളികളുടെയും പ്രൈമറി

ടീച്ചർമാരുടെയും ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനെക്കുറിച്ച് ചർച്ച വന്നിരുന്നു. അവരുടെ കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പ്ലീസ് ..... പ്ലീസ് ..... ഇനിയും വഴങ്ങേണ്ട. സമയം കുറേയായി.

ശ്രീ. രമേശ് ചെന്നിത്തല: സർ, എല്ലാ എം.എൽ.എ.-മാരും നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം. പി.ഡബ്ല്യൂ.ഡി. റോഡുകളല്ലാത്ത ഗ്രാമീണ റോഡുകളിൽകൂടി ഇന്ന് സഞ്ചരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് അതിനുവേണ്ടി ഒരു നിശ്ചിത തുക ഉൾപ്പെടുത്തണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം സംബന്ധിച്ച് വ്യക്തമാക്കാം. ശാസ്താംകോട്ട കായലിന്റെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 25 നഴ്സിംഗ് കോളേജുകൾ തുടങ്ങുമെന്നത് കഴിഞ്ഞ ബജറ്റിലെ നിർദ്ദേശമായിരുന്നു. അതിൽ 16 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. SI-MET (State Institute of Medical Education and Technology)-ന്റെതാണ് 7 നഴ്സിംഗ്

കോളേജുകൾ. സർക്കാരിന്റെ സഹായമെന്ന നിലയിൽ ഓരോ കോടി രൂപ വീതം 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ കാര്യം മുൻ പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. 1,000 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നുണ്ട്. അതൊരു stimulus package ആണ്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതികൾ തയ്യാറാക്കാം. അതിൽ ഗ്രാമീണ റോഡുകൾക്ക് അർഹമായ പ്രാധാന്യം നൽകാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ധനകാര്യ വകുപ്പ് ഉചിതമായ തീരുമാനമെടുക്കാം.

നവകേരള സദസ്സുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾ സഹകരിച്ചിട്ടില്ലെന്നത് ഒരു പ്രശ്നമായി വരുന്നില്ല. അതിന്റെ പേരിൽ ഒരു നിയോജകമണ്ഡലത്തെയും മാറ്റിനിർത്തിയിട്ടില്ല. ഭരണപക്ഷ-പ്രതിപക്ഷ ഭേദമന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാപരമായ പദ്ധതികൾ ആവിഷ്കരിക്കും. നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 1,000 കോടി രൂപ മാറ്റിവയ്ക്കും.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, സമയം കഴിയാറാകുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബജറ്റ് പ്രഖ്യാപനമനുസരിച്ച് വർഷാന്ത്യ രൊക്ക ബാക്കി (-)273.94 കോടി രൂപയായിരുന്നു. 129 കോടി രൂപകൂടി ഇതിൽ ഉൾപ്പെടും. ആകെ (-)402.94 കോടി രൂപയാണ് വർഷാന്ത്യ രൊക്ക ബാക്കിയായി വരുന്നത്. ബജറ്റിനെ സംബന്ധിച്ച് ഇത്രയും കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ബജറ്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4.13 p.m.]

XI. അറിയിപ്പ്

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച്

മി. സ്പീക്കർ: 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന മൂന്ന് ദിവസം നീണ്ടുനിന്ന ചർച്ച ഇന്ന് അവസാനിക്കുകയാണ്. സഭാനടപടി ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം, ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സ്കൂട്ടിനിക്കും റിപ്പോർട്ടിനും അയയ്ക്കുകയാണ്. ഇവിടെ സർക്കുലേറ്റ് ചെയ്യപ്പെട്ട യോഗ സമയവിവരപ്പട്ടികയുടെ അടിസ്ഥാനത്തിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ ഈ

മാസം 21 മുതൽ മാർച്ച് 6-ാം തീയതി വരെ യോഗം ചേർന്ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിക്കുന്നതാണ്.

ഓർഡർ... ഓർഡർ.....

4.14 p.m.]

ധനകാര്യം – തുടർച്ച

(2) 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,00,000/- രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,83,61,000/- രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,31,64,000/- രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,88,46,000/- രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,05,20,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വാഹന നികുതികൾ എന്ന IX-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,24,66,000/- രൂപയുടെയും ഗതാഗതം എന്ന XLI-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 904,60,19,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,28,99,000/- രൂപയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 671,80,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,78,44,000/- രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 647,17,97,000/- രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,63,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 425,02,03,000/- രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,88,16,000/- രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000/-

രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1362,67,51,000/- രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,60,29,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000/- രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,21,31,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,19,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 46,63,10,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,50,00,000/- രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,53,55,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 45,16,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 838,23,69,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, തുറമുഖങ്ങൾ എന്ന XL-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 114,03,39,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 332,21,85,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, 2023-24 വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളം വളരെ അഭിമാനകരമായിട്ടുള്ള വികസന മുന്നേറ്റം നടത്തിയ ഒരു കാലയളവാണ് നമ്മുടെ മുമ്പിലുള്ളത്. 2024-25 വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന ചർച്ചയ്ക്കുള്ള മറുപടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അല്പംമുമ്പ് പറഞ്ഞത്. വളരെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു ബജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള സംസ്ഥാനമാണ്. ഏകാധിപത്യത്തിന്റെ കാലൊച്ചകൾ കേൾക്കുന്ന നിലയിൽ രാജ്യത്തിന്റെ മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങളെ വെല്ലുവിളിക്കാൻ രാജ്യം ഭരിക്കുന്ന

ഭരണാധികാരികൾ തയ്യാറാകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിന് മുമ്പ് തന്നെ ചെങ്കോലുമായി ഒരാൾ ഇന്ത്യൻ പാർലമെന്റിലേയ്ക്ക് പോകുന്ന കാഴ്ച നമ്മൾ ആദ്യമായി കാണുകയാണ്. ഒരു മതരാഷ്ട്ര സങ്കൽപ്പത്തിലേയ്ക്ക് ഇന്ത്യയെ കൊണ്ടുപോകാൻ ആസൂത്രിതമായി ബി.ജെ.പി. ശ്രമിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിലും അതോടൊപ്പംതന്നെ കേന്ദ്ര ബജറ്റിലും രാമക്ഷേത്ര നിർമ്മാണമാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് ഇന്ത്യയെപോലൊരു മതനിരപേക്ഷ ജനാധിപത്യ രാജ്യത്തിന്റെ ഭരണാധികാരികൾ പ്രഖ്യാപിക്കുന്ന ആപത്കരമായ കാഴ്ചയാണ് നമ്മൾ കാണുന്നത്. സോമനാഥ ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിന് അന്നത്തെ രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാജേന്ദ്രപ്രസാദിനെ ക്ഷണിച്ചപ്പോൾ അതറിഞ്ഞ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തെ തടയുകയാണ് ചെയ്തത്. ഇന്ത്യയുടെ ഭരണാധികാരി ഏതെങ്കിലും ഒരു മതത്തിന്റെ വക്താവാകാൻ പാടില്ലെന്ന ശരിയായ കാഴ്ചപ്പാട് അന്ന്

ജവഹർലാൽ നെഹ്റു ഉയർത്തിപ്പിടിച്ചു. വിശ്വാസമെന്നത് ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ്. ഒരു മതസ്ഥാപനത്തെയും ഞങ്ങളാരും എതിർക്കുന്നില്ല. പക്ഷേ ഇന്ത്യയെപോലെ ബഹുസ്വരതയുള്ള ഒരു നാട്ടിൽ, വളരെ അപകടകരമായ നീക്കം നടത്തുന്ന കേന്ദ്ര ഗവൺമെന്റ്, ആർ.എസ്.എസ്. എന്ന കുടിലമായ രാഷ്ട്രീയ ബുദ്ധിയുള്ള സംഘടനയാൽ നയിക്കപ്പെടുകയും ഇന്ത്യയെ ഒരു മതരാഷ്ട്ര സങ്കൽപ്പത്തിലേയ്ക്ക് കൊണ്ടുപോകുയും ചെയ്യുന്നുവെന്നത് നമ്മൾ കാണേണ്ടതാണ്. ഇതിൽ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അതിശക്തമായ വിയോജിപ്പുണ്ട്. രാജ്യത്തെ മതപരമായി ഭിന്നിപ്പിക്കാൻ വർഗ്ഗീയ അജണ്ടയിലൂടെ വോട്ട് നേടി അധികാരം തുടരാനുള്ള ഒരു ശ്രമമാണ് ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തുന്നത്. മഹാരാഷ്ട്രയുടെ മുൻ കോൺഗ്രസ് നേതാവ് ശ്രീ. അശോക് ചവാൻ ബി.ജെ.പി.-യുടെ ഭാഗമായി മാറുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞിരുന്നു. അൽപ്പംമുമ്പ് ലാൽ ബഹദൂർ ശാസ്ത്രിയുടെ കൊച്ചുമകൻ ബി.ജെ.പി.-യിലേയ്ക്ക് ചേരാൻ പോകുന്നതായുള്ള വാർത്ത

ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസായി കണ്ടു. കോൺഗ്രസ്സിന്റെ ബഹുമാനപ്പെട്ട നേതാക്കൾ ഇന്ത്യയിൽ സ്വീകരിക്കുന്ന ഒരു മൃദുഹിന്ദുത്വ സമീപനമാണ് ഇതിന് കാരണം. ബഹുമാനപ്പെട്ട രാഹുൽഗാന്ധി രാമക്ഷേത്ര ഉദ്ഘാടന ദിവസമാണ് ആസാമിലെ ക്ഷേത്രം സന്ദർശിക്കാൻ വ്യഗ്രത കാണിച്ചത്. വിശ്വാസം ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സ്വാതന്ത്ര്യമാണ്. ഇന്ത്യയിലെ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ കറകളഞ്ഞ സെക്കുലർ വാദം ഉയർത്തിക്കൊണ്ടുവരാനും ആ അർത്ഥത്തിൽ മുന്നോട്ടുകൊണ്ടുപോകാനും എന്തുകൊണ്ടാണ് കോൺഗ്രസ് ഇതുവരെ തയ്യാറാകാത്തതെന്നത് പ്രധാനപ്പെട്ട കാര്യമല്ലേ? ലോക്സഭ തെരഞ്ഞെടുപ്പ് മുന്നിൽ നിൽക്കുന്ന ഈ ഘട്ടത്തിൽ, ശ്രീ. നരേന്ദ്രമോദിയും കൂട്ടരും സംഘ്പരിവാറും കാണിക്കുന്ന രാജ്യത്തിന് സഹായകരമല്ലാത്തതും മതനിരപേക്ഷതയെ തകർക്കുന്നതുമായ ഈ മൂല്യങ്ങളെ എതിർക്കാൻ കോൺഗ്രസ് എന്ന ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പാർട്ടി ആർജ്ജവത്തോടെ നിലപാട് സ്വീകരിക്കുന്നത് നമ്മൾ കാണുന്നില്ല. ഒന്നിച്ചുനിൽക്കേണ്ട സമയത്തും ഏറ്റവും ശക്തമായ നിലപാട്

സ്വീകരിക്കുന്നതിനുപകരം ഒരു മൃദുഹിന്ദുത്വ നിലപാട് സ്വീകരിച്ചാൽ എങ്ങനെയാണ് കോൺഗ്രസ്സിന് മുന്നോട്ടുപോകാൻ കഴിയുന്നത്? എല്ലാ കാര്യത്തിലും സ്വീകരിക്കുന്ന സമീപനം അതാണ്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യം സൂചിപ്പിച്ചു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയത്തെ മുൻനിർത്തിയാണ് നാം ഡൽഹിയിൽ സമരം നടത്തിയത്. ആ സമരത്തിൽ പങ്കെടുത്ത ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭനായിട്ടുള്ള മുൻ ജമ്മുകശ്മീർ മുഖ്യമന്ത്രി ഫാറൂഖ് അബ്ദുള്ള എത്ര ഗംഭീരമായ പ്രസംഗമാണ് അവിടെ നടത്തിയത്. ആ പ്രസംഗത്തിന്റെ അവസാനം അഞ്ചോ ആറോ തവണ അദ്ദേഹം പറഞ്ഞ കമന്റ് United, United, Please United എന്നായിരുന്നു. ശ്രീ. അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. ഭഗവന്ത് സിംഗ് മാൻ തുടങ്ങിയ ദേശീയ നേതാക്കന്മാർ അവിടെ പ്രസംഗിച്ചു. ഇവിടെ കോൺഗ്രസ് കേരളത്തിൽ സ്വീകരിക്കുന്നത് വളരെ സമർത്ഥമായിട്ടുള്ള ബുദ്ധിയാണ്. ഇടതുപക്ഷ രാഷ്ട്രീയത്തെ ദുർബലപ്പെടുത്താനും ശ്രീ. പിണറായി വിജയനെയും ഗവൺമെന്റിനെയും അപമാനിക്കാനും ആസൂത്രിതമായ നീക്കം നിങ്ങൾ

നടത്തുകയാണ്. കേരളം പറയുന്നത് കേന്ദ്രം കേൾക്കണമെന്നും ചർച്ചയ്ക്ക് തയ്യാറാകണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ഇന്നലെ പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ നയിക്കുന്ന ശ്രീ. പിണറായി വിജയൻ സമരത്തിന് നേതൃത്വം കൊടുക്കുന്ന അഭിമാനകരമായ കാഴ്ച നാം ഡൽഹിയിൽ കണ്ടില്ലേ; ഞങ്ങൾ അഹങ്കാരത്തോടെ പറയുന്നതല്ല, അവിടെ വന്നവരെല്ലാം സംസാരിച്ചത് ഇന്ത്യയ്ക്ക് മാതൃകയായി ഫെഡറലിസത്തെയും ഫിസ്കൽ ഫെഡറലിസത്തെയും സംരക്ഷിക്കാൻ സുപ്രീംകോടതിതന്നെ പറഞ്ഞതുപോലെ സംസ്ഥാനങ്ങൾ ഉന്നയിക്കുന്നത് വളരെ ശരിയായിട്ടുള്ള കാര്യമാണെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വന്നില്ലേ; ഞങ്ങൾ സമരം ചെയ്യാൻ പോയപ്പോൾ ഇവിടെ നടത്തിയ രാഷ്ട്രീയ കമന്റ് എന്തായിരുന്നു? കേരളത്തിന്റെ മാത്രം സമരമാണെന്നും മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമല്ലെന്നുമാണ് പറഞ്ഞത്. എന്നാൽ ഞങ്ങൾ സമരം ചെയ്യാൻ പോയപ്പോൾ കണ്ടതെന്താണ്; 7-ാം തീയതി കർണ്ണാടക സർക്കാരിന്റെ സമരം. നേരത്തെ ഇവിടെ പറഞ്ഞതുപോലെ കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഇന്ത്യയെ

വിഭജിക്കുകയല്ല. ശക്തമായ ഈ രാജ്യത്തെ തകർക്കാൻ ശ്രമിക്കുന്ന സംഘപരിവാറിനെതിരെയുള്ള സമരത്തെ മുന്നോട്ടുനയിച്ചത് ജനാധിപത്യ കേരളമാണെന്ന് തെളിയിക്കപ്പെട്ടില്ലേ. കേരളത്തിലെ പരിണതപ്രജ്ഞരും പ്രഗത്ഭരുമായ യു.ഡി.എഫ്.-ന്റെ ധാരാളം നേതാക്കന്മാരുണ്ട്. ഇപ്പോൾ അവർക്ക് ലേശം നിരാശയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അവർ ഒറ്റഅക്ഷരം മിണ്ടുന്നില്ല. നമ്മൾ തെരഞ്ഞെടുത്ത എം.പി.-മാർ പാർലമെന്റിൽ നമുക്കുവേണ്ടി സംസാരിക്കുന്നില്ലെങ്കിൽ അവർ എന്തിനാണ് അവിടെയിരിക്കുന്നത്; ഏത് രാഷ്ട്രീയ പാർട്ടിയോ ആകട്ടെ, സാധാരണ മര്യാദയില്ലേ; നാടിന്റെ പൊതുപ്രശ്നത്തിന്മേൽ ഏറ്റവും ശക്തമായി ഉന്നയിക്കാൻ എല്ലാവരും നിൽക്കില്ലേ; പതിനെട്ട് എം.പി.-മാരും ഞങ്ങൾ പോയി നടത്തിയ സമരത്തിൽ പങ്കെടുത്തില്ല. എന്നാൽ തമിഴ്നാട്ടിലെ ഏതാണ്ട് എട്ടോളം എം.പി.-മാർ നമ്മുടെ സമരത്തിന്റെ ഭാഗമായി അവിടെ വരികയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ സ്വന്തം നാട് അഭിമുഖീകരിക്കുന്ന, ഭാവി വളർച്ചയെ സാരമായി ബാധിക്കുന്ന, അതിന്റെ വികസനത്തെ തടയുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ ചോദ്യം ചെയ്യാൻ

യു.ഡി.എഫ്.-ന്റെ പതിനെട്ട് എം.പി.-മാർ ഉണ്ടായില്ല എന്നത് എത്രമാത്രം അപമാനകരമാണ്. നിങ്ങൾ എങ്ങനെയാണ് ഇക്കാര്യം നാട്ടുകാരോട് പറയുന്നത്; നിങ്ങൾക്ക് മലയാളികളുടെ വോട്ട് ആവശ്യമാണ്. ഒരുരൂപയും നൽകാൻ പോകുന്നില്ലെന്നാണ് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് പറയുന്നത്. ബി.ജെ.പി. സ്വീകരിക്കുന്ന നിലപാട് യു.ഡി.എഫ്.-ന് സ്വീകരിക്കാൻ കഴിയുമോ; ഇത് നമ്മുടെ നാടല്ലേ; ഈ നാട്ടിലെ ജനങ്ങളുടെ വോട്ടും വാങ്ങിയല്ലേ പാർലമെന്റിലേയ്ക്ക് പോയത്; അപ്പോൾ ഈ നാടിന്റെ കാര്യങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കേണ്ട ബാധ്യതയില്ലേ? ഒരുമിച്ചുനിന്നില്ലെങ്കിൽ, ഒരുമിച്ചു നിൽക്കാനാവശ്യമായ നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ യു.ഡി.എഫ്. ഇനി ഒരിക്കലും കേരളത്തിൽ അധികാരത്തിൽ വരില്ലെന്ന് തീരുമാനിച്ചോളൂ. ഇവിടെ കടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും പറയുന്നു. കേരളത്തിൽ 2011 മുതൽ 2016 വരെയുള്ള ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിന്റെ കാലത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ ഏതാണ്ട് 74,464 കോടി രൂപയുണ്ടായിരുന്ന പൊതുകടം 1,35,565 കോടി രൂപയായി മാറിയതായി കാണാം. പൊതുകടം ഇരട്ടിക്കുകയാണ് ചെയ്തത്.

Public debt എന്നത് സ്റ്റേറ്റ് ലിസ്റ്റിന്റെ ഭാഗമായിട്ടുള്ളതാണ്. അത് concurrent list-ൽ ഉൾപ്പെട്ടതല്ല. സംസ്ഥാന ഗവൺമെന്റിനാണ് അതിന്റെ ഉത്തരവാദിത്വം. ആ നിലയിൽ സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് സഹായകരമായിട്ടുള്ള ഏറ്റവും ശരിയായ കാഴ്ചപ്പാട്, ക്ഷേമപദ്ധതികൾ, സേവനങ്ങൾ എന്നിവ ഏറ്റവും ഫലപ്രദമായി ഈ ഗവൺമെന്റ് ചെയ്തു.

ഇവിടെ പെൻഷന്റെ കാര്യം പറയുകയുണ്ടായി, ഇപ്പോൾ ഒരു മറിയക്കുട്ടിയമ്മ ചട്ടിയുമായി വന്നിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മറിയക്കുട്ടിയമ്മയ്ക്ക് ചട്ടി ലഭിച്ചില്ലേ; അന്ന് ചട്ടിയുണ്ടായിരുന്നില്ലേ? ഇക്കഴിഞ്ഞ ആറ് മാസം മുമ്പാണോ ബഹുമാന്യയായ മറിയക്കുട്ടിയമ്മ കേരളത്തിലെത്തിയത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 18 മാസത്തെ പെൻഷൻ കുടിശ്ശികയായിരുന്നപ്പോൾ ചട്ടിയില്ല, ആളില്ല, ഒന്നുമില്ല. എന്നിട്ടിപ്പോൾ മറിയക്കുട്ടിയമ്മയുടെ വീടിന് തറക്കല്ലിടുന്നത് കെ.പി.സി.സി.-യും ചുമരിന്റെ നിർമ്മാണം നടത്തുന്നത് ബി.ജെ.പി.-യുമാണ്. വീടിന്റെ മേൽക്കൂര ആര് പണിയുമെന്ന് കണ്ടറിയേണ്ടതാണ്. ഇങ്ങനെ കുറെ അവതാരങ്ങൾ ഇതിന്റെ ഭാഗമായി

വരികയാണ്. പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ കട്ടിലുമായി പഞ്ചായത്താഫീസിനുമുന്നിൽ സമരം നടത്തുകയാണ്. കേരളത്തിലെ സാധാരണ മനുഷ്യനെ എല്ലാ നിലയിലും സംരക്ഷിക്കുന്നതിനുവേണ്ടി ഈ സർക്കാർ മാതൃകാപരമായ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും പെൻഷൻ തുക 1,600 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ ഭരണകാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് 2,000 രൂപ പെൻഷൻ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ്. ക്ഷേമപെൻഷൻ വിതരണം ഏറ്റവും ഫലപ്രദമായി സർക്കാർ ചെയ്യുകയല്ലേ; ഏത് കാര്യത്തിലാണ് ഈ സർക്കാരിനെതിരെ അഴിമതിയാരോപണം ഉന്നയിക്കാൻ സാധിക്കുന്നത്? ബഹുമാന്യനായ മൂവാറ്റുപുഴ അംഗത്തിന്റെ പ്രകടനങ്ങൾ സഭയിൽ കണ്ടു, അതുകഴിഞ്ഞ് സഭയ്ക്ക് പുറത്ത് ആർക്കെതിരെയാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ടാർജറ്റ് ചെയ്തു, മുഖ്യമന്ത്രിയുടെ കുടുംബത്തെ ടാർജറ്റ് ചെയ്തു, മന്ത്രിമാരിൽ ചിലരെ ടാർജറ്റ് ചെയ്തു, ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഇകഴ്ത്തിക്കാണിക്കുകയാണ്. നേരത്തെ

ഈന്തപ്പഴത്തിനുള്ളിൽ സ്വർണ്ണം കടത്തിയെന്ന ആരോപണവുമായി മുൻ മന്ത്രി ഡോ. കെ. ടി. ജലീലിനെ എത്ര നാളാണ് ചോദ്യം ചെയ്തത്; എന്നിട്ട് ഈന്തപ്പഴത്തിനുള്ളിൽ സ്വർണ്ണമുണ്ടായിരുന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീട്ടിലേയ്ക്ക് ബിരിയാണി ചെമ്പിൽ സ്വർണ്ണം കടത്തിയെന്ന ആക്ഷേപമുന്നയിച്ച് അദ്ദേഹത്തെയും കുടുംബത്തെയും എത്രമാത്രം ആക്ഷേപിച്ചു. പ്രായപൂർത്തിയായ മക്കൾ അവരുടെ ബിസിനസ്സിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെ മക്കളാരും ഒരു ജോലിയും ചെയ്യുന്നില്ലേ? അതിനൊക്കെ ആ അർത്ഥത്തിലുള്ള വിവാദങ്ങൾ കൊണ്ടുവരണമോ? 2004-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നൽകിയ കരിമണൽ ഖനനത്തിനുള്ള അനുമതിയെപ്പറ്റി ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറയുകയുണ്ടായി. പിന്നെ എന്തിനാണ് ശ്രീ. പിണറായി വിജയനെ ലക്ഷ്യംവച്ച് ഇങ്ങനെ പെരുമാറുന്നത്? ഒരു കാര്യം നിങ്ങൾ ഉറപ്പിച്ചോളൂ, ശ്രീ. പിണറായി

വിജയനും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും ജനങ്ങൾ അവരുടെ മനസ്സിൽ ഒരു തട്ട് ഉയരത്തിലാണ് അംഗീകാരം നൽകിയിരിക്കുന്നത്. അതിനെ ചോദ്യം ചെയ്യാനോ തകർക്കാനോ യു.ഡി.എഫ്.-ന് സാധിക്കില്ല. ഇലക്ഷന്റെ ഭാഗമായുള്ള ഗിമ്മിക്കുകൾ ജനം മനസ്സിലാക്കുകതന്നെ ചെയ്യുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.ബാബു (നെൻമാറ)]

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെയൊരു പശ്ചാത്താപ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇടതുപക്ഷമുന്നണി പ്രതിപക്ഷത്തായിരുന്നപ്പോൾ സ്വീകരിച്ച വികസന വിരുദ്ധ, കേരള വിരുദ്ധ നിലപാടുകളിലുള്ള പശ്ചാത്താപമാണ് ബജറ്റിൽ നിഴലിച്ചുനിൽക്കുന്നത്. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നാല് പേജുകളിലാണ് വാചാലനായത്. വിഴിഞ്ഞം തുറമുഖം ഭാവിയുടെ വികസന കവാടമാണെന്നും ദക്ഷിണേന്ത്യയുടെ വ്യാപാര ഭൂപടം

മാറ്റിവരയ്ക്കപ്പെടുമെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഏത് വിഴിഞ്ഞത്തെക്കുറിച്ചാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്? ദേശാഭിമാനി പത്രത്തിന്റെ ആദ്യത്തെ പേജിൽ വിഴിഞ്ഞം പദ്ധതിയെപ്പറ്റി 'കടൽക്കൊള്ള' എന്ന വാർത്തയാണ് വന്നിരിക്കുന്നത്. (പ്രസ്തുത പത്രം സഭയിൽ ഉയർത്തിക്കാണിച്ചു). ഇപ്പോൾ അതേ ഇടതുപക്ഷ മുന്നണി സർക്കാർ തന്നെ ഇപ്പോൾ പറയുന്നത് ഇതൊരു വികസന കവാടമാണെന്നാണ്. എന്തെല്ലാം പ്രചാരണങ്ങളാണ് അന്ന് എൽ.ഡി.എഫ്. നടത്തിയത്? മത്സ്യബന്ധനത്തിന് മരണമണിയെന്നും തീരദേശത്തെ മത്സ്യത്തൊഴിലാളികളെ മുഴുവൻ പുകച്ചുപുറത്ത് ചാടിച്ച് ആ പ്രദേശം അദാനിക്ക് തീറെഴുതാനുള്ള എല്ലാ ഒത്താശയും സർക്കാർ ചെയ്ത് ഒരു ജനതയെ ദുരന്തമുഖത്ത് കൊണ്ടെത്തിച്ചുവെന്നുമാണ് അന്നവർ പറഞ്ഞത്. ഇത് അന്നത്തെ ദേശാഭിമാനി പത്രത്തിലെ വാർത്തയാണ്. 17-05-2015-ലെ ദേശാഭിമാനി പത്രത്തിൽ 6,000 കോടി രൂപയുടെ കൊള്ളയെന്ന് അന്നത്തെ പോളിറ്റ് ബ്യൂറോ അംഗമായ ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. 6,000 കോടി രൂപയുടെ കൊള്ള എന്ന് നിങ്ങൾ വിശേഷിപ്പിച്ച അതേ

പദ്ധതി എല്ലാ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് ഉമ്മൻചാണ്ടി നടപ്പിലാക്കിയതുകൊണ്ടാണ് ഇന്ന് വികസനത്തിന്റെ കവാടമെന്ന് നിങ്ങൾക്ക് പറയാൻ സാധിച്ചത്. ആ പശ്ചാത്താപമാണ് നിങ്ങളെകൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത്. രണ്ട് പതിറ്റാണ്ട് വൈകിയെന്ന് നിങ്ങൾ പറയുകയുണ്ടായി. ഈ സർക്കാർ അധികാരമേറ്റശേഷം 2019-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതി 2024-ലും പൂർത്തീകരിക്കാതെ അഞ്ച് വർഷംകൂടി വൈകിപ്പിച്ചുവെന്നതാണ് ഈ സർക്കാരിന്റെ ഭരണനേട്ടമായി പറയുന്നത്. ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്ററുടെ ചുമതല ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാത്തതുകൊണ്ടാണ് ഈ പദ്ധതി ഇത്രയധികം വൈകിയത്. സർക്കാരിന്റെ പല പരിപാടികളും പ്രതിപക്ഷം ബഹിഷ്കരിച്ചുവെന്ന് ഭരണപക്ഷാംഗങ്ങൾ ആവർത്തിച്ച് പറയുന്നുണ്ടല്ലോ? വികസന കവാടമെന്ന് പറഞ്ഞ ഈ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം അന്നത്തെ പ്രതിപക്ഷമായിരുന്ന എൽ.ഡി.എഫ്. സമ്പൂർണ്ണമായി ബഹിഷ്കരിച്ചില്ലേ? ആ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാനെത്തിയ ആളുകളെ കല്ലെറിഞ്ഞ് ഓടിക്കുകയല്ലേ എൽ.ഡി.എഫ്. ചെയ്തത്? പദ്ധതി

യഥാസമയം പൂർത്തീകരിച്ചിരുന്നെങ്കിൽ തുറമുഖത്തിന്റെ പേരിൽ ഇടതുപക്ഷം വേട്ടയാടിയ ഉമ്മൻ ചാണ്ടി സാറിന് മരണത്തിനുമുമ്പ് അത് കാണാൻ സാധിക്കുമായിരുന്നു. അന്ന് കൊള്ളക്കാരനെന്ന് വിശേഷിപ്പിച്ച് അദ്ദേഹത്തെ നിങ്ങൾ വേട്ടയാടി. അത്തരം ആരോപണങ്ങൾക്ക് അദ്ദേഹം വഴങ്ങിയിരുന്നെങ്കിൽ ഇന്ന് ഈ പദ്ധതി യാഥാർത്ഥ്യമാകുമായിരുന്നില്ല. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ തീരമെടുത്തുപോകുന്ന ആളുകൾക്ക് തൊഴിലും വീടും ഉറപ്പാക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് രൂപം നൽകിയ 470 കോടി രൂപയുടെ പദ്ധതി ഈ സർക്കാർ അട്ടിമറിച്ചു. സ്ഥലവും വീടും നഷ്ടപ്പെടുന്നവർക്ക് പ്രഖ്യാപിച്ച പാക്കേജ് ഇനിയും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. അപാകതകളുണ്ടെങ്കിൽ അത് പരിഹരിച്ച് പാക്കേജുകൾ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകണമെന്ന് ആവശ്യപ്പെടുകയാണ്. തുറമുഖം നിർമ്മിക്കുന്നത് നിർമ്മാണ കമ്പനിയാണെങ്കിലും ഇതിന്റെ റെയിൽ കണക്റ്റിവിറ്റി നിർമ്മിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ സർക്കാരിന്റെ കെടുകാര്യസ്ഥതകൊണ്ടാണ് ഏഴര വർഷമായിട്ടും ഇതിന്

തറക്കല്ലിടാൻപോലും സാധിക്കാത്തത്. രണ്ടാമത്തെ പശ്ചാത്താപം കേരളത്തെ ഒരു മെഡിക്കൽ ഹബാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചതാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഓരോ ജില്ലയിലും ഒരു മെഡിക്കൽ കോളേജ് അനുവദിച്ചു. ഈ സർക്കാർ അത് അട്ടിമറിച്ചു. മാത്രമല്ല, തിരുവനന്തപുരത്ത് 138000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടവും 143 ജീവനക്കാർ, പ്രിൻസിപ്പാൾ, സൂപ്രണ്ട് എന്നിവരുമുള്ള All India Medical Council-ന്റെ അംഗീകാരവും നേടിയ ഇന്ദിരാഗാന്ധിയുടെ പേരിൽ ആരംഭിച്ച മെഡിക്കൽ കോളേജിനെ അട്ടിമറിച്ചവരാണ് എൽ.ഡി.എഫ്. സർക്കാർ. എന്നിട്ടാണ് ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഇന്ദിരാഗാന്ധിയുടെ പേര് വെട്ടിമാറ്റിയതിനെക്കുറിച്ച് പറയുന്നത്? ഏഴര വർഷം കഴിഞ്ഞിട്ട് ഇപ്പോൾ മെഡിക്കൽ ഹബ്ബാക്കുമെന്ന് പറയുന്നു. 138000 സ്ക്വയർ ഫീറ്റുള്ള കെട്ടിടം ഇന്നും അവിടെ കാണാൻ കഴിയും. തട്ടുകടയിൽ മെഡിക്കൽ കോളേജ് തുടങ്ങാൻ സാധിക്കില്ലെന്നാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത്. നിങ്ങളുടെ തട്ടുകടയ്ക്ക് 138000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണോ ഉള്ളത്? എല്ലാ ജില്ലകളിലെയും മെഡിക്കൽ കോളേജുകൾ ഈ സർക്കാർ

അട്ടിമറിച്ചു. സ്വകാര്യ സർവ്വകലാശാലയെക്കുറിച്ചും വിദേശ സർവ്വകലാശാലയെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. ശ്രീ. ടി.പി. ശ്രീനിവാസൻ എന്ന അംബാസിഡറെ നിങ്ങൾ ആക്രമിച്ചതിനെകുറിച്ച് ഞാൻ പറയുന്നില്ല, കുത്തുപറമ്പ് പോലെയുള്ള സമരങ്ങൾക്കുള്ള പശ്ചാത്താപമായിട്ടാണ് ഇതിനെ കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ടാക്കുറിനെകുറിച്ചും ഇവിടെ സൂചിപ്പിച്ചു. അന്ന് ടാക്കുറിനെതിരെ സമരം നടത്തിയില്ലായിരുന്നെങ്കിൽ ഇന്ന് വിദേശത്തേയ്ക്ക് വിദ്യാർത്ഥികൾക്ക് പോകേണ്ട സാഹചര്യമുണ്ടാകുമായിരുന്നില്ല. കഴിഞ്ഞ ബജറ്റിൽ തീരദേശമേഖലയ്ക്ക് 321.31 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിൽ ഇന്നത് 136 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. തീരദേശത്തെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. മത്സ്യത്തൊളിലാളികൾക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി പുനരാരംഭിക്കണം. പുനർഗേഹം പദ്ധതിക്കുള്ള വിഹിതം 20 ലക്ഷം രൂപയായി ഉയർത്തണം. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തവർക്ക് പ്രതിദിനം കുറഞ്ഞത് 500/- രൂപയെങ്കിലും ദിനബത്ത നൽകണം. കഴിഞ്ഞ

ഏഴര വർഷമായി തീരദേശത്ത് പട്ടയം നൽകുന്നില്ല. പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. CRZ-ന്റെ പേരിൽ വീട് നിർമ്മിക്കാൻ സാധിക്കാത്ത മത്സ്യത്തൊഴിളിലാളികൾക്ക് അതിലുള്ള തടസ്സങ്ങൾ ഒഴിവാക്കാനാനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. കെ.എസ്.ആർ.ടി.സി.-യുടെ അനാവശ്യ ചെലവുകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന പുതിയ ഗതാഗത വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. പക്ഷേ, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇന്നും ശമ്പളം നൽകാൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ പെരുകുകയാണ്, പലരും ഹൃദയംപൊട്ടി മരിക്കുകയാണ്. ഉമ്മൻചാണ്ടി സർക്കാരിനേക്കാൾ കൂടുതൽ തുക നൽകിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ശമ്പളം നൽകാനും ഡീസൽ വിതരണത്തിനും അന്ന് ആ തുക മതിയായിരുന്നു. ഇത്രയധികം തുക നൽകിയിട്ടും എന്തുകൊണ്ടാണ് ശമ്പളം മുടങ്ങുന്നത്? അത് മിസ്മാനേജ്മെന്റാണ്. തികഞ്ഞ മിസ്മാനേജ്മെന്റ് കാണിക്കുന്ന മാനേജ്മെന്റിനെ കയറൂരിവിട്ടതാണ് ഈ

സർക്കാർ ചെയ്ത എറ്റവും വലിയ തെറ്റ്. കൂടുതൽ വികസന കാര്യങ്ങൾക്ക് സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തണമെന്നാണ് എം.എൽ.എ.-മാരുടെ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് പറയുന്നത്. ലോക്കൽ ഏരിയ ഡെവലപ്മെന്റ് ഫണ്ടുകൂടി ഇതിനായി ഉപയോഗപ്പെടുത്തുന്നതിന് തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഭരണകക്ഷി എം.എൽ.എ.-മാർക്ക് ഈ സഭ പാർലമെന്റാണെന്നുള്ളൊരു വിഭ്രാന്തിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയേണ്ട കാര്യം നിങ്ങൾ എന്തുകൊണ്ട് ശ്രീ. നരേന്ദ്ര മോദിയോട് പറയുന്നില്ലെന്നാണ് അവർ ചോദിക്കുന്നത്. കോൺഗ്രസ്സിന്റെ പാർലമെന്റ് അംഗങ്ങൾ പാർലമെന്റിൽ പറയേണ്ട കാര്യങ്ങളൊക്കെ അവിടെ പറയുന്നുണ്ട്, ഇവിടെ പറയേണ്ട കാര്യങ്ങൾ ഞങ്ങൾ ഇവിടെയും പറയുന്നുണ്ട്. ഇവിടെ പറഞ്ഞില്ലെങ്കിൽ ഞങ്ങൾ സംഘികളാണെന്നാണ് പറയുന്നത്. സംഘ്പരിവാറിനും ബി.ജെ.പി.-ക്കും എതിരായുള്ള ഞങ്ങളുടെ പോരാട്ടത്തിന് എൽ.ഡി.എഫ്.-ന്റെ ലൈസൻസ് ആവശ്യമില്ല. രണ്ടുതവണ ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനം

കൈവെള്ളയിൽ വന്നിട്ടും 'അത് വേണ്ട' എന്നുപറഞ്ഞ ശ്രീമതി സോണിയ ഗാന്ധിയെ അവരുടെ അനാരോഗ്യംപോലും കണക്കിലെടുക്കാതെ മരം കോച്ചുന്ന തണുപ്പത്ത് ഇ.ഡി. ചോദ്യം ചെയ്തത് നിങ്ങൾ മറന്നിട്ടില്ലല്ലോ; ശ്രീ. രാഹുൽ ഗാന്ധിയെ എത്ര തവണയാണ് നരേന്ദ്രമോദി ഗവൺമെന്റ് ചോദ്യം ചെയ്തത്. അതിനെതിരെ കേരളത്തിലെ എം.പി.-മാരുൾപ്പെടെ ഡൽഹിയിലെ തെരുവുവീഥികളിൽ നടത്തിയിട്ടുള്ള സമരങ്ങൾ ഓർമ്മയില്ലേ? ശ്രീ. നരേന്ദ്ര മോദിയുടെ പോലീസ് കേരളത്തിലെ എം.പി.-മാരെ വലിച്ചിഴച്ച് ബൂട്ടിട്ട് ചവിട്ടി പോലീസ് ക്യാമ്പുകളിലേയ്ക്കും ഇഗ്ലക്ക് റോഡിലെ പോലീസ് സ്റ്റേഷനിലേയ്ക്കും കിങ്സ്‌വേ പോലീസ് ക്യാമ്പിലേയ്ക്കും കൊണ്ടുപോയത് ഓർക്കണം. നിങ്ങൾ സംഘ്പരിവാറിനും ബി.ജെ.പി. ഗവൺമെന്റിനും എതിരാണെന്ന് അറിയാത്ത ആളുകൾ ബി.ജെ.പി. നേതാക്കൾ മാത്രമാണ്. നിങ്ങളുടെ ഒരു ദൂതനെ വിട്ട് ശ്രീ. നരേന്ദ്ര മോദിയോട് ഞങ്ങൾ ബി.ജെ.പി.ക്ക് എതിരാണെന്ന് പറയണം. അവർ ഇക്കാര്യം അറിഞ്ഞിട്ടില്ല. നിങ്ങൾ ഇവിടെ ഏതെങ്കിലും മൂലയിൽകിടന്ന് കേന്ദ്രത്തിനെതിരെ വിളിക്കുന്നത് അവർ അറിഞ്ഞിട്ടില്ല. അവരെ ദയവായി

അറിയിക്കാൻ നിങ്ങളാദ്യം ശ്രമിക്കണം. അതുകൊണ്ടാണ് ഇന്ത്യയിലെ എല്ലാ മുഖ്യമന്ത്രിമാർക്കുമെതിരെ കേന്ദ്രഗവൺമെന്റിന്റെ അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുമ്പോഴും ജാർഖണ്ഡിലെ മുഖ്യമന്ത്രിയെ ജയിലിലടച്ചപ്പോഴും ഇവിടത്തെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വിവിധ കേസ്സുകളിൽപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിലടച്ചിട്ടും കേരള മുഖ്യമന്ത്രിക്കെതിരെ അന്വേഷണം നടത്താനോ ചോദ്യം ചെയ്യാനോ വിളിക്കാത്തതിന് കാരണമെന്താണ്?

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്...

ശ്രീ. എം. വിൻസെന്റ്: കേരളത്തിലെ മുഖ്യമന്ത്രിയെ വളരെ വ്യക്തമായി ശ്രീ. നരേന്ദ്ര മോദിക്കും കേരളത്തിലെ ബി.ജെ.പി.-ക്കാർക്കുമറിയാം. പ്രതിപക്ഷനേതാവിനും കെ.പി.സി.സി. പ്രസിഡന്റിനുമെതിരായി കേസ്സെടുത്ത ശ്രീ. പിണറായി വിജയൻ എന്തുകൊണ്ടാണ് കള്ളപ്പണക്കേസ്സിൽ ശ്രീ. കെ. സുരേന്ദ്രനെ അറസ്റ്റ് ചെയ്യാത്തതും കേസ്സെടുക്കാത്തതുമെന്ന് വ്യക്തമാക്കുമ്പോൾ നിങ്ങളും അവരും തമ്മിലുള്ള അന്തർധാര വളരെ കൃത്യമായി അറിയാൻ കഴിയും. ഇന്ത്യയിലെ

ബി.ജെ.പി.-ക്കും സംഘ്പരിവാറിനുമെതിരായി തെരുവിൽ പോരാടുന്ന പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, സമസ്ത മേഖലകളെയും പരിഗണിക്കുകയും മുന്നിൽ വരുന്ന പ്രശ്നങ്ങളെ ധൈര്യമായി നേരിടുകയും ചെയ്യുകയെന്ന കാഴ്ചപ്പാടോടുകൂടിയുള്ള ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച ബജറ്റിൽ കോർപ്പറേറ്റ് പൂജ നടത്തുമ്പോൾ സംസ്ഥാന ബജറ്റ് സാധാരണക്കാരന്റെ ജീവിതമേഖലയെ ശാക്തീകരിക്കുന്നതാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. രാജ്യത്തെ ഗ്രാമങ്ങൾ അനാഥമാകുകയാണ്. നഗരകേന്ദ്രീകൃത വികസനമാണ് രാജ്യത്ത് നടക്കുന്നത്. ധനകാര്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുപ്രകാരം ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയുടെ ഗുണം ഉപരിമധ്യവർഗ്ഗങ്ങളിൽ ഒതുങ്ങുന്നുണ്ടെന്നാണ് പറയുന്നത്. ഗ്രാമീണ മേഖലകളിലെയും നഗരമേഖലകളിലെയും തൊഴിലാളികളുടെ സാമ്പത്തിക വളർച്ചാനിരക്ക്

കുറഞ്ഞിരിക്കുന്നു. അവരുടെ ശമ്പളത്തിൽ മാറ്റമില്ലാത്തതും സാമ്പത്തിക ക്രയവിക്രയശേഷി ഇല്ലാത്തതുമാണ് അതിന് കാരണം. രാജ്യത്തെ കോടീശ്വരന്മാരുടെ എണ്ണം വർദ്ധിക്കുകയാണ്. 2026-ഓടുകൂടി രാജ്യത്തെ കോടീശ്വരന്മാരുടെ എണ്ണം ഇരട്ടിയാകുമെന്നാണ് ധനകാര്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നത്. ഒരു വിഭാഗത്തിനുമാത്രം കൂടുതൽ വരുമാന വളർച്ചയുണ്ടാകുന്നുവെന്നും സാമ്പത്തിക അസമത്വമുള്ള രാജ്യമായി ഇന്ത്യ മാറുന്നുവെന്നുമാണ് 2022-ലെ ആഗോള അസമത്വ റിപ്പോർട്ടുപോലും പ്രതിപാദിക്കുന്നത്. താഴെത്തട്ടിൽ 50 ശതമാനത്തേക്കാൾ 20 മടങ്ങധികമാണ് സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ആദ്യ 10 ശതമാനത്തിന്റെ വരുമാനം. ദേശീയ വരുമാനത്തിന്റെ 22 ശതമാനം രാജ്യത്തെ ഒരു ശതമാനം ആളുകളുടെ കൈയിലാണ്. താഴെത്തട്ടിൽ 50 ശതമാനത്തിന്റെ കൈയിൽ ആകെ 13 ശതമാനം വരുമാനമാണുള്ളത്. ഈ യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയാണ് കേരളത്തിലെ ബജറ്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി അവതരിപ്പിച്ചിരിക്കുന്നത്. ആ നയവ്യത്യാസമാണ് ഞങ്ങൾ എപ്പോഴും

എടുത്തുകാണിക്കുന്നത്. പണപ്പെരുപ്പവും തൊഴിലില്ലായ്മയും വർദ്ധിച്ചപ്പോഴും കോവിഡ് മഹാമാരി ആഞ്ഞടിച്ചിട്ടും ഗ്രാമീണ സമ്പദ്ഘടനയിൽ തിളക്കമാർന്ന നേട്ടമുണ്ടാക്കിയ സംസ്ഥാനമാണ് കേരളം. അത്തരം പ്രവർത്തനങ്ങളെ ധൂർത്ത് എന്നുപറഞ്ഞ് പ്രതിപക്ഷം വിശേഷിപ്പിക്കുന്നത് ഖേദകരമാണ്. അത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. റിസർവ് ബാങ്ക് പുറത്തുവിട്ട 2022-23 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം കാർഷിക-കാർഷികേതര നിർമ്മാണത്തൊഴിലാളികൾക്ക് പ്രതിദിന വേതനം ഏറ്റവുമധികം ലഭിക്കുന്നത് കേരളത്തിലാണ്. ദേശീയ ശരാശരി 345.7 രൂപയാണ്. കേരളത്തിൽ ഒരു തൊഴിലാളിക്ക് ലഭിക്കുന്നത് 764 രൂപയാണ്. കഴിഞ്ഞ വർഷത്തേക്കാൾ 36.5 ശതമാനം അധികമാണിത്. കർഷകത്തൊഴിലാളികൾക്ക് കേരളത്തിൽ 764 രൂപ ലഭിക്കുമ്പോൾ മധ്യപ്രദേശിൽ ലഭിക്കുന്നത് 292 രൂപയാണ്. വ്യവസായ സംസ്ഥാനമെന്ന് കൊട്ടിഘോഷിക്കുന്ന ഗുജറാത്തിൽ ലഭിക്കുന്നത് 241 രൂപയാണ്. കേരളത്തിൽ കാർഷികേതര മേഖലയിലെ ദിവസക്കൂലി 696 രൂപയും മധ്യപ്രദേശിൽ 273 രൂപയും ഗുജറാത്തിൽ 246 രൂപയുമാണ്.

നിർമ്മാണത്തൊഴിലാളി മേഖലയിൽ കേരളത്തിൽ 825 രൂപയും മധ്യപ്രദേശിൽ 278 രൂപയും ഗുജറാത്തിൽ 323 രൂപയുമാണ്. ദേശീയ ശരാശരി 393 രൂപയാണ്. കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ കേരളത്തിന് തൊട്ടുപിന്നിൽ നിൽക്കുന്ന കാശ്മീരിൽപ്പോലും 550 രൂപയാണ് ലഭിക്കുന്നത്. ഹിമാചൽപ്രദേശിൽ 473 രൂപയും തമിഴ്നാടിൽ 470 രൂപയുമാണ്. കേരളത്തിൽ 764 രൂപയാണ്. അതുയും അന്തരമുണ്ട്. കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയുടെ ഒരു പ്രതിഫലനമാണത്. കേരളത്തിലെ ഉയർന്ന വരുമാനം കർഷകത്തൊഴിലാളികളെ ഉൾപ്പെടെ ആകർഷിക്കുന്നു. രാജ്യത്തെ ഗ്രാമങ്ങൾ മുഴുവൻ അനാഥമാകുമ്പോൾ 2030-ൽ രാജ്യം ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറുമെന്നൊണ് പ്രധാനമന്ത്രി പറയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാട് പ്രതിപക്ഷം പരിശോധിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. സാധാരണക്കാരന്റെ ക്രയവിക്രയശേഷി എങ്ങനെ വർദ്ധിപ്പിക്കാമെന്നതാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ

സാമ്പത്തിക നയത്തിന്റെ അടിസ്ഥാനം. കേരളത്തിലെ 62 ലക്ഷം കുടുംബങ്ങൾക്ക് ഒരു വർഷം 11,000 കോടി രൂപയാണ് സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ നൽകുന്നത്. അതിൽ വെറും 600 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ ഒരു വർഷം നൽകുന്നത്. 11,000 കോടി രൂപ കേരളത്തിലെ 62 ലക്ഷം കുടുംബങ്ങളുടെ കൈയിൽ 1,600/- രൂപ വീതം എത്തിക്കുമ്പോൾ അവരുടെ ക്രയവിക്രയശേഷി വർദ്ധിക്കുകയാണ്. നഗരകേന്ദ്രീകൃത വികസനം രാജ്യത്ത് നടക്കുമ്പോൾ ഗ്രാമങ്ങൾ സനാഥമാകുന്നത് എങ്ങനെയാണ്; പെൻഷൻ കുടിശ്ശിക കൊടുക്കാൻ പോയപ്പോഴുണ്ടായ അനുഭവങ്ങൾ നമുക്കറിയാം. അവരുടെ സന്തോഷം കാണേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലുള്ള നേട്ടങ്ങളെ സംബന്ധിച്ച് പറയുമ്പോൾ വെറും 30 ശതമാനം ആളുകൾ മാത്രം ഉപയോഗിച്ചുകൊണ്ടിരുന്ന പൊതുജനാരോഗ്യ മേഖല ഇന്ന് 60 ശതമാനമാളുകൾ ഉപയോഗിക്കുന്ന സ്ഥിതിയാണ്. 42 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണിത്. 22 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് 60 ശതമാനം

സഹായം കേന്ദ്രം തരുന്നത്. കേരളത്തിൽ 1,600 കോടി രൂപ പ്രതിവർഷം ഈ നാട്ടിലെ സാധാരണക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ചെലവാക്കുമ്പോൾ വെറും 140 കോടി രൂപയാണ് കേന്ദ്ര സർക്കാർ തരുന്നത്. വീടുകളിലുണ്ടാകുന്ന സാമ്പത്തികനേട്ടം അവരുടെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കുകയാണ്. ഈ സാഹചര്യമില്ലായിരുന്നുവെങ്കിൽ ചികിത്സയുടെ അഭാവംമൂലം കുടുംബങ്ങൾ അനാഥമാകുമായിരുന്നു. ഇതെല്ലാമാണ് ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാട്. ജനങ്ങളുടെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കാൻവേണ്ടി അവരുടെ കൈകളിലേയ്ക്ക് പണമെത്തിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ വന്ന പരിഷ്കാരങ്ങളിലൂടെ 10 ലക്ഷത്തിലധികം കുടുംബങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്നു. ആ കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിൽ പോയി പഠിക്കണമെങ്കിൽ ഒരു കുട്ടിക്ക് പ്രതിവർഷം 25,000 രൂപയെങ്കിലും വേണ്ടിവരും. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാടിന്റെ ഫലമായി 2 കുട്ടികൾ പഠിക്കുന്നൊരു കുടുംബത്തിന് 50,000 രൂപ ഒരു വർഷം ലാഭിക്കാൻ കഴിയും. ഗ്രാമങ്ങൾ സനാഥമാകണമെന്ന കാഴ്ചപ്പാടാണ് എൽ.ഡി.എഫ്.

ഗവണമെന്റിനുള്ളത്. ഇതെല്ലാം ധൂർത്താണെന്നാണ് ഇവിടെ പറയുന്നത്. ഇവിടെയെല്ലാം ധൂർത്തായതുകൊണ്ടാണ് കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ കൂടെനിൽക്കാത്തതെന്നാണ് പ്രതിപക്ഷാംഗങ്ങൾ പറയുന്നത്. 11,000 കോടി രൂപ സാമൂഹ്യ സുരക്ഷ പെൻഷനും 1,600 കോടി രൂപ ചികിത്സാ സഹായവും നൽകുന്നതും വീട് നിർമ്മിച്ച് നൽകുന്നതുമെല്ലാം ഈ സർക്കാരിന്റെ ധൂർത്തായിട്ടാണ് ഇവർ കാണുന്നത്. കേരളത്തിൽ മൂന്നരലക്ഷം കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിച്ചുകൊടുത്തു. വെറും 72,000 രൂപ കേന്ദ്ര സർക്കാർ തരുമ്പോൾ 3,28,000 രൂപ സംസ്ഥാന സർക്കാർ നൽകി സംസ്ഥാനത്തെ ഭവനരഹിതരായ ആളുകൾക്ക് പാർപ്പിടമുണ്ടാക്കുകയാണ്. മൂന്നരലക്ഷം പേർക്ക് പാർപ്പിടം നിർമ്മിച്ച് നൽകിയത് ധൂർത്താണോ? കേന്ദ്ര ഗവൺമെന്റ് പറയുന്നതുപോലെ ഒന്നരലക്ഷം രൂപ കൊടുത്താൽ മതിയോ; ഒന്നര ലക്ഷം രൂപയ്ക്ക് കേരളത്തിൽ വീട് വയ്ക്കാൻ പറ്റുമോ; ബാക്കി രണ്ടര ലക്ഷം രൂപകൂടി കൊടുക്കുന്നത് ധൂർത്താണോ; ഇതൊക്കെയാണോ കേരളത്തിലെ പ്രതിപക്ഷം കാണുന്ന ധൂർത്ത്? തൊഴിലുറപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ

സമീപനമെന്താണ്? കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയാണ്. കേരളത്തിൽ പദ്ധതി വിഹിതം വർദ്ധിപ്പിക്കുകയാണ്. നഗരത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമല്ലേ ഇത്; അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ 13000 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ കൊടുത്ത സംസ്ഥാനമല്ലേ കേരളം; ഗ്രാമപ്രദേശത്തെ ജനങ്ങൾക്ക് അവരുടെ കൈയിൽ പണമെത്തിക്കുന്ന ഗവൺമെന്റാണിത്. സാധാരണക്കാരന് പണമെത്തിക്കുന്നതാണോ ധൂർത്ത്; അതാണോ പ്രതിപക്ഷം കാണുന്ന ധൂർത്ത്; എന്താണ് ധൂർത്ത്; പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് പാവപ്പെട്ടവന്റെ വീട്ടിലെ കുട്ടികൾക്ക് നിയമനം ലഭിക്കുന്നതിനെ ആക്ഷേപിക്കുന്നതെന്തിനാണ്? ഇന്ത്യയിൽ നടന്ന നിയമനങ്ങളുടെ ഏകദേശം 42 ശതമാനത്തോളവും കേരളത്തിലാണെന്ന് പറയുമ്പോഴും ആക്ഷേപിക്കുകയാണ്. ഏത് കാലഘട്ടത്തിലാണ് ഇത്രയധികം നിയമനം നടത്തിയിട്ടുള്ളത്; 10 ലക്ഷത്തിലധികം തസ്തികകളാണ് കേന്ദ്ര സർവ്വീസിൽ ഒഴിഞ്ഞുകിടക്കുന്നത്; അത് കാണണ്ടേ; ഈ നാട്ടിലെ സാധാരണക്കാരായ ആളുകളുടെ വീട്ടിൽ പണമെത്തേണ്ടതല്ലേ;

ജോലിയും ശമ്പളവും ലഭിക്കേണ്ടതല്ലേ? ഇങ്ങനെ കേരളത്തിൽ സാധാരണക്കാരന്റെ കൈകളിലേയ്ക്ക് പണമെത്തിക്കാനുതകുന്ന വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അതെല്ലാം ധൂർത്താണെന്നുപറഞ്ഞ് അടച്ചാക്ഷേപിക്കുന്ന പ്രതിപക്ഷത്തിന്റെ മനോഭാവം സംസ്ഥാന താൽപ്പര്യമല്ല. ഈ ഗവൺമെന്റ് ഒരിഞ്ച് മുന്നോട്ടുപോകരുതെന്ന മനോഭാവത്തോടെ സാമ്പത്തികമായി ഞെരുവിലങ്ങിടുന്ന കേന്ദ്ര സർക്കാരിനെ പിന്തുണയ്ക്കുന്ന നയമാണത്. അത് കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യമല്ല. ഈ നയം മാറ്റം കോൺഗ്രസ്സും യു.ഡി.എഫ്.-ഉം മനസ്സിലാക്കണം. കേന്ദ്രഗവൺമെന്റ് ഗ്രാമപ്രദേശത്തെ മുഴുവൻ ആളുകളെയും അനാഥമാക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബജറ്റിലൂടെ നൽകുന്ന നികുതിപ്പണം പാവപ്പെട്ടവന്റെ കൈകളിലെത്തിക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായുള്ള നയമാണ് സ്വീകരിക്കുന്നത്. ഒരു ജനാധിപത്യ ഗവൺമെന്റ് എപ്പോഴും ബഹുഭൂരിപക്ഷം ജനങ്ങളെയും സഹായിക്കുന്ന ഗവൺമെന്റായിരിക്കണമെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. ആ നയം ഇവർ മനസ്സിലാക്കുന്നുണ്ടെങ്കിൽ ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റിനൊടൊപ്പം നിന്ന് ഈ രാജ്യത്തെ, ഈ നാടിനെ സംരക്ഷിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് പ്രതിപക്ഷം ഏറ്റെടുക്കേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സാധാരണക്കാരെ നെഞ്ചോട് ചേർത്തുപിടിക്കുന്ന ഈ ഗവൺമെന്റിന്റെ നടപടികളെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗം കേട്ടപ്പോൾ ഒരു Junior Gorbachev നിയമസഭയിൽ പ്രസംഗിക്കുകയാണോയെന്ന് ഞാൻ സംശയിച്ചു. Gorbachev അവസാനം കൊണ്ടുവന്ന perestroika, glasnost എന്നീ ആശയമാറ്റത്തോടെ സോവിയറ്റ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം തകർന്നുതരിപ്പണമായി. അതുപോലെ ഇതുവരെ സി.പി.ഐ.(എം) തുടർന്നുവന്ന നയം മാറ്റി സ്വകാര്യവൽക്കരണവും ഉദാരവൽക്കരണവും കൊണ്ടുവന്ന് ധനകാര്യ വകുപ്പുമന്ത്രി പിണറായി സർക്കാരിനെ തീവ്ര വലതുപക്ഷത്തിലേയ്ക്കും മുതലാളിത്ത സമീപനത്തിലേയ്ക്കും നയിക്കുന്നുവെന്നാണ് ജനങ്ങൾ

മനസ്സിലാക്കുന്നത്. ഈ അടുത്തകാലത്തുമാത്രം ഇത്തരത്തിലൊരു നയം മാറ്റത്തിന് കാരണമെന്താണ്? 2010 ജൂലൈ 20-ന് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി യു.പി.എ. ഗവൺമെന്റ് Foreign University കൊണ്ടുവരാനുദ്ദേശിക്കുന്നതുസംബന്ധിച്ച പ്രൊഫ. സി. രവീന്ദ്രനാഥിന്റെ ചോദ്യത്തിന് മറുപടിയായി "അത് ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് വിഘാതമാകുമെന്നും എൽ.ഡി.എഫ്. എതിർക്കുമെന്നും" ആണ് പറഞ്ഞത്. 2009, 2014, 2019 പൊതുതെരഞ്ഞെടുപ്പുകളിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദേശ മൂലധനം അനുവദിക്കുകയില്ലെന്ന നിലപാട് സ്വീകരിച്ചു. 2021 ജനുവരി 15-ന് ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ നടത്തിയ ബജറ്റ് പ്രസംഗത്തിന്റെ 39, 40, 41 പേജുകളിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി 21 നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിലൊന്നും വിദേശ സ്വകാര്യ യൂണിവേഴ്സിറ്റികളെക്കുറിച്ച് പറയുന്നില്ല. 2003 ജനുവരി 7-ന് ചേർന്ന പോളിറ്റ് ബ്യൂറോ യു.ജി.സി. കരട് രേഖയിൽനിന്നും വിദേശ സർവകലാശാല

ആരംഭിക്കണമെന്നത് പിൻവലിക്കണമെന്നാവശ്യപ്പെട്ടു. ഇപ്പോൾ പെട്ടെന്ന് ഈ നിലപാട് മാറ്റാനുള്ള കാരണമെന്താണ്? യു.ഡി.എഫ്. ഗവൺമെന്റ് സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവന്നപ്പോൾ അന്ന് എൽ.കെ.ജി. മുതൽ യൂണിവേഴ്സിറ്റി വരെ സമരം പ്രഖ്യാപിച്ചവരാണ് അന്നത്തെ എൽ.ഡി.എഫ്. അതുകൊണ്ട് എം.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ് ശ്രീ. പി. കെ. നവാസ് പറഞ്ഞതുപോലെ കുത്തുപറമ്പിൽ വെടിയേറ്റ് മരണപ്പെട്ടവരോടുമാത്രമല്ല, കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തോടൊന്നൊടങ്കം നിങ്ങൾ മാപ്പ് ചോദിക്കണമെന്ന അഭിപ്രായം പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾക്കുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ 9, 10, 15, 28, 32, 36, 37 എന്നീ പേജുകളിലാണ് സ്വകാര്യ ഇടപെടലിനെ പ്രോത്സാഹിപ്പിക്കുന്നത്. ബജറ്റിന്റെ പേജ് 42-ൽ വിദേശ സർവകലാശാല കാമ്പസ് സ്ഥാപിക്കുന്നത് പരിശോധിക്കാമെന്നും പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗം ആരംഭിച്ചപ്പോൾ ഭരണപക്ഷമൊന്നടങ്കം ഡസ്കിലടിച്ച് പ്രോത്സാഹിപ്പിച്ചു, കാര്യങ്ങളിലേയ്ക്ക് കടന്നപ്പോൾ ഡസ്കിലടി കുറഞ്ഞു. ഭരണകക്ഷിയിലെ

ചെറുപ്പക്കാർക്ക് ഈ നയംമാറ്റം ഇഷ്ടപ്പെട്ടില്ല, സി.പി.ഐ.(എം) അംഗങ്ങൾ തീരെ പ്രോത്സാഹിപ്പിച്ചില്ല. അവർ പ്രതിപക്ഷത്താണ്, അവർ പ്രതിഷേധത്തിലാണ്. അവർ ഞങ്ങളുടെ കൂടെയായിരുന്നപ്പോൾ എന്തൊരു അഭിമാനമായിരുന്നു, അന്തസ്സുണ്ടായിരുന്നു, നിലവാരമുണ്ടായിരുന്നു. ഇപ്പോൾ സി.പി.ഐ.(എം)-ന്റെ അവഗണനയും ധാർഷ്ട്യവും സഹിക്കുകയല്ലാതെ മറ്റെന്തുമാർഗ്ഗമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. ജി. ആർ. അനിലിനും ശ്രീമതി ജെ. ചിഞ്ചുറാണിക്കും ഉദ്ദേശ്യപൂർത്തീകരണത്തിന് നന്മകൾ നേരുന്നു. ബജറ്റിന്റെ 158, 159 എന്നീ പേജുകളിലാണ് നവകേരള സദസ്സിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഉമ്മൻചാണ്ടി സർക്കാർ എല്ലാവർക്കും സ്വീകാര്യമായ വിധത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടിക്ക് പകരമായി പ്ലാൻ ചെയ്ത നവകേരള സദസ്സ് ജനങ്ങളുടെ ചെലവിൽ മന്ത്രിസഭാംഗങ്ങളുടെ ഒരു ഹൈ-ടെക് ആഡംബര കേരള ടൂറായി മാറിയെന്നല്ലാതെ എന്ത് ലക്ഷ്യമാണ് നേടിയത്? ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കും ശ്രീ. തോമസ് ചാഴികാടൻ എം.പി.-ക്കും ഇക്കാര്യം ഞങ്ങളെക്കാൾ വളരെ വ്യക്തമായി മനസ്സിലായിട്ടുണ്ടെന്നാണ്

പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളുടെ അഭിപ്രായം. നവകേരള സദസ്സിൽ ഉയർന്ന പദ്ധതികൾക്കും നിർദ്ദേശങ്ങൾക്കും 1,000 കോടി രൂപ നീക്കിവയ്ക്കുന്നുവെന്നാണ് ബജറ്റിന്റെ 158, 159 പേജുകളിൽ പറയുന്നത്. ഞാൻ ചോദിക്കട്ടെ; ഭരണപക്ഷ-പ്രതിപക്ഷ എം.എൽ.എ.-മാർ എല്ലാവരും അവരുടെ മണ്ഡലങ്ങളിൽ ജനങ്ങൾക്കാവശ്യമുള്ള പദ്ധതികളും നിർദ്ദേശങ്ങളും ഇക്കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഗവൺമെന്റിനും മന്ത്രിമാർക്കും സമർപ്പിക്കുകയും സബ്മിഷൻ മുഖേന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാർ ആവശ്യപ്പെടാത്ത ഒരു കാര്യവും നവകേരള സദസ്സിൽ വന്നിട്ടുണ്ടാവില്ല. അതൊന്നും പരിഗണിക്കാതെ ഇപ്പോൾ നവകേരള സദസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 1,000 കോടി രൂപ മാറ്റിവയ്ക്കുന്നുവെന്നുപറയുന്നത് ആരെ പറ്റിക്കാനാണ്, ജനങ്ങളെല്ലാം വിഡ്ഢികളാണെന്ന് വിചാരിക്കുകയാണോ? മാത്രമല്ല, വിവിധ വകുപ്പുകൾക്കുകീഴിൽ സെക്രട്ടേറിയറ്റിൽ 789629 ഫയലുകൾ തീർപ്പാക്കാനുണ്ട്. നവകേരള സദസ്സിൽ 621270 പരാതികൾ ലഭിച്ചിട്ടുണ്ട്. ആകെ 1410899 ഫയലുകളുണ്ട്. രണ്ടുമാസത്തിനുള്ളിൽ ഇത്രയും ഫയലുകൾ

എങ്ങനെയാണ് തീർപ്പാക്കുന്നത്? ഈ മന്ത്രിസഭയുടെ കാലാവധിക്കുള്ളിൽ ഇതൊന്നും തീർപ്പാക്കാൻ സാധിക്കില്ല. നവകേരള സദസ്സിന്റെ അവസാനഘട്ടത്തിൽ കരിങ്കൊടി, ജലപീരങ്കി, ലാത്തിചാർജ്, കരുതൽ തടങ്കൽ, അറസ്റ്റ്, ജയിലിലടയ്ക്കൽ എന്നിവയാണ് കേരള ജനത കണ്ടത്. സദസ്സാകെ പാളിപ്പോയി. ഇവർക്കെതിരെ കരിങ്കൊടി കാണിക്കാൻ പാടില്ല, മുദ്രാവാക്യം വിളിക്കാൻ പാടില്ല. ഇതൊക്കെ ജനാധിപത്യത്തെ പരിഹസിക്കുന്ന നടപടികളായിപ്പോയി. ഇക്കാര്യത്തിൽ മോദി സർക്കാരും പിണറായി സർക്കാരും ഒരുപോലെയല്ലേയെന്ന് ഞങ്ങൾ ചോദിക്കുകയാണ്. കേരള മോഡൽ വികസനം, കേരളത്തെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തും എന്നൊക്കെ പറയുന്ന മന്ത്രിക്ക് അറിയാവുന്നതും എന്നാൽ സഭയിൽ അദ്ദേഹത്തിന് പറയാൻ സാധിക്കാത്തതുമായ ചില വസ്തുതകളുണ്ട്. 57,400 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ടെന്നുപറയുന്നത് തെറ്റാണെന്ന് എം.എൽ.എ.-മാരായ ഡോ. മാത്യു കുഴൽനാടനും ശ്രീ. റോജി എം. ജോണും സഭയിൽ സമർത്ഥിക്കുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെ വില

ക്രമാതീതമായി വർദ്ധിച്ചു. പെട്രോൾ, ഡീസൽ സെസ്സ് ചുമത്തിയത് പിൻവലിച്ചില്ല. പാൽ, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ഓട്ടോ, ടാക്സി, ബസ് ചാർജ്ജ് ഇവയെല്ലാം വർദ്ധിപ്പിച്ചു. ഒരുതരത്തിലും സഹിക്കാൻ സാധിക്കാത്ത വിധത്തിൽ കെട്ടിട നികുതി വർദ്ധിപ്പിച്ചു. സർക്കാർ ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയില്ല, ലീവ് സറണ്ടറില്ല, ഫിറ്റ്മെന്റ് ബെനിഫിറ്റില്ല. കഴിഞ്ഞ 8 വർഷം ഭരണത്തിലുണ്ടായിട്ടും പങ്കാളിത്ത പെൻഷനെക്കുറിച്ച് തീരുമാനമെടുക്കാതെ ഇപ്പോൾ അത് പഠിക്കാനായി സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്, കൺക്ലൂഡ്....ഒരു മിനിട്ടുകൂടി.

ശ്രീ. യു. എ. ലത്തീഫ്: സർ, ചെക്കുകേസുകൾക്കും കുടുംബ കോടതികളിലെ കേസുകൾക്കും ഫീസ് വർദ്ധിപ്പിച്ചത് അധികമായിപ്പോയെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇതുരണ്ടും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്. മലപ്പുറം ജില്ലയിലെ ഏക മെഡിക്കൽ കോളേജായ മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ജനറൽ ആശുപത്രിയുടെയും വികസനത്തിന് കണ്ടെത്തിയ 50 ഏക്കർ ഭൂമി

ഏറ്റെടുക്കാൻ ഈ ഗവൺമെന്റ് ഒരുനയാപൈസപോലും ബജറ്റിൽ വകയിരുത്തിയിട്ടില്ല.

മി. ചെയർമാൻ: പ്ലീസ്, പ്ലീസ്....

ശ്രീ. യു. എ. ലത്തീഫ്: സർ, ജസീല ജംഗ്ഷൻ മുതൽ ചെരണി വരെയുള്ള റോഡ്, ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടില്ല. പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, (.....മൈക്ക് ഓഫ്.....)

മി. ചെയർമാൻ: പ്ലീസ്, പ്ലീസ്.... എം. എൽ.എ. ഇരിക്കൂ...

ശ്രീ. യു. എ. ലത്തീഫ്: സർ, ശ്രീ. പി. ഉബൈദുള്ള അദ്ദേഹത്തിന്റെ രണ്ട് മിനിറ്റ് എനിക്ക് തന്നിരിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന് ഒരു നയമുണ്ട്.

മി. ചെയർമാൻ: ഒരു മിനിട്ട് സമയം അനുവദിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, കോൺഗ്രസ് പരാജയപ്പെട്ടിടത്ത് ബി.ജെ.പി. അധികാരത്തിലെത്തുന്നു. അതുകൊണ്ട് വരുന്ന ലോക്സഭാ

തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും വേരോട്ടമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിജയിക്കണം, അധികാരത്തിലെത്തണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനുവേണ്ടി മതേതര കക്ഷികൾ ഒന്നിക്കണമെന്നാണ് ലീഗ് ആവശ്യപ്പെടുന്നത്. ഈ സഭയിലെ ഭരണപക്ഷത്തെ എല്ലാ അംഗങ്ങളും കോൺഗ്രസിനെ ശക്തമായി എതിർക്കുകയാണ്. കോൺഗ്രസിനെ മാറ്റിയാൽ ബി.ജെ.പി. അല്ലാതെ കേന്ദ്രത്തിൽ അധികാരത്തിൽ വരുന്ന ബദലേതാണെന്ന് പറയാൻ കഴിയുമോ? ലീഗിനെ ചീത്ത വിളിക്കാൻ സി.പി.ഐ.(എം) കൊണ്ടുനടന്നിരുന്ന ഒരു കോടാലിയായിരുന്നു ഡോ. കെ. ടി. ജലീൽ. അതിന് അദ്ദേഹത്തിന് മന്ത്രിസ്ഥാനം പ്രതിഫലമായി ലഭിച്ചു. നിങ്ങളുടെ നേതാവ് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് ലീഗ് ജനാധിപത്യ മതേതര സംഘടനയാണെന്നാണ്. സി.പി.ഐ.(എം)-ന്റെ ഉമ്മറപ്പടിയിലിരിക്കുന്ന, അകത്തേക്ക് പ്രവേശനമില്ലാത്ത ശ്രീ. കെ. ടി. ജലീലിന്റെ ആരോപണങ്ങൾ ഞങ്ങൾ തീർത്തും അവഗണിക്കുന്നു.

മി. ചെയർമാൻ: യെസ്, കൺക്ലൂഡ്.

ശ്രീ. യു. എ. ലത്തീഫ്: സർ, പിണറായി സർക്കാർ തുടർഭരണത്തിലെത്തിയപ്പോൾ എല്ലാ ഭരണകക്ഷികളുടെയും ഭാവം മാറി, അഹങ്കാരമായി. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് എഴുതിയതുപോലെ....(മൈക്ക് ഓഫ്)

മി. ചെയർമാൻ: പ്ലീസ്, ശ്രീ. ജോബ് മൈക്കിൾ.

ശ്രീ. ജോബ് മൈക്കിൾ: സർ, 2023-24 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്ന വേളയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എന്തായിരുന്നുവെന്ന് നമുക്കറിയാം. ഇപ്പോൾ അതിൽനിന്നും നാം വളരെയധികം മുന്നേറിയിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിരിക്കുന്നത്. ഈ നേട്ടം കൈവരിക്കാനായതുകൊണ്ടാണ് നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്നത്. കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിലെ മാധ്യമങ്ങൾ പറഞ്ഞുപരത്തിയ പച്ചക്കള്ളം എന്തായിരുന്നു; ഓണം വരുമ്പോൾ

കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും ബോണസുമൊന്നും കിട്ടില്ലെന്നാണ് പറഞ്ഞത്. എന്നാൽ കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിലെ എല്ലാ സർക്കാർ ജീവനക്കാർക്കും ശമ്പളവും അവകാശപ്പെട്ട ബോണസും ലഭിച്ചു. കേരളത്തിലെ ഒരു ട്രഷറിയും പൂട്ടിയില്ല. എല്ലാ ട്രഷറികളും തുറന്നു പ്രവർത്തിച്ചു. പ്രതിപക്ഷാംഗങ്ങൾ ഒരു കാര്യം ഓർക്കണം; സത്യവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞാൽ അത് സത്യമായി മാറില്ല. ഇവിടെ ശക്തമായി ഭരിക്കുന്ന ഒരു ഗവൺമെന്റുണ്ട്. ഇവിടത്തെ ജനങ്ങളുടെ കാര്യങ്ങൾ കൃത്യമായി ചെയ്ത് മുന്നോട്ടുപോകുന്നു. എങ്ങനെയാണ് വരുമാന വർദ്ധനവുണ്ടായത്? നികുതി പിരിവ് കാര്യക്ഷമമാക്കിയും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെയുമാണ് അത് സാധിച്ചെടുത്തത്. രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ ആളോഹരി വരുമാനമുള്ള അഞ്ച് സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ കൊച്ചുകേരളം മാറിക്കഴിഞ്ഞു. ഇന്ന് അഖിലേന്ത്യാ ശരാശരിയേക്കാൾ മുന്നിലാണ് നമ്മുടെ സാമ്പത്തിക സ്ഥിതി. റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട കൺസോളിഡേറ്റഡ് ഫിനാൻഷ്യൽ പൊസിഷനുള്ള സംസ്ഥാനം

കേരളമാണ്. ക്ഷേമ പെൻഷന് നൽകുന്ന തുക മാറ്റിവച്ചാൽ സംസ്ഥാനത്തിന് ആവശ്യമായ തുക ലഭിക്കുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. 62 ലക്ഷത്തിലധികം ആളുകൾക്ക് 1,600 രൂപ വീതം നൽകുന്ന ക്ഷേമ പെൻഷൻ കേന്ദ്ര സർക്കാർ ഏതൊക്കെ രീതിയിൽ തടയാൻ ശ്രമിച്ചാലും ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അത് നൽകുകതന്നെ ചെയ്യും. ഇവിടെ തുക ചെലവഴിക്കുന്നത് പാവപ്പെട്ടവരുടെ ക്ഷേമത്തിനും സമൂഹത്തിന്റെ ഉന്നതിക്കും വേണ്ടിയാണ്. എല്ലാവർക്കും വീട് എന്ന ആശയവുമായി മുന്നോട്ടുവന്നപ്പോൾ, ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞ നേതാക്കൾ ഈ സഭയിലുണ്ട്. പക്ഷെ നമ്മൾ എന്താണ് കണ്ടത്; കേരളത്തിലെ 3.5 ലക്ഷം ആളുകൾക്ക് വീട് നൽകിക്കൊണ്ടും വീടും സ്ഥലവുമില്ലാത്തവർക്ക് അത് രണ്ടും നൽകുകയെന്ന ലക്ഷ്യത്തോടെയും ആവിഷ്കരിച്ച ലൈഫ് പദ്ധതി ഇന്ന് കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾക്ക് സഹായകരമായി മാറി. 3.5 ലക്ഷം വീടുകൾ ഈ കാലഘട്ടംകൊണ്ട് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് നൽകിക്കഴിഞ്ഞു. ലോകത്തെ ആകെ കണക്കെടുത്ത്

നോക്കിയാൽ വീടില്ലാത്ത ഒരാൾക്ക് വീടും, വീടും സ്ഥലവുമില്ലാത്തവർക്ക് അത് രണ്ടും ലഭിക്കുന്ന ലോകത്തെ ഏക സംസ്ഥാനം കേരളമാണ്. കേരളത്തിൽ ഇനി 3 ലക്ഷം ആളുകൾക്ക് മാത്രമേ വീട് ലഭിക്കാനുള്ളൂ. ഇങ്ങനെയൊരു പദ്ധതി ലോകത്ത് എവിടെയെങ്കിലുമുണ്ടെങ്കിൽ പ്രതിപക്ഷത്തെ ഏതെങ്കിലും ഒരു അംഗം ചൂണ്ടിക്കാണിക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണപക്ഷ എം.എൽ.എ.-മാരും തണുപ്പ് കാലത്ത് ഡൽഹിയിൽപോയി സമരം ചെയ്തു. ആ സമരത്തിൽ ആവശ്യപ്പെട്ട കാര്യമെന്താണ്; കേരളത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണമെന്നാണ്. ഞങ്ങൾ സമരം ചെയ്തതിന്റെ തലേദിവസം കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയുടെ മുഖ്യമന്ത്രി അവിടെ സമരം ചെയ്തു. പക്ഷെ, കേരളത്തിലെ 18 എം.പി.-മാരിൽ ഒരാൾപോലും കുശലം ചോദിക്കാനെങ്കിലും കേരള ഹൗസിൽ എത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയോ മന്ത്രിമാരെയോ എം.എൽ.എ.-മാരെയോ കാണാൻ തയ്യാറായില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ചായ കുടിക്കാൻ ക്ഷണിച്ചപ്പോൾ പോയ യു.ഡി.എഫ്. എം.പി.-മാരുണ്ട്. പക്ഷെ, കേരള ഹൗസിലെ കാന്റീനിൽവന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ എം.എൽ.എ.-മാരുടെയോ ഒപ്പമിരുന്ന് ഒരു ചായ കുടിക്കാൻ യു.ഡി.എഫ്.-ന്റെ ഒരു എം.പി.പോലും തയ്യാറായില്ല. അന്ധമായ ഭരണവിരുദ്ധതയാണ് അതിന് കാരണം. കേരളത്തിലെ ഭരണകക്ഷിയെ എങ്ങനെയെങ്കിലും തോൽപ്പിക്കുകയെന്നതാണ് ലക്ഷ്യം. കേന്ദ്ര ഗവൺമെന്റിനോട് ചേർന്നുനിന്നുകൊണ്ട് കേരളത്തെ തോൽപ്പിക്കാൻ ശ്രമിക്കുമ്പോൾ, തോൽക്കില്ലെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുകയാണ്. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ചു. 10 രൂപയല്ലേ വർദ്ധിപ്പിച്ചതെന്ന് എന്റെ പ്രിയ സുഹൃത്ത് ശ്രീ. മോൻസ് ജോസഫ് പറയുകയുണ്ടായി. ഒരു കിലോഗ്രാമിനാണ് 10 രൂപ വർദ്ധിപ്പിച്ചത്. ഇപ്പോൾ റബ്ബറിന്റെ താങ്ങുവില 180/- രൂപയാണ്. കേരളത്തിലെ നെൽകർഷകർക്കുവേണ്ടി 100 കോടി രൂപ സർക്കാർ അനുവദിച്ച കാര്യം രാവിലെ ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയിൽ പറഞ്ഞതാണ്. എല്ലാ മേഖലയിലും വികസനം കൊണ്ടുവരുമ്പോൾ കേരളത്തിലെ കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ

ഈ സർക്കാരിനോടൊപ്പം ഉണ്ടാകുമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നലെ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പോക്കറ്റിൽ ഒരു റോസാപ്പൂവ് വച്ചുകൊണ്ടാണ് നിയമസഭയിൽ വന്നത്. എന്തുകൊണ്ടാണ് അങ്ങനെ വന്നതെന്ന് ഞാൻ അന്വേഷിച്ചു. അപ്പോഴാണ് ഇന്ന് ഫെബ്രുവരി 14, പ്രണയദിനമാണെന്ന് മനസ്സിലായത്. അതുകൊണ്ട് മുൻകൂട്ടി പൂക്കൾ വാങ്ങി അദ്ദേഹം തന്റെ സ്നേഹം പങ്കുവയ്ക്കുന്നതാണെന്നാണ് എനിക്ക് തോന്നിയത്. വാലന്റൈൻ ദിനം പരസ്പരം സ്നേഹിക്കുന്നവരുടെ ദിനമാണ്. ക്ലോഡിയസ് ചക്രവർത്തി റോം ഭരിച്ചിരുന്ന കാലത്ത് വാലന്റൈൻ എന്നൊരാളായിരുന്നു കത്തോലിക്കാ സഭയുടെ ബിഷപ്പ്. വിവാഹം കഴിഞ്ഞ അവിടത്തെ പുരുഷന്മാർക്ക് കുടുംബം എന്നൊരു ചിന്ത മാത്രമേയുള്ളൂവെന്നും യുദ്ധത്തിൽ ഒരു വീര്യവും അവർ കാണിക്കുന്നില്ലെന്നും ചക്രവർത്തിക്ക് തോന്നി. അതിനാൽ ചക്രവർത്തി റോമിൽ വിവാഹം നിരോധിച്ചു. പക്ഷെ, ബിഷപ്പ് വാലന്റൈൻ പരസ്പരം

സ്നേഹിക്കുന്നവരെ മനസ്സിലാക്കി അവരുടെ വിവാഹം രഹസ്യമായി നടത്തിക്കൊടുക്കാൻ തുടങ്ങി. വിവരമറിഞ്ഞ ചക്രവർത്തി വാലന്റൈനെ ജയിലിലടച്ചു. ബിഷപ്പ് വാലന്റൈൻ ജയിലറുടെ അന്ധയായ മകളുമായി സ്നേഹത്തിലായി. അതോടെ ആ പെൺകുട്ടിക്ക് കാഴ്ചശക്തി ലഭിച്ചുവെന്ന് പറയുന്നു. അത് അറിഞ്ഞ ചക്രവർത്തി വാലന്റൈന്റെ തലവെട്ടാൻ ആജ്ഞാപിച്ചു. തലവെട്ടാൻ കൊണ്ടുപോകുന്നതിനുമുമ്പ് വാലന്റൈൻ ആ പെൺകുട്ടിക്ക് 'From your Valentine' എന്നെഴുതിയ ഒരു കുറിപ്പ് വച്ചു. അതിനുശേഷമാണ് ഈ ദിനം വാലന്റൈൻ ദിനമായി ആചരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയോട് പറയുന്നത്, കേരളത്തിലെ ജനങ്ങൾക്ക് ഈ ദിനത്തിൽ അങ്ങയുടെ പേരിൽ 'From your Vijayan' എന്നൊരു വാക്ക് കേൾക്കണമെന്ന ആഗ്രഹമുണ്ടെങ്കിലും ജനങ്ങളെ സംരക്ഷിക്കുന്ന, നീതിയുടെ കിരീടം കാണിക്കുന്ന, സ്നേഹത്തിന്റെയോ നന്മയുടെയോ ഒരു വശംപോലുമില്ലാത്ത ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുന്നുവെന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. വാലന്റൈൻ ദിനമായതുകൊണ്ട് ക്രൂരമായ ഭാഷയിലൊന്നും ഞാൻ സംസാരിക്കുന്നില്ല.

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ 'പ്രേമലേഖനം' എന്ന നോവലിന്റെ ഒരു ഭാഗം ചെറിയ മാറ്റം വരുത്തി പറഞ്ഞാൽ അത് ഇങ്ങനെയാണ്;

"നീ ആ ഗവൺമെന്റിനെ എന്ത് ചെയ്തു;

ഏത് ഗവൺമെന്റ്;

ഞാൻ തന്ന രക്തനക്ഷത്രംപോലെ

കടും ചുവപ്പ് നിറമാർന്ന ആ ഗവൺമെന്റ്

ഓ! അതോ;

ആ അതുതന്നെ.

തിടുക്കപ്പെട്ട് അന്വേഷിക്കുന്നത് എന്തിന്;

ചവിട്ടിയരച്ച് കളഞ്ഞോയെന്ന് അറിയാൻ.

അങ്ങനെ ചെയ്തെങ്കിൽ എന്ത്;

ഓ... ഒന്നുമില്ല. അതെന്റെ ഹൃദയമായിരുന്നു."

എന്നുള്ളതാണ് ആ പ്രേമലേഖനം. ഈ ഗവൺമെന്റ് കഴിഞ്ഞ 7 വർഷക്കാലംകൊണ്ട് ചവിട്ടിയരച്ച് കളഞ്ഞത് ഒട്ടേറെ യുവാക്കളുടെ ഭാവിയാണ്. ഇന്ന് കേരളത്തിന്റെ അവസ്ഥയെന്താണ്; നമ്മൾ ജയിപ്പിച്ചുവിട്ട എം.പി.-മാർ പാർലമെന്റിൽ ഒന്നും മിണ്ടുന്നില്ലെന്നാണ് ശ്രീ. കെ. വി. സുമേഷ് ഇവിടെ പറഞ്ഞത്. ഇന്നത്തെ പത്രം വായിച്ചുനോക്കണം. പാർലമെന്റിൽ ഏറ്റവും കൂടുതൽ സംസാരിച്ചിട്ടുള്ള മുൻനിര എം.പി.-മാർ

ആരൊക്കെയാണ്; കേരളത്തിന്റെ പ്രശ്നം ചർച്ച ചെയ്തവരുടെയും ലോകകാര്യങ്ങൾ സംസാരിച്ചവരുടെയും പ്രശ്നങ്ങൾ ഉന്നയിച്ചവരുടെയും മുൻനിരയിലുള്ളത് ശ്രീ. എൻ. കെ. പ്രേമചന്ദ്രനും ഡോ. ശശി തരൂരുമൊക്കെ ആയിരുന്നുവെന്നുള്ളത് മനസ്സിലാക്കണം. നിങ്ങൾ ജയിപ്പിച്ചുവിട്ട മുൻ എം.എൽ.എ. കൂടിയായിരുന്ന ശ്രീ. എ. എം. ആരിഫ് ഇന്നുവരെ പാർലമെന്റിൽ വായ് തുറന്നിട്ടില്ല. അഥവാ തുറന്നിട്ടുണ്ടെങ്കിൽതന്നെ അത് ആർക്കും മനസ്സിലായിട്ടില്ലെന്നുള്ളതാണ് അവസ്ഥ. ഈ നാടിന്റെ അവസ്ഥ വളരെ ശോചനീയമാണ്. കർഷകർ ആത്മഹത്യ ചെയ്യുന്നു, തൊഴിലില്ലായ്മ വർദ്ധിക്കുന്നു, ഫീസടയ്ക്കാൻ പണമില്ലാതെ വിദ്യാർത്ഥികൾ അലയുന്നു. നമ്മുടെ നാട്ടിൽ പണം കടം ചോദിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കാരണം യുവാക്കൾ നാടുവിട്ട് ജോലിക്കായി വിദേശത്തേയ്ക്ക് പോകുന്നു. വാർദ്ധക്യകാല പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ ഒരു അമ്മയ്ക്ക് പിച്ചച്ചട്ടി എടുക്കേണ്ട ഗതികേടുണ്ടായ സംസ്ഥാനമാണിത്. വന്യമൃഗങ്ങളുടെ ശല്യത്തെകുറിച്ച് പറയേണ്ടതില്ലല്ലോ; അതുമൂലം എത്ര ആളുകൾ മരണപ്പെടുന്നു. എന്റെ

നിയോജകമണ്ഡലമായ പെരുമ്പാവൂർ വനാതിർത്തിയിൽ ഉൾപ്പെടുന്ന ഒരു സ്ഥലമാണ്. അവിടത്തെ വേങ്ങൂർ, കുവപ്പടി തുടങ്ങിയ പഞ്ചായത്തുകളിൽ പത്തുമുപ്പത് ആനകളാണ് വനമേഖലകളിൽനിന്നും ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങിവന്ന് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുന്നത്. ഇതിനെയെല്ലാം നിലയ്ക്കുനിർത്തേണ്ടതല്ലേ; ഞാൻ ഈയവസരത്തിൽ വീരപ്പനെ ഓർമ്മിക്കുകയാണ്. അദ്ദേഹം ഉണ്ടായിരുന്നപ്പോൾ എത്ര നന്നായി കാര്യങ്ങൾ ചെയ്തിരുന്നു. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നല്ലൊരു മനുഷ്യനാണ്. എന്നാൽ പ്രായാധിക്യം കൂടിയതുകൊണ്ടാകാം അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന് ഗതാഗത വകുപ്പ് നൽകിയിട്ട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന് വനം വകുപ്പ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കാരണം, അദ്ദേഹമൊരു ആനപ്രേമിയായതുകൊണ്ട് ആനയെ മെരുക്കാനും മറ്റും അദ്ദേഹത്തിന് അറിയാം. അതുകൊണ്ട് പ്രസ്തുത വകുപ്പുകൾ മാറ്റാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വനം വകുപ്പുമന്ത്രിക്ക് വനമേഖലയിൽ

പോകാൻ സമയമില്ല, ചൂരം കയറാൻ കഴിയുകയുമില്ല. അല്ലെങ്കിൽ ശ്രീ. കോവൂർ കുഞ്ഞുമോനോ ശ്രീ. തോമസ് കെ. തോമസിനോ വകുപ്പ് കൈമാറാമല്ലോ; അങ്ങനെ കഴിവും പ്രാപ്തിയും ചിന്താശക്തിയുമുള്ള പുതിയ തലമുറയിലേയ്ക്ക് വകുപ്പ് കൈമാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അല്ലെങ്കിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ, കേരളം ഭ്രാന്താലയമായി മാറുമെന്നതാണ് അവസ്ഥ. ഈ സർക്കാർ നടത്തിയ നവകേരള സദസ്സ് പെരുമ്പാവൂരിൽ എത്തിയത് ഡിസംബർ പത്താം തീയതിയായിരുന്നു. നവകേരള സദസ്സ് കഴിയുമ്പോൾ അവസാനം എനിക്ക് കിട്ടിയത് ഡി.വൈ.എഫ്.ഐ.-ക്കാരുടെ ആക്രമണമായിരുന്നു. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആളെ കാണാൻപോയ എന്നെ ഡി.വൈ.എഫ്.ഐ.-യുടെ ഇരുപതോളം ഗുണ്ടകൾ ആക്രമിച്ചു. പുതിയ യൂണിഫോമായ കാക്കി പാന്റും വെള്ള ഷർട്ടും ധരിച്ച അവർ മദ്യപിച്ച് കഞ്ചാവടിച്ച് മദോന്മത്തരായി അവിടെ ഭ്രാന്ത് കാണിക്കുന്ന അവസ്ഥയുണ്ടായി. അതിന്റെ ഭാഗമായി എന്റെ സ്റ്റാഫിനുപോലും നാലുദിവസം ഐ.സി.യു.-വിൽ കിടക്കേണ്ടിവന്നിട്ടും സർക്കാർ

കേസെടുത്തില്ല. ആ ക്രൂരന്മാരെ സ്റ്റേഷനിൽനിന്ന് ജാമ്യത്തിൽ വിട്ടയയ്ക്കുന്ന അവസ്ഥയാണുണ്ടായത്. ഒട്ടേറെ കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിലും സമയമില്ലാത്തതിനാൽ ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 1957-ൽ അധികാരമേറ്റെടുത്ത ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ, ഭൂപരിഷ്കരണം, വിദ്യാഭ്യാസം, പൊതുജനാരോഗ്യ സംരക്ഷണ നടപടികൾ, സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ നടന്ന നിരന്തര ഇടപെടലുകൾ എന്നിവയിലൂടെയാണ് കേരളം വികസന അടിത്തറ പാകിയത്. മരിച്ചുപോയാൽ കനാൽ പുറമ്പോക്കിലോ തോടുപുറമ്പോക്കിലോ കുഴിച്ചിടാൻ ആറടി മണ്ണുപോലും സ്വന്തമായി ഇല്ലാത്തവർക്ക് സ്വന്തമായി മണ്ണുണ്ടായി, നടന്നുപോയി ചികിത്സ തേടുന്ന തരത്തിൽ നാടിന്റെ വിവിധ ഭാഗങ്ങളിൽ ആശുപത്രികളുണ്ടായി, സ്വന്തമായി ലഭിച്ച ഭൂമിയിൽ കെട്ടിയുണ്ടാക്കിയ ചെറ്റപ്പുരകളിൽനിന്നും അക്ഷരത്തിന്റെ വെളിച്ചം തേടി ആൺകുട്ടികളും പെൺകുട്ടികളും സ്കൂളുകളിലേയ്ക്ക് പോകാൻ തുടങ്ങി, ഉപ്പുമാവ്

കഴിക്കാൻ വരുന്നവരെന്ന ആക്ഷേപത്തെയും മാറ്റിയുടുക്കാൻ ഒരു ജോഡി വസ്ത്രം പോലുമില്ലാത്ത ജാള്യതയെയും അതിജീവിച്ച് അവർ അക്ഷരം പഠിച്ചു. അന്തരിച്ച പ്രൊഫ. എം. കുഞ്ഞാമൻ തന്റെ 'എതിര്' എന്ന പുസ്തകത്തിൽ പറയുന്ന ഒന്നാം തലമുറയ്ക്ക് സാക്ഷരതയുണ്ടായി. ചിമ്മിനി വിളക്കിന്റെ നേരിയ വെട്ടത്തിലിരുന്ന് പഠിക്കുന്ന കുട്ടി ഉറക്കെ വായിക്കുമ്പോൾ തെറ്റുപറ്റിയാൽ തിരുത്തിക്കൊടുക്കാൻ അക്ഷരമറിയുന്ന ഒരാൾപോലുമില്ലാത്ത ഒരു കുടുംബത്തിൽനിന്നുംവന്ന ഒന്നാം തലമുറ സാക്ഷരർ. ലോകത്തിന്റെ ഏതുഭാഗത്തും പോയി ഒരു പരിചയവുമില്ലാത്ത ആളുകൾക്കൊപ്പം ഏത് സങ്കീർണ്ണമായ ജോലിയും ചെയ്ത് ജീവിക്കാമെന്ന കരുത്ത് ഇവർക്ക് ലഭിച്ചു. പൊതുവിദ്യാലയത്തിൽനിന്ന് ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ കടൽ കടന്നുപോകാൻ ഇവർ തീരുമാനിച്ചു. വിസയ്ക്കും മറ്റും നൽകേണ്ട തുക കണ്ടെത്താൻ ഭൂപരിഷ്കരണത്തിലൂടെ ലഭിച്ച ഭൂമി സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഭാഗമായി രൂപീകരിച്ച സഹകരണ ബാങ്കുകളിൽ കുറഞ്ഞ പലിശയ്ക്ക് പണയം വയ്ക്കുകയും പ്രവാസത്തിനുള്ള മൂലധനം സമാഹരിക്കുകയും ചെയ്തു. ഇന്ന് ഇതെല്ലാം അട്ടിമറിക്കാനുള്ള

ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിച്ചപ്പോൾ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ എത്രമാത്രം വർദ്ധനവാണുണ്ടായതെന്ന് നാം കാണേണ്ടതാണ്. പ്ലാൻ ഫണ്ടിനുപുറമെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഓരോ നിയോജകമണ്ഡലത്തിലും അഞ്ച് കോടി രൂപ നൽകികൊണ്ട് ഒരു സ്കൂളിനെ മാതൃകാ സ്കൂളാക്കി മാറ്റി. ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും മൂന്ന് കോടി രൂപ അനുവദിച്ചു. ഇപ്പോഴത് മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപയാക്കി ഉയർത്തി. 500 വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാനസൗകര്യ വികസനത്തിന് 1,00,00,000/- രൂപ അനുവദിച്ചിരുന്നത് 1,30,00,000/- രൂപയാക്കി ഉയർത്തി. ഇത്തരത്തിൽ അടിസ്ഥാന സൗകര്യവികസനങ്ങളുമായി സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയെ വളർത്തുമ്പോൾ, വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണംപോലും നിഷേധിക്കുന്ന നിലപാടാണ് കേന്ദ്രഭരണകൂടം സ്വീകരിച്ചത്. ഇതോടെ പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകാനാകാത്ത

അവസ്ഥയാണുള്ളത്. രാജ്യത്തെ പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി പതിനായിരം കോടി രൂപ വകയിരുത്തിയെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രമാണ് ആദ്യ ഗഡു അനുവദിച്ചതെന്ന് നമുക്ക് അറിയാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ രണ്ടാം ഗഡു തുക അനുവദിച്ചത് മാർച്ച് 30-നാണ്. അതായത്, സാമ്പത്തിക വർഷം അവസാനിക്കുന്നതിന് കേവലം ഒരു ദിവസം മുൻപ് മാത്രം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ യു.ജി.സി. ശമ്പള കുടിശ്ശിക നൽകാനുള്ള 750 കോടി രൂപ കേരളത്തിന് നൽകില്ലെന്ന നിലപാടാണ് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തെ സംബന്ധിച്ചിടത്തോളം ബാധ്യതയായിവരുന്നതായാണ് കണ്ടുവരുന്നത്. കേന്ദ്രം തുന്നുന്ന വസ്ത്രങ്ങൾ പലപ്പോഴും കേരളത്തിന് പാകമാകാതെ പോകുന്ന സ്ഥിതിയുണ്ടെന്നുള്ള വിദഗ്ധ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭൂമി വിലയും കൂലിയും വളരെ കൂടുതലാണെങ്കിലും കേന്ദ്ര ബജറ്റ് അനുവദിക്കുമ്പോൾ അതൊന്നും കണക്കിലെടുക്കുന്നില്ല. കേന്ദ്രം കേരളത്തെ

സാമ്പത്തികമായി ദ്രോഹിക്കുന്നതിന്റെ ഭാഗമായി നിസാര കാരണങ്ങൾ പറഞ്ഞ് അർഹമായ വിഹിതം പിടിച്ചുവയ്ക്കുന്നു. കോ-ബ്രാൻഡിംഗ് നടപടിയുടെ പേരിൽ ആരോഗ്യ മേഖലയിൽ ലഭിക്കേണ്ട തുക ഇനിയും നൽകിയിട്ടില്ല. ഇതേ കാരണങ്ങൾ പറഞ്ഞാണ് വിഴിഞ്ഞം പദ്ധതിക്കും തുക തടഞ്ഞുവയ്ക്കുന്നത്. തനതുവരുമാനത്തിൽ റെക്കോർഡ് നേട്ടം കൈവരിച്ചതുകൊണ്ടുമാത്രമാണ് സംസ്ഥാനം പിടിച്ചുനിൽക്കുന്നത്. അല്ലെങ്കിൽ ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടാകുമായിരുന്നു. കേന്ദ്ര സർക്കാരിന്റെ സെസ് വരുമാനം 2012-13 കാലഘട്ടത്തിൽ, ആകെ വരുമാനത്തിന്റെ കേവലം 5.8 ശതമാനമാണ് ലഭിച്ചിരുന്നതെങ്കിൽ പത്തുവർഷം പിന്നിടുമ്പോൾ 2021-23 കാലയളവിൽ അത് 32 ശതമാനമായി ഉയർന്നു. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രം വെട്ടിക്കുറച്ചു. ദേശീയപാത വികസനത്തിനായി കേരളം ചെലവഴിച്ച 6,000 കോടി രൂപ കടമെടുപ്പ് പരിധിയിലേയ്ക്കുൾക്കൊള്ളിച്ച കേന്ദ്ര സർക്കാരിന്റെ നടപടി നമുക്കറിയാം. സ്ഥലമേറ്റെടുക്കാൻ സാധിക്കില്ലെന്നും സംസ്ഥാനത്ത് 30 മീറ്റർ ദേശീയപാത വികസിപ്പിക്കുന്നതാണ് നല്ലതെന്നും ഔദ്യോഗികമായി

അഭിപ്രായപ്പെട്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 6,000 കോടി രൂപ സർക്കാർ തുടർന്നും നൽകുന്നു. സംസ്ഥാനത്ത് കഴക്കൂട്ടം മുതൽ കാസർഗോഡ് വരെയുള്ള ദേശീയപാത വികസനം അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. ദേശീയപാത സ്ഥലമെടുപ്പിന്റെ 25 ശതമാനം വരുന്ന ഈ തുക കടമെടുപ്പ് പരിധിയിൽ ഉൾക്കൊള്ളിച്ചതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ പൂർണ്ണമായും സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് കൊല്ലുന്നു. ഈ നടപടിക്കെതിരെയുള്ള ജനകീയ പോരാട്ടത്തിലാണ് കേരളം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വിഷയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സ്ഥലമെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവെങ്കിലും സംസ്ഥാന വിഹിതം കടത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ പുളിമാത്ത്, വെള്ളല്ലൂർ, കരവാരം വില്ലേജുകളിലൂടെ കടന്നുപോകുന്ന കേശവപുരത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി രണ്ടായി

തിരിച്ചിരിക്കുകയാണ്. പകരം ഭൂമി വാങ്ങാൻ സർക്കാർ തുക അനുവദിക്കുമെന്ന പ്രതീക്ഷയിലാണ് അവിടത്തെ ജനങ്ങൾ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട 814 കോടി രൂപയിൽ ഇതുവരെ 387.35 കോടി രൂപ മാത്രമാണ് നൽകിയത്. പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയിൽ ലോകത്തിനുതന്നെ മാതൃകയായ കേരളം പോലൊരു സംസ്ഥാനത്തിന്റെ പ്രാദേശിക വികസനത്തെ പുറകോട്ടടിക്കുന്ന സാഹചര്യമാണ് കേന്ദ്ര സർക്കാർ സൃഷ്ടിച്ചത്. എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പാക്കിയ നാടാണ് കേരളം. തണൽ ഭവന പദ്ധതി, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, ലൈഫ് ഭവന പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ ഓരോ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലും നിരവധി ഗുണഭോക്താക്കൾക്ക് അടച്ചുറപ്പുള്ള വീട് നിർമ്മിച്ചുനൽകി. ലൈഫ് ഭവന പദ്ധതിയിൽ 4 ലക്ഷം രൂപ നൽകി. ഒരു ഗുണഭോക്താവിന് ഗ്രാമപ്രദേശങ്ങളിൽ 75,000 രൂപയും നഗരപ്രദേശങ്ങളിൽ 1.5 ലക്ഷം രൂപയുമാണ് കേന്ദ്രവിഹിതം നൽകിവരുന്നത്. എന്നാൽ ഈ

വിഹിതം ഉൾക്കൊണ്ട് കേന്ദ്ര പദ്ധതികളുടെ ലോഗോ ലൈഫ് മിഷൻ പദ്ധതിയിൻകീഴിലുള്ള വീടിന്റെ മുന്നിൽ വയ്ക്കണമെന്ന നിർദ്ദേശമാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ആകെ തുകയുടെ അഞ്ചിലൊരു ശതമാനം പോലുമില്ലാത്തിടത്ത് ഈ പദ്ധതിയുടെ ഗുണം മുഴുവൻ രാഷ്ട്രീയനേട്ടം ലഭിക്കുന്നതിനും പൊതുസമൂഹത്തിന് മുൻപിൻ ഈ പദ്ധതി നൽകുന്നത് തങ്ങളാണെന്ന് വരുത്തിത്തീർക്കാനുമുള്ള ഇത്തരം ശ്രമങ്ങൾക്ക് സംസ്ഥാന സർക്കാർ ഉചിതമായ മറുപടി നൽകിയതിനെത്തുടർന്ന് ഇത്തരം പദ്ധതികളുമായി മേലിൽ സഹകരിക്കില്ലെന്നാണ് കേന്ദ്രം അറിയിച്ചിരിക്കുന്നത്. കേരളം ആരോഗ്യ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഏജൻസികളിൽനിന്നും നിരവധി പുരസ്കാരങ്ങളും പ്രശംസയും ലഭിച്ചിട്ടുണ്ട്. കേരളം കോവിഡ് കാലഘട്ടത്തിലും അല്ലാതെയും നടത്തിയ നിരവധി പ്രവർത്തനങ്ങൾ കേന്ദ്ര ഭരണകൂടത്തിനുപോലും അംഗീകരിക്കേണ്ടിവന്ന സാഹചര്യമുണ്ടായിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖലകളിലെല്ലാം കേന്ദ്ര മുദ്രയായ കോ-ബ്രാന്റിംഗ് ചാർത്തണമെന്ന കേന്ദ്ര നിർദ്ദേശം

സ്വീകരിച്ചിട്ടുപോലും അർഹമായ വിഹിതം നൽകാതെ ദേശീയ ആരോഗ്യമിഷനുള്ള 85 കോടി രൂപ തടഞ്ഞുവച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 550 കോടി രൂപകൊണ്ടാണ് ഇപ്പോൾ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 60:40 എന്ന അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന വിഹിതമുപയോഗിച്ചുകൊണ്ടാണ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാൻ രൂപരേഖയുണ്ടാക്കിയത്. ഇത്തരത്തിൽ ഭൂപരിഷ്കരണം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ ലോകത്തിന് മാതൃകയായ, നോബൽ സമ്മാനജേതാവായ അമർത്യ സെൻ അടക്കമുള്ള നിരവധിപേർക്ക് അത്ഭുതമേകിയ കേരള മോഡൽ, ഇന്ന് കേരള ഭരണകൂടത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനുള്ള യോഗ്യതയായി മാറിയിരിക്കുന്നു എന്നുള്ളതാണ് സങ്കടകരം. പ്രത്യേക സമരമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയും കേന്ദ്ര അവഗണനയ്ക്കെതിരെ പ്രതിഷേധം നടത്തുന്ന അവസ്ഥ ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തേതാണ്. അർഹതപ്പെട്ട അവകാശങ്ങൾ കവർന്നെടുക്കുമ്പോൾ ശക്തമായ പ്രതിഷേധം നടത്തുന്ന ഒരുവിഭാഗവും എന്നാൽ ഉറക്കം നടിക്കുന്ന മറ്റൊരു കൂട്ടരും

ചേരുന്നതാണ് ഇന്നത്തെ കേരള രാഷ്ട്രീയം. ഉറക്കം നടിക്കുന്നവർ ഈ നാടിനെ നശിപ്പിക്കുന്നതിന് കൂട പിടിക്കുകയാണ്. 'ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതി' എന്ന നിലപാട് പുലർത്തുന്ന ഇവർക്ക് കേരള ചരിത്രത്തിന്റെ നാളെയുടെ ചരിത്രപുസ്തകത്തിൽ ഒറ്റുകാരുടെ മുഖമായിരിക്കുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ജനാധിപത്യ ഇന്ത്യ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും ഭയാനകവും ജനവിരുദ്ധവുമായ സാഹചര്യങ്ങളെ എങ്ങനെ ഫലപ്രദമായി നേരിടാൻ കഴിയുമെന്ന് വ്യക്തമാക്കുന്ന ഒരു സാമ്പത്തിക സ്ഥിതിയാണ് തനതു സാമ്പത്തിക വർഷത്തിലെ ബജറ്റ് അലോക്കേഷനിലൂടെ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുന്ന തരത്തിൽ വിജ്ഞാന വികസന സാമൂഹിക മേഖലയിലുള്ള വികസനം മുൻനിർത്തി നമ്മുടെ സംസ്ഥാനത്തിന്റെ ദീർഘകാല വികസനം

ലക്ഷ്യമിട്ടുകൊണ്ടാണ് നാം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകളിൽ പറഞ്ഞാൽ, കേരളം മുടിഞ്ഞുപോകുമെന്നുള്ള ഒരു കൂട്ടരുടെ വാദത്തിനുള്ള ശക്തമായ പ്രതികരണമാണ് ക്ഷേമപ്രവർത്തനങ്ങളിലൂടെ കേരളം ഈ കാലഘട്ടത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. 2022-ൽ 58,300 കോടി രൂപയായിരുന്ന തനതുവരുമാനം 2023-ൽ 71,900 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതുവരുമാനം വർദ്ധിക്കുന്നില്ലെന്ന വാദമുഖം ശക്തമായി കേരളത്തിൽ പ്രതിപക്ഷവും ചില പിന്തിരിപ്പൻ മാധ്യമങ്ങളും ഉയർത്തിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ രണ്ട് വർഷത്തിനിടയിലുള്ള വ്യത്യാസം പരിശോധിച്ചാൽ, 13,600 കോടി രൂപയുടെ തനതു നികുതിവരുമാനം വർദ്ധിച്ചതായി കാണാൻ കഴിയും. എന്നാൽ കേന്ദ്രം നൽകേണ്ട നികുതി വരുമാനം 2022-ൽ 47,800 കോടി രൂപയും 2023 ആയപ്പോൾ 45,608 കോടി രൂപയുമായി കുറയുന്ന സാഹചര്യവുമാണുണ്ടായത്. ഏകദേശം 2,200 കോടി രൂപയുടെ കുറവാണ് ഒരു സാമ്പത്തിക വർഷത്തിലുണ്ടായത്. റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 8,400

കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിന്റെ ഫലമായി 12,000 കോടി രൂപയും നഷ്ടപ്പെട്ടു. സംസ്ഥാനത്തിന്റെ റവന്യൂ ചെലവ്, ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ് തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ സാഹചര്യത്തിൽ കഴിയാതെ പോകുകയും അതിൽ വർദ്ധനവുണ്ടാവുകയും ചെയ്തിരിക്കുകയാണ്. റോഡ്, പാലം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് 2021-ൽ 1.39 ലക്ഷം കോടി രൂപയായിരുന്നത് 2023 ആയപ്പോൾ 1.59 ലക്ഷം കോടി രൂപയായി വർദ്ധിക്കുന്ന സാഹചര്യമാണുണ്ടായത്. 20,000 കോടി രൂപയുടെ വർദ്ധനവാണ് ആയിനത്തിൽ സംസ്ഥാനത്തിന് അധികമായി ചെലവഴിക്കേണ്ടി വന്നത്. വരവ് കുറയുകയും ഒഴിവാക്കാൻ കഴിയാത്ത ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണ് കേരളത്തിൽ സംജാതമായത്. നികുതി വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയ കുറവുകളെ സംബന്ധിച്ച് വലിയ ഡിബേറ്റുകളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 8,400 കോടി രൂപയും ജി.എസ്.ടി. വിഹിതത്തിൽ 12,000 കോടി രൂപയും നികുതി

വിഹിതത്തിൽ 18,000 കോടി രൂപയും വായ്പാനുമതിയുടെ ഭാഗമായി നമുക്ക് നഷ്ടപ്പെട്ട 19,000 കോടി രൂപയുംകൂടി ചേർത്താൽ 57,400 കോടി രൂപ കേരളത്തിന് നഷ്ടപ്പെട്ടിട്ടുണ്ടെന്ന വസ്തുത ഇപ്പോഴും മനസ്സിലാകാത്തത് പ്രതിപക്ഷത്തിനുമാത്രമാണ്. വാല്യൂ ആഡഡ് ടാക്സിൽനിന്നും ജി.എസ്.ടി.യിലേയ്ക്ക് മാറിയതുവഴി കടുത്ത വരുമാന നഷ്ടം കേരളത്തിനുണ്ടായിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും മദ്യത്തിന്റെയും വകയിൽ മാത്രമാണ് കേരളത്തിന്റെ വരുമാനം ഒതുങ്ങിനിൽക്കുന്നത്. ജി.എസ്.ടി. നിലവിൽ വന്നതോടെ പകുതി വരുമാനവും കേന്ദ്രത്തിന് പോകുന്ന സാഹചര്യമാണുണ്ടായത്. 2021-22-ൽ കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും ഭാഗമായുള്ള വായ്പയായ 3,140 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്നും വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇങ്ങനെ എന്തിനാണ് വെട്ടിക്കുറച്ചതെന്നതുസംബന്ധിച്ച് നാളിതുവരെ വ്യക്തമാക്കിയിട്ടില്ല. 64 ലക്ഷം പേർക്ക് പെൻഷൻ നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിനായി കേന്ദ്ര സർക്കാർ തുച്ഛമായ വിഹിതമാണ് നൽകുന്നത്. അതുതന്നെ 2020 ജനുവരി മുതൽ 2023

വരെയുള്ള കാലയളവിലേത് കൂടിശ്ശികയുമാണ്. സംസ്ഥാനം 579 കോടി രൂപ മുൻകൂറായി അനുവദിച്ചാണ് പെൻഷൻ നൽകിയത്. ഈ തുക 2023 ഡിസംബറിലാണ് കേരളത്തിന് കേന്ദ്ര സർക്കാർ നൽകിയത്. 2023 ജൂലൈ മാസം കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ നൽകിയ ഇനത്തിൽ 769.5 കോടി രൂപ കേരളം ചെലവഴിച്ചപ്പോൾ കേന്ദ്ര വിഹിതമായി ആകെ നൽകിയത് 17.15 കോടി രൂപ മാത്രമാണ്. 'എല്ലാ സഹായവും കേന്ദ്രം നൽകുന്നു, പെൻഷൻ വിഹിതം കേന്ദ്രം നൽകുന്നു' എന്ന് കേരളത്തിലെ പ്രതിപക്ഷവും മുഖ്യധാരാ മാധ്യമങ്ങളുമെല്ലാം പ്രചരിപ്പിക്കുമ്പോൾ, വസ്തുതകൾ ഇതാണെന്ന കാര്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. 2023 ജൂൺ 12-നും ഒക്ടോബർ മാസം 7-നും സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ട് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച കാര്യങ്ങളെല്ലാം ധരിപ്പിച്ചിരുന്നു. അതുപോലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിക്കുകയും കേരളത്തിന് അനുവദിക്കേണ്ട പണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അതിനനുകൂലമായ ഒരു തീരുമാനവും നാളിതുവരെ

ഉണ്ടായിട്ടില്ലെന്നതാണ് സ്ഥിതി. 2021-22 വർഷത്തെ ചെലവ് സംബന്ധിച്ച കണക്ക് സി. ആൻഡ് എ.ജി. സാക്ഷ്യപ്പെടുത്തി കേന്ദ്രത്തിന് നൽകാത്തതുകൊണ്ടാണ് കേരളത്തിന് അർഹതപ്പെട്ട നികുതി വിഹിതം അനുവദിക്കാത്തതെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ പ്രസ്താവിച്ചതായി പത്രമാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ കേരളം സമയബന്ധിതമായി അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ കേരളത്തിന്റെ വരവുചെലവ് കണക്കുകളുടെ സ്റ്റേറ്റുമെന്റ് സമർപ്പിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരു ഭരണഘടനാ സ്ഥാപനമായ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ കേരളം സമർപ്പിച്ച കണക്ക് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് അവർ നൽകാത്തതിന്റെ പഴിയും കേരളം ഏറ്റുവാങ്ങേണ്ട സ്ഥിതിയാണുണ്ടായിട്ടുള്ളത്. ദരിദ്രർക്കും സാധാരണക്കാർക്കും ഒരുവിധത്തിലുള്ള സൗജന്യവും സംസ്ഥാനം നൽകേണ്ടതില്ലെന്നുള്ളതാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. കേന്ദ്രത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന ഘട്ടത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിതന്നെ പാർലമെന്റിൽ പ്രസ്താവന നടത്തിയത്, കടം വാങ്ങി

ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതില്ലെന്നാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റ് കേരളത്തിന് എതിരായിട്ടുള്ളതാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കേന്ദ്രത്തിന്റെ സമീപനം കോർപ്പറേറ്റുകൾക്ക് ധാരാളം ധനസഹായം ചെയ്തുകൊടുക്കുകയെന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വായ്പ എഴുതിത്തള്ളുന്നതിലൂടെയും നികുതി കുറയ്ക്കുന്നതിലൂടെയും അവർ സ്വീകരിക്കുന്ന സമീപനം രാജ്യത്തെ കോർപ്പറേറ്റുകൾക്ക് തഴച്ചുവളരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ്. കഴിഞ്ഞ ബജറ്റിലും കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്നും 22 ശതമാനമായി കുറയ്ക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഇതിനെതിരായ ഒരു ബദൽ നയമാണ് കേരളത്തിലെ സാമ്പത്തിക ഭരണരംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. ഐ.ജി.എസ്.ടി. പിരിവിലൂടെ കേന്ദ്രം കളക്ട് ചെയ്യുന്ന നികുതി കേരളത്തിന് നൽകേണ്ടതായിട്ടുണ്ട്. ഇതിൽ 332 കോടി രൂപ വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ വെട്ടിക്കുറച്ചതെന്നതുസംബന്ധിച്ച് നാളിതുവരെ ഒരു പ്രതികരണവും നടത്തിയിട്ടില്ല. കേരളത്തിനെ ഞെരുക്കാൻ 15-ാം ധനകാര്യ കമ്മീഷന്റെ

പൊതുശിപാർശകൾ വളച്ചൊടിക്കുന്ന സമീപനമാണ് കാണാൻ കഴിഞ്ഞത്. കിഫ്ബിയുടെ കടവും സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിലുള്ള കടവും ഇതിന്റെ ഭാഗമാക്കി മാറ്റാനുള്ള സമീപനവും അവർ സ്വീകരിച്ചിട്ടുണ്ട്. ഇതിനെതിരായി ശക്തമായ സമരമാണ് ഈ കാലയളവിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും എം.എൽ.എ.-മാരും കേരളത്തിൽനിന്നുള്ള ഇടതുപക്ഷ എം.പി.-യുമെല്ലാം ചേർന്ന് രാജ്യതലസ്ഥാനത്ത് നടത്തിയത്. ആ സമരത്തിന്റെ പ്രാധാന്യം സംബന്ധിച്ച് എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്തുക്കൾ പരാമർശിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ സമഗ്രമായ അഴിച്ചുപണി നടത്തി ഫെഡറൽ സംവിധാനത്തിനെ സംരക്ഷിക്കുന്നതിനും സാമ്പത്തിക സ്വാശ്രയത്വം നിലനിർത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി ഒറ്റക്കെട്ടായിട്ടാണ് പ്രവർത്തിക്കേണ്ടത്. ഈ പൊതുവികാരത്തിൽനിന്നും വിഭിന്നമായ സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം ഇന്ന് സ്വീകരിച്ചുപോരുന്നത്. ഇതിനെതിരായി അതിശക്തമായ പോരാട്ടം നടത്തേണ്ട ഈ കാലഘട്ടത്തിൽ, ഒറ്റക്കെട്ടായി കേരളത്തിന്റെ

താൽപ്പര്യം മുറുകെപ്പിടിക്കാൻ മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാതരത്തിലുമുള്ള തെറ്റായ നടപടികളെ എതിർത്ത് മുന്നോട്ടുപോകാൻ കേരളം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, കേന്ദ്ര സർക്കാർ സാമ്പത്തികമായി കേരളത്തെ ഞെരുക്കാൻ ശ്രമിക്കുമ്പോഴും ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നൊരു ബജറ്റ് അവതരിപ്പിച്ചശേഷമാണ് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ധനകാര്യ മാനേജ്മെന്റ് മികച്ചതാണെന്നാണ് സംസ്ഥാനത്തെ ആശുപത്രികളും റോഡുകളും പാലങ്ങളും കാണുമ്പോൾ വ്യക്തമാകുന്നത്. കിഫ്ബി ഉണ്ടായിരുന്നില്ലെങ്കിൽ കേരളത്തിൽ ഇന്നുകാണുന്ന വികസന വിപ്ലവം തീർക്കാൻ നമുക്ക് സാധിക്കുമായിരുന്നില്ല. ഈ സംവിധാനത്തെ തകർക്കാനാണ് കേന്ദ്രം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെയുണ്ടായിരുന്ന പദ്ധതികളിൽ പലതും

കേന്ദ്ര സർക്കാർ നിർത്തിവച്ചു. നിലവിലുള്ള പദ്ധതി വിഹിതം കേന്ദ്രം തരാതിരിക്കുന്നതുമൂലം സംസ്ഥാന വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് വന്നുചേർന്നിട്ടുള്ളത്. കേന്ദ്ര വിഹിതം നൽകാത്തതുകൊണ്ട് ന്യൂനപക്ഷക്ഷേമ വകുപ്പിൽ പല പദ്ധതികളും നടപ്പിലാക്കാൻ കാലതാമസം വരുന്നുവെന്നതാണ് വസ്തുത. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കി. കേന്ദ്ര സർക്കാർ പിൻമാറിയ സാഹചര്യത്തിൽ കേരള സർക്കാർ 'മാർഗ്ഗദീപം' എന്നപേരിൽ ഒരു പുതിയ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി ഏർപ്പെടുത്തുമെന്നുള്ള പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. ഈ ബജറ്റിൽത്തന്നെ ഇതിനായി 20 കോടി രൂപ വകയിരുത്തിയെന്നതും എടുത്തുപറയേണ്ടതാണ്. അതുപോലെതന്നെ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ തുടങ്ങി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സഹായം നൽകുന്നതിനായി ആവിഷ്കരിച്ച പുതിയ പദ്ധതിയും സ്വാഗതാർഹമാണ്. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോഴിക്കോടും കൊച്ചിയിലും കണ്ണൂരിലുമായി മൂന്ന് എംബാർക്കേഷൻ പോയിന്റുകളാണുള്ളത്. ഇതിൽ

കോഴിക്കോട് ഹജ്ജ് ഹൗസും സ്ത്രീകൾക്കായി പ്രത്യേക താമസസ്ഥലവും നിർമ്മിച്ചിട്ടുണ്ട്. കൊച്ചിയിൽ സിയാൽ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. എന്നാൽ കണ്ണൂരിൽ ഇതിനാവശ്യമായ സൗകര്യങ്ങൾ പരിമിതമാണ്. ഇതിനുള്ള സൗകര്യമൊരുക്കുന്നതിനുവേണ്ടി 1 കോടി രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, മകൻ മരിച്ചാലും വേണ്ടില്ല മരുമകളുടെ കണ്ണുനീർ കാണാൻ ആഗ്രഹിക്കുന്ന അമ്മായിയമ്മയുടെ റോളിലാണ് പ്രതിപക്ഷമുള്ളത്. കേരളീയം പരിപാടിയും നവകേരള സദസ്സും കഴിഞ്ഞ 8-ാം തീയതി ഡൽഹിയിൽ നടന്ന കേന്ദ്രത്തിനെതിരെയുള്ള സമരവുമെല്ലാം അവർ ബഹിഷ്കരിച്ചു. ആ സമരം കാണാൻപോലും ഒരു എം.പി.-യും വന്നില്ല. അവിടെ മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ തുടങ്ങിയ നിരവധി പ്രമുഖർ വന്ന് പ്രസംഗിച്ചു. രാഷ്ട്രീയ രംഗത്തുള്ള പ്രഗത്ഭരെല്ലാം പങ്കെടുത്ത് കേരളത്തിന്റെ സമരം ന്യായമാണെന്ന് പറയുമ്പോഴും കേരളത്തിന്റെ ആവശ്യങ്ങളെ പിന്തുണയ്ക്കാൻ പ്രതിപക്ഷത്തുള്ളവരാരുംതന്നെ അവിടെ വന്നില്ല എന്നുള്ളത്

ദുഃഖകരമാണ്. നവകേരള സദസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 1,000 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നവകേരള സദസ്സും പ്രതിപക്ഷം ബഹിഷ്കരിച്ചു. അതിൽ ഉയർന്നുവന്ന ആവശ്യങ്ങൾ അവരുടെ നിയോജകമണ്ഡലങ്ങളിലുംകൂടി നിർവ്വഹിക്കുവാനാണ് 1,000 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. 140 നിയോജകമണ്ഡലങ്ങളിലും സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി എം.എൽ.എ.-മാരെ ഏറെ സഹായിച്ചിട്ടുള്ളൊരു പദ്ധതിയാണെന്ന് നമുക്കറിയാം. ഈ കാര്യവും നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് 1,000 കോടി രൂപയുടെ പാക്കേജ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ബജറ്റിൽ ഇല്ലെന്നാണ് ചില ആളുകൾ പറയുന്നത്. യഥാർത്ഥത്തിൽ 28.09 ശതമാനമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും ഈ ബജറ്റിന്റെ ഒരു പ്രത്യേകതയാണ്.

നമ്മുടെ നാട്ടിലെ വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ട് വില്ലേജ് ഓഫീസുകളായി. കഴിഞ്ഞ കാലത്തെ നമ്മുടെ ധനവിനിയോഗം എത്രമാത്രം സുസജ്ജമാണ് എന്നുള്ളതിന്റെ തെളിവാണിത്. അതുപോലെതന്നെയാണ് എല്ലാ മേഖലകളിലുമുണ്ടായിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലുള്ള 9 വില്ലേജ് ഓഫീസുകളിൽ ഏഴും സ്മാർട്ട് വില്ലേജ് ഓഫീസുകളായി. രണ്ടെണ്ണത്തിന് സ്ഥലം ഇല്ലായിരുന്നു. അതിലൊന്നിന് ഇപ്പോൾ സ്ഥലം ലഭ്യമാകുകയും ആധാരം കൈമാറിയപ്പോൾത്തന്നെ ബഹുമാനപ്പെട്ട മന്ത്രി 50 ലക്ഷം രൂപ അതിനായി അനുവദിക്കുകയും ചെയ്തു. സ്മാർട്ട് കൃഷി ഓഫീസുകൾ നാട്ടിലെല്ലാം തുടങ്ങിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലം ചാലിയാറിന്റെ തീരത്താണ്. തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വലിയ പിന്തുണ നൽകിയിട്ടുണ്ട്. മുൻഗണനാ കാർഡുകൾ അർഹരായവർക്ക് എത്തിക്കാൻ പ്രഖ്യാപിച്ച പദ്ധതി വിജയകരമായിരുന്നു. കഴിഞ്ഞ ദിവസം കാർഡ് വിതരണം ചെയ്യുന്ന പരിപാടിയിൽ എനിക്കും പങ്കെടുക്കാൻ സാധിച്ചു. നിയോജകമമണ്ഡലത്തിലെ മുഴുവൻ റോഡുകളും ബി.എം.&ബി.സി.

നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യം 90 ശതമാനവും പൂർത്തീകരിച്ചിരിക്കുകയാണ്.

കുടുംബശ്രീക്ക് 5 കോടി രൂപ അധികമായി ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പിന്നോക്കവിഭാഗം, പട്ടികജാതി-പട്ടികവർഗ്ഗ മേഖല എന്നിവയ്ക്ക് മികച്ച പിൻബലമാണ് ബജറ്റിൽ നൽകിയിട്ടുള്ളത്. നേരത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 50 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന മേഖലയായിരുന്നു തെരഞ്ഞെടുത്തിരുന്നതെങ്കിൽ ഇപ്പോൾ അത് കുറച്ച് 25 ആക്കിയിരിക്കുകയാണ്. അത് ഈ രംഗത്തുള്ള പുരോഗതിയാണ് കാണിക്കുന്നത്. ധനവിനിയോഗം എത്രമാത്രം കാര്യക്ഷമമായിരുന്നു എന്നതിന്റെ തെളിവാണ് ഇവയെല്ലാം.

ഈ സന്ദർഭത്തിൽ എനിക്കൊരു കാര്യം പറയാനുള്ളത്, ബജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത ചില പ്രശ്നങ്ങളുണ്ട് എന്നതാണ്. അങ്ങനെയാണെങ്കിലും സാമൂഹ്യ സുരക്ഷ പെൻഷന്റെ കേന്ദ്ര വിഹിത കുടിശ്ശിക എത്രയാണെന്ന് നമുക്ക് നോക്കാം. പെൻഷൻ കുടിശ്ശികയുണ്ടെന്നാണ് ഇവിടെ പറയുന്നത്. 8,46,456 ആളുകൾക്കാണ്

പെൻഷൻ നൽകേണ്ടത്. അതിന് 24,30,89,800 രൂപയാണ് കേന്ദ്രം ഒരു മാസം സംസ്ഥാനത്തിന് നൽകേണ്ടത്. അതിൽ 7 മാസത്തെ കുടിശ്ശികയായ 170,16,28,600 രൂപ കേന്ദ്ര ഗവൺമെന്റ് നൽകാനുണ്ട്. ഈ സംഖ്യകൂടി ഉൾപ്പെടുത്തിയാണ് പെൻഷൻ നൽകുന്നത്. ഇതെല്ലാം മാനേജ് ചെയ്തുകൊണ്ടുപോകാനുള്ള പ്രയാസം നമുക്കറിയാം. ഇക്കാര്യത്തിൽ വളരെ ചുരുങ്ങിയ സംഖ്യയാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. 60 മുതൽ 79 വയസ്സ് വരെയുള്ളവർക്കുള്ള ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 3,42,032 പേർക്കാണ് നൽകേണ്ടത്. അതിനായി കേന്ദ്രം നൽകുന്നത് 200 രൂപയാണ്. സംസ്ഥാന വിഹിതമായ 1,400 രൂപ കൂടിചേർത്ത് 1,600 രൂപ നൽകുന്നു. 80 വയസ്സിന് മുകളിലുള്ളവർക്കുള്ള ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 1,16,781 പേർക്ക് നൽകുന്നുണ്ട്. അതിനായി കേന്ദ്രം നൽകുന്നത് 500 രൂപയാണ്. ബാക്കി 1,100 രൂപ സംസ്ഥാനമാണ് നൽകുന്നത്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 60 വയസ്സിന് മുകളിലുള്ളവർക്ക് കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം നൽകുന്നത് 23,21,636 പേർക്കാണ്. കേന്ദ്ര ഗവൺമെന്റ് ഒന്നും

തരുന്നില്ല. അതിലും 1,600 രൂപ നൽകുന്നുണ്ട്. ഇന്ദിരാഗാന്ധി വികലാംഗ പെൻഷനുവേണ്ടി കേന്ദ്ര സഹായമുള്ളത് 66,928 രൂപയാണ്. കേന്ദ്രം നൽകുന്നത് 300 രൂപയാണ്, 1,300 രൂപ സംസ്ഥാന വിഹിതമായി നൽകുന്നു. ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത് 3,22,436 പേർക്കാണ്. കേന്ദ്രം ഒരു പൈസയും തരുന്നില്ല. 1,600 രൂപ സംസ്ഥാനം നൽകുന്നു. ഇന്ദിരാഗാന്ധി വിധവാ പെൻഷൻ കേന്ദ്ര സഹായമുള്ളത് 3,20,715 രൂപയാണ്. അതിനായി കേന്ദ്രം 300 രൂപയാണ് തരുന്നത്. 1,300 രൂപ സംസ്ഥാന വിഹിതം ചേർത്ത് 1,600 രൂപ നൽകുന്നു. ഇന്ദിരാഗാന്ധി വിധവാ പെൻഷൻ കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത് 9,84,258 പേർക്കാണ്. കേന്ദ്രം ഒരു പൈസയും തരുന്നില്ല. 1,600 രൂപയും സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. ഇങ്ങനെ എല്ലാ കാര്യങ്ങളിലും കേന്ദ്ര ഗവൺമെന്റ് അർഹതയുള്ള പണം തരുന്നില്ലെന്നുള്ളതാണ് വാസ്തവം. സംസ്ഥാന സർക്കാരിനെ വളരെ മോശമായ രീതിയിൽ കൈകാര്യം

ചെയ്യുകയും ഒരു വികസന പ്രവർത്തനങ്ങളും നടത്താൻ സമ്മതിക്കാതിരിക്കുകയുമാണ് കേന്ദ്ര സർക്കാർ.

നേരത്തെ ഡോ. കെ. ടി. ജലീലും ശ്രീ. എൻ. ഷംസുദ്ദീനുമൊക്കെ ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. ബാബറി മസ്ജിദ് പൊളിച്ച സ്ഥലത്താണ് ക്ഷേത്രം നിർമ്മിച്ചത് എന്നതിനെ സംബന്ധിച്ചാണ് തർക്കം. ഇത് ഇന്നും ഇന്നലെയും തുടങ്ങിയ തർക്കമല്ല. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ശ്രീ. നരേന്ദ്ര മോദിക്ക് 100 സീറ്റ് കൂട്ടി കിട്ടാൻവേണ്ടി ശ്രീ. ബാബാ രാംദേവ് കോഴിക്കോടുവച്ച് സോമയാഗം നടത്തിയിരുന്നു. ആ യാഗത്തിന് ശ്രീ. ശ്രീധരൻപിള്ളയുടെ കൂടെ വന്ന് പിന്തുണ കൊടുത്ത ആളുകളുമുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണുന്നതുപോലെയും ഒരു എം.പി. മറ്റൊരു എം.പി.-യെ കാണുന്നതുപോലെയുമല്ല. ഒരു ആവശ്യവുമില്ലാത്തൊരു രാഷ്ട്രീയ പരിപാടിയിൽ, അതും ശ്രീ. നരേന്ദ്ര മോദിക്ക് 100 സീറ്റ് അധികം ലഭിക്കാൻവേണ്ടി നടത്തുന്ന സോമയാഗത്തിൽ പങ്കെടുത്ത് ഐക്യദാർഢ്യം

പ്രഖ്യാപിച്ച ആളുകൾ ഇതൊന്നും പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇതൊന്നും പറഞ്ഞില്ലെന്ന് പറഞ്ഞ് ആരും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതില്ല. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ കോൺഗ്രസ്സിനെ സംബന്ധിച്ച് പറയുകയുണ്ടായി, കോൺഗ്രസ് ഇവിടെയാണ്, ബി.ജെ.പി. അവിടെയാണ് എന്നൊക്കെയുള്ള തർക്കമാണ് ഉണ്ടായത്. ഞാനൊരു കാര്യം ചോദിക്കട്ടെ. കോൺഗ്രസ്സിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. അശോക് ചവാൻ ഇപ്പോൾ എവിടെയാണ്; കർണ്ണാടകയിലെ മുൻ മുഖ്യമന്ത്രി ശ്രീ. എസ്. എം. കൃഷ്ണ ഇപ്പോൾ എവിടെയാണ്; ഉത്തർപ്രദേശ് മുൻമുഖ്യമന്ത്രി ശ്രീ. ജഗദാംബിക പാൽ ഇപ്പോൾ എവിടെയാണ്; ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ശ്രീ. വിജയ് ബഹുഗുണ ഇപ്പോൾ എവിടെയാണ്; പഞ്ചാബ് മുൻ മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗ് ഇപ്പോൾ എവിടെയാണ്; ഒഡീഷ മുൻമുഖ്യമന്ത്രി ശ്രീ. ഗിരിധർ ഗമാംഗ് ഇപ്പോൾ എവിടെയാണ്; മൂന്നുതവണ യു.പി.-യുടെയും ഒരുതവണ ഉത്തരാഖണ്ഡിന്റെയും മുഖ്യമന്ത്രിയായ എൻ.ഡി. തിവാരി ഇപ്പോൾ എവിടെയാണ്; ഗോവ മുഖ്യമന്ത്രി ശ്രീ. ദിഗംബർ കാമത്ത് ഇപ്പോൾ എവിടെയാണ്; മഹാരാഷ്ട്ര മുൻ

മുഖ്യമന്ത്രി ശ്രീ. നാരായൺ റാണെ ഇപ്പോൾ എവിടെയാണ്; അരുണാചൽ പ്രദേശ് മുൻമുഖ്യമന്ത്രി ശ്രീ. പേമ ഖണ്ഡു ഇപ്പോൾ എവിടെയാണ്; ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രി ശ്രീ. കിരൺ കുമാർ റെഡ്ഡി ഇപ്പോൾ എവിടെയാണ്? ഞാൻ മുഖ്യമന്ത്രിമാരെ മാത്രമേ പറഞ്ഞിട്ടുള്ളൂ. മന്ത്രിമാരെക്കൂടി പറയുകയാണെങ്കിൽ ഒരു മണിക്കൂർകൂടി സമയമെടുക്കേണ്ടിവരും. അതുകൊണ്ട് അക്കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതുസംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് ഒരാളും ചർച്ച ചെയ്യേണ്ടെന്ന് ശ്രീ. ടി. വി. ഇബ്രാഹിമും പറയുകയാണ്. അത് നിങ്ങൾ തമ്മിലുള്ള പ്രശ്നമാണ്. അത് തീർക്കാൻ ഞാൻ ആളല്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലും വ്യവസായ മേഖലയിലും സാമ്പത്തിക മേഖലയിലുമെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും ഗവൺമെന്റിന്റെയും നയവ്യതിയാനം വളരെ വ്യക്തമായി കാണിക്കുന്ന തരത്തിലുള്ള ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഗവൺമെന്റിന്റെ നയവ്യതിയാനം ഏത് തരത്തിലാണെന്നുള്ളത് ഇവിടെ എനിക്ക് മുമ്പ് പ്രസംഗിച്ച എല്ലാവരും സൂചിപ്പിച്ചു. ഞാനതിന്റെ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. ബജറ്റുമായി ബന്ധപ്പെട്ട ചില പോയിന്റുകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ ഞാൻ ഈ സമയം വിനിയോഗിക്കുന്നുള്ളൂ. ന്യൂനപക്ഷക്ഷേമത്തിന് നീക്കിവച്ച തുക മുഴുവൻ ചെലവഴിച്ചിരിക്കുന്നുവെന്ന് ശ്രീ. പി. ടി. എ. റഹീം സൂചിപ്പിച്ചു. ന്യൂനപക്ഷക്ഷേമത്തിന് നീക്കിവച്ച 63 കോടി രൂപയുടെ 13 ശതമാനം മാത്രമാണ് ചെലവഴിച്ചത്. അതുതന്നെ മാച്ചിംഗ് ഗ്രാന്റ് നൽകിയതിന്റെ കൂട്ടത്തിൽ ചെലവഴിച്ചുപോയതല്ലാതെ ന്യൂനപക്ഷങ്ങളെ സഹായിക്കുക എന്നൊരു നിലപാടിന്റെ ഭാഗമായിട്ടല്ല എന്നത് വളരെ വ്യക്തമാണ്. പ്രവാസി ക്ഷേമത്തിനായാലും ശുചിത്വമിഷനായാലും എല്ലാ മേഖലകളിലും അതുതന്നെയാണ് സ്ഥിതി. വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അതുപോലെതന്നെയാണ് എ.ഐ.പി. സ്കൂളുകളുടെ സ്ഥിതിയും. 2003 മുതൽ എയ്ഡഡ് സ്റ്റാറ്റസ് നൽകാൻ മുൻ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചിരുന്നുവെങ്കിലും എൽ.ഡി.എഫ്.

ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ ഉത്തരവ് റദ്ദാക്കി 2015 മുതൽ എന്നാക്കി മാറ്റി. 2003 മുതൽ എ.ഐ.പി. സ്കൂളുകളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകരുടെ സർവ്വീസ് സംബന്ധിച്ച് ഒരു വ്യക്തതയുമില്ല. അവരുടെ ശമ്പളവും ഗ്രാറ്റുവിറ്റിയും പെൻഷനും നിയമന അംഗീകാരവും ലഭിക്കാനാവശ്യമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. അത് തിരുത്താനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഞാനതിന്റെ ചരിത്രമൊന്നും പറയുന്നില്ല. ഈ ബജറ്റിന്റെ പൊതുവായ കാര്യങ്ങൾ എല്ലാവരും ഇവിടെ പറഞ്ഞുകഴിഞ്ഞു. കേരളത്തിന്റെ ധനക്കമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.4 ശതമാനമാണ്. 2022-23-ൽ 1.42 ലക്ഷം കോടി രൂപ മാത്രമാണ് സർക്കാർ ചെലവഴിച്ചത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 2.89 ശതമാനം കുറവാണ്. തന്മൂലം അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, വ്യവസായം എന്നീ മേഖലകളിൽ സർക്കാർ നിക്ഷേപം പാടേ കുറഞ്ഞുപോയിട്ടുണ്ട്. സർക്കാർ ചെലവിനെ ഉദ്ദീപിപ്പിക്കാൻ ശേഷിയുള്ള നികുതിയേതര വരുമാനം കാര്യമായി വർദ്ധിപ്പിച്ചിട്ടില്ലെന്നത്

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ വഷളായ സ്ഥിതിയിലേയ്ക്ക് പോയിരിക്കുന്നു എന്നതിന്റെ സൂചനയാണ്. നിലവിൽ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ അവശ്യ ആഹാര സാധനങ്ങളുടെ വിലക്കയറ്റവും സംസ്ഥാനത്തിന്റെ താഴ്ന്ന ഉപഭോഗ ഉപയുക്തതയും പരിഹരിക്കാൻ ഒരു നിർദ്ദേശവും ഈ ബജറ്റിൽ ഉണ്ടായിട്ടില്ലെന്നത് ഇതുവരെയുള്ള പ്രസംഗങ്ങളിൽനിന്നും വ്യക്തമാണ്. സംസ്ഥാനത്തെ ഉപഭോഗ ആവശ്യങ്ങളുടെ കുറവിന്റെ പ്രധാന കാരണം ഗ്രാമീണ തൊഴിലവസരങ്ങളിലെ കുറവുമൂലമുണ്ടായ വരുമാന കമ്മിയാണ്. ജനങ്ങളുടെ ചോരുന്ന ചേതനശേഷി വർദ്ധിപ്പിച്ചാൽ മാത്രമേ ഇത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നത് വ്യക്തമാണ്. താഴെത്തട്ടിലുള്ള സാധാരണക്കാരായ ആളുകളുടെ കൈയിലേയ്ക്ക് പണമെത്താത്ത കാലത്തോളം സാമ്പത്തികമായ ഒരു പുരോഗതിയും ഉണ്ടാക്കാൻ കഴിയില്ലെന്നത് വസ്തുതയാണ്. സർക്കാർ-സ്വകാര്യ നിക്ഷേപത്തെക്കുറിച്ചും ബജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. നിരവധി പൊതുമേഖലാ സ്ഥാപനങ്ങളും മറ്റ് സംരംഭങ്ങളുമൊക്കെ കേരളത്തിലുണ്ടെങ്കിലും അതൊരു ഗവൺമെന്റ്

സെക്രട്ടറിയായി നടക്കുക എന്നതിനപ്പുറം അത് സ്വകാര്യ വ്യക്തികളുടെ അടക്കം നിക്ഷേപങ്ങൾ സ്വീകരിക്കാനും അവരെക്കൂടി അതിൽ പങ്കാളികളാക്കാനും ശ്രമിച്ചാൽ സ്വാഭാവികമായും സാമ്പത്തികമായ ക്രയവിക്രയം നാട്ടിൽ നടക്കാൻ സാധ്യതയുണ്ട്. അത് ഉപയോഗപ്പെടുത്താൻ ശ്രദ്ധിച്ചാൽ അതിലൊരു മാറ്റം വരുത്താൻ സാധിക്കുമെന്ന് തോന്നുന്നു. മാത്രമല്ല, സി. ആൻഡ് എ.ജി.-യുടെ കണക്കുപ്രകാരം സംസ്ഥാനത്തെ നികുതി കുടിശ്ശികയായ 28,252 കോടി രൂപ പിരിച്ചെടുക്കാനുള്ള ശാസ്ത്രീയമായ ഒരു സമീപനവും ബജറ്റിൽ വിഭാവനം ചെയ്തിട്ടില്ല. ബജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീമിലെ നിബന്ധനകൾ അതിന്റെ ഉദ്ദേശ്യങ്ങളെ പരിമിതപ്പെടുത്തിയും പുതിയ നികുതി ചുമത്തി ഉപഭോഗ വളർച്ചയെ വീണ്ടും പരിമിതപ്പെടുത്തുന്നതിനും പകരം നികുതിയേതര വിഭവ സമാഹരണത്തിന് സർക്കാർ മുൻകൈ എടുക്കാതിരിക്കുന്നൊരു പ്രവണതയാണ് കാണാൻ സാധിക്കുന്നത്. അത് ഒഴിവാക്കിയാൽ മാത്രമേ ഈ പരാധീനത പരിഹരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ കടബാധ്യത കൂടിക്കൊണ്ടിരിക്കുകയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. വരുമാനവും

ചെലവും തമ്മിലുള്ള പൊരുത്തക്കേടാണ് സംസ്ഥാനം നേരിടുന്ന വലിയ വെല്ലുവിളി. ഇന്നത്തെ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാനുള്ള കഴിവുകേടും പ്രശ്നങ്ങൾ കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം ഓവർഡ്രാഫ്റ്റിലാണെന്ന് എല്ലാവർക്കുമറിയാം. സംസ്ഥാനത്തിന് ലഭിക്കാനുള്ള 57,000 കോടി രൂപ കേന്ദ്രം വെട്ടിക്കുറച്ചു. 2023-24-ലെ ബജറ്റ് മതിപ്പ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ ചെലവ് മൊത്തം റവന്യൂ വരുമാനത്തേക്കാൾ വളരെ വ്യത്യസ്തതയിലാണ് നിൽക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂകമ്മി സംസ്ഥാന ജി.ഡി.പി.-യുടെ 2.11 ശതമാനമാണ്. സംസ്ഥാനത്തിന്റെ ധനക്കമ്മി 39,662.23 കോടി രൂപയാണ്. ഇത് സംസ്ഥാന ജി.ഡി.പി.-യുടെ 3.5 ശതമാനമാണ്. സംസ്ഥാന ബജറ്റിലെ മൂലധന ചെലവും ജി.ഡി.പി.-യുടെ ശതമാനവും വർദ്ധിപ്പിക്കുകയെന്നത് മാത്രമാണ് ഇതിന് പരിഹാരമായിട്ടുള്ളത്. ഇത് സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ കുറവാണ്. 50,000 കോടി രൂപയുടെ കുടിശ്ശികയാണ് കൊടുത്തുതീർക്കാനുള്ളത്. ശമ്പളം,

പെൻഷൻ, ശമ്പള പരിഷ്കരണത്തിന്റെ രണ്ട് ഗഡു, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള 18 ശതമാനത്തോളം ക്ഷാമബത്ത എന്നിവയെല്ലാം കുടിശ്ശികയാണ്. കരാറുകാർക്കും പണം നൽകാനുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സപ്ലൈകോ, കാരുണ്യ നിക്ഷേപ പദ്ധതി, ക്ഷേമ പെൻഷൻ, ജൽജീവൻ മിഷൻ എന്നിവയിലും കുടിശ്ശികയാണ്. എല്ലാ മേഖലകളിലും സാമ്പത്തിക പരാധീനതയിൽ നിൽക്കുന്നൊരു ഗവൺമെന്റാണിത്. ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാതെ മുന്നോട്ടുപോകുന്നൊരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ പണം അനുവദിക്കുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് രണ്ടത്താണി പ്രദേശത്തെ രണ്ട് മേഖലകളായി വിഭജിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണാനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നില്ല. പഞ്ചായത്തുകൾക്ക് പണം ലഭ്യമാക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ജനങ്ങൾ

തിങ്ങിതാമസിക്കുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുന്നു. അങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ എല്ലാ പ്രദേശങ്ങളിലുമുണ്ടാകുന്നു. ജനങ്ങളോട് പ്രതിബദ്ധതയില്ലാത്ത ഒരു ഗവൺമെന്റിന്റെ നിലപാടുകളാണ് ബജറ്റിൽ നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്രം സൃഷ്ടിക്കുന്ന പ്രതിസന്ധികളുടെയും വിവേചനങ്ങളുടെയും നടുക്കടലിൽ നിൽക്കുമ്പോഴും നമ്മുടെ സാമൂഹ്യനേട്ടങ്ങളെയാകെ സംരക്ഷിച്ചും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പാക്കിയും സർവ്വതലസ്പർശിയായ വികസനവും ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും കൈവരിക്കുകയെന്നതാണ് പിണറായി വിജയൻ സർക്കാരിന്റെ കാഴ്ചപ്പാട്. 2016 മുതൽ അവതരിപ്പിച്ച ഓരോ ബജറ്റിലേയും സമീപനം ഇതായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2024-25-ലെ ബജറ്റും ഈ

ദിശയിലേയ്ക്കുള്ള തുടർച്ചയായ പ്രയാണം തന്നെയായിരുന്നു. കേരളത്തിലെ സമ്പദ് വ്യവസ്ഥ സൂര്യോദയ സമ്പദ് വ്യവസ്ഥയായി മാറിയിരിക്കുന്നുവെന്ന ബജറ്റിലെ ആമുഖത്തിലെ നിരീക്ഷണം അടിവരയിട്ട് സാധൂകരിക്കുന്നതാണ്. 8 വർഷക്കാലയളവിൽ ഇത്രയേറെ മാനവിക നേട്ടങ്ങൾ കൈവരിച്ച മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. കേരള മാതൃകയെ തകർക്കാൻ ശ്രമിക്കുന്നവരോട് കേരളം തകരില്ല, തളരില്ല, തകർക്കാൻ അനുവദിക്കുകയില്ല എന്നാണ് ബജറ്റിലെ പ്രഖ്യാപനം. കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന ഉപരോധ സമാനമായ സാമ്പത്തിക വിവേചനത്തിന്റെയും ആഗോള മാന്ദ്യത്തിന്റെയും സാഹചര്യത്തിൽ പുതിയ സാധ്യതകൾ കണ്ടെത്തിയും ഉപയോഗപ്പെടുത്തിയുമാണ് വികസന പാതയിൽ കേരളം മുന്നോട്ടുപോകുന്നത്. അടുത്ത മൂന്ന് വർഷത്തിനകം മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക, വ്യാവസായിക മേഖലകളിൽ നൂതനങ്ങളായ ഒട്ടേറെ

പരിപാടികൾ നിർദ്ദേശിക്കുന്ന ഈ ബജറ്റിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി കൊടുക്കുമെന്നും ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത നൽകുമെന്നുമുള്ള പ്രഖ്യാപനം തികച്ചും സ്വാഗതാർഹമാണ്. അതിവേഗ ടൂറിസം പദ്ധതികൾ, കൊച്ചി തുറമുഖ വികസനം, വ്യവസായ ഇടനാഴികൾ, ഐ.ടി.-ഐ.ടി. അധിഷ്ഠിത മേഖലയുടെ വികസനം, കേരളത്തെ മെഡിക്കൽ ഹബ്ബാക്കി മാറ്റാനുള്ള നടപടികൾ, 25 പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുവാനുള്ള നടപടികൾ എന്നീ ബജറ്റ് പ്രഖ്യാപനങ്ങൾ ശ്ലാഘനീയമാണ്. ചൈനീസ് മാതൃകയിൽ വികസന സോണുകൾ, പ്രായമായവരെ സംരക്ഷിക്കുന്നതിന് കെയർ സെന്ററുകൾ, സർക്കാർ ആശുപത്രികളെ സഹായിക്കുന്നതിന് ആരോഗ്യ സുരക്ഷാ ഫണ്ട്, അങ്കണവാടി ജീവനക്കാർക്ക് ഇൻഷ്വറൻസ്, കുടുംബശ്രീ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കെ-ലിഫ്റ്റ് എന്നിവയെല്ലാം ബഡ്ജറ്റിലെ പുതിയ പ്രഖ്യാപനങ്ങളാണ്. കൂടാതെ റബ്ബറിന്റേയും നാളികേരത്തിന്റേയും

താങ്ങുവില വർദ്ധിപ്പിച്ച നടപടിയും പ്രശംസനീയമാണ്. പരിമിതിക്കുള്ളിലും ഓരോ മേഖലയിലും മിതമായ വിഹിതം നീക്കിവയ്ക്കുന്നതിനും ബജറ്റിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിന് 1,032 കോടി രൂപ, ഉന്നത വിദ്യാഭ്യാസത്തിന് 456 കോടി രൂപ, പൊതുജനാരോഗ്യത്തിന് 2,052 കോടി രൂപ, വ്യവസായത്തിന് 1,729 കോടി രൂപ, കാർഷിക മേഖലയ്ക്ക് 1,698 കോടി രൂപ, ലൈഫ് പദ്ധതിക്ക് 1,132 കോടി രൂപ, സഹകരണ മേഖലയ്ക്ക് 134 കോടി രൂപ എന്നിങ്ങനെയാണ് പ്രധാന ബജറ്റ് പ്രഖ്യാപനമെങ്കിലും കേരള റബ്ബർ ലിമിറ്റഡ്, കെ.എസ്.ആർ.ടി.സി. എന്നിവയ്ക്കും സഹായം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ, പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ഖാദി, കൈത്തറി എന്നിവയ്ക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, കുടുംബശ്രീക്ക് 215 കോടി രൂപയുടെ ബജറ്റ് സഹായവും 430 കോടി രൂപയുടെ വായ്പാ സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ

അപേക്ഷിച്ച് കേരളത്തിന് തനിമയാർന്ന പാത സ്വീകരിക്കാൻ കഴിയുമെന്ന സാക്ഷ്യപത്രമാണ് ഈ ബജറ്റ്. നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ 1,000 കോടി രൂപയും നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട വികസന പദ്ധതികൾക്കായി 1,000 കോടി രൂപയും അനുവദിച്ച ബജറ്റ് പ്രഖ്യാപനം തികച്ചും സ്വാഗതാർഹമാണ്. കൂടാതെ ജി.എസ്.ടി.ക്കുമുൻപ് നിലവിലുണ്ടായിരുന്ന നികുതി കുടിശ്ശികയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചത് ചെറുകിട വ്യാപാരികൾക്ക് ആശ്വാസം പകരുന്നതാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ കേരളത്തോട് കടുത്ത നീതി നിഷേധമാണ് കാണിക്കുന്നത്. കൂടുതൽ മികവിലേക്ക് പോകാൻ കേരളത്തെ പിന്തുണയ്ക്കുന്നതിനുപകരം തടസ്സം സൃഷ്ടിക്കുന്നതിനാണ് കേന്ദ്രം ശ്രമിക്കുന്നത്. പ്രളയങ്ങളുടെയും മഹാമാരികളുടെയും ഘട്ടത്തിൽ അർഹമായ സഹായങ്ങൾ ലഭ്യമാക്കിയില്ലെന്ന് മാത്രമല്ല അവ മൂടിവയ്ക്കാനും ശ്രമിച്ചു. ഭരണഘടനാവിരുദ്ധമായ നടപടികളിലൂടെ കേരളത്തെ സാമ്പത്തികമായി

ഞെരുക്കുന്നു. കിഫ്ബി പോലെ സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾ എടുക്കുന്ന വായ്പകളും സർക്കാർ വായ്പയായി പരിഗണിച്ച് കടമെടുപ്പ് പരിധി ചുരുക്കുന്നു. ഹെൽത്ത് മിഷൻ, യു.ജി.സി. മൂലധന സഹായത്തിനുള്ള വായ്പാ സഹായം തുടങ്ങിയ കേരളത്തിന് അർഹമായ 4,350 കോടി രൂപയുടെ ഗ്രാന്റുകൾ തടഞ്ഞുവച്ചിരിക്കുകയാണ്. കൂടാതെ എയിംസ് പോലെയുള്ള ദീർഘകാല ആവശ്യങ്ങൾ അംഗീകരിക്കുന്നില്ല. കേന്ദ്ര ബജറ്റിലാകട്ടെ, കേരളത്തെകുറിച്ച് ഒരു വാക്കുപോലുമില്ല. റബ്ബർ കർഷകരെ സഹായിക്കാൻ നടപടിയില്ല. സിൽവർ ലൈനടക്കം നിരാകരിച്ചു. കമ്മ്യൂണിസ്റ്റ് സർക്കാരിനെ എങ്ങനെയൊക്കെ ദ്രോഹിക്കാൻ കഴിയുമെന്ന് ഗവേഷണം നടത്തുകയാണ് ഹിന്ദു വർഗ്ഗീയവാദികളുടെ കാർമ്മികത്വത്തിലുള്ള ശ്രീ. നരേന്ദ്ര മോദി ഭരണം. ഇതിന് ചൂട്ടുപിടിച്ചുകൊടുക്കുകയാണ് ഇവിടത്തെ പ്രതിപക്ഷം. സംസ്ഥാന സർക്കാർ കൂടുതൽ തുക മുതൽമുടക്കിയ പദ്ധതികൾപോലും സ്വന്തം പദ്ധതികളാക്കി മാറ്റാനാണ് കേന്ദ്രം ശ്രമിക്കുന്നത് എന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. ഒരു രാജ്യം, ഒരു

മതം, ഒരു വിശ്വാസം, ഒരു ഭാഷ, ഒരു നേതാവ്, ഒരു തെരഞ്ഞെടുപ്പ് എന്നതുപോലെ രാജ്യമൊട്ടുക്ക് ഒരു നിയമം എന്ന ലക്ഷ്യം നടപ്പിലാക്കാൻ സംഘ്പരിവാറിന്റെ നേതൃത്വത്തിലുള്ള മോദി ഭരണം ശ്രമിക്കുന്നു. ശക്തമായ ചെറുത്തുനിൽപ്പിലൂടെ ഇതിനെ പ്രതിരോധിക്കേണ്ടതുണ്ട്. കേന്ദ്രം കേരളത്തോട് തുടരുന്ന ശത്രുതാപരമായ അവഗണനമൂലം സൃഷ്ടിക്കപ്പെട്ട കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ എല്ലാ വിഭാഗം ജനങ്ങളേയും ചേർത്തുപിടിച്ച് ക്ഷേമ പ്രവർത്തനങ്ങൾ ഉപേക്ഷിക്കാതെ വികസനം ഉറപ്പാക്കുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബജറ്റ്. സംസ്ഥാനത്തിന്റെ വികസനക്കുതിപ്പ് അടിസ്ഥാനമാക്കുന്ന പല നിർദ്ദേശങ്ങളും ബജറ്റിലുണ്ട്. രണ്ടാം പിണറായി സർക്കാർ കാലാവധി പൂർത്തിയാക്കുന്നതോടെ മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ബജറ്റിൽ വിഭാവനം ചെയ്യുന്നത്. ഇത് തികച്ചും ശ്ലാഘനീയമാണ്. കേന്ദ്ര ബജറ്റിന് എന്തുകൊണ്ടും ബദൽ ഉയർത്തുന്ന ബജറ്റാണിത്. വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് വൻ വികസന

കാഴ്ചപ്പാട് ഒരു വശത്ത് അവതരിപ്പിക്കുമ്പോൾതന്നെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഹബ്ബായി കേരളത്തെ മാറ്റാനുള്ള ശ്രമവുമുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുമ്പോഴും കൃഷി ഉൾപ്പെടെയുള്ള മറ്റു മേഖലകളെ അവഗണിച്ചില്ലെന്ന് മാത്രമല്ല, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്തിയിട്ടില്ല. കാർഷിക മേഖലയ്ക്ക് 1,698.30 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ റബ്ബർ മേഖലയെ പൂർണ്ണമായും അവഗണിച്ചപ്പോൾ കടുത്ത സാമ്പത്തിക ഞെരുക്കത്തിനിടയിലും റബ്ബറിന്റെ താങ്ങുവില 180 രൂപയാക്കാൻ സാധിച്ചു. സംസ്ഥാന ബജറ്റിൽ എടുത്തുപറയേണ്ട ഒന്നാണ് കേരളത്തെ കെയർ ഹബ്ബാക്കി മാറ്റാനുള്ള നിർദ്ദേശം. സമീപഭാവിയിൽ സംസ്ഥാനത്ത് 20 ശതമാനം ജനങ്ങളും 60 വയസ്സ് കഴിഞ്ഞവരായിരിക്കെ കെയർ സെന്ററുകൾ തുടങ്ങുന്നുവെന്ന നിർദ്ദേശം വയോജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ്. ഈ നിർദ്ദേശം മുന്നോട്ടുവച്ച് ബജറ്റ് വിഹിതം അനുവദിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രശംസ അർഹിക്കുന്നു. തോട്ടം

മേഖലകളിലെ ലയങ്ങൾക്ക് ബജറ്റ് വിഹിതം ഉൾപ്പെടുത്തിയതും സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 4,000 കോടി രൂപയിലധികം വകയിരുത്തിയതും പരമ്പരാഗത മേഖലയ്ക്കും മത്സ്യബന്ധന മേഖലയ്ക്കും മോശമല്ലാത്ത പരിഗണന ബജറ്റിൽ വിഭാവനം ചെയ്തതും സ്വാഗതാർഹമാണ്. ഏത് കോണിലൂടെ നോക്കിയാലും, പ്രതിസന്ധിക്കിടയിലൂടെയും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രതീക്ഷ നൽകുന്ന ബജറ്റാണ്. എൽ.ഡി.എഫ്. പ്രകടനപത്രികയിലും നവകേരള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടവച്ച രേഖയിലും പറഞ്ഞ നവകേരള സൃഷ്ടി പ്രാവർത്തികമാക്കാനുള്ള നടപടികളാണ് ബജറ്റിലുള്ളത്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അർഹമായിട്ടുള്ള 57,400 കോടി രൂപ നൽകാതെ അവഗണിക്കുമ്പോൾ പുതിയ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്താൻ മാത്രമേ സംസ്ഥാനത്തിന് കഴിയുകയുള്ളൂ. അതോടൊപ്പം കേന്ദ്ര അവഗണനയ്ക്കെതിരെ പ്രക്ഷോഭം ശക്തമാക്കണം. ഇതിന്റെ ഭാഗമായിട്ടുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന

ഡൽഹിയിലെ പ്രതിഷേധ സമരം. ഇതിൽ പങ്കെടുക്കാതെ കേരളത്തെ അവഗണിക്കുന്ന മോദി സർക്കാരിനെ പിന്തുണയ്ക്കുകയാണ് കേരളത്തിലെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം. കോൺഗ്രസ്സ് ഭരിക്കുന്ന കർണ്ണാടകത്തിൽ അവഗണനയ്ക്കെതിരെ സമര രംഗത്ത് വന്നത് കണ്ണുതുറന്ന് കാണുന്നതിന് കെ.പി.സി.സി.യും യു.ഡി.എഫ്.-ഉം. തയ്യാറാകണം. പ്രതിപക്ഷം വന്നില്ലെങ്കിലും കേരളത്തിനുവേണ്ടിയുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തുന്ന ഡൽഹി സമരം ജനാധിപത്യ ചരിത്രത്തിന്റെ ഉജ്ജ്വലമായ മാതൃകയാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തെ സംസ്ഥാന സർക്കാർ എങ്ങനെ മറികടക്കാൻ ശ്രമിക്കുന്നുവെന്നാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. പഴയ കോളനി ഭരണത്തിന്റെ ഹാംഗ്ഓവർ കേന്ദ്രം ഭരിക്കുന്നവരിൽ ഏറിയും കുറഞ്ഞും നിലനിൽക്കുന്നുണ്ടെന്നാണ് തോന്നുന്നത്. കേന്ദ്രത്തിന്റെ കോളനി

ഭരണത്തിൻകീഴിൽ മുട്ടിലിഴയുന്ന ഒരു നാട്ടുരാജ്യം മാത്രമായി സംസ്ഥാനത്തെ കാണാൻ ശ്രമിക്കുന്നതുകൊണ്ടാണ് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തിൽ 57,000 കോടി രൂപയുടെ വെട്ടിക്കുറവ് വരുത്തിയിരിക്കുന്നത്. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട വിഹിതം വെട്ടിക്കുറയ്ക്കുന്നത് ഈ കോളനിഭരണ സംസ്കാരം ചിലരിൽ നിലനിൽക്കുന്നതുകൊണ്ടാണ്.

പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതാണെങ്കിലും ആവർത്തിച്ച് പറഞ്ഞാൽമാത്രമെ ചിലർക്ക് മനസ്സിലാകുകയുള്ളൂ എന്നതുകൊണ്ട് ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. സംസ്ഥാനം നികുതിയിനത്തിൽ 65 രൂപ പിരിച്ചെടുത്താൽ 35 രൂപ കേന്ദ്രം നൽകണമെന്നതാണ് കേന്ദ്രശരാശരി. പക്ഷേ കേരളം 79 രൂപ തനത് നികുതിയായി പിരിച്ചെടുക്കുമ്പോൾ കേന്ദ്രം തരുന്നത് 21 രൂപയാണ്. അതായത്, നൂറിൽ 21 രൂപയാണ് കേന്ദ്ര സംഭാവനയെങ്കിൽ ഉത്തർപ്രദേശിൽ നൂറിൽ 46-ഉം ബീഹാറിൽ നൂറിൽ 70 രൂപയുമാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഫിനാൻസ് റിപ്പോർട്ടിലെ കണക്കാണ് ഞാനിവിടെ ഉദ്ധരിച്ചത്.

ഇതിനെതിരെ സംസ്ഥാനത്തിന്റെ അവകാശങ്ങളെക്കുറിച്ച് പറയുമ്പോൾ പരിഹസിക്കുന്നവരുടെ കൂട്ടത്തിൽ പ്രതിപക്ഷംകൂടി ഉൾപ്പെടുന്നുവെന്ന് അറിയുന്നതിൽ വൈരുദ്ധ്യവും വിഷമവുമുണ്ട്. ആദരണീയനായ കഥാകാരൻ ശ്രീ. ടി. പത്മനാഭന്റെ ഒരു പുസ്തകത്തിന്റെ ശീർഷകം 'അവർ പാട്ട് പാടി, നമ്മൾ പളളി പൊളിച്ചു' എന്നതാണ്. ബാബറി മസ്ജിദ് തകർക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ട ലേഖന സമാഹാരമാണിത്. വിഖ്യാത ഗായകരായ അബ്ദുൾ കരീംഖാൻ, ഗുലാം അലി, ഉസ്താദ് വിലായത്ത് ഖാൻ തുടങ്ങിയവരുടെ സംഗീത ജീവിതവും മതേതര ചിന്തകളും കോർത്തിണക്കിക്കൊണ്ടുള്ള ശ്രീ. ടി. പത്മനാഭന്റെ നിരീക്ഷണം ഏത് കാലത്തും പ്രസക്തമാണ്. അദ്ദേഹം തന്റെ പുസ്തകത്തിന് നൽകിയ ശീർഷകം ഒരിക്കൽകൂടി ഞാൻ ആവർത്തിക്കുന്നു. 'അവർ പാട്ട് പാടി, നമ്മൾ പളളി പൊളിച്ചു'. അതേരീതിയിൽ 'ഞങ്ങൾ സമരം ചെയ്തു; നിങ്ങൾ സമരം പൊളിക്കാൻ നോക്കി'. ഞങ്ങൾ കേന്ദ്ര അവഗണനയ്ക്കെതിരെ ഡൽഹിയിൽപോയി പ്രതിഷേധിച്ചു; നിങ്ങൾ കാസർഗോഡ് മുതൽ മൈക്ക് വച്ചുകെട്ടി ഞങ്ങളെ പരിഹസിച്ചു.

ഗാന്ധിയനായ ശ്രീ. ടി. പത്മനാഭൻ കോൺഗ്രസുകാരൻ ആണെന്നതിൽ അഭിമാനം പങ്കുവയ്ക്കാറുണ്ട്. പക്ഷേ ഇന്നത്തെ കോൺഗ്രസുകാരനല്ലെന്ന് അദ്ദേഹം പ്രത്യേകം ഓർമ്മിപ്പിക്കാറുമുണ്ട്. കേന്ദ്രത്തിലെ ബി.ജെ.പി. ഭരണത്തോടുള്ള ഇടതുപക്ഷത്തിന്റെ എതിർപ്പ് കേന്ദ്രവിഹിതം കൂട്ടിത്തരുന്നതോടുകൂടി തീരുന്ന ഒന്നല്ല. അത് നയത്തിന്റെയും ആശയ അടിത്തറയുടെയും വിയോജിപ്പാണ്. സർവ്വാധിപത്യത്തിനും ന്യൂനപക്ഷ വിരുദ്ധതയ്ക്കുമെതിരായ ചെറുത്തുനിൽപ്പാണ് ഇടതുപക്ഷം നടത്തുന്നത്. അയോധ്യ ഒരു തുടക്കംമാത്രമാണെന്ന് തോന്നും. കഴിഞ്ഞ ദിവസം ശ്രീ. യോഗി ആദിത്യനാഥ് ഇക്കാര്യം വെളിപ്പെടുത്തിയത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മഥുരയിലേയ്ക്കും കാശ്മീരിലേയ്ക്കും ബുൾഡോസറുകൾ നീങ്ങുമെന്നാണ് അദ്ദേഹം നൽകിയ സൂചന. മതേതരത്വത്തെക്കുറിച്ച് പാടാൻ ഞങ്ങളും; പൊളിക്കാൻ നിങ്ങളും എന്ന അവസ്ഥയാണുള്ളത്. പഴയതിലേയ്ക്കുള്ള സംഘ്പരിവാർ ശക്തികളുടെ തിരിച്ചുപോക്ക് യാദൃശ്ചികമല്ല. അത് കേവലം ഒരു വികാരത്തിൽ നിന്നുണ്ടാകുന്നതുമല്ല. തിരിച്ചുപോക്കിനും പളളിപൊളിക്കലിനും കൃത്യമായ

അജണ്ടയുണ്ട്. പ്രശസ്ത എഴുത്തുകാരനായ George Orwell '1984' എന്ന കൃതിയിൽ ഇത്തരം പ്രവണതകളെ വിഭാവനം ചെയ്യുന്നുണ്ട്. "Who controls the past controls the future...." എന്ന് George Orwell എഴുതിയിട്ടുണ്ട്. പഴയത് നിയന്ത്രിക്കുന്നവർ പുതിയതിനെയും നിയന്ത്രിക്കും. ചരിത്രം ചികഞ്ഞ് ഭൂതകാലത്തെ വരുതിയിലാക്കാൻ നോക്കുന്നവർ ഭാവിയെ കീഴടക്കാൻ കണക്കുകൂട്ടുന്നവർ തന്നെയാണ്. ഈ സർവ്വാധിപത്യ ശക്തികൾക്കെതിരെയാണ് ഇടതുപക്ഷം പ്രതിരോധം ഒരുക്കുന്നതും പ്രതിപക്ഷം അത് കണ്ടില്ലെന്ന് നടിക്കുന്നതും.

കേന്ദ്രത്തിനെതിരായ ഇടതുപക്ഷത്തിന്റെ പ്രതിരോധത്തെ പരിഹസിച്ചതുപോലെ പ്രതിപക്ഷം ഏറ്റവും കൂടുതൽ അപമാനിക്കാൻ ശ്രമിച്ചത് നവകേരള സദസ്സിനെയായിരുന്നു. നവകേരള സദസ്സിനെ ജനവിരുദ്ധ നടപടിയായി ചിത്രീകരിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട പ്രതിപക്ഷത്തിന് ഓരോ സദസ്സിലും വന്നുകൂടിയ ജനക്കൂട്ടത്തെ കണ്ട് കണ്ണുതള്ളിപ്പോയെന്ന് പറയാതെ നിവൃത്തിയില്ല. ഒരു കാര്യം ഞാൻ നിസ്സംശയം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു; നവകേരള സദസ്സ്

ഉണ്ടാക്കിയ പ്രത്യാഘാതത്തിൽനിന്നാണ് കോൺഗ്രസിന്റെ സമരാഗ്നിജാഥ പുറപ്പെട്ടത്. "അനുകരണമാണ് ഏറ്റവും വലിയ കലാവിദ്യ" എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്; അതുകൊണ്ട് കുഴപ്പമില്ല. 'യാത്ര തീരുന്നതോടെ നവകേരള സദസ്സും തീരും' എന്നായിരുന്നു വിമർശനം. അത് മറ്റൊരു തുടക്കമായിരുന്നുവെന്ന് ചിന്തിക്കാനുള്ള ശേഷി പ്രതിപക്ഷത്തിനുണ്ടായിരുന്നില്ല. നവകേരള സദസ്സിന്റെ ഭാഗമായി ഉയർന്നുവന്ന നിർദ്ദേശങ്ങളെത്തുടർന്നുണ്ടായ പ്രോജക്ട് രൂപീകരണത്തിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ 35 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഓരോ നിയമസഭാമണ്ഡലത്തിനും 25 ലക്ഷം രൂപ വീതവും അനുവദിച്ചിരിക്കുന്നു. നവകേരള സദസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 1,000 കോടി രൂപ ചെലവഴിക്കുമെന്ന പ്രഖ്യാപനം പരിഹസിച്ചവർക്കുള്ള ചുട്ടമറുപടിയാണ്.

മത്സ്യബന്ധന-സാംസ്കാരിക വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന അടുത്തിടെ കേട്ടിരുന്നു. മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന എല്ലാ

കരുതലും ആ പ്രസ്താവനയിലുണ്ടായിരുന്നു. കടലിൽപോകുന്ന മത്സ്യത്തൊഴിലാളികൾ ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും 5 ലക്ഷം രൂപ നൽകുമെന്ന പ്രഖ്യാപനമായിരുന്നു അത്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ ഒരു തൊഴിലാളി ഹൃദയസ്തംഭനംമൂലം മരണപ്പെട്ടാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഹൃദയശൂന്യമായ ഈ നടപടിയെ മറികടക്കാനുള്ള ഇച്ഛാശക്തിയാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാന്റെ പ്രഖ്യാപനം. ഇടതുപക്ഷത്തിന്റെ മനുഷ്യപക്ഷമാണ് ഓരോ വകുപ്പുമെന്ന് ഈ പ്രഖ്യാപനം തെളിയിക്കുന്നു. കാസർഗോഡ് നിന്നാരംഭിച്ച കോൺഗ്രസിന്റെ ജാഥയെപ്പറ്റി ഒരു രാഷ്ട്രീയ നിരീക്ഷണം വായിക്കുകയുണ്ടായി, അതിൽ സമരവുമില്ല അഗ്നിയുമില്ല. ആ പാർട്ടിക്കാരുടെ സമുന്നതനായ നേതാവ് ഇപ്പോൾ രാജ്യത്തുടനീളം യാത്രയിലാണ്. അദ്ദേഹം യാത്ര ചെയ്ത് പോകുന്നിടത്തെല്ലാം സ്വന്തം പാളയത്തിൽ പട, പിളർപ്പ് എന്നിങ്ങനെയാണ്. അതെല്ലാം ഇന്ന് ചർച്ച ചെയ്തതാണ്. കാസർഗോഡ് നിന്നാരംഭിച്ച യാത്രയ്ക്കും ആ ഗതി വരാതിരിക്കട്ടെ. കാരണം, നിങ്ങളെ ഞങ്ങൾക്ക് ആവശ്യമുണ്ട്.

പണ്ടൊരു വനത്തിൽ കരുത്തുള്ള ഒരു വൃക്ഷം തലയെടുപ്പോടെ നിന്നിരുന്നു. അതുവഴി വന്ന ഒരു മാന്ത്രികൻ ആ വൃക്ഷത്തെ ഒരു വയലിനാക്കി മാറ്റി കൊട്ടാരത്തിലെത്തിച്ചു. വളരെക്കാലം വയലിൻ വെറുതെ കിടന്നു. ആ വയലിനിൽ ആർക്കും ഒരു സ്വരംപോലും ഉയർത്താനായില്ല. വയലിൻ ഒരു സംഗീതവിദ്വാനും വഴിപ്പെട്ടില്ല. അങ്ങനെയിരിക്കെ അപ്രതീക്ഷിതമായി ഒരു ഗായകൻ കൊട്ടാരത്തിലെത്തി. പഴയ വയലിൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗായകൻ അതിനെ ഒന്ന് തലോടി. അദ്ദേഹം വയലിനിൽ രാഗങ്ങൾ വായിക്കാൻ തുടങ്ങി. അസാധാരണവും അത്യപൂർവ്വവുമായ സ്വരമാധുരിയിൽ കൊട്ടാരവും ജനങ്ങളും പ്രകമ്പനം കൊണ്ടു. വയലിൻ എങ്ങനെ വഴിപ്പെട്ടു എന്ന ചോദ്യത്തിന് ആ ഗായകൻ ഇങ്ങനെ മറുപടി പറഞ്ഞു: "ഒരു വൃക്ഷം അനുഭവിച്ചിട്ടുള്ള ഋതുഭേദങ്ങളുടെ സ്വരമാണ്, വസന്തരാഗമാണ് ഞാൻ മീട്ടിയത്". നമ്മുടെ രാജ്യം എന്ന വയലിൻ ഒരു സ്വരവും കേൾപ്പിക്കാതെ തുരുമ്പെടുത്തിരിക്കുകയാണ്. ഋതുഭേദങ്ങളാകുന്ന ബഹുസ്വരതയുടെ ജനാധിപത്യത്തിന്റെ സ്വരം മീട്ടാനറിയാവുന്ന ഗായകരില്ല. അതുള്ളവർക്ക് ജാതിമന്ത്രമെ അറിയുകയുള്ളൂ.

ഡൽഹിയിൽ ഇടതുപക്ഷം നടത്തിയ ചെറുത്തുനിൽപ്പിനെപ്പറ്റി ഒരു വാക്കുകൂടി പറയാനുണ്ട്. സത്യസന്ധമായി പറഞ്ഞാൽ, ഞാൻ ജന്തർമന്ദർ എന്നൊക്കെ കേട്ടിട്ടേയുള്ളൂ. എന്നാൽ കേരളത്തിനുവേണ്ടി പ്ലക്കാർഡും പിടിച്ചുകൊണ്ട് അവിടെ ഒരു സമരത്തിൽ പങ്കെടുക്കാനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചു. അവിടെ ഗ്യാലറിയിലിരുന്നപ്പോൾ എനിക്ക് ഓർമ്മ വന്നത് ഞാൻ കണ്ട പഴയ ഒരു മണിരത്നം ചിത്രത്തിലെ രംഗമാണ്. 'റോജ' എന്ന സിനിമയിൽ തമിഴ് ഭാഷമാത്രം അറിയാവുന്ന ഒരു പാവം പെൺകുട്ടി തന്റെ ഭർത്താവിനെ കാണാനില്ലെന്ന് വടക്കേ ഇന്ത്യയിലെ പട്ടാള ക്യാമ്പിൽപോയി ഒരു ഓഫീസറോട് പറയുന്ന രംഗമാണ്. ആ കുട്ടി തമിഴിൽ കരഞ്ഞുകൊണ്ടു പറഞ്ഞപ്പോൾ അടുത്തുനിൽക്കുന്ന ഓഫീസർ ഹിന്ദിയിൽ പറയണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ ആ ഓഫീസർ പറഞ്ഞത്, വേണ്ട; തമിഴ് എനിക്ക് അറിയില്ലെങ്കിലും ഈ ഭാഷ എനിക്ക് മനസ്സിലാകും എന്നാണ്. ഞാനിവിടെ ഇക്കാര്യം സൂചിപ്പിച്ചത്, ഡൽഹി മുഖ്യമന്ത്രിയായ ശ്രീ. അരവിന്ദ് കെജ്‌രിവാൾ പ്രസംഗിക്കാൻ വന്നപ്പോൾ ഞാനും എന്നെപ്പോലെ പലരും ആഗ്രഹിച്ചുകാണും ഇംഗ്ലീഷിൽ

പ്രസംഗിച്ചിരുന്നെങ്കിൽ പല കാര്യങ്ങളും മനസ്സിലാക്കാമായിരുന്നുവെന്ന്. എന്നാൽ അദ്ദേഹം ഹിന്ദിയിലാണ് പ്രസംഗിച്ചത്. ആദ്യത്തെ രണ്ട് മിനിറ്റ് പകപ്പുണ്ടായിരുന്നെങ്കിലും അതുകഴിഞ്ഞ് അദ്ദേഹം പറഞ്ഞ ഓരോ വാചകവും എനിക്കും അവിടെ കൂടിയിരുന്നവർക്കും മനസ്സിലായി. ഫെഡറലിസത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചുമൊക്കെ അദ്ദേഹം പറഞ്ഞപ്പോൾ ഞങ്ങൾ കയ്യടിച്ചു. പിന്നീട് പഞ്ചാബ് മുഖ്യമന്ത്രി, കാശ്മീർ മുഖ്യമന്ത്രി ഡോ. ഫാറൂഖ് അബ്ദുള്ള, തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ, ശ്രീ. കപിൽ സിബൽ എന്നിവരൊക്കെ അവരവരുടെ ഭാഷയിൽ പറഞ്ഞപ്പോൾ അതെല്ലാം ഞങ്ങൾക്ക് മലയാളംപോലെ മനസ്സിലായി. അത് ഹൃദയത്തിന്റെ ഭാഷയിലായതുകൊണ്ടാണ് എല്ലാവർക്കും മനസ്സിലായത്.

മി. ചെയർമാൻ: പ്ലീസ്.....പ്ലീസ്.....കൺക്ലൂഡ്...

ശ്രീ. എം. മുകേഷ്: സർ, തെക്കേ ഇന്ത്യയിലെ ഈ കൊച്ചുസംസ്ഥാനം ഇന്ത്യയുടെ ഹൃദയഭ്രമിയിൽ ഒരുപുതിയ തുടക്കം കുറിച്ചിരിക്കുന്നു.

ഭാഷയ്ക്കതീതമായ ജനാധിപത്യത്തിനായുള്ള മുറവിളിയാണ് അതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വിശുദ്ധ വേദപുസ്തകത്തിലൊരു വാക്യമുണ്ട്. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും". കേരളമെന്ന കൊച്ചുരാജ്യത്തിനുവേണ്ടി ഏറ്റവുമധികം കഷ്ടപ്പെടുകയും മുൻകൈയെടുത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന സഖാവ് പിണറായി വിജയനോടുള്ള ദൈവത്തിന്റെ വാശത്തവും അതുതന്നെയാണ്. കേരളത്തിനുവേണ്ടി നീതിയോടെ കാര്യങ്ങൾ ചെയ്താൽ എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തിതരും. ഡൽഹി മുഖ്യമന്ത്രിയായ ശ്രീ. അരവിന്ദ് കെജ്‌രിവാളിന്റെയും മുൻ കോൺഗ്രസ്സ് നേതാവായിരുന്ന അഡ്വ. കപിൽ സിബലിന്റെയും പ്രസംഗങ്ങൾ ഏറ്റവുമധികം പ്രചോദനം നൽകിയ പ്രസംഗങ്ങളാണെന്നാണ് ശ്രീ. എം. മുകേഷ് പ്രസംഗിച്ചപ്പോൾ പറഞ്ഞത്. അതിന് ധാരാളം പ്രത്യേകതകളുണ്ട്. കാശ്മീർ

മുഖ്യമന്ത്രിയായിരുന്ന ഡോ. ഫാറൂഖ് അബ്ദുള്ള പറഞ്ഞത്, 'ഞാനൊരു ഡോക്ടറാണ്, എന്റെ ഒരു അവയവത്തിന് കേടുപറ്റിയാൽ/വേദനയുണ്ടായാൽ അത് ശരീരം മുഴുവൻ വ്യാപിക്കും' എന്നാണ്. ഇന്ത്യയെന്ന രാജ്യത്തല്ലേ കേരളം? ഇത്രയൊക്കെ പറഞ്ഞിട്ടും പ്രതിപക്ഷത്തിനൊന്നും മനസ്സിലാകുന്നില്ല. കാരണം, അവർ കുറുക്കന്റെ സ്വഭാവവുമായി എപ്പോൾ ചോര കുടിക്കാമെന്ന് കരുതി പമ്മി നിൽക്കുകയാണ്. അങ്ങനെയൊന്നും നടക്കുകയില്ല; കേരളം ഭരിക്കുന്നയാൾ വേറെയാണ്. അതുകൊണ്ട് ആ രീതിയിലൊന്നും ചിന്തിച്ച് വെറുതെ സമയം മെനക്കെടുത്തേണ്ട.

ഒട്ടനവധി പ്രതിസന്ധികൾക്കിടയിലും രാജ്യത്തെ ഏറ്റവും മികച്ച ഭരണനിർവ്വഹണം നടത്തുന്ന സംസ്ഥാനമെന്ന പദവി നിലനിർത്തി കേരളം മുന്നോട്ടുപോകുകയാണ്. ഈ സർക്കാരിന്റെ ജനപക്ഷ നിലപാടുകൾക്കുള്ള അംഗീകാരമായാണ് ഇതിനെ കാണുന്നത്. ഒരുവശത്ത് കേന്ദ്രം സാമ്പത്തികമായും മറ്റും തകർക്കാൻ നോക്കുമ്പോഴും കൃത്യമായ വികസന ക്ഷേമപദ്ധതികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാർ അവശ

ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരളം വികസനപാതയിൽ കുതിക്കുമ്പോൾ, എന്റെ ദേശമായ കുട്ടനാടിന് കൃത്യമായ പദ്ധതി വിഹിതം നൽകിയതിൽ ഈ സർക്കാരിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഏറ്റവും പ്രത്യേകതയുള്ളത് ആലപ്പുഴ-ചങ്ങനാശ്ശേരി (എ.സി.) റോഡിനുവേണ്ടി 700 കോടി രൂപയാണ് അനുവദിച്ചത് എന്നതാണ്. കുടിവെള്ള പദ്ധതിക്കായി 400 കോടി രൂപ നൽകി. ഈ ബജറ്റിലും മലയാള മനോരമ ഉൾപ്പെടെ ആലപ്പുഴ ജില്ലയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന എല്ലാ പത്രങ്ങളിലും എഴുതിയിരുന്നത് കുട്ടനാടിന് പ്രത്യേക പരിഗണന നൽകിയെന്നുള്ളതാണ്. പ്രത്യേക പരിഗണന നൽകുമ്പോൾ എങ്ങനെയാണ് ഞങ്ങൾ അംഗീകരിക്കാതിരിക്കുന്നത്? കുട്ടനാട്ടുകാർ എങ്ങനെ സന്തോഷിക്കാതിരിക്കും? നവകേരള സദസ്സ് നടത്തിയപ്പോൾ എല്ലാ ജില്ലയിലുള്ളവർക്കും സ്റ്റേഡിയമുണ്ടായിരുന്നു. എന്നാൽ ഞങ്ങളൊരു സ്റ്റേഡിയമുണ്ടാക്കിയാണ് കുട്ടനാട്ടിൽ നവകേരള സദസ്സ് നടത്തിയത്. ആദ്യം അയ്യായിരം പേർക്കിരിക്കാനുള്ള

പന്തലുണ്ടാക്കി, പിന്നീട് അത് പതിനായിരമായി, പതിനയ്യായിരമായി, അവസാനം ഇരുപതിനായിരമായി. ഇത്രയും വലിയ ജനസദസ്സ് കണ്ട് ഞാൻ തന്നെ പേടിച്ചുപോയി. 9200 പരാതികളാണ് നവകേരള സദസ്സിൽ കൊണ്ടുവന്നത്. 1300 പരാതിയാണ് ഓഫീസിൽ എനിക്ക് പ്രത്യേകമായി ലഭിച്ചത്. കൂടുതലും വന്നത് കോൺഗ്രസ്സുകാരുടെ പരാതിയാണ്. കോൺഗ്രസ്സെന്ന് പറഞ്ഞുനടന്നിട്ട് യാതൊരു കാര്യവുമില്ലെന്നും എന്തെങ്കിലും കിട്ടണമെന്നുണ്ടെങ്കിൽ നവകേരള സദസ്സിൽ വന്ന് അപേക്ഷ കൊടുക്കണമെന്നും അവർക്കറിയാം. പരിശോധിച്ചാൽ അതിന്റെ വിശദാംശങ്ങൾ ലഭിക്കും. കുട്ടനാടിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ പരിഗണിക്കുകയും അവയെല്ലാം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയുമാണ്. കുട്ടനാട്ടിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 100 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്.

പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ നവീകരണം സംബന്ധിച്ചും എടുത്തുപറയേണ്ടതാണ്. ഇക്കാര്യത്തിൽ ആദരണീയനായ കൃഷി വകുപ്പുമന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. നടപ്പാകുകയില്ലെന്ന്

വിചാരിച്ചിരുന്ന ആ പദ്ധതി നടപ്പാക്കാൻ കാരണക്കാരനായത് അദ്ദേഹമാണ്. നല്ല രീതിയിൽ നമ്മെ സഹായിക്കുമ്പോൾ അദ്ദേഹത്തെ സ്മരണയോടെ ഓർക്കും. കുട്ടനാട്ടുകാരുടെ ജീവിതത്തിൽ താങ്കളെ മറന്നുപോകുകയില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുകയാണ്. 144 കോടി രൂപ പുളിങ്കുന്ന് ആശുപത്രിക്കുവേണ്ടി അനുവദിച്ചിരിക്കുകയാണ്. നമുക്ക് പ്രധാനമായും വേണ്ടത് സാമ്പത്തിക ഭദ്രതയാണ്. നിരവധി പ്രതിസന്ധികളിൽക്കൂടിയാണ് നാം കടന്നുപോകുന്നത്. നമ്മുടെ പിതാക്കന്മാർ പറയുന്നതുപോലെ മണലുകൊണ്ട് കയർ പിരിക്കുന്ന അവസ്ഥയാണ്. ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞത് എം.എൽ.എ.-മാർക്കുമുള്ള ഫണ്ട് 5 കോടി രൂപ വർദ്ധിപ്പിക്കണമെന്നാണ്. ശ്രീ. ഷാഫി പറമ്പിൽ പ്രത്യേകമായി പറഞ്ഞത് രണ്ട് കോടി രൂപ വർദ്ധിപ്പിക്കണമെന്നാണ്. ഇതെല്ലാം എവിടെനിന്നും നൽകും? പിരിച്ചെടുത്താലല്ലേ തരാൻ കഴിയുകയുള്ളൂ. പിറകിൽനിന്ന് നിങ്ങൾ ഞങ്ങളെ കാലുവാരാതെ നിന്നാൽ നിങ്ങൾ പറയുന്ന രീതിയിൽ എല്ലാവർക്കും കൊടുക്കാൻ സാധിക്കും. അതുകൊണ്ട് നമുക്ക് ഒന്നിച്ച്

മുന്നോട്ടുപോകാം. കേന്ദ്രത്തിന്റെ നിലപാട് തെറ്റാണെന്ന് പരസ്യമായി പറയാനുള്ള ആർജ്ജവം എം.പി.-മാർ കാണിക്കണം. ഞങ്ങളുടെ കൂടെ നിന്നാൽ ധൈര്യമായി മുന്നോട്ടുപോകാം.

കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ കൃഷി ഇറക്കുന്നതുമുതൽ കൊയ്ത്ത് കഴിഞ്ഞ് നെല്ല് സംഭരണം വരെ കൃഷിക്കാരും കർഷകത്തൊഴിലാളികളും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കണമെങ്കിൽ ആവശ്യത്തിന് പണം കിട്ടണം. കുവൈറ്റിലൊക്കെ ഒരു സെക്കന്റുകൊണ്ട് അവർക്ക് ലഭിക്കുന്നത് ഒരു ലക്ഷം ദിനാറിന്റെ വരുമാനമാണ്. കാരണം, അവർക്ക് പെട്രോളിയം ഉല്പന്നങ്ങളുണ്ട്. നമുക്ക് ആകെയുള്ളത് ജി.എസ്.ടി.-യാണ്. മറ്റ് വരുമാനം ലോട്ടറിയിൽനിന്നും കള്ള് വ്യവസായത്തിൽനിന്നുമാണ്. വേറെ പ്രത്യേകിച്ച് വരുമാന മാർഗ്ഗങ്ങളൊന്നും കേരളത്തിനില്ല. എന്ത് തനതുവരുമാനമാണ് നമുക്കുള്ളത്? ഒന്നുമില്ല; ഉള്ളതുകൊണ്ടുവേണം കാര്യങ്ങൾ നല്ല രീതിയിൽ പോകേണ്ടത്.

ശ്രീ. എം. മുകേഷ് പറഞ്ഞതുപോലെ പ്ലക്കാർഡും പിടിച്ചുകൊണ്ട് ജൻപഥിൽകൂടി നടന്നുപോയത് ഒരു വലിയ അനുഭവമായിത്തന്നെയാണ്

കരുതുന്നത്. അത് ജീവിതത്തിലൊരിക്കലും മറക്കാൻ സാധിക്കില്ല. ശ്രീ. അരവിന്ദ് കെജ്‌രിവാളിന്റെയും പഞ്ചാബ് മുഖ്യമന്ത്രിയുടെയും തമിഴ്നാട് മുഖ്യമന്ത്രിയുടെയും പ്രസംഗം കേൾക്കുമ്പോൾ ഒരു ആവേശമാണ്. ഹിന്ദി മനസ്സിലാകുന്നതുകൊണ്ട് നമുക്കത് ഉൾക്കൊള്ളാൻ സാധിക്കും. അവരുടെ പ്രസംഗത്തിന് മൂർച്ചയുണ്ട്. അവർ പറഞ്ഞത് ഞങ്ങളെയൊന്നും ആർക്കും തളയ്ക്കാൻ കഴിയില്ലെന്നാണ്. എന്ത് ചെയ്താലും അതിനൊരു തിരിച്ചടിയുണ്ട്. അത് നമ്മൾ മനസ്സിലാക്കണം. നല്ലത് ചെയ്താൽ അതിന് നമുക്ക് പ്രതിഫലം കിട്ടും, ദോഷം ചെയ്താലും തിരിച്ചടിയുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, അനാവശ്യമായ ഈഗോ മാറ്റിവച്ച് ഞങ്ങളെ വിശ്വാസത്തിലെടുത്താൽ തീർച്ചയായും നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കും.

കുട്ടനാട്ടിൽ ഏകദേശം എഴുന്നോറോളം പാടശേഖരങ്ങളുണ്ട്. ലക്ഷക്കണക്കിന് ഹെക്ടർ കൃഷി ചെയ്യുന്ന പാടശേഖരങ്ങൾ മടവീഴ്ച പോലുള്ള ധാരാളം പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. ഇതിനെയെല്ലാം തരണം ചെയ്യണമെങ്കിൽ പണം ആവശ്യമാണ്. അതുകൊണ്ട് നല്ല രീതിയിൽ

കാര്യങ്ങൾ ക്രമപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭരണപക്ഷ എം.എൽ.എ.-മാർക്ക് ഈ ബജറ്റിനെക്കുറിച്ചൊന്നും പറയാനില്ലാത്തതുകൊണ്ട് നവകേരള സദസ്സിനെക്കുറിച്ചും ഡൽഹി സമ്മേളനത്തിലെ പ്ലക്കാർഡിന്റെ മഹത്വത്തെക്കുറിച്ചുമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ എല്ലാവർക്കും ബാബറി മസ്ജിദിനോട് വലിയ പ്രേമമാണ്. ബാബറി മസ്ജിദ് തകർക്കപ്പെടുന്നതിന് മുമ്പ് ബാബറി മസ്ജിദ് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റിനകത്തും പുറത്തും അതിശക്തമായ പ്രക്ഷോഭം നയിച്ച പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്. ബാബറി മസ്ജിദ് തകർക്കപ്പെട്ടശേഷം ബാബറി മസ്ജിദ് യഥാസ്ഥാനത്ത് പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിയമസഭയിൽ പ്രമേയം അവതരിപ്പിച്ചത് ശ്രീ. കെ. പി. എ. മജീദ് എം.എൽ.എ. ആണ്. ഇന്ത്യയിലെ ആരാധനാലയങ്ങളുടെ കാര്യത്തിൽ 1947 ആഗസ്റ്റ് മാസം 15-ാം

തീയതി കട്ട് ഓഫ് ഡേറ്റ് വച്ച് സ്റ്റാറ്റസ്കോ നിലനിർത്തണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ പാർലമെന്റിൽ പ്രമേയം അവതരിപ്പിച്ചത് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രസിഡന്റ് ഗുലാം മഹ്മൂദ് ബനാത്ത് വാല സാഹിബായിരുന്നു. ആ പ്രമേയത്തെ തുടർന്നാണ് അന്ന് രാജ്യം ഭരിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിൽ ആരാധനാലയ സംരക്ഷണ നിയമം കൊണ്ടുവന്നത്. ആ നിയമം പോലും അട്ടിമറിച്ച് ബി.ജെ.പി. ഗവൺമെന്റ് ബാബറി മസ്ജിദിനുശേഷം ഗ്യാൻവാപി മസ്ജിദ്... (...ബഹളം...) വിഗ്രഹം കൊണ്ടുവച്ച് മറ്റ് മസ്ജിദുകൾ തകർക്കാൻ ശ്രമിക്കുന്നു. മണിപ്പൂരിൽ 250-ലധികം ക്രിസ്ത്യൻ ദേവാലയങ്ങൾ തകർക്കുന്നു. ബി.ജെ.പി. ആരാധനാലയങ്ങൾ തകർത്തുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യെ പ്രതിരോധിക്കാനും എതിർക്കാനും നിങ്ങൾ നാലാളുകൾ പോയി ഡൽഹിയിൽ പ്ലക്കാർഡ് പിടിച്ചതുകൊണ്ട് കാര്യമില്ല. രാജ്യത്താകമാനം വ്യാപിച്ചുകിടക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെകൂടെനിന്ന് ഇന്ത്യാമുന്നണിയെ ശക്തിപ്പെടുത്താൻ, രാഷ്ട്രീയ

നിലപാട് തിരുത്താൻ നിങ്ങൾ തയ്യാറുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമീണ റോഡുകളെല്ലാം കീറിമുറിക്കുന്നതിന്റെ ഫലമായി ഗതാഗതയോഗ്യമല്ലാതായി മാറിയിരിക്കുകയാണ്. അത്തരം റോഡുകളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്തുകളുടെ കൈവശം ഫണ്ടില്ല. അതുകൊണ്ട് ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കണം. പാവപ്പെട്ട ജനങ്ങളെ പാടെ മറന്ന ബജറ്റാണിത്. ഇവിടെ പാവപ്പെട്ട കർഷകർ ആത്മഹത്യ ചെയ്യുകയാണ്. (...ബഹളം....)

ശ്രീ. വി. ആർ. സുനിൽ കുമാർ: ..... (മൈക്ക് ഓഫ്) .....

ശ്രീ. പി. ഉബൈദുള്ള: സർ, കെ.എസ്.ആർ.ടി.സി.-ക്ക് അഞ്ച് കോടി രൂപ അനുവദിച്ചുവെന്നതുകൊണ്ട് ആത്മഹത്യ ചെയ്ത ആളുകളെ തിരിച്ചുകൊണ്ടുവരാൻ കഴിയുമോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, കമന്റുകൾക്ക് അങ്ങ് മറുപടി പറയേണ്ടതില്ല. കമന്റുകൾ അവഗണിക്കൂ.

ശ്രീ. പി. ഉബൈദുള്ള: സർ, കെ.എസ്.ആർ.ടി.സി. പെൻഷൻകാർ ആത്മഹത്യ ചെയ്യുകയാണ്. ബാങ്കിൽനിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ എത്ര പാവങ്ങളാണ് ആത്മഹത്യയ്ക്ക് ഒരുങ്ങുന്നത്. ഇന്നലെ കേരളത്തിൽ വ്യാപാരി വ്യവസായി ഏകോപന സമിതി വ്യാപാര സംരക്ഷണ യാത്രയും തിരുവനന്തപുരത്ത് വലിയ റാലിയും നടത്തി. തങ്ങളും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണെന്നാണ് അവർ പറയുന്നത്. ഈ ദുരിതത്തിൽനിന്ന് തങ്ങളെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് കേരളത്തിലെ വ്യാപാരി സമൂഹം വലിയ റാലി നടത്തിയത്.

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. സർക്കാർ ആശുപത്രികളിലെല്ലാം ആവശ്യത്തിന് മരുന്നുകൾ ലഭ്യമാണെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. എന്നാൽ കഴിഞ്ഞ ദിവസം കോഴിക്കോട് ബീച്ച് ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ ചേളന്നൂർ സ്വദേശിയായ എം. കൃഷ്ണദാസിന് പൾമണറി ഒ.പി.-യിലുണ്ടായിരുന്ന ഡോക്ടർ ആറ് മരുന്നുകൾ കുറിച്ചുനൽകിയെങ്കിലും അവയിലൊരു

മരുന്നുപോലും അവിടത്തെ ഫാർമസിയിലുണ്ടായിരുന്നില്ല. ഇതുസംബന്ധിച്ച് അദ്ദേഹം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് തുറന്ന കത്തെഴുതിയിട്ടുണ്ട്, അത് ബഹുമാനപ്പെട്ട മന്ത്രി വായിച്ചിട്ടുണ്ടാകും. ആ കത്ത് വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം പറയുന്നത്. (...ബഹളം....)

മി. ചെയർമാൻ: കമന്റുകൾ പറയാതിരിക്കൂ, അദ്ദേഹം പ്രസംഗം പൂർത്തിയാക്കട്ടെ.

ശ്രീ. പി. ഉബൈദുള്ള: സർ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സാ സൗകര്യം അനുവദിക്കാൻ നിർവ്വാഹമില്ലെന്നും ദയവായി എല്ലാവരും സഹകരിക്കണമെന്നുമാണ് സ്വകാര്യ ആശുപത്രികളിൽ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. കാരണം, 1,128 കോടി രൂപ ഈയിനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കാനുണ്ട്. ഇപ്പോൾ പാവപ്പെട്ട ജനങ്ങൾ സർക്കാർ ആശുപത്രിയിൽ പോയാൽ മരുന്നുമില്ല; ഇൻഷ്വറൻസ് ഉപയോഗിച്ച് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാനും കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ടാണ് പാവങ്ങളെ മറന്ന ബജറ്റാണിതെന്ന്

ഞാൻ പറഞ്ഞത്, അല്ലാതെ രാഷ്ട്രീയ വിരോധത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതല്ല.

ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ആരംഭിച്ച എ.ഐ.പി. (ഏരിയ ഇന്റൻസീവ് പ്രോഗ്രാം) സ്കൂളുകൾക്ക് 2003 മുതൽ എയ്ഡഡ് സ്റ്റാറ്റസ് നൽകാൻ മുൻ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചെങ്കിലും എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആ ഉത്തരവ് റദ്ദാക്കി 2015 മുതൽ എന്നാക്കി മാറ്റി. 2003 മുതൽ എ.ഐ.പി. സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ സർവ്വീസ് സംബന്ധിച്ച് ഒരു വ്യക്തതയുമില്ല. എ.ഐ.പി. സ്കൂളുകളിൽ മാത്രം പുതുതായുണ്ടാകുന്ന നിയമനങ്ങളും ലീവ് വേക്കൻസിയുമടക്കം സംരക്ഷിത അധ്യാപകർക്കുവേണ്ടി നീക്കിവയ്ക്കണമെന്നാണ് പുതിയ ഉത്തരവിറക്കിയിട്ടുള്ളത്. ഈ ഉത്തരവ് തിരുത്തി എ.ഐ.പി. സ്കൂളുകൾക്ക് നേരത്തെയുള്ളതുപോലെ എയ്ഡഡ് സ്കൂളുകളുടെ എല്ലാ പരിഗണനയും നൽകണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. ഉബൈദുള്ള: സർ, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ് ഒരിടവേളയ്ക്കുശേഷം വീണ്ടും ഊർജ്ജിതപ്പെടുത്തുകയാണ്. ക്ഷേമനിധി ബോർഡിൽനിന്ന് നൂറ് കോടി രൂപ സർക്കാർ ആവശ്യപ്പെട്ടതോടെയാണ് വീണ്ടും പിരിവുമായി ഉദ്യോഗസ്ഥർ രംഗത്തിറങ്ങിയത്. ഇതുകാരണം പലരും ജപ്തി ഭീഷണിയിലാണ്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളുമുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്നും മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കേരളീയത്തിന്റെയും നവകേരള സദസ്സിന്റെയും ഉണർവിലും ഉന്മേഷത്തിലുമാണ് പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ബജറ്റ് അവതരിപ്പിച്ചത്. ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര

പ്രതിരോധങ്ങളെയും ആഭ്യന്തര സംവിധാനങ്ങളെയും അതിജീവിക്കുന്ന ഈ ബജറ്റ് നവകേരള സൃഷ്ടിയുടെ പ്രതിഫലനമാണ്. ഭാരം ചുമക്കുന്നവന് അതൊരു ദുരിതവും വല വലിക്കുന്നവന് ഭാരം ഒരു പ്രതീക്ഷയുമാണ്. കേരളത്തിലേയ്ക്ക് വികസനത്തിന്റെയും പ്രതീക്ഷയുടെയും പ്രത്യാശയുടെയും വല അടുപ്പിക്കുമ്പോൾ തീരദേശത്തുള്ളവർക്ക് അത് പുതുസൂര്യോദയം തന്നെയാണ്.

വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, കാർഷികം, ക്രമസമാധാനം, ദുർബല ജനവിഭാഗങ്ങളുടെ പുനരധിവാസം എന്നീ മേഖലകളിൽ എല്ലാവിധ സമ്മർദ്ദങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് നിലനിൽപ്പിന്റെയും സുസ്ഥിര വികസനത്തിന്റേതുമായ സാമൂഹ്യ കാഴ്ചപ്പാടുകളോടെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സാമൂഹ്യനീതിയെന്ന മാനവധർമം ഇവിടെ നിർവ്വഹിക്കപ്പെടുകയായിരുന്നു. ശ്രീനാരായണഗുരുവിന്റെയും അയ്യങ്കാളിയുടെയും വാഗ്ഭടാനന്ദന്റെയും മണ്ണിൽ ഒരു യുഗ പരിവർത്തന ശക്തിയായി കുമാരനാശാന്റെ ശതാബ്ദി ആചരിക്കുന്ന ഈ വേളയിൽ കേരള

ബജറ്റിന് ദേശീയവും അന്തർദേശീയവുമായ പ്രാധാന്യമുണ്ട്. "ദാരിദ്ര്യമെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ" എന്ന് കുഞ്ചൻ നമ്പ്യാർ നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതിയിട്ടുണ്ട്. ഞങ്ങൾ ദാരിദ്ര്യം എന്തെന്ന് അറിഞ്ഞവരാണ്. പാവപ്പെട്ടവനെയും അധഃസ്ഥിതനെയും ന്യൂനപക്ഷക്കാരെയും ചേർത്തുപിടിച്ചുകൊണ്ട് പരിതപിച്ച് നിൽക്കാനോ സന്ദേഹിച്ച് കാലം കളയാനോ അല്ല, പടപൊരുതി മുന്നേറാനാണ് എൽ.ഡി.എഫ്. ഉദ്ദേശിക്കുന്നത്. മാറുന്ന കാലത്തിന്റെ ചക്രവാള സീമയിലേയ്ക്ക് കേരളത്തിന്റെ കൊച്ചുമോഹങ്ങളെ കൈപ്പിടിച്ച് നടത്താൻ ശ്രമിക്കുമ്പോൾ അത് തടയുന്നവരുണ്ടാകാം. ആദികവി പറഞ്ഞത് മാത്രമാണ് അവരോട് ഞങ്ങൾക്ക് പറയാനുള്ളത് - "മാ നിഷാദ".

നമ്മുടെ കുഞ്ഞുങ്ങളുടെ കണ്ണിലെ നിലാത്തിരി അണയ്ക്കരുത്, തൊഴിലാളികളുടെ ചങ്കും മനസ്സും ഇടറരുത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ആരാക്രമിച്ചാലും അതെല്ലാം മറികടന്ന് ലക്ഷ്യത്തിലെത്താൻ സാധിക്കുന്ന കുതിപ്പ് കേരളത്തിനുണ്ട് എന്നതിന് തെളിവാണ് ഈ ബജറ്റ്.

പ്രതിപക്ഷ നിരയിലിപ്പോൾ പുഞ്ചിരി പടരുന്നുണ്ടാകാം. അവരോടെനിക്ക് വൈലോപ്പിള്ളിയുടെ വാക്കുകളാണ് പറയാനുള്ളത്-

"പുഞ്ചിരി, ഹാ! കുലീനമാം കള്ളം

നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം"

ഭരണഘടനയ്ക്ക് ടോയ്‌ലറ്റ് പേപ്പറിന്റെപോലും വില കൽപ്പിക്കാതിരിക്കുകയും വർഗ്ഗീയ വംശഹത്യ നടത്തുകയും കേരള പുരോഗതിക്ക് തുരങ്കം വയ്ക്കുകയും ചെയ്യുന്ന നാട്ടിൽ അതിനെതിരെ ഒരക്ഷരം ഉരിയാടാത്ത പ്രതിപക്ഷത്തോട് ഞങ്ങൾക്ക് ശത്രുതയല്ല; സഹതാപമാണുള്ളത്. നാടിന്റെ വികസനം പ്രബുദ്ധമായ ജനതയെ മുൻനിർത്തി വിഭാവന ചെയ്യുമ്പോൾ അതുൾക്കൊള്ളണം. എല്ലാ കാര്യങ്ങളും ബജറ്റിൽ ഉൾപ്പെടുത്തി തന്നെയാണ് സർക്കാർ മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. വ്യവസായ മേഖലയിൽ നവ സംരംഭകത്വത്തിന്റെ ഉയർച്ചയും വളർച്ചയും, പരമ്പരാഗത വ്യവസായത്തിന് മനസ്സറിഞ്ഞ് ഒരു കൈത്താങ്ങ്, പൊതുമേഖല സ്ഥാപനങ്ങളെ രക്ഷിക്കാനുള്ള കാഴ്ചപ്പാടുകൾ, വിദ്യാഭ്യാസ രംഗത്ത് വിശ്വചക്രവാളത്തോളം

ഉയർന്ന് പന്തലിച്ച ചിന്താ മൗലികത എന്നിവയെല്ലാം ഈ ബജറ്റിന്റെ പ്രത്യേകതകളാണ്. നാം ആരുടെയും പിന്നിലല്ല. അടുത്ത പത്ത് വർഷത്തിനകം കേരളത്തിലെ ടെക്നോക്രാറ്റുകളും അക്കാഡമിസ്റ്റുകളും ലോകത്തിന്റെ താക്കോൽ സ്ഥാനങ്ങളിലെത്തും. ഫാസിസ്റ്റ് ഭരണകൂടം ഇന്ത്യയുടെ ഭരണഘടനപോലും മാറ്റിയെഴുതാൻ ശ്രമിക്കുമ്പോഴും മനുസ്മൃതിയിലേയ്ക്ക് കടന്നുപോകുമ്പോഴും ഈ കൊച്ചുകേരളം ഇവിടത്തെ കുട്ടികളെ ഭരണഘടന പഠിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിലൂടെ ജനാധിപത്യവും സാഹോദര്യവും സമത്വവും ഉയർത്തിപ്പിടിക്കാനും ഇന്ത്യൻ ഭരണഘടന സംരക്ഷിക്കാനും അത് പുതിയ തലമുറയിലേയ്ക്ക് പകർന്ന് നൽകാനുമുള്ള വലിയൊരു ശ്രമമാണ് ഇവിടെ നടത്തുന്നത്. ചരിത്രംപോലും തിരുത്തിയെഴുതപ്പെടുമ്പോൾ, ഇന്നലെകളിൽ എന്തായിരുന്നു ചരിത്രമെന്ന് കൃത്യമായി നമ്മുടെ കുട്ടികളെ പഠിപ്പിക്കാനാണ് നാം ശ്രമിക്കുന്നത്. ഗാന്ധിജിക്ക് പകരം നാഥുറാം വിനായക ഗോഡ്സെ രാഷ്ട്രപിതാവായി വരുന്ന ഈ കാലഘട്ടത്തിൽ, ഗാന്ധിജി തന്നെയാണ് രാഷ്ട്രപിതാവെന്ന് പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ്

കൊണ്ടുവരുന്നത്. ഗാന്ധിജിക്ക് ബദലായി സുഭാഷ് ചന്ദ്രബോസിനെയും നെഹ്റുവിന് ബദലായി സർദാർ വല്ലഭായ് പട്ടേലിനെയും നിർത്തി ശവകുടീരത്തിൽപ്പോലും ഭിന്നിപ്പുണ്ടാക്കി ചരിത്രത്തെ വ്യാഖ്യാനിക്കുകയും അപഹസിക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് നരേന്ദ്ര മോദി സർക്കാർ പോകുമ്പോൾ നമ്മൾ പഠിപ്പിക്കുന്നത് നമ്മുടെ പ്രിയപ്പെട്ട ഗാന്ധിജിയെയും സുഭാഷ് ചന്ദ്രബോസിനെയും നെഹ്റുവിനെയും ആർ.എസ്.എസ്.-നെ നിരോധിക്കണമെന്ന് പറഞ്ഞ പട്ടേലിനെയും കുറിച്ചാണ്. ഇടതുപക്ഷ സർക്കാർ ബദൽ ശക്തിയെന്ന നിലയിൽത്തന്നെ മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നു. പൂമ്പാറ്റയിലെ അമർചിത്രകഥകൾ നമ്മുടെ കൊച്ചുകുട്ടികളെ രാമായണവും മഹാഭാരതവും പഠിപ്പിക്കാൻ ഉദ്ദേശിക്കുമ്പോൾ, ശാസ്ത്ര അവബോധമുണ്ടാക്കിക്കൊണ്ട് വർഗ്ഗീയതയ്ക്കും മതാന്ധതയ്ക്കുമെതിരെ പാഠപുസ്തകങ്ങളിലൂടെ പ്രതിരോധിക്കുക എന്ന വലിയൊരു പോരാട്ടമാണ് ഇടതുപക്ഷ സർക്കാർ നടത്തിയിട്ടുള്ളത്. കുതറിമാറാൻ ശ്രമിക്കുമ്പോഴും കഴുത്തിന് കുത്തിപ്പിടിക്കുന്ന കേന്ദ്ര സർക്കാരിന്റെ ബധിരകർണ്ണപുടങ്ങളിൽ നമ്മുടെ വാക്കുകൾ പോയി മുട്ടില്ലെങ്കിലും ഹിന്ദുത്വ അജണ്ട സ്വീകരിച്ച

രക്തദാഹികളായ ചെന്നായക്കൂട്ടങ്ങളെ കേരള അതിർത്തിയിൽ തടഞ്ഞുനിർത്തി തിരിച്ചോടിക്കാൻ നവോത്ഥാന കേരളത്തിന്, സഖാവ് പിണറായി വിജയന്റെ ഗവൺമെന്റിന് കഴിയും. മതേതരത്വത്തെ ചേർത്തുപിടിച്ചുകൊണ്ട് കേരളത്തെ മറ്റിതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി മതേതര സമൂഹമായി നിലനിർത്താൻ സർക്കാരിന് സാധിച്ചത് അതിന് ഉത്തമ ഉദാഹരണമാണ്.

ശരാശരി ആയുർദൈർഘ്യം, ജെന്റർ ന്യൂട്രാലിറ്റി, പൊതുവിതരണ മേഖല, ശിശുസൗഹൃദ കേന്ദ്രങ്ങൾ എന്നീ രംഗങ്ങളിലെല്ലാം കേരളം ഭാരതത്തിന് മാതൃകയാണ്. പുരോഗതിയുടെ പാതയിൽ കെ-ഫോണും ഗെയിലും കെ-റെയിലും അതിദരിദ്രരില്ലാത്ത കേരളവും മാന്യമായ ഭാഷയിൽ പറഞ്ഞാൽ ആർക്കാണ് തള്ളിക്കളയാൻ കഴിയുക? ഇനിയും നമുക്ക് ഏറെ സ്വപ്നങ്ങളുണ്ട്. സംഘ്പരിവാറിന്റെ സ്വപ്നങ്ങളല്ല, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ, കരൾ പറിച്ച് തിന്നുന്ന കാട്ടുനീതി കരാളനൃത്തം നടത്താത്ത ഒരു ഇന്ത്യ എന്നതാണ് കേരളത്തിന്റെ സ്വപ്നം, അതാണ് കേരളം ആഗ്രഹിക്കുന്നത്. കേരള മാതൃകയുള്ള ഒരു ഇന്ത്യയെയാണ്

നാം സ്വപ്നം കാണേണ്ടത്. കത്തുന്ന മണിപ്പൂരും ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളും നമ്മുടെ നെഞ്ചുരുക്കുന്ന ഗാസയും വേണ്ട, സമാധാനത്തിനും പുരോഗതിക്കും മതേതരത്വത്തിനുംവേണ്ടി നിലകൊള്ളുന്നവരോടൊപ്പം കൈകോർത്തുകൊണ്ട് ഒരു ഇന്ത്യയ്ക്ക് വേണ്ടിയുള്ള പോരാട്ടമാണ് നമുക്ക് ഇനിവേണ്ടത്. ഇടശ്ശേരിയുടെ വാക്കുകളിൽ പറഞ്ഞാൽ "എവിടെവിടങ്ങളിൽ ചട്ടികലങ്ങൾ എടുത്ത് എറിയപ്പെടുന്നുവോ, അവിടവിടങ്ങളെ ചേർത്തുവരയ്ക്കുക പുതുലോകത്തിൻ അതിരുകൾ." പിന്തള്ളപ്പെട്ടവരോടും ബഹിഷ്കൃതരോടും കൈനീട്ടുന്ന ഈ ബജറ്റ് കേരളത്തിന്റെ അന്ത്യോദയ ശക്തികളുടെ നെഞ്ച് പിളർക്കുന്ന ഉദരകിരണ ശോഭയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. എം. മണി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേന്ദ്രസർക്കാർ കേരളത്തോട് അങ്ങേയറ്റം വൈരനിര്യാതന ബുദ്ധിയോടുകൂടി പെരുമാറുകയും സംസ്ഥാനത്തിന്

നൽകേണ്ട ന്യായമായ വിഹിതം നൽകാതെ ദ്രോഹിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ ഇത്തരമൊരു ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ത്യയെയും ഇന്ത്യൻ ജനതയെയുംകുറിച്ച് ചിന്തിക്കുമ്പോൾ കേരളീയരായ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ലക്ഷക്കണക്കിന് സഹോദരങ്ങളാണ് തൊഴിലന്വേഷിച്ച് ഇന്ന് കേരളത്തിലെത്തുന്നത്. അവരെ കണ്ടാൽ നമുക്ക് സഹാനുഭൂതി തോന്നും, മനുഷ്യകോലമാണോ എന്നുപോലും തോന്നും. എന്തുകൊണ്ടാണ് അവർ കേരളത്തിലേയ്ക്ക് വരുന്നത്? 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം 60 വർഷക്കാലം കോൺഗ്രസ്സ് ഉത്തരേന്ത്യ ഭരിച്ച് ഇക്കാലമത്രയും പിന്നിട്ടിട്ടും തൊഴിലന്വേഷിച്ച് അവിടെയുള്ള ലക്ഷക്കണക്കിന് ആളുകൾക്ക് കേരളത്തിലേയ്ക്ക് വരേണ്ടി വരികയാണ്. അവരെ അതിഥിതൊഴിലാളികളായി കാണണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരിക്കുന്നതെന്ന് ഞാൻ ഈ സന്ദർഭത്തിൽ

ഓർമ്മപ്പെടുത്തുകയാണ്. അതുകൊണ്ട് ഇന്ത്യയെകുറിച്ച് ചിന്തിക്കുമ്പോൾ കേരളത്തിൽ ജനിച്ച് വളർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമുക്ക് അങ്ങേയറ്റം അഭിമാനിക്കാൻ വകയുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെ സ്ഥിതി പരിശോധിക്കുമ്പോൾ നമുക്ക് എന്തുകൊണ്ടും അഭിമാനിക്കാൻ വകയുണ്ട്. അതിൽ കേരളീയരായ നമുക്ക് കക്ഷിരാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൂടുതൽ സംഭാവനയുണ്ടാകും, യു.ഡി.എഫ്.-നും സംഭാവനയുണ്ടാകുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷെ അഖിലേന്ത്യാതലത്തിൽ ചിന്തിക്കുമ്പോൾ കേരളത്തെകുറിച്ച് എന്തുകൊണ്ടും നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. ഇവിടെ വേലയുണ്ട്, കൂലിയുണ്ട്, വർഗ്ഗീയ ലഹളയില്ല, മതസൗഹാർദ്ദമുണ്ട്. സമാധാനപരമായ ജീവിതം നയിക്കാൻ കഴിയുകയെന്നത് നിസ്സാര കാര്യമല്ല. ഈ രാജ്യത്ത് ഹിന്ദുത്വം സ്ഥാപിക്കാൻ, ഹിന്ദുവർഗ്ഗീയ വാദം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ശ്രീ. നരേന്ദ്ര മോദി ഭരിക്കുന്ന ഇന്ത്യാരാജ്യത്ത്, കേരളത്തിൽ ജനിച്ചുവെന്നതും ജീവിക്കുന്നുവെന്നതും അഭിമാനമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളം പ്രതിസന്ധി

നേരിടുന്നുണ്ട്, കേന്ദ്ര അവഗണനയുമുണ്ട്. അതിന്റെ പരിമിതി നമ്മുടെ ബജറ്റിലും സാമ്പത്തിക നയങ്ങളിലും സ്വാഭാവികമായും പ്രതിഫലിക്കുന്നുമുണ്ട്. എന്നാൽ അതിനെതിരെ ദേശീയതലത്തിൽ പ്രതികരിക്കാൻ നാ തയ്യാറായി. സാർവ്വദേശീയമായി ശ്രദ്ധിച്ച സമരമാണ് ഡൽഹിയിൽ എം.എൽ.എ.-മാരും മന്ത്രിമാരും മുഖ്യമന്ത്രിമാരുമടക്കം നടത്തിയത്. ദേശീയ നേതാക്കളെല്ലാം ആ സമ്മേളനത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ പങ്കെടുക്കാനുള്ള സാമാന്യ മര്യാദപോലും കോൺഗ്രസ്സ് കാണിച്ചില്ല. അവർ അങ്ങനെ കാണിച്ചത് നന്നായെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, നമുക്ക് പ്രതിപക്ഷത്തെ നേരിടാൻ എളുപ്പമുണ്ട്. അവർ പ്രതിക്കൂട്ടിലാണ്. ദേശീയ രാഷ്ട്രീയത്തിൽ പുതിയ ചലനമുണ്ടാക്കുന്ന കാര്യമാണത്. അത്രയും വലിയ പ്രാധാന്യമാണ് ഡൽഹി സമരത്തിനുണ്ടായത്. ഈ സംസ്ഥാനത്തോടും ജനങ്ങളോടും താൽപ്പര്യമുണ്ടെങ്കിൽ, കേന്ദ്രം നമ്മളോട് കാണിക്കുന്ന അവഗണനയോട് പ്രതിഷേധമുണ്ടെങ്കിൽ, യു.ഡി.എഫ്.-കാർ ഡൽഹി സമരത്തിൽ പങ്കെടുക്കുമായിരുന്നു. പങ്കെടുക്കാതിരുന്നത് പ്രതിപക്ഷം രാഷ്ട്രീയമായി

ഒറ്റപ്പെടുന്നതിന് കാരണമാകുകയും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഉത്തരം പറയാൻ ബാധ്യസ്ഥരാവുകയും ചെയ്യുകയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകാണ്. ഇത് നിസ്സാരമായ ഒരു കാര്യമല്ല. ആ സമ്മേളനവും അവിടെ നടന്ന പ്രസംഗങ്ങളും സാർവ്വദേശീയമായി ശ്രദ്ധിക്കപ്പെട്ടതാണ്. ദേശീയ നേതാക്കളെല്ലാം അവിടെയുണ്ടായിരുന്നു. അത്രയും പ്രാധാന്യം അതിനുണ്ടായിരുന്നു. ദേശീയ രാഷ്ട്രീയത്തിൽ ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും തുടർന്നും അധികാരത്തിൽ വരികയാണെങ്കിൽ അപ്പുറത്തിരിക്കുന്ന മുസ്ലീം ലീഗുകാരുടെയും കോൺഗ്രസ്സുകാരുടെയും കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളുടെയും കാര്യം ഗതികേടിലായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നിലയിലേയ്ക്കായിരിക്കും കാര്യങ്ങൾ പോകുന്നതെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. പക്ഷെ എന്തൊക്കെയാണെങ്കിലും കേരളത്തിലെ കോൺഗ്രസ്സിന് കിണറ്റിൽ കിടക്കുന്ന തവളയുടെ രീതിയാണ്. കിണറാണ് തവളയുടെ ലോകം. അതാണ് അവരുടെ മനോഭാവം. മൻമോഹൻ സിംഗ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കോൺഗ്രസ്സുകാർ മന്ത്രിസ്ഥാനം തരാൻ ഞങ്ങളെയും വിളിച്ചല്ലോ,

'അടിയന് കിട്ടിയില്ലേലും മാളോര് കഴിച്ചോ' എന്നല്ലേ ഞങ്ങൾ അന്ന് പറഞ്ഞത്. ഒടുവിൽ ഞങ്ങൾക്ക് പിന്താങ്ങേണ്ടിവന്നു, പിന്നെ പിൻവലിയേണ്ടിയുംവന്നു. എന്നാലും നിർണ്ണായകഘട്ടത്തിൽ ഞങ്ങൾ പിന്താങ്ങിയല്ലോ; ഇനിയാണെങ്കിൽപോലും ഇന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ എന്താണ് വേറെ വഴി; വേറെ പോംവഴിയുണ്ടോ? ഞങ്ങൾ ഇപ്പോൾ ഇന്ത്യ ഭരിക്കാനുള്ള പരിപാടിയൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാലും ഇന്നത്തെ ദേശീയ രാഷ്ട്രീയത്തിൽ ഞങ്ങൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റേണ്ട ബാധ്യതയുണ്ട്. പക്ഷെ അത്തരമൊരു ബാധ്യതയുമില്ലാതെ കിണറ്റിൽ കിടക്കുന്ന ഒരു തവളയുടെ രീതിയായിപ്പോയി പ്രതിപക്ഷ എം.എൽ.എ.-മാർക്കെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഇവിടത്തെ കോൺഗ്രസ്സുകാർ വന്നിരുന്നെങ്കിൽ ഡൽഹി സമരം ഒരു മഹാസംഭവമായി മാറുമായിരുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റാണ് പ്രതിപക്ഷത്തിന്റെ ശത്രു. രാജ്യം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും ബി.ജെ.പി. ഉയർത്തുന്ന വെല്ലുവിളിയെപ്പറ്റിയും ഒരു മനോഭാവവുമില്ല. ഇവിടെ ലീഗിന്റെ സുഹൃത്തുക്കൾ

പ്രസംഗിക്കുന്നത് കേട്ടു. അവർക്കാർക്കും യാതൊരു വിരോധവുമില്ല. ലീഗുകാർ കോൺഗ്രസ്സുകാരോടൊപ്പം നിൽക്കാൻ തുടങ്ങിയിട്ട് കുറേ കാലമായല്ലോ; 60 വർഷം കോൺഗ്രസ്സുകാർ ഭരിച്ചിട്ടാണല്ലോ ഇപ്പോൾ നരേന്ദ്ര മോദിയുടെ കൈയിൽ, കൊട്ടയിലും കൊള്ളാതെ എങ്ങും കൊള്ളാത്ത പരുവത്തിലെത്തിച്ചത്. എന്നാലും ലീഗുകാർ കോൺഗ്രസ്സുകാരെ വിടില്ല, അവരുടെ കൂടെക്കൂടി സിന്ദാബാദ് വിളിക്കും. കോൺഗ്രസ്സുകാരെ ഒരിക്കലും വിശ്വസിക്കാൻ കൊള്ളില്ല. എങ്ങനെ വിശ്വസിക്കാനാണ്? ലീഗുകാർ ബി.ജെ.പി.-യിൽ പോകുമെന്നൊന്നും ഞാൻ കരുതുന്നില്ല. പക്ഷെ കോൺഗ്രസ്സുകാർ അങ്ങോട്ടുള്ള ഊഴമെല്ലാം ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യാരാജ്യത്ത് ഇപ്പോൾ ബി.ജെ.പി.-യിൽ ചേർന്നിരിക്കുന്നത് ആരൊക്കെയാണ്? മഹാഭ്രരിപക്ഷവും കോൺഗ്രസ്സുകാരാണ്. കുറച്ച് ആർ.എസ്.എസ്.-കാരുമുണ്ട്. ഇപ്പോൾപോലും അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സുഹൃത്തുക്കൾ അങ്ങോട്ടുള്ള ഒരു ചെറിയ വഴി ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് പ്രതിപക്ഷം ഡൽഹി സമരത്തിൽ പങ്കെടുക്കാതെ നിഷേധാത്മകമായ നിലപാട്

സ്വീകരിച്ചത്. ഈ സംസ്ഥാനത്തെ ജനങ്ങളോട് ഉത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ, ഈ സംസ്ഥാനത്തോട് താൽപ്പര്യമുണ്ടായിരുന്നെങ്കിൽ അവർ വരേണ്ടതായിരുന്നു. വരാതിരുന്നത് ഒരുകണക്കിന് നന്നായെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, ഞങ്ങൾക്ക് അവരെ കൈകാര്യം ചെയ്യാൻ എളുപ്പമായല്ലോ. അവർ വന്നിരുന്നെങ്കിൽ ഞങ്ങൾ വിഷമത്തിലാകുമായിരുന്നു. എന്നാലും ഞങ്ങൾ പറഞ്ഞുനിൽക്കുമെന്നുള്ളത് വേറെ കാര്യം. അത് രാഷ്ട്രീയമായ കാര്യമാണ്. പക്ഷെ നിങ്ങൾ വരാതിരുന്നതിലൂടെ നിങ്ങളെ അടിക്കാൻ ഞങ്ങൾക്ക് ഒരു വടിയുംകൂടി തരികയാണ് ചെയ്തത്. യഥാർത്ഥത്തിൽ ലീഗുകാർ എന്തിനാണ് പ്രതിപക്ഷത്തിന്റെ കൂടെ നിൽക്കുന്നത്; ഇവരുടെകൂടെ നിന്നാൽ നിങ്ങൾക്ക് എന്ത് കിട്ടും? ഇപ്പോൾ ജയിച്ചിരിക്കുന്ന സീറ്റുകളൊക്കെ നിങ്ങൾ തനിയെ നിന്നാലും ജയിക്കും, ലീഗിന് സ്വന്തം നിലയിൽ ജയിക്കാനുള്ള കുറേ സീറ്റുകളുണ്ട്. ഞങ്ങൾ ഇതെല്ലാം മനസ്സിലാക്കുന്നവരാണ്. xxxxxx+ നിങ്ങൾ സ്വതന്ത്രമായി മത്സരിച്ചാൽ നിങ്ങളുടെ വോട്ട് വാങ്ങി കോൺഗ്രസ്സുകാർ ജയിക്കുകയില്ല, അവർ നിയമസഭയ്ക്കകത്ത് വരികയുമില്ല. അതാണ് സത്യം.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

പക്ഷെ നിങ്ങൾക്ക് ഇത് വല്ലതും മനസ്സിലാകുമോ; നിങ്ങളെ ഞങ്ങൾക്ക് കൂടെകൂട്ടാൻ നിർവ്വാഹമില്ല. നിങ്ങൾ ഞങ്ങളുടെകൂടെ വരുമ്പോൾ ഞങ്ങൾക്ക് ബി.ജെ.പി.-യെയും ശ്രീ. നരേന്ദ്ര മോദിയെയും നേരിടാൻ ചില ദൗർബല്യമുണ്ടാകും. അവിടെയൊരു ന്യായം വേണ്ടേ, അത് വിഷമമാണ്. അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട് ഞങ്ങൾക്ക്. നിങ്ങൾ എന്താണ് ഞങ്ങളെപ്പറ്റി ധരിച്ചിരിക്കുന്നത്? കേരളത്തിൽ മൂന്നരക്കോടി ജനങ്ങളിൽ മഹാഭ്രരിപക്ഷത്തെയും അണിനിരത്താൻ ശ്രമിച്ചാൽ ഞങ്ങൾ വിജയിക്കും.. അതിനുള്ള ആർജ്ജവവും പ്രവർത്തന ചാതുര്യവും ഞങ്ങൾക്കുണ്ട്. അതൊന്നും കാണാതെ, രാജ്യത്തിന്റെ ഭാവിയെപ്പറ്റി ചിന്തിക്കാതെ അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ വളരെ ശക്തമായ അമർഷമുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ലീഗുകാരില്ലെങ്കിൽ പിന്നെ ഇവരില്ല. യു.ഡി.എഫ്. മുന്നണിയെന്നുപറഞ്ഞ് ലീഗ് കൂടെ നിന്നില്ലെങ്കിൽ കേരളത്തിൽ കോൺഗ്രസ് വട്ടപൂജ്യമാണ്. എന്ത് കിട്ടുമെന്നാണ്? നിങ്ങളുടെ വോട്ടുകൂടി വാങ്ങി ജയിച്ചതിനുശേഷം ഫലത്തിൽ നിങ്ങൾക്ക് പണി

തരികയാണ്. 1947 മുതൽ പണി തുടങ്ങിയത് ഇപ്പോഴും തുടരുകയാണ്. ഇവരെയൊന്നും നമ്പാൻ കൊള്ളില്ല, നമ്പിയാൽ നമ്പിയവരുടെ കാര്യം പോക്കാണ്. എന്റെ പ്രിയപ്പെട്ട കോൺഗ്രസ് സ്നേഹിതന്മാരെ, നിങ്ങൾ ഈ സർക്കാരിനോട് എടുക്കുന്ന നിലപാട് പുനഃപരിശോധിക്കണം. നിങ്ങൾ എന്ത് ചെയ്യാനാണ്. വല്ലതുമുണ്ടോ; xxxxx[1] പിന്നെ എന്ത് ചെയ്യാനാണ്, സഹിക്കുകയല്ലാതെ വേറെ വഴിയുണ്ടോ; അടുത്ത തെരഞ്ഞെടുപ്പിന് നിങ്ങൾ പ്രക്ഷോഭമോ സമരമോ ക്യാമ്പയിനോ ഒക്കെ നടത്തിക്കോ; ഞങ്ങൾക്കെതിരെ വേണമെങ്കിലും സമരം നടത്തിക്കോളൂ. ഞങ്ങൾക്ക് അതിനൊരു പ്രശ്നവുമില്ല. പക്ഷെ ഇന്ത്യാരാജ്യത്ത് മറ്റൊരു സംസ്ഥാനത്തിലുള്ളവർക്കുമില്ലാത്ത പ്രത്യേകത കേരളീയരായ നമുക്കുണ്ട്, ലീഗുകാർക്കുണ്ട്, കോൺഗ്രസ്സുകാർക്കുണ്ട്, മാർക്സിസ്റ്റുകാരായ ഞങ്ങൾക്കുമുണ്ട്. അത് മനസ്സിലാക്കി നിലപാടെടുക്കാനുള്ള ബാധ്യത നിങ്ങൾക്കുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും കൂട്ടരും ഞങ്ങൾക്ക് ഈ പണി തന്നത് ഒരു ഗുണമുള്ള പണിയല്ല. ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

1 ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ശ്രീ. എം. എം. മണി, താങ്കളുടെ പ്രസംഗത്തിലെ ചില പദങ്ങൾ സഭാരേഖയിൽ ഉണ്ടായിരിക്കില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, കമ്പ്യൂട്ടർ നാടിന് നല്ലതാണെന്ന് വർഷങ്ങൾക്കുമുമ്പ് തിരിച്ചറിഞ്ഞതുപോലെ ടാക്കൂർ നാടിന്റെ പുരോഗമനത്തിന് അത്യാവശ്യമാണെന്നത് പതിറ്റാണ്ടുകൾക്ക് മുമ്പ് തിരിച്ചറിഞ്ഞതുപോലെ മുസ്ലീം ലീഗ് ഈ നാടിന്റെ മതേതര പ്രസ്ഥാനത്തിന് കരുത്താണെന്ന് നേരത്തെ തിരിച്ചറിഞ്ഞവരാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുറേ വർഷങ്ങൾ കഴിഞ്ഞതിനുശേഷം ഇപ്പോൾ നിങ്ങൾ അവരോട് കാണിക്കുന്ന സ്നേഹത്തിന്റെ കാരണമൊക്കെ ഞങ്ങൾക്കെല്ലാവർക്കും അറിയാം. മുസ്ലീം ലീഗിന് അധികാരത്തേക്കാൾ വലുത് അവരുടെ നിലപാടാണെന്നാണ് ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ കോഴിക്കോട് ഒരു വേദിയിൽ പറഞ്ഞത്. മുസ്ലീം ലീഗിന്റെ അദ്ധ്യക്ഷൻ കോഴിക്കോട് കടപ്പുറത്ത് പറഞ്ഞ വാചകങ്ങൾ ഞങ്ങൾക്കറിയാം. എന്തായാലും ലീഗിന്റെ പ്രവർത്തകർക്കും നേതാക്കൾക്കും ഇപ്പോൾ ഒരു കാര്യത്തിൽ സന്തോഷമുണ്ടാകും. ഇത്രയും

നല്ലൊരു പ്രസ്ഥാനം വേറെയില്ലെന്ന് സി.പി.ഐ.(എം) പറയാൻ തുടങ്ങിയിരിക്കുന്നുവെന്നത് ചെറിയ കാര്യമല്ല. പണ്ട് അവരെപ്പറ്റി പറഞ്ഞിരുന്നതും പ്രചരിപ്പിച്ചിരുന്നതും എന്തായിരുന്നുവെന്നതും ഇപ്പോൾ അതിന്റെ നിറം മാറിയതെന്താണെന്നതും സംബന്ധിച്ച് ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. അങ്ങയുടെ തൊട്ട് പുറകിലിരിക്കുന്ന ആളോട് ചോദിച്ചാൽ കൂടുതൽ പറഞ്ഞുതരും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞങ്ങൾക്ക് ബി.ജെ.പി. വിരുദ്ധതയ്ക്ക് ക്ലാസ്സെടുക്കലാണ് ഈ സഭയിൽ നിങ്ങളുടെ പ്രധാന പണി. ബി.ജെ.പി. വിരുദ്ധതയ്ക്ക് നിങ്ങളുടെ ക്ലാസ് കേൾക്കേണ്ട ഗതികേട് ഞങ്ങൾക്കില്ല. രാജ്യത്തുടനീളം അവരെ എതിർക്കുന്നതിനും അവരോട് സന്ധി ചെയ്യാതെ പൊരുതുന്നതിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് എടുക്കുന്ന നിലപാടെന്താണെന്ന് എല്ലാവർക്കുമറിയാം. ഞങ്ങൾ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾക്ക് ബി.ജെ.പി. വിരുദ്ധ സമരം ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന്റെ തൊട്ടുമുമ്പത്തെ മാസം നടത്തുന്ന ഓർമ്മപ്പെടുത്തലാണെങ്കിൽ ഞങ്ങൾക്ക് അങ്ങനെയല്ല. ഈ

കഴിഞ്ഞ അഞ്ചുവർഷക്കാലവും അതിന് മുമ്പും ഇന്നും നാളെയും ഞങ്ങൾ അധികാരത്തിൽ വന്നാലും അവരോട് സന്ധി ചെയ്യില്ലെന്ന ഉറപ്പും ബോധ്യവും ഞങ്ങൾക്കുണ്ട്. ഇപ്പോൾ സമരത്തിൽ പങ്കെടുക്കാത്തതിന് കോൺഗ്രസിന് സ്റ്റഡി ക്ലാസ്സെടുക്കുകയാണ്. ഇവിടെ ഒരു മനുഷ്യൻ ഇന്ത്യയുടെ തെരുവിൽ ബി.ജെ.പി.-യുടെ വെറുപ്പിനെതിരെയും അവരുടെ ഫാസിസ്റ്റ് നയങ്ങൾക്കെതിരെയും ഫെഡറൽ സംവിധാനങ്ങൾ തകർക്കുന്നതിനെതിരെയും സ്ത്രീവിരുദ്ധ സമീപനങ്ങൾക്കെതിരെയും ചെറുപ്പക്കാർക്ക് തൊഴിൽ നൽകണമെന്നുമാവശ്യപ്പെട്ട് കന്യാകുമാരി മുതൽ കാശ്മീർ വരെ നാലായിരത്തിലധികം കിലോമീറ്റർ നടന്ന് 'ഭാരത് ജോഡോ' യാത്ര നടത്തി. അതിന് കാശ്മീരിന്റെ മണ്ണിൽ സമാപനമുണ്ടായപ്പോൾ, അതിൽ ഡി.എം.കെ.-യുടെയും ബി.എസ്.പി.-യുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും പി.ഡി.പി.-യുടെയും നേതാക്കൾ പങ്കെടുത്തു, (...ബഹളം...) സി.പി.ഐ.-യുടെ നേതാക്കന്മാരും പങ്കെടുത്തു.

മി. സ്പീക്കർ: (...ബഹളം...) ശ്രീ. പി. വി. ശ്രീനിജിൻ അവിടെയിരിക്കൂ. ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗത്തിന് മന്ത്രി മറുപടി പറഞ്ഞോളും.

ശ്രീ. ഷാഫി പറമ്പിൽ: സർ, അത് കേന്ദ്ര സർക്കാരിനെതിരെ നടന്ന ഏറ്റവും വലിയ രാഷ്ട്രീയ മുന്നേറ്റങ്ങളിലൊന്നായിരുന്നിട്ടും അതിൽ പങ്കെടുക്കാതിരുന്ന പ്രധാനപ്പെട്ട ഒരു പാർട്ടിയായിരുന്നു സി.പി.ഐ.(എം). അന്ന് നിങ്ങൾക്ക് എന്തുകൊണ്ട് ഈ തോന്നലുണ്ടായില്ല; കേന്ദ്ര സർക്കാരിനെതിരായ എല്ലാ മുന്നേറ്റങ്ങളിലും മുന്നിൽ നിങ്ങളുണ്ടായിരുന്നോ; നിങ്ങൾക്കാവശ്യം വരുമ്പോൾ കൈപിടിക്കാനും ആവശ്യം വരുമ്പോൾ കാലുപിടിക്കാനും ആവശ്യം വരുമ്പോൾ ഗവർണ്ണറിൽനിന്ന് ചായ വാങ്ങാനും നിങ്ങളുടെ അഡ്ജസ്റ്റുമെന്റിന്റെ പാലവും രാഷ്ട്രീയവുമല്ല ഞങ്ങളുടെ ബി.ജെ.പി. വിരുദ്ധത. നിങ്ങൾ കോൺഗ്രസ് എം.പി.-മാരെ സംബന്ധിച്ച് പറയുന്നു. കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട യു.ഡി.എഫ്. എം.പി.-മാർ അവർക്കെതിരെ പൊരുതുന്നില്ലേ? ഞാനൊരു കാര്യം ചോദിക്കട്ടെ, പൗരത്വഭേദഗതി, പെഗാസസ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടായപ്പോഴും കർഷക ബില്ലുമായി ബന്ധപ്പെട്ട സമരമുണ്ടായപ്പോഴും കാശ്മീരിന്റെ പ്രത്യേക പദവിയെടുത്ത് കളഞ്ഞപ്പോൾ അതിനെതിരെ പ്രതിഷേധിച്ചപ്പോഴും ശ്രീ. രാഹുൽ ഗാന്ധിയെ വേട്ടയാടിയപ്പോൾ

അതിനെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ തെരുവിലൂടെ വലിച്ചിഴക്കപ്പെട്ടതും തടങ്കലിലടയ്ക്കപ്പെട്ടതും അറസ്റ്റ് ചെയ്യപ്പെട്ടതുമായ എം.പി.-മാർ ആരാണ്? 143 പേരെ കഴിഞ്ഞ ദിവസം സസ്പെൻഡ് ചെയ്തത് നിങ്ങൾക്കറിയാം. ആദ്യദിവസങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ ആരാണ്? ഒരു കനലും തരിയുമല്ല, അതൊക്കെ കേരളത്തിലെ ജനങ്ങൾ ജയിപ്പിച്ച യു.ഡി.എഫ്.-ന്റെ എം.പി.-മാരാണ്. ആ സമരങ്ങൾക്കെല്ലാം നേതൃത്വം നൽകിയതും ചോദ്യങ്ങൾ ഉന്നയിച്ചതും അറസ്റ്റ് ചെയ്യപ്പെട്ടതും തടങ്കലിൽ അടയ്ക്കപ്പെട്ടതും കേസെടുക്കപ്പെട്ടതും എല്ലാം യു.ഡി.എഫ്.-ന്റെ എം.പി.-മാരാണ്. അവിടെ പറയേണ്ടത് ഞങ്ങൾ അവിടെ പറയും, ഇവിടെ ചോദിക്കേണ്ടത് ഇവിടെ ചോദിക്കും. ഇവിടെ ചോദിക്കുമ്പോൾ അത് എന്തുകൊണ്ട് നിങ്ങൾ അവിടെ പറയുന്നില്ലെന്ന് ചോദിച്ചാൽ അതിന് ഞങ്ങൾ അവിടെ ആളെ അയച്ചിട്ടുണ്ട് എന്നതാണ് മറുപടി. എം.പി.മാർ അവിടെ ചോദിക്കുന്നുണ്ട്, പോരാടുന്നുമുണ്ട്. ഇവിടെ ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടില്ലെന്നതുസംബന്ധിച്ച് ഞങ്ങൾ പരസ്യമായ സംവാദത്തിന് തയ്യാറാണ്. കേരളത്തിലെ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാരിൽ

ഓരോരുത്തരും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നടത്തിയ ജനകീയ ഇടപെടലുകളുടെ തെളിവ് സഹിതം പരസ്യമായൊരു സംവാദത്തിന് ഞങ്ങൾ തയ്യാറാണ്. അത് ജി.എസ്.ടി. ആണെങ്കിലും നെല്ലിന്റെ കാര്യത്തിലാണെങ്കിലും ഏതെങ്കിലും പാക്കേജിന്റെ കാര്യത്തിലാണെങ്കിലും ഏത് വിഷയത്തിലാണെങ്കിലും ഞങ്ങൾ പരസ്യ സംവാദത്തിന് തയ്യാറാണ്. 53,000 കോടി രൂപ ലഭിക്കാനുണ്ടെന്നത് സംബന്ധിച്ച് നിലപാട് ഞങ്ങൾ പറഞ്ഞില്ല. ഞങ്ങൾക്ക് നിലപാടില്ലാത്തതുകൊണ്ടല്ല. ഞങ്ങൾക്ക് വ്യക്തമായ മറുപടി സർക്കാർ നൽകണം. ഇന്ന് ധനകാര്യ വകുപ്പുമന്ത്രി State's own tax revenue-നെ സംബന്ധിച്ച് മറുപടി പറഞ്ഞു. 20 ശതമാനം വളർച്ച കേരളം കൈവരിച്ചുവെന്ന് അദ്ദേഹം പറഞ്ഞതിന് നിങ്ങളെല്ലാവരും കൈയടിച്ചു. Detailed statement of revenue receipts-ൽ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം, State's own tax revenue 2022-2023-ൽ 71,968 കോടി രൂപയും 2023-2024 ആകുമ്പോഴേയ്ക്കും 77,038 കോടി രൂപയുമാണ്. എവിടെയാണ് 20 ശതമാനം വളർച്ച കൈവരിച്ചത്? ഈ സഭയിലിരിക്കുന്ന അംഗങ്ങൾ, സഭയുടെ പ്രൊസീഡിംഗ്സ് കേൾക്കുന്ന കേരളത്തിലെ ജനങ്ങൾ,

സാമ്പത്തികം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ശ്രദ്ധിക്കുന്ന ആളുകൾ എന്നിവരെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുന്ന കാര്യം കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി എന്തിനാണ് ഈ സഭയിൽ പറയുന്നത്. നിങ്ങൾ ഇവിടെ പറയുന്ന കണക്കുകളും ബജറ്റിൽ പറയുന്നതും തമ്മിൽ ബന്ധം വേണ്ടേ? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ 30,000 കോടി രൂപയിൽനിന്ന് 19,000 കോടി രൂപയുടെ കുറവ് വരുത്തി 11,000 കോടി രൂപയാക്കിയപ്പോൾ കോൺഗ്രസ് ഒന്നും മിണ്ടുന്നില്ലേയെന്നാണ് ചോദിച്ചത്. അത് കേൾക്കുമ്പോൾ നിങ്ങളെല്ലാവരും ബെഞ്ചിലും ഡെസ്കിലും അടിക്കും. എന്താണ് കാര്യമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി നിശ്ചയിച്ച തുക ഓരോ സാമ്പത്തിക വർഷവും കൃത്യമായി നൽകേണ്ടത് എത്രയാണെന്ന് നിശ്ചയിച്ച് അത് നൽകി തീരുന്ന വർഷങ്ങളിലേയ്ക്ക് കുറവ് വരും. എസ്റ്റിമേറ്റിൽ അടുത്ത വർഷത്തേയ്ക്കുള്ള റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് പൂജ്യമാണ് കാണിച്ചിരിക്കുന്നത്. അതിന് കാരണമെന്താണ്; ആ തുക ലഭിച്ചുകഴിഞ്ഞുവെന്ന് നിങ്ങൾക്കറിയാം. അത് അറിഞ്ഞിട്ടും ഒറ്റയടിക്ക് 30,000 കോടി രൂപയിൽനിന്ന് 19,000 കോടി രൂപ കുറച്ചില്ലേയെന്നാണ്

ചോദിക്കുന്നത്. ഞങ്ങൾക്ക് കേന്ദ്രത്തിനെതിരെ പറയാൻ മടിയുണ്ടായിട്ടല്ല. വസ്തുതകളെ വസ്തുതകളായി കണ്ട് സംസ്ഥാനം എത്തിപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളെ അഡ്രസ് ചെയ്ത്, പ്രതിപക്ഷം മുന്നറിയിപ്പ് നൽകിയവയുൾപ്പെടെയുള്ള കാര്യങ്ങളിൽ തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതിനെ അംഗീകരിച്ച് മുന്നോട്ടുപോകുമ്പോൾ അവർക്കെതിരെ ഞങ്ങൾ അവിടെയും ഇവിടെയും പറയും. ഞങ്ങൾക്ക് അതിന് ആരുടെയും ക്ലാസ് വേണ്ട. കോൺഗ്രസ്സിന്റെ ഒന്നാമത്തെ ശത്രു വർഗ്ഗീയതയാണെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ; ഞങ്ങൾ എന്നെങ്കിലും അവരോടൊപ്പം കൂടിയിട്ടുണ്ടോ? അടൽ ബിഹാരി വാജ്പേയി, എൻ. ടി. രാമറാവു, എൽ. കെ. അദ്വാനി, വി. പി. സിംഗ്, പ്രകാശ് സിംഗ് ബാദൽ, രാം വിലാസ് പാസ്വാൻ, ജ്യോതി ബസു, ഇ.എം.എസ്. നമ്പൂതിരിപ്പാട്, സി. രാജേശ്വർ റാവു തുടങ്ങിയവർ ഡൽഹിയിൽ ഒരുമിച്ചിരുന്ന് യോഗം ചേർന്ന് ചെകുത്താനെ കൂട്ടുപിടിച്ചിട്ടാണെങ്കിലും കോൺഗ്രസ്സിനെ പരാജയപ്പെടുത്തുമെന്ന് പറഞ്ഞു. അങ്ങനെയുള്ള ചരിത്രമുള്ളയാളുകൾ ദയവുചെയ്ത് ഞങ്ങൾക്ക് ക്ലാസ്സെടുക്കാതിരുന്നാൽ മതി. നിങ്ങൾ ആരുടെകൂടെ വേണമെങ്കിലും

കൂടിക്കോളൂ. ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന് കോവളത്ത് എത്തിയ മുൻ അംബാസിഡറും ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനുമായ ശ്രീ. ടി. പി. ശ്രീനിവാസനെ എസ്.എഫ്.ഐ. ജില്ലാനേതാവ് കരണത്തടിക്കുകയും വളഞ്ഞിട്ട് പിൻകഴുത്തിലും തലയിലും ആഞ്ഞ് തള്ളുകയും കോളറിൽ കുത്തിപ്പിടിക്കുകയും മുതുകിൽ മർദ്ദനമേൽപ്പിക്കുകയും ചെയ്തു. ഉന്തിലും തള്ളിലുംപ്പെട്ട ശ്രീ. ടി. പി. ശ്രീനിവാസനെ കൊടിക്കമ്പുകൊണ്ട് കുത്തുകയും ചെയ്തു. ആ ബഹളത്തിൽനിന്നും ഒരുവിധം രക്ഷപ്പെട്ട് പുറത്തിറങ്ങി നിൽക്കുമ്പോഴാണ് പിന്നാലെ നടന്നുചെന്ന് എസ്.എഫ്.ഐ. ജില്ലാവൈസ് പ്രസിഡന്റ് ജെ. എസ്. ശരത് എന്തോ വിളിച്ചുപറഞ്ഞശേഷം അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ കരണത്ത് ആഞ്ഞടിച്ചത്.

മി. സ്പീക്കർ: യെസ്..... സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കാം. സ്വകാര്യ സർവ്വകലാശാലകളെ പച്ചപരവതാനിയും പട്ടുപരവതാനിയും വിരിച്ച് നിങ്ങൾ

സ്വാഗതം ചെയ്യുന്നു. നിറം മാറുന്ന കാര്യത്തിൽ ശ്രീ. നീതീഷ് കുമാറിന്റെയും ഓന്തിന്റെയും ഇടയിലാണ് നിങ്ങളുടെ സ്ഥാനമെന്ന് ഈ വിഷയങ്ങൾ വച്ചുനോക്കുമ്പോൾ മനസ്സിലാകും. പുഷ്പനെ അറിയാമോയെന്ന് പ്രതിപക്ഷത്തുനിന്ന് ആരെങ്കിലും ചോദിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ ചോദിച്ചവരെ കുറ്റം പറയരുത്. ധീരരക്തസാക്ഷികൾ, ജീവൻ കൊടുത്തെന്ന് പറഞ്ഞവർ, പ്രചരിപ്പിച്ചവർ, മുദ്രാവാക്യം വിളിച്ചവർ, എന്നിട്ട് അവരുടെ രക്തസാക്ഷിത്വത്തെ അവഹേളിച്ചതും അപമാനിച്ചതും ഇപ്പുറത്ത് ഇരിക്കുന്നവരല്ല. അങ്ങനെ എതിർത്ത് ജീവൻ കളഞ്ഞവരുണ്ട്. എങ്ങനെയാണോ എതിർത്തത് അതിനെ പരവതാനി വിരിച്ച് ഈ നാട്ടിലേയ്ക്ക് കൊണ്ടുവന്ന നിങ്ങളാണ് അതിന് കാരണമെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ?

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. ഷാഫി പറമ്പിൽ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെകുറിച്ചുള്ള ചോദ്യങ്ങളും സംശയങ്ങളും ഞങ്ങൾ ഉന്നയിക്കുമ്പോൾ ഉടൻതന്നെ ഞങ്ങളെ മറ്റൊരു തരത്തിലേയ്ക്ക് കൊണ്ടുപോകേണ്ടതില്ല. ഇത്

കേരള നിയമസഭയാണ്. കേരളത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പറയാൻ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ഞങ്ങൾ അത് പറയും. ഞങ്ങളെ ജയിപ്പിച്ചവർക്കും ഈ നാടിനുംവേണ്ടി, ഈ നാടിന്റെ ജനാധിപത്യമതേതര മൂല്യങ്ങൾക്കുവേണ്ടി അവിടെയും ഞങ്ങൾ പൊരുതും. അതിന് നിങ്ങളുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ആരുടെയും കാലുപിടിച്ച് ഡെസൻ കണക്കിന് കേസ്സുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥ ഞങ്ങൾക്ക് വരുന്നില്ല....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ പോയിരിക്കുന്നതിനാൽ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെയാണ് മറുപടി പറയാൻ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് മറുപടി പറയുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അന്തിമ ഉപധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയിൽ രാഷ്ട്രീയ കാര്യങ്ങളാണ്

കൂടുതലായും കേന്ദ്രീകരിച്ചിരുന്നത്. ഇവിടെ പറഞ്ഞ പല കാര്യങ്ങളും ബജറ്റ് ചർച്ചയിൽ വിശദമായി ചർച്ച ചെയ്യുകയും അവസാനം വോട്ട് ചെയ്ത് അംഗീകരിക്കുകയും ചെയ്തതാണ്. അക്കാര്യമാണ് വീണ്ടും ചർച്ചയ്ക്ക് വന്നിട്ടുള്ളത്. അങ്ങനെ വരുന്നത് സ്വാഭാവികമാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ പോയിരിക്കുകയാണ്. രാജ്യത്തിന്റെ ഉന്നത നീതിപീഠം കേരളത്തിന്റെ നിലപാട് ശരിയാണെന്ന് വിധിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് ഡൽഹിയിൽ പോകാൻ സാധിച്ചത്. ഞങ്ങൾ ഡൽഹിയിൽ പോയതും ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചതും ഞങ്ങളുടെ മാത്രം പ്രശ്നമായിട്ടല്ല, നിയമസഭയുടെ അവകാശത്തിന്റെകൂടി പ്രശ്നമാണ്. അക്കാര്യം ഞങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വളരെ കൃത്യമായി ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ 293-ാം ആർട്ടിക്കിൾ പ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിനുള്ള അധികാരം, legislative competency സംസ്ഥാന നിയമസഭകൾക്കുള്ളതാണ്. State List-43-ൽ 'Public Debt of the State' എക്സ്ക്ലൂസീവായി State Legislature-ന്റെ റൈറ്റാണെന്ന് പറയുന്നുണ്ട്.

അത് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതല്ല. Union List 35 പ്രകാരം 'Public Debt of the Union' എന്ന് ഭരണഘടനയിൽ നിർവ്വചിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷനും ഇങ്ങനെയാണ് പറയുന്നത്, അതിനാൽ മൊത്തം കടത്തെ സംബന്ധിച്ച് പരിശോധിക്കണമെന്ന് പറയുന്നതെല്ലാം വരുന്നത് ഭരണഘടനയ്ക്ക് കീഴിലാണ്. സംസ്ഥാനത്തിന് എത്ര രൂപ കടമെടുക്കണമെന്ന് നിശ്ചയിക്കാനുള്ള നിയമനിർമ്മാണാധികാരം നിയമസഭയ്ക്കുള്ളതാണ്. State List 43 പ്രകാരമാണ് നിയമസഭ 2003-ൽ നിയമം പാസ്സാക്കിയത്. അതനുസരിച്ച് കേരളത്തിന് കടമെടുക്കാൻ അനുവാദം ലഭിച്ചിരുന്നെങ്കിൽ, 2016 മുതൽ ഇതുവരെയുള്ള ഏഴുവർഷത്തിനുള്ളിൽ സംസ്ഥാനത്തിന് നഷ്ടപ്പെട്ടത് 1,07,000 കോടി രൂപയാണ്. സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അത് കൃത്യമായി പറഞ്ഞിട്ടുണ്ട്, പല യോഗങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചിട്ടുമുണ്ട്. അതൊരു ചെറിയ സംഖ്യയല്ല. സുപ്രീം കോടതിയിൽ സമർപ്പിച്ച അഫിഡവിറ്റ് പരിശോധിച്ചാൽ മനസ്സിലാകും. ഭരണഘടന പ്രകാരം സംസ്ഥാന നിയമസഭകൾക്കുള്ള

അധികാരമുപയോഗിച്ച് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കടമെടുക്കാൻ അനുമതി ലഭിച്ചിരുന്നുവെങ്കിൽ 1,07,000 കോടി രൂപയുടെ അധിക വിഭവം നമുക്ക് സമാഹരിക്കാൻ കഴിയുമായിരുന്നു. കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. നിയമം പാസ്സാക്കിക്കഴിഞ്ഞാൽ യൂണിയൻ ഗവൺമെന്റല്ല interpretation നടത്തേണ്ടത്, സംസ്ഥാന നിയമസഭയാണ്. ഭരണഘടന പരിശോധിച്ചുനോക്കൂ, കൺകറന്റ് ലിസ്റ്റും യൂണിയൻ ലിസ്റ്റും മുഴുവൻ വായിച്ചുനോക്കൂ. State List 43 പ്രകാരം State debt പൂർണ്ണമായും സംസ്ഥാനത്തിന്റേതാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി യൂണിയൻ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുള്ള പ്രശ്നമാണോ ഇതെന്ന് ചോദിച്ചത്. ഈ പ്രശ്നത്തിൽ ഒരു cause ഉണ്ട്; ഇരു ഗവൺമെന്റുകളും തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിച്ചുകൂടെയെന്ന ചോദ്യമാണ് ഉന്നത നീതിപീഠം ഉന്നയിച്ചത്. കേരളം ഉന്നയിച്ച പ്രശ്നത്തിൽ ഭരണഘടനാപരമായ, നിയമപരമായ പ്രശ്നമില്ലെങ്കിൽ ഈ രാജ്യത്തിന്റെ ഉന്നത നീതിപീഠം അങ്ങനെയൊരു ചോദ്യം ചോദിക്കുമോ? നിങ്ങൾക്കിത്

മനസ്സിലായിട്ടും മനസ്സിലായില്ലെന്ന് നടിക്കുന്ന കാര്യമാണ് ഇന്നലെ ബഹുമാനപ്പെട്ട കോടതി പറഞ്ഞത്. ഇക്കാര്യത്തിൽ യൂണിയൻ ഗവൺമെന്റിന്റെ സമീപനം എന്തായിരിക്കുമെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കില്ല. കേരളത്തെ പ്രതിനിധീകരിക്കുന്ന അഭിഭാഷകനായ ശ്രീ. കപിൽ സിബൽ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞു. ആലോചിച്ചിട്ട് വരാമെന്ന് അവരും പറഞ്ഞു. യൂണിയൻ ഗവൺമെന്റിന്റെ അറ്റോർണി ജനറൽ വന്ന് അവരും തയ്യാറാണെന്ന് അറിയിച്ചു. എപ്പോൾ ഹാജരാകാൻ കഴിയുമെന്ന് നമ്മളോടും ചോദിച്ചു. ബജറ്റിനെ സംബന്ധിച്ച ചർച്ചയാണ് നടക്കുന്നതെങ്കിൽപ്പോലും ഇത് കേരളത്തെ സംബന്ധിച്ച് ഒരു ജീവൻമരണ പ്രശ്നമാണ്, ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇപ്പോൾ ഈ ചർച്ചയ്ക്ക് മറുപടി പറയേണ്ടത്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ഭാവി തലമുറയുടെയും അവകാശത്തിനും ഈ രാജ്യത്തിന്റെ ഭരണഘടനയ്ക്കുംവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഞാൻ വളരെ വിനയപൂർവ്വം ചോദിക്കുന്നു, കോൺഗ്രസ് കർണ്ണാടകയിൽ ഒരു സമരം ചെയ്തല്ലോ; 'My Tax-My Right' എന്ന് നിങ്ങൾ

എല്ലാ പത്രങ്ങളിലും പരസ്യം കൊടുത്തു. കോൺഗ്രസ്സിന്റെ നിലപാടിന്റെ ഭാഗമായി കർണ്ണാടക, തെലങ്കാന, ഹിമാചൽപ്രദേശ് എന്നീ മൂന്ന് സംസ്ഥാനത്തല്ലേ ഭരണമുള്ളൂ; ഞങ്ങൾക്ക് ഒന്നേയുള്ളൂ. പക്ഷേ കോൺഗ്രസ് നിറഞ്ഞ് നിന്നതല്ലേ; നിങ്ങൾ ഇതിനെ ഫെഡറൽ പ്രശ്നമായി കാണുന്നുവെങ്കിൽ, കർണ്ണാടക നടത്തിയ സമരത്തിൽ ഏറ്റവും ചുരുങ്ങിയത് നിങ്ങളുടെ പാർട്ടിയുടെ മുഖ്യമന്ത്രിമാരെയെങ്കിലും വിളിക്കേണ്ടതല്ലേ? ഇതിനെ കർണ്ണാടകയുടെ പ്രശ്നമായി മാത്രമാണ് കാണുന്നതെങ്കിൽ ശരിയാണ്. ഇത് ഫെഡറൽ പ്രശ്നമാണോ; ഭരണഘടനയുടെ പ്രശ്നമാണോ? ഏറ്റവും ചുരുങ്ങിയത് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെപ്പോലും വിളിക്കാൻ അനുവദിക്കാതിരുന്നത് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന്റെ സമ്മർദ്ദത്തിന്റെ ഭാഗമായിട്ടല്ലേ? ഞങ്ങൾ ചെറിയ പാർട്ടിയാണ്. ഈ രാജ്യത്തെ ബി.ജെ.പി. ഇതര പാർട്ടികളെയും നേതാക്കന്മാരെയും ബി.ജെ.പി. ഇതര സംസ്ഥാന ഭരണ സംവിധാനങ്ങൾ നയിക്കുന്ന മുഖ്യമന്ത്രിമാരെയും ഞങ്ങൾ വിളിക്കുമ്പോഴാണോ നിങ്ങൾ വിളിക്കുമ്പോഴാണോ അവർ വരാൻ കൂടുതൽ സാധ്യതയുള്ളത്? ഞങ്ങൾ

ഇപ്പോഴും കരുതുന്നത് നിങ്ങൾ വിളിക്കുമ്പോഴാണ് അവർ വരാൻ സാധ്യത കൂടുതലുള്ളതെന്നാണ്. ഞങ്ങൾ ഇടതുപക്ഷമാണ്, ചെറിയൊരു പാർട്ടിയാണ്, ഒറ്റക്കെട്ടാണ് എന്നുള്ള കാര്യങ്ങളെല്ലാം ശരിയാണ്. നിങ്ങളുടെ പാർട്ടി വലുതാണ്, വളരെ വലുതായിരുന്നു. ആ സ്ഥിതിക്ക് നിങ്ങൾ വിളിച്ചാൽ അവർ വരില്ലേ? നിങ്ങൾ എന്തുകൊണ്ട് ഈ പ്രശ്നം മോദി ഗവൺമെന്റിനെതിരെയുള്ള വളരെ ഗൗരവമായ രാഷ്ട്രീയ പ്രശ്നമെന്ന നിലയിൽ ഉയർത്തിക്കാണിച്ച് നിങ്ങളുടെ സമരത്തിന് പ്രതിപക്ഷത്തെ വിളിച്ചില്ല. നിങ്ങൾ ഞങ്ങളെ വിളിക്കേണ്ട, ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയെ വിളിക്കേണ്ട. ആം ആദ്മി പാർട്ടി മുഖ്യമന്ത്രിയെയും പഞ്ചാബ് മുഖ്യമന്ത്രിയെയും എൻ.സി.പി.-യുടെ നേതാവിനേയും ഡോ. ഫാറൂഖ് അബ്ദുള്ളയേയും ശ്രീ. തേജസ്വി യാദവിനേയും വിളിക്കാമായിരുന്നില്ലേ? നിങ്ങൾക്ക് വേണമെങ്കിൽ ശ്രീമതി മമതാ ബാനർജിയേയും ശ്രീ. എം. കെ. സ്റ്റാലിനെയും വിളിക്കാമായിരുന്നു. എത്രയോ മുഖ്യമന്ത്രിമാരും നേതാക്കന്മാരുമുണ്ട്, നിങ്ങൾ എന്തുകൊണ്ട് അവരെയൊന്നും വിളിച്ചില്ല. നിങ്ങൾ വിളിച്ചാൽ ഞങ്ങളും അവരും വരും.

ഞങ്ങളും അവരും വന്നാൽ അടുത്തദിവസം ഞങ്ങൾ വിളിക്കുമ്പോൾ നിങ്ങൾക്കും വരേണ്ടി വരും. അങ്ങനെ വരാൻ നിങ്ങൾക്ക് താല്പര്യമില്ല. നിങ്ങൾക്ക് എന്നുവച്ചാൽ കോൺഗ്രസിനല്ല, കേരളത്തിലെ കോൺഗ്രസിന് മാത്രമാണ്. ഞാൻ നേരത്തെ നിയമസഭയിൽ പറഞ്ഞതാണ്; നിങ്ങൾ കാട് കാണുന്നില്ല, മരം കാണുന്നില്ല, മരത്തിന്റെ ചെറിയൊരു കഷ്ണം മാത്രമേ കാണുന്നുള്ളൂ. പോകപ്പോകേ ആ മരത്തിന്റെ ചെറിയ കഷ്ണത്തിന്റെ ഒരു സൂക്ഷ്മാണുവിനെ മാത്രം കാണുന്ന, അതായത് ഒരു കസേരയെ മാത്രം കാണുന്ന തരത്തിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് നേതൃത്വം തരംതാഴ്ന്നിരിക്കുന്നു. യഥാർത്ഥത്തിൽ ഇന്ത്യയിലെ ബി.ജെ.പി. വിരുദ്ധ മുന്നണിയെ ദുർബലപ്പെടുത്തുന്ന ഘടകം കേരളത്തിലെ കോൺഗ്രസിന്റെ നേതൃത്വമാണ്. ദൗർഭാഗ്യവശാൽ കേരളത്തിലെ കോൺഗ്രസിന്റെ നേതൃത്വമാണ് de facto high command.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ത്യയിലെ കോൺഗ്രസ് മുൻകൈ എടുത്തുതന്നെയാണ് ഇന്ത്യാ മുന്നണി രൂപീകരിച്ചത്. അത് കേന്ദ്ര നയങ്ങൾക്കെതിരായും അതിന് നേതൃത്വം കൊടുക്കുന്ന ശ്രീ. നരേന്ദ്ര

മോദിക്കെതിരായും തന്നെയാണ്. വരാൻ പോകുന്ന 'കോമൺ മിനിമം പ്രോഗ്രാമി'ൽ ഇത്തരം വിഷയങ്ങളായിരിക്കും കൂടുതൽ ഉയർന്നുവരുന്നത്. നിങ്ങൾ മാത്രമാണിതൊക്കെ ചെയ്യുന്നതെന്ന് വരുത്തി തീർക്കാൻ ശ്രമിക്കുന്നത് ശരിയായ കാര്യമല്ല. ഈ രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയുടെ പത്ത് വർഷത്തെ ഭരണത്തിനെതിരായി ഏറ്റവും വലിയ പോരാട്ടം നടത്തിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇന്ത്യാ മുന്നണി രൂപീകരിച്ചത്. ഞങ്ങൾ സ്വീകരിക്കുന്ന നിലപാട് ശരിയല്ലെന്ന് പറയാനുള്ള അവകാശം അങ്ങേയ്ക്കുണ്ട്. പക്ഷേ, സത്യത്തെ സത്യമായി കാണാൻ തയ്യാറാകണം.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ ഞാൻ തർക്കമൊന്നും ഉന്നയിച്ചില്ലല്ലോ. ആ പോയിന്റുകളോട് മുൻ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ മനസ്സിൽതട്ടി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അങ്ങ് പറഞ്ഞത്, രാജ്യത്തിന്റെ പൊതു മിനിമം പരിപാടിയിൽ ഈ പ്രശ്നം ഗൗരവമായി ഉൾപ്പെടുത്താൻ

ഉദ്ദേശിക്കുന്നുണ്ടെന്നാണ്. അത് നല്ല കാര്യം തന്നെയാണ്. നിങ്ങളത് നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഒരു ദിവസം രാവിലെ എഴുന്നേറ്റ് പരിപാടി പ്രഖ്യാപിക്കുകയാണോ വേണ്ടത്. അതോ സമരം നടത്തി ജനങ്ങളുടെ പൊതുബോധത്തിലേയ്ക്ക് ഈ പ്രശ്നത്തെ കൊണ്ടുവരികയാണോ ചെയ്യേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഫിനാൻസ് കമ്മീഷൻ മുമ്പാകെ കേരളത്തിലെ കോൺഗ്രസും പ്രതിപക്ഷകക്ഷികളും നിങ്ങൾ ഇപ്പോൾ പറഞ്ഞ ഇതേ വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഏത് വർഷത്തെ പോപ്പുലേഷൻ കണക്കിലെടുക്കണമെന്നത് ഞങ്ങൾ ഉന്നയിച്ച കാര്യമാണ്. അല്ലാതെ ഇത് പുതിയതായി പറയുന്നതല്ല.

ശ്രീ. പി. രാജീവ്: സർ, ഞാൻ ചരിത്രത്തെക്കുറിച്ചല്ല പറയുന്നത്. നിലവിലെ സാഹചര്യത്തിൽ ഏറ്റവും ചുരുങ്ങിയത് കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന സമരത്തിലെങ്കിലും നിങ്ങൾ പങ്കെടുക്കേണ്ടതായിരുന്നില്ലേ, അതെങ്കിലും നിങ്ങൾക്ക് ചെയ്യാമായിരുന്നില്ലേ; നിങ്ങൾ ഞങ്ങളുടെ കൂടെ വരേണ്ട. ആ തീരുമാനം തെറ്റായിപ്പോയെന്ന് അങ്ങേയ്ക്ക് മനസ്സിലാകുന്നുണ്ടെന്ന് എനിക്കറിയാം.

അതിന് ഞാൻ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.

ബി.ജെ.പി. വിരുദ്ധ ലീഗിന്റെ ഒരു സമീപനം വരുന്നുണ്ടെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളും ബി.ജെ.പി.-യും തമ്മിൽ ധാരണ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് നമ്മൾ നേരത്തെ സംസാരിച്ചിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ഇന്ത്യയിലെ ബി.ജെ.പി. വിരുദ്ധ മുന്നണിയെ ദുർബലപ്പെടുത്തുന്ന ഘടകം കേരളത്തിലെ കോൺഗ്രസിന്റെ ഒരു വിഭാഗം നേതാക്കന്മാരാണ്. മുസ്ലീംലീഗിന് യു.ഡി.എഫ്. ബന്ധം ഒരു തടസ്സമായി മാറിയിരിക്കുന്നു. അത് നിങ്ങൾക്ക് ഒരു ബാധ്യതയായി മാറിയിരിക്കുന്നു. ഇവിടെ സൂചിപ്പിച്ച ബാബറി മസ്ജിദ് തകർച്ചയെ സംബന്ധിച്ച വികാരത്തെ നമ്മൾ മാനിക്കുന്നു. ചരിത്രം അവിടെ നിൽക്കട്ടെ. അയോധ്യയിൽ രാമക്ഷേത്രത്തിന്റെ ഉദ്ഘാടനത്തെ സംബന്ധിച്ചുള്ള വാർത്ത വന്നപ്പോൾ ശ്രീ. നരേന്ദ്ര മോദിക്കല്ല അവകാശം, ഞങ്ങൾക്കാണെന്ന ശ്രീ. കമൽനാഥിന്റെ ഒരു സ്റ്റേറ്റ്മെന്റ് വന്നു. ജവഹർലാൽ നെഹ്റു സരയൂ നദിയിലേയ്ക്ക് ഈ താക്കോലുകൾ വലിച്ചെറിയണമെന്നും ആർക്കും ഒരിക്കലും കണ്ടുപിടിക്കാൻ പോലും കഴിയാത്ത രൂപത്തിലെറിയണമെന്നും പറഞ്ഞ്

താക്കോലിട്ട് പൂട്ടിയ സ്ഥലം വീണ്ടും തുറന്ന് ശിലാന്യാസത്തിന് അനുമതി നൽകിയത് ശ്രീ. രാജീവ് ഗാന്ധിയാണ്. അതുകൊണ്ട് അയോധ്യയിലെ രാമക്ഷേത്രത്തിന്റെ ക്രെഡിറ്റ് ആദ്യം കൊടുക്കേണ്ടത് രാജീവ് ഗാന്ധിക്കാണെന്ന് പറയുന്നത് ഇപ്പോൾ കയ്യാലപ്പുറത്തിരിക്കുന്ന ശ്രീ. കമൽനാഥാണ്. മധ്യപ്രദേശിൽ നിങ്ങളുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിരുന്നില്ലേ? നിങ്ങളുടെ പാർട്ടിയുടെ അവസ്ഥ ഒന്ന് പരിശോധിച്ചുനോക്കൂ. മധ്യപ്രദേശിൽ തെരഞ്ഞെടുപ്പിനെ നയിക്കുകയും മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിരിക്കുകയും അവിടത്തെ പി.സി.സി. പ്രസിഡന്റായിരിക്കുകയും ചെയ്ത ശ്രീ. രമേശ് ചെന്നിത്തലയെപ്പോലെ എത്രയോ കാലത്തെ ചരിത്രമുള്ളയാൾ ഇപ്പോൾ എവിടെയാണ് നിൽക്കുന്നതെന്ന് ആർക്കെങ്കിലും ഉറപ്പുണ്ടോ? ബി.ജെ.പി.-യിലേയ്ക്ക് പോകില്ലെന്ന് ഉറപ്പുണ്ടെങ്കിൽ പറയൂ, ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കോൺഗ്രസിൽ തന്നെയാണെന്ന് ഉറപ്പിച്ചുപറഞ്ഞാൽ ഞങ്ങൾക്ക് സന്തോഷമേയുള്ള. വെള്ളി ഇഷ്ടികയല്ലേ ശ്രീ. കമൽനാഥ് കൊടുത്തുവിട്ടത്. ഇതാലോചിച്ചിട്ട് യു.ഡി.എഫ്.-നകത്ത് ഇരിപ്പുറയ്ക്കുന്നുണ്ടോ? നിങ്ങൾ

ശരിക്കും അസ്വസ്ഥരല്ലേ. ശ്രീ. കമൽനാഥ് കൊടുത്തുവിട്ടത് ശരിയാണെന്ന് കരുതുന്ന ആളുകളുടെ ചിന്ത മുസ്ലീം ലീഗിനകത്ത് ശക്തിപ്പെട്ട് വരുന്നുണ്ടെന്നതിന്റെ തെളിവാണ് കേരളത്തിൽ ദേശാഭിമാനിയും മാധ്യമവും ഉൾപ്പെടെയുള്ള പത്രങ്ങളിൽ ബാബറിപ്പള്ളി തകർത്തിടത്താണ് രാമക്ഷേത്രം പണിയുന്നതെന്ന കൃത്യമായ വാർത്ത കൊടുത്തപ്പോൾ ചന്ദ്രിക പത്രമാണ് അങ്ങനെ പരാമർശിക്കാത്തത്. ചന്ദ്രികയ്ക്ക് അതിന് എങ്ങനെ കഴിഞ്ഞു; ചന്ദ്രികയ്ക്ക് ചരിത്രം ഓർമ്മയില്ലേ? തെറ്റുപറ്റിയതായിരിക്കും, അത് പരിശോധിക്കുമെന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു. അദ്ദേഹം അത്രയെങ്കിലും പറഞ്ഞു. നിങ്ങൾ ഒരുകാര്യം കൂടി മനസ്സിലാക്കണം. പാർലമെന്റിൽ ഒരേയൊരു തവണ മാത്രമേ 'മതനിരപേക്ഷതയ്ക്കൊപ്പമോ വർഗ്ഗീയതയ്ക്കൊപ്പമോ' എന്ന ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസ വോട്ടെടുപ്പ് നടന്നിട്ടുള്ളൂ. അത് ബാബറി മസ്ജിദ് തകർക്കാൻ, രാമക്ഷേത്രം പണിയാൻ ശ്രീ. എൽ. കെ. അദ്വാനി നടത്തിയ രഥയാത്രയായിരുന്നു. ഇന്ത്യയിൽ ഇടതുപക്ഷം കഴിഞ്ഞാൽ ബി.ജെ.പി. മന്ത്രിസഭയുടെ ഭാഗമാകാതിരുന്നിട്ടുള്ള കോൺഗ്രസ് അല്ലാത്തൊരു പാർട്ടി ആർ.ജെ.ഡി.

ആണ്. ശ്രീ. ലാലു പ്രസാദ് യാദവാണ് മുഖ്യമന്ത്രി, അദ്ദേഹം അത് തടഞ്ഞു. തടഞ്ഞാൽ ഭരണം പോകുമെന്നുറപ്പാണ്. ബി.ജെ.പി. പിന്തുണ പിൻവലിക്കുകയും വി. പി. സിംഗ് മന്ത്രിസഭ ന്യൂനപക്ഷമാകുകയും ചെയ്തു. അങ്ങനെ ന്യൂനപക്ഷമായത് രഥയാത്രയെ തടഞ്ഞതുകൊണ്ട് മാത്രമാണ്. രഥയാത്രയെ തടഞ്ഞതിന്റെ പേരിൽ ന്യൂനപക്ഷമായൊരു മന്ത്രിസഭയെ മതനിരപേക്ഷ നിലപാടുള്ള കോൺഗ്രസ് പിന്തുണയ്ക്കണ്ടേ? ആ ചോദ്യത്തിന്മേൽ വിശ്വാസ വോട്ടെടുപ്പ് നടന്നു. ആ വിശ്വാസ വോട്ടെടുപ്പിൽ ഇന്ത്യയിൽ ബി.ജെ.പി.-യും കോൺഗ്രസും ഒന്നിച്ച് വോട്ടുചെയ്താണ് വി. പി. സിംഗ് മന്ത്രിസഭയെ അധികാരത്തിൽനിന്നും താഴെയിറക്കിയത്. നിങ്ങൾ ഒന്നിച്ചാണ് വോട്ട് ചെയ്തത്. അത് ചരിത്രത്തിന്റെ ഭാഗമാണ്. ആ വിശ്വാസ വോട്ടെടുപ്പിൽ നിങ്ങൾ ഒന്നിച്ച് വോട്ടുചെയ്തു. ഈ ചരിത്രം മറക്കരുത്. ഇത് ചരിത്രത്തിന്റെ ഭാഗമാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ...

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... മന്ത്രി വഴങ്ങേണ്ട.

<u>ശ്രീ. പി. രാജീവ്</u>: സർ, മറ്റൊരു കാര്യം,

മി. സ്പീക്കർ: മന്ത്രി, പ്ലീസ്... പ്ലീസ്...സമയ പരിധിയുണ്ട്. Ignore the comments.

ശ്രീ. ടി. സിദ്ദിഖ്: സർ, ...

ശ്രീ. പി. രാജീവ്: സർ, ഇവിടത്തെ narrative എന്താണ്? ബഹുമാനപ്പെട്ട ശ്രീ. ടി. സിദ്ദിഖ് ബഹളം വയ്ക്കേണ്ട, ഞാൻ മറുപടി പറയട്ടെ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഓരോന്നിനായി മറുപടി പറഞ്ഞാൽ സഭ പിരിയാൻ 8.00 മണി കഴിയും. ചില കമന്റ്സ് ignore ചെയ്യുന്നതായിരിക്കും ഉചിതം.

ശ്രീ. പി. രാജീവ്: സർ, ഞങ്ങളും ബി.ജെ.പി.-യും ഒന്നിച്ച് പിന്തുണച്ചതോടുകൂടിയാണ് രണ്ട് സീറ്റ് മാത്രമുണ്ടായിരുന്ന ബി.ജെ.പി. ഇന്ത്യയിൽ അധികാരത്തിലേയ്ക്ക് വരികയും വളർച്ചപ്രാപിക്കുകയും ചെയ്തത്. ഇതാണ് narrative. ആത്മസംതൃപ്തിക്ക് പറ്റിയ narrative ആണ്. 1952-ൽ ഇന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഹിന്ദുത്വ ശക്തികൾക്ക് പത്ത് സീറ്റുണ്ട്. ശ്യാമ പ്രസാദ് മുഖർജി ഇടക്കാല മന്ത്രിസഭയിൽ മന്ത്രിയായിരുന്നു. 1967-ൽ ജനസംഘത്തിന് 35 സീറ്റുണ്ട്. ഞങ്ങളും ഇവരും

വി. പി. സിംഗിനെ പിന്തുണയ്ക്കുന്നു. അഴിമതിക്കെതിരായ സർക്കാരായതിനാൽ ഞങ്ങളും നിലപാടുകൾ സ്വീകരിച്ചു. ബി.ജെ.പി. മന്ത്രിസഭയുടെ ഭാഗമാകാൻ പാടില്ലെന്ന ഒറ്റ നിലപാടിന്റെ പേരിൽ ഞങ്ങൾ പിന്തുണ കൊടുത്തു. അന്ന് രണ്ട് സീറ്റല്ല, 85 സീറ്റാണ് ബി.ജെ.പി.-ക്കുണ്ടായിരുന്നത്. പുറത്തുനിന്ന് ഞങ്ങൾ പിന്തുണയ്ക്കുന്നു. അങ്ങനെ പിന്തുണയ്ക്കുന്ന ഗവൺമെന്റിനെ ആ സന്ദർഭത്തിൽ തന്നെ അട്ടിമറിക്കാനാണ് ബി.ജെ.പി. രഥയാത്ര നടത്തിയത്. ബി.ജെ.പി.-യുടെ ആ രഥയാത്രയെ തടഞ്ഞ ശ്രീ. ലാലു പ്രസാദ് യാദവിനെ അറസ്റ്റ് ചെയ്യുന്നു. അറസ്റ്റ് ചെയ്തതിനെ തുടർന്ന് ബി.ജെ.പി. പിന്തുണ പിൻവലിച്ചു. ഞങ്ങൾ ചരിത്രം പറയുമ്പോൾ, ഉള്ളത് പറയുമ്പോൾ തുള്ളൽ വന്നിട്ട് കാര്യമില്ല. (.....ബഹളം.....) കോൺഗ്രസും ബി.ജെ.പി.-യും ഇന്ത്യൻ പാർലമെന്റിൽ ഒന്നിച്ച് വോട്ട് ചെയ്താണ് രാമക്ഷേത്രം പണിയുന്നതിനും ബാബറി മസ്ജിദ് തകർക്കുന്നതിനും വേണ്ടി നടന്ന രഥയാത്രയെ തടഞ്ഞതിന്റെ പേരിൽ മാത്രം ന്യൂനപക്ഷമായ വി. പി. സിംഗിനെ അധികാരത്തിൽനിന്ന് താഴെയിറക്കിയത്. ആ താഴെയിറക്കലാണ് ബി.ജെ.പി.-ക്ക് അടുത്ത തവണ

ഭൂരിപക്ഷമുണ്ടാക്കുന്ന നിലയിലേയ്ക്കെത്തിയത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസാണ് ബി.ജെ.പി.-ക്കുള്ള അനുകൂല സാഹചര്യമൊരുക്കിയത്. ബഹുമാനപ്പെട്ട കൽപ്പറ്റ അംഗം പറയുന്നതല്ലല്ലോ ശ്രീ. കമൽനാഥ് പറഞ്ഞത്; രാമക്ഷേത്ര നിർമ്മാണത്തിന്റെ ക്രെഡിറ്റ് ഞങ്ങൾക്കാണെന്നാണ് ശ്രീ. കമൽനാഥ് പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ആദ്യം മുതൽ അങ്ങയുടെയൊരു narrative ശ്രദ്ധിക്കുകയാണ്. ഇലക്ഷൻ നടക്കാൻ പോകുകയാണല്ലോ; നമ്മുടെ രാജ്യത്ത് ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്നത് വിദ്വേഷത്തിന്റെ കൃാമ്പയിനാണെന്ന് എല്ലാവർക്കുമറിയാം. ജാതിയുടെയും മതത്തിന്റെയും പേരിൽ ആളുകളെ ഭിന്നിപ്പിച്ച് വോട്ട് നേടാനുള്ള ശ്രമമാണ് നടക്കുന്നത്. അതിനെതിരായി ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഭാരതത്തെ ഒന്നിപ്പിക്കാനുള്ള കൃാമ്പയിനാണ് നടത്തുന്നത്. ബി.ജെ.പി. ഒരു രാഷ്ട്രീയ ദ്രുവീകരണമുണ്ടാക്കുകയല്ല, മറിച്ച് കമ്മ്യൂണലായ ഒരു പോളറൈസേഷനുണ്ടാക്കുകയാണ് ചെയ്യുന്നത്. ആളുകളെ ഭിന്നിപ്പിച്ച്

വർഗ്ഗീയമായ ദ്രുവീകരണമുണ്ടാക്കുക എന്നതാണ് അവരുടെ തന്ത്രം. ഞങ്ങൾ രാഷ്ട്രീയ ദ്രുവീകരണമുണ്ടാക്കി ഫാസിസത്തിനെതിരായ പ്ലാറ്റ്ഫോമുണ്ടാക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇന്ത്യ മുന്നണി രൂപീകരണത്തിന് മുൻകൈയെടുത്തത്. ബി.ജെ.പി. ദേശീയതലത്തിൽ ചെയ്യുന്ന അതേ വർഗ്ഗീയദ്രുവീകരണം ഈ സംസ്ഥാനത്തുണ്ടാക്കാനായി ന്യൂനപക്ഷത്തിന്റെ വോട്ട് ലഭിക്കുന്നതിനുവേണ്ടിയുള്ള വിലകുറഞ്ഞ വർഗ്ഗീയദ്രുവീകരണത്തിനുവേണ്ടി തന്നെയാണ് നിങ്ങൾ ശ്രമിക്കുന്നതെന്ന് ഞങ്ങൾ പറഞ്ഞാൽ തെറ്റ് പറയാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇതിനുംകൂടി ചേർത്ത് മറുപടി പറഞ്ഞാൽ മതി. ചന്ദ്രിക പത്രത്തെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. പത്രത്തിൽ ഒരു ദിവസം വാർത്ത കൊടുത്തില്ലെങ്കിൽ അടുത്ത ദിവസം വാർത്ത കൊടുക്കും. ഞങ്ങളിപ്പോൾ മുന്നണിയാണ്. ആദ്യം മുതൽതന്നെ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിലൊക്കെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഞങ്ങൾ വെള്ളത്തിൽ തീപിടിപ്പിക്കുന്നതുപോലെ വർഗ്ഗീയത വളർത്താൻ ഇടയാക്കുന്ന തരത്തിൽ

എക്സ്ട്രീമായി പറയുകയില്ല. രാമക്ഷേത്ര വിഷയത്തിൽ ബി.ജെ.പി. വർഗ്ഗീയത പരത്താൻ നോക്കുകയാണെന്ന് പറയേണ്ട സ്ഥലത്ത് ഞങ്ങൾ പറയാതിരുന്നിട്ടില്ല. പാർലമെന്റിൽ ഇത്തവണ എം.പി. അത് പറയുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ കോൺഗ്രസിന് ഇതുപോലുള്ള ധാരാളം പ്രശ്നങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കോൺഗ്രസ് ചർച്ച ചെയ്ത് പറയാനുള്ളത് പറഞ്ഞശേഷം വാക്കൗട്ട് നടത്തുകയാണുണ്ടായത്. ഞങ്ങൾ നേരിട്ട് വാക്കൗട്ട് നടത്തി. അത് ജോയിന്റ് പാർലമെന്ററി പാർട്ടിയിലെടുത്ത സ്റ്റാന്റാണ്. സ്റ്റാന്റ് എടുക്കേണ്ട സ്ഥലത്ത് എടുക്കുന്നുണ്ട്. പക്ഷെ വർഗ്ഗീയത വളർത്താനിടയാക്കുന്ന തരത്തിലുള്ള ഒരു പ്രവൃത്തിയും ചെയ്തില്ല എന്നത് പണ്ട് മുതലേയുള്ള ഞങ്ങളുടെ സ്റ്റാന്റാണ്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പത്രത്തിൽ വരാത്ത കാര്യം പറഞ്ഞത് ചെറിയ തെറ്റല്ല. കേരളത്തിലെ പത്രങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പ്രധാനപ്പെട്ട ഒരു പത്രത്തിൽ ഒരു മാസംമുമ്പ് ഗ്യാൻവ്യാപി മസ്ജിദ് എന്നെഴുതിയത് ഇപ്പോൾ എഴുതുന്നത് ഗ്യാൻവ്യാപി സമുച്ചയമെന്നാണ്. അത് പത്രത്തിന്റെ തെറ്റാണെന്ന് അങ്ങ് കാണുന്നുണ്ടോ?

ഇതാണ് ശ്രീ. എൻ. എസ്. മാധവൻ തിരുത്തലിലൂടെ എഴുതിയത്. ബാബറി മസ്ജിദ് എന്നത് മാറ്റി ബാബറി തർക്ക മന്ദിരം എന്നാക്കി. തർക്ക മന്ദിരത്തിൽ തർക്കമുള്ളതാണ്, അതിനെ ആർക്കും തകർക്കാം. അങ്ങനെയൊരു മാറ്റം രൂപപ്പെട്ട് വരുന്നുണ്ടെന്ന് അങ്ങ് കാണണം. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നതല്ല. കോൺഗ്രസിന് പല പ്രശ്നങ്ങളുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ശ്രീ. കമൽനാഥിനെ പോലുള്ളവർ വെള്ളി ഇഷ്ടിക കൊടുക്കുന്നു. അയോധ്യയുടെ വിഷയവുമായി ബന്ധപ്പെട്ട് മുസ്ലീംലീഗിന് പറയാനുള്ള ഉത്തരവാദിത്വമുണ്ട്, വെള്ളത്തിന് തീ പിടിപ്പിക്കേണ്ടതില്ല. രാമക്ഷേത്രത്തിന്റെ ഉദ്ഘാടന സന്ദർഭത്തിൽ ഹിമാചൽപ്രദേശിൽ കോൺഗ്രസ് ഗവൺമെന്റ് അവധി കൊടുത്തതിനെ നിങ്ങൾ പിന്തുണയ്ക്കുന്നുണ്ടോ? കോൺഗ്രസിന്റെ കേരളത്തിലെ ബന്ധം നിങ്ങൾക്കൊരു ബാധ്യതയായി മാറിയിരിക്കുന്നു. മുസ്ലീംലീഗിനുള്ളിൽ ഇതൊരു ബാധ്യതയാണെന്ന് നിങ്ങളും മനസ്സിലാക്കുന്നുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ സംസാരിച്ചപ്പോൾ കമ്പ്യൂട്ടറുകൾ കൊണ്ടുവന്നപ്പോഴുണ്ടായ സംഭവങ്ങളെകുറിച്ച് പറഞ്ഞതിനെല്ലാം ധനകാര്യ

വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. ചരിത്രത്തിൽ ലീഗിനെ ചത്ത കുതിരയെന്ന് വിളിച്ചതാരാണ്; തൊപ്പി ഊരിവച്ചശേഷം സ്പീക്കറിന്റെ കസേരയിൽ മുസ്ലീംലീഗിന്റെ ആളുകൾ ഇരുന്നാൽ മതിയെന്ന് പറഞ്ഞത് ഞങ്ങളല്ലല്ലോ. അദ്ദേഹം പറഞ്ഞത് എന്താണ്, നേരത്തെ ഞങ്ങൾ ലീഗിനെ കൃത്യമായി കണ്ടിരുന്നു, നിങ്ങൾ കണ്ടിരുന്നില്ലായെന്നാണ്. മുൻ പ്രതിപക്ഷനേതാവിന്റെ ആ സഹായത്തിന് പ്രത്യേക നന്ദിയുണ്ട്. അദ്ദേഹം പറഞ്ഞത് അത് തന്നെയാണ്, മുമ്പേ ഞങ്ങൾ ലീഗിനെ വളരെ കൃത്യമായി കണ്ടിരുന്നു, നിങ്ങൾ കണ്ടിരുന്നില്ല, ഇപ്പോൾ കണ്ടുവെന്നാണ്. ഇപ്പോൾ ചരിത്രം അങ്ങ് ഓർമ്മിപ്പിച്ചല്ലോ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ശ്രീ. എം. വി. രാഘവനെ പാർട്ടിയിൽനിന്ന് പുറത്താക്കിയില്ലേ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇക്കാര്യം പറയുമ്പോൾ മറ്റ് കാര്യങ്ങളാണ് പ്രതിപക്ഷനേതാവ് പറയുന്നത്. രാഷ്ട്രീയമായ പല കാര്യങ്ങളും നമ്മൾ ഗൗരവമായി കാണേണ്ടതുണ്ട്. പുതിയതായി കെട്ടിടമോ ക്ഷേത്രമോ പണിയുമ്പോൾ തറയൊരുക്കി കൊടുക്കാറുണ്ട്. ആ തറയൊരുക്കിയ

ആൾക്ക് ഭാരതരത്ന അവാർഡ് ഇപ്പോൾ നൽകിയിട്ടുണ്ട്. ഈ രാജ്യത്തിന്റെ മതനിരപേക്ഷതയുടെ പ്രതീകമായിരുന്ന ബാബറി മസ്ജിദിനെ ആൾക്കൂട്ടത്തിന്റെ ഫാസിസ്റ്റ് മനഃശാസ്ത്രമുപയോഗിച്ച് തകർത്ത് തരിപ്പണമാക്കി ഉന്മാദ നൃത്തം ചവിട്ടിയപ്പോൾ ഡൽഹിയിലെ പ്രധാനമന്ത്രി കസേരയിൽ മൗനത്തോടെ ഇരുന്നയാളുടെ പേരാണ് പി. വി. നരസിംഹ റാവു. നിങ്ങൾക്കത് നിഷേധിക്കാൻ കഴിയുമോ; ദേശീയോദ്ഗ്രഥന കൗൺസിൽ ചേർന്നു. ഹർകിഷൻ സിംഗ് സുർജിത് ആ യോഗത്തിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞത്, ഞങ്ങൾ ആർട്ടിക്കിൾ 356 പ്രയോഗിക്കുന്നതിന് എതിരാണെന്നാണ്; പക്ഷെ ഈ രാജ്യത്തിന്റെ ഭരണഘടനയും മതനിരപേക്ഷതയും സംരക്ഷിക്കപ്പെടണം. നിങ്ങൾക്ക് കല്യാൺ സിംഗിന്റെ ഗവൺമെന്റിനെ പിരിച്ചുവിടാം. ദേശീയോദ്ഗ്രഥന കൗൺസിലിൽ ഏതറ്റം വരെ പോകാനും തയ്യാറായി. ബ്ലാങ്ക് ചെക്ക് പ്രധാനമന്ത്രിക്ക് നൽകി. നിങ്ങൾ നിശബ്ദമായി, ബാബറി മസ്ജിദ് തകർത്ത് തരിപ്പണമാക്കുന്നതുവരെ കേന്ദ്രസേന ബാരക്കുകൾക്കകത്ത് ഒരു നിർദ്ദേശത്തിനുവേണ്ടി കാത്തിരുന്നു. ബാബറി മസ്ജിദ് തകർത്ത് ക്ഷേത്രം

പണിയുന്നതിന് തറയൊരുക്കികൊടുത്തതിന് പി. വി. നരസിംഹ റാവുവിന് ഭാരതരത്ന നൽകി. ഇതല്ലേ ചരിത്രം; അയോധ്യ ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രി പോകുന്നത് തെറ്റാണെന്ന് ഞങ്ങൾ പറഞ്ഞു. പാർലമെന്റിന്റെ ഉദ്ഘാടനം ഒരു മതവിഭാഗത്തിന്റെ ആചാരങ്ങൾക്കനുസരിച്ച് സന്യാസിമാരുടെ നേതൃത്വത്തിൽ നടക്കുന്നത് തെറ്റാണ്. ഈ രാജ്യത്തിന്റെ ഭരണഘടന, മതനിരപേക്ഷത, ഭരണക്കൂടം, മതം എന്നിവയ്ക്ക് അതിർവരമ്പുകളുണ്ട്. ഈ രാജ്യം സ്വതന്ത്രമായ സമയത്ത് സർദാർ വല്ലഭായ് പട്ടേലും സ്വാമനാഥ ക്ഷേത്രത്തിലെ ട്രസ്റ്റിന്റെ പ്രസിഡന്റും മഹാത്മാഗാന്ധിയെ പോയി കണ്ട് സ്വാമനാഥക്ഷേത്രം പുതുക്കി പണിയണമെന്ന് പറഞ്ഞു. അത് നിർമ്മിച്ചുകൊള്ളുക, പക്ഷേ ഗവൺമെന്റിന്റെ പണമുപയോഗിക്കരുതെന്ന് ഗാന്ധിജി പറഞ്ഞു. പുതുക്കി പണിതപ്പോഴേയ്ക്കും സർദാർ വല്ലഭായ് പട്ടേൽ മരണപ്പെട്ടു. ഉദ്ഘാടനത്തിന് ഡോ. രാജേന്ദ്ര പ്രസാദിനെ വിളിച്ചു. അദ്ദേഹത്തിന് നെഹ്റു കത്തെഴുതി. അങ്ങ് ഈ രാജ്യത്തെ ഒന്നാമത്തെ പൗരനാണ്, ക്ഷേത്രം പണിതതിനോട് എനിക്ക് യോജിപ്പില്ല, എന്നാൽ പണിതുപോയി. അങ്ങ് ഉദ്ഘാടനത്തിന്

പോകരുത് എന്ന് നെഹ്റു പറഞ്ഞു. നെഹ്റു അന്ന് പറഞ്ഞത് ഓർത്ത് പറയാൻ കോൺഗ്രസിന് എത്രനാൾ കാത്തിരിക്കേണ്ടിവന്നു. ശ്രീ. സീതാറാം യച്ചൂരിക്ക് അയോധ്യയിലേയ്ക്ക് ക്ഷണം ലഭിച്ചപ്പോൾ പങ്കെടുക്കുന്നില്ലെന്ന് അടുത്ത നിമിഷം പറഞ്ഞില്ലേ; ഞങ്ങൾ വിശ്വാസങ്ങൾക്ക് എതിരല്ല. ഏതൊരു വിശ്വാസിക്കും അവരവരുടെ വിശ്വാസം, വിചാരം, ആചാരം, അനുഷ്ഠാനം എന്നിവയനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി അവസാന രക്തംവരെ നൽകുവാൻ തയ്യാറുള്ളവരാണ് ഇടതുപക്ഷം. പക്ഷേ നിങ്ങൾ വിശ്വാസത്തെ അധികാരത്തിനുവേണ്ടി വിനിയോഗിക്കുന്നു. ഞങ്ങൾ അതിന് എതിരാണ്. രാജസ്ഥാൻ, മധ്യപ്രദേശ്, ചത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷമേ ഒരു നിലപാട് സ്വീകരിക്കുകയുള്ളൂവെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതാണ് ശരി. അങ്ങ് പറഞ്ഞത് ശരിയാണ്. അവിടെ മൃദുഹിന്ദുത്വ നിലപാടെടുത്ത് നിൽക്കുമ്പോൾ ഞങ്ങൾ ഉദ്ഘാടനത്തിന് പോകുന്നില്ലെന്ന് എങ്ങനെ പറയും; അത് അവിടത്തെ വോട്ടിനെ ബാധിക്കും. താൽക്കാലിക നേട്ടങ്ങൾക്കായി, മൃദുഹിന്ദുത്വംകൊണ്ട് നിങ്ങൾക്ക് തീവ്രഹിന്ദുത്വത്തെ

നേരിടാൻ കഴിയില്ല. അതുകൊണ്ട് മുസ്ലീംലീഗിന് ഈ ബാധ്യതയെന്താണെന്ന് അധികം വൈകാതെതന്നെ തിരിച്ചറിയേണ്ടി വരുമെന്നാണ് ഞാൻ കരുതുന്നത്.

ബഹുമാന്യനായ പെരുമ്പാവൂർ അംഗം ഈ സഭയിലില്ലാത്ത ശ്രീ. എ. എം. ആരിഫ് എം.പി.-യെക്കുറിച്ച് തെറ്റായ ഒരു പരാമർശം നടത്തുകയുണ്ടായി. സഭയിൽ വായ്പോലും തുറക്കാത്ത എം.പി. എന്നാണ് പെരുമ്പാവൂർ അംഗം അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്. അദ്ദേഹം വാലന്റൈൻസ് ഡേ എന്നൊക്കെ പറഞ്ഞ് വളരെ മൃദുലചിത്തനായാണ് കാര്യങ്ങൾ അവതരിപ്പിച്ചതെങ്കിലും അത് സഭാരേഖയിൽ ഉണ്ടാകും. നാമെല്ലാം പത്രം വായിക്കുന്നവരാണ്. ശ്രീ. എ. എം. ആരിഫിന്റെ ഡിബേറ്റ് 113-ഉം സ്റ്റേറ്റ് ആവറേജ് 78-ഉം ആയതിനാൽ അത് അങ്ങേയ്ക്ക് തെറ്റിപ്പോയതാകാനാണ് സാധ്യതയെന്ന് തോന്നുന്നു. ശ്രീ. രാഹുൽ ഗാന്ധിയുടേതായി 8 ഡിബേറ്റാണ് നടന്നിട്ടുള്ളത്. യഥാർത്ഥത്തിൽ ശ്രീ. രാഹുൽ ഗാന്ധി എഴുന്നേറ്റ് നിന്നാൽ അദ്ദേഹത്തിന് പ്രസംഗിക്കാൻ അനുവാദം ലഭിക്കില്ലേ; ശ്രീ. രാഹുൽ ഗാന്ധിയുടെ ഡിബേറ്റ് കുറവാണെന്ന്

ഈ സഭയിൽ പറയാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. പക്ഷേ തീർത്തും തെറ്റായ ഒരു കാര്യം പറയുകയും അതിൽത്തന്നെ ഉറച്ചുനിൽക്കുകയും ചെയ്യുമ്പോൾ പറയാൻ നിർബന്ധിതനായിപ്പോകുകയാണ്. വളരെ ഗൗരവമായ പ്രശ്നമാണ് ഞങ്ങൾ ഇവിടെ ഉന്നയിച്ചത്. ഡി.എം.കെ.-യുടെ എം.പി.-യും സുപ്രീംകോടതിയിലെ ഒരു സീനിയർ അഭിഭാഷകനുമായ ശ്രീ. പി. വിൽസൺ രാജ്യസഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിന്റെ ഉത്തരം 'എക്സ്'-ൽ ട്വീറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഞാനത് ക്രോസ് ചെക്ക് ചെയ്തിട്ടില്ല; അദ്ദേഹത്തിന്റെ ട്വീറ്റാണ് ഉദ്ധരിക്കുന്നത്, "യു.പി. 5 വർഷം കൊണ്ടുള്ള നികുതിയിനത്തിൽ യൂണിയൻ ഗവൺമെന്റിന് നൽകിയത് 3,41,817 കോടി രൂപയും തിരിച്ച് 5 വർഷം യു.പി.-ക്ക് കൊടുത്തത് 6,91,375 കോടി രൂപയുമാണ്". അതായത്, ഇരട്ടിയിൽ അധികം തുകയാണ്. ജനസംഖ്യയൊക്കെ നിയന്ത്രിച്ച സ്ഥലങ്ങളാണ് സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾ. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾ 5 വർഷം കൊണ്ട് യൂണിയൻ ഗവൺമെന്റിന് പിരിച്ച് നൽകിയത് 22,26,983 കോടി രൂപയും തിരിച്ച് സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് യൂണിയൻ ഗവൺമെന്റ്

നൽകിയത് 6,42,295 കോടി രൂപയുമാണ്. ഇത് തമിഴ്നാട് രാജ്യസഭാ എം.പി. ട്വീറ്റ് ചെയ്ത പോസ്റ്റാണ്. ഇതാണ് യാഥാർത്ഥ്യം. ഭരണഘടനയുടെ ആർട്ടിക്കിൾ 270 പ്രകാരം നികുതി വിഹിതവും ആർട്ടിക്കിൾ 275 പ്രകാരം ഗ്രാന്റും സംസ്ഥാനങ്ങൾക്ക് ലഭിക്കണം. ആർട്ടിക്കിൾ 282-ഉം 293-ഉം പ്രകാരമുള്ള നികുതി ലഭിക്കണം. റിസർവ് ബാങ്കിന്റെ സ്റ്റേറ്റ് ഓഫ് ഫിനാൻസസ് മാത്രം പരിശോധിച്ചാൽ മതിയാകും. കേരളത്തിന് ഇതെല്ലാം എങ്ങനെ നഷ്ടപ്പെട്ടു? നമ്മുടെ ഗ്രാന്റ് എത്രകുറഞ്ഞു; 32,000 കോടി രൂപയിൽനിന്നും കുറഞ്ഞിരിക്കുന്നതിന്റെ വിശദമായ കണക്ക് സമയം കുറവായതിനാൽ ഞാനിവിടെ അവതരിപ്പിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞതാണ്. ഗ്രാന്റ് പകുതിയോളം കുറഞ്ഞു. കേരളത്തിന് ലഭിക്കുന്ന 1.9 ശതമാനത്തേക്കാൾ കൂടുതൽ മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നു. വായ്പയെടുക്കാൻ അനുവദിക്കാത്തതും നിയമസഭയുടെ അവകാശം കവർന്നെടുക്കുന്നതുമായ പ്രതിസന്ധിയെയാണ് ഒരു ഭരണഘടനാപരമായ പ്രശ്നമായി ഞങ്ങൾ ഉന്നയിച്ചത്. ഇത്തരം വിഷയങ്ങൾ കേരളത്തിന്റെ മാത്രം പ്രശ്നമല്ല; നമ്മൾ ഒന്നിച്ച് ഏറ്റെടുക്കേണ്ട

പ്രശ്നമാണ്. യഥാർത്ഥത്തിൽ നിങ്ങൾ ആ ചരിത്ര സന്ദർഭത്തെ നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. കർണ്ണാടക സമരം ചെയ്യുമ്പോൾ കർണ്ണാടക, കേരളം, തെലങ്കാന, ഹിമാചൽ പ്രദേശ്, ഡൽഹി, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലുള്ളവർ ഒന്നിച്ച് ഡൽഹിയിൽ വന്നിരിക്കുന്നു. എല്ലാ നേതൃത്വവും വരുന്നു. ഇന്ത്യയിൽ അത് നൽകുന്ന ആത്മവിശ്വാസം എന്തായിരിക്കും. ഇന്ത്യാ മുന്നണിയെക്കുറിച്ച് ബഹുമാന്യനായ മുൻപ്രതിപക്ഷ നേതാവ് പറഞ്ഞു. നല്ല കാര്യം തന്നെയാണ്. പക്ഷെ ഉദകക്രിയ ചെയ്യുന്നത് ആരാണ്? ഇന്ത്യാ മുന്നണി വന്നതോടെ എല്ലാവർക്കും ആത്മവിശ്വാസം ലഭിച്ചു, ഒരു യോജിപ്പുണ്ടായി. ഹിമാചൽ പ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിൽ ബി.ജെ.പി. പരാജയപ്പെട്ടപ്പോൾ ആത്മവിശ്വാസം ഒന്നുകൂടി ശക്തിപ്പെട്ടു. മതനിരപേക്ഷവാദികൾക്ക് ആത്മവിശ്വാസം ശക്തിപ്പെട്ടപ്പോൾ നിങ്ങൾക്ക് കൂടിയ അഹങ്കാരം നിങ്ങളെ എവിടെയെത്തിച്ചു? നിങ്ങൾ മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് അവിടെയുള്ള ബി.ജെ.പി.-യെയാണ് പരാജയപ്പെടുത്തേണ്ടത്. തെലങ്കാനയിൽ എതിർകക്ഷി ബി.ജെ.പി. അല്ല,

എങ്കിലും ജയിച്ചത് നല്ല കാര്യം. ബി.ജെ.പി.-യെ പരാജയപ്പെടുത്തണമെങ്കിൽ നിങ്ങൾക്കെല്ലാവർക്കും സീറ്റ് ലഭിക്കണമെന്നതാണോ നിങ്ങളുടെ ആവശ്യം? ഇപ്പോൾ രാജസ്ഥാനിൽ ഞങ്ങൾ ചെറിയ പാർട്ടിയാണ്. ഞങ്ങളിപ്പോൾ നിങ്ങളെ പിന്തുണയ്ക്കാൻ തയ്യാറാണ്. 5000 വോട്ടിനും 10000-ൽ താഴെ വോട്ടിനും നിങ്ങൾക്ക് എത്ര സീറ്റ് നഷ്ടമായി. 5000-ൽ താഴെ വോട്ടിന് നിങ്ങളുടെ മുന്നണി സംവിധാനം എത്രയോ സീറ്റുകളിൽ ദാരുണമായി പിന്തള്ളപ്പെട്ടു. (...ബഹളം.....) അപ്പോൾ രാജസ്ഥാൻ, മധ്യപ്രദേശ്, ചത്തീസ്ഗഢ് എന്നിവിടങ്ങളിൽ ബി.ജെ.പി.-ക്കെതിരായി നിൽക്കുന്ന രാഷ്ട്രീയ പാർട്ടികളുമായി (ഞങ്ങൾ ഒഴിച്ച്) എസ്.പി.-യെയെങ്കിലും ഇന്ത്യാ മുന്നണിയിൽ ചേർക്കാമായിരുന്നില്ലേ? (...ബഹളം.....) വെറുതെ ശബ്ദമുണ്ടാക്കിയാൽ വസ്തുതകളെ മറച്ചുവയ്ക്കാൻ കഴിയില്ല. കോൺഗ്രസുകാരുടെയും ഇവിടെയിരിക്കുന്ന താൽക്കാലികമായ സങ്കുചിത നേട്ടത്തിനുവേണ്ടി മാത്രമല്ലാതെ കോൺഗ്രസിലും ലീഗിലും നിൽക്കുന്ന ആളുകളുടെയും ഉള്ളിലുള്ള വികാരമാണ് ഞാൻ പറയുന്നത്. ആ സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് എസ്.പി.-യുമായും ബി.എസ്.പി.-യുമായും

ഒത്തുപോകാൻ കഴിയുമോ; അവിടെ അങ്ങനെ ചെയ്യാൻ ശ്രമിക്കണം. ഒന്നാം യു.പി.എ.-യ്ക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലാത്തതിനാൽ ശ്രീമതി സോണിയ ഗാന്ധി എ.കെ.ജി. ഭവനിലേയ്ക്ക് വന്ന് ഹർകിഷൻ സിംഗ് സുർജിത്തിനെ കാണുകയും അവർ തമ്മിൽ സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ പാർട്ടികളെയും ഹർകിഷൻ സിംഗ് സുർജിത് ഏകോപിപ്പിച്ചതിനാൽ അന്ന് ബി.ജെ.പി. വിരുദ്ധ സർക്കാർ അധികാരത്തിൽവന്നു. ഇപ്പോൾ ഒരു ദേശീയ സാഹചര്യം നിങ്ങൾ നഷ്ടപ്പെടുത്തി. അക്കാര്യത്തിൽ ചരിത്രം നിങ്ങളെ വിലയിരുത്തും. കേരളത്തിലെ കോൺഗ്രസ് ലീഗിനും ഇന്ത്യയിലെ മതനിരപേക്ഷ വിശാല മുന്നണിക്കും ബാധ്യതയായിരിക്കുകയാണ്. കേരളത്തിന് ബാധ്യതയായി ഒരു കേരളവിരുദ്ധ മുന്നണി/മതനിരപേക്ഷ വിരുദ്ധ മുന്നണിയായി ഇവർ മാറിയിരിക്കുന്നുവെന്നാണ് ഈ കണക്കുകൾ തെളിയിക്കുന്നത്. മറ്റ് കാര്യങ്ങളിൽ ഇവിടെ പറഞ്ഞ കണക്കുകളിലൊന്നും വലിയ വ്യത്യാസമില്ലാത്തതിനാൽ ഞാൻ എന്റെ മറുപടി പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,83,61,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,31,64,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,88,46,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,05,20,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,24,66,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 904,60,19,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ടഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,28,99,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 671,80,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,78,44,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 647,17,97,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,63,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,88,16,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 425,02,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1362,67,51,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,60,29,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,21,31,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,19,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 46,63,10,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXl-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,50,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXll-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,53,55,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 45,16,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 838,23,69,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 114,03,39,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 332,21,85,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,57,95,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5200,02,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.35-ന് പിരിഞ്ഞു.)

****

അനുബന്ധം

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മലയാള സിനിമാ വ്യവസായം ശാക്തീകരിക്കാൻ നടപടി

7 (*217) ശ്രീമതി ദെലീമ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 6 കോടി രൂപ മുതൽ മുടക്കിൽ വനിതാ വിഭാഗത്തിൽപ്പെടുന്ന വനിതാ സംവിധായകരുടെ 2 ചിത്രങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ 2 ചിത്രങ്ങളും നിർമ്മിക്കുന്ന പദ്ധതി

കെ.എസ്.എഫ്.ഡി.സി. മുഖേന നടപ്പാക്കിവരുന്നു. കൂടാതെ ചലച്ചിത്ര മേഖലയുടെ വാണിജ്യ സാധ്യത വർദ്ധിപ്പിക്കുന്നതിനായി 28-ാമത് IFFK-യുടെ ഭാഗമായി സിനി എക്സ്പോ, ഫിലിം മാർക്കറ്റ് എന്നിവ കെ.എസ്.എഫ്.ഡി.സി. സംഘടിപ്പിച്ചിരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിനായി കിഫ്ബി ധനസഹായത്തോടുകൂടി ആധുനിക സിനിമാ നിർമ്മാണ ഉപകരണങ്ങൾ, മറ്റ് സജ്ജീകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിലേയ്ക്കായി ചിത്രാഞ്ജലി സ്റ്റുഡിയോ ഫീച്ചർ ഫിലിം, ചിൽഡ്രൻസ് ഫിലിം എന്നിവയ്ക്കായി പ്രത്യേകം പാക്കേജുകൾ നടപ്പാക്കിവരുന്നു.

കേരള രാജ്യാന്തര ചലച്ചിത്രമേളയിലേയ്ക്ക് (IFFK) തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് ചലച്ചിത്ര അക്കാദമി ഗ്രാന്റ് നൽകുന്നുണ്ട്. രണ്ടു ലക്ഷം രൂപവീതം 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. മലയാള ചലച്ചിത്രമേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവ് പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം സ്ഥാപിക്കുന്നതിന്

ചലച്ചിത്ര അക്കാദമി സമർപ്പിച്ച പദ്ധതി നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും മ്യൂസിയം നിർമ്മാണത്തിനായുള്ള പ്രാരംഭനടപടികൾക്ക് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. മലയാള ചലച്ചിത്രകലയുടെയും വ്യവസായത്തിന്റെയും വികാസ പരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവ്വഹിച്ചുവരുന്നു. മലയാള ചലച്ചിത്ര പൈതൃക സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി ആറു സിനിമകൾ ഇതിനകം ഡിജിറ്റൽ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ട്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന സിനിമാ ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് നിലവിൽ 4,000/- രൂപ വീതം പെൻഷൻ, 1,100/- രൂപ വീതം കുടുംബ പെൻഷനും അവശതാ പെൻഷനും 1,50,000/-രൂപ വീതം ചികിത്സാ ധനസഹായം, 10,000/- രൂപ വീതം

മരണാനന്തര ധനസഹായം, 25,000/- രൂപ വിവാഹ ധനസഹായം എന്നിവ ക്ഷേമനിധി ആക്ട് പ്രകാരം നൽകിവരുന്നു.

(ബി) സിനിമാ വ്യവസായ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ തിരുത്തുന്നതിനും ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സിനിമാ വ്യവസായത്തിലെ അനഭിലഷണീയമായ പ്രവണതകൾ തിരുത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി മലയാള സിനിമാനയം രൂപീകരിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ചെയർമാൻ അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. സിനിമാ വ്യവസായത്തിൽ സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള രാജ്യത്തെ ആദ്യത്തെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമായ C-SPACE ഉടനടി സജ്ജമാകും. കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യമുള്ള ഡോക്യുമെന്ററികൾ, സിനിമകൾ എന്നിവ C-SPACE-ൽ ഉൾപ്പെടുത്തി പ്രദർശനത്തിന് സജ്ജമാക്കും. കെ.എസ്.എഫ്.ഡി.സി.

നിർമ്മിക്കുന്ന ചലച്ചിത്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ ചിത്രത്തിനും ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. കൂടാതെ ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഒരു ഗ്രീവൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിലേയ്ക്ക് കടന്നുവരുന്ന നവാഗതർക്കും വനിതകൾക്കും പാർശ്വവൽകൃത വിഭാഗങ്ങളിൽ നിന്നുള്ളവർക്കും അർഹമായ അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

സർക്കാർ ധനസഹായത്തോടെ വനിത/പട്ടികജാതി/പട്ടികവർഗ്ഗ സംവിധായകർക്കായി നടപ്പാക്കുന്ന സിനിമാ പദ്ധതിയിൽ നവാഗതർക്കും വനിതകൾക്കും സാങ്കേതിക നിർവ്വഹണ ചുമതലകൾ നിർവ്വഹിക്കുന്നതിന് അവസരം നൽകുന്നുണ്ട്.

സംസ്ഥാന ചലച്ചിത്ര അവാർഡിൽ സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവു തെളിയിക്കുന്ന സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കും പ്രത്യേക അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഐ.എഫ്.എഫ്.കെ.-യുടെ മലയാള സിനിമ റ്റുഡേ വിഭാഗത്തിലേയ്ക്ക് തെരഞ്ഞെടുക്കുന്ന 14 സിനിമകളിൽ 6 എണ്ണം നവാഗതരുടേതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ വർഷവും 6 നവാഗത സംവിധായകർക്ക് ഒരുലക്ഷം രൂപ വീതം ഈയിനത്തിൽ നൽകിവരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അവാർഡിൽ നവാഗത സംവിധായക പ്രതിഭയ്ക്ക് പുരസ്കാരം നൽകിവരുന്നു.

വനിതാ സംവിധായകരുടെ സിനിമകൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ചലച്ചിത്ര അക്കാദമി അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേള നടത്താറുണ്ട്. മലയാള സിനിമയുടെ സാങ്കേതിക രംഗത്തേയ്ക്ക് കടന്നുവരാനാഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു നൈപുണ്യവികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ, 18 വയസ്സ് പൂർത്തിയായ സിനിമാ ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അംഗത്വത്തിനായി അപേക്ഷിക്കുവാൻ അവസരം

നൽകുന്നുണ്ട്. അംഗത്വം ലഭിക്കുന്നവർക്ക് ക്ഷേമനിധി ആക്ട് പ്രകാരമുള്ള ധനസഹായങ്ങൾ നൽകിവരുന്നു.

ചെമ്മീൻ കയറ്റുമതി മേഖല നേരിടുന്ന പ്രതിസന്ധി

8(*218) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെമ്മീൻ കയറ്റുമതി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള കയറ്റുമതി ഓർഡറുകളിലെ കുറവുമൂലം 2022-ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2023 ഏപ്രിൽ-ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്തുനിന്നുള്ള ചെമ്മീൻ കയറ്റുമതിയിൽ മൂല്യം, അളവ്, യൂണിറ്റ് വില എന്നിവയിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സംഭരണശാലകളിൽ തദ്ദേശീയമായി ലഭിക്കുന്ന ചെമ്മീന്റെ അളവ് കുറഞ്ഞതുകാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുമാണ്

ചെമ്മീൻ എത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; വിശദമാക്കുമോ?

ഉണ്ട്. 2022-23 കാലയളവിൽ കേരളത്തിൽ നിന്ന് 71059 ടൺ ചെമ്മീൻ കയറ്റുമതി ചെയ്തു. ഇതിൽ 69% (48,758 ടൺ) ചെമ്മീൻ കൃഷിയിൽനിന്നും 31% (22,301 ടൺ) മത്സ്യബന്ധനത്തിലൂടെ ലഭിച്ച (wild caught) ചെമ്മീനും ആണ്. കൃഷിയിലൂടെ ഉത്പാദിപ്പിച്ച് കയറ്റി അയയ്ക്കുന്ന ചെമ്മീനിന്റെ 96% (46,733 ടൺ)-വും വനാമി ചെമ്മീനാണ്. ഇതിൽ 98%-ലധികം സംസ്ഥാനത്തിന് പുറത്തുനിന്നുമാണ് ലഭിക്കുന്നത്. ആയത് സംസ്ഥാനത്തിനകത്തുള്ള പ്ലാന്റുകളിൽ പ്രോസസ്സ് ചെയ്താണ് കയറ്റുമതി ചെയ്യുന്നത്. കയറ്റുമതി ചെയ്യുന്ന, മത്സ്യബന്ധനത്തിലൂടെ ലഭിച്ച (wild caught) ചെമ്മീൻ കേരളത്തിൽ നിന്നാണ് പ്രധാനമായും ലഭിക്കുന്നത്.

(സി) തദ്ദേശ ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 'ഒരു നെല്ലും ഒരു ചെമ്മീനും',

'കുളങ്ങളിലെ ചെമ്മീൻകൃഷി' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുൻവർഷം 'ഒരു നെല്ലും ഒരു ചെമ്മീനും', 'കുളങ്ങളിലെ ചെമ്മീൻ കൃഷി' പദ്ധതികൾക്കായി 285.6 ലക്ഷം രൂപ വകയിരുത്തുകയും 1730 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 2346 ഹെക്ടർ ചെമ്മീൻ വാറ്റ് പ്രദേശങ്ങളിൽ പരമ്പരാഗത ചെമ്മീൻ കൃഷി നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികൾ പ്രകാരം 32,915 ടൺ ചെമ്മീൻ ഉത്പ്പാദിപ്പിക്കാൻ കഴിഞ്ഞു.

സംസ്ഥാനവിഹിത, കേന്ദ്രാവിഹിത പദ്ധതികളിൽ ഉൾപ്പെടുത്തി കയറ്റുമതി മൂല്യമുള്ള വനാമി ചെമ്മീൻ കൃഷി നടപ്പാക്കിവരുന്നു.

അഡാക് മുഖേന നടപ്പാക്കുന്ന, 32 കോടി രൂപയുടെ സംസ്ഥാന വിഹിതമുള്ള 144 കോടി അടങ്കൽ തുകയുടെ വനാമി ചെമ്മീൻ കൃഷി വികസന പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ 500 ഹെക്ടർ വിസ്തൃതിയിലുള്ള ഫാമുകളിൽ വനാമി ചെമ്മീൻ കൃഷി നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ 97.31 ഹെക്ടർ ഫാമുകൾ

വനാമി ചെമ്മീൻ കൃഷിക്കായി തെരഞ്ഞെടുക്കുകയും 97.31 ഹെക്ടർ ഫാമുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി ചെയ്തുവരികയുമാണ്. പദ്ധതിയുടെ ഭാഗമായി ചെമ്മീൻ കൃഷിയുടെ ആവശ്യത്തിലേയ്ക്കായി "പവർലൈൻ എക്സ്റ്റെൻഷൻ ആൻഡ് ഇൻസ്റ്റലേഷൻ ഓഫ് ട്രാൻസ്ഫോർമർ"-നായി 162 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ടി പ്രവൃത്തിക്കായി അനുവദിച്ച 64.31 ലക്ഷം രൂപ കണ്ടറ, തലശ്ശേരി, പയ്യന്നൂർ, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി. സെക്ഷനുകളിലേയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2023-25 ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വനാമി ചെമ്മീൻ കൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. വനാമി ചെമ്മീൻ കൃഷിക്കായി ടി പദ്ധതിയിൽ 594.23 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 70 ഹെക്ടർ ഫാമുകൾ ചെമ്മീൻ കൃഷിക്കായി തെരഞ്ഞെടുക്കുകയും കുളങ്ങളുടെ അടിസ്ഥാനസൗകര്യ വികസനങ്ങൾ നടപ്പിലാക്കി ചെമ്മീൻ കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ മേഖലയിലെ ചെമ്മീൻ ഹാച്ചറികൾ മുഖേന തദ്ദേശീയ ഇനത്തിലുള്ള ചെമ്മീൻ വിത്തുൽപ്പാദനം നടത്തിവരുന്നു. ഹാച്ചറികളിൽനിന്നും മുൻ സാമ്പത്തിക വർഷം 716 ലക്ഷം തദ്ദേശീയ ഇനത്തിലുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിപണനം നടത്തിയിട്ടുണ്ട്. ഈ വർഷത്തെ ഉൽപ്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) തരിശ് കിടക്കുന്ന പൊക്കാളി, കൈപ്പാട്, കോൾ നിലങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് കർഷകർക്ക് അനുമതി നൽകി ഈ പ്രതിസന്ധി പരിഹരിച്ച് സംസ്ഥാനത്തെ ഉല്പാദനവും കയറ്റുമതി വരുമാനവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നാമമാത്രമായ ഓരുജല മേഖലയാണ് ശാസ്ത്രീയ ചെമ്മീൻ കൃഷിക്കായി നിലവിൽ ഉപയോഗിച്ചുവരുന്നത്. ചെമ്മീൻ കൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം തീരദേശ മേഖലയിൽ വരുന്ന ഓരുജല പാടങ്ങളാണ്. തരിശ് കിടക്കുന്ന പൊക്കാളി, കൈപ്പാട്, കോൾ നിലങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് കർഷകർക്ക് അനുമതി നൽകുന്ന

കാര്യത്തിൽ കൃഷി വകുപ്പുമായി ചർച്ച നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

9 (*219) ശ്രീമതി ഉമ തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ വിതരണം തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

(എ&ബി) 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS)

സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശിക വരാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ഇപ്രകാരം 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽനിന്ന് അപ്രൂവൽ നൽകിയ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബജറ്റ് വിഹിതത്തിൽ ലഭ്യമായ 145.19 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് ആവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും

കേന്ദ്രവിഹിതമുൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഈ തുക അനുവദിച്ചുവരുന്നു. അധികമായി ആവശ്യം വരുന്ന തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു.

(സി) സ്കോളർഷിപ്പ് വിതരണം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്കോളർഷിപ്പ് വിതരണം നിർത്തിവച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പുനരാരംഭിക്കേണ്ട സാഹചര്യം നിലവിലില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

10 (*220) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അതിരൂക്ഷമാകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പുഴയ്ക്ക് കുറുകെ താൽക്കാലിക തടയണകൾ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പമ്പിംഗിന് ജലലഭ്യത ഉറപ്പാക്കുന്നതിനായി പമ്പിംഗ്സ്റ്റേഷന് സമീപമുള്ള ജലനിരപ്പ് ഒരു പരിധിവരെ ഉയർത്തുന്നതിന് ഇതുമൂലം സാധിക്കുന്നു.

2. വേനൽക്കാലത്ത് ജലസ്രോതസ്സുകളിലെ ജലനിരപ്പ് അപകടകരമാംവിധം താഴ്ന്നുപോകുന്നിടങ്ങളിൽ കടൽ, കായൽ എന്നിവിടങ്ങളിൽ വേലിയേറ്റത്തിലും മറ്റും ഓരുജലം കയറുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടുന്നതിനുമുള്ള സാഹചര്യം ഒഴിവാക്കുന്നതിനായും താൽക്കാലിക തടയണകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.

3. വേനൽക്കാലത്ത് ജലലഭ്യത കുറയുന്നതോടൊപ്പം ജല ഉപഭോഗം

വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ജലത്തിന്റെ ദുരുപയോഗം അവസാനിപ്പിക്കുന്നതിന് വിപുലമായ പ്രചരണ പരിപാടികളും ജല മോഷണം തടയുന്നതിനുള്ള പരിശോധനയും വർദ്ധിച്ച രൂപത്തിൽ നടന്നുവരുന്നു.

4. തടാകങ്ങളിലെ ജലത്തിന്റെ കരുതൽ വർദ്ധിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ ദിവസേനയുള്ള പമ്പിംഗിന്റെ നിരക്കിൽ ക്രമപ്പെടുത്തൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

5. വേനൽ വർദ്ധിച്ചു വരികയാണെങ്കിൽ ജലവിതരണത്തിൽ ക്രമീകരണം നടത്തി വേനലിനെ പ്രതിരോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കുടിവെള്ള സ്രോതസ്സുകളിലെ ജലവിതാനവും ജലലഭ്യതയും പരിഗണിച്ച് ജല ഉപഭോഗത്തിലും ജല വിതരണത്തിലും ശക്തമായ

ആസൂത്രണവും നിയന്ത്രണവും ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

കുടിവെള്ള സ്രോതസ്സുകളിലെ ജലവിതാനവും ജലലഭ്യതയും നിലവിൽ അപകടമാംവിധം താഴ്ന്നുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വേനലിന്റെ തോത് വർദ്ധിക്കുകയും ആയത് നീണ്ടുപോകുകയും ചെയ്യുന്നപക്ഷം കടുത്ത നിയന്ത്രണം വേണ്ടിവന്നേക്കാം.

(സി) ജലസ്രോതസ്സുകളിലെ ജലവിതാനം താഴുന്നത് കാരണം ജനങ്ങൾക്കിടയിൽ ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലസ്രോതസ്സുകളിലെ ജലവിതാനം താഴുന്നത് കാരണം ജലജന്യരോഗങ്ങൾ പടർന്നുപിടിക്കാനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല ദൗർലഭ്യം ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളിലാണ് ജലജന്യരോഗങ്ങൾ കൂടുതൽ റിപ്പോർട്ട്

ചെയ്യപ്പെടുന്നത്. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യവകുപ്പ് പ്രതിരോധ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജലം മലിനമാകാൻ സാധ്യതയുള്ള സ്ഥലങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ആരോഗ്യ ജാഗ്രത കലണ്ടർ അനുസരിച്ചും നിശ്ചിത ഇടവേളകളിലും ഹെൽത്തി കേരള പരിപാടിയുടെ ഭാഗമായും കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ/സൂപ്പർക്ലോറിനേഷൻ നടത്തിവരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജിലെ മൈക്രോ ബയോളജി ലാബുകളിലും വാട്ടർ അതോറിറ്റിയുടെ ലാബുകളിലും നടത്തിവരുന്നു.

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിഭാഗം ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധീനതയിൽ മൂന്ന് മേഖലകളിലും സബ് ഡിവിഷനുകൾ, സെക്ഷനുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാരനടപടികൾക്കുമായി 84 NABL

അക്രെഡിറ്റഡ് ലാബുകളും കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) വേനൽക്കാലത്ത് സ്വകാര്യ ഏജൻസികൾ ടാങ്കുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സ്വകാര്യ ഏജൻസികൾ ടാങ്കുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ആയത് ഉറപ്പുവരുത്തുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ലാബുകളിൽ ടെസ്റ്റ് ചെയ്ത് ഉറപ്പുവരുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണശാലകളിൽ നിന്നും ടി ടാങ്കുകളിലേയ്ക്ക് നൽകുന്ന

ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ടാങ്കർ ലോറികളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശോധന നടത്തി ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമാണ് വിതരണം ചെയ്യാൻ അനുമതി നൽകുന്നത്. കൂടാതെ കുടിവെള്ളം ശേഖരിക്കുന്ന ഉറവിടങ്ങൾ അണുവിമുക്തമാക്കുന്നു. ശേഖരിച്ച് വച്ചിരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കുന്നതിനായി ക്ലോറിൻ ഗുളികകൾ വിതരണം ചെയ്യുന്നു. ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ബ്ലീച്ചിങ് പൗഡർ, ക്ലോറിൻ ഗുളികകൾ, കുടിവെള്ള പരിശോധന കിറ്റ് എന്നിവയുടെ ലഭ്യത എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ ആഹാര ശുചിത്വം, കുടിവെള്ള ശുചിത്വം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകിവരുന്നു. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും ആരോഗ്യപ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയും ഭക്ഷ്യസുരക്ഷാ വകുപ്പും പൊല്യൂഷൻ കൺട്രോൾ ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നു. വ്യാപാര സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ജലം അണുവിമുക്തമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പുവരുത്തുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുമുണ്ട്.

സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ

11 (*221) ശ്രീ. കെ. പി.മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിലും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

സാമൂഹിക വനവത്കരണ വിഭാഗം

വനമേഖലയ്ക്ക് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നതാണ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ മുഖ്യ ലക്ഷ്യം. ഈ വിഭാഗവുമായി ബന്ധപ്പെട്ട് വൃക്ഷസമൃദ്ധി, നഗരവനം, ഫോറസ്ട്രി ക്ലബ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കണ്ടൽസംരക്ഷണ പ്രവർത്തനങ്ങൾ, കാവുകൾക്കുള്ള ധനസഹായം, പരിഹാര വനവത്കരണം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കടലാമ സംരക്ഷണം, വനമിത്ര അവാർഡ്, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പത്രപ്രവർത്തകർ എന്നിവരിൽ പരിസ്ഥിതി പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിക്കൽ, വഴിയോരത്തണൽ പദ്ധതി, ജൈവ വൈവിധ്യ സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിദ്യാവനം, നഗരവനം, സ്കൂൾ നഴ്സറി യോജന, ജൈവ വൈവിദ്ധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ എന്നിവ നൂതന സംരംഭങ്ങളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ

ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഇക്കോ ഡെവലപ്മെന്റ് & ടൈബൽ വെൽഫെയർ

പങ്കാളിത്ത വനപരിപാലനത്തിലൂന്നിയ ഒരു വനസംരക്ഷണ സംസ്കാരം വളർത്തിയെടുക്കുക, അതിലൂടെ വനാശ്രിതരുടെ ശാക്തീകരണവും അവരുടെ ജീവിതനിലവാര ഉയർച്ചയും ഉറപ്പാക്കുക, വനാശ്രിതരുടെ ക്ഷേമവും വനങ്ങളുടെ വിസ്തൃതി വർദ്ധനവും പ്രദാനം ചെയ്യത്തക്ക വിധത്തിൽ കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പാക്കുക, വനാശ്രിതർക്ക് മെച്ചപ്പെട്ട തൊഴിലും ഉയർന്ന ജീവിത നിലവാരവും പ്രദാനം ചെയ്യുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

പട്ടികവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006 നടപ്പാക്കി. ചെറുകിട വന വിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി, വൻ ധൻ വികാസ് കേന്ദ്രങ്ങളുടെ രൂപീകരണം, വനശ്രീ യൂണിറ്റുകൾ സ്ഥാപിക്കുക, വനാശ്രിതരായ തദ്ദേശവാസികളെ ഉൾപ്പെടുത്തി വിവിധ ഇക്കോ ടൂറിസം

പദ്ധതികൾ നടപ്പാക്കുക എന്നിവ പ്രധാന പ്രവർത്തനങ്ങളാണ്. വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മതിയായ തൊഴിൽ നൽകുന്നതിന് ഇതുവഴി സാധിക്കുന്നു. കൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി, നഗർവൻ, നഗർവാടിക, സ്കൂൾ നഴ്സറി യോജന എന്നീ നവീന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വന്യജീവി വിഭാഗം

ജനവാസ മേഖലകളിൽ അപകടകരമായി കാണപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടുന്നതിനും അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിനുമായി സംസ്ഥാന സർക്കാർ അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 2020 ആഗസ്റ്റ് 18 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി SARPA (Snake Awareness Rescue and Protection App) മൊബൈൽ ആപ്പ് അന്നേ ദിവസം മുതൽ അവതരിപ്പിച്ചിട്ടുള്ളതുമാണ്. ജനങ്ങളുടെ സുരക്ഷയും വന്യജീവികളുടെ സംരക്ഷണവും ഇതിലൂടെ ഉറപ്പുവരുത്തുന്നു.

വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് നാടിനെയും നാട്ടുകാരേയും സംരക്ഷിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യയതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു.

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

മനുഷ്യ-വന്യജീവിസംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03-01-2017-ലെ സ. ഉ. (സാധാ) നം.2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗംകൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിവരികയും ചെയ്യുന്നുണ്ട്.

കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

ജനവാസ മേഖലയിലിറങ്ങുന്ന ആനയെ തിരികെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജനവാസ മേഖലകളിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കടുവകളെ കൂടുവെച്ചും മയക്കുവെടി വച്ചും പിടികൂടി സുൽത്താൻബത്തേരി അനിമൽ ഹോസ് സ്പേസ് സെന്റർ ആൻഡ് പാലിയേറ്റിവ് കെയർ യൂണിറ്റിൽ അല്ലെങ്കിൽ ഉചിതമായ മറ്റ് സംരക്ഷണ കേന്ദ്രങ്ങളിലോ പാർപ്പിച്ച് ചികിത്സ നൽകി സംരക്ഷിക്കുകയും ചെയ്തുവരുന്നു.

ജനവാസ മേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ ഡെലിഗേറ്റ് ചെയ്തുകൊണ്ട് 31-05-2022-ൽ സ.ഉ. (സാധാ) നം. 239/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു

വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 27-05-2023-ലെ സ.ഉ.(കൈ) നം. 11/2023/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021/Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പോർട്ടൽ നിലവിൽ വന്നതിനുശേഷം ഈ വിഷയം സുതാര്യവും കാര്യക്ഷമമായും നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഫിനാൻസ്, ബജറ്റ് & ഓഡിറ്റ്

വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2020-21 മുതൽ നാളിതുവരെ 64 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ ആയുധങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡിന്റെ Tranche–XXVI, XXVII എന്നിവയിൽ ഉൾപ്പെടുത്തി ഫോറസ്റ്റ്

സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവയുടെ നിർമ്മാണത്തിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിപുലീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലേയ്ക്ക് തേക്ക് തോട്ടങ്ങളുടെ പ്രത്യേക പരിപാലനം, ചന്ദനക്കാടുകളുടെ പുനരുജ്ജീവനവും സംരക്ഷണവും പൂർണ്ണമായും യന്ത്രവൽക്കൃത സംവിധാനത്തിൽ തേക്ക് തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓരോ സർക്കിളിലും ഓരോ പൈലറ്റ് പദ്ധതി വീതം നടപ്പിലാക്കൽ, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി നൂതനമാർഗ്ഗങ്ങൾ അവതരിപ്പിക്കൽ, പ്രധാനപ്പെട്ട ആറ് തടിവിൽപ്പന ഡിപ്പോകളുടെ ആധുനികവൽക്കരണം, പത്ത് തടിവിൽപ്പന ഡിപ്പോകളിൽ ചുറ്റുമതിൽ നിർമ്മാണം, തനതായ ആവാസവ്യവസ്ഥയിൽ കടുത്ത വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെ പരിപാലനം, വിവര സാങ്കേതികവിദ്യയിലൂടെ ഭൂദൃശ്യ പരിസ്ഥിതി പരിപാലനതലത്തിലുള്ള ഏകോപനം, ഉൾക്കാടുകളുടെ പരിപോഷണം, ക്വാർട്ടേഴ്സുകളുടേയും

ക്യാമ്പ്ഷെഡ്ഡുകളുടേയും നിർമ്മാണം/നവീകരണം/അറ്റകുറ്റപ്പണികൾ, വനമേഖലകളിലെ മഴക്കുഴി നിർമ്മാണം, തൈ ഉൽപ്പാദനം, സെൻട്രൽ/ജില്ലാ നഴ്സറികളുടെ ശേഷി വർദ്ധിപ്പിക്കൽ, സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിലെ പരിശീലന സൗകര്യങ്ങളുടെ കാലോചിതമായ നവീകരണവും ആധുനികവൽക്കരണവും തുടങ്ങിയ 13 ഇനം പദ്ധതികൾ നടപ്പിലാക്കാൻ 30-05-2022-ലെ സ.ഉ. (കൈ)നം.30/2022/വനം പ്രകാരം 20,991.46 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

ഫോറസ്റ്റ് മാനേജ്മെന്റ്

സംരക്ഷണ വിഭാഗം ജീവനക്കാർ വനമേഖലയിൽ ഫീൽഡ് പരിശോധനകൾ നടത്തി കുറ്റകൃത്യങ്ങൾ തടയുന്നതിന് വനനിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു. വനംകയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട് തഴെ പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.

നിലവിലെ വനാതിർത്തികളും ജനവാസമേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്ന വനമേഖലകളും സർവ്വേ ചെയ്ത് ജണ്ട കെട്ടൽ.

വനം-റവന്യൂ വകുപ്പുകൾ ചേർന്ന് വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യൽ. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സത്വര പരിഹാരം കാണുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങൾ വനസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തിവരുന്നു.

കാട്ടുതീ തുടങ്ങിയവ തടയുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഫയർലൈൻ പ്രവൃത്തികൾ മെച്ചപ്പെട്ട രീതിയിൽ നടത്തിവരുന്നു.

ആദിവാസി സമൂഹങ്ങളെ ഉൾപ്പെടുത്തി വനമേഖലയ്ക്കുള്ളിൽ ക്യാമ്പ് ഷെഡ്ഡുകൾ തയ്യാറാക്കി അവിടങ്ങളിൽ ക്യാമ്പ് ചെയ്ത് ഫീൽഡ് പരാമൃലേഷൻ, കഞ്ചാവ് റെയ്ഡ് എന്നിവ നടത്തിവരുന്നു.

ഇതര സംസ്ഥാന അതിർത്തികൾ പങ്കിടുന്ന സ്ഥലങ്ങളിൽ പരിശോധനകളും കാര്യക്ഷമമാക്കുന്നു. ഇതിന്റെ ഭാഗമായി ആദിവാസി സമൂഹത്തിൽപ്പെടുന്നവരും വനത്തെ തിരിച്ചറിയുന്നതുമായ വിഭാഗങ്ങളെ

ഉൾപ്പെടുത്തി പ്രത്യേകമായി ഫോറസ്റ്റ് വാച്ചർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വന ജാഗ്രതാ സമിതി, ജന ജാഗ്രതാ സമിതി, വനസംരക്ഷണ സമിതി എന്നിവ ജനപങ്കാളിത്തത്തോടുകൂടി വനസംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കുവേണ്ടി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

വനസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം ആരംഭിക്കുകയും നിലവിൽ 124 സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്തുവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി NABARD-RIDF സ്കീമിൽ ഉൾപ്പെടുത്തി ഏതാനും ഫോറസ്റ്റ് സ്റ്റേഷനുകളെ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളായി നവീകരിച്ചിട്ടുണ്ട്.

തടിയേതര വനവിഭവ ശേഖരണത്തിനും വിപണനത്തിനുമായി പ്രധാനമന്ത്രിയുടെ 'വൻധൻ യോജന' പദ്ധതിയിൽ ഉൾപ്പെടുത്തി

സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് 'വൻധൻ വികാസ് കേന്ദ്ര' പ്രവർത്തിച്ചുവരുന്നു.

(ബി) സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപ്പാക്കിവരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

വിദ്യാവനം, നഗരവനം, സ്കൂൾ നഴ്സറി യോജന, കണ്ടൽസംരക്ഷണ പ്രവർത്തനങ്ങൾ, ജൈവവൈവിദ്ധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ, സ്കൂൾ/കോളേജുകളിൽ ഔഷധത്തോട്ടം, പരിഹാര വനവൽക്കരണം, അർബൻ ഫോറസ്ട്രി & അവന്യൂ പ്ലാന്റിംഗ് എന്നീ പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നു. കൂടാതെ എല്ലാ വർഷവും തെരഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം, സ്വകാര്യഭൂമിയിൽ തടിയുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം, കണ്ടൽക്കാടുകൾ നിലനിർത്തുന്നതിന് സ്വകാര്യ ഉടമസ്ഥർക്ക് ധനസഹായം എന്നിവ

നൽകിവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി "വൃക്ഷസമൃദ്ധി പദ്ധതി" സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

12 (*222) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം ഇരട്ടിയാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം, 25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.50/2022/വനം എന്നിവ പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 50% വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ?

വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 22-12-2023-ലെ F.No.WL-21/4/2023-WL നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ടി തുക 05-04-2018 മുതൽ സംസ്ഥാന സർക്കാർ നൽകിവരുന്നതാണ്.

(സി) എങ്കിൽ തത്തുല്യമായ വർദ്ധനവ് വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തുക 10 ലക്ഷം രൂപയാണ്. ഈ തുക തന്നെയാണ് നിലവിൽ നഷ്ടപരിഹാരമായി കേരള സർക്കാർ നൽകിവരുന്നത്. ടി തുക 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

13 (*223) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ലക്ഷ്യമിട്ട് രാജ്യത്ത് ആദ്യമായി നയരേഖ രൂപീകരിച്ചതിന്റെ തുടർപ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് 17-12-2021-ലെ സ.ഉ.(കൈ) നമ്പർ 29/2021/വനം ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച നയരേഖയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിളത്തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും ഉൾപ്പെടെ ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുനഃസ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിൽ 27000 ഹെക്ടർ സ്ഥലത്ത് രണ്ട് പതിറ്റാണ്ടുകൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിന്റെ ഭാഗമായി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 5031 ഹെക്ടർ

സ്ഥലത്ത് വിവിധ സർക്കിളുകളിലായി ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. അത് പ്രകാരം 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിളത്തോട്ടങ്ങൾ നീക്കം ചെയ്യുകയും മറ്റ് തെരഞ്ഞെടുത്ത വനമേഖലകളെ സ്വാഭാവിക വനങ്ങളാക്കിയിട്ടുമുണ്ട്. ഏകവിളത്തോട്ടങ്ങൾ നിർമ്മാർജനം ചെയ്യുന്നതിലേയ്ക്കായി കൊല്ലം/തൃശ്ശൂർ സർക്കിളിന്റെ കീഴിലുള്ള തോട്ടങ്ങൾ 2023-24 വർഷത്തിൽ 748 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് KPPL എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അന്തരീക്ഷ താപം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അന്തരീക്ഷതാപം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി "വൃക്ഷസമൃദ്ധി പദ്ധതി" 2021 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതിയിൽ വിവിധ ഇനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് പാതയോരങ്ങളിലും സർക്കാർ വക പൊതുസ്ഥലങ്ങളിലും സ്വകാര്യ ഭൂമിയിലും നട്ടുപിടിപ്പിക്കുന്നു. 3 മുതൽ 5 വർഷംവരെ പരിചരണത്തിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള തൊഴിലുറപ്പ് മിഷനാണ്. അതിനാവശ്യമായ സാങ്കേതിക സഹായം വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം നൽകിവരുന്നു. കേരളത്തിൽ ഹരിത മേലാപ്പ് വർദ്ധിപ്പിക്കുന്നതിനും കാർബൺ സ്വാംശീകരണത്തിനും ഉതകുന്ന തരത്തിലുള്ള വൃക്ഷത്തൈകളാണ് ഈ പദ്ധതിയിലൂടെ നട്ടുപിടിപ്പിക്കുന്നത്.

(സി) കടൽത്തീരത്ത് ജൈവകവചം സൃഷ്ടിക്കുന്നതിനും അതിലൂടെ പ്രകൃതിക്ഷോഭങ്ങളിൽനിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

കടൽത്തീരത്ത് ജൈവകവചം സൃഷ്ടിക്കുന്നതിനും അതിലൂടെ പ്രകൃതിക്ഷോഭങ്ങളിൽനിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ പ്രദേശങ്ങളിൽ തീരദേശവാസികളുടെ പങ്കാളിത്തത്തോടുകൂടി കാറ്റാടിത്തൈകൾ (Coastal Shelter Belt Plantation) വച്ചുപിടിപ്പിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation & Management of Mangroves in Vembanad and Kannur Regions (60% CSS) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലുടനീളം അഴിമുഖങ്ങളിൽ കണ്ടൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സുനാമി, കടലാക്രമണം എന്നിവയിൽനിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് കണ്ടൽക്കാടുകൾ ഫലപ്രദമാണ്.

പൈപ്പ് പൊട്ടൽമൂലം ജല അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം

14 (*224) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ പൈപ്പ് പൊട്ടൽമൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബിൽ ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non - Revenue Water) ഏകദേശം 35%-40%- ത്തോളം ആണെന്ന് കണക്കാക്കപ്പെടുന്നു.

ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കൽ എത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non - Revenue Water) കണക്കാക്കുന്നത്.

ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. അതോറിറ്റിയെ

സംബന്ധിച്ച് ഭൗതിക നഷ്ടവും വാണിജ്യ നഷ്ടവും വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ഉല്പാദിപ്പിക്കുന്ന ജലത്തിൽ 20% മുതൽ 25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത് എന്നാണ് പ്രാഥമികമായി വിലയിരുത്തപ്പെടുന്നത്.

(ബി) പൈപ്പ് പൊട്ടലിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള ജല അതോറിറ്റിയുടെ ജല വിതരണ സംവിധാനം മുഴുവനായും മർദ്ദാധിഷ്ഠിതമായ പൈപ്പ് വിതാനത്തിലൂടെയാണ് നടക്കുന്നത്. ഇതിന്റെ രൂപകൽപ്പന ഒരു നിശ്ചിത മർദ്ദം താങ്ങാവുന്ന വിധത്തിലാണ് ചെയ്യാറുള്ളത്. ടി മർദ്ദം ആ ഒരു പ്രദേശത്തിന്റെ ആവശ്യം കണക്കിലെടുത്താണ് രൂപകല്പന ചെയ്യാറുള്ളത്. അതിന് കരണീയമായ അളവിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാറുണ്ട്. ടി പൈപ്പുകളിൽ നിന്നാണ് ഗാർഹിക/ഗാർഹികേതര കണക്ഷനുകൾ നൽകുന്നത്.

അതിനാൽത്തന്നെ അവയിൽ നിന്നുള്ള കണക്ഷൻ പൈപ്പുകളിലും ആവശ്യമായ മർദ്ദത്തിലാണ് എപ്പോഴുമുള്ളത്. കാലപ്പഴക്കമുള്ള പൈപ്പുകൾ,

ലോലമായ ബോറിങ്ങ് പോയിന്റുകൾ, ജോയിന്റുകൾ, ക്രോസിങ്ങ് പൈപ്പുകൾ, മീറ്റർ പോയിന്റുകൾ എന്നിവ പൊട്ടാൻ സാധ്യത കൂടുതലാണ്. പൈപ്പിനുള്ളിലെ മർദ്ദം കൂടാതെ മറ്റനവധി ബാഹ്യമർദ്ദങ്ങളും പ്രകമ്പനങ്ങളും ഈ ജല വിതരണ പൈപ്പുകൾ നേരിടേണ്ടി വരികയും മേൽ കാരണങ്ങളാൽത്തന്നെ ഈ വിതരണ പൈപ്പുകൾ പൊട്ടുകയും ചെയ്യാറുണ്ട്.

ചോർച്ച തിരിച്ചറിയുന്നതിനും പൈപ്പുകൾ സമയബന്ധിതമായി മാറ്റിസ്ഥാപിക്കുന്നതിനും പ്രതിരോധ അറ്റകുറ്റപ്പണികൾക്കും പുതിയ പൈപ്പ് ലൈനിടുന്നതിനും സഹായിക്കുന്ന യൂട്ടിലിറ്റി കോറിഡോർ നിലവിലില്ല. ആയതിനാൽ ജല വിതരണ പൈപ്പുകൾ സ്ഥലപരിമിതി കാരണവും മറ്റു വികസന പ്രവൃത്തികൾ കാരണവും ടാർ റോഡ്, കോൺക്രീറ്റ് റോഡ് എന്നിവയുടെ അടിയിലാകുന്ന സ്ഥിതിവിശേഷവും സംജാതമാകാറുണ്ട്. അതിയായ മർദ്ദത്തിൽ പ്രവർത്തിക്കുന്ന സിസ്റ്റമായതിനാൽ ഒരു ചെറിയ പൊട്ടൽ/കീറൽ എന്നിവ ഉണ്ടായാൽത്തന്നെ അധിക ജല നഷ്ടമുണ്ടാകും.

പൈപ്പ് പൊട്ടലുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വിവിധ സോണുകളാക്കി തിരിച്ച് റണ്ണിംഗ് കോൺട്രാക്ടും കൂടാതെ

അടിയന്തര സാഹചര്യങ്ങളിൽ ബ്ലബ്രിഗേഡ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ പൈപ്പ് ലൈനിലെ ചോർച്ച കണ്ടെത്തുന്നതിനായി Leak detection equipment-ഉം ഉപയോഗിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ലീക്ക് ഡിറ്റക്ഷൻ ഉപകരണം എല്ലാ സർക്കിൾ ഓഫീസുകളിലും വാങ്ങി നൽകിയിട്ടുണ്ട്.

(സി) കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാലഹരണപ്പെട്ട പൈപ്പുകളാണ് പ്രധാനമായും ചോർച്ചയുണ്ടാക്കുന്നത്. ഈ പൈപ്പുകൾ സ്റ്റേറ്റ് പ്ലാൻ, അമൃത് (2), കിഫ്ബി, ജലജീവൻ മിഷൻ, വരൾച്ച ദുരിതാശ്വാസ പദ്ധതികൾ, നഗരസഭയുടെ നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജ്വാല, ട്രേസ് പദ്ധതികൾ

15 (*225) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച ജ്വാല പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ സുഗമമായ നടത്തിപ്പ് ലക്ഷ്യമാക്കി രൂപീകരിച്ചിരിക്കുന്ന ജ്വാല നിയമ സഹായ സെൽ, അഭിഭാഷക പരിശീലന പദ്ധതിയായ ലീഗൽ അസിസ്റ്റന്റ് എന്നിവയാണ് ജ്വാല പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നടപ്പിലാക്കി വരുന്ന രണ്ട് ക്ഷേമ പദ്ധതികൾ.

പൗരാവകാശ സംരക്ഷണ നിയമം (PCR), അതിക്രമം തടയൽ നിയമം (PoA) എന്നിവ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക, അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തര നിയമ സഹായം ലഭ്യമാക്കുക, അവർക്ക് ലഭ്യമാകേണ്ട ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, ആവശ്യമായ മാനസിക പിന്തുണ നൽകുക, അതിക്രമവുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ

സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജ്വാല (Justice Welfare and Legal Assistance) നിയമ സഹായ സെൽ രൂപീകരിച്ചിട്ടുള്ളത്. ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ, എല്ലാ ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാർ എന്നിവരാണ് ജ്വാല നിയമ സഹായ സെല്ലിന്റെ ഭാഗമായി സേവനമനുഷ്ഠിച്ചുവരുന്നത്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതീയുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി കരിയറിൽ മികവ് കൈവരിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിലൂടെ തങ്ങളുടെ പ്രൊഫഷനിൽ ഉന്നതിയിൽ എത്തിച്ചേരുന്നതിനും അവസരമൊരുക്കുക, വകുപ്പിന്റെ നിയമാധിഷ്ഠിത സേവന പ്രവർത്തനങ്ങളിലും പദ്ധതികളിലും പങ്കാളിത്തം വഹിക്കുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലാ കോടതികൾ, സ്പെഷ്യൽ കോടതികൾ, ഹൈക്കോടതി അഡ്വക്കേറ്റ് ജനറൽ/ ഗവൺമെന്റ് പ്ലീഡർ ഓഫീസ്, DLSA, KELSA, KIRTADS എന്നിവിടങ്ങളിലായി 69 അഭിഭാഷകർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് ലീഗൽ അസിസ്റ്റന്റ് പരിശീലന പദ്ധതി.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ലീഗൽ ഇന്റേൺസായി നിലവിൽ 21 പേർ വിവിധ ഓഫീസുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 4 പേർക്കുകൂടി ഉടൻ നിയമനം നൽകും.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര അഭിഭാഷകർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ, 14 ലീഗൽ കൗൺസിലർമാർ, 69 ലീഗൽ അസിസ്റ്റന്റുമാർ എന്നിങ്ങനെ 87 അഭിഭാഷകരാണ് ജ്വാല പദ്ധതിയുടെ ഭാഗമായി നിലവിൽ പട്ടികജാതി വികസന വകുപ്പിൽ പ്രവർത്തിക്കുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ലീഗൽ ഇന്റേൺസ് ആയി 21 പേർ പ്രവർത്തിച്ചുവരുന്നു.

(സി) ട്രേസ് പദ്ധതിയുടെ ഭാഗമായി പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പട്ടികജാതി, പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ട്രേസ് വഴി തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

അഭ്യസ്തവിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിലും നൈപുണ്യവികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് TRACE (Training for Career Excellence).

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനം നൽകുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം.	തസ്തിക	എണ്ണം
1	അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ	300
2	ക്ലറിക്കൽ അസിസ്റ്റന്റ് പരിശീലനം (Training programme for Clerical Assistants)	225 (തെരഞ്ഞെടുപ്പ് പ്രക്രിയകൾ നടന്നുവരുന്നു.
3	എസ്.സി. പ്രൊമോർട്ടർ	1216
4	കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)	60

പട്ടികവർഗ്ഗ വികസന വികസന വകുപ്പിന് കീഴിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനം നൽകുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം.	തസ്തിക	എണ്ണം
1	എസ്.ടി. പ്രൊമോട്ടർ	1182
2	അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ	167
3	മാനേജ്മെന്റ് ട്രെയിനി	140
4	സോഷ്യൽ വർക്കർ	54
5	സ്റ്റുഡന്റ്സ് കൗൺസിലർ	49
6	മെന്റർ ടീച്ചർ	364
7	ട്രൈബൽ പാരാമെഡിക്സ്	82
8	LLB Internship	21
	ആകെ	**2059**

വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി

16 (*226) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി

നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ച് പൂർത്തീകരിച്ചുവരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് വനാതിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു (Standard Operating Procedure (SoP) തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേരള സർക്കാരിന്റെ സർവ്വേ & ലാൻഡ് റെക്കോർഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനി സർവ്വേ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ

വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വനമേഖലകളിൽ നിരന്തരമായി പട്രോളിംഗ്, വൾണറബിൾ ഏരിയ മാപ്പിംഗ്, ക്യാമറാ ട്രാപ്പിംഗ് എന്നിവയും മറ്റു പരിശോധനകളും നടത്തിവരുന്നു. പട്രോളിംഗിന് Mstripes എന്ന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അവശ്യ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമൂലം സമീപവർഷങ്ങളിലുണ്ടായ മുഴുവൻ കയ്യേറ്റശ്രമങ്ങളും പരാജയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. വന സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാരുടെ സുരക്ഷയ്ക്കായി റിവോൾവറുകൾ, റൈഫിളുകൾ, പമ്പ് ആക്ഷൻ ഗൺ എന്നിവ നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് ആശയ വിനിമയത്തിനുവേണ്ടി CUG കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ വാക്കിടോക്കി, വയർലസ് സെറ്റുകൾ, ഡിപ്പാർട്ട്മെന്റിനായി മൊബൈൽ ഫോൺ/സിം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങളിലും ക്യാമ്പ് ഷെഡുകളിലും വയർലസ്

സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. വനപാലകർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങളായ ക്വാർട്ടേഴ്സുകൾ, ബാരക്കുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് സംസ്ഥാനതല ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലഭ്യമായ പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തി ഫലപ്രദമായി ഉപയോഗപ്പെടുത്തി വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.

(സി) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും സി.ആർ.പി.എഫ്. പോലുള്ള കേന്ദ്ര സേനയെ ചുമതലപ്പെടുത്തണമെന്നാവശ്യപ്പെട്ട് ജീവനക്കാരുടെ സംഘടന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മാങ്കുളം അടക്കം ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളിൽ വനം വകുപ്പ് ഓഫീസുകളുടെയും സ്റ്റേഷനുകളുടെയും

സുരക്ഷാർത്ഥവും വനപാലകരുടെ ജീവൻ സംരക്ഷിക്കുന്നതിനും സി.ആർ.പി.എഫ്. പോലെയുള്ള കേന്ദ്ര സേനയെ വിന്യസിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ കാറ്റഗറി സംഘടനകളിൽ ഒന്നായ കേരളാ ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ (KFSA) 05-01-2024 തീയതിയിൽ ചീഫ് സെക്രട്ടറി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത നിവേദനത്തിൽ തിരുത്തൽ വരുത്തി മേൽ ആവശ്യം ഒഴിവാക്കിക്കൊണ്ട് സംഘടന പുതിയ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

ഡാമുകളുടെ സുരക്ഷാ പരിശോധന

17 (*227) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധനകൾ നടത്തിയിട്ടുണ്ടോ; കാലാവസ്ഥാ വ്യതിയാനങ്ങൾ അനുസരിച്ച് സുരക്ഷാ ഭീഷണിയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധനകൾ കാലവർഷത്തിനു മുൻപും ശേഷവും നടത്തിവരുന്നു. കൂടാതെ കേന്ദ്ര ജലകമ്മീഷന്റെ (CWC) മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പരിശോധനയിൽ ഡാമിന്റെ എല്ലാ ഘടകങ്ങളിലെയും നിലവിലെ സ്ഥിതി പരിശോധിച്ച് CWC നിഷ്കർഷിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ ഉൾപ്പെടുന്ന പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ കാലാകാലങ്ങളിലുള്ള സുരക്ഷാ പരിശോധന നടത്തുന്നത് തമിഴ്നാട് ജലവിഭവ വകുപ്പാണ്. ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സൂപ്പർവൈസറി കമ്മിറ്റി മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാ പരിശോധന കാലാകാലങ്ങളിൽ നടത്തുകയും അവലോകന യോഗങ്ങൾ കൂടുകയും ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമിതി ഡാമിന്റെ പരിരക്ഷണ ചുമതലയുള്ള

തമിഴ്നാട് ജലവിഭവവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.

ഡാം സേഫ്റ്റി ആക്ട് 2021 പ്രകാരം നിലവിൽ വന്ന കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ സംസ്ഥാനത്തിനകത്തെ 61 നിർദ്ദിഷ്ട അണക്കെട്ടുകളുടെ സുരക്ഷാ പരിശോധന നടത്തിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച് സുരക്ഷാ ഭീഷണിയുള്ളതായി ഡാം ഓണേഴ്സിൽനിന്നും വിവരം ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, ജല സംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോ; ഇതിനായി പ്രത്യേക സംഘത്തെ നിയോഗിക്കുമോ; വ്യക്തമാക്കാമോ?

കേന്ദ്രനിയമമായ ഡാം സുരക്ഷാ നിയമം 2021 പ്രകാരം രൂപീകൃതമായ സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ (SDSO), ഡാം സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ ഡാമുകളുടെയും ബലം,

ജലസംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പരിശോധനകൾ നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ ഡാമുകളുടേയും ബലം, ജലസംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ പരിശോധിക്കുന്നതിനായുള്ള Comprehensive Dam Safety Evaluation Panel രൂപീകരിക്കുന്നതിനായുള്ള നിർദ്ദേശം കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ ഡാമിന്റെ ചുമതലയുള്ള വകുപ്പുകൾക്ക് (KWRD, KSEBL, KWA) നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഡാമുകളുടെ കാലവർഷത്തിന് മുൻപും പിൻപുമുള്ള (Pre and Post Monsoon) പരിശോധനകൾ ഡാമിന്റെ മേൽനോട്ടം വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

DRIP Phase-II പദ്ധതിയിൽ ഉൾപ്പെട്ട ഡാമുകളുടെ നവീകരണത്തിനായി നിയോഗിക്കപ്പെട്ട Dam Safety Review Panel (DSRP) ഓരോ വിഷയത്തിലും

വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ഡാം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) കാലവർഷം ആരംഭിക്കുന്നതിനുമുൻപേ ഡാമുകളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ; ഇതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ?

കാലവർഷം ആരംഭിക്കുന്നതിന് മുൻപ് ഡാമുകൾ പരിശോധിച്ചു സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അതത് Dam Owners-ന് State Dam Safety Organization നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ 200 ദശലക്ഷം ഘനമീറ്റർ സംഭരണശേഷിക്ക് മുകളിലുള്ള ജലസംഭരണികളിലെ ജലനിരപ്പുകൾ റൂൾ കർവുകളുടെ അടിസ്ഥാനത്തിൽ നിയന്ത്രിച്ചുവരുന്നു. സംസ്ഥാനത്തിനുള്ളിലെ 61 നിർദ്ദിഷ്ട ഡാമുകളിൽ 53 ഡാമുകളുടെയും Emergency Action Plan പ്രസിദ്ധീകരിക്കുകയും 8 ഡാമുകളുടെ Emergency Action Plan പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. മറ്റ് ചെറുകിട ജലസംഭരണികളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red

എന്നീ മൂന്ന് തരത്തിലായി അലെർട്ട് ലെവൽ നിശ്ചയിച്ചിട്ടുണ്ട്. അത് പാലിച്ചുകൊണ്ട് മൺസൂൺ കാലാവസ്ഥയിൽ മഴയുടെ മുന്നറിയിപ്പും ഡാമുകളിലെ നീരൊഴുക്കും കൃത്യമായി നിരീക്ഷിച്ച് Operation and Maintenance Manual നിർദ്ദേശങ്ങൾ പാലിച്ച് ജില്ലാ ഭരണകൂടത്തിന്റെ മുന്നറിയിപ്പുകൾ നൽകിയശേഷം സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പറമ്പിക്കുളം ഡാമിന്റെ റൂൾകർവ് രൂപപ്പെടുത്തണമെന്ന് കേരളം ഡാമിന്റെ മേൽനോട്ടവും പരിപാലനവും നടത്തുന്ന തമിഴ്നാട് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടുകയും നടപടികൾ വേഗത്തിലാക്കി കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച റൂൾകർവ് എത്രയും വേഗത്തിൽ കേരളത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും തമിഴ്നാട് ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ നിരന്തരമുള്ള ആവശ്യപ്രകാരം മുല്ലപ്പെരിയാറിൽ തമിഴ്നാട് റൂൾ കർവ് രൂപപ്പെടുത്തുകയും വർഷകാലങ്ങളിൽ അതുപ്രകാരം

അണക്കെട്ടിൽ ജലനിരപ്പ് ക്രമീകരിച്ച് പോരുകയും ചെയ്യുന്നു. ബഹു. സുപ്രീം കോടതി വിധി പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിൽ സംഭരിക്കാവുന്ന ജലത്തിന്റെ പരമാവധി നിരപ്പ് 142 അടിയായതിനാൽ റൂൾ കർവും അതിനനുസൃതമായാണ് ക്രമപ്പെടുത്തിയിട്ടുള്ളത്.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഉൾപ്പെട്ട അന്തർസംസ്ഥാന ഡാമുകൾ ആളിയാർ, തിരുമൂർത്തി, തമിഴ്നാട് ഷോളയാർ ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ, നിലവിൽ കേന്ദ്ര ജലക്കമ്മീഷൻ തയ്യാറാക്കിയ Flood Inundation Map അടിസ്ഥാനത്തിൽ സംസ്ഥാന അതിർത്തിവരെ മാത്രമാണ് തമിഴ്നാട് ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്. Flood Inundation Map തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലക്കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മേൽ സൂചിപ്പിച്ച ഡാമുകളുടെ Flood Inundation Map തയ്യാറാക്കി നൽകണമെന്ന് കേരളം കേന്ദ്ര ജലക്കമ്മീഷനോട് നിലവിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലക്കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായുള്ള

വിവരങ്ങൾ/വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകിക്കൊണ്ട് എത്രയും പെട്ടെന്ന് എമർജൻസി ആക്ഷൻ പ്ലാൻ പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്.

നിലവിൽ പറമ്പിക്കുളം ആളിയാർ കരാർ ഷെഡ്യൂൾ -IV ഖണ്ഡിക 1 പ്രകാരം നിർദ്ദേശിക്കപ്പെട്ടതും ഡാമുകളുടെ സ്പിൽവേ ഉയർത്തുമ്പോൾ പാലിക്കേണ്ടതായ നിയമാവലി ഉൾപ്പെടുത്തിയ Standard Operating Procedure-ലെ നടപടിക്രമവും പാലിച്ചാണ് മേൽ സൂചിപ്പിച്ച ഡാമുകളിൽ പ്രളയ നിയന്ത്രണം സാധ്യമാക്കുന്നത്.

പറമ്പിക്കുളം ആളിയാർ ഡാമിന്റെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലക്കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായുള്ള വിവരങ്ങൾ/വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകിക്കൊണ്ട് പറമ്പിക്കുളം ഡാമിന്റെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്.

മുല്ലപ്പെരിയാർ ഡാമിന്റെ Upstream portion-ന്റെ എമർജൻസി ആക്ഷൻ പ്ലാൻ (EAP) 2022 മെയ്-ൽ തമിഴ്നാട് ജലവിഭവ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിന്റെ അനുഭവത്തിലും അടിസ്ഥാനത്തിലും മുല്ലപ്പെരിയാർ ഡാമിന്റെ Flood Inundation Map പരിഷ്കരിച്ച് നൽകണമെന്ന് കേരളം കേന്ദ്ര ജലക്കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര ജലക്കമ്മീഷനിൽ പുരോഗമിച്ചുവരികയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലക്കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായുള്ള വിവരങ്ങൾ/വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകിക്കൊണ്ട് മുല്ലപ്പെരിയാർ ഡാമിന്റെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്. ആയത് പതിനേഴാം സൂപ്പർവൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്ത തീരുമാനിക്കാമെന്ന് സൂപ്പർവൈസറി കമ്മിറ്റി ചെയർമാൻ അറിയിച്ചിട്ടുണ്ട്.

മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരുടെ വിവര ശേഖരണം

18 (*228) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:

ശ്രീ. എം. രാജഗോപാലൻ:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവര ശേഖരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

2017 നവംബർ 29, 30 തീയതികളിലായി കേരളത്തിന്റെ തീരപ്രദേശത്തെ ഒന്നടങ്കം പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിൽ 142 മത്സ്യത്തൊഴിലാളികളെ നഷ്ടപ്പെടുകയും ധാരാളം പേർക്ക് ജീവിത സാഹചര്യങ്ങൾ നഷ്ടമാകുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വളരെ വേഗം മനസ്സിലാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) -മായി ചേർന്ന് 'സാഗര' എന്ന

പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചിട്ടുമുണ്ട്. ഈ മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് മൊബൈൽ ഫോണുകളിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ഈ ആപ്ലിക്കേഷന്റെ ഉപയോഗം മത്സ്യത്തൊഴിലാളികളെ പഠിപ്പിക്കുന്നതിനും കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനത്തിനുശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ സാഗരയിൽ രേഖപ്പെടുത്തുന്നതിനുമായി 9 മറൈൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട 50 ഫിഷ് ലാൻഡിംഗ് സെന്റർ/ഫിഷിംഗ് ഹാർബറുകളിൽ 50 "സാഗര ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി താൽക്കാലികമായി നിയോഗിക്കുകയും ചെയ്തു. ഇവരെ ആദ്യം 8 മാസത്തേയ്ക്കാണ് നിയോഗിച്ചത്. അതിനുശേഷം അവരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനത്തിനുശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ അറിയാനും കടലിൽ തീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കുവാനും ഈ

മൊബൈൽ ആപ്ലിക്കേഷൻകൊണ്ട് സാധിക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുമുള്ള മുഴുവൻ വിവരങ്ങളും 'സാഗര'-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിലേയ്ക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ 'സാഗര മൊബൈൽ' ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പദ്ധതിയിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഹാർബറുകളിൽ മത്സ്യബന്ധന യാനങ്ങളുടെ കടലിലേയ്ക്കുള്ള പോക്കും വരവും രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കടൽ സുരക്ഷാ, രക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽനിന്നും കടലിലേയ്ക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'ബ്ലൂടൂത്ത് ലോ

എനർജി (BLE) സംവിധാനവും ജി.പി.എസ്. ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു ടെലിമാറ്റിക്സ് ഗേറ്റ് വേ അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും അതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ ഫിഷറീസ് വകുപ്പ് നടത്തിവരുന്നു.

പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിലൂടെ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നതും വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും റിയൽ ടൈം മോണിറ്ററിംഗ് സംബന്ധിച്ച ഒരു കൃത്യമായ ഡാറ്റാബേസ് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യംവയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 'ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി'-യും 'കെൽട്രോണും' പ്രൊപ്പോസലുകൾ സമർപ്പിക്കുകയും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കേന്ദ്രീകരിച്ച് പരീക്ഷിക്കുകയുമുണ്ടായി.

പ്രസ്തുത സംവിധാന പ്രകാരം ഹാർബറിലെ മോണിറ്ററിംഗ് സെന്ററുമായി ബന്ധിപ്പിക്കുന്ന ഒരു സെൻസിംഗ് ഉപകരണം

മത്സ്യബന്ധനയാനത്തിൽ ഘടിപ്പിക്കുകയും കൂടാതെ പ്രസ്തുത സെൻസിംഗ് ഉപകരണവുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു 'ബ്ലൂത്ത് ലോ എനർജി (BLE) റിസ്റ്റ് ബാൻഡ്' യാനത്തിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിക്കാൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനയാനം ഹാർബറിൽനിന്നും പുറപ്പെടുകയും സെൻസിംഗ് ഉപകരണത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന നിശ്ചിത രേഖാംശം (ജിയോഫെൻസിംഗ് സംവിധാനം) കടക്കുകയും ചെയ്യുമ്പോൾ ഈ സെൻസിംഗ് ഉപകരണം ഹാർബറിലെ സെന്ററിലേക്ക് തിരികെ ആശയവിനിമയം നടത്തുകയും അതിനോടൊപ്പംതന്നെ മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിച്ചിട്ടുള്ള ബി.എൽ.ഇ ഉപകരണങ്ങളിലെ വിവരങ്ങൾ മോണിറ്ററിംഗ് സെന്ററിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം ഏതെല്ലാം മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽനിന്നും കടലിലേയ്ക്ക് പോയിട്ടുണ്ടെന്നും അതിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു എന്നുമുള്ള വിവരങ്ങൾ ഹാർബറിലെ മോണിറ്ററിംഗ് സെന്ററിൽ റെക്കോർഡ് ചെയ്യപ്പെടുന്നു.

ഇതേ സംവിധാനത്തിലൂടെതന്നെ കടലിൽനിന്ന് ഹാർബറിലേയ്ക്ക് തിരികെയെത്തുന്ന യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്ന് പരീക്ഷണത്തിൽനിന്നും മനസിലാക്കുന്നു. ഈ സംവിധാനത്തിലൂടെ ഓരോ മത്സ്യബന്ധന യാനങ്ങളുടെയും യാത്രയുടെയും തുടർച്ചയായ ഡാറ്റ റെക്കോർഡ് ചെയ്ത് ഹാർബറിലെ ഡാറ്റ സെന്ററിലേക്ക് അപ്ഡേറ്റ് ചെയ്യാനും കഴിയുമെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്. കടലിനുള്ളിൽ 20 കിലോമീറ്ററാണ് ഇതിന് ദൂരപരിധിയുള്ളത്. സംവിധാനത്തിന്റെ പ്രായോഗികത സംബന്ധിച്ച് കൂടുതൽ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ അവർക്ക് തിരിച്ചറിയൽ കാർഡ്, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉണ്ടോ എന്ന കാര്യം ഉറപ്പുവരുത്താറുണ്ടോ?

രാജ്യസുരക്ഷ മുൻനിർത്തി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും ഉൾപ്പെടുന്ന ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി മീറ്റിംഗിന്റെ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളിലെ എല്ലാ മത്സ്യത്തൊഴിലാളികളും

തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടത് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശിച്ചിരുന്നു. അതനുസരിച്ചും തീരസുരക്ഷയുടെ ഭാഗമായും മനുഷ്യക്കടത്ത് പോലുള്ള അനധികൃത പ്രവണതകൾ നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കടൽ മാർഗ്ഗം രാജ്യവിരുദ്ധ ശക്തികൾ നുഴഞ്ഞുകയറുന്നത് തടയുന്നതിനും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖ കൈവശം കൊണ്ടുപോകുന്നത് നിർബന്ധമാക്കി, 14-11-2021-ലെ 25891/Legl1/2019/Law നമ്പർ വിജ്ഞാപന പ്രകാരം കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്ത് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം 'ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, ആധാർ കൈവശമില്ലാത്തതായ യാതൊരാളെയും മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തവർക്ക് 1,000/- രൂപ വരെ പിഴശിക്ഷ ചുമത്തുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ

മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് കൈവശം വയ്ക്കുന്നുണ്ടെന്ന് ബോട്ടുടമകൾ ഉറപ്പാക്കേണ്ടതുമാണ്. ആയത് മത്സ്യബന്ധനത്തിന് പോകുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്കും ബാധകമാണ്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) മുഖാന്തരം കൃ.ആർ. എനേബിൾഡ് പി.വി.സി. ആധാർ കാർഡ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി യന്ത്രവൽക്കൃത ബോട്ടുകളിൽ ജോലി ചെയ്യുന്ന 2667 ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. ആയത് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) ലഭ്യമാക്കിയിട്ടുള്ള അപ്‌ലോഡ് യൂട്ടിലിറ്റി ടൂളിലേയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപ്‌ലോഡിംഗ് പൂർത്തിയാകുന്നമുറയ്ക്ക് ടി ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI)-യിൽനിന്നും ലഭ്യമാക്കുന്ന കൃ.ആർ. എനേബിൾഡ് പി.വി.സി. ആധാർ കാർഡ് ഫിഷറീസ് വകുപ്പിലെ നോഡൽ ഓഫീസർ

മുഖാന്തരം ഇതര സംസ്ഥാന തൊഴിലാളികളുടെ അഡ്രസ്സിലേക്ക് ലഭ്യമാകുന്നതാണ്.

2018-ലെ കേരള മത്സ്യ ബന്ധന നിയന്ത്രണ ചട്ടങ്ങളിലെ ചട്ടം 3(2) (എച്ച്) പ്രകാരം 'ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനത്തിനു' നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. ആയത് മത്സ്യബന്ധന യാനത്തിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കും ബാധകമാണ്.

(ഡി) യന്ത്രവൽകൃത ബോട്ടുകളിൽ ജോലി ചെയ്യുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ യാനങ്ങളിൽ പണിയെടുക്കുന്ന ഭൂരിഭാഗം മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നുണ്ട്. 2018-ലെ കേരള മത്സ്യ ബന്ധന നിയന്ത്രണ

ചട്ടങ്ങളിലെ ചട്ടം 3(2) (എച്ച്) പ്രകാരം 'ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധനയാനത്തിനു' നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്.

വന സംരക്ഷണ പ്രവർത്തനങ്ങൾ

19 (*229) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്ന നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നതിന്റെ ഭാഗമായി വനം കൈയ്യേറ്റം തടയുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചു

പൂർത്തീകരിച്ചുവരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് വനാതിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു (Standard Operating Procedure (SoP) തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേരള സർക്കാരിന്റെ സർവ്വേ & ലാൻഡ് റെക്കോർഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവ്വേ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വനമേഖലകളിൽ നിരന്തരമായ പട്രോളിംഗ്, വൾണറബിൾ ഏരിയ മാപ്പിംഗ്, ക്യാമറാ ട്രാപ്പിംഗ് എന്നിവയും മറ്റു പരിശോധനകളും നടത്തിവരുന്നു. പട്രോളിംഗിന് Mstripes എന്ന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം

നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമൂലം സമീപവർഷങ്ങളിലുണ്ടായ മുഴുവൻ കൈയ്യേറ്റശ്രമങ്ങളും പരാജയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി സമൂഹം ഉൾപ്പടെയുള്ള വനാശ്രിതരും തദ്ദേശവാസികളും അംഗങ്ങളായിട്ടുള്ള ഇ.ഡി.സി.-കളുടെ സജീവ പങ്കാളിത്തത്തോടെ വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്.

(ബി) വന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും വനാന്തരങ്ങളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ കൂടുതൽ വിജയകരമായി നടത്തുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വനത്തിനുള്ളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. വനസംരക്ഷണ,

വനവൽക്കരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് 1988-ലെ ദേശീയ വന നയത്തിന്റെ ഭാഗമാണ്. ഇതിന്റെ ഭാഗമായി 1998 മുതൽ കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഇതിനായി വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ച 36 വന വികസന ഏജൻസികൾക്കു കീഴിലായി 427 വന സംരക്ഷണ സമിതികളും (VSSs), 213 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (EDCs) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി (GIM), നഗർ വൻ യോജനയ്ക്ക് കീഴിലെ പദ്ധതികൾ, വൻ ധൻ വികാസ് യോജനയ്ക്ക് (VDVK) കീഴിലെ പദ്ധതികൾ MSP for MFP പദ്ധതി തുടങ്ങിയ വനസംരക്ഷണ/വനവൽക്കരണ പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്.

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനം വകുപ്പ് നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് "ഇക്കോടൂറിസം." കേരളത്തിൽ നിലവിൽ 71 അംഗീകൃത ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അതത്

പദ്ധതിപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC-കളാണ് ടി ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും പരിപാലനത്തിനുമായി 2100 സമിതി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. ഇതിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നതിനും സഹായകരമാകുന്നു.

കേരളത്തിലെ വനങ്ങളിൽ ലഭ്യമാകുന്ന ചെറുകിട വന വിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ് വനാശ്രിതരായ ആദിവാസികളുടെ പ്രധാന ഉപജീവനമാർഗ്ഗം. വനത്തിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധന നടത്തി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വനശ്രീ" പദ്ധതി വഴി വിപണനം ചെയ്യുന്നു. ഇതിലൂടെ മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ തങ്ങളുടെ വനവിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും അതിലൂടെ ടി

വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്ക് ഉതകുകയും ചെയ്യുന്നു.

കൂടാതെ സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50% പ്രവർത്തനങ്ങൾ VSS/EDC-കൾ വഴിയാണ് നടപ്പാക്കുന്നത്. വനാശ്രിതരായ ടി കമ്മിറ്റി അംഗങ്ങളെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. ഇതിലൂടെ വനാശ്രിതരായ ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുവാൻ സാധിക്കുന്നു.

ഇതോടൊപ്പം കേരള സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിവിധ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ കലാ സാംസ്കാരിക പ്രവർത്തനങ്ങളും വനം വകുപ്പ് നടത്തിവരുന്നുണ്ട്. ആദിവാസി ഊരുകളിൽ 'കതിർ' എന്ന പേരിൽ ലൈബ്രറികൾ സ്ഥാപിക്കുകയും ദൃശ്യകല ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ആദിവാസി സമൂഹത്തിലെ അംഗങ്ങളായ

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പെൺകുട്ടികൾക്ക് വനം വകുപ്പ് 'സൃഷ്ടി' സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

2006-ലെ വനാവകാശ നിയമം നടപ്പാക്കുന്നതിൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പിനോടും റവന്യൂ വകുപ്പിനോടും ചേർന്ന് ആവശ്യമായ സഹായ സഹകരണങ്ങൾ വനം വകുപ്പ് നൽകിവരുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിലൂടെ വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ കൈവശ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശ രേഖ നൽകുന്നതിനും അവരുടെ സാമൂഹികവും വികസനപരവുമായ അവകാശങ്ങളും നൽകുന്നതിന് സാധിക്കുന്നു.

ഇത്തരത്തിൽ വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവിത നിലവാര ഉയർച്ചയും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും വനം വകുപ്പിന് സാധിക്കുന്നു.

(സി) വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

1993-94-ലെ കേരള സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ വനത്തിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് "Personal Accident Insurance Scheme" നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി വഴി 01-04-1995 മുതൽ കേരളത്തിലെ വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് സർക്കാർ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. നിലവിലെ 'ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി' വഴി വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന 18750 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങിമരണം, മരത്തിൽനിന്ന് വീഴ്ച, ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും സ്ഥായിയായ അംഗവൈകല്യത്തിനും 1,00,000/-

രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/-രൂപയും ആശുപത്രി യാത്ര ചെലവിന് 1,000/-രൂപയും വന്യജീവി ആക്രമണംമൂലമോ പ്രകൃതിക്ഷോഭംമൂലമോ വീടുകൾക്ക് കേടുപാടുകളുണ്ടായാൽ 5,000/-രൂപയും ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. കൂടാതെ വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണംമൂലമുള്ള അപകട മരണത്തിന് 1,00,000/-രൂപയും ആശുപത്രി ചികിത്സാ ചെലവിനായി 5,000/-രൂപയും ഈ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും വനം വകുപ്പ് ഇൻഷുറൻസ് പ്രീമിയം പുതുക്കിവരുന്നു. നിലവിലെ ഇൻഷുറൻസ് പദ്ധതിയുടെ കാലാവധി 16-03-2023 മുതൽ 15-03-2024 വരെയാണ്.

വന്യജീവി ആക്രമണത്തെ തുടർന്നുള്ള നഷ്ടപരിഹാരം

20 (*230) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 2021 മുതൽ നാളിതുവരെ 6700-ഓളം അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 മുതൽ നാളിതുവരെ 7235 അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ്, വ്യക്തമായ രേഖകളുടെ അഭാവം, പരിശോധന നടപടികൾ പൂർത്തീകരിക്കാത്തത്, അപേക്ഷ സമർപ്പിക്കാൻ വൈകിയത് എന്നീ കാരണങ്ങളാലാണ് ടി അപേക്ഷകളിന്മേൽ യഥാസമയം നഷ്ടപരിഹാരം നൽകാത്തത്.

(ബി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണോ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര

നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ പൂർണ്ണമായും നൽകാൻ സാധിക്കാത്തത് എന്ന് വ്യക്തമാക്കാമോ?

ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാലും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതിനാലും പരിശോധന നടപടികൾ പൂർത്തീകരിക്കാത്തതിനാലുമാണ് വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ പൂർണ്ണമായും നൽകാൻ സാധിക്കാത്തത്.

(സി) 2021 മുതൽ നാളിതുവരെയുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫണ്ട് ലഭ്യമാകുന്നമുറയ്ക്കും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ യഥാവിധി സമർപ്പിക്കുന്ന മുറയ്ക്കും പരിശോധനകൾ പൂർത്തിയാകുന്ന മുറയ്ക്കും മുൻഗണനാക്രമത്തിൽ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്മാർട്ടഫ് സിറ്റി പദ്ധതി

21 (*231) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും ചേർന്ന് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ

സംരംഭമാണ് സ്റ്റാർട്ടപ്പ് സിറ്റി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ സഹായം നൽകുന്നതിനാണ് ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി. ഇതിനാവശ്യമായ സഹായം നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായി കരാർ ഒപ്പുവച്ചാണ് സ്റ്റാർട്ടപ്പ് സിറ്റി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവരുടെ ഉപജീവന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി സഹായിക്കുമോ; വിശദീകരിക്കുമോ?

സഹായിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവരുടെ ക്ഷേമവും വികസനവുമാണ് ഉന്നതിയുടെ ലക്ഷ്യം. അതിനായി സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സഹായങ്ങൾ സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിലൂടെ ലഭ്യമാക്കും.

എഞ്ചിനീയറിംഗ്, ഐ.റ്റി. അധിഷ്ഠിത സാങ്കേതികവിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദസഞ്ചാരം, മാർക്കറ്റിംഗ്, കാർഷികം, നിർമ്മാണം തുടങ്ങി വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ യുവതീയുവാക്കൾക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാനുദ്ദേശിക്കുന്നത്. ഈ മേഖലകളിൽ സംരംഭകത്വത്തിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്നവർക്ക് സ്റ്റാർട്ടപ്പ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുമെന്നുള്ളതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനും അതുവഴി മികച്ച സംരംഭകരായി മാറുവാനും സാധിക്കുന്നതാണ്. 'അഗ്രിഗേഷൻ മോഡലിൽ' ഉന്നതി ഈ സംരംഭകരുടെ ബിസിനസ്സുകൾ ഏകോപിപ്പിക്കുകയും വിപണി കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. സർക്കാർ ബിസിനസ്സുകളിൽ, പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വികസന പ്രോജക്ടുകളിൽ ഉന്നതി സ്റ്റാർട്ടപ്പുകൾക്ക് മുൻഗണന നൽകി സംരംഭകരെ ശാക്തീകരിക്കാൻ സാധിക്കും.

(സി) ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇൻക്യുബേഷൻ സൗകര്യവും പിന്തുണയും നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. സ്റ്റാർട്ട് അപ്പ് സിറ്റി പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ മേഖലകളിൽ ഇൻക്യുബേഷൻ സൗകര്യവും പിന്തുണയും ആവശ്യമായ ഘട്ടങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നതാണ്. മേൽപ്പറഞ്ഞ മേഖലകളിൽ ലഭ്യമായ വിദഗ്ധരിലൂടെ മെന്ററിംഗ് ഉൾപ്പെട്ട ഇൻക്യുബേഷൻ സൗകര്യവും വായ്പ, ഗ്രാന്റ് എന്നിവയിലൂടെ സാമ്പത്തിക സഹായവും വിപണി ലഭ്യമാകുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സഹായങ്ങളും ലഭ്യമാക്കും.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ മികച്ച ബ്രാൻഡിംഗിലൂടെ വിപണനം ഉറപ്പാക്കുന്നതിന് സൗകര്യവും പിന്തുണയും നൽകുമോ; വിശദീകരിക്കുമോ?

ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന ഉത്പ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഉന്നതിയുടെ ബ്രാന്റിംഗ് നൽകുകയും വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് പിന്തുണ നൽകുകയും ചെയ്യും.

(ഇ) സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിലൂടെ പുതിയ സംരംഭകരുടെ ബിസിനസിന്റെ കാര്യക്ഷമതയും വ്യാപ്തിയും സാധ്യതകളും മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം സഹായങ്ങളാണ് ഉറപ്പാക്കുന്നത്; വിശദീകരിക്കുമോ?

സംരംഭത്തിന്റെ സമസ്ത മേഖലയിലും വിദഗ്ധരെ ഉപയോഗിച്ച് സംരംഭകർക്ക് പരിശീലനം നൽകിയും സംരംഭങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതുവരെ അവർക്ക് hand holding നൽകിയും നല്ല സംരംഭകരാക്കി മാറ്റുവാൻ അവരെ പ്രാപ്തരാക്കാനുള്ള എല്ലാവിധ സഹായങ്ങളും ഈ പദ്ധതി മുഖേന ലഭ്യമാക്കുന്നു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുതൽമുടക്കിന്റെ 80% വരെ തുക ധനസഹായമായി നൽകുന്നതുമാണ്. വായ്പാബന്ധിത പദ്ധതിയായതിനാൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയോ ബാങ്കുകൾ

മുഖേനയോ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങളും നൽകുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥല സൗകര്യം എന്നിവയും ഈ പദ്ധതി മുഖേന ലഭ്യമാക്കുന്നു.

തണ്ണീർ കൊമ്പൻ ചരിഞ്ഞ സംഭവത്തിൽ അന്വേഷണം

22 (*232) ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ മയക്കുവെടിവച്ച് പിടികൂടിയ തണ്ണീർ കൊമ്പൻ ചരിഞ്ഞ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

മാനന്തവാടി ഭാഗത്ത് 02-02-2024-ൽ ജനവാസ മേഖലയിൽ എത്തിയ റേഡിയോ കോളർ ഘടിപ്പിച്ച കാട്ടാന ചരിയാൻ ഇടയായ സാഹചര്യങ്ങൾ പരിശോധിക്കുന്നതിനായി 03-02-2024-ലെ സ. ഉ. (സാധാ) നം. 62/2024/വനം പ്രകാരം ഒരു 5 അംഗ വിദഗ്ധസമിതി രൂപീകരിക്കുകയും സമിതിയംഗങ്ങൾ സംഭവസ്ഥലങ്ങൾ സന്ദർശിച്ച് വനംവകുപ്പ്

ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും നാട്ടുകാരോടും കർണ്ണാടക സംസ്ഥാന വനം വകപ്പുദ്യോഗസ്ഥരോടും സംഭവത്തെക്കുറിച്ച് നേരിട്ട് അന്വേഷണം നടത്തിവരികയാണ്. അന്വേഷണത്തിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി) പിടികൂടുന്ന സന്ദർഭത്തിൽ ആനയ്ക്ക് എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

പിടികൂടുന്നതിന് മുൻപ് ആനയുടെ പിൻകാലിന് മുകളിൽ വലിയൊരു മുഴ മാത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും കണ്ടിരുന്നില്ല. പിടികൂടിയശേഷം വിശദമായി പരിശോധിച്ചതിൽ പെനിസ് ഷീൽഡിൽ പഴക്കംചെന്ന ആഴമുള്ള ഒരു മുറിവുള്ളതായും ചെറിയ മറ്റു മുറിവുകൾ പുറത്തുള്ളതായും കണ്ടെത്തുകയുണ്ടായി.

(സി) ആനയെ പിടികൂടുന്ന നടപടിയിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആനയെ പിടികൂടുന്ന നടപടിയിൽ വീഴ്ച വന്നിട്ടില്ല. നിലവിലെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചാണ് ആനയെ പിടികൂടിയിട്ടുള്ളത്.

കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ നടപടി

23 (*233) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയുന്നതിന്റെ ഭാഗമായി ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും നീക്കംചെയ്യുന്ന പദ്ധതികൾ സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ സ്വീവറേജ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് പ്ലാനിന്റെ പ്രാഥമിക എഞ്ചിനീയറിംഗ് രൂപരേഖ സംസ്ഥാനത്തിനുവേണ്ടി ആകമാനവും 14 ജില്ലകൾക്കുവേണ്ടി പ്രത്യേകമായും തയ്യാറാക്കിയിട്ടുണ്ട്.

80.385 കോടി രൂപയാണ് സംസ്ഥാന പദ്ധതികൾക്ക് പ്രാഥമിക രൂപരേഖ പ്രകാരം മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

സ്വീവറേജ് വിംഗിന്റെ തിരുവനന്തപുരം മേഖലാ കാര്യാലയത്തിന്റെ കീഴിൽ തിരുവനന്തപുരം നഗരസഭ പരിധിയിൽ സ്വീവറേജ് ലൈനുകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ സ്വിവറേജ് സംവിധാനം സ്ഥാപിക്കുന്നതിനും നിലവിലുള്ള സ്വീവറേജ് പദ്ധതി പുനരുദ്ധരിക്കുന്നതിനുമായി 10 ക്ലസ്റ്ററുകളായി തിരിച്ച് ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കരമനനദിയുടെ തീരത്തുള്ള അതിരൂക്ഷ മാലിന്യപ്രശ്നം നേരിടുന്ന 19 വാർഡുകളിലെ സിവറേജ് മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും മുൻഗണന നൽകിയാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

<u>സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ</u>:-

1. പെരിയാർ നദിയിൽ കലരുന്ന സ്വീവറേജ് മാലിന്യം തടയുന്നതിനുവേണ്ടി ആലുവ മുനിസിപ്പാലിറ്റിയിൽ സ്വീവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

2. മുട്ടാർ പുഴയിലേയ്ക്ക് കലരുന്ന സ്വീവറേജ് മാലിന്യം തടയുന്നതിനുവേണ്ടി,

കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ സ്വീവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

3. ഇടുക്കി ജില്ലയിലെ തൊടുപുഴയാറിന്റെ മലിനീകരണം ഒരു പരിധി വരെ തടയുന്നതിനായി കട്ടപ്പനയിൽ സ്വീവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

4. കോട്ടയം ജില്ലയിലെ മീനച്ചിലാറിന്റെ മലിനീകരണം തടയുന്നതിനായി ഈരാറ്റുപേട്ട, ഏറ്റുമാനൂർ എന്നീ മുനിസിപ്പാലിറ്റികൾക്കുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

5. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേയ്ക്കായി വടക്കാഞ്ചേരി, പട്ടാമ്പി, പൊന്നാനി എന്നീ മുനിസിപ്പാലിറ്റികൾക്കുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

6. കണ്ണൂർ ജില്ലയിലെ കവ്വായി, പെരുവമ്പ എന്നീ പുഴകളുടെ നദീതട പ്രദേശങ്ങളിൽപ്പെട്ട പയ്യന്നൂർ മുനിസിപ്പാലിറ്റിക്കുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് സംവിധാനം.

<u>അമൃത് പദ്ധതിയിൽ തയ്യാറാക്കി വരുന്നവ</u>

1. കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനിൽ മലിനജല ശുദ്ധീകരണ

പദ്ധതികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനെ വിവിധ സോണുകളാക്കി തിരിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പാക്കാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതിൽ 27 MLD STP-ക്കും സീവർ നെറ്റ്‌വർക്കിനുമായി 179.29 കോടി രൂപയുടെ ഭരണാനുമതി അമൃതിൽനിന്നും ലഭിച്ചിട്ടുണ്ട്.

2. കണ്ണൂർ കോർപ്പറേഷന്റെ സോൺ 1-നായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിൽ കാനം പുഴയുടെ സമീപപ്രദേശവും ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കായി അമൃതിൽ സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പ്രധാന സ്രോതസ്സായ കരമനയാറിലെ അരുവിക്കര റിസർവോയർ ഭാഗത്ത് ചുറ്റുവേലിയും മുന്നറിയിപ്പ് ബോർഡുകളും സി.സി.റ്റി.വി. ക്യാമറയും സ്ഥാപിച്ച് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരേ നിയമനടപടി സ്വീകരിക്കുന്നുണ്ട്. സ്രോതസ്സുകളിൽ ഇൻടേക്കിന് സമീപം മാലിന്യം

ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി അവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഡാമുകൾ, ചെക്ക് ഡാമുകൾ, ജലവിതരണ കനാലുകൾ, കുളങ്ങൾ തുടങ്ങിയവയാണ് ജലസേചന വകുപ്പിനുകീഴിൽ പരിപാലിച്ചുവരുന്ന കൂടിവെള്ള സ്രോതസ്സുകൾ. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു (upstream) നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന

സമയങ്ങളിൽ തുറന്നുവിടുന്നതുവഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിച്ചുവരുന്നു. ഇതിനുപുറമേ ഓരുവെള്ളക്കയറ്റംമൂലം ജലഗുണനിലവാരം താഴ്ന്നുപോകാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു.

മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് തുറന്നുവിട്ട് ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറന്തള്ളുന്നത് തടയുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം കാണപ്പെടുന്ന അവസരത്തിൽ അവ നിക്ഷേപിക്കുന്നതിനെതിരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പോലീസ് സ്റ്റേഷനുകളിലും ജലസേചന വകുപ്പുദ്യോഗസ്ഥർ പരാതി സമർപ്പിക്കാറുണ്ട്. ഇവയിൽ

പോലീസുദ്യോഗസ്ഥർ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവിധ ഭാഗങ്ങളിൽനിന്നും ശേഖരിച്ച ജലസാമ്പിളുകളിൽ കോളിഫോം ബാക്ടീരിയയുടെ കൂടിയ അളവിലുള്ള സാന്നിദ്ധ്യം കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല അതോറിറ്റിയുടെ കീഴിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം കൂടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽനിന്നും ജല ശുദ്ധീകരണ ശാലകളിൽനിന്നും പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അനുവദനീയമായ പരിധിക്കപ്പുറം വരികയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. ഇകോളി ബാക്ടീരിയയുടെ സാന്നിധ്യം

ഇല്ലാതാക്കുന്നതിനായി ജലശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ച് ജലം ക്ലോറിനേഷനിലൂടെ ഡിസ്ഇൻഫെക്ഷൻ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് വാട്ടർ അതോറിറ്റി ജല വിതരണം ചെയ്യാറുള്ളത്.

ഇറിഗേഷൻ വകുപ്പിൻ കീഴിൽ, പുഴകളിൽ സ്ഥാപിച്ചിട്ടുള്ള ഹൈഡ്രോളജിക്കൽ സ്റ്റേഷനുകളിൽ 2 മാസത്തിലൊരിക്കൽ വെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റ് ചെയ്യുവരുന്നതാണ്.

(സി) സമീപ പട്ടണങ്ങളിൽ നിന്നുള്ള മലിനജലം നദികളിലും ജലാശയങ്ങളിലും ഒഴുകിച്ചേരുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സമീപ പട്ടണങ്ങളിൽ നിന്നുള്ള മലിനജലം നദികളിലും ജലാശയങ്ങളിലും ഒഴുകിച്ചേരുന്നതുമൂലമുണ്ടാകുന്ന മലിനീകരണം തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം പുഴകളുടെ പുനരുജ്ജീവനത്തിനായി ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനായും മലിനീകരണ

നിയന്ത്രണ ബോർഡ് ജില്ലാതല എൺവയോൺമെന്റ് എഞ്ചിനീയർ, കൺവീനറായും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അംഗങ്ങളായും പുഴകളിലെ മലിനീകരണ നിയന്ത്രണത്തിനായി ജില്ലാതല സാങ്കേതിക സമിതി അത്തരം പ്രവൃത്തികൾ മോണിറ്റർ ചെയ്യുവരികയും ചെയ്യുന്നുണ്ട്. പുഴകളുടെ പുനരുജ്ജീവനത്തിനുവേണ്ടി ഹരിതകേരളം, പ്ലാൻ, ബജറ്റ്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കിവരുന്നു. കൂടാതെ 'Room for River'-ന്റെ ഭാഗമായും ജില്ലാ പഞ്ചായത്തിന്റെ Deposit Fund ഉപയോഗിച്ചും പുഴയിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുള്ള പ്രവൃത്തി മുഖാന്തരം നടപ്പാക്കിവരുന്നു. ഒപ്പം മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നദികളുടെയും അവയുടെ കൈവഴികളുടെയും ശുചിയാക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്. ഒപ്പം മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നദികളുടെയും അവയുടെ കൈവഴികളുടെയും ശുചിയാക്കൽ ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്.

(ഡി) പട്ടണ പ്രദേശങ്ങളിലെ അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിനും അതിലെ ജലം സംസ്കരിച്ച് മാലിന്യത്തോത് കുറയ്ക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി ജലവിഭവ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ പട്ടണ പ്രദേശങ്ങളിൽ അഴുക്കുചാലുകൾ മാലിന്യമുക്തമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഓപ്പറേഷൻ ബ്രേക്ക് ത്രൂ പോലുള്ള ജില്ലാ ഭരണകൂടം നടപ്പാക്കുന്ന പദ്ധതികൾവഴി നഗരത്തിലെ ഡ്രെയിനേജ് ചാലുകൾ നവീകരിക്കാറുണ്ട്. അതുവഴി ടി ചാനലുകളിലൂടെ ഒഴുകുന്ന ജലത്തിന്റെ മാലിന്യത്തോത് കുറയ്ക്കാനും അതോടൊപ്പം മലിനജലം പൊതുചാലുകളിലേയ്ക്ക് നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുവാനും ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

ഓഷ്യനേറിയം പദ്ധതി

24 (*234) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓഷ്യനേറിയം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പുതുവൈപ്പിനിൽ ഓഷ്യനേറിയം & മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് 15-12-2007-ലെ സ.ഉ (കൈ) നം. 441/07/റവ പ്രകാരം 50 ഏക്കർ സ്ഥലം മത്സ്യബന്ധന വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകിയിരുന്നു. പദ്ധതിയുടെ ഡി.പി.ആർ-ഉം ടെക്നോ-കൊമേഴ്സ്യൽ ഫീസിബിലിറ്റി റിപ്പോർട്ടും തയ്യാറാക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC)-നെ ബിഡ് മാനേജരായി ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ Mahindra Consultancy-യും Jacque Rougerie Architect, France-ഉം സംയുക്തമായി 350 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ഫിഷറീസ് വകുപ്പിന് സമർപ്പിച്ചിരുന്നു. പാരിസ്ഥിതിക നടപടികൾ പാലിക്കുന്നതിന്റെയും പൊതുസ്വകാര്യ

പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിന്റെയും സാധ്യതകൾ പരിഗണിച്ചിരുന്നു. പുതുവൈപ്പിൻ പദ്ധതി ആരംഭിക്കുന്നതിന് വരുന്ന ചെലവും ലഭിക്കാവുന്ന വരുമാനവും സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു.

പ്രസ്തുത പദ്ധതി "ഇന്റഗ്രേറ്റഡ് അക്വാപാർക്ക്" എന്ന ഘടനയിൽ നടപ്പാക്കുന്നതിനായി 08-01-2021-ലെ സ.ഉ. (സാധാ)നം 9/2021/മത്സ്യ പ്രകാരം കേരള തീരദേശ വികസന കോർപ്പറേഷൻ (KSCADC) മാനേജിംഗ് ഡയറക്ടർ ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് വിവിധ സാങ്കേതിക വിഷയങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിക്കുന്നതിനായി "ടെക്നോ കൊമേഴ്സ്യൽ & എൺവയോൺമെന്റൽ ഫീസിബിലിറ്റി സ്റ്റഡി" നടത്തേണ്ടത് അനിവാര്യമാണ്.

(ബി) ഓഷ്യനേറിയം പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മാത്രമുള്ള നോഡൽ ഏജൻസിയായി 11-11-2019-ലെ സ.ഉ (സാധാ) നം. 841/2019/മത്സ്യ നമ്പർ

പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) -നെ നിയമിച്ചിട്ടുണ്ട്.

(സി) പദ്ധതി സംബന്ധിച്ച് നാളിതുവരെ നടത്തിയ അടിസ്ഥാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; പദ്ധതിയുടെ നടത്തിപ്പിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പുതുവൈപ്പ് വില്ലേജിൽ ഓഷ്യനേറിയം ആൻഡ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കാൻ 15-12-2007-ലെ സ.ഉ. (സാധാ) നം.441/07/ആർ.ഡി. പ്രകാരം പുതുവൈപ്പിനിൽ 50 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്തു.

ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് 2008 വർഷത്തിൽ 350 കോടി രൂപ ചെലവാണ് കണക്കാക്കിയിരുന്നത്. അതേപടി പദ്ധതി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1,000 കോടി രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്നു.

അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം കണ്ടൽക്കാട് നിറഞ്ഞ പ്രദേശമായതിനാൽ പാരിസ്ഥിതിക അനുമതി ആവശ്യമാണ്. ഇതിനായി ഹൈദരാബാദ് കേന്ദ്രമായുള്ള വിഷ്വൽ ലാബ് മുഖാന്തരം പഠനം നടത്തിയതിൽ തത്തുല്യമായ സ്ഥലത്ത് പരിഹാര വനവൽക്കരണം നടത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇപ്രകാരം കോമ്പൻസേറ്ററി വനവൽക്കരണം നടത്തുന്നതിന് സ്ഥലം കണ്ടെത്തിയെങ്കിലും വസ്തു സംബന്ധമായ കേസ് നിലനിന്നിരുന്നതിനാൽ തുടർനടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. പദ്ധതിക്ക് മേൽ പ്രസ്താവിച്ച വസ്തുതകൾ ഉൾപ്പെടുത്തി 11-12-2013-ൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് അനുമതിയും 2014-ൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതിയും ലഭിച്ചു. കൂടാതെ പദ്ധതി നടപ്പാക്കുന്നതിന് തീരദേശ നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകളും ലഭ്യമാക്കേണ്ടിവരും. തീരദേശ നിയന്ത്രണങ്ങളിൽ നിന്നുള്ള ഇളവിന് വിശദമായ പദ്ധതി രൂപരേഖ (DPR) സഹിതമാണ് അപേക്ഷിക്കേണ്ടത്. DPR തയ്യാറാക്കുന്നതിന്

ഏകദേശം രണ്ട് കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ടി തുകയും കണ്ടെത്തേണ്ടതുണ്ട്.

ഈ പദ്ധതി പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (PPP) വ്യവസ്ഥയിൽ നടപ്പാക്കുന്നതിനാണ് 21-08-2009-ലെ സ.ഉ (കൈ)നം. 57/2009/മത്സ്യ പ്രകാരം വിഭാവനം ചെയ്തിരുന്നത്. 15-12-2010-ൽ ലഭിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മേൽ ഉത്തരവിനും വിധേയമായി 21-03-2011-ൽ കമ്പനിയായി രജിസ്റ്റർ ചെയ്തു.

കമ്പനിയുടെ ആദ്യ യോഗം ഫിഷറീസ് വകുപ്പ് സെക്രട്ടറി ചെയർമാനായി 25-03-2011-ൽ കൂടുകയുണ്ടായി. നിർദ്ദിഷ്ട കമ്പനിയുടെ യോഗത്തിൽ പദ്ധതി നിർദ്ദേശം സമഗ്രമായി അപഗ്രഥിക്കുകയും പൂർണ്ണമായും സ്വകാര്യ പങ്കാളിത്തത്തോടെ ആക്കുന്നതിനെ പറ്റിയും (BoT മാതൃകയിൽ) പദ്ധതി പൂർത്തീകരിക്കുമ്പോൾ ഓഷ്യനേറിയം പ്രവർത്തിക്കുന്നതിനായി വേണ്ടിവരുന്ന ചെലവ്, ലഭിക്കാവുന്ന വരുമാനം എന്നിവയെപറ്റി ചർച്ച നടത്തുകയും വരവുചെലവ് സംബന്ധിച്ച് വ്യക്തമായ വിദഗ്ധ

അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതി നടപ്പാക്കാനും ആലോചിച്ചിരുന്നു.

മേൽ പ്രസ്താവിച്ച വിവിധ കാരണങ്ങളാൽ പദ്ധതി നടത്തിപ്പ് ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല.

(ഡി) പദ്ധതിയുടെ നടത്തിപ്പിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നിലവിൽ തീരുമാനിച്ചിട്ടില്ല.

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പദ്ധതി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിക്കുന്നതിനായി "ടെക്നോ കൊമേഴ്സ്യൽ & എൻവയോൺമെന്റൽ ഫീസിബിലിറ്റി സ്റ്റഡി" നടത്തുന്നതിന് തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അലങ്കാര മത്സ്യ കൃഷി പ്രോത്സാഹനം

25 (*235) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2021-22, 2022-23 & 2023-24 സാമ്പത്തിക വർഷങ്ങളിലായി താഴെപ്പറയുന്ന മത്സ്യക്കൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റുകൾ.

2. ചെറുകിട അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റുകൾ.

3. സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റുകൾ.

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 'കാവിൽ' മുഖേന "അലങ്കാര മത്സ്യകൃഷി വികസനം"

പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും 70 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം അലങ്കാര മത്സ്യകൃഷി വികസനം രണ്ടാംഘട്ടം പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ നെയ്യാർ ഡാമിൽ പ്രവർത്തിക്കുന്ന ഹാച്ചറി സമുച്ചയത്തിൽ അലങ്കാര മത്സ്യ യൂണിറ്റുകളുടെ പ്രവർത്തനം 2018-ൽ ആരംഭിച്ചു. ഇവിടെ ഗപ്പി, മോളി, പ്ലാറ്റി, ഗൗരാമി, ഓസ്കർ, ടെട്ര, കോയി കാർപ്പ്, ഗോൾഡ് ഫിഷ്, ഫൈറ്റർ മുതലായ അലങ്കാര മത്സ്യങ്ങൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. മുൻ സാമ്പത്തികവർഷം 6.8 ലക്ഷം മത്സ്യങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം 8.47 ലക്ഷം മത്സ്യങ്ങളെ ഉൽപ്പാദിപ്പിച്ചു.

(ബി) അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിന് സഹായകമായ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പിന്റെ നെയ്യാർ ഡാം ഹാച്ചറിയിൽ അലങ്കാര മത്സ്യോല്പാദനത്തിനും പരിപാലനത്തിനുമായി അലങ്കാര മത്സ്യ യൂണിറ്റ്

പ്രവർത്തിക്കുന്നു. അലങ്കാര മത്സ്യ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി 'കാവിൽ' മുഖേന കേരളത്തിലെ അലങ്കാര മത്സ്യകർഷകരിൽനിന്നും ഗുണമേന്മയുള്ള മത്സ്യങ്ങൾ ശേഖരിച്ച് രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്തി സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്തുവരുന്നു. ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷനുള്ള എല്ലാ കർഷകരിൽനിന്നും വിപണിയിലെ ആവശ്യകത അനുസരിച്ച് അലങ്കാര മത്സ്യങ്ങൾ വാങ്ങി കണ്ടീഷനിംഗ് ചെയ്ത് വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കുകയും എല്ലാ തിങ്കളാഴ്ചകളിലും അലങ്കാരമത്സ്യ വിപണന മേള (ബയർ സെല്ലർ മീറ്റ്) സംഘടിപ്പിച്ചുവരികയും ചെയ്യുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അലങ്കാര മത്സ്യ കർഷകർ ഉൽപാദിപ്പിക്കുന്ന അലങ്കാരമത്സ്യങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ആദ്യപടിയായി ഒരു സംസ്ഥാനതല ശില്പശാല 12-02-2024-ന് സംഘടിപ്പിക്കുന്നുണ്ട്.

(സി) അലങ്കാര മത്സ്യങ്ങളുടെ ആഭ്യന്തര വിപണി പ്രയോജനപ്പെടുത്തുവാൻ മുൻകാലങ്ങളിൽ നടത്തിയതുപോലെ അക്വാ ഷോകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

അലങ്കാര മത്സ്യങ്ങളുടെ വിപണി പ്രയോജനപ്പെടുത്തുന്നതിനായി 2022-23-ൽ കാവിൽ മുഖേന അലങ്കാര മത്സ്യങ്ങളുടെ അക്വാഷോ സംഘടിപ്പിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തതമൂലം അക്വാഷോ നടത്തുന്നതിന് സാധിച്ചിട്ടില്ല.

ടൈബൽ പാരാമെഡിക്സ് ട്രെയിനി സ്കീം

26 (*236) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക ഗോത്രവർഗ്ഗങ്ങളിലെ ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വകുപ്പ് പ്രത്യേക പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തിട്ടുള്ള സഹായങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണസഹായി ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും ബോധവൽക്കരണം നൽകുന്നതിനുമായി കാറ്റാടി (Kerala Accelerated Tribal Ability Development & Inclusion Initiative) എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

നിലവിൽ ടി പദ്ധതി പ്രകാരം ആകെ 57 പേർക്ക് സഹായോപകരണങ്ങൾ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

ക്രമ നം.	ജില്ല	സഹായക ഉപകരണം വിതരണം ചെയ്തവരുടെ എണ്ണം
1	വയനാട്	44
2	കോഴിക്കോട്	12
3	ഇടുക്കി	1
ആകെ		**57**

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ടൈബൽ പാരാമെഡിക്സ് ടെയിനി സ്കീം നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള ഗോത്രഭാഷകൾ അറിയുന്ന നഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ടൈബൽ പാരാമെഡിക്സ് ടെയിനി സ്കീം. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വിദ്യാവാഹിനി പദ്ധതി

27 (*237) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരുന്ന വിദ്യാവാഹിനി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കാനുണ്ടായ കാരണം വിശദമാക്കാമോ?

ദുർഘടപ്രദേശത്ത് താമസിക്കുന്നതും യാത്രാസൗകര്യക്കുറവ് നേരിടുന്നതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്വന്തം ഊരുകളിൽനിന്ന് സ്കൂളിൽ കൊണ്ടുപോകുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനുമായി 2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "ഗോത്രസാരഥി". 2020-21 വർഷം മുതൽ ഗോത്രസാരഥി പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ TSP ഫണ്ടുംകൂടി ഉപയോഗിച്ച് തയ്യാറാക്കുന്നതിന് 01-04-2020-ലെ സ.ഉ (സാധാ) നം. 725/2020/ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 2022-23 വർഷം ഭീമമായ തുകയാണ് (പ്രതിമാസം ഏകദേശം 2.86 കോടി രൂപ) ഗോത്രസാരഥി പദ്ധതി

നടപ്പിലാക്കുന്നതിന് ആവശ്യമായിരുന്നത്. പഞ്ചായത്തുകളുടെ TSP വിഹിതം പൂർണ്ണമായോ/ഭൂരിഭാഗമോ ഈ പദ്ധതിക്കായി നീക്കിവയ്ക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കാതെ വരികയും ഫണ്ടിന്റെ അപര്യാപ്തതയും പദ്ധതി നടപ്പിലാക്കുന്നതിലെ ആശയക്കുഴപ്പവുംമൂലം പല പഞ്ചായത്തുകൾക്കും പദ്ധതി ഏറ്റെടുക്കാനോ തുക വകയിരുത്താനോ സാധിക്കാതെവന്നു. ഈ സാഹചര്യത്തിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിരവധി പരാതികൾ 2022-23 അദ്ധ്യയനവർഷാരംഭത്തിൽത്തന്നെ ലഭിക്കുകയുണ്ടായി. പദ്ധതി മുടക്കം വരുത്താതെ നടപ്പിലാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനുമായി വിവിധ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് 2022 ജൂൺ, ജൂലൈ മാസങ്ങളിൽ പദ്ധതി നടത്തിപ്പിനുള്ള തുക വകുപ്പിൽനിന്നും അനുവദിച്ചിരുന്നു. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതി

നടത്തിപ്പിന് വകയിരുത്തിയ തുകയ്ക്ക് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 11.6414 കോടി രൂപ കൂടി അധികമായി അനുവദിച്ചിരുന്നു.

പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ച്, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയിവരാൻ വാഹനസൗകര്യം ലഭ്യമാക്കുന്നതിന് മുൻവർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി "വിദ്യാവാഹിനി" എന്ന് പുനർനാമകരണം ചെയ്ത് 2023-24 അദ്ധ്യയനവർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്നതിന് 30-03-2023-ലെ സ.ഉ(സാധാ)നം.415/2023/ SCSTDD പ്രകാരം ഉത്തരവായിരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥയും കൊഴിഞ്ഞുപോക്കും തടയുന്നതിനും പഞ്ചായത്ത് ഏറ്റെടുത്തപ്പോഴുണ്ടായ ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും സ്കൂളിലെത്തിക്കുന്നതിനും പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നത് ഗുണകരമാകും എന്നതിനാലാണ് ഗോത്രസാരഥി പദ്ധതിയുടെ

മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി 'വിദ്യാവാഹിനി' എന്ന് പുനർനാമകരണം ചെയ്ത് പട്ടികവർഗ്ഗ വികസന വകുപ്പുതന്നെ ഏറ്റെടുത്ത് നടപ്പാക്കാൻ തീരുമാനിച്ചത്. പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർ/വാഹന ഉടമകൾ എന്നിവർക്കുകൂടി പ്രയോജനം ലഭിക്കുന്ന തരത്തിലാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

28 (*238) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയൊക്കെ പൂർത്തിയാക്കിയെന്ന് അറിയിക്കാമോ?

കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നാണ്യവിളകളുടെ പ്രോത്സാഹനത്തിനും ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ വളരെയധികം ഊന്നൽ നൽകുന്ന പദ്ധതിയാണ് കെ. എം. മാണി കമ്മ്യൂണിറ്റി ഊർജ്ജിത മൈക്രോ ഇറിഗേഷൻ പദ്ധതി. 2021-22 ബജറ്റിലാണ് കെ. എം. മാണി ഊർജ്ജിത മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിച്ചത്. ജലസേചന വകുപ്പും ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) മുഖേനയും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പാലക്കാട് ജില്ലയിലെ കരടിപ്പാറ പ്രദേശത്ത് സംസ്ഥാന ഫണ്ടുപയോഗിച്ചും പാലക്കാട് ജില്ലയിലെ മൂങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി എന്നീ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അത്തിച്ചാൽ- മുണ്ടൻകൊല്ലി പ്രദേശത്തും റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

ധനസഹായത്തോടെ ₹27.62 കോടി രൂപയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം 1292 ഏക്കർ പ്രദേശത്ത് സൂക്ഷ്മ ജലസേചനം ഉറപ്പാക്കുന്നു. ഏകദേശം 502 കർഷകരാണ് ഇതിന്റെ ഗുണഭോക്താക്കൾ.

ഇതുകൂടാതെ സംസ്ഥാനത്ത് കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ച ഇടുക്കി ജില്ലയിലെ കാമാക്ഷി (₹3.23 കോടി രൂപ), വണ്ടന്മേട് (₹3.10 കോടി രൂപ), കോഴിക്കോട് ജില്ലയിലെ മുക്കം–കാഞ്ഞിരമുഴി (₹5.08 കോടി രൂപ), തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി രൂപ), എറണാകുളം ജില്ലയിലെ തിരുമാറാടി (₹5.27 കോടി രൂപ), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി രൂപ) തുടങ്ങിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പദ്ധതിപ്രവൃത്തികൾ നടന്നുവരികയാണ്. പ്രസ്തുത പദ്ധതികളിലൂടെ

ഏകദേശം 602.28 ഏക്കർ പ്രദേശത്ത് സൂക്ഷ്മ ജലസേചനം ഉറപ്പാക്കി, ഏകദേശം 316 കർഷകർക്ക് പ്രയോജനം ലഭിക്കും.

(ബി) പ്രസ്തുത പദ്ധതിക്കായി കാർഷിക വിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

നിലവിൽ പ്രാരംഭ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. സംസ്ഥാന വ്യാപകമായി കെ. എം. മാണി കമ്മ്യൂണിറ്റി ഊർജ്ജിത മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനുള്ള പോളിസി രൂപീകരിക്കുന്നതിന്റെ ഭാഗമായി കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് കാർഷിക വിളകളുടെ ഇനം തിരിച്ചു ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതാണ്.

(സി) സമ്പൂർണ്ണ യന്ത്രവൽക്കൃത മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സമ്പൂർണ്ണ യന്ത്രവൽക്കൃത പദ്ധതിയായാണ് കേരളത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ രൂപകൽപ്പനയും ഘടകങ്ങളും സൈറ്റുകൾക്ക് അനുസൃതമായി വ്യത്യസ്തമായിരിക്കും.

(ഡി) മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ കർമ്മപദ്ധതികളാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നത്?

മൈക്രോ ഇറിഗേഷൻ പദ്ധതികൾ കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെ മൈക്രോ ഇറിഗേഷൻ പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിന്റെ കരട് രൂപരേഖ അന്തിമഘട്ടത്തിലാണ്. ജലസേചനം, കാർഷികവികസന കർഷകക്ഷേമം, സഹകരണം, വൈദ്യുതി, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ സംയോജിതമായാണ് ഇത് പൂർത്തീകരിക്കുവാനുദ്ദേശിക്കുന്നത്.

കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നാണ്യവിളകൾ, ഹോർട്ടികൾച്ചർ എന്നിവയിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സംബന്ധിച്ചും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി ജലസേചനം, കാർഷിക വികസന കർഷകക്ഷേമം, ഊർജ്ജം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ 30-01-2024-ൽ യോഗം ചേർന്നു.

ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്ന രേഖ/ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണം, ഊർജ്ജം, തദ്ദേശസ്വയംഭരണം, കാർഷിക വികസന കർഷക ക്ഷേമം, മൃഗസംരക്ഷണം, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ മറ്റ് വകുപ്പുകളുമായി സഹകരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) പ്രൊഫഷണൽ യോഗ്യത നേടിയിട്ടുള്ള യുവസംരംഭകരുടെ സേവനം പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

മൈക്രോ ഇറിഗേഷൻ പോളിസിയുടെ കരട് രൂപരേഖയിൽ ഒരു സുപ്രധാന ഘടകമായി പൊതു-സ്വകാര്യ പങ്കാളിത്ത (PPP) സമീപനം പരിഗണിക്കുന്നുണ്ട്. ആയതിൽ യുവസംരംഭകരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ മാസ്റ്റർ ഡോക്യുമെന്റ് നിർമ്മിക്കുന്നതിലും പരിഗണനയ്ക്ക് വിധേയമാക്കുന്നുണ്ട്.

ജലവിഭവ വികസനത്തിനും മാനേജ്മെന്റിനും പദ്ധതികൾ

29 (*239) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. അൻവർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വികസനത്തിനും മാനേജ്മെന്റിനും പരിപാലനത്തിനും സഹായകരമാകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഇവയുടെ പാർശ്വഭിത്തി സംരക്ഷിക്കുന്നതിനും കുളങ്ങൾ, കിണറുകൾ, തടയണകൾ എന്നിവയുടെ നിർമ്മാണത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ ആസൂത്രണവും മാനേജ്മെന്റും കൂടുതൽ ശാസ്ത്രീയവും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ നദികളുടെ സമഗ്രവും സുസ്ഥിരവുമായ പരിപാലനം, ജലഗുണ

നിലവാരം ഉറപ്പാക്കൽ, ജല ഉപയോഗ നിയന്ത്രണം എന്നീ ലക്ഷ്യങ്ങളോടെ, സമഗ്ര ജലവിഭവ മാനേജ്മെന്റിന്റെ (IWRM) അടിസ്ഥാനത്തിൽ "കേരള നദീതട സംരക്ഷണ-മാനേജ്മെന്റ് അതോറിറ്റി" (RBCMA Bill 2023) രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ജലവിഭവ മാനേജ്മെന്റ്, ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 'നീരുറവ്' മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും 94 ഗ്രാമ പഞ്ചായത്തുകളുടെയും ജല ബഡ്ജറ്റിംഗ് (ഒരു നദീതടത്തിലോ/നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന ജലവും ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതി II-ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ജല ബഡ്ജറ്റിംഗ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജലക്കമ്മി മനസ്സിലാക്കി അതനുസരിച്ച "നീരുറവ്" മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച-വെള്ളപ്പൊക്കം എന്നിവ

നേരിടുന്നതിനും കൃഷി-ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പാതകൾ ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ ജലസംരക്ഷണത്തിനും ജലസംഭരണത്തിനുമായി പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ്യ നിർമ്മിതികളിലൂടെ ജലം സംഭരിക്കുന്നതുവഴി ജലസംരക്ഷണവും സാധ്യമാകുന്നു. ഇതിനോടൊപ്പം ജലസേചന നിർമ്മിതികളായ ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. വെള്ളപ്പൊക്ക നിയന്ത്രണം (FC), വെള്ളപ്പൊക്ക കെടുതി (FD), മൈനർ ഇറിഗേഷൻ ക്ലാസ് II, മൈനർ ഇറിഗേഷൻ ക്ലാസ്സ് I, Renovation of Tanks and Ponds മുതലായ സ്കീമുകളിൽ ഉൾപ്പെടുത്തി നദീതീരങ്ങൾ, തോടുകൾ, കുളങ്ങൾ, ചെറു നീർച്ചാലുകളുടെ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ

നടപ്പിലാക്കിവരുന്നു. വർഷകാലാരംഭത്തിന് മുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും ചപ്പുചവറുകളും മാലിന്യങ്ങളും മണ്ണും നീക്കി ഒഴുക്ക് സുഗമമാക്കി, അതിലൂടെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

പ്രോജക്ട് 2 ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പ്ലാൻ പദ്ധതി, നബാർഡ്, ബജറ്റ് സ്പീച്ച് എന്നിവയിലുൾപ്പെടുത്തി ജലവിഭവ വികസനത്തിനും മാനേജ്മെന്റിനും പരിപാലനത്തിനും സഹായകരമാകുന്ന വിവിധ പദ്ധതികൾ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന നടപ്പിലാക്കിവരുന്നു. പ്രസ്തുത കാര്യാലയത്തിന്റെ കീഴിൽ 2021 മുതൽ നാളിതുവരെയായി ബജറ്റ് വിഹിതമായി ലഭിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശുദ്ധജലത്തിന്റെ ആവശ്യകതയ്ക്കായി ജലം ശുദ്ധീകരിക്കുന്നതിനും ആയത് വിതരണം ചെയ്യുന്നതിനും കേരള വാട്ടർ അതോറിറ്റി സ്രോതസ്സായി കണ്ടുവരുന്ന പുഴകളിലെ ജലം സംരക്ഷിച്ചുനിർത്തി വേനൽക്കാലത്തും ജലലഭ്യത ഉറപ്പാക്കുന്നതിന് പുഴകൾക്ക് കുറുകെ സ്ഥിരം തടയണകൾ ജലവിതരണ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

ഭൂജല വിഭവ വികസനത്തിനായി ഭൂജലത്തിന്റെ അന്വേഷണവും വികസനവും പദ്ധതി, ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി, ഭൂജലത്തിന്റെ മാനേജ്മെന്റിനും പരിപാലനത്തിനുമായി ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതി, ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതി തുടങ്ങിയ തുടർ പദ്ധതികൾ (continuing schemes) ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. തുറന്ന കിണർ, കുഴൽക്കിണർ, റീച്ചാർജ് പിറ്റ് വഴിയുള്ള റീച്ചാർജ് പദ്ധതികൾ, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം എന്നിവ ഭൂജല സംരക്ഷണവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംപോഷണവും എന്ന പ്ലാൻ പദ്ധതിയിൽ നടപ്പിലാക്കുന്നു. കൂടാതെ ഗാർഹിക/കാർഷിക/സർക്കാർ/ ചെറുകിട കുടിവെള്ള പദ്ധതികൾ/മറ്റാവശ്യങ്ങൾക്കും ഭൂജലവകുപ്പു മുഖേന കുഴൽ കിണറുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് ജലവിഭവ സംരക്ഷണത്തിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലം, ബ്ലോക്കുതലം, ജില്ലാതലം എന്നിവിടങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകളും പൂർത്തിയാക്കി. ഇവയിലുൾപ്പെട്ട പ്രവൃത്തികൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ മുൻഗണനാക്രമത്തിൽ നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ മാതൃകാ ബ്ലോക്കുകളിൽ ജലബജറ്റ്

നടപ്പിലാക്കുന്നതിലൂടെ ഒരു പ്രദേശത്ത് ഒരു ചെറിയ കാലയളവിൽ ലഭ്യമായ ജലത്തിന്റെയും ആ പ്രദേശത്തെ ആ കാലയളവിലെ ആകെ ജല ആവശ്യവും താരതമ്യം ചെയ്ത് ഓരോ കാലയളവിലും ജലക്കമ്മിയാണോ ജലമിച്ചമാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുന്നു. അതിലൂടെ ജലക്കമ്മി അനുഭവപ്പെടുന്ന കാലയളവിൽ അധികജല ലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്താനാകും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആദ്യഘട്ടമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലും ആ ബ്ലോക്കുപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന 94 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 260 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ജലബജറ്റ് തയ്യാറാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജലലഭ്യത ഉറപ്പാക്കാനുതകുന്ന തരത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി നിർവ്വഹണത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ എന്നിവ മുഖേന

അടഞ്ഞുപോയ നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന്റെ ഭാഗമായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഐ.ടി. മിഷന്റെ സഹകരണത്തോടെ ഈ പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം പൂർത്തീകരണഘട്ടത്തിലാണ്. മാപ്പിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 280 കി.മീ. നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറു നീർത്തടങ്ങളെ ആസ്പദമാക്കി 'നീരുറവ്' എന്ന പേരിൽ ജലസംരക്ഷണത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും

നടപ്പിലാക്കിവരുന്നു. 2017-18-ൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകൾകൂടി പരിഗണിച്ചുകൊണ്ടാണ് "നീരുറവ്" ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതിയുടെ ഭാഗമായി മാപ്പിംഗ് നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയ പഞ്ചായത്തുകളിലും ഇവയിലൂടെ കണ്ടെത്തിയ പ്രവൃത്തികൾക്ക് 'നീരുറവ്' പദ്ധതിയിൽ മുൻഗണന നൽകി നിർവ്വഹിക്കുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 28049 കിലോമീറ്റർ തോടുകളും 2927 കുളങ്ങളും നാളിതുവരെ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 4547 കുളങ്ങൾ നിർമ്മിക്കുകയും 7928 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 15599 കിണറുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. തോട് പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം 51201 താൽക്കാലിക തടയണകളും 477 സ്ഥിരം തടയണകളും നിർമ്മിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കുന്ന തോടുകളുടെ പാർശ്വ

സംരക്ഷണം കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

ജലമേഖലയെക്കുറിച്ച് പല ഏജൻസികളിൽ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഒരു കേന്ദ്രീകൃത സംവിധാനത്തിൽ കൊണ്ടുവരുന്നതിനായി റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ ഐ.ഡി.ആർ.ബി., ഹൈഡ്രോളജി ഡിവിഷൻ KWRIS (Kerala Water Resources Information System) വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിൽ ഉൾപ്പെടുന്ന നൂതന പദ്ധതിയാണ് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ പൂർത്തിയായിവരുന്ന പെരിയാർ, ചാലക്കുടി നദീതടങ്ങളുടെ വെള്ളപ്പൊക്ക പ്രളയ മുന്നറിയിപ്പ് സംവിധാനം. കൂടാതെ റീബിൽഡ് കേരള ഇൻഷ്യേറ്റീവിനു കീഴിൽ റീബിൽഡ് കേരള പ്രോഗ്രാം ഫോർ റിസൾട്ട്സിൽ ഉൾപ്പെടുത്തി 'പമ്പ ഫ്ലഡ് ഫോർ കാസ്റ്റിംഗ് ആൻഡ് ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻസ് സിസ്റ്റം' എന്ന പേരിൽ വികസിപ്പിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലസംരക്ഷണത്തിനായി 'ജലനിധി' കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭ്രമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭ്രമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെ അളവ് നിശ്ചിത വിതരണ അളവിനേക്കാൾ കണ്ടുവരുന്ന സ്രോതസ്സുകൾക്ക് അഡീഷണൽ സ്രോതസ്സുകൾ നിർമ്മിച്ച് വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുവാൻ അയൺ റിമൂവൽ പ്ലാന്റ് (IRP), ഫിൽട്ടർ പ്ലാന്റുകൾ, പ്രഷർ ഫിൽറ്റർ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. 'മഴവെള്ള സംഭരണം, ഭ്രജല പരിപോഷണം' പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 കാലയളവിൽ പുളിങ്കുന്ന്, കാമാക്ഷി, ഇരട്ടയാർ, മരിയാപുരം, തൃക്കോവിൽവട്ടം, വാഴൂർ, കോരുത്തോട് എന്നീ ഗ്രാമപഞ്ചായത്തുകളിലായി ആകെ 1317 മഴവെള്ള സംഭരണികളും ഉടുമ്പന്നൂർ, വെള്ളിയാമറ്റം എന്നീ ഗ്രാമപഞ്ചായത്തുകളിൽ 60 വ്യക്തിഗത കുടുംബങ്ങളുടെ 'തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന

പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ ഇടുക്കി ജില്ലയിൽ കഞ്ഞിക്കുഴി, കൊന്നത്തടി, നെടുങ്കണ്ടം, വെള്ളിയാമറ്റം, വെള്ളത്തൂവൽ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 123 വ്യക്തിഗത കുടുംബങ്ങൾക്കും മഴവെള്ള സംഭരണികളും കോട്ടയം ജില്ലയിൽ ഭരണങ്ങാനം, പാറത്തോട്, തീക്കോയി, തലപ്പലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ 85 വ്യക്തിഗത കുടുംബങ്ങൾക്കും പാലക്കാട് ജില്ലയിൽ പിരായിരി, ഒറ്റപ്പാലം എന്നീ ഗ്രാമപഞ്ചായത്തുകളിലായി 78 വ്യക്തിഗത കുടുംബങ്ങൾക്കും മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന്, ഊർങ്ങാട്ടിരി, തണലൂർ, വെട്ടം എന്നീ ഗ്രാമപഞ്ചായത്തുകളിലായി 155 വ്യക്തിഗത കുടുംബങ്ങൾക്കും കണ്ണൂർ ജില്ലയിൽ ഉളിക്കൽ, ചെറുപുഴ, ആറളം എന്നീ ഗ്രാമപഞ്ചായത്തുകളിലായി 280 വ്യക്തിഗത കുടുംബങ്ങൾക്കും ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ 1 സർക്കാർ സ്ഥാപനത്തിനും തൃശ്ശൂർ ജില്ലയിൽ എളവള്ളി, വെള്ളാങ്കല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2 സർക്കാർ സ്ഥാപനങ്ങൾക്കും മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ബി) സൂക്ഷ്മ ജലസേചനം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ; ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സൂക്ഷ്മ ജലസേചനം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് വിവിധ പഠനങ്ങളിലൂടെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇതോടൊപ്പം ജലത്തിന്റെയും വളങ്ങളുടെയും ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗം മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിവരുന്നു. പാലക്കാട് ജില്ലയിലെ കരടിപ്പാറ പ്രദേശത്ത് സംസ്ഥാന ഫണ്ടുപയോഗിച്ചും പാലക്കാട് ജില്ലയിലെ മൂങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി എന്നീ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അത്തിച്ചാൽ- മുണ്ടൻകൊല്ലി പ്രദേശത്തും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായത്തോടെ ₹27.62 കോടി രൂപയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ

ഏകദേശം 1292 ഏക്കർ പ്രദേശത്ത് സൂക്ഷ്മ ജലസേചനം ഉറപ്പാക്കുന്നു. ഏകദേശം 502 കർഷകരാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇതുകൂടാതെ സംസ്ഥാനത്ത് കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ച ഇടുക്കി ജില്ലയിലെ കാമാക്ഷി, വണ്ടന്മേട്, കോഴിക്കോട് ജില്ലയിലെ മുക്കം–കാഞ്ഞിരമുഴി, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, എറണാകുളം ജില്ലയിലെ തിരുമാറാടി, പത്തനംതിട്ട ജില്ലയിലെ സീതത്തോട് തുടങ്ങിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾകൂടി കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കിവരുന്നു. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി “Micro irrigation schemes-NABARD RIDF Assistance 4702-00-101-61” എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപയും “MI Class-I Schemes under Haritha Keralam 4702-00-101-66-01” എന്ന ശീർഷകത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കാൻ 1,000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ മൈക്രോ ഇറിഗേഷൻ പദ്ധതികൾ കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെ മൈക്രോ ഇറിഗേഷൻ പോളിസി

രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിന്റെ കരട് രൂപരേഖ അന്തിമ ഘട്ടത്തിലാണ്.

ജലസേചനം, കാർഷിക വികസന കർഷകക്ഷേമം, ഊർജ്ജം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ഡ്രിപ്പ്/മൈക്രോ ഇറിഗേഷൻ/കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതി, നാണ്യവിളകൾ, ഹോർട്ടികൾച്ചർ എന്നിവയിലേയ്ക്ക് വ്യാപിപ്പിക്കുന്നത് തീരുമാനിക്കുന്നതിനായി ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്ന രേഖ/ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണം, ഊർജ്ജം, തദ്ദേശസ്വയംഭരണം, കാർഷിക വികസന കർഷക ക്ഷേമം, മൃഗസംരക്ഷണം, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ മറ്റ് വകുപ്പുകളുമായി സഹകരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിക്കാൻ നടപടി

30 (*240) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങളിൽപ്പെടുന്ന നിർദ്ധന കലാകാരന്മാരെ സംരക്ഷിക്കുന്നതിനും തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും കല ജീവനോപാധിയാക്കി മാറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അന്യംനിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിച്ച് അവയെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ &ബി) വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കലാകാരന്മാർക്ക് പ്രതിമാസം കലാകാര പെൻഷനായി 1,600/- രൂപ വീതം നൽകിവരുന്നുണ്ട്. രോഗശയ്യയിലായ കലാകാരന്മാർക്ക് അവരുടെ ചികിത്സാർത്ഥം സർക്കാർ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ അനുവദിച്ചുവരുന്നു.

കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക്‌ലോർ, അഭിനയകലകളിലായി 45-ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമെന്യേ സൗജന്യ സാമൂഹ്യകലാപരിശീലനം നൽകിവരുന്നു. ടി പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/- രൂപ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകിവരുന്നു. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ

(ബ്ലോക്കുപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) സ്ഥാപനങ്ങളിൽ നിന്നും 7,500/- രൂപയും നൽകിവരുന്നു.

നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന, രോഗംമൂലം അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ സഹായം നൽകുന്നതിനും രോഗത്തിന്റെ കാഠിന്യമനുസരിച്ച് പരമാവധി 25,000/- രൂപ വരെ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അതത് ഗ്രാമത്തിലെ കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാപരിപാടികൾ, അതത് ഗ്രാമത്തിലെ കലാകാരന്മാരെ ആദരിക്കൽ എന്നിവ ഓരോ ഗ്രാമത്തിലും 'ഗ്രാമസന്ധ്യ' എന്ന പരിപാടിയിലൂടെ ഫോക്‌ലോർ അക്കാദമി മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. അന്യംനിന്നുപോകുന്ന നാടൻ കലകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് നാടൻകല അഭ്യസിക്കുന്ന 10 വയസ്സു മുതൽ 17 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് സ്റ്റൈപ്പന്റ് നൽകിവരുന്നുണ്ട്. വിവിധ നാട്ടുകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാരുടെ പ്രശസ്തി ലക്ഷ്യംവച്ച് പ്രതിവർഷം പുരസ്കാരങ്ങൾ നൽകുന്നുണ്ട്. അക്കാദമിയുടെ സബ് സെന്ററുകളിൽ നാടൻ കലകളുടേയും

ഗോത്രകലകളുടേയും പരിശീലനവും നൽകിവരുന്നുണ്ട്. കേരളത്തിലെ സ്കൂൾതലത്തിലും കോളേജുതലത്തിലും അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് നാടൻ കലാ ക്ലബ്ബുകൾക്കും നാടൻ കലാ സെമിനാറും ശില്പകലാ ശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മഴമിഴി നവമാധ്യമ കലാ പരിപാടികൾ, സമം-ലിംഗ സമത്വത്തിനായി ഒരു സാംസ്കാരിക മുന്നേറ്റം, കലാകാരന്മാർക്കുള്ള അഭയകേന്ദ്രം/ഹോം സ്റ്റേ, ഫ്രീഡം മെമ്മോറിയൽ പാർക്ക്, സാംസ്കാരിക പൈതൃക ഗ്രാമം, നാട്ടരങ്ങ്, വിവിധ കലാകാരന്മാർക്കുള്ള ഫെല്ലോഷിപ്പുകൾ എന്നിവയടക്കമുള്ള പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നത്.

II. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാമനപുരം മണ്ഡലത്തിലെ സേഫ് പദ്ധതി

1 (2882) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേഫ് പദ്ധതി മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നാളിതുവരെ എത്ര വീടുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആദിവാസികൾക്ക് ഒരേക്കർ ഭൂമി

2 (2883) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഇതുവരെ 41549 പേർക്കായി 51108.93 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒരാൾക്ക് പോലും ഒരേക്കർ ഭൂമി നല്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

ഇല്ല. എന്നാൽ സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം.

(സി) പ്രസ്തുത വിഷയത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് പദ്ധതി

3 (2884) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ലൈഫ് പദ്ധതി പട്ടിക പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 75989 ഭൂരഹിത കുടുംബങ്ങളും 43389 ഭവനരഹിത

കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവനരഹിതരായ 6441 കുടുംബങ്ങളും ഭൂമിയുള്ള ഭവനരഹിതരായ 8380 കുടുംബങ്ങളുമുണ്ട്.

(ബി) ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട സ്ഥലവും വീടും ഇല്ലാത്ത ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ലൈഫ് മിഷൻ മുഖേന ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ, വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചുനൽകുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരാമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികളും റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനും വനാവകാശനിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുമുള്ള

നടപടികളും സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും അനുവദിക്കുന്നതിന് പര്യാപ്തമാണ്.

(സി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് സ്ഥലവും വീടും എന്നത്തേയ്ക്ക് അനുവദിച്ചുനൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് കാലതാമസം കൂടാതെ സ്ഥലവും വീടും അനുവദിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

അരുവിക്കര നിയോജകമണ്ഡലത്തിലെ "സേഫ്" പദ്ധതി

4 (2885) <u>ശ്രീ. ജി. സ്റ്റീഫൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം ഗ്രാമപഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) ഇതിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയത് എത്രയാണെന്ന വിവരം അറിയിക്കുമോ?

(എ&ബി) സേഫ് പദ്ധതി പ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽനിന്നും 2022-23 സാമ്പത്തിക വർഷത്തിൽ 50 പേരെയും 2023-24 സാമ്പത്തിക വർഷത്തിൽ 33 പേരെയും ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 15 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടുകൾ

5 (2886) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര എസ്.സി. കുടുംബങ്ങളുണ്ട്; എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ; ഭവനരഹിതരായ എസ്.സി. കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി ഗുണഭോക്താക്കളിൽ നിലവിൽ 75989 ഭൂരഹിത ഭവനരഹിത കുടുംബങ്ങളും 43389 ഭവനരഹിത കുടുംബങ്ങളുമുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയും ലൈഫ് ഭവന പദ്ധതി പ്രകാരം എസ്.സി. വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016 മുതൽ 31-01-2024 വരെ ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാരായ 73731 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 38289 പട്ടികജാതി കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2018-19 മുതൽ എസ്.സി. വകുപ്പ് ലൈഫ് മിഷന് ആകെ 989.3 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എസ്.സി. വകുപ്പ് എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്നും ഇവ ഏതൊക്കെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ പ്രകാരമെന്നും ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

2016 മുതൽ നാളിതുവരെ ഓരോ വർഷവും പട്ടികജാതി വികസന വകുപ്പിൽനിന്നും ലൈഫ് മിഷനിൽനിന്നും അനുവദിച്ച വീടുകളുടെ എണ്ണവും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് എസ്.സി. വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 വർഷം മുതൽ എസ്.സി. വകുപ്പ് ലൈഫ് മിഷന് ആകെ 683 കോടി രൂപ നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പ്രളയ പുനരധിവാസ പദ്ധതി

6 (2887) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിൽ 2018-ലെ പ്രളയ പുനരധിവാസ പദ്ധതിയിൽ ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട്, എടക്കര പഞ്ചായത്തിൽ ഉപ്പട, മലച്ചി എന്നീ സ്ഥലങ്ങളിൽ എത്ര ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ 2018-ലെ പ്രളയ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ചാലിയാർ ഗ്രാമപഞ്ചായത്തിലെ കണ്ണൻകുണ്ടിൽ 34 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 50 സെന്റ് വീതം ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്. പോത്ത്കല്ല് ഗ്രാമപഞ്ചായത്തിലെ ചളിക്കൽ കോളനിയിലെ 34 പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി എടക്കര ഗ്രാമപഞ്ചായത്തിലെ മലച്ചിയിൽ വിലയ്ക്ക് വാങ്ങിയ 5.26 ഏക്കർ ഭൂമി 10 സെന്റ് വീതം 34 പേർക്ക് അനുവദിച്ചിരുന്നു. ടി ഭൂമിയിൽ ഫെഡറൽ ബാങ്ക് സി.എസ്.ആർ. പദ്ധതിയിലുൾപ്പെടുത്തി 34 വീടുകൾ നിർമ്മിച്ചുനൽകി. ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2019-ലെ പ്രളയ പുനരധിവാസ പദ്ധതിയിൽ പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിലെ ആനക്കല്ല് ഉപ്പട ഗ്രാമം റോഡിൽ എത്ര ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2019-ൽ പോത്ത്കല്ല് ഗ്രാമപഞ്ചായത്തിലെ കവളപ്പാറയിലുണ്ടായ ഉരുൾപൊട്ടലിൽ ഭൂമിയും വീടും വാസയോഗ്യമല്ലാതായിത്തീർന്ന 32 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് റവന്യൂ വകുപ്പ് 6 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനും 4 ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനും അനുവദിച്ചു. ടി തുക ഉപയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് 2 ലക്ഷം രൂപ അധികമായി അനുവദിച്ചു. ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(സി) 2024 ജനുവരി 22-ന് ഭൂമിയും പട്ടയവും നൽകിയതിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ അത്തിക്കാട്, ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ നെല്ലിപൊയിൽ കൊടീരി, നിലമ്പൂർ മുനിസിപ്പാലിറ്റി തുക്കെകുത്ത് എന്നീ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലങ്ങളിൽ എത്ര ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിക്ഷിപ്ത വനഭൂമി വിതരണം പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിലെ അത്തിക്കാട് ബീറ്റിൽ 20 സെന്റ് വീതം 63 ഗുണഭോക്താക്കൾക്കും ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ നെല്ലിപ്പൊയിൽ കൊടീരി ബീറ്റിൽ 40 സെന്റ് ഭൂമി വീതം 376 ഗുണഭോക്താക്കൾക്കും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ തൂക്കെക്കുത്ത് ബീറ്റിൽ 10 സെന്റ് ഭൂമി വീതം 131 ഗുണഭോക്താക്കൾക്കും ഉൾപ്പെടെ ആകെ 570 ഗുണഭോക്താക്കൾക്കായി 176.1 ഏക്കർ ഭൂമി വിതരണം ചെയ്തു. ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ മുഖേന അനുവദിച്ച വീടുകൾ

7 (2888) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന നടപ്പാക്കിയതുമുതൽ ഇവർക്കായി നിർമ്മിച്ചുനൽകിയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും എത്രയാണെന്ന് ജില്ല തിരിച്ചു വിശദമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ 50410 വീടുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

ജില്ല	വീടുകളുടെ എണ്ണം
തിരുവനന്തപുരം	2191
കൊല്ലം	741
പത്തനംതിട്ട	609
ആലപ്പുഴ	270
കോട്ടയം	652
ഇടുക്കി	6563
എറണാകുളം	842
തൃശ്ശൂർ	382
പാലക്കാട്	6545
മലപ്പുറം	5009
കോഴിക്കോട്	1296
വയനാട്	14736
കണ്ണൂർ	3872
കാസർഗോഡ്	6702
ആകെ	**50410**

ലൈഫ് മിഷൻ പദ്ധതിയിലൂടെ എസ്.ടി. വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം

8(2889) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങളുണ്ട് എന്നത് സംബന്ധിച്ച് സർവ്വേ നടത്തി വകുപ്പ് കണ്ടെത്തിയിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

(എ & ബി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	ഭൂരഹിത ഭവനരഹിതർ	ഭൂമിയുള്ള ഭവനരഹിതർ
തിരുവനന്തപുരം	-	533
കൊല്ലം	49	177
പത്തനംതിട്ട	232	82
ആലപ്പുഴ	321	-
കോട്ടയം	188	132

ഇടുക്കി	447	1460
എറണാകുളം	133	280
തൃശ്ശൂർ	162	80
പാലക്കാട്	479	739
മലപ്പുറം	340	152
കോഴിക്കോട്	108	272
വയനാട്	2883	2703
കണ്ണൂർ	502	575
കാസർഗോഡ്	597	1195
ആകെ	6441	8380

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം എസ്.ടി. വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മേയ് മുതൽ 31-01-2024 വരെ ലൈഫ് പദ്ധതി പ്രകാരം 17334 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 10168 കുടുംബങ്ങളുടെ ഭവനനിർമ്മാണം പുരോഗതിയിലാണ്. ഇതിനായി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എസ്.ടി. വകുപ്പ് മുഖേന എത്ര വീടുകൾ നിർമ്മിച്ച് നൽകി; എത്ര തുകയാണ് ഇതിനു ചെലവിട്ടത്; ഏതൊക്കെ പദ്ധതികൾ മുഖേന; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ്, ആദിവാസി പുനരധിവാസ വികസന മിഷൻ തുടങ്ങിയ പദ്ധതികൾ മുഖേന 320 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീട് അനുവദിച്ചിട്ടുണ്ട്. ഇതിനായി മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളുടെ സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ ആകെ 85.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് എസ്.ടി. വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിക്കായി ആകെ 305 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി–പട്ടികജാതി വിഭാഗക്കാർക്ക്
അനുവദിച്ച വീടുകൾ

9 (2890) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗക്കാരായ 56994 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. 2021-22 വർഷം മുതൽ എസ്.സി. വകുപ്പ് ലൈഫ് മിഷന് ആകെ 683 കോടി രൂപ കൈമാറിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്നും ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികളാണെന്നും വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗക്കാരായ 56994 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. 2021-22 വർഷം മുതൽ എസ്.സി. വകുപ്പ് ലൈഫ് മിഷന് ആകെ 683 കോടി രൂപ കൈമാറിയിട്ടുണ്ട്.

ആദിവാസി പുനരധിവാസ വികസന മിഷൻ

10 (2891) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ

നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 41549 പേർക്കായി 51108.93 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 5542 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ബി) വനാവകാശ നിയമം, ലാൻഡ് ബാങ്ക് നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ ഇനങ്ങളിലായി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം നൽകാൻ ആദിവാസി പുനരധിവാസ വികസന മിഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(ബി & സി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഇതുവരെ വിവിധ പദ്ധതികളിലായി ഭൂമി ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം	ലഭ്യമാക്കിയ ഭൂമിയുടെ അളവ് (ഏക്കർ)
വനാവകാശ നിയമം	28681	38191.72
റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം	6760	7012.29
സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം	816	386.03
ലാൻഡ് ബാങ്ക് പദ്ധതി	334	58.47
നിക്ഷിപ്ത വനഭൂമി വിതരണം	4787	5439.93
പ്രളയ പുനരധിവാസം	171	20.47
ആകെ	**41549**	**51108.93**

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

11 (2892) ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കൂടാതെ, വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് നിലവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവനരഹിതരായ 6441 കുടുംബങ്ങളും ഭൂമിയുള്ള ഭവനരഹിതരായ 8380 കുടുംബങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) നിലവിലെ പദ്ധതികൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായുള്ള തുക പര്യാപ്തമല്ല

എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപയാണ് ലൈഫ് മിഷൻ മുഖേന അനുവദിച്ചുവരുന്നത്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് കണക്കിലെടുത്ത്, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നുവരുന്ന പ്രദേശത്തും അതീവ ദുർഘടപ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകാമോ?

പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ അർഹത പരിശോധിച്ച് ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് മേഖലകളിൽ 3.75 ലക്ഷം രൂപയും മുൻസിപ്പാലിറ്റി മേഖലകളിൽ 4.5 ലക്ഷം രൂപയും കോർപ്പറേഷൻ മേഖലകളിൽ 6 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനും വനാവകാശനിയമപ്രകാരം

അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷിഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റവന്യൂ ഭൂമിയുടെ കുറവ് കാരണം, ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുന്നതിനുള്ള തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികളും റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനും വനാവകാശനിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി

12 (2893) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ 06-05-2023-ലെ സ.ഉ.(കൈ) നം.10/2023/പജപവവിവ. ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഈ പദ്ധതിയിൽ ഒരു തുക മുൻകൂട്ടി നിശ്ചയിച്ച് അതിനനുസരിച്ച് പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുപകരം ഭൂമിശാസ്ത്രപരമായ വ്യത്യസ്തതകൾ കണക്കിലെടുത്ത് അതത് പ്രദേശത്തിന് അനുയോജ്യമായ വിധത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കുന്ന രീതി അവലംബിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

ഈ വിഷയം പരിശോധിച്ചുവരുന്നു.

പിറവം നിയോജകമണ്ഡലത്തിലെ അംബേദ്കർ വികസന പദ്ധതി

13 (2894) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേരാറുണ്ട്. അവസാനമായി 19-01-2024-ന് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അദ്ധ്യക്ഷതയിൽ കോളനി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി യോഗം ചേർന്നിട്ടുണ്ട്.

(ബി) ഏതെല്ലാം കോളനികളിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; ലിസ്റ്റ് ലഭ്യമാക്കാമോ?

പുളിക്കമാലി കോളനി-(2016-17)

കീഴ്മുറി കോളനി- (2016-17)

കുറ്റത്തിനാൽ കോളനി- (2019-20)

അയ്യന്താനം കോളനി-(2020-21)

കുന്നത്തുമറ്റം കോളനി- (2021-22)

കെ.ആർ. നാരായണൻ കോളനി- (2021-22)

പൂത്തോട്ട കമ്പിവേലിയ്ക്കകം കോളനി- (2021-22)

എം.എൽ.എ. കോളനി-(2023-24)

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കീമിൽ വിവിധ കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ടി പ്രദേശത്തെ ഇരുപതോളം കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കുഞ്ഞപ്പൻ എം.പി (കോളനി നിവാസി) മുതൽപ്പേർ പരാതി സമർപ്പിച്ചിരുന്നു. എന്നാൽ ടി കുടുംബങ്ങളൊന്നും

കുന്നത്തുമറ്റം കോളനിക്കുള്ളിൽ അല്ല എന്നതിനാൽ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

(ഡി) എങ്കിൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പരാതിയിൽ പരാമർശിച്ചിട്ടുള്ള ഇരുപത് കുടുംബങ്ങൾ കോളനിക്കുള്ളിൽ അല്ല എന്നതിനാൽ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. എന്നാൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി –ഭരണാനുമതി

14 (2895) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23, 2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി എത്ര കോളനികൾ

നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ; ഭരണാനുമതി നൽകിയ കോളനികളുടെ പേരുവിവരങ്ങളും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

പ്രസ്തുത വർഷങ്ങളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിന്നുള്ള കോളനി ഒന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടില്ല.

അരുർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

15 (2896) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ മണ്ഡലത്തിൽ 2023-24 കാലഘട്ടത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ ചുടുകാട്ടുംപുറം കോളനി.

(ബി) പ്രസ്തുത കോളനിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2023-24 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

16 (2897) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2021-22, 2022-23, 2023-24 കാലയളവിൽ നാളിതുവരെ ഏതൊക്കെ കോളനികളെയാണ് ഉൾപ്പെടുത്തിയതെന്ന് അറിയിക്കുമോ; പദ്ധതിക്കായി എത്ര തുക വീതമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2021-22-ൽ എള്ളരഞ്ഞി കോളനി, പഞ്ചാംമൂലകോളനി എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ട്

കോളനികൾക്കും ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2022-23, 2023-24 വർഷങ്ങളിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുത്തിട്ടില്ല.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ടി രണ്ടു കോളനികളിലും പ്രവൃത്തികൾ 2024 ഏപ്രിൽ 30-ന് പൂർത്തീകരിക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം

17 (2898) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയും അംബേദ്കർ ഗ്രാമ വികസന പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ പരിശോധിക്കുകയും അത് പരിഹരിക്കുകയും ചെയ്യുന്നതിനായി നടപടി സ്വീകരിക്കാമോ?

മന്ത്രിതലത്തിലും ഡയറക്ടറേറ്റതലത്തിലും അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ത്രൈമാസ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. എം.എൽ.എ-മാർ ചെയർമാനായി മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയും പരിശോധിക്കുന്നുണ്ട്.

(ബി) എസ്.സി., എസ്.ടി. കോളനികളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ അതത് ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും തയ്യാറാണെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന/അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ പദ്ധതി നിർവഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.

കുട്ടമ്പുഴ ആദിവാസി കോളനിയുടെ പുനരുദ്ധാരണം

18 (2899) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടമ്പുഴ പന്തപ്ര ആദിവാസി കോളനിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ പന്തപ്ര ആദിവാസി കോളനിയിൽ താമസിക്കുന്ന 67 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതി, ഇലക്ട്രിഫിക്കേഷൻ, സോളാർ ഫെൻസിംഗ്, റോഡ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 67 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 10 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്. 57 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം അഞ്ച് പട്ടികവർഗ്ഗ സംഘങ്ങൾ മുഖേന വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു.

(ബി) വീട് നിർമ്മാണം ഉൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പന്തപ്ര ആദിവാസി കോളനിയിലെ 57 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വീടൊന്നിന് 51,271/- രൂപ വീതം അധികത്തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. കൂടാതെ ഗതാഗത സൗകര്യത്തിനായി നിലവിലുള്ള മണ്ണ്റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികളുടെ നടത്തിപ്പ്

19 (2900) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന കോളനികളെയാണ് ഈ പദ്ധതിക്കുവേണ്ടി പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ള അടിസ്ഥാനസൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഗ്രാമങ്ങളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കോളനികളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് എൽ.എസ്.ജി.ഡി.

എഞ്ചിനീയറിംഗ് വിംഗിന് അംഗീകാരം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 06-05-2023-ലെ സ.ഉ.(കൈ)നം.10/2023/SCSTDD പ്രകാരം അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിർവ്വഹണ ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിക്കാവുന്നതാണ്.

കുന്നത്തുനാട്-പുത്തേത്ത് മുകൾ കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി

20 (2901) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22-ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പുത്തേത്ത് മുകൾ കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പുത്തേത്ത് മുകൾ കോളനിയിൽ വീടുകളുടെ നവീകരണം, റീട്ടെയ്നിംഗ് വാൾ നിർമ്മാണം, കോളനി റോഡ് വീതിക്കൂട്ടൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

MoU ഒപ്പിട്ട് ഒരു വർഷത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ
വികസന പ്രവർത്തനങ്ങൾ

21 (2902) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ പ്രമാടം പഞ്ചായത്തിൽ കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണപ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 20% മൊബിലൈസേഷൻ അഡ്വാൻസ് ഏജൻസിക്ക് അനുവദിച്ചിരുന്നു. പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 02-02-2021-ൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിലും ഏജൻസിയെക്കൂടി ഉൾപ്പെടുത്തി ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും പദ്ധതി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർവ്വഹണ

ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഏജൻസി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ബിൽ സമർപ്പിക്കുകയും ചെയ്തെങ്കിലും ബഹു. എം.എൽ.എ, ഊരുനിവാസികൾ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെ ഏജൻസിയുടെ പ്രവൃത്തികളിൽ അസംതൃപ്തി പ്രകടിപ്പിച്ച സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ?

നടപ്പു സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

22 (2903) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2016-17 മുതൽ 2022-23 വരെ ഫണ്ടനുവദിച്ച പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2016-17 വർഷത്തിൽ ഭാസ്കർനഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നിവയും 2019-20 വർഷത്തിൽ വെട്ടുവിള കോളനിയും 2020-21 വർഷത്തിൽ അറയൂർ മച്ചിംഗവിളാകം കോളനിയും 2021-22 വർഷത്തിൽ ആര്യശാല മുകളിൽ വിള, ഉള്ളൂർക്കോണം എന്നിവയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഭാസ്കർനഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നീ കോളനികൾക്ക് 80,00,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനികളിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഏതൊക്കെ കോളനികളുടെ നവീകരണ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഭാസ്കർനഗർ കോളനിയിൽ 95% പ്രവൃത്തികൾ പൂർത്തീകരിച്ചു. പൂഴിക്കുന്ന് കോളനിയിൽ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികൾ

23 (2904) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിച്ചത് എന്ന് അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി ആഴമല എ.എച്ച്.ഡി.പി. കോളനി (2021-22), മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. കോളനി (2021-22), മുറിക്കല്ലുംപുറം കോളനി (2019-20) പട്ടികജാതി കോളനികളേയും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തി

തുവരംപാറ പട്ടികവർഗ്ഗ കോളനിയേയും (2022-23) നവീകരിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

തുവരംപാറ പട്ടികവർഗ്ഗ കോളനിയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

24 (2905) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം 2016 മുതൽ 2023 വരെ കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരിക്കുന്നതിനായി ഫണ്ടനുവദിച്ചിട്ടുണ്ടെന്ന് അനുവദിച്ച തുക ഉൾപ്പെടെ വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏതുഘട്ടത്തിലാണെന്നും അവയുടെ പുരോഗതിയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവയുടെ പ്രവൃത്തികളിലെ പുരോഗതിയും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവ എത്രയുണ്ടെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ?

(എ-ഡി) അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2016 വർഷം മുതൽ 2023 വർഷംവരെ ഒരു കോളനിയേയും തെരഞ്ഞെടുത്തില്ല.

അംബേദ്കർ ഗ്രാമം പദ്ധതി

25 (2906) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ ഇതുവരെ കോഴിക്കോട് ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് അനുമതി ലഭിച്ച കോളനികളുടെ എണ്ണവും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കൊല്ലം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

26 (2907) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ കൊല്ലം ജില്ലയിൽ ഉൾപ്പെടുത്തിയ കോളനികളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനങ്ങൾ ജില്ലാതലത്തിലും ഡയറക്ടറേറ്റതലത്തിലും സർക്കാർതലത്തിലും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശവും പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നുമുള്ള വിശദാംശവും നൽകുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ബാലുശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

27 (2908) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതികൾപ്രകാരം എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളാണ് 2016-നുശേഷം നാളിതുവരെ നവീകരിക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ? ഓരോ കോളനിയിലും നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാമാണെന്നും ഇനിയും നടപ്പിലാക്കേണ്ട പ്രവൃത്തികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 2016-നുശേഷം പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ കഴിയാതെ കാലതാമസംവന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കരിങ്കാളിമ്മൽ കോളനി 2016-17 അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളനിയിൽ കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച ടാങ്കിന്റെ ലീക്കേജ് സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടറുടെയും എം.എൽ.എ-യുടെയും സാന്നിധ്യത്തിൽ യോഗം ചേരുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ രണ്ടുതവണ സ്ഥല പരിശോധന നടത്തുകയും ചെയ്തു. ലീക്ക് പ്ലഗ്ഗിംഗ് നടത്തിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ കോളനി നിവാസികൾക്കിടയിൽ തർക്കം തുടരുന്നതിനാൽ 17-02-2024-ന് ജില്ലാ കളക്ടറുടെയും എം.എൽ.എ.-യുടെയും സാന്നിധ്യത്തിൽ വീണ്ടും യോഗം വിളിച്ചു ചേർക്കുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിൽ എസ്.സി. ഫണ്ടുപയോഗിച്ച്
നടന്ന പ്രവൃത്തികൾ

28 (2909) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എസ്.സി. ഫണ്ടുപയോഗിച്ച് നടന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം, തുക, ഏത് ഫണ്ടിൽ നിന്ന് എന്നതടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ കരിയാത്തൻകുഴി-വെട്ട്കാട് എസ്.സി. കോളനി റോഡ്, കക്കിട്ടീരി പുറായ-പാറോട്ട് പുറായി എസ്.സി. കോളനി റോഡ് എന്നിവയുടെ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ കരിയാത്തൻകുഴി-വെട്ട്കാട് എസ്.സി. കോളനി റോഡ്, കക്കിട്ടീരി പുറായ-പാറോട്ട് പുറായി എസ്.സി. കോളനി റോഡ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

വനാവകാശരേഖ ലഭിക്കുന്നതിനുള്ള അപേക്ഷ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

29 (2910) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ വനാവകാശരേഖ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണം, വിതരണം ചെയ്തവയുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം, വർഷം, പഞ്ചായത്ത് എന്നിവ തിരിച്ച് അറിയിക്കാമോ?

വിശദമായ വിവരം ചുവടെ ചേർക്കുന്നു.

വർഷം	**പഞ്ചായത്ത്**	**അപേക്ഷകരുടെ എണ്ണം**	**കൈവശരേഖ വിതരണം ചെയ്തവരുടെ എണ്ണം**
2022	വിതുര	33	33
2022	തൊളിക്കോട്	0	0
2023	വിതുര	298	210
2023	തൊളിക്കോട്	159	109
2018	കുറ്റിച്ചൽ	114	0
2022	കുറ്റിച്ചൽ	263	95
2023	കുറ്റിച്ചൽ	59	199
ആകെ		**926**	**646**

പട്ടികവർഗ്ഗ വകുപ്പിന്റെ ബില്ലുകൾ ട്രഷറി കൃവിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി

30 (2911) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ചാലും തുക ലഭിക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്ന വിധം ട്രഷറി കൃവിൽനിന്നും ഇത്തരം ബില്ലുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുവദിക്കുന്ന തുക ധനവ്യയ നിയന്ത്രണ പരിധിയിൽനിന്നും Ways and

means clearance-ൽനിന്നും ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) വാഹന വാടക ട്രഷറിയിൽനിന്ന് മാറി ലഭിക്കാത്തതിനാൽ വിദ്യാവാഹിനി പദ്ധതിയിൽ ഉൾപ്പെട്ട വാഹനങ്ങൾ ഓട്ടം നിർത്തിയതും ഇതുമൂലം ആദിവാസി ഊരുകളിൽനിന്ന് കുട്ടികൾക്ക് സ്കൂളുകളിൽ എത്തുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാവാഹിനി പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് തുക അനുവദിക്കുന്ന ബന്ധപ്പെട്ട ശീർഷകത്തിൽനിന്നുള്ള ബില്ലുകളെ ട്രഷറി കൃത്യവിൽനിന്ന് ഒഴിവാക്കുന്നതിനും പെൻഡിംഗ് ഡോക്കറ്റുകൾ ക്ലിയർ ചെയ്യുന്നതിനും ഡോക്കറ്റുകൾക്ക് മുൻഗണന നൽകി പാസ്സാക്കി നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാവാഹിനി പദ്ധതി

31 (2912) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതിയിൽപ്പെട്ട വാഹനങ്ങൾക്കുള്ള പണം 6 കോടിയിലധികം രൂപ കുടിശ്ശിക നൽകാനുണ്ട് എന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്ര വലിയ കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2024 ജനുവരി 31 വരെ 6.64 കോടി രൂപ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കാനുണ്ട്. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയാണ് വിദ്യാവാഹിനി പദ്ധതി എന്ന് പുനർനാമകരണം ചെയ്ത് നടപ്പ് വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

മുൻവർഷം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതി നടത്തിപ്പിൽ കുടിശ്ശികയുണ്ടായിരുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നടപ്പ് വർഷം അനുവദിക്കേണ്ടതായി വന്നിരുന്നു. കൂടാതെ വിദ്യാവാഹിനി പദ്ധതിയുടെ നടത്തിപ്പിനായി പത്ത് മാസത്തേയ്ക്ക് ഏകദേശം 34 കോടി രൂപ നടപ്പ് വർഷം ആവശ്യമാണ്.

അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിൽ അനുവദിച്ച് നൽകാനുള്ള തുക അനുവദിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ/റീ-അപ്രോപ്രിയേഷൻ വഴി തുക കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക തുക നൽകാത്തതിനാൽ അടുത്ത അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂളിൽ പോകുന്നത് തടസ്സം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകപ്പിന്റെ ജില്ലാ ഓഫീസുകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2024 ജനുവരി 31 വരെ 6.64 കോടി രൂപ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കുവാനുണ്ട്. ആയത് സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്.

മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയാണ് വിദ്യാവാഹിനി പദ്ധതി എന്ന് പുനർനാമകരണം ചെയ്ത് നടപ്പ് വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

മുൻവർഷം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതി നടത്തിപ്പിൽ കുടിശ്ശികയുണ്ടായിരുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നടപ്പ് വർഷം അനുവദിക്കേണ്ടതായി വന്നിരുന്നു. കൂടാതെ വിദ്യാവാഹിനി പദ്ധതിയുടെ നടത്തിപ്പിനായി പത്ത് മാസത്തേയ്ക്ക് ഏകദേശം 334 കോടി രൂപ നടപ്പുവർഷം ആവശ്യമാണ്. ഇതോടൊപ്പം ധനവ്യയ നിയന്ത്രണങ്ങളും ട്രഷറി നിയന്ത്രണങ്ങളുംമൂലം കുടിശ്ശിക വരാനിടയായെങ്കിലും ആയത് പദ്ധതി നടത്തിപ്പിനെ

ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിൽ അനുവദിച്ച് നൽകാനുള്ള തുക അനുവദിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ/റീഅപ്രോപ്രിയേഷൻ വഴി തുക കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യ പഠനമുറി പദ്ധതി

32 (2913) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെയായി സംസ്ഥാനത്ത് എത്ര പേർക്ക് ഇതിന്റെ സഹായം ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് സാമൂഹ്യ പഠനമുറികളല്ല വ്യക്തിഗത പഠനമുറികളാണ് അനുവദിക്കുന്നത്. പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്തിനുശേഷം പഠനകാര്യങ്ങളിൽ സഹായം നൽകുന്ന പദ്ധതിയാണ് സാമൂഹ്യപഠനമുറി. സംസ്ഥാനത്താകെ 366 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിലായി ആകെ 28813 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭ്യമാക്കുന്നുണ്ട്.

1. കാസർഗോഡ് - 4849
2. തിരുവനന്തപുരം - 989
3. ഇടുക്കി - 3511
4. വയനാട് - 6680
5. കൊല്ലം - 1107
6. ആലപ്പുഴ – 51
7. കോഴിക്കോട് - 735
8. മലപ്പുറം - 225
9. കോട്ടയം - 297

10.പാലക്കാട് - 8255

11.പത്തനംതിട്ട – 191

12.എറണാകുളം - 187

13.കണ്ണൂർ - 1562

14. തൃശ്ശൂർ - 174

(ബി) ഇതിനായി 2021 മുതൽ നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നാളിതുവരെ 18,31,67,912/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽ സാമൂഹ്യ പഠനമുറി പദ്ധതിപ്രകാരം എത്ര പേർക്ക് ആനുകൂല്യം നൽകിയെന്ന് അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിൽ സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം സാമൂഹ്യ പഠനമുറിയിൽ നിലവിൽ 31 കുട്ടികൾ പഠനം നടത്തിവരുന്നു. ഫെസിലിറ്റേറ്റർ തസ്തികയിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളെയാണ് നിയമിച്ചിരിക്കുന്നത്.

എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ

33 (2914) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകൾ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും ടി വിഭാഗങ്ങളിൽപ്പെട്ട എത്ര കുട്ടികൾ ഇത്തരം സെന്ററുകളെ ആശ്രയിച്ച് പഠിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോച്ചിംഗ് സെന്ററുകളുടെ കാര്യക്ഷമത പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്വയംഭരണ സ്ഥാപനം വകുപ്പിന്റെ

നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനം വഴി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തിവരുന്ന 120 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി വഴി സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്ന 60 പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേരള സർക്കാരിന്റെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, തിരുവനന്തപുരത്തെ കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ ഓറിയന്റേഷൻ ക്യാമ്പ് വഴി തെരഞ്ഞെടുത്ത 30 പരിശീലനാർത്ഥികൾക്ക്, അവർതന്നെ തെരഞ്ഞെടുത്ത ഇന്ത്യയിലെ വിവിധ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നടത്തിവരുന്നുണ്ട്. പരിശീലന സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത വിദ്യാർത്ഥികളുടെ പഠന പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ട്.

പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ

34 (2915) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതികൾ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; 2016 മുതൽ ഇതുവരെ പ്രതിവർഷം ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ കേന്ദ്രസർക്കാർ വിഹിതമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പട്ടികജാതി വകുപ്പ്

1. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
2. സ്റ്റേറ്റ് പ്രീ മെട്രിക് സ്കോളർഷിപ്പ് (ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, സ്റ്റൈപ്പന്റ്)
3. സെൻട്രൽ പ്രീ മെട്രിക് സ്കോളർഷിപ്പ്
4. സ്പെഷ്യൽ ഇൻസെന്റീവ് സ്കീം
5. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സ്കോളർഷിപ്പ്
6. ലാപ്ടോപ്പ് സ്കീം

7. സ്റ്റെതസ്കോപ്പ് സ്കീം

8. പ്രാഥമിക ചെലവുകൾ

9. വിദേശ പഠനം

10. പാരലൽ കോളേജ്

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്കുമാത്രമാണ് 60 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്നത്. കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിന് നൽകുന്നില്ല. കേന്ദ്ര സർക്കാർ നേരിട്ട് വിദ്യാർഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്.

ചെലവ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വകുപ്പ്

1. പ്രീ-മെട്രിക് - സ്കോളർഷിപ്പ് പദ്ധതി

നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി. വരെ പഠനം നടത്തുന്ന കുട്ടികൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ് പ്രതിമാസ സ്റ്റൈപന്റ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

2. പ്രീമെട്രിക് -സ്കോളർഷിപ്പ് പദ്ധതി- 9, 10 ക്ലാസുകളിൽ (75% കേന്ദ്രാവിഷ്കൃത പദ്ധതി)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിനും ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5,250 രൂപയും 1,000 രൂപയും നൽകുന്നു.

3. പോസ്റ്റ്മെടിക് സ്കോളർഷിപ് പദ്ധതി (75% കേന്ദ്രാവിഷ്കൃത പദ്ധതി)

പട്ടികവർഗ്ഗ വിഭാഗത്തിലെ പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് "പോസ്റ്റ്മെടിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് ടി സ്കീമിന്റെ കേന്ദ്ര

സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു.

4. വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽപോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

5. ഇതരസംസ്ഥാന പഠനം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾ പഠിച്ചുവരുന്നതും കുടുംബവാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖാ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി

സംസ്ഥാനത്തിന് പുറത്ത് മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു.

6. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവിഭാഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ നാലാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പത്താം ക്ലാസുവരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.

7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി., പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക്

ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3,000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4,500/-, 6,000/-രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകിവരുന്നു. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി (9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്), പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (പ്ലാൻ) പദ്ധതിക്കും 75% കേന്ദ്രവിഹിതം ലഭ്യമാകുന്നുണ്ട്.

പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ ഇതുവരെ പ്രതിവർഷം ചെലവഴിച്ച തുക വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിന് പുറത്തും ഇന്ത്യക്കു പുറത്തും പോയി പഠിക്കുവാൻ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; 2016 മുതൽ ഇങ്ങനെ സംസ്ഥാനത്തിന് പുറത്തും വിദേശത്തുമായി പഠനത്തിനു പോയ കുട്ടികൾക്ക് നൽകിയ സഹായവും ഓരോ വർഷവും എത്രപേർക്ക് സഹായം നൽകി എന്നതും വർഷം തിരിച്ച് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ്

ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിനു പുറത്തും ഇന്ത്യക്കു പുറത്തും പോയി പഠിക്കുവാൻ പട്ടികജാതി വിദ്യാർഥികൾക്ക് സഹായം നൽകുന്നുണ്ട്.

സംസ്ഥാനത്തിനകത്തും പുറത്തും പഠിക്കുന്ന അർഹരായ പട്ടികജാതി വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിനായി സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണവും വിദേശ പഠനത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*

പട്ടികവർഗ്ഗ വികസന വകുപ്പ്

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/

* .നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നിലവിൽ അനുവദിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വിദേശരാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുന്നതിന് പരമാവധി 25,00,000/- രൂപ ധനസഹായം നൽകിവരുന്നു. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ സംസ്ഥാനത്തിനകത്ത് സ്ഥിരതാമസക്കാരായവരും ബിരുദ പഠനത്തിന് 55% മാർക്കിന് മുകളിലുള്ളവരും 35 വയസ്സിനുതാഴെ പ്രായം ഉള്ളവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ODEPC മുഖേന ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്. വിദേശ പഠനത്തിനായി അനുവദിച്ച ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾ പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖാ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽപോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

മാടായി വെങ്ങര ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

35 (2916) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മാടായി വെങ്ങര ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന മാടായി ഐ.ടി.ഐ.-യിൽ പെയിന്റർ (ജനറൽ), പ്ലംബർ എന്നീ ട്രേഡുകളിലാണ് നിലവിൽ പരിശീലനം നൽകിവരുന്നത്. പ്രസ്തുത കോഴ്സുകളിലെ പരിശീലനത്തോടൊപ്പം ഫിറ്റർ, ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകൾ തുടങ്ങുന്നതിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉന്നതി സ്കോളർഷിപ്പ്

36 (2917) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഉന്നതി സ്കോളർഷിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ?

വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എം.ഫിൽ/പി.എച്ച്.ഡി കോഴ്സുകളിൽ ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷുറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ല. 12,00,000/-രൂപ വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപയും 12,00,001-20,00,000 രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപയും 20,00,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ള 25 പേർക്ക് പരമാവധി 15,00,000/-(പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയുമാണ് അനുവദിക്കുന്നത്. 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000 (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ വീതമാണ് അനുവദിക്കുന്നത്. ഒഡെപെക് വിദ്യാർത്ഥികൾക്കും

രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയതിൻമേലുള്ള അപ്പീലും കരട് ലിസ്റ്റും വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/അപ്പീൽ കമ്മിറ്റി പരിശോധിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിച്ചു എന്നത് വ്യക്തമാക്കാമോ?

2023 മാർച്ച് 31 വരെ 344 പട്ടികജാതി വിദ്യാർത്ഥികളും 24 പട്ടികവർഗ്ഗ വിദ്യാർത്ഥികളുമുൾപ്പെടെ 368 വിദ്യാർത്ഥികൾക്കും 2023 ഏപ്രിലിനുശേഷം സെപ്തംബർ മാസത്തിൽ 5 പട്ടികവർഗ്ഗ വിദ്യാർത്ഥികളും കൺഫർമേഷൻ നൽകിയ 191 പട്ടികജാതി വിദ്യാർത്ഥികളിൽ 178 പേരും ഉൾപ്പെടെ 183 വിദ്യാർത്ഥികൾക്കും 2024 ജനുവരി മാസത്തിൽ സർക്കാർ ഏജൻസിയായ ODEPC വഴി തെരഞ്ഞെടുത്ത 97 പട്ടികജാതി വിദ്യാർത്ഥികളിൽ 5 പേർക്കും 8 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 3 പേർക്കുമുൾപ്പെടെ 8

വിദ്യാർത്ഥികൾക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 559 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി.

പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി പി.എസ്.സി. കോച്ചിംഗ്

37 (2918) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പട്ടികജാതി വിഭാഗക്കാർക്കുള്ള ഫണ്ട് പ്രയോജനപ്പെടുത്തി പഞ്ചായത്തുമായി സഹകരിച്ച് പഞ്ചായത്തുതലത്തിൽ സൗജന്യമായി പി.എസ്.സി. കോച്ചിംഗ് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതിക്കാരുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനായി വകുപ്പിൽനിന്നും എസ്.സി.പി. വിഹിതം നൽകിവരുന്നു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ പ്രകാരം ടി വിഹിതം പ്രയോജനപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി പി.എസ്.സി. കോച്ചിംഗ് നടത്താവുന്നതാണ്.

(ബി) മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പി.എസ്.സി. കോച്ചിംഗിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ തിരുവനന്തപുരം (മണ്ണന്തല), എറണാകുളം (ആലുവ), പാലക്കാട് (കുഴൽമന്ദം), കോഴിക്കോട് എന്നീ നാല് ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനങ്ങളിൽ പി.എസ്.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ എല്ലാ

മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതാണ്.

മുക്കടയിൽ പുതിയ ഓഡിറ്റോറിയം

38 (2919) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മുക്കടയിൽ പട്ടികജാതി വികസനവകുപ്പിന്റെ സ്ഥലത്ത് പുതിയ ഓഡിറ്റോറിയവും പ്രീ-എക്സാമിനേഷൻ സെന്റർ കെട്ടിടവും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനുമായി എല്ലാ നിയമസഭാമണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ICFOS നടപടികൾ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മണ്ഡലങ്ങളിൽ വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

ഓരോ മണ്ഡലത്തിലും സെന്റർ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് MLA-മാർക്ക് കത്ത് നൽകിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായം ലഭിക്കാത്ത സ്ഥിതിവിശേഷം

39 (2920) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ മുതൽ ഡിഗ്രിയടക്കമുള്ള ഉന്നത വിദ്യാഭ്യാസത്തിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര

സർക്കാരിൽനിന്നും ലഭിക്കേണ്ട സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ വർഷങ്ങളായി സംസ്ഥാനത്തിന് ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി ചേരുന്ന പാവപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളെയും അവരുടെ രക്ഷകർത്താക്കളേയും വലിയ മാനസിക പ്രയാസത്തിലേയ്ക്ക് തള്ളിവിടുന്ന ഈ സാഹചര്യം ഒഴിവാക്കുന്നതിന് അർഹരായവർക്ക് ലഭിക്കേണ്ട കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(എ & ബി) സംസ്ഥാനത്തെ പ്ലസ് വൺ മുതലുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് നൽകുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 40:60 എന്ന സംസ്ഥാന-കേന്ദ്ര അനുപാതത്തിലാണ് അനുവദിച്ചുവരുന്നത്. 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള അക്കാഡമിക് അലവൻസ് വളരെ

കുറവാണ്. സംസ്ഥാന സർക്കാർ കൂടിയ നിരക്കിലാണ് അക്കാഡമിക് അലവൻസ് അനുവദിച്ചുവരുന്നത്. 2.5 ലക്ഷം വരുമാന പരിധി ബാധമാക്കാതെ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന ബജറ്റിലുൾപ്പെടുത്തി സംസ്ഥാന സർക്കാർ അനുവദിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ

40 (2921) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ പ്ലസ് വൺ മുതൽ മുകളിലോട്ടുള്ള വിവിധ കോഴ്സുകൾക്ക് ചേർന്നതിനുശേഷം പഠനം ഉപേക്ഷിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമെന്ന് കോഴ്സ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നത് ഇ-ഗ്രാന്റ്സ് പോർട്ടൽ വഴിയാണ്. പഠനം ഉപേക്ഷിച്ചുപോകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന്

ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ സംവിധാനമില്ല. 2023-24 മുതൽ സ്ഥാപനതലത്തിൽ വിദ്യാഭ്യാസ പുരോഗതിയുടെ ഗ്രണനിലവാരം ശേഖരിക്കുന്നതിനായി കോഴ്സ് കാലാവധി കഴിയുന്നമുറയ്ക്ക് വിദ്യാർത്ഥികളുടെ പാസ് ഔട്ട്, ഡ്രോപ് ഔട്ട്, വിജയ ശതമാനം എന്നിവ രേഖപ്പെടുത്തുന്നതിന് ക്രമീകരണം നടത്തുന്നതാണ്.

(ബി) സംസ്ഥാന ബജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനത്തിൽ നീക്കിവച്ചിരുന്ന തുക എത്രയാണെന്നും ഇതിൽ ഓരോ വർഷവും വകുപ്പ് ചെലവഴിച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

(സി) പ്രസ്തുത തുകയിൽനിന്നാണോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ വിദ്യാർത്ഥികൾക്കുള്ള

ഇ-ഗ്രാന്റ് മുടക്കം വന്നിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് തുക മുടങ്ങാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത തുകയിൽനിന്നാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ് തുക അനുവദിക്കുന്നത്. 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതുമൂലം സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായി. സാങ്കേതിക സഹായം ലഭിച്ച ഉടൻതന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ഇപ്രകാരം 2022-23, 2023-24 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽനിന്ന് അപ്പ്രൂവൽ നൽകിയ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബജറ്റ് വിഹിതത്തിൽ ലഭ്യമായ 145.19 കോടി രൂപ സ്കോളർഷിപ്പിനായി

അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ ശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഈ തുക അനുവദിച്ചുവരുന്നു. അധികമായി ആവശ്യം വരുന്ന തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കണ്ണൂർ സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് പാലയാട് ക്യാമ്പസിലെ രാഹുൽ ജി. എന്ന നിയമ വിദ്യാർത്ഥിയുടെ

ഇ-ഗ്രാന്റ് മുടങ്ങിയതുമൂലം ഫീസ് അടയ്ക്കാനാകാതെ റിസൾട്ട് തടഞ്ഞതായി സമൂഹ മാധ്യമങ്ങളിൽ വന്ന പോസ്റ്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂർ സർവ്വകലാശാല ഡോ. ജാനകി അമ്മാൾ ക്യാമ്പസിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ നിയമ വിദ്യാർത്ഥിയായിരുന്ന രാഹുൽ ജി. എൽ.എൽ.ബി. രണ്ടാം വർഷമാണ് ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിച്ചത്. വിദ്യാർത്ഥി ഒന്നാം വർഷം (2018-19) അപേക്ഷ നൽകിയിട്ടില്ല. യൂണിവേഴ്സിറ്റിയിൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്ന സാഹചര്യമുണ്ടായപ്പോൾ ഡിപ്പാർട്ട്മെന്റ് മുഖേന ഒന്നാം വർഷ അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പലതവണ അപേക്ഷ സമർപ്പിക്കുന്നതിന് വിദ്യാർത്ഥിയെ അറിയിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥിയുടെ ഭാഗത്തുനിന്ന് യാതൊരുവിധ മറുപടിയും ലഭ്യമായിട്ടില്ല. പ്രസ്തുത വിദ്യാർത്ഥിക്ക് രണ്ടാം വർഷം മുതൽ 5-ാം വർഷം വരെയുള്ള സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിന് 2-ാം വർഷം മുതൽ 4-ാം വർഷം വരെയുള്ള ഫീസ് അനുവദിച്ചിട്ടുണ്ട്. 5-ാം വർഷത്തെ ഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ഇ) സർക്കാർ ധനസഹായം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ പഠനം ആരംഭിച്ചശേഷം ഫീസ് അടയ്ക്കാനും മറ്റു ചെലവുകൾക്ക് പണം കണ്ടെത്താനും കഴിയാതെ സമൂഹത്തിന് മുന്നിൽ തലകുനിക്കേണ്ടി വരികയും സാമ്പത്തികവും മാനസികവുമായ സമ്മർദ്ദത്തിൽപ്പെടുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഇ-ഗ്രാന്റ് മുടങ്ങുന്നതുമൂലം പഠനം അവസാനിപ്പിക്കേണ്ടി വരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും ഗ്രാന്റ് മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ഇ & എഫ്) 2021-22 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധനയും ആയതിനുള്ള സാങ്കേതിക സഹായം നൽകുവാൻ താമസിച്ചതുമാണ് സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായിട്ടുള്ളത്. 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽനിന്ന് അപ്രൂവൽ

ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾക്ക് ബജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 145.19 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചു. വിതരണം ചെയ്യാൻ ശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ ആവശ്യപ്പെട്ട അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിച്ചില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്രവിഹിതം (75%) ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാന ബജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്തുവരുന്നു. കൂടാതെ അധികമായി ആവശ്യം വരുന്ന തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നു. പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

41 (2922) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ ഫീസാനുകൂല്യങ്ങൾ പൂർണ്ണമായും അനുവദിച്ച് നൽകുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷികളുടെയും പ്രീമെട്രിക് സ്കോളർഷികളുടെയും ഓവർസീസ് സ്കോളർഷിപ്പുകളുടെയും വ്യവസ്ഥകളും നിരക്കുകളും കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ശ്രീ അയ്യങ്കാളി

സ്കോളർഷിപ്പ് പദ്ധതിയുടെ മാനദണ്ഡവും നിരക്കും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള അക്കാഡമിക് അലവൻസുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിദേശ രാജ്യങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എം.ഫിൽ/പി.എച്ച്.ഡി. കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് സർക്കാർ എജൻസിയായ ഒഡെപെക് വഴിയാണ് അനുവദിച്ചുവരുന്നത്. പട്ടികജാതി വിദ്യാർത്ഥിക്ക് പോസ്റ്റ്മെട്രിക് ഇനത്തിൽ 145.19 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് അധിക തുകയ്ക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തത്

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്രവിഹിതം (75%) ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാന ബജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്തുവരുന്നു. കൂടാതെ അധികമായി ആവശ്യം വരുന്ന തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

42 (2923) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തും രാജ്യത്തും വിദേശത്തും പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പിന് എത്ര തുകയാണ് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്; ഇതിൻപ്രകാരം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്;

(ബി) ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ചെലവഴിച്ച തുകയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) വിദേശപഠനത്തിനായി കേന്ദ്രവിഹിതം ഇല്ല. ഇത് പൂർണ്ണമായും സംസ്ഥാനമാണ് വഹിക്കുന്നത്. 2022-2023 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന വിഹിതമായി സംസ്ഥാന സർക്കാർ 108 കോടി രൂപ വകയിരുത്തിയിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിലും വിദേശ പഠനത്തിനും ബജറ്റിൽ വകവരുത്തിയ തുകയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

വർഷം	വകയിരുത്തിയ തുക (കോടി)			ചെലവഴിച്ച തുക (കോടി)		
	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	ആകെ	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	ആകെ
2022-23	222	108	330	198.44	കേന്ദ്ര വിഹിതം വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ നേരിട്ട് നൽകുന്നു	198.44
2023-24	210.19	കേന്ദ്ര വിഹിതം വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ നേരിട്ട് നൽകുന്നു	210.19 കോടി	210.18 കോടി		210.18

വിദേശപഠനം

പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ പഠന സ്കോളർഷിപ്പിനായി ബജറ്റിൽ വകവരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റിൽ വകയിരുത്തിയ സംസ്ഥാന വിഹിതം	ചെലവഴിച്ച തുക
2022-23	30,28,74,872/-	30,28,74,872/-
2023-24	41,14,62,638/-	41,14,62,638/-

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന്റെ കേന്ദ്ര വിഹിതം നിലവിൽ ലഭ്യമായിട്ടില്ല. പ്രസ്തുത തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തും രാജ്യത്തും വിദേശത്തുമുള്ള പഠനത്തിനായി ബജറ്റിൽ വകയിരുത്തിയ തുകയുടേയും ചെലവഴിച്ച തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (കോടി)	ചെലവഴിച്ചതുക (കോടി)

	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	ആകെ	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	ആകെ
2022-23	15.05	26.25	41.3	13.24	24.52	37.76
2023-24	15.05	26.25	41.3	9.66	21.75	31.41

പുതുപ്പണത്തെ പ്രീമെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം

43 (2924) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ പുതുപ്പണത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിൽനിന്നും ഭൂമി കൈമാറി ലഭിച്ചത് എന്നാണ്; വ്യക്തമാക്കാമോ?

പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള ഭൂമി 15-02-2023-ൽ വടകര തഹസീൽദാരിൽനിന്നും കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കൈമാറി കിട്ടിയിട്ടുണ്ട്.

(ബി) പദ്ധതിക്കായി ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയത് എന്നാണ്; അനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

27-06-2022-ൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അംഗീകരിച്ചെങ്കിൽ മാത്രമേ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതികാനുമതി ലഭ്യമാകുകയുള്ളൂ. സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

(ഡി) പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിടത്തിൽനിന്നും കുട്ടികളെ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയത് എന്നുമുതൽക്കാണ്; പുതിയ വാടക കെട്ടിടത്തിന് വാടക നൽകുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

01-04-2023 മുതൽ ഹോസ്റ്റൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പി.ഡബ്ല്യു.ഡി-യിൽനിന്നും കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിന് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമായാലുടൻ പി.ഡബ്ല്യൂ.ഡി-യുമായി ബന്ധപ്പെട്ട് വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾ താമസിക്കുന്നത് അസൗകര്യങ്ങൾ നിറഞ്ഞ വാടക കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹോസ്റ്റൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്.

(എഫ്) എങ്കിൽ വാടക കെട്ടിടത്തിന്റെ വാടക എത്രയും വേഗം നൽകുന്നതിനും പുതുപ്പണത്ത് നിർദ്ദിഷ്ട ഭൂമിയിൽ പുതിയ ഹോസ്റ്റൽ കെട്ടിടം എത്രയുംവേഗം പൂർത്തിയാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വാടകനിർണ്ണയവുമായി ബന്ധപ്പെട്ട വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നമുറയ്ക്ക് പി.ഡബ്ല്യു.ഡി-യുമായി ബന്ധപ്പെട്ട് ഹോസ്റ്റൽ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് നൽകുന്നതാണ്.

കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം

44 (2925) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നേര്യമംഗലത്തും പിണവൂർകുടിയിലും നിർമ്മിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സം നീക്കി ഹോസ്റ്റലുകളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച നേര്യമംഗലം ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കളിക്കളം നഷ്ടപ്പെടുമെന്ന വാദമുയർത്തി നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പ്രദേശവാസികൾ എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് കരാർ ഒഴിവാക്കി. പകരം ഭൂമി കണ്ടെത്തിയെങ്കിലും ടി ഭൂമി നിർമ്മാണ യോഗ്യമല്ലെന്ന് ഏജൻസി അറിയിച്ചതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പിണവൂർക്കുടി ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്തിന് വനാവകാശ നിയമപ്രകാരമുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

സാങ്കേതിക തടസ്സം നീക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സഹായ പദ്ധതികൾ

45 (2926) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നേടുന്നതിന് നൽകിവരുന്ന സഹായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പു മുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും

(പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ച.അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ അവ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന

പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റ്, പ്ലഗ് ആന്റ് പ്ലേ വർക്ക് സ്റ്റേഷൻ, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇങ്കുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് പരിശീലനം നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്നമുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട്

വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ഏവിയേഷൻ, ഇലക്ട്രോണിക്സ്, മറൈൻ വ്യവസായം, പ്ലാസ്റ്റിക് വ്യവസായം, ആരോഗ്യം, പ്രിന്റിംഗ് ടെക്നോളജി എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം KELTRON, KASE, ASAP, CIPET, Kuttukkaran Institute തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്.

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ 20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് തൊഴിൽദാതാവിൽനിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ

എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾ നേരിടുന്നതിനായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവജനങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തരാക്കുന്നതിനുമായി ധാരാളം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ള തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്. ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ മേഖലയിലെ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ്

എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോമൊബൈൽ മേഖലയിലെ കോഴ്സുകൾ, കമ്പ്യൂട്ടർ ആൻഡ് ഡിജിറ്റൽ മീഡിയ മേഖലയിലെ കോഴ്സുകൾ നടത്തുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽദാതാക്കളുമായി ചേർന്ന് പ്ലേസ്മെന്റ് ഉറപ്പുവരുത്തി തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നു.

കൂടാതെ അഭ്യസ്തവിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിലും നൈപുണ്യവികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് TRACE പദ്ധതി (Training for Career Excellence). ഇതിന്റെ ഭാഗമായി എസ്.ടി. പ്രൊമോട്ടർ, അക്രെഡിറ്റഡ് എഞ്ചിനീയർ, സോഷ്യൽ വർക്കർ, മാനേജ്മെന്റ് ട്രെയിനി, സ്റ്റുഡന്റ് കൗൺസിലർ, മെന്റർ ടീച്ചർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ നഴ്സിംഗ്, പാരാമെഡിക്കൽ മേഖലകളിലും ഇത്തരത്തിൽ നിയമനം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ നിയമ ബിരുദധാരികൾക്ക് പ്രഗത്ഭരായ സീനിയർ അഭിഭാഷകർക്കൊപ്പം

പ്രാക്ടീസ് ചെയ്യുന്നതിന് അവസരം നൽകുകയും ഓണറേറിയം വകുപ്പ് മുഖേന നൽകുകയും ചെയ്യുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 500 പട്ടികവർഗ്ഗ യുവതിയുവാക്കളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലും നിയമിച്ചിട്ടുണ്ട്.

പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിലുപീകരിക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 82 നഴ്സിംഗ് ബിരുദം/ഡിപ്ലോമ യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഓണറേറിയം വ്യവസ്ഥയിലും ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിൽ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സ്വന്തം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ മാർഗ്ഗദർശനം നൽകി അവരെ വിജയത്തിലേയ്ക്ക്

കൈപിടിച്ച് ഉയർത്തുന്നതിനായി വകുപ്പിന്റെ ഭാഗമായുള്ള ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിലുള്ളവർക്ക് മുദ്രാലോൺ മാതൃകയിൽ ധനസഹായ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യക്തികൾ, ഗ്രൂപ്പുകൾ, കേരള സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സ്റ്റാർട്ടപ് സംരംഭങ്ങൾ എന്നിവർക്ക് അർഹതയുണ്ടായിരിക്കുന്നതും പ്രോജക്ട് വായ്പാധിഷ്ഠിതമായിരിക്കുന്നതുമാണ്. 80% തുക പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുന്നതും അടങ്കൽ തുകയുടെ 20% കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽനിന്നോ ബാങ്കിൽനിന്നോ വായ്പ എടുത്തിരിക്കണം. കേരള എംപവർമെന്റ് സൊസൈറ്റി (ഉന്നതി) മുഖാന്തരമായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

മോഡൽ റെസിഡൻഷ്യൽ/പ്രീ മെട്രിക് ഹോസ്റ്റലുകളിലെ കുക്കുമാരുടെ നിയമനം

46 (2927) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വയനാട് ജില്ലയിൽ എത്ര മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുണ്ട്; ജില്ലയിൽ എത്ര എസ്.ടി. പ്രീമെട്രിക് ഹോസ്റ്റലുണ്ട്; മേല്പറഞ്ഞ ഓരോ സ്ഥാപനത്തിലും സ്ഥിരം പാചകത്തൊഴിലാളികളുടെ എത്ര തസ്തികകളുണ്ട്; ഓരോ സ്ഥാപനങ്ങളിലും നിലവിലുള്ള ദിവസ വേതന പാചകത്തൊഴിലാളികൾ എത്ര; സ്ഥിരം പാചകത്തൊഴിലാളികളുടെ ഒഴിവിലാണോ ഇവരെ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വയനാട് ജില്ലയിൽ 5 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 26 പ്രീമെട്രിക് ഹോസ്റ്റലുകളും ഉണ്ട്. ഓരോ സ്ഥാപനത്തിലെയും സ്ഥിരം പാചക തൊഴിലാളികളുടെ തസ്തികകൾ, എണ്ണം, മറ്റു വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു*.

(ബി) പി.ടി.എസ്. (പാർട്ട് ടൈം സ്വീപ്പർ) ജീവനക്കാർക്ക് പ്രൊമോഷൻ നൽകി എത്ര ശതമാനം പാചകത്തൊഴിലാളികളെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമിക്കാമെന്ന് വ്യക്തമാക്കുമോ; അങ്ങനെ നിയമിച്ച പാചകത്തൊഴിലാളികൾക്ക് നിശ്ചിത യോഗ്യത സമയ പരിധിക്കുള്ളിൽ നേടുവാൻ സാധിച്ചില്ല എങ്കിൽ അവർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്; ഇപ്രകാരം ആർക്കെങ്കിലും എതിരെ മുൻസർക്കാരിന്റെ കാലം മുതൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

പി.ടി.എസ്. ജീവനക്കാർക്ക് പ്രൊമോഷൻ നൽകി 25% പാചകത്തൊഴിലാളികളെ നിയമിക്കാവുന്നതാണ്. അങ്ങനെ നിയമിച്ച പാചകത്തൊഴിലാളികൾക്ക് നിശ്ചിത യോഗ്യത സമയപരിധിക്കുള്ളിൽ നേടുവാൻ സാധിച്ചിട്ടില്ലെങ്കിൽ അവരെ പി.ടി.എസ്. തസ്തികയിലേയ്ക്ക് റിവേർഷൻ നടത്തുന്നതാണ്. ഇക്കാര്യത്തിൽ ഇതുവരെയായി ആർക്കെതിരെയും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) പി.എസ്.സി. മുഖേനെ പാചകത്തൊഴിലാളികളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ജില്ലയിലെ മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ദിവസ വേതന പാചകത്തൊഴിലാളികളെ നിയമിക്കുന്നത്

ആരാണ്; ഇത്തരത്തിൽ നിയമിച്ചവർക്ക് അതിനുള്ള യോഗ്യത ഉണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ; എല്ലാവരും നിർദിഷ്ട യോഗ്യത ഉള്ളവരാണോ; വിശദാംശം വ്യക്തമാക്കുമോ?

പി.എസ്.സി. മുഖേന പാചകത്തൊഴിലാളികളെ നിയമിച്ചുവരുന്നു. ദിവസവേതനാടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരെ മാത്രമാണ് പാചകത്തൊഴിലാളികളായി നിയമിക്കുന്നത്. നിർദ്ദിഷ്ട യോഗ്യത ഉള്ളവർക്ക് ഈ നിയമനത്തിൽ മുൻഗണന നൽകാറുണ്ട്. എന്നാൽ അടിയന്തിര സാഹചര്യത്തിൽ അവരുടെ പാചക വൈദഗ്ധ്യം കണക്കിലെടുത്തു നിയമിക്കാറുണ്ട്.

(ഡി) 2010-ലെ സർക്കാർ ഉത്തരവ് പ്രകാരം പി.ടി.എസ്-ൽനിന്നും നിയമിച്ചവർ നിശ്ചിത സമയത്തിനുള്ളിൽ യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ; സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ റിവേർഷൻ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

നിശ്ചിത യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ റിവേർട്ട് ചെയ്തിട്ടില്ല.

വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി

47 (2928) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട വ്യവസായ മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനമൊട്ടാകെ ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ സംരംഭമാണ് സ്റ്റാർട്ടപ്പ് സിറ്റി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെ

ഉൾക്കൊള്ളുന്ന രീതിയിൽ സംരംഭകത്വത്തെ പിന്തുണയ്ക്കുന്ന ഒരു ഉദ്യമമാണ് സ്റ്റാർട്ടപ്പ് സിറ്റി. സ്റ്റാർട്ടപ്പ് സിറ്റിയുടെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനും കേരള എംപവർമെന്റ് സൊസൈറ്റിക്കുമാണ്. 'അഗ്രിഗേഷൻ മോഡൽ' മുഖാന്തരം സംരംഭകർക്ക് വിപണി കണ്ടെത്താൻ സഹായിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് മാത്രമായി എന്തെങ്കിലും പ്രത്യേക വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വനിതകൾക്ക് മാത്രമായി പ്രത്യേക വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി നിലവിലില്ല. എന്നാൽ വനിതകൾക്ക് മുൻഗണന നൽകുന്നുണ്ട്.

ഉന്നതി വൈജ്ഞാനിക തൊഴിൽ പദ്ധതി

48 (2929) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. പി. സുമോദ്:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോളജ് ഇക്കണോമി മിഷനും ഉന്നതി കേരള എംപവർമെന്റ് സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഉന്നതി വൈജ്ഞാനിക തൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനതയുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വിദ്യാഭ്യാസപരവും ആരോഗ്യപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനും സാമൂഹ്യസുരക്ഷിതത്വം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും എസ്.സി./എസ്.റ്റി. സംരംഭകരുടെ സ്വാശ്രയ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മറ്റുമായി രൂപീകരിച്ച സംഘടനയാണ് ഉന്നതി-കേരളാ എംപവർമെന്റ് സൊസൈറ്റി.

കേരള നോളഡ്ജ് ഇക്കോണമി മിഷൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട മറ്റ് ഏജൻസികളുമായും ചേർന്നുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനവും തൊഴിൽ സാധ്യതകളും പരിശോധിക്കുകയും 2026-ന് മുമ്പ് വിവിധഘട്ടങ്ങളിലായി വൈജ്ഞാനിക തൊഴിൽതൽപ്പരരായ 18-നും 59-നും ഇടയ്ക്ക് പ്രായമുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയോ അതിനുമുകളിലോ യോഗ്യതയുള്ളവരുമായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവർക്കായി റെസിഡൻഷ്യൽ പരിശീലനത്തിലൂടെയോ ഓൺലൈൻ പരിശീലനത്തിലൂടെയോ തൊഴിൽ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരള നോളഡ്ജ് ഇക്കോണമി മിഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയ DWMS-ഡിജിറ്റൽ വർക്ക് മാനേജ്മെന്റ് സിസ്റ്റം എന്ന തൊഴിൽ പോർട്ടൽ വഴിയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള

സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ടപ്പ് സിറ്റി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതിയിലേയ്ക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികജാതി വിഭാഗം - 142256 പേർ

പട്ടികവർഗ്ഗ വിഭാഗം - 16723 പേർ

ഉന്നതി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസനവകുപ്പിൽ ലഭ്യമായ ഏതാനും അപേക്ഷകളിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്. കേരള നോളഡ്ജ് ഇക്കോണമി മിഷനിൽ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു.

(സി) ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് റിക്രൂട്ട്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ്ഫോം വഴി വെർച്വൽ തൊഴിൽ മേളകൾ, ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനുള്ള അവസരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രാദേശിക തൊഴിൽ മേളകൾ, ജില്ലാതല തൊഴിൽമേളകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ കേരള നോളഡ്ജ് ഇക്കോണമി മിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

കുടുംബി സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

49 (2930) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താർഡ്സ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെയും കിർത്താർഡ്സ് 1980-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുടുംബി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ചേർക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) കുടുംബി സമുദായത്തെ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താഡ്സ് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

കുന്നത്തുനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ

50 (2931) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പ് മുഖേന 2023-24 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട വാഴക്കുളം പഞ്ചായത്തിലെ കൈതപ്പാറ എസ്.സി. കോളനിയിലെ റോഡ് കട്ട വിരിക്കൽ പ്രവൃത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ഭരണാനുമതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

പാലക്കാട് ജില്ലയിൽ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ

51 (2932) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ പുരോഗതി എന്നിവയും ബ്ലോക്കടിസ്ഥാനത്തിൽ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച ബ്ലോക്കടിസ്ഥാനത്തിലുള്ള വിവരങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പദ്ധതി പ്രവൃത്തികൾ

52 (2933) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ; ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദാംശം, ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുക, അവയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 2023-24 വർഷം കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലെ പൂഞ്ചോല എൽ.പി.സ്കൂൾ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

വർക്കല മണ്ഡലത്തിൽ കോർപസ് ഫണ്ട് വിനിയോഗിച്ച്
ഭരണാനുമതി നൽകിയ പ്രവൃത്തികൾ

53 (2934) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുൻ സർക്കാരിന്റെയും (2016-2021) ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

പട്ടികജാതി വകുപ്പ്

മുൻ സർക്കാരിന്റെയും (2016-2021) ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികൾ, ഓരോന്നിനും അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വകുപ്പ്

മുൻ സർക്കാരിന്റെയും (2016-2021) ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികളൊന്നും ചെയ്തിട്ടില്ല.

(ബി) പ്രസ്തുത കാലയളവിൽ അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വകുപ്പ്

നിർമ്മാണം പൂർത്തീകരിച്ചവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വകുപ്പ്

ബാധകമല്ല.

മലപ്പുറം ജില്ലയിലെ എസ്.ടി. പ്രൊമോട്ടർ നിയമനം

54 (2935) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2024-ൽ നിയമിച്ച എസ്.ടി. പ്രൊമോട്ടർമാരുടെ പേര്, വിലാസം, പ്രവർത്തിക്കാൻ അനുവദിച്ച കോളനികളുടെ പേര് എന്നിവ ലഭ്യമാക്കാമോ?

(ബി) പ്രസ്തുത ജില്ലയിൽ 2024-ലെ എസ്.ടി. പ്രൊമോട്ടർ നിയമനത്തിനുവേണ്ടി അഭിമുഖത്തിന് ഹാജരായവരുടെ പേര്, വിലാസം എന്നിവ ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത ജില്ലയിൽ 2024-ലെ എസ്.ടി. പ്രൊമോട്ടർ നിയമനത്തിനുവേണ്ടി അഭിമുഖത്തിന് ഹാജരായി 40 വയസ് പിന്നിട്ട കാരണത്താൽ ലിസ്റ്റിൽ നിന്നൊഴിവാക്കിയവരുടെ പേര്, വിലാസം എന്നിവ ലഭ്യമാക്കാമോ?

ക്രമ നം.	**പേരും മേൽവിലാസവും**
1	സുരേഷ് കെ.എസ്. പാലക്കാപ്പൊയിൽ ഹൗസ് ഭ്രദാനം പി.ഒ, കുനിപ്പാല
2	വിജയശ്രീ.വി.പി. പാലൻകരായി ഹൗസ് വെള്ളിമുറ്റം, കുറുമ്പലങ്ങോട്
3	ഉഷ.എൻ കുരീരി ഹൗസ് ഓടക്കയം, വെറ്റിലപ്പാറ
4	രാജീവ്.എം മേലേമങ്ങാട് ഹൗസ് കാരച്ചാൽ, പുള്ളിപ്പാടം പി.ഒ മമ്പാട്
5	സുജ.എ.ഡി നെടിയൻകൊട്ടിൽ ഹൗസ് കുണ്ടുപുറം, ആമയൂർ
6	മുകേഷ് വള്ളിക്കെട്ട് കോളനി

	കരുളായി

(ഡി) പ്രസ്തുത ജില്ലയിൽ പട്ടികവർഗ്ഗ മേഖലയിൽ സർക്കാർ വികസന ക്ഷേമപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എസ്.ടി. പ്രൊമോട്ടർമാരുടെ അധിക തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രൊപ്പോസൽ വരുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

ഏറനാട് മണ്ഡലത്തിലെ ഗോത്ര സാരഥി പദ്ധതി

55 (2936) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും ഓരോ സ്കൂളുകളിലും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ?

(എ & ബി) പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് വാഹനങ്ങൾ ഏർപ്പാടാക്കുന്നതിനുള്ള ചുമതലയും ഇപ്രകാരം ഏർപ്പാടാക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കുകൾ, ഹാജർ പട്ടിക മുതലായവ പരിശോധിച്ച് ടൈബൽ എക്സ്റ്റൻഷൻ ആഫീസർക്ക് സമർപ്പിക്കേണ്ട ചുമതലയും പ്രഥമാദ്ധ്യാപകർക്കാണ്.

ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിക്കുകയും ശിപാർശയനുസരിച്ച് തുക അനുവദിക്കേണ്ട ചുമതല ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർക്കുമാണ്.

ഇപ്രകാരം ഏറനാട് മണ്ഡലത്തിൽ വിദ്യാവാഹിനി (ഗോത്ര സാരഥി) പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിവരവും ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന കുട്ടികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചില പ്രദേശങ്ങളിൽ ടാക്സി വാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പ്രദേശങ്ങളിലെ സാഹചര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും നേതൃത്വത്തിൽ നടന്ന മേഖലാ അവലോകനയോഗത്തിൽ ടി വിഷയം പരിഗണിക്കുകയും വിദ്യാവാഹിനി പദ്ധതി സംബന്ധിച്ച പ്രശ്നങ്ങൾ സ്കൂൾ അധികൃതരും രക്ഷിതാക്കളും ബന്ധപ്പെട്ട അധികൃതരും ചർച്ച നടത്തി പ്രശ്നം പരിഹരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ആഭ്യന്തര വിജിലൻസ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടുകൾ

56 (2937) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ സമർപ്പിച്ച ഏതൊക്കെ

റിപ്പോർട്ടുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം, കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ, സമർപ്പിച്ച റിപ്പോർട്ടുകളിൽ ചൂവടെ പരാമർശിക്കുന്ന വിഷയങ്ങളിൽ ക്രമക്കേടുകൾ കണ്ടത്തിയിട്ടുണ്ട് .

പ്രസ്തുത റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു*.

1. പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ കൃഷിഭ്രമിയായി, വെള്ളക്കെട്ടുള്ള ചതുപ്പുനിലം പതിച്ചുനൽകിയത് സംബന്ധിച്ച്.

2. പാലക്കാട് മണ്ണാർക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന പട്ടികജാതി വിഭാഗത്തിന് സർക്കാർ അനുവദിച്ച ഭ്രമി തട്ടിയെടുത്തത് സംബന്ധിച്ച്.

3. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ ജില്ലാ പഞ്ചായത്തിന്റെ Skilltech Apprentice Trainee ശ്രീമതി രമ്യ എം.-നെ പിരിച്ചുവിട്ടത് സംബന്ധിച്ച് .

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്കെതിരായ ആരോപണം സംബന്ധിച്ച്.

5. പാലക്കാട്, ചിറ്റൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന ചക്ലിയൻ വിഭാഗക്കാർക്ക് കൃഷിഭൂമി നൽകിയ പദ്ധതിയിൽ ക്രമക്കേടാരോപണം സംബന്ധിച്ച്.

6. കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന നൽകിയ കൃഷിഭൂമി പദ്ധതിയിൽ ക്രമക്കേടാരോപണം സംബന്ധിച്ച്.

7. പറവൂർ നഗരസഭയിൽ പട്ടികജാതിക്കാർക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് ഭൂമി വാങ്ങിയതിലെ അഴിമതി സംബന്ധിച്ച്.

8. പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് ഡോ. ബി. ആർ. അംബേദ്കർ-അയ്യങ്കാളി തൊഴിൽ പരിശീലന കേന്ദ്രം പൂർണ്ണമായും തൊഴിൽ പരിശീലന കേന്ദ്രമാക്കി മാറ്റണമെന്ന ആവശ്യം സംബന്ധിച്ച്.

9. തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കെതിരായ ആരോപണം സംബന്ധിച്ച്.

സി. ആന്റ് എ.ജി. ഓഡിറ്റ് റിപ്പോർട്ട്

57 (2938) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ സി.ആന്റ്.എ.ജി.

നടത്തിയ ഓഡിറ്റിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കൊണ്ടോട്ടി ബ്ലോക്കിൽ വെർച്വൽ പി.ഇ.ടി.സി. ആരംഭിക്കുന്നതിന് നടപടി

58 (2939) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്റർ (പി.ഇ.ടി.സി.) ഇല്ലാത്ത ജില്ലകളിൽ വെർച്വൽ പി.ഇ.ടി.സി. ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്റർ ആരംഭിക്കാൻ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് ആവശ്യമുള്ള സ്ഥലം ലഭ്യമാക്കാം എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്റർ കൊണ്ടോട്ടി ബ്ലോക്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ കീഴിലുള്ള ICFOS നടപടികൾ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മണ്ഡലങ്ങളിൽ വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കും.

ഓരോ മണ്ഡലത്തിലും ആദ്യഘട്ടം ഒരു സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സഹായിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ.-മാർക്ക് കത്ത് നൽകിയിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

59 (2940) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെയും (2016-21) നിലവിലെ സർക്കാരിന്റെയും കാലയളവിൽ ഫണ്ടനുവദിച്ചത് എത്ര കോളനികൾക്കാണെന്ന് വിശദമാക്കാമോ; കോളനിയുടെ പേര്, അനുവദിച്ച ഫണ്ട്, വർഷം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത കോളനികൾ ഏതൊക്കെയാണെന്നും പ്രസ്തുത കോളനികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ സേഫ്, പഠനമുറി പദ്ധതികൾ

60 (2941) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സേഫ്, പഠനമുറി എന്നീ പദ്ധതികൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർ നിർമ്മാണം പൂർത്തീകരിച്ചു എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 101 ഗുണഭോക്താക്കൾക്ക് സേഫ് പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുകയും ആയതിൽ 65 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 19 ഗുണഭോക്താക്കൾക്ക് സേഫ് പദ്ധതി പ്രകാരം

ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ ആരുംതന്നെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച പഠനമുറിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	**അനുവദിച്ച എണ്ണം**	**പൂർത്തീകരിച്ച എണ്ണം**
2017-18	32	31
2018-19	27	27
2019-20	23	23
2020-21	59	59
2021-22	33	33
2022-23	36	34
ആകെ	**210**	**207**

പട്ടികവർഗ്ഗ വികസന വകുപ്പ് കോളനികൾ കേന്ദ്രീകരിച്ചാണ് സാമൂഹ്യപഠനമുറികൾ നടപ്പാക്കി വരുന്നത്. വകുപ്പ് മുഖേന വ്യക്തിഗത പഠനമുറികൾ അനുവദിക്കുന്നില്ല.

വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ

61 (2942) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും ആയതിന് ചെലവഴിച്ചിട്ടുള്ള തുകയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു*.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച ചികിത്സാ ധനസഹായം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

62 (2943) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2016 മുതൽ ഇന്നുവരെ എത്ര കോടി രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗങ്ങൾക്കായി 2016 മുതൽ നാളിതുവരെ 233,55,74,718/- രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായമായി ആകെ 163.12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ ചികിത്സാ സഹായം കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ എത്രപേർക്ക് അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട 819 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2375 പേർക്കും ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

63 (2944) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പദ്ധതി നടന്നുവരുന്ന വലിയപറമ്പ് കോളനിയിലെ പ്രവൃത്തികൾ 2024 മാർച്ച് 31-നകം പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

ഇ-ഗ്രാന്റ് നൽകുന്നതിനുള്ള നടപടി

64 (2945) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സ്വദേശിയായ ആൻസി ഏഞ്ചൽ റോച്ച എന്ന ബാംഗ്ലൂർ നിംഹാൻസ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിക്ക് ഇ-ഗ്രാന്റ് സ്കോളർഷിപ്പ് മൂന്ന്, നാല് വർഷങ്ങളിൽ ലഭിച്ചില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്കോളർഷിപ്പ് നൽകാതിരിക്കാൻ എന്തെങ്കിലും കാരണങ്ങളുണ്ടോ? വിശദമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച വിദ്യാർത്ഥിയുടെ ഇ-ഗ്രാന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി & സി) സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ഇ.സി., ഒ.ബി.സി.(എച്ച്) വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ (സംസ്ഥാനത്തിന് പുറത്ത്) പദ്ധതി പ്രകാരം ബാംഗ്ലൂർ നിംഹാൻസ് നഴ്സിംഗ് കോളേജിൽ പഠിക്കുന്ന കുമാരി എഞ്ചൽ റോച്ച എന്ന വിദ്യാർത്ഥിനിക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്. പഠനകാലയളവിൽ 3, 4 വർഷങ്ങളിലെ വിദ്യാഭ്യാസാനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസിൽ അന്വേഷിച്ചതിൽനിന്നും അറിയാൻ കഴിഞ്ഞു. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന ശീർഷകത്തിൽ നിലവിൽ തുകയൊന്നുംതന്നെ ശേഷിക്കുന്നില്ല. ഈ ഇനത്തിലുള്ള കുടിശ്ശിക കണക്കാക്കി അധിക ധനാനുമതി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. മതിയായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടി

വിദ്യാർത്ഥിനിക്കും തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആറ്റുമൺപുറം സെറ്റിൽമെന്റിലെ പാലം നിർമ്മാണം

65 (2946) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ വിതുര ഗ്രാമപഞ്ചായത്തിലെ ആറ്റുമൺപുറം സെറ്റിൽമെന്റിലെ പാലം നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ?

(എ & ബി) വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ വിതുര ഗ്രാമപഞ്ചായത്ത് മണലി വാർഡിൽ ആറ്റുമൺപുറം-കൊങ്ങൻമരുതിൻമൂട് തുടങ്ങി മറ്റ് ഇതര സെറ്റിൽമെന്റുകളിലേയ്ക്കും ആനപ്പാറ-കല്ലാർ റോഡിൽ ഗാർഡ് സ്റ്റേഷനിൽനിന്നും എത്തുന്നതിനുമായാണ് പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ 77 ലക്ഷം രൂപയും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിഹിതമായ 17 ലക്ഷം രൂപയും ഉൾപ്പെടെ 94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2017-18-ൽ ആറ്റുമൺപുറം പാലം നിർമ്മാണം ആരംഭിച്ചത്. പാലത്തിന്റെ 80% പണി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെറ്റിൽമെന്റിലേയ്ക്കുള്ള ഭാഗം ഇനിയും പൂർത്തീകരിക്കാനുണ്ട്. പാലം നിർമ്മാണം പൂർത്തീകരിച്ച് റോഡ് പുനരുദ്ധരിച്ചാൽ മാത്രമേ ഗതാഗത യോഗ്യമാവുകയുള്ളൂ. ആറ്റുമൺപുറം പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനും അപ്രോച്ച് റോഡിനുമായി 1,41,00,000/- രൂപയുടെ പദ്ധതിക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരവും ടി പദ്ധതി പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്നതിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയും ലഭ്യമായിരുന്നു. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി.-ക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ലെന്ന് അറിയിച്ചതിനെ തുടർന്ന് നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിനും എൽ.എസ്.ജി.ഡി. മുഖേന പദ്ധതി നടപ്പിലാക്കുന്നതിനും

4-10-2023-ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി

66 (2947) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ ഉൾപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കുള്ള സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പ്രകാരം 69 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

നിലവിൽ സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി വഴി 200-ൽപ്പരം യുവസംരംഭകർക്ക് പരിശീലനം നൽകിവരുന്നു.

(ബി) പ്രസ്തുത പരിശീലനം ലഭിച്ചവർ എത്ര പേർ സംരംഭകരായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ എന്ന് വിശദമാക്കാമോ?

ഉണ്ട്. 38 പേർ സംരംഭകരാണ്.

പാലക്കാട് കെൽപാം റൈസ് മില്ലിന്റെ പ്രവർത്തനം

67 (2948) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കല്ലേപുള്ളിയിൽ 2021 ഫെബ്രുവരി 13-ന് കെട്ടിട ഉദ്ഘാടനം കഴിഞ്ഞ കെൽപാം റൈസ് മിൽ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നതിനുള്ള കാരണം എന്താണെന്നും ഇതിലേയ്ക്കായി വകുപ്പ് എത്ര കോടി രൂപ ചെലവാക്കിയെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഇവിടെ സ്ഥിര/താൽക്കാലിക നിയമനം നൽകിയെന്നുമുള്ള വിശദാംശം അറിയിക്കുമോ?

പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളിയിൽ കെൽപാം മോഡേൺ റൈസ് മിൽ 2021 ഫെബ്രുവരി മാസം ഉദ്ഘാടനം കഴിഞ്ഞെങ്കിലും കോവിഡ് മഹാമാരി കാലയളവിൽ 6 മാസം പണി നിർത്തിവയ്ക്കേണ്ടി വന്നതിനാൽ മില്ലിന്റെ പ്രവർത്തനം യഥാസമയം ആരംഭിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. മാത്രമല്ല, യഥാസമയം ബാക്കി പണി പൂർത്തീകരിക്കാൻ കഴിയാത്തത്, കോസ്റ്റ് എസ്കലേഷനും ഇടയാക്കിയിട്ടുണ്ട്.

DPR പ്രകാരം Project Cost 6,08,41,000/- രൂപയും പ്രവർത്തന മൂലധനം 3,53,00,000/- രൂപയും ചേർത്ത് ആകെ 9,61,40,000/- രൂപയാണ് ടി പദ്ധതിക്കായി വകയിരുത്തിയിരുന്നത്. ഇതിൽ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷമാണ് പ്രവർത്തന മൂലധനം അനുവദിക്കേണ്ടത്. DPR പ്രകാരം Project Cost ആയ 6,08,41,000/- രൂപയിൽ 5,82,46,401/- രൂപ കെൽപാമിന് നിലവിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ബാലൻസ് 25,94,599/- രൂപ മാത്രമേ ഈ ഇനത്തിൽ കെൽപാമിന് പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിക്കാൻ ശേഷിക്കുന്നുള്ളൂ.

പ്രസ്തുത മിൽ പ്രവർത്തനസജ്ജമാക്കുന്നതിന് DPR പ്രകാരം വളരെ അത്യാവശ്യമുള്ള പ്രവൃത്തികൾക്ക് അനുവദിക്കേണ്ട തുക സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കെൽപാമിനോട് ആവശ്യപ്പെട്ടതിൻപ്രകാരം 1,59,68,290/- രൂപയുടെ പ്രൊപ്പോസൽ കെൽപാം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

മോഡേൺ റൈസ് മിൽ പ്രവർത്തനം ആരംഭിക്കാത്തതിനാൽ നിയമനങ്ങൾ ഒന്നുംതന്നെ നാളിതുവരെ നടത്തിയിട്ടില്ല.

(ബി) പ്രസ്തുത മില്ലിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോ?

ഇല്ല.

(സി) ഈ കെൽപാം മില്ലിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ടോ?

ഉണ്ട്. പ്രസ്തുത വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിന് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷനെ ചുമതലപ്പെടുത്തി വ്യവസായ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മില്ലിന്റെ പ്രവർത്തനം പട്ടികജാതിവികസന വകുപ്പ് നേരിട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ? വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

68 (2949) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുതലപ്ര, വെള്ളകുന്ന് എന്നീ കോളനികൾക്ക് അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മുതലപ്ര, വെള്ളകുന്ന് കോളനികളുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. പട്ടികജാതി വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായ തീയതി അറിയിക്കുമോ; ഡി.പി.ആർ.

പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

മുതലപ്പൂ, വെള്ളകുന്ന് എന്നീ കോളനികളുടെ ആദ്യ എസ്റ്റിമേറ്റുകൾ യഥാക്രമം 28-01-2023, 23-03-2023 എന്നീ തീയതികളിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റുകളിലെ ന്യൂനതകൾ പരിഹരിച്ച് 20-11-2023-ൽ നിർവ്വഹണ ഏജൻസി പുനഃസമർപ്പിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസമാണ് ഭരണാനുമതി വൈകുന്നതിന് ഇടയാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്നും ഡി.പി.ആർ. സമർപ്പിക്കുന്നതിൽ ഏജൻസിയുടെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ?

Steel Industrials Kerala Limited, Thrissur(SILK) ആണ് ടി രണ്ട് കോളനികളുടേയും നിർവ്വഹണ ഏജൻസി. എസ്റ്റിമേറ്റ് ന്യൂനത പരിഹരിച്ച്

ലഭ്യമാക്കുന്നതിൽ ഏജൻസിയുടെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടുണ്ട്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം

69 (2950) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള തൃശ്ശൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള തൃശ്ശൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിടത്തിന്റെ സ്ട്രക്ച്ചറിംഗ്, ഫ്ലോറിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷനുൾപ്പെടെ അവശേഷിക്കുന്ന മറ്റ് പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച വിഹിതം

70 (2951) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ പ്ലാൻ ഫണ്ട് തുകയും ആയതിൽ നാളിതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പ് 2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ പ്ലാൻ ഫണ്ട് തുകയും ആയതിന് നാളിതുവരെ ചെലവഴിച്ച തുകയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരവും അനുബന്ധമായി ചേർക്കുന്നു+.

(ബി) 2023-24 വർഷം പട്ടികജാതി പട്ടികവർഗ്ഗ മേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണെന്നും ഓരോന്നിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിരുന്ന തുകയും 2024 ജനുവരി 31 വരെ ചെലവഴിച്ച തുകയും എത്രയെന്നും വ്യക്തമാക്കുമോ?

2023-24 വർഷം പട്ടികജാതി മേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളും ഓരോന്നിനും വകയിരുത്തിയിരുന്ന തുകയും 2024 ജനുവരി 31 വരെ ചെലവഴിച്ച തുകയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരവും അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിലും നഴ്സിംഗ് സ്കൂളുകളിലും പഠിക്കുന്ന പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കാനുള്ള സ്റ്റൈപ്പന്റ് കുടിശ്ശിക എത്രയെന്നും ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കും എന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിലും നഴ്സിംഗ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷത്തെ സ്കോളർഷിപ്പ് ഇനത്തിൽ 1.71 കോടി രൂപ കുടിശ്ശികയായി നൽകുവാനുണ്ട്.

നടപ്പുവർഷമായ 2023-24-ലെ നാളിതുവരെ അപ്രൂവൽ ലഭിച്ച അപേക്ഷകൾക്ക് 77.02 ലക്ഷം രൂപ വിതരണം ചെയ്യുവാനുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24 വർഷം ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും സ്കോളർഷിപ്പ് വിതരണത്തിനായി ചെലവഴിച്ചതിനാൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിലും നഴ്സിംഗ് സ്കൂളുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കാനുള്ള സ്റ്റൈപ്പന്റ് കുടിശ്ശികയുടെ വിവരങ്ങൾ വകുപ്പിൽ പ്രത്യേകമായി ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിന് തടസ്സം നേരിടാതിരിക്കാനും വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശ്ശിക സഹിതം വിതരണം നടത്തുന്നതിനും സംസ്ഥാന ബജറ്റ് വിഹിതത്തിൽനിന്നും കുടിശ്ശിക തുക ചെലവഴിക്കുന്നതിന് 26-07-2023-ലെ സ.ഉ നം. (സാധാ.) 940/2023 SCSTD. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 2022-2023 മേയ് വരെ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമായ അപേക്ഷകൾ പ്രകാരം കുടിശ്ശികത്തുകയായ 29,42,73,039/- രൂപ (ഇരുപത്തി ഒൻപത് കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി എഴുപത്തി

മൂവായിരത്തി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപയിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 10,78,84,764/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫീസ്/ഹോസ്റ്റൽ ഫീസ് തുടങ്ങിയ ഇനത്തിൽ 10,19,28,847/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. അതിനുശേഷം ലഭിച്ച അപേക്ഷകൾ അർഹത പരിശോധിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെ.ജി.ടി.ഇ., ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ്സ് ടെക്നോളജി സ്ഥാപനങ്ങളിൽ ഓരോ അധ്യയനവർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം പഠിതാക്കളെ പഠനത്തിനായി ബ്ലോക്കുതല പട്ടികജാതി വികസന ഓഫീസുകളിൽനിന്നും തെരഞ്ഞെടുത്ത് അയച്ചിരുന്നോ; ആയത് 2023-24 സാമ്പത്തികവർഷം നിർത്തൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ആയത് പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.ജി.ടി.ഇ., ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ്സ് ടെക്നോളജി കോഴ്സുകൾക്കുള്ള പഠനത്തിനായി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. 26-12-2023-ലെ സ.ഉ. (പി) 9/2023/SCSTDD പ്രകാരം പ്രീമെട്രിക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുണ്ടായിരുന്ന ഉത്തരവിലെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവായിരുന്നു. അതിലെ മാനദണ്ഡപ്രകാരം കെ.ജി.ടി.ഇ., ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ്സ് ടെക്നോളജി കോഴ്സുകൾക്കുള്ള പഠനം നടത്തുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും തുടർന്നും ആനുകൂല്യം അനുവദിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇപ്രകാരമൊരു പദ്ധതി നടപ്പാക്കുന്നില്ല.

കൊങ്കിണിഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്

71 (2952) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ താലൂക്കുകൾ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ കൊങ്കിണിഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന വിഷയത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 4-11-2012-ലെ ജി.ഒ (ആർ.ടി) 133/2010/എസ്.സി ആൻഡ് എസ്.ടി. ഉത്തരവ് പ്രകാരം ലാറ്റിൻ കത്തോലിക്ക ക്രൈസ്തവ വിഭാഗത്തിന് രൂപതാ ബിഷപ്പിന്റെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ ജാതി സർട്ടിഫിക്കറ്റ് നൽകാമെന്ന ഉത്തരവ് നിലവിലുണ്ടോ; വിശദാംശം നൽകാമോ?

04-11-2010-ലെ സ.ഉ (എം.എസ്) നം.113/2010/പജപവവിവ. പ്രകാരം ജാതി സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ മതപുരോഹിതൻ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ പൂർണ്ണമായും ആശ്രയിക്കാതെ അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടേയും വില്ലേജാഫീസർ നടത്തുന്ന

പ്രാദേശിക അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

(സി) ഈ ഉത്തരവ് കാസർഗോഡ് ജില്ലയിലും ബാധകമാക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ വർഷങ്ങളായി ഈ വിഭാഗത്തിലുള്ളവർ ഉന്നയിക്കുന്ന പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി & ഡി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചുവരുന്നു.

വിജിലൻസ് പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ

72 (2953) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി)പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

മണിമലയിലെ കമ്മ്യൂണിറ്റി ഹാൾ

73 (2954) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി മണിമലയിൽ പണികഴിപ്പിച്ച കമ്മ്യൂണിറ്റി ഹാൾ തുറന്നുകൊടുക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

22-01-2024-ൽ ജില്ലാ പട്ടികജാതി-പട്ടികവർഗ്ഗ വികസനസമിതി യോഗം ശിപാർശ ചെയ്ത പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ

പൂർത്തീകരണത്തിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 35,17,000/- രൂപയുടെ എസ്റ്റിമേറ്റ് കോർപ്പസ് ഫണ്ടിൽനിന്ന് അനുവദിക്കുന്നത് പരിഗണിക്കുന്നു.

(ബി) പൊതുപ്പണം ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രസ്തുത ഹാൾ ഉപയോഗിക്കാനാകാതെ ദീർഘകാലമായി അടഞ്ഞുകിടക്കുന്നത് കണക്കിലെടുത്ത് ആയത് അടിയന്തരമായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കമ്മ്യൂണിറ്റി ഹാൾ തുറന്നുകൊടുക്കുന്നതാണ്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

74 (2955) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ (2016-21) കാലം മുതൽ നാളിതുവരെ അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ ഉണ്ടായിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കുമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ അട്ടപ്പാടിയിൽ പട്ടികജാതി കുടുംബങ്ങളിൽ ശിശുമരണങ്ങൾ സംഭവിച്ചിട്ടില്ല.

അട്ടപ്പാടി മേഖലയിലെ 2016 മുതൽ നാളിതുവരെയുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിലെ ശിശുമരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**വർഷം**	**മരണപ്പെട്ട കുട്ടികളുടെ എണ്ണം**
1	2016	8
2	2017	17
3	2018	13
4	2019	7
5	2020	10
6	2021	9
7	2022	12
8	2023	5
9	2024	1
ആകെ		**82**

(ബി) മേൽപ്പറഞ്ഞ കാലയളവിൽ അട്ടപ്പാടിയിൽ എസ്.സി., എസ്.ടി. വകുപ്പ് മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ കാലയളവിൽ അട്ടപ്പാടിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനുമായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ജനപ്രതിനിധികളുൾപ്പെടെ അവലോകനം നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് വകുപ്പ് പ്രഥമ പരിഗണനയാണ് നൽകിവരുന്നത്.

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രധാന ആരോഗ്യ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ജനനീജന്മരക്ഷ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനുംവേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി.

കൈത്താങ്ങ് പദ്ധതി

മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതുമൂലം അനാഥരായ കുട്ടികൾക്ക് 18 വയസ് പൂർത്തിയാകുന്നതുവരെ അവരുടെ സംരക്ഷണം ഏറ്റെടുത്തവർക്ക് പ്രതിമാസം 1,500/-രൂപ വീതം നൽകുന്ന പദ്ധതിയാണിത്.

വാൽസല്യ സ്പർശം പദ്ധതി

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രികാലങ്ങളിൽ മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി അഗളി, ഷോളയൂർ, പുതൂർ

ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നഴ്സുമാരെ വൽസല്യ സ്പർശം പദ്ധതിയിലുൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതി

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കിവരുന്നുണ്ട്.

'ഊരിന്റെ താരാട്ട്' പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോണേറ്റൽ കിറ്റ് വിതരണം ചെയ്യുന്നതിനായി 'സ്നേഹപൂർവം അമ്മയ്ക്ക്' എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തുവരികയും ചെയ്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ വികസന ക്ഷേമപ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കലും കൂടാതെ ബഹു എം.പി., ബഹു. എം.എൽ.എ എന്നിവർ ഉൾപ്പെടുന്ന കോ-ഓർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ 3 മാസത്തിലൊരിക്കലും വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കിവരുന്നുണ്ട്. പോഷകാഹാര ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഐ.റ്റി.ഡി.പി.-യുടെ ആംബുലൻസ് സർവ്വീസ് 24 മണിക്കൂർ ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് ആരംഭിച്ചു.

ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകിവരുന്നു.

അട്ടപ്പാടി പി.വി.റ്റി.ജി. മേഖലയിലെ ആരോഗ്യ കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

2016-17 മുതൽ അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു. മറ്റ് പദ്ധതികൾക്കാവശ്യമായ ഫണ്ട് സമഗ്ര

ആരോഗ്യരക്ഷ (ചികിത്സാ ധനസഹായം) ശീർഷകത്തിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

				ലക്ഷത്തിൽ	
ക്രമ നം.	വർഷം	ജനനീ ജന്മരക്ഷ	കൈത്താങ്ങ്	സിക്കിൾസെൽ രോഗികൾക്കുള്ള ധനസഹായം	ചികിത്സാ ധനസഹായം
1	2016-17	131.66	2.00	6.00	20.91
2	2017-18	93.34	15.67	53.24	48.45
3	2018-19	94.00	11.57	38.12	47.99
4	2019-20	160.00	16.00	37.45	28.52
5	2020-21	84.00	19.32	49.15	32.11
6	2021-22	188.50	18.27	48.47	62.00
7	2022-23	125.48	13.36	59.37	79.00
8	2023-24	146.10	25.06	40.70	67.26

വടക്കാഞ്ചേരി മണ്ഡലത്തിലെ സേഫ് പദ്ധതി

75 (2956) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 677 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

(ബി) ഈ സാമ്പത്തിക വർഷം എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 33 പേർക്ക് ഈ സാമ്പത്തികവർഷം ആനുകൂല്യം അനുവദിക്കാൻ കഴിയും.

(സി) നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽ അർഹത ലഭിച്ച 95 ഗുണഭോക്താക്കളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച 73 പേർക്ക് മൂന്നാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. 17 പേർക്ക് രണ്ടാം ഗഡുവും 5 പേർക്ക് ഒന്നാം ഗഡുവും വിതരണം ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് ആകെ 1,50,49,750/-രൂപ ചെലവഴിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ചക്കിളിയ സമുദായം

76 (2957) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചക്കിളിയ സമുദായത്തിനെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായത്തിൽപ്പെട്ടവരെ 02-11-2018-ലെ സ.ഉ.(കൈ)നം.77/2018/പജ.പവ.വി.വ പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.(പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+)

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് പ്രായോഗിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവകാശവാദം സംബന്ധിച്ച് സംശയമുള്ള അപേക്ഷകളിൽ കിർത്താഡ്സ് മുഖേന അന്വേഷണം നടത്തി തീരുമാനം കൈക്കൊണ്ടുവരുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

77 (2958) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 04-03-2023-ലെ റവന്യൂ വകുപ്പിന്റെ 1047/2023 നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് നൽകിയിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ 32.10 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 04-03-2023-ലെ റവന്യൂ വകുപ്പിന്റെ 1047/2023/റവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില

അംഗീകരിച്ച് നൽകിയിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ 32.10 ആർ സ്ഥലം 18-10-2023-ൽ ഞാറയ്ക്കൽ സബ് രജിസ്ട്രാർ ഓഫീസിൽ ആധാരം രജിസ്റ്റർ ചെയ്ത് ടി.ആർ.ഡി.എം. ജില്ലാ മിഷൻ ചെയർമാനായ ജില്ലാ കളക്ടറുടെ പേരിൽ വാങ്ങിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുത്ത് അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

എളങ്കുന്നപ്പുഴ വില്ലേജ് സർവ്വേ നം. 690/2, 690/3, 690/7, 690/9 ഉൾപ്പെട്ടിട്ടുള്ള 32.10 ആർ വസ്തു 3 സെന്റ് വീതമുള്ള പ്ലോട്ടുകളായി തിരിച്ച് നൽകുന്നതിന് കൊച്ചി തഹസിൽദാർക്ക് നിർദ്ദേശം നൽകുന്നതിന് മൂവാറ്റുപുഴ ടൈബൽ ഡെവലപ്മെന്റ് ഓഫീസർ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പാകടപ്പുറത്ത് താമസിക്കുന്ന എസ്.ടി. കുടുംബങ്ങളെ പ്രസ്തുത പദ്ധതി പ്രകാരം പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ 32.10 ആർ സ്ഥലം 3 സെന്റ് വീതമുള്ള പ്ലോട്ടുകളാക്കി തിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പ്ലോട്ടുകളായി തിരിച്ച് ലഭ്യമാകുന്നമുറയ്ക്ക് ചാപ്പാകടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നായാടി കോളനിയിൽ ഭവന നിർമ്മാണം

78 (2959) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടവല്ലൂർ പഞ്ചായത്തിലെ നായാടി കോളനിയിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മേൽപ്പറഞ്ഞ കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) നായാടി വിഭാഗക്കാർക്ക് വീട് നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ-സി) കടവല്ലൂർ പഞ്ചായത്തിലെ നായാടി കോളനിയിൽ വാസയോഗ്യമായ വീടില്ലാത്ത 19 വീടുകളാണുള്ളത്. ഇവർ ഭവനരഹിതരുടെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാവുന്നതാണ്.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

79 (2960) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് 2021 വർഷം മുതൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് 2021 വർഷം മുതൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ദുർബ്ബല പുനരധിവാസ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കുമ്മാട്ടിക്കുളം കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി 2019-20 പ്രകാരം തെരഞ്ഞെടുത്ത കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ അംബേദ്കർ കോളനി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിക്കുന്നു.

മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ഉന്നമനത്തിനുള്ള നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

80 (2961) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉന്നമനത്തിനും പുനരുദ്ധാരണത്തിനും സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത മേഖലയിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങളും പദ്ധതികളുടെ തൽസ്ഥിതിയും വിശദമാക്കുമോ?

(എ & ബി) പട്ടികജാതി സങ്കേതങ്ങളുടെ ഉന്നമനത്തിനും പുനരുദ്ധാരണത്തിനുമായി അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപയും 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ 60 കോടി രൂപ വീതവും അംബേദ്കർ ഗ്രാമം പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ടിനത്തിൽ 2021-22 സാമ്പത്തിക വർഷം 60 കോടി രൂപയും 2022-23,

2023-24 സാമ്പത്തിക വർഷങ്ങളിൽ 45 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിൽ ഈ ഇനത്തിൽ അനുവദിച്ച തുകയുടെയും പദ്ധതിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(സി) പട്ടികജാതി ക്ഷേമവകുപ്പിന്റെ അധീനതയിലുള്ള മാവേലിക്കര പട്ടികജാതി ഐ.ടി.ഐ.-യിലെ ബഹുനില കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മാവേലിക്കര പട്ടികജാതി ഐ.ടി.ഐ.-യിലെ ബഹുനില കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾക്കായി നിലവിലെ നിരക്കുകളിൽ തുക നിജപ്പെടുത്തി പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ഐ.ടി.ഐ.-യുടെ പുരോഗതിക്കും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പ്രസ്തുത ഐ.ടി.ഐ.-യുടെ പുരോഗതിക്കും കൂടുതൽ ട്രേഡുകളിൽ പരിശീലനം നൽകുന്നതിനുമായി മൂന്ന് നിലകളുള്ള കെട്ടിടത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. ഇവിടെ പുതുതായി ഇലക്ട്രീഷ്യൻ കോഴ്സുകൂടി ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

മണലൂർ പഞ്ചായത്തിൽ എസ്.സി. വ്യവസായ കേന്ദ്രം ആരംഭിക്കാനുള്ള നടപടി

81 (2962) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ പഞ്ചായത്തിൽ അൻപത് സെന്റ് സ്ഥലത്ത് എസ്.സി. വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് കെട്ടിടമടക്കമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയെങ്കിലും നാളിതുവരെ പ്രസ്തുത വ്യവസായ കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മണലൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് തൊഴിൽ നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് വ്യവസായ കേന്ദ്രം നിർമ്മിച്ച് പാളപ്പാത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചെങ്കിലും യഥാസമയം വൈദ്യുതി ലഭിക്കുന്നതിനുണ്ടായ കാലതാമസം, വിദഗ്ധ തൊഴിലാളികളുടെ അഭാവം

എന്നിവ പ്രവർത്തനം ആരംഭിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചു. 2013-14 സാമ്പത്തിക വർഷം പാളപ്പാത്ര നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചെങ്കിലും ശക്തമായ കാറ്റിലും മഴയിലും കെട്ടിടത്തിന്റെ മേൽക്കൂര തകർന്ന് മെഷീനുകളിൽ ഇലക്ട്രിക് ഷോക്ക് ഉണ്ടായതുമൂലം ജീവനക്കാരുടെ സുരക്ഷ മുൻനിർത്തി യൂണിറ്റിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചതിനെത്തുടർന്ന് പരിശീലനം ലഭിച്ച ജീവനക്കാർ ജോലി ഉപേക്ഷിച്ച് പോയതും അസംസ്കൃത വസ്തുവായ പാളയുടെ ദൗർലഭ്യവും യൂണിറ്റ് പുനരാരംഭിക്കാൻ താല്പര്യമുള്ളവരുടെ അഭാവവും കാരണം ടി യൂണിറ്റിന്റെ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. ഇതിനുശേഷം ടി വ്യവസായ കേന്ദ്രത്തിൽ തയ്യൽ മെഷീൻ വാങ്ങി 10 പേരടങ്ങുന്ന എസ്.സി. വനിത യൂണിറ്റായി തുണിസഞ്ചി നിർമ്മാണ യൂണിറ്റ് ആരംഭിച്ചിരുന്നെങ്കിലും തുണിസഞ്ചിക്ക് വിപണി കണ്ടെത്താനാവാതെ പദ്ധതി നിലച്ചുപോയി.

(ബി) വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിച്ച് ഇത്തരം വ്യവസായ കേന്ദ്രങ്ങൾ

പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മണലൂർ പഞ്ചായത്തിലെ പ്രസ്തുത എസ്.സി. വ്യവസായ കേന്ദ്രം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(ബി &സി) മണലൂർ വ്യവസായ കേന്ദ്രം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്നതാകയാൽ ആവശ്യമായ തുടർനടപടി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്വീകരിക്കേണ്ടതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്

82 (2963) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ വിനിയോഗത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലം മുതൽ

നാളിതുവരെ എത്ര കോടി രൂപയുടെ അഴിമതി/ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ഇനം തിരിച്ചു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അഴിമതി/ക്രമക്കേട് കണ്ടെത്തിയത് ഏത് ഏജൻസിയാണെന്നും ഓരോ ക്രമക്കേടിലും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(എ & ബി) ഇടുക്കി ജില്ലയിലെ മറയൂർ ടൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ ജനനി ജന്മ രക്ഷാ പദ്ധതി, ലൈഫ് മിഷൻ ഒന്നാംഘട്ടം ഭവന നിർമ്മാണം എന്നിവയിലെ ക്രമക്കേട് വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘം കണ്ടെത്തുകയും തുടർന്ന് ആയത് സംബന്ധിച്ച് വിജിലൻസ് VC 15/21/IDK നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ ടൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പർ കേസിൽ വിജിലൻസ്

റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. വകുപ്പിൽനിന്നും പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുമുണ്ട്.

ജനനീ ജന്മരക്ഷ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്യുന്നതിലുണ്ടായ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് മുഖേന അന്വേഷണം നടത്തുകയും തുടർന്ന് വിജിലൻസ് VC.08/2017/SRT നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

കണ്ണൂർ ഐ.ടി.ഡി. പ്രോജക്ട് ഓഫീസിന്റെ അധികാര പരിധിയിൽ ആലക്കോട് സൈറ്റ് മാനേജർ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC.03/2023/KNR എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിജിലൻസ് അന്വേഷണം പൂർത്തിയാകുന്നതുവരെ ടിയാന്റെ സസ്പെൻഷൻ നീട്ടി നൽകി ഉത്തരവായിട്ടുമുണ്ട്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളിലെ കേന്ദ്ര സഹായം

83 (2964) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-ൽ മുൻസർക്കാർ നിലവിൽ വന്ന കാലം മുതൽ നാളിതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ കേന്ദ്ര സഹായം നിർത്തലാക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടുള്ളത് ഏതൊക്കെ പദ്ധതികളിലാണെന്നും എന്തൊക്കെ കുറവുകൾ/നിർത്തലാക്കലുകളാണ് ഉണ്ടായിട്ടുള്ളതെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികളായിരുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ്-കംപോണന്റ് I & II എന്നീ പദ്ധതികൾ 40 ശതമാനം സംസ്ഥാന വിഹിതം 60 ശതമാനം കേന്ദ്ര വിഹിതം എന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്.

PM-AJAY എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ Grants-in-aid ഘടകത്തിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. എന്നാൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ ടി പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് പ്രൊപ്പോസൽ കേന്ദ്രത്തിന് നൽകിയിരുന്നെങ്കിലും കേന്ദ്രസഹായം ലഭിച്ചിരുന്നില്ല.

2023-24, 2025-26 എന്നീ കാലയളവിലേയ്ക്ക് നൽകിയ Perspective plan proposal അംഗീകരിച്ച് നടപ്പുവർഷം കേന്ദ്രസഹായത്തിന്റെ ആദ്യഗഡുവായി 2,82,80,399/-രൂപ സംസ്ഥാനത്തിന് കേന്ദ്രം നൽകിയിട്ടുണ്ട്.

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായി നടപ്പിലാക്കിയിരുന്ന upgradation of Merit എന്ന പദ്ധതി കേന്ദ്രസർക്കാർ നിർത്തലാക്കിയതിനെത്തുടർന്ന് 2020-21 മുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ്

2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ ചില പദ്ധതികൾ മറ്റു ചില പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായം (SCA to TSP) അനുവദിക്കുന്ന പദ്ധതി 2022-23 മുതൽ PMAAGY എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മാർഗ്ഗനിർദേശപ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശത്ത് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്.

പ്രത്യേക ദുർബ്ബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പി.വി.ടി.ജി-കൺസർവേഷൻ-കം-ഡെവലപ്മെന്റ് പ്ലാൻ എന്ന പദ്ധതിയെ 2023-24 വർഷം മുതൽ PM-JANMAN (പ്രധാനമന്ത്രി ജൻജതി ആദിവാസി ന്യായമഹാ അഭിയാൻ) എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്.

എന്നാൽ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമായിട്ടുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി

2021-22 മുതൽ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല. അതുപോലെ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ് അനുവദിക്കുന്നതിനായും 2022-23 മുതൽ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.

പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ

84 (2965) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പട്ടികയിലുൾപ്പെടുന്ന അനർഹരായവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പട്ടികയിലുൾപ്പെടുന്ന അനർഹരായവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതായി

കണ്ടെത്തുന്നപക്ഷം ആയതിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരായി ഉചിതമായ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

(ബി) പട്ടികജാതിക്കാർക്കുള്ള വിവിധ പദ്ധതികളിൽ നടന്നുവരുന്ന ക്രമക്കേടുകളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതികളിൽ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത്തരം ക്രമക്കേടുകളിന്മേൽ സമഗ്രമായ അന്വേഷണം നടത്തി നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

85 (2966) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത

പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

17-01-2024-ൽ അന്തിക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ട്രഷറി ഇടപാടുമായി ബന്ധപ്പെട്ടാണ് ധനകാര്യ പരിശോധന വിഭാഗം പട്ടികജാതി വികസന വകുപ്പിൽ പരിശോധന നടത്തിയത്.

05-02-2024-ൽ മാനന്തവാടി ടൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലാൻഡ് ബാങ്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം പട്ടികവർഗ വികസന വകുപ്പിൽ പരിശോധന നടത്തിയിരുന്നു.

2022-23 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും

86 (2967) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത

ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

വകുപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

വീട് വയ്ക്കാൻ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി

87 (2968) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപയാണ് ലൈഫ് മിഷൻ മുഖേന അനുവദിച്ചുവരുന്നത്. സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് കണക്കിലെടുത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നുവരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളുമായി മാറ്റുന്നതിന് പദ്ധതി

88 (2969) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളുമായി മാറ്റുന്നതിനായി പ്രത്യേകമായ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ്

ലക്ഷ്യമിടുന്നത്; എത്രത്തോളം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉത്പാദന കേന്ദ്രങ്ങളുമാക്കി മാറ്റുന്നതിനായി 'വരുമാന വീട്' എന്ന പരിപാടി 2024-25 വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പരിപാടി പൈലറ്റടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി 2 കോടി രൂപ 2024-25 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളെ മതിയായ വരുമാനം ലഭിക്കുന്ന വിധത്തിൽ ഉചിതമായ വ്യവസായങ്ങളുടെ/വൻഉത്പാദനകേന്ദ്രങ്ങളുടെ/ സേവനദാതാക്കളുടെ/ഉത്പാദന യൂണിറ്റുകളായി മാറ്റാനുള്ള സാധ്യത പദ്ധതിയിലൂടെ പരിശോധിക്കാവുന്നതാണ്. പ്രസ്തുത പരിപാടിയിൽ പട്ടികജാതി വനിതകൾക്ക് മുൻഗണന നൽകുകയും പദ്ധതിക്കാവശ്യമായ കൈത്താങ്ങും പിന്തുണയും CMD, സ്റ്റാർട്ടപ്പുകൾ, പട്ടികജാതി സംരംഭകരുടെ ഗ്രൂപ്പുകൾ തുടങ്ങിയ ഏജൻസികൾ നൽകുകയും ചെയ്യും.

(ബി) പട്ടികജാതി കുടുംബങ്ങളിലെ ഭിന്നശേഷിക്കാരുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി കുടുംബങ്ങളിലെ ഭിന്നശേഷിക്കാരുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിനായി ABLE Kerala എന്ന നൂതന ആശയം 2024-25 വർഷം നടപ്പാക്കാനുദ്ദേശിക്കുന്നു. ഭിന്നശേഷിയുള്ള പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസത്തിനും ശാക്തീകരണത്തിനും ഊന്നൽ നൽകുന്നതാണ് പ്രസ്തുത പരിപാടി.

സംസ്ഥാന സാമൂഹിക സുരക്ഷാ മിഷനും സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും ചേർന്ന് 2024-25 സാമ്പത്തിക വർഷം ടി പരിപാടി നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയുടെ വികസനം

89 (2970) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പ് മുഖേന എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന അനുവദിച്ചതും ചെലവഴിച്ചതുമായ തുക ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു+

എസ്.സി. ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

90 (2971) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ എസ്.സി. ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണെന്നും

+ നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.

ക്രമക്കേട് കണ്ടെത്തിയ ഏജൻസികൾ ഏതാണെന്നും ഓരോന്നിലും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ എസ്.സി. ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയ ക്രമക്കേടുകൾ, തുടർനടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

വാത്സല്യനിധി പദ്ധതി

91 (2972) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്ന പേരിൽ നടപ്പിലാക്കിവരുന്ന ഇൻഷുറൻസ്ബന്ധിത സാമൂഹിക സുരക്ഷ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കിവരുന്നു. 01-04-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

ടി പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് നാല് ഗഡുക്കളായി ആകെ 1,38,000/- രൂപ പെൺകുട്ടികളുടെ പേരിൽ LIC-യിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മേൽ തുകയ്ക്ക് തത്തുല്യമായ ഇൻഷുറൻസ് തുകയായി ആകെ 3,00,000/-രൂപ LIC-യിൽ നിന്നും പെൺകുട്ടിക്ക് നൽകുന്നു.

ടി തുകയ്ക്ക് പുറമേ കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന PMJJBY പോളിസി പ്രകാരം LIC നൽകേണ്ട അപകട ഇൻഷുറൻസ് പരിരക്ഷകൾ,

വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകസ്മിക മരണത്തിന്		
വരുമാനദായകൻ	സാധാരണ മരണം	2,00,000/-
	അപകട മരണം	4,00,000/-
	അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം	1,00,000/-
	അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം	2,00,000/-
മറ്റ് രക്ഷാകർത്താവ്	സാധാരണ മരണം	30,000/-
	അപകട മരണം	30,000/-
കുട്ടി	സാധാരണ മരണം	3,00,000/-ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്)
വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ		
സ്വീകർത്താവ്	പഠിക്കുന്ന സ്റ്റാൻഡേർഡ്	തുക

പെൺകുട്ടി	9, 10, 11, 12	1,200/- രൂപ ഓരോ വർഷവും
സഹോദരനോ സഹോദരിക്കോ	9, 10, 11, 12	1,200/- രൂപ ഓരോ വർഷവും

01-06-2020-ൽ PMJJBY പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മേൽപ്പറഞ്ഞവയിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ ലഭിക്കുമെന്ന് പറഞ്ഞിരുന്ന ഇൻഷുറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കാൻ നിലവിൽ LIC തയ്യാറല്ല. ഇത്തരത്തിൽ പദ്ധതി ഘടകങ്ങളിൽ വ്യതിയാനം ഉണ്ടായി.

മേൽസാഹചര്യത്തിൽ പദ്ധതി പുനഃപരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ നിലവിൽ വാത്സല്യനിധി പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നില്ല.

(ബി) പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഇതിനോടകം ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ?

വാത്സല്യനിധി പദ്ധതിയുടെ പ്രയോജനം ആർക്കെങ്കിലും ലഭിച്ചതായി പറയാൻ കഴിയുന്ന സാഹചര്യമില്ല. ആദ്യഘട്ടത്തിൽ പദ്ധതിയിൽ പെൺകുട്ടികളുടെ പേര് ചേർക്കുകയും അവർക്കായി ആദ്യ ഗഡു തുക LIC-യിൽ നിക്ഷേപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം പാലക്കാട് ജില്ലയിൽ നിന്നും വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയവരുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം	ജില്ല	വർഷം	എണ്ണം
1	പാലക്കാട്	2017	63
2		2018	56
3		2019	1076
4		2020	543
5		2021	140
6		2022	0
7		2023	0
8		2024	0
	ആകെ		1878

വാമനപുരം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സങ്കേതങ്ങളുടെ ഉന്നമനം

92 (2973) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്ന പ്രധാന സങ്കേതങ്ങൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് നൽകാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സങ്കേതങ്ങളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തതയുള്ളതെന്ന് വിശദമാക്കാമോ?

മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തതയുള്ള പട്ടികജാതി കോളനികൾ

തെള്ളിക്കാച്ചാൽ, പൊയ്ക്കകം, ചെമ്മണ്ണംകുന്ന്, മീൻമൂട്, കോടാലിക്കുഴി, മലമാരി അംബേദ്കർ കോളനി, ശാസ്താംനട, ആലുംകുഴി വാർഡ്-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊരിയക്കാട് പട്ടികജാതി സങ്കേതം, വട്ടപ്പുല്ല, ഏഴുകുടി, കാറ്റാടിമുക്ക് വലിയ വേങ്കോട്, അടപ്പുപാറ.

മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തതയുള്ള പട്ടികവർഗ്ഗ കോളനികൾ

പോട്ടോമാവ്, താന്നിമൂട്, ഊറാമൂട്, കുറുപ്പൻകാല, ഈയക്കോട്, കല്ലണ, ചെന്നല്ലിമൂട്, മുത്തിപ്പാറ, ആലുംമൂട്, ഇലഞ്ചിയം, കാട്ടിലെക്കുഴി, അടപ്പുപാറ, കൊച്ചടപ്പുപാറ, വാഴോട്ടുകാല, തോട്ടുംപുറം.

(സി) മൊബൈൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൊബൈൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത സങ്കേതങ്ങളിൽ ബി.എസ്.എൻ.എൽ.-മായും മറ്റിതര ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളുമായി സഹകരിച്ചും ഇന്റർനെറ്റ് സംവിധാനം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിത രശ്മി പദ്ധതി

93 (2974) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭക്ഷ്യ സഹായ പദ്ധതി (Food support scheme), മില്ലെറ്റ് വില്ലേജ്, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന നമത് വെള്ളാമെ, ഹരിത രശ്മി എന്നിവ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതികളായി നടത്തിവരുന്നു.

ഭക്ഷ്യ സഹായ പദ്ധതി (Food support scheme)

പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള

പദ്ധതിയാണിത്. മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു.

മില്ലെറ്റ് വില്ലേജ്

മില്ലെറ്റ് വില്ലേജ് പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ കൃഷി വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു.

നമത് വെള്ളാമെ

അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയും കൃഷി ചെയ്യാൻ താൽപ്പര്യവുമുള്ള

പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ 'നമത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിക്കുകീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർപദ്ധതിയായി നടപ്പിലാക്കിവരുന്നു.

ഹരിതരശ്മി

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി കൃഷിക്കുപയുക്തമാക്കുകയും ചെയ്യുന്നതിനുവേണ്ടി 'ഹരിതരശ്മി' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗത കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ഹരിതരശ്മി പദ്ധതി എല്ലാ പട്ടികവർഗ്ഗ ഗ്രാമങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. നിലവിൽ ഹരിതരശ്മി പദ്ധതി ഇടുക്കി, വയനാട് ജില്ലകളിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഈ പദ്ധതിയുടെ ഭാഗമായി ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത ഭക്ഷ്യ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളുടെ സാങ്കേതിക സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പദ്ധതിയുടെ നടത്തിപ്പ് നിർവ്വഹിക്കുന്നത് കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) ആണ്.

(ഡി) ഈ പദ്ധതി പ്രകാരമുള്ള കാർഷിക പദ്ധതി നടപ്പിലാക്കുന്ന പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

ഹരിതരശ്മി പദ്ധതി നടപ്പാക്കിയത് പ്രാദേശികമായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ്. പ്രസ്തുത കർഷക ഗ്രൂപ്പുകളാണ് പ്രാദേശികതലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും

മേൽനോട്ടം വഹിക്കുന്നതും. എല്ലാ സഹായങ്ങളും ഈ സംഘങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. ഇത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 157 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പദ്ധതികളുടെ ഭാഗമായി വിവിധതരം വിത്തുകൾ, പച്ചക്കറി തൈകൾ, ഔഷധ സസ്യങ്ങൾ, വാഴകൾ, വളങ്ങൾ, ജൈവ കീടനാശിനികൾ, കൃഷിപരിപാലന ഉപകരണങ്ങൾ, മണ്ണ് പരിശോധന, വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ, വിപണന സാധ്യതകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

വാത്സല്യനിധി പദ്ധതി

94 (2975) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ച വാത്സല്യനിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കിവരുന്നു. 01-04-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ടി പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് നാല് ഗഡുക്കളായി ആകെ 1,38,000/- രൂപ പെൺകുട്ടികളുടെ പേരിൽ LIC-യിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മേൽ തുകയ്ക്ക് തത്തുല്യമായ ഇൻഷുറൻസ് തുകയായി ആകെ 3,00,000/- രൂപ LIC-യിൽ നിന്നും പെൺകുട്ടിക്ക് ലഭ്യമാകുന്നു.

ടി തുകയ്ക്ക് പുറമേ കേന്ദ്ര സർക്കാർ നടപ്പിലാക്കിവന്നിരുന്ന PMJJBY പോളിസി പ്രകാരം LIC നൽകേണ്ട അപകട ഇൻഷുറൻസ് പരിരക്ഷകൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകസ്മിക മരണത്തിന്		
വരുമാനദായകൻ	സാധാരണ മരണം	2,00,000/-
	അപകട മരണം	4,00,000/-
	അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം	1,,00,000/-
	അപകടംമൂലമുള്ള പൂർണ്ണമായ അംഗവൈകല്യം	2,00,000/-
മറ്റ് രക്ഷാകർത്താവ്	സാധാരണ മരണം	30,000/-
	അപകട മരണം	30,000/-
കുട്ടി	സാധാരണ മരണം	3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന്

		ശേഷമാണ് ഇൻഷ്വറൻസ് കവറേജ്)
വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ		
സ്വീകർത്താവ്	പഠിക്കുന്ന സ്റ്റാൻഡേർഡ്	തുക
പെൺകുട്ടി	9,10,11,12	1,200/- രൂപ ഓരോ വർഷവും
സഹോദരനോ സഹോദരിക്കോ	9,10,11,12	1,200/- രൂപ ഓരോ വർഷവും

01-06-2020-ൽ PMJJBY പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മേൽപ്പറഞ്ഞവയിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ ലഭിക്കുമെന്ന് പറഞ്ഞിരുന്ന ഇൻഷുറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കാൻ നിലവിൽ LIC തയ്യാറല്ല. ഇതോടെ പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടമായി. മേൽ സാഹചര്യത്തിൽ പദ്ധതി പുനഃപരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്നും എത്ര പെൺകുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്നും 31 പെൺകുട്ടികളെയാണ് വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പൂതേരി വളപ്പ് കോളനിയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

95 (2976) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ പൂതേരി വളപ്പ് കോളനിക്ക് ഫണ്ടനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനി നവീകരണത്തിന് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും ആയതിന് കാലതാമസം വന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

(എ & ബി) ഉണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പൂതേരി വളപ്പ് കോളനിയിലെ നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം മൂലമാണ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകുവാൻ കഴിയാത്തത്. ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എസ്.ടി. ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയ ക്രമക്കേടുകൾ

96 (2977) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലം മുതൽ എസ്.ടി. ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്നും ക്രമക്കേട് കണ്ടെത്തിയ ഏജൻസികൾ ഏതാണെന്നും ഓരോന്നിലും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിലെ മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ അഴിമതി കണ്ടെത്തിയത് വകുപ്പുതല കണക്ക് പരിശോധന വിഭാഗമാണ്. വിജിലൻസ് VC 15/21/IDK നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് കണ്ടെത്തിയത് വിജിലൻസ് വകുപ്പാണ്. പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പർ കേസിൽ വിജിലൻസ് റിപ്പോർട്ട് ലഭ്യമായതിനെത്തുടർന്ന് വകുപ്പിൽനിന്നും പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുമുണ്ട്.

ജനനി ജന്മരക്ഷ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്യുന്നതിലുണ്ടായ ക്രമക്കേട് കണ്ടെത്തിയത് ധനകാര്യ വകുപ്പ് ഓഡിറ്റ് വിഭാഗമാണ്. തുടർന്ന് വിജിലൻസ് VC. 08/2017/SRT നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

കണ്ണൂർ ഐ.ടി.ഡി. പ്രോജക്ട് ഓഫീസിന്റെ അധികാരപരിധിയിൽ ആലക്കോട് സൈറ്റ് മാനേജർ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC.03/2023/KNR എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിജിലൻസ് അന്വേഷണം പൂർത്തിയാകുന്നതുവരെ ടിയാന്റെ സസ്പെൻഷൻ നീട്ടി നൽകി ഉത്തരവായിട്ടുമുണ്ട്.

സർക്കാർ/അർദ്ധ-സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം

97 (2978) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയിൽപ്പെട്ടവരുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയിൽപ്പെട്ടവരുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണ്.

(ബി) സർക്കാർ/അർദ്ധ-സർക്കാർ/എയ്ഡഡ്/സ്വയംഭരണ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കാൻ പിന്നാക്ക വിഭാഗ കമ്മീഷനു കീഴിൽ ഇ.സി. ഡെസ്ക് (ഇ-കാസ്റ്റ് ഡാറ്റാബേസ് ഓഫ് എംപ്ലോയീസ് ഇൻ സർവ്വീസ് കേരള) എന്ന പേരിൽ ഒരു വെബ്പോർട്ടൽ പ്രവർത്തിച്ചുവരുന്നുണ്ടോയെന്നും ആയത് പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്നും വിശദമാക്കാമോ?

സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ e-CDESK (e-Caste Database of Employees Service Kerala) എന്ന പേരിൽ ഒരു Webportal 2017-ൽ ഡെവലപ് ചെയ്യുകയും 2018 ജൂലൈയിൽ സർക്കാർ വകുപ്പുകളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും നോഡൽ ഓഫീസർമാരുടെ പരിശീലനം പൂർത്തിയാക്കി പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെയും മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയാണ്.

(സി) പ്രസ്തുത വെബ് പോർട്ടലിൽ വിവിധ സർക്കാർ/ അർദ്ധ-സർക്കാർ/സ്വയംഭരണ/എയ്ഡഡ്/പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡ്/കോർപ്പറേഷനുകൾ എന്നിവയിൽനിന്നും അപ്ലോഡ് ചെയ്യപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ റിപ്പോർട്ട് രൂപത്തിലാക്കി സൂക്ഷിച്ചിട്ടുണ്ടോയെന്നും കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ

പ്രസ്തുത വെബ്പോർട്ടലിലോ പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റിലോ നിലവിൽ ലഭ്യമാണോയെന്നും വ്യക്തമാക്കാമോ?

e-CDESK Webportal-ലിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ Category wise, Detailed Community wise report, Department wise report എന്നിവ റിപ്പോർട്ട് രൂപത്തിലാക്കി സൂക്ഷിച്ചിട്ടുണ്ട്. കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ വെബ്പോർട്ടലിലോ പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റിലോ നിലവിൽ ലഭ്യമാക്കിയിട്ടില്ല.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ/പിന്നാക്ക വിഭാഗ പ്രാതിനിധ്യം വിശദമാക്കുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ഇ.സി. ഡെസ്ക് വെബ് പോർട്ടൽ, പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റ് എന്നിവ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പ്രസ്തുത റിപ്പോർട്ട് നിലവിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഇ) പ്രസ്തുത വെബ് പോർട്ടലിലെ തങ്ങളുടെ ലോഗിൻ മുഖേന പിന്നാക്ക വിഭാഗ കമ്മീഷന് സർക്കാർ/മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ ജാതി, മതം, വകുപ്പ്, നിയമന രീതി, ലിംഗം, കാറ്റഗറി അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യാമെന്നിരിക്കെ നിലവിൽ ലഭ്യമായ ജീവനക്കാരുടെ ജാതി, മതം, വകുപ്പ് എന്നിവ പ്രകാരമുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്ത് ആയതിന്റെ പി.ഡി.എഫ്. ഫോർമാറ്റ് ലഭ്യമാക്കാമോ?

e-CDESK Webportal-ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കുംഭാര സമുദായക്കാർക്ക് പ്രത്യേക സംവരണം

98 (2979) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംഭാര സമുദായക്കാരുടെ തെറ്റായി ചേർത്ത ജാതിപേര് തിരുത്തൽ, അവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തൽ തുടങ്ങിയവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് കേരള പിന്നാക്ക വിഭാഗ കമ്മീഷൻ നടത്തിയ സിറ്റിംഗുകളുടെ ഭാഗമായുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ ജാതിപ്പേരുകളിൽ അറിയപ്പെടുന്ന സമുദായങ്ങളെ കുംഭാരൻ എന്ന പേരിൽ ഏകീകരിക്കുന്ന വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചുവരുന്നു. കുംഭാരൻമാർക്ക് പ്രത്യേക സംവരണം സംബന്ധിച്ച വിഷയം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിവിധ ജാതിപ്പേരുകളിൽ അറിയപ്പെടുന്ന സമുദായങ്ങളെ കുംഭാരൻ എന്ന പേരിൽ ഏകീകരിക്കുന്ന വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചുവരുന്നു. കുംഭാരൻമാർക്ക് പ്രത്യേക സംവരണം സംബന്ധിച്ച വിഷയം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.

(സി) കുംഭാര സമുദായക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുംഭാരൻ സമുദായം ഉൾപ്പടെയുള്ള മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ, ഉദ്യോഗ മേഖലകളിൽ സംവരണം അനുവദിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്കും ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾക്കും M. Tech കോഴ്സുകൾക്കും പ്രവേശനത്തിന് പ്രത്യേകമായി ഒരു ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. ആർട്സ് ആൻഡ് സയൻസ് ബിരുദ കോഴ്സുകളിലെ പ്രവേശനത്തിന് ഒ.ബി.എച്ച്. വിഭാഗങ്ങൾക്കൊപ്പം 3 ശതമാനം സംവരണവും മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പ്രവേശനത്തിന് വിശ്വകർമ്മ, ധീവര, മറ്റ് പിന്നാക്ക ഹിന്ദു വിഭാഗങ്ങളോട് (ഒ.ബി.എച്ച്.) ചേർത്ത് 7 ശതമാനം സംവരണവും നൽകിവരുന്നു. ഉദ്യോഗ സംവരണത്തിനായി ടി സമുദായങ്ങളെ residual OBC-യിൽ ഉൾപ്പെടുത്തി ക്ലാസ് IV തസ്തികകളിൽ 6 ശതമാനം സംവരണവും ക്ലാസ് IV ഒഴികെയുള്ള തസ്തികകളിൽ 3 ശതമാനം സംവരണവും

അനുവദിക്കുന്നുണ്ട്. കുംഭാര സമുദായമടക്കമുള്ള മൺപാത്ര നിർമ്മാണ സമുദായങ്ങളെ മറ്റർഹ വിഭാഗത്തിൽ (OEC) ഉൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്.

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളി വിഭാഗങ്ങളുടെ സാമൂഹ്യ വിദ്യാഭ്യാസ അവസ്ഥ വളരെ പിന്നാക്കമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പ്രസ്തുത വിഭാഗങ്ങളുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വ്യക്തിഗത ധനസഹായവും കൂടാതെ പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾ അധിവസിക്കുന്ന കോളനികളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കുംഭാര കോളനി നവീകരണത്തിനായി തുകയും അനുവദിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരമാവധി വേഗത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദളിത് ക്രൈസ്തവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം

99 (2980) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദളിത് ക്രൈസ്തവർക്ക് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾക്കുള്ള വാർഷിക വരുമാന പരിധിയായ തൊണ്ണൂറ്റിയാറായിരം എന്നത് അടിയന്തരമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും അനുവദിക്കുന്ന താഴ്ന്ന വരുമാനക്കാർക്കുള്ള എല്ലാത്തരം വായ്പകളുടെയും വരുമാന പരിധി (ഗ്രാമ നഗര വ്യത്യാസമില്ലാതെ) 98,000/- രൂപയിൽ നിന്നും 01-01-2023 മുതൽ 2.5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിന് വീടും സ്ഥലവും ലഭ്യമാക്കുന്നതിന് കൂടുതൽ ഫണ്ടനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശ്രുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലക്ഷ്യവിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്തവർക്കായി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, വീടും സ്ഥലവും വാങ്ങൽ, ഭ്രരഹിത ഭവന രഹിത വായ്പാ പദ്ധതി തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. വീടും സ്ഥലവും ലഭ്യമാക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വളരെ താഴ്ന്ന പലിശ നിരക്കിലുള്ള വായ്പകളാണ് ടി കോർപ്പറേഷൻ അനുവദിച്ചുവരുന്നത്.

(സി) പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ബജറ്റിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതര സമുദായ കോർപ്പറേഷനുകൾക്ക് സർക്കാർ അനുവദിക്കുന്നതിന് തുല്യമായ തുക പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് അനുവദിക്കുന്നതിനും വിവിധ സഹായങ്ങൾക്കുള്ള തുക ഗ്രാന്റായി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി & ഡി) കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശ്രുപാർശിത വിഭാഗ വികസന കോർപ്പറേഷന് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 6 കോടി രൂപ പ്രഖ്യാപിക്കുകയും ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ആയത് 8 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ഇ) ദളിത് ക്രൈസ്തവരായ കുട്ടികൾക്കുള്ള എൻട്രൻസ് കോച്ചിംഗ് ധനസഹായം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം ദളിത് ക്രൈസ്തവർ ഉൾപ്പെടെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (ഒ.ബി.സി.) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് കോഴ്സുകൾക്ക് 2 ലക്ഷം രൂപയും സിവിൽ സർവ്വീസ് കോഴ്സുകൾക്ക് 4.5 ലക്ഷം രൂപയും GATE/MAT, UGC/NET/JRF കോഴ്സുകൾക്ക് 2.5 ലക്ഷം രൂപയുമാണ് നിലവിൽ കുടുംബ വാർഷിക വരുമാന പരിധിയായി നിശ്ചയിച്ചിരിക്കുന്നത്.

(എഫ്) പ്രസ്തുത വിഭാഗത്തിന് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾക്ക് ജാമ്യവ്യവസ്ഥയിൽ ഇളവനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും ലഭ്യമാകുന്ന വായ്പാ അപേക്ഷകളിന്മേൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതിനായി വായ്പകളുടെ വ്യവസ്ഥകളും സമർപ്പിക്കേണ്ട രേഖകളും വിവിധ വായ്പാ പദ്ധതികളുടെ മാനദണ്ഡങ്ങളും 2023-24 സാമ്പത്തിക വർഷം മുതൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുള്ളതും പരമാവധി ലഘൂകരിച്ചിട്ടുള്ളതുമാണ്.

(ജി) കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് രണ്ടു ലക്ഷം രൂപ ധനസഹായം

നൽകുന്നതുപോലെയുള്ള ധനസഹായം പരിവർത്തിത ക്രൈസ്തവർക്കുകൂടി ബാധകമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിവർത്തിത ക്രൈസ്തവർക്ക് ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് ധനസഹായം നൽകുന്നതുപോലെയുള്ള പദ്ധതി പരിശോധിക്കുന്നതാണ്.

കേരള സംസ്ഥാന പിന്നാക്ക വികസന കോർഷറേഷൻ നൽകുന്ന സ്റ്റാർട്ടപ്പ് ലോണുകൾ

100 (2981) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സ്റ്റാർട്ട് അപ്പ് ലോണുകൾ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിലെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട പ്രൊഫഷണൽ യോഗ്യത നേടിയ 40 വയസ്സിനുതാഴെ പ്രായമുള്ളവർക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ

വികസന കോർപ്പറേഷൻ 2017-2018 സാമ്പത്തികവർഷം മുതൽ സ്റ്റാർട്ടപ്പ് വായ്പ പദ്ധതി (പരമാവധി 20 ലക്ഷം രൂപ) നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിക്ക്, വായ്പത്തുകയുടെ 20 ശതമാനം (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽനിന്നും സബ്സിഡി നൽകുന്നുണ്ട്.

(ബി) 2016 ജനുവരി മുതൽ 2023 ഡിസംബർ വരെ എത്ര പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2017-18 മുതൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിച്ച സ്റ്റാർട്ടപ്പ് വായ്പ പദ്ധതിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) 2023-നുശേഷം നാളിതുവരെ എത്ര പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

2023-നുശേഷം നാളിതുവരെ 9 പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക സമുദായാംഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

101 (2982) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിച്ചത് എന്നാണ്; പിന്നാക്ക സമുദായാംഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ, തൊഴിൽ, സാമൂഹ്യക്ഷേമ പദ്ധതികളും അവയുടെ ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും ഇനം തിരിച്ച് ലഭ്യമാക്കാമോ; ഇവയോടൊപ്പമുള്ള അപേക്ഷയ്ക്ക് മാതൃക ഉണ്ടെങ്കിൽ ഓരോന്നിന്റെയും കോപ്പി ലഭ്യമാക്കാമോ?

2011 നവംബറിൽ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും 2012 ഫെബ്രുവരിയിൽ സെക്രട്ടേറിയറ്റിൽ പ്രത്യേക ഭരണ വകുപ്പ് നിലവിൽവരികയും ചെയ്തു. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങൾക്കായി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ, വികസന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ വിദ്യാഭ്യാസ പദ്ധതികൾ പൂർണ്ണമായും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈനായും വികസന പദ്ധതികൾ നിലവിൽ ഓഫ്‌ലൈനായുമാണ് നടപ്പാക്കിവരുന്നത്. ഓഫ്‌ലൈൻ പദ്ധതിയുടെ അപേക്ഷാ മാതൃകകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2016 മുതൽ പ്രസ്തുത വിഭാഗത്തിനായി നൽകിയ വിവിധ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രവിഹിതം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം എന്ന് വെളിപ്പെടുത്താമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 ശതമാനം കേന്ദ്ര സഹായത്തോടെ ആകെ 3 പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

1. PM-YASASVI OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ്

2. PM-YASASVI OBC, EBC പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

3. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിക്കാൻ നടപടി

102 (2983) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കാലാവധി എത്രയെന്ന് അറിയിക്കാമോ?

തിരുവിതാംകൂർ, മലബാർ, കൊച്ചിൻ, ഗുരുവായൂർ ദേവസ്വം ബോർഡുകളുടെ കാലാവധി 2 വർഷവും കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി 3 വർഷവുമാണ്.

(ബി) എല്ലാ ദേവസ്വം ബോർഡുകളുടെയും കാലാവധി ഏകീകരിക്കാൻ നടപടി സ്വീകരിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

103 (2984) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള അഴിക്കോട് മണ്ഡലത്തിലെ ചിറക്കലിലുള്ള സ്ഥലത്ത്, പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽത്തന്നെ നിലനിർത്തി സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ സാംസ്കാരിക സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) സ്മാരകം നിർമ്മിക്കാൻ ദേവസ്വം ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മാത്രം മതിയാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) 2022-23 ബജറ്റ് പ്രസംഗത്തിൽ മഹാകവി ചെറുശ്ശേരിയുടെ പേരിൽ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മഹാകവി ചെറുശ്ശേരിക്ക് സ്മാരകം നിർമ്മിക്കുന്നതിനായി കണ്ണൂർ താലൂക്ക് ചിറയ്ക്കൽ വില്ലേജിൽ ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ച ചിറയ്ക്കൽ കിഴക്കേക്കര മതിലകം ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ

തെക്ക് ഭാഗത്ത് ക്ഷേത്രത്തിന്റെതന്നെ സ്ഥലമാണ് പരിഗണിച്ചിട്ടുള്ളതെന്നും കൈവശക്കാരിൽനിന്നും ഭൂമിയുടെ സമ്മതപത്രം ലഭ്യമാക്കുവാൻ കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി ക്ഷേത്രേതര ആവശ്യത്തിനുപയോഗിക്കുന്നതിനു ഹിന്ദു മത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.

ദേവസ്വം ബോർഡുകൾക്ക് നൽകിയ സാമ്പത്തിക സഹായം

104 (2985) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് 2016 മുതൽ സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ വിവിധ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികൾ ക്ഷേത്രം, തുക, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ; 2011 മുതൽ 2016 വരെയുള്ള കാലയളവിൽ ഇപ്രകാരം വിവിധ ക്ഷേത്രങ്ങളിൽ നടപ്പാക്കിയ പദ്ധതികളും തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ എടുക്കുന്നു എന്ന തരത്തിലുള്ള വ്യാപകമായ പ്രചാരണത്തിന്റെ യാഥാർത്ഥ്യം വ്യക്തമാക്കാമോ?

ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ എടുക്കുന്നു എന്ന തരത്തിലുള്ള പ്രചാരണം അടിസ്ഥാനരഹിതമാണ്.

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

105 (2986) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ശമ്പള പരിഷ്കരണം ഏത് വർഷം ഏത് മാസം മുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ & ബി) മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് 12-02-2021-ലെ സ.ഉ (കൈ) 57/2021/ആർ.ഡി ഉത്തരവ് പ്രകാരവും പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ ചട്ടങ്ങൾകൂടി ഉൾപ്പെടുത്തി 18-08-2021-ലെ സ. ഉ (കൈ) 161/2021/ആർ.ഡി പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. ആയതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം കമ്മീഷണർ സമർപ്പിച്ചിരുന്ന അനോമലി പ്രൊപ്പോസൽ അംഗീകരിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ 12-02-2024-ലെ സ. ഉ (കൈ) 41/2024/ആർ.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

106 (2987) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് അറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിൽ ആകെ 1403 ക്ഷേത്രങ്ങളാണുള്ളത്.

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ സ്ഥാനികരടക്കം എത്ര ജീവനക്കാരുണ്ടെന്ന് ക്ഷേത്രം, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ വേതന നിരക്ക് എത്രയാണെന്നും വേതനയിനത്തിൽ കുടിശ്ശികയുണ്ടോയെന്നും എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സംസ്ഥാനത്തെ മറ്റ് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാനികരുടെയും ജീവനക്കാരുടെയും വേതനം സംബന്ധിച്ച വിശദാംശം

നൽകാമോ; പ്രസ്തുത ജീവനക്കാർക്ക് വേതനയിനത്തിൽ കുടിശ്ശികയുണ്ടോയെന്ന് വിശദമാക്കാമോ?

മറ്റ് ദേവസ്വം ബോർഡുകളുടെ കീഴിൽ സ്ഥാനികരായിട്ടുള്ളവരില്ല.

ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

107 (2988) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുഴുവൻ ജീവനക്കാർക്കും കേരള സർക്കാരിന്റെ 11-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള ആനുകൂല്യങ്ങൾ 17-11-2022-ലെ ROC 2191/21/EST-1 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് 12-02-2021-ലെ സ. ഉ. (കൈ) 57/2021/RD നമ്പർ പ്രകാരവും പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ ചട്ടങ്ങൾകൂടി ഉൾപ്പെടുത്തി

18-08-2021-ലെ സ. ഉ.(കൈ)161/2021/RD നമ്പർ പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. അതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമർപ്പിച്ചിരുന്ന അനോമലി പ്രൊപ്പോസൽ അംഗീകരിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ 12-02-2024-ലെ സ. ഉ.(കൈ) 41/2024/RD നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ സർക്കാർ ഉത്തരവുകൾക്ക് അനസൃതമായി അതത് കാലയളവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർക്ക് സർക്കാർ ശമ്പള പരിഷ്കരണത്തിനനുസൃതമായി 2019 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലെ ക്ഷേത്ര വിഭാഗം ജീവനക്കാർക്ക് 2021 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

07-03-2023-ലെ കൂടൽ മാണിക്യം ദേവസ്വം കമ്മീഷണറുടെ കെ.എം.ഡി.സി.1/10/2022-കെ.എം.ഡി പ്രകാരം കൂടൽമാണിക്യം ദേവസ്വം

ജീവനക്കാർക്ക് 01-09-2015 പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനരീതി വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലും കൂടൽമാണിക്യം ദേവസ്വത്തിലും കാരാൺമ ജീവനക്കാർ ഒഴികെയുള്ളവരെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമിക്കുന്നത്.

മലബാർ ദേവസ്വം ബോർഡിൽ വിവിധ തസ്തികകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള നിയമനം വഴിയും ക്ഷേത്രങ്ങളിൽ 10 വർഷത്തെ സ്ഥിരം സർവ്വീസിലുള്ള ജീവനക്കാരിൽനിന്നും ബൈട്രാൻസ്ഫർ വഴിയും മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തിവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ മേൽനോട്ട നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലെ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള അധികാരം അതത് ക്ഷേത്ര ഭരണാധികാരികൾക്കാണ്.

ഗുരുവായൂർ ദേവസ്വത്തിലെ ജീവനക്കാരുടെ സ്ഥിര നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണ് നടത്തുന്നത്. 6 മാസത്തേയ്ക്ക് നിയമനം നടത്തുന്ന സോപാനം കാവൽ, വനിത സെക്യൂരിറ്റി തുടങ്ങിയ തസ്തികകളും ഒരു വർഷത്തേയ്ക്ക് നിയമനം നടത്തുന്ന സെക്യൂരിറ്റി വിഭാഗം തസ്തികകളും ഗുരുവായൂർ ദേവസ്വം ഭരണസമിതിയാണ് നിയമനം നടത്തുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെയും ക്ഷേത്ര ജീവനക്കാരുടെയും ക്ഷേത്ര വിഭാഗം ജീവനക്കാരുടെയും നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നടത്തുന്നത്.

ദേവസ്വം ബോർഡിലെ നിയമനങ്ങളുടെ റൊട്ടേഷൻ സംവിധാനം

108 (2989) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നൽകുന്ന ശിപാർശയിലെ റൊട്ടേഷൻ സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ദേവസ്വം ബോർഡ് നിയനമനങ്ങളിലെ റൊട്ടേഷൻ 18-11-2019-ലെ GO (P) നമ്പർ 79/2019/RD (SRO No. 905/2019) പ്രകാരമാണ് നടത്തിവരുന്നത്.

(ബി) പ്രസ്തുത റൊട്ടേഷൻ പ്രകാരം അഞ്ചിൽ താഴെ ഒഴിവുകളുള്ള തസ്തികകളിൽ നിയമനം നടത്തുമ്പോൾ എസ്.സി. വിഭാഗങ്ങൾക്ക് ഉൾപ്പെടെ സംവരണക്രമം പാലിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് റവന്യൂ (ദേവസ്വം) സെക്രട്ടറി വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിയമ വകുപ്പുമായും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായും ആലോചിച്ച് ഇക്കാര്യം പരിശോധിച്ചുവരുന്നു.

ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

109 (2990) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളുടെ അക്കാദമിക മികവിനും പശ്ചാത്തല വികസനത്തിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുവകകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും വൈവിധ്യവും കാലികപ്രസക്തവുമായ കോഴ്സുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ഭരണ സമിതി സ്വീകരിച്ചുവരുന്നു.

ഇത്തരം പദ്ധതികൾ ആരംഭിക്കുന്നത് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല.

ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന്റെ തനത് ഫണ്ട് നിലവിൽ പര്യാപ്തമല്ല.

ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിന് ക്ഷേത്രങ്ങളിൽ മാണിക്യം ദേവസ്വത്തിന്റെ സാമ്പത്തിക സ്ഥിതി നിലവിൽ പര്യാപ്തമല്ല.

മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

കുറ്റ്യാടി മണ്ഡലത്തിൽ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ

110 (2991) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന്റെ തലശ്ശേരി, കോഴിക്കോട് ഡിവിഷനുകളിലായിട്ടാണ് കുറ്റ്യാടി മണ്ഡലം സ്ഥിതി ചെയ്യുന്നത്. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ

111 (2992) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ വന്യമൃഗാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി, മുണ്ടക്കയം, കോരുത്തോട് എന്നീ പഞ്ചായത്തുകളിലായി വനാതിർത്തി പങ്കിടുന്ന കോട്ടയം വനം ഡിവിഷനിൽപ്പെട്ട മേഖലകളിലെ വന്യജീവി ശല്യം തടയുന്നതിനായി വന്യജീവി ആക്രമണം ഉണ്ടായിട്ടുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലികൾ, ട്രഞ്ചുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രദേശങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനായി വനംവകുപ്പുദ്യോഗസ്ഥർ, തദ്ദേശീയർ എന്നിവരെ ഉൾപ്പെടുത്തി ടീം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം വനം ഡിവിഷനിൽ പീരുമേട്-കോരുത്തോട് ഭാഗം വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട Hotspot ആയി നിർണ്ണയിക്കുകയും ടി സ്ഥലത്ത് വനംവകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽനിന്നും സ്റ്റാഫിനെ വിന്യസിപ്പിച്ച് ഒരു പ്രത്യേക ടീം രൂപീകരിച്ച് വന്യജീവി ആക്രമണം തടയുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്.

കണ്ണിമല ഭാഗത്ത് സ്ഥിരമായി ആനക്കൂട്ടം ഇറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നത് തടയാനായി ഇഞ്ചക്കുഴി മുതൽ (പാക്കാനം) മാമ്പാടി വരെ 1.1 കി.മീറ്റർ സൗരോർജ്ജവേലി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇഞ്ചക്കുഴി-ഏന്തക്കുന്ന്, ഇടുക്കികവല-മാങ്ങാപ്പേട്ട, 504 കോളനി-മുന്നോളി, ഏന്തക്കുന്ന്-മുന്നോളി, പായസപ്പടി-എലിവാലിക്കര, ചീനിമരം-പായസപ്പടി, കോയിക്കക്കാവ്ടോപ്പ്-കൊപ്പം, ശാന്തിപുരം-കൊപ്പം, എലിവാലിക്കര-ശാന്തിപുരം, കീരിത്തോട്-ചീനിമരം എന്നിങ്ങനെ ആകെ 13.5 കി.മീറ്റർ സോളാർവേലി അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

വന്യജീവി ആക്രമണം തടയുന്നതിനായി പ്രശ്നബാധിത മേഖലകളിലെ തദ്ദേശവാസികളെ പങ്കെടുപ്പിച്ച് ജനജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുള്ളതും യോഗങ്ങൾ നിശ്ചിതസമയങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തിവരുന്നതുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ വന്യജീവിസംഘർഷം രൂക്ഷമായ ചില

മേഖലകളിൽ നടത്തിയിട്ടുള്ളതും ഭാവിയിൽ ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിച്ച് തുടർന്നും അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വന്യമൃഗശല്യം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് നബാർഡിന്റെ പദ്ധതിയിൽപ്പെടുത്തി 20 കി.മീ. സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിനും 1.8 കി.മീ. എലിഫന്റ് പ്രൂഫ് ട്രഞ്ച് നിർമ്മിക്കുന്നതിനുമായി 287.91 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ ആർ.കെ.വി.വൈ. പദ്ധതിയിൽ 22.5 കി.മീ. സോളാർ ഹാംഗിംഗ് ഫെൻസ്, 1.5 കി.മീ. ആനപ്രതിരോധ കിടങ്ങ് എന്നീ ജോലികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. സോളാർ വേലികളുടെ പ്രവർത്തനം കൃത്യമായി നിരീക്ഷിക്കുന്നതിനും വന്യജീവി ആക്രമണം ഉണ്ടായാൽ തടയുന്നതിനും തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി കണ്ണിമല, കോരുത്തോട് പ്രദേശങ്ങളിലെ ഉദ്യോഗസ്ഥരുൾപ്പെടെയുള്ള വാർഡുതല സമിതികൾ

രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സോളാർ വേലികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ടി സമിതികളുടെകൂടി മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. ആയതിനാൽ ടി പ്രദേശത്ത് വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് സാധ്യമായ എല്ലാ ഇടപെടലുകളും ജനപ്രതിനിധികളോടും ജനങ്ങളോടും ചേർന്ന് നടത്തുന്നുമുണ്ട്.

വനപരിപാലന പദ്ധതികളിലെ ക്രമക്കേടുകൾ തടയാൻ നടപടി

112 (2993) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വ്യാപകമായ അഴിമതി നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വനം വികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വ്യാപകമായ അഴിമതി നടക്കുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനപരിപാലനത്തിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകൾവഴി അനുവദിക്കുന്ന വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനപരിപാലനത്തിനായി അനുവദിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ അക്കൗണ്ടന്റ് ജനറൽ കൃത്യമായ ഇടവേളകളിൽ ഓഡിറ്റ് നടത്തിവരുന്നു. വനം വകുപ്പാസ്ഥാനത്തെ ഇന്റേണൽ ഓഡിറ്റ് ടീം ഡിവിഷൻ റെയിഞ്ചുതല ഓഫീസുകളിൽ പരിശോധന നടത്തി വനപരിപാലന പദ്ധതികളിൽ ക്രമക്കേടുകളില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വന പരിപാലന പദ്ധതികളിൽ ക്രമക്കേടുകൾ തടയുന്നതിനായി വനം വകുപ്പിൽ ഒരു ഇന്റേണൽ വിജിലൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വനം വകുപ്പിന്റെ കാർബൺ ക്രെഡിറ്റ് ഫണ്ട് ചെലവഴിച്ചതിലെ ക്രമക്കേടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വനം വകുപ്പിന്റെ കാർബൺ ക്രെഡിറ്റ് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

വർക്കല മണ്ഡലത്തിൽ കാട്ടുപന്നികൾമൂലമുള്ള കൃഷിനാശം

113 (2994) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര ഹെക്ടർ വനപ്രദേശമുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ ഇളമ്പ്രക്കോട് –171 ഹെക്ടർ വനപ്രദേശം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വനമേഖലയിൽ നിന്നുമുള്ള കാട്ടുപന്നികൾ പരിസര പ്രദേശങ്ങളിലെ കൃഷി നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാട്ടുപന്നികൾ പരിസര പ്രദേശങ്ങളിലെ കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി ലഭിക്കുന്ന നഷ്ടപരിഹാരത്തിനായുള്ള

അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കാട്ടുപന്നികളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

ജനവാസ മേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണറി വൈൽഡ്ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് 31-05-2022-ന് സ.ഉ.(സാധാ) 239/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു വർഷത്തേക്കുംകൂടി ദീർഘിപ്പിച്ചുകൊണ്ട് 27-05-2023-ൽ സ.ഉ.(കൈ) 11/2023/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11

നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടി

114 (2995) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷികോത്പന്നങ്ങൾ നശിപ്പിക്കുന്നത് തടയാൻ അവയ്ക്ക് ഇഷ്ടപ്പെട്ട ഫലവൃക്ഷങ്ങൾ കാട്ടിൽ വച്ചുപിടിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിനായി ഇക്കോറെസ്റ്റോറേഷന്റെ ഭാഗമായി വനത്തിനുള്ളിൽനിന്നും അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശ ഇനം വൃക്ഷത്തോട്ടങ്ങൾ ഘട്ടംഘട്ടമായി മുറിച്ചുമാറ്റി പകരം തദ്ദേശീയമായ കാട്ടുമാവ്, നെല്ലി, പ്ലാവ് ഉൾപ്പെടെയുള്ള ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക്

വനത്തിനുള്ളിൽത്തന്നെ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനത്തിനുള്ളിലുള്ള പുഴയോരങ്ങളിൽ വനസംരക്ഷണ സമിതികൾ മുഖേന മുളകൾ വച്ചുപിടിപ്പിക്കുന്നതിനും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വേനൽക്കാലത്ത് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി വേനൽക്കാലങ്ങളിൽ മണൽചാക്ക്, ബ്രഷ്വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണകൾ നിർമ്മിച്ചുവരുന്നുമുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തണ്ണീർ തടങ്ങളുടെ പരിപാലനവും നടപ്പാക്കിവരുന്നുണ്ട്.

(സി) കാടുകളിൽനിന്നും വിദേശയിനം വൃക്ഷങ്ങളെ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കാടുകളിൽനിന്നും വിദേശ ഇനം വൃക്ഷങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്തുവരുന്നു. കാടുകളിൽനിന്നും വിദേശ ഇനം വൃക്ഷങ്ങളെ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് വനം വകുപ്പ് നയരേഖ 17-12-2021-ലെ G.O(MS)29/2021/വനം പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത നയരേഖയിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഇനം സസ്യ ഏകവിളത്തോട്ടങ്ങൾ നമ്മുടെ പരിസ്ഥിതിക്ക് ദോഷകരമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത നയരേഖ പ്രകാരം വനഭൂമിയിലെ അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ വർക്കിംഗ് പ്ലാനിന് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രകാരം പ്രക്ഷീണ വനങ്ങളിൽ വൃക്ഷത്തൈകൾ

വച്ചുപിടിപ്പിച്ച് വൃക്ഷാവരണം വർദ്ധിപ്പിക്കുന്ന പദ്ധതിയിൽ ഫലവൃക്ഷങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വനഭാഗങ്ങളിൽ വച്ചുപിടിപ്പിച്ചുവരുന്നു.

വയനാട്ടിൽ കടുവ ആക്രമണം

115 (2996) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, പ്രത്യേകിച്ച് വയനാട്ടിൽ കടുവ ആക്രമണം ക്രമാതീതമായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്. കർണ്ണാടക സംസ്ഥാനത്തിലെ ബന്ദിപ്പൂർ, നാഗർഹോള എന്നീ കടുവാ സങ്കേതങ്ങളുമായും തമിഴ്നാട് സംസ്ഥാനത്തിലെ മുതുമലൈ കടുവ സങ്കേതമായും അതിർത്തി പങ്കിടുന്ന പ്രദേശമാണ് വയനാട് വന്യജീവി സങ്കേതം. പ്രായാധിക്യത്താൽ ഇര പിടിക്കാൻ സാധിക്കാത്തവയോ, ഏതെങ്കിലും വിധത്തിലുള്ള പരിക്ക് പറ്റിയതോ ആയ കടുവകളാണ് കാടിനുപുറത്തിറങ്ങി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

കൃത്യമായ പരിപാലനം നടത്താത്തതിനാൽ എസ്റ്റേറ്റുകളിലും മറ്റു തോട്ടങ്ങളിലും അടിക്കാടുകൾ വളർന്നുകിടക്കുന്നതിനാലും കടുവ ഉൾപ്പെടെ വന്യജീവികൾ തമ്പടിച്ച് പ്രദേശവാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നുണ്ട്. കാട് വെട്ടുവാൻ തോട്ടം ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിന് ജില്ലാ വികസന സമിതി യോഗത്തിൽ തഹസിൽദാർ മുഖേന നിർദ്ദേശം കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) അസുഖം ബാധിച്ചതും പരിക്ക് പറ്റിയതും ഇര തേടാനാവാത്തതുമായ കടുവകളാണ് കൂടുതലായി നാട്ടിലേയ്ക്കിറങ്ങുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിൽ വളർത്തുമൃഗങ്ങളെയും മനുഷ്യരെയും ആക്രമിച്ച കടുവകൾ അസുഖം ബാധിച്ചതും പരിക്ക് പറ്റിയതും പ്രായാധിക്യത്താൽ കാട്ടിൽ സ്വാഭാവികമായ രീതിയിൽ ഇര തേടാൻ കഴിയാത്തവയുമാണ്. ഇത്തരത്തിൽ ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കടുവകളെ കൂടുവച്ചും മയക്കുവെടിവച്ചും പിടികൂടി സുൽത്താൻ ബത്തേരി ആനിമൽ ഹോസ് സ്പേസ് സെന്റർ ആൻഡ്

പാലിയേറ്റീവ് കെയർ യൂണിറ്റിൽ അല്ലെങ്കിൽ ഉചിതമായ മറ്റു സംരക്ഷണ കേന്ദ്രങ്ങളിലോ പാർപ്പിച്ച് ചികിൽസ നൽകി സംരക്ഷിക്കുകയാണ് ചെയ്തുവരുന്നത്. നിലവിൽ വയനാട് വന്യജീവി സങ്കേതത്തിലുള്ള ആനിമൽ ഹോസ് സ്പേസ് സെന്റർ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിൽ വയനാട് ജില്ലയിലെ വിവിധ മേഖലകളിൽനിന്നും പിടികൂടിയ 7 കടുവകളെ ചികിൽസിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള കടുവകളെ നിരീക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഓരോ 4 വർഷംകൂടുന്തോറും ദേശീയ തലത്തിൽ കടുവകളുടെ കണക്കെടുപ്പ് നടത്തിവരുന്നുണ്ട്. കേരളത്തിൽ 2014, 2018, 2022 വർഷങ്ങളിലാണ് കടുവകളുടെ കണക്കെടുപ്പ് നടത്തിയിട്ടുള്ളത്. ഇതുകൂടാതെ, ഇത്തരത്തിൽ പ്രശ്നബാധിതമായ സ്ഥലങ്ങളിൽ ക്യാമറാ ട്രാപ്പുകൾ, ലൈവ് ക്യാമറകൾ, ഡ്രോൺ തുടങ്ങിയ സംവിധാനങ്ങളുപയോഗിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ സംരക്ഷിത കാവുകൾ

116 (2997) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത കാവുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അവ സംരക്ഷിക്കാൻ എടുത്ത നടപടികളും വിശദമാക്കാമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ ഒരു ജില്ലയിലും സംരക്ഷിത കാവുകൾ ഇല്ല. കാവുകൾ ബോർഡ്/ട്രസ്റ്റ്/സ്വകാര്യ ഉടമസ്ഥതയിലായതിനാൽ അവ സംരക്ഷിക്കേണ്ട ബാധ്യത ഉടമസ്ഥരിൽ നിക്ഷിപ്തമാണ്.

കാവുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 24-12-2016-ലെ ജി.ഒ (ആർ.റ്റി)നം. 485/2016/വനം പ്രകാരം തെരഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം നൽകിവരുന്നു.

വന്യമൃഗാക്രമണത്തിന് ശാശ്വത പരിഹാരം

117(2998) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയലിലും സമീപ വില്ലേജുകളിലും നിത്യേനയുള്ള വന്യമൃഗാക്രമണം ശാശ്വതമായി പരിഹരിക്കാനും കർഷകരുടെ സൈര്യജീവിതത്തിനും സ്വത്തിനും സംരക്ഷണം നൽകാനും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; 2016 മുതൽ നാളിതുവരെ പ്രസ്തുത സ്ഥലത്ത് ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ഫോറസ്റ്റ് ഡിവിഷനിൽ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയലിലും സമീപ വില്ലേജുകളിലുമുള്ള വന്യമൃഗാക്രമണം ശാശ്വതമായി പരിഹരിക്കാനും കർഷകരുടെ സൈര്യജീവിതത്തിനും സ്വത്തിനും സംരക്ഷണം നൽകാനും പദ്ധതികളാരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി നടപ്പാക്കിയ പ്രവൃത്തികളുടെ വിവരവും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ കാട്ടാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി NABARD-RIDF-TRANCHE XXIX-ൽ മീനഞ്ചേരി മുതൽ ബോവിക്കാനം വരെ 3.കി.മീ. നീളത്തിലും പാലവയൽ ഭാഗത്ത് 0.75 കി.മീ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നീളത്തിലും സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

വനം സർവ്വേ

118 (2999) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം സർവ്വേ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് വനം സർവ്വേ നടപ്പാക്കിയിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിലുള്ള സതേൺ, ഈസ്റ്റേൺ, വൈൽഡ് ലൈഫ് പാലക്കാട്, അഗസ്ത്യവനം സർക്കിൾ എന്നിവിടങ്ങളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും നോർത്തേൺ, സെൻട്രൽ, ഹൈറേഞ്ച്, വൈൽഡ് ലൈഫ് കോട്ടയം എന്നീ സർക്കിളുകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത സർവ്വേ പ്രകാരം സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ?

2021-22-ലെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ആകെ വനപ്രദേശം 11531.139 ചതുരശ്ര കിലോമീറ്ററാണ്. സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പൂർണ്ണമായ വിവരം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(സി) സർവ്വേ പ്രകാരമുള്ള സ്വാഭാവിക വനത്തിന്റെയും വച്ചുപിടിപ്പിച്ച വനത്തിന്റെയും കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ?

സ്വാഭാവിക വനത്തിന്റെ കണക്ക് വിവരം സർവ്വേ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ. 2021-22-ലെ ഭരണ റിപ്പോർട്ട് പ്രകാരം 157342.01 ഹെക്ടർ സ്ഥലത്ത് വിവിധയിനത്തിലുള്ള തോട്ടങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ മരം വച്ചുപിടിപ്പിച്ച ഭാഗം സർവ്വേയിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ?

പ്ലാന്റേഷൻ കോർപ്പറേഷന് പാട്ടത്തിന് കൊടുത്തിട്ടുള്ള സ്ഥലം റിസർവ് വനത്തിൽ ഉൾപ്പെടുന്നതിനാൽ സർവ്വേയിൽ ഉൾപ്പെടുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ രേഖകൾ പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷന് 11529.49 ഹെക്ടർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്.

കാർബൺ സംഭരണം മെച്ചപ്പെടുത്തുന്നതിന് കർമ്മപരിപാടികൾ

119 (3000) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വനപരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി വനമേഖലയിൽ ഉൾപ്പെടെ കാർബൺ സംഭരണം മെച്ചപ്പെടുത്തുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

സുസ്ഥിര വനപരിപാലന പ്രവൃത്തികളുടെ ഭാഗമായി വനമേഖലയിൽ പരിസ്ഥിതി പുനഃസ്ഥാപനം നടത്തുന്നുണ്ട്. തദ്ദേശീയ വൃക്ഷങ്ങളും സസ്യങ്ങളും നട്ടുപിടിപ്പിച്ച് സ്വാഭാവിക പരിസ്ഥിതി വീണ്ടെടുക്കുന്നതിന് വനം വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വനഭൂമിക്ക് പുറത്തെ വൃക്ഷവത്കരണ പ്രവൃത്തികൾ സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. MGNREGS ഫണ്ടുപയോഗിച്ച് വനം വകുപ്പും

തദ്ദേശ സ്വയംഭരണവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന വൃക്ഷസമൃദ്ധി പദ്ധതി, വിദ്യാവനം, നഗരവനം, സ്ഥാപന വനവത്കരണം, തീരദേശ വനവത്കരണം, വഴിയോരത്തണൽ തുടങ്ങിയ പദ്ധതികളിലൂടെ നിത്യഹരിത സസ്യങ്ങളും വേഗത്തിൽ വളരുന്ന സസ്യങ്ങളും കൂടിയ സാന്ദ്രതയിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൂടെ കാർബൺ സംഭരണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) അന്തരീക്ഷത്തിലെ കാർബൺ സംയുക്തങ്ങളിൽനിന്നും ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിന് ശേഷിയുള്ള വൃക്ഷ ഇനങ്ങളെ സംബന്ധിച്ച് സമഗ്ര പഠനങ്ങൾ നടത്തുന്നതിന് മുൻകയ്യെടുക്കുമോ; വിശദീകരിക്കുമോ?

അന്തരീക്ഷത്തിലെ കാർബൺ സംയുക്തങ്ങളിൽനിന്നും ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിന് ശേഷിയുള്ള വൃക്ഷ ഇനങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. സംസ്ഥാനത്തെ പരിസ്ഥിതിക്കനുയോജ്യമായ ഓരോ വൃക്ഷ ഇനവും കാർബൺ വേർതിരിക്കുന്നതിന്റെ അളവ് (quantification) സംബന്ധിച്ച് സമഗ്രപഠനം

നടത്തുന്നതിന് വന ഗവേഷണ സ്ഥാപനമായ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI)-നെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിന് ശേഷിയുള്ള വൃക്ഷ ഇനങ്ങളെ വലിയതോതിൽ നട്ടു വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും കൂടുതൽ പ്രാമുഖ്യം നൽകുമോ; വിശദീകരിക്കുമോ?

ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിൽ കണ്ടൽക്കാടുകൾക്ക് വലിയ പ്രാധാന്യമുണ്ട്. സാമൂഹിക വനവത്കരണത്തിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation & Management of Mangroves in Vembanad and Kannur Regions (60% CSS) എന്ന പദ്ധതിയിലുൾപ്പെടുത്തി കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ച് നട്ടുപിടിപ്പിക്കുന്നുണ്ട്. കൂടാതെ കണ്ടലുകൾ സംരക്ഷിക്കുന്ന സ്വകാര്യവ്യക്തികൾക്ക് പ്രോത്സാഹന ധനസഹായവും നൽകിവരുന്നുണ്ട്. സാമൂഹ്യ വനവത്കരണ പദ്ധതികളിൽ നിത്യഹരിത സസ്യങ്ങളും വേഗത്തിൽ വളരുന്ന സസ്യങ്ങളും കൂടിയ സാന്ദ്രതയിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ഡി) ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിലെ നംബീറ്റ മേഖലയിൽ നടപ്പിലാക്കിയ പദ്ധതിയായ പേമെന്റ് ഫോർ എൻവയോൺമെന്റൽ സർവ്വീസ് (പി.ഇ.എസ്.) മാതൃകയിലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

പേമെന്റ് ഫോർ എൻവയോൺമെന്റൽ സർവ്വീസ് (പി.ഇ.എസ്.) മാതൃകയിലുള്ള പദ്ധതികൾ വനം വകുപ്പിൽ നിലവിലില്ല. പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമായ പഠനം നടത്തിയശേഷം മാത്രമേ ആയത് സംബന്ധിച്ച തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

സ്വകാര്യ കണ്ടൽക്കാടുകളെ ഏറ്റെടുക്കൽ

120(3001) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിനായി നാളിതുവരെ എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു; വ്യക്തമാക്കുമോ?

പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിനായി തുക നീക്കിവച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നിലവിൽ മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; പാരിസ്ഥിതിക പ്രാധാന്യമുള്ള ഈ പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. സംസ്ഥാനത്തിന്റെ Eco-Restoration Policy പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിനായി ഇ.എഫ്.എൽ. അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശ സഹിതമുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡുകളുടെ വികസനത്തിന് വനഭൂമി ലഭ്യമാക്കൽ

121(3002) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരഹൈവേ ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വികസനാവശ്യങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മലയോര ഹൈവേ ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വികസനാവശ്യങ്ങൾക്കായി വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഓൺലൈൻ പോർട്ടലായ പരിവേഷിൽ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടി വിവരം ചുവടെ ചേർക്കുന്നു.

1.കോളിച്ചാൽ-എടപ്പറമ്പ റോഡ്:- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

2. അമ്പായത്തോട് ബോയ്സ് ടൗൺ റോഡ്:- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

3. കുറ്റ്യാടി ചുരം റോഡ്:- പരിഹാര വനവൽക്കരണത്തിനായുള്ള ഭൂമിയുടെ മ്യൂട്ടേഷനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

4. മൂലേപ്പാടം-കക്കടാംപോയിൽ റോഡ്:- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

5. പുലിക്കണ്ണി-വെള്ളികുളങ്ങര വെറ്റിലപ്പാറ റോഡ്:- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

6. കപ്പേള-മഞ്ഞപ്ര-ചെട്ടിനട റോഡ്:- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

7. ചെട്ടിനട-നേര്യമംഗലം റോഡ്:- ഇന്റഗ്രേറ്റഡ് റീജിയണൽ ഓഫീസ്, ബാംഗ്ലൂർ ആവശ്യപ്പെട്ട ചില അധിക വിവരങ്ങൾ നൽകുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

8. പ്ലാച്ചേരി-മുണ്ടക്കയം റോഡ് :- പരിഹാര വനവൽക്കരണത്തിനായി ഭൂമി കണ്ടെത്തുന്നതിനുവേണ്ടി യൂസർ ഏജൻസിയുടെ പക്കൽ പെൻഡിംഗിലാണ്.

(ബി) മലയോര ഹൈവേ നിർമ്മാണം, പുതുക്കാട്-മുപ്ലിയം-കോടാലി സ്റ്റേറ്റ് ഹൈവേ, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് എന്നീ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പുലിക്കണ്ണി-വെള്ളികുളങ്ങര വെറ്റിലപ്പാറ മലയോരഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമി കണ്ടെത്തുന്നതിനായി യൂസർ ഏജൻസിയുടെ പക്കൽ പെന്റിംഗിലാണ്. പുതുക്കാട്-മുപ്ലിയം-കോടാലി സ്റ്റേറ്റ് ഹൈവേ, പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡ് എന്നീ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ യാതൊന്നുംതന്നെ പരിവേഷ് പോർട്ടൽ മുഖേന ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് 1980-ലെ വന സംരക്ഷണ നിയമം അനുശാസിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുക്കൽ

122 (3003) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യമൃഗാക്രമണം രൂക്ഷമായ വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിസ്ഥലം, വാസസ്ഥലം എന്നിവ നഷ്ടപരിഹാരം നൽകി ഉടമസ്ഥരിൽനിന്നും വനം വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

വനത്തിനകത്തും വനമേഖലയോട് ചേർന്നുകിടക്കുന്നതും വിദൂരതയിലും ഒറ്റപ്പെട്ടു താമസിക്കുന്ന ആദിവാസി ഇതര സ്വകാര്യവ്യക്തികളുടെ കൃഷി സ്ഥലം, വാസസ്ഥലം എന്നിവ നഷ്ടപരിഹാരം നൽകി വനം വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി കേരളത്തിലുടനീളം നടപ്പാക്കിവരുന്നു. വനംവകുപ്പ് നടപ്പിലാക്കിവരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതി പ്രകാരം 782 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകുവാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. ടി 782 അർഹത കുടുംബങ്ങളിൽ 497

അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 285 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്.

(ബി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മേഖലയിലെ ഭൂമിയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തതെന്ന് അറിയിക്കാമോ?

കാസർകോഡ് ജില്ലയിൽ അട്ടൂർ-മുച്ചംതുള്ളി, ഒറ്റമല സെറ്റിൽമെന്റിലെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക പൂർണ്ണമായും നൽകി ഭൂമി ഏറ്റെടുത്തിട്ടുള്ളതും മൈക്കയം സെറ്റിൽമെന്റിലെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിയുടെ ആദ്യ ഗഡു നൽകിയിട്ടുള്ളതുമാണ്. ടി സെറ്റിൽമെന്റുകളിലെ ബാക്കിയുള്ള അപേക്ഷകൾ പരിശോധിച്ചുവരുന്നു.

പുറക്കാട് സ്മൃതി വനം

123 (3004) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന പുറക്കാട് സ്വതി വനം എത്ര ഏക്കർ ഭ്രമിയാണ്; ഇത് എന്നാണ് വനം വകുപ്പിന് ലഭിച്ചത്?

അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന പുറക്കാട് സ്വതിവനം 431.91 ഏക്കറാണ്. ഇതിൽ 335 ഏക്കർ ഭ്രമിയാണ് 12-11-2010-ൽ റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറിയിട്ടുള്ളത്.

(ബി) പ്രസ്തുത ഭ്രമിയിൽ എന്തെങ്കിലും വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നോ; എങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

ജില്ലയിൽ വിവിധ നഴ്സറികളിലായി നടത്തിയിരുന്ന വൃക്ഷത്തൈ ഉല്പാദനം കേന്ദ്രീകൃതമാക്കുന്നതിന്റെ ഭാഗമായി ജില്ലാ നഴ്സറി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. ആയതിനായി പോളിഹൗസ്, സ്റ്റോർ ബിൽഡിംഗ്, ഓഫീസ് കെട്ടിടം എന്നിവ ഉൾപ്പെടുന്ന സെമി പെർമനന്റ് നിർമ്മിതികളുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ജില്ലാ നഴ്സറിയിലേയ്ക്ക് വാഹന ഗതാഗതം സുഗമമാക്കുന്നതിനായി അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടുള്ളതും അതിന്റെ സംരക്ഷണഭിത്തി നിർമ്മിച്ച്

ബലപ്പെടുത്തുന്ന പ്രവൃത്തികൾ അന്തിമ ഘട്ടത്തിലുമാണ്. പ്രദേശത്തെ വിവിധ ഇനത്തിൽപ്പെട്ട പക്ഷികളുടെയും ഉരഗങ്ങളുടെയും മത്സ്യ-ജല സസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യ ജന്തുജാലങ്ങളുടെ സംരക്ഷണത്തോടൊപ്പം പ്രദേശവാസികളുടെ ഉന്നമനംകൂടി ഉൾപ്പെടുത്തിയുള്ള പദ്ധതികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

(സി) വലിയ മരങ്ങളുടെ വളർച്ചയ്ക്ക് സാധ്യമല്ലാത്ത പ്രസ്തുത ഭൂമിയിൽ ടൂറിസം, കായികം, കൃഷി തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പ് മുൻകയ്യെടുക്കുമോ?

കേരള ഫോറസ്റ്റ് ആക്ട് 1961 സെക്ഷൻ (4) പ്രകാരം വിജ്ഞാപനം ചെയ്ത ടി ഭൂമിയിൽ മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പാക്കുന്നതിന് പദ്ധതികളാവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ ഗവേഷണ ആവശ്യങ്ങൾക്കും മറ്റും ഉതകുന്ന വിധത്തിൽ ജൈവവൈവിധ്യ പാർക്ക്, പ്രദേശത്തെ സാഹചര്യത്തിന് അനുയോജ്യമായ വിധത്തിൽ ഇക്കോടൂറിസം പദ്ധതി എന്നിവയുടെ സാധ്യത പരിശോധിക്കുന്നതാണ്.

വനത്തെ ആശ്രയിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗം

124 (3005) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും ബന്ധപ്പെട്ട വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വനത്തിനുള്ളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി വനം വകുപ്പ് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1) പങ്കാളിത്ത വനപരിപാലനം

കേരളത്തിൽ പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾക്കായി വനം ഡിവിഷൻതലത്തിൽ രൂപീകരിച്ച 36 വന വികസന ഏജൻസികൾക്ക് കീഴിലായി 427 വന സംരക്ഷണ സമിതികളും (VSSs) 213 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (EDCs) പ്രവർത്തനം നടത്തിവരുന്നു. ടി VSS/EDC-കളിൽ തദ്ദേശവാസികളായ ആദിവാസികളുൾപ്പെടെയുള്ള

വനാശ്രിതർ അംഗങ്ങളാണ്. ടി സമിതികളെ വനം വകുപ്പ് നടപ്പാക്കുന്ന വിവിധ വനവൽക്കരണ വന പരിപാലന പദ്ധതികളിൽ പങ്കാളികളാക്കിവരുന്നു. ഇത്തരത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി (GIM), നഗർ വൻ യോജനയ്ക്ക് കീഴിലെ പദ്ധതികൾ, കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ വൻ ധൻ വികാസ് യോജനയ്ക്ക് (VDVK)കീഴിലെ പദ്ധതികൾ, MSP for MFP പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. ടി പദ്ധതികൾക്ക് കീഴിലെ വന സംരക്ഷണ/ വനവൽക്കരണ പ്രവൃത്തികൾ വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്.

2) ഇക്കോടൂറിസം

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വന പരിപാലന തത്വത്തിന് കീഴിൽ വനം വകുപ്പ് നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് "ഇക്കോടൂറിസം". കേരളത്തിൽ നിലവിൽ 71 അംഗീകൃത ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. വനം വകുപ്പിന്റെ തനത് ഫണ്ട് വിഹിതം

ഉപയോഗിച്ചും ടൂറിസം വകുപ്പിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചും ഇക്കോടൂറിസം പദ്ധതികൾക്കാവശ്യമായ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. അതത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC-കളാണ് ടി ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും പരിപാലനത്തിനുമായി ഏകദേശം 2100 സമിതി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. ഇതിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക് പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നതിനും സഹായകരമാകുന്നു.

3. വനശ്രീ

കേരളത്തിലെ വനങ്ങളിൽ ലഭ്യമാകുന്ന ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ് വനാശ്രിതരായ ആദിവാസികളുടെ പ്രധാന ഉപജീവന മാർഗ്ഗം. വനത്തിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന വന

വിഭവങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധന നടത്തി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വനശ്രീ" പദ്ധതി വഴി വിപണനം ചെയ്യുന്നു. ഇതിലൂടെ മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ തങ്ങളുടെ വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും അതിലൂടെ ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു. നിലവിൽ കേരളത്തിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ടി ഇക്കോഷോപ്പുകളുമായി ബന്ധപ്പെട്ട സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങളിൽ ആദിവാസികൾ ഉൾപ്പെടെ VSS/EDC അംഗങ്ങളെ പങ്കാളികളാക്കുന്നു. അതിലൂടെയും അവർക്ക് കൂടുതൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് കഴിയുന്നു. വനശ്രീയുടെ പ്രവർത്തന വൈവിദ്ധ്യത്തിന്റെ ഭാഗമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം (Vanasree.in) വഴി വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വനം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇ-കൊമേഴ്സ് വഴിയുള്ള വില്പന, വനശ്രീ ഉൽപ്പന്നങ്ങൾ രാജ്യവ്യാപകമായി വിപണികൾ കണ്ടെത്താൻ വലിയ

തോതിൽ സഹായകരമായിത്തീർന്നിട്ടുണ്ട്. ഇതിലൂടെ വനശ്രീ ഉൽപ്പന്നങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ രാജ്യത്തുടനീളം എത്തിക്കുവാൻ സാധിക്കുന്നു. കേരളത്തിലെ വിവിധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങൾ സംഘടിപ്പിച്ച എക്സിബിഷനുകളിൽ വിവിധ വനവികസന ഏജൻസികളിലെ വനശ്രീ യൂണിറ്റുകൾ പങ്കെടുക്കുകയും മികച്ച രീതിയിൽ വനവിഭവങ്ങളുടെ വിപണനം നടത്തുകയും ചെയ്തുവരുന്നുണ്ട്.

കേരള സർക്കാർ നടപ്പിലാക്കിയ 'ലക്കിബിൽ' സമ്മാന പദ്ധതിയിൽ GST വകുപ്പുമായി ചേർന്ന് വിജയികൾക്ക് വനശ്രീ ഉത്പ്പന്നങ്ങൾ സമ്മാനമായി നൽകുന്നു. നിലവിൽ 1500-ൽപ്പരം വിജയികൾക്ക് ഇത്തരത്തിൽ 1,000/- രൂപ വീതമുള്ള വനശ്രീ വിഭവങ്ങൾ അടങ്ങിയ കിറ്റ് സമ്മാനമായി നൽകിയിട്ടുണ്ട്. സംസ്ഥാന വനവികസന ഏജൻസിയുടെ നേതൃത്വത്തിൽ ചാലക്കുടി വനവികസ ഏജൻസി നടപ്പിലാക്കുന്ന പദ്ധതി വനാശ്രിത സമൂഹങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് കൂടുതൽ വിപണി ലഭിക്കുവാനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു. ഈ പദ്ധതി വനാശ്രിത ആദിവാസി യുവതികളാണ്

ഏറ്റെടുത്ത് നടത്തുന്നത്. 2021-2022 കാലയളവിൽ ആരംഭിച്ച വെർച്വൽ ഗോ-ഡൗൺ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയുള്ള സോഫ്റ്റ്വെയറാണ് നോൺ-ടിംബർ ഫോറസ്റ്റ് പ്രൊഡ്യൂസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (NTFP-IMS). സംസ്ഥാന വന വികസന ഏജൻസി (SFDA) സർക്കിൾ, ഡിവിഷൻ ലെവൽ ഓഫീസർമാർക്കും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നവർക്കും തെരഞ്ഞെടുത്ത ഏജൻസികളുടെ സാങ്കേതിക പിന്തുണയോടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

4. അക്കാദമിക് സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തം

VSS/EDC-കളുടെ മൈക്രോപ്ലാൻ പുതുക്കുന്നതിനുവേണ്ടി അക്കാദമിക് സ്ഥാപനങ്ങളുമായുള്ള സഹകരണം വിവിധ FDA-കൾ നടത്തിവരുന്നുണ്ട്. കേരളത്തിലെ വിവിധ സർവ്വകലാശാലകളും കോളേജുകളുമായി ചേർന്നുകൊണ്ട് മൈക്രോപ്ലാൻ ഡോക്യുമെന്റേഷൻ, ഗോത്ര ഗ്രാമങ്ങളുടെ മാപ്പിംഗ്, തടിയേതര വന ഉൽപ്പന്നങ്ങളുടെ റിസോഴ്സ് മാപ്പിംഗ്, തദ്ദേശീയമായ രീതികളുടെയും അറിവുകളുടെയും ഡോക്യുമെന്റേഷൻ എന്നിവ

നടത്തുകയുണ്ടായി. കൂടാതെ മെഡിക്കൽ പ്ലാന്റുകളുടെ ഡോക്യുമെന്റേഷൻ, തടിയേതര വനോൽപ്പന്നങ്ങളുടെ ഡാറ്റാബേസ് എന്നിവ വിവിധ FDA-കൾ അക്കാദമിക് സമൂഹത്തിന്റെ പിന്തുണയോടെ തയ്യാറാക്കിയിട്ടുണ്ട്. VSS/EDC-കളുടെ മൈക്രോപ്ലാൻ പുതുക്കൽ പ്രക്രിയ 70 ശതമാനമായി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.

5. നൈപുണ്യ പരിശീലനം, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ

കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ടെസ്സ്പാസ്സേർസ്' ആർട്ടിസ്റ്റ് ഗ്രൂപ്പുമായി സഹകരിച്ച് സംസ്ഥാനത്തുടനീളമുള്ള വിവിധ ആദിവാസി ഊരുകളിൽ ചിത്രരചന, കളിമൺ മോഡലിംഗ് എന്നിവയിൽ പരിശീലനം നൽകാൻ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന നൈപുണ്യ ശില്പശാലകൾ SFDA സംഘടിപ്പിച്ചുവരുന്നു. 2020-2022 കാലയളവിൽ SFDA ഇത്തരത്തിൽ 6 ക്യാമ്പുകൾ വനാശ്രിത ഊരുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. കൂടാതെ കേരളത്തിലുടനീളം ഇവരുടെ ആരോഗ്യപരിപാലനം മുൻനിർത്തി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും

സംഘടിപ്പിച്ചുവരുന്നു. കേരള മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ആദിവാസി വിഭാഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്നു.

6. ശാസ്ത്രശില്പശാലകൾ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളോജിയുമായി സഹകരിച്ച് 2023 ഡിസംബറിൽ തെന്മല FDA-യിലെ വിദ്യാർത്ഥികൾക്കായി 'അറിവാങ്ക കരുമം' എന്ന പേരിൽ SFDA സംഘടിപ്പിച്ച ക്യാമ്പിൽ തെന്മല ഫോറസ്റ്റ് ഡിവിഷനിലെ വില്ലുമല VSS ആതിഥേയത്വം വഹിച്ചു. റോക്കറ്റ്, ബഹിരാകാശം തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തി റോക്കറ്റ് സയൻസ് സെക്ഷനുകൾ നടത്തി. ക്യാമ്പിന്റെ ഭാഗമായി വില്ലുമല നോർത്ത് ഊരിൽ വാനനിരീക്ഷണം സംഘടിപ്പിച്ചു.

7. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം

വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് 500 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം

നൽകിയിട്ടുണ്ട്. ഇപ്രകാരം സൃഷ്ടിച്ച 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും യോഗ്യത പരീക്ഷയുടെയും കായികക്ഷമതാ പരീക്ഷയുടെയും അടിസ്ഥാനത്തിൽ യോഗ്യരായ 500 പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

8) കതിർ ലൈബ്രറി പദ്ധതി/ഇൻഷുറൻസ് പരിരക്ഷ

സംസ്ഥാന വന വികസന ഏജൻസി (SFDA) വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'കതിർ'. സംസ്ഥാനത്തെ വിവിധ ആദിവാസി ഊരുകൾ കേന്ദ്രികരിച്ച് ലൈബ്രറികൾ, സാംസ്കാരിക-കരിയർ ഓറിയന്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. പദ്ധതിയിലൂടെ സംസ്ഥാനത്തെ ഏകദേശം 150 ആദിവാസി ഗ്രാമങ്ങളെ ദത്തെടുക്കാനും സാംസ്കാരിക പഠനകേന്ദ്രങ്ങളാക്കി മാറ്റാനും SFDA ലക്ഷ്യമിടുന്നു. വിവിധ സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് പൊതുകൺസോർഷ്യം എന്ന നിലയിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. നാളിതുവരെ ഈ പദ്ധതിയിലൂടെ

സംസ്ഥാനത്തെ 8 ആദിവാസി ഊരുകളിൽ വിവിധ അക്കാദമിക് സ്ഥാപനങ്ങൾ (കോളേജുകളും യൂണിവേഴ്സിറ്റികളും), വന വികസന ഏജൻസികൾ എന്നിവയുമായി സഹകരിച്ച് ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ട്. വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹങ്ങൾക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന അപകട മരണങ്ങൾ, ഹോസ്പിറ്റലൈസേഷൻ എന്നീ കേസുകളിൽ SFDA മുഖാന്തിരം ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിവരുന്നു.

9. സൃഷ്ടി സ്കോളർഷിപ്പ്

കേരളത്തിലെ വനാശ്രിതരായ പട്ടിക/ഗോത്ര വർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പെൺകുട്ടികൾക്ക് പഠന സഹായത്തിനായി കേരള സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ വനം വകുപ്പ് സൃഷ്ടി സ്കോളർഷിപ്പ് നടപ്പിലാക്കിവരുന്നു.

10. പട്ടികവർഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006 നടപ്പാക്കൽ.

2007 ജനുവരി 2-ലെ വിജ്ഞാപനമനുസരിച്ച് വനാവകാശ നിയമം (FRA) എന്നറിയപ്പെടുന്ന 'പട്ടികവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006' നടപ്പാക്കി. തലമുറകളായി വനങ്ങളിൽ താമസിച്ചുവന്നതും എന്നാൽ അവരുടെ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തതുമായ ഗോത്രവർഗ്ഗക്കാർക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും അവർ അധിവസിക്കുന്ന ഭൂമിയിന്മേൽ ചില നിബന്ധനകളോടെ വനഭൂമിക്കും ചെറുകിട വനവിഭവങ്ങൾക്കുംമേൽ കൈവശാവകാശം രേഖപ്പെടുത്തുന്നതിനുള്ള നിയമമാണിത്. പട്ടികവർഗ്ഗ വികസന വകുപ്പിനെ (STDD) നിയമം നടപ്പാക്കുന്നതിനുള്ള 'നോഡൽ ഏജൻസി' ആയി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റവന്യൂ, വനം വകുപ്പുകൾ നിയമം നടപ്പാക്കുന്നതിന് നോഡൽ ഏജൻസിക്ക് എല്ലാ സഹായവും നൽകുന്നുണ്ട്. ഇതുവരെ 28681 വ്യക്തിഗത അവകാശങ്ങളും 258 സാമൂഹിക അവകാശങ്ങളും 537 വികസന അവകാശങ്ങളും വനാവകാശ നിയമ പ്രകാരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകവഴി വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ

തൊഴിലവസരങ്ങളും ജീവിത സാഹചര്യങ്ങളൊരുക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്കും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും വനം വകുപ്പിന് സാധിക്കുന്നു.

(ബി) ഇതിൻപ്രകാരം 2022, 2023 കാലയളവിൽ കേരളത്തിൽ ആദിവാസി വിഭാഗങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മേൽ പ്രവർത്തനങ്ങളിലൂടെ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ, ഭക്ഷ്യസുരക്ഷ, ഇൻഷുറൻസ്, മെച്ചപ്പെട്ട ജീവിത നിലവാരം എന്നിവ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ

125 (3006) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ.-യുടെ കീഴിലുള്ള കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന വനമേഖലയിൽനിന്നും

വന്യജീവികൾ കൃഷി ഭൂമിയിലേയ്ക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള ജനവാസമേഖലകളിൽ വനാതിർത്തിയോട് ചേർന്നുള്ള ഭാഗങ്ങളിൽ വന്യജീവികൾ കൃഷി ഭൂമിയിലേയ്ക്കിറങ്ങിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനായി വനാതിർത്തികളിൽ സോളാർ ഫെൻസിംഗുകളും ഹാംഗിംഗ് സോളാർ ഫെൻസുകളും ആന പ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി ചെക്ക് ഡാം, കുളങ്ങൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും വനത്തിൽനിന്നും ഇറങ്ങിവരുന്ന വന്യജീവികളെ വനത്തിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനായി വാച്ചർമാരെയും നിയോഗിച്ചുവരുന്നു. കൂടാതെ ജനപങ്കാളിത്തത്തോടെ വനപരിപാലന പദ്ധതി പ്രകാരം വനസംരക്ഷണ സമിതികൾ മുഖാന്തരവും

ഗ്രാമപഞ്ചായത്തുമായി ചേർന്നുള്ള ജനജാഗ്രതാ സമിതികൾ മുഖാന്തരവുമുള്ള പ്രവർത്തനങ്ങളും ചെയ്തുവരുന്നു.

(ബി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ വനംവകുപ്പ് തയ്യാറാക്കിയ 1977-നുമുമ്പുള്ള വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഒറിജിനൽ സ്കെച്ച് ഏത് ഓഫീസിലാണ് നിലവിലുള്ളത്; ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കാമോ; സ്കെച്ച് തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ വനംവകുപ്പ് തയ്യാറാക്കിയ 1977-നുമുമ്പുള്ള വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഒറിജിനൽ സ്കെച്ച് അസിസ്റ്റന്റ് ഡയറക്ടർ, ഫോറസ്റ്റ് മിനി സർവ്വേ കോഴിക്കോട് ഓഫീസിൽ ലഭ്യമാണ്. ആയത് അനുബന്ധമായി ചേർക്കുന്നു[+]. പ്രസ്തുത സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സർവ്വേ, പെരിന്തൽമണ്ണയുടെ കീഴിലുള്ള സർവ്വേയർമാരുടെ സംഘമാണ്.

(സി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977 ജനുവരി 1-നുമുമ്പ് വിളക്കണ്ണൻപാറ, മേരിലാൻഡ്, മലാംകുണ്ട്, പാതാർ, കൂവക്കോൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭ്രദാനം എന്നിവിടങ്ങളിൽ വനം വകുപ്പ് അതിരടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അളവുകൾ സഹിതം, മാസം, വർഷം എന്നിവ രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ; ടി മേഖലകളുടെ അതത് മാസത്തെ സർവ്വേ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലെ വിളക്കണ്ണൻപ്പാറ, മേരിലാൻഡ്, മലാംകുണ്ട്, പാതാർ, കുവക്കോൽ, ഭ്രദാനം എന്നിവിടങ്ങളിൽ വി.എഫ്.സി. ഐറ്റം നം.2, 39, 17/13, 17/15-ൽപ്പെട്ട നിലമ്പൂർ കോവിലകം നിക്ഷിപ്ത വനഭ്രമിയിൽ 1977-നുമുമ്പ് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ചിട്ടുള്ളതാണ്. വനാതിർത്തിയിൽ സർവ്വേ കല്ലുകളും അതിരടയാളങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫോറസ്റ്റ് സർവ്വേ, പെരിന്തൽമണ്ണയുടെ നേതൃത്വത്തിലാണ് നടത്തിയിരുന്നത്. ആയതിന്റെ റിപ്പോർട്ടുകൾ ലഭ്യമല്ല.

(ഡി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977-നുമുമ്പോ ശേഷമോ കർഷകരുടെ കൂടിയേറ്റവുമായി ബന്ധപ്പെട്ട് വനപാലകർക്കെതിരെ

കൃത്യവിലോപം നടത്തിയെന്ന കുറ്റത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാമോ?

കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977-ന് മുമ്പോ, ശേഷമോ കർഷകരുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട് വനപാലകർക്കെതിരെ കൃത്യവിലോപം നടത്തിയ കുറ്റത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

വനം കയ്യേറ്റം ഒഴിഷിക്കുന്നതിന് നടപടി

126 (3007) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്രയെന്നും ആയത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോയെന്നും വ്യക്തമാക്കുമോ?

2021-22 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11531.139 ച.കി.മീ. ആണ്. ഇത് സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ 29.67 ശതമാനമാണ്. അതായത് ദേശീയ ശരാശരിയേക്കാൾ 6.43 ശതമാനം കൂടുതലാണ്.

(ബി) കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്; ഈ സർക്കാർ നാളിതുവരെ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെടുത്തു; നിലവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമായ കണക്കുകൾ പ്രകാരം ആകെ 63.8957 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ആകെ 13.956 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഭരണ റിപ്പോർട്ടുപ്രകാരം നിലവിൽ 01-01-1977-നുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ 5010.579 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. മേൽ കണക്കുകളുടെ ജില്ല തിരിച്ചുള്ള കണക്കു വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.+

(സി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ട്; ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ കണക്കുകൾപ്രകാരം 204 കേസ്സുകൾ തീർപ്പാക്കാനുണ്ട്. വനം കയ്യേറ്റക്കാരെ വനം നിയമപ്രകാരമുള്ള കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിനായി സർക്കാർ അഭിഭാഷകരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വയലട റോഡിന്റെ നവീകരണം

127 (3008) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലടയിൽ ടൂറിസം പ്രദേശത്തേയ്ക്ക് കടന്നുപോകുന്ന പ്രധാന റോഡിന്റെ ചെറിയ ഭാഗം വനം വകുപ്പിന്റെ അധീനതയിലായതിനാൽ നവീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനം വകുപ്പിന്റെ കൈവശമുള്ള പ്രസ്തുത റോഡ് നവീകരിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പ്രസ്തുത റോഡ് നവീകരിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് അടിയന്തര പരിഗണന നൽകാമോ?

പ്രസ്തുത റോഡ് നവീകരിക്കുന്നതിനുള്ള അപേക്ഷ പരിവേഷ് പോർട്ടൽ മുഖേന ലഭ്യമാകുന്നമുറയ്ക്ക് 1980-ലെ വന സംരക്ഷണ നിയമം അനുശാസിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

128 (3009) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളാണുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ 71 ഇക്കോ ടൂറിസം കേന്ദ്രങ്ങളാണുള്ളത്.

സംസ്ഥാനത്തിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽനിന്നും എത്ര രൂപയുടെ വരുമാനം ലഭിച്ചു എന്നത് സംബന്ധിച്ച ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; കൂടുതൽ വരുമാനം ലഭിച്ച ഡിവിഷൻ ഏതെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽനിന്നും 2021, 2022, 2023 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ ക്രോഡീകരിച്ച പട്ടിക (ഡിവിഷൻ തിരിച്ചുള്ള കണക്ക്) അനുബന്ധമായി ചേർക്കുന്നു.+ ടി വർഷങ്ങളിൽ സംസ്ഥാനത്ത് മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി വനം വകുപ്പ് മുഖേന ചേർക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1) സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനുമായി കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ 04-10-2023-ലെ സ.ഉ. (സാധാ)നം. 370/2023/വനം പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2) നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഇക്കോഷോപ്പുകൾ സ്ഥാപിക്കുക വഴി 'വനശ്രീ' ഉത്പ്പന്നങ്ങൾക്ക് കൂടുതൽ വിപുലമായ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും അതുവഴി വനാശ്രിതരായ പട്ടികജാതി വിഭാഗങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5) ചെറുകിട വന വിഭവങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ചാലക്കുടി വനശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തിവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം വന വികസന ഏജൻസിയിൽ 'ഓപ്പൺ നെറ്റ്വർക്ക് ഡിജിറ്റൽ കോമേഴ്സ്' (ONDC) പ്ലാറ്റ്ഫോമിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തുവാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

6) ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തിവരുന്ന ചെറുകിട വനോൽപ്പന്നങ്ങൾക്ക് വനശ്രീ ട്രേഡ്മാർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7) ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദസഞ്ചാരികൾക്ക് അവരുടെ പ്രവേശനവും വിവിധങ്ങളായ പാക്കേജുകളുടെ ബുക്കിംഗും (അക്കൊമഡേഷൻ, ടീ ടോപ് ബാംബൂ ഹട്ട്, സൈറ്റ് സീയിംഗ്, വുഡി റോക്ക് വുഡ് etc.) സുഗമമാക്കുന്നതിനായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8) ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അതിന്റെ ചുമതലയുള്ള ജീവനക്കാർക്കും ബന്ധപ്പെട്ട VSS/EDC അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനം വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സെന്ററുകൾ

129 (3010) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സെന്ററുകൾ ഏതെല്ലാമാണ്?

നിലവിൽ കേരളത്തിൽ വിവിധ വന വികസന ഏജൻസികളുടെ മേൽനോട്ടത്തിൽ 71 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ വനം വകുപ്പ് ഇക്കോടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. ടി കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.+

(ബി) വനം വകുപ്പിന്റെ ഐ.ബി, റിസോർട്ട്, റസ്റ്റ് ഹൗസുകൾ എന്നിവ നിലവിൽ എവിടെയെല്ലാമുണ്ട്; പ്രസ്തുത സ്ഥലങ്ങളിൽ താമസത്തിനുള്ള ബുക്കിംഗ് ഏതു രീതിയിലാണ്; പ്രസ്തുത ഐ.ബി, റിസോർട്ട്, റസ്റ്റ്ഹൗസുകൾ എന്നിവയുമായി ബന്ധപ്പെടുവാൻ ഫോൺ നമ്പർ നിലവിലുണ്ടോ; എങ്കിൽ ആയത് നൽകാമോ?

വിവിധ പരിശോധനകൾക്കായി വരുന്ന വകുപ്പുദ്യോഗസ്ഥരുടെ താമസത്തിനുവേണ്ടിയാണ് മുഖ്യമായും ടി ഐ.ബി-കൾ ഉപയോഗിച്ചുവരുന്നത്. വകുപ്പുദ്യോഗസ്ഥർ താമസത്തിനില്ലാത്ത അവസരങ്ങളിൽ വ്യവസ്ഥകളോടെ മറ്റുള്ളവർക്ക് താമസിക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുമതി നൽകാറുണ്ട്. അതത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മുഖേനയാണ് ബുക്കിംഗ് സ്വീകരിക്കുന്നത്. ടൂറിംഗ് ഓഫീസർമാർക്കുവേണ്ടി ഐ.ബി. ബ്ലോക്ക് ചെയ്തിട്ടില്ലാത്തപക്ഷം വനം വകുപ്പാസ്ഥാനത്തെ FMIS വിഭാഗത്തിലെ 0471-2529233 എന്ന ലാൻഡ് ലൈൻ ഫോൺ നമ്പറിൽ കേന്ദ്രീകൃത ബുക്കിംഗ് സംവിധാനം മുഖാന്തരം പൊതുജനങ്ങൾക്ക് ബുക്ക് ചെയ്യാവുന്നതാണ്. വനം വകുപ്പിന്റെ ഐ.ബി, റിസോർട്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) വനം വകുപ്പിന്റെ ഓരോ ടൂറിസം സെന്ററുകളിലും 2023-2024 വർഷത്തിൽ ലഭിച്ച മൊത്തം വരുമാനത്തിന്റെ ഇനവും സെന്ററും തിരിച്ചുള്ള വിവരങ്ങൾ നൽകുമോ?

വനം വകുപ്പിന്റെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ 2023 മുതൽ നാളിതുവരെ ലഭിച്ച മൊത്തം വരുമാനത്തിന്റെ ഡിവിഷൻ/ഇക്കോടൂറിസം കേന്ദ്രങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഇക്കോ ടൂറിസം സർക്യൂട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

130 (3011) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ഇക്കോ ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളെയും സംസ്ഥാനത്തെ മറ്റു ജില്ലകളിലെ ടൂറിസം കേന്ദ്രങ്ങളെയും കോർത്തിണക്കിക്കൊണ്ടുള്ള ഇക്കോ ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. ഓരോ ജില്ലയിലും രൂപീകരിക്കാനുദ്ദേശിക്കുന്ന ഇക്കോ ടൂറിസം സർക്യൂട്ട് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.+

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ

131 (3012) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത ഒഴിവുകളിൽ 139 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുനലൂർ മണ്ഡലത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

132 (3013) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിലെ റോസ് മലയിൽ, പുനരധിവാസത്തിനായി ലഭിച്ച ഒന്നാംഘട്ട തുക കൈപ്പറ്റി താമസിച്ചിരുന്ന വീട് പൊളിച്ചു മാറ്റുകയും ലഭിച്ച തുകകൊണ്ട് പുതിയ ഭൂമിക്ക് അഡ്വാൻസ് നൽകി കാത്തിരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് നാളിതുവരെയും രണ്ടാം ഗഡു ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവർക്ക് രണ്ടാം ഗഡു തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ നൽകാനാകുമെന്ന് വിശദമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോജക്ട് മുഖേന അംഗീകരിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചെലവാക്കിയിട്ടുള്ളതുമാണ്. രണ്ടാം ഗഡുവായി 27.13 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചെന്തുരുണി വന്യജീവി സങ്കേതത്തിനുള്ളിലെ എംപോങ് വനമേഖലയിലെ സ്വകാര്യ ഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗേതര കുടുംബങ്ങളുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ആയത് എപ്പോഴേയ്ക്ക് പരിഹരിക്കാനാകുമെന്ന് വിശദമാക്കാമോ?

ടി വിഷയം 29-07-2023-ന് കൂടിയ റീജിയണൽ കമ്മിറ്റിയിൽ അജണ്ടയായി വയ്ക്കുകയും ജനവാസ മേഖലയോട് ചേർന്നുകിടക്കുന്ന

എംപോങ് ചതുപ്പിലെ സ്വയം സന്നദ്ധ പുനരധിവാസ അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന തീരുമാനം എടുത്തിട്ടുള്ളതുമാണ്.

(ഡി) കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് ഉടമസ്ഥാവകാശ സാക്ഷ്യപത്രമോ നിലവിലുള്ള കൈവശാവകാശമോ പരിഗണിച്ച് ഇവരുടെ സ്ഥലത്തിനും കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നവകിരണം പദ്ധതിയുടെ നിലവിലുള്ള അംഗീകൃത മാർഗ്ഗരേഖ പ്രകാരം ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുന്നതല്ല.

വനം വകുപ്പിന് അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും

133 (3014) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷം വനം വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം വനം വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വനമേഖലയിലെ മാലിന്യനിക്ഷേപം

134 (3015) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരളത്തിലെ വന പ്രദേശങ്ങൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ, വനത്തിലൂടെ കടന്നുപോകുന്ന ദേശീയ പാതകൾ ഉൾപ്പെടെയുള്ള റോഡുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ' ഗ്രീൻ ഗ്രാസ് പ്രോജക്ട് ' എന്ന പദ്ധതി 2019-20, 2022-23 കാലയളവിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ' മാലിന്യ മുക്ത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് 22-05-2023-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ.) 1081/2023/LSGD പ്രകാരം വനപ്രദേശത്തു നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- വന പ്രദേശത്ത് മാലിന്യനിക്ഷേപങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി അതത് പ്രദേശങ്ങളിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിലുൾപ്പെടെ പരിശോധനകളും റോന്തുചുറ്റൽ പ്രവർത്തനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.
- പ്രധാനപ്പെട്ട പ്രദേശങ്ങളിലും കൂടുതലായി മാലിന്യനിക്ഷേപം നടത്തുന്നതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിലും ഗ്രീൻ ഗ്രാസ് പദ്ധതിയുടെ ഭാഗമായി CCTV ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.
- വനം വകുപ്പുദ്യോഗസ്ഥരോടൊപ്പം തദ്ദേശ വനവാസികൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ (VSS)/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC), സ്കൂൾ കുട്ടികൾ, NGO-കൾ, NSS വോളന്റിയർമാർ

എന്നിവരുടെ പങ്കാളിത്തത്തോടെ വനത്തിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുന്നു.

- ശേഖരിക്കുന്ന മാലിന്യങ്ങളെ ജൈവവും അജൈവവും ആയി തരംതിരിച്ച് ജൈവമാലിന്യങ്ങൾ ഉചിതവും പരിസ്ഥിതിക്ക് ദോഷംവരാത്തതുമായ രീതിയിൽ ഭൂമിയിൽ മറവുചെയ്യുകയും അജൈവമാലിന്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനന്തര നടപടികൾക്കായി കൈമാറ്റം ചെയ്യുകയും ചെയ്തുവരുന്നു.
- മാലിന്യങ്ങൾ നിക്ഷേപിക്കരുതെന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.
- വനമേഖലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ മാലിന്യശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വെയ്സ്റ്റ് ബിന്നുകൾ, പിറ്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.
- ബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

- മൂന്നാർ വന്യജീവി ഡിവിഷനുകീഴിൽ രാജമലയിൽ മാലിന്യനിർമ്മാർജ്ജനത്തിനായി ഒരു മാലിന്യനിർമ്മാർജ്ജന യൂണിറ്റ് ' ഗ്രീൻ ഗ്രാസ് പദ്ധതി '-യുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്.

(ബി) വനത്തിന് സമീപത്തിലെ പാതയോരങ്ങളിലും വനമേഖലയിലും രാത്രികാലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

വന പ്രദേശത്ത് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി അതത് പ്രദേശങ്ങളിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകളും റോന്തുചുറ്റൽ പ്രവർത്തനങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതോടൊപ്പം പ്രധാനപ്പെട്ട പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകളും ' ഗ്രീൻ ഗ്രാസ് പദ്ധതി '-യുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. വനം വകുപ്പുദ്യോഗസ്ഥർ, തദ്ദേശ വനവാസികൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ (VSS)/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC), സ്കൂൾ കുട്ടികൾ, NGO കൾ, NSS വോളന്റിയർമാർ എന്നിവർ മാലിന്യ ശേഖരണ/സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിഷിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും കേന്ദ്ര സേന

135 (3016) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും സി.ആർ.പി.എഫ്. പോലുള്ള കേന്ദ്ര സേനയെ ചുമതലപ്പെടുത്തണമെന്ന് ജീവനക്കാരുടെ സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മാങ്കുളം അടക്കം ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളിൽ വനം വകുപ്പോഫീസുകളുടെയും സ്റ്റേഷനുകളുടെയും സുരക്ഷാർത്ഥവും വനപാലകരുടെ ജീവൻ സംരക്ഷിക്കുന്നതിനും സി.ആർ.പി.എഫ്. പോലെയുള്ള കേന്ദ്രസേനയെ വിന്യസിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ കാറ്റഗറി സംഘടനകളിലൊന്നായ

കേരള ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ (KFSA) 05-01-2024-ന് നിവേദനം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത നിവേദനത്തിൽ തിരുത്തൽ വരുത്തി മേൽ ആവശ്യം ഒഴിവാക്കിക്കൊണ്ട് സംഘടന പുതിയ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്ത സാഹചര്യത്തിലാണോ ജീവനക്കാരുടെ സംഘടന ഈ ആവശ്യം ഉന്നയിച്ചതെന്ന് വ്യക്തമാക്കാമോ?

വനവും വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാണ്.

അരുവിക്കര മണ്ഡലത്തിലെ വന്യമൃഗാക്രമണങ്ങൾ

136 (3017) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗാക്രമണത്തിന് പരിഹാരം കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ പേപ്പാറ, എ.ബി.പി. കോട്ടൂർ എന്നീ റെയിഞ്ചുകളിലെ വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിൽ വന്യമൃഗാക്രമണം തടയുന്നതിനായി ആനക്കിടങ്ങ് നിർമ്മാണം, വിസ്താ ക്ലിയറൻസ് എന്നീ പ്രവൃത്തികൾ ചെയ്തിട്ടുള്ളതാണ്. അരുവിക്കര നിയോജകമണ്ഡലത്തിലെ പരുത്തിപ്പള്ളി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വനവുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗ്, ആനക്കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ ആറാനക്കുഴി ഭാഗത്ത് 1 കിലോമീറ്റർ ഹാംഗിംഗ് സോളാർ ഫെൻസിംഗും ഒറ്റക്കുഴി ഭാഗത്ത് 500 മീറ്റർ ആനക്കിടങ്ങും നിർമ്മിച്ചിട്ടുണ്ട്. പരുത്തിപ്പള്ളി റെയിഞ്ചിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ആർ.ടി.-യുടെ സേവനം ടി പ്രദേശങ്ങളിൽ ലഭ്യമാക്കാറുണ്ട്.

(ബി) ഇതിലേയ്ക്കായി നടപ്പുവർഷം നടത്തുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഫണ്ട് വിവരങ്ങളും വ്യക്തമാക്കാമോ?

നെയ്യാർ വന്യജീവി ഡിവിഷനിലെ വനപ്രദേശങ്ങളിൽ GIM പദ്ധതി പ്രകാരം 2023-24 വർഷത്തിൽ സ്വാഭാവിക ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി 5.63 ലക്ഷം രൂപ ചെലവഴിച്ച് വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ ഫലവൃക്ഷത്തൈകളും സ്വാഭാവിക വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചിട്ടുള്ളതാണ്. കോട്ടൂർ എ.ബി.പി. റെയിഞ്ചിൽ 27.9 ഹെക്ടർ അക്കേഷ്യ തോട്ടം മുറിച്ചുമാറ്റി സ്വാഭാവിക വനമായി മാറ്റുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതും ആയതിനുള്ള 114.475 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതുമാണ്. പേപ്പാറ വന്യജീവി സങ്കേതത്തിൽ സ്വാഭാവികമായി വളർന്നുവന്ന 3 ഹെക്ടർ അക്കേഷ്യതോട്ടം മുറിച്ചുമാറ്റി സ്വാഭാവികവനമായി മാറ്റുന്നതിന് 7.5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതാണ്. പേപ്പാറ വന്യജീവി സങ്കേതത്തിൽ വന്യജീവി ആക്രമണം തടയുന്നതിന്റെ ഭാഗമായി വിസ്താ ക്ലിയറൻസ് 65 ഹെക്ടർ പ്രദേശത്ത് നടത്തിയിട്ടുള്ളതാണ്. ആയതിന് 6.00

ലക്ഷം രൂപ അനുവദിച്ചതിൽ 5.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കോട്ടൂർ എ.ബി.പി. റെയിഞ്ചിൽ മാങ്കോട് മുതൽ വാലിപ്പാറവരെ എലിഫന്റ് പ്രൂഫ് ട്രഞ്ചിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി കരാർ വച്ചിട്ടുള്ളതാണ്. ആയതിന് 3.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പരുത്തിപ്പള്ളി റെയിഞ്ചിൽ ജനവാസ മേഖലയിലെ കാട്ടാന സാന്നിധ്യം ഒഴിവാക്കുന്നതിനായി NABARD RIDF സ്കീമിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ 1 കിലോമീറ്റർ ആനക്കിടങ്ങ് നിർമ്മാണത്തിലേയ്ക്ക് 17,96,000 രൂപയുടെ അടങ്കൽ തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഗവൺമെന്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചാമക്കര, ചണ്ണവിളപ്രദേശങ്ങളിൽ 2.5 കിലോമീറ്റർ വീതം 5 കിലോമീറ്റർ ദൂരത്തിൽ 8.354 ലക്ഷം രൂപ ചെലവഴിച്ച് സോളാർ ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്നേഹഹസ്തം പദ്ധതി

137 (3018) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ ഊരുകളിൽ വനം വകുപ്പ് നടപ്പിലാക്കുന്ന 'സ്നേഹഹസ്തം' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി എത്ര കേന്ദ്രങ്ങളിലാണ് നടപ്പിലാക്കുന്നത്?

പട്ടികവർഗ്ഗ ഊരുകളിൽ വനം വകുപ്പ് നടപ്പിലാക്കുന്ന സ്നേഹഹസ്തം പദ്ധതിയുടെ വിശദാംശങ്ങൾ, പ്രസ്തുത പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുത്ത ആദിവാസി സെറ്റിൽമെന്റുകളുടെ പട്ടിക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

വനം വിജിലൻസ് നടത്തിയ പരിശോധന

138 (3019) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ വനം വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ വനം വിജിലൻസ് നടത്തിയ പരിശോധനകളിൽ അനധികൃത മരം മുറി, വനം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലെ വീഴ്ചകൾ, ഓഫീസ് പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ, സോളാർ ഫെൻസിംഗ് പ്രവൃത്തികളിലെ ക്രമക്കേടുകൾ, മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളിലെ NOC സംബന്ധിച്ച ക്രമക്കേടുകൾ, തൈ ഉല്പാദനവും പരിപാലനവും സംബന്ധിച്ച ക്രമക്കേടുകൾ, ഇക്കോ ടൂറിസം/ വി.എസ്.എസ്. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനം, വന്യജീവി സംരക്ഷണ നിയമം, കേരള വനനിയമം എന്നിവ നടപ്പിലാക്കുന്നതിലുള്ള വീഴ്ചകൾ, ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ, പെർമിറ്റുകൾ/പാസ്സുകൾ കൊടുക്കുന്നതിലെ ക്രമക്കേടുകൾ, NMR-ലെ ക്രമക്കേടുകൾ, വന്യമൃഗങ്ങൾക്ക് മരുന്നും ഭക്ഷണവും നൽകുന്നതിലെ ക്രമക്കേടുകൾ, പ്ലാന്റേഷൻ ജോലികളിലെ ക്രമക്കേടുകൾ, അടച്ചുമുറി നടത്തിയതിലെ ക്രമക്കേടുകൾ, നാട്ടാന പരിപാലന ചട്ടത്തിലെ ക്രമക്കേടുകൾ എന്നിവയാണ് വനം വിജിലൻസ് വിഭാഗം പ്രധാനമായും കണ്ടെത്തിയ ക്രമക്കേടുകൾ.

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

എലിഫന്റ് ഡാറ്റാബുക്ക്

139 (3020) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാട്ടാനകളുടെ വിവരങ്ങൾ അടങ്ങുന്ന എലിഫന്റ് ഡാറ്റാ ബുക്ക് വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എന്തൊക്കെ വിവരങ്ങളാണ് ഇതിൽ രേഖപ്പെടുത്തുന്നതെന്നും വിശദീകരിക്കുമോ?

സംസ്ഥാനത്തെ നാട്ടാനകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള എലിഫന്റ് ഡാറ്റാ ബുക്ക് വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന വിവരങ്ങളാണ് എലിഫന്റ് ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തുന്നത്.

1. ആനയുടെ പേര്

2. ഉടമസ്ഥന്റെ പേരും മേൽവിലാസവും ഫോട്ടോയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. ആനയുടെ വയസ്സ്, ലിംഗം

4. മൈക്രോചിപ്പ് നമ്പർ, സർട്ടിഫിക്കറ്റ് നമ്പർ, തീയതി, മൈക്രോചിപ്പ് ഘടിപ്പിച്ച സംസ്ഥാനം

5. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തീയതി, നൽകിയ സംസ്ഥാനം

6. ആനയെ കേരളത്തിലേക്ക് കൊണ്ടുവന്ന തീയതി

7. എലിഫന്റ് സ്റ്റാറ്റസ്

8. ആനയെ സാധാരണയായി തളയ്ക്കുന്ന സ്ഥലവും മേൽവിലാസവും

9. ആനയുടെ ശാരീരികാളവുകളും കൊമ്പുകളുടെ അളവുകളും

10. ഐഡന്റിഫിക്കേഷൻ മാർക്ക്

11. ആനയുടെ പൊതുവായ സ്വഭാവം

12. ആനയുടെ ചിത്രങ്ങൾ

13. അസുഖങ്ങളും വൈകല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ

14. മദപ്പാട് സംബന്ധിച്ച വിവരങ്ങൾ

15. പാപ്പാന്മാരുടെ വിവരങ്ങൾ

16. ഇൻഷുറൻസ് സംബന്ധിച്ച വിവരങ്ങൾ

17. അന്തർസംസ്ഥാന യാത്ര സംബന്ധിച്ചുള്ള വിവരങ്ങൾ

18. മേൽപ്പറഞ്ഞവ കൂടാതെ ഉദ്യോഗസ്ഥരുടെ പരിശോധനാവേളയിൽ മറ്റെന്തെങ്കിലും വിവരങ്ങൾ ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ആയതുകൂടി രേഖപ്പെടുത്തുന്നുണ്ട്.

(ബി) ആനകളുടെ വളർച്ച സംബന്ധിച്ച എന്തെങ്കിലും വിവരം ഡാറ്റാബുക്കിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രവർഷത്തിലൊരിക്കലാണ് പ്രസ്തുത പരിശോധന നടത്തുന്നതെന്നും അറിയിക്കുമോ?

ഡാറ്റാ ബുക്ക് നൽകുന്ന വേളയിൽ ആനകളുടെ ശാരീരികാളവുകൾ രേഖപ്പെടുത്താറുണ്ട്. എന്നാൽ പിന്നീട് വളർച്ച സംബന്ധിച്ച വിവരങ്ങൾ ഡാറ്റാ ബുക്കിൽ രേഖപ്പെടുത്താറില്ല. നാട്ടാനകളെ അവയിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പിന്റെ അടിസ്ഥാനത്തിലാണ് തിരിച്ചറിയുന്നത്.

(സി) നിലവിലുള്ള എലിഫന്റ് ഡാറ്റാ ബുക്കിൽ ഏതുവർഷത്തെ അളവുകളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഓരോ ആനയ്ക്കും ഡാറ്റാ ബുക്ക് നൽകുന്ന വർഷത്തെ അളവുകളാണ് രേഖപ്പെടുത്തുന്നത്. 2012-ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾപ്രകാരം 2012 മുതലാണ് ആനകൾക്ക് ഡാറ്റാ ബുക്ക് നൽകിത്തുടങ്ങിയത്.

(ഡി) എലിഫന്റ് ഡാറ്റാ ബുക്കിലെ അളവുകൾ പുനർനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നാട്ടാനകളിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പിന്റെ അടിസ്ഥാനത്തിലാണ് നാട്ടാനകളെ തിരിച്ചറിയുന്നത്. അതുകൊണ്ടുതന്നെ എലിഫന്റ് ഡാറ്റാ ബുക്കിലെ അളവുകൾ പുനർനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാമീണ കാർഷിക മേഖലയിലെ വന്യമൃഗാക്രമണം

140 (3021) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന മേഖലയോട് ചേർന്ന സ്ഥലങ്ങളിലും ഗ്രാമീണ മേഖലയിലെ കൃഷി സ്ഥലങ്ങളിലും വന്യമൃഗാക്രമണം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന ജനവാസ മേഖലയിൽ വന്യജീവികളുടെ ആക്രമണങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആവാസ മേഖലകളുടെ വിഘടനവും (Habitat Fragmentation) വനമേഖലകളിലെ ടൂറിസം ഉൾപ്പെടെയുള്ള പ്രവൃത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യാൻ കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാരപാതകൾ/ആനത്താരകൾ എന്നിവ വിവിധതരം നിർമ്മാണ പ്രവൃത്തികൾമൂലം തടസ്സപ്പെടുത്തുന്നത് കാട്ടാന തുടങ്ങിയ വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവും ഉണ്ടാക്കുന്നുണ്ട്. ആയതും മനുഷ്യ-വന്യജീവി സംഘർഷത്തിന് വഴിവയ്ക്കുന്നുണ്ട്. കൂടാതെ വനത്തോട് ചേർന്നുള്ള ജനവാസമേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിനും പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ എന്നിവമൂലം ഇരപിടിക്കുവാൻ

ബുദ്ധിമുട്ടുള്ള മാംസഭക്ഷകളായ ജീവികളും വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിന് ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം സ്ഥലങ്ങളിൽ സോളാർ വേലികൾ ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്ന എന്തൊക്കെ പദ്ധതികളാണ് വനം വകുപ്പിനുള്ളതെന്ന് അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സർക്കിൾതലങ്ങളിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി സോളാർ വേലികൾ, എലിഫന്റ് പ്രൂഫ് ട്രഞ്ചുകൾ, എലിഫന്റ് പ്രൂഫ് വാൾ, ജൈവ വേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇതിന് പുറമേ NABARD-RIDF പദ്ധതി, മറ്റു പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി സോളാർ പവർ ഫെൻസിംഗ്, ഹാംഗിംഗ് സോളാർ പവർ ഫെൻസ്, എലിഫന്റ് പ്രൂഫ് ട്രഞ്ച് എന്നിവ കൂടുതൽ പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആധുനിക

സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ANIDERS അലാറം സിസ്റ്റം, ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ്. അലർട്ട്, ആർട്ടിഫിഷ്യൽ ഇന്റലിജന്റ് ക്യാമറകൾ എന്നിവ ഉപയോഗപ്പെടുത്തി വന്യജീവികളുടെ കടന്നുവരവ് മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് ജാഗ്രതാ മുന്നറിയിപ്പ് നൽകുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും ജനജാഗ്രതാ സമിതികളുടെയും ഊർജ്ജിതമായ പ്രവർത്തനംവഴിയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി ഭക്ഷണ ലഭ്യതയും ജല ലഭ്യതയും വനത്തിൽ ഉറപ്പുവരുത്തുന്നതിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവയുടെ നിർമ്മാണം നിലവിലുള്ള ജലസ്രോതസ്സുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയും നടത്തിവരുന്നുണ്ട്.

പുനലൂർ മണ്ഡലത്തിൽ ക്ലിയർ ഫെല്ലിംഗ് നടത്താനുള്ള തോട്ടങ്ങൾ

141 (3022) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ക്ലിയർ ഫെല്ലിംഗ് നടത്തി ഒഴിച്ചിട്ടിരിക്കുന്ന എത്ര തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും ഇനിയും പുനരുജ്ജീവന നടപടി ആരംഭിക്കാത്ത പ്ലാന്റേഷനുകളുണ്ടെങ്കിൽ എവിടെയൊക്കെ ആണെന്നും അറിയിക്കുമോ?

പുനലൂർ മണ്ഡലത്തിൽ പുനലൂർ വനം ഡിവിഷൻ പരിധിയിൽ അഞ്ചൽ റെയ്ഞ്ചിൽ കടമാൻകോട് 2010 അക്കേഷ്യ തോട്ടം 27 ഹെക്ടറും ക്ലിയർ ഫെല്ലിംഗ് നടത്തി ഒഴിച്ചിട്ടിരിക്കുകയാണ്. മറ്റ് തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങൾ ഒന്നുംതന്നെ ക്ലിയർ ഫെല്ലിംഗ് നടത്തി ഒഴിച്ചിട്ടിട്ടില്ല. കൂടാതെ ക്ലിയർ ഫെല്ലിംഗ് നടത്തിയ മറ്റെല്ലാ തോട്ടങ്ങളിലും പുനരുജ്ജീവന നടപടികളോ ആയതിലേയ്ക്കുള്ള പ്രാരംഭ നടപടികളോ ആരംഭിച്ചിട്ടുള്ളതാണ്.

(ബി) പുനലൂർ മണ്ഡലത്തിൽ റൊട്ടേഷൻ പൂർത്തിയായ (മെച്വർ ആയ) എത്ര തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങളുണ്ടെന്നും അവയിൽ ഇനി ക്ലിയർ ഫെല്ലിംഗ് നടത്താനുള്ള തോട്ടങ്ങൾ എത്ര എണ്ണമെന്നും

എവിടെയൊക്കെയാണെന്നും എന്നത്തേയ്ക്ക് ക്ലിയർ ഫെല്ലിംഗ് നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പുനലൂർ മണ്ഡലത്തിൽ റൊട്ടേഷൻ പൂർത്തിയായ (മെച്വർ ആയ) തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+ വർക്കിംഗ് പ്ലാൻ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ക്ലിയർ ഫെല്ലിംഗ് നടത്താൻ കഴിയുന്നതാണ്.

(സി) റൊട്ടേഷൻ പൂർത്തിയാക്കി മുറിക്കാനുള്ള പൾപ്പ് വുഡ് തോട്ടങ്ങളിൽ ഇനിയും വർക്കിംഗ് പ്ലാൻ അംഗീകരിക്കാനുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

പുനലൂർ മണ്ഡലത്തിലെ പുനലൂർ ഡിവിഷനിൽ ഉൾപ്പെടുന്ന 2023-24, 2024-25 വർഷം റോട്ടേഷൻ പൂർത്തിയാക്കുന്ന തോട്ടങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ആയത് മുറിച്ചുമാറ്റുന്നതിനുള്ള വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. പുനലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം ഡിവിഷനിലെ കുളത്തുപ്പുഴ റെയ്ഞ്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിയിൽ മേൽലിസ്റ്റിൽ പറഞ്ഞിരിക്കുന്ന തോട്ടങ്ങളെല്ലാം ഇക്കോറെസ്റ്റോറേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ബളാൽ പഞ്ചായത്തിലെ അത്തിയടുക്കത്തെ പട്ടയഭൂമി

142 (3023) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബളാൽ പഞ്ചായത്തിലെ അത്തിയടുക്കത്തെ വനം വകുപ്പ് ഏറ്റെടുത്ത പട്ടയഭ്രമി കൈവശക്കാർക്ക് തിരിച്ചുനൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ബളാൽ പഞ്ചായത്തിലെ അത്തിയടുക്കത്തെ വനം വകുപ്പ് ഏറ്റെടുത്ത ഒ.എ. കേസിൽ ഉൾപ്പെട്ട ഭ്രമി കോടതി വിധിപ്രകാരം റെസ്റ്റോറേഷൻ ചെയ്യുന്നതിനായി കോഴിക്കോട് ഫോറസ്റ്റ് മിനി സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽനിന്നും സർവ്വേ ടീം സ്ഥലം പരിശോധിച്ച്, സർവ്വേ നടത്തി സർവ്വേ സ്കെച്ചുകൾ നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം റെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വനം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഓഡിറ്റ്

143 (3024) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാലുവർഷക്കാലയളവിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ & ബി) വനം വകുപ്പിന് കീഴിലുള്ള കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ കഴിഞ്ഞ 4 വർഷത്തെ കാലയളവിൽ C&AG നടത്തിയ ഓഡിറ്റിൽ ഗുരുതരമായ ക്രമക്കേടുകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല. മാത്രമല്ല, അന്തിമ റിപ്പോർട്ട് ഒന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

144 (3025) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വാഹന ദുരുപയോഗം സംബന്ധിച്ച പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് തൊടുപുഴ ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റെയ്ഞ്ച് ഓഫീസിൽ 02-02-2024-ൽ നടത്തിയ പരിശോധനയാണ് ധനകാര്യ പരിശോധനാ വിഭാഗം വനം-വന്യജീവി വകുപ്പിൽ അവസാനമായി നടത്തിയിട്ടുള്ള പരിശോധന. മേൽ പരിശോധന പുരോഗമിക്കുന്നു.

വന്യജീവി ആക്രമണം

145 (3026) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവികളുടെ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന ജനവാസമേഖലകളിൽ വന്യജീവികളുടെ ആക്രമണങ്ങളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആവാസമേഖലകളുടെ വിഘടനവും (Habitat Fragmentation) വനമേഖലകളിലെ ടൂറിസം ഉൾപ്പെടെയുള്ള പ്രവൃത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യാൻ കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാരപാതകൾ/ആനത്താരകൾ എന്നിവ വിവിധതരം നിർമ്മാണപ്രവൃത്തികൾമൂലം തടസ്സപ്പെടുത്തുന്നത് കാട്ടാന തുടങ്ങിയ വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവും ഉണ്ടാക്കുന്നുണ്ട്. ആയതും

മനുഷ്യ-വന്യജീവി സംഘർഷത്തിന് വഴിവയ്ക്കുന്നുണ്ട്. വനത്തോട് ചേർന്നുള്ള ജനവാസമേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിനും പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ എന്നിവമൂലം ഇരപിടിക്കുവാൻ ബുദ്ധിമുട്ടുള്ള മാംസഭുക്കുകളായ മൃഗങ്ങൾ വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിനും ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജനവാസ മേഖലയിലെ കാട്ടാനകൾ

146 (3027) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിലെ കാട്ടാന സാന്നിധ്യം ഒഴിവാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ജനവാസമേഖലയിൽ കാട്ടാനസാന്നിധ്യം ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് വനാതിർത്തികളിൽ സൗരോർജ്ജവേലി, സോളാർ ഹാഗിംഗ് ഫെൻസ്, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ,

ടൈബൽ സെറ്റിൽമെന്റുകളിൽ സൗരോർജ്ജ വിളക്കുകൾ എന്നിവ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി നാട്ടിലിറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനായി കേരള വനം വകുപ്പിന്റെ കീഴിലുള്ള വിവിധ ഡിവിഷനുകളിലായി 15 ദ്രുതകർമ്മസേനകൾ (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, കല്പറ്റ, നിലമ്പൂർ, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട്, ചാലക്കുടി, പീരുമേട്, മൂന്നാർ, റാന്നി, പുനലൂർ, പേപ്പാറ) രൂപീകരിച്ചിട്ടുണ്ട്. ടീമംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നു. സൗരോർജ്ജവേലിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. ജീവനക്കാരുടെയും വാച്ചർമാരുടെയും ഇ.ഡി.സി./വി.എസ്.എസ്. അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തിക്കുള്ളിൽ പട്രോളിംഗ് നടത്തി നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവികൾ കുടിവെള്ളത്തിനായി നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനായി വനത്തിനുള്ളിൽ നിലവിലുള്ള

ജലസ്രോതസ്സുകൾ ചെളിനീക്കി വൃത്തിയാക്കി നവീകരിച്ചുവരുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലുള്ള വയലുകളിൽനിന്നും കളകൾ നീക്കി വന്യമൃഗങ്ങൾക്കുള്ള ഭക്ഷ്യലഭ്യത ഉറപ്പാക്കുന്നുണ്ട്.

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ചുവ്യക്തമാക്കുമോ?

ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാരിന്റെ കാലയളവിൽ ജനവാസമേഖലയിൽ ഇറങ്ങിയ കാട്ടാനകളെ തിരികെ അയയ്ക്കുന്നതിനുള്ള നടപടികൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടാനകളെ തിരികെ അയയ്ക്കുന്നതിനുള്ള നടപടികൾക്കായി 86.133 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തണ്ണീർ കൊമ്പനെ പിടിച്ചതിലെ വീഴ്ചകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

147 (3028) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിൽ ഇറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്കയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്?

ജനവാസമേഖലയിൽ ഇറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്കയയ്ക്കുന്നതിന് മുന്നോടിയായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ആർ.ആർ.ടി. എന്നിവരുൾപ്പെട്ട ഒരു ടീം രൂപീകരിക്കേണ്ടതുണ്ട്.

ജനങ്ങളെ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കുവാനായി പോലീസ് വകുപ്പിന്റെ സഹായം തേടുകയും ജനവാസ മേഖലയിൽ കാട്ടാനകൾ ഇറങ്ങുന്ന സമയത്ത് ജനങ്ങൾ ജാഗ്രത പുലർത്തുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരെ വിവരം അറിയിക്കേണ്ടതുമുണ്ട്.

സംഘർഷം ലഘൂകരിക്കുന്നതിനായി, ആവശ്യമെങ്കിൽ ജനപ്രതിനിധികളുടെ സഹായം അഭ്യർത്ഥിക്കേണ്ടതുമുണ്ട്. അടിയന്തര സാഹചര്യമാണെങ്കിൽ CRPC 144 പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ ജില്ലാ ഭരണകൂടത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. ജനവാസമേഖലകളിലിറങ്ങുന്ന ആന, കടുവ, പുലി, കരടി തുടങ്ങിയ വന്യമൃഗങ്ങളെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടുകൂടിയാണ് പിടികൂടി കാട്ടിൽ വിടുന്നത്. ഇവയിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 05-06-2023-ലെ WL1-3591/2023 കത്തിലെ നിർദ്ദേശപ്രകാരമുള്ള അംഗീകരിച്ച SOP to deal with emergency arising due to straying of wild animals causing threat to human wildlife in human inhabited area എന്നതിലെ നിർദ്ദേശപ്രകാരമാണ് ജനവാസമേഖലയിൽ ഇറങ്ങുന്ന ആനകളെ കൈകാര്യം ചെയ്യുന്നത്. എന്നാൽ തിരികെ കാട്ടിലേയ്ക്ക് ഓടിച്ചുവിടാൻ പറ്റാത്ത സാഹചര്യത്തിൽ ജനവാസമേഖലയിൽ ഇറങ്ങുന്ന

ആനയെ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിക്കനുസൃതമായി മയക്കുവെടിവെച്ച് ജനവാസമേഖലയിൽനിന്ന് നീക്കം ചെയ്യുന്നുണ്ട്.

(ബി) മാനന്തവാടിയിൽ തണ്ണീർ കൊമ്പനെ മയക്കുവെടിവെച്ച് പിടിച്ച സംഭവത്തിൽ മേല്പറഞ്ഞ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി ടൗണിൽ എത്തിച്ചേർന്ന ആനയെ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് പിടികൂടിയതും തുടർനടപടികൾ സ്വീകരിച്ചതും. എങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി 03-02-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം.62/2024/FWLD പ്രകാരം അഞ്ചംഗങ്ങൾ അടങ്ങിയ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതി അംഗങ്ങൾ സംഭവസ്ഥലങ്ങൾ സന്ദർശിച്ച് വനം വകുപ്പുദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും നാട്ടുകാരോടും കർണ്ണാടക വനം വകുപ്പുദ്യോഗസ്ഥരോടും സംഭവത്തെക്കുറിച്ച് നേരിട്ട് അന്വേഷണം

നടത്തിവരികയാണ്. അന്വേഷണത്തിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തന അവലോകനം

148 (3029) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം സംരക്ഷിക്കുന്നതിനായി രൂപീകരിച്ച വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തുന്നതിനും വരവുചെലവു കണക്കുകൾ പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ?

വനം വകുപ്പ് നടപ്പാക്കുന്ന പങ്കാളിത്ത വന പരിപാലന പദ്ധതികളുടെ നടത്തിപ്പിനായി വനം ഡിവിഷൻ തലത്തിൽ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത 36 വന വികസന ഏജൻസികൾ (FDAs) രൂപീകരിച്ചിട്ടുണ്ട്. മേൽ വന വികസന ഏജൻസികൾക്കുകീഴിൽ 417 വന

സംരക്ഷണ സമിതികളും (VSSs), 213 ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും (EDCs) രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്നു. വന സംരക്ഷണ സമിതികളുടേയും ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പദ്ധതിപ്രവർത്തനങ്ങൾ VSS/EDC എക്സിക്യൂട്ടീവ് കമ്മിറ്റികൾ അവയുടെ പ്രവർത്തന നിയമാവലിപ്രകാരം മീറ്റിംഗുകൾകൂടി അവലോകനം നടത്തുന്നു. വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തുന്നതിനായി ഇന്റേണൽ ആഡിറ്റ് ചെയ്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ആയത് നിശ്ചിത ഇടവേളകളിൽ എഫ്.ഡി.എ./ഡിവിഷൻതലത്തിൽ അവലോകനം ചെയ്തുവരികയും ചെയ്യുന്നു. അന്തിമമായി സംസ്ഥാന വന വികസന ഏജൻസി (SFDA) തലത്തിൽ വനവികസന ഏജൻസി (FDA)-കളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്. കൂടാതെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി, സമിതിയുടെ പേരിൽ ഓപ്പറേഷൻ ഫണ്ട്, കോർഫണ്ട് എന്നിവയ്ക്കായി ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതും പ്രത്യേകം രജിസ്റ്ററുകളിൽ യഥാവിധി എഴുതി

സൂക്ഷിച്ചുവരുന്നതും അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാർ മുഖാന്തരം ഓഡിറ്റ് നടത്തിവരുന്നുമുണ്ട്.

(ബി) വനസംരക്ഷണ സമിതികളിൽനിന്നും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിൽനിന്നും 2023 വർഷത്തിൽ സർക്കാരിലേയ്ക്ക് ലഭിച്ച തുകയെത്ര; വരവിന്റെ എത്ര ശതമാനമാണ് ലാഭവിഹിതമായി പ്രസ്തുത കമ്മിറ്റികൾക്ക് ലഭിക്കുന്നത്; ഈ തുക പ്രസ്തുത കമ്മിറ്റികളുടെ അക്കൗണ്ടുകളിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഈ സമിതികളുടെ വരവുചെലവു കണക്കുകളിൽ വ്യാപകമായ ക്രമക്കേടുകളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

VSS/EDC-കളുടെ വരവുചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി ടി സമിതികളുടെ നിയമാവലി അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങളുടെ പേരിൽ ഓപ്പറേഷൻ ഫണ്ട്, കോർ ഫണ്ട് എന്നിവയ്ക്കായി പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ

ആരംഭിച്ചിട്ടുള്ളതും പ്രത്യേകം രജിസ്റ്ററുകളിൽ യഥാവിധി കണക്കുകൾ എഴുതി സൂക്ഷിച്ചുവരികയും ചെയ്യുന്നു. സമിതികളുടെ വരവുചെലവ് കണക്കുകൾ FDA തലത്തിൽ അവലോകനം നടത്തി അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാർ മുഖാന്തരം ഓഡിറ്റ് നടത്തിവരികയും ചെയ്യുന്നുണ്ട്.

സമിതികളുടെ വരവുചെലവു കണക്കുകളിൽ ക്രമക്കേടുകളുള്ളതായി മേൽപരിശോധനകളിൽ കണ്ടെത്തിയിട്ടില്ല.

ബ്ലാവന കടവ് പാലം നിർമ്മാണം

149 (3030) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടമ്പുഴ-ബ്ലാവന കടവിൽ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

ബ്ലാവന–കല്ലേലിമേട് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ ജോലികൾ നടത്തുന്നതിനുള്ള അനുവാദം തേടിക്കൊണ്ട്

പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ FP/KL/SRY/423421/2023 നമ്പർ പ്രകാരം 31-07-2023-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്മേൽ 01-12-2023-ൽ സ്റ്റേജ്-1 അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് എൻ.പി.വി. ഇനത്തിൽ 8,93,520/- രൂപ അടയ്ക്കുന്നതിനുള്ള ഡിമാന്റ് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് 04-12-2023-ന് പരിവേഷ് പോർട്ടൽ മുഖേന നൽകിയിട്ടുണ്ട്. ടി തുക അടയ്ക്കുന്ന മുറയ്ക്ക് സ്റ്റേജ് 2 അനുവാദം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മാവേലിക്കര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ കാട്ടുപന്നി ആക്രമണം

150 (3031) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട്, പാലമേൽ, വള്ളിക്കുന്ന്, താമരക്കുളം ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നികളുടെ ആക്രമണവും അതുമൂലമുള്ള കൃഷിനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ, നൂറനാട്, വള്ളിക്കുന്ന്, താമരക്കുളം ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടുപന്നികളുടെ ആക്രമണത്തിൽനിന്നും ഈ പ്രദേശങ്ങളിലെ ജനങ്ങളെയും കാർഷികവിളകളെയും സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്‌ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് 31-05-2022-ലെ സ.ഉ.(സാധാ) 239/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു വർഷത്തേക്കുംകൂടി ദീർഘിപ്പിച്ചുകൊണ്ട് 27-05-2023-ലെ സ.ഉ.(കൈ)11/2023/വനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

കാട്ടുപന്നികൾക്ക് അധിവസിക്കാൻ സാഹചര്യമൊരുക്കുന്ന കുറ്റിക്കാടുകളും മറ്റും യഥാസമയം തെളിക്കുന്നത് ഒരു പരിധിവരെ ഇവയുടെ ആക്രമണം കുറയ്ക്കുന്നതിന് സഹായകരമായിരിക്കും.

ആലത്തൂർ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനിരയായവർ

151 (3032) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവമൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത എത്ര പേരുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള ധനസഹായം എത്ര പേർക്ക് നൽകിയെന്നും എത്ര രൂപ വിതരണം നടത്തിയെന്നും വിശദമാക്കാമോ; ധനസഹായം ഇനി എത്ര പേർക്ക് ലഭിക്കാനുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കുനത്താൽ ബെന്നി വർഗ്ഗീസിനുള്ള സാമ്പത്തിക സഹായം

152 (3033) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂയംകുട്ടിയിൽ കാട്ടാന ആക്രമത്തിന് ഇരയായ കുനത്താൽ ബെന്നി വർഗ്ഗീസിന് നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കാമോ?

05-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം .17/2018/വനം പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റിയതിനുള്ള നഷ്ടപരിഹാരത്തിന് അനുവദിക്കാവുന്ന പരമാവധി തുകയായ 1,00,000/-രൂപ (ഒരു ലക്ഷം രൂപ) 20-01-2024-ൽ ടിയാന് അനുവദിച്ചിട്ടുണ്ട് .

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗുരുതരമായി പരിക്കേറ്റ പ്രസ്തുത വ്യക്തിയുടെ ചികിത്സാ ചെലവ് പൂർണ്ണമായും നൽകുന്നതിനും ഇതിനുപുറമേ പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം, വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റിയതിന് നഷ്ടപരിഹാരമായി അനുവദിക്കാവുന്ന പരമാവധി തുക 1,00,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ഒരുലക്ഷം രൂപ ശ്രീ. ബെന്നി വർഗ്ഗീസിന് നല്കിയിട്ടുള്ളതാണ്. ചികിത്സാ ചെലവ് പൂർണ്ണമായും നൽകുന്നതുസംബന്ധിച്ചും പ്രത്യേക സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിഗണനയിലില്ല.

ഉമയംചാലിൽ സോളാർ ഹാംഗിംഗ് ഫെൻസിംഗ്

153 (3034) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കർണ്ണാടക വനാതിർത്തിയിലുള്ള ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ഉമയംചാലിൽ വന്യമൃഗങ്ങളെ തടയുന്നതിന്

സോളാർ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കർണ്ണാടക വനാതിർത്തിയിലുള്ള ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ഉമയംചാലിൽ വന്യമൃഗങ്ങളെ തടയുന്നതിന് സോളാർ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. എന്നാൽ ഉമയംചാൽ മുതൽ ചേനാട്ടുകൊല്ലി വരെ 14 കി.മീ. ദൂരത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്ത് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥലത്ത് സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ) പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

ദ്രുതകർമ്മ സേനയുടെ പ്രവർത്തനം

154 (3035) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാൻ രൂപീകരിച്ച ദ്രുതകർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാൻ രൂപീകരിച്ച ദ്രുതകർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമായത് ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുകൊണ്ടാണെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ?

മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി നിരന്തരം ജനങ്ങളെയും വളർത്തുമൃഗങ്ങളെയും ഉപദ്രവിക്കുന്ന സാഹചര്യത്തിൽ സമയോചിതമായി പ്രവർത്തിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനുമായി കേരള വനം

വകുപ്പിന് കീഴിലുള്ള വിവിധ ഡിവിഷനുകളിലായി രൂപീകരിച്ചിട്ടുള്ള ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം കാര്യക്ഷമമാണ്.

(സി) ദ്രുതകർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഡിവിഷനുകളിലായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ദ്രുതകർമ്മ സേനകളുടെ ശാക്തീകരണത്തിനും വന്യജീവിശല്യം പരിഹരിക്കുന്നതിനുമായി NABARD Tranche XXX-ൽ ഉൾപ്പെടുത്തി വിശദമായ പദ്ധതി തയ്യാറാക്കിവരുന്നു. വയനാട് ജില്ലയിലെ ദ്രുതകർമ്മ സേനയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനായി NABARD Tranche XXVII പദ്ധതിയിലുൾപ്പെടുത്തി മനുഷ്യ-വന്യജീവി സംഘർഷം കാര്യക്ഷമമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനായി 310 ലക്ഷം രൂപ ചെലവിൽ ആർ.ആർ.ടി. കെട്ടിടം, വെറ്ററിനറി ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, വെറ്ററിനറി ലാബ്, പോസ്റ്റ്മാർട്ടം റൂം എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

2. ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയും വാഹനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

3. നാട്ടിലിറങ്ങുന്ന വന്യജീവികളെ പിടികൂടുന്നതിനും കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനുമുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തുവരുന്നുണ്ട്.

4. റെസ്ക്യൂ പ്രവർത്തനവുമായി ബന്ധപ്പെട്ട് മൊബൈൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നുണ്ട്.

5. ദ്രുതകർമ്മ സേന & വെറ്ററിനറി ടീമിന് ആവശ്യമായ ഡാർട്ടിംഗ് സാമഗ്രികൾ, മരുന്നുകൾ, കൂടുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി

155 (3036) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസമേഖലകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് എത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വനത്തിനുള്ളിൽതന്നെ അവ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വന്യജീവി ആവാസ മേഖലകളുടെ വിഘടനവും (Habitat Fragmentation) വനമേഖലകളിൽ ടൂറിസം ഉൾപ്പെടെയുള്ള പ്രവൃത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലാകാൻ കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാര പാതകൾ/ആനത്താരകൾ എന്നിവ വിവിധതരം നിർമ്മാണ പ്രവൃത്തികൾമൂലം തടസ്സപ്പെടുന്നത് കാട്ടാന തുടങ്ങിയ വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവും ഉണ്ടാക്കുന്നുണ്ട്. വനത്തോട് ചേർന്നുള്ള ജനവാസ മേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിന് വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങുന്നതും പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ എന്നിവമൂലം ഇരപിടിക്കുവാൻ ബുദ്ധിമുട്ടുള്ള

മാംസഭക്ഷകരായ വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിന് ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നതും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കാരണമാകുന്നുണ്ട്.

വനത്തിനുള്ളിൽ ഫലവൃക്ഷങ്ങളുടെയും വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ മറ്റ് സസ്യങ്ങളുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി വേനൽക്കാലങ്ങളിൽ മണൽചാക്ക്, ബ്രഷ്‌വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണകൾ നിർമ്മിച്ചുവരുന്നുമുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ സ്ഥാപിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്. തണ്ണീർത്തടങ്ങളുടെ പരിപാലനവും നടപ്പിലാക്കിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ഫലവത്തായും ശാശ്വതമായും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ജനവാസ മേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന് ദിവസവേതന വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വന്യജീവികൾക്ക് വനത്തിനകത്തുതന്നെ വേനലിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ചെയ്തുവരുന്നുണ്ട്. വനാതിർത്തിയിൽ സോളാർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ്, ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ, ജൈവവേലി എന്നിവ നിർമ്മിക്കുകയും

ചെയ്തുവരുന്നുണ്ട്. വന്യമൃഗ സാന്നിധ്യം അറിഞ്ഞാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റംവഴി ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചുവരുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി വാച്ചർമാരും പ്രദേശവാസികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്ന ജനജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. വനമേഖലയോട് ചേർന്നുള്ള റോഡിന് ഇരുവശത്തുമുള്ള അടിക്കാടുകൾ വെട്ടിമാറ്റി (Vista Clearance) സഞ്ചാരപാത ദൃശ്യയോഗ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന് ആധുനിക സംവിധാനമായ ANIDERS അലാറം സിസ്റ്റം പ്രയോജനപ്പെടുത്തി വരുന്നു. മനുഷ്യ വന്യജീവി സംഘർഷമുണ്ടാകുന്ന മേഖലകളിൽ NABARD–RIDF, മറ്റ് പദ്ധതികൾ എന്നിവയിലുൾപ്പെടുത്തി സോളാർ പവർ ഫെൻസിംഗ്, ഹാഗിംഗ് സോളാർ

പവർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രഞ്ച് എന്നിവ കൂടുതൽ പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

വന്യജീവി ആക്രമണത്തിന് ഇൻഷുറൻസ് പദ്ധതി

156 (3037) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുപുറത്ത് വന്യജീവി ആക്രമണത്തിൽ ജീവഹാനി നേരിടുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പ് നൽകി വരുന്ന നഷ്ടപരിഹാര തുക ഇൻഷുറൻസ് പദ്ധതി മുഖേനയാക്കി നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ; വിശദമാക്കുമോ?

വനത്തിന് അകത്തും പുറത്തുംവച്ച് സംഭവിക്കുന്ന വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ജീവഹാനി നേരിടുന്നവരുടെ ആശ്രിതർക്കും വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്ന നിലവിലെ പദ്ധതി, ഇൻഷുറൻസ് പദ്ധതിയായി പരിവർത്തനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആശ്രിതർക്ക് നിലവിൽ വിവിധ നഷ്ടപരിഹാര ഇനങ്ങളിലായി എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ; ഇത് എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകും?

മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിലവിൽ നഷ്ടപരിഹാരമായി നൽകേണ്ടതായ 571 ലക്ഷം രൂപ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇൻഷുറൻസ് കമ്പനികളെ ഇതിന്റെ നടത്തിപ്പിനായി നിയോഗിച്ചാൽ ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സങ്കീർണ്ണമാകുമെന്ന് വിലയിരുത്തുന്നുണ്ടോ?

വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ജീവഹാനിക്കും വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്ന നിലവിലെ പദ്ധതി, ഇൻഷുറൻസ് പദ്ധതിയായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

കുമ്പള പഞ്ചായത്തിലെ കാട്ടുപന്നി ഭീഷണി

157 (3038) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ ബംബ്രാണ, കൊടിയമ്മ, ആരിക്കാടി എന്നീ പ്രദേശങ്ങളിൽ കാട്ടുപന്നി സാന്നിധ്യം കർഷകരും സ്കൂൾ വിദ്യാർത്ഥികളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളതുപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് മഞ്ചേശ്വരം എം.എൽ.എ. വനം വകുപ്പുമന്ത്രിക്ക് നൽകിയ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം എം.എൽ.എ. വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

കുമ്പള പഞ്ചായത്തിലെ കാട്ടുപന്നി ശല്യം നേരിടുന്ന കൊടിമ്മ ഗവൺമെന്റ് ഹൈസ്കൂളിന് സമീപമുള്ള ആരിക്കാടി വില്ലേജിൽപ്പെടുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള 16.74 ഏക്കർ വിസ്തൃതിയുള്ള പ്രൊപ്പോസ്ഡ് റിസർവ് വനത്തിൽ 100-ൽ താഴെ എണ്ണം മരങ്ങൾ നിലവിലുണ്ട്. ആയത് ആവശ്യമെങ്കിൽ പരിശോധിച്ച് മുറിച്ച് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ടി പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങളിൽ കാടുമൂടി കിടക്കുന്നതുമൂലവും പാറ പ്രദേശമായതിനാലും കാട്ടുപന്നികളുടെ സാന്നിദ്ധ്യം ഉണ്ടാകുന്നുണ്ട്. കാട്ടുപന്നി ശല്യം രൂക്ഷമാകുന്ന അവസരങ്ങളിൽ ആർ.ആർ.ടി. വിഭാഗത്തിന്റെ സേവനം ടി പ്രദേശങ്ങളിൽ ലഭ്യമാക്കിവരുന്നുണ്ട്.

(സി) കാട്ടുപന്നികളുടെ ആവാസ കേന്ദ്രമായ ആരിക്കാടി വില്ലേജിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കാറ്റാടിത്തോട്ടത്തിലെ പാകമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ആരിക്കാടി വില്ലേജിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കാറ്റാടിത്തോട്ടം 2018-ൽ കാസർഗോഡ് ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷന് കൈമാറിയിട്ടുള്ളതും പ്രസ്തുത പ്രദേശം കാസർഗോഡ് ടെറിട്ടോറിയൽ ഡിവിഷന്റെ അധികാര പരിധിയിലുമാണ്. ഈ സ്ഥലം കേരള വന നിയമം, 1961 സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ടി സ്ഥലത്ത് നൂറിൽത്താഴെ മാത്രമാണ് കാറ്റാടി മരങ്ങളുള്ളത്. ആയത് ആവശ്യമെങ്കിൽ പരിശോധിച്ച് മുറിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വന്യജീവി ആക്രമണം തടയാൻ
വിവര സാങ്കേതികവിദ്യയുടെ സഹായം

158 (3039) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാനും ജനങ്ങളെ സംരക്ഷിക്കുവാനും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ

ഉപയോഗപ്പെടുത്തി രൂപീകരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വന്യജീവി ആക്രമണം തടയാനും ജനങ്ങളെ സംരക്ഷിക്കാനുമായി വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപീകരിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ആധുനിക സാങ്കേതിക വിദ്യകളായ എം സ്ട്രിപ്സ്, ക്യാമറ ട്രാപ്പ്, വാക്കിടോക്കി, ജി.പി.എസ്., എസ്.എം.എസ്., എ.ഐ. ക്യാമറ, ഡിജിറ്റൽ സെൻസർ വാൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, റേഡിയോ കോളറിംഗ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

2. വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് Animal Intrution Detection and Repellent System പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡ്രോൺ ക്യാമറ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

3. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ വരുന്ന റിപ്പോർട്ടുകൾ നോക്കി

ഉടനടി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം സിദ്ധിച്ച സന്നദ്ധസേവകരുടെ സംഘവും നിലവിലുണ്ട്.

(ബി) വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി ഏർപ്പെടുത്തിയ ഏർളി വാർണിംഗ് സിസ്റ്റം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വന്യജീവികൾ നാട്ടിലിറങ്ങുമ്പോൾ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി വനാതിർത്തിയോട് ചേർന്ന ജനവാസമേഖലകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഏർളി വാണിംഗ് സിസ്റ്റം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജനവാസമേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും ആയതിൽ പ്രദേശവാസികളുടെ മൊബൈൽ നമ്പറുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(സി) വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളെ

പ്രതിരോധിക്കുവാൻ കൂടുതൽ പദ്ധതികൾ രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിർമ്മിത ബുദ്ധി അടക്കമുള്ള നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് വന്യജീവി ആക്രമണ പ്രതിരോധ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. 'സർപ്പ' ആപ്പ് മാതൃകയിൽ പാമ്പുകളൊഴികെയുള്ള മറ്റു വന്യജീവികളുടെ ആക്രമണ ഭീഷണി ലഘൂകരിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

159 (3040) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിർമ്മാണം ഏതുഘട്ടത്തിലാണെന്നും പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

തോട്ടുമുഖം പദ്ധതിയുടെ ആദ്യഘട്ടത്തിലെ സിവിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്.

പമ്പ്ഹൗസിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.-യിലേയ്ക്ക് അടയ്ക്കേണ്ട തുക സംബന്ധിച്ചുള്ള വിവരം കെ.എസ്.ഇ.ബി.-യിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാലുടൻ ഫണ്ട് ലഭ്യമാക്കി ഈ മാസംതന്നെ പദ്ധതി പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിന് അനുമതി ലഭ്യമാക്കി പദ്ധതി പൂർണ്ണമായും പ്രയോജനകരമാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ടി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് നിലവിലുള്ള പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ Steel roof truss, boundary wall with fencing, platform near transformer yard എന്നീ പ്രവൃത്തികൾ അത്യന്താപേക്ഷിതമായ സാഹചര്യത്തിൽ, ടി പ്രവൃത്തികൾക്കായി Phase II Thottumugham LI Scheme in Varandarappilly Panchayath എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രവൃത്തികൾ നിലവിൽ പൂർത്തീകരണഘട്ടത്തിലുമാണ്. കൂടാതെ പൊതുജനങ്ങളുടെ അഭ്യർത്ഥന

മാനിച്ച് ടി പ്രദേശത്തെ 120 ഹെക്ടർ ആയക്കെട്ടിൽക്കൂടി ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന്, തോട്ടുമുഖം പദ്ധതിയുടെ അടുത്തഘട്ടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഡി.പി.ആർ. ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

വടകര ആർ.ഡി.ഒ. ഓഫീസിന് ജലവിഭവ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് നടപടി

160 (3041) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വടകര ആർ.ഡി.ഒ. ഓഫീസിന് പുതുപ്പണത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ ഭൂമി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചത് എന്നാണെന്നും പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം നൽകുമോ?

അപേക്ഷ 22-09-2021-ൽ സർക്കാരിൽ ലഭിച്ചു. ഇതേ വിഷയത്തിലുള്ള ബഹു. വടകര എം.എൽ.എ.യുടെ 03-10-2023-ലെ കത്തും ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ സമർപ്പിച്ച

27-08-2021-ലെ റിപ്പോർട്ടിന്മേൽ 02-10-2021, 23-11-2021-ലെ കത്ത് പ്രകാരം അധികവിവരം ആരാഞ്ഞിരുന്നു. 23-12-2021-ൽ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 28-02-2022-ലും 05-04-2022-ലും അധിക വിവരം ആരാഞ്ഞിരുന്നു. 23-05-2022-ൽ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 23-06-2022-ലും 18-05-2023-ലും അധിക വിവരം ആരാഞ്ഞിരുന്നു. 19-09-2023-ൽ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ സമർപ്പിച്ച അധിക വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ഐ.ആർ. 1/116/2021-ജ.വി.വ. നമ്പർ ഫയൽപ്രകാരം പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ അറിയിക്കുമോ?

ജലസേചന വകുപ്പ് സ്ഥലമേറ്റെടുക്കുന്നത് വകുപ്പിന്റെതന്നെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയാണ്. അപേക്ഷയിലെ ആവശ്യം ജലസേചന വകുപ്പുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

(സി) പുതുപ്പണത്ത് ആർ.ഡി.ഒ. ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 05-02-2021-ൽ നടത്തിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

21-06-2021-ൽ കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അയച്ച കത്തിൽ വടകര ആർ.ഡി.ഒ. ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നിട്ടുണ്ടെന്ന് അറിയിച്ചിരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് വകയിരുത്തി ഭരണാനുമതി ലഭ്യമായിട്ടും ഭൂമി കൈമാറി ലഭിച്ചിട്ടില്ലെന്ന കാരണത്താൽ പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമോ; ഇതുമൂലം ഈ പ്രവൃത്തിക്കായി നീക്കിവച്ചിട്ടുള്ള തുക നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ പദ്ധതിക്കായി ഭൂമി കൈമാറുന്നതിനും ഫയൽ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി & ഇ) പദ്ധതി നടത്തിപ്പിനും അനുബന്ധ ആവശ്യങ്ങൾക്കും ജലസേചനം വിപുലപ്പെടുത്തേണ്ട ഭാവി ആവശ്യങ്ങൾക്കും വേണ്ടിയാണ് ജലസേചന വകുപ്പ് സ്ഥലമേറ്റെടുക്കുന്നത്.

ജലവിഭവ വകുപ്പിന് 2022-23-ൽ അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും

161(3042)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷം ജലവിഭവ വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം ജലവിഭവ വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

162 (3043) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നെൽകൃഷിക്കുള്ള ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിൽ നെൽകൃഷിക്കുള്ള ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ വിവിധ പദ്ധതികളിലുൾപ്പെടുത്തി പുഴകളിലും തോടുകളിലും വി.സി.ബി., ചെക്ക് ഡാം/റെഗുലേറ്ററുകൾ തുടങ്ങിയവ നിർമ്മിച്ചുവരുന്നു. വി.സി.ബി.-കളുടെയും റെഗുലേറ്ററുകളുടെയും ഷട്ടറുകൾ അടച്ച് ഡിസംബർ മാസത്തോടെ പൂർണ്ണമായും ജലം സംഭരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വി.സി.ബി.-കളിൽ ജലം സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുന്ന ജലം അതത് പ്രദേശത്തെ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സ്കീം മുഖേന നെൽ കർഷകർക്ക് വയലിലേയ്ക്ക് കനാൽവഴി

വെള്ളം പമ്പ് ചെയ്ത് ആവശ്യമായ ജലലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ കുമ്പള പഞ്ചായത്തിൽ ബംബ്രാണ അണക്കെട്ടിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതോടുകൂടി പ്രസ്തുത പ്രവൃത്തിയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾകൂടി ആവിഷ്കരിക്കാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) വ്യാപകമായ തോതിൽ നെൽപ്പാടങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഉളിയംകടവ് റെഗുലേറ്റർ എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

“Construction of Salt Water Extrusion Regulator cum Bridge across Kavvayi river at Uliyamkadavu in Thrikkarippur Grama Panchayath in Kasargod district" എന്ന 85.40 കോടി രൂപയുടെ പദ്ധതിക്ക് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരികയാണ്.

വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ

163 (3044) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി/ജൽജീവൻ മിഷൻ തുടങ്ങിയവ മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി/ജൽജീവൻ മിഷൻ തുടങ്ങിയവ മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കടലാക്രമണംമൂലം തീരം കടലെടുക്കുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനുമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടലാക്രമണംമൂലം തീരം കടലെടുക്കുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനുമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്ന പുഴകളുടെ വശങ്ങൾ തകർന്നത് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ലഭിച്ച അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കടലുണ്ടിപ്പുഴയുടെ വശങ്ങൾ തകർന്നത് നവീകരിക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. Natural Calamity-SDRF-2019- Protecting the right bank of Kadalundi river at palath in Ward No: 11 of Moonniyur Grama panchayath.

2. Natural Calamity-SDRF-2019-Protect in the left bank of Kadalundi river near Poranchery-OlipramKadavu Road in Vallikunnu Panchayath (Reach 2 & 3).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വ്യവസായ പാർക്ക് നിർമ്മാണം

164(3045) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും രണ്ട് ഏക്കർ സ്ഥലം വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ?

അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 02-02-2024-ൽ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

165 (3046) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികൾ

166 (3047) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ ജലസേചനവകുപ്പ് മുഖേന ഭരണാനുമതിക്കായി എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

2023-24 വർഷത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ ഭരണവകുപ്പിൽ ഭരണാനുമതിക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. എന്നാൽ ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായ പ്രൊപ്പോസലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇതിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ നടപടി

167 (3048) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും മലിനമാക്കുന്നതുതടയാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ടുകൊണ്ട് അവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാലിന്യമുക്തമാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ - ജലസേചനവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി തുടങ്ങിയവയാണ്.

കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പുപദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പാക്കിവരുന്നു. "മാലിന്യ ശുക്ഷതാ ലഘൂകരണം" ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും

നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോതനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. ഇത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മറ്റു ശുചീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കാറുണ്ട്. തുടർന്നും ജലസേചന

വകുപ്പ് ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമവുമനുസരിച്ച് നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം തള്ളുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നത്; അറിയിക്കുമോ;

(സി) ജലസംരക്ഷണം കർശനമായി ഉറപ്പാക്കാനും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പുതിയ കർമ്മപദ്ധതികൾ പരിഗണിക്കുമോ?

(ബി & സി) നിലവിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കാറുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറന്തള്ളുന്നത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പുദ്യോഗസ്ഥർ കേസ് കൊടുക്കുകയും ഇവയിൽ പോലീസുദ്യോഗസ്ഥർ തുടരന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിക്കാറുമുണ്ട്. 2018-ലെ ഭേദഗതി നിയമംപ്രകാരം ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തി, ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. 3 വർഷംവരെ തടവും പരമാവധി 2 ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ശിക്ഷയായി ലഭിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ

168 (3049) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ ഇറിഗേഷൻ പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും മൈനർ ഇറിഗേഷൻ പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.+

കുന്നത്തുനാട് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ

169 (3050) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2020-21 മുതൽ 2023-24 വരെയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലയളവിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

170 (3051) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കാനുള്ളതുമായ എത്ര പദ്ധതികളാണ് നിലവിലുള്ളത്; ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താൻ നടപടി

171(3052) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികളുൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികളുൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്. 2023-24 വർഷത്തിൽ പ്ലാൻ പദ്ധതിക്ക് പുറമെ ബജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നബാർഡ് RIDF XXX-ൽ ഉൾപ്പെടുത്തി 13,092 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മടവീഴ്ചയ്ക്ക് കൂടുതൽ സാദ്ധ്യതയുള്ള പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, പാടശേഖരസമിതി പ്രതിനിധികൾ എന്നിവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് മുൻഗണന നിശ്ചയിച്ചാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. അപ്രകാരം നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് മടവീഴ്ചയ്ക്ക് കൂടുതൽ സാദ്ധ്യതയുള്ള പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. 2024-25 ബജറ്റ് പ്രൊപ്പോസലിൽ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്.

(സി) കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുമ്പോൾ ട്രാക്ടർ റോഡുകൾകൂടി ഉൾപ്പെടുത്തി നിർമ്മിച്ചാൽ മടവീഴ്ച ഒഴിവാക്കുവാനും കാർഷിക മെഷീനുകളും കാർഷിക ഉൽപ്പന്നങ്ങളും യഥേഷ്ടം കൊണ്ടുപോകുന്നതിനും കഴിയുമെന്ന കാര്യം പരിഗണിച്ച്

അത്തരത്തിൽ നിർമ്മാണം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുമ്പോൾ ട്രാക്ടർ റോഡുകൾകൂടി ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. എന്നാൽ പാടശേഖരങ്ങൾ കേരള തണ്ണീർത്തട പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ അപ്രകാരമുള്ള പദ്ധതികളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ അവയ്ക്ക് അംഗീകാരം ലഭിക്കുന്നപക്ഷം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ നിലവിലുണ്ട്. കേരള തണ്ണീർത്തട പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ അനുമതി ലഭിക്കാതെ പല പദ്ധതികളും മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം

172 (3053) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മൈക്രോ ഇറിഗേഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് കർഷകർക്ക് ജലസേചനത്തിന് സ്പ്രിംഗ്ലർ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള മൊത്തം ചെലവിൽ എത്ര ശതമാനമാണ് സബ്സിഡിയായി ലഭിക്കുന്നത്; വിശദമാക്കാമോ?

കേന്ദ്രസർക്കാരിന്റെ മൈക്രോ ഇറിഗേഷൻ പദ്ധതിയായ 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' പദ്ധതിയിൽ കർഷകർക്ക് ജലസേചനത്തിന് സ്പ്രിംഗ്ലർ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള മൊത്തം ചെലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ളവർക്കും സബ്സിഡിയായി നൽകിവരുന്നു.

(ബി) ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട തുക പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രസർക്കാരിൽനിന്നും പദ്ധതി വിഹിതം ലഭിച്ചശേഷം സംസ്ഥാന വിഹിതവുംകൂടി ചേർത്താണ് കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നത്. ടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2020-21

സാമ്പത്തിക വർഷത്തിൽ 500.00 ലക്ഷം രൂപ ലഭ്യമായിരുന്നു. 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ ഗഡുവായി കേന്ദ്ര സർക്കാർ വിഹിതം 20.00 ലക്ഷം രൂപ 29-12-2023-ൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാന വിഹിതമായ 13.34 ലക്ഷം രൂപ ഉൾപ്പടെ 33.34 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പുറമറ്റം കുടിവെള്ള പദ്ധതി

173 (3054) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുറമറ്റം കുടിവെള്ള പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോയിപ്പുറം-പുറമറ്റവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ 40 എം.എൽ.ഡി. ശുദ്ധീകരണശാല, അനുബന്ധ ഘടകങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറുടെ 30-05-2022-ലെ C2-141757/D IA നമ്പർ

ഉത്തരവുപ്രകാരം അടിസ്ഥാനവില നിർണ്ണയിച്ചിട്ടുള്ളതാണ്. അതുപ്രകാരം 10,50,87,044/- രൂപ 03-06-2023-ൽ കളക്ടറേറ്റിൽ നിക്ഷേപിക്കുകയും കളക്ടറേറ്റിൽനിന്നും 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഭൂവുടമ IA No. 1/2023 IN WP (C) No.26506 of 2021(J) പ്രകാരം ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുള്ളതാണ്.

വൻകിട ജലസേചന വിഭാഗം പ്രവൃത്തികൾ

174 (3055) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലപരിധിയിൽ മേജർ ഇറിഗേഷൻ വിഭാഗം മുഖാന്തരം നടപ്പാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം കൊല്ലം മണ്ഡലത്തിന്റെ അധികാരപരിധിയിൽ മേജർ ഇറിഗേഷൻ മുഖാന്തരം എട്ട് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ അഞ്ചെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി മൂന്ന് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കാസർഗോഡ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

175 (3056) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ കഴിഞ്ഞ ഏഴുവർഷത്തിനിടയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ചെറുതും വലുതുമായ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് പദ്ധതിയും തുകയും തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; സാങ്കേതികാനുമതി ലഭിച്ചതും ടെണ്ടർ ചെയ്തതും പ്രവൃത്തി തുടങ്ങിയതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കാസർഗോഡ് മണ്ഡലത്തിൽ കഴിഞ്ഞ ഏഴുവർഷത്തിനിടയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളും അനുവദിച്ച തുകയും നിലവിലെ അവസ്ഥയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ഭരണാനുമതിക്കായി കാത്തിരിക്കുന്ന ചെറുതും വലുതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയ തീയതി, പ്രവൃത്തി എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(സി & ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ഭരണാനുമതിക്കായി കാത്തിരിക്കുന്ന ചെറുതും വലുതുമായ പ്രവൃത്തികളും പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകാത്തതിന്റെയും കാരണങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഇറിഗേഷൻ വകുപ്പ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിയ പദ്ധതികൾ

176 (3057) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇറിഗേഷൻ വകുപ്പ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2021 മുതൽ ഇറിഗേഷൻ വകുപ്പ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

തിരുവമ്പാടി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

177 (3058) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ തിരുവമ്പാടി മണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് മുഖേന ഭരണാനുമതിക്കായി എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും ഇക എത്ര വീതമെന്നും വിശദമാക്കുമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 2023-24-ൽ തിരുവമ്പാടി മണ്ഡലത്തിൽ ഭരണാനുമതിക്കായി പ്ലാൻ ശീർഷകത്തിൽ 6 പ്രൊപ്പോസലും നോൺ പ്ലാൻ ശീർഷകത്തിൽ 7 പ്രൊപ്പോസലും ലഭിച്ചിരുന്നു. ഇതിൽ രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതിയും ഒരു പ്രവൃത്തിക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

കാഞ്ഞിരമൂഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

178 (3059) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ കാഞ്ഞിരമൂഴിയിൽ നടപ്പിലാക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണുള്ളതെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ & ബി) മുക്കം നഗരസഭയിലെ കാഞ്ഞിരമൂഴി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പമ്പ് ഹൗസ്, ഫെർട്ടിഗേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുള്ള മൈക്രോ ഇറിഗേഷൻ പ്രവൃത്തികളുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 01-02-2023-ലെ സർക്കാർ ഉത്തരവ് (സാധാ)നം.132/2023/ജ.വി.വ. പ്രകാരം KIIDC-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 5.08 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ

നടപ്പിലാക്കിയിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 9 മാസമാണ് പദ്ധതി പൂർത്തീകരണ കാലാവധി.

കുടിവെള്ള പദ്ധതി

179 (3060) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്ററിലെ ശുദ്ധജല ലഭ്യത ഉപയോഗിച്ച് കുടിവെള്ള പദ്ധതി വിഭാവനം ചെയ്തനടപ്പിലാക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ?

നീലേശ്വരം പാലായി റെഗുലേറ്ററിലെ ശുദ്ധജല ലഭ്യത ഉപയോഗിച്ച് താഴെപ്പറയുന്ന രണ്ട് കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

1. തൃക്കരിപ്പൂരിനും സമീപപഞ്ചായത്തുകളായ പടന്ന, പിലിക്കോട്, വലിയപറമ്പ, ചെറുവത്തൂർ, കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പടമ്പ

എന്നീ പഞ്ചായത്തുകൾക്കുള്ള 35 MLD ശേഷിയുള്ള കുടിവെള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

2. കിനാനൂർ - കരിന്തളം പഞ്ചായത്തിനുള്ള 7 MLD ശേഷിയുള്ള കുടിവെള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

നദികളിലെ മലിനീകരണം തടയാൻ നടപടി

180 (3061) ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലേയ്ക്ക് വൻതോതിൽ മാംസ മാലിന്യങ്ങൾ തള്ളുന്നതുമൂലവും ഓടകൾ തുറന്നുവിടുന്നതിനാലും നദികളിൽ മലിനീകരണം കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. മാംസമാലിന്യങ്ങളുടെ നിക്ഷേപം നഗരങ്ങളിൽനിന്നുള്ള ഓടകൾവഴി ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന മാലിന്യം, പ്ലാന്റേഷനുകളിൽനിന്ന്

എത്തിച്ചേരുന്ന രാസവളം/രാസകീടനാശിനികൾ, ഗാർഹിക മാലിന്യങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ/ബസ് സ്റ്റേഷനുകൾ, വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യം തുടങ്ങിയവയാണ് നദീമലിനീകരണത്തിന് ഇടയാക്കുന്നത്. ഒപ്പം ഹോട്ടലുകളിൽ നിന്നുള്ള ജലവും ശുചിമുറി മാലിന്യങ്ങളും നേരിട്ട് തുറന്നുവിടുന്നതും മലിനീകരണ ഭീഷണിക്കിടയാക്കുന്നുണ്ട്.

(ബി) നദികളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾവഴി എത്തുന്ന മാലിന്യങ്ങളെയും നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തുസൂക്ഷിക്കുന്നതിനായി വർദ്ധിച്ച

തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യനിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറന്തള്ളുന്നത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലസേചന വകുപ്പുദ്യോഗസ്ഥർ

പരാതി നൽകുകയും ഇവയിൽ തുടരന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) നദികളിലെ മലിനീകരണം തടയുന്നതുസംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിൽനിന്നും നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെ (NWQMP) പഠനമനുസരിച്ച്, രാജ്യത്തെ 351 നദീതീരങ്ങൾ മലിനമായതായി നിരീക്ഷിച്ചിരുന്നു. അതിൽ 21 റീച്ചുകൾ കേരളത്തിലാണ്. ബി.ഒ.ഡി.-യുടെ അളവും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യവും വിശകലനം ചെയ്താണ് പഠനം നടത്തിയത്. OA673/2018 പ്രകാരം ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണൽ (NGT) സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തിരുന്നു. മലിനീകരണത്തിന്റെ തോത് അടിസ്ഥാനമാക്കി സ്റ്റേച്ചുകളെ I, II, III, IV, V എന്നിങ്ങനെ മുൻഗണനകളായി തരംതിരിച്ചിട്ടുണ്ട്. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവനുസരിച്ച് 'റിവർ

റിജുവനേഷൻ കമ്മിറ്റി' (RRC) രൂപീകരിച്ചിട്ടുണ്ട്. വലിയ തോതിലുള്ള മലിനീകരണത്തിന് വിധേയമായെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയ കേരളത്തിലെ 21 നദീഭാഗങ്ങളുടെ മലിനീകരണ-ലഘൂകരണ/നിയന്ത്രണ പദ്ധതി രേഖ തയ്യാറാക്കുവാൻ നിർദ്ദേശം ലഭിച്ചു. മലിനീകരണം സംബന്ധിച്ച പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി, എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥലം സന്ദർശിക്കുകയും ഡാറ്റ ശേഖരിക്കുകയും മലിനീകരണത്തോത് വിലയിരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുകയും ഓരോ നദിയുടെയും വിശദമായ മലിനീകരണം സംബന്ധിച്ച പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് എല്ലാ നദീതീരങ്ങളുടെയും നിരീക്ഷണത്തിനും പരിപാലനത്തിനുമുള്ള ചുമതല ജലസേചന വകുപ്പിലെ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. വിവിധ വകുപ്പുകളുടെ യോജിച്ച പ്രവർത്തനങ്ങളോടെ എല്ലാ നദീതീരങ്ങളുടെയും കർമ്മപദ്ധതി തയ്യാറാക്കി നദീ പുനരുജ്ജീവന സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) മാലിന്യങ്ങൾ നീക്കം ചെയ്ത് നദികൾ ശുചീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിലെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും 2 കോടി രൂപ ജലസേചന വകുപ്പിന്റെ നടപ്പുസാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാക്കുന്നതിനുമായി തയ്യാറാക്കിയ അംഗീകൃത കർമ്മപദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ ഇത്തരത്തിലെ ഇടപെടലുകളെ തുടർന്ന് NGT-യുടെ ഉത്തരവിൽ പരാമർശിക്കപ്പെട്ട കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ 18 ആയി കുറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമേ

ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിലൂടെ മലിനീകരണത്തിന്റെ തോതും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കംചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചുവരുന്നു.

പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്ന പ്രവൃത്തി

181(3062) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ അടിഞ്ഞുകൂടിയിട്ടുള്ള വലിയ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത മൺകൂനകൾ വരുന്ന മഴക്കാലത്തിന് മുൻപ് നീക്കം ചെയ്ത് പരിസരത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

പരവൂർ കായലിലെ മണൽതിട്ട നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 25-01-2024-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതിയുടെ നിലവിലെ സ്ഥിതി

182 (3063) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതി എന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് ഭരണാനുമതി നൽകിയ ഈ പദ്ധതിക്ക് കിഫ്ബി അനുമതി ലഭ്യമാക്കാനുണ്ടായ കാലതാമസത്തിന് കാരണമെന്താണ്?

(എ & ബി) വടക്കാഞ്ചേരി പുഴയുടെ സംരക്ഷണപ്രവർത്തനങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളാണ് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെ കീഴ്ത്തണ്ടിലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും (₹14,40,00,000.00), തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുട്ടിക്കലിൽ സംസ്ഥാന പാത 50-നെയും കോട്ടപ്പുറം വില്ലേജിലെ മുട്ടിയിക്കൽ-അട്ടത്തറ റോഡിനെയും ബന്ധിപ്പിച്ച് വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും (₹ 11,90,00,000.00).

പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 24-06-2022-ൽ കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. കേരള സർക്കാർ 2017-18 ബജറ്റിൽ വിവിധ നദികൾക്ക് കുറുകെ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി ₹600 കോടി രൂപയാണ് ബജറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ ഇതുവരെ അനുമതി നൽകിയ 12

റെഗുലേറ്റർ/റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികൾക്കുമായി ജി.എസ്.ടി. ഉൾപ്പെടെ ഏകദേശം ₹615.58 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും ബാക്കിയുള്ള റെഗുലേറ്റർ/റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കാനായി KIIFB-യ്ക്ക് നൽകിയിട്ടുണ്ട്.

(സി) ചുമതലപ്പെടുത്തിയ എസ്.പി.വി. ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

എസ്.പി.വി.-യിൽ നിന്നും കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) മുട്ടിക്കൽച്ചിറ റെഗുലേറ്റർ തകർച്ചയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതും പുഴ സംരക്ഷണ പദ്ധതിയിൽപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുട്ടിക്കൽച്ചിറ റെഗുലേറ്റർ തകർച്ചയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തകർച്ചയിലായ മുട്ടിക്കൽച്ചിറ റെഗുലേറ്ററിനുപകരം പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതിയും വടക്കാഞ്ചേരിപ്പുഴ സംരക്ഷണ പദ്ധതിയിൽപ്പെട്ടതാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കിഫ്ബിയുടെ അനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 24-06-2022-ൽ കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. കേരള സർക്കാർ 2017-18 ബജറ്റിൽ വിവിധ നദികൾക്ക് കുറുകെ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി ₹600 കോടി രൂപയാണ് ബജറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ ഇതുവരെ അനുമതി നൽകിയ 12 റെഗുലേറ്റർ/ റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികൾക്കുമായി ജി.എസ്.ടി. ഉൾപ്പെടെ ഏകദേശം ₹615.58 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും ബാക്കിയുള്ള റെഗുലേറ്റർ/റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കാനായി ജലവിഭവ വകുപ്പ് മുഖേന വിവരങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയത് സമർപ്പിച്ചിട്ടുണ്ട്.

നദികളിലെ മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടി

183 (3064) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ മാലിന്യ നിക്ഷേപം തടയേണ്ടതിന്റെയും ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി നടപ്പുവർഷം എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

(എ & ബി) നദികളിലെയും മറ്റ് ജല സ്രോതസ്സുകളിലെയും മാലിന്യനിക്ഷേപമുണ്ടാക്കുന്ന പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനും മാലിന്യനിക്ഷേപമില്ലാതാക്കുന്നതിനും ആവശ്യമായ ബോധവത്കരണവും പ്രചാരണ പ്രവൃത്തികളും തുടർച്ചയായി നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോക ജലദിനം (മാർച്ച് 22), ലോക തണ്ണീർത്തട ദിനം (ഫെബ്രുവരി 2), ലോക പരിസ്ഥിതി ദിനം (ജൂൺ 5) എന്നിവയോടനുബന്ധിച്ച് പ്രവർത്തനങ്ങൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവ സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ഹരിത കേരള മിഷൻ, കുടുംബശ്രീ തുടങ്ങിയവയുമായി സഹകരിച്ച് നടപ്പിലാക്കാറുണ്ട്. കൂടാതെ ജലാശയങ്ങളോടുചേർന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നവകേരളം കർമ്മപദ്ധതി-II, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ ജില്ലാ മിഷനുകൾ, എൻ.എസ്.എസ്. യൂണിറ്റുകൾ തുടങ്ങിയവയുമായി സഹകരിച്ച് ജലസംരക്ഷണം, ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപം ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം, മാലിന്യ നിക്ഷേപം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ, സുസ്ഥിര ജല പരിപാലനത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ട്.

(സി) നദികളിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ/എത്ര സ്ഥാപനങ്ങൾക്കെതിരെ

നിയമനടപടികൾ സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ?

2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലസേചന വകുപ്പുദ്യോഗസ്ഥർ പരാതി നൽകുകയും ഇവയിൽ തുടരന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. നദികളിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ/സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഹരിതകേരള മിഷൻ, ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പുഴകളെയും തണ്ണീർത്തടങ്ങളെയും കുളങ്ങളെയും വീണ്ടെടുക്കുവാൻ ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ?

ഹരിതകേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് ജലവിഭവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംരക്ഷണത്തിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലം, ബ്ലോക്കുതലം, ജില്ലാതലം എന്നിവിടങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അപ്രകാരം രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികളിൽ ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പ്രതിനിധികളും വിദഗ്ധ സന്നദ്ധപ്രവർത്തകരും അംഗങ്ങളാണ്. ജലസേചന വകുപ്പ് എഞ്ചിനീയറാണ് ഈ സാങ്കേതിക സമിതിയുടെ കൺവീനർ. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകളും പൂർത്തിയാക്കി. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ മുൻഗണനാക്രമത്തിൽ നിർവ്വഹിച്ചുവരുന്നു.

ഹരിതകേരള മിഷൻ രൂപീകൃതമായതിനുശേഷം 412 കി.മീ. പുഴകൾ ജനകീയമായി പുനരുജ്ജീവിപ്പിച്ചു. ഇതിനുപുറമേ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്താകെ 28049 കിലോമീറ്റർ തോടുകളും 2927 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 4547 കുളങ്ങൾ നിർമ്മിക്കുകയും 7928 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മാതൃകാ ബ്ലോക്കുകളിൽ ജല ബജറ്റ് നടപ്പിലാക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഒരു പ്രദേശത്ത് ഒരു ചെറിയ കാലയളവിൽ ലഭ്യമായ ജലത്തിന്റെയും ആ പ്രദേശത്തെ ആ കാലയളവിലെ ആകെ ജല ആവശ്യവും താരതമ്യം ചെയ്ത് ഓരോ കാലയളവിലും ജലകമ്മിയാണോ ജലമിച്ചമാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. തുടർന്ന് ജലകമ്മി അനുഭവപ്പെടുന്ന കാലയളവിൽ അധികജല ലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്താനാകും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആദ്യഘട്ടമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലും ആ ബ്ലോക്കുപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന 94

ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 260 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ജല ബജറ്റ് തയ്യാറാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജല ലഭ്യത ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി നിർവ്വഹണത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

അടുത്ത കാലത്തായി നമ്മുടെ സംസ്ഥാനത്ത് ഒരു ചെറിയ സമയത്ത് ഉണ്ടാകുന്ന അതിതീവ്ര മഴ ഉയർന്ന പ്രദേശങ്ങളിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നുണ്ട്. സുഗമമായ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിൽ പല നീർച്ചാലുകളും പല കാരണങ്ങളാലും അടഞ്ഞുപോയതാണ് ഈ പ്രശ്നത്തിന് ഒരു പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്. അതുകൊണ്ടുതന്നെ ഈ നീർച്ചാലുകൾ ഉൾപ്പെടുന്ന നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന് സഹായകരമായ രീതിയിൽ

'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഐ.ടി. മിഷന്റെകൂടി സഹകരണത്തോടെയും ഈ പ്രദേശങ്ങളിലെ 230 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം പൂർത്തീകരണഘട്ടത്തിലാണ്. മാപ്പിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 280 കി.മീ. നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറുനീർത്തടങ്ങളെ ആസ്പദമാക്കി 'നീരുറവ് ' എന്ന പേരിൽ ജലസംരക്ഷണത്തിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ പ്രവർത്തനം ഹരിതകേരളം മിഷന്റെകൂടി നേതൃത്വത്തിൽ കൂടുതൽ വിപുലമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്നു. 2017-18-ൽ ഹരിതകേരളം മിഷൻ

പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകൾകൂടി പരിഗണിച്ചുകൊണ്ടാണ് നീരുറവ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതിയുടെ ഭാഗമായി മാപ്പിംഗ് നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയ പഞ്ചായത്തുകളിലും ഇവയിലൂടെ കണ്ടെത്തിയ പ്രവൃത്തികൾക്ക് നീരുറവ് പദ്ധതിയിൽ മുൻഗണന നൽകി നിർവ്വഹിക്കുന്നുണ്ട്.

തോട് നവീകരണം

184 (3065) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെട്ടു കിടക്കുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ തോടുകളിലെ മണ്ണ് നീക്കം ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ ഭരണാനുമതി നല്കിയിട്ടുള്ള Improvements works to Edarikkode Thennala Perumpuzhathodu (Construction of VCB and side protection works) in Thennala Grama Panchayath in Malappuram

District എന്ന പ്രവൃത്തിയുടെയും Harithakeralam Improving Irrigation facilities to pulinhilathupadam/Ela in Tirurangadi Municipality, Tirurangadi LAC Malappuram District എന്ന പ്രവൃത്തിയുടെയും ഭാഗമായി പെരുമ്പുഴ തോട്, പുളിഞ്ഞിലത്തുപാടം തോട് എന്നിവിടങ്ങളിൽ മണ്ണ് നീക്കം ചെയ്യുന്നുണ്ട്. ബാക്കിയുള്ള തോടുകളിലെ മണ്ണ് നീക്കംചെയ്ത് നവീകരിക്കുന്ന പ്രവൃത്തികൾ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഇത്തരം പ്രവൃത്തികൾ നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയം ഭരണവകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള തോടുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

നിലവിൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്ന പെരുമ്പുഴതോട്, പുളിഞ്ഞിലത്തു പാടം തോട് എന്നിവ സംബന്ധിച്ച അനുമതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാവേലിക്കര മണ്ഡലത്തിലെ ക്ഷേത്രക്കുളങ്ങളുടെ നവീകരണം

185 (3066) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയകുളം, കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളം എന്നിവ നവീകരിക്കുന്നതിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023-24 Works budget vol.II ക്രമ നമ്പർ 2347 ആയി ഉൾപ്പെടുത്തിയതും 150 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയതുമായ "മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വലിയകുളവും കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളവും നവീകരണം" എന്ന പ്രവൃത്തി മാവേലിക്കര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം വലിയകുളം നവീകരണം (അടങ്കൽ:100 ലക്ഷം രൂപ, വകയിരുത്തുന്ന തുക:20,00,000 രൂപ), കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളം നവീകരണം (അടങ്കൽ: 50 ലക്ഷം രൂപ, വകയിരുത്തുന്ന തുക: 10,00,000 രൂപ) എന്നിങ്ങനെ 2 പ്രവൃത്തികളാക്കി

14-08-2023 തീയതിയിൽ സ.ഉ.(സാധാ) നം. 5992/2023/FIN നമ്പർ പ്രകാരം സർക്കാർ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്ക് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി & ഡി) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വലിയകുളം നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 1,19,00,000/- രൂപയുടെ എസ്റ്റിമേറ്റും കണ്ടിയൂർ ക്ഷേത്രക്കുളം നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 54,20,000/- രൂപയുടെ എസ്റ്റിമേറ്റും 08-02-2024 തീയതിയിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

വട്ടോളി ദേവീക്ഷേത്രക്കുളം നവീകരണം

186 (3067) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വട്ടോളി ദേവീക്ഷേത്രക്കുളം നവീകരണത്തിന് ജലസേചന വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ & ബി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവമ്പാടി മണ്ഡലത്തിലെ വട്ടോളി ദേവീക്ഷേത്രക്കുളം വർഷങ്ങളായി പരിപാലനമില്ലാത്തതിനാൽ ചെളി നിറഞ്ഞ് പായൽ അടിഞ്ഞുകൂടിയ അവസ്ഥയിലാണ്. കുളത്തിലെ ചെളി നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് പാർശ്വഭിത്തികൾ പുനർനിർമ്മിച്ച് സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

അമ്പലക്കുളമായതുകൊണ്ട് വാട്ടർഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രവൃത്തി ഏറ്റെടുക്കേണ്ടത്. സ്ഥലപരിശോധന നടത്തി, അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറായാൽ ടി പ്രവൃത്തി ഉചിതമായ ശീർഷകത്തിന്റെ മുൻഗണനാപട്ടികയിൽ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കനാൽ സൈഫൺ പദ്ധതി

187 (3068) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. കോട്ടായിക്ക് മുൻവശം കനാൽ സൈഫൺ നിർമ്മിക്കുന്ന (എം.പി3/55/23) പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ?

കോട്ടായിക്ക് മുൻവശം കനാൽ സൈഫൺ നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിലവിലെ site condition അനുസരിച്ച്

പ്രസ്തുത സ്ഥലത്ത് cut and cover ആക്കി മാറ്റാൻ വിഭാവനം ചെയ്യുകയും "construction of cut and cover for Pedestrian cross and parking area near Kottayi Government School at Peringottukurissi canal between the Ch. 16/700 to 16/900 Km" എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പുതുക്കിയ ഭരണാനുമതി നൽകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

അയ്യംകുളം നവീകരണം

188 (3069) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ അയ്യംകുളം നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തരൂർ മണ്ഡലത്തിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ അയ്യംകുളം നവീകരണം എന്ന പ്രവൃത്തിയുടെ 34,00,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് മുഖാന്തിരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യത അനുസരിച്ചു തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി

189 (3070) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കടലോര മേഖലയിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ASE പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2021-22-ൽ 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കോഴിക്കോട് കോർപ്പറേഷനിലെ കപ്പക്കൽ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കല്ലായിപ്പുഴയുടെ അഴിമുഖത്ത് പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനായി 10.51 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ച പ്രവൃത്തി നിലവിൽ പുരോഗതി പ്രാപിച്ചുവരുന്നു. കൂടാതെ കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തികളുടെ പുനരുദ്ധാരണത്തിനായി 595 ലക്ഷം രൂപയുടെ 5 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ബി) കല്ലായിപ്പുഴയിൽനിന്ന് ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴയിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനായി Desilting of Kallayi river from Kaduppuni to Kothi in

Kozhikode corporation എന്ന പ്രവൃത്തിക്കായി കോഴിക്കോട് കോർപ്പറേഷനിൽനിന്നും 7.90 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. 3 തവണ ടെണ്ടർ ചെയ്തെങ്കിലും ആദ്യ 2 ടെണ്ടറുകളിൽ കരാറുകാർ ആരുംതന്നെ പങ്കെടുത്തില്ല. മൂന്നാമത്തെ ടെണ്ടറിൽ കരാറുകാരന്റെ ക്വാട്ടഡ് റേറ്റ് എസ്റ്റിമേറ്റ് തുകയേക്കാൾ 217.11% അധികരിച്ച തുകയായതിനാൽ റീ ടെണ്ടർ ചെയ്യുന്നതിന് 18-01-2024-ലെ കത്ത് നം. CEIA/6041/2023-(W5) പ്രകാരം നിർദ്ദേശം നൽകിയതനുസരിച്ച് 23-01-2024-ന് കോഴിക്കോട് നോർത്ത് സർക്കിൾ കാര്യാലയത്തിൽനിന്നും വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഓപ്പണിംഗ് 22-02-2024-നാണ്.

(സി) ജില്ലയിലെ തോടുകൾ നവീകരിക്കുന്നതിന് അനുവദിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ?

ജില്ലയിലെ തോടുകൾ നവീകരിക്കുന്നതിന് അനുവദിച്ച തുകയുടെ കണക്കുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.[+]

വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. നിർമ്മാണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

190 (3071) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. നിർമ്മാണപ്രവൃത്തിയുടെ 80.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ എം. ഐ. ക്ലാസ്സ്-1 4702-00-101-99-01 എന്ന ശീർഷകത്തിന്റെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കോട്ടക്കൽ മണ്ഡലത്തിലെ ഒടുങ്ങാട്ടുകുളം നവീകരണം

191 (3072) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട്ടുകുളം നവീകരിക്കുന്നതിനായി പ്രൊപ്പോസലും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട്ടുകുളം ആഴംകൂട്ടി സംരക്ഷണഭിത്തി നിർമ്മിച്ച് നവീകരിക്കുന്നതുസംബന്ധിച്ച് 275.00 ലക്ഷം രൂപ തുക വരുന്ന Rough cost എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ആയത് സംബന്ധിച്ച പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ) ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതിയും വിശദവിവരവും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുളത്തിന്റെ ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ച് കുളം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി-ഡി) എസ്റ്റിമേറ്റ്/proposal ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിക്കുന്ന മുറയ്ക്ക്, നിലവിൽ പ്രവൃത്തിയുടെ ആവശ്യകതയും പ്രായോഗികതയും കണക്കിലെടുത്ത് ഭരണാനുമതി നല്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

തോടുകൾ വൃത്തിയാക്കുന്നതിന് നടപടി

192 (3073) <u>ശ്രീ. തോമസ് കെ. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും നീരൊഴുക്ക് കുറയുന്നതുമൂലം ജലം മലിനമാകുകയും രോഗങ്ങൾ പടർന്നുപിടിക്കുകയും ചെയ്യുന്ന പ്രത്യേക സാഹചര്യം പരിഹരിക്കാൻ പുതുതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും നീരൊഴുക്ക് കുറയുന്നതുമൂലം ജലം മലിനമാകുകയും രോഗങ്ങൾ പടർന്നുപിടിക്കുകയും ചെയ്യുന്ന പ്രത്യേക സാഹചര്യം പരിഹരിക്കാൻ പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലേയും തോടുകളിലേയും എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നു. കൂടാതെ RKI, World Bank എന്നീ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയും പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും പോളയും നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിന് Restoration of Ecosystem of Kuttanad-Phase 1 എന്ന പ്രോജക്ട് വഴി 59.1 കോടി രൂപയുടെ ഡി.പി.ആർ. ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

Budget Speech Phase I-ൽ ഉൾപ്പെടുത്തി കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ ഫണ്ടുപയോഗിച്ച് തോടുകളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയ ചെളി, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിന് 6

പ്രവൃത്തികൾക്കായി 299.84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 പ്രവൃത്തികൾ പുരോഗമിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 11 പ്രവൃത്തികൾക്കായി 1,354 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ SDRF, മഴക്കാല മുന്നൊരുക്ക പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ മെയിന്റനൻസ് എന്നീ പദ്ധതികളിലുൾപ്പെടുത്തി തോടുകളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ടി പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് കുട്ടനാട്ടിലെ ആറുകളിലേയും തോടുകളിലേയും നീരൊഴുക്ക് കുറയുന്നത് പരിഹരിക്കുന്നതിന് ഒരു പരിധിവരെ സാധിക്കുന്നതാണ്.

(ബി) വിവിധ തോടുകൾ വൃത്തിയാക്കുന്ന ജോലികൾ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ടനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

193 (3074) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കൂട്ടാലിട അങ്ങാടിയിലൂടെ കടന്നുപോകുന്ന കനാൽ കാട് മൂടിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞും മലിനമാവുന്നത് തടയാൻ നടപടി സ്വീകരിക്കാമോ?

എല്ലാ വർഷവും ജലവിതരണത്തിന് മുന്നോടിയായി കനാലിലെ കാടും മാലിന്യങ്ങളും നീക്കംചെയ്ത് കനാൽ വൃത്തിയാക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കാറുണ്ട്. ഈ വർഷവും നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കനാൽ വൃത്തിയാക്കുന്ന പ്രവൃത്തികൾ ചെയ്തുകഴിഞ്ഞു.

(ബി) കൂട്ടാലിട അങ്ങാടിയുടെ ഹൃദയഭാഗത്തുള്ള കനാൽ സംരക്ഷിക്കുന്നതോടൊപ്പം അങ്ങാടി സൗന്ദര്യവൽക്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 വർഷത്തെ ബാലുശ്ശേരി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിലെ കൂട്ടാലിട നവീകരണം എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ ഫണ്ടനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2022-23 വർഷത്തിൽ കൂട്ടാലിട നഗര സൗന്ദര്യവൽക്കരണത്തിനും കനാൽ സംരക്ഷിക്കുന്നതിനുമായി ഒരു കോടി രൂപ അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2022-23 വർഷത്തിലെ ബജറ്റിൽ കൂട്ടാലിട നഗര സൗന്ദര്യവൽക്കരണം, ഓഡിറ്റോറിയം നിർമ്മാണം എന്നിവയ്ക്ക് 1 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് 20 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഫയൽ അനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. DPR തയ്യാറാക്കി സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ കുറ്റ്യാടി ജലസേചന പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വാളയാർ ഡാം കനാലുകളുടെ നവീകരണം

194 (3075) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ ഡാം കനാലുകളുടെ നവീകരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി ശതമാന കണക്കിൽ അറിയിക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

(എ & ബി) വാളയാർ ഡാം കനാലുകളുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.+

കാവശ്ശേരി അയ്യപ്പൻകുടം ഡാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

195 (3076) ശ്രീ. പി.പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃത്തൂർ മണ്ഡലത്തിലെ കാവശ്ശേരി അയ്യപ്പൻകുടം ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃത്തൂർ മണ്ഡലത്തിലെ കാവശ്ശേരി അയ്യപ്പൻകുടം ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് നൽകിയ അപേക്ഷയിന്മേലുള്ള മറുപടി പരാതിക്കാരന് പാലക്കാട്, മൈനർ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നൽകിയിട്ടുള്ളതാണ്. സ്ഥലസന്ദർശനം നടത്തി അയ്യപ്പൻകുടം ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിനായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് മുഖാന്തരം അനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മംഗലം ഡാമിലെ ചെളി നീക്കം ചെയ്യൽ

196 (3077) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ തടസ്സപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തിക്കുള്ള തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ-സി) മംഗലം ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തി ചെയ്യുന്നതിനായി M/s Dharthi Dredging & Infrastructure Limited, Hyderabad എന്ന കമ്പനിയാണ് കരാർ ഏറ്റെടുത്തിരുന്നത്. ടേൺ കീ അടിസ്ഥാനത്തിലുള്ള ടി പ്രവൃത്തിക്ക് കരാറുകാരൻ 2.95 Mm^3 സെഡിമെന്റ്സ് നീക്കം ചെയ്യുന്നതിന് 17.70 കോടി രൂപയ്ക്കാണ് കരാർ ഉടമ്പടിയിൽ എർപ്പെട്ടിരുന്നത്.

പ്രസ്തുത ഏജൻസി പ്രവൃത്തി ഏറ്റെടുക്കുകയും dredging പ്രവൃത്തിയും sediments transportation പ്രവൃത്തിയും ആരംഭിക്കുകയും ചെയ്തു. കരാർ ഏറ്റെടുത്ത കമ്പനി പ്രവൃത്തി നടത്തിയതിലുള്ള മോശം പ്രകടനവും സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തവണകൾ കൃത്യമായി ഒടുക്കാതിരുന്നതും കണക്കിലെടുത്ത് കരാർ കമ്പനിയുമായുണ്ടാക്കിയ ഉടമ്പടി റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു.

18-10-2023-ന് കമ്പനിയുടെ കരാർ കാലാവധി അവസാനിച്ചിട്ടുണ്ട്. നാളിതുവരെ കരാറുകാരൻ ആകെ സൈറ്റിൽനിന്നും നീക്കംചെയ്ത സെഡിമെന്റ്സിന്റെ അളവ് ॥8587.31 M^3 ആണ്. കൂടാതെ കരാറുകാരൻ നിലവിൽ 3.354 കോടി രൂപ സർക്കാരിന് നൽകിയിട്ടുമുണ്ട്.

11-08-2023-ൽ Hon'ble National Company Law Tribunal (NCLT), Hyderabad മേൽ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്യുന്നത് set aside ചെയ്ത് ഉത്തരവാകുകയും തുടർന്ന് പ്രസ്തുത കേസിൽ വിധി പ്രഖ്യാപിച്ചത് കമ്പനിക്ക് അനുകൂലമായതിനാൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം 26-09-2023-ന് NCLT, Chennai സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

കരാർ കമ്പനിയായ M/s Dharthi Dredging & Infrastructure Limited-ന്റെ പുതിയ ഉടമസ്ഥരായിട്ടുള്ള Yogayatan Ports Private Limited എന്ന കമ്പനി മേൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും National Company Law Tribunal (NCLT)-ൽ കേസ് നിലനിൽക്കുന്നതിനാൽ നിലവിൽ പ്രവൃത്തി പുനഃക്രമീകരിക്കാൻ സാധിച്ചിട്ടില്ല. ടി കേസിൽ വിധിയാകുന്നമുറയ്ക്കും Empowered Committee തീരുമാനങ്ങൾക്ക് വിധേയമായും പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കാഞ്ഞിരപ്പുഴ ഡാം

197(3078) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പുഴ ഡാമിലും പുഴയിലും അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കാഞ്ഞിരപ്പുഴ റിസർവോയറിൽ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) നടത്തിയ പഠനത്തിൽ 16.984 Mm^3 സിൽറ്റ്

അടിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അടിഞ്ഞുകൂടിയ സിൽറ്റിന്റെ ഘടന മനസ്സിലാക്കുന്നതിനും പ്രവർത്തിക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടി പരിഗണനയിലാണ്.

പുളിക്കൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തികെട്ടി സംരക്ഷിക്കാൻ നടപടി

198 (3079) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പുളിക്കൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുവാൻ (സി.ഇ.(ഐ&എ)6365/വി.ഐ.പി. എം(ഡബ്ല്യു.ആർ.)2021) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) നാദാപുരം പഞ്ചായത്തിലെ തയ്യിൽ താഴെ പുളിക്കൽ കക്കം വെള്ളിത്തോടിന്റെ ഇരുകരകൾക്കും ശ്രുക്ഷമായ കരയിടിച്ചിൽ സംഭവിച്ചിട്ടുണ്ട്. ആയതിന് 4.50 കിലോമീറ്റർ നീളത്തിൽ സംരക്ഷണഭിത്തി

നിർമ്മിക്കുന്നതിന് ഏകദേശം 20.00 കോടി രൂപ ചെലവ് വരുമെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (22-02-2022-ലെ 6365/M(WR/VIP/2022 നമ്പർ പരാതി പ്രകാരം) ടി പ്രവൃത്തിയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണം

199(3080) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണത്തിനായുള്ള ഡിസൈനും തുടർന്നുള്ള വിശദമായ പദ്ധതി രേഖയും ലഭിച്ചിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ ഡിസൈൻ വിഭാഗമായ IDRB തയ്യാറാക്കി NCCR പരിശോധിച്ച് അംഗീകാരം

നൽകിയ ഡിസൈൻ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി മുനിസിപ്പാലിറ്റിയിൽ കുറ്റ്യാടി പുഴയുടെ അഴിമുഖത്തിന് തെക്ക് ഭാഗത്തായി 445 മീ. നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിനും വടക്ക് ഭാഗത്തായി വടകര നിയോജകമണ്ഡലത്തിൽ വടകര മുനിസിപ്പാലിറ്റിയിലെ സാൻഡ്ബാങ്ക്സിൽ നിലവിലുള്ള പുലിമുട്ട് നീളം കൂട്ടി 375 മീ. ദൂരത്തിൽ നിർമ്മിക്കുന്നതിനുമായി അംഗീകാരം ലഭിച്ച ഡിസൈൻ പ്രകാരം, 4,250 ലക്ഷം രൂപയുടെ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

ടെട്രാപോഡ് കടൽ ഭിത്തി നിർമാണം

200 (3081) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ്-എറിയാട് ഗ്രാമപഞ്ചായത്തുകളെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയതിനാൽ ഇവിടങ്ങളിലെ തീരപ്രദേശങ്ങളിലെ ടെട്രാപോഡ് കടൽഭിത്തി നിർമ്മാണം വേഗത്തിൽ പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ തീരപ്രദേശത്ത് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിലൊന്നാണ് കയ്പമംഗലം. കയ്പമംഗലം നിയോജകമണ്ഡലത്തിൽ 7 പഞ്ചായത്തുകളിലായി 19.28 കി.മീ. കടൽത്തീരമാണുള്ളത്. ഇതിൽ കടൽക്ഷോഭം നിരന്തരം അനുഭവപ്പെടുന്ന പഞ്ചായത്തുകളാണ് എറിയാട്, എടവിലങ്ങ് എന്നിവ. എറിയാട് പഞ്ചായത്തിൽ ഏകദേശം 3.5 കി. മീറ്ററും എടവിലങ്ങ് പഞ്ചായത്തിൽ ഏകദേശം 1.83 കി. മീറ്റർ ദൂരവുമാണ് അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ. നിലവിൽ കടലാക്രമണംമൂലം തകർന്ന കടൽഭിത്തികൾ സംരക്ഷിക്കുന്നതിന് റബിൾ മൗവാൾ, ജിയോബാഗ്സ് എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളാണ് നടത്തിവരുന്നത്.

കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 8 പ്രവൃത്തികൾക്കായി 104.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 7 പ്രവൃത്തികൾ (0.809 കി.മീ) പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ 4 പ്രവൃത്തികൾക്കായി 106.4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 2 പ്രവൃത്തികൾ (0.150 കി.മീ.) പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ 5 പ്രവൃത്തികൾക്കായി 61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 5 പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭത്തെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര ജല കമ്മീഷൻ, ഐ.ഐ.ടി. ചെന്നൈ, ജലസേചന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തീരസംരക്ഷണം അത്യാവശ്യമായ പത്ത് ഹോട്ട്സ്പോട്ട് പ്രദേശങ്ങൾ കണ്ടെത്തുകയുണ്ടായി. അതിൽ ഒന്നാണ് തൃശ്ശൂർ ജില്ലയിലെ

കയ്യമംഗലം നിയോജകമണ്ഡലത്തിലെ കൊടുങ്ങല്ലൂർ തീരപ്രദേശ ഭാഗം. 25-11-2021-ൽ ജലസേചന വകുപ്പ് കേരള തീരത്തെ നിർദ്ദിഷ്ട മേഖലകളിൽ ശാസ്ത്രീയ പഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന NCCR എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, തീരസംരക്ഷണത്തിനായി വിശദമായ പഠനങ്ങൾ ആവശ്യമായതിനാൽ NCCR-ന്റെ നേതൃത്വത്തിൽ ഹോട്ട്സ്പോട്ടുകളിൽ പ്രാഥമിക വിവരശേഖരണം നടത്തുകയുണ്ടായി. ഇതിൽ 6 (ആറ്-ശംഖുമുഖം, കൊല്ലങ്കോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കാപ്പാട്) ഹോട്ട്സ്പോട്ടുകൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് NCCR കയ്യമംഗലം ഉൾപ്പെടെ ബാക്കിയുള്ള നാല് ഹോട്ട്സ്പോട്ടുകൾക്ക് (പൊന്നാനി, തലശ്ശേരി, കയ്യമംഗലം, വലിയപറമ്പ്) കരട് രൂപരേഖ തയ്യാറാക്കിയെങ്കിലും ആയതിൽ ജലസേചന വകുപ്പ് ചില സാങ്കേതിക മാറ്റങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ NCCR വിദഗ്ധർ മേൽ നാല് ഹോട്ട്സ്പോട്ടുകളിൽ സ്ഥല പരിശോധന നടത്തുകയും അവയുടെ രൂപരേഖ തയ്യാറാക്കുന്നതിന് അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് ഡിസൈൻ/solution തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ (Bathymetry details) NCCR-ന് കൈമാറിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലേ, Detailed Project Report തയ്യാറാക്കാനാകുകയുള്ളൂ.

ഹോട്ട്സ്പോട്ടുകളുടെ സംരക്ഷണത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 31-01-2024-ൽ ജലവിഭവ പ്രിൻസിപ്പൽ സെക്രട്ടറി NCCR വിദഗ്ധരുമായി നേരിട്ട് ചർച്ച നടത്തുകയും ഡിസൈൻ എത്രയുംവേഗം ലഭ്യമാക്കുന്നതാണെന്ന് NCCR ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ കയ്പമംഗലം തീരദേശ മേഖലയിൽ ഏതുവിധത്തിലുള്ള നിർമ്മാണരീതിയാണ് അനുയോജ്യമെന്ന് അറിയുവാൻ കഴിയുകയുള്ളൂ. NCCR-ന്റെ പഠന റിപ്പോർട്ട് ലഭ്യമായാലുടൻതന്നെ, തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണം

201(3082)ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഈ പ്രൊപ്പോസൽ തൽക്കാലത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്.

കാസർഗോഡ് ജില്ലയിൽ കടൽഭിത്തി നിർമ്മാണം

202 (3083) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ മുസോഡി കടപ്പുറം, ശാരദാനഗർ, പെരിങ്ങടി, കോയിപ്പാടി, പെർവാഡ്, നാങ്കികൊപ്പളം കാവുഗോളി, ചെരങ്കെ കസബ, കീഴൂർ, ജമ്മ കണ്ണി, കൊവ്വൽ, കൊപ്പൽ, കാപ്പിൽ, തുക്കണ്ണാട്, അജന്തൂർ, തൈക്കടപ്പുറം, വലിയപറമ്പ, ഉദുമ, ചേരകേ കടപ്പുറം, ഉപ്പള തുടങ്ങിയ പ്രദേശങ്ങളാണ് രൂക്ഷമായി കടലാക്രമണം അനുഭവപ്പെടുന്നത്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി

203 (3084) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മങ്കട മണ്ഡലത്തിലെ മങ്കട വലിയ തോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സി.ബി.യുടെ മരഷട്ടറുകളും കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വി.സി.ബി.-യിലും തടയണയിലും ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കരിങ്കൽ പാർശ്വഭിത്തി പൊളിച്ചുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടും നാളിതുവരെ ഭരണാനുമതി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നിർദ്ദേശം നൽകുമോ?

പ്രസ്തുത പ്രവൃത്തിക്കായി 16.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 12-01-2024-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും കണക്കിലെടുത്ത് അടുത്ത

സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ചെരണ്ടത്തൂർ ചിറയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കെട്ടിടം

204 (3085) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളക്കെട്ട് തടയുന്നതിനായി മോട്ടോർ സ്ഥാപിച്ചിട്ടുള്ള കെട്ടിടം കാലപ്പഴക്കത്താൽ ദുർബ്ബലമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളക്കെട്ട് തടയുന്നതിനായുള്ള മോട്ടോർ സ്ഥാപിച്ചിട്ടുള്ള വെങ്ങാടിക്കൽ പമ്പിംഗ്സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കത്താൽ ദുർബ്ബലമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പമ്പിംഗ്സ്റ്റേഷൻ കെട്ടിടം

പുനഃനിർമ്മിക്കുന്നതിനായുള്ള 75.00 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി 2024-25 വർഷത്തെ ബജറ്റ് വോള്യം -II അനുബന്ധം-II പേജ് 4 ക്രമ നമ്പർ 69 ആയി 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പമ്പുഹൗസിന് സ്ഥലപരിമിതിയുള്ളതിനാൽ അധിക സ്ഥലംകൂടി ലഭ്യമാക്കേണ്ടതുണ്ട്. അധിക സ്ഥലം ലഭ്യമാക്കി അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മുക്കില പീടിക റോഡിന്റെ റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിക്കുന്നതിന് നടപടി

205 (3086)പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്. സെന്റർ-മുക്കില പീടിക റോഡിന്റെ റെസ്റ്റോറേഷൻ (4/600-7/000) പ്രവൃത്തിയുടെ ചാർജ്ജ് ഒടുക്കുന്നതിനുവേണ്ട ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

Executive Engineer, PWD Roads Division, Manjeri വിഭാഗത്തിൽ നിന്നും പി.എച്ച് സെന്റർ-മുക്കില പീടിക റോഡിന്റെ റെസ്റ്റോറേഷൻ

(4/600-7/000) പ്രവൃത്തിയുടെ ചാർജ്ജ് ഒടുക്കുന്നതിനുവേണ്ടി 1,56,69,859/- രൂപയുടെ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത അഭ്യർത്ഥനകൾ ജെ.ജെ.എം. ബിൽ തുക നൽകുന്നതിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 3060 നമ്പറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) റെസ്റ്റോറേഷൻ ചാർജ്ജ് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡ് റെസ്റ്റോറേഷൻ ചാർജ്ജുകളുടെ സീനിയോറിറ്റിയും മുൻഗണനയും പരിഗണിച്ച് തുക അനുവദിക്കാവുന്നതാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

206 (3087) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നിയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഡിസൈൻ ഐ.ഡി.ആർ.ബി.

(ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്)-ൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി "Minidam with regulator at Cherippadu across Teekoy river at Teekoy panchayath' എന്ന രീതിയിൽ രൂപകല്പന പൂർത്തിയാക്കി 10-07-2014-ൽ ലഭ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതേ പ്രവൃത്തി റെഗുലേറ്റർ-കം-ബ്രിഡ്ജ് ആക്കിമാറ്റി രൂപകല്പന ചെയ്യാനുള്ള ഡിസൈൻ ഇൻഡന്റ് 14-06-2023-ൽ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ ലഭിക്കുകയുണ്ടായി. രൂപകല്പന പുരോഗമിക്കവേ റിപ്പോർട്ട് ചെയ്ത ലെവൽസിൽ ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയും ആയതിൽ വ്യക്തതയ്ക്കായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ 08-12-2023-ൽ പ്രോജക്ട് 2 ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഐ.ഡി.ആർ.ബി. രൂപകല്പന പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഡിസൈൻ ലഭ്യമായതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി

207 (3088)ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ കുമ്പള പുഴയ്ക്ക് കുറുകെയുള്ള ചെക്ക്ഡാം-കം-ബ്രിഡ്ജ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയ്ക്ക് കുറുകെയുള്ള "Salt Water Extrusion Cross Bar cum Bridge" -ന്റെ ഭാഗമായ പാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പാലം അടച്ചിടാനുള്ള നടപടികൾ സ്വീകരിച്ചവരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ നിലവിലെ "Salt Water Extrusion Cross Bar cum Bridge പുതുക്കി പുതിയ "Salt Water Extrusion Cross Bar cum Bridge" നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കിയിരുന്നെങ്കിലും, പ്രസ്തുത ഡിസൈൻ വഴിയുള്ള പദ്ധതി നടപ്പിലാക്കിയാൽ പ്രസ്തുത സ്ഥലത്ത് അധികമായി ഭൂമി ഏറ്റെടുക്കേണ്ടതായിവരും. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനായി നിലവിലെ ഡിസൈൻ പുതുക്കി പാലത്തിന്റെ ഉയരം കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

(സി) പദ്ധതി പൂർത്തിയാകുന്നതോടെ കൈവരിക്കാനാകുന്ന ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ?

പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതുവഴി ഇരുന്നൂറോളം ഹെക്ടർ കൃഷിസ്ഥലത്ത് ജലം ലഭ്യമാക്കാൻ കഴിയുന്നതാണ്. കൂടാതെ മഞ്ചേശ്വരം

പ്രദേശത്തെ Major district road ഈ SWECB-യുടെ ഭാഗമായിട്ടുള്ള പാലത്തിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ ഈ പാലം പുതുക്കി നിർമ്മിക്കുന്നതുവഴി വാഹന ഗതാഗതംകൂടി സുഗമമാകുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(ഡി & ഇ) പുതുക്കിയ ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കാസർഗോഡ് ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

208 (3089) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ചിത്താരി റെഗുലേറ്ററിന്റെ ഫൗണ്ടേഷനുവേണ്ടിയുള്ള കോൺക്രീറ്റ് പൈലിംഗ് പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും നിലവിൽ എത്ര ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ?

05-10-2023-ൽ പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറ്റം ചെയ്ത് പ്രവൃത്തി ആരംഭിച്ചു. നിലവിൽ 15% പ്രവൃത്തി പൂർത്തീകരിച്ചു.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ സംബന്ധമായ സാങ്കേതികതമൂലം പ്രവൃത്തി നിർത്തിവച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഡിസൈൻ സംബന്ധമായ സാങ്കേതികതമൂലം പ്രവൃത്തി നിർത്തിവച്ചിട്ടില്ല.

(ഡി) എങ്കിൽ ഐ.ഡി.ആർ.ബി.-യിലെ വിദഗ്ധ സംഘം അടിയന്തരമായി സ്ഥലം സന്ദർശിച്ച് തടസ്സങ്ങൾ നീക്കി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഡിസൈനിൽ വന്ന സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചില പ്രവൃത്തികൾ നടപ്പാക്കേണ്ടിവരുമ്പോൾ ആവശ്യമുള്ള നിർദ്ദേശങ്ങൾ IDRB-യിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്ന ഈ പദ്ധതി പൂർത്തീകരണ കാലാവധിക്കുള്ളിൽത്തന്നെ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഈ പദ്ധതി പൂർത്തീകരണ കാലാവധിക്കുള്ളിൽത്തന്നെ യാഥാർത്ഥ്യമാക്കാവുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

209 (3090) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്?

കല്ല്യാശ്ശേരി മണ്ഡലത്തിലെ മൂട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് രൂപകല്പന ലഭിക്കുന്നതിനുവേണ്ടി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നല്കിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി 2024-25 ബജറ്റ്, വോള്യം-2-ൽ ക്രമനമ്പർ 468-ാമതായി 100 രൂപ ടോക്കൺ പ്രൊവിഷനോടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

കരീച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

210 (3091) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരീച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

കരീച്ചാൽക്കടവ് ചെക്ക്ഡാം-കം-ബ്രിഡ്ജിന്റെ ബാലൻസ് പ്രവൃത്തിയിൽ പ്രീകാസ്റ്റ് പൈലുകൾ, പിയർ, അബട്ട്മെന്റ് എന്നിവയുടെ നിർമ്മാണം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരനെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

(ബി &സി) ടി പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരന്റെ കരാർ ഉടമ്പടി അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. ആയതിൻപ്രകാരം കരാറുകാരന്റെ പ്രാഥമിക ബാധ്യത 3 മാസത്തിനകം സർക്കാരിലേയ്ക്ക് അടയ്ക്കാൻ 17-04-2023-ൽ

കരാറുകാരനെ അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇതുവരെ ടി തുക അടച്ചിട്ടില്ല. ടി പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരനെതിരെ PWD manual 2116.2 (V,VI) പ്രകാരം കോൺട്രാക്ട് ലൈസൻസ് നൽകിയ എം.വി.ഐ.പി. മൂവാറ്റുപുഴ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 19-04-2023-ൽ ടിയാന്റെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം ഹൈക്കോടതിയിൽ സർക്കാരിനെതിരെ WA 916/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ 22-08-2023-ലെ ജഡ്ജ്മെന്റ് പ്രകാരം ടിയാൻ സർക്കാരിൽ സമർപ്പിച്ച ഹർജി പരിശോധിക്കുകയും ടിയാനെ നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു. ക്രമപ്രകാരമുള്ള കോടതി നടപടികളും തുടർന്നുവരികയാണ്.

(ഡി) പുതിയ കരാറുകാരൻ പ്രസ്തുത പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

പ്രോഗ്രാം ചാർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതി ആഗസ്റ്റ് 2024-നുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കറ്റോട് പാലം റെഗുലേറ്റർ നിർമ്മാണം

211 (3092) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കറ്റോട് പാലം റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തിരുവല്ല കുമ്പഴ സംസ്ഥാനപാതയിലെ കറ്റോട് പാലം വീതികൂട്ടി പുതുക്കിപ്പണിയുന്നതിന് പി.ഡബ്ല്യു.ഡി.-ക്ക് അനുമതി ലഭിച്ച സാഹചര്യത്തിൽ, കറ്റോട് പാലത്തോട് ചേർന്ന് മണിമലയാറിൽനിന്നും തിരുവല്ല മുനിസിപ്പാലിറ്റിയിലെ കവിയൂർ പുഞ്ചപാടശേഖരത്തിൽ കൃഷിക്കുവേണ്ടി നിർമ്മിച്ചിരിക്കുന്ന ഷട്ടർ പൊളിച്ചുമാറ്റി പുനഃസ്ഥാപിക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിൽ മെക്കാനിക്കൽ പ്രവൃത്തിക്കുവേണ്ട അധികതുകയായ 53.5 ലക്ഷം രൂപ കൂടി ചേർത്ത് ഭരണാനുമതി പുതുക്കേണ്ടതുണ്ട്. രണ്ട് പ്രവൃത്തികളും

സംയുക്തമായി നടപ്പിലാക്കേണ്ടതുമാണ്. ആയതിലേയ്ക്കായി ടി പ്രവൃത്തിയുടെ ഡിസൈൻ അംഗീകാരത്തിനായി ആവശ്യമായ രേഖകൾ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടത്തേണ്ട പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് ടി പ്രവൃത്തിയുടെ ഡിസൈൻ വേഗത്തിൽ ലഭ്യമാക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുതുക്കേണ്ട നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

തേജസ്വിനി പുഴയിൽ കോലുവള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി

212 (3093) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപ്പുഴ ഗ്രാമപഞ്ചായത്തിനെയും കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് ഏളേരി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ട് തേജസ്വിനി പുഴയിൽ കോലുവള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

ഇറിഗേഷൻ ഡിഷാർട്ട്മെന്റിലെ പ്രൊമോഷൻ നടപടികൾ

213 (3094) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രൊമോഷൻ

നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഒന്നാംഗ്രേഡ് ഓവർസിയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ വിഷയവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന കോടതി കേസ്സുകൾ തീർപ്പായ സാഹചര്യത്തിൽ പ്രൊമോഷൻ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വകുപ്പിൽ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ മുടങ്ങിയതിന് ആധാരമായ നമ്പർ ഒ. എ.965/2021 പ്രകാരമുള്ള കേസിന്റെ നിജസ്ഥിതിയെന്താണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കേസ് നിലവിൽ വന്നതിനുശേഷം ഇതുവരെ പ്രൊമോഷൻ നൽകാൻ കഴിയാത്ത എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഒ.എ 965/2021 എന്ന കേസ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 06-12-2023-ലെ ഉത്തരവിലൂടെ തീർപ്പാക്കിയിട്ടുണ്ട്.

കേസ് നിലവിൽ വന്നതിനുശേഷം അസിസ്റ്റന്റ് എഞ്ചിനീയർ സിവിൽ തസ്തികയിൽ ആകെ 131 ഒഴിവുകൾ (01-02-2024 പ്രാബല്യം) നിലവിലുണ്ട്.

(സി) രണ്ടും മൂന്നും ഗ്രേഡ് ഓവർസീയർ തസ്തികയിൽനിന്നും യഥാക്രമം ഒന്നും രണ്ടും ഗ്രേഡ് ഓവർസീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് ഉടൻ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

രണ്ടും മൂന്നും ഗ്രേഡ് ഓവർസീയർ തസ്തികയിൽനിന്നും യഥാക്രമം ഒന്നും രണ്ടും ഗ്രേഡ് ഓവർസീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് തടസ്സങ്ങളില്ല.

വേലുത്തി തോട്ടിൽ പമ്പുഹൗസ് നിർമ്മാണം

214 (3095) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാ കാപ്പ് വേലൂത്തി തോട്ടിൽ പുതിയ പമ്പുഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാ കാപ്പ് വേലൂത്തിതോട്ടിൽ പുതിയ പമ്പുഹൗസ് നിർമ്മാണം മോര്യകാപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. മോര്യാ കാപ്പ് പദ്ധതിയുടെ ബാലൻസ് പ്രവൃത്തികളുടെ പുതുക്കിയ DPR തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ പ്രവൃത്തിയുടെ ഫയൽ ഏത് ഓഫീസിലാണുള്ളത്; എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മോര്യാ കാപ്പ് ജലസേചനവുമായി ബന്ധപ്പെട്ട് PRICE-3-യിൽ പുതിയനിരക്കിലുള്ള 7.50 കോടി രൂപയുടെ എസ്റ്റിമേറ്റ് GENERAL-Improvements to Morya kappu-Improvements to Morya kappu (farmers Natural water source) in Nannambra Panchayath in Malappuram District–Phase-1 General Civil work തയ്യാറാക്കിവരുന്നു. നിലവിൽ എസ്റ്റിമേറ്റ്

അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെക്ഷൻ തിരുരങ്ങാടിയുടെ പക്കലാണ്.

(സി) തിരുരങ്ങാടി മണ്ഡലത്തിലെ മോര്യാ കാപ്പ്, തിരുത്തി, കൂളൽ പാടശേഖരങ്ങളിൽ കൃഷിയിറക്കണമെങ്കിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിലെ അമിതമായുള്ള വെള്ളം ഒഴിവാക്കുന്നതിനും കൃഷിയുടെ അവസാനസമയങ്ങളിൽ വെള്ളം പാടശേഖരങ്ങളിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുമാണ് വേലുത്തിതോട്ടിൽ റിക്ലമേഷൻ പമ്പ്ഹൗസ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വേലുത്തിതോട്ടിൽ പമ്പ്ഹൗസ് നിർമ്മാണവും മോര്യാ കാപ്പ് പദ്ധതിയും പൂർത്തിയാക്കുന്നതോടുകൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ മൂന്ന് പാടശേഖരങ്ങളിലും അമിതമായുള്ള വെള്ളം ഒഴിവാക്കേണ്ടിവരുന്നതിനാലും കൃഷിയുടെ അവസാന സമയങ്ങളിൽ വെള്ളം

ലഭ്യമല്ലാത്തതുമൂലവും കൃഷി ഇറക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വേലുത്തിതോട്ടിൽ പമ്പ് ഹൗസ് നിർമ്മിക്കുന്നതോടുകൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിലെ അമിതമായുള്ള വെള്ളം ഒഴിവാക്കുന്നതിനും കൃഷിയുടെ അവസാനസമയങ്ങളിൽ വെള്ളം പാടശേഖരങ്ങളിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുമാണ് വേലുത്തിതോട്ടിൽ റിക്ലമേഷൻ പമ്പ്ഹൗസ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വേലുത്തിതോട്ടിൽ പമ്പ്ഹൗസ് നിർമ്മാണവും മോര്യാ കാപ്പ് പദ്ധതിയും പൂർത്തിയാക്കുന്നതോടുകൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

215 (3096) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ പഞ്ചായത്തിൽ പാടത്തേക്ക് വെള്ളം കയറ്റിയിറക്കുന്ന ചീപ്പ് നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2022-23-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II മരാമത്തുപണികളുടെ വിശദ വിവരങ്ങൾ വാല്യം-II ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ- ക്രമ നമ്പർ 90 ആയി ഉൾപ്പെടുത്തിയ അപ്പാരൽ പാർക്ക് മാവേലിക്കര എന്ന പദ്ധതിക്ക് പകരമായി 10 കോടി രൂപ അടങ്കൽ തുകയിലും 20% വിഹിതത്തിലും 5 പദ്ധതികളുൾപ്പെടുത്തി 05-08-22-ലെ സ.ഉ.(സാധാ) നം. 5578/2022/ധന. നമ്പർ പ്രകാരം സർക്കാർ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 5-ാമത്തെ പ്രവൃത്തിയായി "Construction of a vented cross bar and its mechanical works and side protection works in Vettiyarthodu near Vettiyar bridge in Thazhakkara & Nooranad Panchayath in Mavelikkara LAC (1 Crore) എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വെട്ടിയാർ വി.സി.ബി. 2003-2004 കാലയളവിലാണ് നിർമ്മിച്ചത്. നിലവിൽ വെട്ടിയാർ വി.സി.ബി.-ക്ക് മാന്വലായി ഓപ്പറേറ്റ് ചെയ്യുന്ന ഷട്ടറാണുള്ളത്. എന്നാൽ കർഷകരുടെ നിരന്തര ആവശ്യപ്രകാരം മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് സാങ്കേതികമായ ചില ബുദ്ധിമുട്ടുകളുള്ളതിനാൽ പുതിയ വി.സി.ബി. നിർമ്മിക്കുന്നതാണ് അഭികാമ്യമെന്ന് മെക്കാനിക്കൽ വിഭാഗം അഭിപ്രായപ്പെട്ടു. പുതിയ നിർമ്മിതിക്ക് സ്ഥലപരിശോധന നടത്തിയതിൽനിന്ന് നിലവിൽ വി.സി.ബി. ഇരിക്കുന്ന സ്ഥലം തന്നെയാണ് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള നിർമ്മിതി പൊളിച്ചുമാറ്റേണ്ടത് ആവശ്യമായിവരുന്നു. എന്നാൽ നിലവിലുള്ള നിർമ്മിതിക്ക് യാതൊരുവിധ കേടുപാടുമില്ലാത്തതിനാൽ Mechanically operating shutter ടി നിർമ്മിതിയിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് ജലസേചനവകുപ്പിന്റെ ഡിസൈൻ വിഭാഗമായ

ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ, ജലസേചനവകുപ്പിലെ ഉദ്യോഗസ്ഥർ, മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തുകയുണ്ടായി. സോയിൽ ഇൻവെസ്റ്റിഗേഷന് സാമ്പത്തികാനുമതി ലഭിച്ച തുക ഉപയോഗിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.ഡി.ആർ.ബി. നിർദ്ദേശിച്ചിട്ടുണ്ട്. ടി പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഡിസൈൻ വിഭാഗമായ ഐ.ഡി.ആർ.ബി-ക്ക് നൽകുന്നതാണ്.

(സി) മാവേലിക്കര മണ്ഡലത്തിൽ മാവേലിക്കര മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിന് 2016-17 മുതൽ 2023 ഡിസംബർ വരെ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും നടപ്പിലാക്കിയ പദ്ധതികളുടെ തൽസ്ഥിതി അടക്കം വിശദമാക്കുമോ?

മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനായി 2016-17 മുതൽ 2023 ഡിസംബർ വരെ

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

മങ്കട മണ്ഡലത്തിൽ നടഷിലാക്കിവരുന്ന പ്രവൃത്തികൾ

216 (3097) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മങ്കട മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാം, ഓരോന്നിന്റെയും നിലവിലെ സ്ഥിതി മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പ് മങ്കട മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കേരള വാട്ടർ അതോറിറ്റി മങ്കട മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റി മങ്കട മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത മണ്ഡലത്തിൽ ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടതാണെന്ന് ജലവിഭവ വകുപ്പും കേരള വാട്ടർ അതോറിറ്റിയും വിലയിരുത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിൽ ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടതാണെന്ന് ജലവിഭവ വകുപ്പും കേരള വാട്ടർ അതോറിറ്റിയും വിലയിരുത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പ്ലാൻ, നോൺ പ്ലാൻ ഫണ്ട് വിനിയോഗം

217 (3098) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലും മറ്റ് മണ്ഡലങ്ങളിലും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മൈനർ, മേജർ വിഭാഗത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം മണ്ഡലം തിരിച്ച് ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

218 (3099) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമായി ബന്ധപ്പെട്ട് മോട്ടോർ സപ്ലൈ ചെയ്യുന്ന കരാറുകളിൽ മോട്ടോർ പ്രവർത്തിപ്പിച്ച് നോക്കാതെതന്നെ തൊണ്ണൂറ് ശതമാനം തുക നൽകാമെന്ന വ്യവസ്ഥമൂലം ഭാവിയിൽ മോട്ടോർ പ്രവർത്തിച്ചില്ലെങ്കിൽ സർക്കാരിന് നഷ്ടം വരാൻ ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്റ്റോർ പർച്ചേസ് മാന്വൽ (റിവൈസ്ഡ് എഡിഷൻ 2013) പ്രകാരമുള്ള പേയ്മെന്റ് വ്യവസ്ഥകളാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പമ്പും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പമ്പിന്റെയും അനുബന്ധ സാമഗ്രികളുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിഫക്ട് ലയബിലിറ്റി കാലയളവ് 3 വർഷമെന്ന് ഉൾപ്പെടുത്തിയാണ് എഗ്രിമെന്റ് നടപ്പിലാക്കുന്നത്. ഇവയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡിഫക്ട് ലയബിലിറ്റി കാലാവധിയായ 3 വർഷം കഴിഞ്ഞുമാത്രമാണ് വിടുതൽ ചെയ്ത് നല്കുന്നത്. ആയതിനാൽ ടി പേയ്മെന്റ് വ്യവസ്ഥകൾ മുഖാന്തരം സർക്കാരിന് നഷ്ടം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെക്കാനിക്കൽ വിഭാഗത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി കരാർ നടപ്പിലാക്കിയ പദ്ധതികൾക്കായി സപ്ലൈ ചെയ്തിട്ടുള്ള പമ്പും മോട്ടോറും അനുബന്ധ സാമഗ്രികളും അവയുടെ തകരാർ കാരണം പ്രവർത്തിക്കാതിരുന്നതായി നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇത്തരം വ്യവസ്ഥകൾ കരാറിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുള്ള പേയ്മെന്റ് വ്യവസ്ഥകൾ സ്റ്റോർ പർച്ചേസ് മാന്വൽ (റിവൈസ്ഡ് എഡിഷൻ 2013) പ്രകാരമുള്ളവയായതിനാലും ടി വ്യവസ്ഥകൾ മുഖേന നാളിതുവരെ സർക്കാരിന് നഷ്ടം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാലും

ഇത്തരം വ്യവസ്ഥകൾ കരാറിൽനിന്ന് ഒഴിവാക്കേണ്ട സാഹചര്യം നിലവിലില്ല.

(സി) മോട്ടോർ സപ്ലൈയോടൊപ്പം ഇൻസ്റ്റലേഷനുകൂടി ഒന്നിച്ച് കരാർ നൽകാത്തതിനാൽ പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഇവയ്ക്ക് ഒന്നിച്ച് കരാർ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

സപ്ലൈയോടൊപ്പം ഇൻസ്റ്റലേഷനുകൂടി ഒന്നിച്ച് കരാർ നല്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി ഫീൽഡുതല ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഇവയ്ക്ക് ഒന്നിച്ച് കരാർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ മെക്കാനിക്കലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

219 (3100) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കുഴൽക്കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ

220 (3101) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽക്കിണർ കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് കുഴൽക്കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) ഏതൊരാവശ്യത്തിനും പുതിയ കുഴൽക്കിണർ കുഴിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിടനിർമ്മാണ ചട്ടം അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പെർമിറ്റ് ലഭ്യമാക്കി മാത്രമെ കുഴൽകിണർ നിർമ്മാണം അനുവദിക്കുകയുള്ളൂ.

(ബി) ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഭൂജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് ഭൂജല വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. അമിത ഭൂജല ചൂഷണമുള്ള മേഖലകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശയിന്മേൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത്തരം ബ്ലോക്കുകളിൽ ഏതുതരം ഭൂജല

വികസനത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയാണ് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകൾ. കേരള കെട്ടിട നിർമ്മാണചട്ടം അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പെർമിറ്റ് സംസ്ഥാനത്ത് നിയമവിധേയമാക്കിയിട്ടുണ്ട്.

(സി) കുഴൽക്കിണർ കുഴിക്കുന്ന യന്ത്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

27-06-2014-ലെ G.O.(Ms) No.59/2014/WRD ഉത്തരവ് പ്രകാരം 2014-ൽ തന്നെ കുഴൽകിണർ നിർമ്മാണ റിഗ്ഗുകളുടെ രജിസ്ട്രേഷൻ നടപടികൾ തുടങ്ങിയിരുന്നു. 24-01-2023-ലെ G.O.(Ms)No.4/2023/WRD ഉത്തരവ് പ്രകാരം വീണ്ടും റിഗ് രജിസ്ട്രേഷൻ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ റിഗ് രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരികയാണ്.

(ഡി) അനധികൃതമായി കുഴൽക്കിണർ നിർമ്മാണം നടത്തുന്നവരെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

അനധികൃത കുഴൽക്കിണർ നിർമ്മാണം തടയുന്നതിനുള്ള നിയമ നിർമ്മാണത്തിനായി വകുപ്പുതല സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കുന്ന ചട്ടങ്ങൾ ഭൂജല അതോറിറ്റിയുടെയും സർക്കാരിന്റെയും അനുമതി ലഭ്യമായശേഷം അനധികൃത കുഴൽക്കിണർ നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഭൂജല വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റം

221 (3102) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സംബന്ധിച്ച് 25-02-2017-ലെ ജി.ഒ.(പി) 03/2017/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ ഭൂജല വകുപ്പിൽ നടപ്പിലാക്കുന്നുണ്ടോയെന്ന്

വ്യക്തമാക്കുമോ; നടപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ നിലവിൽ ഭൂജല വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ഭൂജല വകുപ്പിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സംബന്ധിച്ച് 25-02-2017-ലെ ജി.ഒ.(പി) 03/2017/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് ഭൂജലവകുപ്പിൽ ജീവനക്കാരുടെ സ്ഥലമാറ്റം നടപ്പിലാക്കിവരുന്നത്.

ഭൂജല വകുപ്പിന്റെ ആധുനികവൽക്കരണം

222 (3103) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജലവകുപ്പിന്റെ ആധുനികവൽക്കരണത്തിനായി നൂതനമായ 6 കുഴൽക്കിണർ നിർമ്മാണ റിഗ്ഗുകൾ 6.74 കോടി രൂപ മുടക്കി സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ 100 ശതമാനം ഗ്രാന്റിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടുവഴി താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

- തീരദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം ഫലപ്രദമാക്കുവാനും ജലലഭ്യതയുള്ള മേഖല കൃത്യമായി തിട്ടപ്പെടുത്തുവാനുംവേണ്ടി സഞ്ചരിക്കുന്ന geophysical ലോഗർ യൂണിറ്റും നിരീക്ഷണ കിണറുകളിലൂടെയുള്ള ജലവിതാന വിവര ശേഖരണം

ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി Automatic Water Level Recorder with Telemetry സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

- കുഴൽക്കിണറുകളിലെ ജലത്തിന്റെ മേഖലകൾ സാങ്കേതികമായും, ശാസ്ത്രീയമായും പഠിക്കുന്നതിന് bore hole camera വാങ്ങുകയുണ്ടായി.
- മലയോര തീരദേശ മേഖലകളിൽ ഉൾപ്പെടെ ജല ഗുണനിലവാര പരിശോധന സാധ്യമാക്കുന്നതിനായി സഞ്ചരിക്കുന്ന ജല പരിശോധന ലാബ് യൂണിറ്റ് വാങ്ങുകയുണ്ടായി.
- വകുപ്പിന്റെ 3 റീജിയണൽ ലാബുകളിലും ജലഗുണനിലവാരം പരിശോധിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ
ഭൂജല വകുപ്പിന്റെ പദ്ധതികൾ

223 (3104) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഫണ്ടുപയോഗിച്ചാണെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കൃത്രിമ ഭൂജലസംപോഷണ പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി

224 (3105) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിൽ ജല ലഭ്യത കുറവുള്ള പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി റിപ്പോർട്ട്/ക്ലിയറൻസ്/എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമാണ് അനുമതി നൽകുന്നത്. തിരുരങ്ങാടി മണ്ഡലത്തിൽ ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന ഗാർഹിക/ കാർഷികാവശ്യങ്ങൾക്ക് കുഴൽക്കിണർ നിർമ്മാണത്തിന് ഓരോന്നിനും നിശ്ചയിച്ച ഫീസ് ഈടാക്കി അനുയോജ്യമാണെങ്കിൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നതാണ്. ഇൻഫ്രാസ്ട്രക്ചർ ആവശ്യത്തിനുള്ള കുഴൽക്കിണർ നിർമ്മാണത്തിന് ഫീസിബിലിറ്റി റിപ്പോർട്ടുപ്രകാരം നിർമ്മിച്ച കുഴൽ കിണറിൽ പമ്പിംഗ് ടെസ്റ്റ് നടത്തി അനുയോജ്യമാണെങ്കിൽ എൻ.ഒ.സി. നൽകുന്നതാണ്. തിരുരങ്ങാടി മണ്ഡലത്തിലെ പ്രദേശങ്ങളെല്ലാം സെമി ക്രിട്ടിക്കൽ ബ്ലോക്ക് വിഭാഗത്തിൽപ്പെടുന്നതിനാൽ വ്യാവസായികാവശ്യത്തിന് എൻ.ഒ.സി. ലഭിക്കുകയില്ല.

(ബി) ഇത്തരത്തിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കുമോ?

സ്വകാര്യ ആവശ്യങ്ങൾക്ക് നിലവിൽ സർക്കാർ പദ്ധതികളൊന്നുമില്ല. സർക്കാരിന് കീഴിലുള്ള പൊതു ആവശ്യത്തിന് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി നിലവിലുണ്ട്.

ജലവിഭവ വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധന

225 (3106) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ജലവിഭവ വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പ് വെള്ള പ്രതിരോധ ബണ്ട്

226 (3107) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സി.ആൻഡ്.എ.ജി. നടത്തിയ ഓഡിറ്റ്

227 (3108) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാലുവർഷ കാലയളവിൽ സി.ആൻഡ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ കഴിഞ്ഞ നാലുവർഷ കാലയളവിനുള്ളിൽ സി. ആൻഡ് എ.ജി. നടത്തിയ ഓഡിറ്റ് റിപ്പോർട്ടിൽ സാമ്പത്തിക തിരിമറി/കളവ്/നഷ്ടങ്ങൾ എന്നീ ഇനത്തിൽ താഴെ പറയുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്നുകേസ്സുകൾ ഉൾപ്പെടുത്തിയിരുന്നതും ഇവയിൽ രണ്ടെണ്ണം അന്തിമമായി തീർപ്പാക്കിയിട്ടുള്ളതുമാകുന്നു.

1)അനധികൃതമായി 172 ലക്ഷം രൂപയുടെ പൈപ്പ് കടത്തിക്കൊണ്ടുപോകൽ (കളവ്)	നടപടിക്രമം തുടരുന്നു
2)മിച്ചം വരുന്ന സാധന സാമഗ്രികളുടെ വില കരാറുകാരനിൽനിന്നും ഈടാക്കാത്തത് സംബന്ധിച്ച്	അന്തിമമായി തീർപ്പാക്കിയിട്ടുണ്ട്.
3) 65,687/- രൂപയുടെ സാമ്പത്തിക തിരിമറിയും ബാങ്കിൽ നാല് ലക്ഷം രൂപയുടെ കുറവും	അന്തിമമായി തീർപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ ക്രമനമ്പർ 2, 3 ഖണ്ഡികകൾ അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിൻപ്രകാരം തീർപ്പാക്കിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലെ നിയമനം

228 (3109) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഡിസ്ട്രിബ്യൂഷൻ I, ഡിസ്ട്രിബ്യൂഷൻ II എന്നിവയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള വാട്ടർ അതോറിറ്റിയിൽ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഡിസ്ട്രിബ്യൂഷൻ I, ഡിസ്ട്രിബ്യൂഷൻ II എന്നിവയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്നില്ല.

DISTRIBUTION SUB DIVISION NO. II SAROVARAM എന്ന ഓഫീസിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) എങ്കിൽ ഒഴിവുള്ള പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത ഒഴിവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലവിഭവ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന

229 (3110) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് 17-01-2024-നാണ്. പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ഞാങ്കടവ് കുടിവെള്ള പദ്ധതി

230 (3111) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കൊല്ലം കോർപ്പറേഷനും സമീപ പഞ്ചായത്തായ കൊറ്റങ്കരയ്ക്കുംവേണ്ടി KIIFB/AMRUT ധനസഹായത്തോടെ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയാണിത്. KIIFB-ൽ ഉൾപ്പെടുത്തി 235 കോടി രൂപയും AMRUT 1.0-ൽ ഉൾപ്പെടുത്തി 104.42 കോടി രൂപയും AMRUT 2.0-ൽ ഉൾപ്പെടുത്തി 232.4477 കോടി രൂപയും ഉൾപ്പെടെ ആകെ 571.87 കോടി രൂപയാണ് ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളത്. കൊല്ലം കോർപ്പറേഷനിലെ 411336 ജനങ്ങൾക്കും കൊറ്റങ്കര പഞ്ചായത്തിലെ 47456 ജനങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വേലൂർ പഞ്ചായത്തിലെ കീടായിച്ചിറ പദ്ധതി

231 (3112) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലൂർ പഞ്ചായത്തിലെ കീടായിച്ചിറ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി പ്രവൃത്തിയുടെ സ്ഥലം 21-07-2023-ൽ കരാറുകാരന് കൈമാറിയെങ്കിലും അതിർത്തി നിർണ്ണയം സംബന്ധിച്ച വിഷയങ്ങളാൽ പ്രവൃത്തി തുടരാൻ സാധിച്ചില്ല. നിലവിൽ അതിർത്തി നിർണ്ണയിച്ച് ലഭിച്ചിട്ടുണ്ട്. ആയതിനാൽ 2024 ഫെബ്രുവരി അവസാനവാരത്തിൽ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനോടനുബന്ധിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ 122 ഹെക്ടർ കൃഷിസ്ഥലത്തേയ്ക്ക് ജലസേചനം സുഗമമാക്കുന്നതിനും പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. പദ്ധതിയിൽ ചിറയുടെ ഡിസിൽറ്റേഷൻ പ്രവൃത്തി, കിടായിച്ചിറയുടെ നാലുവശവും Dry rubble പിച്ചിംഗ് വഴി സംരക്ഷണം, നാലുവശവും 2 മീറ്റർ വീതിയിൽ walk way നിർമ്മാണം, ഹാൻഡ് റെയിൽ സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി

232 (3113) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതികൾക്കായി നിലവിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

355.918 കോടി രൂപയുടെ ഭരണാനുമതിയാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതികൾക്കായി നൽകിയിട്ടുള്ളത്.

മലമ്പുഴ മണ്ഡലത്തിൽ കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പദ്ധതി

233 (3114)ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷൻപ്രകാരം മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ നിയോജകമണ്ഡലത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേയ്ക്ക് പൈപ്പ്ലൈൻ സ്ഥാപിച്ച് 814 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിൽ ഇതുവരെ 11.2 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് 300 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

മലമ്പുഴയ്ക്കും സമീപപ്രദേശങ്ങൾക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്തിട്ടില്ലാത്തതിനാൽ 14-02-2024 അവസാന തീയതിയായി വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

28 കിലോമീറ്റർ പൈപ്പ്ലൈൻ വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലൂടെ സ്ഥാപിക്കുന്നതിനായി വനം വകുപ്പിന്റെയും മലമ്പുഴ റിംഗ് റോഡിന് സമീപം 26 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡിലൂടെ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചവറ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

234 (3115) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടാനായി കുഴിക്കേണ്ട പി.ഡബ്ല്യൂ.ഡി. റോഡുകൾ ഏതൊക്കെയാണ്; ഇതിന് അനുമതി കിട്ടിയിട്ടുണ്ടോ; പൈപ്പിടൽ പൂർത്തിയായാലുടൻതന്നെ റോഡ് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചവറ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടാനായി കുഴിക്കേണ്ട റോഡുകൾ അനുബന്ധമായി ചേർക്കുന്നു+.

പൈപ്പുകൾ സ്ഥാപിക്കുന്നതിനായി അനുമതി ലഭ്യമായാൽ അതനുസരിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നതാണ്.

കാരോട് കുടിവെള്ള പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

235 (3116) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

89.189 കോടി രൂപയ്ക്ക് കിഫ്ബിവഴി ഭരണാനുമതി നൽകിയിട്ടുള്ള കാരോട് കുടിവെള്ള പദ്ധതിയിൽ 16 MLD ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും 6 ലക്ഷം ലിറ്റർ സമ്പും ഉപരിതലജല സംഭരണികളും ക്ലിയർ വാട്ടർ ആൻഡ് റോ വാട്ടർ പമ്പിംഗ് മെയിനുകളും പമ്പുസെറ്റ് ഉൾപ്പെടെയുള്ള ഘടകങ്ങളും ഉൾപ്പെടുന്നു. ജല ശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഉൾപ്പെട്ട പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 29-09-2023-ൽ വർക്ക് ഓർഡർ നൽകുകയും 26-10-2023-ൽ എഗ്രിമെന്റ് വച്ച് പണികൾ ആരംഭിക്കുകയും ചെയ്തു.

പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചപ്പോൾ ആദ്യ ടെണ്ടറിലും പുനർ ദർഘാസിലും ആരും പങ്കെടുത്തില്ല. മൂന്നാമത്തെ ദർഘാസിൽ ഒരാൾ പങ്കെടുത്തു. ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിൽ പരിശോധിച്ചുവരികയാണ്.

ജലക്ഷാമം പരിഹരിക്കുന്നതിനും ജല വിതരണം മെച്ചപ്പെടുത്തുന്നതിനും നടപടി

236 (3117) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിവിധ കാരണങ്ങൾമൂലം കുടിവെള്ളം മുടങ്ങുന്ന അവസ്ഥ ഇല്ലായ്മ ചെയ്യുന്നതിനായി മാസംതോറും റിവ്യൂ മീറ്റിംഗുകൾ നടത്താനും ഇതിനെ ശക്തമായി മോണിറ്റർ ചെയ്യാനും നോഡൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കയ്പമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ റിവ്യൂ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷന്റെ

കീഴിലുള്ള മാള സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നോഡൽ ഓഫിസറായി നിയമിച്ചിട്ടുണ്ട്. മാസംതോറും റിവ്യൂ മീറ്റിംഗുകൾ നടത്തുന്നതിനും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകിയെന്നും ഇനി എത്ര വീടുകൾക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

(ബി&സി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലുമായി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 30893 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ആകെ 20,509.43 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. ഇതിൽ 9-2-2024 വരെ 12601 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

മണ്ഡലത്തിൽ ഇനിയും 16594 കുടിവെള്ള കണക്ഷനുകൾകൂടി നല്കുവാനുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

237 (3118) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളും അടങ്കൽ തുകയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളും അടങ്കൽ തുകയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതി നിർദ്ദേശങ്ങളാണ് ഭരണാനുമതിക്കായി സർക്കാരിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണനയിലുള്ളതെന്ന് പദ്ധതികളുടെ പേരും മതിപ്പുതുകയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതിക്കായി നിലവിൽ സർക്കാർ പരിഗണനയിൽ പദ്ധതികളൊന്നും ഇല്ല.

ജൽജീവൻ പദ്ധതി

238 (3119) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചുവെന്ന് വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി ആകെ 9609.24 ലക്ഷം രൂപയുടെ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.

(ബി) ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട പഞ്ചായത്തിൽ പൈപ്പ്ലൈനുകൾ ദീർഘിപ്പിച്ച് കണക്ഷനുകൾ നൽകുന്നതിനായി താഴെ പറഞ്ഞിരിക്കുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തുകൾ	**രൂപ**
നാവായിക്കുളം	502.70 ലക്ഷം
മടവൂർ	384.71 ലക്ഷം
പള്ളിക്കൽ	216.00 ലക്ഷം
വെട്ടൂർ	220.31 ലക്ഷം
ചെമ്മരുതി	376.03 ലക്ഷം
ഇടവ	415.19 ലക്ഷം
ഇലകമൺ	621.96 ലക്ഷം

കൂടാതെ പ്രസ്തുത പദ്ധതിയിലുൾപ്പെട്ട മേല്പറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി പൊതുഘടകങ്ങളായ ജലശുദ്ധീകരണശാല, ജലസംഭരണികൾ, പ്രധാന പൈപ്പ്ലൈനുകൾ എന്നിവയ്ക്കായി ആകെ 6872.34 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടഷിലാക്കുന്ന കുടിവെള്ള പദ്ധതി

239 (3120) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്കായി ടാങ്ക് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന സ്ഥലത്തിന് ഉടമയ്ക്ക് നൽകേണ്ട തുക എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആകെ എത്ര രൂപയാണ് ആയതിന് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്കായി ടാങ്ക് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന സ്ഥലത്തിന് ഉടമയ്ക്ക് നൽകേണ്ട തുക 04-01-2024-ന് നടന്ന ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി യോഗത്തിൽ സെന്റിന് 90,011/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ടാങ്ക് നിർമ്മാണത്തിനും പ്രസ്തുത സ്ഥലത്തേയ്ക്കുള്ള വഴിയുടെ ആവശ്യത്തിനുമായി 106.43 സെന്റ് ആവശ്യമുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ആകെ വേണ്ട തുക 95,79,871 /- രൂപയാണ്.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ചെലവാകുന്ന തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ എത്ര തുക വീതം നൽകണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചാത്തമംഗലം പഞ്ചായത്തും സമീപ പഞ്ചായത്തുകളായ മടവൂർ, കിഴക്കോത്ത്, ഉണ്ണികുളം, താമരശ്ശേരി, കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി എന്നീ പഞ്ചായത്തുകളും സംയുക്തമായിട്ടാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കേണ്ടത്. ഓരോ പഞ്ചായത്തും നൽകേണ്ട വിഹിതം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	വിഹിതം
ചാത്തമംഗലം പഞ്ചായത്ത്	Rs. 13,50,165/-
മടവൂർ പഞ്ചായത്ത്	Rs. 8,80,216/-
കിഴക്കോത്ത് പഞ്ചായത്ത്	Rs. 9,21,185/-
ഉണ്ണികുളം പഞ്ചായത്ത്	Rs. 18,90,496/-
താമരശ്ശേരി പഞ്ചായത്ത്	Rs. 12,14,755/-
കോടഞ്ചേരി പഞ്ചായത്ത്	Rs. 10,01,025/-
പുതുപ്പാടി പഞ്ചായത്ത്	Rs. 17,29,706/-
കട്ടിപ്പാറ പഞ്ചായത്ത്	Rs. 5,92,323/-
ആകെ	Rs. 95,79,871/-

ജൽജീവൻ മിഷനിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ

240 (3121) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ.പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കാനുള്ള ജൽജീവൻ മിഷനിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ശുദ്ധമായ കുടിവെള്ളം നിശ്ചിത അളവിൽ തടസ്സങ്ങളില്ലാതെ ഉറപ്പാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് ഇതുവരെ 19,10,738 വീടുകളിൽ വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും പൈപ്പ് കണക്ഷനുകൾ നൽകി കുടിവെള്ളം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ജല വിതരണം കാര്യക്ഷമമാക്കാനും ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും താലൂക്ക് തലത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ടീമുകളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജലവിതരണം കാര്യക്ഷമമാക്കാനും ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24*7 പ്രവർത്തിക്കുന്ന പരിഹാരകേന്ദ്രം 2019 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ അവ പരിഹരിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാറുണ്ട്. മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി എല്ലാ മെയിന്റനൻസ് ഡിവിഷൻ ഓഫീസ് പരിധിയിലും ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) അധികമായ വെള്ളക്കരം വരുന്നുവെന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിലും

സംസ്ഥാനതലത്തിലും പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സെക്ഷൻ, സബ്ഡിവിഷൻ, ഡിവിഷൻ തലത്തിൽ ലഭിക്കുന്ന വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് അതത് റവന്യൂ ഡിവിഷനുകളിലെ റവന്യൂ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 14 ജില്ലാ ആസ്ഥാനങ്ങൾക്ക് തുല്യമായി 12 സർക്കിൾ ഓഫീസുകളാണ് കേരള വാട്ടർ അതോറിറ്റിക്കുള്ളത്. സർക്കിൾതലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി 12 അക്കൗണ്ട് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ ഹെഡ് ഓഫീസിൽ റവന്യൂ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

241 (3122) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിൽ നെല്ല്യാടി മുതൽ മേപ്പയ്യൂർ വരെയുള്ള ഭാഗത്ത് ജൽജീവൻ പദ്ധതിയുടെ പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തിയാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിൽ നെല്ല്യാടി മുതൽ മേപ്പയ്യൂർ വരെയുള്ള ഭാഗത്ത് ജൽജീവൻ മിഷൻ പദ്ധതിയുടെ പൈപ്പ്ലൈൻ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) പി.ഡബ്ല്യു.ഡി. നിർദ്ദേശ പ്രകാരമുള്ള റീസ്റ്റോറേഷൻ പ്രവൃത്തി ഈ റോഡിൽ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ?

പൈപ്പിട്ട ഭാഗങ്ങളിൽ റീസ്റ്റോറേഷൻ പ്രവൃത്തികളാരംഭിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തീകരിച്ച് ഉടൻതന്നെ റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(സി) 06-01-2024-ന് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ച് ഈ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

06-01-2024 തീയതിയിൽ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനമനുസരിച്ച് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ യോഗത്തിൽ തീരുമാനിച്ച തീയതിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ഡി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകാത്തതുകൊണ്ട് പി.ഡബ്ല്യു.ഡി.-യുടെ റോഡ് പുനരുദ്ധാരണത്തിനുള്ള ഫണ്ട് നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിൽ KWA പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റായി 11,95,471/-രൂപ KRFB-

യിൽ ഒടുക്കിയിട്ടുണ്ട്. പൈപ്പിടൽ പൂർത്തീകരിക്കുന്നമുറയ്ക്ക് റീസ്റ്റോറേഷൻ ചെയ്ത് ഫെബ്രുവരി 20-ാം തീയതിയോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി

242 (3123) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ പതിനൊന്ന് പഞ്ചായത്തുകളിലായി ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കോന്നി നിയോജകമണ്ഡലത്തിൽ 11 പഞ്ചായത്തുകളിലായി 62741 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 74,462.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോന്നി പഞ്ചായത്ത്

കോന്നി പഞ്ചായത്തിൽ 3660 കണക്ഷനുകൾക്ക് 3,300.82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 1160 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

2. അരുവാപ്പുലം പഞ്ചായത്ത്

അരുവാപ്പുലം പഞ്ചായത്തിൽ 4038 കണക്ഷനുകൾക്ക് 5,597.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 903 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

3. കലഞ്ഞൂർ പഞ്ചായത്ത്

കലഞ്ഞൂർ പഞ്ചായത്തിൽ 11700 കണക്ഷനുകൾക്ക് 11,648.13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 641 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

4. മലയാലപ്പുഴ പഞ്ചായത്ത്

മലയാലപ്പുഴ പഞ്ചായത്തിൽ 4383 കണക്ഷനുകൾക്ക് 8,884.06 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 371 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

5. മൈലപ്ര പഞ്ചായത്ത്

മൈലപ്ര പഞ്ചായത്തിൽ 2874 കണക്ഷനുകൾക്ക് 3,617.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 125 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

6. തണ്ണിത്തോട് പഞ്ചായത്ത്

തണ്ണിത്തോട് പഞ്ചായത്തിൽ 3041 കണക്ഷനുകൾക്ക് 3,768.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 400 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

7. വള്ളിത്തോട് പഞ്ചായത്ത്

വള്ളിത്തോട് പഞ്ചായത്തിൽ 3861 കണക്ഷനുകൾക്ക് 1,741.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 1820 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

8. ചിറ്റാർ പഞ്ചായത്ത്

ചിറ്റാർ പഞ്ചായത്തിൽ 4784 കണക്ഷനുകൾക്ക് 7,068.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 791 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

9. സീതത്തോട് പഞ്ചായത്ത്

സീതത്തോട് പഞ്ചായത്തിൽ 5950 കണക്ഷനുകൾക്ക് 7,876.58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 146 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

10. പ്രമാടം പഞ്ചായത്ത്

പ്രമാടം പഞ്ചായത്തിൽ 10169 കണക്ഷനുകൾക്ക് 10,354.81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 1876 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

11. ഏനാദിമംഗലം പഞ്ചായത്ത്

ഏനാദിമംഗലം പഞ്ചായത്തിൽ 8281 കണക്ഷനുകൾക്ക് 10,604.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 1715 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണപ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

മേൽ പഞ്ചായത്തുകൾക്കുവേണ്ടി ശുദ്ധീകരണ ശാലകളോടുകൂടിയ കുടിവെള്ള പദ്ധതികൾ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

മേൽ പദ്ധതികൾക്ക് 0.3 ലക്ഷം ലിറ്റർ മുതൽ 15 ലക്ഷം ലിറ്റർവരെ സംഭരണശേഷിയുള്ള 18 ജലസംഭരണികൾ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കേണ്ടതുണ്ട്. ടി പ്രവൃത്തികളുടെ ടെണ്ടർ ചെയ്തിരിക്കുകയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ജൽജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായുള്ള പൈപ്പിടൽ

243 (3124) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്ന റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്നതിനായി റോഡുകൾ മുറിക്കേണ്ടുന്ന സാഹചര്യം വരാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചതിനുശേഷം റോഡുകൾ പുനഃസ്ഥാപിക്കാറുണ്ട്.

(ബി) പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ ജൽജീവൻ മിഷൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ജൽജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷൻ ഒന്നും രണ്ടും മൂന്നും ഘട്ട പദ്ധതികളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ ഒഴികെയുള്ള റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ കേന്ദ്ര സർക്കാർ (എസ്.എൽ.എസ്.എസ്.സി.) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ

താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. എന്നാൽ നാലും അഞ്ചും ആറും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. പൊതുമരാമത്ത്, ദേശീയപാത തുടങ്ങിയ വിഭാഗങ്ങളുടെ ചുമതലയിലുള്ള റോഡുകളുടെ പുനഃരുദ്ധാരണത്തിന് പദ്ധതിയിൽ തുക വകയിരുത്തി വിനിയോഗിക്കുന്നുണ്ട്. റോഡുകളുടെ താൽക്കാലിക പുനഃരുദ്ധാരണത്തിന് കരാറുകാർക്ക് നിർദ്ദിഷ്ട കരാറിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതും റോഡുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിന് മേൽപ്പറഞ്ഞ രീതിയിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്.

കൊയിലാണ്ടി മണ്ഡലത്തിൽ ജൽജീവൻ പദ്ധതി

244 (3125) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിന്റെ ഭാഗമായി തകർന്ന റോഡുകളുടെ പുനഃരുദ്ധാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കൊയിലാണ്ടി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിന്റെ ഭാഗമായി തകർന്ന റോഡുകളുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ലിസ്റ്റ് അനുസരിച്ച് മുൻഗണന നൽകി അടിയന്തരമായി മുഴുവൻ റോഡുകളുടെയും പുനഃരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നു.

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിയെടുത്ത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഫണ്ട് അതത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) റോഡുകളുടെ റെസ്റ്റോറേഷൻ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പൈപ്പിടൽ പൂർത്തിയായ സ്ഥലങ്ങളിൽ റോഡ് പുനരുദ്ധാരണം നടന്നുവരുന്നു. ഓരോ പഞ്ചായത്തിലും ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്ന ഘട്ടത്തിൽ റോഡുകളുടെ പുനഃസ്ഥാപനം നടത്തിവരുന്നു.

ജൽജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ

245 (3126) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽജീവൻ മിഷന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജൽജീവൻ മിഷന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ ഘട്ടത്തിലും മണ്ഡലത്തിലെ പഞ്ചായത്തിൽ/നഗരസഭയിൽ നൽകിയ ഭരണാനുമതിയുടെയും ഗുണഭോക്താക്കളുടെയും പദ്ധതി നിർവ്വഹണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓരോ ഘട്ടത്തിലും മണ്ഡലത്തിലെ പഞ്ചായത്തിൽ നൽകിയ ഭരണാനുമതിയുടെയും ഗുണഭോക്താക്കളുടെ എണ്ണത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

246 (3127) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായി സംസ്ഥാനത്ത് കടുത്ത വേനൽച്ചൂട് ആരംഭിച്ചിട്ടുള്ളതിനാൽ കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും കുടിവെള്ളക്ഷാമം മുൻകൂട്ടികണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പുഴയ്ക്ക് കുറുകെ താൽക്കാലിക തടയണകൾ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

2. വേനൽക്കാലത്ത് ജലസ്രോതസ്സുകളിലെ ജലനിരപ്പ് അപകടകരമാംവിധം താഴ്ന്നുപോകുന്ന സ്ഥലങ്ങൾ, കായൽ എന്നിവിടങ്ങളിൽ വേലിയേറ്റത്തിലും മറ്റും ഓരുജലം കയറുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടുന്നതിനുമുള്ള സാഹചര്യം ഒഴിവാക്കുന്നതിനായും താൽക്കാലിക തടയണകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.

3. വേനൽകാലത്ത് ജലലഭ്യത കുറയുന്നതോടൊപ്പം ജല ഉപഭോഗവും വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ജലത്തിന്റെ ദുരുപയോഗം അവസാനിപ്പിക്കുന്നതിന് വിപുലമായ പ്രചാരണ പരിപാടികളും ജലമോഷണം തടയുന്നതിനുള്ള പരിശോധനയും നടന്നുവരുന്നു.

4. തടാകങ്ങളിലെ ജലത്തിന്റെ കരുതൽ വർദ്ധിപ്പിക്കുന്നതിന് ഉതകുന്നവിധത്തിൽ ദിവസേനയുള്ള പമ്പിംഗിന്റെ നിരക്കിൽ ക്രമപ്പെടുത്തൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

5. വേനൽ വർദ്ധിച്ചുവരികയാണെങ്കിൽ ജലവിതരണത്തിൽ ക്രമീകരണം നടത്തി വേനലിനെ പ്രതിരോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നദികളിലും മറ്റു ജലാശയങ്ങളിലും മണലും ചെളിയും അടിഞ്ഞുകൂടി ആഴം കുറഞ്ഞതിനാൽ ജലസംഭരണശേഷി കുറഞ്ഞിട്ടുള്ളത് കണക്കിലെടുത്ത് ജലസേചന പദ്ധതികളിൽ ആവശ്യമായ പുനഃക്രമീകരണങ്ങൾ വരുത്തുന്നതിനും കാർഷിക മേഖലയിലെ ജലസേചന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ നദികളിലും മറ്റ് ജലാശയങ്ങളിലും മണലും ചെളിയും അടിഞ്ഞുകൂടി ആഴവും സംഭരണശേഷിയും കുറഞ്ഞതിന്റെ

അടിസ്ഥാനത്തിൽ ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകളിൽ അതിവർഷം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ വഴി അടിഞ്ഞ് കൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്യുന്നതിന് ഒരു Standard Operating Procedure (SOP) തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ മംഗലം, ചുള്ളിയാർ, മീങ്കര, വാളയാർ തുടങ്ങിയ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുക്കൾ പൂർണ്ണമായും നീക്കം ചെയ്തുകഴിഞ്ഞാൽ സംഭരണശേഷി വർദ്ധിക്കുന്നതാണ്.

കുളങ്ങളിലെ സംഭരണശേഷി കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 'Renovation of tanks and Ponds under Haritha Keralam' എന്ന പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികളിൽ കുളങ്ങളുടെ ഡീസിൽറ്റേഷൻ, സംരക്ഷണ പ്രവൃത്തികൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

വിവിധ ജലസേചന പദ്ധതികളുടെ ജലസംഭരണികളിൽ സംഭരണശേഷിയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും നിലവിലുള്ള ജലം

നഷ്ടപ്പെടാതെ പരമാവധി കൃഷി സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ എല്ലാ വർഷവും വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്രവൃത്തികൾ നടത്തി ജല ചോർച്ച പരമാവധി തടഞ്ഞുകൊണ്ടുള്ള ജലം കാര്യക്ഷമമായി കൃഷി ഭൂമിയിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതി

247 (3128) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് റോഡ് റീസ്റ്റോറേഷന് തുക ലഭിക്കാത്തതുമൂലം പ്രസ്തുത റോഡുകൾ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്കുകൂടി റോഡ് റീസ്റ്റോറേഷന് തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

(എ & ബി) ജൽജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ഓരോ പദ്ധതിക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

ഇപ്രകാരം അനുമതി നൽകിയ ജൽജീവൻ മിഷൻ പദ്ധതികളിലുൾപ്പെടുത്തി പൈപ്പുലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ (എസ്.എൽ.എസ്.എസ്.സി.) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പുലൈൻ

സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺ റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും കൂടാതെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും റോഡ് പുനഃസ്ഥാപനം എന്നിവയുൾപ്പെടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റ് പ്രവൃത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ഫണ്ട് കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന്

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ടനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾക്കൊഴികെ) അംഗീകാരം നൽകുകയുണ്ടായി. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്.

ശുദ്ധജല വിതരണം പൂർത്തിയാക്കുന്നതിന് നടപടി

248 (3129) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാളൂർ പഞ്ചായത്തിൽ ആറായിരത്തിലധികം ശുദ്ധജല പൈപ്പ് കണക്ഷനുകൾ ഇനിയും നൽകാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രസ്തുത പ്രവൃത്തി എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

കരവാളൂർ പഞ്ചായത്തിൽ 3821 കണക്ഷനുകളാണ് ഇനി നൽകാനുള്ളത്. 2020-ലെ IMIS data പ്രകാരം കരവാളൂർ പഞ്ചായത്തിൽ 7118 ഭവനങ്ങളാണുണ്ടായിരുന്നത്. ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുമ്പ് ടി പഞ്ചായത്തിൽ 543 ഭവനങ്ങളിൽ കുടിവെള്ള കണക്ഷനുണ്ടായിരുന്നു. ജൽജീവൻ മിഷൻ തുടങ്ങിയതിനുശേഷം നാളിതുവരെ കരവാളൂർ പഞ്ചായത്തിൽ 2754 കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പൊതുമരാമത്ത് റോഡുകളിൽ പൈപ്പുലൈൻ സ്ഥാപിക്കാനുള്ള അനുമതി ഇനിയും ലഭ്യമാകാനുണ്ട്. അനുമതി ലഭ്യമായി പൈപ്പുലൈൻ സ്ഥാപിക്കുന്നമുറയ്ക്ക് കണക്ഷനുകൾ നൽകി ടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

(ബി) വെഞ്ചെമ്പ് ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ചേറുകുഴി വാർഡുവരെ ശുദ്ധജലക്ഷാമം നേരിടുന്ന ഭാഗങ്ങളിൽ ശുദ്ധജല വിതരണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വെഞ്ചെമ്പ് മുതൽ ചേറുകുഴി വരെയുള്ള ഭാഗങ്ങളിൽ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) റോഡിന്റെ ഭാഗത്ത് പൈപ്പുലൈൻ സ്ഥാപിക്കാനുണ്ട്. ടി റോഡ് ഡിഫക്ട് ലയബിലിറ്റി പീരിഡിലായതിനാൽ (DLP) നാളിതുവരെയും പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. KRFB-യിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പൈപ്പുലൈനുകൾ സ്ഥാപിച്ച്, പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനും ജലക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നതാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

249 (3130) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെയും പൂതക്കുളം ഗ്രാമപഞ്ചായത്തിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്നും കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കാമോ?

(എ & ബി) പൂതക്കുളം പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ എത്തിക്കാനായി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 5235 കണക്ഷനുകൾ നൽകാനായി ആകെ 969.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനി 250 കണക്ഷനുകൾകൂടി നൽകാനുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ 22-01-2024-ൽ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ പൈപ്പുലൈനുകൾ pre-delivery test ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരവൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 13.007 കോടി രൂപയുടെ പ്രവൃത്തിക്ക് അമൃത് 2.0-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 15% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി

അനുബന്ധമായി ചേർക്കുന്നു+. ടി പദ്ധതി ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

പൂതക്കുളം പഞ്ചായത്തിനും പരവൂർ മുനിസിപ്പാലിറ്റിക്കുംവേണ്ടി ഇത്തിക്കര നദി സ്രോതസ്സാക്കി ഒരു പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി സ്രോതസ്സിന്റെ സാധ്യതാ പഠനം നടത്തുന്നതിനായി ഇറിഗേഷൻ വകുപ്പിന് 5,40,000/- രൂപ ഒടുക്കിയിട്ടുണ്ട്. ശുദ്ധീകരണശാലയ്ക്കും കിണറിനും ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ജല ശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ കണ്ടെത്തിയ സ്ഥലത്ത് മണ്ണ് പരിശോധന നടത്തിയതിൽ സ്ഥലം സാധാരണ ഫൗണ്ടേഷന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ മറ്റൊരു സ്ഥലം ഇതിനായി കണ്ടെത്തേണ്ടതുണ്ട്.

കായംകുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ

250 (3131) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കായംകുളം നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

കായംകുളം നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

2025 മാർച്ച് മാസത്തോടുകൂടി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി

251 (3132) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതി പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പടെയുള്ള ഏതെല്ലാം ഏജൻസികളുടെ ഏതെല്ലാം റോഡുകളിലാണ് അനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പൊതുമരാമത്ത് ഉൾപ്പെടെയുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(ബി) അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം സംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് ഏതെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

DLP (Defect Liability Period) നിലനിൽക്കുന്ന റോഡായ പാലാഴി–പുത്തൂർമഠം റോഡിൽ മാത്രമാണ് അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത്.

വാട്ടർ ടാങ്കുകളുടെ സുരക്ഷ

252 (3133) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ജൽജീവൻ മിഷന്റേതടക്കം വിവിധ കുടിവെള്ള പദ്ധതികൾക്ക് വിശാലമായ ജലസംഭരണികൾ നിർമ്മിക്കുമ്പോൾ ഇവ സമയബന്ധിതമായി വൃത്തിയാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ നിർമ്മിച്ചിട്ടുള്ളതും ഉപയോഗത്തിലുള്ളതുമായ ജലസംഭരണികൾ കൃത്യമായ ഇടവേളകളിലും അത്യാവശ്യ സാഹചര്യങ്ങളിലും സമയബന്ധിതമായി വൃത്തിയാക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്.

ജലവിതരണ ശൃംഖലകളുടെ മെയിന്റനൻസിന് ഏർപ്പെടുത്തിയിട്ടുള്ള റണ്ണിംഗ് കോൺട്രാക്ടറുടെ സേവനം ഉപയോഗപ്പെടുത്തി എല്ലാവർഷവും നിശ്ചിത സമയങ്ങളിൽ വൃത്തിയാക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. റണ്ണിംഗ് കോൺട്രാക്ടർ നിലവിലില്ലാത്ത പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റി സ്വന്തം സംവിധാനം ഉപയോഗിച്ചോ താൽക്കാലിക കരാർ ജീവനക്കാരെ ഉപയോഗിച്ചോ ടി പ്രവർത്തനം പൂർത്തീകരിക്കുന്നു.

(ബി) ഇത്തരം ടാങ്കുകളിലേയ്ക്ക് ജീവനക്കാരല്ലാത്തവരും സാമൂഹ്യവിരുദ്ധരും പ്രവേശിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; ഇതിനുവേണ്ടി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുമോ; വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള മുഴുവൻ ടാങ്കുകളുടെയും സംരക്ഷണത്തിന് പ്രത്യേക സംവിധാനമൊരുക്കിയിട്ടില്ല. ജലശുദ്ധീകരണ ശാലകളിലും ഓഫീസുകളുടെ പരിസരത്തും പ്രവർത്തിക്കുന്ന സംഭരണികളിൽ ജീവനക്കാരുടെ സാന്നിധ്യം നിലവിലുണ്ട്. മറ്റ് സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന സംഭരണികളിൽ വാൽവ് ഓപ്പറേറ്റർമാരുടെ സാന്നിധ്യം പരമാവധി ഉറപ്പാക്കി ജീവനക്കാരല്ലാത്തവരും സാമൂഹ്യവിരുദ്ധരും പ്രവേശിക്കുന്നത് പരമാവധി തടയാൻ ശ്രമിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കോമ്പൗണ്ട് വാൾ, സി.സി.ടി.വി. ക്യാമറ എന്നിവ ഏർപ്പാടാക്കിവരുന്നു. അതിക്രമിച്ച് കയറാതിരിക്കാൻ മുന്നറിയിപ്പ് ബോർഡും ടാങ്ക് കോമ്പൗണ്ടിൽ സ്ഥാപിക്കാറുണ്ട്. ഇതും ലംഘിച്ച് അതിക്രമിച്ച് കയറിയാൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി

253 (3134) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി ഏതെല്ലാം പദ്ധതികൾ മുഖേനയാണ് സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട ഒൻപത് പഞ്ചായത്തുകളിലുമായി ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആനാട്, പനവൂർ, കല്ലറ, നന്ദിയോട്, പാങ്ങോട്, പെരിങ്ങമ്മല, വാമനപുരം, പുല്ലമ്പാറ, നെല്ലനാട് പഞ്ചായത്തുകളിൽ ഭരണാനുമതി നൽകിയ 64265 കണക്ഷനുകളിൽ 30540 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. കൂടാതെ വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു.

1. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും നെടുമങ്ങാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി ജൽജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. കിണറും പമ്പുഹൗസും നിർമ്മിക്കൽ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, പമ്പുസെറ്റുകൾ, ജലവിതരണ ശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.

ഈ പദ്ധതിയിൽ ക്ലറിയിൽ വാമനപുരം നദിക്ക് സമീപം കിണറും പമ്പുഹൗസും നിർമ്മിച്ച് പമ്പുസെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈൻവഴി വാമനപുരം നദിയിലെ ജലം പമ്പ് ചെയ്ത് കൈലാസം കുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിലെത്തിച്ച് ശുദ്ധീകരിച്ചശേഷം നെല്ലനാട്,

വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജലസംഭരണികളിലെത്തിച്ച്, ജലവിതരണ ശൃംഖലകൾവഴി വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി വാമനപുരം പഞ്ചായത്തിൽ 2088 കുടിവെള്ള കണക്ഷനുകളും നെല്ലനാട് പഞ്ചായത്തിൽ 989 കുടിവെള്ള കണക്ഷനുകളും നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടുഘട്ടങ്ങളിലൂടെ വാമനപുരം പഞ്ചായത്തിൽ ആകെ 6938 കുടിവെള്ള കണക്ഷനുകളും നെല്ലനാട് പഞ്ചായത്തിൽ 4532 കുടിവെള്ള കണക്ഷനുകളും നൽകാനുദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ഒന്നും രണ്ടും ഘട്ടങ്ങളിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പല പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. കിണറും പമ്പുഹൗസും, ജലശുദ്ധീകരണശാല, ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 55% പൂർത്തിയായി. പമ്പിംഗ് മെയിൻ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 70% പൂത്തിയായിട്ടുണ്ട്. നെല്ലനാട് പഞ്ചായത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. വാമനപുരം പഞ്ചായത്തിൽ

ജലവിതരണശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 20% പൂർത്തിയായി. ഇതുവരെ 2650 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതിയുടെ ആകെ പുരോഗതി 50% ആണ്.

2. ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങൾ ഘട്ടങ്ങളായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 2014 എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ ജല ശുദ്ധീകരണശാല, കിണറും പമ്പുഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു.

രണ്ടാംഘട്ട പ്രവൃത്തികൾക്കായി 16 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ റോ വാട്ടർ പമ്പ്

ചെയ്യുന്നതിനായി പമ്പുസെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണവും പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണവും ടി ജലസംഭരണികളിലേയ്ക്ക് ജലശുദ്ധീകരണശാലയിൽനിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി.മീ. ദൈർഘ്യത്തിൽ ജല വിതരണശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ട് പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ജലസംഭരണിയുടെ നിർമ്മാണം, പൈപ്പുലൈൻ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാമത്തെ പാക്കേജിൽ 71% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പുസെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്ന രണ്ടാമത്തെ പാക്കേജിൽ 73% പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

ടി പദ്ധതിയുടെ മൂന്നാംഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കൂടിവെള്ളമെത്തിക്കുന്നതിനായി ജൽജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതിയും

നൽകിയിട്ടുണ്ട്. താന്നിമൂടിൽ 3.3 ലക്ഷം ലിറ്റർ, ആലുംകുഴിയിൽ 4 ലക്ഷം ലിറ്റർ, കൂപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതംശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജല സംഭരണികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരുപഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും ആനാട് പഞ്ചായത്തിൽ 7814, നന്ദിയോട് പഞ്ചായത്തിൽ 3826 കുടിവെള്ള കണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു.

ഇതിൽ കൈതക്കാട്, കൂപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിൽ ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്തുനിന്നും പാറ നീക്കം ചെയ്യാനാവാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. ഏകദേശം 144 കി.മീ. ജലവിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായി തിരിച്ച് ഏതാണ്ട് 130 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ആനാട് പഞ്ചായത്തിൽ 2789 കുടിവെള്ള കണക്ഷനുകളും നൽകിയിട്ടുണ്ട്.

3. പെരിങ്ങമല പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി ജലശുദ്ധീകരണ ശാലയുൾപ്പെടെയുള്ള ഘടകങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്ക് ജൽജീവൻ മിഷനിലുൾപ്പെടുത്തി 123.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാമനപുരം നദിയാണ് ഈ പദ്ധതിയുടെ സ്രോതസ്സായി കണ്ടെത്തിയിട്ടുള്ളത്. തമ്പുരാൻ വച്ചുണ്ടകയത്ത് വാമനപുരം നദിയോട് ചേർന്ന് 8.0 മീ. വ്യാസമുള്ള കിണറും പമ്പുഹൗസിന്റെയും നിർമ്മാണം, ആയിരവല്ലിക്കുന്നിൽ 5 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പുലൈനുകൾ, പമ്പുസെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ, ആയിരവല്ലിക്കുന്നിൽ 10.6 ലക്ഷം ലിറ്ററും, അടിയോടി കോളനിയിൽ 1.5 ലക്ഷം ലിറ്ററും വെളിയൻകാലകുന്നിൽ 1 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ജലവിതരണ ശൃംഖലകൾ

സ്ഥാപിക്കൽ, 7777 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഇതിൽ കിണറും, പമ്പുഹൗസും, ജലശുദ്ധീകരണശാല, അടിയോടി കോളനിയിലെ ഉപരിതലജലസംഭരണി എന്നിവയുടെ നിർമ്മാണവും ജലവിതരണശൃംഖലകൾ സ്ഥാപിക്കലും പുരോഗമിക്കുന്നു. ആയിരവല്ലിക്കുന്നിൽ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലത്തേയ്ക്കുള്ള വഴിക്കുവേണ്ടിയുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. സ്ഥലം ലഭ്യമാകാത്തതിനാൽ വെളിയൻകാലകുന്നിലും മടത്തറയിലും നിർമ്മിക്കേണ്ട ജലസംഭരണികളുടെ നിർമ്മാണവും ആരംഭിച്ചിട്ടില്ല. 165 കിലോമീറ്ററോളം ജലവിതരണശൃംഖലകൾ സ്ഥാപിക്കേണ്ടതിൽ 145 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. 3901 കുടിവെള്ള കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നമുറയ്ക്ക് പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധ ജലവിതരണം സാദ്ധ്യമാകും.

റോഡുകളുടെ അറ്റകുറ്റപണികൾ

254 (3135) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പണിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്നതുവഴി ജല അതോറിറ്റിക്ക് നഷ്ടം സംഭവിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

റോഡ് പണിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് പലപ്പോഴും പൊട്ടി വെള്ളം നഷ്ടപ്പെടാറുണ്ട്. എന്നാൽ ടി ലീക്കുകൾ അടിയന്തരമായി റോഡ് പണി ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ മുഖേനയോ, ബ്ലൂ ബ്രിഗേഡ് മുഖേനയോ, വാർഷിക അറ്റകുറ്റ കരാറുകാരെകൊണ്ടോ സമയബന്ധിതമായി പരിഹരിക്കാറുണ്ട്.

(ബി) പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

റോഡുകളുടെ വശങ്ങളിലും നടുഭാഗത്തുമായി മണ്ണിനടിയിൽ നേരത്തെ സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊട്ടിച്ച് ലീക്കുകൾ പരിഹരിക്കേണ്ടതായി വരാറുണ്ട്. ടി സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ സാധ്യമല്ല. എന്നാൽ റോഡിനടിയിൽ നേരത്തെ സ്ഥാപിച്ചിരിക്കുന്ന പൈപ്പുലൈനുകൾ റോഡ് പണി നടക്കുന്ന സമയങ്ങളിൽ റോഡിൽനിന്നുംമാറ്റി സൈഡിൽ കൂടി/യൂട്ടിലിറ്റി കോറിഡോർവഴി ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പൈപ്പ് പൊട്ടുന്ന സാഹചര്യങ്ങളിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഭാവിയിൽ ഒഴിവാക്കാനാകും.

(സി) കഴിച്ച റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ചുമതല ഏത് വകുപ്പിനാണെന്ന് വിശദമാക്കാമോ; ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി

സഹകരിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദാംശം നൽകാമോ?

കഴിച്ച റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ചുമതല റോഡ് വെട്ടിപ്പൊളിക്കുന്ന വകുപ്പിനുതന്നെയാണ്.

നിലവിൽ കേരള വാട്ടർ അതോറിറ്റി വെട്ടിപ്പൊളിക്കുന്ന റോഡുകൾ അതോറിറ്റിതന്നെ അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കാറുണ്ട്. കൂടുതൽ വ്യാപ്തി വേണ്ടിവരുന്ന വർക്കുകൾ പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താറുണ്ട്.

പൈപ്പുലൈൻ പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് റോഡ് മുറിക്കേണ്ട ഭാഗങ്ങളിൽ അതിനുവേണ്ട അപേക്ഷ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നുണ്ട്. ജില്ലാതലത്തിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്താണ് ഇതിന് അംഗീകാരം ലഭിക്കുന്നത്. നിർമ്മാണം/പുനർനിർമ്മാണം ക്രമീകരിച്ചിരിക്കുന്ന റോഡുകളിൽ റോഡ് പണിക്കുമുമ്പുതന്നെ അനുവാദം വാങ്ങി പൈപ്പ് സ്ഥാപിക്കാൻ ശ്രമിച്ചുവരുന്നു. കൂടാതെ പൈപ്പുലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി കുഴിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിൽ

എത്തിക്കുന്നതിനായി എസ്റ്റിമേറ്റ് ഘട്ടത്തിൽതന്നെ തുക വകയിരുത്താറുണ്ട്. റോഡുമായി ബന്ധപ്പെട്ട കാര്യാലയത്തിൽനിന്നും ആവശ്യപ്പെടുന്ന തുകകൾ ഒടുക്കിയതിനുശേഷം കരാർവച്ച് അനുവാദം ലഭിച്ചശേഷം മാത്രമാണ് റോഡുകൾ കുഴിക്കുന്നത്. റെസ്റ്റോറേഷൻ തുക ഒടുക്കാത്ത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റിതന്നെ ക്രമീകരിച്ചുവരുന്നു.

അരുവിക്കര നിയോജകമണ്ഡലത്തിലെ റോഡുകളിൽ പൈപ്പ് ലൈൻ

255 (3136) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി., ആർ.ഐ.സി.കെ. എന്നീ വകുപ്പ്/ഏജൻസികളിൽനിന്നും ഇനി ലഭിക്കേണ്ട അനുമതികൾ ഏതൊക്കെയാണെന്നും റോഡിന്റെ പേര്, ദൂരം, പ്രസ്തുത അനുമതികൾക്കായി അപേക്ഷ സമർപ്പിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ സഹിതം അറിയിക്കുമോ; വിശദമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ട റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാനത്തെ ശുദ്ധജല വിതരണം

256 (3137) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗര ഗ്രാമീണ മേഖലകളിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; തുടർപദ്ധതികളായി നടന്നുവരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. നഗര-ഗ്രാമീണ മേഖലകളിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി അമൃത് 1 & 2, ജൽജീവൻ മിഷൻ എന്നീ പദ്ധതികൾ തുടർപദ്ധതിയായി നടപ്പിലാക്കിവരുന്നു. തുടർപദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. 5 കുടിവെള്ള പദ്ധതികളുടെ രണ്ടാംഘട്ടം കിഫ്ബി സഹായത്തോടെ നടപ്പിലാക്കാൻ 521.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ 5 പദ്ധതികളുടെയും DER ഫണ്ടിംഗ് സാംഗ്ഷനുവേണ്ടിയുള്ള പരിശോധനയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും 3 പദ്ധതികൾക്ക് ഫണ്ടിംഗ് അനുമതി ലഭിക്കുകയും ചെയ്തു. സമർപ്പിച്ച മറ്റുരണ്ട് പദ്ധതികളുടെ സൂക്ഷ്മപരിശോധന കിഫ്ബിയിൽ നടന്നുവരുന്നു. ഇവയുടെ വിശദാശംങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം RKI (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്)-ൽ ഭരണാനുമതി ലഭിച്ച കുടിവെള്ള വിതരണ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 124 ചെറുകിടപദ്ധതികൾ, 84 കുടിവെള്ള പുനഃരുദ്ധാരണ പദ്ധതികൾ, 546 ഹാൻഡ് പമ്പ് സ്കീം പുനഃരുദ്ധാരണം എന്നിവ ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 11500 കുടുംബങ്ങൾക്കും 30 സ്ഥാപനങ്ങൾക്കും കുടിവെള്ള വിതരണം നൽകാൻ സാധിച്ചു.

(ബി) ശുദ്ധജല ദുരുപയോഗവും ജലമോഷണവും തടയുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; ജലദൗർലഭ്യം നേരിടുന്ന ഇക്കാലത്ത് ഇത്തരം നടപടികൾക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

ശുദ്ധജല ദുരുപയോഗവും ജലമോഷണവും തടയുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ജലത്തിന്റെ ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്.

2. ഗാർഹിക വാട്ടർ കണക്ഷൻ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉയർന്ന ചാർജ്ജ് ഈടാക്കുകയും കണക്ഷൻ ഗാർഹികേതര വിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്യുന്നു.

3. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ മീറ്ററുകളുള്ള സ്ഥലങ്ങളിൽ ദുരുപയോഗത്തിനുള്ള സാധ്യത കൂടുതലായതിനാൽ സമയബന്ധിതമായി മാറ്റിവയ്ക്കുവാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

4. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിലെത്തിച്ച് അവബോധം നൽകാറുണ്ട്.

5. ജല ദുർവ്യയം ഒഴിവാക്കുന്നതിന് നവമാധ്യമങ്ങളിലൂടെയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

6. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ പ്രാദേശിക സാഹചര്യമനുസരിച്ച് പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്.

7. കുടിവെള്ളത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും പ്രസ്തുത വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് ഉടനടി നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുക/പിഴചുമത്തൽ/കണക്ഷൻ നോൺഡൊമസ്റ്റിക്ക് കാറ്റഗറിയിലേയ്ക്ക് മാറ്റുക മുതലായ നടപടികളെടുത്ത് ഇത്തരം പ്രവൃത്തികൾക്ക് തടയിടാറുണ്ട്.

8. ആന്റിവാട്ടർ തെഫ്റ്റ് സ്ക്വാഡ്, ബ്ലൂ ബ്രിഗേഡ് സംവിധാനം എന്നിവ മുഖേന വിതരണ ലൈനുകളിലെ ശുദ്ധജല ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. കുടിവെള്ളത്തിന്റെ ദുരുപയോഗം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുന്നതിനായി 1916 എന്ന ടോൾഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ട്.

10. ജലത്തിന്റെ മൂല്യാവബോധം പൊതുജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനായി ജല അതോറിറ്റിയുടെ ഓഫീസുകളിൽ ചുമരെഴുത്തും ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യാവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണം നടത്താറുണ്ട്.

കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ
പൊതുടാപ്പുകൾ പുനഃസ്ഥാപിക്കൽ

257(3138) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളമെത്താത്ത എത്ര വീടുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

1) കേരളത്തിലെ ഗ്രാമീണ മേഖലയിൽ ലഭ്യമായ കണക്കനുസരിച്ച് 69.92 ലക്ഷം വീടുകളുള്ളതിൽ 36.60 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുണ്ട്. ഇനി 33.32 ലക്ഷം വീടുകളിൽ പൈപ്പ് കണക്ഷൻ ലഭ്യമാക്കാനുണ്ട്.

2) കേരളത്തിലെ നഗരപ്രദേശങ്ങളിൽ ലഭ്യമായ കണക്കനുസരിച്ച് 23.50 ലക്ഷം വീടുകളുള്ളതിൽ 11.85 ലക്ഷം വീടുകളിൽ കുടിവെള്ള

കണക്ഷനുണ്ട്. ഇനി 11.65 ലക്ഷം വീടുകളിൽ പൈപ്പ് കണക്ഷൻ ലഭ്യമാക്കാനുണ്ട്.

(ബി) സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ 2016-ലെ സർക്കാർ അധികാരത്തിൽ വന്നശേഷം മാത്രം എത്ര പൊതുടാപ്പുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന ടാപ്പുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

- പഞ്ചായത്ത്-9236
- മുനിസിപ്പാലിറ്റി- 2337
- കോർപ്പറേഷൻ-466.

അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ് കണക്ഷനുകൾ നിർത്തലാക്കിയത്.

(സി) പൊതുടാപ്പുകൾ നിർത്തലാക്കിയതുമൂലം കുടിവെള്ളമെത്താത്ത വീടുകളിലുള്ളവർ പ്രയാസമനുഭവിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പൊതുടാപ്പുകളെ ആശ്രയിച്ചിരുന്നതും എന്നാൽ നാളിതുവരെ കുടിവെള്ളമെത്തിക്കുന്നതിന് കഴിയാത്തതുമായ പ്രദേശങ്ങളിൽ പൊതുടാപ്പുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

പൊതുടാപ്പുകൾ നിർത്തലാക്കിയതുമൂലം കുടിവെള്ളമെത്താത്ത വീടുകളിലുള്ളവർ പ്രയാസമനുഭവിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടില്ല. പുതിയ പൊതുടാപ്പുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നിർത്തലാക്കുന്നതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ്. പുതിയവ സ്ഥാപിക്കുന്നതിനും വിച്ഛേദന പ്രവൃത്തിക്കുമുള്ള ഡെപ്പോസിറ്റ് തുക വാട്ടർ അതോറിറ്റി നിശ്ചയിച്ചുനൽകുന്നുണ്ട്. പ്രസ്തുത തുക അടച്ചതിനുശേഷമാണ് ടി പ്രവൃത്തികൾ നടത്തുന്നത്.

വാട്ടർ അതോറിറ്റി പുതിയ പൈപ്പിടുന്നതിനായി കുഴിച്ച റോഡുകൾ

258 (3139) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.ഡബ്ല്യു.ഡി. റോഡുകൾ പുതിയ പൈപ്പിടുന്നതിനായി വാട്ടർ അതോറിറ്റി കുഴിച്ചിട്ടുണ്ട്; അവ ഏതൊക്കെ റോഡുകളാണെന്നും എത്ര കിലോമീറ്റർ ദൂരമാണ് അപ്രകാരം കുഴിയെടുത്തിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) മേൽ പ്രസ്താവിച്ചതിൽ എത്ര റോഡുകൾ കുഴിയടച്ച് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്; റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുൾപ്പെടെയുള്ള തുകയാണോ പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചുനൽകിയിട്ടുള്ളത്; അറിയിക്കുമോ?

(എ & ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.ഡബ്ല്യു.ഡി. റോഡുകൾ പുതിയ പൈപ്പിടുന്നതിനായി വാട്ടർ അതോറിറ്റി കുഴിച്ചിട്ടുണ്ടെന്നതും അവ ഏതൊക്കെ റോഡുകളാണെന്നും എത്ര കിലോമീറ്റർ ദൂരമാണ് അപ്രകാരം കുഴിയെടുത്തിട്ടുള്ളതെന്നും അവ കുഴിയടച്ച്

പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്നതും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുൾപ്പെടെയുള്ള തുകയാണ് പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചുനൽകിയിട്ടുള്ളത്.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ റോഡ് പുനഃസ്ഥാപനത്തിനായി നാളിതുവരെ 1,042 കോടി രൂപ അനുവദിക്കുകയും 547.45 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള തുകയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ജലചോർച്ച തടയുവാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

259 (3140) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം നികത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിനായി റവന്യൂ അദാലത്തുകൾ നടത്തി കുടിശ്ശികത്തുക ഗഡുക്കളാക്കി അടയ്ക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. മുഴുവൻ ഉപഭോക്താക്കളുടെയും വെള്ളക്കരം പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട് 100% റീഡിംഗും 100% ബില്ലിംഗും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വെള്ളക്കരം അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശികത്തുക പിരിച്ചെടുക്കാറുണ്ട്. നോൺ വാട്ടർ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ ലഭ്യമായ

സ്ഥലങ്ങളിൽ എ.ടി.എം. കൗണ്ടർ സ്ഥാപിക്കുക, പരസ്യ ബോർഡുകൾ സ്ഥാപിക്കുക, ടാങ്കുകളുടെ ഭിത്തിയിൽ പരസ്യം സ്ഥാപിക്കുക എന്നീ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ആകെ ചെലവിന്റെ 25% വരുന്ന വൈദ്യുതി ചാർജ്ജിന്റെ 10% സൗരോർജ്ജത്തിൽനിന്നും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിനുള്ള മൂലധനനിക്ഷേപം സർക്കാർ/ഇതര ഏജൻസികളിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. കൂടുതൽ പമ്പുഹൗസുകൾ ഓട്ടോമേറ്റ് ചെയ്ത്, കരാർ വേതനം കുറയ്ക്കുകയും ചെയ്യുന്നതിനുള്ള ശിപാർശകൾ നടപ്പിലാക്കിവരുന്നതാണ്. സാധ്യമായ എല്ലാ ശുദ്ധീകരണശാലകളുടെയും ഉൽപ്പാദനക്ഷമത ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരമാവധിയാക്കുകയും പരമാവധി ജലം ഉപഭോക്താക്കൾക്ക് എത്തിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ പ്രധാനകാരണം വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ജലവിതരണ പൈപ്പുകൾ പൊട്ടി ജലചോർച്ചമൂലം അതോറിറ്റിക്ക് വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. ആകെ ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖലവഴി ഉപഭോക്താവ് ഉപയോഗിക്കുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non-Revenue Water) കണക്കാക്കുന്നത്. ഇതിന് പ്രധാനമായും രണ്ട് ഘടകങ്ങളാണുള്ളത്. പൈപ്പുകളിലൂടെയും മറ്റും ചോർച്ച കാരണം യഥാർത്ഥത്തിൽ ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തത് കാരണമുണ്ടാകുന്ന നഷ്ടവും (വാണിജ്യ നഷ്ടം) കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉൽപ്പാദനശേഷിയും ആകെ ബിൽ ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non-Revenue Water) 35-40 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ പ്രധാന കാരണം വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ചയാണെന്ന് കണ്ടെത്തുന്നതിനുള്ള വിശദമായ പഠനം നടത്തേണ്ടതുണ്ട്.

(സി) എങ്കിൽ വിതരണശൃംഖല പുനരുദ്ധരിച്ച് ജലചോർച്ച തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കാലഹരണപ്പെട്ട പൈപ്പുകളാണ് പ്രധാനമായും ചോർച്ചയുണ്ടാക്കുന്നതിന് കാരണം. ഈ പൈപ്പുകൾ സ്റ്റേറ്റ് പ്ലാൻ, അമൃത്, കിഫ്ബി, ജൽജീവൻ മിഷൻ, വരൾച്ച ദുരിതാശ്വാസപദ്ധതികൾ, തദ്ദേശസ്ഥാപനങ്ങളുടെ നിക്ഷേപപദ്ധതികൾ തുടങ്ങിയവയിലുൾപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിലെ കുടിശ്ശികകളുടെ വിശദാംശം

260 (3141) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് 31-12-2023 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണ്; വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പേരുവിവരങ്ങൾ ഉൾപ്പെടെ അവർ വരുത്തിയിട്ടുള്ള കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിക്ക് 31-12-2023 വരെ പിരിഞ്ഞുകിട്ടാനുള്ള ആകെ കുടിശ്ശിക 1,543.86 കോടി രൂപയാണ്. കുടിശ്ശിക അടയ്ക്കാനുള്ള വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ പൊതുടാപ്പുകൾ എന്നിവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വിവിധ സംസ്ഥാന സർക്കാർ വകുപ്പുകൾ	112.02 കോടി
പൊതുമേഖലാ സ്ഥാപനങ്ങൾ	8.38 കോടി.
സ്വകാര്യ കമ്പനികൾ	84.9 കോടി
പൊതുടാപ്പുകൾ	949.96 കോടി
മറ്റുള്ളവ (ജലനിധി, ശബരിമല, സ്പെഷ്യൽ കണക്ഷൻ)	388.60 കോടി

(ബി) കേരള വാട്ടർ അതോറിറ്റിക്ക് സ്വകാര്യ വ്യക്തികളിൽനിന്നും കുടിശ്ശിക ഇനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ട്; കണക്ക് ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് സ്വകാര്യ വ്യക്തികളിൽനിന്നും കുടിശ്ശിക ഇനത്തിൽ 381.77 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. പത്തുലക്ഷത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുകളിൽ കൂടിശ്ശികയുള്ള സ്വകാര്യ വ്യക്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) വെള്ളക്കരം വർദ്ധിപ്പിച്ചതുവഴി മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി എത്ര തുക അധികം സമാഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വാട്ടർ ചാർജ്ജ് നിരക്ക് വർദ്ധനവിലൂടെ 2023-2024 സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) 212.73 കോടി രൂപയുടെ അധിക വരുമാനം ലഭിച്ചു.

കിഫ്ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി കൂടിവെള്ള പദ്ധതി

261 (3142) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി കൂടിവെള്ള പദ്ധതിയിൽ ചെരണിയിലേയ്ക്കുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കൽ, പഴയ എ.സി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൈപ്പുകൾ മാറ്റൽ എന്നീ പ്രവൃത്തികളുടെ കരാർത്തുക, കാലാവധി, പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ വിശദാംശം എന്നിവ ലഭ്യമാക്കാമോ?

1. കിഫ്ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചെരണി സമ്പ് മുതൽ ചെരണി ഒ.എച്ച്.എസ്.ആർ. വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെയുള്ള പാക്കേജ് -2 പ്രവൃത്തിയുടെ കരാർത്തുക 35.31 കോടി രൂപയും പ്രവർത്തന കാലാവധി 18 മാസവുമാണ്. ഇതിൽ ചെരണി സമ്പ് മുതൽ ചെരണി ഒ.എച്ച്.എസ്.ആർ. വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ, റോഡ് പുനരുദ്ധാരണ പ്രവൃത്തി, ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ഡെഡിക്കേറ്റഡ് ഇലക്ട്രിസിറ്റി ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി, നിലവിലുള്ള ശുദ്ധീകരണശാലയുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു.

2. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പഴയ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർത്തുക 13.66 കോടി

രൂപയാണ്. പ്രവർത്തന കാലാവധി 12 മാസവുമാണ്. ഈ പ്രവൃത്തിയിൽ ആകെ സ്ഥാപിക്കേണ്ട 33946 മീറ്റർ പൈപ്പുകളിൽ 25582.80 മീറ്റർ പൈപ്പ് ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും ബാക്കി എന്നത്തേയ്ക്ക് പൂർത്തിയാവുമെന്നും വ്യക്തമാക്കുമോ; മാറ്റിസ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

1. മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പാക്കേജ് 2 പ്രവൃത്തിയുടെ 35 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിൽ കേസ് നിലനിൽക്കുന്നതിനാൽ കേസിൽ വിധി വരുന്നമുറയ്ക്ക് മാത്രമെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

2. എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ഇതുവരെ 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമാകുന്നമുറയ്ക്ക്

ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. മാറ്റി സ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) പൂർത്തീകരിച്ച പ്രവൃത്തിക്കുള്ള പാർട്ട് ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണ് നൽകിയതെന്നും വിശദമാക്കുമോ?

ഉണ്ട്. മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പാക്കേജ് 2-ൽ കരാറുകാരന് 8.60 കോടി രൂപയുടെയും മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പഴയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കരാറുകാരന് 10.62 കോടി രൂപയുടെയും ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്.

(ഡി) കരാറുപ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറുകാരനെതിരെ നിയമ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

1. മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പാക്കേജ് 2 പ്രവൃത്തിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്.

2. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പഴയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമായ എല്ലാ റോഡുകളിലും കരാറുകാരൻ പൈപ്പുലൈൻ സ്ഥാപിക്കുകയും റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പുനലൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

262 (3143) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, പുനലൂർ മണ്ഡലത്തിലെ ചോഴിയക്കോട് പത്തേക്കറിൽ പുനരധിവസിപ്പിച്ച പട്ടികജാതി കുടുംബങ്ങൾക്ക് ജൽജീവൻ മിഷൻ പദ്ധതിയിലൂടെ പൈപ്പ് കണക്ഷൻ നൽകിയിരുന്നെങ്കിലും

മാസങ്ങളായി ഈ പ്രദേശത്ത് കുടിവെള്ളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ചോഴിയക്കോട് പത്തേക്കർ പട്ടികജാതി കോളനിയിൽ 20 കുടുംബങ്ങൾക്ക് ജൽജീവൻ മിഷൻ മുഖേന കണക്ഷൻ നൽകിയിരുന്നു. ഇതിൽ 7 കുടുംബങ്ങൾക്ക് ജലം ലഭിക്കുന്നുണ്ട്. ശേഷിക്കുന്ന 13 കുടുംബങ്ങൾ വസിക്കുന്നത് താരതമ്യേന ഉയർന്ന പ്രദേശത്തിലായതിനാൽ, നിലവിലുള്ള പദ്ധതിയിൽനിന്നും ജലവിതരണം സാധ്യമാവുന്നില്ല. ആയതിനാൽ, ഇൻ-ലൈൻ ബൂസ്റ്റർ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ടി പ്രദേശത്തേയ്ക്ക് ജലലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. ടി പ്രവൃത്തി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉയർന്ന വനമേഖലാ പ്രദേശമായ ഇവിടെ താമസിക്കുന്നവർക്ക് കുടിവെള്ളത്തിനായി കുന്നിറങ്ങി കിലോമീറ്ററോളം സഞ്ചരിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഇവർക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള അടിയന്തര

നടപടി സ്വീകരിക്കുമോ; എത്രനാൾക്കകം കുടിവെള്ളം പുനഃസ്ഥാപിക്കാനാകുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രദേശം താരതമ്യേന ഉയർന്ന പ്രദേശമായതിനാൽ, നിലവിൽ നടപ്പാക്കിയ പദ്ധതിയിൽനിന്നും ജലവിതരണം സാധ്യമാകുന്നില്ല. ആയതിനാൽ, ജൽജീവൻ മിഷൻ പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തി, ഇൻ-ലൈൻ ബൂസ്റ്റർ സംവിധാനം ഏർപ്പെടുത്തി ടി പ്രദേശത്തേയ്ക്ക് ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തി 3 മാസത്തിനുള്ളിൽ നടപ്പാക്കി പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മാസങ്ങളായി കുടിവെള്ളം ലഭിക്കാത്ത ഇവർക്ക് പണമടയ്ക്കുന്നതിനായി ബിൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; വിശദമാക്കുമോ?

ബിൽ നൽകിയിരുന്നു. ആയത് പരിശോധിച്ച് പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് ബില്ലുകൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്ലംബിംഗ് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക

263 (3144) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലംബിംഗ് കരാറുകാർക്ക് കരാറെടുത്തതിന്റെ കുടിശ്ശികത്തുക ഏതുമാസം വരെ നൽകാനുണ്ടെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ ഇ-ടാപ്പ് വഴി പുതിയ കുടിവെള്ള കണക്ഷൻ നൽകുന്ന ജോലിക്കായി രജിസ്റ്റർ ചെയ്ത Registered പ്ലംബർമാർക്ക് ഇ-ടാപ്പ് വഴി പുതിയ കണക്ഷൻ നൽകിയ വകയിൽ 2024 ജനുവരി മാസം (16-01-2024) വരെയുള്ള തുക നൽകിയിട്ടുണ്ട്.

(ബി) ജോലി ചെയ്യുന്ന ലൈസൻസ്ഡ് പ്ലംബർമാർക്ക് കൊടുക്കാനുള്ള തുക ഗുണഭോക്താക്കളിൽനിന്നുതന്നെ വാട്ടർ അതോറിറ്റി വാങ്ങിയതിനുശേഷം ഏതുകാരണത്താലാണ് അത് പ്ലംബർമാർക്ക് നൽകാത്തതെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ ഇ-ടാപ്പ് എന്ന സംവിധാനം വഴി പ്ലംബർമാരെ ഏൽപ്പിക്കുന്ന പുതിയ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ അതത് പ്ലംബർമാർ തൃപ്തികരമായി പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇ-ടാപ്പ് സോഫ്റ്റ്വെയറിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്ന ക്രമത്തിൽ തുക പ്ലംബർമാർക്ക് നൽകുന്നുണ്ട്. ഓരോ മാസത്തിലും രണ്ടുതവണകളായാണ് തുക നൽകുന്നത്. 16-01-2024 വരെയുള്ള തുക ഇതിനോടകം നൽകിയിട്ടുണ്ട്. തുക നൽകുന്നതിനുള്ള കാലതാമസം നിലവിലില്ല.

(സി) ഇത്തരത്തിൽ എത്ര രൂപയാണ് ലൈസൻസ്ഡ് പ്ലംബർമാർക്ക് നാളിതുവരെ കൊടുക്കാനുള്ളതെന്ന് വിശദമാക്കാമോ?

16-01-2024 വരെയുള്ള തുക നൽകിയിട്ടുണ്ട്. 17-01-2024 മുതൽ 03-02-2024 വരെ പുതിയ കണക്ഷൻ നൽകിയ വകയിൽ 1.53 കോടി രൂപ നൽകാനുണ്ട്. ഇത് നൽകാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി

264 (3145) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി വാട്ടർ അതോറിറ്റി ഏതെങ്കിലും പദ്ധതി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഭരണാനുമതി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സംസ്ഥാന ബജറ്റിൽ ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിട്ടുള്ള ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് അടിയന്തരമായി ഭരണാനുമതി നൽകുമോ; വിശദമാക്കുമോ?

(എ & ബി) സമർപ്പിച്ചിട്ടുണ്ട്. State Plan-Budget Proposal-Supplying and Laying pipelines in various places of Varkala Legislative Constituency എന്ന 20 കോടിയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

വളപട്ടണം പഞ്ചായത്തിലെ പ്ലാന്റ് നിർമ്മാണം

265 (3146) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി വളപട്ടണം പഞ്ചായത്തിൽ ഉൾപ്പെടുന്ന വഖഫ് ഭൂമിയിൽ ജലവിതരണ പ്ലാന്റ് നിർമ്മിക്കാൻ അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ നിജസ്ഥിതി അറിയിക്കാമോ?

വളപട്ടണം പഞ്ചായത്തിന് വേണ്ടിയുള്ള ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിക്കാവശ്യമായ 3.00 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് വേണ്ടിയാണ് വളപട്ടണം ജമാഅത്ത് പള്ളിയുടെ ഉപയോഗത്തിലുള്ള 18.5 സെന്റ് സ്ഥലത്തിന് പഞ്ചായത്ത് വഖഫ് ബോർഡിന് അപേക്ഷ സമർപ്പിച്ചത്. സ്ഥലം അക്വിസിഷൻ സംബന്ധിച്ച നടപടികളിൽ വരുന്ന കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിക്കുമെന്നത് കണക്കിലെടുത്ത് വളപട്ടണം ജമാഅത്ത് പള്ളിയിൽനിന്നും പഞ്ചായത്തിന് ജലസംഭരണിയുടെ നിർമ്മാണത്തിന് അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ

നിർദ്ദേശാനുസരണം ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തി തുടങ്ങുകയും ചെയ്തു. സ്ഥലം വഖഫ് ബോർഡിൽനിന്നും പഞ്ചായത്ത് ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉടമസ്ഥാവകാശം വഖഫിൽ നിലനിർത്തി പ്ലാന്റ് നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഉടമസ്ഥാവകാശം വഖഫിൽ നിലനിർത്തി 3.00 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന് തടസ്സമില്ല. എന്നാൽ ഉടമസ്ഥാവകാശം വഖഫ് ബോർഡിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണാനുമതി നൽകാൻ വഖഫ് ബോർഡിന് സാധ്യമല്ലെന്ന് മലപ്പുറം ജില്ലയിലെ മറ്റൊരു കേസിൽ ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്.

കുടുംബ പെൻഷൻ

266 (3147) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, മുൻപ് കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ആയിരുന്ന കാലത്ത് ഓപ്പറേറ്ററായി സേവനം അനുഷ്ഠിച്ചിരുന്ന പരമു. പി. ജി.-യുടെ അവിവാഹിതയായ മകൾ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ പഞ്ചായത്ത് വെങ്ങോലപറമ്പിൽ റോഡ് പാലമിറ്റത്ത് വീട്ടിൽ കുമാരി ഗിരിജ പി.പി.-ക്ക് 2013-ൽ വാട്ടർ അതോറിറ്റി അനുവദിച്ചതും 06-10-2022-ലെ 55/2022/WRD നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയതുമായ കുടുംബപെൻഷൻ നാളിതുവരെയായിട്ടും ടിയാൾക്ക് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബ പെൻഷൻ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) 06-10-2022-ലെ സ.ഉ (കൈ)നം.55/2022/ജ.വി.വ നമ്പർ ഉത്തരവുപ്രകാരം സർക്കാരിൽനിന്നും പെൻഷൻ അനുവദിച്ച് ഉത്തരവാകുകയും ആയതിന്റെ പകർപ്പ് അക്കൗണ്ടന്റ് ജനറൽ (എ.ഇ), തിരുവനന്തപുരത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഓഫീസിൽ

നിന്നാണ് കുടുംബ പെൻഷൻ ലഭ്യമാക്കുന്നതിൽ തുടർനടപടി സ്വീകരിക്കേണ്ടത്.

ജൽജീവൻ മിഷന്റെ ഭാഗമായ വെട്ടിപ്പൊളിച്ച റോഡുകളുടെ റീസ്റ്റോറേഷൻ

267 (3148) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വെട്ടിപ്പൊളിച്ച പൊതുമരാമത്ത് റോഡുകളുടെ റീസ്റ്റോറേഷന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് റീസ്റ്റോറേഷൻ നടത്താനുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഇതിനായുള്ള ഫണ്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ?

പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ അയർക്കുന്നം, പാമ്പാടി, പുതുപ്പള്ളി, വാകത്താനം, അകലകുന്നം, കൂരോപ്പട, മണർകാട് എന്നീ 7 പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

അയർക്കുന്നം ഗ്രാമ പഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ച 12 km പി.ഡബ്ല്യൂ.ഡി. റോഡുകളുടെ പുനരുദ്ധാരണ തുക 436.89 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി.-ക്ക് അടച്ചിട്ടുണ്ട്. ഈ റോഡുകളുടെ പുനഃനിർമ്മാണം പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്. ടി റോഡുകളുടെ പുനരുദ്ധാരണം പി.ഡബ്ല്യൂ.ഡി. നിർവഹിക്കേണ്ടതാണ്.

പാമ്പാടി ഗ്രാമപഞ്ചായത്തിലെ പൈപ്പ്ലൈൻ സ്ഥാപിച്ച 38 km പി.ഡബ്ല്യൂ.ഡി. റോഡുകളിൽ 19.9 km റോഡുകളുടെ പുനരുദ്ധാരണം തുക 572.06 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി.-ക്ക് അടച്ചിട്ടുണ്ട്. ഈ റോഡുകളുടെ പുന:നിർമ്മണം പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്. ശേഷിക്കുന്ന 18.1 km റോഡുകളുടെ പുനഃനിർമ്മാണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുന്നതാണ്. പ്രവൃത്തി പുരോഗമിക്കുന്നു.

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച 16.89 km റോഡുകളിൽ 15.19 km റോഡുകളുടെ പുനരുദ്ധാരണം തുക 175.03 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി.-യിൽ അടച്ചിട്ടുണ്ട്. ഈ റോഡുകളുടെ പുനഃനിർമ്മാണം

പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്. ശേഷിച്ച 1.7 km റോഡുകളുടെ പുനഃനിർമ്മാണം കേരള വാട്ടർ അതോറിറ്റി നിർവ്വഹിക്കുന്നതാണ്.

വാകത്താനം പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി സൈറ്റ് ഹാൻഡ് ഓവർ ചെയ്യാ നൽകാത്തതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ പൈപ്പുലൈൻ സ്ഥാപിച്ച 22 km റോഡുകളുടെ പുനരുദ്ധാരണത്തുക 779.68 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി.-യിൽ അടച്ചിട്ടുണ്ട്. ഈ റോഡുകളുടെ പുനഃനിർമ്മണം പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്. ശേഷിക്കുന്ന 39.5 km റോഡുകളുടെ പുനഃനിർമ്മാണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുന്നതാണ്. പ്രവൃത്തി പുരോഗമിക്കുന്നു.

മണർകാട് ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച 12 km റോഡുകളുടെ പുനരുദ്ധാരണത്തുക 508.91 ലക്ഷം രൂപ പി. ഡബ്ല്യൂ.ഡി.- യിൽ അടച്ചിട്ടുണ്ട്. 4.5 km പി.ഡബ്ല്യൂ.ഡി. റോഡുകളുടെ പുനരുദ്ധാരണത്തുക 185 ലക്ഷം രൂപ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ

റോഡുകളുടെ പുനഃനിർമ്മണം പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്. കുരോപ്പട ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടെ പുനഃനിർമ്മാണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുന്നതാണ്. ആകെയുള്ള 35 km-ൽ 6.7 km റോഡുകളിൽ പൈപ്പുലൈൻ സ്ഥാപിച്ച് ഈ റോഡുകളുടെ പുനഃനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതിനുശേഷം പുനഃനിർമ്മാണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുന്നതാണ്. പ്രവൃത്തി പുരോഗമിക്കുന്നു. ജൽജീവൻ പ്രവൃത്തിയുടെ ഫണ്ട് ലഭ്യതയനുസരിച്ച് പുനരുദ്ധാരണ പ്രവൃത്തിയുടെ ഫണ്ട് ലഭ്യമാക്കാറുണ്ട്.

കേരള വാട്ടർ അതോറിറ്റി പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് റീസ്റ്റോറേഷൻ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റീസ്റ്റോറേഷൻ നടത്താൻ ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണം നടപ്പിലാക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുടെ നിർദ്ദേശങ്ങൾക്കനുസൃതമായി രണ്ട് രീതികൾ സ്വീകരിച്ചിട്ടുണ്ട്. റോഡുകളുടെ പുനരുദ്ധാരണത്തുക പി.ഡബ്ല്യൂ.ഡി.-യിൽ അടച്ചിട്ടുള്ള റോഡുകളുടെ പുനർനിർമ്മാണം പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കേണ്ടതാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനൊപ്പം അതേ പ്രവൃത്തിയിൽത്തന്നെ റോഡ് പുനരുദ്ധാരണം ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ പുതുപ്പള്ളി, വാകത്താനം, അകലക്കുന്നം, കൂരോപ്പട എന്നീ പഞ്ചായത്തുകളിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിച്ച പ്രവൃത്തികളിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി പിന്നീട് പ്രത്യേകം പ്രവൃത്തിയായി നടപ്പിലാക്കിയിട്ടുമുണ്ട്. ഇത്തരത്തിൽ പാമ്പാടി, പുതുപ്പള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

റോഡുകളുടെ പുനർനിർമ്മണം പി.ഡബ്ല്യൂ.ഡി. നിർവ്വവഹിക്കേണ്ട പ്രവൃത്തികളിൽ പുനരുദ്ധാരണത്തുക പി.ഡബ്ല്യൂ.ഡി.-യിൽ അടച്ചതിനുശേഷമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിച്ചതിനുശേഷം ടി റോഡുകളുടെ പുനർനിർമ്മണം പി.ഡബ്ല്യൂ.ഡി. നിർവ്വഹിക്കുന്നു.

റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുന്ന പ്രവൃത്തികളിൽ ബിൽ തയ്യാറാക്കി ഹെഡ്ഡോഫീസിൽ സമർപ്പിക്കുകയും തുടർന്ന് കോൺട്രാക്ടർക്ക് തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്. ജൽജീവൻ മിഷൻ പ്രവൃത്തിയുടെ ഫണ്ട് ലഭ്യതയനുസരിച്ച് പുനരുദ്ധാരണ പ്രവൃത്തിയുടെ ഫണ്ട് ലഭ്യമാക്കാറുണ്ട്.

(സി) പുതുപ്പള്ളി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളിൽ പൈപ്പുലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ഇനി പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

പുതുപ്പള്ളി മണ്ഡലത്തിലെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയ റോഡുകളുടെയും ഇനി പൂർത്തിയാക്കാനുള്ള റോഡുകളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു+. പി.ഡബ്ല്യൂ.ഡി.-യിൽനിന്നും പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോഡ് കുഴിക്കുന്നതിനുള്ള അനുമതി മൺസൂൺ ബാൻ, ബൈ ഇലക്ഷൻ, ശബരിമല സീസൺ ബാൻ മുതലായ കാരണങ്ങളാൽ വൈകിയതാണ് പ്രസ്തുത പ്രവൃത്തി പൂർത്തികരിക്കാൻ നേരിട്ട കാലതാമസം. നിലവിൽ പി.ഡബ്ല്യൂ.ഡി. അനുമതി നൽകിയ റോഡുകളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പൈപ്പുലൈൻ സ്ഥാപിച്ചതിനുശേഷം മേൽ വിവരിച്ചപ്രകാരം റോഡുകളുടെ പുനർനിർമ്മാണം നിർവ്വഹിക്കുന്നതാണ്.

(ഡി) പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയ ഏതൊക്കെ റോഡുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാനുണ്ട്; കേരള വാട്ടർ അതോറിറ്റിയുടെ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി കൈമാറിയ റോഡുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയ റോഡുകളിൽ പി.ഡബ്ല്യൂ.ഡി. പുനരുദ്ധാരണം ചെയ്യുന്നതിനായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകി കൈമാറിയ റോഡുകളുടെയും കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാനുള്ള റോഡുകളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു+. കേരള വാട്ടർ അതോറിറ്റി പുനരുദ്ധാരണം ചെയ്യുന്ന റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമാണ് റോഡുകൾ കൈമാറുന്നത്.

പാലാ നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി

268 (3149) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകൾകൂടി ഉൾപ്പെടുന്ന മലങ്കര ഡാം സ്രോതസ്സായിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുഘടകങ്ങൾ ഉൾപ്പെടെ 15 പാക്കേജുകളാണുള്ളത്. മലങ്കര പദ്ധതിയുടെ പൊതുഘടകങ്ങളായ ഫ്ലോട്ടിംഗ് പമ്പ് ഹൗസ്, ജലശുദ്ധീകരണശാല തുടങ്ങിയവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അതുകൂടാതെ കത്തർ പഞ്ചായത്തിൽ 6 പാക്കേജുകളായും എലിക്കുളം പഞ്ചായത്തിലെ 4 പാക്കേജുകളായും പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നു. ടി പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു+. മുത്തോലി, കൊഴുവനാൽ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി ജലനിധി മുഖേന നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ പദ്ധതിപ്രകാരം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തീരുമാനമെടുത്തിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

269 (3150) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം തുക പാസ്സാകുകയും ഇതിന്റെ ഭാഗമായി രണ്ടുഗഡു തുക കൈപ്പറ്റുകയും ചെയ്തശേഷം സാമ്പത്തികപ്രയാസത്താൽ വീടുപണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് അവരുടെ വസ്തുവിന്റെ ആധാരം തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2016-17, 2017-18 കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് അതിൽ താമസമാക്കി ഒരു വർഷം പൂർത്തിയാക്കിയവർക്ക് അസ്സൽ പ്രമാണം തിരികെ നൽകുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കാനും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ അപേക്ഷകൾ ഓരോന്നും പ്രത്യേകം പരിശോധിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശത്തിൽ തുക കൈപ്പറ്റുകയും എന്നാൽ ഭവനനിർമ്മാണം

പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക നിയമാനുസൃത പലിശയും ചേർത്ത് തിരിച്ചടച്ചാൽ മാത്രമേ ആധാരം തിരികെ നൽകുകയുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിപ്രകാരം തുക കൈപ്പറ്റിയശേഷം സാമ്പത്തിക പ്രയാസത്താൽ വീടുപണി പൂർത്തികരിക്കാൻ സാധിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക്, അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ആധാരം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യഭവൻ നിർമ്മിക്കുന്നതിന് നടപടി

270 (3151) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കായംകുളം നഗരസഭ പരിധിയിലുള്ള മത്സ്യഭവന്റെ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യഭവൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

271 (3152) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അനുവദിച്ച തുകയും ലഭ്യമാക്കുമോ?

2016 മുതൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) 2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന 10 ജനകീയ മത്സ്യകൃഷി പദ്ധതികളും 8 പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികളും നടപ്പിലാക്കിവരുന്നു. ടി മണ്ഡലത്തിൽ മത്സ്യകൃഷിക്കായി 6447 ഹെക്ടർ ഏരിയ മത്സ്യകൃഷിക്കായി ഉപയോഗിച്ചുവരുന്നു. ടി പദ്ധതികളെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

(I) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്നതിന് ആലപ്പുഴ ജില്ലയിലെ ന്യൂനാട് പടനിലം മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(II) സാഫ് മുഖേനയുള്ള പദ്ധതികൾ

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മാവേലിക്കര മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതി നടപ്പാക്കി. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരുലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതിച്ചെലവിന്റെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക്

ലോണും 5 ശതമാനം ഗ്രണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു. 5 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 2 യൂണിറ്റുകൾ ആരംഭിച്ചു.

(III) മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ

മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന്റെ 2 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 9-02-2019-ന് മാവേലിക്കരയിലും 19-05-2023-ന് നൂറനാടും മത്സ്യഫെഡ്ഡിന്റെ ഫിഷ് മാർട്ടുകൾ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

മത്സ്യഫെഡ്സിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുമാവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തനമൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതിവഴി നൽകിവരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശരഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പാക്കിവരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി

ഐ.എഫ്.ഡി.പി. പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.

(2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

(എ) മൈക്രോഫിനാൻസ് വായ്പ

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

ഈ പദ്ധതിവഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യവായ്പ 10,000/- രൂപ ഒരു വർഷക്കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20,000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശരഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പത്തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശത്തുക സംസ്ഥാന സർക്കാർ മത്സ്യഫെഡ്ഡിന് അനുവദിച്ചുനൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

IV. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രധാനമായും തീരദേശ റോഡുകളുടെ പുനരുദ്ധാരണമാണ് നടപ്പിലാക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഡി) പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതികളെല്ലാം നിലവിൽ തുടർന്നുകൊണ്ടിരിക്കുന്നതും നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

I. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

നൂറനാട് പടനിലം മത്സ്യമാർക്കറ്റ് നിർമ്മാണം ആരംഭ ഘട്ടത്തിലാണ്.

II. സാഫ് മുഖേനയുള്ള പദ്ധതികൾ

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതിയിലൂടെ ഗ്രാന്റ് അനുവദിച്ച ഒരു യൂണിറ്റ് നന്നായി പ്രവർത്തിച്ചുവരുന്നു. ഒരു യൂണിറ്റിന് ഒന്നാംഗഡു ധനസഹായം അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

III. മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ

നിലവിൽ മാവേലിക്കര മണ്ഡലത്തിലെ മത്സ്യഫെഡ്ഡിന്റെ 2 ഫിഷ് മാർട്ടുകളും തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു.

ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരം നൽകിയ മത്സ്യബന്ധന ഉപകരണ വായ്പയിൽ 8,52,952/- രൂപയും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫി.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി നടപ്പാക്കിയ മൈക്രോ ഫിനാൻസ് വായ്പാ പദ്ധതിയിൽ 3,55,328/- രൂപയുമാണ് തിരിച്ചടയ്ക്കാനുള്ളത്. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി നൽകിയ പലിശരഹിത വായ്പ പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട്.

IV. <u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തൽസ്ഥിതി വിശദാംശങ്ങൾ അനുബന്ധമായി കാണാവുന്നതാണ്[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി

272 (3153) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിലെ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിലെ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണപ്രവൃത്തി നടപ്പിലാക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് ഫിഷ്മാർക്കറ്റ് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

പുനർഗേഹം പദ്ധതി

273 (3154) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2020 മുതൽ 2023 വരെ റോഡ് വികസനമുൾപ്പെടെ, ഫിഷറീസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പുനർഗേഹം പദ്ധതി പ്രകാരം മണ്ഡലത്തിൽ നടന്നുവരുന്ന ഫ്ലാറ്റ്/വീട് നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുനർഗേഹം പദ്ധതി പ്രകാരം ആകെ 18 പേരാണ് ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിൽ 13 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്ഥലത്ത് താമസമാരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 പേരിൽ ഒരാൾ ഭവന നിർമ്മാണത്തിന്റെ ഒന്നാംഘട്ടം (തറ നിർമ്മാണം) പൂർത്തിയാക്കുകയും 4 പേർ തറ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുനർഗേഹം പദ്ധതി പ്രകാരം അനുവദിച്ച വ്യക്തിഗത ഭവനങ്ങളുടെ വിശദവിവരം മത്സ്യഗ്രാമം തിരിച്ച് ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമ നം.	മത്സ്യഗ്രാമത്തിന്റെ പേര്	ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചത്	ഭവന നിർമ്മാണം പൂർത്തീകരിച്ചത്	ഭവന നിർമ്മാണം ഒന്നാം ഘട്ടം	തറ നിർമ്മാണം ആരംഭിച്ചത്
1	പള്ളിക്കണ്ടി	7	4	1	2
2	പുതിയങ്ങാടി	4	4	0	0
3	കാമ്പുറം	6	4	0	2
4	തോപ്പയിൽ	1	1	0	0
	ആകെ	**18**	**13**	**1**	**4**

കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ കൈവശമുള്ള വെസ്റ്റ് ഹിൽ ചുങ്കത്ത് ഫിഷറീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽ പുനർഗേഹം പദ്ധതിയിൽ നിർമ്മിക്കുന്ന 80 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഫ്ലാറ്റുകളുടെ പൈലിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ പൈൽ കേപ്പ് (pile cape) ബലപ്പെടുത്തുന്ന പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ടൂറിസ്റ്റ് ബോട്ടുകൾ പോകുന്നതിനും മത്സ്യബന്ധനത്തിനും തടസ്സം നേരിടുന്നത്

274 (3155) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത കടന്നുപോകുന്ന വൈപ്പിൻ ദ്വീപിലെ മത്തനക്കാട്, നെടുങ്ങാട്, ഞാറക്കൽ എന്നീ പ്രദേശങ്ങൾ മുതൽ ഏഴിക്കര വരെയുള്ള ഭാഗങ്ങളിൽ എക്കലും ചെളിയും അടിഞ്ഞുകിടക്കുന്നതുമൂലം ടൂറിസ്റ്റ് ബോട്ടുകൾക്ക് പോകുന്നതിനും മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനത്തിനും തടസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദേശീയ ജലപാത കടന്നുപോകുന്ന വൈപ്പിൻ ദ്വീപിലെ മത്തനക്കാട്, നെടുങ്ങാട്, ഞാറക്കൽ എന്നീ പ്രദേശങ്ങൾ മുതൽ ഏഴിക്കര വരെയുള്ള ഭാഗങ്ങളിൽ എക്കലും ചെളിയും അടിഞ്ഞുകിടക്കുന്നതുമൂലം ടൂറിസ്റ്റ് ബോട്ടുകൾക്ക് പോകുന്നതിനും മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനത്തിനും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ ഭാഗങ്ങളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് കായലിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഭാഗത്ത് പരിശോധന നടത്തി എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

പാലക്കോട് ഫിഷ് ലാൻഡിംഗ് സെന്ററിലെ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം

275 (3156) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് ഫിഷ് ലാൻഡിംഗ് സെന്ററിലെ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാലക്കോട് ഫിഷ് ലാൻഡിംഗ് സെന്റർ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലാണുള്ളത്. നിലവിൽ മത്സ്യബന്ധന പ്രവൃത്തികൾക്കായുള്ള പൂർണ്ണതോതിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഈ ഫിഷ് ലാൻഡിംഗ് സെന്ററിലില്ല.

(ബി) ഫിഷ് ലാൻഡിംഗ് സെന്ററിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

ഫിഷ് ലാൻഡിംഗ് സെന്റർ നവീകരിക്കണമെന്ന് നവകേരള സദസ്സിൽ ആവശ്യമുയർന്നതിനെതുടർന്ന് കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിവരുന്നു.

ആലപ്പുഴയിൽ മത്സ്യത്തൊഴിലാളികൾക്കായി റസ്ക്യൂ സംവിധാനം

276 (3157) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള രക്ഷാ ബോട്ടുകളോ, റെസ്ക്യൂ സംവിധാനങ്ങളോ ആലപ്പുഴയിലില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്ഷാപ്രവർത്തനത്തിന് ബോട്ടുകളും മറ്റ് റെസ്ക്യൂ സംവിധാനങ്ങളും നിലവിൽ ജില്ലയിലേയ്ക്കെത്തിക്കുന്നത് എവിടെനിന്നാണെന്ന് അറിയിക്കുമോ;

(സി) രക്ഷാപ്രവർത്തനത്തിന് മറ്റ് സ്ഥലങ്ങളിൽനിന്നും ബോട്ടുകൾ എത്തിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനാൽ ആലപ്പുഴയിൽ എല്ലാ

സൗകര്യങ്ങളോടും കൂടിയ ഒരു റെസ്ക്യൂ സംവിധാനമൊരുക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആലപ്പുഴ ജില്ലയിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി ഒരു ബോട്ട് വാടകയ്ക്കെടുത്ത് തോട്ടപ്പള്ളി ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ട്രോൾ ബാൻ കാലയളവിൽ 2 ബോട്ടുകൾ വാടകയ്ക്കെടുത്ത് ജൂൺ 10 മുതൽ ജൂലൈ 31 വരെ പ്രവർത്തിപ്പിക്കുന്നുണ്ട്. 2023 ട്രോൾ ബാൻ കാലയളവിൽ തോട്ടപ്പള്ളി, അർത്തുങ്കൽ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 2 ഒ.ബി.എം. വള്ളങ്ങൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിച്ചിരുന്നു. അപകടങ്ങളുണ്ടാകുമ്പോൾ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി പട്രോൾ ബോട്ടുകളിൽ റെസ്ക്യൂ ഗാർഡ് (4 ലൈഫ് ഗാർഡ്) മാരെയും സജ്ജീകരിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് 10 റെസ്ക്യൂ ഗാർഡുമാരേയും ജില്ലയിൽ നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ അടിയന്തര സാഹചര്യങ്ങളിൽ നേവി, കോസ്റ്റ് ഗാർഡ് എന്നീ കേന്ദ്ര ഏജൻസികളുടെയും കോസ്റ്റൽ പോലീസിന്റെയും ഷിപ്പുകളും

ബോട്ടുകളും ഹെലികോപ്റ്ററുകളും കടലപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുള്ള രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്. വിഴിഞ്ഞം, വൈപ്പിൻ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പിന്റെ മറൈൻ ആംബുലൻസുകളും ഇതരസാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താറുണ്ട്. തോട്ടപ്പള്ളി ഫിഷറീസ് സ്റ്റേഷൻ മുഖാന്തരമുള്ള രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഒരു ഫൈബർ ബോട്ടും രക്ഷാ പ്രവർത്തനങ്ങൾക്കുള്ള മറ്റ് സംവിധാനങ്ങളും ഉൾപ്പെടുന്ന ഒരു 'റെസ്ക്യൂ യൂണിറ്റ്' സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്കായി ഭവന നിർമ്മാണം

277 (3158) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷാ/ക്ഷേമ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഉപ്പുകാറ്റ് അടക്കമുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടിന് പ്രത്യേക നിർമ്മാണം ആവശ്യമായിരിക്കെ ലൈഫ് മിഷൻ പദ്ധതിവഴി നൽകുന്ന തുക പര്യാപ്തമല്ലെന്നത് വസ്തുതയല്ലേ; വിശദമാക്കാമോ?

വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിത്താമസിപ്പിക്കുന്നതിനുദ്ദേശിച്ച് നടപ്പിലാക്കുന്ന "പുനർഗേഹം" പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഭൂമി വാങ്ങുന്നതിന് ചെലവാകുന്ന തുക 6 ലക്ഷത്തിൽ കുറവാണെങ്കിൽ ആ തുക കൂടി ഭവന നിർമ്മാണത്തിനായി നൽകുന്നുണ്ട്.

(സി) ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ 'പുനർഗേഹം' പദ്ധതി പ്രകാരം നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

യന്ത്രവൽകൃത ബോട്ടുകൾ

278 (3159) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റേയും മണ്ണെണ്ണയുടേയും ചെലവ് കുറയ്ക്കുന്നതിന് സഹായകരമാകുന്ന പുതുതലമുറ യന്ത്രസംവിധാനങ്ങളുള്ള ബോട്ടുകൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, എൽ.പി.ജി തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന പുതുതലമുറ യന്ത്രസംവിധാനങ്ങളുള്ള ബോട്ടുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതിക്ക് 21-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.864/2022/മത്സ്യ പ്രകാരം ഉത്തരവായതിന്റെ

അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്യുകയും എൽ.ഒ.ടി. (L.O.T) അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തു. ആയതിന്റെ വിതരണോദ്ഘാടനം 22-01-2023-ന് നിർവ്വഹിച്ചു. എൽ.പി.ജി. ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്നും ഇന്ധനച്ചെലവിൽ 35 ശതമാനം മുതൽ 55 ശതമാനം വരെ കുറവ് ലഭിക്കുന്നതായും പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള മെർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ ഓഫീസർ ചെയർമാനായി പദ്ധതി

നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ, കിറ്റിന്റെ സ്പെസിഫിക്കേഷൻ, നിർബന്ധിത സർട്ടിഫിക്കറ്റുകൾ എന്നിവ അന്തിമമാക്കുന്നതിന് ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കിമാറ്റുന്നതിന് നടപ്പ് സാമ്പത്തികവർഷം 1,000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ അടങ്കൽ തുകയുടെ 50 ശതമാനം സർക്കാർ വിഹിതമായും (500 ലക്ഷം) 50 ശതമാനം ഗുണഭോക്തൃ വിഹിതമായും (500 ലക്ഷം) ആണ് പദ്ധതി നടപ്പിലാക്കുന്നത്. ആകെ 1000 എഞ്ചിനുകൾക്കാണ് 50 ശതമാനം സബ്സിഡി (പരമാവധി 50,000/- രൂപ) അനുവദിക്കുന്നത്. നിലവിൽ 2 മത്സ്യബന്ധന യാനങ്ങൾ മണ്ണെണ്ണ എഞ്ചിനിൽനിന്ന് പെട്രോൾ എഞ്ചിനുകളിലേയ്ക്ക് പരിവർത്തനപ്പെടുത്തുകയും ആയതിന് 2,59,775/- രൂപ ചെലവായിട്ടുമുണ്ട്. രണ്ട് യൂണിറ്റുകൾക്കായി ആദ്യ ഗഡുവായി 40,000/- രൂപ സർക്കാർ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 5

വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എം.-കളും ഘട്ടംഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനമുപയോഗിക്കുന്ന ഒ.ബി.എം.-കളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് ഇൻഷുറൻസ് എടുക്കാത്ത യന്ത്രവൽകൃത ബോട്ടുകളുടേയും വള്ളങ്ങളുടേയും കണക്കുകൾ ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ലഭ്യമാണ്. സംസ്ഥാനത്ത് ഇൻഷുറൻസ് എടുക്കാത്ത യന്ത്രവൽകൃത ബോട്ടുകളുടേയും വള്ളങ്ങളുടേയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി

279 (3160) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മണലൂർ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വാടനപ്പള്ളിയിലെ വാർഡ് 8-ലെ തൃത്തല്ലൂർ ഹെൽത്ത് സെന്റർ റോഡ്, മേപ്രങ്ങാട്ട്-ഗണേശമംഗലം റോഡ് എന്നിവ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചെങ്കിലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

(എ & ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം തൃത്തല്ലൂർ ഹെൽത്ത് സെന്റർ റോഡ്, മേപ്രങ്ങാട്ട്-ഗണേശമംഗലം റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷ

280(3161) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. വിജിൻ:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മത്സ്യബന്ധനത്തിന് പോകുമ്പോൾ യാനങ്ങളിലെ ജീവനക്കാരുടെ രക്ഷയ്ക്കായി ജീവൻരക്ഷാ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ യാനങ്ങളിൽ കരുതണമെന്ന് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺവഴി നിർമ്മിച്ച 1500 കിലോമീറ്റർ

വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് 64 ഡിസ്ട്രെസ്സ് അലർട്ട് ട്രാൻസ്മിറ്റർ (ഡി.എ.ടി.), 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (എച്ച്.ആർ.പി.), 66 ഇക്കോ സൗണ്ടറുകൾ, 1132 ലൈഫ് ബോയകൾ എന്നിവ സർക്കാർ സബ്സിഡിയോടെ കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2017-18 വർഷം മുതൽ കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 2093 എണ്ണം ഹാൻഡ് ഹെൽഡ് ജി.പി.എസ്.-ഉം 908 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-ഉം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. നടപ്പ് സാമ്പത്തികവർഷം മത്സ്യബന്ധനയാനങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 660 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കളും 836 വി.എച്ച്.എഫ്.-കളും വിതരണം ചെയ്യുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും നാളിതുവരെ 400 ജി.പി.എസ്.-കളും 300

വി.എച്ച്.എഫ്.-കളും ഗ്രണഭോക്താക്കൾക്ക് വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ 'ഇൻകോയിസ്' വഴി യഥാസമയം ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചേർന്നുവെന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ

രക്ഷാപ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യങ്ങളോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മിച്ച് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. മൂന്ന് മറൈൻ ആംബുലൻസുകളിലും പാരമെഡിക്കൽ സ്റ്റാഫുകൾ സീ റെസ്ക്യൂ ഗാർഡുമാർ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. മറൈൻ ആംബുലൻസുകൾക്ക് പുറമേ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് രക്ഷാ ബോട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്. രക്ഷാ പ്രവർത്തനങ്ങൾക്കായി ജില്ലകളിൽ നിലവിൽ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നതിനുപുറമെ, ഫിഷറീസ് സ്റ്റേഷനുകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 2023-24 സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം തോട്ടപ്പള്ളി ഫിഷറീസ് സ്റ്റേഷൻ മുഖാന്തരമുള്ള രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു ഫൈബർ

ബോട്ടും രക്ഷാ പ്രവർത്തനങ്ങൾക്കുള്ള മറ്റ് സംവിധാനങ്ങളും ഉൾപ്പെടുന്ന ഒരു 'റെസ്ക്യൂ യൂണിറ്റ്' സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ചുവരികയാണ്.

കൂടാതെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും പട്രോൾ ബോട്ടുകളിൽ റെസ്ക്യൂ ഗാർഡ്മാരെയും സജ്ജീകരിച്ചിട്ടുണ്ട്. ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് 100 റെസ്ക്യൂ ഗാർഡുമാരെ 9 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ അടിയന്തര സാഹചര്യങ്ങളിൽ നേവി, കോസ്റ്റ് ഗാർഡ് എന്നീ കേന്ദ്ര ഏജൻസികളുടെയും കോസ്റ്റൽ പോലീസിന്റെയും ഷിപ്പുകളും ബോട്ടുകളും ഹെലികോപ്റ്ററുകളും കടലപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുള്ള രക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനകം 781 പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽനിന്നും ഇതിനോടകം 180 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡുകളായി വിവിധ തീരദേശ ജില്ലകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി. യാനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-ൽ ഉൾപ്പെടുത്തി 'Providing FRP Boats Replacement and Nets for Traditional Fishermen, എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ യൂണിറ്റ് വിലയുള്ള

100 എഫ്.ആർ.പി. യാനങ്ങൾ നൽകുന്നതിന് 500 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതി ചെലവിന്റെ 24 ശതമാനം (120 ലക്ഷം രൂപ) കേന്ദ്ര വിഹിതവും 16 ശതമാനം (80 ലക്ഷം രൂപ) സംസ്ഥാന വിഹിതവും 60 ശതമാനം (300 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതവും ആണ്. 2022-23 സാമ്പത്തികവർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-ൽ ഉൾപ്പെടുത്തി 100 എഫ്.ആർ.പി. യാനങ്ങൾ നൽകുന്നതിന് 500 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽക്കൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) തീരദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് പരസ്പര ആശയ വിനിമയം നടത്തുവാൻ കഴിയുന്ന വിധത്തിൽ പരമ്പരാഗത യാനങ്ങൾക്ക് വി.എച്ച്.എഫ്. അനുവദിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

തീരദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് പരസ്പര ആശയ വിനിമയം നടത്തുവാൻ കഴിയുന്നവിധത്തിൽ പരമ്പരാഗത യാനങ്ങൾക്ക് വി.എച്ച്.എഫ്. അനുവദിക്കുന്ന 280.88 ലക്ഷം രൂപയുടെ പദ്ധതി 81 ശതമാനം സബ്സിഡിയോടുകൂടി നടപ്പ് സാമ്പത്തികവർഷത്തെ മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 300 യാനങ്ങളിൽ വി.എച്ച്.എഫ്. സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. വി.എച്ച്.എഫ്. ഉപയോഗിക്കുന്ന ഓരോ യാനത്തിനും എം.എം.എസ്.ഐ. ഐ.ഡി. (MMSI ID), ഓരോ വി.എച്ച്.എഫ്.-നും ഡബ്ല്യൂ.പി.സി. ലൈസൻസ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 536 യാനങ്ങളിൽകൂടി വി.എച്ച്.എഫ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) 2011-2016 കാലഘട്ടത്തിൽ കടൽ സുരക്ഷയ്ക്കായി നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

2015-16 സാമ്പത്തികവർഷം കടൽ സുരക്ഷ മുൻനിർത്തി 300 യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് ഡിവൈസ്, 300 യാനങ്ങളിൽ ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (HRP) സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിരുന്നുവെങ്കിലും 2016-നുശേഷമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) 2016 മുതൽ നാളിതുവരെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; കടൽ സുരക്ഷയ്ക്കായി എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

2016 മുതൽ നാളിതുവരെ മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷയ്ക്കായി അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 2018-19 സാമ്പത്തികവർഷം മുതൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി. പ്രീമിയം തുകയുടെ 90

ശതമാനം സർക്കാർ വിഹിതവും 10 ശതമാനം ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

2. 2017-18 വർഷം മുതൽ കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 2093 എണ്ണം ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്.-ഉം 908 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-ഉം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

3. നടപ്പ് സാമ്പത്തികവർഷം മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 660 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കളും 836 വി.എച്ച്.എഫ്.-കളും വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 400 GPS-കളും 300 വി.എച്ച്.എഫ്.-കളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

4. മത്സ്യബന്ധനത്തിന് പോകുമ്പോൾ യാനങ്ങളിലെ ജീവനക്കാരുടെ രക്ഷയ്ക്കായി ജീവൻ രക്ഷാ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ യാനങ്ങളിൽ കരുതണമെന്ന് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ

പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. 40000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

5. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺവഴി നിർമ്മിച്ച 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

6. മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടേയും ഇൻഷുറൻസ് പരിരക്ഷ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷമായി ഉയർത്തി.

കടൽ സുരക്ഷയ്ക്കായി ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ പറയും പ്രകാരം ആണ്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ

കെൽട്രോൺവഴി നിർമ്മിച്ച 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽനിന്നും കടലിലേയ്ക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'ബ്ലൂത്ത് ലോ എനർജി (BLE) സംവിധാനവും ജി.പി.എസ്. ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു ടെലിമാറ്റിക്സ് ഗേറ്റ് വേ അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുമുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തിവരുന്നു.

ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോഴും കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും അല്ലാതെയും മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുമ്പോൾ യഥാസമയം വിവര കൈമാറ്റം സാധ്യമാക്കുന്നതിലേയ്ക്കായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുകീഴിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതിക്ക് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി 6000 (2648 മോട്ടറൈസ്ഡ് നോൺ മെക്കനൈസ്ഡ് + 3352 മോട്ടറൈസ്ഡ് മെക്കനൈസ്ഡ്) യാനങ്ങളിലാണ് ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നത്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റ് രാജ്യങ്ങളുടെ സൈന്യത്തിന്റെ പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പലിടിച്ച് അപകടങ്ങളുണ്ടാകുന്ന സാഹചര്യവും

മറികടക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും നിരീക്ഷണത്തിനും നിയന്ത്രണത്തിനും ഈ പദ്ധതി സഹായകരമായിരിക്കും.

അക്വാട്ടറിസം പദ്ധതി

280 (3162) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. രാജ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷി വ്യാപനത്തിനും അക്വാട്ടറിസത്തിനുമായി അഡാക്ക് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മത്സ്യകൃഷി വ്യാപനത്തിനായി അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ അക്വാട്ടറിസവുമായി ബന്ധപ്പെട്ട് അഡാക്ക് മുഖേന നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അഡാക്കിന്റെ ഫാമുകളിൽ അക്വാടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അഡാക്കിന്റെ എരഞ്ഞോളി ഫാമിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി 24.80 കോടി രൂപയുടെ 'ഇന്റഗ്രേറ്റഡ് അക്വാ പാർക്ക് അറ്റ് എരഞ്ഞോളി ഫാം കണ്ണൂർ' എന്ന പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി അക്വാ ടൂറിസം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഫാമുമായി ചേർന്നുള്ള കണ്ടൽക്കാടുകളെ ടൂറിസത്തിനായി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഫാമുമായി ചേർന്നുള്ള കണ്ടൽക്കാടുകളെ ടൂറിസത്തിനായി പ്രയോജനപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

നബാർഡ് ആർ.ഐ.ഡി.എഫ്. ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ

282 (3163) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ആർ.ഐ.ഡി.എഫ്. ഉപയോഗിച്ച് നബാർഡ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ട്രാഞ്ച XXIX-ൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്; ഈ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ട്രാഞ്ച XXIX-ൽ ഉൾപ്പെടുത്തി കുതിരവട്ടംചിറ സംയോജിത അക്വാകൾച്ചർ പദ്ധതി നടപ്പിലാക്കുന്നതിനായി 1,511 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നതാണ്. ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് രണ്ട് പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്.

1. റിപ്ലെനിഷ്മെന്റ് ഓഫ് ബ്രേക്ക് വാട്ടർ, പൊന്നാനി ഫിഷിംഗ് ഹാർബർ (1,694.14 ലക്ഷം രൂപ)

2. കണ്ണൂരിലെ ചാലിൽ ഗോപാലപേട്ട ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനം (1,115 ലക്ഷം രൂപ)

ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്നുതന്നെ പ്രവൃത്തികളാരംഭിക്കുന്നതാണ്.

(സി) മത്സ്യക്കുഞ്ഞുൽപ്പാദന വർദ്ധനവിനായി ഏതെല്ലാം പദ്ധതികളാണ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

1. പടിഞ്ഞാറേ കല്ലട നെൽ തിലാപ്പിയ ഹാച്ചറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 1,511.00 ലക്ഷം

രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

2. ഭൂതത്താൻകെട്ട് ഹാച്ചറി രണ്ടാംഘട്ട വികസനം - 1,120 ലക്ഷം രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.

3 കല്ലനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനം - 1,981 ലക്ഷം രൂപയുടെ പദ്ധതി ആരംഭിച്ചു.

4. ചെങ്കളം ഡാം സൈറ്റ് - മൾട്ടി സ്പീഷീസ് ഫിഷറീസ് ഫാം നിർമ്മാണം - 684.95 ലക്ഷം രൂപ. സൈറ്റ് ക്ലിയറൻസ്, ബോറിംഗ് പ്രവൃത്തി, ടോപ്പോഗ്രാഫിക്കൽ സർവ്വേ എന്നിവ പൂർത്തിയായി. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. വെർട്ടിക്കൽ പോണ്ട് പ്രവൃത്തിക്ക് സൈറ്റ് ക്ലിയറൻസും പാറകളുടെ കെമിക്കൽ ബ്ലാസ്റ്റിംഗും പുരോഗമിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ സർവ്വേ

283 (3164) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിക്കുന്ന വിവര ശേഖരണത്തിനായി ഫിഷറീസ് വകുപ്പ് ഓരോ പത്ത് വർഷം കൂടുമ്പോഴും സോഷ്യോ ഇക്കണോമിക് സെൻസസ് നടത്തിവരുന്നു. 2013-ലാണ് അവസാനമായി ഈ സർവ്വേ നടത്തിയിട്ടുള്ളത്. 2013 വരെ സാമ്പിൾ സർവ്വേ രീതിയിലാണ് ഫീൽഡിൽനിന്നും വിവരശേഖരണം നടത്തിയിരുന്നത്. എന്നാൽ 2023 വർഷത്തിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നും വിവരശേഖരണം ഉറപ്പാക്കുന്ന സെൻസസ് രീതിയാണ് നടത്തുന്നത്. ഏകദേശം 2.3 ലക്ഷം

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ 100 ശതമാനം ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) അധിഷ്ഠിത ഡാറ്റയാണ് ഈ സെൻസസിലൂടെ ശേഖരിക്കുന്നത്.

(ബി) എങ്കിൽ സർവ്വേ എന്നത്തേയ്ക്ക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്?

2023 ആഗസ്റ്റ് മാസത്തിൽ സോഷ്യോ ഇക്കണോമിക് സെൻസസ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സെൻസസ് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നത്, ഫീൽഡ് സ്റ്റാഫിനുള്ള ജില്ലാതല പരിശീലനം തുടങ്ങിയ പ്രാരംഭഘട്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഫീൽഡുതല ഡാറ്റാ ശേഖരണം നടന്നുവരുന്നു.

(സി) എന്തെല്ലാം സാമ്പത്തിക-സാമൂഹിക ഘടകങ്ങളാണ് പഠനത്തിനായി ശേഖരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സെൻസസിലൂടെ ശേഖരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച തിരിച്ചറിയൽ വിവരങ്ങൾ.

2. കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

3. ഭവനത്തെ സംബന്ധിച്ച വിവരങ്ങൾ.

4. ഗാർഹിക സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ.

5. സാമ്പത്തികം.

6. വായ്പയെ സംബന്ധിച്ച വിവരങ്ങൾ.

7. മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

8. അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത.

കൂട് മത്സ്യകൃഷി

284(3165) ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുകളിലും വളപ്പുകളിലും മത്സ്യം വളർത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങിയ തരിശായി കിടക്കുന്ന എല്ലാ പൊതുജലാശയങ്ങളും മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക വഴി മത്സ്യക്കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം ജലാശയങ്ങളിൽ വലവളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മത്സ്യവിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്ന പദ്ധതിയാണ് എംബാങ്ക്മെന്റ് പദ്ധതി. ടി പദ്ധതിക്കായി ഈ സാമ്പത്തികവർഷം 492 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 50 ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യകൃഷിയും 40 യൂണിറ്റുകളിൽ വലവളപ്പുകളിൽ മത്സ്യകൃഷിയും നടത്തുന്നതിന് ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. കൂടാതെ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 500 യൂണിറ്റ് ശുദ്ധജല മത്സ്യങ്ങളുടെ കൂട് കൃഷി, 1300 യൂണിറ്റ് കരിമീൻ കൂട് കൃഷി, 300 യൂണിറ്റ് ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി

എന്നിവയ്ക്കായി 1,151.93 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം 500 യൂണിറ്റ് ഓരുജല കൂടുകൃഷിക്കായി 1,500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം അഡാക്ക് മുഖേന 2020-21 സാമ്പത്തികവർഷം റീസർവോയർ വികസന പദ്ധതി ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ജലസംഭരണികളിൽ കൂടുകളിലെ മത്സ്യകൃഷിക്കായി 16 കോടി രൂപയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിക്കുകയും വയനാട് ജില്ലയിലെ ബാണാസുര സാഗർ, കാരാപ്പുഴ, പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി എന്നീ ജലസംഭരണികളിൽ കൂട് മത്സ്യകൃഷി പദ്ധതി പൂർത്തികരിച്ചുവരുകയും ചെയ്യുന്നു.

(ബി) കൂട് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കൂട് മത്സ്യകൃഷിക്ക് അനുയോജ്യമായിട്ടുള്ളത്; അവയുടെ കുഞ്ഞുങ്ങളെ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി & സി) നടപടി സ്വീകരിച്ചുവരുന്നു. ശുദ്ധജലാശയങ്ങളിലെ കൂടുകൃഷികളിൽ തിലാപ്പിയ, കരിമീൻ മത്സ്യ ഇനങ്ങളും ഓരുജലാശയത്തിലെ കൂടുകൃഷിയിൽ കാളാഞ്ചി, പൊമ്പാനോ, കരിമീൻ, മോത, തിരുത, ചെമ്പല്ലി തുടങ്ങിയ മത്സ്യങ്ങളുമാണ് അനുയോജ്യമായിട്ടുള്ളത്. തിലാപ്പിയ മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും ഗിഫ്റ്റ് ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ ഗിഫ്റ്റ് ഹാച്ചറിയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കോഴിക്കോട് ജില്ലയിലെ കല്ലാനോടും കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലടയിലും ഗിഫ്റ്റ് ഹാച്ചറിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഹാച്ചറികളിലും പിന്നാമ്പുറങ്ങളിലെ വിത്തുൽപ്പാദന യൂണിറ്റുകളിലുമായി കരിമീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചുവരുന്നുണ്ട്.

2023-24 വർഷത്തിൽ 28.51 ലക്ഷം കരിമീൻ കുഞ്ഞുങ്ങളെ സർക്കാർ ഹാച്ചറികളിലും 24.84 ലക്ഷം കരിമീൻ കുഞ്ഞുങ്ങളെ പിന്നാമ്പുറങ്ങളിലെ വിത്തുൽപ്പാദന യൂണിറ്റുകളിലുമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള അഴീക്കോട് ഹാച്ചറിയിലും അഡാക്കിന്റെ കീഴിലുള്ള പൊയ്യ ഹാച്ചറിയിലും പൊമ്പാനോ മത്സ്യ വിത്തുകൾ ഉൽപ്പാദിപ്പിച്ചുവരുന്നു.

മീൻപിടിത്തം, സംസ്കരണം, വിപണനം എന്നിവ ആദായകരമാക്കാൻ നടപടി

285 (3166) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മുഴുവൻ മത്സ്യവും തദ്ദേശീയമായി ലഭിക്കുന്നില്ല. 2022-23 വർഷത്തിൽ സംസ്ഥാനത്തെ ആകെ മത്സ്യോൽപ്പാദനം 920523 മെട്രിക് ടണ്ണാണ്.

ഇതിൽ 218629 മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്യുന്നു. ആയത് കിഴിച്ച് ആകെ ആഭ്യന്തര മത്സ്യ ലഭ്യത 701894 മെട്രിക് ടൺ ആണ്. 2022-23 വർഷത്തിൽ സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യ ഉപഭോഗം 27.08 കിലോഗ്രാമാണ്. ഇതുപ്രകാരം സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായിവരുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന മത്സ്യ ലഭ്യത 1923 ടൺ ആണ്. അതനുസരിച്ച് 2022-23-ൽ കേരളത്തിൽ 208270 മെട്രിക് ടൺ മത്സ്യത്തിന്റെ കുറവുണ്ടായി. അത് ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിൽനിന്നുമാണ് കേരളത്തിലേയ്ക്കെത്തുന്നത്.

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളിയാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി

സുരക്ഷിതമായ യന്ത്രവൽക്കൃത ആഴക്കടൽ മത്സ്യബന്ധനരീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) മീൻപിടിത്തം, സംസ്കരണം, വിപണനം എന്നിവ ആദായകരമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

തീരദേശലേലം വഴി മത്സ്യ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം, മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ് മാർട്ടുകൾവഴി വിപണനം ചെയ്തുവരുന്നു. കൊച്ചിയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും അവ ശീതീകരിച്ച് കയറ്റുമതി ചെയ്യുകയും ചെയ്തുവരുന്നു. വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ)

കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ 'റെഡി റ്റു ഈറ്റ് ആൻഡ് റെഡി റ്റു കുക്ക് ' വിഭവങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ് ആൻഡ് മത്സ്യഫെഡ് ട്രീറ്റ്സ് ' എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു. കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ കോമൺ പ്രീ-പ്രോസസിംഗ് സെന്ററും മത്സ്യം സംഭരിക്കുന്നതിനുള്ള സംഭരണ കേന്ദ്രമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടുകൂടി 57 ഫിഷ് മാർട്ടുകളും സഹകരണ സംഘം/ബാങ്കുമായി സഹകരിച്ച് 57 ഫ്രാഞ്ചൈസി മാർട്ടുകളും 15 അന്തിപ്പച്ച മൊബൈൽ മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഓൺലൈൻ മത്സ്യവിപണനം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന

286(3167) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയതെന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധനകാര്യ (പരിശോധന എൻ.ടി.-എ) വകുപ്പ് 06-02-2024-ൽ ഫിഷറീസ് ഡയറക്ടറേറ്റിൽ ബാങ്ക് അക്കൗണ്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയാണ് ഫിഷറീസ് വകുപ്പിലെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ അവസാന പരിശോധന. പ്രസ്തുത പരിശോധന നിലവിൽ പുരോഗമിക്കുന്നു.

മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച സി. ആൻഡ് എ.ജി. ഓഡിറ്റ് റിപ്പോർട്ട്

287 (3168) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാല് വർഷക്കാലയളവിൽ സി. ആൻഡ് എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പിനുകീഴിലുള്ള കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL)-ൽ 2019-20 സാമ്പത്തിക വർഷത്തിലും മത്സ്യഫെഡിൽ 01-09-2019 മുതൽ 30-11-2020 വരെയുള്ള കാലയളവിലും ഓഡിറ്റ് നടത്തിയിരുന്നു. ഇതിൽ കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL)-ൽ നടത്തിയ സി. ആൻഡ് എ.ജി. ഓഡിറ്റിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ല. മത്സ്യഫെഡിൽ 01-09-2019 മുതൽ 30-11-2020 വരെയുള്ള കാലയളവിൽ നടന്ന സി.ആൻഡ് എ.ജി ഓഡിറ്റിൽ സാരമായ ക്രമക്കേടൊന്നും പരാമർശിച്ചിട്ടില്ല. എന്നാൽ ചില സാന്ദർഭിക പരാമർശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മത്സ്യഫെഡിൽ 01-09-2019 മുതൽ 30-11-2020 വരെയുള്ള കാലയളവിൽ സി. ആൻഡ് എ.ജി. നടത്തിയിട്ടുള്ള ഓഡിറ്റിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

288 (3169) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, ഹോസ്ദുർഗ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുഞ്ചാവി മത്സ്യഗ്രാമങ്ങളിലായി 64 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ഭവന നിർമ്മാണം പുരോഗതിയിലുമാണ്.

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 2021-22 സാമ്പത്തികവർഷം 1255 പേർക്കും 2022-23 സാമ്പത്തികവർഷം 1030 പേർക്കും സഹായം ലഭിച്ചിട്ടുണ്ട്. 2023-24 സാമ്പത്തികവർഷം തുക സമാഹരണം നടന്നുകൊണ്ടിരിക്കുന്നു.

"പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫൈസ് ബോക്സ് വിതരണം" പദ്ധതിയിൽ 2022-23 സാമ്പത്തികവർഷം 24 മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം അനുവദിച്ചുനൽകി. 2023-24 സാമ്പത്തികവർഷം 11 മത്സ്യത്തൊഴിലാളികളും ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2023-24-ൽ പദ്ധതി നടപ്പിലാക്കി വരുമ്പോൾ ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണമായ ജി.പി.എസ്. നൽകുന്ന പദ്ധതിയിൽ 2022 വർഷം 6 പേർക്ക്

ആനുകൂല്യം അനുവദിച്ച് നൽകി. 2023 വർഷം 2 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2023-24-ൽ പദ്ധതി നടപ്പിലാക്കിവരുമ്പോൾ ആനുകൂല്യം അനുവദിച്ചുനൽകുന്നതാണ്.

പരമ്പരാഗത യാനങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിൽ 2022-23 സാമ്പത്തികവർഷം 44 പേർക്ക് ആനുകൂല്യം അനുവദിച്ചുനൽകി. 2023-24-ൽ 36 പേരും ഗുണഭോക്തൃ വിഹിതമടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2023-24-ൽ പദ്ധതി നടപ്പിലാക്കിവരുമ്പോൾ ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതികൾ പ്രകാരം മൂന്നോറോളം മത്സ്യകർഷകർ വിവിധയിനം മത്സ്യകൃഷിയിൽ അംഗമായിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതിത്തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ഗ്രാന്റ് അനുവദിക്കുന്നു. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

2. <u>ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവിലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർ വുമൺ ഇൻ കേരള</u>

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട്

കൊണ്ടുപോകുന്നതിനാവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടേയും കൊള്ളപ്പലിശക്കാരുടേയും ചൂഷണത്തിൽനിന്നും മുക്തരാക്കുകയെന്ന ഉദ്ദേശത്തോടെ സാഫ് മുഖേന 'ജെ.എൽ.ജി. - പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവിലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർ വുമൺ ഇൻ കേരള' പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെയുൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/- രൂപ വീതം ഒരു ഗ്രൂപ്പിന് 50,000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. തിരിച്ചടവ് പൂർത്തിയാക്കുന്നമുറയ്ക്ക് ടി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് വീണ്ടും ലഭിക്കുന്നു.

3. <u>തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്</u>

ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന ഒരു സീ ഫുഡ് റസ്റ്റോറന്റ്

രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75 ശതമാനം) വരെ ഗ്രാന്റായി അനുവദിച്ചു.

2023-24 സാമ്പത്തികവർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജെ.എൽ.ജി. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ/നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

മൽസ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി.-യിലേയ്ക്ക് മാറ്റാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

289 (3170) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയ്ക്ക് വില വർദ്ധിക്കുകയും അതിന്മേലുള്ള സബ്സിഡി തുക ഉയർത്താതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുവിതരണ സമ്പ്രദായത്തിലൂടെ സിവിൽ സപ്ലൈസ് വകുപ്പുവഴി ലഭ്യമാക്കുന്ന സബ്സിഡിരഹിത (നോൺ പി.ഡി.എസ്.) മണ്ണെണ്ണ 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്റർ, 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 136 ലിറ്റർ, 15 എച്ച്.പി.-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 180 ലിറ്റർ എന്നിങ്ങനെയാണ്. 2022-23 സാമ്പത്തികവർഷം 7160 കിലോ ലിറ്റർ

സബ്സിഡിരഹിത (നോൺ പി.ഡി.എസ്.) മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നടപ്പുവർഷത്തേയ്ക്കാവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 3300 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചത്. ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡ്ഡിന്റെ മണ്ണെണ്ണബങ്കുകൾ വഴി പെർമിറ്റടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ, 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ, 15 എച്ച്.പി.-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ എന്നിങ്ങനെയാണ് വെള്ള മണ്ണെണ്ണയുടെ വിതരണം. ഇതുകൂടാതെ വിപണി നിരക്കിൽ 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും 15 എച്ച്.പി.-ക്ക്

മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം നൽകിവരുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡിരഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല. ഈ സാഹചര്യം മറികടക്കുന്നതിന് മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി.-യിലേയ്ക്ക് മാറ്റുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ

പുരോഗതി വ്യക്തമാക്കുമോ; നാളിതുവരെ എത്ര എഞ്ചിനുകൾ ഇപ്രകാരം മാറ്റിയെന്നും ഈ വകയിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ?

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയും ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലിക്വിഡ് ഓഫ് ടേക്ക് കിറ്റുകൾ വിതരണം ചെയ്യുകയും എൽ.ഒ.ടി. (LOT) അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ ഘടിപ്പിച്ച് പഠനം നടത്തുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി. എഞ്ചിനുകൾ ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെടുകയും ഇന്ധനച്ചെലവിൽ 35 ശതമാനം മുതൽ 55 ശതമാനം വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട്

വ്യക്തമാക്കുകയും ചെയ്യ. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. തുടർന്ന് മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

290 (3171) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നയത്തിന്റെ ഭാഗമായി ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി

എൻ.സി.ഡി.സി. മുഖാന്തരം ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2025 മാർച്ച് വരെ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റായി പരമാവധി അഞ്ച് ലക്ഷം രൂപയും ഇക്വിറ്റി ഷെയറായി പരമാവധി 10 ലക്ഷം രൂപയും ഗ്രാന്റായി സഹകരണ സംഘങ്ങൾക്ക് നൽകുന്ന ഈ പദ്ധതി നിലവിൽ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചതായി കാണുന്നില്ല.

ഫിഷറീസ് വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധന

291 (3172) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഫിഷറീസ് വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

1. കാസർഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് കടൽ പട്രോളിംഗ് നടത്തുന്നതിൽ ക്രമക്കേടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് 13-05-2019-ൽ നടത്തിയ അന്വേഷണത്തിൽ, 2017, 2018, 2019 വർഷങ്ങളിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ വാടകയ്ക്കെടുത്തിരുന്ന ബോട്ടുകളിൽ ടെൻഡർ നിബന്ധനപ്രകാരമുള്ള ഹവർ മീറ്റർ ഘടിപ്പിക്കാതിരുന്ന വിവരം പട്രോളിംഗ് ചുമതലയുള്ള ഉദ്യോഗസ്ഥർ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാതിരിക്കുക, ലോഗ് ബുക്ക്, ഹാജർ പുസ്തകം എന്നിവയിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ സഹിതം സൂക്ഷിക്കാതിരിക്കുക, പട്രോളിംഗ് ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥർ പൊതു അവധി ദിവസങ്ങളിലും അവധി എടുത്തിട്ടുള്ള ദിവസങ്ങളിലും ടെയിനിംഗിൽ ആയിരുന്നപ്പോഴും പട്രോളിംഗ് നടത്തിയതായി ലോഗ്

ബുക്കിൽ രേഖപ്പെടുത്തി 2,07,532/- രൂപ അധികമായി ബോട്ടുടമകൾക്ക് നൽകി സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയതായും കണ്ടെത്തി.

2. അഞ്ചുതെങ്ങ് മത്സ്യഭവൻ ഓഫീസിൽ 29-07-2021-ന് വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ, ഓഫീസിൽ സൂക്ഷിക്കേണ്ടതായ മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ ഓഫീസിൽ സൂക്ഷിച്ചിട്ടില്ലെന്നും ജീവനക്കാരുടെ ഹാജർ പുസ്തകങ്ങളിൽ ഹാജർ നില/അവധി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്നും കണ്ടെത്തി.

3. കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ 28-12-2021-ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ റെസ്ക്യൂ ഗാർഡ് വിഭാഗത്തിലെ താൽക്കാലിക ജീവനക്കാരായ മനു, ശിവകുമാർ, ബോട്ട് ഡ്രൈവർ നാരായണൻ എന്നിവർ ശ്രീ. ജെൻസൺ എന്നയാളുടെ വള്ളം കടലിൽനിന്നും കണ്ടെടുത്ത് ഉടമസ്ഥനെ ഏൽപിച്ച വകയിൽ 750/- രൂപ വീതം കൈപ്പറ്റി.

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

1. കാസർഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് കടൽ പട്രോളിംഗ് നടത്തുന്നതിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് 13-05-2019-ൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ സതീശൻ പി. വി., അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. അനീഷ് കുമാർ എ. എന്നിവർക്ക് 15-05-2023-ലെ എ 2/69/2022-F&P നമ്പർ കുറ്റപത്രം നൽകി കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

2. അഞ്ചുതെങ്ങ് മത്സ്യഭവൻ ഓഫീസിലെ ജീവനക്കാർ കൃത്യമായി ഹാജർ രേഖപ്പെടുത്താത്തത് സംബന്ധിച്ച വിശദീകരണം വാങ്ങുകയും ഓഫീസിൽ കൃത്യമായി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു.

3. കാസർഗോഡ് ഫിഷറീസ് വകുപ്പിലെ റെസ്ക്യൂ ഗാർഡ് വിഭാഗത്തിലെ താൽക്കാലിക ജീവനക്കാരായ മനു പി., ശിവകുമാർ കെ., ഫിഷറീസ് ബോട്ട് ഡ്രൈവർ നാരായണൻ പി. വി. എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ അച്ചടക്ക ലംഘനം ആവർത്തിക്കുന്നപക്ഷം സേവനത്തിൽ നിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുമെന്ന് താക്കീത് നൽകി.

മുഖദാർ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണം

292 (3173) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖദാർ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മുഖദാറിൽ ഒരു ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 03-10-2023-ലെ സ.ഉ.(സാധാ)നം.779/2023/മത്സ്യ പ്രകാരം 9.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി വിവിധ

ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാംഘട്ടത്തിൽ മുഖദാർ ബീച്ചിലേയ്ക്ക് ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച ഗ്രോയിന്റെ പുനരുദ്ധാരണം, നെറ്റ് മെൻഡിംഗ് ഷെഡ്ഡിന്റെ നിർമ്മാണവുമാണുള്ളത്. നിലവിലുള്ള ഗ്രോയിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 168.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി 08-01-2024-ന് ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കി സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ, ആനുകൂല്യങ്ങൾ വെളിപ്പെടുത്താമോ?

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി വെള്ളയിൽ ഫിഷിംഗ് ഹാർബറിൽ നബാർഡ് പദ്ധതിയിൽ 11.5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും നെറ്റ് മെൻഡിംഗ്

ഷെഡ്, കാന്റീൻ ബിൽഡിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക്, ലോക്കർ റൂമുകൾ, പാർക്കിംഗ് ഏരിയ, ലോലെവൽ ജെട്ടി എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ കിയോസ്ക്, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രഡ്ജിംഗ്, യാർഡ് ലൈറ്റിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 20.90 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ മത്സ്യത്തൊഴിലാളികൾക്ക് സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനായി ലോക്കർ മുറികൾ, വല നെയ്യുന്നതിനായി ഒരു നെറ്റ് മെൻഡിംഗ് ഷെഡ്, മത്സ്യത്തൊഴിലാളികൾക്ക് വിശ്രമ മന്ദിരം, ബെർത്തിംഗ് ജെട്ടിയുടെ നിർമ്മാണം, പാർക്കിംഗ് ഏരിയയുടെ നിർമ്മാണം, റോഡ് വികസനം, നിലവിലുള്ള നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ 5.88 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 16.06 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ 5.64 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 5.94 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കിവരുന്ന വിവിധങ്ങളായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സ് നൽകുന്ന പദ്ധതി.

2. സമുദ്ര മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി.

3. "മോഡേണൈസേഷൻ ഓഫ് ഫിഷിംഗ് ഫ്ലീറ്റ്" യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുന്ന പദ്ധതി.

4. "മോഡേണൈസേഷൻ ഓഫ് ഫിഷിംഗ് ഫ്ലീറ്റ്" യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ തടികൊണ്ടുള്ള ഹൾ സ്റ്റീൽ ഹൾ ആക്കിമാറ്റുന്ന പദ്ധതി.

5. സമ്പാദ്യ സമാശ്വാസ പദ്ധതി.

6. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം–പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലോങ് ലൈൻ ഫിഷിംഗ് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

7. Sashmi grade tuna fishing പരിശീലന പരിപാടി

8. സ്രാങ്ക് പരിശീലന പദ്ധതി.

9. എഫ്.ആർ.പി. വള്ളവും വലയും നൽകുന്ന പദ്ധതി

10. “Sustainable marine fishing practice" പദ്ധതി- മത്സ്യത്തൊഴിലാളികൾക്ക് square mesh contend വിതരണം ചെയ്യുന്ന പദ്ധതി.

11. മത്സ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിൻ പെട്രോൾ എഞ്ചിനാക്കി മാറ്റുന്ന പദ്ധതി.

12. മത്സ്യബന്ധന യാനങ്ങൾക്ക് ജി.പി.എസ്. ഉപകരണം വിതരണം ചെയ്യുന്ന പദ്ധതി.

മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികൾക്കായി 16 ക്ഷേമപദ്ധതികളും അനുബന്ധ തൊഴിലാളികൾക്കായി 10 ക്ഷേമപദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സർക്കാർ സഹായത്തോടെ പ്രത്യേക പദ്ധതികളായ തണൽ പദ്ധതിയും സാന്ത്വനതീരം പദ്ധതിയും മത്സ്യബോർഡ് മുഖേന നടപ്പിലാക്കി

വരുന്നുണ്ട്. മത്സ്യഫെഡ് മുഖേന സീ ഫുഡ് കഫെ, ഫിഷ് മാർട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോഴിക്കോട് ജില്ലയിലെ ഫിഷറീസ് സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ സ്ഥിതി അറിയിക്കാമോ?

1. ഗവ. എൽ.പി.എസ്. ബേപ്പൂർ വെസ്റ്റ്-ഓഡിറ്റോറിയം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.
2. ഗവ. എൽ.പി.എസ്. ബേപ്പൂർ സൗത്ത് -കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.
3. ഗവ. എച്ച്.എസ്.എസ്. ബേപ്പൂർ - അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.
4. ജി.ആർ.എഫ്.റ്റി.എച്ച്.എസ്. ബേപ്പൂർ - ഗേൾസ് റെസ്റ്റ് റൂമിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.
5. ഗവ. എൽ.പി.എസ്. ബേപ്പൂർ -പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

6. കൊയിലാണ്ടി ഫിഷറീസ് സ്കൂൾ - നവീകരണ പ്രവർത്തനങ്ങൾക്കായി

2024-25 സാമ്പത്തികവർഷത്തെ ഘടക സ്ഥാപന നവീകരണ പ്രോജക്ടിൽ സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

293 (3174) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് സമാനമായാണ്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങളും സൗകര്യങ്ങളും നൽകുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങളും സൗകര്യങ്ങളും നൽകുന്നതിന് നിരവധി പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയെപ്പറ്റി അറിവുനൽകുന്നതിനും വിവിധ കോഴ്സുകളെയും തൊഴിലവസരങ്ങളെയുംകുറിച്ച് മനസ്സിലാക്കുന്നതിനും 10, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി എല്ലാ തീരദേശ ജില്ലകളിലും കരിയർ ഗൈഡൻസ് സംഘടിപ്പിച്ചുവരുന്നു. അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ട് ദത്തെടുക്കൽ പദ്ധതിയിലൂടെ ഒരു കുട്ടിക്ക് പരമാവധി ഒരു ലക്ഷം രൂപവരെ അനുവദിച്ചുവരുന്നുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ് രംഗത്തേയ്ക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ എത്തിക്കുന്നതിലേയ്ക്കായി 'വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തി സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ്

പരിശീലനം, സിവിൽ സർവ്വീസ് കോച്ചിംഗ് എന്നിവ നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ പഠനത്തിനായി 20 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകളിൽ (പ്രൊഫഷണൽ/നോൺ പ്രൊഫഷണൽ) പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ, ഹോസ്റ്റൽ ഫീ, സ്റ്റൈപന്റ് തുടങ്ങിയവ നൽകിവരുന്നു.

അഴീക്കോട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ

294 (3175) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. നാറാത്ത് ഗ്രാമപഞ്ചായത്തിലെ ആലിങ്കീഴിൽ കോട്ടാഞ്ചേരി ഞെങ്ങിലേരി മൊട്ട മാലോട്ട് കണ്ണാടി പറമ്പ് റോഡ് നവീകരണ പ്രവൃത്തി - പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
2. അഴീക്കോട് ഗ്രാമപഞ്ചായത്തിലെ വൻകുളത്ത് വയൽ പഴയ സിൻഡിക്കേറ്റ് ബാങ്ക് മയിലാടത്തടം റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തി ആരംഭിച്ചു. (ഭരണാനുമതി തുക- 25.00 ലക്ഷം)
3. ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ശങ്കരൻ കട പടിഞ്ഞാറേമൊട്ട റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. (ഭരണാനുമതി തുക- 31.20 ലക്ഷം)
4. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ കല്ലരികടവ് മാങ്കടവ് ബോട്ട് ജെട്ടി റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തി ആരംഭിച്ചു. (ഭരണാനുമതി തുക- 37.00 ലക്ഷം)

5. അഴീക്കോട് ഗ്രാമപഞ്ചായത്തിലെ മീൻ കുന്ന് ബീച്ച് റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തിക്കായുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു. (ഭരണാനുമതി തുക- 19.40 ലക്ഷം)

6. അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ ആധുനികവൽക്കരണ പ്രവൃത്തികൾ - നബാർഡ് ഫണ്ടുപയോഗിച്ച് 25.36 കോടിയുടെ നവീകരണപ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

7. അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ ഒരു ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം പുരോഗമിക്കുന്നു. (ഭരണാനുമതി തുക- 24.00 ലക്ഷം)

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന കണ്ണൂർ ജില്ലയിലെ അഴിക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)</u>

കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതിത്തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിന് രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

പദ്ധതി	യൂണിറ്റുകളുടെ എണ്ണം	ചെലവഴിച്ച തുക
ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം	15	29, 55,139
റിവോൾവിംഗ് ഫണ്ട്	10	3,75,000
ടെക്നോളജി ഫണ്ട്	1	25,000

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനമെന്ന പദ്ധതി പ്രകാരം ആരംഭിച്ച യൂണിറ്റുകൾ നന്നായി പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തിക

വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഫിഷറീസ് വകുപ്പിന് 2022-23 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും

295 (3176) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തികവർഷം ഫിഷറീസ് വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

2022-23 സാമ്പത്തികവർഷം വിവിധ ബജറ്റ് ശീർഷകങ്ങളിൽ ഫിഷറീസ് വകുപ്പിന് അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

പൊഴിയൂരിലെ പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

296 (3177) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂരിൽ പുനർഗേഹം പദ്ധതി പ്രകാരം 3 വർഷം മുൻപ് പ്രഖ്യാപിച്ച 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ?

2021-ൽ തിരുവനന്തപുരം ജില്ലയിലെ കാരോട് 128 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി പുനരധിവസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കാരോട് ഫ്ലാറ്റ് കോമ്പൗണ്ടിനോട് ചേർന്നുള്ള 5.67 ആർ (14 സെന്റ്) സ്വകാര്യ ഭൂമി 2017-ൽ LAR പ്രകാരം സമീപത്ത് അനുവദിച്ച അതേ നിരക്കിൽ തുക സമ്മതിച്ച് ഫിഷറീസ് വകുപ്പിന് നൽകുവാൻ തയ്യാറാണെന്ന് ഭൂവുടമകൾ സമ്മതം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്വകാര്യ ഭൂമി വകുപ്പിന് വിലയ്ക്ക് നൽകുവാൻ സന്നദ്ധത അറിയിച്ച് സമർപ്പിച്ച സമ്മതപത്രവും അനുബന്ധരേഖകളും പരിശോധിക്കുകയും സ്ഥലം ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി 24 ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ

സാധിക്കുമെന്ന് തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂമിയുടെ ആധാരം, അടിയാധാരം, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, പ്ലാൻ, പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, തണ്ടപ്പേര്, കരം ഒടുക്കിയ രസീത്, ബാധ്യതാരഹിത സർട്ടിഫിക്കറ്റ്, അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ ലീഗൽ സ്റ്റട്ടിനി സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ഭൂമി പുനർഗേഹം പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണാവശ്യത്തിലേയ്ക്കായി ഏറ്റെടുക്കാവുന്നതാണെന്ന് കാണുകയും പരാമർശിത സ്വകാര്യ ഭൂമി പുനർഗേഹം പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥാവകാശത്തിൽ ജില്ലാകളക്ടർ മുഖാന്തരം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ പുതിയ മാനദണ്ഡങ്ങൾ നിയമവകുപ്പ് അംഗീകരിക്കുന്ന മുറയ്ക്ക്, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് അറിയിക്കുമോ; ഇതിനായുള്ള ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഫ്ളാറ്റുകളുടെ നിർമ്മാണപ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

(ബി & സി) ഫ്ലാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) പൊഴിയൂരിലെ പുനർഗേഹം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള 185 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എത്ര സ്ഥലമാണ് ഫ്ലാറ്റ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉച്ചക്കട പ്രദേശത്തുള്ള ടിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും

എക്സ്റ്റൻഷൻ ഓഫീസറും പള്ളിയുടെ അധികാരികളുമായി ചർച്ച നടത്തിയിരുന്നു. ശുപതയുടെ അനുവാദം വാങ്ങിയതിനുശേഷം തീരുമാനം അറിയിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെയും വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ കാരോട് വില്ലേജിൽ ബ്ലോക്ക് 47-ൽപ്പെട്ട പവർ ലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള വസ്തു ഫ്ലാറ്റ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് വ്യവസായ വകുപ്പിന് കത്ത് നൽകിയെങ്കിലും സംഘം എടുത്ത ലോണിന്റെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിലും സംഘം ഭൂമി വിട്ടുനൽകുന്നത് സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാലും വസ്തു ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം പ്രായോഗികമല്ലെന്ന വിവരം അറിയിച്ചിട്ടുള്ളതുമാണ്.

കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുൽപാദന കേന്ദ്രം

297 (3178) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയുള്ള കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മസൽ ഹാച്ചറി ആൻഡ് മറൈൻ ഫിൻഫിഷ് ബ്രൂഡ് ബാങ്ക് അറ്റ് പുതിയങ്ങാടി' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിലെ സിവിൽ പ്രവൃത്തികൾ നിലവിൽ 75 ശതമാനം പൂർത്തീകരിച്ചു. ഹാച്ചറി കെട്ടിട നിർമ്മാണം, അതിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ, സംപ് ടാങ്ക്, ചുറ്റുമതിൽ എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പെയിന്റിംഗ്, പ്ലംബിംഗ്, പമ്പുഹൗസ് എന്നീ പ്രവൃത്തികൾ ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്.

ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുവാൻ പദ്ധതി

298 (3179) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എൻ. കെ. അക്ബർ:

ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. കിഫ്ബി, നബാർഡ് RIDF, FIDF, PMMSY, ഓഖി ഡെവലപ്മെന്റ് പാക്കേജ്, RKVY എന്നീ പദ്ധതികളിലുൾപ്പെടുത്തി വിവിധ ജില്ലകളിലായി മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, നവീകരണം, ആധുനികവത്കരണം എന്നിങ്ങനെ വിവിധ പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

(ബി) നിർമ്മാണം പൂർത്തീകരിച്ച ഏതെല്ലാം ഫിഷിംഗ് ഹാർബറുകളിലാണ് ഇനിയും അടിസ്ഥാനസൗകര്യ ന്യൂനതകളുള്ളതായി കണ്ടെത്തിയിട്ടുള്ളത്?

സംസ്ഥാനത്തെ ഒട്ടുമിക്ക ഹാർബറുകളിലും കൈകാര്യം ചെയ്യാവുന്നതിലധികം ബോട്ടുകളും വള്ളങ്ങളും പ്രവർത്തിച്ചുവരുന്നതിനാൽ

നിലവിലെ ഹാർബറുകളിൽ അടിസ്ഥാനസൗകര്യ വികസനം ആവശ്യമാണ്. കൂടാതെ ബോട്ടുകളുടെ വലുപ്പത്തിലുണ്ടാകുന്ന വർദ്ധനമൂലം പല ഘടകങ്ങളും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയുമുണ്ട്. വിഴിഞ്ഞം, മുതലപ്പൊഴി എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടതായിട്ടുണ്ട്. കൊല്ലം ജില്ലയിലെ പൂർത്തീകരിച്ച തങ്കശ്ശേരി, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലെ നിലവിലെ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഹാർബർ വിപുലീകരിക്കുന്നതിന് 200 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ചെല്ലാനം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ എന്നീ ഫിഷിംഗ് ഹാർബറുകളിൽ കൂടുതൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏർപ്പാടാക്കേണ്ടതായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 15.00 കോടി

രൂപയുടെ പദ്ധതി രൂപരേഖ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഫിഷിംഗ് ഹാർബറുകളിലും കൂടുതൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏർപ്പാടാക്കേണ്ടതായിട്ടുണ്ട്.

(സി) കൊല്ലം, പൊന്നാനി, ബേപ്പൂർ ഫിഷിംഗ് ഹാർബറുകൾ അടിസ്ഥാനസൗകര്യ പരിമിതി നേരിടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് പരിഹാരമായി കൊല്ലം ജില്ലയിലെ തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര എന്നീ ഫിഷിംഗ് ഹാർബറുകളിൽ നബാർഡ് XXIII, നബാർഡ് XXVI, ഓഖി പദ്ധതികളിലുൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനും ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കുമായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന

(PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു. നബാർഡ് XXIX പദ്ധതിയിലുൾപ്പെടുത്തി പൊന്നാനി ഫിഷിംഗ് ഹാർബറിലെ പുലിമുട്ടുകളുടെ റിപ്ലെനിഷ്മെന്റ് പ്രവൃത്തികൾക്കായി 29-12-2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനായി 85.00 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഒരു ഫിഷിംഗ് ഹാർബർ എങ്കിലും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണം

299 (3180) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തുറമുഖ നിർമ്മാണത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഡി.പി.ആർ. പ്രകാരം തുറമുഖ നിർമ്മാണത്തിന് വിനിയോഗിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

(എ & ബി) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ മാതൃകാപഠനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി മാതൃകാപഠന റിപ്പോർട്ട് പരിശോധിച്ച് വിശദമായ അവലോകനത്തിനുശേഷം മത്സ്യബന്ധന തുറമുഖത്തിന്റെ ലേഔട്ട് അന്തിമമാക്കുകയും ഈ അലൈൻമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ എൺവയോൺമെന്റൽ ഇംപാക്ട് അസ്സസ്മെന്റ് (EIA) സ്റ്റഡി പുരോഗമിച്ചുവരുന്നു. കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ്

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25-10-2023-ന് മത്സ്യബന്ധന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി തയ്യാറാക്കിയ 343 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതി മാർഗ്ഗരേഖ പ്രകാരം പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിന് 200 കോടി രൂപയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ 60 ശതമാനം (120 കോടി രൂപ) കേന്ദ്രവിഹിതവും 40 ശതമാനം (80 കോടി രൂപ) സംസ്ഥാനവിഹിതവുമാണ്. എഫ്.ഐ.ഡി.എഫ്. അസിസ്റ്റന്റ്സ്, പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) അസിസ്റ്റന്റ്സ് എന്നിവ ക്ലബ്ബ് ചെയ്യുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല. പദ്ധതിയുടെ പ്രാഥമിക

പ്രവർത്തനങ്ങൾക്കായി 2024-25 വർഷത്തെ ബജറ്റ് സ്പീച്ചിൽ 5.00 കോടി രൂപ അനുവദിച്ചിട്ടുണ്ട് (ഖണ്ഡിക 115).

ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നത്

300 (3181) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എന്തൊക്കെ നടപടികൾ പൂർത്തിയാക്കി; ഇനിയെന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 67.00 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. അന്വേഷണ ഗവേഷണ പ്രവൃത്തികളുടെ ഭാഗമായി പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വേ പ്രവൃത്തികളും ബീച്ച് പ്രൊഫൈൽ ക്രോസ്സ് സെക്ഷൻ, ബെഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടോപ്പോഗ്രാഫിക് സർവ്വേ, വിൻഡ് ആൻഡ് വേവ് ഒബ്സർവേഷൻ എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 11-08-2023-ന് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പൂനെയിലെ ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തി മാതൃകാപഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം

301 (3182) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ഏത് ഓഫീസിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുറമുഖത്തിന്റെ ഇരുവശത്തായി 50 മീറ്റർ നീളത്തിലുള്ള ലോലെവൽ ജെട്ടി, ഹാർബറിന്റെ വടക്ക് ഭാഗത്തായി പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 615 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ സാമ്പത്തികവർഷത്തെ ബജറ്റ് പ്രൊവിഷനിൽ പരിമിതപ്പെടുത്തിക്കൊണ്ട് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 11-01-2024-ലെ

ബി2/164/2022/മത്സ്യ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുകയാണ്.

മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് ഹാർബറിന്റെ വടക്ക് വശത്തായി മറ്റൊരു ലോലെവൽ ജെട്ടി, പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രഡ്ജ് ചെയ്യുന്നതിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുൾപ്പെടെ അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിനായി 2,300 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ്, നബാർഡ് XXIX പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ നബാർഡിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല. പദ്ധതിക്ക് അംഗീകാരം ലഭ്യമാകാത്ത സാഹചര്യത്തിൽ ബ്രേക്ക്-വാട്ടർ ഉൾപ്പെടെ പൂർണ്ണരൂപത്തിലുള്ള എസ്റ്റിമേറ്റ് ഡി.പി.ആർ. സഹിതം NABARD XXX-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ HECE/518/2023-DR8 നമ്പർ ഫയലിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

പുതുക്കിയ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനം

302 (3183) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി കിഫ്ബി, നബാർഡ്-ആർ.ഐ.ഡി.എഫ്., പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY), നബാർഡ്-എഫ്.ഐ.ഡി.എഫ്.,

റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, സംസ്ഥാന പദ്ധതികൾ എന്നിവ മുഖേന പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്?

കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി	തുക (കോടിയിൽ)
1	കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം.	70.53
2	മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവത്കരണം.	18.73
3	കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവത്കരണം.	16.06
4	കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവത്കരണം.	20.90
5	ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.53
6	തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.53
7	മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ	6.37

	ഡ്രഡ്ജിംഗ് പ്രവൃത്തി.	
8	കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.94
9	കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.64
10	കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.88
11	ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം.	200
12	തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണം.	50
13	മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.22
14	കോഴിക്കോട് ജില്ലയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.25
15	കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.20
16	കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണ പ്രവൃത്തി.	40.40
17	തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണ പ്രവൃത്തി.	15.00
18	കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം.	85
19	കാസർഗോഡ് ജില്ലയിലെ അജാനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം.	200
20	തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഫിഷിംഗ് ഹാർബർ-ഒന്നാംഘട്ടം.	48.00

(സി) കേന്ദ്രസർക്കാർ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ഫിഷിംഗ് ഹാർബറുകളുടെ വിപുലീകരണത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിലുൾപ്പെടുത്തി 10 പ്രവൃത്തികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി	തുക (കോടിയിൽ)	നിലവിലെ സ്ഥിതി
1	കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം.	70.53	വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.
2	മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവത്കരണം.	18.73	വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.
3	കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവത്കരണം.	16.06	വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

4	കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവത്കരണം.	20.90	വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.
5	ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.53	ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.
6	തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.53	ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.
7	മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	6.37	കരാറിലേർപ്പെടാനുള്ള നടപടികൾ പുരോഗമിക്കുന്നു.
8	കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.94	സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു.
9	കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി.	5.64	പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
10	കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ്	5.88	കരാറിലേർപ്പെട്ടിട്ടുണ്ട്.

	പ്രവൃത്തി.		

മലമ്പുഴ മണ്ഡലത്തിലെ റോഡ് നവീകരണം

303 (3184) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനാണ് ഫിഷറീസ് വകുപ്പിന്റെ ഫണ്ടനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ കോരയാർപുഴ-കൊളയൻകോട്-കുന്നാച്ചി റോഡ് നവീകരണം, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് റോഡ്-മലമ്പുഴ എന്നീ റോഡുകളുടെ നവീകരണത്തിനാണ് ഫണ്ടനുവദിച്ചിട്ടുള്ളത്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

ക്രമ നം.	റോഡിന്റെ പേര്	തുക (ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
1	പുതുശ്ശേരി പഞ്ചായത്തിലെ കോരയാർപുഴ-കൊളയൻകോട്-കുന്നാച്ചി റോഡ് നവീകരണം	50.00	പ്രവൃത്തി പൂർത്തീകരിച്ചു.
2	ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് റോഡ്-മലമുഴ	72.90	പ്രവൃത്തിയുടെ കരാർ ഉടമ്പടിയിലേർപ്പെട്ടു.

തീരദേശ റോഡിന്റെ മാനദണ്ഡം

304 (3185) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു റോഡ് തീരദേശറോഡായി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

15-02-2019-ലെ സ.ഉ.(സാധാ)നം.127/2019/മ.തു.വ പ്രകാരമുള്ള മാനദണ്ഡമനുസരിച്ചാണ് തീരദേശ റോഡുകളുടെ ഗണത്തിലുൾപ്പെടുത്തിവരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കേണ്ട വ്യവസ്ഥകളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1. റോഡുകൾ 90 ശതമാനമെങ്കിലും കടൽതീരത്തെ High water line-ൽ നിന്നും 8 കി.മി. ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

2. ഒരു റോഡിന്റെ 90 ശതമാനമെങ്കിലും കായൽ തീരങ്ങളിൽനിന്നും 5 കി.മീ. ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

3. ഒരു റോഡിന്റെ 90 ശതമാനമെങ്കിലും നദീ തീരങ്ങൾ/കടവുകളിൽ നിന്നും 5 കി.മീ. ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

4. ഫിഷർമെൻ കോളനിയിലേയ്ക്കുള്ള റോഡുകൾ.

5. സർക്കാർവക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, ഫിഷിംഗ് ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവയ്ക്കുള്ള കണക്ടിവിറ്റി റോഡുകൾ, ഹാർബർ ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ കണക്ടിവിറ്റി റോഡുകൾ.

6. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട എല്ലാ റോഡുകളും.

(ബി) കാസർഗോഡ് ജില്ലയിലെ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ എട്ട് വർഷം ഈ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിക്ക് അനുവദിച്ച തുക, റോഡ്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി, വർഷം എന്നിവയുടെ വിശദാംശം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) തീരദേശ റോഡുകളുടെ പുനർനിർമ്മാണരീതി പൊതുമരാമത്ത് റോഡുകളുടേതിൽനിന്ന് വ്യത്യസ്തമാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകുമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള റോഡ് നിർമ്മാണപ്രവൃത്തികൾ പി.ഡബ്ലു.ഡി. മാന്വൽ പ്രകാരമാണ് നടത്തിവരുന്നത്. ഹെവി ട്രാഫിക് റോഡുകൾ Ministry of Road Transport & Highways (MoRTH) സ്പെസിഫിക്കേഷനിലും വില്ലേജ് റോഡുകൾ Ministry of Rural Development (MoRD) സ്പെസിഫിക്കേഷനിലുമാണ് ചെയ്തുവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശ റോഡുകളുടെ നവീകരണം

305 (3186) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പ് സാമ്പത്തികവർഷം എത്ര ഫണ്ടനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പ് സാമ്പത്തികവർഷം (2023-24) രണ്ട് റോഡുകൾക്കായി 192.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ രണ്ട് പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

(ബി) വള്ളിക്കുന്ന് കോന്നംകുഴി വാടി റോഡ്, കടലുണ്ടി നഗരം ഹിറോസ് നഗർ ചാമ്പ്രയിൽ റോഡ് എന്നീ 2 തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ?

വള്ളിക്കുന്ന് കോന്നംകുഴി വാടി റോഡിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ സാധിച്ചില്ല. കടലുണ്ടി നഗരം ഹിറോസ് നഗർ ചാമ്പ്രയിൽ റോഡ് നവീകരിക്കുന്നതിന്റെ ഭാഗമായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) കടലുണ്ടിക്കടവ് ബോട്ട് ജെട്ടി നീളംകൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി ഫണ്ടനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കടലുണ്ടിക്കടവ് ബോട്ട് ജെട്ടി നീളംകൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി

സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ സാധിച്ചില്ല.

മത്സ്യഫെഡിലെ വിവിധ തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്

306 (3187) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ്ഡിൽ പി.എസ്.സി. മുഖേന പ്രോജക്ട് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രോജക്ട് ഓഫീസർമാരുടെ എത്ര സ്ഥിരം തസ്തികകൾ മത്സ്യഫെഡ്ഡിലുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമന നടപടികൾ തുടങ്ങിയിട്ടുണ്ടോയെന്നും അറിയിക്കുമോ?

മത്സ്യഫെഡ്ഡിൽ പ്രോജക്ട് ഓഫീസർമാരുടെ 85 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 63 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്

ചെയ്യുകയും 63 അഡ്വൈസ് മെമ്മോ ലഭ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 61 പേർ മത്സ്യഫെഡ് സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്.

(ബി) പ്രോജക്ട് ഓഫീസർമാരുടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ തസ്തികകൾ തരം മാറ്റി ആയതിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാനുള്ള നടപടികളെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രോജക്ട് ഓഫീസർമാരുടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. പ്രോജക്ട് ഓഫീസർ തസ്തികകൾ തരം മാറ്റി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പി.എസ്.സി. വഴി നിയമനം നടക്കുന്ന എത്ര തസ്തികകൾ മത്സ്യഫെഡ്സിലുണ്ട്; മത്സ്യഫെഡ്സിൽ പി.എസ്.സി. വഴിയല്ലാതെ വിവിധ തസ്തികകളിലായി ജോലി ലഭിച്ച ആകെയെത്ര ജീവനക്കാരുണ്ട്; അതിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നവർ എത്ര?

മത്സ്യഫെഡ് സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി. വഴി നിയമനം നടക്കുന്ന 18 തസ്തികകൾ മത്സ്യഫെഡിലുണ്ട്. മത്സ്യഫെഡ്സിലെ നിയമനങ്ങൾ

പി.എസ്.സി.-ക്ക് വിട്ടുനൽകുന്നതിനുമുമ്പ് ജോലിയിൽ പ്രവേശിച്ച ജീവനക്കാരടക്കം വിവിധ തസ്തികകളിലായി നിലവിൽ 769 ജീവനക്കാരുണ്ട്. അതിൽ സ്ഥിരം 147-ഉം കരാർ അടിസ്ഥാനത്തിൽ 319-ഉം ദിവസ വേതനാടിസ്ഥാനത്തിൽ 247 ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഇതിനുപുറമേ പീസ് റേറ്റിൽ 51 പേരും ടെയിനിയായി 5 പേരും ജോലി ചെയ്തുവരുന്നുണ്ട്.

(ഡി) പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ എത്ര ഒഴിവുണ്ട്; പ്രോജക്ട് ഓഫീസർമാരുടെ പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഇത് പി.എസ്.സി. വഴി ജോലിയിൽ പ്രവേശിക്കുന്നവരുടെ അർഹമായ പ്രൊമോഷനെ ബാധിക്കുകയില്ലേ; വ്യക്തമാക്കുമോ?

മത്സ്യഫെഡ്ഡിൽ 36 അസിസ്റ്റന്റ് മാനേജർ തസ്തികകളുണ്ട്. ഇതിൽ 31 ഒഴിവുകൾ നിലവിലുണ്ട്. പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കുന്നതിനുള്ള

തീരുമാനമെടുത്തിട്ടില്ല. എന്നാൽ മത്സ്യഫെഡ്ഡിന്റെ സുഗമമായ പ്രവർത്തനത്തിനായി 02-12-2021-ലെ സ.ഉ.(കൈ)നം.22/2021/മ.തു.വ. പ്രകാരം ഒരു അസിസ്റ്റന്റ് മാനേജർ (ഐ.റ്റി.)-യെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും നദികളിലുമുള്ള മത്സ്യസമ്പത്തുകൾ

307 (3188) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും നദികളിലും കണ്ടുവരുന്ന അപൂർവ്വങ്ങളായതും അന്യംനിന്നുപോകുന്നതുമായ മത്സ്യസമ്പത്തുകൾ സംരക്ഷിക്കാനും ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആവാസ വ്യവസ്ഥകളുടെ നശീകരണവും കാലാവസ്ഥാ വ്യതിയാനവുംമൂലം മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഉൾനാടൻ ജലാശയങ്ങളിലും നദികളിലും അനധികൃത മത്സ്യബന്ധനം

നടത്തുന്നത് തടയുന്നതിനുവേണ്ടി വകുപ്പുതല പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി പിന്നാമ്പുറ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം തദ്ദേശീയ മത്സ്യങ്ങളായ കരിമീൻ, വരാൽ തുടങ്ങിയ മത്സ്യങ്ങളുടെ വിത്തുൽപ്പാദനം നടത്തുന്നതിന് 2022-23 സാമ്പത്തികവർഷം 15 യൂണിറ്റുകളും 2023-24 വർഷം 28 യൂണിറ്റുകളും കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 3 ലക്ഷം രൂപയാണ് ചെലവുവരുന്നത്. അതിന് 1.2 ലക്ഷം രൂപ കർഷകന് സബ്സിഡിയായി നൽകുന്നു. കൂടാതെ പൊതുജലാശയങ്ങളിൽ മത്സ്യസമൃദ്ധി ലക്ഷ്യംവച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി (2023-24)-യിൽ 10 ലക്ഷം രൂപ അടങ്കലിൽ വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപമെന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പടന്ന തെക്കേക്കാട് ലാൻഡിംഗ് സെന്റർ പരിസരത്തുള്ള കായലിൽ 87500 പൂമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ രണ്ടാംഘട്ട മത്സ്യവിത്ത്

നിക്ഷേപം മടിക്കൈ പഞ്ചായത്തിലെ അരയിപ്പുഴയോട് ചേർന്നുള്ള പുളിക്കാൽ തോടിൽ ഇന്ത്യൻ മേജർ കാർപ്പ് വിഭാഗത്തിൽപ്പെടുന്ന കട്ല, രോഹു, മൃഗാൾ എന്നീ ഇനങ്ങളിൽ 460167 എണ്ണം മത്സ്യവിത്ത് നിക്ഷേപിച്ചിട്ടുണ്ട്.

ശുദ്ധജല മത്സ്യോൽപാദനം വർദ്ധിപ്പിക്കാൻ നടപടി

308 (3189) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ശുദ്ധജല മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന്റെ ഫലമായി ശുദ്ധജല മത്സ്യോൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശുദ്ധജല മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകവഴി ഉൾനാടൻ മേഖലയിൽനിന്നും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2021-22 വർഷത്തിൽ 2.25 ലക്ഷം മെട്രിക് ടണ്ണിന്റെയും 2022-23 വർഷത്തിൽ 2.29 ലക്ഷം മെട്രിക് ടണ്ണിന്റെയും ഉൾനാടൻ മത്സ്യോൽപ്പാദനം കൈവരിക്കാനായിട്ടുണ്ട്.

മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപടി

309 (3190) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുമ്പോഴും മത്സ്യലഭ്യതയിലുണ്ടാകുന്ന ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായി മാറിയിട്ടുണ്ട്. എന്നാൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (കെ.എം.എഫ്.ആർ. ആക്ട്) 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം (KMFR) നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ (CMFRI)-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ചു ശക്തമായി നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നു. എന്നാൽ

തുടർന്നുള്ള രണ്ട് വർഷങ്ങളിൽ കടൽ മത്സ്യലഭ്യത വീണ്ടും കുറയുകയുണ്ടായി. 2019-20-ലും 2020-21-ലും മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. എന്നാൽ 2021-22-ൽ കടൽ മത്സ്യലഭ്യത 6.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. 2022-23-ൽ കടൽ മത്സ്യോൽപ്പാദനം 6.90 ലക്ഷം മെട്രിക് ടണ്ണായി വീണ്ടും വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഉൾനാടൻ മത്സ്യലഭ്യതയിൽ ഇടിവുണ്ടായിട്ടില്ലെന്ന് കാണുന്നു. നൂതനവും ശാസ്ത്രീയവുമായ മത്സ്യ കൃഷിരീതികൾ അവലംബിച്ചും വ്യത്യസ്തമായ മത്സ്യ ഇനങ്ങൾ കൃഷി ചെയ്തതിലൂടെയും ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യബന്ധനത്തിൽനിന്നും മത്സ്യകൃഷിയിൽനിന്നുമുള്ള ആകെ ഉൽപ്പാദനം 2021-22 വർഷം 2.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 2022-23 വർഷം 2.29 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും എന്തൊക്കെ നൂതനമായ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ (കരയിൽനിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ കെ.എം.എഫ്.ആർ. ആക്ട്, കെ.എം.എഫ്.ആർ.

റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും മൽസ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനേർപ്പെടുത്തി. കൂടാതെ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കിവരുന്നു. കടലിൽ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും കൃത്രിമ ആവാസവ്യവസ്ഥയായ കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നുവരികയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്ന് മനസ്സിലാക്കി ഫിഷറീസ്, തുറമുഖ എഞ്ചിനീറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ ശുചിത്വ സാഗരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക

ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന–ജില്ലാ-വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽവന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവത്കരണം നടത്തുന്നതിന് ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു.

മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തികവർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 71.2558 കോടി രൂപ അടങ്കൽതുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കിവരുകയും ചെയ്യുന്നു.

സംസ്ഥാനത്ത് പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 8 പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ഈ ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുമായി 2022-23 വർഷം മുതൽ 3 വർഷം ദൈർഘ്യമുള്ള 1199 ലക്ഷം രൂപ അടങ്കൽതുകയുടെ "ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യവിഭവ പരിപാലനം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി 280 ലക്ഷം മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 12 ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി പ്രതിവർഷം 200 ലക്ഷം രൂപയുടെ റിസർവോയർ

ഫിഷറീസ് പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം ഈ വർഷം 79 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ പൊതുകുളങ്ങളിലെ മത്സ്യകൃഷി പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3575 കുളങ്ങളിലായി 54 ലക്ഷം തദ്ദേശീയ/കാർപ്പ് ഇനങ്ങളിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കരിമീൻ, വരാൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മത്സ്യകർഷകർക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തികവർഷം 350 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള 270 യൂണിറ്റുകൾക്ക് പ്രവർത്തനച്ചെലവിനുമായി 475 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു. യൂണിറ്റുകളിൽനിന്നും 35 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ മത്സ്യത്തിന്റെ അളവ് എത്രയാണെന്നും നിലവിലെ മത്സ്യലഭ്യതയുടെ അളവ് എത്രയാണെന്നും

വിശദമാക്കുമോ; ഇതര സംസ്ഥാനങ്ങളിൽനിന്നും ദൈനംദിനം കേരളത്തിലേയ്ക്കെത്തിക്കുന്ന മത്സ്യത്തിന്റെ അളവ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ അഭ്യന്തര ഉപയോഗത്തിനാവശ്യമായ മുഴുവൻ മത്സ്യവും തദ്ദേശീയമായി ലഭിക്കുന്നില്ല. 2022-23 വർഷത്തിൽ സംസ്ഥാനത്തെ ആകെ മത്സ്യോൽപ്പാദനം 920523 മെട്രിക് ടണ്ണാണ്. ഇതിൽ 218629 മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്തു. ആയത് കിഴിച്ച് ആകെ ആഭ്യന്തര മത്സ്യലഭ്യത 701894 മെട്രിക് ടണ്ണാണ്. 2022-23 വർഷത്തിൽ സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യ ഉപഭോഗം 27.08 കിലോ ഗ്രാമാണ്. ഇതുപ്രകാരം സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായിവരുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന മത്സ്യലഭ്യത 1923 ടണ്ണാണ്. അതനുസരിച്ച് 2022-23-ൽ കേരളത്തിൽ 208270 മെട്രിക് ടൺ മത്സ്യത്തിന്റെ കുറവുണ്ടായി. അത് ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്,

ആന്ധ്രാപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിൽനിന്നുമാണ് കേരളത്തിലേയ്ക്കെത്തുന്നത്.

(ഡി) മത്സ്യ ലഭ്യതയിൽ എന്നത്തേയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

2022-23 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോൽപ്പാദനം ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. 2022-23 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിനുപുറമെ ഏകദേശം 2.18 ലക്ഷം മെട്രിക് ടൺ മത്സ്യം അധികമായി കേരളത്തിന് ആവശ്യമായിവന്നു. ഇത്രയുമധികം മത്സ്യംകൂടി കടൽ മേഖലയിൽനിന്നും ലഭിക്കുന്നതിന് സാധ്യത വളരെ കുറവാണ്. ഈ അപര്യാപ്തത നികത്തുന്നതിനും മത്സ്യലഭ്യതയിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നൂതനവും ശാസ്ത്രീയവുമായ മത്സ്യ കൃഷിരീതികൾ അവലംബിച്ചും വ്യത്യസ്തമായ മത്സ്യ ഇനങ്ങൾ കൃഷി ചെയ്യും പൊതുജലാശയങ്ങൾ മത്സ്യ കൃഷിക്കായി ഉപയോഗപ്പെടുത്തിയും ഉൾനാടൻ മത്സ്യ മേഖലയിൽ

മത്സ്യബന്ധനത്തിൽനിന്നും മത്സ്യകൃഷിയിൽനിന്നുമുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധ്യമാക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഉൾനാടൻ മത്സ്യകൃഷി ഉൽപ്പാദനം

310 (3191) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി ശാസ്ത്രീയ സമ്മിശ്ര മത്സ്യകൃഷി, പൊതുകുളങ്ങളിലെ മത്സ്യകൃഷി, പടുതാക്കുളങ്ങളിലെ

മത്സ്യകൃഷി, ശുദ്ധജല കൂട് കൃഷി, ഓരുജല കൂട് കൃഷി, കുളത്തിലെ കരിമീൻകൃഷി, കാർപ്പ് കൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികൾക്കായി 2022-23 സാമ്പത്തികവർഷം 11.3215 ലക്ഷം രൂപയും 2023-24 സാമ്പത്തികവർഷം 7.8785 ലക്ഷം രൂപയും സബ്സിഡിയായി കർഷകർക്ക് അനുവദിച്ചിട്ടുണ്ട്.

കയ്യമംഗലം മണ്ഡലത്തിൽ കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിള്ള പദ്ധതി

311 (3192) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശമണ്ഡലമായ കയ്യമംഗലത്തിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശം കേന്ദ്രീകരിച്ച് കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിക്കായി തുടർപഠനത്തിനും ഇതിന്റെ നടത്തിപ്പിനുമായി എന്തെങ്കിലും പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പരിഗണനയിലുണ്ട്. കേന്ദ്ര, സംസ്ഥാന പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY 2022-23)-യിൽ ഉൾപ്പെടുത്തി 'Promotion of Sustainable Fisheries and Livelihoods of Kerala State through artificial reef Installation' എന്ന പദ്ധതിയുടെ ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മത്സ്യഗ്രാമങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 42 സൈറ്റുകളിൽ കൃത്രിമപ്പാര് നിക്ഷേപം പൂർത്തീകരിച്ചും പദ്ധതിയുടെ രണ്ടാംഘട്ടമായി കേരളത്തിലെ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ആകെ 90 സൈറ്റുകളിൽ കൃത്രിമപ്പാര് നിക്ഷേപ പദ്ധതി നടപ്പാക്കുന്നതിനായി പ്രൈമറി ലെവൽ സെൻസിറ്റൈസേഷൻ പ്രോഗ്രാം അതത് ജില്ലകളിൽ നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ തീരദേശ മണ്ഡലമായ കയ്പമംഗലത്തിലെ പെരിഞ്ഞനം മത്സ്യഗ്രാമവും കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പയ്യന്നൂർ നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ്

312(3193) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി നഗരസഭ സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) പയ്യന്നൂർ നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണം

313 (3194) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, കൊട്ടിയം, പാരിപ്പള്ളി എന്നീ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	മത്സ്യ മാർക്കറ്റ്	നിലവിലെ സ്ഥിതി
1	പരവൂർ	കിഫ്ബിയിൽനിന്നും 03-02-2024-ൽ പാക്കേജ് അനുമതി ലഭ്യമായിട്ടുണ്ട്. ദർഘാസ് നടപടി സ്വീകരിച്ചുവരുന്നു.
2	ചാത്തന്നൂർ	നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നു.
3	കൊട്ടിയം	പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയുടെ പരിഗണനയിലാണ്.
4	പാരിപ്പള്ളി	പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന്റെ പരിഗണനയിലാണ്.

(ബി) പരവൂർ മത്സ്യമാർക്കറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും ആയത് പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ദർഘാസ് നടപടിയും കിഫ്ബിയിൽനിന്നും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരവും ലഭ്യമായശേഷം കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

കുറ്റ്യാടിയിൽ ആധുനിക മത്സ്യമാർക്കറ്റ്

314 (3195) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടിയിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കുറ്റ്യാടിയിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല.

മത്സ്യമാർക്കറ്റുകളുടെ നവീകരണം

315 (3196) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 51 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ട്രാഞ്ച XXV-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഒരു മത്സ്യമാർക്കറ്റും സംസ്ഥാന ബജറ്റ് വിഹിതമുപയോഗിച്ച് ആലപ്പുഴ ജില്ലയിൽ നൂറനാട് പടനിലം മാർക്കറ്റും നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി 2405-00-105-96-(01) എന്ന ശീർഷകത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2405-00-105-96 എന്ന ശീർഷകം ഇപ്പോൾ നിലവിലില്ല. എന്നാൽ പടനിലം മാർക്കറ്റ് നിർമ്മാണം അടക്കമുള്ള പദ്ധതികൾക്കും മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾക്കുമായി 2405-00-105-86 എന്ന ശീർഷകത്തിൽ 2023-24 വർഷം 350 ലക്ഷം രൂപ വകയിരുത്തുകയും 0.77 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ശീർഷകത്തിൽ 2011 മെയ് മുതൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2405-00-105-96 ശീർഷകത്തിൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ് വിഹിതം (രൂപ)	ചെലവ് (രൂപ)
2011-12	50,00,000	1,62,94,933
2012-13	3,00,00,000	53,00,000
2013-14	2,50,00,000	2,50,00,000
2014-15	2,50,00,000	2,49,80,000
2015-16	2,50,00,000	68,18,000
2016-17	4,00,00,000	4,00,00,000
2018-19	1,50,00,000	1,50,00,000

(ഡി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പുതിയ എന്തെല്ലാം പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് കഴിയുന്നവിധത്തിൽ മത്സ്യവിപണന മേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും പദ്ധതികളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് സെൻട്രൽ മത്സ്യമാർക്കറ്റും എറണാകുളം ജില്ലയിലെ ആലുവ മത്സ്യമാർക്കറ്റും ആധുനിക മാർക്കറ്റുകളായി വികസിപ്പിക്കുന്നതിന് 105 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ്മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി

316 (3197) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ്മാർക്കറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ് മാർക്കറ്റിന്റെ ഫീസിബിലിറ്റി സംബന്ധിച്ച പഞ്ചായത്തിന്റെ തീരുമാനം 05-12-2023-ന് ലഭ്യമായിട്ടുണ്ട്. ആയതനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ തീരങ്ങളിൽ ഇതര സംസ്ഥാനക്കാരുടെ മത്സ്യബന്ധനം

317 (3198) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരങ്ങളിൽ ഇതര സംസ്ഥാനക്കാർ മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കാസർഗോഡിന്റെ തീരപ്രദേശത്ത് അന്യസംസ്ഥാന ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന മത്സ്യബന്ധന ബോട്ടുകളിൽനിന്നും യൂസേഴ്സ് ഫീ ഈടാക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബറിനുശേഷം ഇതര സംസ്ഥാന ബോട്ടുകളിൽനിന്നും യൂസേഴ്സ് ഫീസ് ഈടാക്കുന്നില്ല. പകരം പ്രസ്തുത ബോട്ടുകളിൽനിന്നും വാർഷിക പെർമിറ്റ് ഫീസാണ് ഈടാക്കുന്നത്. ടി ഫീസ് ഒടുക്കുന്ന അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കാവുന്നതും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതുമാണ്. ഇവർക്ക് തീരക്കടലിൽ മത്സ്യബന്ധനം അനുവദിച്ചിട്ടില്ല. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽക്കൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25,000/- രൂപയും പരിഷ്കരിച്ചതും ഇൻബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ളതുമായ ഇൻബോർഡ് വള്ളങ്ങൾക്ക് 15,000/- രൂപയും ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ള മറ്റ് പരമ്പരാഗത

മത്സ്യബന്ധന യാനങ്ങൾക്ക് 5,000/- രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഈ ബോട്ടുകളിൽനിന്നും നിരോധിത വലകളുപയോഗിച്ച് കേരള സംസ്ഥാനതീരങ്ങളിലെ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 പ്രകാരം അന്യസംസ്ഥാന യാനങ്ങൾ തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ വരെയുള്ള കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. കൂടാതെ പേഴ്സ് -സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾട്രോൾ (പെയർ ട്രോൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റ് പുതിയതരം വലകൾ എന്നിവ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്ട് (KMFR Act)-ന്റെയും കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (KMFR Rule)-ന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള വലകളാണ്. കേരള സമുദ്ര മത്സ്യബന്ധന

നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) ലംഘിച്ച് നിരോധിത വലകളും മറ്റും ഉപയോഗിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാകുന്ന തരത്തിൽ അനധികൃത മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങളെ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി കണ്ടുകെട്ടി ഇൻസ്പൗണ്ട് ചെയ്ത് നിയമ പ്രകാരമുള്ള പിഴ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് പട്രോൾ ബോട്ടും ലൈഫ് ഗാർഡുകളെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിനെയും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് സ്ഥിരമായി ഒരു എഫ്.ആർ.പി. വള്ളവും 2 എഞ്ചിനുകളും മറ്റ് ലൈഫ് സേവിംഗ്, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ഉൾപ്പെടെ പട്രോളിംഗ്/റെസ്ക്യൂ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിരോധിത വലകൾ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ

മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുഷ് നടഷിലാക്കിയ പ്രവൃത്തികൾ

318 (3199) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുരിയാടി ഹാർബർ

319 (3200) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ കുരിയാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുരിയാടിയിൽ ഹാർബർ നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ & ബി) കോഴിക്കോട് ജില്ലയിലെ കുരിയാടി പ്രദേശം ചോമ്പാൽ ഹാർബറിൽനിന്നും 7 കിലോമീറ്റർ മാത്രം അകലെയാണ് സ്ഥിതിചെയ്യുന്നത്. പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ആവശ്യം മുൻനിർത്തി ഇവിടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഒരു ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിച്ചിട്ടുണ്ട്. കുരിയാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള അന്വേഷണ ഗവേഷണ പഠനത്തിനായി 20-08-2015-ലെ സ.ഉ.(സാധാ)നം.704/2015/മ.ത്സ.വ

പ്രകാരം 59.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ, ലെവൽ ട്രാൻസ്ഫർ, പെർമനന്റ് പോയിന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നീ പ്രവൃത്തികൾക്കായി 2.30 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. ബെഡ് ആൻഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, വിൻഡ് ആൻഡ് വേവ് ഒബ്സർവേഷൻ എന്നീ പ്രവൃത്തികൾക്കായി 3.00 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. കറന്റ് ഒബ്സർവേഷൻ, ടൈഡ് ഒബ്സർവേഷൻ എന്നിവ നടത്തുന്നതിനായി 09-12-2022-ന് 8.40 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി കരാറിലേർപ്പെട്ടു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

(സി) കുരിയാടിയിൽ ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച പഠനത്തിനായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും ഇതിനായി നീക്കിവച്ച ആകെ തുക എത്രയാണെന്നും അറിയിക്കുമോ; പ്രസ്തുത തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ക്കുരിയാടിയിൽ ഹാർബർ നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പഠനത്തിന് 67,769/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. 1,24,016/- രൂപയുടെ ബിൽ പേയ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 59.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത പഠനം നടത്തുന്നതിന് ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും പഠനത്തിനായി മാത്രം എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും അറിയിക്കുമോ; പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ പഠനം പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

മാതൃകാ പഠനം നടത്തുന്നതിനാവശ്യമായ ഡാറ്റാ കളക്ഷനാണ് ഇപ്പോൾ നടന്നുവരുന്നത്. ഇത് പൂർത്തീകരിച്ചതിനുശേഷമാണ് മോഡൽ സ്റ്റഡി നടത്തുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത പഠനം എത്രയും വേഗം പൂർത്തിയാക്കി കുരിയാടിയിൽ ഒരു മത്സ്യബന്ധന ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പുതിയ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച് 07-09-2023-ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും വിവരങ്ങൾ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (NGT) പോലുള്ള ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായി മാത്രമെ പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം

320(3201) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 28.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി അഴിമുഖത്ത് നിർമ്മിക്കുന്ന പുലിമുട്ടിന്റെ നിർമ്മാണം ഇതിനോടകം 35 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 2024 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്.

പിറവം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ

321 (3202) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിൽനിന്നും ഗ്രാന്റ് ലഭിച്ച് പ്രവർത്തിക്കുന്ന എത്ര സാംസ്കാരിക സ്ഥാപനങ്ങൾ മണ്ഡലത്തിലുണ്ടെന്ന് വിശദമാക്കാമോ?

(എ & ബി) സർക്കാരിൽനിന്നും ഗ്രാന്റ് കൈപ്പറ്റി തൃപ്പൂണിത്തുറ കഥകളികേന്ദ്രം, ഷഡ്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(സി) പുതിയ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് അംഗീകാരവും ധനസഹായവും ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പിറവം മണ്ഡലത്തിൽ പാഴൂരിൽ പ്രവർത്തിക്കുന്ന പാഴൂർ ദാമോദരമാരാർ & പാഴൂർ നാരായണ മാരാർ സ്മാരക ഗ്രന്ഥകലത്തിന് ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നു.

(ഡി) അപേക്ഷ നൽകിയ എത്ര സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽവന്നശേഷം അംഗീകാരവും ധനസഹായവും നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ധനസഹായം അനുവദിച്ചിട്ടില്ല.

കലാ നൈപുണ്യ വികസനം

322 (3203) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം:-

കുട്ടികളിലും മുതിർന്നവരിലും കലാഭിമുഖ്യമുണർത്തുകയെന്ന ലക്ഷ്യത്തോടെ ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശികതലത്തിൽ കലാരൂപങ്ങൾ

പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ വിവിധ ക്ലാസിക്കൽ, സമകാലീന കലകൾക്കുപുറമെ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു. കേരളത്തിന്റെ സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-19 സാമ്പത്തികവർഷം മുതൽ സർക്കാർ ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം അഥവാ

റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ നിർവ്വഹണ ഏജൻസി കണ്ടെത്തുന്ന സ്വയം സഹായ സംഘങ്ങൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയംവഴി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ 35 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. കേരള സംഗീത നാടക അക്കാദമി:-

കേരള സംഗീത നാടക അക്കാദമി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ദക്ഷിണേന്ത്യൻ സംഗീത ചക്രവർത്തി സ്വാതിതിരുനാൾ മഹാരാജാവിന്റെ സ്മരണാർത്ഥം ഇന്ത്യൻ സംഗീത കലയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച മഹാപ്രതിഭകൾക്ക് കേരള സർക്കാർ സ്വാതി സംഗീത പുരസ്കാരം നൽകിവരുന്നു. നാടകാചാര്യനായിരുന്ന എസ്. എൽ. പുരം സദാനന്ദന്റെ സ്മരണാർത്ഥം നാടകരംഗത്തെ സമഗ്ര സംഭാവന പരിഗണിച്ച് എസ്.എൽ.പുരം സദാനന്ദൻ നാടകപുരസ്കാരം

നൽകിവരുന്നു. വ്യത്യസ്തവും മൗലികവുമായ പ്രാദേശിക കലാരൂപങ്ങളെയും അക്കാദമിയുടെ പരിധിയിൽവരുന്ന കലാരൂപങ്ങളെയും ഉൾക്കൊള്ളിച്ച് വർഷാന്ത്യ ഫെസ്റ്റിവൽ ഹോപ് (ഹാർമണി ഓഫ് പെർഫോർമൻസ് ഇക്കോസിസ്റ്റം) ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്. അക്കാദമിയുടെ പരിധിയിൽ വരുന്ന വിവിധ കലാമേഖലകളിൽ ദീർഘകാലം പ്രവർത്തിച്ച അതുല്യരായ കലാപ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജാ പുരസ്കാരങ്ങൾ നൽകിവരുന്നു. പ്രൊഫഷണൽ നാടകോത്സവത്തിന്റെ ഭാഗമായി 50 പ്രൊഫഷണൽ നാടക സമിതികൾക്ക് നാടകനിർമ്മാണത്തിനും അവതരണത്തിനുമായി രണ്ട് കോടി രൂപ ധനസഹായം നൽകിവരുന്നു. ലോകത്തിലെ കലാ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ മാറ്റങ്ങളിലേയ്ക്കും വളർച്ചയിലേയ്ക്കും കേരളത്തിലെ കലാകാരന്മാരെയും പ്രേക്ഷകരെയുമെത്തിക്കാൻ 'ഇറ്റ്ഫോക്ക്' എന്ന പേരിൽ അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പ്രവാസി കലാകാരന്മാരെയും അമേച്വർ നാടകസമിതികളെയും സംയോജിപ്പിച്ച് പ്രവാസി നാടകോത്സവം

സംഘടിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം, ഷഡ്കാലഗോവിന്ദമാരാർ സംഗീതോത്സവം, ഏകപാത്രനാടകോത്സവം, കഥകളതിസാദരം കഥാപ്രസംഗ മഹോത്സവം എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

3. കേരള ലളിതകലാ അക്കാദമി:-

കലയിൽ പല പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും വികസിപ്പിക്കുന്നതിനും പരസ്പരം സംവദിക്കുന്നതിനും പ്ലസ് 2 തലം വരെയുള്ള കുട്ടികൾക്കായി Akademi Art Education initiative എന്നൊരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. കേരള ഫോക്‌ലോർ അക്കാദമി:-

ഗ്രാമീണതലങ്ങളിൽ പ്രവർത്തിക്കുന്ന ഫോക്‌ലോർ ക്ലബുകളുമായി ചേർന്ന് അക്കാദമി വിവിധ നാടൻകലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സാംസ്കാരിക തനിമയും സാംസ്കാരിക വൈവിദ്ധ്യവും പ്രോത്സഹിപ്പിക്കുന്നതിന് ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പൊന്ന്യത്തങ്കം

പരിപാടിയിൽ കളരി അഭ്യാസപ്രകടനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മറ്റ് വിവിധകലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഓരോ ഗ്രാമത്തിലും ഗ്രാമസന്ധ്യ എന്ന പേരിൽ അക്കാദമി വിവിധ കലാകാരന്മാരെ ആദരിക്കുന്നതുൾപ്പെടെ കലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. അന്യംനിന്നുപോകുന്ന നാടൻ കലാരൂപങ്ങളുടെ അവതരണവും നാടൻ കലാകാരസംഗമവും തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു. വിവിധ സബ്സെന്ററുകൾ വഴി നാടൻ/ഗോത്രകലകളുടെ പരിശീലനം നൽകിവരുന്നു. അന്യംനിന്നുപോകുന്ന നാടൻ കലകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് നാടൻകല അഭ്യസിക്കുന്നതിന് 10 വയസ്സ് മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സ്റ്റൈപെന്റ് നൽകിവരുന്നു.

5. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി:-

മാപ്പിളപ്പാട്ട്, ഒപ്പന, കോൽക്കളി, ദഫ് മുട്ട്, അറബന മുട്ട്, വട്ടപ്പാട്ട് എന്നീ ഇനങ്ങളിൽ അക്കാഡമി വിവിധ കോഴ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

6. ഭാരത് ഭവൻ:-

സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമെന്ന നിലയിൽ ഇന്ത്യൻ ഗ്രാമീണകലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാവർഷവും കേരളത്തിലെ വിവിധ ജില്ലകളിൽ “ഇന്ത്യൻ ഗ്രാമോത്സവം" എന്ന പേരിൽ പത്തോളം വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഗ്രാമീണകലകളുടെ അവതരണങ്ങൾ ഭാരത്ഭവൻ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹായത്തോടെ നിർവ്വഹിച്ചുവരുന്നു. ഓണാഘോഷവേളയിൽ 'ഇന്ത്യൻ വസന്തോത്സവം' എന്ന പേരിലും ഇതരസംസ്ഥാനങ്ങളുടെ കലാവിരുന്നുകൾ സംഘടിപ്പിക്കുന്നുണ്ട്. മണ്ണും കൃഷിയുമായി ബന്ധപ്പെട്ട കലകളെ പ്രോത്സാഹിപ്പിക്കുകയും നാട്ടറിവും കൃഷിയറിവും ചേർന്ന വാമൊഴി പാട്ടുകളുടെ ശേഖരണവും തിയേടം ഫാർമെ എന്ന പേരിൽ നടത്തിവരുന്നു. കലാവതരണം അപ്രാപ്യമായ കോവിഡ് പ്രതിസന്ധികാലത്ത് നാടോടി, അനുഷ്ഠാന, ഗോത്രകലകളും ജനകീയകലകളും അവതരിപ്പിക്കുന്ന കലാസമൂഹത്തിന്റെ ആവാസ കേന്ദ്രങ്ങളിലെത്തി കലാവിഷ്കാരങ്ങൾ ചിത്രീകരിക്കുകയും മൂവായിരത്തോളം കലാപ്രതിഭകൾക്ക് പ്രതിഫലം നൽകുവാനും നവമാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ച് ഒരു കോടിയോളം

പ്രേക്ഷകരിലേയ്ക്കെത്തിക്കുക വഴി കോവിഡ് കാലത്ത് കലാകാരൻമാരുടെ സാമ്പത്തിക ബുദ്ധിമുട്ട് ഒരു പരിധിവരെ കുറയ്ക്കാനും മഴമിഴി-മൾട്ടിമീഡിയ മെഗാസ്ക്രീമിംഗിലൂടെ സാധിച്ചു. കേരളത്തിന്റെ ഗോത്രോത്സവം മഴമിഴി എർത്ത് ലോർ എന്ന പേരിൽ അട്ടപ്പാടി, മറയൂർ, കാസർഗോഡ്, കുളത്തുപ്പുഴ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുവാനും 1000 ഗോത്ര കലാപ്രതിഭകൾക്ക് പാരിതോഷികം നൽകുവാനും അതത് കലകൾ വരുംതലമുറകളുടെ പഠനങ്ങൾക്കായി ചിത്രീകരിച്ചെടുക്കുവാനും ഇതിലൂടെ സാധിച്ചു. ഭിന്നശേഷി വിദ്യാർത്ഥികൾക്കിടയിൽ സർഗ്ഗവാസനയും നൈപുണ്യമുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും 'മഴമിഴി കംപാഷൻ' എന്ന പേരിൽ സംസ്ഥാനത്തുടനീളമുള്ള ഭിന്നശേഷി കുട്ടികളെ ജില്ലാടിസ്ഥാനത്തിൽ കുടുംബശ്രീ, ബഡ്സ് സ്കൂൾ എന്നിവിടങ്ങൾ മുഖാന്തരം കണ്ടെത്തി ഭിന്നശേഷി സർഗ്ഗോത്സവം തിരുവനന്തപുരം (ദക്ഷിണ മേഖല), തൃശ്ശൂർ (മധ്യമേഖല), കണ്ണൂർ (ധർമ്മടം) (ഉത്തരമേഖല) എന്നിവിടങ്ങളിൽ ഒരുക്കുവാനും സാധിച്ചിട്ടുണ്ട്.

7. <u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ</u>:-

കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും വികസിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ കലാകാരന്മാരിൽനിന്നും അപേക്ഷകൾ ക്ഷണിച്ച് സൂക്ഷ്മപരിശോധന നടത്തി കലാവതരണത്തിന് അവസരം നൽകുന്നതോടൊപ്പം അർഹമായ പ്രതിഫലവും നൽകിവരുന്നു. അന്യംനിന്നുപോകുന്ന കലാരൂപമായ സീതകളിയെ സംരക്ഷിക്കുന്നതിന് കേരള-തെലുങ്കാന പൈതൃകോത്സവം ഉൾപ്പെടെ വിവിധ വേദികളിൽ കലാകാരന്മാർക്ക് അവസരം നൽകിയിട്ടുണ്ട്. ഇതോടൊപ്പം സീതകളിയിൽ പങ്കെടുത്ത പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് 2,500 രൂപ വീതം 12 പേർക്ക് 30,000/- രൂപ സ്കോളർഷിപ്പ് തുകയും നൽകിയിട്ടുണ്ട്.

8. ഗുരുഗോപിനാഥ് നടനഗ്രാമം:-

ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ നൃത്ത-നൃത്യ-നാട്യ കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ-സർഗ്ഗാത്മക കലകളിൽ പരിശീലനം നൽകുന്ന പാർട്ട് ടൈം ക്ലാസ്സുകൾ ആഴ്ചയിൽ 6 ദിവസം സ്കൂൾ-കോളേജ് വിദ്യാഭ്യാസം കഴിഞ്ഞുള്ള

സായാഹ്ന പാഠ്യേതര പരിപാടിയായി നടത്തുന്നു. കുട്ടികളുടെ സർഗ്ഗവാസന കണ്ടെത്താനും വിവിധ നൃത്തശൈലികളുടെ അടിസ്ഥാന പ്രമാണങ്ങൾ പരിചയപ്പെടുത്തി കലാഭിമുഖ്യം വളർത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാലയങ്ങൾ വഴി നൃത്തപരിശീലനത്തിന് രജിസ്റ്റർ ചെയ്യാനും മികവ് പുലർത്തുന്നവർക്ക് പ്രാഥമിക സ്കോളർഷിപ്പും നടനഗ്രാമത്തിൽ തുടർ പഠനാവസരവുമൊരുക്കി പരിപോഷിപ്പിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നുണ്ട്. 18 വയസ്സിന് മുകളിൽ പ്രായമുള്ള നർത്തകി-നർത്തകന്മാർ അവരുടെ രംഗാവിഷ്കാരത്തിനുള്ള പ്രഥമവേദി ഒരുക്കി മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് സർക്കാർ മേൽനോട്ടത്തിലുള്ള പരിപാടികളിലെത്താനും വേദി പങ്കിടാനുമുള്ള അവസരം പ്രദാനം ചെയ്യുന്നുണ്ട്. കേരളനടനം നൃത്തശൈലിയുടെ പ്രചാരണത്തോടൊപ്പം ഈ ശൈലി വിശേഷത്തിന്റെ രസ-ഭാവ-ലയ സവിശേഷതകൾ ആഴത്തിൽ അവലോകനം ചെയ്യാൻ ഗവേഷണ പഠനങ്ങളെ പ്രോത്സാഹിപ്പിക്കാനായി ഗുരുഗോപിനാഥ് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അരങ്ങുകളിലെത്തുന്ന നൃത്തകലാകാരന്മാർക്ക് രംഗവേദിയൊരുക്കാൻ നടനഗ്രാമത്തിലെ

ചിലമ്പൊലി നൃത്തമണ്ഡപത്തിൽ അവസരം നൽകുന്നതോടൊപ്പം നൃത്തസംഘം രൂപീകരിച്ച് കേരളത്തിലെ ജില്ലകളിലെല്ലാം സാംസ്കാരികോത്സവത്തിന്റെ ഭാഗമായി മാറാനുള്ള സജ്ജീകരണമൊരുക്കുന്നതിന് പൊലി എന്ന പ്രതിമാസ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. രംഗാവതരണ ശിക്ഷണ ശില്പശാല, കേരളനടനം സർട്ടിഫിക്കറ്റ് കോഴ്സ്, സംവാദ സദസ്സ് എന്നിവ വഴി കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

9. വാസ്തുവിദ്യാ ഗുരുകുലം:-

കേരളത്തിന്റെ തനത് പാരമ്പര്യ കലയായ ചുമർചിത്രകല പരിപോഷിപ്പിക്കുന്നതിനായി വകുപ്പിന് കീഴിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ കലയിൽ താല്പര്യമുള്ളവർക്കായി വിവിധ കാലദൈർഘ്യമുള്ള കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, പുരാതന കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ചുവർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളും ഗുരുകുലം ഏറ്റെടുത്ത് നടത്തിവരുന്നു. കേരളത്തിന്റെ

സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-19 സാമ്പത്തികവർഷം മുതൽ സർക്കാർ ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ നിർവ്വഹണ ഏജൻസി കണ്ടെത്തുന്ന സ്വയം സഹായ സംഘങ്ങൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം വഴി രജിസ്റ്റർ ചെയ്ത പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ 35 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പ്രാചീന കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പുവരുത്തുവാനുമുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള

ഫോക്‌ലോർ അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ട് നാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി, മാപ്പിള പാട്ട്, പാടിപ്പറയൽ, അറബനമുട്ട് തുടങ്ങി കേരളത്തിൽ അന്യംനിന്നുപോകുന്ന വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) കലാനൈപുണ്യം വികസിപ്പിക്കുന്നതിന് ആർട്ട് ഹബ്ബുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ എന്തൊക്കെ ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും എവിടെയൊക്കെ ആരംഭിച്ചുവെന്നും വിശദമാക്കാമോ?

കേരളത്തിന്റെ സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-19 സാമ്പത്തികവർഷം മുതൽ സർക്കാർ

ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ നിർവ്വഹണ ഏജൻസി കണ്ടെത്തുന്ന സ്വയം സഹായ സംഘങ്ങൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയംവഴി രജിസ്റ്റർ ചെയ്ത പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ 35 സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പ്രാചീന കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പുവരുത്തുവാനുമുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഫോക് ലോർ അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ട് നാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി, മാപ്പിള പാട്ട്, പാടിപ്പറയൽ, അറബന മുട്ട് തുടങ്ങി കേരളത്തിൽ അന്യംനിന്നുപോകുന്ന വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും കലാകാരന്മാരുടെ ഉപജീവന

സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ശാക്തീകരണത്തിനും സ്വയം പര്യാപ്തതയ്ക്കും ഉപജീവന സുസ്ഥിരതയ്ക്കുമായി എല്ലാ കരകൗശല ഗ്രാമങ്ങളിലുമായി കലാകാരന്മാരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക, അതത് ഗ്രാമങ്ങളിൽ ഉൽപ്പാദന സൗകര്യങ്ങളോടുകൂടിയ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഇത്തരം കേന്ദ്രങ്ങളിലൂടെ അസംസ്കൃത വസ്തുക്കൾ, ഉൽപ്പാദനസാമഗ്രികൾ തുടങ്ങിയവ കലാകാരന്മാർക്ക് ലഭ്യമാക്കി ഉൽപ്പാദനവും വിപണനവും ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. മൺമറഞ്ഞുപോയ നിരവധി ഗ്രാമീണ കലാരൂപങ്ങളുടെ ഉറവിടം കണ്ടെത്തി പ്രസ്തുത കലാരൂപങ്ങൾ വീണ്ടെടുക്കുന്നതിനുമുള്ള സജീവവും സമഗ്രവുമായ പ്രവർത്തനമാണ് പദ്ധതിവഴി നടപ്പിലാക്കുന്നത്. നിലവിൽ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതും ഉൾപ്പെടുത്തുവാൻ പ്രാഥമിക സർവ്വേ ആരംഭിച്ചതും നടപടികൾ

പൂർത്തിയായിട്ടുള്ളതുമായ പൈതൃക ഗ്രാമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാനത്തെ പ്രധാന വീഥികളും പൊതു ഇടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുന്നതിന് കർമ്മപദ്ധതി രൂപീകരിക്കാമോ;

(ഡി) ഓരോ പ്രദേശത്തെ കലാരൂപങ്ങൾക്ക് അനുസൃതമായി കലാസ്നേഹികൾക്ക് ഒത്തുചേരുന്നതിനും കലാരൂപങ്ങളിൽ പരിശീലനം നേടുന്നതിനും ആസ്വാദനത്തിനും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

(സി & ഡി) സംസ്ഥാനത്തെ പ്രധാന വീഥികളും പൊതുയിടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുവാൻ വകുപ്പ് നാട്ടരങ്ങ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുസ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തിയാണ് നാട്ടരങ്ങ് സ്ഥാപിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവത്കരണത്തിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചുമർചിത്രങ്ങളും ചെറുശില്പങ്ങളും റിലീഫ് വർക്കുകളും പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചിത സ്ഥലസൗകര്യം വേണമെന്ന് സൂചിപ്പിച്ചിട്ടില്ല. പകരം ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ സർക്കാർ അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങളോ ആണ് പരിഗണിക്കുന്നത്. പാലക്കാട് വടക്കഞ്ചേരിയിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ ഭാഗമായ സ്ഥലത്തും മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് അത്താണിക്കൽ ജംഗ്ഷനിലും തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലും നാട്ടരങ്ങുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച്

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരികയും മറ്റ് ജില്ലകളിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയുമാണ്. കുട്ടികളിലും മുതിർന്നവരിലും കലാഭിമുഖ്യമുണർത്തുകയെന്ന ലക്ഷ്യത്തോടെ ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശികതലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്". പ്രസ്തുത പദ്ധതിയിൽ വിവിധ ക്ലാസിക്കൽ, സമകാലീന കലകൾക്കുപുറമെ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ

പരിശീലനം നൽകിവരുന്നു. ഇതിലൂടെ ക്ലാസിക്കൽ, സമകാലീന, ഫോക്‌ലോർ, അഭിനയ കലകളിലായി നാൽപ്പത്തഞ്ചോളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക് പഞ്ചായത്ത്/സിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമെന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു. ഈ പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ, വായനശാലകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പഞ്ചായത്ത് ഹാളുകൾ മുതലായ പൊതുസ്ഥാപനങ്ങളാണ് കലാപരിശീലന കേന്ദ്രങ്ങളായി സജ്ജമാക്കിയിട്ടുള്ളത്.

സാംസ്കാരിക വകുപ്പിന് കീഴിലെ സ്വയംപര്യാപ്തമാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ

323(3204) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ സ്വയംപര്യാപ്തമാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റത്തവണ സർക്കാർ ധനസഹായം നൽകിയാൽ സ്വയംപര്യാപ്തതയിലെത്താൻ കഴിയുന്ന സാംസ്കാരിക സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സ്വയംപര്യാപ്തമാകാൻ കഴിയുന്ന പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) പരിശോധിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക പ്രവർത്തകർക്കും ഗ്രാമീണ കലാകാരന്മാർക്കുമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സാംസ്കാരിക പ്രവർത്തകരുടേയും ഗ്രാമീണ കലാകാരന്മാരുടേയും ഉന്നമനത്തിനായി താഴെ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കലാകാരന്മാർക്ക് പ്രതിമാസം കലാകാര പെൻഷനായി 1,600/- രൂപ വീതം നൽകിവരുന്നുണ്ട്. രോഗശയ്യയിലായ കലാകാരന്മാർക്ക് അവരുടെ ചികിത്സാർത്ഥം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ സാംസ്കാരിക വകുപ്പിൽനിന്ന് അനുവദിച്ചുവരുന്നു. കുട്ടികളിലും മുതിർന്നവരിലും കലാഭിമുഖ്യമുണർത്തുകയെന്ന ലക്ഷ്യത്തോടെ ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട, കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശികതലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്". ഇതിലൂടെ ക്ലാസിക്കൽ, സമകാലീന, ഫോക്‌ലോർ, അഭിനയ കലകളിലായി

നാൽപ്പത്തഞ്ചോളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമെന്യേ സൗജന്യ സാമൂഹ്യകലാപരിശീലനം നൽകിവരുന്നു. ടി പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/- രൂപ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകിവരുന്നു. കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ (ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) സ്ഥാപനങ്ങളിൽനിന്നും 7,500/- രൂപയും നൽകിവരുന്നു.

കേരളത്തിന്റെ സംസ്കാരിക പെരുമയെ പ്രതിഫലിപ്പിക്കുന്ന കലാ കരകൗശല സൃഷ്ടികളുടെ പരിപോഷണത്തിനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കരകൗശല ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ വിപണി ലഭിക്കുന്നതിനും 2018-19 സാമ്പത്തിക വർഷം മുതൽ സർക്കാർ

ആവിഷ്കരിച്ചതാണ് കലാകാരൻമാർക്കുള്ള ഉപജീവനം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു. കലാകാരന്മാർക്ക് സുസ്ഥിര വികസനം ഉറപ്പാക്കുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ശാക്തീകരണത്തിനും സ്വയംപര്യാപ്തതയ്ക്കും ഉപജീവന സുസ്ഥിരതയ്ക്കുമായി എല്ലാ കരകൗശല ഗ്രാമങ്ങളിലുമായി കലാകാരന്മാരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക, അതത് ഗ്രാമങ്ങളിൽ ഉൽപ്പാദന സൗകര്യങ്ങളോടുകൂടിയ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഇത്തരം കേന്ദ്രങ്ങളിലൂടെ അസംസ്കൃത വസ്തുക്കൾ, ഉൽപ്പാദനസാമഗ്രികൾ തുടങ്ങിയവ കലാകാരന്മാർക്ക് ലഭ്യമാക്കി ഉൽപ്പാദനവും വിപണനവും ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് വാസ്തുവിദ്യാ ഗുരുകുലം ഗ്രാമീണ കലാകേന്ദ്രം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ പ്രധാന വീഥികളും പൊതുയിടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുവാൻ വകുപ്പ് നാട്ടരങ്ങ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഓരോ പ്രദേശത്തെ

കലാരൂപങ്ങൾക്കനുസൃതമായി കലാസ്നേഹികൾക്ക് ഒത്തുചേരുവാനും കലാരൂപങ്ങളിൽ പരിശീലനം നേടുന്നതിനും ആസ്വാദനത്തിനും ഈ കലാകേന്ദ്രങ്ങൾവഴി സാധ്യമാകുന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്. ദക്ഷിണേന്ത്യൻ സംഗീത ചക്രവർത്തി സ്വാതിതിരുനാൾ മഹാരാജാവിന്റെ സ്മരണാർത്ഥം ഇന്ത്യൻ സംഗീതകലയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച മഹാപ്രതിഭകൾക്ക് കേരള സർക്കാർ സ്വാതി സംഗീത പുരസ്കാരം നൽകിവരുന്നു. നാടകാചാര്യനായിരുന്ന എസ്.എൽ.പുരം സദാനന്ദന്റെ സ്മരണാർത്ഥം

നാടകരംഗത്തെ സമഗ്ര സംഭാവന പരിഗണിച്ച് എസ്.എൽ.പുരം സദാനന്ദൻ നാടകപുരസ്കാരം നൽകിവരുന്നു. വ്യത്യസ്തവും മൗലികവുമായ പ്രാദേശിക കലാരൂപങ്ങളെയും അക്കാദമിയുടെ പരിധിയിൽ വരുന്ന കലാരൂപങ്ങളെയും ഉൾക്കൊള്ളിച്ച് വർഷാന്ത്യ ഫെസ്റ്റിവൽ ഹോപ് (ഹാർമണി ഓഫ് പെർഫോർമൻസ് ഇക്കോസിസ്റ്റം) ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്. അക്കാദമിയുടെ പരിധിയിൽവരുന്ന വിവിധ കലാമേഖലകളിൽ ദീർഘകാലം പ്രവർത്തിച്ച അതുല്യരായ കലാപ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജാ പുരസ്കാരങ്ങൾ എന്നിവ കേരള സംഗീത നാടക അക്കാദമി നൽകിവരുന്നു. പ്രൊഫഷണൽ നാടകോത്സവത്തിന്റെ ഭാഗമായി 50 പ്രൊഫഷണൽ നാടക സമിതികൾക്ക് നാടകനിർമ്മാണത്തിനും അവതരണത്തിനുമായി രണ്ടുകോടി രൂപ ധനസഹായം നൽകിവരുന്നു. ലോകത്തിലെ കലാ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ മാറ്റങ്ങളിലേയ്ക്കും വളർച്ചയിലേയ്ക്കും കേരളത്തിലെ കലാകാരന്മാരെയും പ്രേക്ഷകരെയുമെത്തിക്കാൻ അന്താരാഷ്ട്ര നാടകോത്സവമായ ഇറ്റ്ഫോക്ക് എന്ന പേരിൽ അന്താരാഷ്ട്ര നാടകോത്സവം

സംഘടിപ്പിക്കുന്നുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പ്രവാസി കലാകാരന്മാരെയും അമേച്വർ നാടകസമിതികളെയും സംയോജിപ്പിച്ച് പ്രവാസി നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം, ഷഡ്കാലഗോവിന്ദമാരാർ സംഗീതോത്സവം, ഏകപാത്രനാടകോത്സവം, കഥകളതിസാദരം കഥാപ്രസംഗ മഹോത്സവം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഗ്രാമീണതലങ്ങളിൽ പ്രവർത്തിക്കുന്ന ഫോക്‌ലോർ ക്ലബുകളുമായി ചേർന്ന് ഫോക്‌ലോർ അക്കാദമി വിവിധ നാടൻകലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സാംസ്കാരിക തനിമയും സാംസ്കാരിക വൈവിദ്ധ്യവും പ്രോത്സാഹിപ്പിക്കുന്നതിന് ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പൊന്ന്യത്തങ്കം പരിപാടിയിൽ കളരി അഭ്യാസപ്രകടനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മറ്റ് വിവിധകലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഓരോ ഗ്രാമത്തിലും ഗ്രാമസന്ധ്യയെന്ന പേരിൽ അക്കാദമി വിവിധ കലാകാരന്മാരെ ആദരിക്കുന്നതുൾപ്പെടെ കലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

അന്യംനിന്നുപോകുന്ന നാടൻകലാരൂപങ്ങളുടെ അവതരണവും നാടൻകലാകാരസംഗമവും തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു. വിവിധ സബ് സെന്ററുകൾവഴി നാടൻ/ഗോത്രകലകളുടെ പരിശീലനം നൽകിവരുന്നു. മണ്ണും കൃഷിയുമായി ബന്ധപ്പെട്ട കലകളെ പ്രോത്സാഹിപ്പിക്കുകയും നാട്ടറിവും കൃഷിയറിവും ചേർന്ന വാമൊഴി പാട്ടുകളുടെ ശേഖരണവും "തിയേടം ഫാർമെ' എന്ന പേരിൽ ഭാരത് ഭവൻ നടത്തിവരുന്നു. മഴമിഴി-മൾട്ടി മീഡിയ മെഗാസ്ട്രീമിംഗ് കൂട്ടായ്മകളും കലാവതരണവും അപ്രാപ്യമായ കോവിഡ് പ്രതിസന്ധികാലത്ത് നാടോടി, അനുഷ്ഠാന, ഗോത്രകലകളും ജനകീയ കലകളും അവതരിപ്പിക്കുന്ന കലാസമൂഹത്തിന്റെ ആവാസ കേന്ദ്രങ്ങളിലെത്തി കലാവിഷ്കാരങ്ങൾ ചിത്രീകരിക്കുകയും മൂവായിരത്തോളം കലാ പ്രതിഭകൾക്ക് പാരിതോഷികം നൽകുവാനും നവമാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ച് ഒരു കോടിയോളം പ്രേക്ഷകരിലേയ്ക്കെത്തിക്കുകവഴി കോവിഡ് കാലത്തെ കലാകാരന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ട് കുറയ്ക്കുന്നതിനും മഴമിഴി-മൾട്ടിമീഡിയ മെഗാസ്ട്രീമിംഗിലൂടെ സാധിച്ചു. കേരളത്തിന്റെ ഗോത്രോത്സവം മഴമിഴി

എർത്ത് ലോർ എന്ന പേരിൽ അട്ടപ്പാടി, മറയൂർ, കാസർഗോഡ്, കുളത്തുപ്പുഴ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുവാനും 1000 ഗോത്രകലാ പ്രതിഭകൾക്ക് പാരിതോഷികം നൽകുവാനും അതത് കലകൾ വരുംതലമുറകളുടെ പഠനങ്ങൾക്കായി ചിത്രീകരിച്ചെടുക്കുവാനും ഇതിലൂടെ സാധിച്ചു. ഭിന്നശേഷി വിദ്യാർത്ഥികൾക്കിടയിൽ സർഗ്ഗവാസനയും നൈപുണ്യമുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും 'മഴമിഴി കംപാഷൻ' എന്ന പേരിൽ സംസ്ഥാനത്തുടനീളമുള്ള ഭിന്നശേഷി കുട്ടികളെ ജില്ലാടിസ്ഥാനത്തിൽ കുടുബശ്രീ, ബഡ്സ് സ്കൂൾ എന്നിവിടങ്ങൾ മുഖാന്തരം കണ്ടെത്തി ഭിന്നശേഷി സർഗ്ഗോത്സവം തിരുവനന്തപുരം ദക്ഷിണ മേഖല, തൃശ്ശൂർ മധ്യമമേഖല, കണ്ണൂർ (ധർമ്മടം) ഉത്തരമേഖല എന്നിവിടങ്ങളിലൊരുക്കുകയും ചെയ്തിട്ടുണ്ട്. കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും വികസിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ കലാകാരന്മാരിൽനിന്നും അപേക്ഷകൾ ക്ഷണിച്ച് സൂക്ഷ്മപരിശോധന നടത്തി കലാവതരണത്തിന് അവസരം നൽകുന്നതോടൊപ്പം അർഹമായ പ്രതിഫലവും സാംസ്കാരിക സ്ഥാപനമായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ നൽകിവരുന്നു.

അന്യംനിന്നുപോകുന്ന കലാരൂപമായ സീതക്കളിയെ സംരക്ഷിക്കുന്നതിന് കേരള-തെലുങ്കാന പൈതൃകോത്സവം ഉൾപ്പെടെ വിവിധ വേദികളിൽ കലാകാരന്മാർക്ക് അവസരം നൽകിയിട്ടുണ്ട്. ഇതോടൊപ്പം സീതക്കളിയിൽ പങ്കെടുത്ത പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് 2,500 രൂപ വീതം 12 പേർക്ക് 30,000/- രൂപ സ്കോളർഷിപ്പ് തുകയും നൽകിയിട്ടുണ്ട്. ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ നൃത്ത-നൃത്യ-നാട്യ കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാലയങ്ങൾ വഴി നൃത്തപരിശീലനത്തിന് രജിസ്റ്റർ ചെയ്യാനും മികവ് പുലർത്തുന്നവർക്ക് പ്രാഥമിക സ്കോളർഷിപ്പും നടനഗ്രാമത്തിൽ തുടർപഠനാവസരവുമൊരുക്കി പരിപോഷിപ്പിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നുണ്ട്. 18 വയസ്സിനുമുകളിൽ പ്രായമുള്ള നർത്തകി-നർത്തകന്മാർ അവരുടെ രംഗാവിഷ്കാരത്തിനുള്ള പ്രഥമവേദിയൊരുക്കി മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് സർക്കാർ മേൽനോട്ടത്തിലുള്ള പരിപാടികളിലെത്താനും വേദി പങ്കിടാനുമുള്ള അവസരം പ്രദാനം ചെയ്യുന്നുണ്ട്. കേരളനടനം നൃത്തശൈലിയുടെ

പ്രചാരണത്തോടൊപ്പം ഈ ശൈലി വിശേഷത്തിന്റെ രസ-ഭാവ-ലയ സവിശേഷതകൾ ആഴത്തിൽ അവലോകനം ചെയ്യാൻ ഗവേഷണ പഠനങ്ങളെ പ്രോത്സാഹിപ്പിക്കാനായി ഗുരുഗോപിനാഥ് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അരങ്ങുകളിലെത്തുന്ന നൃത്തകലാകാരന്മാർക്ക് രംഗവേദിയൊരുക്കാൻ നടനഗ്രാമത്തിലെ ചിലമ്പൊലി നൃത്തമണ്ഡപത്തിൽ അവസരം നൽകുന്നതോടൊപ്പം നൃത്തസംഘം രൂപീകരിച്ച് കേരളത്തിലെ ജില്ലകളിലെല്ലാം സാംസ്കാരികോത്സവത്തിന്റെ ഭാഗമായി മാറാനുള്ള സജ്ജീകരണമൊരുക്കുന്നതിന് 'പൊലി' എന്ന പ്രതിമാസ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. രംഗാവതരണ ശിക്ഷണ ശില്പശാല, കേരളനടനം സർട്ടിഫിക്കറ്റ് കോഴ്സ്, സംവാദ സദസ്സ് എന്നിവവഴി കലാകാരന്മാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

324 (3205) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; വിശദാംശം അറിയിക്കാമോ?

ഗോവിന്ദപൈ സ്മാരകം, കേരള ഭാഷ അക്കാദമി എന്നീ സ്ഥാപനങ്ങളാണ് വകുപ്പിൽനിന്നും ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവ.

(ബി) 2023-24 സാമ്പത്തികവർഷത്തിൽ ഈ ഓരോ സ്ഥാപനത്തിനും എത്ര തുക ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്; പ്രത്യേകം വിശദമാക്കാമോ?

ഗോവിന്ദപൈ സ്മാരകം, കേരള ഭാഷ അക്കാദമി എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 2205-00-102-77(56)(NP), 2205-00-102-77(57)(NP) എന്നീ ശീർഷകങ്ങളിൽനിന്നും 10,00,000/- (പത്ത് ലക്ഷം) രൂപ വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗോവിന്ദപൈ സ്മാരകത്തിന് വാർഷിക ധനസഹായമായി 37,500/- രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ബജറ്റിൽ നീക്കിവച്ച തുക ഈ വർഷം സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

2023-24 സാമ്പത്തികവർഷം പദ്ധതിയേതരയിനത്തിൽ വകയിരുത്തിയ തുക അനുവദിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിന് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ ഇന്റേണൽ ഓഡിറ്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്.

കേളപ്പജി സ്മാരക നിർമ്മാണം

325 (3206) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കേളപ്പജി സ്മാരക നിർമ്മാണത്തിനായി ഒന്നരക്കോടി രൂപയുടെ ഭരണാനുമതിയായിട്ടും പദ്ധതി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-സി) കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ മുച്ചുക്കുന്നിൽ കേരളഗാന്ധി കേളപ്പജിയുടെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിന് 4202-04-800-79-01 'കേരള ഗാന്ധി കെ കേളപ്പൻ സ്മാരക നിർമ്മാണം' എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അടങ്കൽ തുകയുടെ ആദ്യ ഗഡു അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കാൻ മൂടാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ വാർഷിക ഗ്രാന്റ്

326 (3207) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സാംസ്കാരിക സ്ഥാപനത്തിന് 2016-ന് മുമ്പ് അനുവദിച്ചിരുന്ന വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) ഈ സർക്കാരിന്റെ കാലത്ത് ബജറ്റിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാംസ്കാരിക സ്ഥാപനത്തിനാണ് ഗ്രാന്റിൽ കുറവ് വരുത്തിയതെന്ന് വിശദമാക്കുമോ?

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം തുടങ്ങിയ സ്ഥാപനങ്ങളുടെ വാർഷിക ഗ്രാന്റിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് 2013-14 സാമ്പത്തികവർഷം മുതൽ 2023-24 വരെ വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) എത്രയാണ് ബജറ്റിൽ അനുവദിച്ചതെന്നും ഓരോ വർഷവും എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ?

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് 2013-14 സാമ്പത്തികവർഷം മുതൽ 2023-24 വരെ വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) അനുവദിച്ചത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന് മാത്രമാണ് ഇങ്ങനെ വാർഷിക ഗ്രാന്റിൽ വെട്ടിക്കുറവ് സംഭവിച്ചിട്ടുള്ളതെങ്കിൽ കാരണം വ്യക്തമാക്കുമോ?

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് മാത്രമായി വാർഷിക ഗ്രാന്റ് വെട്ടിക്കുറച്ചിട്ടില്ല.

(ഡി) പ്രസ്തുത സ്ഥാപനത്തിന് പഴയതുപോലെ വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് 2023-24 വർഷം നോൺ പ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപയും 2024-25 വർഷം 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

327 (3208) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കൃഷ്ണപുരം തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2021-22 സാമ്പത്തികവർഷം ആദ്യ ഗഡുവായി 50,00,000/- രൂപ (അമ്പത് ലക്ഷം രൂപ മാത്രം) 21-03-2022-ലെ സ.ഉ. (സാധാ)165/2022/സാം.കാ.വ പ്രകാരം വാസ്തുവിദ്യാ ഗുരുകുലത്തിന് അനുവദിച്ചിട്ടുണ്ട്. വാസ്തുവിദ്യാ ഗുരുകുലം കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം നിർമ്മാണപ്രവർത്തനം നിർവഹിച്ചുവരുന്നു.

കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈ സ്മാരകം

328 (3209) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയുടെ പേരിൽ സ്മാരകം പണിയുന്നതിന് ഏത് വർഷമാണ് ബജറ്റിൽ തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മണ്ഡലത്തിൽ സാംസ്കാരികവകുപ്പിന്റെ കീഴിൽ കന്നഡ മഹാകവി ഡോ. കയ്യാർ കിഞ്ഞണ്ണറൈയുടെ പേരിൽ സ്മാരകം പണിയുന്നതിന് 2022-23 സാമ്പത്തികവർഷം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) എത്ര തുകയാണ് വകയിരുത്തിയതെന്നും തുക ഉപയോഗിച്ച് എന്തെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ ഇതുവരെ നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(ബി & സി) മഹാകവി ഡോ. കയ്യാർ കിഞ്ഞണ്ണറൈ സ്മാരക മന്ദിരം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനോട് ചേർന്നുള്ള റവന്യൂ ഭൂമിയായ ബദിയടുക്ക വില്ലേജിലെ റീ-സർവ്വെ നം.1447/1 ബി, 1499 എന്നിവയിൽപ്പെട്ട 30 സെന്റ് ഭൂമി വഴിക്കും ഫ്രണ്ടേജിനുമായി സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതുസംബന്ധിച്ച ഡയറക്ടറുടെ ശിപാർശയുടെയും അനുബന്ധരേഖകളുടെയും പകർപ്പ് ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റവന്യൂവകുപ്പിൽനിന്നുള്ള 10-12-2023-ലെ സർക്കാർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആയത് ഉചിതതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം

329 (3210) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി കാര്യനിർവ്വഹണ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സാംസ്കാരിക സമുച്ചയത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ ഉള്ളടക്കം നിശ്ചയിക്കുന്നതിനും അവയുടെ തുടർച്ച സാധ്യമാക്കുന്നതിനും കൃറേറ്റർ സംവിധാനംകൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും

നടത്തിപ്പിനുമായി 13-10-2023-ലെ സ.ഉ.(സാധാ)നം.546/2023/ സാം.കാ.വ പ്രകാരം ജില്ലാ കളക്ടർ ചെയർമാനായ ഒരു താൽക്കാലിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ സാംസ്കാരിക പ്രൊമോഷൻ കൗൺസിൽ, ക്യൂറേറ്റർ കൗൺസിൽ എന്നീ സമിതികൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കയ്യമംഗലം മുനയ്ക്കൽ ബീച്ചിൽ സ്കൾപ്ച്ചർ ഫെസ്റ്റിവൽ ആരംഭിക്കുവാൻ പദ്ധതി

330 (3211) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യമംഗലം മണ്ഡലത്തിലെ മുനയ്ക്കൽ അഴീക്കോട് ബീച്ചിൽ സ്കൾപ്ച്ചർ ഫെസ്റ്റിവൽ നടത്താനുള്ള പദ്ധതി ആവിഷ്കരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കായംകുളം മണ്ഡലത്തിലെ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണ പുരോഗതി

331 (3212) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കായംകുളത്തെ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതുവരെ 52 ശതമാനം ജോലികൾ പൂർത്തിയായിട്ടുണ്ട്. സ്ട്രക്ച്ചറൽ വർക്കുകൾ, ബ്ലോക്ക് വർക്ക്, പ്ലാസ്റ്ററിംഗ് വർക്ക് മുതലായവ 95 ശതമാനം പൂർത്തീകരിച്ചു. സ്ക്രീൻ 3-ന്റെ ട്രസ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ക്രീൻ 1-ന്റെയും 2-ന്റെയും ട്രസ് വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ മുതലായവ പുരോഗമിക്കുന്നു.

(ബി) നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിർമ്മാണപ്രവൃത്തികൾ ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി

332 (3213) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള രാജ്യാന്തര ചലച്ചിത്രമേളയിലേയ്ക്ക് (IFFK) തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് ചലച്ചിത്ര അക്കാദമി ഗ്രാന്റ് നൽകുന്നുണ്ട്. രണ്ട് ലക്ഷം രൂപവീതം 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. മലയാള ചലച്ചിത്രമേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവ് പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. മലയാള ചലച്ചിത്രകലയുടെയും

വ്യവസായത്തിന്റെയും വികാസപരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവ്വഹിച്ചുവരുന്നു. മലയാള ചലച്ചിത്ര പൈതൃക സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി ആറ് സിനിമകൾ ഇതിനകം ഡിജിറ്റൽ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ട്. സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ ഉടമസ്ഥതയിലുള്ള രാജ്യത്തെ ആദ്യത്തെ ഒ.ടി.ടി. പ്ലാറ്റ്ഫോമായ C-SPACE ഉടനടി സജ്ജമാകും. കലാ-സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യമുള്ള ഡോക്യുമെന്ററികൾ, സിനിമകൾ എന്നിവ C-SPACE-ൽ ഉൾപ്പെടുത്തി പ്രദർശനത്തിന് സജ്ജമാക്കും. കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന ചലച്ചിത്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ ചിത്രത്തിനും ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. കൂടാതെ ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ഒരു ഗ്രീവൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സിനിമ വ്യവസായത്തിലെ പ്രതിസന്ധികൾ പരിഹരിക്കുവാനുതകുന്നവിധം സംസ്ഥാന സിനിമാനയം

രൂപീകരിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ചെയർമാൻ അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സാമൂഹിക പ്രതിബദ്ധതയുള്ള കൂടുതൽ സിനിമകൾ നിർമ്മിക്കുന്നതിനായി സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികളുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 6 കോടി രൂപ മുതൽ മുടക്കിൽ വനിതാ സംവിധായകരുടെ 2 ചിത്രങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ 2 ചിത്രങ്ങളും നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ ചലച്ചിത്ര മേഖലയുടെ വാണിജ്യസാധ്യത വർദ്ധിപ്പിക്കുന്നതിനായി 28-ാമത് IFFK-യുടെ ഭാഗമായി സിനി എക്സ്പോ, ഫിലിം മാർക്കറ്റ് എന്നിവ കെ.എസ്.എഫ്.ഡി.സി. സംഘടിപ്പിച്ചിരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിനായി കിഫ്ബി ധനസഹായത്തോടുകൂടി ആധുനിക സിനിമാ നിർമ്മാണ ഉപകരണങ്ങൾ, മറ്റ് സജ്ജീകരണങ്ങൾ തുടങ്ങിയവ

സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. സിനിമ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോ പാക്കേജ് സ്കീമിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്.

(സി) ഈ മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് സർക്കാർതലത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചുനടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മലയാള സിനിമയുടെ സാങ്കേതികരംഗത്തേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു നൈപുണ്യവികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, സിനിമറ്റോഗ്രഫി തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള കരിയർ ഓറിയന്റേഷൻ പരിപാടി കൂടിയാണിത്. ബഹുജനസ്വാധീനമുള്ള മാധ്യമമായ സിനിമയിലൂടെ സ്ത്രീസമത്വം, സ്ത്രീശാക്തീകരണം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ചലച്ചിത്ര സംബന്ധിയായ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പിന്റെ 'സമം' എന്ന

പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരള സർക്കാരിന്റെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ക്രേന്ദ്രീകരിച്ച് ചലച്ചിത്ര പഠന പരിശീലന പരിപാടി സംഘടിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചലച്ചിത്ര പഠന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ സിനിമയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കേരളത്തിന് അകത്തും പുറത്തുമുള്ള വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി നാല് ദിവസം നീണ്ടുനിൽക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര ഗവേഷണോത്സവം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിനിമയുടെയും ടെലിവിഷന്റെയും നിർമ്മാണത്തിൽ പുതുസാങ്കേതിക വിദ്യയുടെ സാധ്യതകൾ പരിചയപ്പെടുത്തുകയും (AR/VR) വീഡിയോകളുടെ പ്രൊഡക്ഷൻ നടത്തുകയും ചെയ്യുന്ന സാങ്കേതിക പരിശീലന പരിപാടികൾ ചലച്ചിത്ര, ടെലിവിഷൻ, മീഡിയ വിദ്യാർത്ഥികൾക്കായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിനിമയിലും ടെലിവിഷൻ പരസ്യ ചിത്രങ്ങളിലും വി.എഫ്.എക്സ്-ന്

പ്രാധാന്യം കൂടിവരികയാണ്. നിലവിൽ വലിയ തൊഴിലവസരങ്ങളുള്ള സാങ്കേതിക രംഗമാണിതെങ്കിലും ഈ രംഗത്ത് തൊഴിൽ പരിചയമുള്ളവർ കുറവാണ്. ഈ മേഖലയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് കരിയർ ഓറിയന്റേഷൻ നൽകുകയും ചലച്ചിത്ര രംഗത്തെയും ടെലിവിഷൻ പരസ്യരംഗത്തെയും സാധ്യതകൾ പരിചയപ്പെടുത്തുകയും ഈ മേഖലയിൽ സാങ്കേതിക പരിശീലനം നൽകുകയും ചെയ്യുന്നതിനുള്ള വിഷ്വൽ ഇഫക്ട്സ് സാങ്കേതിക പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ ഉടമസ്ഥതയിൽ രാജ്യത്തെ ആദ്യത്തെ ഒ.ടി.ടി. പ്ലാറ്റ്ഫോമായ C-SPACE ഉടനടി സജ്ജമാകും. സിനിമാ വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം ആസ്ഥാനമാക്കി ഒരു അഡ്വാൻസ്ഡ് ഫിലിം

മേക്കിംഗ് സെന്റർ രൂപീകരിക്കുന്നതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചുവരികയാണ്.

കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്

333 (3214) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവ സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇപ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും രൂപീകരിച്ച ഫോഴ്സിന്റെ വോളന്റീയർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; 2022-23 കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച സന്നദ്ധസേവന സേനയായ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിനെ

'ടീം കേരള' (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയുടെ സമയത്ത് അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള സേനയെ തയ്യാറാക്കുകയെന്നത് മാത്രമല്ല, മയക്കുമരുന്ന് പോലെയുള്ള സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരെയും യുവജനങ്ങളെ പങ്കാളികളാക്കുകയെന്നതാണ് ഈ സേനയുടെ ലക്ഷ്യം. പ്രളയകാലത്തും കോവിഡ് കാലത്തും നടത്തിയ പ്രവർത്തനങ്ങളിൽ ഇച്ഛാശക്തിയും കർമ്മശേഷിയും സാമൂഹിക ബോധവുമുള്ള യുവജനങ്ങളുടെ സേവനം ഈ സേനയിലൂടെ പരമാവധി ഉപയോഗപ്പെടുത്തുവാൻ ബോർഡിന് സാധിച്ചു.

ടീം കേരളയുടെ പ്രവർത്തനം താഴെത്തട്ടിലേയ്ക്കെത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 17500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞു. ഇവരിൽനിന്നും 1034 പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻതലങ്ങളിൽ ക്യാപ്റ്റൻമാരെ തെരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. പോലീസ്, ഫയർ & റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം, ദുരന്തനിവാരണ

അതോറിറ്റി എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. ഇതുകൂടാതെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്കുകൂടി പരിശീലനം നൽകുകയും യൂണിഫോം സജ്ജമാക്കുകയും ചെയ്യുകയുണ്ടായി. പഞ്ചായത്തുതല സേനയിൽ രജിസ്റ്റർ ചെയ്തവരിൽനിന്നും ശാസ്ത്രീയമായി പരിശീലനം ലഭിച്ച ടീം കേരള സേനാംഗങ്ങളുടെ പാസ്സിംഗ് ഔട്ട് പരേഡ് 2023 ഫെബ്രുവരി 23-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽവച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. 2023 ജനുവരി 26-ന് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുത്ത ഇരുപത്തഞ്ചോളം വരുന്ന ടീം കേരള സേനാംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. കോഴിക്കോടുവച്ച് സംഘടിപ്പിച്ച 2023-ലെ സ്കൂൾ യുവജനോത്സവത്തിലും വോളന്റിയർമാരായി മികച്ച സേവനമാണ് ടീം കേരള അംഗങ്ങൾ കാഴ്ചവച്ചത്. ഈ സേനയുടെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

യുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

334 (3215) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിൽ യുവജനകാര്യ വകുപ്പുവഴി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

തിരുരങ്ങാടി മണ്ഡലത്തിൽ നടപ്പ് സാമ്പത്തികവർഷം ഇനി പദ്ധതികളൊന്നും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല

(ബി) യുവജനകാര്യ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോളേജുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ

യുവജനങ്ങൾക്കുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരിയുപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ലഹരിക്കെതിരെ 'ബോധവത്കരണ കലാജാഥ' സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ച ഉണ്ടാക്കുന്നതിനായി ഈ വർഷം ഈ പ്രവർത്തനം 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവയിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി അദാലത്തുകൾ നടത്തിവരുന്നു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രീൻ സോൺ പദ്ധതിയും നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന ഷോർട്ട്ഫിലിം ഫെസ്റ്റിവെൽ, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് -

വിവാഹ കൗൺസിലിംഗ്, നീന്തൽ പരിശീലനം, മണിനാദം, സെവൻസ് ഫുട്ബോൾ മത്സരം, കബഡ്ഡി മത്സരം, വോളിബോൾ മത്സരം, മാരിവിൽ ക്യാമ്പ്, ട്രക്കിംഗ്, സാഹിത്യക്യാമ്പ്, ടീം കേരള പരിശീലനവും പാസിംഗ് ഔട്ട് പരേഡും ലഹരിവിരുദ്ധ കലാജാഥാ പരിശീലനം, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കതിർ-കാർഷിക ക്ലബ്ബ് രൂപീകരണം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവമാധ്യമ ക്യാമ്പ്, ഫിഫ വേൾഡ് കപ്പ്, ബിഗ്സ്ക്രീൻ പ്രദർശനവും വിളംബര ജാഥയും, യുവജന ദിനാചരണം, വനിതാ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) മലപ്പുറം ജില്ലയിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ എല്ലാ ജില്ലകളിലുമെന്നപോലെ ശാസ്ത്രകീസ്, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവജന ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി,

ലഹരിവിരുദ്ധ കലാജാഥ അവതരണം എന്നിവയാണ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ. വിശദവിവരം ചുവടെ ചേർക്കുന്നു.

ശാസ്ത്രകുിസ്

ഹൈസ്കൂൾതലം, നിയമസഭ നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്രകുിസ് സംഘടിപ്പിക്കുന്നത്. ഇതിൽ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

സാഹിത്യക്യാമ്പ്

സംസ്ഥാനതലത്തിൽ തെക്കൻമേഖല, വടക്കൻമേഖല എന്നീ രണ്ട് മേഖലകളിലായിട്ടാണ് സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നത്.

അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം

അവളിടം ക്ലബ്ബ് തൊഴിൽ പരിശീലന ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

കേരളോത്സവം

ഗ്രാമ, മുൻസിപ്പൽ, ബ്ലോക്ക്, കോർപ്പറേഷൻ, ജില്ലാതല കേരളോത്സവങ്ങൾ സംഘിപ്പിച്ചു.

സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം

വിവിധ മേഖലകളിലെ യുവപ്രതിഭകൾക്കും ക്ലബ്ബുകൾക്കും പുരസ്കാരങ്ങൾ നൽകുന്ന സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന്റെ അവാർഡ് നിർണ്ണയം പൂർത്തിയായിവരുന്നു.

ദേശീയ യുവജന ദിനാചരണം

ദേശീയ യുവജനദിനമായ ജനുവരി 12-ന് എല്ലാ ജില്ലകളിലും യുവജനദിനം ആചരിച്ചു.

ലഹരിവിരുദ്ധ ദിനാചരണം

ലോക ലഹരിവിരുദ്ധ ദിനമായ ജനുവരി 26-ന് എല്ലാ ജില്ലകളിലും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ലോക പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനാചരണമായ ജൂൺ 5-ന് എല്ലാ ജില്ലകളിലും പരിസ്ഥിതി ദിനം ആചരിച്ചു.

യുവശക്തി പദ്ധതി

യുവശക്തി പദ്ധതിയുടെ ഭാഗമായി ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ ബ്ലോക്ക് യൂത്ത് കോ-ഓർഡിനേറ്റർമാരെയും ജില്ലാടിസ്ഥാനത്തിൽ ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.

ലഹരിവിരുദ്ധ കലാജാഥ അവതരണം

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായി കലാ ജാഥകൾ സംഘടിപ്പിക്കുന്നു.

കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ പഠനം

335 (3216) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവജനങ്ങളുടെ മാനസികശേഷി സംബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ പഠനത്തിന്റെ വിലയിരുത്തലുകൾ വിശദീകരിക്കുമോ?

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തി ആത്മഹത്യയെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ 2023 നവംബർ 20 മുതലാണ് ഈ വിഷയത്തിൽ ഒരു സമഗ്ര പഠനം തുടങ്ങിയത്. 18 വയസ് മുതൽ 45 വരെ വയസ്സുള്ളവരിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠനവിധേയമാക്കിയിരുന്നു. എല്ലാ ജില്ലകളിലുമായി 800-ലധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ദ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി. തെരഞ്ഞെടുക്കപ്പെട്ട 195 എം.എസ്.ഡബ്ല്യൂ./സൈക്കോളജി വിദ്യാർഥികളെ ഉപയോഗിച്ചായിരുന്നു വിവരശേഖരണം നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യ വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്. ഇപ്രകാരം

ആത്മഹത്യകൾ സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 36-40 വയസ്സിൽ വരുന്നവരിലാണ് ആത്മഹത്യ നിരക്ക് കൂടുതൽ (27.91%) എന്ന് കണ്ടെത്തുകയുണ്ടായി. ആത്മഹത്യ ചെയ്തവരിൽ പുരുഷന്മാരാണ് (70.06%) കൂടുതൽ. പുരുഷന്മാരിൽ 31-35 പ്രായക്കാരിലാണ് ആത്മഹത്യ നിരക്ക് കൂടുതലായി കണ്ടെത്തിയത് (84.5%). സ്ത്രീകളിൽ 18-20 പ്രായക്കാരിലാണ് ആത്മഹത്യ നിരക്ക് കൂടുതലായി കണ്ടെത്തിയത് (39.7%). 18-നും 45-നും ഇടയിലുള്ള പ്രായക്കാരിൽ എസ്.എസ്.എൽ.സി. (37.4%) പ്ലസ്ടു (25%) പഠനം മാത്രമുള്ളവരുടെ ആത്മഹത്യ നിരക്ക് ഉപരിപഠനം നേടിയവരേക്കൾ കൂടുതലാണ്. ആത്മഹത്യ ചെയ്തവരിൽ തൊഴിലില്ലാത്തവരെക്കാൾ കൂടുതൽ ജോലി ചെയ്യുന്നവരാണെന്നാണ് കണ്ടെത്താൻ കഴിഞ്ഞത്. ആത്മഹത്യ ചെയ്ത ചെറുപ്പക്കാരിൽ 66 ശതമാനം പേരും സാമൂഹിക, രാഷ്ട്രീയ മറ്റിതര സംഘടനകളിൽ ഒന്നിലും പ്രവർത്തിക്കുന്നവരല്ല. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവരിലും ആത്മഹത്യാ പ്രവണത കൂടുതലാണെന്ന് പഠനം വ്യക്തമാക്കുന്നു.

(ബി) 36-ൻം 40-ൻം ഇടയിൽ പ്രായമുള്ളവരിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായുള്ള യുവജന കമ്മീഷന്റെ കണ്ടെത്തലുകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

36-ൻം 40-ൻമിടയിൽ പ്രായമുള്ളവരിൽ ആത്മഹത്യ കൂടുന്നതായാണ് യുവജന കമ്മീഷന്റെ പഠനത്തിലെ കണ്ടെത്തൽ. പഠന റിപ്പോർട്ട് കൂടുതൽ വിശകലനം ചെയ്യേണ്ടതുണ്ട്. ലോകത്താകെ ആത്മഹത്യാ പ്രവണത കൂടുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ സ്ഥിതി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയെന്നതായിരുന്നു ഈ പഠനത്തിന്റെ ലക്ഷ്യം.

(സി) യുവജനങ്ങളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കൗൺസിലിംഗുകളും ക്ലിനിക്കുകളും സംസ്ഥാനത്താകമാനം ആരംഭിക്കേണ്ട സാഹചര്യമുണ്ടോ; വിശദമാക്കുമോ?

പഠന റിപ്പോർട്ട് വിശദമായി പഠിച്ചുവരുന്നു. തളിപ്പറമ്പ് മണ്ഡലത്തിൽ പ്രായോഗികമാക്കിവരുന്ന വായനശാലകളെ ബന്ധിപ്പിച്ചുള്ള 'ഹാപ്പിനസ് ക്ലിനിക്കുകൾ' വ്യാപകമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കും. വിപുലമായ

തുടർപ്രവർത്തനങ്ങൾ മുഴുവൻ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും ആത്മഹത്യ പ്രതിരോധത്തിനായി ബോധവത്കരണ പ്രവർത്തനങ്ങൾ/സെമിനാറുകൾ സംഘടിപ്പിക്കും. 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ തിരുവനന്തപുരത്തുവച്ച് ഈ വിഷയത്തെ അധികരിച്ച് യുവജനങ്ങൾക്കായി ഒരു ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറോളം പ്രതിനിധികൾ ഈ സെമിനാറിൽ പങ്കെടുത്തിരുന്നു.

(ഡി) സംസ്ഥാനത്തെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന യുവജനങ്ങൾക്കുണ്ടാകുന്ന തൊഴിൽസമ്മർദ്ദവും വരുമാനക്കുറവും മാനസിക സമ്മർദ്ദങ്ങൾക്കും തുടർന്ന് ആത്മഹത്യയിലേയ്ക്കും നയിക്കപ്പെടുന്നതിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ?

അസംഘടിത മേഖലയിലെ വിവിധ പ്രശ്നങ്ങൾ കാരണമുണ്ടാകുന്ന ആത്മഹത്യകൾ സംബന്ധിച്ച് തുടർപഠനം നടക്കേണ്ടതുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികൾ

336 (3217) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

* * * * * * * * * * * * * *

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.